# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

2023 ഫെബ്രുവരി 2, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 191 - നമ്പർ 3

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### എട്ടാം സമ്മേളനം

2023 ഫെബ്രുവരി 2, വ്യാഴം

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എ. എം. ബഷീർ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

# ഉള്ളടക്കം

പേജ്

**I. ചോദ്യോത്തരങ്ങൾ**

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ (അനുബന്ധമായി ചേർത്തിരിക്കുന്നു.)

**II. അടിയന്തരപ്രമേയം** ...

പോലീസ് അന്വേഷണം അട്ടിമറിക്കാൻ നീക്കം ...
- ഡോ. മാത്യു കുഴൽനാടൻ
(അവതരണാനുമതി നിഷേധിച്ചു) ...

**III. ശ്രദ്ധ ക്ഷണിക്കൽ**

(1) പുഴക്കലരി വിഹിതം അനുവദിക്കാത്തതുമൂലമുള്ള പ്രശ്നങ്ങൾ
- ശ്രീ. പി. മമ്മിക്കുട്ടി ...

(2) വയനാട് ചുരത്തിലെ ഗതാഗതക്കുരുക്ക്
- ശ്രീ. ടി. സിദ്ദിഖ് ...

**IV. സബ്മിഷൻ**

(1) എസ്.സി. വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്
- പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ) ...

(2) ബോർസ്റ്റൽ സ്കൂളിന്റെ പരാധീനതകൾ
- ശ്രീമതി ഉമ തോമസ് ...

(3) പതിച്ചുനൽകിയ പട്ടയഭൂമിയിലെ പ്രശ്നങ്ങൾ
- ശ്രീ. കെ. ബി. ഗണേഷ് കുമാർ ...

(4) കടലാക്രമണ ഭീഷണി
- ശ്രീ. രമേശ് ചെന്നിത്തല ...

(5) മത്സ്യ-പച്ചക്കറി മാർക്കറ്റുകളുടെ നവീകരണം
- ശ്രീ. ഷാഫി പറമ്പിൽ ...

(6) മൂവാറ്റുപുഴവാലി ഇറിഗേഷൻ പദ്ധതി
- ഡോ. മാത്യു കുഴൽനാടൻ ...

(7) ചെറുശ്ശേരി സ്മാരകം
- ശ്രീ. കെ. വി. സുമേഷ് ...

(8) വാണിയമ്പലം റെയിൽവേ ഓവർബ്രിഡ്ജ്
- ശ്രീ. എ. പി. അനിൽ കുമാർ ...

(9) താനാളൂർ-പുത്തനത്താണി, മങ്ങാട്ടിരി-പൂക്കൈത-പുല്ലൂണി റോഡുകളുടെ പൂർത്തീകരണം
- ശ്രീ. കുറുക്കോളി മൊയ്തീൻ ...

(10) കുറ്റ്യാടി താലൂക്കാശുപത്രിയിലെ ഒഴിവുകൾ നികത്തൽ
- ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ ...

**V. മേശപ്പുറത്തുവച്ച കടലാസുകൾ**

2022-ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് ...

**VI. ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)**

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### എട്ടാം സമ്മേളനം

2023 ഫെബ്രുവരി 2, വ്യാഴം

വാല്യം 191} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 3

നിയമസഭ 2023 ഫെബ്രുവരി മാസം 2-ാം തീയതി വ്യാഴാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

I. **വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

മി. സ്പീക്കർ: ഓർഡർ..... ഓർഡർ.... ചോദ്യം നം. (*31)

## കടമെടുപ്പിന് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണം

1(*31) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കടമെടുപ്പിന് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണം സംസ്ഥാന വാർഷിക പദ്ധതിയെ എപ്രകാരമാണ് ബാധിച്ചതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ വിവിധ പദ്ധതികളിൽ എത്ര ശതമാനം ഇതിനകം പൂർത്തിയാക്കാൻ കഴിഞ്ഞുവെന്ന വിവരം ലഭ്യമാണോ; എങ്കിൽ വെളിപ്പെടുത്താമോ;

(സി) പദ്ധതികളുടെ പൂർത്തീകരണത്തിന് തുക എപ്രകാരം കണ്ടെത്താമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

(എ) മഹാപ്രളയമടക്കം പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരിയും സൃഷ്ടിച്ച പ്രതിസന്ധികളിൽനിന്നും സംസ്ഥാനം കരകയറി വരുന്നതേയുള്ളൂ. പ്രതിസന്ധിയുടെ കാലഘട്ടത്തിൽ കേന്ദ്രസർക്കാർ എല്ലാ

സംസ്ഥാനങ്ങൾക്കുമായി അനുവദിച്ചുനൽകിയിരുന്ന കടമെടുപ്പ് പരിധിയായ അഞ്ച് ശതമാനം തിരികെ മൂന്ന് ശതമാനത്തിലേയ്ക്ക് കൊണ്ടുവരുന്നത് സംസ്ഥാന സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. ഇതിനുപുറമെ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന തെറ്റായ നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവുവരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കിഫ്ബി, KSSPL മുതലായ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളുടെ കടം സംസ്ഥാന സർക്കാരിന്റെ കടമായി തെറ്റായി കണക്കാക്കി 2021-22 സാമ്പത്തിക വർഷം എടുത്ത തുക നാല് തവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽനിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്രസർക്കാർ ഇതിനകംതന്നെ കൈക്കൊണ്ടിട്ടുണ്ട്. ഈ നിലപാടിൽ മാറ്റം വരുത്തണമെന്നും ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി 2017 ആഗസ്റ്റിനുമുമ്പ് നിലനിന്നിരുന്നതുപോലെ പൊതുകണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ

വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽനിന്നും ഒഴിവാക്കണമെന്നും 22.07.2022-ലെ 134/2022/എം.ധന. കത്ത് പ്രകാരം സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയും ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രി 19.01.2023-ലെ 133/CM/2023 കത്ത് പ്രകാരം ഒരു നിവേദനം ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത നിലപാടിൽ കേന്ദ്ര സർക്കാർ ഒരുമാറ്റവും വരുത്തിയിട്ടില്ല.

ധനകാര്യ കമ്മീഷൻ നിശ്ചയിച്ചുനൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാന ബഡ്ജറ്റ് തയ്യാറാക്കാറുള്ളത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്. സംസ്ഥാന നിയമസഭ ബഡ്ജറ്റ് പാസാക്കിയതിനുശേഷം കടമെടുപ്പ് പരിധിയിൽ കുറവുവരുത്തുന്നത് സംസ്ഥാനത്തിന്റെ വികസന മുൻഗണനകളെ താളം തെറ്റിക്കുകയും നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസമുണ്ടാക്കുന്നതിന് ഇടവരുത്തുകയും ചെയ്യും.

(ബി) 31.01.2023 വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ ആകെ 17,310.37

കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് പദ്ധതി വിഹിതത്തിന്റെ 57 ശതമാനമാണ്.

(സി) സംസ്ഥാനം കടമെടുക്കുന്ന തുകയാണ് വികസന പ്രവർത്തനങ്ങൾക്കും പദ്ധതി നിർവ്വഹണത്തിനും പ്രധാനമായും ഉപയോഗിക്കുന്നത്. ഇതിനുപുറമേ നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും അനാവശ്യ ചെലവുകൾ ചുരുക്കിക്കൊണ്ടും പദ്ധതി നിർവ്വഹണത്തിനുകൂടി ആവശ്യമായ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തീവ്രശ്രമമാണ് സംസ്ഥാനം നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, 2022-23-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന്റെ മൊത്തം കടം 3,75,692.19 രൂപയാണെന്നാണ് കണക്കാക്കിയിരിക്കുന്നത്. കിഫ്ബി തിരിച്ചടവിലെ 13,000 കോടി രൂപയും സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതിയിലെ 7,800 കോടി രൂപയും ഉൾപ്പെടെ കേരളത്തിന്റെ ആകെ കടം 4,00,000 കോടി രൂപയാണ്. അതേസമയം, കഴിഞ്ഞ അഞ്ചുവർഷം നികുതിയിനത്തിൽ സംസ്ഥാനത്ത് പിരിക്കാൻ സാധിക്കാത്തത് 70,000 കോടി രൂപയിലേറെയാണെന്ന് കണക്കുകളിൽനിന്ന് മനസ്സിലാകുന്നുണ്ട്. ഈ തുക പിരിച്ചെടുക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്;

സംസ്ഥാനത്തിന്റെ വികസനത്തിന് കടമെടുപ്പ് അനിവാര്യമാണ്. സഹകരണ മേഖലയിലെ നിക്ഷേപം ഏകദേശം രണ്ടരലക്ഷം കോടി രൂപയാണ്. പുതിയ നിക്ഷേപ സമാഹരണ യജ്ഞം ഉടനെ പ്രഖ്യാപിക്കാൻ പോകുകയാണ്. സഹകരണ മേഖലയിലെ ആവശ്യം കഴിഞ്ഞുള്ള സർപ്ലസ് ഫണ്ട് ഫലപ്രദമായി വികസന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താനുള്ള പദ്ധതികൾക്ക് രൂപംനൽകാൻ സാധിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വളരെ നല്ലൊരു നിർദ്ദേശവും ചോദ്യവുമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. സംസ്ഥാനത്തെ സഹകരണ മേഖലയിലെ പ്രാഥമിക സഹകരണ ബാങ്കുകളുടെ സംഘടനാ ഭാരവാഹികൂടിയാണ് അദ്ദേഹം. സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് ഇത്തരം നിക്ഷേപങ്ങൾ ഉപയോഗപ്പെടുത്താനുള്ള സംഘടനയുടെ/സഹകരണ മേഖലയുടെ താല്പര്യം അദ്ദേഹം പലപ്പോഴും സൂചിപ്പിച്ചിട്ടുണ്ട്. അക്കാര്യം ഫലപ്രദമായി ചെയ്യാം. ഇപ്പോൾതന്നെ പലകാര്യങ്ങളും സർക്കാർ ചെയ്തിട്ടുണ്ട്. പലപ്പോഴും Primary Agricultural Credit Society (PACS)-ൽനിന്ന് ചില കാര്യങ്ങൾക്ക് ലിക്വിഡിറ്റിക്കുവേണ്ടി ഫണ്ട് ലഭിക്കുന്നുണ്ട്. പക്ഷേ, ജോയിന്റായ ഇൻവെസ്റ്റ്മെന്റിനുവേണ്ടി കുറച്ചുകാര്യങ്ങൾ ആവശ്യമായതിനാൽ അതിനുള്ള

പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. കേരളത്തിൽ രണ്ടരലക്ഷം കോടി രൂപയുടെ നിക്ഷേപമുള്ളതിൽ ഒരുലക്ഷം കോടി രൂപയോ അൻപതിനായിരം കോടി രൂപയോ പബ്ലിക് ഡെവലപ്മെന്റിനുവേണ്ടി ഉപയോഗിക്കാൻ കഴിയും. അതനുസരിച്ച് ഗവൺമെന്റ് വയബിലിറ്റി ഗ്യാപ്പ് ഫണ്ടുപയോഗിച്ചോ പി.പി.പി. മോഡലിലോ ചെയ്യാനുള്ള സാധ്യത പരിശോധിക്കും. ഇന്നലെ അവതരിപ്പിച്ച കേന്ദ്ര ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ ഈ നിർദ്ദേശം വളരെ പ്രധാനപ്പെട്ടതാണ്. സംസ്ഥാനം വേണ്ടത്ര ചർച്ച ചെയ്യാത്തൊരു കാര്യം കേന്ദ്ര ബഡ്ജറ്റിൽ വന്നിട്ടുണ്ട്. സഹകരണ മേഖലയിൽ പഞ്ചായത്ത് തലംവരെ കേന്ദ്ര-സഹകരണ പ്രസ്ഥാനത്തിന്റെ നിയമമനുസരിച്ച് കാര്യങ്ങൾ മുന്നോട്ടുപോകുമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. സഹകരണ മേഖല സംസ്ഥാന ഗവൺമെന്റിന്റെ അധികാരപരിധിയിൽ വരുന്നതാണ്. അടുത്തകാലത്ത് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരണത്തെകുറിച്ച് സൂചിപ്പിച്ചിരുന്നു. PACS-ന്റെ പ്രവർത്തനങ്ങളെകുറിച്ച് കേന്ദ്ര ബഡ്ജറ്റിൽ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി പരാമർശിച്ചിട്ടുണ്ട്. അതിനർത്ഥം, മൾട്ടി സ്റ്റേറ്റ് സ്വഭാവത്തിലുള്ള സഹകരണ പ്രസ്ഥാനങ്ങൾ താഴെ തലത്തിലും വരുമെന്നാണ്. അത് വന്നാൽ എങ്ങനെയാണ് കാര്യങ്ങൾ

മുന്നോട്ടുപോകുന്നതെന്ന് അറിയില്ല. അതുകൊണ്ട് നിലവിലെ സഹകരണ പ്രസ്ഥാനങ്ങൾ ശക്തിപ്പെടുത്താനും കൂടുതൽ ഇഫക്ടീവായ റിട്ടേൺ ലഭിക്കാനുമുള്ള എല്ലാ നിർദ്ദേശങ്ങൾക്കും ഗവൺമെന്റ് നൂറുശതമാനം പിന്തുണ നൽകുന്നതാണ്. ഇക്കാര്യത്തിൽ പരസ്പരം സഹകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. നിലവിൽ ജനറൽ പർപ്പസ് ഗ്രാന്റ്, റോഡ്/റോഡിതര മെയിന്റനൻസ് ഗ്രാന്റുകൾ എന്നിവ വൻതോതിൽ വെട്ടിക്കുറച്ചിരിക്കുകയാണ്. ബഡ്ജറ്റ് വിഹിതം കണക്കാക്കി ഗ്രാമസഭകളും വികസന സെമിനാറുകളും ചേർന്ന് പദ്ധതികൾക്ക് രൂപം നൽകിയതിനുശേഷമാണ് സർക്കാരിന്റെ ഈ വെട്ടിച്ചുരുക്കൽ നടപടിയുണ്ടായിരിക്കുന്നത്. അവയുടെ തനത് വരുമാനത്തിലും ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം കൃത്യമായി നൽകാനും വിനോദനികുതിയും പരസ്യനികുതിയും ജി.എസ്.ടി.-യിൽനിന്ന് ഒഴിവാക്കി പ്രാദേശിക സർക്കാരുകളെ ഏൽപ്പിക്കാനും ജി.എസ്.ടി. കൗൺസിലിൽ സമ്മർദം ചെലുത്തുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, കഴിഞ്ഞ വർഷം ആറാം ധനകാര്യകമ്മീഷന്റെ മാനദണ്ഡമനുസരിച്ച് ഫണ്ട് ആദ്യം വീതംവച്ചതും പിന്നീട് മാറ്റിയതുമാണെന്നാണ് മനസ്സിലാക്കുന്നത്. കാരണം, ആസ്തിയടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക മാറ്റി വയ്ക്കണമെന്ന ഒരു നിർദ്ദേശം വന്നിട്ടുണ്ട്. പ്രത്യേകിച്ച് ജില്ലാ പഞ്ചായത്തുകൾക്ക് മാറ്റിവച്ച തുകയിൽ വലിയ കുറവ് സംഭവിക്കുന്ന അവസ്ഥ വരുന്നതിനാൽ കഴിഞ്ഞ വർഷം തൽസ്ഥിതി തുടരാൻ തീരുമാനിച്ചു. എന്നാൽ ഇപ്രാവശ്യം അങ്ങനെയല്ല. ആറാം ധനകാര്യ കമ്മീഷന്റെ കാലാവധി മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പറഞ്ഞിട്ടുള്ള തുക മാറ്റിവയ്ക്കും. അല്ലാതെ ഫണ്ട് വെട്ടിക്കുറയ്ക്കുന്ന നടപടിയുണ്ടായിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവയ്ക്കുന്ന ഫണ്ടിൽ യാതൊരു വെട്ടിക്കുറവും വരുത്തുന്ന സമീപനം സ്വീകരിക്കില്ലെന്നാണ് സൂചിപ്പിക്കാനുള്ളത്. ജി.എസ്.ടി. കൗൺസിലിൽ ചർച്ച ചെയ്യേണ്ട കാര്യങ്ങൾ സംബന്ധിച്ചാണ് അദ്ദേഹം അടുത്തതായി പരാമർശിച്ചത്. ഇവിടെ ഉന്നയിക്കുന്ന കാര്യങ്ങൾ ജി.എസ്.ടി. കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്താം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കാനായി ആ മേഖലയിൽ

പ്രവർത്തിക്കുന്നവർ കുറേയേറെ പ്രവർത്തനങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. വളരെ പഴക്കമുള്ള ചെറിയ തോതിലുള്ള ടാക്സുകൾ പിരിച്ചെടുക്കാത്തതും അവ കാലോചിതമായി പരിഷ്കരിക്കാത്ത പ്രശ്നങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്നുണ്ട്. അക്കാര്യത്തിൽ സംയുക്തമായ ഇടപെടൽ നടത്തിയാൽ മാത്രമെ അതത് മേഖലകളിൽ കുറച്ചുകൂടി ശക്തമായി മുന്നോട്ടുവരാൻ സാധിക്കുകയുള്ളൂ.

ശ്രീ. കെ. പി. എ. മജീദ്: സർ, നടപ്പുസാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ പ്രതീക്ഷിച്ച നികുതി-നികുതിയേതര വരുമാനം എത്രയായിരുന്നു; എത്ര തുക സമാഹരിക്കാൻ സാധിച്ചു?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇതൊരു പ്രത്യേക ചോദ്യമാണ്. നടപ്പുസാമ്പത്തിക വർഷം പ്രതീക്ഷിച്ച നികുതി 70,000 കോടി രൂപയ്ക്ക് മുകളിലാണ്. നാളെ അവതരിപ്പിക്കുന്ന ബഡ്ജറ്റ് ഡോക്യുമെന്റിൽ അതുസംബന്ധിച്ച വിശദമായ കണക്കുകളുണ്ടാകും. അക്കാര്യത്തിൽ മെച്ചപ്പെട്ട രീതിയിലാണ് നമ്മൾ മുന്നോട്ടുപോകുന്നത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഇന്നലെ കേന്ദ്ര സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിൽ കേരളത്തിന് കാര്യമായൊന്നും ലഭിച്ചില്ലായെന്നത്

വാസ്തവമാണ്. സംസ്ഥാനത്തിന് ഒരു വർഷംകൂടി പലിശരഹിത വായ്പയെടുക്കാം. ഫിസ്കൽ ഡെഫിസിറ്റ് 3 ശതമാനത്തിൽനിന്നും 0.5 ശതമാനത്തിന്റെ വർദ്ധനവോടെ 3.5 ശതമാനമാക്കി ഉയർത്തിയിട്ടുണ്ട്. ഇത് ഏതെങ്കിലും നിബന്ധനയുടെ അടിസ്ഥാനത്തിലാണോ; ഇതുകൊണ്ട് സംസ്ഥാനത്തിന് കാര്യമായ പ്രയോജനമുണ്ടാകുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇന്നലെ അവതരിപ്പിച്ച കേന്ദ്ര ബഡ്ജറ്റിൽ ഒരു സംസ്ഥാനത്തിന്റെയും വിഹിതം വർദ്ധിപ്പിച്ചിട്ടില്ല. നിലവിൽ 3 ശതമാനം ഫിസ്കൽ ഡെഫിസിറ്റ്/ബോറോയിംഗ് പവറാണുള്ളത്. നേരത്തെയുള്ള വ്യവസ്ഥയനുസരിച്ച് വായ്പാത്തുക ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായിട്ടാണ് 0.5 ശതമാനം വർദ്ധനവ് വന്നത്. ഇലക്ട്രിസിറ്റി മേഖലയിലാണ് 0.5 ശതമാനം വരുന്നത്. ആ വർദ്ധനവ് നേരത്തെ അംഗീകരിച്ചിട്ടുള്ളതാണ്. അല്ലാതെ ഒരു കാര്യത്തിലും മാറ്റം വരുത്തിയിട്ടില്ല, പ്രത്യേകിച്ചൊരു ഗുണവുമുണ്ടായിട്ടില്ല. പൊതുവിൽ പ്രതീക്ഷയ്ക്കനുസരിച്ച് കേന്ദ്ര ബഡ്ജറ്റ് നിർദ്ദേശങ്ങൾ വന്നിട്ടില്ലായെന്നുള്ള കാര്യം കേരളത്തിലെ എം.പി.-മാരടക്കമുള്ള എല്ലാവരും സൂചിപ്പിച്ചതാണ്. സംസ്ഥാനത്തിന് സാധാരണഗതിയിൽ ലഭിക്കേണ്ട പരിഗണനപോലും

ലഭിക്കാതെ നിരാശാജനകമായ രീതിയിലാണ് കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിച്ചത്.

ശ്രീ. എ. കെ. എം. അഷ്റഫ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എൻ. ഷംസുദ്ദീൻ): സർ, വായ്പയായും മോട്ടോർ വാഹന നികുതി, പെട്രോളിയം സെസ്സ് എന്നിവയുമുൾപ്പെടെ ഇതുവരെ കിഫ്ബിക്ക് ലഭിച്ചത് 23,605 കോടി രൂപയാണ്. ഇതുവരെ കിഫ്ബിക്കുവേണ്ടി ചെലവഴിച്ചത് 20,185 കോടി രൂപയാണ്. ബാക്കിയുള്ളത് 3,420 കോടി രൂപയാണ്. എന്നാൽ അഞ്ച് വർഷംകൊണ്ട് 50,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ഈ തുകകൊണ്ട് പൂർത്തിയാക്കുമെന്നാണ് സൂചിപ്പിക്കുന്നത്. അവശേഷിക്കുന്ന 3,420 കോടി രൂപകൊണ്ട് എങ്ങനെയാണ് 50,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇതൊരു പ്രത്യേക ചോദ്യമാണ്. കിഫ്ബിയെ സംബന്ധിച്ച ചോദ്യത്തിന് ഇപ്പോൾ കണക്കുകളെടുക്കുന്നതിന് ബുദ്ധിമുട്ടുണ്ട്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഇന്നലത്തെ കേന്ദ്ര ബഡ്ജറ്റിൽ കേരളത്തോടുള്ള സമീപനം നമ്മളെല്ലാം കണ്ടതാണ്. സംസ്ഥാനത്തിന്റെ

സാമ്പത്തിക സ്ഥിതി മോശമാണെന്ന തരത്തിൽ വലിയൊരു പ്രചരണം നടക്കുന്നൊരു കാലമാണിത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം നടത്തുമ്പോൾ റവന്യൂ വരുമാനത്തിൽ സംസ്ഥാനത്തിന്റെ തനത് നികുതി വിഹിതം എത്രയാണെന്ന് അറിയിക്കാൻ കഴിയുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നമ്മുടെ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിലൂൾപ്പെടെ ഗണ്യമായ വർദ്ധനവ് ഈ കാലഘട്ടത്തിലുണ്ടായിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ കണക്കുകൾ അവലോകനം ചെയ്യുമ്പോൾ, സംസ്ഥാന കണക്കുകൾ പരിശോധിക്കുന്ന ഏജൻസികൾ പറയുന്നത് constant price-ലെ വർദ്ധനവ് 12 ശതമാനത്തിലധികമാണെന്നതാണ്. നികുതി വരുമാനത്തിന്റെ കൃത്യമായ കണക്കുകൾ അടുത്ത ദിവസത്തെ ബഡ്ജറ്റ് അവതരണത്തിൽ സ്റ്റേറ്റ്മെന്റ് സഹിതം നൽകുന്നതായിരിക്കും. പ്രതീക്ഷിച്ച നികുതി വരുമാനത്തിനടുത്തെത്തുന്ന വിധത്തിലുള്ള മികച്ച പ്രകടനമാണ് ഉണ്ടായിട്ടുള്ളത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെപ്പോലെ നികുതി മാനേജ്മെന്റിൽ കേരളവും പ്രതീക്ഷിക്കുന്നവിധം മെച്ചപ്പെട്ട സ്ഥിതിയിലാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, സംസ്ഥാനങ്ങൾക്ക് പലിശരഹിത വായ്പയായി നൽകുന്ന ഒരു ലക്ഷം കോടി രൂപ കഴിഞ്ഞ ബഡ്ജറ്റിലും ഈ ബഡ്ജറ്റിലും ഗവൺമെന്റ് നീക്കിവച്ചതായി കണ്ടിരുന്നു. കഴിഞ്ഞ വർഷം നീക്കിവച്ച ഒരു ലക്ഷം കോടി രൂപയിൽ സംസ്ഥാന ഗവൺമെന്റിന് എത്ര വിഹിതം ലഭ്യമായിട്ടുണ്ട്. ആ വായ്പ സംസ്ഥാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വ്യവസ്ഥയനുസരിച്ച് സംസ്ഥാനത്തിന് കഴിഞ്ഞ വർഷം ലഭിക്കേണ്ടിയിരുന്ന 2,000-ത്തിലധികം കോടി രൂപയുടെ വായ്പയെടുക്കുന്നതിനുള്ള സമീപനം സ്വീകരിച്ചിട്ടുണ്ട്. അതിനാവശ്യമായ പേപ്പർ വർക്ക് പൂർത്തീകരിക്കുകയും അതിന്റെയൊരു വിഹിതം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 2,000 കോടി രൂപ പൂർണ്ണമായി ലഭിച്ചിട്ടില്ല. അതിന്റെ ഒരു ഭാഗം മാത്രമാണ് ലഭിച്ചത്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്നും വായ്പയെടുക്കുന്നതിനുള്ള പരിധി കേന്ദ്രഗവൺമെന്റ് ഉയർത്താത്ത സാഹചര്യത്തിലും സാമൂഹ്യക്ഷേമ പെൻഷൻ മുടങ്ങുമെന്ന വ്യാജപ്രചരണം നാട്ടിൽ നടക്കുന്നുണ്ട്. ഇപ്പോൾ

ലഭിച്ചുകൊണ്ടിരിക്കുന്ന സാമൂഹ്യക്ഷേമ പെൻഷൻ അർഹതപ്പെട്ടവർക്ക് കൃത്യമായി നൽകാനുള്ള സംവിധാനമുണ്ടാകുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, സംസ്ഥാന ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും സുപ്രധാനമാണ് സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതി. അതെല്ലാം പാഴ്ച്ചെലവാണെന്നുള്ള വാദങ്ങളും ഒരു വശത്തുണ്ട്. പ്രത്യേകിച്ച്, കേന്ദ്രഗവൺമെന്റിന്റെ സമീപനവും അതാണ്. എത്ര ബുദ്ധിമുട്ടിയാലും സാധാരണക്കാർക്ക് ഈ പെൻഷൻ നൽകുകയെന്നത് ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. ഗവൺമെന്റ് അത് നൽകുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല.

**സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ നടപടി**

2(*32) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകളെയും മറ്റ് സഹകരണ പ്രസ്ഥാനങ്ങളെയും കൂടുതൽ ജനോപകാരപ്രദമാക്കി തീർക്കുന്നതിന് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സഹകരണ മേഖലയ്ക്ക് എതിരെയുണ്ടാകുന്ന ആക്ഷേപങ്ങൾ പ്രസ്തുത മേഖലയ്ക്ക് ആകെ ദോഷം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ ശക്തമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ):

സർ, (എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളെയും മറ്റ് സഹകരണ പ്രസ്ഥാനങ്ങളെയും കൂടുതൽ ജനോപകാരപ്രദമാക്കി തീർക്കുന്നതിനായി സർക്കാരിന്റെ മൂന്നാം നൂറുദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെപ്പറയുന്ന പുതിയ പദ്ധതികളാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1. ചെറുകിട വഴിയോരക്കച്ചവടക്കാർ, ചെറുസംരംഭകർ എന്നിവർക്കായി പരമാവധി 20,000 രൂപ വരെ വായ്പ നൽകുന്ന പദ്ധതി ആവിഷ്കരിച്ചുവരുന്നു.
2. വ്യക്തികൾക്ക് സൗരോർജ്ജമുപയോഗിച്ച് വൈദ്യുതി നിലയങ്ങൾ ആരംഭിക്കുന്നതിനായി വായ്പകൾ കുറഞ്ഞ പലിശയ്ക്ക് നൽകുന്ന പദ്ധതി ആവിഷ്കരിച്ചുവരുന്നു.

3. തൊഴിലന്വേഷകർക്കും നൈപുണ്യ വികസനത്തിൽ പരിശീലനം തേടുന്ന വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും സ്കിൽ ലോൺ അനുവദിക്കുന്ന പദ്ധതി ആവിഷ്കരിച്ചുവരുന്നു.

4. സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിൽപ്പന നടത്തുന്നതിനും അവരുടെ ബിസിനസ് പ്രൊമോട്ട് ചെയ്യുന്നതിനുമുള്ള വേദിയൊരുക്കുന്നതിനായി സഹകരണ എക്സ്പോ-2023 നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. പ്രളയബാധിതരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി നടപ്പാക്കിയ കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പിലാക്കിവരുന്നു.

6. സഹകരണ മേഖലയിലെ തെരഞ്ഞെടുത്ത ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ഒറ്റ ബ്രാൻഡിന് കീഴിലാക്കി പൊതു ട്രേഡ്മാർക്കോടെ ഇ-കോമേഴ്സ് പ്ലാറ്റ്ഫോമിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുവരുന്നു.

7. കേരള ബാങ്കിലെ എല്ലാ ബ്രാഞ്ചുകളുടെയും പ്രവർത്തനത്തെ കോർത്തിണക്കി സമ്പൂർണ്ണ സി.ബി.എസ്. സിസ്റ്റം നടപ്പിലാക്കി. എല്ലാ സേവനങ്ങളും ഓൺലൈനായി ഇടപാടുകാർക്ക് ലഭ്യമാക്കുന്ന പദ്ധതി ആവിഷ്കരിച്ചുവരുന്നു.

8. വിനോദസഞ്ചാരികൾക്കും മറ്റുള്ളവർക്കും കുറഞ്ഞ ചെലവിൽ ഭക്ഷണ വിഭവങ്ങൾ ലഭ്യമാക്കുന്നതിനായി ടൂർ ഫെഡിന്റെ ആഭിമുഖ്യത്തിൽ ആധുനിക കോഫി ഷോപ്പുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

9. കാർഷിക അനുബന്ധ മേഖലകളുടെ മത്സരക്ഷമതയും പ്രവർത്തനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും കർഷകരുടെ ക്ഷേമത്തിന് ഊന്നൽ നൽകുന്നതിനും 2022-23 സാമ്പത്തിക വർഷം മുതൽ ഒരു പുതിയ സംരംഭമായ " സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി" ആരംഭിച്ചിരിക്കുന്നു. ടി പദ്ധതിക്കായി 2,250 ലക്ഷം രൂപ നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിട്ടുണ്ട്. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സമാഹരണം (വീട്ടുപടിക്കൽ ശേഖരണം), സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നമാക്കൽ, ചില്ലറ വിൽപ്പന എന്നിവയെ പരിപോഷിപ്പിച്ച് അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

10. സംഘങ്ങളുടെ കരുതൽ ധനവും അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സ്റ്റെബിലൈസേഷൻ ഫണ്ടുമുപയോഗിച്ച് പ്രതിസന്ധിയിലാകുന്ന സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി സഹകരണ നിക്ഷേപ പ്രോത്സാഹന പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നതാണ്.

11. സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

12. സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ പ്രതിമാസ നിക്ഷേപ പദ്ധതികൾക്ക് ഒരു ഏകീകൃത അക്കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

13. സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിലേയ്ക്കായി ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

14. സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും സഹകരണ നിയമത്തിൽ സഹകരണ വിജിലൻസ്, സഹകരണ ആഡിറ്റ് എന്നീ വിഷയങ്ങളിൽ കൂടുതൽ കർശന വ്യവസ്ഥകൾ

ഉൾപ്പെടുത്തുന്നതിനും സഹകരണ രംഗത്ത് ഉയർന്നുവരുന്ന ആശാസ്യകരമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്കനുയോജ്യമായ രീതിയിലും സമഗ്ര നിയമഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സഹകരണ മേഖലയ്ക്കെതിരെ ഉണ്ടാകുന്ന ആക്ഷേപങ്ങൾ സഹകാരികളിൽ ചെറിയ തോതിൽ ആശങ്കയുണ്ടാക്കിയിട്ടുണ്ടെങ്കിലും ഇത് സഹകരണ മേഖലയ്ക്ക് പ്രതിസന്ധി ഉണ്ടാക്കിയിട്ടില്ല. സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും സഹകരണ നിയമത്തിൽ സഹകരണ വിജിലൻസ്, സഹകരണ ആഡിറ്റ് എന്നീ വിഷയങ്ങളിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും സഹകരണ രംഗത്ത് ഉയർന്നുവരുന്ന ആശാസ്യകരമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്കനുയോജ്യമായ രീതിയിലും സമഗ്ര നിയമഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, കേരളത്തിലെ സഹകരണ പ്രസ്ഥാനം സാധാരണക്കാരുടെ ആശ്രയകേന്ദ്രവും സമ്പദ്ഘടനയുടെ സുപ്രധാന ഘടകവുമാണ്. കേരളത്തിലെ പല സഹകരണ

സ്ഥാപനങ്ങൾക്കും നിക്ഷേപം തിരികെ നൽകാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം സഹകരണ സംഘങ്ങളിലെ നിക്ഷേപകർക്ക് തുക തിരികെ ലഭ്യമാക്കുന്നതിന് സംഘങ്ങളെ പുനരുദ്ധരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അത്തരം സഹകരണ സംഘങ്ങളെ സഹായിക്കുന്നതിനുവേണ്ടി സഹകരണ സംരക്ഷണ നിധി രൂപീകരിച്ച് ഒരു പദ്ധതി നടപ്പാക്കാൻ പോകുകയാണ്. കരുവന്നൂർ സഹകരണ ബാങ്കിന് നല്ല രീതിയിൽ സഹായം നൽകിയിട്ടുണ്ട്. ഇപ്പോൾ 60 കോടി രൂപ സഹകാരികൾക്ക് നൽകിക്കഴിഞ്ഞിരിക്കുകയാണ്. വയബിളായിട്ടുള്ള പ്രോജക്ട് തയ്യാറാക്കി നൽകുന്ന സംഘങ്ങളെ സഹായിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, സഹകരണ സംഘങ്ങളിൽ ആധുനിക സാങ്കേതികവിദ്യയും ആധുനിക ബാങ്കിംഗ് ഇടപാടുകളും നടപ്പാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, കേരള ബാങ്കിന് ന്യൂജെൻ ബാങ്കിനോടൊപ്പം മത്സരിക്കാൻ സാധിക്കുന്ന തരത്തിൽ എ.റ്റി.എം., കോർ ബാങ്കിംഗ്, ഇന്റർനെറ്റ് ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ്, ആർ.ടി.ജി.എസ്., നെഫ്റ്റ് ഇതെല്ലാം നടപ്പാക്കുന്നതിനുവേണ്ട നടപടികൾ പൂർത്തീകരിച്ച് കഴിഞ്ഞിരിക്കുകയാണ്. പ്രൈമറി സംഘങ്ങളിലും ഐ.ടി. ഇന്റഗ്രേഷനിലേയ്ക്കുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നടപ്പാക്കുന്നതാണ്.

(ശ്രീ. തോമസ് കെ. തോമസ് എം.എൽ.എ. സീറ്റിലില്ലാതിരുന്നതിനാൽ ചോദ്യം ഉന്നയിച്ചില്ല.)

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ ബഡ്ജറ്റിനെതിരെ അതിശക്തമായ പ്രതിഷേധം ആദ്യമേ രേഖപ്പെടുത്തുകയാണ്. കേരളത്തിന്റെ സഹകരണ മേഖല രാജ്യത്തിനാകെ മാതൃകയായി മാറിക്കൊണ്ടിരിക്കുകയാണ്. അങ്ങ് മന്ത്രിയായതിനുശേഷം ഈ മേഖലയിൽ വിപ്ലവകരമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്തെ സഹകരണ മേഖലയ്ക്ക് വലിയൊരു ശക്തിയും സാമ്പത്തിക സ്രോതസ്സുമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെയെങ്കിൽ കേരളത്തിന്റെ വലിയ വികസന

സാധ്യതകളായ ഉന്നതവിദ്യാഭ്യാസ രംഗത്തും ടൂറിസം രംഗത്തും മുതൽമുടക്കുന്നതിനാവശ്യമായ ക്രമീകരണമൊരുക്കാൻ സഹകരണ പ്രസ്ഥാനത്തിന് സാധിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതിനോടകംതന്നെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒൻപത് എഞ്ചിനീയറിംഗ് കോളേജുകൾ, എം.ബി.എ. കോളേജുകൾ, ബി.ബി.എ. കോളേജുകൾ എന്നിവയ്ക്കുപുറമെ എച്ച്.ഡി.സി. ജെ.ഡി.സി. കോഴ്സുകളും നടത്തുന്നുണ്ട്. സ്കിൽ ആൻഡ് ഡെവലപ്മെന്റ് നോളഡ്ജ് സെന്റർ ആലപ്പുഴയിൽ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. ഈ മേഖലയിൽ നല്ല നിക്ഷേപം നടത്തിയിട്ടുണ്ട്. ഇനിയും തുടർന്ന് നൽകാൻ തയ്യാറുമാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ഇന്ന് ചുമന്ന പൂവ് ജൂബ്ബയിൽ വച്ചാണ് സഭയിൽ വന്നിരിക്കുന്നത്. ഇന്ന് അദ്ദേഹത്തിന്റെ വിവാഹ വാർഷിക ദിനമാണ്. അദ്ദേഹത്തിന് എന്റെ ആശംസകൾ.

പ്രാദേശിക സമ്പദ്ഘടനയുടെ പ്രയോക്താക്കളായ സഹകരണ സംഘങ്ങളിൽനിന്ന് വായ്പയെടുത്തിട്ടുള്ളവരുടെ ജീവനോപാധികൾ തകർന്നുപോകാതെ സംരക്ഷിക്കാൻ നമുക്ക് സാധിക്കണം. അതിനൊരുപാട്

മാർഗ്ഗങ്ങളുണ്ട്. ഇപ്പോൾ കേന്ദ്രഗവൺമെന്റ് സഹകരണ മേഖലയിൽ ആദായ നികുതിയിൽ മാറ്റവും വായ്പ നൽകുന്നതിൽ വർദ്ധനവും നടപ്പാക്കിയിട്ടുണ്ട്. അത് കേരളത്തിലും നടപ്പിലാക്കി സാധാരണക്കാരെയും കൃഷിക്കാരെയും സഹായിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ആദായ നികുതി നിയമത്തിൽ 194(N) എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർത്തതോടെ ഒരുകോടി രൂപയിൽ കൂടുതൽ വാർഷിക പണം പിൻവലിക്കുന്നതിന് രണ്ട് ശതമാനം ടി.ഡി.എസ്. കുറയ്ക്കുമെന്നതിൽ ഒരു കോടി രൂപ എന്നത് മൂന്ന് കോടി രൂപയായി വർദ്ധിപ്പിച്ചുവെന്നതാണ് കേന്ദ്ര ഗവൺമെന്റ് വരുത്തിയ മാറ്റം. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവയിൽ പണം നിക്ഷേപിക്കുന്നതിനും പണമായി വായ്പ നൽകുന്നതിനുമുള്ള പരിധി ഓരോ അംഗത്തിനും 20,000 രൂപയായിരുന്നത് ഇപ്പോൾ 2,00,000 രൂപയായി ഉയർത്തിയിട്ടുണ്ടെന്നുള്ള ആശ്വാസം മാത്രമേയുള്ളൂ. ആദായ നികുതി ഘടനയിലാകെ മാറ്റം വരുത്തിയെന്ന ധാരണ തെറ്റാണ്. കൃഷിക്കാരെ സഹായിക്കാൻ ഇപ്പോൾതന്നെ നൂതന പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, സഹകരണ പ്രസ്ഥാനങ്ങളുടെമേൽ ആധിപത്യമുറപ്പിക്കാൻ കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന സഹകരണവിരുദ്ധ നയങ്ങൾക്കെതിരെ സംസ്ഥാനത്തെ സഹകാരികളെയും ജനങ്ങളെയും ഒരേമനസ്സോടെ മുന്നോട്ടുനയിക്കുന്ന സഹകരണ വകുപ്പിനെയും മന്ത്രിയെയും ഞാൻ അഭിനന്ദിക്കുന്നു. കേരള നിയമസഭാ ലൈബ്രറി ഉൾപ്പെടെ സംസ്ഥാനത്തിനകത്തും പുറത്തും പല രാജ്യങ്ങളിലുമായി നിരവധി അന്താരാഷ്ട്ര പുസ്തകോത്സവങ്ങളാണ് നടത്തിവരുന്നത്. കാരൂർ നീലകണ്ഠപ്പിള്ളയും തകഴിയും ഉൾപ്പെടെ നേതൃത്വം കൊടുത്ത എഴുത്തുകാരുടെ സൃഷ്ടികൾ പ്രസിദ്ധീകരിക്കാനാവശ്യമായ സാഹിത്യ പ്രവർത്തക സഹകരണ സംഘം വർഷങ്ങൾക്കുമുമ്പ് സംസ്ഥാനത്ത് രൂപീകരിച്ചിരുന്നു. അത് എഴുത്തുകാർക്കും വായനക്കാർക്കും ഏറെ ആശ്വാസകരമായിരുന്നെങ്കിലും ഇടക്കാലത്ത് എഴുത്തുകാരുടെ റോയൽറ്റിയുടെ കുറവ് ആ സംഘത്തിന്റെ പ്രവർത്തനത്തെ ബാധിച്ചിരുന്നു. നിലവിൽ സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ അവസ്ഥയെന്താണെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഒരുഘട്ടത്തിൽ സാഹിത്യ പ്രവർത്തക സഹകരണ സംഘത്തെ ദയാവധത്തിന് വിടാൻ സാഹിത്യകാരന്മാരെല്ലാം

എഴുതിയിരുന്നതാണ്. അതിൽനിന്നും മാറി ഒരു ഫീനിക്സ് പക്ഷിയെപ്പോലെ ഉയിർത്തെഴുന്നേറ്റ് നല്ലരൂപത്തിൽ അത് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നു. ഇപ്പോൾ മറ്റൊരു സംരംഭംകൂടി ആരംഭിക്കുകയാണ്. ലോകത്തെ എല്ലാ ലിപികളും സംഘടിപ്പിച്ചുകൊണ്ട് ഒരു അക്ഷര മ്യൂസിയത്തിന്റെ പ്രവർത്തനം ഇപ്പോൾ കോട്ടയം കേന്ദ്രീകരിച്ച് നടന്നുവരുന്നു. മിക്കവാറും അടുത്ത സെപ്റ്റംബർ മാസത്തോടെ അതിന്റെ ഒന്നാംഘട്ടം ഉദ്ഘാടനം ചെയ്യാൻ കഴിയും. ഒരുപക്ഷേ ലോകം ശ്രദ്ധിക്കപ്പെടുന്ന, വിജ്ഞാനദാഹികളായ ഗവേഷണ വിദ്യാർത്ഥികൾക്കുൾപ്പെടെ സന്ദർശനം നടത്താൻ കഴിയുന്ന പഠനാർഹമായ ഒരു അക്ഷര മ്യൂസിയമാണ് പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, സഹകരണ സംഘങ്ങൾ സാമ്പത്തിക അച്ചടക്കം പാലിക്കാത്തത് ചില സ്ഥലങ്ങളിലെങ്കിലും പ്രശ്നമായി വരുന്നുണ്ട്. നിക്ഷേപകർക്ക് തക്കസമയത്ത് തുക മടക്കി നൽകാത്ത കേസുകളിലെ നിക്ഷേപകരെ സഹായിക്കാൻ നിക്ഷേപ ഗ്യാരന്റി സ്കീമുണ്ടെങ്കിലും അത് വേണ്ടത്ര ഫലപ്രദമായി നടപ്പിലാക്കുന്നില്ല. ഈ സഭയിൽത്തന്നെ അതിന് ഭേദഗതികൾ ആവശ്യപ്പെട്ടിട്ടുണ്ട്. ആ സ്കീമിൽനിന്ന് എത്ര സംഘങ്ങൾക്ക് സഹായം നൽകിയിട്ടുണ്ട്; സാമ്പത്തിക

ക്രമക്കേടുകൾ തക്കസമയത്ത് കണ്ടെത്താനും തിരുത്തലുകൾ വരുത്താനും ഓരോ സംഘത്തിന്റെയും സാമ്പത്തികശേഷിക്കനുസരിച്ചുള്ള പ്രവർത്തനങ്ങളിലേയ്ക്ക് അവരെ വ്യാപിപ്പിക്കാനുമുള്ള നിയന്ത്രണങ്ങളും നിർദ്ദേശങ്ങളും ഓഡിറ്റ് ഇൻസ്പെക്ടിംഗ് വിംഗുകൾ ഫലപ്രദമായി നടപ്പിലാക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങ് സൂചിപ്പിച്ചതനുസരിച്ച്, സഹകരണ സംരക്ഷണനിധിക്ക് രൂപംകൊടുത്ത് സംഘങ്ങളെ സഹായിക്കാനാവശ്യമായ നടപടിക്രമത്തിലേയ്ക്ക് വന്നിട്ടുണ്ട്. നിക്ഷേപ ഗ്യാരണ്ടി സ്കീം രണ്ട് ലക്ഷം രൂപയായിരുന്നത് അഞ്ച് ലക്ഷം രൂപയായി ഉയർത്തി റൂൾ അമെന്റ് ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സമയോചിതവും സന്ദർഭോചിതവുമായി ക്രമക്കേടുകൾ കണ്ടെത്താൻ കഴിയത്തക്ക രൂപത്തിൽ സമഗ്രമായ നിയമ ഭേദഗതി കൊണ്ടുവന്ന് ടീം ഓഡിറ്റിലും ഇൻസ്പെക്ഷനിലുമൊക്കെ മാറ്റംവരുത്തിക്കൊണ്ട് കാലോചിതമായ ക്രമീകരണങ്ങൾ ഉറപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. ആൻസലൻ: സർ, കേരളത്തിൽ ഏകദേശം 14 ലക്ഷത്തോളം വരുന്ന ചെറുകിട-ഇടത്തരം വ്യാപാര സ്ഥാപനങ്ങളുണ്ട്. CIBIL (Credit Information Bureau (India) Limited) വന്നതിന്റെ

ഭാഗമായി ബാങ്കുകൾക്ക് വായ്പയെടുക്കാൻ കഴിയാത്ത അവസ്ഥയാണ്. കേരള ബാങ്ക് അക്കാര്യത്തിൽ അനുഭാവപൂർവ്വമായ നിലപാട് സ്വീകരിച്ചിട്ടുണ്ടെങ്കിലും പല ബാങ്കുകളും വായ്പയെടുക്കാൻ മുന്നോട്ടുവരുമ്പോൾ വിവിധ തടസ്സങ്ങളുന്നയിച്ച് നിരുത്സാഹപ്പെടുത്തുകയാണ്. കേരളത്തിലെ സമ്പദ്‌വ്യവസ്ഥയെ ഏറ്റവും കൂടുതൽ സഹായിക്കുന്ന വ്യാപാരികളെ സഹായിക്കുന്നതിനുവേണ്ടി ബാങ്ക് വായ്പകൾ നൽകുന്നതിന് ഇളവുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇളവുകൾ അനുവദിക്കാൻ ഇതിനോടകംതന്നെ നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. പ്രളയക്കെടുതിയും കോവിഡ് ദുരന്തവും പ്രകൃതി ദുരന്തങ്ങളുമുണ്ടായ സന്ദർഭങ്ങളിലെല്ലാം വ്യാപാരികൾക്കുവേണ്ടി ഒരു ഈടുമില്ലാതെ ദീർഘകാലാവധി കൊടുത്തുകൊണ്ട് 5,00,000 രൂപവരെ കേരള ബാങ്കിൽനിന്ന് വായ്പ നൽകിയിരുന്ന പദ്ധതി നടപ്പാക്കിയിരുന്നു. അത് നല്ലരൂപത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, നമ്മുടെ നാട്ടിൽ മുമ്പെങ്ങുമില്ലാത്ത തരത്തിൽ ആത്മഹത്യകൾ വർദ്ധിക്കുന്നുണ്ട്. അതിൽ കൂടുതലും കടം കൂടിയതുമൂലമുള്ള ആത്മഹത്യകളാണ്. ഈ സാഹചര്യത്തിൽ പത്ത്

സെന്റിൽത്താഴെ ഭൂമിയുള്ള വിധവകൾ, മാറാരോഗികൾ എന്നിവരുടെയെങ്കിലും കടങ്ങൾ പൂർണ്ണമായും എഴുതിത്തള്ളാൻ സർക്കാർ ആലോചിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, കടംകൊണ്ടുമാത്രമല്ല പല കാരണങ്ങൾകൊണ്ടും ആത്മഹത്യകൾ നടക്കുന്നുണ്ട്. അതെല്ലാം ഇവിടെ വിശദീകരിക്കാൻ കഴിയില്ല. കടംമൂലം ആത്മഹത്യ ചെയ്തിട്ടുള്ള അപൂർവ്വം കേസുകൾ മാത്രമാണുള്ളത്. അതിൽ ഓരോന്നിന്റെയും സ്വഭാവമനുസരിച്ചുമാത്രമേ തീരുമാനം പ്രഖ്യാപിക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കി കേന്ദ്ര നിയന്ത്രണത്തിലാക്കുമെന്ന പ്രഖ്യാപനത്തെ കേരളത്തിലെ സഹകരണ വകുപ്പ് എങ്ങനെയാണ് അഭിമുഖീകരിക്കാൻ പോകുന്നത്; ഇത് സംസ്ഥാനത്തിന്റെ സ്വതന്ത്രമായ അധികാരപരിധിയിൽ വരുന്ന സഹകരണ മേഖലയുടെ പ്രവർത്തനങ്ങളെ തടയുന്ന സ്ഥിതിയിലേയ്ക്കല്ലേ വരുന്നത്?

ശ്രീ. വി. എൻ. വാസവൻ: സർ, ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപനം വരുന്നതിനുമുമ്പുതന്നെ കേരളത്തിൽ നടപ്പാക്കാൻവേണ്ടി ടെണ്ടർ ക്ഷണിക്കുകയും അതിന്റെ ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്യുകയും

ചെയ്തു. അതിന്റെ നടപടിക്രമങ്ങൾ മുന്നോട്ട് നീങ്ങിക്കഴിഞ്ഞിരിക്കുന്നു. കേന്ദ്രം കൊണ്ടുവരുന്ന സ്കീം എന്താണെന്ന് പരിശോധിച്ചശേഷം ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാം.

ശ്രീ. ജോബ് മൈക്കിൾ: സർ, കേരളത്തിലെ സാധാരണക്കാർക്ക് നൽകിവരുന്ന വിവിധതരം ലോണുകൾ ലളിതമായ വ്യവസ്ഥയിലും പലിശ കുറച്ചും നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും; ജപ്തി ഭീഷണി നേരിടുന്ന പാവപ്പെട്ടവർക്ക് പലിശ കുറച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ പൂർണ്ണമായും പിഴപ്പലിശ ഒഴിവാക്കി പലിശയുടെ 50 ശതമാനമെങ്കിലും വേവ് ചെയ്യാൻ ഭരണസമിതിക്ക് അധികാരം കൊടുത്തുകൊണ്ടുള്ള തീരുമാനമെടുത്ത് ഇന്നലെ നടപടി ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. ഇപ്പോൾ പലിശ കുറച്ചാണ് വായ്പകൾ നൽകികൊണ്ടിരിക്കുന്നത്.

**സംസ്ഥാനത്തിന്റെ പൊതുകടം**

3 (*33) ശ്രീ. എം. എം. മണി:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതുകടം സംബന്ധിച്ച് ചില കേന്ദ്രങ്ങൾ തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സാഹചര്യത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ സംസ്ഥാനത്തിന്റെ പൊതുകടത്തിലെ ശരാശരി വർദ്ധനവ് പ്രതിശീർഷ വരുമാന വളർച്ചയുമായി താരതമ്യപ്പെടുത്തി അറിയിക്കാമോ;

(ബി) 2006-ൽ പൊതുകടം ജി.എസ്.ടി.-യുടെ എത്ര ശതമാനമായിരുന്നുവെന്നും 2021-ൽ എത്രയായിരുന്നുവെന്നും അറിയിക്കാമോ;

(സി) അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ട് പൊതുചെലവ് വർദ്ധിപ്പിക്കുന്നത് സമ്പദ്‌വ്യവസ്ഥയെ ചലനാത്മകമാക്കുമെന്നതിനാൽ അത്തരത്തിലുള്ള വികസന തന്ത്രങ്ങൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

(എ) സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക ധനഞെരുക്കം അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിനാധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണെന്നതാണ് യാഥാർത്ഥ്യം. മുൻ

സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാണിച്ചും സർക്കാരിനുകീഴിലെ സ്ഥാപനങ്ങളെടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും സംസ്ഥാന സർക്കാരിന്റെ നടപ്പ് വർഷത്തെ ആകെ കടമെടുപ്പ് പരിധി കേന്ദ്രസർക്കാർ വെട്ടിക്കുറച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുക എന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ചെലവുകൾ ചുരുക്കുന്നത്.

നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധയിനം ചെലവുകൾക്ക് നിയന്ത്രണങ്ങളേർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ

ജി.എസ്.ഡി.പി.-യുടെ 3 ശതമാനം എന്ന വായ്പാപരിധിക്കുപുറമെ യഥാക്രമം 2-ഉം 1.5-ഉം ശതമാനം അധിക വായ്പാപരിധി കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ചിരുന്നതിനാൽ സംസ്ഥാനത്തിന്റെ ആകെ കടത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ധനസ്ഥിതി ശരിയായ ധനദൃഢീകരണപാതയിൽ കൊണ്ടുവരുന്നതിനുവേണ്ടി പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള ധനസൂചകങ്ങളിൽ/ലക്ഷ്യങ്ങളിൽ ഊന്നിയാണ് പ്രതിസന്ധികൾക്കിടയിലും സംസ്ഥാനം അതിന്റെ സാമ്പത്തിക ചുമതലകൾ നിർവ്വഹിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി 2003-ലെ ധനസംബന്ധമായ ഉത്തരവാദിത്ത നിയമം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനം ശരിയായ ധനദൃഢീകരണ പാതയിലേയ്ക്ക് നീങ്ങുന്നതോടെ പ്രസ്തുത കടം കുറച്ചുകൊണ്ടുവരാൻ കഴിയും.

കഴിഞ്ഞ സർക്കാരിന്റെ 2016-17 മുതൽ 2020-21 വരെയുള്ള 5 വർഷ കാലയളവിൽ സംസ്ഥാനത്തിന്റെ ആകെ പൊതുകടത്തിലും പ്രതിശീർഷ വരുമാനത്തിലുമുണ്ടായ ശരാശരി വളർച്ചാനിരക്ക് യഥാക്രമം 12.74 ശതമാനവും 6.90 ശതമാനവുമാണ്. ഇത് ഈ സർക്കാരിന്റെ 2021-22 സാമ്പത്തിക വർഷത്തിൽ യഥാക്രമം 10.16 ശതമാനവും 12.45

ശതമാനവുമാണ്. സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ സർക്കാർ കാണിക്കുന്ന പ്രാധാന്യം ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ട്.

കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ സംസ്ഥാനത്തിന്റെ ആകെ പൊതുകടത്തിലും പ്രതിശീർഷ വരുമാനത്തിലുമുണ്ടായിട്ടുള്ള വളർച്ചയുടെ താരതമ്യം അനുബന്ധമായി ചേർക്കുന്നു.+

സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും റവന്യൂകമ്മി കുറച്ചുകൊണ്ടുവരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. മുൻവർഷങ്ങളിൽ സമ്പദ്‌വ്യവസ്ഥയ്ക്കകത്തുനിന്നും പുറത്തുനിന്നുമുണ്ടായ തടസ്സങ്ങളിൽനിന്നും മോചനം നേടി പുനർനിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. നികുതി-നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിതപരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. നിലവിലുള്ള സാമ്പത്തികമാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ

\+ അനുബന്ധമായി ചേർക്കുന്നു.

പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്.

ചരക്കുസേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനവിനുള്ള ഇടപെടലുകൾക്ക് പരിമിതികളും നിയന്ത്രണങ്ങളുമുണ്ടായി.

പെട്രോളിയം ഉത്പന്നങ്ങൾ, മദ്യം തുടങ്ങിയ ചുരുക്കം ഇനങ്ങൾക്കുമാത്രമാണ് സംസ്ഥാനങ്ങൾക്ക് ഇപ്പോൾ നികുതി ഏർപ്പെടുത്താൻ അധികാരമുള്ളത്.

നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി സർക്കാർ വിഭാവനം ചെയ്തിട്ടുള്ള നിർദ്ദേശങ്ങളും സ്വീകരിച്ചുവരുന്ന നടപടികളും ചുവടെ ചേർക്കുന്നു.

1. ചരക്കുസേവന നികുതി വകുപ്പിനെ പുന:സംഘടിപ്പിച്ചുകൊണ്ട് നികുതി ചോർച്ച ഫലപ്രദമായി തടയുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ഇതിനകംതന്നെ ചരക്കുസേവന നികുതി വകുപ്പിനുകീഴിൽത്തന്നെ ടാക്സ്പേയർ സർവ്വീസസ്, ആഡിറ്റ്, ഇന്റലിജൻസ് എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്;

2. ഭൂരേഖകൾ കൈകാര്യം ചെയ്യുന്നതിലെ കേന്ദ്രഘടകമായ അടിസ്ഥാന ഭൂനികുതി പരിഷ്കരിക്കൽ;

3. ഭൂമിയുടെ ന്യായവിലയിലെ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളലും നിലവിലുള്ള ന്യായവിലയിൽ 10% ഒറ്റത്തവണ വർദ്ധനവ് നടപ്പിലാക്കലും;

4. വിവര സാങ്കേതികവിദ്യയുടെ സാദ്ധ്യതകളുപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിക്കൽ;

5. ചരക്കുസേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിനുള്ള ലക്കി ബിൽ പദ്ധതി;

6. സർക്കാർ ഗ്യാരണ്ടി സീലിംഗ് നിയമഭേദഗതി ചെയ്യുന്നതിലൂടെ ഈയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കൽ;

7. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ;

8. 2 ലക്ഷം രൂപവരെ വിലയുള്ള മോട്ടോർ സൈക്കിളുകളുടെ ഒറ്റത്തവണ മോട്ടോർ വാഹന നികുതി 1% വർദ്ധിപ്പിക്കൽ;

9. മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുകയും വൈദ്യുതി വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഡീസൽ വാഹനങ്ങൾക്ക് ഹരിത നികുതി ഏർപ്പെടുത്തൽ;

10. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്കൂട്ടിണിയും പരിശോധനകളും ശക്തമാക്കൽ;

11. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.

സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയുടെ വികസനം ലക്ഷ്യമാക്കി മുൻവർഷത്തെ അപേക്ഷിച്ച് കൂടുതൽ വിഹിതമാണ് നടപ്പുവർഷം മൂലധന ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിനുപുറമെ കിഫ്ബിയുടെ നിക്ഷേപം അടിസ്ഥാന സൗകര്യ മേഖലയെ ചലനാത്മകമാക്കുകയും ചെയ്യും.

(ബി) ചരക്ക് സേവന നികുതി (ജി.എസ്.ടി) പ്രാബല്യത്തിൽ വന്നത് 2017 ജൂലൈ 1 മുതലാണ്. അതിനാൽ പൊതുകടം പ്രസ്തുത വർഷത്തിൽ ജി.എസ്.ടി.-യുമായി താരതമ്യം ചെയ്യാൻ കഴിയില്ല. എന്നാൽ 2006-07 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനത്തിന്മേലുള്ള പൊതുകടം 26.62 ശതമാനമാണ്. സംസ്ഥാന സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ലഭ്യമാക്കിയ 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ മൊത്തം

ആഭ്യന്തരോല്പാദനത്തിന്മേലുള്ള സംസ്ഥാനത്തിന്റെ പൊതുകടം 24.26 ശതമാനമാണ്.

(സി) സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക ധനഞെരുക്കം അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിനാധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണെന്നതാണ് യാഥാർത്ഥ്യം. മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാണിച്ചും സർക്കാരിനുകീഴിലെ സ്ഥാപനങ്ങളെടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും സംസ്ഥാന സർക്കാരിന്റെ നടപ്പ് വർഷത്തെ ആകെ കടമെടുപ്പ് പരിധി കേന്ദ്രസർക്കാർ വെട്ടിക്കുറച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുക എന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ചെലവുകൾ ചുരുക്കുന്നത്.

നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധയിനം ചെലവുകൾക്ക് നിയന്ത്രണങ്ങളേർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനം എന്ന വായ്പാപരിധിക്കുപുറമേ യഥാക്രമം 2-ഉം 1.5-ഉം ശതമാനം അധിക വായ്പാ പരിധി കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ചിരുന്നതിനാൽ സംസ്ഥാനത്തിന്റെ ആകെ കടത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ധനസ്ഥിതി ശരിയായ ധനദൃഢീകരണപാതയിൽ കൊണ്ടുവരുന്നതിനുവേണ്ടി പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള ധനസൂചകങ്ങളിൽ/ലക്ഷ്യങ്ങളിൽ ഊന്നിയാണ് പ്രതിസന്ധികൾക്കിടയിലും സംസ്ഥാനം അതിന്റെ സാമ്പത്തിക ചുമതലകൾ നിർവ്വഹിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി 2003-ലെ ധനസംബന്ധമായ ഉത്തരവാദിത്ത നിയമം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനം ശരിയായ

ധനദൃഢീകരണ പാതയിലേയ്ക്ക് നീങ്ങുന്നതോടെ പ്രസ്തുത കടം കുറച്ചുകൊണ്ടുവരാൻ കഴിയും.

കഴിഞ്ഞ സർക്കാരിന്റെ 2016-17 മുതൽ 2020-21 വരെയുള്ള 5 വർഷ കാലയളവിൽ സംസ്ഥാനത്തിന്റെ ആകെ പൊതുകടത്തിലും പ്രതിശീർഷ വരുമാനത്തിലുമുണ്ടായ ശരാശരി വളർച്ചാനിരക്ക് യഥാക്രമം 12.74 ശതമാനവും 6.90 ശതമാനവുമാണ്. ഇത് ഈ സർക്കാരിന്റെ 2021-22 സാമ്പത്തിക വർഷത്തിൽ യഥാക്രമം 10.16 ശതമാനവും 12.45 ശതമാനവുമാണ്. സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ സർക്കാർ കാണിക്കുന്ന പ്രാധാന്യം ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ട്.

കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ സംസ്ഥാനത്തിന്റെ ആകെ പൊതുകടത്തിലും പ്രതിശീർഷ വരുമാനത്തിലുമുണ്ടായിട്ടുള്ള വളർച്ചയുടെ താരതമ്യം അനുബന്ധമായി ചേർക്കുന്നു.+

സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും റവന്യൂകമ്മി കുറച്ചുകൊണ്ടുവരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. മുൻവർഷങ്ങളിൽ സമ്പദ്‌വ്യവസ്ഥയ്ക്കകത്തുനിന്നും പുറത്തുനിന്നുമുണ്ടായ തടസ്സങ്ങളിൽനിന്നും മോചനം നേടി പുനർനിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ്

\+ അനുബന്ധമായി ചേർക്കുന്നു.

സർക്കാരിന്റെ ലക്ഷ്യം. നികുതി-നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിതപരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. നിലവിലുള്ള സാമ്പത്തികമാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്.

ചരക്കുസേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനവിനുള്ള ഇടപെടലുകൾക്ക് പരിമിതികളും നിയന്ത്രണങ്ങളുമുണ്ടായി.

പെട്രോളിയം ഉത്പന്നങ്ങൾ, മദ്യം തുടങ്ങിയ ചുരുക്കം ഇനങ്ങൾക്കുമാത്രമാണ് സംസ്ഥാനങ്ങൾക്ക് ഇപ്പോൾ നികുതി ഏർപ്പെടുത്താൻ അധികാരമുള്ളത്.

നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി സർക്കാർ വിഭാവനം ചെയ്തിട്ടുള്ള നിർദ്ദേശങ്ങളും സ്വീകരിച്ചുവരുന്ന നടപടികളും ചുവടെ ചേർക്കുന്നു.

1. ചരക്കുസേവന നികുതി വകുപ്പിനെ പുന:സംഘടിപ്പിച്ചുകൊണ്ട് നികുതി ചോർച്ച ഫലപ്രദമായി തടയുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ഇതിനകംതന്നെ ചരക്കുസേവന നികുതി വകുപ്പിനുകീഴിൽത്തന്നെ ടാക്സ്പെയർ സർവ്വീസസ്, ആഡിറ്റ്, ഇന്റലിജൻസ് എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്.

2. ഭൂരേഖകൾ കൈകാര്യം ചെയ്യുന്നതിലെ കേന്ദ്രഘടകമായ അടിസ്ഥാന ഭൂനികുതി പരിഷ്കരിക്കൽ.

3. ഭൂമിയുടെ ന്യായവിലയിലെ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളലും നിലവിലുള്ള ന്യായവിലയിൽ 10% ഒറ്റത്തവണ വർദ്ധനവ് നടപ്പിലാക്കലും.

4. വിവര സാങ്കേതികവിദ്യയുടെ സാദ്ധ്യതകളുപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിക്കൽ.

5. ചരക്കുസേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിനുള്ള ലക്കി ബിൽ പദ്ധതി.

6. സർക്കാർ ഗ്യാരണ്ടി സീലിംഗ് നിയമഭേദഗതി ചെയ്യുന്നതിലൂടെ ഈയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കൽ.

7. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ.

8. 2 ലക്ഷം രൂപവരെ വിലയുള്ള മോട്ടോർ സൈക്കിളുകളുടെ ഒറ്റത്തവണ മോട്ടോർ വാഹന നികുതി 1 % വർദ്ധിപ്പിക്കൽ.

9. മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുകയും വൈദ്യുതി വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഡീസൽ വാഹനങ്ങൾക്ക് ഹരിത നികുതി ഏർപ്പെടുത്തൽ.

10. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്കൂട്ടിണിയും പരിശോധനകളും ശക്തമാക്കൽ.

11. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.

സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യ മേഖലയുടെ വികസനം ലക്ഷ്യമാക്കി മുൻവർഷത്തെ അപേക്ഷിച്ച് കൂടുതൽ വിഹിതമാണ് നടപ്പുവർഷം മൂലധന ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിനുപുറമേ കിഫ്ബിയുടെ നിക്ഷേപം അടിസ്ഥാനസൗകര്യ മേഖലയെ ചലനാത്മകമാക്കുകയും ചെയ്യും.

<u>ശ്രീ. എം. എം. മണി</u>: സർ, ഇന്നലെ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിന്റെ ഉള്ളടക്കവും അത് കേരളത്തെ എങ്ങനെ ബാധിക്കുമെന്നും വിശദീകരിക്കാമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, കേരളത്തിന് ലഭിക്കേണ്ട നികുതി വിഹിതത്തിന്റെയും മറ്റ് സംസ്ഥാനങ്ങൾക്കുള്ള വിഹിതത്തിന്റെയും ഡാറ്റാ ലഭ്യമായിട്ടുണ്ട്. നികുതി വിഹിതത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. അത് വർദ്ധിപ്പിച്ച് നൽകണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്രം പരിഗണിച്ചിട്ടില്ല. ജി.എസ്.ടി. വരുമാനം 60:40 എന്ന അനുപാതത്തിലാണ് ലഭിക്കുന്നത്. ഇത് ജി.എസ്.ടി. നടപ്പിലാക്കുന്ന ഘട്ടത്തിൽ പറഞ്ഞിരുന്നതാണ്. അക്കാര്യത്തിലൊരു പരിഗണനയും തന്നിട്ടില്ല. വായ്പാ പരിധി വർദ്ധിപ്പിച്ചിട്ടില്ലെന്നുമാത്രമല്ല കിഫ്ബിയുടെയും സാമൂഹ്യ സുരക്ഷാ പെൻഷൻ തുകയുടെയും പേരിലെടുക്കുന്ന കടം വെട്ടിക്കുറച്ച് ജനങ്ങളുടെ അന്നം മുട്ടിക്കാനുള്ള ശ്രമം നടത്തുന്നു. അക്കാര്യത്തിൽ പുനഃപരിശോധന വേണമെന്ന് ആവശ്യപ്പെട്ടെങ്കിലും അതും നടന്നിട്ടില്ല. എൻ.ആർ.ഐ.-കൾക്കുവേണ്ടിയുള്ള പ്രത്യേക സ്കീം, വന്ദേഭാരത് ട്രെയിൻ, പ്ലാന്റേഷൻ മേഖലയ്ക്കുള്ള പ്രത്യേക പദ്ധതികൾ എന്നിവയ്ക്കൊന്നും പരിഗണന ലഭിച്ചില്ല. പ്ലാന്റേഷൻ മേഖലയിൽ

റബ്ബറിന്റെ ടാക്സിന് ചെറിയൊരു മാറ്റം വരുത്തിയെങ്കിലും അത് വിലയിൽ കാര്യമായ വ്യത്യാസമുണ്ടാക്കില്ല. ഏറ്റവും കൂടുതൽ പ്ലാന്റേഷനുള്ള നമ്മുടെ സംസ്ഥാനത്തിന് ഒരു സ്പെഷ്യൽ സ്കീം ആവശ്യപ്പെട്ടെങ്കിലും അതും പരിഗണിച്ചിട്ടില്ല. പരമ്പരാഗത തൊഴിൽ മേഖലയിലെ പ്രത്യേക സ്കീമിനും യാതൊരു പരിഗണനയും നൽകിയിട്ടില്ല. സംസ്ഥാനത്തിന്റെ ധനകാര്യ മേഖലയെയും പൊതുജീവിതത്തെയും സഹായിക്കുന്ന തരത്തിലുള്ള പ്രഖ്യാപനങ്ങളുണ്ടാകുമെന്ന് കരുതിയിരുന്നുവെങ്കിലും നിരാശാജനകമായിരുന്നു. കേരളം ആവർത്തിച്ച് ആവശ്യപ്പെട്ടുന്ന എയിംസ് സ്ഥാപിക്കണമെന്ന ആവശ്യവും പരിഗണിച്ചില്ല. എയിംസ് ഇല്ലാത്ത ഒരു പ്രധാന സംസ്ഥാനം കേരളമാണ്. ഇന്നലെ എം.പി.-മാരും സംസ്ഥാനത്തെ വിവിധ രാഷ്ട്രീയപാർട്ടി പ്രവർത്തകരുമെല്ലാം വളരെ വിശദമായി അക്കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. അങ്ങേയറ്റം നിരാശാജനകമായ പ്രഖ്യാപനങ്ങളാണ് ഉണ്ടായിട്ടുള്ളത്. സാമ്പത്തികകാര്യ നയത്തിലും ഇതുപോലെയുള്ള ചില വിഷയങ്ങളുണ്ട്. ഏറ്റവും കൂടുതൽ ദിവസം തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്ന നമ്മുടെ സംസ്ഥാനത്ത് അതിന്റെ വിഹിതത്തിലും ആശങ്കപ്പെടുന്ന വിധത്തിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷയ്ക്ക് അനുവദിച്ച തുകയിലും ഏകദേശം 40 ശതമാനത്തിന്റെ

കുറവാണ് വന്നിട്ടുള്ളത്. നെല്ല്, ഗോതമ്പ് സംഭരണത്തിലും തുക കുറച്ചിട്ടുണ്ട്. സാധാരണക്കാർക്ക് ജോലി ലഭിക്കുന്ന തൊഴിലുറപ്പ് പദ്ധതിപോലുള്ളതിലും മറ്റ് കാർഷിക മേഖലയേയും വ്യാവസായിക മേഖലയേയും സഹായിക്കുന്ന കാര്യത്തിലുമൊക്കെ കേരളത്തിന് മാത്രമല്ല ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളുടെയും വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ട്. പക്ഷേ കേരളത്തിനെ വലിയതോതിൽ ബാധിക്കുന്ന തരത്തിലുള്ള കുറവുകളാണ് വരുത്തിയിട്ടുള്ളത്.

ശ്രീ. എം. എം. മണി: സർ, സംസ്ഥാനത്തിന്റെ പൊതുവരുമാനത്തെ പ്രതികൂലമായി ബാധിക്കുന്ന നികുതി വെട്ടിപ്പ് തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നികുതി വെട്ടിപ്പിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി നിരവധി ഗുണപരമായ മാറ്റങ്ങളുണ്ടായിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥർ വിവിധ മേഖലകളിൽ കർശന പരിശോധന നടത്തുന്നുണ്ട്. നികുതി വെട്ടിപ്പ് തടയുന്നതിനായി പഴയ രീതിയിലുള്ള ചെക്ക്പോസ്റ്റുകൾക്കുപകരം ആധുനികരീതിയിലുള്ള ഇ-വേ ബിൽ സംവിധാനമാണ് നടപ്പാക്കിയിട്ടുള്ളത്. അതിർത്തി കടന്നുവരുമ്പോൾ ഇ-വേ ബിൽ ഓട്ടോമാറ്റിക്കായി റെക്കഗ്നൈസ് ചെയ്ത്

ആയതിന്റെയടിസ്ഥാനത്തിൽ വരുന്ന വാഹനത്തിന്റെ നമ്പർ പ്ലേറ്റും ഇ-വേ ബില്ലുമായി താരതമ്യം ചെയ്തുള്ള പരിശോധനയാണ് നടത്തുന്നത്. ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലൂടെ എല്ലാം കൃത്യമായിയെന്ന അഭിപ്രായമൊന്നുമില്ല. ജി.എസ്.ടി. വകുപ്പ് പുന:സംഘടിപ്പിച്ചിട്ടുണ്ട്. അതുസംബന്ധിച്ച് ദീർഘകാലമായി ഈ സഭയിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ പുതിയ രീതിയിൽ വേണം ജി.എസ്.ടി. സംബന്ധിച്ച പരിശോധനകൾ നടത്തേണ്ടത്. അക്കാര്യത്തിൽ ആഡിറ്റ് വിഭാഗമാണ് പ്രധാനപ്പെട്ട കാര്യങ്ങൾ ചെയ്യേണ്ടത്. ജി.എസ്.ടി. നിയമത്തിലെ ടാക്സ് പേയേഴ്സ് സർവ്വീസ്, ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് എന്നീ മൂന്ന് വിഭാഗങ്ങളെയും ഏകോപിപ്പിച്ച് അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. നികുതി പിരിവിന്റെ കാര്യത്തിൽ വലിയ തോതിലുള്ള മാറ്റമുണ്ടാകുമെന്ന് തന്നെയാണ് ധനകാര്യ വകുപ്പും ഗവൺമെന്റും വിശ്വസിക്കുന്നത്. ഈ സാമ്പത്തിക വർഷം നികുതി വരുമാനത്തിൽ പുരോഗതിയുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചോദിച്ചതുപോലെ നികുതി വെട്ടിപ്പുകാർക്കെതിരെ കർശന നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതിനോടകംതന്നെ പല സ്ഥലങ്ങളിൽനിന്നും ഇതുസംബന്ധിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജനങ്ങളുടെ

കയ്യിൽനിന്നും നികുതി പിരിച്ച് സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട ഇടനിലക്കാരായ ആളുകൾ ടാക്സ് സമാഹരിക്കുന്ന വ്യാപാരികൾ തന്നെയാണ്. അതിൽ ചുരുക്കം ചിലയാളുകൾ ജനങ്ങളിൽനിന്നും പിരിക്കുന്ന ടാക്സ് സർക്കാരിലേയ്ക്ക് അടയ്ക്കാതെ അവരവരുടെ കൈകളിൽതന്നെ സൂക്ഷിക്കുന്നതിനെയാണ് നികുതി വെട്ടിപ്പ് എന്നർത്ഥമാക്കുന്നത്. ടാക്സ് കൃത്യമായി സമാഹരിക്കാതിരിക്കുക, സമാഹരിക്കുന്ന ടാക്സ് കൃത്യമായി സർക്കാരിലേയ്ക്ക് അടയ്ക്കാതിരിക്കുക തുടങ്ങിയവയ്ക്കെതിരെ കർശന നടപടി സ്വീകരിച്ച് മുന്നോട്ടുപോകുന്നതാണ്.

ശ്രീ. എം. രാജഗോപാലൻ: സർ, അമ്മായി ഉടച്ചാൽ മൺചട്ടി, മരുമകൾ ഉടച്ചാൽ പൊൻചട്ടി എന്ന് പറയുന്നതുപോലെയാണ്. സംസ്ഥാനങ്ങൾ ജി.ഡി.പി.-യുടെ 3.5 ശതമാനത്തിൽ കൂടുതൽ വായ്പയെടുക്കരുതെന്ന് നിഷ്കർഷിക്കുന്ന സാഹചര്യത്തിലാണ് കേന്ദ്രം ഭീമമായ കമ്മി നേരിടുന്നത്. 15.4 ലക്ഷം കോടി രൂപ കടമെടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. സെസുകളും സർചാർജ്ജുകളും ചുമത്തുന്ന പ്രവണത കേന്ദ്ര ബഡ്ജറ്റിൽ കൂടിവരുന്നതുവഴി സംസ്ഥാനം നേരിടുന്ന പ്രതിസന്ധികൾ എന്തൊക്കെയാണ്; ഈ പ്രതിസന്ധി തരണം ചെയ്യാനാവശ്യമായ പദ്ധതികളാവിഷ്കരിക്കാൻ കഴിയുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ:</u> സർ, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെയും കേന്ദ്രഭരണത്തെയും സംബന്ധിച്ച് വളരെ കാലികപ്രസക്തമായൊരു ചോദ്യമാണ് അദ്ദേഹം ഉന്നയിച്ചത്. സംസ്ഥാനങ്ങളുടെ കടമെടുക്കൽ പരിധി മൂന്ന് ശതമാനമായി നിലനിർത്തണമെന്നും അത്രയും മാത്രമെ കടമെടുക്കാൻ പാടുള്ളൂവെന്നും പറയുന്ന കേന്ദ്രത്തിന്റെ ഫിസ്കൽ ഡെഫിസിറ്റ് കമ്മി 6.4 ശതമാനമാണ്. നിലവിലെ 6.4 ശതമാനത്തിൽനിന്നും അടുത്തവർഷം 5.9 ശതമാനമാക്കാൻ മാത്രമാണ് കേന്ദ്ര സർക്കാർ ആലോചിക്കുന്നത്. 5.9 ശതമാനമാക്കാൻ ആലോചിച്ചാലും അങ്ങനെ കുറയ്ക്കാൻ സാധിച്ചുവെന്ന് വരില്ല. കേന്ദ്ര ഗവൺമെന്റിന്റെ ഈ വർഷത്തെ ആകെ ബഡ്ജറ്റ് ചെലവിലെ 41 ശതമാനവും കടമെടുക്കുകയാണ് ചെയ്യുന്നത്. മറ്റൊരു സംസ്ഥാനത്തിനും ഈ നിലയില്ല. കേരളം അതിന്റെ പകുതി ശതമാനത്തിനകത്ത് മാത്രമേ വരുന്നുള്ളൂ. ഇതാണ് പൊതുവിൽ ധനകാര്യ രംഗത്ത് കേന്ദ്ര സർക്കാരെടുക്കുന്ന നിലപാട്. കിഫ്ബി വായ്പയെടുക്കാൻ പാടില്ലെന്ന് പറയുമ്പോൾ അവരങ്ങനെ എടുക്കുന്നുമുണ്ട്. അങ്ങനെയൊരു സമീപനം സ്വീകരിക്കുന്നുവെന്ന് മാത്രമല്ല യു.പി.എ. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 10 ശതമാനത്തിന് മുകളിലായിരുന്ന സെസ് വഴി ലഭിച്ചിരുന്ന ആകെ

നികുതി വരുമാനം, അത് സംസ്ഥാനങ്ങൾക്ക് വീതം വച്ച് നൽകുന്നതല്ല. ഇപ്പോൾ ടി സെസ്സുകൾ 20 ശതമാനത്തിലധികമായി വർദ്ധിച്ചിട്ടുണ്ട്. സെസായി ലഭിക്കുന്ന തുകയുടെ 10 ശതമാനമെങ്കിലും സംസ്ഥാനങ്ങൾക്ക് വീതംവയ്ക്കുകയാണെങ്കിൽ ഏകദേശം മൂവായിരത്തോളം കോടി രൂപയെങ്കിലും അധികമായി ലഭിക്കേണ്ടതാണ്. ഈ തുക വീതംവയ്ക്കാതെ പെട്രോളിന്റെയും മറ്റ് ഉല്പന്നങ്ങളുടെയും സെസ്സായി കേന്ദ്രം സമാഹരിക്കുന്നത് ഡിവിസിബിൾ പൂളിൽ വരില്ല. അതുകൊണ്ട് സംസ്ഥാനം വലിയ ബുദ്ധിമുട്ട് നേരിടേണ്ടിവരുന്നുണ്ട്. അത്തരത്തിൽ ഒരു വർഷത്തെ സെസ് ഇനത്തിൽ വീതിച്ചുതരാത്ത തുകയുടെ കണക്ക് പരിശോധിക്കുകയാണെങ്കിൽ ഡിവിസിബിൾ പൂളിൽ വരുന്ന കുറവടക്കം ഏകദേശം ഇരുപതിനായിരം കോടി രൂപയോളം വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇക്കാര്യത്തെ സംബന്ധിച്ച് ഇതര സംസ്ഥാനങ്ങളെയെല്ലാം കൂട്ടിച്ചേർത്ത് നിരന്തരമായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുന്നുണ്ട്. കേരളത്തിലെ പാർലമെന്റംഗങ്ങളടക്കം ഇക്കാര്യം കേന്ദ്രത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാമെന്നാണ് പറഞ്ഞിട്ടുള്ളത്. സമാന സ്വഭാവമുള്ള സംസ്ഥാനങ്ങളെ കൂട്ടിചേർത്തുകൊണ്ട് ഇക്കാര്യങ്ങൾ നിരന്തരമായി

ആവർത്തിച്ചാവശ്യപ്പെടാൻ മാത്രമെ സാധിക്കുകയുള്ളൂ. അക്കാര്യം നിരന്തരമായി ചെയ്യുന്നുമുണ്ട്.

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, 2020-21 സാമ്പത്തിക വർഷത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 8.43% നെഗറ്റീവ് വളർച്ചയുണ്ടായിരുന്ന സ്ഥാനത്ത് 2021-22-ൽ നമ്മുടെ സംസ്ഥാനം 12.03% വളർച്ച രേഖപ്പെടുത്തി. മികച്ച ധനകാര്യ മാനേജ്മെന്റിന്റെ തെളിവാണിത്. ഈ കാലത്ത് ദേശീയ വളർച്ചാനിരക്ക് 6.6% താഴോട്ടായിരുന്നു. ദുരന്തങ്ങളും സാമ്പത്തികമാന്ദ്യവും തളർത്തിയ സംസ്ഥാന സമ്പദ്ഘടനയെ കൈപിടിച്ചുയർത്താൻ കേരളം ശ്രമിക്കുമ്പോൾ കേന്ദ്ര സർക്കാർ രാഷ്ട്രീയ വൈരനിര്യാതനബുദ്ധിയോടെ പെരുമാറുകയാണ്. കേന്ദ്ര സർക്കാരിന്റെ ഈ നിലപാടുകൾ മറികടക്കാനുള്ള ബദൽ പരിപാടികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, സംസ്ഥാനം രാഷ്ട്രീയ വിവേചനം നേരിടുന്നുവെന്നുള്ളത് കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും അറിയാവുന്നതാണ്. അതിനെ ഒരുമിച്ച് നേരിടേണ്ടതാവശ്യമാണ്. രാഷ്ട്രീയ വ്യത്യാസമില്ലാതെ കൂട്ടായിനിന്നുകൊണ്ട് കേരളത്തിനർഹമായ വിഹിതം കേന്ദ്രത്തിൽനിന്നും വാങ്ങിച്ചെടുക്കാൻ കഴിയണം. അക്കാര്യത്തിൽ ഇവിടെ

വ്യത്യസ്തമായൊരഭിപ്രായം വരുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പ്രതിപക്ഷനിരയും ഉൾപ്പെടെ ഗവൺമെന്റിന്റെ ഭാഗമായി ഇക്കാര്യങ്ങൾ നിരന്തരം പറയാറുണ്ട്. ഇതെല്ലാം കുറച്ചുകൂടി കാര്യക്ഷമമാകേണ്ടതുണ്ട്. എന്തായാലും സംസ്ഥാനത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിന് നികുതി പിരിവ് ഊർജ്ജിതമാക്കണം. കേന്ദ്രസർക്കാർ നൽകില്ലെന്ന് പറയുമ്പോൾത്തന്നെ സംസ്ഥാനത്തിന്റെ നികുതി പിരിവ് ഊർജ്ജിതമാക്കിയും ആഭ്യന്തര റിസോഴ്സുകൾ വർദ്ധിപ്പിച്ചും ഇത്തരം പ്രതിസന്ധി നേരിടാൻ കഴിയണം. അതിനുള്ള കൂട്ടായ പരിശ്രമം നടത്തണം. കേന്ദ്ര ഗവൺമെന്റ് പൊതുവിലെടുക്കുന്ന മാനദണ്ഡമനുസരിച്ച്, ലോണെടുക്കാൻ സംസ്ഥാന സർക്കാരിനെ അനുവദിക്കുന്നില്ല. കിഫ്ബിയുടെയും സാമൂഹ്യസുരക്ഷാ പെൻഷന്റെയും കാര്യമാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ പേരിൽ മാത്രം കഴിഞ്ഞ വർഷം പതിനാലായിരം കോടി രൂപ വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചു. ഈ വർഷവും അടുത്ത വർഷങ്ങളിലും ഇതുപോലെ വെട്ടികുറയ്ക്കാനാണ് ആലോചിക്കുന്നതെന്നാണ് മനസ്സിലാക്കുന്നത്. അത് ഭരണഘടനാപരമായ സംസ്ഥാനങ്ങളുടെ അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റമാണ്. അക്കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് വളരെ വിശദമായൊരു മെമ്മോറാണ്ടം

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ഭരണഘടനാപരമായി ഒരു സംസ്ഥാനത്തിന്റെ ഫിസ്കൽ ഫെഡറലിസത്തെ ചോദ്യം ചെയ്യുന്ന തരത്തിലേയ്ക്ക് നീങ്ങുന്നുവെന്ന് കേന്ദ്രത്തോട് സംസ്ഥാന സർക്കാർ ആവർത്തിച്ച് പറഞ്ഞതാണ്. സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഒറ്റക്കെട്ടായി നിൽക്കാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് മുന്നോട്ടുപോകുന്നതാണ് ഉചിതം.

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: സർ, കേന്ദ്ര ധനകാര്യമന്ത്രി ഇന്നലെ പാർലമെന്റിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ വരവിന്റെ 41 ശതമാനവും കടമാണെന്നാണ് മനസ്സിലാകുന്നത്. എന്നിട്ടും കേരളത്തിന്റെ കടമെടുപ്പ് സംബന്ധിച്ച് കേരളത്തെ ബുദ്ധിമുട്ടിക്കുന്ന നിലപാട് സ്വീകരിക്കുകയും ചെയ്യുന്നു. കിഫ്ബി മാതൃകയിൽ കേന്ദ്ര സർക്കാർ വിവിധ വികസന പ്രവർത്തനങ്ങൾക്കായി പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിവേചനപരമായ ഇത്തരം നടപടി തിരുത്താൻ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ രാഷ്ട്രീയത്തിനതീതമായി എം.പി.-മാരുമായി കൂടിയാലോചിച്ച് കേരളത്തിന്റെ വികസനത്തിനായി സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കിഫ്ബി മാതൃകയിൽ കടമെടുത്ത് വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്ന ചില ഏജൻസികൾ കേന്ദ്ര ഗവൺമെന്റിനുണ്ട്. അതുസംബന്ധിച്ചുള്ള വിവരങ്ങൾ നേരത്തെ പുറത്തുവന്നിട്ടുള്ളതാണ്. മറ്റ് ധനകാര്യ ഏജൻസികളിൽനിന്നും കടമെടുത്ത് കേന്ദ്ര സർക്കാർ കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഇതുസംബന്ധിച്ച് ശക്തമായ നിലപാടുകളെടുക്കുന്നതിന് പൊതുവായിട്ടുള്ള സമീപനം വന്നിട്ടുണ്ട്. അത്തരം കാര്യങ്ങളിൽ സംസ്ഥാനങ്ങൾക്ക് യോജിപ്പാണ്. അഖിലേന്ത്യാ അടിസ്ഥാനത്തിൽ ഈ സമീപനങ്ങളോട് ശക്തമായ അഭിപ്രായം പറയുന്ന സംസ്ഥാന ഗവൺമെന്റുകളുണ്ട്. യോജിപ്പോടുകൂടി അതിശക്തമായി ഈ പ്രശ്നം കേന്ദ്രത്തിനുമുന്നിൽ ഉന്നയിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരേണ്ടതാണ്. അതിനുവേണ്ടി സംസ്ഥാന സർക്കാരും മുൻകയ്യെടുക്കുന്നതാണ്.

ശ്രീ. എം. വിൻസെന്റ്: സർ, സംസ്ഥാനത്തിന്റെ പൊതുകടം ക്രമാതീതമായി വർദ്ധിക്കുന്ന സഹചര്യത്തിൽ അതിന്റെ പലിശയും വലിയ തോതിലുള്ള ബാദ്ധ്യതയാണുണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ഇത് വികസന പ്രവർത്തനങ്ങളെയും ബാധിക്കുകയാണ്. 2001-2006 സർക്കാരിന്റെ കാലഘട്ടത്തിൽ കൂടിയ പലിശയ്ക്കുള്ള കടങ്ങൾ കുറഞ്ഞ പലിശയിലേയ്ക്ക്

മാറ്റുന്ന Debt Swap Scheme നടപ്പിലാക്കി. അത്തരത്തിലുള്ള ഏതെങ്കിലുമൊരു പദ്ധതി നടപ്പിലാക്കി കൂടിയ പലിശയ്ക്ക് എടുത്തിരിക്കുന്ന കടങ്ങൾ കുറഞ്ഞ പലിശയിലേയ്ക്ക് മാറ്റാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ആ നിർദ്ദേശം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കൂടിയ പലിശയ്ക്കെടുത്ത തുക കുറഞ്ഞ പലിശയിലേയ്ക്ക് മാറ്റാൻ കഴിയുന്നതിനെയാണ് swap ചെയ്യുന്നതിലൂടെ ഉദ്ദേശിക്കുന്നത്. അതിന് ചില സാങ്കേതികവും പ്രായോഗികവുമായ പ്രശ്നങ്ങളുണ്ട്, അതുസംബന്ധിച്ച് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പ്രസ്തുത പദ്ധതി നടപ്പിലാവുകയാണെങ്കിൽ, ഒരു ശതമാനമോ അര ശതമാനമോ പലിശനിരക്ക് കുറഞ്ഞാൽത്തന്നെ തുകയിൽ കാര്യമായ വ്യത്യാസമുണ്ടാകുന്നതാണ്. അക്കാര്യം പരിശോധിച്ച് നടപ്പിലാക്കാൻ സാധിക്കുമെങ്കിൽ നടപ്പിലാക്കുന്നതാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഇന്നലെ കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട് ഘടനാപരമായ വ്യത്യാസമുണ്ടായിട്ടുണ്ടെന്ന് കാണാം. 2015-16 മുതൽ ഈ

ഘടനാപരമായ മാറ്റമുണ്ടായപ്പോൾ കോർ പദ്ധതികൾക്കും കോർ ഓഫ് ദി കോർ പ്രോജക്ടുകൾക്കും പ്രധാനമായിട്ടും സംസ്ഥാനങ്ങൾക്ക് ബാദ്ധ്യതയുണ്ടാക്കുന്ന രൂപത്തിലുള്ള നിർദ്ദേശങ്ങളാണ് വന്നിട്ടുള്ളത്. നിലവിൽ 40 ശതമാനത്തോളം വിഹിതം സംസ്ഥാനങ്ങൾ കണ്ടെത്തേണ്ട സാഹചര്യമാണ്. ഈ സാഹചര്യത്തെ മറികടക്കാൻ പ്രത്യേകിച്ച്, കോർ പദ്ധതികൾക്ക് സംസ്ഥാനം മാറ്റിവയ്ക്കേണ്ട വിഹിതം മറികടക്കാനും അതിനായുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാനും ഏത് രൂപത്തിലുള്ള വിലയിരുത്തൽ നടത്താനാണുദ്ദേശിക്കുന്നത്. അക്കാര്യത്തിൽ നയപരമായൊരു തീരുമാനമെടുക്കാൻ സാധിക്കുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങൾക്ക് കൊടുത്തുകൊണ്ടിരുന്ന പദ്ധതികൾക്കുള്ള സ്വഭാവത്തിനും അതിനായി മാറ്റിവച്ച വിഹിതത്തിലും വലിയ മാറ്റം വന്നിട്ടുണ്ട്. നേരത്തെ പൂർണ്ണമായും സൗജന്യമായി കൊടുക്കുന്ന നിരവധി പദ്ധതികളുണ്ടായിരുന്നു. അതിനുശേഷം 75 ശതമാനം കേന്ദ്ര സർക്കാരും 25 ശതമാനം സംസ്ഥാന സർക്കാരും വഹിക്കണമെന്ന രീതിയിലുള്ള ചില ഘടകങ്ങളുണ്ടായിരുന്നു. അതിപ്പോൾ 60:40 ആയി. ഇനിയും അത് കുറച്ചുകൊണ്ടുവരികയാണെന്ന് മാത്രമല്ല, ലോംഗ് ടേം ലോണായി, 10-50

വർഷക്കാലത്തേയ്ക്ക് നീണ്ടുനിൽക്കുന്ന സോഫ്റ്റ് ലോണായി പലിശയൊന്നും സൂചിപ്പിക്കാതെ നൽകുന്ന പുതിയ പ്രവണതയുണ്ട്. ഇതിൽ വേറെ ചില അപകടങ്ങൾ കൂടിയുണ്ട്. അതിന്റെ നിയമപരമായ വശങ്ങൾ ഇന്നലെ പത്രങ്ങളിൽ വന്നിട്ടുണ്ട്. 50 വർഷത്തേയ്ക്ക് ലോൺ കൊടുത്താൽ ആർട്ടിക്കിൾ 293 അനുസരിച്ചുള്ള നിബന്ധനകളുണ്ട്. കേന്ദ്ര ഗവൺമെന്റുമായി കടം നിൽക്കുകയാണെങ്കിൽ അവരുടെ അനുവാദമില്ലാതെ വായ്പയെടുക്കാൻ കഴിയില്ലെന്നുള്ള വ്യവസ്ഥയുണ്ട്. അതുസംബന്ധിച്ച ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. സോഫ്റ്റ് ലോൺ ദീർഘകാലത്തേയ്ക്ക് നൽകുമ്പോൾ അങ്ങനെയൊരു ബാദ്ധ്യതകൂടി സംസ്ഥാനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുകയാണ്. സംസ്ഥാനങ്ങൾക്ക് ഗ്രാന്റായി നൽകേണ്ട പണമാണ് ഇത്തരത്തിൽ വായ്പയായി തരുന്നത്. ഇത് വലിയൊരു പ്രശ്നമാണ്. കേരളംപോലുള്ള സംസ്ഥാനങ്ങളെ കാര്യമായി ബാധിക്കാവുന്ന മറ്റൊരു നിർദ്ദേശംകൂടി വന്നിട്ടുണ്ട്. ഇപ്പോൾ കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയിൽ റിസൾട്ട് ഓറിയന്റഡായിട്ടുള്ള ഇവാല്യൂവേഷൻ നടത്തുന്നു. റിസൾട്ട് ഓറിയന്റഡായിട്ടുള്ള ഇവാല്യൂവേഷൻ വളരെ നല്ലതല്ലേയെന്ന് നമുക്ക് കേൾക്കുമ്പോൾ തോന്നും. കേരളത്തിന് അർഹമായി ലഭിക്കേണ്ട ആയിരം കോടി രൂപ പല പ്രോജക്ടായി

അനുവദിക്കുമ്പോൾ അതിന് മാർക്കിടാനായി തീരുമാനിക്കുന്ന മാനദണ്ഡങ്ങളെന്താണ് എന്ന പ്രശ്നം വരും. ഇക്കാര്യം പ്രാഥമികമായി പ്രഖ്യാപിച്ചെന്ന് മാത്രമേയുള്ളൂ. അതിന്റെ വിശദാംശങ്ങൾ വരാനിരിക്കുന്നതേയുള്ളൂ. ഇപ്പോഴുള്ള രീതിക്കുപകരം റിസൾട്ട് ഓറിയന്റഡായിട്ടുള്ള പുതിയ സി.എസ്.എസ്. സ്കീം വരുമെന്ന് പറയുന്നു. അത് നമ്മുടെ സംസ്ഥാനത്തെ ബാധിക്കുന്ന സെക്കന്റ് ജനറേഷൻ പ്രശ്നങ്ങളാണ്. സ്കൂളുകൾ, ആശുപത്രികൾ, ശുചിമുറി എന്നീ പ്രാഥമിക സൗകര്യങ്ങളെല്ലാം നമുക്കുണ്ട്, അതുകൊണ്ട് അത്തരമാവശ്യങ്ങൾക്കുള്ള ഫണ്ടൊന്നും സംസ്ഥാനത്തിന് ലഭിക്കുന്നില്ല. അതുകൊണ്ടുതന്നെ തുക അനുവദിക്കുന്ന കാര്യത്തിൽ വലിയതോതിൽ വെട്ടിക്കുറവ് വരുന്നു. രണ്ടാമതായി, മാർക്കിടുന്ന കാര്യത്തിലും ഇവാല്യൂവേഷന്റെ കാര്യത്തിലും പുതിയ തരത്തിലുള്ള സങ്കൽപ്പങ്ങൾ കൊണ്ടുവരുന്നു. കേരളത്തിൽ ചെയ്ത കാര്യങ്ങൾ ശരിയല്ല, അതുകൊണ്ട് ഇത്രയും പണം നൽകാൻ കഴിയില്ലെന്ന സമീപനം വന്നുകൂടായ്കയില്ല. അത്തരത്തിൽ മാനദണ്ഡങ്ങൾ സ്ഥിരമായി മാറ്റുന്നു. രാഷ്ട്രീയമായി പ്രധാനപ്പെട്ടൊരു കാര്യമായതുകൊണ്ടാണ് ഈയൊരു കാര്യംകൂടി സൂചിപ്പിച്ചത്. സംസ്ഥാന ഗവൺമെന്റുകൾ പ്രായോഗികതയും പക്വതയും ഭരണപരമായ പരിചയവുമുള്ള

സംവിധാനങ്ങളല്ലേ; ഇതിനെല്ലാം കേന്ദ്ര സർക്കാരാണ് മാർക്കിടേണ്ടത്, എല്ലാ കാര്യങ്ങളും കേന്ദ്രം നിയന്ത്രിക്കുന്ന സ്ഥിതിയല്ല വേണ്ടത്. സംസ്ഥാനങ്ങളെ വിശ്വാസത്തിലെടുക്കുകയും വലുതും ചെറുതുമായ ഏത് സംസ്ഥാനമായാലും അവരുടെ പ്രാദേശികമായ പ്രവർത്തനങ്ങൾക്ക് സംസ്ഥാന നിയമസഭകൾക്കും ഗവൺമെന്റുകൾക്കുമെല്ലാം അംഗീകാരം കൊടുക്കുന്ന ഒരു കോ-ഓപ്പറേറ്റീവ് ഫെഡറലിസത്തിന്റെ സ്വഭാവത്തിൽനിന്നും കുറച്ചുകൂടി സെൻട്രലൈസ്ഡായിട്ടുള്ള കാര്യങ്ങളിലേയ്ക്ക് പോകുന്നുവെന്ന പ്രശ്നം വരുന്നുണ്ട്. അത് കൂടുതൽ ഗൗരവമായി പരിഗണിക്കേണ്ട വിഷയമാണ്.

## സഹകരണ പ്രസ്ഥാനത്തിന്റെ ശാക്തീകരണം

4(*34) ശ്രീ. എ. രാജ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീ. പി. വി. അൻവർ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ പ്രസ്ഥാനത്തിന്റെ ശാക്തീകരണത്തിലൂടെ സുസ്ഥിര വികസനമുറപ്പുവരുത്തുകയെന്ന ലക്ഷ്യത്തിനനുസൃതമായി കൃഷി, മാലിന്യ സംസ്കരണം, അസംഘടിത തൊഴിലാളി മേഖലയുടെ ശാക്തീകരണം, ആരോഗ്യ പരിരക്ഷ തുടങ്ങിയ

വിവിധ മേഖലകളിലായി പ്രത്യേകം പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) അഭ്യസ്തവിദ്യർക്കനുയോജ്യമായ തൊഴിലവസരങ്ങൾ സഹകരണ സംഘങ്ങളുടെ ഇടപെടലിലൂടെ സൃഷ്ടിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കാർഷിക രംഗത്ത് സാങ്കേതികവിദ്യാധിഷ്ഠിത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണ മേഖലയിൽ നിലവിൽ പദ്ധതികളുണ്ടോ; വിശദമാക്കാമോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, (എ)

**(1) സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി**

1. സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ വരുന്ന സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പിലാക്കുന്ന പദ്ധതി. ഒരുജില്ലയ്ക്ക് ഒരുവിള എന്ന രീതിയിൽ ഇപ്പോൾ 7 ജില്ലകളിൽ പദ്ധതി നടപ്പിലാക്കാൻ പദ്ധതിയുണ്ട്. 500 ഏക്കറിൽ തരിശുഭൂമി കൃഷി നടപ്പിലാക്കുന്നതാണ് ഈ പദ്ധതി. മരച്ചീനി, ഏത്തവാഴ, നെല്ല്, പച്ചക്കറികൾ, പൊക്കാളി,

നെല്ല്, മഞ്ഞൾ, ഇഞ്ചി, വാഴ, ചേന, ചേമ്പ്, പൈനാപ്പിൾ, തേയില, കുരുമുളക്, ഏലം, തെങ്ങ്, കമുക്, റബ്ബർ എന്നീ വിളകൾ പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും മറ്റു മിസലേനിയസ് സംഘങ്ങളുടെ മേൽനോട്ടത്തിലും നടത്തിവരുന്നു.

2. സംസ്ഥാനത്ത് സഹകരണ പ്രസ്ഥാനത്തിന്റെ ശാക്തീകരണത്തിലൂടെ സുസ്ഥിരവികസനം ഉറപ്പുവരുത്തുന്നതിനുവേണ്ടി കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിലെ 36 പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS) രൂപീകരിച്ചു. അതിന്റെ അധീനതയിൽ അത്യാധുനിക റൈസ് മില്ലും ഗോഡൗണും നിർമ്മിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. കേരള സംസ്ഥാനത്തെ കർഷകരിൽനിന്നും നെല്ല് സംഭരിച്ചും സംസ്കരിച്ചും കാർഷികോല്പന്നങ്ങൾ ജില്ലയ്ക്കകത്തും പുറത്തും വിപണനം നടത്തുക, സംസ്കരണ കേന്ദ്രങ്ങൾ, സംഭരണശാലകൾ എന്നിവ സ്ഥാപിക്കുക, കൂടാതെ സർക്കാർ, അർദ്ധ-സർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾ വഴിയും ഓൺലൈൻ

സംവിധാനത്തിലൂടെയും വിപണനസൗകര്യം ഏർപ്പെടുത്തുകയും സ്വന്തമായി വിപണന കേന്ദ്രങ്ങൾ നടത്തുകയും സംഘം പ്രവർത്തന പരിധിയിൽപ്പെട്ട മുഴുവൻ നെൽകൃഷിക്കാരെ സഹായിക്കുകയും സംസ്ഥാനത്തെ നെൽകൃഷി വ്യാപിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ കോട്ടയം ആസ്ഥാനമായി ഒരു സംഘം രൂപീകരിച്ച് ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## (2)ശുചിത്വം സഹകരണം

ശുചിത്വ കേരളമെന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുവാൻ ഇ-മാലിന്യങ്ങൾ, ജൈവ-അജൈവ മാലിന്യം എന്നിവയുടെ ശേഖരണത്തിനും സംസ്കരണത്തിനും സംരംഭങ്ങൾ തുടങ്ങുകയും നിലവിലുള്ളവ ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യത്തോടെ 04-08-2021-ൽ രജിസ്റ്റർ ചെയ്ത് കോട്ടയം ജില്ലയിൽ പ്രവർത്തനമാരംഭിച്ച സംഘമാണ് ഇ-നാട് യുവ സഹകരണ സംഘം. കോട്ടയം ജില്ലയിലെ അമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ മാലിന്യസംസ്കരണ രംഗത്തെ സ്റ്റാർട്ടപ് സംരംഭമായ ഫോബ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് ഡിസൈൻ ചെയ്ത എയ്റോബിക് ബിന്നായ ജി ബിന്നുകൾ സ്ഥാപിച്ചാണ് കോട്ടയം ജില്ലയിൽ പദ്ധതി

നടപ്പിലാക്കിവരുന്നത്. ഇ-നാട് യുവജന സഹകരണ സംഘം കോട്ടയം ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ മാതൃകയിൽ മറ്റ് ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.

സംസ്ഥാനത്ത് സഹകരണ പ്രസ്ഥാനത്തിന്റെ ശാക്തീകരണത്തിലൂടെ സുസ്ഥിര വികസനം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ കാർഷിക-അനുബന്ധ മേഖലകളുടെ മത്സരക്ഷമതയും പ്രവർത്തനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി 2022-23 സാമ്പത്തികവർഷം മുതൽ കർഷകരുടെ ക്ഷേമത്തിന് ഊന്നൽ നൽകുന്നൊരു പുതിയ സംരംഭമായ " സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണമേഖലയുടെ നൂതന പദ്ധതി" -ക്കായി 2250 ലക്ഷം രൂപ നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിട്ടുണ്ട്. ഉല്പാദനത്തിനും സംഭരണത്തിനും വിപണനത്തിനുമുള്ള ഇടപെടലിനോടൊപ്പം കൃഷി ചെയ്യുന്നതുമുതൽ വിപണനം നടത്തുന്നതുവരെയുള്ള എല്ലാ പ്രവൃത്തികളെയും പരിപോഷിപ്പിച്ച് അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക യെന്നതാണ് ആത്യന്തികമായി ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. പ്രാഥമിക സഹകരണ സംഘങ്ങൾ വഴി സമഗ്ര കാർഷിക വികസന പദ്ധതി, കാർഷിക വായ്പാ സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ, കാർഷിക ഉല്പാദനം,

കാർഷിക ഉല്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ സുഗമമാക്കൽ, ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കൽ, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹകരണ സംരംഭകത്വം, സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്ക് പ്രോത്സാഹനം, കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തൽ, കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കർഷക സേവന കേന്ദ്രം ശക്തിപ്പെടുത്തൽ എന്നീ 7 ഉപഘടകങ്ങളിലൂടെയാണ് പദ്ധതി നടപ്പിലാക്കുവാനുദ്ദേശിക്കുന്നത്.

മോട്ടോർ ട്രാൻസ്പോർട്ട്, ആട്ടോറിക്ഷ, ടാക്സി ഡ്രൈവർ സഹകരണ സംഘങ്ങൾക്കും, യുവ സഹകരണ സംഘങ്ങൾ, ടൂറിസം സഹകരണ സംഘങ്ങൾ, ടൂർ ഫെഡ്, പ്രവാസിക്ഷേമ സഹകരണ സംഘം, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, സാഹിത്യ പ്രസാധക സഹകരണ സംഘം, സഹകരണ ആശുപത്രികൾ/ഡിസ്പെൻസറികൾ, സഹകരണ ആശുപത്രി അപ്പെക്സ് ഫെഡറേഷൻ എന്നിവയെ ശക്തിപ്പെടുത്തുന്നതിനും നല്ല സജ്ജീകരണങ്ങളുള്ള മെഡിക്കൽ ലബോറട്ടറീസ്, ബ്ലെഡ്ബാങ്ക് എന്നിവ സഹകരണ സ്ഥാപനങ്ങൾ വഴി ആരംഭിക്കുന്നതിനും വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനും ധനസഹായം നൽകുന്നു.

സംസ്ഥാനത്ത് സഹകരണ പ്രസ്ഥാനത്തിന്റെ ശാക്തീകരണത്തിലൂടെ സുസ്ഥിര വികസനം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തിനനുസൃതമായി വരുമാനം കുറഞ്ഞ ഗിഗ്/ഓൺലൈൻ പ്ലാറ്റ്ഫോം ജീവനക്കാരുടെ സാമ്പത്തിക ശാക്തീകരണവും സാമൂഹികവുമായ ഉന്നമനവും പുരോഗതിയും ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ അസംഘടിതരായ ഗിഗ്/ഓൺലൈൻ പ്ലാറ്റ്ഫോം ജീവനക്കാരെയുൾപ്പെടുത്തി സർക്കാരിന്റെ മൂന്നാംഘട്ട നൂറുദിന കർമ്മ പരിപാടിയിൽ ടി ജീവനക്കാരുടെ ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹകരണ സംരംഭകത്വം, സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്കുള്ള പ്രോത്സാഹനമായി സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി നടപ്പ് സാമ്പത്തികവർഷം 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പുതിയതായി രൂപീകരിച്ച 30 യുവ സഹകരണ സംഘങ്ങളുടെ പ്രാരംഭ പ്രവർത്തനത്തിനുള്ള പ്രോത്സാഹനമായി ഓഹരിയിനത്തിൽ 5 ലക്ഷം രൂപയും സബ്സിഡിയിനത്തിൽ 5 ലക്ഷം രൂപയുമുൾപ്പെടെ 10 ലക്ഷം രൂപ സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി നടപ്പ് സാമ്പത്തികവർഷം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

അഭ്യസ്തവിദ്യർക്കനുയോജ്യമായ തൊഴിലവസരങ്ങൾ സഹകരണ സംഘങ്ങളുടെ ഇടപെടലിലൂടെ ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ വിവിധ ഗവേഷണ സ്ഥാപനങ്ങൾ, IITs, IIS, എഞ്ചിനീയറിംഗ് സ്ഥാപനങ്ങൾ, പ്രമുഖ ദേശീയ അന്തർദേശീയ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള യുവ സാങ്കേതികവിദഗ്ധർ, പ്രൊഫഷണൽസ് തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്നവരെ ഉൾപ്പെടുത്തി ഫെഡറൽ രീതിയിൽ ഒരു സഹകരണ സംഘം സർക്കാരിന്റെ മൂന്നാംഘട്ട നൂറുദിന കർമ്മ പരിപാടിയിലൂടെ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് സഹകരണ പ്രസ്ഥാനത്തിന്റെ ശാക്തീകരണത്തിലൂടെ സുസ്ഥിര വികസനം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ കാർഷിക-അനുബന്ധ മേഖലകളുടെ മത്സരക്ഷമതയും പ്രവർത്തനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി 2022-2023 സാമ്പത്തികവർഷം മുതൽ കർഷകരുടെ ക്ഷേമത്തിന് ഊന്നൽ നൽകുന്ന ഒരു പുതിയ സംരംഭമായ " സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി" ക്കായി 2250 ലക്ഷം രൂപ നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിട്ടുണ്ട്.

കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോല്പന്നങ്ങളുടെ ഉല്പാദനം, സമാഹരണം (വീട്ടുപടിക്കൽ ശേഖരണം), സംഭരണം, മൂല്യവർദ്ധിത ഉല്പന്നമാക്കൽ, ചില്ലറ വില്പന എന്നിവയെ പരിപോഷിപ്പിച്ച് അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ചുവടെപ്പറയുന്ന 7 ഉപഘടകങ്ങളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുവാനുദ്ദേശിക്കുന്നത്.

1. സമഗ്ര കാർഷിക വികസന പദ്ധതി (PACS വഴി);
2. കാർഷിക വായ്പാ സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ;
3. കാർഷിക ഉല്പാദനം, കാർഷികോല്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ സുഗമമാക്കൽ;
4. ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കൽ;
5. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് - സഹകരണ സംരംഭകത്വം, സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്ക് പ്രോത്സാഹനം;
6. കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തൽ;

7. കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി-കർഷക സേവന കേന്ദ്രം (എഫ്.എസ്.സി.) ശക്തിപ്പെടുത്തൽ

പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS):-

സംസ്ഥാനത്ത് സഹകരണ പ്രസ്ഥാനത്തിന്റെ ശാക്തീകരണത്തിലൂടെ സുസ്ഥിര വികസനം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ കാർഷികമേഖലയുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിലെ 36 പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്വയർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS) രൂപീകരിച്ചു.

കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (KAPCOS):-

സംസ്ഥാനത്തെ നെൽകൃഷി വ്യാപിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് പാലക്കാട് ഒഴികെയുള്ള ജില്ലകളിൽ പ്രവർത്തനപരിധിയായി കേരള പാഡി പ്രൊക്യൂവർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4505 (KAPCOS) എന്ന സഹകരണ സംഘം 2021 ആഗസ്റ്റ് 27-ന്

രൂപീകരിച്ചു. കോട്ടയം ജില്ലയിലെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ ഇതിൽ അംഗങ്ങളാണ്. സംഘത്തിന്റെ അധീനതയിൽ കുട്ടനാട്ടും അപ്പർ കുട്ടനാട്ടും പാലക്കാട് റൈസ് മിൽ മാതൃകയിൽ രണ്ട് ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചുവരുന്നു.

<u>ശ്രീ. എ. രാജ</u>: സർ, കേന്ദ്രസർക്കാരും റിസർവ് ബാങ്കും പല നിയന്ത്രണങ്ങളിലൂടെ സഹകരണ മേഖലയെ തകർക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്. കേരളത്തിന്റെ വികസനത്തിന് കർമ്മപദ്ധതികൾ രൂപീകരിച്ച് സഹകരണ മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ടാണ് സഹകരണവകുപ്പ് മുന്നോട്ടുപോകുന്നത്. സഹകരണ മേഖലയിൽ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വില്പന നടത്തുന്നതിനുമായി സർക്കാർ നടത്തിയ സഹകരണ എക്സ്പോ 2022-ന്റെ വിജയം പരിഗണിച്ച് വർഷംതോറും സഹകരണ എക്സ്പോ നടത്തുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, 2023-ലും സഹകരണ എക്സ്പോ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

<u>ശ്രീ. എ. രാജ</u>: സർ, സഹകരണ സംഘങ്ങൾ മുഖാന്തരം സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള വ്യവസായ പാർക്കുകളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള വ്യവസായ പാർക്കുകളുടെ കാര്യത്തിൽ കാര്യക്ഷമമായ ഇടപെടൽ നടത്തുന്നുണ്ട്. പുതിയ സംരംഭത്തിനുള്ള സ്റ്റാർട്ടപ്പുകൾ, യുവജനങ്ങളുടെ സഹകരണ സംഘങ്ങളൊക്കെ ഇക്കാര്യത്തിലിടപെടുകയും അവരെ സഹായിക്കുകയും ചെയ്യുന്ന സമീപനം സ്വീകരിക്കുന്നുണ്ട്.

<u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: സർ, ലോകത്ത് 5 ലക്ഷത്തോളം നെൽവിത്തുകളുള്ളതിൽ തൃശ്ശൂർ, എറണാകുളം, ആലപ്പുഴ ജില്ലകളിൽ കാണപ്പെടുന്ന ഏറ്റവും പ്രധാനപ്പെട്ട നെൽവിത്തുകളിലൊന്നാണ് പൊക്കാളി. ഈ മൂന്ന് ജില്ലകളിലെയും, പ്രത്യേകിച്ച് വൈപ്പിൻ മണ്ഡലത്തിലെ കാർഷികമേഖലയിലെ ഏറ്റവും പ്രധാനപ്പെട്ടൊരു വിഭവമാണിത്. അത് ഓർഗാനിക്കാണ്; കൂടാതെ ലോകപ്രശസ്തവുമാണ്. പൊക്കാളി കൃഷിക്കാരെ സംരക്ഷിക്കാൻ സഹകരണ വകുപ്പ് പ്രത്യേമായി ഒരു കൺസോർഷ്യം രൂപപ്പെടുത്തി അവരുടെ ഉല്പാദനച്ചെലവ് കുറയ്ക്കാൻ സബ്സിഡിയുൾപ്പെടെ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, വൈപ്പിൻ നിയോജകമണ്ഡലത്തിലെ സംഘം ഞാൻ സന്ദർശിച്ചിരുന്നു. അവിടെ പൊക്കാളി അരിയുല്പാദിപ്പിക്കുന്ന പ്രക്രിയ നല്ല രീതിയിൽ നടക്കുന്നുണ്ട്. പൊക്കാളി കർഷകരെ

സഹായിക്കാൻ സർക്കാർ തയ്യാറാണെന്ന് അവരെ അറിയിച്ചിട്ടുണ്ടെന്ന് മാത്രമല്ല, കൺസോർഷ്യം രൂപീകരിക്കേണ്ട ആവശ്യമുണ്ടെങ്കിൽ അതിനും സർക്കാർ തയ്യാറാണ്.

ശ്രീ. പി. വി. അൻവർ: സർ, ലോകത്തിന്റെ അഭിമാനമാണ് മലയാളികൾ എന്നതുപോലെ ഇന്ത്യയുടെ അഭിമാനമാണ് കേരളം. മൂന്നരക്കോടി ജനങ്ങളെയും കേരള സംസ്ഥാനത്തെയും പാടെ ഒഴിവാക്കിക്കൊണ്ട് കേന്ദ്ര സർക്കാർ ഇന്നലെ നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിനോട് ശക്തമായ പ്രതിഷേധവും ദു:ഖവും രേഖപ്പെടുത്തുകയാണ്.

പ്രവാസികളിൽനിന്നും ഒഴുകിയെത്തുന്ന പണമാണ് കേരളത്തിന്റെ പ്രധാന വരുമാനസ്രോതസ്സ്. ഈ പണം മുഴുവൻ ഇവിടത്തെ ദേശീയബാങ്കുകളിൽ നിക്ഷേപിച്ച് ഇതരസംസ്ഥാനങ്ങളിലേയ്ക്കും അദാനിമാർക്കും അംബാനിമാർക്കും കൊള്ളയടിക്കാനുള്ള വേദിയായി മാറുകയാണ്. കേരള ബാങ്ക് എന്നത് കേരളജനതയുടെ ഒരു പ്രതീക്ഷയായി മാറിയിരിക്കുകയാണ്. അതുകൊണ്ടുതന്നെ വിദേശത്തുനിന്ന് പ്രവാസികൾ അയയ്ക്കുന്ന പണം സ്വീകരിക്കാൻ കേരള ബാങ്കിന് സാധിക്കുമോ; അതിനുവേണ്ടിയുള്ള എന്തെങ്കിലും നടപടികൾ സഹകരണ വകുപ്പ് നടത്തുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, എൻ.ആർ.ഐ. നിക്ഷേപം സ്വീകരിക്കാനാവശ്യമായ ക്രമീകരണങ്ങൾ കേരള ബാങ്ക് നടപ്പാക്കിവരികയാണ്. ന്യൂജെൻ ബാങ്കുകളുടെ എല്ലാ ആധുനിക സംവിധാനവും ഇപ്പോൾ നടപ്പിലാക്കിക്കഴിഞ്ഞു. ഐ.ടി. ഇന്റഗ്രേഷൻ പൂർത്തീകരിച്ച് ഈ സംവിധാനം പൂർണ്ണതോതിൽ ഉറപ്പാക്കുന്നതോടുകൂടി പ്രവാസികൾക്ക് വലിയൊരാശ്വാസമാകുമെന്ന കാര്യത്തിൽ സംശയമില്ല.

ശ്രീമതി ദെലീമ: സർ, സഹകരണ മേഖല സംസ്ഥാനത്തിന്റെ അഭിമാനമായി മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. അപൂർവ്വം ചില സഹകരണ സംഘങ്ങളിൽ ഉണ്ടായിട്ടുള്ള ക്രമക്കേടുകളെത്തുടർന്ന് സഹകരണ മേഖലയാകെ പ്രതിസന്ധിയിലാണെന്ന തരത്തിലുള്ള തെറ്റായ പ്രചരണങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, നിക്ഷിപ്ത താല്പര്യക്കാരുടെ ഒരു പ്രചരണമാണിത്. നോൺ ബാങ്കിംഗ് ഫിനാൻസ് ഇൻസ്റ്റിറ്റ്യൂഷനും മറ്റ് ഫിനാൻസ് ഇൻസ്റ്റിറ്റ്യൂഷനുമൊക്കെ നിക്ഷേപം സമാഹരിക്കുന്നതിനുവേണ്ടി ചില ഗൂഢശ്രമങ്ങൾ നടത്താറുണ്ട്. ഇതിന്റെ ഭാഗമായി ചില ഒറ്റപ്പെട്ട

സഹകരണ സംഘങ്ങളിൽ നടന്നിട്ടുള്ള ക്രമക്കേടുകൾ സാമാന്യവൽക്കരിക്കുന്ന രൂപത്തിലേയ്ക്കുള്ള പ്രചരണങ്ങൾ നടക്കുന്നുവെന്നത് വസ്തുതയാണ്. കരുവന്നൂർ ബാങ്കിൽ 60 കോടി 25 ലക്ഷം രൂപ നിക്ഷേപകർക്ക് തിരികെ കൊടുത്തുകഴിഞ്ഞുവെന്നത് സഹകരണമേഖലയിലുണ്ടായ പ്രശ്നങ്ങളൊക്കെ സമയോചിതവും സന്ദർഭോചിതവുമായി പരിഹരിക്കാൻ സഹകരണവകുപ്പ് മുൻകയ്യെടുത്ത് നടപടി സ്വീകരിച്ചുവെന്നതിന്റെ ഉത്തമോദാഹരണമാണ്. അവിടെ 46 കോടി രൂപയുടെ പുതിയ നിക്ഷേപം ഉണ്ടായിരിക്കുന്നുവെന്നത് ഒരു സന്തോഷവാർത്തയെന്നതിനപ്പുറം ടി സ്ഥാപനം സാധാരണ നിലയിലേയ്ക്ക് വരുന്നുവെന്നതിന്റെ പ്രകടമായ തെളിവുകൂടിയാണ്. സർക്കാർ സ്വീകരിച്ച നടപടി അത്രത്തോളം കൃത്യമായിരുന്നുവെന്നാണ് ഇതിലൂടെ വ്യക്തമാകുന്നത്.

ശ്രീ. ടി. ജെ. വിനോദ്: സർ, അസംഘടിത മേഖലയിലുള്ള അഭ്യസ്തവിദ്യർ സംഘടിച്ച് സംരംഭങ്ങളാരംഭിക്കാൻ സഹകരണസംഘം റൂൾ 15-ൽ ഇപ്പോൾത്തന്നെ വ്യവസ്ഥയുണ്ട്. ഒരു സംഘം രൂപീകരിക്കാൻ അപേക്ഷ സമർപ്പിച്ചാൽ 90 ദിവസത്തിനകം രജിസ്റ്റർ ചെയ്ത് നൽകണമെന്നാണ് നിയമവ്യവസ്ഥയെങ്കിലും നിർഭാഗ്യവശാൽ ഈ സമയപരിധി സഹകരണവകുപ്പ് പാലിക്കുന്നില്ല. 90 ദിവസമെന്ന

സമയപരിധി കഴിഞ്ഞ് വർഷങ്ങളായാൽപോലും നൽകുന്ന അപേക്ഷയിന്മേൽ യാതൊരു നടപടിയും സ്വീകരിക്കാത്ത അവസ്ഥയുണ്ട്. ഇതിനെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീ. വി. എൻ. വാസവൻ: സർ, മുൻകാലങ്ങളിൽ അങ്ങനെയൊരവസ്ഥയുണ്ടായിരുന്നു; ഇപ്പോൾ അങ്ങനെയില്ല. ഇത്തരത്തിൽ ഏതെങ്കിലും കേസ് നിലവിലുള്ളതായി ബഹുമാനപ്പെട്ട അംഗം ശ്രദ്ധയിൽപ്പെടുത്തിയാൽ അക്കാര്യം പരിഹരിക്കുന്നതാണെന്ന കാര്യം അറിയിക്കുന്നു.

## എല്ലാ പഞ്ചായത്തുകളിലും കോ-ഓപ്പ് മാർട്ടുകൾ

5(*35) ശ്രീ. വാഴൂർ സോമൻ:
ശ്രീ. വി. ശശി:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ തനത് ഉല്പന്നങ്ങൾക്ക് സഹകരണ വകുപ്പുവഴി വിദേശവിപണി കണ്ടെത്താൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി സഹകരണ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ രാജ്യത്തെ ആദ്യ കയറ്റുമതി കേന്ദ്രം കൊച്ചിയിൽ ആരംഭിക്കുവാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) തനത് ഉല്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നിലവിലെ കോ-ഓപ്പ് മാർട്ടുകൾ എല്ലാ പഞ്ചായത്തുകളിലേയ്ക്കും വ്യാപിപ്പിക്കുവാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് കേരളത്തിന്റെ തനത് ഉല്പന്നങ്ങളെത്തിക്കുന്നതിനും കാർഷികോല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുന്നതിനുമുള്ള പദ്ധതി സഹകരണ സംഘങ്ങളിലൂടെ നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, (എ) കേരളത്തിലെ സഹകരണ മേഖലയിലെ ഉല്പന്നങ്ങളെ ഏകീകൃത ബ്രാൻഡിംഗിനുകീഴിൽ കൊണ്ടുവന്ന് വിപണിയിൽ സജീവമാക്കുന്നതിനായി " ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതിക്ക് സഹകരണ വകുപ്പ് രൂപംനൽകിയിട്ടുണ്ട്. ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി coopkerala എന്ന ഏകീകൃത സഹകരണ ബ്രാൻഡിലൂടെ വിപണി ശൃംഖല കെട്ടിപ്പടുക്കുക,

ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള ഉല്പന്നങ്ങൾ ന്യായവിലയിൽ ലഭ്യമാക്കുക, കേരളത്തിൽ പ്രധാന സ്ഥലങ്ങളിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുക, ഗുണനിലവാര പരിശോധനാ ലാബുകൾ സജ്ജമാക്കുക, ഓൺലൈൻ വിപണി സൃഷ്ടിക്കുക, ദേശീയ-അന്തർദേശീയ വിപണിയിലേയ്ക്ക് ചുവടുവയ്ക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(ബി) "ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" പദ്ധതിയുടെ ഭാഗമായി സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ കയറ്റുമതി കേന്ദ്രമാരംഭിക്കുന്നതിന്റെ സാദ്ധ്യത പരിശോധിക്കുന്നതാണ്.

(സി) നിലവിൽ പൈലറ്റടിസ്ഥാനത്തിൽ ഓരോ ജില്ലകളിലുമായി 14 കോ-ഓപ്പ് മാർട്ടുകളാരംഭിച്ചിട്ടുണ്ട്. പുതിയ 14 കോ-ഓപ്പ് മാർട്ടുകൾകൂടി ആരംഭിക്കുന്നതിന് സംഘങ്ങളെ കണ്ടെത്തിയിട്ടുള്ളതും ആയത് ആരംഭിക്കുന്നതിനുള്ള അനുമതി നൽകുന്നതിനായുള്ള നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ പുതിയ 200 കോ-ഓപ്പ് മാർട്ടുകൾ ആരംഭിക്കുന്നതിനുവേണ്ടി സന്നദ്ധതയുള്ള പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി

സ്വീകരിച്ചുവരികയാണ്. അപ്രകാരം ഘട്ടംഘട്ടമായി കോ-ഓപ്പ് മാർട്ടുകൾ എല്ലാ പഞ്ചായത്തുകളിലേയ്ക്കും വ്യാപിപ്പിക്കാനുദ്ദേശിക്കുന്നു.

(ഡി) 2022 നവംബർ 14 മുതൽ 27 വരെ ന്യൂഡൽഹിയിലെ പ്രഗതി മൈതാനത്ത് വച്ചുനടന്ന അന്തർദേശീയ ട്രേഡ് ഫെയറിൽ സഹകരണ ഉല്പന്നങ്ങൾക്ക് ലഭിച്ച സ്വീകാര്യതകൂടി കണക്കിലെടുത്ത് കേരളത്തിന്റെ തനത് ഉല്പന്നങ്ങളും മൂല്യവർദ്ധിത ഉല്പന്നങ്ങളും മറ്റ് സംസ്ഥാനങ്ങളിലെത്തിക്കുന്നതിനുവേണ്ടി മറ്റുസംസ്ഥാന വ്യവസായികളുമായും ഏജൻസികളുമായും 22-11-2022-ന് IITF-2022 വേദിയിൽവച്ച് ബിസിനസ്സ് മീറ്റ് സംഘടിപ്പിച്ചിട്ടുള്ളതും ആയതിന്റെ തുടർച്ചയായി 15-12-2022-ന് ഒരു ഓൺലൈൻ മീറ്റിംഗ് നടത്തിയിട്ടുള്ളതുമാണ്.

<u>ശ്രീ. വാഴൂർ സോമൻ:</u> സർ, ഇന്നലെ പ്രഖ്യാപിച്ച കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്തെ തോട്ടം മേഖലയെ നവീകരിക്കാനുള്ള യാതൊരു കർമ്മ പദ്ധതിക്കും രൂപം നൽകിയിട്ടില്ല. തോട്ടം വ്യവസായത്തിന് ആയിരം കോടി രൂപയുടെയെങ്കിലും ഒരു പാക്കേജ് കേരളത്തിന് അനുവദിച്ചു നൽകണമെന്ന് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രതിസന്ധി നേരിടുന്ന തോട്ടം വ്യവസായത്തിലെ ഉല്പന്നങ്ങളായ തേയില, ഏലം, കാപ്പി, കുരുമുളക്

തുടങ്ങിയവ സഹകരണ മേഖലയിൽ സംഭരിച്ച് വിദേശത്തേയ്ക്ക് കയറ്റുമതി ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഭാവിയിൽ ആലോചിക്കാവുന്നൊരു കാര്യമാണിത്.

ശ്രീ. വാഴൂർ സോമൻ: സർ, സഹകരണ മേഖലയിൽനിന്നും വായ്പയെടുത്ത് കൃത്യമായി അടച്ചുവന്നവരിൽ പ്രളയം, കോവിഡ് മഹാമാരി, പലവിധ രോഗബാധ എന്നീ കാരണങ്ങളാൽ തിരിച്ചടവിൽ വീഴ്ച വരുത്തിയവർക്ക് നടപ്പു സാമ്പത്തികവർഷം അവസാനിക്കുന്നതുവരെ, അതായത് മാർച്ച് 31 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ പലിശയില്ലാതെ വായ്പ തിരിച്ചടയ്ക്കാനുള്ള അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അതിനുള്ള നടപടികൾ ഇന്നലെ മുതൽ ആരംഭിച്ചുകഴിഞ്ഞു. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കാനും പലിശയുടെ 50 ശതമാനം ഇളവ് ചെയ്യുവാനും അതത് ബോർഡുകൾക്ക് തീരുമാനിക്കാവുന്നതാണ്. ഇതിനായുള്ള സമയപരിധി മാർച്ച് 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

ശ്രീ. വി. ശശി: സർ, കയർ, കൈത്തറി, കശുവണ്ടി, ബാംബൂ തുടങ്ങിയ പരമ്പരാഗത തനത് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ധാരാളമായി കേരളത്തിൽ ഉല്പാദിപ്പിക്കുന്നുണ്ട്. കൊച്ചിയിൽ ആരംഭിക്കുന്ന കയറ്റുമതി കേന്ദ്രത്തിൽ ഈ ഉല്പന്നങ്ങൾകൂടി ഉൾപ്പെടുത്തി ഇവയ്ക്ക് വിദേശവിപണി കണ്ടെത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇത്തരം പ്രോഡക്ടുകൾ കയറ്റുമതി ചെയ്യാൻ തയ്യാറാണെന്ന് അറിയിച്ച് കഴിഞ്ഞ വർഷം നടത്തിയ സഹകരണ എക്സ്പോയിൽനിന്നും നിരവധി ഏജൻസികൾ മുന്നോട്ടുവരികയും അവരുമായി സർക്കാർ ചർച്ചകൾ നടത്തുകയും ചെയ്തിരുന്നു. അതിന്റെയടിസ്ഥാനത്തിൽ സഹകരണ മേഖലയിൽ ഉല്പാദിപ്പിക്കുന്ന ചില പ്രോഡക്ടുകൾ യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്തുതുടങ്ങിയിട്ടുണ്ട്. അമേരിക്കയിലേയ്ക്ക് വാട്ട് കപ്പ വരെ കയറ്റുമതി ചെയ്യുന്നുവെന്ന സന്തോഷവാർത്ത അറിയിക്കുകയാണ്. പരമ്പരാഗത തനത് മൂല്യവർദ്ധിത ഉല്പന്നങ്ങൾകൂടി അതിൽ ഉൾപ്പെടുത്തി കയറ്റുമതി ചെയ്യാൻ സാധിക്കുമോയെന്ന് ഭാവിയിൽ ആലോചിക്കാവുന്നതാണ്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, ജിയോഗ്രഫിക്കൽ ഇൻഡിക്കേഷനുള്ള, എക്കോമാർക്കുള്ള ഉല്പന്നങ്ങൾ (ചെങ്ങാലിക്കോടൻ കായ, ചേന്ദമംഗലം

കൈത്തറി, മറയൂർ ശർക്കര) വിദേശത്തും സ്വദേശത്തും പ്രത്യേകമായി വിപണനം ചെയ്യുന്നതിനായി സഹകരണ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, സഹകരണ മേഖലയിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾ വിപണനം നടത്തുന്നത് സംബന്ധിച്ച് ആലോചിച്ചിട്ടുണ്ട്. മറ്റു കാര്യങ്ങൾ ആലോചിച്ചിട്ടില്ല.

ശ്രീ. സി. സി. മുകുന്ദൻ: സർ, വിലക്കയറ്റ നിയന്ത്രണത്തിനായി കേരളത്തിലെ സഹകരണ പ്രസ്ഥാനം വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. സിവിൽ സപ്ലൈസ് കോർപ്പറേഷനും സഹകരണ വകുപ്പും സംയുക്തമായി പുതിയ സംരംഭങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, നെല്ല് സംഭരണ-സംസ്കരണ-വിപണനം സഹകരണ മേഖലയിൽ സമാരംഭിക്കുമ്പോൾ സപ്ലൈകോയുമായി ബന്ധപ്പെട്ട് മാത്രമെ അതിന്റെ മാർക്കറ്റിംഗിലേയ്ക്ക് വരാൻ സാധിക്കുകയുള്ളൂ. അക്കാര്യം സപ്ലൈകോയുമായി കൂടിയാലോചിച്ച് നടപ്പിലാക്കാൻ സാധിക്കുന്നൊരു കാര്യമാണ്.

ശ്രീ. ടി. സിദ്ദിഖ്: സർ, ഇന്നലെ അവതരിപ്പിച്ച കേന്ദ്ര ബഡ്ജറ്റിൽ രാജ്യമാകെയുള്ള സഹകരണ മേഖലകളെ ഒറ്റ സോഫ്റ്റ്‌വെയറിലേയ്ക്ക്

കൊണ്ടുവരാനാവശ്യമായ നടപടികളെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. സഹകരണ മേഖലയിൽ ഘട്ടംഘട്ടമായി കേന്ദ്രത്തിന്റെ നിയന്ത്രണം കൊണ്ടുവരുന്ന തലത്തിലേയ്ക്ക് നീങ്ങുന്നോയെന്ന ആശങ്ക കടന്നുവന്നിരിക്കുകയാണ്. സർക്കാരിന്റെ ഇതുസംബന്ധിച്ച നയസമീപനം എന്തായിരിക്കും?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങ് പറഞ്ഞതുപോലെ ഒരു ആശങ്ക തോന്നാവുന്നതാണ് ഇന്നലത്തെ പ്രഖ്യാപനം. പക്ഷെ, ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിൽ നിന്നുകൊണ്ടുതന്നെ ഐ.ടി. ഇന്റഗ്രേഷനുള്ള നടപടികൾ ഇതിനോടകം ആരംഭിച്ചുകഴിഞ്ഞു. ഏകീകൃത സോഫ്റ്റ്‌വെയർ പ്രായോഗികമാക്കുന്നതിനായി ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്ത് നടപടികളിലേയ്ക്ക് നീങ്ങിക്കഴിഞ്ഞു. കേന്ദ്രം ഇത് പ്രഖ്യാപിച്ചതേയുള്ളൂ. സംസ്ഥാന സർക്കാർ തുടർനടപടികളുമായി മുന്നോട്ടുപോകുന്നതാണ്, ഏതായാലും സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽ വരുന്നൊരു വിഷയമാണിത്.

## കേന്ദ്ര സർക്കാരിന്റെ വൈദ്യുതി ചട്ടം ഭേദഗതി

6(*36) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ വിജ്ഞാപനപ്രകാരം വൈദ്യുതി വാങ്ങൽ, പ്രസരണ നിരക്ക്, ഇന്ധന നിരക്ക് തുടങ്ങിയ ഇനങ്ങളിൽ അധികച്ചെലവ് ഉപഭോക്തക്കളിൽനിന്നും ഈടാക്കുകയെന്ന ലക്ഷ്യത്തോടെ എല്ലാമാസവും വൈദ്യുതി നിരക്ക് കൂട്ടാൻ വിതരണ കമ്പനികളെ അനുവദിച്ചുള്ള ചട്ടം ഭേദഗതി ജനങ്ങളെ ഏതെല്ലാം വിധത്തിൽ ബാധിക്കാനിടയുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇന്ധന വില നിർണ്ണയാധികാരം എണ്ണക്കമ്പനികൾക്ക് നൽകിയതിന് സമാനമായ നടപടിയാണ് പ്രസ്തുത വൈദ്യുതി ചട്ടത്തിന്റെ ഭേദഗതിയിലൂടെ ലക്ഷ്യമിടുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കളെയും വ്യവസായ സംരംഭങ്ങളെയും പ്രസ്തുത ഭേദഗതി ഏതെല്ലാം തരത്തിലാണ് ബാധിക്കുകയെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ,

(എ) കേന്ദ്ര സർക്കാർ 29-12-2023-ന് പുറത്തിറക്കിയ വൈദ്യുതി ഭേദഗതി ചട്ടങ്ങൾ [Electricity (Amendment) Rules, 2022] (ചട്ടം 14) പ്രകാരം ഡിസ്ട്രിബ്യൂഷൻ ലൈസൻസികൾ തങ്ങളുടെ വൈദ്യുതി വാങ്ങൽ ചെലവുകൾ സമയബന്ധിതമായി വീണ്ടെടുക്കേണ്ടതാണെന്ന്

നിഷ്കർഷിക്കുന്നു. ആയതനുസരിച്ച് ഇന്ധന വിലയിലോ വൈദ്യുതി വാങ്ങൽ ചെലവിലോ ഉള്ള വ്യതിയാനം ഡിസ്ട്രിബ്യൂഷൻ ലൈസൻസിയുടെ ചെലവിലുണ്ടാകുന്ന ആഘാതം ബന്ധപ്പെട്ട റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന ഫോർമുലയുപയോഗിച്ച് പ്രതിമാസ അടിസ്ഥാനത്തിൽ കണക്കാക്കി ഉപഭോക്താവിലേയ്ക്ക് താരിഫിലൂടെ കൈമാറ്റം ചെയ്യേണ്ടതാണ്.

നിർദ്ദിഷ്ട ചട്ടങ്ങൾ പ്രകാരം മാസാമാസം ലൈസൻസികൾ ഈടാക്കുന്ന അധികതുക പിന്നീട് വാർഷികാടിസ്ഥാനത്തിൽ മാത്രമാകും റെഗുലേറ്ററി കമ്മീഷൻ പരിശോധിച്ച് വേണ്ട തിരുത്തലുകൾ വരുത്തുന്നത്. നിലവിലെ സമ്പ്രദായത്തിന് വിപരീതമായി, സ്റ്റേറ്റ് റെഗുലേറ്ററിൽനിന്ന് വിവേകപൂർണ്ണമായ പരിശോധന കൂടാതെ അധിക ചാർജ്ജുകൾ വീണ്ടെടുക്കാൻ ഡിസ്കോമുകൾക്ക് അനുവാദമുള്ളതിനാൽ, സ്വകാര്യ ഡിസ്കോമുകൾ താല്ക്കാലിക നേട്ടമുണ്ടാക്കാനിടയുണ്ട്.

(ബി) ഉണ്ട്. വൈദ്യുതി (ഭേദഗതി) റൂൾസ് 2022 പ്രസിദ്ധീകരിച്ച് 90 ദിവസത്തിനുള്ളിൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ വില ക്രമീകരണ ഫോർമുല (Fuel and Power purchase Adjustment Surcharge Formula (FPPAS) വ്യക്തമാക്കേണ്ടതാണ്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിക്കുന്ന ഫോർമുല പ്രകാരമാണ് Fuel and Power

purchase Adjustment Surcharge (FPPAS) കണക്കാക്കേണ്ടതെന്ന് റൂൾസ് അനുശാസിക്കുന്നു. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പ്രസ്തുത Fuel and Power Purchase Adjustment Surcharge നിർണ്ണയിക്കുന്നതുവരെ വൈദ്യുതി (ഭേദഗതി) ചട്ടത്തിന്റെ അനുബന്ധമായി കൂട്ടിച്ചേർത്ത ഷെഡ്യൂൾ-II-ൽ വ്യക്തമാക്കിയിട്ടുള്ള methodology-യും formula-യും ബാധകമാക്കേണ്ടതാണ്. അതുപോലെതന്നെ പ്രസ്തുത Fuel and Power purchase Adjustment Surcharge (FPPAS) സാമ്പത്തികവർഷം കഴിയുമ്പോൾ ജൂൺ 30-നുമുമ്പായി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ട്രൂ-അപ്പിലൂടെ കണക്കുകൾ പരിശോധിച്ച് തീർപ്പാക്കേണ്ടതാണ്. അതായത് വാർഷികമായി പ്രസ്തുത കണക്കുകൾ പരിശോധിച്ച് നിജപ്പെടുത്തുന്നതിനുള്ള അധികാരവും കമ്മീഷനിൽ നിക്ഷിപ്തമാണ്. ട്രൂ അപ്പ് പ്രക്രിയ സമയത്ത് ഏതെങ്കിലും കാരണത്താൽ വിതരണ കമ്പനികൾ Fuel and Power purchase Adjustment Surcharge (FPPAS) അധികമായി ഈടാക്കിയെന്ന് ശ്രദ്ധയിൽപ്പെട്ടാൽ കമ്മീഷൻ വിതരണ കമ്പനികൾക്ക് carrying cost-ന് അനുവദിക്കുന്ന പലിശയുടെ 1.2 മടങ്ങ് പലിശയോടെ പ്രസ്തുത തുക വിതരണ കമ്പനികളിൽ നിന്നും ഈടാക്കി ഉപഭോക്താക്കൾക്ക് തിരിച്ചുനൽകേണ്ടതാണ്. അതുപോലെതന്നെ Fuel and Power Purchase

Adjustment Formula-യും methodology-യും കമ്മീഷൻ നിർദ്ദേശിക്കുന്ന പ്രകാരമായതിനാലും വാർഷികമായി പ്രസ്തുത കണക്കുകൾ പരിശോധിച്ച് നിജപ്പെടുത്തുന്നതിനുള്ള അധികാരം കമ്മീഷനിൽ നിക്ഷിപ്തമായതിനാലും ഇന്ധനവില നിർണ്ണയാധികാരം എണ്ണക്കമ്പനികൾക്ക് നൽകിയതിന് സമാനമായ നടപടിയല്ലെങ്കിലും വൈദ്യുത റെഗുലേറ്ററി കമ്മീഷന്റെ സൂക്ഷ്മപരിശോധന കൂടാതെ സർചാർജ്ജ് ഈടാക്കാമെന്നത് ഉപഭോക്താവിന് ദോഷകരമായി ബാധിക്കുന്നതാണ്.

(സി) ഉണ്ട്. ഉപഭോക്താക്കൾക്ക്, പ്രത്യേകിച്ച് വാണിജ്യ-വ്യാവസായിക ഉപഭോക്താക്കൾക്ക്, തങ്ങളുടെ കച്ചവടച്ചെലവ് (business expenditure) കണക്കാക്കുന്നതിന് വൈദ്യുതി നിരക്കിനെ സംബന്ധിച്ച് മുൻകൂർ ധാരണ ആവശ്യമുണ്ട്. അടിക്കടി മാറുന്ന വൈദ്യുതി നിരക്ക് ഇതിന് വിഘാതമാകാൻ സാദ്ധ്യതയുണ്ട്. ഇത് നാട്ടിൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിൽനിന്നും സംരംഭകരെ തടയാൻ സാദ്ധ്യതയുണ്ട്. അധിക ബാദ്ധ്യതയുടെ സാദ്ധ്യത മുന്നിൽകണ്ടുകൊണ്ടാണ് വില നിശ്ചയിക്കുന്നതെങ്കിൽ അത് ഉല്പന്നങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കാനും സാധാരണക്കാരുടെ ജീവിതച്ചെലവ് വർദ്ധിക്കാനുമിടയാക്കും.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, കേന്ദ്ര വൈദ്യുതി ചട്ട ഭേദഗതിയുടെ പശ്ചാത്തലത്തിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പുരപ്പുറ സൗരോർജ്ജ പദ്ധതി സ്ഥാപിക്കുന്നതിന് സഹകരണ മേഖലയുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കാൻ സാധിക്കുമോ; പുരപ്പുറ സൗരോർജ്ജ പദ്ധതികൾക്ക് വായ്പ നൽകുന്നതിനുകൂടി നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പുരപ്പുറ സൗരോർജ്ജ പദ്ധതികൾക്ക് 40% സബ്സിഡി നിലവിലുണ്ട്. ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി ഇതിനായി സഹകരിക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പലിശയിളവ് നൽകിയാൽ നല്ല രീതിയിൽ അതിലിടപെടാൻ സാധിക്കും.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, വൈദ്യുതി ഉപയോഗിച്ചുള്ള വാഹനങ്ങൾ സാർവ്വത്രികമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; എത്ര ചാർജ്ജിംഗ് സ്റ്റേഷനുകൾ സംസ്ഥാനത്ത് സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദീകരിക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, എല്ലാ എം.എൽ.എ.-മാർക്കും അഞ്ച് ചാർജ്ജിംഗ് സ്റ്റേഷനുകൾവീതം അനുവദിച്ച് നൽകിയിട്ടുണ്ട്. അവ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. ചാർജ്ജിംഗ് സ്റ്റേഷനുകൾ

സ്ഥാപിച്ചിട്ടില്ലാത്ത അത്യാവശ്യ സ്ഥലങ്ങളിൽ അടിയന്തരമായി അത് സ്ഥാപിക്കാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

<u>ശ്രീ. എ. സി. മൊയ്തീൻ:</u> സർ, കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന വൈദ്യുതി നിയമം തന്നെ പരിശോധനയിലിരിക്കുമ്പോൾ നിലവിൽ കൊണ്ടുവന്നിട്ടുള്ള ചട്ടഭേദഗതിയും വൈദ്യുതി മേഖലയാകെ സ്വാകര്യവൽക്കരിക്കാനും ലാഭം കൊയ്യാനുമുള്ള ഏർപ്പാടായിട്ടാണ് കാണുന്നത്. കേരളം ഇതിൽനിന്നും തികച്ചും വ്യത്യസ്തമാണ്. വൈദ്യുതി ചട്ടഭേദഗതിയുടെ ഭാഗമായി മാസംതോറും ചാർജ്ജ് വർദ്ധിപ്പിക്കുന്ന നയത്തിനെതിരായി സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് അറിയിച്ചിട്ടുണ്ടോ; സംസ്ഥാന ഗവൺമെന്റ് ഇതിൽനിന്നും വ്യത്യസ്തമായി ഇന്ന് തുടരുന്ന സമ്പ്രദായവും പൊതുമേഖലയിൽതന്നെ ഈ സ്ഥാപനത്തെ നിലനിർത്തിക്കൊണ്ടുപോകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u> സർ, ഈ ചട്ടത്തിനെതിരായി നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി കേന്ദ്ര ഗവൺമെന്റിന് അയച്ചിട്ടുണ്ടെന്നാണ് ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. എങ്ങനെയെല്ലാം ഇതിനെ നേരിടാൻ സാധിക്കുമെന്നത് സംബന്ധിച്ച് എല്ലാവരുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കാം.

(ശ്രീ. ഐ. ബി. സതീഷ് എം.എൽ.എ. സീറ്റിലില്ലാതിരുന്നതിനാൽ ചോദ്യം ഉന്നയിച്ചില്ല.)

ശ്രീ. എച്ച്. സലാം: സർ, വൈദ്യുതി മേഖലയിൽ സ്മാർട്ട് മീറ്റർ പദ്ധതി അടിച്ചേൽപ്പിക്കാനാണ് കേന്ദ്ര സർക്കാർ നിലപാട് സ്വീകരിക്കുന്നത്. സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾക്ക് അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാകാതിരിക്കാൻ സംസ്ഥാന ഗവൺമെന്റ് എങ്ങനെയാണ് ഇക്കാര്യം കൈകാര്യം ചെയ്യാനുദ്ദേശിക്കുന്നത്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ആർ.ഡി.എസ്.എസ്. (റിവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം) നടപ്പാക്കണമെങ്കിൽ സ്മാർട്ട് മീറ്റർ വയ്ക്കണമെന്ന കേന്ദ്ര സർക്കാരിന്റെ നിർബന്ധം ശക്തമാകുന്നുണ്ട്. അതനുസരിച്ച് ഉപഭോക്താക്കൾക്ക് ദോഷമുണ്ടാകാത്ത രീതിയിൽ എങ്ങനെ ഇക്കാര്യം കൈകാര്യം ചെയ്യാമെന്ന് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് അടിയന്തരമായി തീരുമാനം കൈക്കൊള്ളുന്നതാണ്.

## കൂടുതൽ വൈദ്യുതി ചാർജ്ജിംഗ് സ്റ്റേഷനുകൾ

7(*37) ശ്രീമതി സി. കെ. ആശ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഏറ്റവും കൂടുതൽ വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകളുള്ള സംസ്ഥാനങ്ങളിലൊന്നെന്ന നിലയിൽ ഈ രംഗത്തെ പ്രവർത്തനങ്ങൾ വിപുലീകരിക്കുവാൻ സംസ്ഥാനത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇലക്ട്രിക് വാഹനങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ അവ ചാർജ് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ലഭിക്കുകയെന്നത് ഉപഭോക്താവിന്റെ അവകാശമായി കാണുന്ന തരത്തിലുള്ള നിയമനിർമ്മാണം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(സി) ഉയർന്ന ജനസംഖ്യയും ഭൂവിസ്തൃതിയുമുള്ള മണ്ഡലങ്ങളിൽ കൂടുതൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഒരു പഞ്ചായത്തിൽ ഒരു ചാർജ്ജിംഗ് സ്റ്റേഷനെങ്കിലും ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഹോട്ടലുകൾ, മാളുകൾ, സ്വകാര്യ സ്ഥാപനങ്ങൾ, സർക്കാർ അതിഥി മന്ദിരങ്ങൾ എന്നിവയിൽ സൗരോർജ്ജ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ,

(എ) ഇലക്ട്രിക്കൽ വെഹിക്കിൾ പോളിസി, 2019-ന്റെ ഭാഗമായി സംസ്ഥാനത്ത് ചാർജ്ജിംഗ് ശൃംഖല സ്ഥാപിക്കുന്നതിനുള്ള ചുമതല സംസ്ഥാന നോഡൽ ഏജൻസിയായ കെ.എസ്.ഇ.ബി.എൽ.-നാണ്.

1. കെ.എസ്.ഇ.ബി.എൽ. നടത്തിയ പ്രവർത്തനങ്ങൾ:- സർക്കാർ സാമ്പത്തിക സഹായത്തോടെ എല്ലാ ജില്ലകളിലുമായി 63 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളുടെയും എല്ലാ നിയോജകമണ്ഡലങ്ങളിലുമായി 1166 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളുടെയും നിർമ്മാണം പൂർത്തീകരിക്കുകയും ഇവയിൽ ഭൂരിഭാഗവും പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തിട്ടുണ്ട്. സൗകര്യപ്രദമായ ചാർജ്ജിംഗിനായി ഒരു മൊബൈൽ ആപ്പ് കെ.എസ്.ഇ.ബി.എൽ. വികസിപ്പിച്ചിട്ടുണ്ട്. ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വെയിലും മഴയുമേൽക്കാതെ ചാർജ് ചെയ്യുന്നതിനുള്ള കനോപ്പി/മേൽക്കൂര, ഇരിപ്പിടങ്ങൾ തുടങ്ങിയുള്ള സൗകര്യങ്ങളും സജ്ജീകരിച്ചുവരുന്നു.

2. അനെർട്ട് നടത്തിയ പ്രവർത്തനങ്ങൾ- സ്വകാര്യ ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, മാളുകൾ, കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ഫാസ്റ്റ് ചാർജ്ജിംഗ് മെഷീനുകൾക്ക് മെഷീൻ വിലയുടെ 25% സംസ്ഥാന സർക്കാർ സബ്സിഡിയായി അനെർട്ട്

വഴി നൽകിവരുന്നു. സ്വകാര്യ സംരംഭകരെ ഈ രംഗത്ത് ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) നിയമനിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങൾ നിലവിൽ ആരംഭിച്ചിട്ടില്ല.

(സി) നിലവിലില്ല. ആവശ്യകതയനുസരിച്ച് സ്വകാര്യ സംരംഭകരെ ഈ രംഗത്തേയ്ക്ക് ആകർഷിച്ച് കൂടുതൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(ഡി) ഹോട്ടലുകൾ, മാളുകൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൗരോർജ്ജ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ അനെർട്ട് വഴി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിപ്രകാരം നാല് സ്ഥലങ്ങളിൽ സൗരോർജ്ജ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഈ പദ്ധതിപ്രകാരം സൗരോർജ്ജ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾക്ക് DC ഫാസ്റ്റ് ചാർജ്ജിംഗ് മെഷീനിന്റെ വിലയുടെ 25%-ഉം കൂടാതെ സൗരോർജ്ജ സംവിധാനമൊരുക്കിയാൽ ഒരു കിലോവാട്ടിന് Rs.20,000/- എന്ന കണക്കിന് 50 കിലോവാട്ടിന് പരമാവധി 10 ലക്ഷം രൂപയും സംസ്ഥാന സർക്കാർ സബ്സിഡിയായി നൽകിവരുന്നു.

ശ്രീമതി സി. കെ. ആശ: സർ, ആർ.ഡി.എസ്.എസ്. (റിവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം) സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി നടപ്പാക്കുമ്പോൾ കൂടുതലായി സബ്സ്റ്റേഷനുകളും ട്രാൻസ്ഫോർമറുകളും അനുവദിക്കുന്നതിനുള്ള സാഹചര്യമുണ്ടാകുമോ; അങ്ങനെ ഉണ്ടാകുകയാണെങ്കിൽ കാർഷിക മേഖലയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് എന്റെ നിയോജകമണ്ഡല പരിധിയിൽ വരുന്ന മൂന്ന് പഞ്ചായത്തുകളിൽ അതിനുള്ള സാഹചര്യം സൃഷ്ടിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, തീർച്ചയായും. ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്നത് സംബന്ധിച്ച് നിർദ്ദേശം നൽകണമെന്ന് എം.എൽ.എ.-മാരെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ച് എം.എൽ.എ.-മാരുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

ശ്രീമതി സി. കെ. ആശ: സർ, സംസ്ഥാന സർക്കാർ സ്മാർട്ട് മീറ്റർ സംവിധാനം നടപ്പിലാക്കുന്നതിലൂടെ ജീവനക്കാർക്കിടയിലുളവായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ജീവനക്കാരുമായി സംസാരിച്ച് അവർക്ക് പ്രശ്നങ്ങളില്ലാത്ത രീതിയിൽ, എന്നാൽ കേന്ദ്ര ഗവൺമെന്റിൽനിന്നും

ലഭിക്കേണ്ട സഹായം ഉറപ്പാക്കിക്കൊണ്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

10.00 A.M.]

## II. അടിയന്തരപ്രമേയം

പോലീസ് അന്വേഷണം അട്ടിമറിക്കാൻ നീക്കം

മി. സ്പീക്കർ: കരുനാഗപ്പള്ളിയിൽ നിരോധിത പുകയില ഉല്പന്നങ്ങൾ പിടികൂടിയ സംഭവത്തിൽ കുറ്റാരോപിതരായ വ്യക്തികളെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി പോലീസ് അന്വേഷണം അട്ടിമറിക്കപ്പെടുന്നതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. മാത്യു കുഴൽനാടൻ, സർവ്വശ്രീ പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, അടിയന്തരപ്രമേയ നോട്ടീസിൽ ഉന്നയിച്ചിട്ടുള്ള ആരോപണം തീർത്തും അടിസ്ഥാനരഹിതമാണ്. മയക്കുമരുന്നുമായി ബന്ധപ്പെട്ട കേസ്സുകളിൽമാത്രമല്ല, ഒരു കേസ്സിലും പ്രതികളുടെ രാഷ്ട്രീയബന്ധമോ മറ്റെന്തെങ്കിലും സ്വാധീനമോ പരിഗണിച്ച് പ്രതിസ്ഥാനത്ത് ഉൾപ്പെടുത്തുകയോ നീക്കം ചെയ്യുകയോ ചെയ്യുന്നതല്ല എൽ.ഡി.എഫ്. സർക്കാരിന്റെ രീതിയെന്ന് അസന്നിഗ്ദ്ധമായി വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ടുതന്നെ അടിയന്തരപ്രമേയത്തിലെ ആരോപണത്തെ തള്ളിക്കളയുകയാണ്. ലഹരി ഉപയോഗത്തെയും അത് സൃഷ്ടിക്കുന്ന സാമൂഹിക പ്രത്യാഘാതങ്ങളെയും വളരെ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. കഴിഞ്ഞ സഭാസമ്മേളനത്തിൽ സമാന വിഷയം അടിയന്തരപ്രമേയമായി ഉന്നയിച്ചപ്പോൾ, മിനിസ്ട്രി ഓഫ് സോഷ്യൽ ജസ്റ്റിസിന്റെ പഠനപ്രകാരം മൂന്ന് കാറ്റഗറികളിലായി ലഹരി ഉപയോഗത്തിൽ ഏറ്റവും മുന്നിലുള്ള സംസ്ഥാനങ്ങളെക്കുറിച്ച് ഞാൻ സൂചിപ്പിച്ചിരുന്നു. ഈ മൂന്ന് വിഭാഗങ്ങളിലെ ആദ്യത്തെ അഞ്ച് സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം ഉൾപ്പെടുന്നില്ലെന്ന് അന്നുതന്നെ വ്യക്തമാക്കിയതാണ്. നമ്മുടെ സംസ്ഥാനം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മെച്ചമാണെന്ന് കണ്ട്

ആശ്വസിക്കുകയോ ഉദാസീനത പുലർത്തുകയോ ചെയ്യാതെ കേരളത്തിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തെ നേരിടാൻ ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിച്ചത്. ഇതേ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആഹ്വാനത്തിന്റെ അടിസ്ഥാനത്തിൽ ലഹരിക്കെതിരായ ക്യാമ്പയിൻ നടത്താൻ നാം ഒറ്റക്കെട്ടായി തീരുമാനമെടുക്കുകയും അതിന്റെ ഒന്നാംഘട്ടം ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2-ന് ആരംഭിച്ച് കേരളപ്പിറവി ദിനമായ നവംബർ 1-ന് അവസാനിക്കുകയും ചെയ്തിരുന്നു. എന്നാൽ അതോടുകൂടി ആ ക്യാമ്പയിൻ അവസാനിപ്പിക്കുകയല്ല ഗവൺമെന്റ് ചെയ്തത്. ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനമായ നവംബർ 14-ന് രണ്ടാംഘട്ട ക്യാമ്പയിൻ ആരംഭിച്ച് റിപ്പബ്ലിക് ദിനമായ ജനുവരി 26-ന് അവസാനിക്കുന്ന തരത്തിലും നടപ്പാക്കുകയുണ്ടായി. ലോകത്തൊരിടത്തും ഇതിനുമുമ്പുണ്ടായിട്ടില്ലാത്ത തരത്തിൽ ജനങ്ങളെയൊന്നടങ്കം മയക്കുമരുന്നിനും ലഹരിക്കുമെതിരായ പോരാട്ടത്തിൽ പങ്കാളികളാക്കുകയും അണിനിരത്തുകയും ചെയ്തുവെന്നതാണ് ഈ ക്യാമ്പയിന്റെ പ്രത്യേകത. ഇത് കേവലം സർക്കാരിന്റെ നടപടിയോ നിയമ സംവിധാനത്തിന്റെ നടപടിയോ മാത്രമല്ല, മറിച്ച് അതിൽ ജനപങ്കാളിത്തംകൂടി ഉറപ്പുവരുത്താൻ കഴിഞ്ഞു. നവംബർ 1-ന് കേരളത്തിലെ 20000 കേന്ദ്രങ്ങളിൽ നടന്ന മനുഷ്യശൃംഖലകളിലായി ഒരുകോടിയിലേറെ

ആളുകൾ പങ്കെടുത്തുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ലഹരിവിരുദ്ധ പോരാട്ടത്തിൽ ഇത്രമാത്രം ജനങ്ങളെ അണിനിരത്തിയ മുൻമാതൃക ലോകചരിത്രത്തിലില്ല, അത് കേരളത്തിന്റെ സംഭാവനയാണ്. ഇത്തരത്തിൽ ക്യാമ്പയിൻ സംഘടിപ്പിക്കുക മാത്രമല്ല ചെയ്തിട്ടുള്ളത്, ക്യാമ്പയിനൊപ്പം എൻഫോഴ്സ്മെന്റ് നടപടികളും ശക്തിപ്പെടുത്തുകയുണ്ടായി. ഈ ക്യാമ്പയിൻ എൻഫോഴ്സ്മെന്റ് നടപടികളെ സഹായിച്ചുവെന്നാണ് കണക്കുകളും വസ്തുതകളും വ്യക്തമാക്കുന്നത്. ഇതിലൂടെ ജനങ്ങൾക്കിടയിൽ ജാഗ്രതയുണ്ടാക്കാൻ കഴിഞ്ഞു. ആ ജനകീയ ജാഗ്രത പോലീസിനും എക്സൈസിനും വിവരങ്ങൾ ലഭിക്കുന്നതിലും നടപടികൾ കൂടുതൽ കർക്കശമായി സ്വീകരിക്കുന്നതിലും സഹായകരമായി മാറിയിട്ടുണ്ട്. സർക്കാർ എത്രത്തോളം ഗൗരവമായും കാര്യക്ഷമമായുമാണ് ഈ പ്രശ്നത്തിൽ ഇടപെട്ടിട്ടുള്ളതെന്ന് നമ്മുടെ മുന്നിലുള്ള കണക്കുകൾ തെളിയിക്കുന്നു. 2022-ൽ എക്സൈസ് വകുപ്പ് മാത്രം 6116 എൻ.ഡി.പി.എസ്. കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട്. ഈ കേസ്സുകളിലുൾപ്പെട്ട 6031 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസ്സുകളുടെ കാര്യത്തിൽ അതിനുമുമ്പത്തെ വർഷത്തേതിനെക്കാൾ 166 ശതമാനവും അറസ്റ്റ് ചെയ്തവരുടെ കാര്യത്തിൽ 159 ശതമാനവും വർദ്ധനവാണുണ്ടായിട്ടുള്ളത്. ഈ ക്യാമ്പയിൻ

എൻഫോഴ്സ്മെന്റ് നടപടികളെ എങ്ങനെയാണ് സഹായിച്ചതെന്നും ക്യാമ്പയിനും എൻഫോഴ്സ്മെന്റും ഒരേസമയം മുന്നോട്ടുപോകുന്നത് എങ്ങനെയെന്നതിന്റെയും സാക്ഷ്യപ്പെടുത്തുന്ന കണക്കുകളാണിത്. പോലീസ് ഈ വർഷം 25240 മയക്കുമരുന്ന് കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 29514 പ്രതികളെ അറസ്റ്റ് ചെയ്യുകയും മയക്കുമരുന്ന് കേസ്സുകളിൽ സ്ഥിരം കുറ്റവാളികളായ 228 പ്രതികൾക്കെതിരെ The Prevention of Illicit Traffic in Narcotic Drugs and Psychotropic Substances (PITNDPS) Act പ്രകാരം നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തു. 2023 ജനുവരി മാസത്തിൽമാത്രം 1469 പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്; ഒരുമാസത്തെ കണക്കാണിത്. ശക്തമായ നടപടികളാണ് പോലീസ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മാത്രമല്ല, മയക്കുമരുന്ന് പിടിച്ചെടുക്കുന്നതിന്റെ അളവിലും ഗണ്യമായ വർദ്ധനവുണ്ടായി. ഇപ്പോഴുള്ളതിൽ ഏറ്റവും മാരകമായ സിന്തറ്റിക് ഡ്രഗായ MDMA (Methylenedioxymethamphetamine) 2020-ൽ 564.11 ഗ്രാമാണ്...... (ബഹളം)......ഇതൊക്കെ പ്രതിപക്ഷത്തെ അസ്വസ്ഥപ്പെടുത്തുന്ന കാര്യമാണോ? അടിയന്തരപ്രമേയ നോട്ടീസിന് മറുപടി പറയുമ്പോൾ പ്രതിപക്ഷം തടസ്സപ്പെടുത്തുന്നതെന്തിനാണ്? ഈ കണക്കുകൾ

അവരെയെന്തിനാണ് ഭയപ്പെടുത്തുന്നത്? 2020-ൽ 564.11 ഗ്രാം MDMA-യാണ് പിടിച്ചെടുത്തത്. 2022 ആയപ്പോൾ അത് 7775 ഗ്രാമായി മാറി; 1378 ശതമാനം വർദ്ധനവാണുണ്ടായത്. അതുപോലെ Lysergic acid diethylamide (LSD) പിടിച്ചെടുത്തതിൽ 1290 ശതമാനമാണ് വർദ്ധനവുണ്ടായത്. Methamphetamine പിടിച്ചെടുത്തതിൽ 34 ഗ്രാമിൽനിന്നും 2432 ഗ്രാമാണ് വർദ്ധനവുണ്ടായത്. ഇത്തരത്തിൽ മയക്കുമരുന്ന് വലിയതോതിൽ പിടിച്ചെടുക്കാൻ കഴിഞ്ഞു. പ്രതിപക്ഷം അസ്വസ്ഥരാവുകയല്ല, മറിച്ച് വസ്തുതകൾ മനസ്സിലാക്കുകയാണ് വേണ്ടത്. കേസ്സുകളുടെ എണ്ണവും അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണവും പിടിച്ചെടുത്ത മയക്കുമരുന്നുകളുടെ അളവും ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. നാം നടത്തിയ ക്യാമ്പയിൻ വിജയകരമാകുന്നുവെന്നാണ് ഇതെല്ലാം തെളിയിക്കുന്നത്. ഇന്ന് ഉന്നയിച്ച വിഷയം പുകയില ഉല്പന്നങ്ങളുടെ കടത്തുമായി ബന്ധപ്പെട്ടതാണ്. 2022-ൽ പുകയില ഉല്പന്നങ്ങളുടെ കടത്തുമായി ബന്ധപ്പെട്ട് The Cigarettes and Other Tobacco Products (Prohibition of Advertisement and Regulation of Trade and Commerce, Production, Supply and Distribution) (COTPA) Act പ്രകാരം 86114 കേസ്സുകൾ കണ്ടെത്തുകയും ഇതിലുൾപ്പെട്ട 338424 കിലോഗ്രാം പുകയില ഉല്പന്നങ്ങൾ എക്സൈസ്

പിടിച്ചെടുക്കുകയും 1,70,00,000 രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ഇപ്പോഴും വില്പനാനുമതിയുള്ളതും പ്രചാരത്തിലുള്ളതുമായ പുകയില ഉല്പന്നങ്ങളാണ് ഇവിടെ ഉന്നയിച്ച കേസ്സുമായി ബന്ധപ്പെട്ട് പിടിച്ചെടുത്തിട്ടുള്ളത്. എന്നാൽ അവ കേരള സർക്കാർ നിരോധിച്ചിട്ടുണ്ട്. കേരളത്തിൽ നിരോധിച്ച പുകയില ഉല്പന്നങ്ങൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവന്നപ്പോഴാണ് കേരള പോലീസ് പിടികൂടിയത്. പിടികൂടിയത് കേരള പോലീസാണ്, മറ്റൊരു സംസ്ഥാനത്തെയും പോലീസല്ല. അതിലെ പ്രതികളെയും പിടികൂടിയിട്ടുണ്ട്. നിരോധിത പുകയില ഉല്പന്നങ്ങൾ കടത്തിക്കൊണ്ടുവരാൻ പ്രതികൾ ഉപയോഗിച്ച ലോറി ആലപ്പുഴ നഗരസഭാംഗവും സി.പി.ഐ.(എം) പ്രവർത്തകനുമായ ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതായിരുന്നു. ആ ലോറി മറ്റൊരാൾക്ക് വാടകയ്ക്ക് നൽകിയിരിക്കുകയായിരുന്നു. വാടകയ്ക്കെടുത്തവരും കൂട്ടുപ്രതികളുമാണ് നിരോധിത പുകയില ഉല്പന്നങ്ങൾ കടത്തിക്കൊണ്ടുവരാൻ ആ വാടക ലോറി ഉപയോഗിച്ചത്. ലോറി ഉടമസ്ഥനും അതിൽ പങ്കുണ്ടെന്ന് കണ്ടെത്തിയാൽ അയാളെയും പ്രതിയാക്കി നിയമത്തിനുമുന്നിൽ കൊണ്ടുവരും. പോലീസന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ഇതുവരെ ലോറി ഉടമയെ പ്രതിയാക്കാനുള്ള

തെളിവുകളൊന്നും ലഭിച്ചിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. അതുമാത്രമാണ് ബഹുമാനപ്പെട്ട മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാനും പറഞ്ഞത്. നിലവിൽ അയാളെ പ്രതിയാക്കാനുള്ള തെളിവുകൾ ലഭിച്ചിട്ടില്ല. അതിനപ്പുറം മറ്റെന്തെങ്കിലും പറഞ്ഞുവെന്നത് തെറ്റിദ്ധാരണാജനകമാണ്. പ്രതിപക്ഷം ആരോപിക്കുന്നതുപോലെ പ്രതികളെ രക്ഷിക്കാൻ പോലീസും സർക്കാരും സി.പി.ഐ.(എം)-ഉം ഒരു നീക്കവും നടത്തിയിട്ടില്ല. നിരോധിത വസ്തുക്കളെയും ഉല്പന്നം കടത്തിയ പ്രതികളെയും അതിനുപയോഗിച്ച വാഹനവുമൊക്കെ പിടിച്ചെടുത്തത് കേരള പോലീസാണ്. ആരെയെങ്കിലും രക്ഷിക്കാനാണ് സർക്കാരിന്റെ ഉദ്ദേശ്യമെങ്കിൽ ഈ സംഭവം ഭരണ സ്വാധീനമുപയോഗിച്ച് മൂടിവച്ചാൽ മതിയായിരുന്നല്ലോ. പ്രതിപക്ഷം ഇത്തരത്തിൽ ആരോപണം ഉന്നയിക്കുന്നത് അവരുടെ മുൻകാല പ്രവർത്തികളുടെ ഓർമ്മയിൽ നിന്നായിരിക്കും. ഈ സർക്കാർ അങ്ങനെയൊരു സമീപനമല്ല സ്വീകരിച്ചത്. പ്രതികളെ അറസ്റ്റ് ചെയ്ത് അന്വേഷണം തുടരുകയാണ്. അതല്ലാതെ അന്വേഷണം അട്ടിമറിക്കുന്ന രീതി എൽ.ഡി.എഫ്. സർക്കാരിനില്ലെന്ന് വ്യക്തമാക്കുകയാണ്. പോലീസന്വേഷണത്തിൽ ലോറി ഉടമയെ, അതായത് നഗരസഭാംഗത്തെ പ്രതിയാക്കാനുള്ള തെളിവ് ഇതുവരെ കണ്ടെത്തിയിട്ടില്ല.

ഇതുവരെ അയാൾ പ്രതിയല്ല, അതിനുള്ള തെളിവുകൾ കണ്ടെത്തിയിട്ടില്ല എന്നതുകൊണ്ട് അയാളെ സംരക്ഷിക്കുന്ന നിലപാടല്ല സി.പി.ഐ.(എം) സ്വീകരിച്ചതെന്ന് വ്യക്തമാണ്. പാർട്ടിയുടെ ഒരു പ്രധാന പ്രവർത്തകൻ, ജനപ്രതിനിധിയായ ഒരാൾ തന്റെ ഉടമസ്ഥതയിലുള്ള വാഹനം വാടകയ്ക്ക് കൊടുക്കുമ്പോൾ പുലർത്തേണ്ട ജാഗ്രതയും സൂക്ഷ്മതയും പുലർത്തിയില്ലെന്ന് കണ്ടപ്പോൾ അദ്ദേഹത്തെ പാർട്ടി അംഗത്വത്തിൽ നിന്നുതന്നെ സസ്പെൻഡ് ചെയ്യുന്ന മാതൃകാപരമായ നിലപാടാണ് സി.പി.ഐ.(എം) സ്വീകരിച്ചത്. യു.ഡി.എഫ്. ഏതെങ്കിലും കാര്യത്തിൽ അത്തരം നിലപാട് സ്വീകരിച്ചിട്ടുണ്ടോ? അങ്ങനെയൊരു നിലപാട് സ്വീകരിക്കാനുള്ള ധൈര്യം യു.ഡി.എഫ്. കാണിച്ചിട്ടുണ്ടോ? അതാണ് സി.പി.ഐ.(എം)-ന്റെ ഇക്കാര്യത്തിലുള്ള വ്യത്യസ്തമായ നിലപാട്. തെളിവിന്റെ അടിസ്ഥാനത്തിൽ മാത്രമെ ഒരാളെ പ്രതിയാക്കാൻ സാധിക്കുകയുള്ളൂ. പ്രതിപക്ഷവും പ്രതിപക്ഷത്തെ സഹായിക്കുന്ന മാധ്യമങ്ങളും ആർത്തുവിളിച്ചതുകൊണ്ടുമാത്രം ഒരാളെ പ്രതിയാക്കാൻ സാധിക്കില്ല. അന്വേഷണം നടത്തി തെളിവ് കണ്ടെത്തിയാൽ മാത്രം പ്രതിയാക്കും. ആരെയെങ്കിലും പ്രതിയാക്കണമെന്ന് ആർത്തുവിളിച്ചതുകൊണ്ട് മാത്രം പ്രതിയാക്കിയാൽ എന്തായിരിക്കും അനുഭവം? ആലപ്പുഴയിൽ ഓമനക്കുട്ടൻ

എന്നയാളുടെ അനുഭവമുണ്ട്. സി.പി.ഐ.(എം)-ന്റെ ലോക്കൽ കമ്മിറ്റി മെമ്പറായ ഓമനക്കുട്ടനെ യു.ഡി.എഫ്.-ഉം മാധ്യമങ്ങളും ചേർന്ന് കള്ളനാക്കിയത് ഓർമ്മയില്ലേ? ദുരിതാശ്വാസ ക്യാമ്പിലേയ്ക്ക് സാധനം കൊണ്ടുവന്നതിന്റെ ഓട്ടോറിക്ഷാക്കൂലി കൊടുക്കാൻ ചില്ലിക്കാശ് പിരിച്ചതിന്റെ പേരിൽ, അത് ഒളിക്യാമറവച്ച് പിടിച്ച് വലിയ വാർത്ത നൽകി അദ്ദേഹത്തെ കള്ളനാക്കുകയാണുണ്ടായത്. എം.ബി.ബി.എസ്.-ന് പഠിക്കുന്ന അദ്ദേഹത്തിന്റെ മകളും ആ കുടുംബവും അനുഭവിച്ച വേദനയും വേട്ടയാടലും നമ്മുടെ കൺമുന്നിലുണ്ട്. അതുകൊണ്ട് ഒരാളെ അസന്നിഗ്ദ്ധമായ, അനിഷേധ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രമേ പ്രതിയാക്കാൻ കഴിയുകയുള്ളൂ. തെളിവുകളുണ്ടെങ്കിൽ ഒരാളും സംരക്ഷിക്കപ്പെടുകയില്ലെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. മയക്കുമരുന്ന് കേസുകളിലുൾപ്പെട്ട പ്രതികളെ ഒട്ടും വൈകാതെ തന്നെ പിടികൂടാൻ സർക്കാരിന് ഇതിനോടകം കഴിഞ്ഞിട്ടുണ്ട്. സർക്കാർ ഈ പ്രശ്നത്തെ അതീവ സാമൂഹിക പ്രാധാന്യമുള്ള വിഷയമെന്ന നിലയിൽ സമഗ്രമായാണ് അഭിസംബോധന ചെയ്യുന്നത്. കേസ്, റെയ്ഡ്, അറസ്റ്റ് മാത്രമല്ല, ഡി-അഡിക്ഷൻ സെന്ററുകളിൽ ചികിത്സയ്ക്കെത്തുന്നവർക്കിടയിൽ ശാസ്ത്രീയമായ സർവ്വേ നടത്തുകയും

ചെയ്യുന്നുണ്ട്. എല്ലാ നിലയിലും സമഗ്രമായി ഈ പ്രശ്നം അഭിസംബോധന ചെയ്യാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. അതിന് നാം ഒറ്റക്കെട്ടായി നിൽക്കണം. ഏത് കാര്യത്തിലും സങ്കുചിത രാഷ്ട്രീയലാഭം മാത്രം മുൻനിർത്തി ഇത്തരം കാര്യങ്ങളിലുണ്ടാകുന്ന ഐക്യത്തെ തകർക്കുന്ന നിർഭാഗ്യകരമായ നിലപാട് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകരുതെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ഡോ. മാത്യു കുഴൽനാടൻ: സർ, കരുനാഗപ്പള്ളിയിൽ ഒരു കോടിയിലേറെ രൂപയുടെ നിരോധിത പുകയില വസ്തുക്കൾ പിടിച്ച സംഭവത്തിൽ കുറ്റാരോപിതനായ ആലപ്പുഴ നഗരസഭാ സ്ഥിരം സമിതി അദ്ധ്യക്ഷനും സി.പി.ഐ.(എം) നേതാവുമായ വ്യക്തിയെ രക്ഷപ്പെടുത്താൻ പോലീസ് അന്വേഷണം അട്ടിമറിക്കുന്ന നടപടിമൂലം ഉളവായിട്ടുള്ള ഗുരുതര സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി 13 മിനിറ്റായിരുന്നു. അങ്ങ് ഈ സംഭവത്തെക്കുറിച്ച് പറഞ്ഞുതുടങ്ങിയത് എട്ടാമത്തെ മിനിറ്റിലാണ്. 8 മിനിറ്റ് വരെ മറ്റ് പല കാര്യങ്ങളും പ്രസംഗങ്ങളുമൊക്കെ നടത്തി. മയക്കുമരുന്ന് വിഷയവുമായി ബന്ധപ്പെട്ട മൂന്നാമത്തെ അടിയന്തരപ്രമേയമാണ് ഞങ്ങൾ സഭയിൽ കൊണ്ടുവരുന്നത്. ആദ്യത്തെ അടിയന്തരപ്രമേയം ശ്രീ. പി. സി. വിഷ്ണുനാഥ്

അവതരിപ്പിച്ചു. അതിനോട് വളരെ ക്രിയാത്മകമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതികരിച്ചു; പ്രതിപക്ഷം സഹകരിച്ചു, ഞങ്ങൾ അതുമായി മുന്നോട്ടുപോയി. എന്നാൽ സംസ്ഥാനത്തെമ്പാടും സി.പി.ഐ.(എം)-ന്റെ വിശേഷിച്ച്, ഡി.വൈ.എഫ്.ഐ.-യുടെയും എസ്.എഫ്.ഐ.-യുടെയും നേതാക്കന്മാരടക്കം മയക്കുമരുന്നുകേസിൽ പ്രതിയാകുകയും അവർക്ക് സർക്കാർ സഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുന്ന കാഴ്ചയാണ് പിന്നീട് സംസ്ഥാനം കണ്ടത്. അപ്പോൾ ഞങ്ങൾ രണ്ടാമത്തെ അടിയന്തരപ്രമേയം കൊണ്ടുവന്നു. 8-ാം ക്ലാസുകാരിയായ ഒരു പെൺകുട്ടിയെ ക്യാരിയറാക്കി അങ്ങേയറ്റം ദുർവിനിയോഗം ചെയ്യുന്ന സാഹചര്യമുണ്ടായപ്പോൾ അതിൽ പൊളിറ്റിക്കൽ patronage ഉണ്ടെന്നുപറഞ്ഞ് ഞാൻ അടിയന്തരപ്രമേയ നോട്ടീസ് കൊണ്ടുവന്നപ്പോൾ പറഞ്ഞ ഇതേ മന്ത്രിയുടെ മറുപടി എല്ലാവർക്കും ഓർമ്മയില്ലേ? അന്ന് സ്പീക്കറുടെ ചെയറിലിരുന്നുകൊണ്ട് ശ്രീ. പി. സി. വിഷ്ണുനാഥിനെ അഭിനന്ദിച്ചത് ഓർക്കുന്നുവെന്നും എന്നാൽ രണ്ടാമത് ഈ വിഷയം സഭയിൽ അവതരിപ്പിച്ച ഡോ. മാത്യു കുഴൽനാടൻ അഭിനന്ദനം അർഹിക്കുന്നില്ലെന്നും പൊളിറ്റിക്കൽ patronage ഇല്ലെന്നും അങ്ങ് മറുപടി പറയുകയുണ്ടായി. ഇന്നത്തെ അടിയന്തരപ്രമേയം നിങ്ങളുടെ പൊളിറ്റിക്കൽ patronage -നെ എക്സ്പോസ് ചെയ്യാൻ വേണ്ടിയാണ്. 13

മിനിറ്റ് മറുപടി പറഞ്ഞപ്പോൾ 8-ാമത്തെ മിനിറ്റ് വരെ അങ്ങേയ്ക്ക് ഈ സംഭവത്തെക്കുറിച്ച് മിണ്ടാൻ കഴിഞ്ഞില്ല. എത്ര പ്രയാസപ്പെട്ടാണ് അങ്ങ് മറുപടി പറഞ്ഞത്? തെളിവ് ലഭിച്ചാൽ ലോറിയുടമ പ്രതിയാകുമെന്നും ഇതുവരെ പ്രതിയായിട്ടില്ലെന്നുമാണ് പറഞ്ഞത്. ആരാണ് പ്രതിയാകേണ്ടിയിരുന്നത്? ഞങ്ങൾ വളരെ വ്യക്തമായി പറയാനാഗ്രഹിക്കുന്നു, സി.പി.ഐ.(എം) എന്ന പാർട്ടിയിലെ മുഴുവൻ നേതാക്കളെയും ഞാൻ പറയില്ല; ഒരു വിഭാഗം നേതാക്കന്മാർ ഇന്ന് പാർട്ടിയുടെ ചവിട്ടുപടി കയറുന്നത് മയക്കുമരുന്ന് മാഫിയകൾ ഉണ്ടാക്കുന്ന പണത്തിന്റെ സ്വാധീനം കൊണ്ടാണ്. ....(ബഹളം)..ഒരു സംശയവും വേണ്ട. ആലപ്പുഴയിലെ കേസ് എങ്ങനെയാണ് പുറത്തുവന്നത്. ആലപ്പുഴയിലെ കേസ് പുറത്ത് വന്നത്, സി.പി.ഐ.(എം)-ന് അകത്ത് നടക്കുന്ന വിഭാഗീയതയുടെ പേരിലാണ്. ഒന്നും രണ്ടുമല്ല, സംസ്ഥാനത്തിന്റെ നിരവധി ഭാഗങ്ങളിൽ സമാനമായ സംഭവമുണ്ടാകുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ന്യായീകരിക്കാൻ ശ്രമിച്ചത് എന്താണ്? അങ്ങ് ഓർക്കണം, അങ്ങ് എത്ര ദുർബലമായിട്ടാണ് പറഞ്ഞത്.

Mr. Speaker: Address to the Chair.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, പിടിക്കപ്പെട്ട പുകയില ഉല്പന്നങ്ങൾ രാജ്യത്ത് പലയിടത്തും വിൽക്കുന്നതെന്ന് മനസ്സില്ലാമനസ്സോടെയാണ് അങ്ങ് പറയുന്നത്. കേരള സർക്കാർ നിരോധിച്ചതാണെന്ന് പറയുന്നു, ഇത് നിയമവിരുദ്ധമാണെന്ന് പറയാനുള്ള മടി കാണിക്കുന്നത് ആരെ സംരക്ഷിക്കാൻ വേണ്ടിയാണ്? ഒരു കോടി രൂപയിലേറെ വിലവരുന്ന നിരോധിത പുകയില ഉല്പന്നങ്ങൾ കേരളത്തിൽ വിറ്റപ്പോൾ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്നത്, ഇത് രാജ്യത്ത് പലയിടത്തും വിൽക്കുന്നതാണെന്നാണ്. എന്തിനുവേണ്ടിയാണ് ഇതുപോലെയുള്ളവരെ സംരക്ഷിക്കാൻ നോക്കുന്നത്? അങ്ങയുടെ പാർട്ടിയുടെ നേതാവിനെ സംരക്ഷിക്കാതെ അങ്ങേയ്ക്ക് സ്വസ്ഥമായി മന്ത്രിക്കസേരയിൽ ഇരിക്കാൻ കഴിയില്ല. അതാണ് ഇന്നത്തെ സാഹചര്യം. എഫ്.ഐ.ആർ.-ൽ പറയുന്നത് പ്രകാരം ഈ പുകയില ഉല്പന്നങ്ങൾ സ്കൂൾ കുട്ടികളെ ടാർജറ്റ് ചെയ്തുകൊണ്ടുള്ളതായിരുന്നുവെന്നാണ്. എനിക്ക് ഏറ്റവും സങ്കടം വരുന്നത് അക്കാര്യത്തിലാണ്. നിങ്ങളോർക്കണം, എനിക്കും നിങ്ങൾക്കും മക്കളുണ്ട്, അത് നിങ്ങൾ വിസ്മരിക്കരുത്. ഇന്നോ നാളെയോ നിങ്ങളെയും നിങ്ങളുടെ കുടുംബത്തെയും ഇത് കാർന്നുതിന്നുന്ന അവസ്ഥയുണ്ടാകും. നിങ്ങൾ കേവലം രാഷ്ട്രീയത്തിലും പാർട്ടിയിലുമുള്ള നേതാക്കന്മാരെ സംരക്ഷിക്കുമ്പോൾ,

നിങ്ങളോർക്കേണ്ടത് നിങ്ങളുടെ കുടുംബങ്ങളിലും ഇത് കടന്നുവരുമെന്നാണ്. ഇത് സി.പി.ഐ.(എം)-ന് പുത്തരിയല്ല. സി.പി.ഐ.(എം)-ന്റെ അനുഭവത്തിൽ മുമ്പും ഇങ്ങനെയുണ്ടായിട്ടുണ്ട്. നിങ്ങളുടെ മുൻകാല ചെയ്തികളെക്കുറിച്ച് ഒരുപ്രാവശ്യം സുപ്രീംകോടതി പറഞ്ഞിട്ടുണ്ട്. സുപ്രീംകോടതി മണിച്ചൻ കേസിലെ വിധിന്യായത്തിന്റെ 59-ാമത്തെ പാരഗ്രാഫിൽ പറയുന്നത് നിങ്ങളെല്ലാവരും കേൾക്കുന്നത് നല്ലതാണ്. "Before we part with this case, we must note some very disturbing facts which have been revealed from the voluminous evidence by the prosecution. Here was a person who was unabashedly running his empire of spurious liquor trade and for that purpose had purchased politicians including the public representatives, police officers and other officers belonging to the Excise Department. The trade was going unabated." സുപ്രീംകോടതി മണിച്ചൻ കേസിൽ പറഞ്ഞത് "...for that purpose had purchased politicians including the public representatives,..." ജനപ്രതിനിധികളടക്കമുള്ള പൊതുപ്രവർത്തകരെ മണിച്ചൻ പണം കൊടുത്ത് വാങ്ങിയിരുന്നുവെന്ന് പറഞ്ഞു. അതിന്

പിന്നാലെ നിങ്ങൾ ഇന്ന് പറഞ്ഞില്ലേ... (ബഹളം)...ഈ പാർട്ടിയിൽ തെളിവ് കണ്ടാൽ ഞങ്ങൾ നടപടിയെടുക്കുമെന്ന്.

മി. സ്പീക്കർ: അവിടെയിരിക്കു... പ്ലീസ്... പ്ലീസ്.. അംഗം ചെയറിനെ നോക്കി പറഞ്ഞാൽ മതി, ബഹുമാനപ്പെട്ട അംഗം ചെയറിനെ നോക്കി സംസാരിച്ചാൽ അവർ പ്രതികരിക്കില്ല.

ഡോ. മാത്യൂ കുഴൽനാടൻ: സർ, നിങ്ങൾക്ക് സഭ കൺട്രോൾ ചെയ്യാൻ കഴിയണം. You are the Chair, you should control the Assembly. If you cannot control, you dissolve the Assembly.

Mr. Speaker: You address to me, you address to the Chair. You don't look at them, you should look at the Chair. Why are you looking there; you should look at the Chair. പ്ലീസ്...അവിടെയിരിക്കു പ്ലീസ്... പ്ലീസ്........(ബഹളം......)

ഡോ. മാത്യൂ കുഴൽനാടൻ: സർ, ഇത് ശരിയല്ല, സംസാരിക്കാൻ അനുവദിക്കാതെ ശല്യപ്പെടുത്തുന്നത് ശരിയല്ല. മണിച്ചൻ കേസിലെ നടപടിയെന്താണെന്നറിയേണ്ടേ? സി.പി.ഐ.(എം) ജില്ലാ സെക്രട്ടറി ആയിരുന്ന സത്യനേശൻ മരുമകനെ ഇറക്കാൻ വേണ്ടി 45 ലക്ഷം രൂപ വാങ്ങിയതിന്റെ പേരിൽ നിങ്ങൾ നടപടിയെടുത്തു. ഇത് ഇന്നും ഇന്നലെയും

ഉണ്ടായതല്ല, ഇത് സി.പി.ഐ.(എം)-ന്റെ ഒരു നയപരിപാടി തന്നെയാണ്. എന്റെ ഭയം, കേരളത്തെ കാർന്നുതിന്നുന്ന അവസ്ഥയിലേക്ക് ഈ മയക്കുമരുന്ന് വ്യാപനം പോകുമെന്നതാണ്. മയക്കുമരുന്ന് കച്ചവടംകൊണ്ട് കേരള സമൂഹമാണ് ഇല്ലാതായി പോകുന്നത്. അങ്ങയുടെ പാർട്ടി നേതാവ് പ്രതിയാകാതിരിക്കാൻ വേണ്ടി, ലോറി പിടിക്കപ്പെടുന്നതിന്റെ, അറസ്റ്റ് നടക്കുന്നതിന്റെ രണ്ട് ദിവസം മുമ്പ് എഴുതിയുണ്ടാക്കിയ കരാറാണിത്. വാലും തുമ്പുമില്ലാത്ത ഈ കരാർ ആർക്കുവേണമെങ്കിലും പരിശോധിക്കാം. പ്രതിയായതിനുശേഷം കരാറുണ്ടാക്കിയതാണെന്ന് ആർക്ക് പരിശോധിച്ചാലും മനസ്സിലാകും. ഇതിന്റെ പേരിലാണ് അദ്ദേഹം പ്രതിയല്ലെന്ന് പറയുന്നത്. വാദത്തിന് വേണ്ടി അങ്ങ് പറയുന്നതെല്ലാം അംഗീകരിക്കാം. ഇടുക്കിയിലുള്ള ഏതോ ഒരാൾ അദ്ദേഹം വാങ്ങിയ ലോറി വാടകയ്ക്ക് എടുത്തുകൊണ്ടുപോയി; ഇടുക്കിക്കാരൻ പ്രതിയാണ്; ഇടുക്കിക്കാരൻ എവിടെയാണെന്നോ ആരാണെന്നോ അറിയില്ല. സി.പി.ഐ.(എം) നേതാവ് ലോറി വാങ്ങി, ലോറി വാടകയ്ക്ക് കൊടുത്ത് ആരോ കൊണ്ടുപോയി മയക്കുമരുന്ന് കച്ചവടം നടത്തിയെന്ന് പറയുന്നു. പക്ഷേ അതോടൊപ്പം പിടിക്കപ്പെട്ടത് തലേരാത്രി ഉന്മാദ പാർട്ടിയിൽ ഉണ്ടായിരുന്ന വ്യക്തിയാണ്. സ്പോർട്ട്സ് സിറ്റിയിൽ ബർത്ത്ഡേ

ആഘോഷിക്കാൻ ഉണ്ടായിരുന്ന ഇജാസ് എന്നുപറയുന്ന ഡി.വൈ.എഫ്.ഐ.-യുടെ നേതാവ് അറസ്റ്റിലാകുകയാണ്. അദ്ദേഹം എവിടെനിന്നു വന്നു; അദ്ദേഹവുമായി കരാറുണ്ടോ? അദ്ദേഹം ഇതിനുമുമ്പ് മയക്കുമരുന്ന് കേസിൽ പ്രതിയായിട്ടുണ്ട്. ഷാനവാസ് പ്രതിയാകുന്നതിനുമുമ്പ്. ശ്രീ. സജി ചെറിയാൻ എന്ന മന്ത്രി പോലീസന്വേഷണം നടക്കുന്നതിനിടയ്ക്ക് അദ്ദേഹത്തിന് ക്ലീൻ ചീട്ട് നൽകുകയാണ്. എന്തിനാണ് ഇത്ര വെപ്രാളം; Why are you in a hurry? പോലീസ് അന്വേഷിക്കുന്നതിനുമുമ്പ് മത്സ്യബന്ധന വകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രിക്ക് ഷാനവാസ് പ്രതിയല്ലയെന്ന് എങ്ങനെയാണ് മനസ്സിലായത്? എങ്ങനെയാണ് തെളിവില്ലെന്ന് പറഞ്ഞത്. Are you going through the file? ഇൻവെസ്റ്റിഗേഷന്റെ ഫയൽ അദ്ദേഹത്തിന്റെ മുമ്പിൽ വന്നിട്ടുണ്ടോ? സ്വന്തം ആളുകളെ സംരക്ഷിക്കാനുള്ള യജമാനന്റെ വെപ്രാളമാണ് നമ്മൾ കണ്ടത്. ഇതിനുമുമ്പ് ആലപ്പുഴയിലെ സംഭവങ്ങൾ എങ്ങനെയാണ് അറിഞ്ഞത്.

<u>മി. സ്പീക്കർ</u>: താങ്കൾ ചെയറിനെ address ചെയ്യൂ. അതുകൊണ്ടാണ് provocation ഉണ്ടാകുന്നത്. You address to the Chair. That's why they are provoking you. You please address to the Chair.

ഡോ. മാത്യു കുഴൽനാടൻ: സർ, പൊളിറ്റിക്കൽ patronage എന്നു പറയാൻ കാരണം, സി.പി.ഐ.(എം)-ന്റെ പ്രമുഖനായ നേതാവ്..... ഞാനൊരു അഭിഭാഷകനാണ്. Prima facie ഒരു വാഹനം പിടികൂടിയാൽ, ആ വാഹനത്തിന്റെ ഉടമ അന്വേഷണ വിധേയമായി പ്രതിസ്ഥാനത്തുവരും. അദ്ദേഹത്തിനെതിരെ ചാർജ്ജ് കൊടുക്കണമെന്നില്ല. പക്ഷേ എഫ്.ഐ.ആർ.-ൽ പ്രതിയാകും. പ്രാഥമികാന്വേഷണം നടത്തണമെങ്കിൽ അദ്ദേഹത്തെ പ്രതിയാക്കിയിരിക്കണം. ഏതു കേസിലും അങ്ങനെയാണ് അന്വേഷണം നടത്തുന്നത്. Prima facie അദ്ദേഹത്തിന് പ്രതിയായേ പറ്റുകയുള്ളൂ. വാഹനം കൊടുത്തതിന്റെ പേരിൽ പ്രതിയാക്കണോ വേണ്ടയോയെന്ന് അന്വേഷിച്ചിട്ട് ഞങ്ങൾ പിന്നീട് കണ്ടുപിടിക്കാമെന്നാണ് പറയുന്നത്. ഒരു മന്ത്രി നിയമസഭയിൽവന്ന് അതിനെ ന്യായീകരിക്കുകയാണ്. ഇതിനെയാണ് പൊളിറ്റിക്കൽ patronage എന്ന് ഞങ്ങൾ പറഞ്ഞത്. മയക്കുമരുന്ന് കേസുകളിൽ പ്രതികളാകുന്ന ആളുകൾക്ക് ഇതുപോലുള്ള ആനുകൂല്യങ്ങൾ നൽകുകയാണ്. സർക്കാരിന്റെ തണലും തലോടലും കിട്ടുകയാണ്. അതുകൊണ്ടാണ് ഇവർ തഴച്ചുവളരുന്നത്. എത്രയെത്ര അനുഭവങ്ങളുണ്ടായി. മറിച്ചും തിരിച്ചും നോക്കുമ്പോൾ സി.പി.ഐ.(എം)-ന്റെയും ഡി.വൈ.എഫ്.ഐ.-യുടെയും എസ്.എഫ്.ഐ.-

യുടെയും നേതാക്കന്മാർ തന്നെ പ്രതികളാകുന്നത് എന്തുകൊണ്ടാണ്? കഴിഞ്ഞ ദിവസം ആലപ്പുഴയിൽനിന്ന് വീണ്ടും ഒരു വാർത്ത വന്നിരിക്കുകയാണ്. ഇതിനെക്കുറിച്ച് ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്ററോട് ചോദിക്കണമെന്നുണ്ടായിരുന്നു. എൽ.ഡി.എഫ്. ഭവന സന്ദർശനത്തിനുവേണ്ടി നിർദ്ദേശം നൽകുന്നു. രാത്രി പത്ത് മണിക്കുശേഷമാണ് ഭവന സന്ദർശനം നടത്തുന്നത് (...ബഹളം...). രാത്രി പത്ത് മണിക്കുശേഷം ഭവന സന്ദർശനം നടത്താൻ പറഞ്ഞിട്ടില്ല. എന്നിട്ടും പല ആളുകളെയും പിടിച്ച് നിർത്തുമ്പോൾ അവർ പറയുന്നത് മൊബൈൽ ഫോൺ മറന്നുപോയതുകൊണ്ടാണ് രാത്രി പത്തുമണിക്ക് പോകേണ്ടി വന്നതെന്നാണ്...(ബഹളം...).

മി. സ്പീക്കർ: ഇതെല്ലാം വിഷയത്തിൽ ഇല്ലാത്ത കാര്യങ്ങളാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, അതായത് സി.പി.ഐ.(എം)-ന്റെ നേതാക്കന്മാർക്ക് ഇന്നുണ്ടായ സംഭവം....

മി. സ്പീക്കർ: Please conclude... അങ്ങ് ഔട്ട് ഓഫ് സിലബസിലേയ്ക്ക് പോകുകയാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, വഴിവിട്ട മാർഗ്ഗത്തിലൂടെ സമ്പാദിച്ച പണമാണ് ഷാനവാസിന്റെ കൈവശമുള്ളത്. സംസ്ഥാനത്തിന്റെ വിവിധ

ഭാഗങ്ങളിൽ സി.പി.ഐ.(എം)-ന്റെ ഒരുപാട് ഷാനവാസുമാരുണ്ട്. വഴിവിട്ട മാർഗ്ഗങ്ങളിലൂടെ, മയക്കുമരുന്ന് കച്ചവടത്തിലൂടെ പണം സമ്പാദിച്ച് അതിലൂടെ പാർട്ടിയുടെ പടികൾ ചവിട്ടികയറുകയാണ്. കുട്ടനാട്ടിലെ സാധാരണ പ്രവർത്തകർ പാർട്ടി വിട്ടുപോകുന്നത് അതുകൊണ്ടാണ്. ഈ പാർട്ടിക്കുവേണ്ടി അദ്ധ്വാനിക്കുന്നവരെയും പണിയെടുത്തവരെയും മുദ്രാവാക്യം വിളിച്ചവരെയും മാറ്റിനിർത്തി ഇതുപോലുള്ള അഴിമതിയിലൂടെയും മയക്കുമരുന്ന് കച്ചവടത്തിലൂടെയും പണം സമ്പാദിച്ചവർ സി.പി.ഐ.(എം)-ന്റെ ചവിട്ട് പടികയറുമ്പോൾ സാധാരണ പ്രവർത്തകർ പാർട്ടിയിൽനിന്ന് കൊഴിഞ്ഞുപോകുന്നത് സ്വാഭാവികമാണ്. എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. പി. പി. ചിത്തരഞ്ജൻ ഇവിടെയുണ്ട്. ഷാനവാസിനെതിരെ ഞാൻ കേട്ട ആരോപണം, അദ്ദേഹത്തെപോലും തെരഞ്ഞെടുപ്പിൽ പരാജയപ്പെടുത്താൻ ശ്രമിച്ചുവെന്നതാണ്. ഇതിനൊന്നും നിങ്ങൾ ബഹളം വച്ചിട്ടോ വെപ്രാളം കാണിച്ചിട്ടോ കാര്യമില്ല. സി.പി.ഐ.(എം) എക്കാലത്തും പിന്തുടരുന്ന ശൈലിയാണിത്. നിങ്ങളുടെ രാഷ്ട്രീയ ലൈൻ ഇതാണ്. ഇക്കാര്യം ഒരിക്കൽക്കൂടി കേരള സമൂഹത്തെ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഇതുപോലെ മയക്കുമരുന്നുമായും മദ്യമാഫിയയുമായും ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് ഒരു പാർട്ടി

തണലുകൊടുക്കാൻ തീരുമാനിച്ചാൽ നമുക്ക് നഷ്ടപ്പെടുന്നത് കേരളമായിരിക്കുമെന്ന ഓർമ്മ എല്ലാവർക്കും ഉണ്ടാകണം. അതുകൊണ്ട് അടിയന്തര പ്രാധാന്യമുള്ള ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: ഭരണപക്ഷം നിശബ്ദരായിരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിയാണ് മറുപടി പറയേണ്ടത്. ബഹുമാന്യനായ അംഗത്തിന് ചെയറിനെ നോക്കിക്കൊണ്ടാണെങ്കിലും സി.പി.ഐ.(എം)-നെ പോലുള്ള പാർട്ടിയെക്കുറിച്ച് എന്ത് അസംബന്ധവും വിളിച്ച് പറയാനുള്ള വേദിയാക്കി ഈ നിയമസഭയെ മാറ്റാൻ പറ്റില്ല. അദ്ദേഹം ഇവിടെ അവതരിപ്പിച്ച കാര്യങ്ങളെന്താണ്; എന്താണ് അദ്ദേഹം ഉദ്ദേശിക്കുന്നത്? എന്തും വിളിച്ചുപറയാൻ പറ്റുന്ന ആളാണെന്നുള്ളതുകൊണ്ട് കോൺഗ്രസ് പാർട്ടി അദ്ദേഹത്തെ ചുമതലപ്പെടുത്തിയതാണോ; ഇങ്ങനെയാണോ നിയമസഭയിൽ കാര്യങ്ങൾ അവതരിപ്പിക്കുന്നത്; ഈ രീതിയിലാണോ അടിയന്തരപ്രമേയം അവതരിപ്പിക്കേണ്ടത്? എന്തിനും ഒരു അതിര് വേണം. ആ അതിര് ലംഘിക്കാൻ പാടില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട സഭാനേതാവ് കൂടിയായ മുഖ്യമന്ത്രി റൂൾ 50 പ്രകാരം നോട്ടീസ് അവതരിപ്പിക്കാൻ പ്രതിപക്ഷം എന്നും വിളിച്ചുപറയുന്ന ആളെയാണോ നിയോഗിച്ചത് എന്നാണ് ചോദിച്ചത്. (....ബഹളം...) എനിക്ക് മറുപടി പറയണ്ടേ. ഞാൻ ചെയറിനെ നോക്കിയാണ് സംസാരിക്കുന്നത്. പ്രതിപക്ഷനേതാവെന്ന നിലയിൽ ഞാൻ തന്നെയാണ് കോൺഗ്രസ് പാർലമെന്ററി പാർട്ടിയിലെ അംഗമായ ഡോ. മാത്യു കുഴൽനാടനെ റൂൾ 50 പ്രകാരം നോട്ടീസ് അവതരിപ്പിക്കാൻ ചുമതലപ്പെടുത്തിയത്. തികഞ്ഞ ഉത്തരവാദിത്വബോധത്തോടുകൂടി കൃത്യമായ തെളിവുകളോടുകൂടിയാണ് ഡോ. മാത്യു കുഴൽനാടൻ റൂൾ 50 പ്രകാരം നോട്ടീസ് അവതരിപ്പിച്ചതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഡോ. മാത്യു കുഴൽനാടന്റെ അടിയന്തരപ്രമേയ നോട്ടീസിൽ പറഞ്ഞ കാര്യങ്ങൾക്കാണ് ഞാൻ ആദ്യം വിശദീകരണം നൽകിയത്. അദ്ദേഹം പറഞ്ഞത്, ഞാൻ പതിനഞ്ചു മിനിട്ട് സംസാരിച്ചുവെന്നാണ്. ഞാൻ 12 മിനിട്ടാണ് സംസാരിച്ചതെന്ന് ഈ സഭയിൽ എല്ലാവരും കണ്ടതാണ്. ആ കാര്യംപോലും വസ്തുതാവിരുദ്ധമായി പറയുന്ന ഒരാൾക്ക് പിന്നെ ഏത്

കാര്യത്തിലാണ് അങ്ങനെ പറഞ്ഞുകൂടാത്തത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ വ്യക്തമാക്കിയല്ലോ. ബഹുമാനപ്പെട്ട അംഗം യഥാർത്ഥത്തിൽ അദ്ദേഹത്തിന്റെ നോട്ടീസിൽ ഒതുങ്ങിനിന്നുകൊണ്ടാണോ സംസാരിച്ചത്. അദ്ദേഹം നോട്ടീസിൽ ഉന്നയിച്ച കാര്യങ്ങൾ ഇന്നിവിടെ പറഞ്ഞാൽ വിലപോവില്ലെന്ന് വിശദീകരണം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന് മനസ്സിലായി. അതുകൊണ്ടാണല്ലോ അദ്ദേഹം മണിച്ചൻ കേസിലേയ്ക്ക് പോയത്. മണിച്ചൻ കേസിലെ പ്രതികളെ അറസ്റ്റ് ചെയ്തത് എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണെന്ന് ഓർക്കണം. പക്ഷെ, മണിച്ചൻ തഴച്ചുവളർന്നത് അതിനുമുമ്പുള്ള യു.ഡി.എഫ്. ഭരണകാലത്തായിരുന്നു എന്നതാണ് വസ്തുത. സുപ്രീംകോടതിയുടെ വിധിന്യായത്തിലെ ഒരു ഖണ്ഡിക അദ്ദേഹം വായിച്ചു. ഏതെങ്കിലും ഒരു പാർട്ടിയുടെ പേര് സുപ്രീംകോടതിയുടെ വിധിയിൽ പറഞ്ഞിട്ടില്ല. ആരെക്കുറിച്ചാണ് അതിൽ പറഞ്ഞതെന്ന് ഡോ. മാത്യു കുഴൽനാടൻ വായിച്ചതോടുകൂടി വ്യക്തമായിരിക്കുകയാണ്. ഡോ. മാത്യു കുഴൽനാടനോട് ഒരുകാര്യമേ പറയാനുള്ളൂ. തുപ്പാം, പക്ഷേ മലർന്നു കിടന്നുതന്നെ തുപ്പണമെന്ന് നിർബന്ധമുണ്ടോ? യു.ഡി.എഫ്. ഭരണകാലത്താണ് മണിച്ചൻ തഴച്ചുവളർന്നത്. അറസ്റ്റ് ചെയ്ത് അഴിക്കുള്ളിലാക്കിയത് ഞങ്ങളാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഡോ. മാത്യു കുഴൽനാടൻ എന്തും വിളിച്ചുപറയുന്ന സ്ഥിതിയാണ്. അതിനെല്ലാം അതേ നാണയത്തിൽ മറുപടി പറയാമായിരുന്നു. പക്ഷെ ഇത് നിയമസഭയായിപോയില്ലേ. പൊതുസ്ഥലത്താണെങ്കിൽ, മൈതാന പ്രസംഗമാണെങ്കിൽ പറയാമായിരുന്നു. എന്നുപറഞ്ഞാൽ മൈതാനം മോശമായ സ്ഥലമെന്നല്ല. പക്ഷേ, ആ നിലവാരത്തിൽ അദ്ദേഹം പറഞ്ഞതിന് എണ്ണിയെണ്ണി മറുപടി പറയാൻ അറിയാത്ത ആളുകളല്ല ഞങ്ങൾ. പക്ഷേ സഭയുടെ അന്തസ്സ് പാലിക്കണമല്ലോ. ഡോ. മാത്യു കുഴൽനാടൻ രാഷ്ട്രീയപരമായ ആരോപണങ്ങളാണ് ഉന്നയിച്ചത്. എന്നാൽ ഞാൻ ആദ്യം മുതൽ വസ്തുതാപരമായ കാര്യങ്ങളാണ് പറഞ്ഞത്. സർക്കാർ സ്വീകരിച്ച നടപടി, റിപ്പോർട്ട് ചെയ്ത കേസ്സുകൾ, അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണം, പിടിച്ചെടുത്ത മയക്കുമരുന്നിന്റെ അളവ്, സർക്കാർ സ്വീകരിക്കുന്ന മറ്റ് ശാസ്ത്രീയമായ നടപടികൾ ഇവയെല്ലാമാണ് ചൂണ്ടിക്കാണിച്ചത്. പ്രതിപക്ഷത്തിന് അന്ധമായ രാഷ്ട്രീയവിരോധത്തിന്റെ തിമിരം ബാധിച്ചിട്ടില്ലെങ്കിൽ ഈ നടപടികൾ എത്രത്തോളം ഫലം ചെയ്തുവെന്നത് മനസ്സിലാക്കുന്നതിനായി 2022 ഡിസംബർ മാസം 14-ാം തീയതി ഇന്ത്യൻ പാർലമെന്റിൽ നൽകിയ മറുപടി ഞാൻ വായിക്കാം.

മയക്കുമരുന്ന് കേസ്സുകളിൽ ഏറ്റവും ഉയർന്ന കൺവിക്ഷൻ റേറ്റ് കേരളത്തിലാണെന്ന് മനസ്സിലാക്കണം. അത് 98.9 ശതമാനമാണ്. ഇവിടെ ആരെയെങ്കിലും സംരക്ഷിക്കാൻ ശ്രമിക്കുന്നതുകൊണ്ടോ എന്തെങ്കിലും ഒതുക്കിത്തീർക്കാൻ ശ്രമിക്കുന്നതുകൊണ്ടോ ആണോ ഈ നേട്ടം കൈവരിക്കാൻ സാധിച്ചത്? ഇത് 2017 മുതലുള്ള കണക്കാണ്. 2017-ൽ 95.9, 2018-ൽ 96.9, 2019-ൽ 97.4, 2020-ൽ 97.1, 2021-ൽ 98.9 എന്ന തോതിലാണ് കൺവിക്ഷൻ റേറ്റ്. ഈ സർക്കാർ കാര്യക്ഷമതയോടും ഇച്ഛാശക്തിയോടും നിശ്ചയദാർഢ്യത്തോടുംകൂടി പ്രവർത്തിച്ചതുകൊണ്ടാണ് ക്രമാനുഗതമായി കൺവിക്ഷൻ റേറ്റ് വർദ്ധിപ്പിക്കാൻ കഴിഞ്ഞത്. പ്രതിപക്ഷം പറഞ്ഞ എല്ലാ കാര്യങ്ങൾക്കും മൗനം പാലിക്കാൻ സർക്കാരിന് കഴിയില്ല. ചില കാര്യങ്ങൾക്കുള്ള മറുപടി ഞാൻ പറയാം. കരുനാഗപ്പള്ളി കേസ്സിൽ ലോറിയുടെ ഉടമസ്ഥൻ പ്രതിയല്ലെന്ന് സ്ഥാപിക്കാനല്ല സർക്കാർ ശ്രമിച്ചത്, പോലീസിന്റെ അന്വേഷണത്തിൽ ഇതുവരെയും അദ്ദേഹത്തിനെതിരെ തെളിവുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ്. ഇതെല്ലാം കണ്ടെത്തിയത് കേരള പോലീസാണെങ്കിൽ, ഈ പറയുന്ന ആൾക്കും അതിൽ പങ്കുണ്ടെങ്കിൽ അതും കേരള പോലീസ് കണ്ടെത്തുമെന്നുള്ളതിൽ യാതൊരു സംശയവും

ഉണ്ടാകേണ്ടതില്ല. ഒരാൾ തന്റെ വാഹനം വാടകയ്ക്ക് കൊടുക്കുകയും വാടകയ്ക്കെടുത്ത വ്യക്തി ആ വാഹനം നിയമവിരുദ്ധമായി പുകയില ഉല്പന്നങ്ങൾ കടത്തുന്നതിന് ഉപയോഗിക്കുകയും ചെയ്തു. ആ ഒറ്റ കാരണംകൊണ്ട് ആർ.സി. ഉടമസ്ഥനെതിരെ നടപടി സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ ഹരിപ്പാട് നിയോജകമണ്ഡലമുൾപ്പെടുന്ന ആലപ്പുഴ ജില്ലയിലെ എം.എൽ.എ.-യാണ്. അവിടെ നടക്കുന്ന കാര്യങ്ങൾ എന്താണെന്ന് അങ്ങ് അന്വേഷിക്കുന്നുണ്ടോ? ഈ സംഭവം നടന്നതിനുശേഷം ബഹുമാനപ്പെട്ട മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി പത്രസമ്മേളനം നടത്തി ലോറി ഉടമ കേസ്സിൽ പ്രതിയല്ലെന്ന് പറയുകയാണ്. അങ്ങനെ പറയാൻ എന്ത് അന്വേഷണമാണ് നടത്തിയത്; ഏത് പോലീസാണ് അന്വേഷണം നടത്തിയത്; ഉത്തരവാദപ്പെട്ട ഒരു മന്ത്രി ഇങ്ങനെ പറയുന്നത് ശരിയാണോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കു...പ്ലീസ്.....

ശ്രീ. എം. ബി. രാജേഷ്: സർ, അതിനുള്ള മറുപടി ഞാൻ പലതവണ വ്യക്തമാക്കിയതാണ്. ഇതുവരെയുള്ള അന്വേഷണത്തിൽ അയാൾ പ്രതിയല്ലെന്ന് മാത്രമേ അതിനർത്ഥമുള്ളൂ. ഒരു വാഹനത്തിന്റെ ആർ.സി.

ഉടമസ്ഥനെ ഇതുപോലെയുള്ള കാര്യത്തിന് ഉടൻ പ്രതിയാക്കാൻ കഴിയുമോ? മുസ്ലീംലീഗിന്റെ സുഹൃത്തുക്കൾ പ്രകോപിതരാകരുത്, ഒരു വസ്തുത ഞാൻ പറയാം. മട്ടന്നൂരിൽ ലീഗ് നിയന്ത്രണത്തിലുള്ള റിലീഫ് സെന്ററിന്റെ ആംബുലൻസിൽ നിരോധിത പുകയില ഉല്പന്നങ്ങൾ കടത്തുകയുണ്ടായി.

ശ്രീ. പി. കെ. ബഷീർ: സർ, ശിഹാബ് തങ്ങളെ അപകീർത്തിപ്പെടുത്തുന്നതിനാണ് ബഹുമാനപ്പെട്ട മന്ത്രി ഈ പ്രസ്താവന നടത്തിയത്.

ശ്രീ. എം. ബി. രാജേഷ്: സർ, ലീഗ് നേതാക്കളെക്കുറിച്ചല്ല പറഞ്ഞത്, ആ സ്ഥാപനത്തിന്റെ പേരാണ്. (.....ബഹളം......)

മി. സ്പീക്കർ: എല്ലാവരും സീറ്റുകളിൽ ഇരിക്കണം..പ്ലീസ്.....

ശ്രീ. എം. ബി. രാജേഷ്: സർ, കാള പെറ്റെന്ന് കേട്ടയുടൻ കയർ എടുക്കുന്നത് എന്തിനാണ്? നിങ്ങളാരും പ്രകോപിതരാകരുതെന്ന് ഞാൻ ആദ്യംതന്നെ പറഞ്ഞത് അതുകൊണ്ടാണ്. വസ്തുതയെന്താണെന്ന് നിങ്ങൾ കേൾക്കൂ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോയിന്റ് ഓഫ് ഓർഡർ....

<u>മി. സ്പീക്കർ</u>: അടിയന്തരപ്രമേയാവതരണ വേളയിൽ പോയിന്റ് ഓഫ് ഓർഡർ അനുവദിക്കാറില്ലെന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതല്ലേ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ഞാൻ ലീഗ് നേതാക്കളെപ്പറ്റി അനാദരവോടെ പറഞ്ഞതല്ല. (.....ബഹളം.....)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് തുടരൂ.... പ്ലീസ്.....

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ലീഗ് അംഗങ്ങൾ ദയവായി ഞാൻ പറയുന്നത് ക്ഷമയോടെ കേൾക്കണം. ഡോ. മാത്യു കുഴൽനാടൻ പറഞ്ഞതുപോലെയൊന്നും ഞാൻ സംസാരിക്കുകയില്ല, വസ്തുത മാത്രമേ പറയുകയുള്ളൂ. ഞാൻ പറഞ്ഞുവന്നത് പൂർത്തിയാക്കുന്നതിനുമുമ്പ് നിങ്ങൾ പ്രകോപിതരായാൽ എനിക്കെന്ത് ചെയ്യാൻ സാധിക്കും? ഞാൻ പറഞ്ഞുവന്നത് ഒരു ആംബുലൻസിൽ നിരോധിത പുകയിലയുല്പന്നങ്ങൾ കടത്തിയത് സംബന്ധിച്ചാണ്. ആ ആംബുലൻസ് ലീഗിന്റെ നിയന്ത്രണത്തിലുള്ള റിലീഫ് സെന്ററിന്റെ ഉടമസ്ഥതയിലുള്ളതായിരുന്നു. അതിൽ പ്രതിചേർക്കപ്പെട്ട ഒരാൾ മുസ്ലീംലീഗിന്റെ പ്രവർത്തകനാണ്. ആ കാരണംകൊണ്ട് ആർ.സി. ഉടമസ്ഥനായ ലീഗ് നേതാവിന്റെ പേരിൽ കേസ്സെടുക്കേണ്ടതുണ്ടോ; അങ്ങനെ കേസ്സെടുത്തിട്ടില്ല. അതിൽ പ്രതിയായ

ലീഗ് പ്രവർത്തകന്റെ പേരിൽ കേസ്സെടുത്തിട്ടുണ്ട്. ഈ സംഭവം നടന്നത് ഒരു റമദാൻ മാസത്തിലായിരുന്നു. അതുകൂടി നിങ്ങളെ ഓർമ്മിപ്പിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ചെയറിനെ നോക്കി സംസാരിക്കു.... പ്ലീസ്..

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാനപ്പെട്ട മാത്യു കുഴൽനാടൻ പ്രതികളെ രക്ഷപ്പെടുത്തുന്നതിനെക്കുറിച്ചൊക്കെ ഇവിടെ പറയുകയുണ്ടായി. സ്വന്തം അനുഭവത്തിന്റെ അടിസ്ഥാനത്തിലായിരിക്കും അങ്ങനെയുള്ള ആരോപണങ്ങളുന്നയിക്കാൻ അദ്ദേഹത്തിന് കഴിയുന്നത്. യൂത്ത് കോൺഗ്രസ്സിന്റെ ചിന്തൻശിബിരത്തിൽ പങ്കെടുത്ത ഒരു ദളിത് യുവതിയെ യൂത്ത് കോൺഗ്രസ് നേതാവ് മദ്യപിച്ചെത്തി പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട പരാതി നൽകിയിട്ടും അതിനെതിരെ നടപടി സ്വീകരിക്കാതെ ആ പരാതി മുക്കുകയല്ലേ നിങ്ങൾ ചെയ്തത്? പരാതി മുക്കിയ ആളുകൾ ഇവിടെയുണ്ട്, അവരുടെ പേര് വെളിപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഡോ. മാത്യു കുഴൽനാടനെപ്പോലെ അങ്ങനെ പറയുന്ന ശീലമൊന്നും എനിക്കില്ല. അവസാനം അഖിലേന്ത്യാ നേതൃത്വത്തിന് പരാതി നൽകി മാധ്യമങ്ങളിൽ വാർത്തയും കോലാഹലവുമെല്ലാം ഉണ്ടായതിനുശേഷമല്ലേ നടപടി സ്വീകരിച്ചത്? കാരണം, സംഭവം നടന്നപ്പോൾ അദ്ദേഹം

ലഹരിയിലായിരുന്നു, അതുകൊണ്ടാണ് നിലവിട്ട് പെരുമാറിയത്. ഇത്തരം സംഭവങ്ങൾ പറയാൻ തുടങ്ങിയാൽ ധാരാളം പറയാനുണ്ടാകും. അങ്ങ് അനുവദിക്കുന്ന അത്രയും സമയം പറയാനുള്ള വിവരങ്ങൾ എന്റെ കൈവശമുണ്ട്. ഇത്തരം കാര്യങ്ങളിൽ യൂത്ത് കോൺഗ്രസ്സിന്റെയും യു.ഡി.എഫ്.-ന്റെയുമൊക്കെ നിലപാട് ഇതാണ്. കൊറിയർ വഴി മയക്കുമരുന്ന് കടത്തിയതിന് യൂത്ത് ലീഗിന്റെ കുട്ടിലങ്ങാടി പഞ്ചായത്ത് സെക്രട്ടറിയായ താഹ ഉമ്മർ അറസ്റ്റ് ചെയ്യപ്പെട്ടില്ലേ? അദ്ദേഹത്തിനെ പിടികൂടിയത് ബംഗളൂരു നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയാണ്. ഇക്കാര്യത്തിൽ ഞാൻ ആക്ഷേപമാണ് പറയുന്നതെന്ന് പ്രതിപക്ഷത്തിന് പറയാൻ സാധിക്കുമോ? യു.ഡി.എഫ്.-ന്റെ ഇത്രയും ആളുകൾ പിടിയിലായെന്ന് സ്ഥാപിക്കാനല്ല ഞാൻ ഇതെല്ലാം പറയുന്നത്. ഡോ. മാത്യു കുഴൽനാടൻ പറഞ്ഞതുകൊണ്ട് ഇത്തരം കാര്യങ്ങൾ എനിക്ക് പറയേണ്ടിവന്നതാണ്. എന്തും വിളിച്ചുപറയാമെന്ന രീതി ഒരു സാമർത്ഥ്യമായി കണക്കാക്കാൻ കഴിയില്ല. ഇങ്ങനെ പറയാൻ തുടങ്ങിയാൽ നിരവധി സംഭവങ്ങളുണ്ട്. നേരത്തെ എസ്.എഫ്.ഐ.-യെപ്പറ്റി പറഞ്ഞു. ശാസ്താംകോട്ട കോളേജിൽ ലഹരി ഉപയോഗത്തിന്റെ പേരിൽ പ്രതി ചേർക്കപ്പെട്ട കെ.എസ്.യു. പ്രവർത്തകർക്കെതിരെ ഇപ്പോൾ അന്വേഷണം

നടന്നുവരികയാണ്. മേപ്പാടി പോളിടെക്നിക്കിന്റെ കാര്യം കഴിഞ്ഞ സഭയിലും സഭയ്ക്ക് പുറത്തും ഞാൻ പറഞ്ഞിരുന്നു. കേസ്സ് കൊടുക്കുമെന്നെല്ലാം ഭീഷണിയുണ്ടായിരുന്നു. പറഞ്ഞത് പറഞ്ഞതുതന്നെയാണ്, അവയെല്ലാം വസ്തുതയുമാണ്. ശ്രീകണ്ഠാപുരത്തെ ഒരു കോൺഗ്രസ് കൗൺസിലറുടെ സഹോദരൻ മയക്കുമരുന്ന് കേസ്സിൽ പിടിക്കപ്പെട്ടില്ലേ? ബഹുമാനപ്പെട്ട സ്പീക്കർ സമയം അനുവദിക്കുകയാണെങ്കിൽ നിങ്ങൾ ആവശ്യപ്പെടുന്ന മുഴുവൻ പേരുടേയും വിശദവിവരം നൽകാൻ ഞാൻ തയ്യാറാണ്. ആ ലിസ്റ്റ് മുഴുവൻ ഞാൻ വായിച്ചാൽ പ്രതിപക്ഷം ഇപ്പോൾത്തന്നെ സഭയ്ക്കുപുറത്തേയ്ക്ക് പോകേണ്ടിവരും. എന്റെ കൈവശമിരിക്കുന്നത് ലഹരിയുമായി ബന്ധമുള്ള നിങ്ങളുടെ ആളുകളുടെ വിവരങ്ങളാണ്. ബഹുമാനപ്പെട്ട സ്പീക്കർ സമയം അനുവദിച്ചാൽ ഇവയെല്ലാം ഞാൻ വായിക്കാം.

മി. സ്പീക്കർ: ഇല്ല. പ്ലീസ് കൺക്ലൂഡ്.....

ശ്രീ. എം. ബി. രാജേഷ്: സർ, അതുകൊണ്ട് മയക്കുമരുന്നിനെതിരായ പോരാട്ടം നമ്മൾ യോജിച്ച് നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. യു.ഡി.എഫ്. ഒരു ഘട്ടത്തിൽ യോജിക്കാമെന്ന് വാക്ക് നൽകിയെങ്കിലും ജനങ്ങളെല്ലാം അതിനുപിന്നിൽ അണിനിരക്കുന്നുവെന്ന് കണ്ടപ്പോൾ നിങ്ങൾക്ക് വേവലാതിയുണ്ടാവുകയും

ഇതിന്റെ രാഷ്ട്രീയനേട്ടം സർക്കാരിന് ലഭിച്ചാലോയെന്ന് ഭയപ്പെടുകയും ചെയ്തു. കുറുക്കന്റെ കണ്ണ് എപ്പോഴും കോഴിക്കൂട്ടിലാണെന്ന് പറയുന്നതുപോലെ, ഇവരുടെ കണ്ണ് എപ്പോഴും രാഷ്ട്രീയ ലാഭത്തിന്മേലാണ്. നാട്ടിൽ എത്ര വലിയ സാമൂഹിക വിപത്തുണ്ടായാലും ആ വിപത്തുപയോഗിച്ച് രാഷ്ട്രീയ നേട്ടമുണ്ടാക്കാൻ കഴിയുമോയെന്ന നിരാശയുടെ പടുകുഴിയിൽ നിന്നാണ് ഇവർ ചിന്തിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഞങ്ങൾ ക്രിയാത്മക പ്രതിപക്ഷമായി പ്രവർത്തിക്കുമെന്ന് ഈ സഭയുടെ തുടക്കത്തിൽ പറയുകയുണ്ടായി. ക്രിയാത്മക പ്രതിപക്ഷമായി പ്രവർത്തിക്കാൻ കഴിയുന്ന ഈ അവസരംപോലും നിങ്ങൾക്ക് ഉപയോഗിക്കാൻ കഴിയില്ലെങ്കിൽ, ക്രിയാത്മകതയുടെ ഒരംശംപോലും പ്രകടിപ്പിക്കാൻ കഴിയില്ലെങ്കിൽ ഏത് കാര്യത്തിലാണ് ഒരു പൊതുതാൽപ്പര്യത്തിനുവേണ്ടി ഒരുമിച്ച് നിൽക്കാൻ കഴിയുക? അതുകൊണ്ട് ഈ പോരാട്ടത്തെ ഭിന്നിപ്പിക്കുന്നതും ദുർബ്ബലപ്പെടുത്തുന്നതും ലഹരി മാഫിയയെ സഹായിക്കാൻവേണ്ടിയാണ്. അതാണ് നിങ്ങളുടെ താൽപ്പര്യമെന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ കുറ്റപ്പെടുത്താൻ കഴിയുമോ? അതുകൊണ്ട് കേരളം ഒറ്റക്കെട്ടായി ഏറ്റെടുത്തിട്ടുള്ള, ഇടതുപക്ഷത്തോട് എതിർപ്പുള്ളവർപോലും ഈ സർക്കാരിനോടൊപ്പം അണിനിരക്കുന്ന വിഷയമാണിത്. യഥാർത്ഥത്തിൽ

സർക്കാരിനൊപ്പമെന്നല്ല, സർക്കാരും ജനങ്ങളും ചേർന്നുനടത്തുന്ന പോരാട്ടത്തെ ഭിന്നിപ്പിക്കാൻ മാത്രം ലക്ഷ്യംവച്ചുകൊണ്ടുള്ള ഈ അടിയന്തരപ്രമേയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഈ പ്രശ്നത്തിൽ ഞാൻ പറയാത്തൊരു കാര്യമാണ് ഇവിടെ ഉന്നയിച്ചത്. ഏതെങ്കിലുമൊരു മാധ്യമത്തിൽ അങ്ങനെ പറഞ്ഞുവെന്നതിന്റെ തെളിവ് തന്നാൽ എന്റെ പൊതുപ്രവർത്തനം അവസാനിപ്പിക്കുമെന്ന് ഞാൻ അറിയിക്കുകയാണ്. കാരണം, ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞത് 'പാർട്ടി എന്ന നിലയിൽ സംഘടനാപരമായി എടുത്ത ഒരു നടപടി സംബന്ധിച്ച് എന്നോട് ചോദിച്ചു. ഞാൻ പറഞ്ഞത്, പോലീസ് അന്വേഷിക്കും, ഇക്കാര്യത്തിൽ അയാൾക്ക് ജാഗ്രതക്കുറവ് വന്നിട്ടുണ്ടോയെന്ന് പാർട്ടി പരിശോധിക്കുന്നുണ്ട്. അതിന്റെ പേരിൽ അന്വേഷണത്തെ ഒരുവിധത്തിലും സ്വാധീനിക്കാൻ പാടില്ല. പാർട്ടി മെമ്പർഷിപ്പിൽനിന്നും അയാളെ സസ്പെന്റ് ചെയ്തു. പാർട്ടി അത് അന്വേഷിക്കുന്നുണ്ട്. കുറ്റവാളിയാണെങ്കിൽ കടുത്ത നടപടി സ്വീകരിക്കും' എന്നാണ്.

ഒരു കാര്യംകൂടി പറയാനുണ്ട്. ഡോ. മാത്യു കുഴൽനാടന് സി.പി.ഐ.(എം) ബന്ധം എന്താണെന്ന് അറിയില്ല. ഇത് തോന്ന്യാസം വിളിച്ചുപറയാനുള്ള വേദിയല്ല. എന്നെപ്പോലെ ഉത്തരവാദപ്പെട്ടൊരു സ്ഥാനത്തിരിക്കുന്ന ആളെക്കുറിച്ച് ബഹുമാനപ്പെട്ട രമേശ് ചെന്നിത്തലയെപ്പോലൊരാൾ ഇങ്ങനെയൊരു ആരോപണമുന്നയിക്കുന്നത് ശരിയാണോ; അദ്ദേഹം ആലപ്പുഴയിൽവന്ന് ഉന്നയിച്ചല്ലോ; അദ്ദേഹത്തിന്റെ കൈവശം തെളിവുണ്ടോ; എന്തുകൊണ്ടാണ് അദ്ദേഹം അടിയന്തരപ്രമേയം കൊണ്ടുവരാതിരുന്നത്; എന്ത് തോന്ന്യാസവും പറയാൻ പറ്റിയൊരാളെ അദ്ദേഹം ചുമതലപ്പെടുത്തിയതുകൊണ്ടാണ് ഇത് പറഞ്ഞത്. (...ബഹളം...) ധൈര്യമായി ശ്രീ. രമേശ് ചെന്നിത്തലതന്നെ അടിയന്തരപ്രമേയം അവതരിപ്പിക്കണമായിരുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി, പ്ലീസ് കൺക്ലൂഡ്. കൂടുതൽ സമയം അനുവദിക്കാൻ കഴിയില്ല. ശ്രീ. എം. വിൻസെന്റ്, അങ്ങ് സീറ്റിൽ പോയി ഇരിക്കൂ.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ആരും ബഹളം വയ്ക്കേണ്ടതില്ല. ആലപ്പുഴയിൽ മലവെള്ളപ്പാച്ചിലുണ്ടാകുമെന്ന് പറഞ്ഞു. ഒരു മലവെള്ളപ്പാച്ചിലുമില്ല.

ഒൻപതിൽ എട്ട് സീറ്റും ജയിച്ചത് സി.പി.ഐ.(എം)-ന്റെയും ഇടതുപക്ഷത്തിന്റെയും കരുത്തുകൊണ്ടാണ്. അത് തകർക്കാൻവച്ച വെള്ളമങ്ങ് വാങ്ങിവച്ചാൽ മതി. ആലപ്പുഴയിലെ സി.പി.ഐ.(എം) സംഘടനാപരവും രാഷ്ട്രീയപരവുമായി അതിശക്തമായി മുന്നോട്ടുപോകുന്നുവെന്ന് ഭയപ്പെട്ടുകൊണ്ടാണ് ഇത്തരമൊരു വ്യാജപ്രചരണം ഇവിടെ കൊണ്ടുവന്നത്. ഒരു കുറ്റവാളിയെയും സി.പി.ഐ.(എം) സംരക്ഷിക്കില്ല. ചെറിയ കുറ്റങ്ങൾപോലും പരിശോധിക്കുന്ന പാർട്ടിയെന്നുള്ള നിലയിൽ ഏത് കാര്യവും പരിശോധിച്ച് കുറ്റം തെളിഞ്ഞാൽ കടുത്ത നടപടി സ്വീകരിക്കും. അതിനുള്ള ക്രെഡിബിലിറ്റി കേരളത്തിലെ സി.പി.ഐ.(എം)-ന് ഉണ്ടെന്ന് നിങ്ങൾ മനസ്സിലാക്കണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഡോ. മാത്യു കുഴൽനാടൻ സൂചിപ്പിച്ചതുപോലെ, കേരളത്തെ കാർന്നുതിന്നുന്ന അപകടകരമായ അർബുദമാണ് മയക്കുമരുന്ന് ഉപയോഗമെന്ന്

ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് തികഞ്ഞ ഉത്തരവാദിത്വബോധത്തോടുകൂടി ഞങ്ങൾ ആദ്യമായി അന്ന് മയക്കുമരുന്ന് ഉപയോഗം കേരളത്തിൽ വർദ്ധിക്കുന്നുവെന്ന വിഷയം ഉന്നയിച്ചത്. അപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, കേരളത്തിൽ മയക്കുമരുന്നിന് എതിരായിട്ടുള്ളൊരു വലിയ ക്യാമ്പയിനാക്കി ഇതിനെ മാറ്റുമെന്ന് പ്രഖ്യാപിച്ചപ്പോൾ ഈ സഭയിൽവച്ചുതന്നെ ഞങ്ങൾ അതിന് പൂർണ്ണമായ പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു. പക്ഷെ, തുടർന്ന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും റിപ്പോർട്ടുകൾ വരുന്നുണ്ട്. എന്റെ കൈവശമുള്ള റിപ്പോർട്ടുകൾ മുഴുവൻ ഞാൻ വായിച്ചാൽ നിയമസഭാ ചരിത്രത്തിൽ ആദ്യമായി ഭരണപക്ഷത്തിന് വാക്കൗട്ട് നടത്തേണ്ട സ്ഥിതിവരും. സമയക്കുറവുകൊണ്ട് ഞാനത് വായിക്കുന്നില്ല. അത്രമാത്രം റിപ്പോർട്ടുകൾ പുറത്തുവന്ന സാഹചര്യത്തിലാണ് ഈ വിഷയം 2022 ഡിസംബർ 9-ാം തീയതി സഭയിൽ കൊണ്ടുവരികയും അപകടകരമായൊരു കാര്യമുണ്ടെന്നും political patronage കൊടുക്കരുതെന്നും എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തണമെന്നും ആവശ്യപ്പെട്ടത്. എൻഫോഴ്സ്മെന്റ് കേസെടുക്കുന്നുണ്ട്. എന്നാൽ ultimate carriers-ന്റെ പേരിൽ കേസെടുത്തുകൊണ്ട് മാത്രമാണോ മയക്കുമരുന്ന് ഉപയോഗം

നിയന്ത്രിക്കുന്നത്? ഇതിന്റെ റാക്കറ്റും സോഴ്സും കണ്ടെത്തണം, എവിടെനിന്നാണ് ഇത് വരുന്നതെന്ന് അറിയണം. അതിനുവേണ്ടി ഇതുവരെ എന്തെല്ലാം പ്രവർത്തനങ്ങളാണ് എൻഫോഴ്സ്മെന്റിന്റെ ഭാഗമായി കേരളത്തിൽ നടന്നിട്ടുള്ളത്? ഇത് വ്യാപകമാകുന്നതിനാൽ കുറേ ആളുകളെ പിടിക്കുന്നുണ്ട്. ആളുകളെ പിടിക്കണമെന്ന് എക്സൈസും പോലീസും തീരുമാനിച്ച് റോഡിലേയ്ക്ക് ഇറങ്ങിയാൽ മതി. ഏത് കലുങ്കിന്റെ അടിയിലും ഒഴിഞ്ഞ വീട്ടിലും ഒഴിഞ്ഞ സ്ഥലത്തുമെല്ലാം ഇത് ഉപയോഗിക്കുന്നവരെ കാണാൻ കഴിയും. അങ്ങനെ പിടിക്കുന്നതുകൊണ്ട് കേസിന്റെ എണ്ണം വർദ്ധിപ്പിക്കാൻ മാത്രമേ സാധിക്കുകയുള്ളൂ. അതുകൊണ്ടുമാത്രം കേരളത്തിൽ മയക്കുമരുന്നുപയോഗം കുറഞ്ഞിട്ടുണ്ടോയെന്ന് ആത്മപരിശോധന നടത്തണം. അത്തരം പരിശോധന നടക്കുന്നില്ല. അതുകൊണ്ടാണ് എൻഫോഴ്സ്മെന്റ് തൃപ്തികരമല്ലെന്ന നിലപാടെടുത്തത്. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്താൻ വേണ്ടിയാണ് പ്രതിപക്ഷം ഇത് പറയുന്നത്. രണ്ടാമത്തെ കാര്യം, ഇത്തരം കാര്യങ്ങളിൽ political patronage ഉണ്ടാകുന്നു എന്നുള്ളതാണ്. ആളുകളെ രാഷ്ട്രീയമായി സംരക്ഷിക്കുന്നു. ഇവിടെ പറഞ്ഞതുപോലെ, കരുനാഗപ്പള്ളിയിൽ പിടിച്ചത് നിരോധിത പുകയില ഉൽപ്പന്നങ്ങളാണ്. 'Catch the young' എന്നതാണ് ഡ്രഗ് മാഫിയയുടെ

ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം. അവർ അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളെ മുതൽ പിടിക്കും. ആദ്യം കൊടുക്കുന്നത് എം.ഡി.എം.എ. ഒന്നുമല്ല, പുകയില ഉൽപ്പന്നങ്ങളാണ്. ഈ കേസിലെ എഫ്.ഐ.ആർ. വായിച്ചുനോക്കണം. 'പ്രതികൾ നിരോധിത പുകയില ഉൽപ്പന്നങ്ങൾ സ്കൂൾ കുട്ടികൾക്കും മറ്റും വിൽപ്പന നടത്തി അമിതാദായമുണ്ടാക്കണമെന്നുള്ള ഉദ്ദേശ്യത്തോടും കരുതലോടുംകൂടി....' എന്നിങ്ങനെയാണ് എഫ്.ഐ.ആർ.-ലുള്ളത്. കരുനാഗപ്പള്ളി മോഡൽ ഹൈസ്കൂളിന് മുൻവശം, എൻ.എച്ച്. റോഡിന്റെ പടിഞ്ഞാറുവശം മാർജിനിൽ പാർക്ക് ചെയ്തിരുന്ന വാഹനമാണ് പിടിച്ചെടുത്തത്. മയക്കുമരുന്നും എം.ഡി.എം.എ.-യും സിന്തറ്റിക് കെമിക്കലുമൊന്നുമല്ല, ഇത് വെറും പുകയില ഉൽപ്പന്നമാണെന്നുള്ള ലാഘവത്തോടെയല്ല ഈ വിഷയം കൈകാര്യം ചെയ്യേണ്ടത്. വളരെ ഗൗരവത്തോടെ കൈകാര്യം ചെയ്യണം. വാഹന ഉടമയെ അറസ്റ്റ് ചെയ്തില്ല. എങ്ങനെയാണ് വാഹന ഉടമയെ അറസ്റ്റ് ചെയ്യുക എന്നാണ് ചോദിച്ചത്. ലഹരിവിരുദ്ധ ക്യാമ്പയിൻ ഉദ്ഘാടനം ചെയ്യുകയും ശേഷം ലഹരിക്കടത്തിന് ചുക്കാൻ പിടിക്കുകയും ചെയ്യുകയാണ്. തിരുവനന്തപുരത്ത് ഉൾപ്പെടെ എത്രയാളുകളുടെ പേരുകളാണ് പറയേണ്ടത്; എത്രയെത്ര വീഡിയോ ക്ലിപ്പുകളാണ് സോഷ്യൽ മീഡിയയിൽ കറങ്ങിക്കൊണ്ടിരിക്കുന്നത്.

ഇവരെല്ലാം വളരെ പ്രധാനപ്പെട്ട സ്ഥാനത്തിരിക്കുന്ന ആളുകളാണ്. ഞാൻ ഒരു സംഘടനയുടെയും പേര് പറയുന്നില്ല. ആ സംഘടനകളുടെയും യുവജന വിദ്യാർത്ഥി സംഘടനകളുടെയുമെല്ലാം പ്രധാനപ്പെട്ട സ്ഥാനത്തിരിക്കുന്ന ആളുകൾ ഈ ലഹരിവിരുദ്ധ പരിപാടിയിൽ പങ്കെടുത്ത് തിരിച്ചുവന്ന് കാണിച്ചുകൂട്ടിയ കോപ്രായങ്ങൾ നാട്ടിലെല്ലാവർക്കും അറിയാവുന്നതല്ലേ; എന്തെല്ലാം റിപ്പോർട്ടുകൾ പുറത്തുവന്നു. ഉപ്പുതറയിൽനിന്നും ഇന്നലെ പിടിച്ചിട്ടുണ്ട്. പാർട്ടിയുമായി ബന്ധമുള്ള ആളുകൾ അവിടെയുമുണ്ട്. തലശ്ശേരിയിലെ കൊലപാതകത്തിന്റെ പിന്നിൽ മയക്കുമരുന്ന് മാഫിയയായിരുന്നുവെന്നുള്ളത് നമുക്കെല്ലാവർക്കുമറിയാം. ആലപ്പുഴയിലും ഇതേ ആളുകൾ തന്നെയാണ്. 2022 ആഗസ്റ്റ് 24-ന് അര കോടി രൂപയുടെ ലഹരി കടത്തിയ കേസിൽ പാർട്ടി അംഗങ്ങളായ വിജയകൃഷ്ണൻ, റഫ്സൽ, കരുനാഗപ്പള്ളി കേസിലെ പ്രതി ഇജാസ് എന്നിവരുൾപ്പെടെയുള്ളവരെ സൗത്ത് പോലീസ് അറസ്റ്റ് ചെയ്തിരുന്നു. ഡി.വൈ.എഫ്.ഐ. മേഖലാ ട്രഷറർ കൂടിയായ വിജയകൃഷ്ണൻ, റഫ്സൽ എന്നിവരെ ജാമ്യത്തിലിറക്കാനായി പോലീസ് സ്റ്റേഷനിൽ ഹാജരായത് സംഘടനയുടെതന്നെ ഒരു മേഖലാ സെക്രട്ടറിയും പാർട്ടിയംഗവുമായ സിനാഫായിരുന്നു. 2022 ആഗസ്റ്റ് 24-ന് വേറെ കേസും ഉണ്ടായിട്ടുണ്ട്. നിരപരാധിയാണെന്ന് പറയുന്ന, ഇതുവരെ

തെളിവുകൾ കിട്ടാത്ത ഒരാൾ ആഗസ്റ്റ് 24-ാം തീയതി ലഹരി കടത്തിയ കേസിലെ പ്രതികളുമായി കരുനാഗപ്പള്ളി കേസ് പിടിക്കുന്നതിനുമുമ്പ് ടർഫിൽ ജൻമദിനാഘോഷത്തിൽ പങ്കെടുത്തിരുന്നു. അതിൽ പങ്കെടുത്തവരുടെ പേരൊന്നും ഞാൻ പറയുന്നില്ല. അങ്ങനെ പറയുന്നത് മോശമാണ്. ആരോപണവിധേയനായ ഷാനവാസിന്റെ ജൻമദിനാഘോഷത്തിൽ, ലഹരിമരുന്ന് കടത്തിയ കേസിൽ കഴിഞ്ഞ ആഗസ്റ്റ് 24-ന് പോലീസ് അറസ്റ്റ് ചെയ്തവരുമുണ്ട്. അവർ തന്നെയാണ് കരുനാഗപ്പള്ളി കേസിൽ ലോറിയിൽ പോയി ഇത് ചെയ്തിരിക്കുന്നത്. ഇനി എവിടെ നിന്നാണ് തെളിവ് വേണ്ടത്; ആലപ്പുഴ കേസിലെ പ്രതികൾ തന്നെയാണ് കരുനാഗപ്പള്ളി കേസിലെയും പ്രതികൾ. ജൻമദിന പാർട്ടിക്ക് കൂടുക, സ്വന്തം വാഹനം വിട്ടുകൊടുക്കുക, പുകയില ഉൽപ്പന്നം വിൽപ്പന നടത്തുക, അറസ്റ്റ് ചെയ്യുമ്പോൾ വേറൊരു കരാറുണ്ടാക്കി ഇടുക്കിയിലുള്ള ഒരാളുടെ പേര് ചേർക്കുക എന്നിങ്ങനെയാണ് നടക്കുന്നത്. ഇടുക്കിയിലുള്ള ആളെ ഇതുവരെ കിട്ടിയിട്ടില്ല. അയാൾ അവിടെയൊന്നും കാണില്ല. ചിലപ്പോൾ അഡ്രസ് പോലും ഉണ്ടാകില്ല. അയാളുടെ പേരിൽ ഒരു കേസുണ്ടാക്കുക, കരാറുണ്ടാക്കുക, പ്രസ്തുത വാഹനം വാടകയ്ക്ക് കൊടുക്കുക ഇതൊക്കെ പറഞ്ഞാൽ ആര് വിശ്വസിക്കും?

ബഹുമാനപ്പെട്ട മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ഇവിടെ പ്രസ്താവന നടത്തി. അത് മാധ്യമങ്ങളിൽ വന്ന കാര്യമാണ്. മന്ത്രിയെന്ന നിലയിൽ ശ്രീ. സജി ചെറിയാൻ അത് പറയാൻ പാടില്ലായിരുന്നു. അദ്ദേഹം പറഞ്ഞ വാചകം മാധ്യമങ്ങളിൽ വന്നത് ഞാൻ ക്വാട്ട് ചെയ്യാം. "ഞങ്ങളെ സംബന്ധിച്ച് ഷാനവാസിനെതിരെ തെളിവില്ല. പക്ഷെ, വേണ്ടത്ര ജാഗ്രത പാലിച്ചില്ല". എന്താണ് ജാഗ്രത പാലിക്കാതിരുന്നത്; വണ്ടി വേറൊരാൾക്ക് വാടകയ്ക്ക് കൊടുത്തതിന് പാർട്ടിയുടെ അനുവാദം കിട്ടിയിട്ടില്ല. അതിൽ ജാഗ്രത കാണിച്ചില്ലെന്നാണോ; ജാഗ്രത കാണിച്ചില്ലെന്ന വാചകംതന്നെ ആളുകളെ രക്ഷിക്കാൻവേണ്ടി ഉപയോഗിക്കുന്നതാണെന്ന് നമുക്കെല്ലാമറിയാമല്ലോ. എന്ത് ജാഗ്രതയാണ് അയാൾ കാണിക്കാതിരുന്നത്? അയാൾക്ക് ലഹരിക്കടത്തിൽ ഒരു പങ്കുമില്ല എന്നത് സമ്മതിച്ചു. എന്ത് ജാഗ്രതയാണ് അയാൾ കാണിക്കാതിരുന്നത്; പിന്നെ സി.പി.ഐ.(എം) പ്രവർത്തകർ പ്രതിയാകുമ്പോൾ വാർത്തയാക്കുന്ന മാധ്യമങ്ങൾ മറ്റു പാർട്ടി പ്രവർത്തകരുടെ കാര്യത്തിൽ ഇങ്ങനെ കാണിക്കുന്നില്ല തുടങ്ങിയ കാര്യങ്ങളാണ് പറയുന്നത്. വേറെയും നിരവധി ആരോപണങ്ങൾ പാർട്ടിയിൽ വന്നു. മുൻമന്ത്രിയായിരുന്ന ശ്രീ. ജി. സുധാകരൻ, ആലപ്പുഴ എം.എൽ.എ.-ആയ

ശ്രീ. പി. പി. ചിത്തരഞ്ജൻ, ആലപ്പുഴ ജില്ലാ സെക്രട്ടറിയായിരുന്ന ശ്രീ. ആർ. നാസർ എന്നിവർക്കെതിരെയെല്ലാം ആരോപണങ്ങൾ വന്നു. അവരെല്ലാം ബഹുമാനപ്പെട്ട മന്ത്രി ശ്രീ. സജി ചെറിയാനെതിരെ ഒരു ഗ്യാംഗ് ഉണ്ടാക്കിയിട്ട്, ശ്രീ. സജി ചെറിയാനുമായി ഏറ്റവുമധികം ബന്ധമുള്ള ശ്രീ. ഷാനവാസിനെ കുരുക്കാൻ നോക്കിയതാണെന്ന് പറഞ്ഞു. അപ്പോൾ അവർ തിരിച്ചടിച്ചു, അപ്പോൾ ശ്രീ. പി. പി. ചിത്തരഞ്ജന് വളരെ സന്തോഷമായി, അദ്ദേഹത്തിന്റെ മുഖം കറുക്കുന്ന ഒരു പരിപാടി, മന്ത്രി ശ്രീ. സജി ചെറിയാന്റെ നേതൃത്വത്തിൽ 34 പേരുടെ അശ്ലീല ദൃശ്യങ്ങളടങ്ങിയ ഒരു വീഡിയോയും പുറത്തുവന്നു. ആ വീഡിയോ എല്ലാവരുടെയും കയ്യിലുണ്ടല്ലോ? മുഖ്യമന്ത്രി ശ്രദ്ധിക്കേണ്ടത്, അവിടത്തെ പാർട്ടിയിൽ ഇരുവിഭാഗവും തമ്മിൽ നടക്കുന്ന പ്രശ്നമായി ഞങ്ങൾക്ക് അതിനെ കാണാൻ കഴിയില്ലെന്നതാണ്. അങ്ങനെയാണെങ്കിൽ ഞങ്ങൾ അതിൽ ഉറപ്പായും ഇടപെടുകയില്ലായിരുന്നു. പക്ഷെ ഈ രണ്ടു വിഭാഗവും സാമൂഹ്യവിരുദ്ധൻമാരെ പ്രോത്സാഹിപ്പിക്കുന്നുവെന്നതാണ് ഞങ്ങളുടെ പ്രശ്നം. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന വന്നയുടനെതന്നെ ഇവിടത്തെ പോലീസ് ഇത് അന്വേഷിച്ച് ഒരു കുഴപ്പവുമില്ലെന്നുള്ള നിലപാട് സ്വീകരിച്ചു. ഡിസ്ട്രിക്ട് സ്പെഷ്യൽ ബ്രാഞ്ച് ഇയാളെ പൂർണ്ണമായി exonerate ചെയ്തു,

ഇയാൾക്ക് അതിൽ പങ്കില്ലെന്ന് പറഞ്ഞു. സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ചിന്റെ ഒരു റിപ്പോർട്ട് മാധ്യമങ്ങളിൽ വന്നു, ഷാനവാസിനെക്കുറിച്ച് സ്വാഭാവികമായും സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് അന്വേഷിക്കും. ആ അന്വേഷണ റിപ്പോർട്ടിൽ അയാളെക്കുറിച്ചുള്ള മുഴുവൻ വിവരങ്ങളും പറഞ്ഞിട്ടുണ്ട്. 'കേബിൾ നെറ്റ്‌വർക്ക് പരിപാടിയാണ്, പാർട്ടി നേതാവാണ്, കൂടാതെ ടിയാന് റിയൽ എസ്റ്റേറ്റ് ബിസിനസ്സുള്ളതായും ആലപ്പുഴ തിരുവമ്പാടി ജംഗ്ഷന് തെക്കുവശമുള്ള ക്യാബിനറ്റ് സിറ്റി എന്ന പേരിൽ ടർഫും ടീ ഷോപ്പ് സ്ഥാപനവും സൗത്ത് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 723/2022, കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 40/2023 കേസ്സുകളിലെ പ്രതിയും ബിനാമിയായ ഇജാസും മറ്റ് 8 പേരും കൂടി നടത്തിവരുന്നതായി അന്വേഷണത്തിൽ അറിവായിട്ടുള്ളതാണ് ' എന്നാണ്. ജൻമദിനത്തിന്റെ പാർട്ടി നടന്ന സ്ഥലം ഇവരുടെയെല്ലാം ജോയിന്റ് ഓണർഷിപ്പിലുള്ളതാണ്. ആ കേസ്സിലെ പ്രതിക്കാണ് ലോറി കൊടുത്തത്. 'ടിയാൻ സാമ്പത്തിക ഇടപാടുകളിൽ ഇടനിലക്കാരനായി പ്രവർത്തിക്കുകയും അവരിൽനിന്നും വിഹിതം കൈപ്പറ്റാറുണ്ടെന്നും കൂടാതെ ആലപ്പുഴയിലെ നിരവധി ക്രിമിനൽ ക്വട്ടേഷൻ സംഘങ്ങളുമായി അടുത്ത ബന്ധമുള്ളതായും അറിവായിട്ടുള്ളതാണ്. ടിയാൻ രാഷ്ട്രീയ പിൻബലത്തോടെയാണ് ഇത്രയും സാമ്പത്തികാവസ്ഥയിൽ

എത്തിച്ചേർന്നിട്ടുള്ളത്. ഇതുകൂടാതെ നിരവധി ക്രിമിനൽ കേസ്സുകളിൽ പ്രതിയായ പത്തനംതിട്ട ജില്ലയിൽ കോഴഞ്ചേരി പഞ്ചായത്ത് 15-ാം വാർഡിൽ കോഴഞ്ചേരി ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ഗിരീഷ് മകൻ ഷാരോൺ (വയസ്സ്-31) എന്നയാൾക്ക്, വലിയൊരു ക്രിമിനലിന് 15,000 രൂപ വാടകയ്ക്ക് വീട് തരപ്പെടുത്തിക്കൊടുത്തിട്ടുണ്ട്, എല്ലാ പരിപാടിയുമുണ്ട്. ഇദ്ദേഹത്തിന് രണ്ട് ഇന്നോവ കാറുകൾ, ഒരു പിക്ക്-അപ്പ് വാൻ, ഭാരത് ബെൻസ് ലോറി ഇതെല്ലാമുണ്ട്. ഷാനവാസിന്റെ ഈ പ്രവർത്തിയിൽ അസംതൃപ്തിയുള്ള പാർട്ടിയിലെ ആരെങ്കിലുമായിരിക്കും ടിയാന്റെ സാമ്പത്തിക സ്രോതസ്സ് അറിയണമെന്ന് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിൽ പരാതി അയച്ചിട്ടുള്ളതെന്നും അറിയുന്നു. പരാതി അയച്ച ആളെ അന്വേഷണത്തിൽ അറിവായിട്ടില്ല'. ഇത് സ്പെഷ്യൽ ബ്രാഞ്ചിന്റെ റിപ്പോർട്ടാണ്. ഒരു പൊതുപ്രവർത്തകനുണ്ടാകേണ്ട ധാർമ്മികതയോ മൂല്യങ്ങളോ കാത്തുസൂക്ഷിക്കാതെ ക്രിമിനൽ ക്വട്ടേഷൻ സംഘങ്ങളുമായും ലഹരി മാഫിയകളുമായും അവിശുദ്ധ ബന്ധമുള്ളതായും ടി പ്രവർത്തികളിലൂടെ ലഭിക്കുന്ന പണം ടിയാൻ ബിനാമി ഇടപാടുകൾക്ക് വിനിയോഗിക്കുന്നതായും അറിയുന്നു. സി.പി.ഐ.(എം) കൗൺസിലറും ആലപ്പുഴ മുനിസിപ്പൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനുമായ ഷാനവാസിനെതിരെ

ശക്തമായ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ വരുംദിവസങ്ങളിൽ പ്രതിപക്ഷ രാഷ്ട്രീയ കക്ഷികൾ വിവിധ പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കാനും അതുവഴി സർക്കാരിന് അവമതിപ്പുണ്ടാകാനും സാധ്യതയുണ്ട്. ഇക്കാര്യമാണ് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി ഇതുവരെ ഒരു തെളിവുമില്ലെന്നും ഇയാൾ പാർട്ടിക്കാരനാണെന്നും പാർട്ടിയുടെ നേതാവാണെന്നും ഇതിൽ ഇടപെട്ടിട്ടില്ലെന്നും പറഞ്ഞത്. ഇദ്ദേഹവും ഈ ഇടപാടിൽ അറസ്റ്റ് ചെയ്യപ്പെട്ടയാളും തമ്മിലുള്ള കൃത്യമായ ബന്ധങ്ങൾ, വ്യക്തമായ തെളിവുകളോടുകൂടിത്തന്നെ അവിടെ അങ്ങാടിപ്പാട്ടാണ്. ലഹരിയുൽപ്പന്നങ്ങൾ കടത്താൻ ആവശ്യമായ പണം എവിടെനിന്ന് ലഭിച്ചു? ഇവരുടെ നെറ്റ്വർക്ക് എന്താണ്? ഇവരെ ആരൊക്കെയാണ് സഹായിക്കുന്നത്? ഇവർക്ക് political patronage കൊടുക്കുന്നത് കേരളത്തിന്റെ മുഖ്യമന്ത്രിയോ എക്സൈസ് വകുപ്പുമന്ത്രിയോ ആണെന്നല്ല ഞങ്ങൾ പറഞ്ഞത്. ഭരണത്തിന്റെ ഭാഗമായി പാർട്ടിയെ ബാധിച്ചിരിക്കുന്ന ഒരു ജീർണ്ണതയുണ്ട്. അത് ഞങ്ങളുടെ വിഷയമല്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. ആ ജീർണ്ണത എത്രമാത്രം ആഴത്തിൽ പോയിട്ടുണ്ടെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ് ഇവിടെ കണ്ടത്. ഇതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇത്രയും ഗുരുതരമായൊരു കേസ്സിൽ എന്തുകൊണ്ട് അയാൾ

പ്രതിയാകാതെ പോകുന്നു? എന്തുകൊണ്ട് ആ കേസ് ഗൗരവതരമായി അന്വേഷിക്കുന്നില്ല? എല്ലാ തെളിവുകളും ഉണ്ടായിരുന്നിട്ടും അയാളെ ചേർത്തുനിർത്താൻ, സംരക്ഷിക്കുവാൻ, political patronage അല്ലാതെ വേറെ എന്താണുള്ളത്? കേരളത്തിൽ മയക്കുമരുന്ന് മാഫിയ സർവ്വ പ്രതാപത്തോടുംകൂടി അഴിഞ്ഞാടുകയാണ്. അതോടൊപ്പം ഗുണ്ടാ പ്രവർത്തനങ്ങളും വർദ്ധിക്കുകയാണ്. ലഹരി സംഘത്തെക്കുറിച്ച് വിവരം നൽകിയതിന് വിദ്യാർത്ഥിയെ മർദ്ദിച്ചുവെന്ന പരാതിയുണ്ട്. നിരവധി കേസ്സുകൾ റിപ്പോർട്ട് ചെയ്യുകയാണ്. ഇതൊന്നും ഒറ്റപ്പെട്ട സംഭവങ്ങളല്ല, വ്യാപകമാണ്, പത്രങ്ങളുടെ ജില്ലാ എഡിഷനുകൾ എടുത്തുനോക്കിയാൽ വ്യാപകമായ വാർത്തകളാണ് വരുന്നതെന്ന് കാണാം. മയക്കുമരുന്ന് സംഘങ്ങൾ കേരളത്തിൽ അഴിഞ്ഞാടുമ്പോൾ അവരിൽ വേണ്ടപ്പെട്ടവരെ ചേർത്തുനിർത്താൻ സർക്കാർ അധികാരം ദുർവിനിയോഗം ചെയ്യുന്നതിനോടാണ് ഞങ്ങൾ പ്രതിഷേധിക്കുന്നത്. ഗൗരവതരമായ ഈ വിഷയത്തെ നിസ്സാരവൽക്കരിക്കാൻ പാടില്ല, ഇത് അപകടത്തിലേയ്ക്ക് ചെന്നെത്തും. ഡോ. മാത്യു കുഴൽനാടൻ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെയെല്ലാം കുടുംബങ്ങൾ ഇതിൽ ഇരകളായി മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി

ഇത്രയും ഗൗരവതരമായൊരു വിഷയത്തെ നിസ്സാരവൽക്കരിക്കാനും ഏതോ കോൺഗ്രസ് കൗൺസിലറുടെ സഹോദരൻ കേസ്സിൽ പ്രതിയായെന്ന് മറുപടി പറയാനും കാണിച്ച സമീപനമാണ് എന്നെ അത്ഭുതപ്പെടുത്തിയത്. ഡോ. മാത്യു കുഴൽനാടൻ രോഷാകുലനായാണ് പറഞ്ഞത്. എന്നാൽ ഇത് ഇന്ത്യയിൽ എല്ലായിടത്തും വിൽക്കുന്ന സാധനമാണെന്നും മറ്റും അങ്ങ് വളരെ ശാന്തനായാണ് മറുപടി പറഞ്ഞത്. ഈ ക്യാമ്പയിന് നേതൃത്വം കൊടുക്കുന്നത് അങ്ങാണെങ്കിൽ, അങ്ങ് ഈ ആത്മാർത്ഥത കാണിച്ചാൽ പോര. ഇത് ആത്മാർത്ഥതയല്ല, വേണ്ടപ്പെട്ടവരെ ചേർത്തുപിടിക്കാനും ആളുകളെ കബളിപ്പിക്കാനുള്ള ക്യാമ്പയിനാണ്. അത്തരം ക്യാമ്പയിനുകളുടെ കൂടെ കേരളത്തിലെ പ്രതിപക്ഷം ഉണ്ടാകില്ല. സത്യസന്ധമായ ക്യാമ്പയിനാണെങ്കിൽ ഞങ്ങൾ കൂടെയുണ്ടാകും. സ്വന്തക്കാർക്കുവേണ്ടി സ്വജനപക്ഷപാതം നടത്തുന്ന, പ്രാദേശിക രാഷ്ട്രീയ നേതൃത്വത്തിന് ലഹരി മരുന്ന് കച്ചവടം നടത്താൻ കുടപിടിച്ചുകൊടുക്കുന്ന ഈ സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഭരണപക്ഷവും പ്രതിപക്ഷവും ഒന്നിച്ചുചേർന്ന് കേരളത്തിൽ ഇത്രയും വലിയൊരു ഭീഷണിക്കെതിരായി നടത്തുന്ന ക്യാമ്പയിന് ഒട്ടുംതന്നെ ചേരുന്ന രീതിയിലല്ല ലഹരി എന്ന വിഷയത്തെ ബഹുമാനപ്പെട്ട മന്ത്രി കൈകാര്യം ചെയ്തതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് കൂടുതൽപേർ മയക്കുമരുന്ന് ഉപയോഗിക്കുന്നുണ്ടെന്നും ധാരാളം കേസുകൾ പിടിക്കുന്നുണ്ടെന്നുമാണ്. ഇതിൽനിന്നും മനസ്സിലാകുന്നത് കേരളത്തിൽ വ്യാപകമായി മയക്കുമരുന്നിന്റെയും മറ്റും ഉപയോഗം നടക്കുന്നുവെന്നാണ്. ഒരു കുളത്തിൽ നിറയെ മീനുണ്ടെങ്കിൽ മാത്രമേ വലയിട്ടാൽ കിട്ടുകയുള്ളൂവെന്ന് പറയുന്നതുപോലെ ലഹരിവസ്തുക്കൾ വ്യാപകമായതിന്റെ തെളിവുകൂടിയാണ് അങ്ങ് പറയുന്ന കേസുകൾ പിടിക്കലും കൺവിക്ഷൻ റേറ്റും എന്നുകൂടി ചിന്തിക്കണം. രണ്ടാമത് പറഞ്ഞത്, കേരളം പഞ്ചാബ് പോലെയാണെന്നാണ്. കേരളം മറ്റുചില സംസ്ഥാനങ്ങൾക്കൊപ്പം എത്തിയിട്ടില്ല, ഇപ്പോഴും അതിന്റെ പുറകിലാണെന്നാണ് പറയുന്നത്. അത് നമുക്ക് അഭിമാനകരമല്ല. ഇവിടെ മയക്കുമരുന്നും ഇത്തരത്തിലുള്ള മറ്റ് കാര്യങ്ങളും എന്തോ കാരണത്താൽ പണ്ടത്തേതിൽനിന്നും വ്യത്യസ്തമായി വർദ്ധിച്ചിട്ടുണ്ട്. 2017 മുതലാണ് കേസുകൾ അധികം പിടിക്കുന്നതും

കൺവിക്ഷൻ റേറ്റ് വർദ്ധിക്കുന്നതും എന്നൊക്കെ അങ്ങ് പറയുന്നത് ശരിയായിരിക്കാം. ഇവിടെ പണ്ടേ കേസുകൾ പിടിക്കുന്നുണ്ട്, കൺവിക്ഷൻ നടക്കുന്നുണ്ട്. അടുത്തകാലത്താണ് ഇത്രയും വ്യാപകമായത്. അതിന് കേരളത്തിലെ മീഡിയ മുഴുവൻ പറയുന്നത് political patronage നൽകുന്നുണ്ടെന്നാണ്. അത് ഹയർ ലെവലിലുള്ളതല്ല. ലോവർ ലെവലിൽ നടക്കുന്നുണ്ടെന്ന് കേരളത്തിലെ മീഡിയ മുഴുവൻ സ്ഥാപിച്ചുകൊണ്ടിരിക്കുകയല്ലേ? ആ കൂട്ടത്തിലാണ് സാമാന്യം ഉയർന്ന തലത്തിലുള്ള ഒരു പൊളിറ്റിക്കൽ ലീഡറുടെ പേരും ഉയർന്നുവന്നത്, അത് ചാനലുകളിലും പത്രങ്ങളിലുമൊക്കെ വരുമ്പോൾ പ്രതിപക്ഷം ആ വിഷയത്തിൽ അടിയന്തരപ്രമേയം കൊണ്ടുവരാതിരിക്കുമോ? അതുമാത്രമല്ല, വാഹനത്തിന്റെ ഉടമയാണെന്നുണ്ടെങ്കിൽ തീർച്ചയായും അക്കാര്യത്തിൽ കൂടുതൽ ചർച്ച വരുമെന്നുള്ള കാര്യത്തിൽ സംശയമുണ്ടോ; രാഷ്ട്രീയ പാർട്ടികൾ ഒരുമിച്ച് ലഹരിക്കെതിരായി ക്യാമ്പയിൻ നടത്തുന്ന ഈ ഘട്ടത്തിൽ, ബഹുമാനപ്പെട്ട മന്ത്രി ഇത്ര പ്രകോപിതനായി മറുപടി പറഞ്ഞത് എന്തിനാണെന്ന് എനിക്ക് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. അത് ഈ ക്യാമ്പയിനെ സഹായിക്കുമോ? ഈ ക്യാമ്പയിനെ അത് ഒട്ടും സഹായിക്കില്ല. കാരണം, ഇവിടെ രാഷ്ട്രീയമായിട്ടുള്ള ചേരിതിരിവ്

ഉണ്ടാക്കിയത് അടിയന്തരപ്രമേയം അവതരിപ്പിച്ച അംഗത്തേക്കാൾ ബഹുമാനപ്പെട്ട മന്ത്രിയാണെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്.

ശ്രീ. എം. ബി. രാജേഷ്: സർ, ഞാൻ വളരെ ശാന്തനായാണ് മറുപടി പറഞ്ഞതെന്നാണ് പ്രതിപക്ഷനേതാവുതന്നെ പറഞ്ഞത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, പ്രതിപക്ഷനേതാവ് അക്കാര്യം പിന്നീടല്ലേ പറഞ്ഞത്, അങ്ങ് അടിയന്തരപ്രമേയത്തിന് മറുപടി പറയുമ്പോൾ ഈ ഒറ്റപ്പെട്ട കേസ് വന്നതിനെക്കുറിച്ച് പറഞ്ഞാൽ മതിയായിരുന്നു. പറഞ്ഞുപറഞ്ഞ് അവസാനം ലീഗിന്റെ ട്രസ്റ്റിനെക്കുറിച്ചും പറഞ്ഞു. എന്താണ് അങ്ങ് അതുകൊണ്ട് ഉദ്ദേശിച്ചതെന്ന് എത്ര ആലോചിച്ചിട്ടും എനിക്ക് മനസ്സിലാകുന്നില്ല. ഒരു ഡ്രൈവറെ മറ്റൊരു ഡ്രൈവർ പറ്റിക്കുന്നു, അയാളുടെ വാഹനത്തിൽ പുകയിലവച്ച് അധികാരികളെക്കൊണ്ട് പിടിപ്പിച്ചുവെന്ന കേസ് വന്നതും ഈ കേസും തമ്മിൽ താരതമ്യപ്പെടുത്തിയത് വല്ലാത്തൊരു താരതമ്യമായിപ്പോയി, അതിന്റെ സാംഗത്യം എനിക്ക് മനസ്സിലാകുന്നില്ല. ഈ സന്ദർഭത്തിൽ ലീഗിന്റെ ട്രസ്റ്റ് എന്നത് കൊണ്ടുവരാൻ പാടില്ലായിരുന്നു. കഴിയുമെങ്കിൽ ബഹുമാനപ്പെട്ട ചെയർ അക്കാര്യം രേഖയിൽനിന്നും നീക്കിയാൽ നന്നായിരുന്നുവെന്ന അഭിപ്രായമുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാനൊരു കാര്യം ചോദിക്കട്ടെ, കെ.എസ്.ആർ.ടി.സി. ബസിൽ

ഇതുപോലൊരു കാര്യം വച്ചുകഴിഞ്ഞാൽ വകുപ്പുമന്ത്രി പ്രതിയാകുമോ? അതുപോലെയാണ് ട്രസ്റ്റിന്റെ വാഹനവും. എന്നാൽ അതുപോലെയല്ല അടിയന്തരപ്രമേയത്തിൽ സൂചിപ്പിച്ച വാഹനത്തിന്റെ കാര്യം, ആ വാഹനം ഉത്തരവാദപ്പെട്ട ഒരാളുടെ ഓണർഷിപ്പിലുള്ളതാണ്, അയാളാണെങ്കിൽ മുമ്പ് കേസുകളിൽ പ്രതിയായിട്ടുള്ള ആളുമാണ്. ആ സാഹചര്യവും ട്രസ്റ്റിന്റെ സാഹചര്യവും തമ്മിൽ എങ്ങനെയാണ് താരതമ്യപ്പെടുത്തിയതെന്ന് എനിക്കറിയില്ല.

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ഒരു ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള വാഹനമാണല്ലോ, അത് ആരും നിഷേധിക്കില്ല, ഞാനും അതേ പറഞ്ഞിട്ടുള്ളൂ. ആ വാഹനത്തിൽ മയക്കുമരുന്ന് കടത്തിയതിന് ആർ.സി. ഓണർക്കെതിരെ കേസെടുക്കാമോയെന്നാണ് അങ്ങ് ചോദിക്കുന്നത്, അതുതന്നെയാണ് ഞാനും അങ്ങോട്ട് ചോദിച്ചത്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഈ പറഞ്ഞ കാര്യവും ഇവിടെ കുറ്റാരോപിതനായ ഷാനവാസിന്റെ കാര്യവും ഒരുപോലെയാണെന്ന് പറയാൻ സാധിക്കുമോ? ഒന്ന് ലീഗിന്റെ പേരിലുള്ള ട്രസ്റ്റാണ്, രണ്ടാമത്തേത് ഒരു വ്യക്തിയുടെ പേരിലുള്ളതാണ്, രണ്ടും വ്യത്യസ്തമാണ്. എന്തായാലും ഇത്തരമൊരു സാഹചര്യത്തിൽ മന്ത്രിയുടെ പരാമർശം ഉചിതമായില്ല

എന്നുപറയേണ്ടിവന്നതിൽ ഞങ്ങൾക്ക് വിഷമമുണ്ട്. സാധിക്കുമെങ്കിൽ ബഹുമാനപ്പെട്ട ചെയർ അത് രേഖയിൽനിന്നും ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ലഹരിക്കെതിരെ യോജിച്ച് ക്യാമ്പയിൻ നടത്തുന്ന സാഹചര്യത്തിൽ ഉത്തരവാദപ്പെട്ട ഒരു നേതാവിന്റെ പേര് ഉയർന്നുവന്നപ്പോൾ ഡോ. മാത്യു കുഴൽനാടൻ അത് അൽപ്പം കടുപ്പിച്ച് പറഞ്ഞു. എന്നാൽ അതിനേക്കാൾ കടുപ്പിച്ചും ഭിന്നതയുണ്ടാക്കുന്ന തരത്തിലും മറുപടി പറയുകയും ചർച്ച അനുവദിക്കാതിരിക്കുകയും ചെയ്ത ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ നിലപാട് ലഹരിക്കെതിരായ ക്യാമ്പയിന് ഒട്ടും ചേർന്നതായില്ലെന്ന് പറയേണ്ടിവന്നതിൽ ഞങ്ങൾക്ക് അങ്ങേയറ്റത്തെ ദുഃഖമുണ്ട്. പ്രസ്തുത വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, കേരളത്തിൽ ലഹരി ഉപഭോഗം വളരെയധികം വർദ്ധിച്ചിരിക്കുന്നുവെന്നതിന്റെ അടിസ്ഥാനത്തിലാണ്

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഈ സഭയിൽത്തന്നെ മൂന്നാമത്തെ അടിയന്തരപ്രമേയം കൊണ്ടുവന്നിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ഇതിന്റെ കൺവിക്ഷൻ റേറ്റിനെക്കുറിച്ച് സൂചിപ്പിച്ചു, 2017 മുതൽ 92%, 95% എന്നൊക്കെയുള്ള കണക്ക് പറഞ്ഞു. കൺവിക്ഷൻ റേറ്റ് കണക്കാക്കുമ്പോൾ, ഇവിടെ ശിക്ഷിക്കപ്പെടുന്നത് ക്യാരിയർമാരാണ്. പിടിക്കപ്പെടുന്നതും ശിക്ഷിക്കപ്പെടുന്നതും ലഹരി കടത്തുകാരാണെന്നതിനാൽ ആ നിരക്കാണ് മന്ത്രി പറഞ്ഞിരിക്കുന്നത്. എന്നാൽ ഇതിന്റെ ഉറവിടം അപ്പോഴും മറ്റൊരു ഭാഗത്ത് നിൽക്കുകയാണ്, ആ സോഴ്സ് തകർക്കാതെ ലഹരിയുടെ ഇത്തരത്തിലുള്ള വർദ്ധന തടയാൻ യാതൊരു മാർഗ്ഗവുമില്ലെന്ന കാര്യമാണ് ഞങ്ങൾ ഇവിടെ സൂചിപ്പിച്ചത്. ലഹരി വസ്തുക്കളുടെ സ്രോതസ്സിൽനിന്നും അവ സംസ്ഥാനത്തേയ്ക്ക് എത്തുന്നത് നിയന്ത്രിക്കാൻ കഴിയാത്തതുകൊണ്ടാണ് ലഹരിയുടെ വർദ്ധന കേരളത്തിലെ പല സ്ഥലങ്ങളിലും കാണാൻ കഴിയുന്നത്. ഇത് നമ്മുടെ വിദ്യാർത്ഥികളെയും ചെറുപ്പക്കാരെയും ഏറ്റവും കൂടുതൽ ബാധിക്കുന്നുവെന്ന ഗുരുതരമായ വിഷയമാണ്. ഒരു ആർ.സി. ഓണറെ അംഗീകരിക്കാനായി ഇത്രമാത്രം ആവേശം ബഹുമാനപ്പെട്ട മന്ത്രി കാണിക്കേണ്ടിയിരുന്നില്ല. ഇദ്ദേഹത്തെ സംബന്ധിച്ച് ഇതിനുമുമ്പും ആക്ഷേപം ഉയർന്നിട്ടുണ്ട്, അക്കാര്യമാണ് ഇവിടെ

പ്രതിപാദിച്ചത്. ലഭ്യമായ വിവരമനുസരിച്ച് ഷാനവാസ് എന്ന വ്യക്തി കുറ്റക്കാരനാണെങ്കിൽ അദ്ദേഹത്തിനെതിരെ നിയമപരമായ നടപടികളിലേയ്ക്ക് നീങ്ങേണ്ടതുണ്ട്. കുറ്റാരോപിതനായ വ്യക്തിയെ സംരക്ഷിക്കുന്ന നിലയിൽ സ്ഥാനത്തും അസ്ഥാനത്തും പലവാക്കുകളും ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ടെന്ന വിഷയമാണ് അടിയന്തരപ്രമേയ നോട്ടീസിലൂടെ ഞങ്ങൾ ചൂണ്ടിക്കാണിച്ചത്. ഉന്നയിക്കപ്പെട്ട വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

{അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ}

**11.04 A.M.]**

## III. ശ്രദ്ധ ക്ഷണിക്കൽ

(1) <u>പുഴക്കലരി വിഹിതം അനുവദിക്കാത്തതുമൂലമുള്ള പ്രശ്നങ്ങൾ</u>

<u>ശ്രീ. പി. മമ്മിക്കുട്ടി:</u> സർ, കേരളത്തോട് കടുത്ത അനീതിയും വിവേചനവും തുടർന്നുകൊണ്ടിരിക്കുന്ന കേന്ദ്രഗവൺമെന്റ് മലയാളികളുടെ അന്നംമുട്ടിക്കുന്ന വിവേചനപരമായ ഒരു നടപടി സ്വീകരിച്ചിരിക്കുകയാണ്. റേഷൻ സംവിധാനത്തിലൂടെ ലഭിച്ചുകൊണ്ടിരുന്നതും നാം ഭക്ഷിച്ച് ശീലിച്ചതുമായ പുഴുക്കലരി പൂർണ്ണമായും ഒഴിവാക്കി പച്ചരിയാണ് ഇപ്പോൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. രാജ്യത്തിനുതന്നെ മാതൃകാപരമായ റേഷൻ സംവിധാനം കുറ്റമറ്റ രീതിയിൽ നടന്നുവരുന്ന നമ്മുടെ സംസ്ഥാനത്ത് റേഷൻ വിതരണത്തിലൂടെ അസ്വസ്ഥതയുണ്ടാക്കുന്നതിനുള്ള വളരെ ബോധപൂർവ്വമായ പരിശ്രമമാണ് ഇത്തരത്തിൽ പുഴുക്കലരിക്ക് പകരം പച്ചരി നൽകിക്കൊണ്ട് കേന്ദ്രം സ്വീകരിച്ചിരിക്കുന്നത്. പലഹാരമുണ്ടാക്കുന്നതിനും പുട്ടുണ്ടാക്കുന്നതിനും പത്തിരി ഉണ്ടാക്കുന്നതിനും മറ്റുമല്ലാതെ പച്ചരി ഉപയോഗിച്ച് ശീലമില്ലാത്ത നമ്മൾ ഉച്ചഭക്ഷണത്തിനുള്ള ഭക്ഷ്യധാന്യമായി ഉപയോഗിക്കുന്നത് മലയാളികൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട പുഴുക്കലരിയാണ്. 80% പുഴുക്കലരിയും 20% പച്ചരിയുമാണ് നേരത്തേ തന്നിരുന്നതെങ്കിൽ നേരെതിരിച്ച് 80% പച്ചരിയും 20% പുഴുക്കലരിയുമാണ് ഇപ്പോൾ തന്നുകൊണ്ടിരിക്കുന്നത്. വ്യത്യസ്ത കാർഡുകൾക്ക് വ്യത്യസ്ത അളവുകളിലാണ് ഭക്ഷ്യധാന്യം ലഭിക്കുന്നതെങ്കിലും ആർക്കും ആവശ്യമായ

അളവിൽ പുഴക്കലരി ലഭിക്കുന്നില്ല. ഇഷ്ടമുണ്ടെങ്കിൽ പച്ചരി തിന്നോളൂ അതല്ലെങ്കിൽ പട്ടിണി കിടന്നോളൂവെന്ന നിലപാടാണ് കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്നത്. ഈ കടുത്ത അവഗണനയ്ക്കും അനീതിക്കുമെതിരെയുള്ള ശക്തമായ പ്രതിഷേധം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റും അതുപോലെതന്നെ ഭക്ഷ്യ വകുപ്പുമന്ത്രിയുമൊക്കെ കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികൾ, അതുസംബന്ധിച്ച കേന്ദ്രഗവൺമെന്റിന്റെ സമീപനം എന്നിവയെക്കുറിച്ചുള്ള ഗവൺമെന്റ് നിലപാട് അറിയാൻ താൽപ്പര്യമുണ്ട്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട അംഗം ശ്രദ്ധക്ഷണിക്കലിലൂടെ ഉന്നയിച്ച വിഷയം അടിയന്തര പ്രാധാന്യമർഹിക്കുന്നതാണ്. സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്യുന്നതിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ കേന്ദ്രസർക്കാർ എഫ്.സി.ഐ. മുഖേനയാണ് ലഭ്യമാക്കുന്നത്. റേഷൻ കടകൾവഴി വിതരണം ചെയ്യുന്നതിന് സാധാരണയായി കേന്ദ്രസർക്കാർ അനുവദിക്കുന്നത് പച്ചരിയും പുഴക്കലരിയുമാണ്. കേരളത്തിലെ കർഷകർ ഉത്പാദിപ്പിക്കുന്ന ചമ്പാവരിയും കേന്ദ്രപൂളിൽ ഉൾപ്പെടുത്തി

റേഷൻകടകൾവഴി വിതരണം ചെയ്തുവരുന്നു. റേഷൻ വിതരണത്തിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുന്നത് കേന്ദ്രസർക്കാരായതിനാൽ സ്വാഭാവികമായും അവർ മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങൾ അവഗണിക്കാൻ പ്രയാസമാണ്. പച്ചരി പ്രഭാതഭക്ഷണത്തിനായും പുഴുക്കലരിയും ചമ്പാവരിയും ഉച്ചഭക്ഷണത്തിനായുമാണ് മലയാളികൾ സാധാരണ ഉപയോഗിക്കുന്നത്. മുൻകാലങ്ങളിൽ എഫ്.സി.ഐ.-ൽനിന്നും ലഭ്യമായിരുന്ന പച്ചരിയുടെ അളവ് വളരെ കുറവായിരുന്നു. കേന്ദ്രസർക്കാരുമായും എഫ്.സി.ഐ. അധികൃതരുമായും നടത്തിയ ചർച്ചയിലൂടെ കഴിഞ്ഞ കുറേ മാസങ്ങളായി 50 ശതമാനം പച്ചരിയും 50 ശതമാനം പുഴുക്കലരിയും അനുവദിച്ചുവരികയായിരുന്നു. ഈ നടപടി ജനങ്ങൾക്ക് വളരെ ഗുണപ്രദമായിരുന്നു. കേന്ദ്രസർക്കാർ പച്ചരി കൂടുതലായി ലഭ്യമാക്കിയ കാലയളവിൽ റേഷൻ വാങ്ങുന്ന വെള്ള കാർഡുടമകളുടെ എണ്ണത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് കുറവുണ്ടായി എന്നതും വസ്തുതയാണ്. എന്നാൽ കഴിഞ്ഞ മൂന്നുനാല് മാസക്കാലമായി എഫ്.സി.ഐ.-ൽനിന്നും അനുവദിക്കുന്ന പച്ചരിയുടെ അളവ് 70-80 ശതമാനം വരെയാകുന്ന സാഹചര്യമുണ്ടായി. തുടക്കത്തിൽ ചില ജില്ലകളിൽ മാത്രമായിരുന്ന ഈ

പ്രശ്നം ഉണ്ടായതെങ്കിൽ അത് വ്യാപകമായ സാഹചര്യത്തിൽ വിഷയം കേന്ദ്ര ഭക്ഷ്യവകുപ്പുമന്ത്രിയെ നേരിട്ടുകണ്ടും എഫ്.സി.ഐ. അധികാരികളുടെ യോഗം വിളിച്ചും ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. തുടർന്ന് സംസ്ഥാനത്തിനുള്ള ആകെ അലോട്ട്മെന്റിന്റെ 50 ശതമാനം പുഴുക്കലരി നൽകാമെന്ന് കേന്ദ്രം എഫ്.സി.ഐ. അധികാരികളെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിവരം കേന്ദ്രസർക്കാർ 19.01.2023-ലെ കത്ത് മുഖാന്തരം സംസ്ഥാനത്തെ അറിയിച്ചിട്ടുമുണ്ട്. ഈ മാസം മുതൽ ആവശ്യത്തിന് പുഴുക്കലരി റേഷൻകടകളിലൂടെ വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. പി. മമ്മിക്കുട്ടി: സർ, രാജ്യത്ത് സ്ത്രീകളിലും കുട്ടികളിലും വ്യാപകമായി കാണപ്പെടുന്ന അനീമിയ പോലുള്ള രോഗങ്ങൾക്ക് കാരണം പോഷകാഹാരങ്ങളുടെ കുറവാണെന്നും ഇത് പരിഹരിക്കുന്നതിനായി രാജ്യത്തെ റേഷൻകടകളിലൂടെ സമ്പുഷ്ടീകരിച്ച അരി വിതരണം ചെയ്യണമെന്നും കേന്ദ്രസർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; സമ്പുഷ്ടീകരിച്ച അരി എഫ്.സി.ഐ.-യിൽനിന്ന് വിട്ടെടുക്കുന്നതിന്റെ സമ്മർദ്ദതന്ത്രത്തിന്റെ ഭാഗമായാണോ കൂടുതൽ പച്ചരി അനുവദിക്കുന്ന സമീപനം സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ സമ്പുഷ്ടീകരിച്ച അരി റേഷൻകടകളിലൂടെ വിതരണം നടത്തണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എല്ലാ സംസ്ഥാനങ്ങളിലെയും ഓരോ ജില്ലകൾ തെരഞ്ഞെടുത്തതിൽ കേരളത്തിലെ വയനാട് ജില്ലയും ഉൾപ്പെട്ടിരുന്നു. എന്നാൽ ഈ വിഷയത്തിൽ ചില മാധ്യമങ്ങളും സന്നദ്ധ സംഘടനകളും ആശങ്ക രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ ജനപ്രതിനിധികളുമായി ചർച്ച നടത്തിയിരുന്നു. പ്രസ്തുത ചർച്ചയിൽ തലാസീമിയ, സിക്കിൾസെൽ അനീമിയ രോഗബാധിതർക്ക് സമ്പുഷ്ടീകരിച്ച അരി വിതരണം ചെയ്യേണ്ടതില്ലെന്ന് തീരുമാനിക്കുകയും ഇതുസംബന്ധിച്ച് പഠനം നടത്താൻ ആരോഗ്യ വകുപ്പിനോട് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് ഇതിനായി 9 അംഗങ്ങൾ ഉൾപ്പെടുന്ന വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയും ചെയ്തു. പച്ചരിയുടെ അനുപാതം കേന്ദ്രസർക്കാർ വർദ്ധിപ്പിച്ച സാഹചര്യത്തിൽ എഫ്.സി.ഐ. അധികാരികളുമായി നടത്തിയ ചർച്ചയിൽ സമ്പുഷ്ടീകരിച്ച പുഴക്കലരി എഫ്.സി.ഐ.-യിൽനിന്ന് ആവശ്യത്തിന് ലഭ്യമാണെന്ന് അറിയിച്ചിരുന്നു. സംസ്ഥാനത്തിനുള്ള പച്ചരിയുടെ അനുപാതം ക്രമാതീതമായി വർദ്ധിപ്പിച്ചത്

സമ്പുഷ്ടീകരിച്ച പുഴുക്കലരി എഫ്.സി.ഐ.-യിൽനിന്ന് വിട്ടെടുക്കുന്നതിനുള്ള കേന്ദ്ര ഗവൺമെന്റിന്റെ സമ്മർദ്ദതന്ത്രമായി കാണാവുന്നതാണ്.

(2) വയനാട് ചുരത്തിലെ ഗതാഗതക്കുരുക്ക്

ശ്രീ. ടി. സിദ്ദിഖ്: സർ, വയനാട് ജില്ലയുടെ അനന്തവികസന സാധ്യതയിൽ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുന്നത് കണക്റ്റിവിറ്റിയുമായി ബന്ധപ്പെട്ടാണ്. സമുദ്രനിരപ്പിൽനിന്ന് രണ്ടായിരത്തിലധികം അടി ഉയരത്തിലുള്ള സ്ഥലമായതുകൊണ്ട് sea connectivity ഇല്ല. റെയിൽ കണക്റ്റിവിറ്റി വിദൂരസാധ്യതയായി ഇപ്പോഴും നിലനിൽക്കുകയാണ്. അതുപോലെതന്നെയാണ് എയർ കണക്റ്റിവിറ്റിയും. നാഷണൽ ഹൈവേ 766-ലൂടെയുള്ള രാത്രി യാത്രാനിരോധനം വയനാടിനെ തീർത്തും ഒറ്റപ്പെടുത്തിയിരിക്കുകയാണ്. വയനാടിന്റെ കരുത്തും ദൗർബല്യവുമായി വയനാട് ചുരം മാറുകയാണ്. 12 കിലോമീറ്റർ വരുന്ന ചുരത്തിൽ 9 കൊടുംവളവുകളുണ്ട്. അവിടത്തെ ഗതാഗതക്കുരുക്ക് നിത്യസംഭവമാണ്. കഴിഞ്ഞ പുതുവർഷം എല്ലാവർക്കും ആഹ്ലാദകരമായിരുന്നുവെങ്കിലും വയനാട്ടുകാർക്കും വിനോദസഞ്ചാരികൾക്കും നാല് ദിവസം കടുത്ത അനുഭവങ്ങളാണ് സമ്മാനിച്ചത്. അഞ്ച് മണിക്കൂറോളം സ്ത്രീകളും കുട്ടികളും രോഗികളുമായി ആംബുലൻസുകളും ഗതാഗതക്കുരുക്കിൽപ്പെട്ട ഗുരുതരമായ

സാഹചര്യമുണ്ടായി. ഈ കുരുക്ക് വയനാടിന്റെ വികസന സാധ്യതയെയും ടൂറിസം ഉൾപ്പെടെയുള്ള സാധ്യതകളെയും തകർക്കുകയാണ്. ചുരത്തിലെ വളവുകൾ നിവർത്താൻ 2018 ഏപ്രിൽ 10-ാം തീയതി കേന്ദ്ര ഗവൺമെന്റിന്റെ മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് & ഫോറസ്റ്റ്സിന്റെ (MoEF) ക്ലിയറൻസ് ലഭിച്ചിട്ടുണ്ട്. ആവശ്യമായിട്ടുള്ള 0.968 ഹെക്ടർ ഭൂമി വിട്ടുനൽകിയിട്ടുണ്ട്. നാല് കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒന്ന്, വയനാട് ചുരത്തിന്റെ കൊടുംവളവുകൾ നിവർത്തുന്നതിനായി വിട്ടുകിട്ടിയിട്ടുള്ള വനഭൂമി ഉപയോഗപ്പെടുത്തുന്നതിനും അതിന്റെ നിർമ്മാണ പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. രണ്ടാമത്തെ കാര്യം, നിലവിലുള്ള ചുരത്തിന്റെ വീതി കൂട്ടുന്നതിനോടൊപ്പം ചിപ്പിലിത്തോട്-മരുതിലാവ്-തളിപ്പുഴ ബൈപാസിന്റെ സാധ്യത സംബന്ധിച്ച് പഠിക്കണം. അതുസംബന്ധിച്ച് ഗവൺമെന്റ് തലത്തിൽ ഒരു മീറ്റിംഗ് നടന്നതാണ്. പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡ് പേരാമ്പ്രയ്ക്കും വയനാടിനും വടക്കൻ കോഴിക്കോടിനുമൊക്കെ പ്രയോജനപ്പെടുന്നതും ടൂറിസത്തിന്റെ high prone ഏരിയയുമാണ്. പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡ് 1994-ൽ കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ തറക്കല്ലിട്ടതാണ്. പ്രസ്തുത റോഡിന്റെ 70 ശതമാനം പ്രവൃത്തിയും

പൂർത്തീകരിച്ചതാണ്. അതിന്റെ സാധ്യതകൂടി പരിശോധിക്കണം. മറ്റൊന്ന്, മേപ്പാടി ടണൽ റോഡിന്റെ പ്രവൃത്തി കൂടുതൽ വേഗതയിലാക്കാനുള്ള നടപടികൾകൂടി സ്വീകരിച്ച് വയനാടിന്റെ ഒറ്റപ്പെടലിന്റെ അന്തരീക്ഷം പൂർണ്ണമായി വിടുതൽ ചെയ്യാനാവശ്യമായ പദ്ധതികളും പരിപാടികളും ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വയനാട്ടിലേയ്ക്ക് എത്തിച്ചേരാനുള്ള പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കണമെന്ന ആവശ്യമാണ് ശ്രദ്ധക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. സിദ്ദിഖ് മുന്നോട്ടുവച്ചിട്ടുള്ളത്. വയനാട്ടിലേയ്ക്കുള്ള കണക്ടിവിറ്റി മെച്ചപ്പെടുത്തണമെന്നത് വയനാട്ടുകാരുടെ മാത്രം ആവശ്യമല്ല, നമ്മുടെ സംസ്ഥാനത്തിന്റെയാകെ ആവശ്യമാണ്. ആ നിലയിൽത്തന്നെയാണ് സർക്കാരും ആ വിഷയത്തെ കാണുന്നത്. വയനാട്ടിലേയ്ക്ക് മികച്ച ഗതാഗത സൗകര്യമൊരുക്കുന്നത് കേരളത്തിലെ കാർഷിക-ടൂറിസം മേഖലകളിൽ കൂടുതൽ മുന്നേറ്റത്തിന് വഴിയൊരുക്കുന്നതിന് കാരണമാകുമെന്നുതന്നെയാണ് സർക്കാരിന്റെയും കാഴ്ചപ്പാട്. 2022-ൽ വയനാട്ടിലെ ടൂറിസം മേഖലയിൽ ആഭ്യന്തര സഞ്ചാരികളുടെ സർവ്വകാല റെക്കോർഡാണ് രേഖപ്പെടുത്തിയത്. ഇതിന്റെ ഭാഗമായാണ് വയനാട്ടിലേയ്ക്ക് തുരങ്കപാതയെന്ന തീരുമാനം

ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ കൈക്കൊണ്ടത്. ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത യാഥാർത്ഥ്യമാക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പദ്ധതിക്കാവശ്യമായ ഭൂമിയേറ്റെടുക്കൽ നടപടി ആരംഭിച്ചുകഴിഞ്ഞു. ഫോറസ്റ്റ് ക്ലിയറൻസിനുള്ള അപേക്ഷ വനംവകുപ്പിന്റെ പരിഗണനയിലാണ്. പദ്ധതിയുടെ പാരിസ്ഥിതികാഘാത പഠനവും പുരോഗമിക്കുകയാണ്. നോർവീജിയൻ സാങ്കേതികവിദ്യകൂടി തുരങ്കപാത നിർമ്മാണത്തിന് ഉപയോഗപ്പെടുത്താനാണ് ശ്രമിക്കുന്നത്. ഇതിനായി നോർവയിൽനിന്നുള്ള വിദഗ്ദ്ധസംഘം സ്ഥല പരിശോധന നടത്തിയിരുന്നു. തുരങ്കപാത യാഥാർത്ഥ്യമാക്കുന്നതിൽ ശ്രീ. ലിന്റോ ജോസഫ്, ശ്രീ. ടി. സിദ്ദിഖ് ഉൾപ്പെടെയുള്ള എം.എൽ.എ.മാർ വളരെ നല്ല നിലയിലുള്ള സഹകരണമാണ് സർക്കാരുമായി ചേർന്നുകൊണ്ട് നടത്തുന്നതെന്ന് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതോടൊപ്പം നിലവിലെ പ്രധാനപ്പെട്ട പാതയായ താമരശ്ശേരി ചുരം ഉൾപ്പെടുന്ന റോഡിന്റെ വികസനം സാധ്യമാക്കുന്നതിനും സർക്കാർ ശ്രമിക്കുകയാണ്. ദേശീയപാത 766-ന്റെ ഭാഗമാണ് താമരശ്ശേരി ചുരം ഉൾപ്പെടുന്ന മേഖല. ഇതിൽ കോഴിക്കോട്-മലാപ്പറമ്പ് മുതൽ മുത്തങ്ങ വരെയുള്ള റോഡ് വികസനത്തിനുള്ള നിർദ്ദേശമാണ് സംസ്ഥാന സർക്കാർ കേന്ദ്ര ഉപരിതല

ഗതാഗത മന്ത്രാലയത്തിന് സമർപ്പിക്കുന്നത്. പുതുപ്പാടിമുതൽ മുത്തങ്ങ വരെയുള്ള ചുരം ഉൾപ്പെടുന്ന മേഖലയുടെ ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. വനഭൂമി ലഭ്യമായാൽ മാത്രമെ വികസനം പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. വനഭൂമി വിട്ടുകിട്ടിയ 6, 7, 8 വളവുകൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി പ്രത്യേകമായി നടപ്പിലാക്കാൻ കഴിയുമോയെന്ന് പരിശോധിക്കാൻ MoRTH-ലെ ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പുസെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഘട്ടംഘട്ടമായി ചുരം റോഡിന്റെ വികസനം സാധ്യമാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. അതോടൊപ്പം പർവ്വത്മാല പദ്ധതിയിൽ ഉൾപ്പെടുത്തി അടിവാരം-ലക്കിടി റോപ്‌വേ നിർമ്മിക്കാനുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന് അനുമതി ലഭ്യമാക്കാനുള്ള പ്രവർത്തനം നടത്തുകയാണ്. ശ്രീ. ടി. സിദ്ദിഖ് നിർദ്ദേശിച്ച മറ്റ് ബദൽ റോഡുകളുടെ സാധ്യത നേരത്തെ പരിശോധിച്ചിരുന്നു. എന്നാൽ ഇത് സാധ്യമാക്കുന്നതിന് വനഭൂമി വലിയ രീതിയിൽ ആവശ്യമായി വരുമെന്നതിനാൽ പല പദ്ധതികളും ഉപേക്ഷിക്കുകയാണ് ചെയ്തത്. അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ച കടിയങ്ങാട്, പെരുവണ്ണാമുഴി, പൂഴിത്തോട്, പടിഞ്ഞാറത്തറ ബദൽ

റോഡിനുള്ള ശ്രമം നേരത്തെതന്നെ ആരംഭിച്ചിരുന്നു. കടിയങ്ങാട് മുതൽ പൂഴിത്തോടുവരെയുള്ള പ്രവൃത്തി നേരത്തെ നടപ്പിലാക്കി. എന്നാൽ തുടർന്നുള്ള റീച്ചിൽ കേന്ദ്ര വനം മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാത്തതിനാൽ പ്രവൃത്തികൾ നടപ്പിലാക്കാനായില്ല. പേരാമ്പ്ര എം.എൽ.എ.-യും മുൻമന്ത്രിയുംകൂടിയായ ശ്രീ. ടി. പി. രാമകൃഷ്ണൻ തുടക്കത്തിൽത്തന്നെ ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തുകയും കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഇപ്പോഴും അതിനുവേണ്ടിയുള്ള ശ്രമങ്ങൾക്ക് അദ്ദേഹംതന്നെ വലിയ നിലയിലുള്ള ഇടപെടലുകൾ നടത്തിവരികയുമാണ്. ആ കാര്യവും കേന്ദ്ര വനംവകുപ്പുമായി ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ്. നിലവിൽ തുരങ്കപാത, ചുരംറോഡ്, പർവ്വത്‌മാല പദ്ധതി എന്നിവയാണ് സർക്കാരിന് മുന്നിലുള്ളത്. വയനാട് ജില്ലയെ പ്രത്യേകം പരിഗണിച്ചുകൊണ്ടാണ്  മുന്നോട്ടുപോകുന്നത്. രണ്ടാം എൽ.ഡി.എഫ്.  സർക്കാരിന്റെ ഒന്നേമുക്കാൽ വർഷത്തിനിടയിൽ എത്രയോ തവണ വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാൻ വയനാട്ടിൽ വന്നിട്ടുണ്ടെന്ന് അദ്ദേഹത്തിനറിയാം. ആ നിലയിൽതന്നെ വയനാട് ജില്ലയുടെ വികസന പ്രവർത്തനത്തിൽ ഞങ്ങൾ ഇടപെടുമെന്നത് പ്രത്യേകം അറിയിക്കുകയാണ്.

ശ്രീ. ടി. സിദ്ദിഖ്: സർ, പടിഞ്ഞാറത്തറ, പൂഴിത്തോട് റോഡുമായി ബന്ധപ്പെട്ടുകൊണ്ട് അങ്ങും ബഹുമാന്യനായ ശ്രീ. ടി. പി. രാമകൃഷ്ണനും മറ്റുള്ളവരുമായി ചേർന്നുകൊണ്ട് ഒരു പ്രത്യേക യോഗം ചേരാനും അതിന്റെ സാധ്യതകൾ പരിശോധിക്കുന്നതിനും ചുരം ബൈപാസിന്റെ സാധ്യതാ പഠനത്തിനുമുള്ള ക്രമീകരണം ചെയ്തുതരുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അത് പരിഗണിക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാമെന്ന് അറിയിക്കുകയാണ്.

11.18 A.M.]

## IV. സബ്മിഷൻ

### (1) എസ്.സി. വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ അധ്യയന വർഷംമുതൽ ഇതര സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാരിന്റെ പോസ്റ്റ്മെട്രിക്സ് സ്കോളർഷിപ്പ് ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ അടിയന്തരമായി നടപടി സ്വീകരിക്കണമെന്നത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. ഈ സ്കോളർഷിപ്പ് നേരത്തെ

നൽകിയിരുന്നു. എന്നാൽ 2018-ൽ കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ഭേദഗതി ചെയ്തതിനുശേഷവും നമ്മുടെ സംസ്ഥാനം സ്കോളർഷിപ്പ് കൊടുത്തു, പിന്നീട് ഹൈക്കോടതി നിർദ്ദേശപ്രകാരം 2019-2020 വരെ അഡ്മിഷൻ ലഭിച്ചവർക്കെല്ലാം സ്കോളർഷിപ്പ് നൽകി. കേന്ദ്രസർക്കാർ വീണ്ടും കൊണ്ടുവന്ന ഭേദഗതിയുടെ ഭാഗമായി മാനേജ്മെന്റ് ക്വാട്ട, സ്പോട്ട് അഡ്മിഷൻ, എൻ.ആർ.ഐ. ക്വാട്ട എന്നിവയിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക്സ് സ്കോളർഷിപ്പിന് അർഹതയില്ലെന്ന് വ്യവസ്ഥ ചെയ്തിരിക്കുകയാണ്. ശരിയായ റിസർവേഷനിലാണ് പ്രവേശനം ലഭിക്കുന്നതെങ്കിൽ അതത് സ്റ്റേറ്റ് ഗവൺമെന്റുകളാണ് അവർക്ക് സ്കോളർഷിപ്പ് കൊടുക്കുന്നത്. മഹാരാഷ്ട്രയിലോ കർണ്ണാടകയിലോ ഡൽഹിയിലോ റിസർവേഷനിലാണ് ഇവർക്ക് അഡ്മിഷൻ കിട്ടുന്നതെങ്കിൽ നമ്മൾ സഹായിക്കേണ്ട ആവശ്യമില്ല. അതത് സംസ്ഥാന ഗവൺമെന്റുകൾക്കുതന്നെ നിലവിലുള്ള സ്കീം പ്രകാരം പുറത്തുനിന്നുള്ള വിദ്യാർത്ഥികൾക്കുകൂടി സ്കോളർഷിപ്പ് കൊടുക്കാൻ കഴിയും. പക്ഷെ, മത്സരപരീക്ഷയുടെ അടിസ്ഥാനത്തിൽ ദേശീയതലത്തിൽ പിന്നാക്കം നിൽക്കുന്ന പാവപ്പെട്ട കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കുന്നത് വളരെ കുറവാണ്. വലിയൊരു ശതമാനം കുട്ടികൾ പ്രവേശനം നേടുന്നത് മാനേജ്മെന്റ്

ക്വാട്ടയിലോ സ്പോട്ട് അഡ്മിഷനിലോ ഒക്കെയാണ്. ഇപ്പോൾ അവർക്ക് പഠിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുകയാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ദേശീയ തലത്തിലുള്ള എൻട്രൻസ് പരീക്ഷകളിൽ വിജയിച്ച് സംസ്ഥാനത്തിന് പുറത്തുള്ള കോളേജുകളിൽ മെരിറ്റ് സീറ്റിൽ അഡ്മിഷൻ നേടി പഠനം നടത്താനുള്ള അവസരങ്ങൾ വളരെ പരിമിതമാണ്. യോഗ്യരായ എല്ലാ വിദ്യാർത്ഥികൾക്കും കേരളത്തിൽത്തന്നെ ഉപരിപഠനം നടത്താനുള്ള സംവിധാനമില്ലാത്തതുകൊണ്ടാണ് കുട്ടികൾ മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സംസ്ഥാനത്തിന് പുറത്തുപോയി പഠിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടാകും. അതുകൊണ്ട് 2020-21 അക്കാദമിക് വർഷം മുതൽ സംസ്ഥാനത്തിന് പുറത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ നേടിയ യോഗ്യരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന്റെ സ്വഭാവം പരിഗണിക്കാതെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് അർഹത നൽകുന്ന രീതിയിലുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): സർ,

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചത് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്. കേരളത്തിന് പുറത്ത് ഇതര സംസ്ഥാനങ്ങളിലെ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മെറിറ്റ്/റിസർവേഷൻ മുഖേന പ്രവേശനം നേടുന്ന കുട്ടികൾക്ക് വരുമാനപരിധിയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് നൽകുന്നത്. കുടുംബ വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽ കൂടുതലുള്ള കുട്ടികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നൽകുന്നില്ല. വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽ കൂടുതലുള്ള കുട്ടികൾക്കുകൂടി വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നതിന് ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ട്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചതിൽ ഒരു പ്രശ്നമുണ്ട്. 2021-22 വർഷം വരെ പട്ടികജാതി വികസന വകുപ്പ് നേരിട്ട് ഇൻസ്റ്റിറ്റ്യൂഷനുകൾക്ക് ട്രഷറി വഴിയാണ് തുക നൽകിയിരുന്നത്. എന്നാൽ കേന്ദ്ര ഗവൺമെന്റ് ഒരു ഭേദഗതി കൊണ്ടുവന്ന് കുട്ടികളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് പണം കൊടുക്കുകയെന്ന സമീപനം സ്വീകരിച്ചു. പബ്ലിക് ഫണ്ട് മോണിറ്ററിംഗ് സിസ്റ്റത്തിലൂടെ മാത്രമേ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം കൊടുക്കാൻ കഴിയുകയുള്ളൂ. അതിന് പരിമിതിയുണ്ടെങ്കിലും ഒരു കാരണവശാലും ആ സിസ്റ്റം മാറ്റാൻ കഴിയില്ലെന്ന നിലപാടാണ് കേന്ദ്ര

ഗവൺമെന്റ് സ്വീകരിച്ചത്. അതുകൊണ്ടുതന്നെ ആ സിസ്റ്റത്തിലേയ്ക്ക് വരാൻ ചെറിയ കാലതാമസം നേരിടുകയുണ്ടായി. ഇപ്പോൾ ആ സിസ്റ്റത്തിലേയ്ക്കെത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. തടസ്സങ്ങൾ പരിഹരിച്ച് സ്കോളർഷിപ്പ് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ ഇതര സംസ്ഥാനങ്ങളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഈ സാമ്പത്തികവർഷം സ്കോളർഷിപ്പ് വിതരണത്തിനായി സിംഗിൾ നോഡൽ അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിച്ച 10 കോടി രൂപയിൽനിന്നും എല്ലാ വിദ്യാർത്ഥികൾക്കും 2021-22 വരെയുള്ള സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. നാളിതുവരെ എസ്.സി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് 5.51 കോടി രൂപയും എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് 5,09,6000/- രൂപയും സിംഗിൾ നോഡൽ ഏജൻസി വഴി നൽകാൻ കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ മുൻകാലങ്ങളിൽ ഇറക്കിയ ചില ഉത്തരവുകളിലുണ്ടായിരുന്ന അപാകതകൾ പരിഹരിക്കാനാവശ്യമായ ഇടപെടൽ നടത്തിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തും ഇതര സംസ്ഥാനങ്ങളിലുമെല്ലാം പുതുതലമുറ കോഴ്സുകൾക്ക് കുട്ടികൾക്ക് പഠിക്കാനുള്ള അവസരം നിഷേധിച്ചിരുന്നു. അതുകൊണ്ട്

നിലവിലുണ്ടായിരുന്ന ഉത്തരവുകളിലെ അപാകതകൾ പരിഹരിച്ച് 05.01.2023-ൽ പുതിയ ഉത്തരവിറക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ എല്ലാ പുതുതലമുറ കോഴ്സുകൾക്കും കുട്ടികൾക്ക് അഡ്മിഷൻ ലഭ്യമാക്കാനും അവർക്ക് ആനുകൂല്യം നൽകാനുമുള്ള സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. സി.എ., കമ്പനി സെക്രട്ടറി, ഐ.ഐ.എം., ഐ.ഐ.ടി., എൻ.ഐ.എഫ്.ടി. തുടങ്ങിയ ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളിൽ പഠിക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പുതിയ കോഴ്സുകളടക്കം പഠിക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിനകത്തും പുറത്തും രാജ്യത്തിന് വെളിയിലും കുട്ടികൾക്ക് പുതിയ കോഴ്സുകൾ പഠിക്കാനുള്ള സംവിധാനമുണ്ടാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സാങ്കേതികമായ കാലതാമസംമൂലം സ്കോളർഷിപ്പ് വിതരണം ചെയ്യുന്നത് വൈകിയെങ്കിലും അത് നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇനി പ്രശ്നങ്ങളൊന്നുമുണ്ടാകില്ലെന്നാണ് കരുതുന്നത്.

## (2) ബോർസ്റ്റൽ സ്കൂളിന്റെ പരാധീനതകൾ

ശ്രീമതി ഉമ തോമസ്: സർ, 18-നും 21-നും പ്രായത്തിനിടയിലുള്ള യുവതടവുകാരെ പാർപ്പിക്കുന്ന ജയിൽ വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാനത്തെ ഏക സ്ഥാപനമാണ് തൃക്കാക്കര മണ്ഡലത്തിലുള്ള ബോർസ്റ്റൽ സ്കൂൾ. കണ്ണൂർ ജില്ലയിൽ ആരംഭിച്ച ഈ സ്ഥാപനം 1995-ൽ തൃക്കാക്കരയിലേയ്ക്ക് മാറ്റി സ്ഥാപിക്കുകയാണുണ്ടായത്. എന്നാൽ 2010-ലാണ് ഈ സ്ഥാപനം പൂർണ്ണമായും പ്രവർത്തനസജ്ജമായത്. നിലവിൽ എറണാകുളം ജില്ലാ ജയിലിനോടും വനിതാ ജയിലിനോടും ചേർന്ന് ഏകദേശം രണ്ടേക്കറോളം സ്ഥലത്ത് അന്തേവാസികളെ താമസിപ്പിക്കാനുള്ള 16 സെല്ലുകളായാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. പ്രായത്തിന്റെ പക്വതക്കുറവുമൂലം തെറ്റുകളിൽ അകപ്പെട്ടുവരുന്ന കൗമാരപ്രായക്കാരെ സ്ഥിരം കുറ്റവാളികളിൽനിന്നും ക്രിമിനൽ പശ്ചാത്തലത്തിലുള്ളവരിൽനിന്നും അകറ്റി നിർത്തി സമൂഹത്തിലേയ്ക്ക് തിരികെയെത്തിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ബോർസ്റ്റൽ സ്കൂൾ പ്രവർത്തിക്കുന്നത്. അറുപത്തിയഞ്ചോളം അന്തേവാസികളെ പാർപ്പിക്കുന്നതിനുള്ള സൗകര്യമാണ് നിലവിൽ ഈ സ്ഥാപനത്തിനുള്ളതെങ്കിലും നൂറോളം അന്തേവാസികളെ ഇവിടെ

പാർപ്പിക്കുന്നുണ്ട്. അതുപോലെതന്നെ നിലവിലുള്ള സെല്ലുകൾ വളരെ ഇടുങ്ങിയതും മതിയായ കാറ്റോ വെളിച്ചമോ കടക്കത്തക്കവിധത്തിലോ അല്ല പണികഴിപ്പിച്ചിരിക്കുന്നത്. അന്തേവാസികൾക്ക് മാനസിക പരിവർത്തനത്തിന് സഹായകരമാകുംവിധം മതിയായ ചുറ്റുപാടുകളോ താമസസൗകര്യമോ വായുസഞ്ചാരമോപോലും നിലവിലെ കെട്ടിടത്തിലില്ല. സ്ഥല സൗകര്യം കുറവായതിനാൽ സമാന പ്രായത്തിലുള്ള കുട്ടികളെ മറ്റു ജയിലുകളിൽ പാർപ്പിക്കാൻ നിർബന്ധിതമാകുകയാണ്. മറ്റുജില്ലക്കാരായ യുവതടവുകാരെ മുഴുവനും അതത് ജില്ലകളിലെ മറ്റ് തടവുകാരോടൊപ്പമാണ് ഇപ്പോൾ പാർപ്പിച്ചുവരുന്നത്.

എറണാകുളം ജില്ലയിൽ ജലദൗർലഭ്യം ഏറ്റവും കൂടുതലുള്ള തൃക്കാക്കര പ്രദേശത്താണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. അതുകൊണ്ടുതന്നെ നാല് ദിവസത്തിലൊരിക്കലാണ് വാട്ടർ അതോറിറ്റിയിൽനിന്നും ഇവർക്ക് വെള്ളം ലഭിക്കുന്നത്. അന്തേവാസികൾക്ക് ജലവിതരണത്തിനും വളരെയധികം പരിമിതികൾ ഇതുമൂലമുണ്ടാകുന്നുണ്ട്. മറ്റൊന്ന്, ഈ സ്ഥാപനത്തിൽ അനുവദനീയമായ നിരവധി തസ്തികകൾ വർഷങ്ങളായി ഒഴിഞ്ഞുകിടക്കുകയാണ്. ആയതിനാൽ അന്തേവാസികൾക്ക് വിദ്യാഭ്യാസപരമായും തൊഴിൽപരമായും ലഭിക്കേണ്ട പരിശീലനം

നിഷേധിക്കപ്പെടുകയാണ്. സമൂഹത്തിന് ഏറ്റവുമധികം ഗുണകരമായ സംഭാവനകൾ നൽകാൻ കഴിയുന്ന കൗമാരക്കാരായ അന്തേവാസികളിൽനിന്നും മനപരിവർത്തനത്തിലൂടെ പുതിയൊരു തലമുറയെ വാർത്തെടുക്കുന്നതിന് അനുയോജ്യമായ സാഹചര്യങ്ങളും സൗകര്യങ്ങളും ഈ സ്ഥാപനത്തിൽ സൃഷ്ടിക്കുന്നതിനായി സ്കൂളിന്റെ പരാധീനതകൾ പരിഹരിക്കുന്നതിന് അടിയന്തര നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, തൃക്കാക്കരയിലെ ബോർസ്റ്റൽ സ്കൂളിന്റെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിച്ച് അതിനെ രാജ്യത്തെ മാതൃകാസ്ഥാപനമാക്കി വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. കുറ്റകൃത്യങ്ങളിൽപ്പെട്ടുപോകുന്ന കൗമാരക്കാരെ പാർപ്പിക്കുന്നതിനുള്ള പ്രധാനപ്പെട്ട സ്ഥാപനമായ ബോർസ്റ്റൽ സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി ഒരു മാതൃകാ സ്ഥാപനമാക്കി വികസിപ്പിക്കാനുള്ള നടപടികളാണ് ഗവൺമെന്റ്

നടപ്പിലാക്കി വരുന്നത്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും അനുബന്ധ സൗകര്യങ്ങളൊരുക്കുന്നതിനുമായി 3.3 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മറ്റ് നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. സ്കൂളിൽ കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ്റൂം, പബ്ലിക് അഡ്രസ്സിംഗ് സംവിധാനം എന്നിവ ഇതിനകം സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. സ്കൂളിലെ അന്തേവാസികളിലധികവും വിചാരണ തടവുകാരാണ്. സാമ്പത്തിക പരാധീനതയുള്ളവർക്ക് സൗജന്യ നിയമസഹായം നൽകുന്നതിനുവേണ്ടിയുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. വിദ്യാഭ്യാസവും വ്യക്തിത്വവികസനവും മുൻനിർത്തി വിദഗ്ധരായ അദ്ധ്യാപകരുടെ സേവനവും ലൈബ്രറി സൗകര്യവും കായിക വിനോദോപാധികളും സ്കൂളിലൊരുക്കിയിട്ടുണ്ട്. അതോടൊപ്പം പുനരധിവാസം ലക്ഷ്യമിട്ടുകൊണ്ടുള്ള തൊഴിൽ പരിശീലനവും നൽകിവരുന്നു. ആവശ്യമായ ചികിത്സാ സൗകര്യവും അവിടെ നൽകുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. അന്തേവാസികളുടെ സുരക്ഷ മുൻനിർത്തിയുള്ള മെറ്റൽ ഡിറ്റക്ടർ, സി.സി.ടി.വി., കുട്ടികൾക്ക് അവരുടെ ബന്ധുക്കളുമായും അഭിഭാഷകരുമായും ബന്ധപ്പെടുന്നതിന് വീഡിയോ കോൾ ചെയ്യുന്നതിനുള്ള സംവിധാനം എന്നിവ ഒരുക്കി കൊടുത്തിട്ടുണ്ട്. സംശുദ്ധീകരണവും പുനരധിവാസവും

മികച്ച രീതിയിൽ ഉറപ്പാക്കുന്ന തരത്തിൽ ബോർസ്റ്റൽ സ്കൂളിന്റെ പ്രവർത്തനം മാറ്റിയെടുക്കാനാണ് ഗവൺമെന്റ് ലക്ഷ്യമിട്ടിട്ടുള്ളത്. അന്തേവാസികളിൽ ശാരീരികവും മാനസികവും സാമൂഹ്യവുമായ പരിവർത്തനം സൃഷ്ടിച്ച് അവരെ കുറ്റവാസനയിൽനിന്നും മോചിപ്പിച്ച് ഉത്തമ പൗരന്മാരാക്കി മാറ്റുന്നതിനുള്ള തെറ്റ് തിരുത്തൽ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ തസ്തികകൾ സൃഷ്ടിക്കാനാവശ്യമായ നടപടികൂടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(3) <u>പതിച്ചുനൽകിയ പട്ടയഭൂമിയിലെ പ്രശ്നങ്ങൾ</u>

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, 1960-ൽ പ്രത്യേക ചട്ടപ്രകാരം കൊല്ലം ജില്ലയിലെ കടയ്ക്കൽ വില്ലേജിലും പത്തനാപുരത്തെ പിറവന്തൂർ വില്ലേജിലും റബ്ബർ കൃഷി ചെയ്യുന്നതിനായി സർക്കാർ ഭൂമി അനുവദിച്ചു നൽകിയിരുന്നു. ഈ ഭൂമിക്ക് 1979-ൽ ജില്ലാകളക്ടർ തറവില നിശ്ചയിക്കുകയും പട്ടയം അനുവദിച്ചു നൽകുകയും ചെയ്തു. ഈ തുക കർഷകർ മൂന്ന് ഗഡുക്കളായി അടച്ചു. 2009 വരെ കർഷകർക്ക് ഇതിന്റെ ഉടമസ്ഥാവകാശവും കൈമാറ്റ രേഖകളും നൽകിയിരുന്നു. 2010-ൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയിൽനിന്നും ഒരു സ്പഷ്ടീകരണമുണ്ടായി. 2010-നുമുമ്പുള്ള എല്ലാ കൈവശക്കാർക്കും കൈവശരേഖ

നൽകണമെന്നായിരുന്നു റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ നിർദ്ദേശം. ആ ഉത്തരവിന്റെ പകർപ്പും എന്റെ കൈവശമുണ്ട്. ഇപ്രകാരം കടയ്ക്കൽ വില്ലേജിൽ പട്ടയത്തിനുള്ള കൈമാറ്റ രേഖകളും ഉടമസ്ഥാവകാശവും നൽകി. പത്തനാപുരത്തെ കുറച്ചുപേർക്ക് ലഭിച്ചു, ബാക്കിയുള്ളവർക്ക് ലഭിച്ചില്ല. സമാന സംഭവങ്ങൾ തൃശ്ശൂർ ജില്ലയിലുമുണ്ട്. നിലവിലെ സ്ഥിതിയനുസരിച്ച് കൈവശം വച്ചിരിക്കുന്ന പല ആളുകളും ഈ ഭൂമിയിൽ റബ്ബർതന്നെ കൃഷി ചെയ്യുകയാണ്. എന്നാൽ ഈ ഭൂമി ഇവർക്ക് കൈമാറ്റം ചെയ്യാനോ ബാങ്കിൽ ഈടായി നൽകി വിദ്യാഭ്യാസ വായ്പയെടുക്കാനോ വീട് നിർമ്മിക്കുന്നതിനാവശ്യമായ വായ്പയെടുക്കാനോ കഴിയുന്നില്ല. ഇവരിൽ ക്യാൻസർ രോഗം ബാധിച്ചവർവരെയുണ്ട്. ഇവർക്ക് ചികിത്സയ്ക്കായി കടമെടുക്കാനോ ഭൂമി വിറ്റ് ചികിത്സ ചെയ്യാനോ സാധിക്കാത്ത സാഹചര്യമുണ്ട്. ആ സാഹചര്യം മനസ്സിലാക്കി ഏതാണ്ട് 53 വർഷങ്ങളായി കൈവശം വച്ചിരിക്കുന്ന ഈ കൃഷിഭൂമി അവർക്ക് പോക്കുവരവ് ചെയ്ത് ലഭ്യമാക്കുന്നതിനോ അന്യകൈമാറ്റം ചെയ്യുന്നതിനോ സാധിക്കുന്ന തരത്തിലൊരു സംവിധാനമുണ്ടാക്കണം. അവർക്ക് പട്ടയം നൽകിയിട്ടുണ്ട്. 2009-നുശേഷം നൽകുന്ന പട്ടയങ്ങൾ 25 വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ 1960-ലെ

ചട്ടപ്രകാരം നൽകിയ പട്ടയം 53 വർഷം കഴിഞ്ഞിട്ടും കൈമാറ്റം ചെയ്യാനോ പണയപ്പെടുത്താനോ സാധിക്കാത്ത അവസ്ഥയിലാണ്. വളരെ കുറച്ച് ആളുകൾ മാത്രമേ ഇനി പട്ടയം ലഭിക്കാൻ അവശേഷിക്കുന്നുള്ളൂ. ഭൂമിയില്ലാത്തവർക്ക് ഭൂമി എന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രഖ്യാപിത നയമാണ്. കൈവശരേഖകൾ ഉള്ളവർക്കുകൂടി പട്ടയം നൽകുകയെന്ന ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി അടിയന്തരമായി ഇക്കാര്യത്തിലിടപെട്ട് പട്ടയത്തിന് കൈമാറ്റ രേഖകൾ നൽകി കൈമാറ്റം ചെയ്യാൻ സാധിക്കുന്ന വിധത്തിലോ പണയപ്പെടുത്താൻ സാധിക്കുന്ന വിധത്തിലോ അവരുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യാൻ കഴിയുന്ന വിധത്തിലോ പട്ടയങ്ങൾ പതിച്ചുനൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. അന്ന് ഭൂമി ലഭിച്ചതിൽ പല വ്യക്തികളും മരണപ്പെട്ടു. നിലവിൽ മക്കളും മക്കളുടെ മക്കളും കൈമാറി അവർക്കാർക്കും ഭൂമിക്ക് അവകാശമില്ലാത്ത അവസ്ഥയാണ്. അവർ ഏതാണ്ട് പത്തുമുപ്പത്തിയഞ്ച് ആളുകളെയുള്ളൂ. അവരുടെ പ്രതിസന്ധി മറികടക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് ഞാൻ ഈ

സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്. ഇക്കാര്യത്തിലൊരു പോസിറ്റീവായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട കെ. ബി. ഗണേഷ് കുമാർ ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമുള്ളതും അടിയന്തരമായി പരിഹരിക്കപ്പെടേണ്ടതുമാണെന്നാണ് വകുപ്പുമന്ത്രിയെന്ന നിലയിൽ എന്റെ അഭിപ്രായം. കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിലെ പിറവന്തൂർ വില്ലേജിലെ എലിക്കാട്ടൂർ, മുക്കടവ്, വെട്ടിത്തിട്ട, ചെറുപാറ എന്നീ പ്രദേശങ്ങളിലെ സർവ്വെ 195 (1), 668 (1) എന്നീ നമ്പരുകളിലായി 1.41 ഹെക്ടർ സ്ഥലം വീതം 100 പേർക്ക് തറവില, സർവ്വെ ചാർജ്ജ്, പ്രീമിയം എന്നിവ ഈടാക്കി 1960-ലെ Special Rules for the Assignment of Government Land for Rubber Cultivation എന്ന ചട്ടപ്രകാരം പതിച്ച് നൽകിയിരുന്നു. റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്കും കർഷക തൊഴിലാളികൾക്കും ഭൂമി പതിച്ചുനൽകിയത്. 1.21 ഹെക്ടർ സ്ഥലം റബ്ബർ കൃഷി ചെയ്യുന്നതിനും ബാക്കിയുള്ള സ്ഥലം താമസാവശ്യത്തിന് ഉപയോഗിക്കുന്നതിനുമാണ് വ്യവസ്ഥ ചെയ്തിരുന്നത്. ഇപ്രകാരം പട്ടയം ലഭിച്ച കക്ഷികളിൽ വളരെയധികംപേർ മറ്റുജില്ലകളിലും താലൂക്കുകളിലും

ഉൾപ്പെട്ടവരായിരുന്നു. പട്ടയം അനുവദിച്ച് കിട്ടിയ കക്ഷികളിൽ വ്യക്തിപരമായ ആവശ്യങ്ങൾക്കായി പട്ടയ സ്ഥലങ്ങളെ ചെറുതുണ്ടുകളാക്കി തദ്ദേശവാസികൾക്ക് കൈമാറ്റം ചെയ്തിട്ടുള്ളതും അപ്രകാരം കൈമാറ്റം ചെയ്ത് ലഭിച്ച കുടുംബങ്ങൾ ടി സ്ഥലത്ത് കൃഷി ചെയ്തും കുടിയേറിപാർത്തും വരികയുമാണ്. ഇത്തരത്തിൽ ഭൂമി വാങ്ങിയിട്ടുള്ളവരിൽ ഭൂരിഭാഗവും മറ്റുഭൂസ്വത്തുക്കൾ ഇല്ലാത്തവരാണ്. വിലയാധാരപ്രകാരം കൈമാറ്റം ചെയ്ത് ലഭിച്ച ഭൂമി പോക്കുവരവ് ചെയ്ത് ലഭിക്കുന്നതിനായി പ്രദേശവാസികൾ വർഷങ്ങളായി അപേക്ഷ സമർപ്പിച്ചുവന്നിരുന്നതും എന്നാൽ പട്ടയവ്യവസ്ഥ ലംഘിച്ച് കൈമാറിയതായതിനാൽ നാളിതുവരെ അനുകൂല നടപടികളൊന്നും സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമാണ്. ഭൂമി പതിച്ചുനൽകിയ 1960-ലെ ചട്ടപ്രകാരം പട്ടയവ്യവസ്ഥകൾ ലംഘിച്ചാൽ ഭൂമി സർക്കാർ ഏറ്റെടുക്കാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കൈമാറ്റം സാധൂകരിക്കാൻ ചട്ടത്തിൽ വ്യവസ്ഥയില്ല. എന്നാൽ ആദ്യകാലത്ത് ഈയിനത്തിൽപ്പെട്ട ഭൂമി കൈമാറ്റം ചെയ്യപ്പെട്ടവർക്ക് പോക്കുവരവ് ചെയ്തുകൊടുത്തിരുന്നു. എന്നാലിത് ചട്ടവിരുദ്ധമാണെന്ന് ബോദ്ധ്യപ്പെട്ട് 2009-നുശേഷം ഇത്തരത്തിലുള്ള ഭൂമിയുടെ പോക്കുവരവ് ഉത്തരവിലൂടെ തടയുകയും ചെയ്തിട്ടുണ്ട്. ഭൂമി പതിച്ചുകൊടുത്ത 1960-ലെ Special Rules for the Assignment of

Government Land for Rubber Cultivation-ന്റെ ചട്ടം 17 പ്രകാരം പതിച്ചുകിട്ടിയ ഭൂമി അനന്തരാവകാശികൾക്കല്ലാതെ മറ്റാർക്കും കൈമാറ്റം ചെയ്യാൻ പാടില്ല. ഇതിൽ വീഴ്ച വരുത്തിയാൽ പതിവ് ലൈസൻസ് റദ്ദ് ചെയ്ത് ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കാൻ ചട്ടം 20(1)-ൽ നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാരണത്താലാണ് പോക്കുവരവ് നടപടി സ്വീകരിക്കാൻ കഴിയാത്തതെന്നാണ് അതിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ടി ചട്ടപ്രകാരം പതിച്ചുനൽകിയിട്ടുള്ള വ്യക്തികളിൽ ഭൂരിഭാഗം പേരുടെയും പേർക്ക് വില്ലേജിൽ റിക്കാർഡുള്ളതും എന്നാൽ ടി സ്ഥലങ്ങൾ വ്യത്യസ്തരായ തദ്ദേശവാസികളുടെ കൈവശാനുഭവത്തിലുമാണ്. ഇത്തരം സ്ഥലം കൈമാറി കിട്ടിയ വ്യക്തികൾക്ക് ചട്ടവിരുദ്ധമായി പോക്കുവരവ് അനുവദിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കൈമാറ്റം സിദ്ധിച്ചയാളിന്റെ പേര് ചേർത്ത് വകയ്ക്ക് ഒടുക്ക് എന്നുപറയുന്ന വകപ്പടി നടത്തി കരം സ്വീകരിക്കാറുണ്ടെങ്കിലും ഇത്തരത്തിൽ അനുവദിക്കപ്പെടുന്ന രസീതുകൊണ്ട് നിലവിലുള്ള കൈവശക്കാർക്ക് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ലഭിക്കുന്നതല്ല. ആയതിനാൽ ടി ആളുകളുടെ വ്യക്തിപരമായ ഏതെങ്കിലും അത്യാവശ്യഘട്ടങ്ങളിൽ ഈ സ്ഥലം ഈടുവച്ച് വായ്പയെടുക്കുന്നതിനായി കൈവശ സർട്ടിഫിക്കറ്റുകൾ, ലൊക്കേഷൻ സ്കെച്ച്

തുടങ്ങിയവ വില്ലേജ് ഓഫീസിൽനിന്നും അനുവദിക്കാൻ കഴിയാത്ത സാഹചര്യവും നിലവിലുണ്ട്. ഈ സാമൂഹ്യപ്രശ്നം പരിഹരിക്കപ്പെടേണ്ട വിധത്തിൽ വളർന്നുവരികയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് നൂറുശതമാനം ശരിയാണ്. പിറവന്തൂർ വില്ലേജിന്റെ പരിധിയിൽ ഇത്തരത്തിലുള്ള ഭൂമിയിൽ താമസിച്ചുവരുന്ന പരമ്പരാഗത കൈവശക്കാരും വിലയാധാരപ്രകാരം ഭൂമി കൈമാറ്റം ചെയ്ത് കിട്ടി ഉടമസ്ഥാവകാശം ലഭിക്കാത്തവരുമായി ഉദ്ദേശം അഞ്ഞൂറോളം കുടുംബങ്ങളുണ്ട്. അങ്ങ് പറഞ്ഞതിനുപുറമെ മുമ്പ് നികുതിയടയ്ക്കുന്നവർക്കും ഇതിന്റെ കൈമാറ്റം സാധ്യമല്ലാത്ത ഘട്ടമുണ്ട്. അതെല്ലാംകൂടെ കൂട്ടിയാൽ ഏതാണ്ട് അഞ്ഞൂറോളം കുടുംബങ്ങളുണ്ട്. ഭൂനിയമങ്ങൾ സംബന്ധിച്ച് വളരെയൊന്നും അവഗാഹമില്ലാത്ത സാധാരണക്കാർ അവരുടെ മുഴുവൻ സമ്പാദ്യവും ഉപയോഗിച്ചാണ് ഈ വസ്തുക്കൾ വാങ്ങിച്ചിട്ടുള്ളതെന്നും ദീർഘകാലമായി കൈവശംവച്ച് അനുഭവിച്ച് വരുന്നതെന്നതും പരിഗണിച്ച് അവർക്ക് വസ്തുവിന്റെ ഉടമസ്ഥാവകാശം നൽകണമെന്നാണ് സർക്കാരിന്റെ അഭിപ്രായം. 1960-ലെ ഭൂപതിവ് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് റബ്ബർ കർഷകർക്ക് ഭൂമി പതിച്ച് നൽകുന്നതിനുള്ള ചട്ടം രൂപീകരിച്ചിട്ടുള്ളത്. ചട്ടത്തിലെ വ്യവസ്ഥകൾ പട്ടാദാർമാർ ലംഘിച്ചാൽ അത് ക്രമവത്കരിച്ച്

നൽകാൻ 1960-ലെ നിയമത്തിൽ നിലവിൽ വ്യവസ്ഥയില്ല. ഇതുസംബന്ധിച്ച് നിയമത്തിൽ ഒരു ഭേദഗതി കൊണ്ടുവരുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 10.01.2023-ൽ ഉന്നതതല യോഗം ചേർന്നിട്ടുള്ളതും നിയമ ഭേദഗതി നടത്താൻ തീരുമാനിച്ചിട്ടുള്ളതുമാണ്. അങ്ങ് പറഞ്ഞതുപോലെ പരമാവധി ആളുകൾക്ക് പട്ടയം കൊടുക്കണമെന്നാണ് സർക്കാരിന്റെ ലക്ഷ്യം എന്നതുകൊണ്ട് ഈ നിയമ ഭേദഗതി കൊണ്ടുവരും. ആ സാഹചര്യത്തിൽ നിയമ ചട്ടഭേദഗതികളിലൂടെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം അടിയന്തരമായി പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് ഞാൻ ഉറപ്പുനൽകുന്നു.

(4) കടലാക്രമണ ഭീഷണി

ശ്രീ. രമേശ് ചെന്നിത്തല: സർ, എന്റെ നിയോജകമണ്ഡലത്തിലെ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ എന്നീ പഞ്ചായത്തുകൾ സുനാമിബാധിത പ്രദേശങ്ങളാണ്. സാധാരണഗതിയിൽ ജൂൺ, ജൂലൈ മാസങ്ങളിലാണ് കടലാക്രമണം ഉണ്ടാകുന്നതെങ്കിലും കടലിന്റെ പ്രത്യേകതയും ചൂട് കൂടിയിരിക്കുന്ന സമയമായതിനാലും ആറാട്ടുപുഴ പഞ്ചായത്തിലെ വലിയഴീക്കലിലും പെരുമ്പള്ളി ഉൾപ്പെടെയുള്ള സ്ഥലങ്ങളിലും രൂക്ഷമായ

കടൽക്ഷോഭം ഉണ്ടാകുകയാണ്. ഇത് തടയുന്നതിനായി കടൽഭിത്തി നിർമ്മാണവും പുലിമുട്ട് നിർമ്മാണവും പ്രൊപ്പോസ് ചെയ്തെങ്കിലും ഇതുവരെയും ഫലപ്രദമായി നടപ്പാക്കാൻ സാധിച്ചിട്ടില്ല. ഈ പ്രദേശത്ത് കഴിഞ്ഞ മൂന്നുനാല് ദിവസങ്ങളായി വലിയ തോതിലുള്ള കടലാക്രമണം കാരണം കടലിലുള്ള ചെളിയും മണ്ണും അടിച്ചുകയറി റോഡ് ഗതാഗതംപോലും തടസ്സപ്പെട്ടിരിക്കുന്നു. ഒരുതരത്തിലും ആളുകൾക്ക് അവിടെ ജീവിക്കാൻ കഴിയാത്ത അവസ്ഥ സംജാതമായിരിക്കുകയാണ്. എന്തുകൊണ്ടാണ് ഈ പ്രതിഭാസം ഉണ്ടാകുന്നതെന്ന് അറിയില്ല. കടലാക്രമണ നിരോധന പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കുകയാണ് ഇത് പരിഹരിക്കുന്നതിനുള്ള ഏകമാർഗ്ഗം. തൃക്കുന്നപ്പുഴ പഞ്ചായത്തിലും മതുക്കൽ മുതൽ പല്ലന സ്കൂൾ ജംഗ്ഷൻ വരെയുള്ള പ്രദേശത്തും കടലാക്രമണം സ്ഥിരമായി വന്നുകൊണ്ടിരിക്കുന്നു. നേരത്തെ ജൂൺ-ജൂലൈ മാസങ്ങളിൽ മാത്രം രൂക്ഷമായ കടലാക്രമണം ഉണ്ടായിക്കൊണ്ടിരുന്നത് ഇപ്പോൾ ഇടക്കിടയ്ക്ക് ഉണ്ടാകുകയും നിരവധി വീടുകൾ നഷ്ടപ്പെടുകയും ആളുകൾക്ക് അവിടെ ജീവിക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടാകുകയും റോഡ് ഗതാഗതം തടസ്സപ്പെടുകയും ചെയ്യുന്ന നിരവധി പ്രശ്നങ്ങളുണ്ട്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ അനുകൂല നടപടി സ്വീകരിക്കുന്നുണ്ടെങ്കിലും

ഇപ്പോഴുണ്ടായിരിക്കുന്ന ഈ പ്രതിഭാസത്തെ തടയാൻ വലിയഴീക്കൽ, പെരുമ്പള്ളി എന്നീ ഭാഗങ്ങളിൽ താൽക്കാലിക നടപടിയെന്ന നിലയിൽ ജിയോ ബാഗുകൾ സ്ഥാപിച്ച് ആളുകളെ സംരക്ഷിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു. ലോകബാങ്കിന്റെ പദ്ധതിപ്രകാരം തൃക്കുന്നപ്പുഴ, ആറാട്ടുപുഴ എന്നീ പഞ്ചായത്തുകളിൽ പുലിമുട്ട് കടൽഭിത്തി നിർമ്മാണത്തിനായി ജലവിഭവ വകുപ്പ് 154 കോടി രൂപയുടെയും കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ 128 കോടി രൂപയുടെയും പ്രോജക്റ്റുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അതുമാത്രമല്ല, ഇപ്പോൾ കോസ്റ്റൽ ഹൈവേയുംകൂടി വരികയാണ്. കോസ്റ്റൽ ഹൈവേ യാഥാർത്ഥ്യമാകണമെങ്കിൽ കടൽഭിത്തി നിർമ്മാണം നടക്കണം. ഇല്ലെങ്കിൽ പ്രായോഗികമായി ബുദ്ധിമുട്ടുകളുണ്ടാകും. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെ ഇന്നലെ ഞാൻ കണ്ടിരുന്നു. പെരുമ്പള്ളി, വലിയഴീക്കൽ പ്രദേശങ്ങളിൽ ജിയോ ബാഗുകൾ സ്ഥാപിക്കുകയും ശാശ്വത പരിഹാരമെന്ന നിലയിൽ കടൽഭിത്തിയും പുലിമുട്ടും നിർമ്മിക്കാൻ ലോകബാങ്കിന്റെ സഹായത്തോടുകൂടിയുള്ള പദ്ധതി നടപ്പാക്കുകയും ചെയ്യണമെന്ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയങ്ങൾ വളരെ പ്രാധാന്യമർഹിക്കുന്നവ തന്നെയാണ്. തീരദേശത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടിയുള്ള സത്വരനടപടികൾ സ്വീകരിച്ചുവരികയാണ്. ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ പഞ്ചായത്തിലെ 1, 16, 17, 18 വാർഡുകൾ രൂക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശമാണ്. നിലവിൽ KIIDC (Kerala Irrigation Infrastructure Development Corporation Ltd.) മുഖാന്തരം ഹരിപ്പാട് മണ്ഡലത്തിൽ കിഫ്ബിയുടെ 80.815 കോടി രൂപയുടെ ധനസഹായത്തോടുകൂടി പതിയാങ്കരയിൽ ഒന്നര കിലോമീറ്റർ നീളത്തിൽ തീരസംരക്ഷണത്തിനുവേണ്ടി 13 പുലിമുട്ടുകളുടെയും ആറാട്ടുപുഴയിൽ 1.20 കിലോമീറ്റർ നീളത്തിൽ തീരസംരക്ഷണത്തിനുവേണ്ടി 21 പുലിമുട്ടുകളുടെയും വട്ടച്ചാലിൽ 1.70 കിലോമീറ്റർ നീളത്തിൽ തീരസംരക്ഷണത്തിനുവേണ്ടി 16 പുലിമുട്ടുകളുടെയും നിർമ്മാണം പുരോഗമിച്ചുവരുന്നു. ഹരിപ്പാട് നിയോജകമണ്ഡലത്തിൽ വട്ടച്ചാലിലെ നെല്ലാനിക്കൽ ചെയ്നേജ് 55.20 കിലോമീറ്റർ മുതൽ ചെയ്നേജ് 55.70 കിലോമീറ്റർ വരെയുള്ള പ്രദേശത്ത് പുലിമുട്ട് നിർമ്മാണ പദ്ധതിക്ക് 6.845 കോടി രൂപയുടെ കിഫ്ബി സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. ഹരിപ്പാട് മണ്ഡലത്തിലെ

തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പഞ്ചായത്തിലെ തീരസംരക്ഷണത്തിന് വേൾഡ് ബാങ്ക് സഹായത്തോടെ 128.80 കോടി രൂപയുടെ പ്രാഥമിക എസ്റ്റിമേറ്റ് തയ്യാറാക്കുകയും അതുമായി ബന്ധപ്പെട്ട് ലോക ബാങ്കുമായുള്ള ചർച്ചകൾ നടന്നുവരികയുമാണ്. അത് പരിശോധിച്ചതിനുശേഷം ഫിനാൻസ് ഡിപ്പാർട്ടുമെന്റ് സാങ്കേതിക സാധ്യതാപഠനം ആവശ്യമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതിന്മേലുള്ള നടപടിയും സത്വരമായി സ്വീകരിക്കുന്നതാണ്. 2022-23 ബഡ്ജറ്റിൽ തീരസംരക്ഷണത്തിനുവേണ്ടി അനുവദിക്കപ്പെട്ട ഹെഡ്ഡിൽനിന്ന് അടിയന്തരമായി അനുവദനീയമായ നിലയിൽ 7.98 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്. അതിനേക്കാളേറെ അടിയന്തരപ്രാധാന്യത്തോടെ സൂചിപ്പിച്ചത് സമീപ ദിവസങ്ങളിൽ ആകസ്മികമായുണ്ടാകുന്ന രൂക്ഷമായ കടലാക്രമണം പ്രദേശവാസികളെ ഏറെ ബുദ്ധിമുട്ടിലാക്കിയിട്ടുണ്ടെന്നതാണ്. അടിയന്തരമായി ചെയ്യാൻ കഴിയുന്ന താൽക്കാലിക സംരക്ഷണഭിത്തി നിർമ്മിക്കാൻ ഇന്ന് 78.85 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാമ്പത്തികാനുമതി ഉടൻ നൽകുന്നതാണ്.

## (5) മത്സ്യ-പച്ചക്കറി മാർക്കറ്റുകളുടെ നവീകരണം

ശ്രീ. ഷാഫി പറമ്പിൽ: സർ, പാലക്കാട് ജില്ലയിലെ ആയിരക്കണക്കിന് സാധാരണക്കാർ ആശ്രയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട രണ്ട് കേന്ദ്രങ്ങളാണ് പാലക്കാടുള്ള പച്ചക്കറി മാർക്കറ്റും മത്സ്യ മാർക്കറ്റും. രണ്ടിനും പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഏതാണ്ട് 1987-ൽ തുടങ്ങിയതാണ് പാലക്കാടുള്ള പച്ചക്കറി മാർക്കറ്റ്. 45 സ്ക്വയർഫീറ്റ് മാത്രമുള്ള 206 കടമുറികളാണുള്ളത്. അവിടെയാണ് അയ്യായിരത്തിലധികം ആളുകൾ നിരന്തരം കച്ചവടാവശ്യത്തിന് വന്നുപോകുന്നത്. നാനൂറോളം തൊഴിലാളികൾ അവിടെ നേരിട്ട് പണിയെടുക്കുന്നുണ്ട്. നേരിട്ടല്ലാതെയുള്ള ആയിരക്കണക്കിനാളുകളുടെ വരുമാനമാർഗ്ഗവും കുടുംബജീവിത മാർഗ്ഗവുമാണ് ആ മാർക്കറ്റ്. ചുമട്ടുകാരും പച്ചക്കറി വ്യാപാരം നടത്തുന്നവരും ഓട്ടോറിക്ഷാ തൊഴിലാളികളും മറ്റ് മോട്ടോർ തൊഴിലാളികളും ചുറ്റുവട്ടത്ത് വ്യാപാര വ്യവസായം നടത്തുന്ന ആളുകളുമൊക്കെയായി ഒരുപാട് സാധാരണ കുടുംബങ്ങൾ അവരുടെ നിത്യജീവിതം മുന്നോട്ടുകൊണ്ടുപോകാൻ ആശ്രയിക്കുന്ന പ്രധാനപ്പെട്ടൊരു മാർക്കറ്റാണിത്. ഇരുന്നൂറിലധികം ലോറികൾ ഉൾപ്പെടെയുള്ള വലിയ വണ്ടികൾ അവിടെ എല്ലാ ദിവസവും വന്നുപോകുന്നുണ്ട്. പാലക്കാട് ഹെഡ്ക്വാർട്ടേഴ്സിൽനിന്ന് അൻപത്

കിലോമീറ്റർ ചുറ്റളവിലേയ്ക്ക്വരെ സാമാന്യം കുറഞ്ഞ നിരക്കിൽ പച്ചക്കറി വ്യാപാരം ചെയ്യുന്ന ഒരു കേന്ദ്രമാണിത്. ഒരു ഏക്കറും ആറ് സെന്റും മാത്രമുള്ള ഈ പച്ചക്കറി മാർക്കറ്റിൽ ആധുനിക കാലത്തെ വികസനാവശ്യങ്ങളും കച്ചവടാവശ്യങ്ങളും നിർവ്വഹിക്കണമെങ്കിൽ അതിന് കാര്യമായ സാമ്പത്തിക സഹായം സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കാനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. മതിയായ അടിസ്ഥാന സൗകര്യങ്ങൾ, സ്റ്റോറേജ്-ഫ്രീസർ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ, ഡ്രെയിനേജ്, വേസ്റ്റ് മാനേജ്മെന്റ്, ടോയ്ലറ്റ് സംവിധാനങ്ങൾ, ലൈറ്റിംഗ്, ഫ്ലോറിംഗ് ഉൾപ്പെടെ ഒരുപാട് കാര്യങ്ങളിൽ നവീകരണം അനിവാര്യമാണ്. എം.എൽ.എ. ഫണ്ടിൽനിന്ന് ചെയ്യാവുന്ന കുറച്ച് കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും സമഗ്രമായ ഒരു നവീകരണ പദ്ധതി പാലക്കാട് പച്ചക്കറി മാർക്കറ്റിന് അനിവാര്യമാണ്. അതിന് പ്രഥമ പരിഗണന അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്നും ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് മുൻകയ്യെടുക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

അതുപോലെ പ്രധാനമാണ് പതിറ്റാണ്ടുകൾ പഴക്കമുള്ള പാലക്കാട് മത്സ്യ മാർക്കറ്റ്. അറുന്നൂറോളം കുടുംബങ്ങൾ നേരിട്ട് ആ മാർക്കറ്റുമായി

ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവരാണ്. ബഹുമാനപ്പെട്ട മന്ത്രിക്കും നേരിട്ട് അറിയാവുന്ന പ്രദേശമാണത്. അതിന്റെ ചുറ്റുവട്ടത്തുള്ള നിരവധി സാധാരണക്കാരുടെ വരുമാനമാർഗ്ഗമാണത്. ചെറിയ വണ്ടികളിൽ സാധനങ്ങൾ എടുത്ത് പാലക്കാട്, ആലത്തൂർ, ഒറ്റപ്പാലം, പെരിങ്ങോട്ടുകുറിശ്ശി, കോട്ടായി, കരിമ്പുഴ ഉൾപ്പെടെ പല പ്രദേശങ്ങളിലും മത്സ്യമെത്തിക്കുന്നത് ഇവിടെ നിന്നാണ്. പുലർച്ചെ മൂന്ന് മണിക്ക് തുടങ്ങി ആറ് മണിവരെ ഇവിടെ ലേലം നടക്കും. അതിനുശേഷം ഉച്ചവരെ സാധാരണക്കാർ ഉൾപ്പെടെയുള്ള ആളുകൾ വന്ന് മത്സ്യം വാങ്ങുന്നതും ഈ മാർക്കറ്റിൽനിന്നാണ്. 10-30 വർഷത്തെ പഴക്കമുള്ള കെട്ടിടത്തിന്റെ ചെറിയ രീതിയിലുള്ള നവീകരണം എം.എൽ.എ. ഫണ്ടുപയോഗിച്ച് ചെയ്യാൻ സാധിച്ചു. പക്ഷേ ഈ കാലഘട്ടത്തിന് അനുയോജ്യമായ മത്സ്യ മാർക്കറ്റായി അതിനെ മാറ്റണമെങ്കിൽ ഗവൺമെന്റിന്റെ സഹായം അനിവാര്യമാണ്. കാലാനുസൃതമായ നവീകരണ പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കാൻ അങ്ങ് മുൻകയ്യെടുക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാന്യനായ അംഗം ശ്രീ. ഷാഫി പറമ്പിൽ ഉന്നയിച്ചത്

വളരെ പ്രാധാന്യമുള്ളൊരു വിഷയമാണ്. പച്ചക്കറി മാർക്കറ്റും മത്സ്യ മാർക്കറ്റും എനിക്ക് നേരിട്ടറിയുന്ന സ്ഥലങ്ങളാണ്. പാലക്കാട് നഗരസഭയിൽ മേലാമുറിയിലുള്ള പച്ചക്കറി മാർക്കറ്റ് 207 കടമുറികളുള്ള നൂറ് വർഷം പഴക്കമുള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പുലർച്ചെ മൂന്ന് മണിമുതൽ ചെറുതും വലുതുമായ അനേകം വാഹനങ്ങളിൽ ഏതാണ്ട് 40 ടൺവരെ പച്ചക്കറികൾ അവിടെ പ്രതിദിനം എത്തുന്നുണ്ട്. രണ്ടായിരത്തോളം ആളുകൾ ഈ സമയത്ത് അവിടെ വന്നുപോകാറുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ, ശുചിമുറി എന്നിവയുടെയെല്ലാം അപര്യാപ്തതയുണ്ട്. ഇവിടെനിന്ന് ദിനംപ്രതി മൂന്ന് ടൺ പച്ചക്കറി മാലിന്യങ്ങൾ സൃഷ്ടിക്കപ്പെടുന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളത്. അത് അതത് ദിവസംതന്നെ നീക്കം ചെയ്യുന്നുണ്ട്. പക്ഷേ കെട്ടിടങ്ങൾ വളരെ ശോചനീയമായ നിലയിലാണ്. മത്സ്യ മാർക്കറ്റിന്റെ സ്ഥിതിയും വ്യത്യസ്തമല്ല. അറുപത് വർഷത്തിലേറെ പഴക്കമുള്ള കെട്ടിടത്തിലാണ് മത്സ്യമാർക്കറ്റ് പ്രവർത്തിക്കുന്നത്. നൂറിലധികം ആളുകൾ അവിടെ ജോലി ചെയ്യുന്നുണ്ട്. രണ്ടായിരത്തോളം ആളുകൾ പ്രതിദിനം അവിടെ വന്നുപോകുന്നുണ്ട്. പ്രതിദിനം ഒരു ടൺ മാലിന്യം മത്സ്യമാർക്കറ്റിൽ നിന്ന് സൃഷ്ടിക്കപ്പെടുന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഈ കെട്ടിടത്തിന്റെ ഒരു

ഭാഗം കാലപ്പഴക്കംമൂലം ശോചനീയമായി തീർന്നതിനാൽ പൊളിച്ചുമാറ്റാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഈ രണ്ട് മാർക്കറ്റുകളും നവീകരിക്കുന്നതിന് ഏകദേശം എട്ട് കോടി രൂപ ചെലവുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൗൺസിലിന്റെ അനുവാദത്തോടുകൂടി വരും വർഷങ്ങളിൽ പ്ലാൻ ഫണ്ടിൽനിന്നും അതുപോലെ മറ്റ് ധനകാര്യസ്ഥാപനങ്ങളിൽനിന്ന് ലോൺ മുഖേനയും തുക കണ്ടെത്തി ബഹുവർഷപദ്ധതിയായി നവീകരണം പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പച്ചക്കറി മാർക്കറ്റിന്റെ നവീകരണത്തിന് രണ്ടര കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാനായി നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുകയാണ്. മത്സ്യമാർക്കറ്റ് നവീകരിക്കുന്നതിനുള്ള തുക കണ്ടെത്താനുള്ള നടപടികൾ എത്രയുംവേഗം സ്വീകരിക്കുന്നതാണെന്നും ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

### (6) മൂവാറ്റുപുഴവാലി ഇറിഗേഷൻ പദ്ധതി

ഡോ. മാത്യു കുഴൽനാടൻ: സർ, മൂവാറ്റുപുഴവാലി ഇറിഗേഷൻ പദ്ധതിയിലെ മാറാടി ബ്രാഞ്ച് കനാലിനുണ്ടായ തകർച്ച ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. യഥാർത്ഥത്തിൽ മാറാടി ബ്രാഞ്ച് കനാലിന്റെ ചെയ്നേജിലെ 800 മീറ്ററിനോട് ചേർന്നുള്ള, ഏകദേശം മുപ്പത്

വർഷം പഴക്കമുള്ള സൈഡ്വാൾ തകർന്ന് 22 മീറ്ററോളം നീളത്തിൽ മൂവാറ്റുപുഴ-പണ്ടപ്പിള്ളി റോഡിലേയ്ക്ക് മണ്ണിടിഞ്ഞുവീഴുകയും ഗതാഗതം തടസ്സപ്പെടുകയും ചെയ്തതിനാൽ ജലവിതരണം നിർത്തിവയ്ക്കേണ്ട സ്ഥിതിയാണ് ഇപ്പോൾ അവിടെയുള്ളത്. മാറാടി, ആരക്കുഴ എന്നീ പഞ്ചായത്തുകളിലെ ജനങ്ങൾ കൃഷിക്കും കുടിവെള്ളത്തിനുംവേണ്ടി ആശ്രയിക്കുന്നത് ടി കനാലിനെയാണ്. ജലവിതരണം അടിയന്തരമായി പുന:സ്ഥാപിക്കേണ്ടത് അവിടത്തെ ജനങ്ങളുടെ വലിയൊരാവശ്യമാണ്. എം.വി.ഐ.പി.-യുടെ മാത്രമല്ല, പഴയ കനാലുകളുടെയും സീറോ മെയിന്റനൻസ് എന്നൊരു അപ്രോച്ച് ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ടോയെന്നും എനിക്ക് സംശയമുണ്ട്. കാരണം ഞാൻ കഴിഞ്ഞ ദിവസം നേരിട്ടുപോയി കണ്ടതാണ്, കനാലിന്റെ inner bed എന്ന സൈഡ് വാളിൽ 40-50 ഇഞ്ച് വണ്ണമുള്ള തടി വളർന്നുനിൽക്കുകയാണ്. അത് സൂചിപ്പിക്കുന്നത്, ഒരു മെയിന്റനൻസും വർഷങ്ങളായി നടന്നിട്ടില്ലെന്നതാണ്. ഒരുപക്ഷേ പത്തുവർഷത്തിനിടയ്ക്ക് ഒരു മെയിന്റനൻസും നടന്നെന്ന് എനിക്ക് തോന്നുന്നില്ല. ഇപ്പോൾ ഒരു സംഭവമുണ്ടായി. ഇത് അടുത്ത സ്ഥലത്തും ആവർത്തിക്കപ്പെട്ടേക്കാം. ഓരോ സ്ഥലത്തും ഇങ്ങനെയുണ്ടാകുമ്പോൾ ഇത് റിപ്പയർ ചെയ്യാനോ റീ-കൺസ്ട്രക്ട് ചെയ്യാനോ ചെലവാകുന്ന തുകയുടെ

പത്തിലൊന്ന് ഉപയോഗിച്ച് ഇതിന്റെ മെയിന്റനൻസ് കാലാകാലങ്ങളിൽ നടത്തിവന്നാൽ ഈ അപകടം ഉണ്ടാകില്ല. ഇത്രയധികം ഇൻവെസ്റ്റ്മെന്റ് നടത്തി, കനാലുകളുണ്ടാക്കി ജലവിതരണത്തിന് ശ്രമിക്കുന്നത് ജലം ജനങ്ങൾക്ക് എത്തിച്ചുകൊടുക്കണമെന്നുള്ളതുകൊണ്ടാണ്. ഇതുസംബന്ധിച്ച് വകുപ്പ് ഏതെങ്കിലുമൊരു സ്റ്റഡി നടത്തിയിട്ടുണ്ടോ; റിലീസ് ചെയ്യുന്ന വെള്ളത്തിന്റെ എത്രശതമാനം നമുക്ക് ഉപയോഗിക്കാൻ സാധിക്കുന്നുണ്ട്? മെയിന്റനൻസ് ഇല്ലാത്തതുകൊണ്ട് ലീക്കേജിലൂടെ നഷ്ടപ്പെടുന്ന ജലത്തിന്റെ അളവ് ഒരുപക്ഷേ 50 ശതമാനത്തിൽ കൂടുതൽ ട്രാൻസിറ്റിൽ നഷ്ടപ്പെട്ടുപോകുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഞാൻ ഇത് ബഹുമാനപ്പെട്ട മന്ത്രിയെ കുറ്റപ്പെടുത്താൻവേണ്ടി പറയുന്നതല്ല. ഇപ്പോഴത്തെ അവസ്ഥയിൽ ആ സിസ്റ്റം വർക്ക് ചെയ്യുന്നത് വളരെ മോശമായിട്ടാണ്. ജലം വളരെ അമൂല്യമാണെന്ന് നമുക്കറിയാം. നമുക്ക് ഇത്രയും സംവിധാനങ്ങളുണ്ടായിട്ടും പുതുതായി ഒരു പദ്ധതിക്കും രൂപംനൽകുന്നില്ലെന്ന് മാത്രമല്ല, നിലവിലുള്ള ഇറിഗേഷൻ സംവിധാനങ്ങൾ വേണ്ടതുപോലെ മെയിന്റയിൻ ചെയ്ത് ഉപയോഗപ്പെടുത്താൻ കഴിയാത്ത അവസ്ഥയാണ്. ഇത് എന്റെ മണ്ഡലത്തെ മാത്രം ബാധിക്കുന്ന കാര്യമല്ല. ഇതര നിയോജകമണ്ഡലങ്ങളിലും വലിയ ഗൗരവമുള്ള ഒരു വിഷയമാണിത്.

എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാനുള്ളത്, ഇതുമായി ബന്ധപ്പെട്ട് പൊതുവായി സ്വീകരിക്കാനുദ്ദേശിക്കുന്ന നയമെന്താണെന്നാണ്? അതുപോലെതന്നെ ഈ കനാലിന്റെ താൽക്കാലികമായ റീകൺസ്ട്രക്ഷനുവേണ്ടി പോകരുത്. അതിന് മുതൽമുടക്കുന്ന പണത്തിന്റെ ഒരുഭാഗം ഉപയോഗപ്പെടുത്തിയാൽ സ്ഥിരമായി പുനർനിർമ്മാണം സാധ്യമാകും. കനാൽ പുനർനിർമ്മിച്ച് ആരക്കുഴ, മാറാടി പഞ്ചായത്തുകളിലെ ജനങ്ങളുടെ ദുരിതത്തിന് പരിഹാരം കാണണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. മാറാടി ബ്രാഞ്ച് കനാലിന്റെ ചെയിനേജ് 800 മീറ്ററിനോടടുത്താണ്. 22.5 മീറ്റർ നീളത്തിൽ മണ്ണും കല്ലും ചെളിയുമെല്ലാം കലർന്നൊരു മിശ്രിതം കനാൽ തകർന്നതോടുകൂടി ഉണ്ടാകുകയും ഗതാഗതതടസ്സമുൾപ്പെടെ വലിയ രീതിയിലുള്ള പ്രതിസന്ധിക്ക് കാരണമാകുകയും ചെയ്തു. വളരെപ്പെട്ടെന്നുതന്നെ പോലീസും ഫയർഫോഴ്സും അതോടൊപ്പം റവന്യൂ ഡിപ്പാർട്ട്മെന്റ്, ഇറിഗേഷൻ, എൽ.എസ്.ജി.ഡി., പൊതുജനങ്ങൾ ഉൾപ്പെടെയുള്ള എല്ലാവരുടെയും സഹകരണത്തോടുകൂടി അക്കാര്യങ്ങളെല്ലാം

ഫലപ്രദമായി രാത്രി പതിനൊന്നുമണിയോടുകൂടി ക്രമപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. എന്നാൽ മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ടുമായി ബന്ധപ്പെട്ടും അതുമായി നടന്നുവരുന്ന ജലവിതരണ സംവിധാനത്തെക്കുറിച്ചും പരിശോധിച്ചുവരികയാണ്. കേരളത്തിലെ കനാൽ സമ്പ്രദായമെല്ലാംതന്നെ വളരെയേറെ കാലപ്പഴക്കമുള്ളതാണ്. ഈ ബ്രാഞ്ച് കനാൽപോലും മുപ്പത് വർഷത്തിലേറെ പഴക്കമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ജലം ഒഴുകിപ്പോകുമ്പോൾ കനാലിന് വന്നിരിക്കുന്ന കാലാനുസൃതമായ തടസ്സങ്ങളും മെയിന്റനൻസിൽ വന്നിരിക്കുന്ന കുറവുകളുമെല്ലാം ഒരുപക്ഷേ ജലം പൂർണ്ണമായും ജലസേചനത്തിന് ഉപയോഗപ്പെടുത്തുന്നതിന് സാധിക്കാതെ വരുന്നതിന് കാരണമാകുന്നുണ്ട്. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ സമഗ്രമായി പരിശോധിക്കേണ്ടത് ഇന്നത്തെ അവസ്ഥയിൽ ആവശ്യമായി വന്നിരിക്കുന്നു. അതുകൊണ്ട് കേരളത്തിലെ ഇത്തരം കനാൽ ശൃംഖലകളെക്കുറിച്ച് ബോദ്ധ്യപ്പെടാനും കൃത്യതയോടുകൂടി പഠിച്ച് റിപ്പോർട്ട് ചെയ്യാനും ഡിപ്പാർട്ടുമെന്റിലെ ഒരു ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 50-ഉം 60-ഉം വർഷം പഴക്കമുള്ള കനാലുകളുണ്ട്. കാലാകാലങ്ങളിൽ മെയിന്റനൻസ് വർക്കുകൊണ്ടുമാത്രം ഇത്തരം വിഷയങ്ങളെ അഡ്രസ്സ് ചെയ്യാൻ കഴിയുന്ന സ്ഥിതിയുണ്ടാകാൻ സാധ്യത

കുറവാണ്. അതിനാവശ്യമായ പണം ലഭ്യമാക്കാനുള്ള ശ്രമവും ആരംഭിച്ചിട്ടുണ്ട്. അതോടുകൂടി ഇത്തരം കാര്യങ്ങളിൽ കുറച്ചെങ്കിലും പരിഹാരം കണ്ടെത്താൻ കഴിയുമെന്നാണ് കരുതുന്നത്. കനാൽ അടിയന്തരമായി പുന:സ്ഥാപിക്കേണ്ടത് ഇറിഗേഷന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായതിനാൽ താൽക്കാലികമായി ചെയ്യുന്നതിനുള്ള ഒരു അടിയന്തര എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത വിഷയം ബഹുമാനപ്പെട്ട എം.എൽ.എ.-യുമായി സംസാരിച്ചിരുന്നു. ടി വിഷയത്തിന്റെ ഗൗരവം ഒട്ടേറെ ജനങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പൂർണ്ണമായ രീതിയിൽ പരിഹാരമുണ്ടാക്കുന്നതിനായി 35 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകി യുദ്ധകാലാടിസ്ഥാനത്തിൽ പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (7) ചെറുശ്ശേരി സ്മാരകം

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, മലയാളത്തിലെ ലക്ഷണമൊത്ത ആദ്യത്തെ മഹാകാവ്യമാണ് 'കൃഷ്ണഗാഥ'. കൃഷ്ണഗാഥ എഴുതിയ ചെറുശ്ശേരിക്ക് ഒരു സ്മാരകം നിർമ്മിക്കുന്നത് സംബന്ധിച്ച് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. പ്രിയപ്പെട്ട ടി. പത്മനാഭൻ ഉൾപ്പെടെയുള്ള ഒട്ടേറെ

പ്രമുഖർ സർക്കാരിനെ അഭിനന്ദനം അറിയിക്കുകയും ചെയ്തിരുന്നു. സ്മാരക നിർമ്മാണവുമായി ബന്ധപ്പെട്ട് ഞാൻ സാംസ്കാരിക വകുപ്പ് ഡയറക്ടറെ രണ്ടുമൂന്ന് തവണ സമീപിച്ചെങ്കിലും തുടർനടപടികൾ മുന്നോട്ടുനീങ്ങിയതായി കാണുന്നില്ല. അതിന്റെ നടപടികൾ ആരംഭിക്കാൻ അടിയന്തരമായി ഇടപെടുമോയെന്നാണ് ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രിയോട് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, മഹാകവി ചെറുശ്ശേരിയുടെ സ്മരണയ്ക്കായി കണ്ണൂർ ആസ്ഥാനമാക്കി സാംസ്കാരിക കേന്ദ്രം നിർമ്മിക്കുന്നതിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തി നൽകുന്നതിന് 16.11.2022-ൽ ജില്ലാ കളക്ടർക്ക് സാംസ്കാരിക വകുപ്പ് ഡയറക്ടർ കത്ത് നൽകിയതിനെത്തുടർന്ന് പ്രവൃത്തിക്കായി കണ്ണൂരിൽ രണ്ട് വില്ലേജിൽ 55 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി കണ്ടെത്തിയിട്ടുണ്ടെന്നും ടി സ്ഥലത്ത് സ്മാരകം നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സാംസ്കാരിക വകുപ്പിന് സ്വീകരിക്കാമെന്നും 03.01.2023-ൽ കണ്ണൂർ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ഇക്കാര്യം സാംസ്കാരിക വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണം കേരള സാഹിത്യ അക്കാദമി

മുഖേന നിർവ്വഹിക്കാവുന്നതാണെന്നും കണ്ടെത്തിയ ഭൂമി കേരള ഫോക്‌ലോർ അക്കാദമിയുടെ ആസ്ഥാനത്തിന്റെ സമീപത്തായതിനാൽ തുടർ പ്രവർത്തനങ്ങൾക്ക് ഫോക്‌ലോർ അക്കാദമിയുടെ സഹകരണം ഉറപ്പാക്കുന്നതാണെന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇക്കാര്യം വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(8) വാണിയമ്പലം റെയിൽവേ ഓവർബ്രിഡ്ജ്

ശ്രീ. എ. പി. അനിൽ കുമാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ വണ്ടൂർ, കാളികാവ് റോഡിലുള്ള വാണിയമ്പലം ടൗണിന് സമീപമാണ് വാണിയമ്പലം റെയിൽവേ സ്റ്റേഷൻ നിലകൊള്ളുന്നത്. ഷൊർണ്ണൂർ, നിലമ്പൂർ റെയിൽവേ ലൈൻ കടന്നുപോകുന്നതും വാണിയമ്പലം ടൗണിലൂടെയാണ്. ഒരുദിവസം പത്തുതവണയെങ്കിലും റെയിൽവേ ഗേറ്റ് അടച്ചിടേണ്ട സാഹചര്യമാണുള്ളത്. രൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ കാലങ്ങളായി ഒരു റെയിൽവേ ഓവർ ബ്രിഡ്ജിനുവേണ്ടി ആവശ്യമുന്നയിക്കുകയാണ്. ബഹുമാനപ്പെട്ട എം.പി. ശ്രീ. രാഹുൽ ഗാന്ധി റെയിൽവേ മന്ത്രാലയവുമായി ബന്ധപ്പെട്ട് 2021-22 കേന്ദ്ര റെയിൽവേ ബഡ്ജറ്റിലെ പിങ്ക് ബുക്കിൽ ഉൾപ്പെടുത്തി ഏകദേശം 21 കോടി രൂപ പ്രസ്തുത ഓവർ ബ്രിഡ്ജിനുവേണ്ടി

അനുവദിക്കുകയുണ്ടായി. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് പി.ഡബ്ല്യൂ.ഡി. RBDCK-യെ (Roads and Bridges Development Corporation of Kerala Limited) ചുമതലപ്പെടുത്തിയതായി അറിയിക്കുകയും ചെയ്തു. പ്രസ്തുത പ്രവൃത്തിക്കുവേണ്ടി ഈ ഏജൻസി ഡി.പി.ആർ. തയ്യാറാക്കുകയും അതിനാവശ്യമായ തുക സംസ്ഥാന സർക്കാർ അനുവദിക്കുകയും ചെയ്യണം. ഏകദേശം ഒരുവർഷം പിന്നിട്ടിട്ടും അത്തരം നടപടിക്രമങ്ങളെല്ലാം വളരെ സാവകാശത്തിലാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് എത്രയും പെട്ടെന്ന് ഇത്തരം നടപടികൾ പൂർത്തീകരിച്ച് കേന്ദ്രഗവൺമെന്റ് അനുവദിച്ച റെയിൽവേ ഓവർ ബ്രിഡ്ജ് (ROB) വാണിയമ്പലത്ത് യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടിയുള്ള സത്വര നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയം ഞാൻ ആവർത്തിക്കുന്നില്ല. ആർ.ബി.ഡി.സി.കെ.-യ്ക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന്

ബന്ധപ്പെട്ടവരെ അറിയിക്കാം. ആർ.ബി.ഡി.സി.കെ.-യുമായി ഇന്നലെ ചേർന്ന യോഗത്തിൽ ഇക്കാര്യം പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. വളരെ പ്രധാനപ്പെട്ട മഞ്ചേരി, വണ്ടൂർ, കാളികാവ് റോഡിലെ വാണിയമ്പലം ടൗണിലെ റെയിൽവേ മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയം അർഹിക്കുന്ന ഗൗരവത്തിലെടുത്ത് നടപടികൾ വേഗത്തിലാക്കാൻ സർക്കാർ ശ്രമിക്കുന്നതാണ്.

## (9) താനാളൂർ-പുത്തനത്താണി, മങ്ങാട്ടിരി-പൂക്കൈത-പുല്ലൂണി റോഡുകളുടെ പൂർത്തീകരണം

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ആറ് റോഡുകൾ സഞ്ചാരയോഗ്യമല്ലാതായിരിക്കുന്ന സാഹചര്യത്തിലാണ് ഇങ്ങനെയൊരു സബ്മിഷൻ ഉന്നയിക്കുന്നത്. കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി റോഡുകൾ കീറിമുറിച്ച് അതിന്റെ പൂർവ്വസ്ഥിതി പുന:സ്ഥാപിക്കുവാൻ വൈകുന്ന സാഹചര്യത്തിലാണ് ഈയൊരു ദുർഗതി വന്നുഭവിച്ചിട്ടുള്ളത്. പുത്തനത്താണി-വട്ടത്താനി റോഡ്, മങ്ങാട്ടിരി-പൂക്കൈത-പുല്ലൂണി റോഡ്, പട്ടണാർക്കാവ്-വൈരങ്കോട് ക്ഷേത്രം റോഡ്, തിരൂർ സെൻട്രൽ-ഏഴൂർപാലം റോഡ്, പട്ടണാർക്കാവ്-ഏഴൂർ റോഡ്, പട്ടണാർക്കാവ്-കുട്ടിയെളത്താണി റോഡ് എന്നീ ആറ് റോഡുകളും ഒരേ അവസ്ഥയിലാണ് ഇപ്പോഴുള്ളത്. ഇതിൽ പട്ടണാർക്കാവ്-ഏഴൂർ റോഡിന്റെ

പുന:സ്ഥാപനത്തിനുവേണ്ടി എസ്റ്റിമേറ്റ് സമർപ്പിച്ചുവെങ്കിലും ഏഴ് തവണ അത് മടക്കിയച്ച സാഹചര്യമുണ്ടായി. മങ്ങാട്ടിരി-പുല്ലുണി റോഡിന്റെ റെസ്റ്റോറേഷന് വാട്ടർ അതോറിറ്റിയും പൊതുമരാമത്ത് വകുപ്പുമായി കൂടിയാലോചിച്ച് 85.91 ലക്ഷം രൂപ അടയ്ക്കണമെന്ന നിബന്ധനയുണ്ടായിരുന്നത് അധികമാണെന്ന വാദംമൂലം ജില്ലാ കളക്ടറുടെയും എന്റെയും സാന്നിദ്ധ്യത്തിൽ ഇരുവകുപ്പിന്റെയും മേധാവികളുടെ ഒരു യോഗം വിളിച്ചുചേർത്തു. യോഗതീരുമാനമനുസരിച്ച് 43 ലക്ഷം രൂപ അടച്ച് പ്രവൃത്തി പൂർത്തിയാക്കാമെന്ന ധാരണയിലെത്തുകയും ചെയ്തിരുന്നു. പിന്നീട് അതും പൊതുമരാമത്ത് വകുപ്പ് തടയുകയും 55.42 ലക്ഷം രൂപ ഇനിയും അടയ്ക്കണമെന്ന നിബന്ധന വയ്ക്കുകയും ചെയ്തിരിക്കുകയാണ്. പുത്തനത്താണി-വട്ടത്താനി റോഡ് പൂർവ്വസ്ഥിതിയിൽ പുന:സ്ഥാപിക്കുന്നതിന് 3.22 കോടി രൂപ വാട്ടർ അതോറിറ്റി പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് സമർപ്പിച്ചെങ്കിലും പലതവണയായി അത് മടക്കി അയച്ചുകൊണ്ടിരിക്കുകയാണ്. മണ്ഡലത്തിലെ ഇടതുപക്ഷ സുഹൃത്തുക്കൾ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയെ കാണുകയും ഇതിന്റെ ഗൗരവം ബോധ്യപ്പെടുത്തുകയും ചെയ്തു. ഇതിന്റെ അറ്റകുറ്റപ്പണി ഉടൻ പൂർത്തിയാക്കുമെന്ന മന്ത്രിയുടെ പ്രസ്താവന

പത്രത്തിൽ കണ്ടപ്പോൾ എനിക്ക് സന്തോഷം തോന്നി. പക്ഷെ ഇപ്പോൾ ഒരു മാസം കഴിഞ്ഞു. പണം അടച്ചിട്ട് നാല് മാസമാകാൻ പോകുകയാണ്. ഈ റോഡുവഴി ഗതാഗത തടസ്സമുണ്ടായതുകൊണ്ട് ബസ്സുടമകളും തൊഴിലാളികളും ഇന്നലെ ബസ് പണിമുടക്ക് നടത്തി. അവിടെ പൊടി പാറിയിട്ട് ജനങ്ങൾക്ക് നടന്നുപോകാൻ കഴിയാത്ത അവസ്ഥയാണ്. മണ്ഡലത്തിലാകെ പ്രശ്നമാണ്. ഈ സാഹചര്യത്തിലാണ് വിഷയം സഭയിൽ ഉന്നയിക്കുന്നത്. ഈ വസ്തുത മനസ്സിലാക്കാതെ എന്റെ മണ്ഡലത്തിൽ എം.എൽ.എ.-യ്ക്കെതിരെ സമരം പ്രഖ്യാപിച്ചിരിക്കുകയാണ്. റോഡിന്റെ എട്ട് കിലോമീറ്ററിൽ മൂന്ന് കിലോമീറ്റർ മാത്രമേ എന്റെ മണ്ഡലമായ തിരൂരിലൂടെ കടന്നുപോകുന്നുള്ളൂ. അഞ്ച് കിലോമീറ്റർ ദൂരം കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിയായ ശ്രീ. വി. അബ്ദുറഹിമാന്റെ മണ്ഡലത്തിലൂടെയാണ് കടന്നുപോകുന്നത്. സമരം എനിക്കുനേരെ മാത്രമേയുള്ളൂ. ഈ പ്രശ്നം എത്രയും പെട്ടെന്ന് പരിഹരിക്കാൻ അടിയന്തര നടപടിയുണ്ടാകണം. പൊതുമരാമത്ത് വകുപ്പിൽനിന്നുമുണ്ടാകുന്ന കാലതാമസമാണ് ഇതിലുണ്ടായിട്ടുള്ള വിഷയമെന്ന് ഞാൻ ധരിപ്പിക്കേണ്ടതില്ലല്ലോ. അതുകൊണ്ട് ഈ റോഡിന്റെ പൂർവ്വസ്ഥിതി

പുന:സ്ഥാപിക്കാനുള്ള അടിയന്തര നടപടികളുണ്ടാകണമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കുറുക്കോളി മൊയ്തീൻ ഉന്നയിച്ച വിഷയം അദ്ദേഹത്തിന്റെ മണ്ഡലത്തിലെ താനാളൂർ-പുത്തനത്താണി റോഡിന്റെയും മങ്ങാട്ടിരി-പൂകൈത-പുല്ലൂണി റോഡിന്റെയും പ്രവൃത്തി സംബന്ധിച്ചാണ്. ഈ വിഷയം രണ്ട് വകുപ്പുകളും പരിശോധിച്ചിട്ടുണ്ട്. ഇവ രണ്ടും നവീകരണ പ്രവൃത്തികൾക്കായി കരാറുകാർക്ക് കൈമാറിയ റോഡുകളാണ്. നവീകരണ പ്രവൃത്തികൾക്കിടയിൽ രണ്ട് റോഡുകളിലും വാട്ടർ അതോറിറ്റിയുടെ പ്രവൃത്തി നടക്കുകയും ചെയ്തതാണ്. താനാളൂർ-പുത്തനത്താണി റോഡിലെ ബംഗ്ലാംകുന്ന് മുതൽ പുത്തനത്താണി വരെ ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ നവീകരിക്കുന്നതിന് 2022 മേയ് മാസത്തിൽ കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്. റോഡ് പ്രവൃത്തിയിലേയ്ക്ക് നീങ്ങുന്ന ഘട്ടത്തിലാണ് ജൽജീവൻ മിഷൻ പദ്ധതി വഴി പൈപ്പ് സ്ഥാപിക്കാൻ വാട്ടർ അതോറിറ്റി അപേക്ഷ നൽകിയത്. കുടിവെള്ളം വളരെ പ്രധാനപ്പെട്ട കാര്യമാണെന്നതുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടതനുസരിച്ചാണ് പൈപ്പ്ലൈൻ സ്ഥാപിക്കുന്ന

പ്രവൃത്തിക്ക് അനുമതി നൽകിയത്. അതിന് അനുമതി നൽകാതെ പൊതുമരാമത്ത് വകുപ്പ് റോഡിന്റെ പ്രവൃത്തിയുമായി മുന്നോട്ടുപോയിരുന്നെങ്കിൽ ഇപ്പോഴുള്ളതിനേക്കാളും പരാതി വരുമായിരുന്നു. കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണേണ്ടത് അനിവാര്യമാണെന്ന കാഴ്ചപ്പാടുള്ളതുകൊണ്ടാണ് ഈ വിഷയം അത്തരത്തിൽ പരിഗണിച്ചിട്ടുള്ളത്. ഇപ്പോഴുള്ള തടസ്സങ്ങൾ നീക്കിയും ഭരണാനുമതി ലഭ്യമാക്കിയും പ്രസ്തുത റോഡ് നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടിയിലേയ്ക്ക് നീങ്ങും. മങ്ങാട്ടിരി-പൂക്കൈത-പുല്ലൂണി റോഡിന്റെ വിഷയം കുറച്ചുകൂടി ഗൗരവമുള്ളതാണ്. ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ റോഡ് പുതുക്കി പണിയാൻ 24.06.2021-ന് കരാറുകാരന് കൈമാറ്റം ചെയ്തു. ഡ്രെയിനേജ്, കൾവെർട്ട് തുടങ്ങിയവയുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് ബി.എം. ആൻഡ് ബി.സി. പ്രവൃത്തിയിലേയ്ക്ക് കടക്കുന്ന ഘട്ടത്തിലാണ് പൈപ്പ്ലൈൻ സ്ഥാപിക്കാനുള്ള ആവശ്യമുയർന്നത്. ബി.എം. ആൻഡ് ബി.സി. പ്രവൃത്തി കഴിയുന്ന ഘട്ടത്തിലാണ് പൈപ്പ്ലൈൻ സ്ഥാപിക്കാനുള്ള ആവശ്യമുയർന്നത് എന്ന് ഞാൻ ഒന്നുകൂടി ആവർത്തിക്കുകയാണ്. ബഹുമാനപ്പെട്ട എം.എൽ.എ. കൂടി ആവശ്യപ്പെട്ടതനുസരിച്ചാണ് ഇതിന് അനുമതി നൽകിയത്. ജനങ്ങൾ കുടിവെള്ളത്തിന്റെ ആവശ്യം പറയുമ്പോൾ

എം.എൽ.എ.-യ്ക്ക് വേറെ നിവൃത്തിയില്ല. പക്ഷെ ആദ്യംതന്നെ ഇതിനൊരു ക്രമീകരണം വരുത്തിയാൽ ഇത്രയും പ്രശ്നം വരില്ലായിരുന്നു. പൊതുമരാമത്ത് വകുപ്പ് റെസ്റ്റൊറേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നുവെങ്കിലും എം.എൽ.എ. ഉൾപ്പെടെയുള്ളവരുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ വാട്ടർ അതോറിറ്റിയുടെ കയ്യിൽ ലഭ്യമായ തുക റെസ്റ്റൊറേഷന് നൽകിയാൽ മതിയെന്ന് തീരുമാനിച്ചു. റോഡിന്റെ ഇരുവശങ്ങളിലും കുഴികളെടുത്താണ് പ്രവൃത്തി നടത്തിയത്. പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം നടത്തിയ സംയുക്ത പരിശോധനയിൽ അനുമതി നൽകിയതിന് വിരുദ്ധമായി കൂടുതൽ വീതിയിൽ കുഴികളെടുത്തതായി കണ്ടെത്തുകയുണ്ടായി. തൃപ്തികരമായ രീതിയിൽ താൽക്കാലിക റീസ്റ്റോറേഷൻ നടത്തിയിട്ടില്ലെന്നാണ് പൊതുമരാമത്ത് വകുപ്പുദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തത്. ഇതോടെ ശോചനീയമായ സാഹചര്യത്തിലേയ്ക്ക് റോഡ് എത്തിച്ചേർന്നു. അധികമായി റോഡ് കുഴിച്ചതിന്റെ റീസ്റ്റോറേഷൻ ചാർജ്ജ് ആവശ്യപ്പെട്ടെങ്കിലും വാട്ടർ അതോറിറ്റി ഇതുവരെയും നൽകിയിട്ടില്ല. അക്കാര്യം വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇത് ലഭ്യമാക്കാനുള്ള നടപടികൂടി ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നേതൃത്വത്തിലുണ്ടാകണം. റോഡ് തീർത്തും ശോചനീയാവസ്ഥയിലായതോടെ നേരത്തെ അനുവദിച്ച

എസ്റ്റിമേറ്റ് തുകകൊണ്ട് റോഡ് പ്രവൃത്തി നടത്താൻ കഴിയാത്ത സാഹചര്യം നിലനിൽക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ എം.എസ്.എസ്. (Mixed Seal Surfacing) രീതിയിൽ ടാറിംഗ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സമർപ്പിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധിച്ചുവരികയാണ്. കുടിവെള്ളം പരമപ്രധാനമായതിനാലാണ് പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിച്ചും കുടിവെള്ള പദ്ധതികൾ നടപ്പിലാക്കാനുള്ള അനുമതി നൽകുന്നത്. ഇത് കേരളത്തിൽ വ്യാപകമായ പ്രശ്നംതന്നെയാണ്. ഇതെല്ലാം പരിഹരിക്കപ്പെടേണ്ടതാണ്. ഭാവിയിലെ പുതിയ റോഡുകൾ എങ്ങനെയായിരിക്കണമെന്ന കാഴ്ചപ്പാടിന്റെ ഭാഗമായി ഇന്ത്യയിലാദ്യമായി കേരളത്തിലെ പൊതുമരാമത്ത് വകുപ്പ് ഒരു ഡിസൈൻ പോളിസി വർക്ക്ഷോപ്പ് നടത്തുകയുണ്ടായി. അതിന്റെ ചില തീരുമാനങ്ങൾ വരാൻ പോകുന്നു. കേരളത്തിൽ ഇനിമുതൽ പുതിയ റോഡുകളിൽ വാട്ടർ അതോറിറ്റി പൈപ്പുകളുൾപ്പെടെ സ്ഥാപിക്കാൻ റോഡുകളുടെ വശങ്ങളിൽ ഡക്ടുകൾ സ്ഥാപിക്കും. പുതിയ റോഡുകൾ കുത്തിപ്പൊളിക്കേണ്ട ആവശ്യമുണ്ടാകില്ലെന്ന് സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നിലവിലുള്ള റോഡുകളുടെ പ്രശ്നം പരിഹരിക്കാനുള്ള സംവിധാനം നടപ്പിലാക്കുന്നത് സംബന്ധിച്ച് വർഷങ്ങളായി ചർച്ച ചെയ്തുവരുന്നതുമാണ്.

ബന്ധപ്പെട്ട രണ്ട് മന്ത്രിമാരും വകുപ്പ് സെക്രട്ടറിമാരും അടങ്ങിയ സമിതിയുടെ ഇടപെടലിന്റെ ഭാഗമായി ഇതിന്റെ എണ്ണത്തിൽ കുറവുവന്നിട്ടുണ്ട്. പക്ഷെ പരിപൂർണ്ണമായി പ്രശ്നം അവസാനിക്കുന്നതിനുവേണ്ടിയുള്ള പോർട്ടൽ സംവിധാനത്തിന്റെ പ്രവർത്തനവുമായി മുന്നോട്ടുപോകുകയാണ്. കുടിവെള്ള പ്രശ്നം വരുമ്പോൾ റോഡ് വെട്ടിമുറിക്കണമെന്ന അഭിപ്രായം ജനപ്രതിനിധികൾതന്നെ പറയുന്നത് സ്വാഭാവികമാണ്. പക്ഷെ ഇതിന് ശാശ്വത പരിഹാരം കാണാനുള്ള ഏകോപന പ്രവർത്തനങ്ങളുമായാണ് വകുപ്പ് ശക്തമായി മുന്നോട്ടുപോകുന്നത്. തീർച്ചയായും ഇത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. രണ്ട് വകുപ്പുദ്യോഗസ്ഥരും നേരത്തെയെടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാനും പി.ഡബ്ല്യു.ഡി.-യുടെ ഭാഗത്തുനിന്നും സാധ്യമായ കാര്യങ്ങൾ ചെയ്യാനുമുള്ള ഇടപെടൽ നടത്തുമെന്ന് സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

## (10) കുറ്റ്യാടി താലൂക്കാശുപത്രിയിലെ ഒഴിവുകൾ നികത്തൽ

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, വടകര താലൂക്കിലെ കിഴക്കൻ മലയോര പ്രദേശത്തെ ഏക ആതുരാലയമാണ് കുറ്റ്യാടി താലൂക്കാശുപത്രി. കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തിനുകീഴിലുള്ള ഏഴ്

പഞ്ചായത്തുകൾ, പേരാമ്പ്ര മണ്ഡലത്തിലെ ചങ്ങരോത്ത് പഞ്ചായത്ത്, വയനാട് ജില്ലയിലെ തൊണ്ടർനാട്, വെള്ളമുണ്ട എന്നീ പഞ്ചായത്തുകളിലെയും ജനങ്ങൾ മുഴുവൻ ആശ്രയിക്കുന്ന സ്ഥാപനമാണ് കുറ്റ്യാടി താലൂക്ക് ആശുപത്രി. നിലവിൽ 104 ബെഡ്ഡുകളുള്ള ആശുപത്രിയിൽ ദിനംപ്രതി 1200 രോഗികൾ ഒ.പി.-യിൽ എത്തുന്നുണ്ട്. മുന്നൂറോളം രോഗികൾ കാഷ്വാലിറ്റി സേവനവും നൂറോളം രോഗികൾ ഐ.പി. സേവനവും പ്രയോജനപ്പെടുത്തുന്നുണ്ട്. ആയിരക്കണക്കിന് ജനങ്ങളുടെ ആശ്രയമായ ഈ ആശുപത്രിയിൽ രോഗ ശുശ്രൂഷയ്ക്കാവശ്യമായ ഡോക്ടർമാരും മറ്റ് സ്റ്റാഫുകളുമില്ലെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഈ ആശുപത്രിയിൽ നിലവിൽ ഗൈനക്കോളജിസ്റ്റിന്റെ സേവനം ലഭിക്കുന്നില്ല. രണ്ട് ഗൈനക്കോളജിസ്റ്റുകളുണ്ടെങ്കിലും ഒരാൾ നീണ്ട മെഡിക്കൽ ലീവിലാണ്. രണ്ട് ഗൈനക്കോളജിസ്റ്റുകളുണ്ടെങ്കിൽ മാത്രമേ പ്രസവം അറ്റൻഡ് ചെയ്യാൻ കഴിയുകയുള്ളൂവെന്നാണ് നിലവിൽ ജോലി ചെയ്യുന്ന ഡോക്ടർമാർ അറിയിച്ചിട്ടുള്ളത്. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ദരിദ്ര കൃഷിക്കാരും ഇടത്തരക്കാരും കർഷകത്തൊഴിലാളികളും ഇടതിങ്ങി താമസിക്കുന്ന ഈ പ്രദേശത്തെ ഗർഭിണികൾ ഇക്കാരണങ്ങൾകൊണ്ട് വിദൂര സ്ഥലങ്ങളിലെ സ്വകാര്യ ആശുപത്രികളെ

അഭയം പ്രാപിക്കേണ്ട സ്ഥിതിയാണ്. സാമ്പത്തികമായി അവർക്കത് താങ്ങാൻ കഴിയില്ല. ആയതിനാൽ അവധിയിലുള്ള ഗൈനക്കോളജിസ്റ്റിനുപകരം അടിയന്തരമായി ഒരു ഗൈനക്കോളജിസ്റ്റിനെ സ്ഥിരമായി നിയമിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കൂടാതെ, ഡെപ്യൂട്ടി നഴ്സിംഗ് ഓഫീസർ, സീനിയർ നഴ്സിംഗ് ഓഫീസർ, നഴ്സിംഗ് ഓഫീസർ, നഴ്സിംഗ് അസിസ്റ്റന്റ് തുടങ്ങിയ തസ്തികകളിലെ ഒഴിവുകളിലും അടിയന്തരമായി സ്ഥിരനിയമനം നടത്തേണ്ടതുണ്ട്. ഇത്തരത്തിൽ കുറ്റ്യാടി താലൂക്കാശുപത്രിയിൽ നിലനിൽക്കുന്ന ഒഴിവുകളിൽ സ്ഥിര നിയമനം നടത്തി പൊതുജനങ്ങൾ നേരിടുന്ന ഗൗരവമായ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന് വിനയപൂർവ്വം ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കുറ്റ്യാടി നിയോജകമണ്ഡലത്തിൽ കുന്നുമ്മൽ ബ്ലോക്കിൽ സ്ഥിതി ചെയ്യുന്ന കുറ്റ്യാടി താലൂക്കാശുപത്രി മലയോര മേഖല ഉൾപ്പെട്ട പ്രദേശത്തെ ജനങ്ങളുടെ പ്രധാന ആശ്രയ കേന്ദ്രമാണ്. ഓർത്തോ, പീഡിയാട്രിക്, ഒഫ്ത്താൽമോളജി, സർജറി, ജനറൽ മെഡിസിൻ, ഗൈനക്കോളജി, അനസ്തേഷ്യ, ദന്തൽ തുടങ്ങി 11 സ്പെഷ്യാലിറ്റി

വിഭാഗങ്ങളിൽ ഇവിടെ സേവനങ്ങൾ ലഭ്യമാക്കി വരുന്നുണ്ട്. മാസത്തിൽ മുപ്പതോളം പ്രസവങ്ങൾ ഇവിടെ നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഒ.പി.-യിൽ 1200-ഉം കാഷ്വാലിറ്റിയിൽ മുന്നൂറോളവും രോഗികൾക്ക് സേവനം നൽകുന്നുണ്ട്. എഴുപത് രോഗികൾ ഡയാലിസിസ് സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. മുപ്പതോളം രോഗികൾക്ക് ഐ.പി. സേവനവും ലഭ്യമാകുന്നുണ്ട്. ഇപ്പോഴത്തെ സാഹചര്യം കണക്കിലെടുത്ത് നിലവിലുള്ള കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ പരിമിതമായതിനാൽ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിൽനിന്നും വിട്ടുകിട്ടിയ അൻപത് സെന്റ് സ്ഥലത്ത് ആശുപത്രിയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നബാർഡിന്റെ സഹായത്തോടെ 28 കോടി രൂപ അനുവദിച്ചുകൊണ്ടുള്ള ഭരണാനുമതി നൽകിയിട്ടുള്ളതാണ്. ആറ് നിലകളിലായുള്ള കെട്ടിട സമുച്ചയം നിർമ്മിക്കാനുള്ള പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്. പാർക്കിംഗ് സൗകര്യം, മിനി കോൺഫറൻസ് ഹാൾ, ഡിജിറ്റൽ എക്സ്റേ ലാബ്, വെയ്റ്റിംഗ് ഏരിയ, ഒബ്സർവേഷൻ റൂം, നഴ്സസ് റൂം, ഡോക്ടേഴ്സ് റൂം, ലേബർ റൂം, കോംപ്ലക്സ്, വാർഡുകൾ, ഓപ്പറേഷൻ തീയേറ്ററുകൾ തുടങ്ങിയ സൗകര്യങ്ങൾ ഉൾപ്പെടുന്നതായിരിക്കും പുതിയ ആശുപത്രി ബ്ലോക്ക്. സാങ്കേതികാനുമതി ലഭ്യമായാലുടൻ നിർമ്മാണ

പ്രവൃത്തി തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുകൂടാതെ 'ആരോഗ്യ കേരളം' പദ്ധതി വഴി 66 ലക്ഷം രൂപയുടെ ഒ.പി. ട്രാൻസ്ഫോർമേഷൻ വർക്ക് നടന്നുവരുന്നുണ്ട്. എം.എൽ.എ. ഫണ്ടായി ആശുപത്രിക്ക് അനുവദിച്ച 2 കോടി രൂപയും പഞ്ചായത്ത് ഫണ്ടും ഉപയോഗപ്പെടുത്തി ഡോക്ടർമാർക്കും ജീവനക്കാർക്കും ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഈ ആശുപത്രിയിൽ നിലവിൽ സൂപ്രണ്ട് ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ)-2, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി)-2, ജൂനിയർ കൺസൾട്ടന്റ് (ഒഫ്ത്താൽമോളജി) -1, ജൂനിയർ കൺസൾട്ടന്റ് (സർജറി)-1, ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ) -1, ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ)-1, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്)-1, അസിസ്റ്റന്റ് സർജൻ-2, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ - 4, അസിസ്റ്റന്റ് ഡെന്റൽ സർജൻ-1 എന്നീ വിവിധ വിഭാഗം ഡോക്ടർമാരുൾപ്പെടെ സ്ഥിരം ജീവനക്കാരുടെ 93 അംഗീകൃത തസ്തികകളുണ്ട്. എൻ.എച്ച്.എം. മുഖാന്തരം 15 പേരെയും എച്ച്.എം.സി., RSBY, LSGD എന്നിവ മുഖാന്തരം 63 പേരെയുമുൾപ്പെടെ 78 താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. മൊത്തം 171 ജീവനക്കാരുടെ സേവനം ഈ ആശുപത്രിയിൽ ലഭ്യമാണ്.

കുറ്റ്യാടി താലൂക്കാശുപത്രിയിൽ ഗൈനക്കോളജി വിഭാഗത്തിൽ അനുവദിച്ചിട്ടുള്ള 2 ജൂനിയർ കൺസൾട്ടന്റ് തസ്തികകളിൽ നിലവിൽ ഡോക്ടർമാർ ജോലി ചെയ്യുന്നതിനാൽ ഗൈനക്കോളജി വിഭാഗത്തിൽ ജൂനിയർ കൺസൾട്ടന്റിന്റെ ഒഴിവില്ല. നിലവിലുള്ള ജൂനിയർ കൺസൾട്ടന്റ് ഗൈനക്കോളജി ഡോക്ടറുടെ അവധി റദ്ദുചെയ്ത് തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എൻ.എച്ച്.എം. മുഖേന ഗൈനക്കോളജിസ്റ്റിനെ ലഭ്യമാകുന്ന മുറയ്ക്ക് ഈ ആശുപത്രിയിൽ നിയമിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നുണ്ട്. ഈ ആശുപത്രിയിൽ ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ടിന്റെ അനുവദനീയ തസ്തിക ഒന്നായതിനാൽ നിലവിൽ ഈ തസ്തികയിൽ ഒഴിവില്ല. സീനിയർ നഴ്സിംഗ് ഓഫീസറുടെ അനുവദിക്കപ്പെട്ട 4 തസ്തികകളിൽ 3 പേർ ജോലി ചെയ്യുകയും ഒരാൾ വോളന്ററി റിട്ടയർമെന്റിൽ പ്രവേശിക്കുകയും ചെയ്തു. ഈ ഒഴിവിലേയ്ക്ക് സ്ഥാനക്കയറ്റം വഴി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നഴ്സിംഗ് ഓഫീസറുടെ അനുവദിക്കപ്പെട്ട 6 തസ്തികകളിൽ 2 തസ്തികകൾ ഈ സർക്കാരിന്റെ കാലത്ത് പുതുതായി സൃഷ്ടിക്കപ്പെട്ടവയാണ്. നിലവിൽ 12 പേർ ഈ തസ്തികയിൽ ജോലിചെയ്യുന്നുണ്ട്. ഒഴിവുള്ള 4 തസ്തികകളിൽ 3

എണ്ണം നഴ്സിംഗ് ഓഫീസർ ഗ്രേഡ്- I തസ്തികയും ഒരെണ്ണം നഴ്സിംഗ് ഓഫീസർ ഗ്രേഡ്- II തസ്തികയുമാണ്. നഴ്സിംഗ് ഓഫീസർ ഗ്രേഡ്-I ഒഴിവുകൾ പ്രൊമോഷൻവഴി നികത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. നഴ്സിംഗ് ഓഫീസർ ഗ്രേഡ്-II തസ്തികയിലെ ഒരൊഴിവ് ജോലിയിൽ പ്രവേശിക്കുന്നതിന് എക്സ്റ്റൻഷൻ വാങ്ങിയതുകൊണ്ടുണ്ടായതാണ്. കൂടാതെ ആശുപത്രി വികസന സമിതി മുഖേന 3 താൽക്കാലിക സ്റ്റാഫ് നഴ്സുമാരെയും എൻ.എച്ച്.എം. മുഖേന 5 സ്റ്റാഫ് നഴ്സുമാരെയും നിയമിച്ചിട്ടുണ്ട്. എച്ച്.എം.സി. മുഖേന 2 നഴ്സിംഗ് അസിസ്റ്റന്റുമാരെയും ആർ.എസ്.ബി.വൈ. മുഖേന ഒരാളെയും താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലെ നിലവിലെ രണ്ട് ഒഴിവുകളിലേയ്ക്ക് പ്രൊമോഷൻവഴി നിയമനം നടത്തിയിട്ടുണ്ട്. ആശുപത്രിയിൽ പുതിയ ബ്ലോക്കും സൗകര്യങ്ങളും വരുന്നതോടെ കൂടുതൽ തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ സാമ്പത്തിക സാഹചര്യംകൂടി പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

**12.13 P.M.]**

## V. മേശപ്പുറത്തുവച്ച കടലാസുകൾ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 'സാമ്പത്തിക അവലോകനം 2022' ഞാൻ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നു.

{അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ബാബു (നെന്മാറ)}

## 12.14 P.M.]

## VI. ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്ന കോവിഡാനന്തര കാലഘട്ടത്തിൽ രാജ്യവും ലോകവും അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് തികച്ചും വ്യത്യസ്തമായിട്ടുള്ള ബദൽ നിർദ്ദേശങ്ങളോടുകൂടിയ നയപ്രഖ്യാപനമാണ് സംസ്ഥാന സർക്കാർ നടത്തിയത്. ജനങ്ങളുടെ ആവശ്യങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയെന്നതാണ് കേരളത്തിന്റെ ബദൽ സമീപനമെന്ന് എല്ലാവർക്കുമറിയാം. എന്നാൽ ഈ പ്രവർത്തനങ്ങളെയെല്ലാം മരവിപ്പിക്കുന്ന അല്ലെങ്കിൽ പിന്നോട്ടടുപ്പിക്കുന്ന അത്യന്തം ജനദ്രോഹപരമായിട്ടുള്ള നടപടികളാണ് കേന്ദ്ര ഗവൺമെന്റ്

സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്ന് ഇന്നലെ വ്യക്തമായിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റിനെക്കുറിച്ച് ഇന്നത്തെ മലയാള ദിനപത്രങ്ങളെല്ലാം വ്യത്യസ്ത രീതിയിലുള്ള വ്യാഖ്യാനങ്ങൾ നൽകിയിട്ടുണ്ട്. അവയുടെയെല്ലാം സാരാംശം ബഡ്ജറ്റിന്റെ ജനവിരുദ്ധത സൂചിപ്പിക്കുന്നതുതന്നെയാണെന്നുള്ളതാണ് വസ്തുത. 'മോഹ ബഡ്ജറ്റ്' എന്നാണ് മലയാള മനോരമ എഴുതിയിരിക്കുന്നത്. വെറുതെ മോഹം ജനിപ്പിക്കുന്ന ബഡ്ജറ്റായി മാറിയിരിക്കുകയാണ്. ഇതൊരു വോട്ട് ബഡ്ജറ്റെന്ന രീതിയിലാണ് മാതൃഭൂമി പത്രം ഹെഡ്‌ലൈൻ കൊടുത്തിരിക്കുന്നത്. ഇലക്ഷൻ മുന്നിൽകണ്ടുകൊണ്ട് ജനങ്ങളുടെ കണ്ണിൽ പൊടിയിടുന്നതിനുള്ള ചില തന്ത്രങ്ങളാണ് കേന്ദ്ര ബഡ്ജറ്റിൽ സൂചിപ്പിച്ചിരിക്കുന്നതെന്ന് നമുക്കെല്ലാവർക്കുമറിയാം. ദേശാഭിമാനി 'അമൃതകാലം' എന്നുള്ള ഹെഡ്ഡിംഗിലെ 'അ' മാറ്റിയിട്ട് 'മൃതകാലം' എന്ന് അർത്ഥവത്താക്കി ബഡ്ജറ്റിനെ സൂചിപ്പിച്ചിരിക്കുന്നു. നമ്മുടെ നാടിന്റെ വികസനം മുരടിപ്പിക്കുന്ന, ദാരിദ്ര്യം വർദ്ധിക്കുന്ന സമീപനമാണ് ബഡ്ജറ്റിലൂടെ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് കാണാൻ സാധിക്കും. പാലാഴിമഥനത്തെ സൂചിപ്പിക്കുന്ന തരത്തിലുള്ള കാർട്ടൂൺ ദേശാഭിമാനി പത്രത്തിൽ കൊടുത്തിട്ടുണ്ട്. കേന്ദ്ര സർക്കാർ ജനങ്ങളെ

പിഴിഞ്ഞ് അമൃതുണ്ടാക്കാൻ ശ്രമിക്കുകയാണ്, പക്ഷേ ആ അമൃതകുംഭവുമായി കോർപ്പറേറ്റുകൾ കടന്നുകളയുന്ന അത്യന്തം അർത്ഥവത്തായിട്ടുള്ള കാർട്ടൂണാണ് വരച്ചുകാണിച്ചിട്ടുള്ളത്. കേന്ദ്ര ബഡ്ജറ്റിന്റെ എല്ലാ വിശദാംശങ്ങളിലേയ്ക്കും ഞാൻ കടന്നുപോകുന്നില്ല. ഇതുമായി ബന്ധപ്പെട്ട് കൂടുതൽ പഠനങ്ങൾ അടുത്തദിവസങ്ങളിൽ ഉണ്ടാകാനിരിക്കുകയാണ്.

ഭക്ഷ്യ സബ്സിഡി വെട്ടിക്കുറച്ചിരിക്കുന്നുവെന്നതാണ് മറ്റൊരു പ്രധാന വസ്തുത. കടുത്ത വിലക്കയറ്റമുണ്ടാകുന്ന ഈ നാളുകളിൽ ഭക്ഷ്യ സബ്സിഡിയിനത്തിൽ 89,940 കോടി രൂപ വെട്ടിക്കുറച്ചിരിക്കുന്നതിലൂടെ ഉണ്ടാകുന്ന ബുദ്ധിമുട്ട് കേരളത്തെയും ബാധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. 2022-23-ൽ അനുവദിച്ചിരുന്ന തുക 2023-24-ലെ ബഡ്ജറ്റിൽ കുറഞ്ഞിരിക്കുകയാണ്. ഗ്രാമവികസന ഫണ്ടിൽ 5,113 കോടി രൂപയുടെയും കുട്ടികളുടെ ഉച്ചഭക്ഷണ പരിപാടിയിൽ 1,200 കോടി രൂപയുടെയും കർഷക പെൻഷനിൽ 8,000 കോടി രൂപയുടെയും കുറവുണ്ടായിരിക്കുന്നു. ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പിനെക്കുറിച്ച് ബി.ജെ.പി. ഗവൺമെന്റ് മിണ്ടുന്നില്ല. ന്യൂനപക്ഷത്തിനെതിരായുള്ള സമീപനം സ്വീകരിക്കുന്നതിലേറ്റവും കഠിനമായിട്ടുള്ള നടപടിയാണ് ഇത്തവണ സ്വീകരിച്ചിട്ടുള്ളത്.

മദ്രസ്സകൾക്കുള്ള ഗ്രാന്റ് 93 ശതമാനം വെട്ടികുറച്ചിരിക്കുന്നു. വളം സബ്സിഡിയും വിള ഇൻഷ്വറൻസ്, തൊഴിലുറപ്പ് എന്നീ പദ്ധതികൾക്കുള്ള തുകയും വെട്ടിക്കുറച്ചിരിക്കുന്നു. കേരളമടക്കമുള്ള സംസ്ഥാനങ്ങളെ പാപ്പരാക്കുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. നികുതിഘടനയിൽ വരുത്തിയ മാറ്റം സമ്പന്നർക്ക് ഉപകാരപ്രദമായി മാറുമെന്നാണ് കാണുന്നത്. ഈ ബഡ്ജറ്റിനെക്കുറിച്ച് നമുക്ക് കൂടുതൽ പഠിക്കേണ്ടിയിരിക്കുന്നുവെന്നുള്ളതും വസ്തുതയാണ്. സംസ്ഥാന ഗവൺമെന്റ് ഒരു ബദൽ സമീപനം അവതരിപ്പിച്ചിരിക്കുകയാണ്. സാധാരണക്കാർക്ക് നൽകുന്ന എല്ലാ സർവ്വീസുകളും നിലനിർത്തിക്കൊണ്ടുള്ള വികസനമാണ് കേരള ഗവൺമെന്റ് പ്രഖ്യാപിച്ചത്. കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ കാലഘട്ടത്തിലും പെൻഷനും ക്ഷേമപദ്ധതികളും മുടങ്ങാതെ മാർക്കറ്റിൽ കൃത്യമായിടപെട്ട് പൊതുജനങ്ങളെ സഹായിക്കുന്ന സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചത്. ഇത്തരമൊരു ബദൽ സമീപനം സ്വീകരിക്കുന്ന സർക്കാരിനോടുള്ള കോൺഗ്രസ്സിന്റെ സമീപനമെന്താണ്? ഇവിടത്തെ പ്രതിപക്ഷം കോൺഗ്രസ്സാണ്; ബി.ജെ.പി. ഈ സഭയിലില്ല. പക്ഷേ ബി.ജെ.പി. സഭയിലില്ലാത്തതിന്റെ കുറവ് നികത്താൻ ബി.ജെ.പി.-ക്ക് അനുകൂലമായ സമീപനം കോൺഗ്രസ്സ് സ്വീകരിക്കുന്നു. കേരളത്തിലെ

ഇടതുപക്ഷത്തെ തകർക്കാൻ കോൺഗ്രസ്സ് മുന്നിട്ടിറങ്ങിയിരിക്കുന്നു. അവർക്കതിന് സാധിക്കില്ലെങ്കിലും അവരുടെ സമീപനം അങ്ങനെയാണ്. ഈ സഭാതലത്തിൽ നടത്തിയ പ്രസംഗങ്ങളിലൂടെ കോൺഗ്രസ് ആരെയാണ് ആക്രമിക്കുന്നത്? കേന്ദ്രത്തിൽ ബി.ജെ.പി. ഗവൺമെന്റ് നമ്മുടെ ഭരണഘടനയെ തകർക്കുന്നു; നാട്ടിലെ ദാരിദ്ര്യം വർദ്ധിപ്പിക്കുന്നു; വരുംനാളുകളിൽ വലിയ പ്രതിസന്ധികൾ നമ്മുടെ നാടിന്റെ ബഹുസ്വരതയെ തകർക്കും. നയപ്രഖ്യാപന പ്രസംഗത്തിന്റെ ആരംഭത്തിൽ ജനാധിപത്യം, മതനിരപേക്ഷത, ബഹുസ്വരത, ഫെഡറലിസം എന്നിവ സംരക്ഷിക്കാൻ നമ്മൾ ബാദ്ധ്യസ്ഥരാണെന്ന് സൂചിപ്പിച്ചത് കേന്ദ്ര ഗവൺമെന്റ് അവ തകർക്കുന്നുവെന്നുള്ളതിന്റെ വിമർശനമായിത്തന്നെയാണ്. ഇവിടെ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുണ്ടായ സമീപനമെന്താണ്? ഇന്നലെ പ്രസംഗിച്ച എല്ലാവരും കേന്ദ്ര ഗവൺമെന്റിനെതിരായ വിമർശനപരമായ നിലപാട് ഈ നയപ്രഖ്യാപനത്തിലുണ്ടെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ആ നയപ്രഖ്യാപനം തന്നെയാണ് ഗവർണ്ണർ സഭയിൽ വായിച്ചത്. ഗവർണ്ണർ ഇറങ്ങിപ്പോകാത്തതിനെക്കുറിച്ചായിരുന്നു പ്രതിപക്ഷത്തിന്റെ സങ്കടം. ഗവർണ്ണർ ഇറങ്ങിപ്പോയാൽ അതെങ്ങനെയാണ് നേരിടുകയെന്നത് നമുക്ക് കാണാം. പക്ഷേ ഗവർണ്ണർ ഇറങ്ങിപ്പോകാതെ നയപ്രഖ്യാപന പ്രസംഗം

മുഴുവനും വായിച്ച് പൂർത്തിയാക്കിയതിൽ നന്ദിയും സന്തോഷവുമുണ്ട്. കേന്ദ്ര ഗവൺമെന്റിനെതിരെ ശക്തമായ വിമർശനമുള്ള നയപ്രഖ്യാപനം തന്നെയാണ് ഗവർണ്ണർ വായിച്ചത്. നയപ്രഖ്യാപനത്തിൽ ചൂണ്ടിക്കാണിക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ നയസമീപനമാണ്. കോൺഗ്രസ്സിനുവേണ്ടി ഇവിടെ പ്രസംഗിച്ച അംഗങ്ങൾ എന്താണ് ചെയ്തത്? ഞാൻ ആരുടെയും പേരെടുത്ത് പറയുന്നില്ല. കോൺഗ്രസ്സിനെക്കുറിച്ചും ശ്രീ. രാഹുൽ ഗാന്ധിയുടെ ജോഡോ യാത്രയെക്കുറിച്ചും ഇന്നലെ വലിയ പ്രസംഗമായിരുന്നു. അതൊന്നും ഞങ്ങൾ നിഷേധിക്കുന്നില്ല. അത്തരം യാത്ര നടത്തുന്നത് നല്ലതുതന്നെയാണ്. നെഹ്റു കുടുംബത്തിനോട് ഞങ്ങൾക്കാർക്കും വ്യക്തിപരമായി വെറുപ്പൊന്നുമില്ല; ആ കുടുംബത്തിൽ രക്തസാക്ഷികൾ ഉണ്ടായിട്ടുണ്ട്. അതിനെയൊക്കെ മാനിക്കുന്നു; കോൺഗ്രസ്സിന്റെ നയമെന്താണ്; കോൺഗ്രസ്സിന് ബി.ജെ.പി.-യെ പ്രതിരോധിക്കാൻ സാധിക്കുമോ? ഭാരത് ജോഡോ യാത്രയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കന്മാരും സി.പി.ഐ.(എം)-ന്റെയാളുകളും പങ്കെടുത്തില്ലെന്ന് ഇന്നലെ പറയുകയുണ്ടായി. സി.പി.ഐ.(എം)-ന്റെ പാർട്ടി കോൺഗ്രസ്സിൽ നാടിനെ ബാധിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച് നടത്തിയ സെമിനാറുകളിൽ പങ്കെടുക്കാൻ കക്ഷിരാഷ്ട്രീയത്തിനതീതമായി ഞങ്ങൾ

ആളുകളെ ക്ഷണിച്ചു. കേരളത്തെ ബാധിക്കുന്ന പ്രശ്നങ്ങളും ഇന്ത്യയെ ബാധിക്കുന്ന പ്രശ്നങ്ങളുമായതിനാലാണ് അങ്ങനെ ചെയ്തത്. അത്തരമൊരു സെമിനാറിൽ ഡോ. ശശി തരൂരിനെ പങ്കെടുപ്പിക്കാൻ ശ്രമിച്ചപ്പോൾ, അദ്ദേഹം വരാൻ തയ്യാറായിരുന്നുവെങ്കിലും കോൺഗ്രസ് അദ്ദേഹത്തെ പങ്കെടുക്കാൻ അനുവദിക്കാതെ കയ്യുംകെട്ടി നോക്കിനിൽക്കുകയും പോകേണ്ടെന്ന് പറയുകയും ചെയ്തില്ലേ; നിങ്ങൾ വലിയ ജനാധിപത്യ വിശ്വാസികളും ഞങ്ങൾ അങ്ങനെയല്ലാത്തവരുമാണെന്ന് കാണിക്കാൻവേണ്ടിയാണോ അങ്ങനെ ചെയ്യുന്നത്? ഈ നാട്ടിലെ ജനങ്ങൾ ഇതിനെല്ലാം സാക്ഷികളാണ്. കോൺഗ്രസ്സിനോട് ഞങ്ങൾ സ്വീകരിച്ച സമീപനമെന്താണ്? കോൺഗ്രസ്സിനെ ഞങ്ങളായിട്ട് തകർത്തതല്ല. കോൺഗ്രസ് പാർട്ടിയുടെ ജനവിരുദ്ധനയം കാരണമാണ് കോൺഗ്രസ് തകർന്നുപോയത്. ഞങ്ങൾ 2004-ൽ യു.പി.എ. സർക്കാരിനെ പിന്തുണച്ചില്ലേ? ഇക്കാര്യം എത്രയോ തവണ സൂചിപ്പിച്ചതാണ്, വീണ്ടും ആവർത്തിക്കേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല. ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വരാതിരിക്കാൻവേണ്ടി 2004-ൽ ഞങ്ങൾ കോൺഗ്രസ്സിനെ പിന്തുണച്ചു. അന്ന് ഞങ്ങളുടെ പിന്തുണയിൽ കോൺഗ്രസ്സിന് ഭരിക്കാൻ കഴിഞ്ഞു. അറുപതിലധികം സീറ്റുകൾ അന്ന് ഇടതുപക്ഷത്തിനുണ്ടായിരുന്നു.

ഇന്ത്യൻ പാർലമെന്റിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ സീറ്റുകളുടെ എണ്ണം വർദ്ധിച്ചാൽ മാത്രമേ വർഗ്ഗീയ ശക്തികളെ പരാജയപ്പെടുത്താൻ കഴിയുകയുള്ളൂവെന്നതിന്റെ ഏറ്റവും നല്ല ദൃഷ്ടാന്തമായിരുന്നു അത്. അടുത്ത പാർലമെന്റ് തെരഞ്ഞെടുപ്പിൽ കേരളത്തിൽനിന്നുള്ള 20 സീറ്റിലും ഇടതുപക്ഷത്തെ വിജയിപ്പിക്കുകയാണെങ്കിൽ ബി.ജെ.പി.-യുടെ മതവർഗ്ഗീയതയെ തടയാൻ സാധിക്കുമെന്ന് ഇപ്പോഴും പറയുന്നു. ആ അർത്ഥത്തിലാണ് അന്ന് കോൺഗ്രസ്സിനെ പിന്തുണച്ചത്. അതുകൊണ്ട് ഒരുപാട് മാറ്റമുണ്ടായിട്ടുണ്ട്. പക്ഷേ കോൺഗ്രസ് എന്താണ് ചെയ്തത്? ഇന്നത്തെ ശ്രീ. നരേന്ദ്ര മോദിയെയും ശ്രീ. അമിത് ഷായെയും സൃഷ്ടിച്ചത് കോൺഗ്രസാണെന്ന് പറഞ്ഞാൽ അതിൽ തെറ്റ് പറയാൻ സാധിക്കുമോ? 2002-ലെ ഗുജറാത്ത് കലാപത്തിന്റെ ഭാഗമായുണ്ടായ വംശഹത്യയ്ക്ക് (Genocide) നേതൃത്വം കൊടുത്തതിൽ ഗുജറാത്തിലെ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. നരേന്ദ്ര മോദിക്കും ശ്രീ. അമിത് ഷായ്ക്കും പങ്കുണ്ടെന്ന് വന്നപ്പോൾ, 2004-ൽ ഇടതുപക്ഷം പിന്തുണച്ച് യു.പി.എ. സർക്കാരിനെ അധികാരത്തിലെത്തിച്ചു. പക്ഷേ ആ അധികാരം സമർത്ഥമായി വിനിയോഗിച്ചോ? അന്ന് ശ്രീ. അമിത് ഷായ്ക്കും ശ്രീ. നരേന്ദ്ര മോദിക്കുമെതിരെ വ്യക്തമായ അന്വേഷണം നടത്തിയിരുന്നെങ്കിൽ, അവർ

ചെയ്ത കുറ്റകൃത്യങ്ങൾ വെളിച്ചത്ത് കൊണ്ടുവന്നിരുന്നുവെങ്കിൽ ഇന്നത്തെ ശ്രീ. നരേന്ദ്ര മോദിയും ശ്രീ. അമിത് ഷായും ഉണ്ടാകുമായിരുന്നില്ല. അന്ന് നിങ്ങൾക്ക് മുട്ടുവിറച്ചു. കോൺഗ്രസ്സിന്റെ ഈ മൃദു സമീപനമാണ് ഇന്ത്യാ രാജ്യത്തിന് നാശമുണ്ടാക്കിയതെന്ന് പറയുന്നത് വെറുതെയല്ല. അതുകൊണ്ട് കോൺഗ്രസ്സിന്റെ ആ സമീപനം തിരുത്തണം. കോൺഗ്രസിന്റെ നയം തിരുത്തുകയാണെങ്കിൽ നിങ്ങളുമായി സഹകരിക്കുന്നതിന് എന്താണ് വിഷമം? മുസ്ലീംലീഗിന്റെ നേതാക്കന്മാർ പറയുന്നത് കേട്ടപ്പോൾ എനിക്ക് അത്ഭുതം തോന്നി. എങ്ങനെയാണ് നിങ്ങൾക്ക് ഇടതുപക്ഷത്തെ എതിർക്കാൻ സാധിക്കുന്നത്? ഞങ്ങൾ ത്രിപുരയിൽ കോൺഗ്രസ്സുമായി കൂട്ടുപിടിച്ചെന്ന് പറയുകയുണ്ടായി. കോൺഗ്രസ്സിന് അവിടെ രണ്ട് സീറ്റിന്റെ വ്യത്യാസമുള്ളതുകൊണ്ട് ഞങ്ങൾ സഹായിച്ച് കോൺഗ്രസ്സിനെ അധികാരത്തിൽ കൊണ്ടുവരാൻ പരിശ്രമിക്കുകയാണ്. അവിടെ ഇടതുപക്ഷം ശക്തമായിരുന്ന കാലത്ത് യാതൊരു തരത്തിലുള്ള വർഗ്ഗീയലഹളകളും നടന്നിട്ടില്ല. അതിർത്തിയിൽ നടന്നുകൊണ്ടിരുന്ന ഭീകര ലഹളകൾ അവസാനിപ്പിച്ചത് ഇടതുപക്ഷമാണ്. ത്രിപുരയെക്കുറിച്ച് നിങ്ങൾ പഠിക്കണം. ഭീകരവാദികളുമായി കൂട്ടുപിടിച്ച് ചിലർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി ത്രിപുരയുടെ അതിർത്തികളിലെ ഒരു വീട്ടിലെ ഒരാളെങ്കിലും മരിച്ച്

വീഴാത്തതായില്ല. അത് അവസാനിപ്പിച്ച് ജനങ്ങൾക്ക് സമാധാനമുണ്ടാക്കിക്കൊടുത്തത് ഇടതുപക്ഷ സർക്കാരാണ്. ആ ഇടതുപക്ഷ സർക്കാരിനെ ബി.ജെ.പി.,-ആർ.എസ്.എസ്., വർഗ്ഗീയവാദികളെല്ലാം ചേർന്ന് അട്ടിമറിച്ചു. അവിടെ ഇടതുപക്ഷം വീണ്ടും അധികാരത്തിൽ വരേണ്ടത് ജനങ്ങളുടെ ആവശ്യമാണ്. ചില സീറ്റുകളിൽ ഞങ്ങൾ മത്സരിക്കാമെന്നും നിങ്ങൾ ഉപദ്രവിക്കരുതെന്നും കോൺഗ്രസ് ഇടതുപക്ഷത്തോട് പറഞ്ഞു. അല്ലാതെ ഞങ്ങൾ കോൺഗ്രസ്സിനോട് കെഞ്ചിയതല്ല. ബി.ജെ.പി.-യുടെയും ആർ.എസ്.എസ്.-ന്റെയും നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വരാതിരിക്കാൻ ചില പ്രദേശങ്ങളിൽ അങ്ങനെ ചെയ്യുന്നതിന് ഞങ്ങൾക്ക് മടിയില്ല. പക്ഷേ കേരളത്തിൽ അതാണോ സ്ഥിതി? കേരളത്തിൽ ഇത്ര ശക്തമായുള്ള ഇടതുപക്ഷത്തിനെ തളർത്താനുള്ള സമീപനം സ്വീകരിക്കുകയാണോ ചെയ്യേണ്ടത്; ഇവിടെ കോൺഗ്രസ്സിന് എന്താണ് ചെയ്യാൻ സാധിക്കുക? ഇക്കാര്യം മുസ്ലീംലീഗ് നേതാക്കന്മാർ പ്രത്യേകിച്ച് ഓർമ്മിക്കേണ്ടതാണ്. അതുകൊണ്ട് ഓരോ പ്രദേശത്തും സ്വീകരിക്കുന്ന സമീപനം കോൺഗ്രസ്സ് വ്യക്തമായി മനസ്സിലാക്കണം. ജവഹർലാൽ നെഹ്റുവിനെ കോൺഗ്രസ്സുകാർ അധിക്ഷേപിച്ചു. ഇത് എങ്ങനെ സഹിക്കാൻ സാധിക്കുന്നു? സി.പി.ഐ.

(എം.)-ന് പ്രത്യേക സാമ്പത്തിക-രാഷ്ട്രീയ നയങ്ങളുണ്ട്. അതൊന്നും കോൺഗ്രസ്സിന്റെ നയമല്ല. പക്ഷേ ഞങ്ങളൊരിക്കലും ജവഹർലാൽ നെഹ്റുവിനെ തള്ളിപ്പറയാറില്ല. അദ്ദേഹം സ്വീകരിച്ചിട്ടുള്ള നല്ല സമീപനം ആരംഭഘട്ടത്തിൽ കോൺഗ്രസ്സിനുണ്ടായിരുന്നു. അതിലൊന്ന് ഇന്ത്യയെ മതനിരപേക്ഷതയോടെ നിലനിർത്തണമെന്നുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടാണ്. രണ്ടാമതായി, നെഹ്റു സോഷ്യലിസ്റ്റ് ചേരിയോട് ആഭിമുഖ്യം പുലർത്തിയിരുന്നു, പ്രത്യേകിച്ചും അന്നത്തെ സോവിയറ്റ് റഷ്യയോട്. ലെനിന്റെ നേതൃത്വത്തിൽ അവിടെ നടപ്പാക്കിയിരുന്ന ജനകീയ സമീപനങ്ങളോട് താൽപ്പര്യമുള്ള ആളായിരുന്നു നെഹ്റു. പക്ഷേ കോൺഗ്രസിന് അത്തരം സമീപനം പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അതാണ് ഞങ്ങൾ വിമർശിക്കുന്നത്. നെഹ്റു വർഗ്ഗീയവാദികളുമായി സന്ധി ചെയ്തുവെന്നല്ലേ കോൺഗ്രസ്സിലെ നേതാക്കന്മാർ പറഞ്ഞത്; നിങ്ങൾക്ക് എങ്ങനെയാണ് ഇതെല്ലാം കേട്ടിരിക്കാൻ കഴിയുന്നത്? ശ്യാമ പ്രസാദ് മുഖർജിയെ മന്ത്രിയാക്കിയത് ജവഹർലാൽ നെഹ്റുവിന്റെ വർഗ്ഗീയ സമീപനത്തിന് ഉദാഹരണമാണെന്ന് പറഞ്ഞു. എന്നാൽ ഞങ്ങളൊരിക്കലും അങ്ങനെ പറയില്ല. അന്ന് ശ്യാമ പ്രസാദ് മുഖർജിയടക്കമുള്ളവർ ചേർന്നുകൊണ്ടുള്ള താൽക്കാലിക

ഗവൺമെന്റ് വന്നത് എങ്ങനെയാണെന്ന് എല്ലാവർക്കുമറിയാം. ശ്യാമ പ്രസാദ് മുഖർജിയെ മന്ത്രിയാക്കിയത് നെഹ്റുവിന്റെ വർഗ്ഗീയ സമീപനത്തിന് ഉദാഹരണമല്ല, അങ്ങനെ പറയാൻ സാധിക്കില്ല. പക്ഷേ നിങ്ങൾ കേട്ടിരുന്നില്ലേ; അതിന് നിങ്ങൾ എന്താണ് പറഞ്ഞത്; നിങ്ങളുടെ വിമർശനം എത്രത്തോളം വരെ പോയി? ആർ.എസ്.എസ്.-കാരെ സംരക്ഷിച്ചിരുന്നു, ആർ.എസ്.എസ്.-ന്റെ ശാഖകളെ സംരക്ഷിച്ചിരുന്നുവെന്ന് കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞപ്പോൾ, മുസ്ലീംലീഗിന്റെ ചില നേതാക്കൾ പറഞ്ഞത് 'ഓട്ടോറിക്ഷ ഇടിച്ചിട്ടല്ല മഹാത്മാഗാന്ധി മരിച്ചത്' എന്നാണ്. അത്രയെങ്കിലും സമാധാനമുണ്ട്. നിങ്ങൾക്ക് എന്തുകൊണ്ടാണ് വിമർശിക്കാൻ സാധിക്കാത്തത്? നാടിന്റെ ഐക്യം തകർക്കുന്ന വർഗ്ഗീയവാദികളെ പ്രീണിപ്പിക്കുന്ന സമീപനം കോൺഗ്രസ് സ്വീകരിക്കുമ്പോൾ ആ കോൺഗ്രസ്സിനെ വിമർശിക്കേണ്ടത് ഘടകകക്ഷിയെന്നുള്ള നിലയിൽ എല്ലാകക്ഷികളുടെയും ഉത്തരവാദിത്വമല്ലേ; നിങ്ങൾ തകർക്കാൻ ശ്രമിക്കുന്നത് ഇടതുപക്ഷത്തെയാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, (....മൈക്ക് ഓഫ്.....)

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, സമയപരിമിതിയുള്ളതുകൊണ്ട് ഞാൻ വഴങ്ങിയാൽ ബഹുമാനപ്പെട്ട ചെയർ പ്രസംഗം അവസാനിപ്പിക്കാൻ പറയും.

മി. ചെയർമാൻ: വഴങ്ങുന്നവരുടെ സമയമാണ് പോകുന്നത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കാര്യമായി ചിന്തിക്കേണ്ട അവസരത്തിൽ ഇതുപോലെ രാഷ്ട്രീയ വൈരാഗ്യംവച്ച് കേരളത്തിലെ ഇടതുപക്ഷത്തെ തകർത്തുകളയാമെന്ന് ചിന്തിക്കുന്നത് ആത്മഹത്യാപരമായിരിക്കുമെന്ന് മാത്രമേ പറയാനുള്ളൂ. ആർ.എസ്.എസ്.-ൽനിന്ന് ആക്രമണം ഏറ്റുവാങ്ങിയിട്ടുള്ളത് ആരൊക്കെയാണ്? ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റ് അതെല്ലാം മറന്നുപോയിട്ടുണ്ടാകും. ബഹുമാനപ്പെട്ട അംഗം സണ്ണി ജോസഫിന് അറിയാമെന്ന് വിചാരിക്കുന്നു. എന്റെ നാട്ടിലെ ആയിത്തറയിലെ സത്യനെ ആർ.എസ്.എസ്. അല്ലേ കൊന്നത്? ആർ.എസ്.എസ്.-നെ എതിർക്കാൻ കഴിയാത്ത എന്തൊരു അത്ഭുതകരമായ പ്രതിഭാസമാണ് കോൺഗ്രസ് എന്നാണ് എനിക്ക് തോന്നുന്നത്. സത്യനെയും രാജീവിനെയും കൊന്നത് ആർ.എസ്.എസ്. അല്ലേ? എൽ.ഡി.എഫ്. സർക്കാർ ഈ നയപ്രഖ്യാപന പ്രസംഗത്തിലൂടെ ഒരു ബദൽ സമീപനമാണ് മുന്നോട്ടുവച്ചിട്ടുള്ളത്.

കോവിഡാനന്തര കാലഘട്ടത്തിൽ കേരളം എങ്ങനെയാണ് വ്യത്യസ്തമാകുക എന്നതിന്റെ ഉത്തമദൃഷ്ടാന്തമാണിത്. ഒരു ലക്ഷം കോടി രൂപയാണ് പൊതുവിപണിയിലിടപെടുന്നതിന് മാറ്റിവയ്ക്കാൻ തീരുമാനിച്ചത്. ആരോഗ്യ രംഗത്ത് KASP മികച്ച രീതിയിൽ നടപ്പിലാക്കി. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ അനുവദിച്ച സംസ്ഥാനമെന്നതിനുള്ള അവാർഡ് ഏറ്റുവാങ്ങാൻ കേരളത്തിന് കഴിഞ്ഞു. 'ആയുഷ്മാൻ ഭാരത്' എന്ന പദ്ധതി കേന്ദ്ര സർക്കാർ കൊണ്ടുവന്നു. 18 ലക്ഷം കുടുംബങ്ങൾക്ക് പഴയ RSBY (Rashtriya Swasthya Bima Yojana) പുന:സ്ഥാപിച്ചു. അതിൽ 60 ശതമാനം കേന്ദ്ര ഗവൺമെന്റും 40 ശതമാനം സംസ്ഥാന ഗവൺമെന്റുമാണ് വഹിക്കേണ്ടത്. 42 ലക്ഷം കുടുംബങ്ങൾക്ക് 1,400 കോടി രൂപ പ്രതിവർഷം ചെലവാക്കിക്കൊണ്ട് ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തി. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി വിജയകരമായി നടപ്പാക്കിയതാണ് കേരളത്തിനെ അവാർഡിനർഹമാക്കിയത്. ആരോഗ്യ മേഖലയിൽ മാത്രമല്ല വിദ്യാഭ്യാസ മേഖലയിലും മറ്റും നടത്തിയ നിരവധി പരിഷ്കാരങ്ങളുണ്ട്.

<u>മി. ചെയർമാൻ:</u> ബഹുമാനപ്പെട്ട അംഗം സഹകരിക്കണം. ബഹുമാനപ്പെട്ട മന്ത്രിമാരും ഇന്ന് മറുപടി പറയാനുണ്ട്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u> സർ, ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. ദാരിദ്ര്യ നിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണ്. കൂടാതെ ഏറ്റവും കൂടുതൽ മതേതരത്വവും സൗഹാർദ്ദവും നിലനിൽക്കുന്ന സംസ്ഥാനവുമാണ് കേരളം. ഭരണഘടന അനുശാസിക്കുന്ന ജനാധിപത്യവും സോഷ്യലിസവും മതേതരത്വവും പുലരുന്നത് കേരളത്തിൽ ഇടതുപക്ഷമുള്ളതുകൊണ്ടാണ്. ആ ഇടതുപക്ഷത്തെ നശിപ്പിക്കാനല്ല കോൺഗ്രസ്സ് ശ്രമിക്കേണ്ടത്. ഉത്തരേന്ത്യയിൽ ബി.ജെ.പി.-ക്കും സംഘ് പരിവാറിനുമെതിരെ പോരാട്ടം നടത്തണം. കേരളത്തിൽ ഇടതുപക്ഷത്തെ നശിപ്പിക്കാനുള്ള പോരാട്ടമല്ല കോൺഗ്രസ് നടത്തേണ്ടതെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ടി. സിദ്ദിഖ്:</u> സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഇവിടെ സംസാരിച്ച വിഷയങ്ങൾ ഞാൻ ശ്രദ്ധിച്ചിരിക്കുകയായിരുന്നു. പാനൂർ ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് പ്രിയപ്പെട്ട കെ. പി. ഹാഷിം ആർ.എസ്.എസ്.-ന്റെ ക്രൂരമായ മർദ്ദനങ്ങൾക്കും കൊലപാതകശ്രമത്തിനും വിധേയനായി കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ മരണത്തെ മുഖാമുഖം കണ്ട് കിടക്കുന്ന സന്ദർഭത്തിലാണ് കോൺഗ്രസും ആർ.എസ്.എസ്.-ഉം തമ്മിലുള്ള

ബന്ധത്തെക്കുറിച്ച് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പറയുന്നത് എന്നത് ഏറെ വിരോധാഭാസമാണ്. ആർ.എസ്.എസ്.-നും ബി.ജെ.പി.-ക്കുമെതിരായി ടീച്ചർ സംസാരിക്കുന്ന അവസരത്തിൽ മുൻമന്ത്രി ബഹുമാന്യനായ ഇ. ചന്ദ്രശേഖരനെ അതൊന്ന് ബോദ്ധ്യപ്പെടുത്താൻ ദയവുചെയ്ത് പരിശ്രമിക്കണമെന്നുകൂടി പ്രത്യേകം ഉണർത്തിക്കുകയാണ്. രണ്ട് പ്രസ്ഥാനങ്ങളും ഒരേ മുഖത്തുനിന്നുള്ളതാണ്. അവർ തമ്മിലുള്ള കേസ്സുകൾ രാജിയാക്കുകയാണ്. ഇരുകൂട്ടരും ആക്രമണോത്സുക രാഷ്ട്രീയത്തിന് നേതൃത്വം കൊടുക്കുന്നവരുമാണ്. ഇവരുടെ പ്രധാനപ്പെട്ട ജോലി കൊല്ലലും വെട്ടലും കൊലപാതകങ്ങളും കൊള്ളയും തീവയ്പുമാണ്. തെരഞ്ഞെടുപ്പിൽ വിജയിച്ച് ആഹ്ലാദപ്രകടനത്തിന് നേതൃത്വം കൊടുക്കുമ്പോൾ ക്രൂരമായ ആക്രമണത്തിന് വിധേയനാവുകയും ശ്രീ. ഇ. ചന്ദ്രശേഖരൻ മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുമ്പോൾ കൈ പ്ലാസ്റ്ററിട്ടുവരേണ്ടി വരികയും ചെയ്ത സംഭവത്തിൽ ആർ.എസ്.എസ്.-നെയും ബി.ജെ.പി.-യെയും സംരക്ഷിക്കാൻ നേതൃത്വം കൊടുത്തവർ ഇപ്പോൾ ബി.ജെ.പി.-ക്കെതിരായി പ്രസംഗം നടത്തുകയാണ്. ഇത്രയും അപമാനകരമായ സാഹചര്യം കേരള രാഷ്ട്രീയത്തിനുണ്ടാക്കിയത് നിങ്ങളല്ലാതെ മറ്റാരാണെന്ന് പ്രത്യേകം ചോദിക്കാൻ ആഗ്രഹിക്കുന്നു.

ശ്രീ. പി. ബാലചന്ദ്രനോ മറ്റാരെങ്കിലുമോ ഇതിനെക്കുറിച്ച് പറയുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. കഴിഞ്ഞ ദിവസം ശ്രീ. ഇ. ചന്ദ്രശേഖരൻ പ്രസംഗിച്ചപ്പോൾ ഇതിനെക്കുറിച്ച് എന്തെങ്കിലും പറയുമെന്ന് അവസാനനിമിഷം വരെയും പ്രതീക്ഷിച്ചു. ശ്രീ. ഡി. രാജയ്ക്ക് അവിടെയുണ്ടായിരിക്കുന്ന ആത്മാഭിമാനം ഇവിടെ നിങ്ങൾക്കുണ്ടോയെന്ന് സ്വാഭാവികമായും സംശയിച്ചുപോയി.

ഈ നയപ്രഖ്യാപന പ്രസംഗത്തിൽ ഒരു നയവുമില്ല, പ്രഖ്യാപനവുമില്ല എന്നാണ് പറയാനുള്ളത്. നേർത്ത ഒരു ശബ്ദം മാത്രമായി ഈ നയപ്രഖ്യാപന പ്രസംഗം ചുരുങ്ങിപ്പോയി. ബഹുമാന്യനായ ഗവർണറെ ആനയിച്ചുകൊണ്ടുവന്ന് നയപ്രഖ്യാപന പ്രസംഗം നടത്തിയതിനെക്കുറിച്ച് സന്തോഷവതിയായി ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ സംസാരിക്കുകയുണ്ടായി. ഗവർണർ നയപ്രഖ്യാപനം നടത്തുന്നതിനുമുൻപ് നടന്ന സംഭവങ്ങളാണ് ഏറെ വിചിത്രമായത്. അണിയറയിൽ കുറെ വിട്ടുവീഴ്ചകളും ധാരണകളും നടന്നു. ശ്രീ. നരേന്ദ്ര മോദിയെക്കുറിച്ച് ഒരക്ഷരം പറയരുത്, 'യെസ്', കേന്ദ്രസർക്കാരിനെ പേരെടുത്ത് വിമർശിക്കരുത്, 'യെസ്', സംഘ്പരിവാറിന്റെ സമീപനത്തെ പേരെടുത്ത് വിമർശിക്കരുത്, 'യെസ്'; 'യെസ് എന്ന ഏറ്റവും അപകടകരവും പ്രതിലോമകരവുമായ

വിധേയപ്പെടുത്തലിന്റെ രാഷ്ട്രീയമാണ് ഈ നയപ്രഖ്യാപന പ്രസംഗത്തിൽ മുഴുവൻ നിഴലിച്ചുനിൽക്കുന്നത്. തമിഴ്നാട്ടിലെ സ്റ്റാലിൻ ഗവൺമെന്റിന്റെ നയപ്രഖ്യാപനം ഇന്നലെ ഞാൻ വായിച്ചു. ഗവർണർ ശ്രീ. ആർ. എൻ. രവി നയപ്രഖ്യാപന പ്രസംഗം വായിക്കാതെ പോയതിനെക്കുറിച്ച് ഇന്നലെ സംസാരമുണ്ടായി. ബഹുമാന്യനായ ഗവർണർ അവിടെ വായിക്കാതിരുന്ന പ്രസംഗം രണ്ടാമത് അസംബ്ലിയിൽ റെസല്യൂഷൻ കൊണ്ടുവന്ന് പാസ്സാക്കുകയുണ്ടായി. ഛത്തീസ്ഗഢിലും രാജസ്ഥാനിലും സമാനമായ അനുഭവമുണ്ടായി. കേന്ദ്ര സർക്കാരിനെ വിമർശിക്കുന്ന തരത്തിലുള്ള നയപ്രഖ്യാപന പ്രസംഗങ്ങൾ നടന്നു. ശ്രീ. നരേന്ദ്ര മോദിയെയും കേന്ദ്ര സർക്കാരിനെയും പേരെടുത്ത് വിമർശിക്കാൻ എന്താണിത്ര ബുദ്ധിമുട്ട്. രാജ്യം അപകടകരമായ അവസ്ഥയിലൂടെ മുന്നോട്ടുപോകുകയാണ്. 'ഭാരത് ജോഡോ' യാത്രയെക്കുറിച്ച് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഇവിടെ സൂചിപ്പിച്ചു. ഭാരത് ജോഡോ യാത്രയെ വിമർശിച്ചവരുണ്ട്. യാത്രയെ വിമർശിച്ചവർ ആരാണ്? ശ്രീ. രാഹുൽ ഗാന്ധിയുടെ ജാഥയെ 'കണ്ടെയ്നർ ജാഥ' എന്ന് എൽ.ഡി.എഫ്. അധിക്ഷേപിച്ചില്ലേ? 'കണ്ടെയ്നർ ജാഥ' എന്ന പദപ്രയോഗം ആദ്യമായി കൊണ്ടുവന്നത് ആരാണ്? ആർ.എസ്.എസ്.-ന്റെ പ്രോ-ഓൺലൈൻ മാധ്യമമായ OpIndia-യിൽവന്ന രണ്ട് വാർത്തകൾ ഞാൻ

വായിക്കാം. ഒന്നാമത്തേത് സെപ്റ്റംബർ മാസം 12-ാം തീയതിലേതാണ്. '145 days to go': Congress' message on Rahul Gandhi's 'container yatra' shows that their 'idea of India' does not include you' എന്നാണ്. രണ്ടാമത്തേത്, 'Rahul Gandhi ropes in a minor girl in hijab in his 'Bharat Jodo' container....'എന്നാണ്. ആർ.എസ്.എസ്.-ന്റെ മീഡിയയിൽവന്ന കണ്ടെയ്നർ ജാഥ എന്ന പദം ഇടതുപക്ഷത്തിന്റെ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗമായ ശ്രീ. എം. സ്വരാജ് ആവർത്തിക്കുകയാണ്. നിങ്ങൾ തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്? ഇന്ത്യാ രാജ്യത്ത് ആർ.എസ്.എസ്.-നും ബി.ജെ.പി.-ക്കും സംഘ്പരിവാറിനുമെതിരായി രാജ്യത്തിന്റെ ജനാധിപത്യത്തെയും ഭരണഘടനയെയും ഭരണഘടനയുടെ സ്തംഭങ്ങളെയും കാക്കാൻ അതിപ്രധാനമായ ഒരു ദേശീയ മൂവ്മെന്റിന് നേതൃത്വം കൊടുക്കുമ്പോൾ ആർ.എസ്.എസ്.-ന്റെയും ശ്രീ. അമിത്ഷായുടെയും ശ്രീമതി സ്മൃതി ഇറാനിയുടെയും ചുവടുപിടിച്ച് അതിനെതിരെ ദേശാഭിമാനിയിൽ മുഴുനീളെ ലേഖനം എഴുതുകയാണ്. ഭാരത് ജോഡോ യാത്രയ്ക്കെതിരായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പത്രസമ്മേളനങ്ങൾ വളരെ വേദനയോടുകൂടിയാണ് ഞങ്ങൾ കണ്ടത്. ശ്രീ. എം. സ്വരാജ് കണ്ടെയ്നർ

ജാഥയെന്ന് അധിക്ഷേപിക്കുമ്പോൾ സി.പി.ഐ.(എം)-ന്റെ ഭാഗത്തുനിന്ന് ഇത്രയും പ്രതിലോമകരമായൊരു സംസാരം വരുമെന്ന് ഞങ്ങളാരും കരുതിയില്ല. 4080 കിലോമീറ്റർ ദൂരം യാത്ര ചെയ്ത് നിരവധി സംസ്ഥാനങ്ങളിലൂടെയും കേന്ദ്രഭരണപ്രദേശങ്ങളിലൂടെയും കടന്നുപോയി വെയിലും മഞ്ഞും മഴയുംകൊണ്ട് മോദി ഗവൺമെന്റിനെതിരായി പേരെടുത്ത് വിമർശിച്ച്, അവർക്കെതിരെ അതിശക്തമായ പ്രയാണത്തിന് നേതൃത്വം കൊടുത്ത് ലക്ഷോപലക്ഷം ജനങ്ങളുടെ വേദനകളും പ്രയാസങ്ങളും ആകുലതകളും ഏറ്റുവാങ്ങി രാജ്യത്തിന്റെ ജനാധിപത്യത്തെയും പിടയുന്ന ആത്മാവിനെയും വീണ്ടെടുക്കാനുള്ള ഒരു ജാഥയുടെ സമാപന സമ്മേളനത്തിൽ പങ്കെടുക്കുവാൻ ശ്രീ. ഡി. രാജ വന്നപ്പോൾ അദ്ദേഹത്തെ വിമർശിക്കുകയാണ് സി.പി.ഐ.(എം) ചെയ്യുന്നത്. നിങ്ങൾക്ക് ആരോടാണ് കൂറ്, രാജ്യത്തെ ജനാധിപത്യ സംവിധാനത്തോടാണോ അതോ ആർ.എസ്.എസ്.-ന്റെയോ ബി.ജെ.പി.-യുടെയോ അജണ്ടയോടാണോയെന്ന് ഞാൻ പ്രത്യേകമായി ചോദിക്കാൻ ആഗ്രഹിക്കുന്നു. ആ അജണ്ട പിൻപറ്റിയാണ് ഇവിടെ നയപ്രഖ്യാപനം നടക്കുന്നത്. ഇവിടെ എന്തൊക്കെയാണ് നടന്നത്? ഒരു ഭാഗത്ത് രാജ്ഭവൻ മാർച്ച്, മുഖ്യമന്ത്രിയുടെ പത്രസമ്മേളനം, മന്ത്രിമാരുടെ പത്രസമ്മേളനം

മറുഭാഗത്ത് ഗവർണറുടെ പത്രസമ്മേളനം എന്നിങ്ങനെയാണ്. പത്രസമ്മേളനത്തിൽ ഗവർണർ പറഞ്ഞത് ഞാൻ എന്റെ pleasure withdraw ചെയ്യുകയാണെന്നാണ്. ഇതെല്ലാം നടന്ന് അവസാനം ഒരുഘട്ടത്തിൽ മുഖ്യമന്ത്രി പറഞ്ഞു 'ആ ചെപ്പടിവിദ്യയൊന്നും ഞങ്ങളോട് വേണ്ട' എന്ന്. ഉടനെ ഗവർണർ പറഞ്ഞു, 'അതിന് പിപ്പടിവിദ്യ എന്റെ കയ്യിലുണ്ട്' എന്ന്. ഇതെല്ലാം പറഞ്ഞ് അവസാനം ഗവർണറെയും ആനയിച്ച് ഇവിടെവന്ന് നയപ്രഖ്യാപന പ്രസംഗം നടത്തി കേരളത്തിലെ ജനങ്ങളെ മുഴുവൻ കൺകെട്ട് വിദ്യയിലൂടെ അപമാനിക്കാൻ ശ്രമിച്ചുവെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇത് ജനങ്ങളോടുള്ള അരുതാത്ത ഒരു പ്രവർത്തനമായി മാറി. നയപ്രഖ്യാപന പ്രസംഗത്തിൽ വിലക്കയറ്റത്തെക്കുറിച്ച് എന്തെങ്കിലും സൂചിപ്പിച്ചോ; ഇന്ന് ഒരു കിലോ അരിയുടെ വില 65 രൂപയാണ്. ഉമ്മൻചാണ്ടി ഗവൺമെന്റ് അധികാരത്തിൽ നിന്നിറങ്ങുമ്പോൾ അരിയുടെ വില 28 രൂപയായിരുന്നു. വിലക്കയറ്റം നിയന്ത്രിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ? 280 രൂപയായിരുന്ന ഒരു ചാക്ക് സിമന്റിന്റെ വില ഇന്ന് കേരളക്കരയിൽ 510 രൂപയാണ്. അവശ്യസാധനങ്ങളുടെ വില മുഴുവനും കുതിച്ചുയരുകയാണ്. അതിപ്രധാനമായ കാർഷിക മേഖലയെക്കുറിച്ച് ഒരു വാചകമില്ലാത്ത

നയപ്രഖ്യാപനമാണിത്. കർഷക കടാശ്വാസ കമ്മീഷന് അഞ്ചുപൈസ നൽകാതെ ദയാവധത്തിനുവിധേയമാക്കിയ സർക്കാരാണ് നമ്മുടെ സർക്കാരെന്ന് ഗവർണറെക്കൊണ്ട് പറയിക്കാമായിരുന്നു. വർഷങ്ങളായുള്ള കടാശ്വാസ കമ്മീഷന്റെ അവാർഡ് തുക നൽകാതെ, പുതിയ അപേക്ഷകൾ ക്ഷണിച്ചിട്ട് വല്ല കാര്യവുമുണ്ടോ? യാതൊരു നടപടിയും സ്വീകരിക്കാൻ എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുവന്നില്ല. ലൈഫ് മിഷനിൽ മൂന്നുലക്ഷത്തിൽപ്പരം വീടുകൾ നൽകിയെന്ന് പറയുകയുണ്ടായി. യു.ഡി.എഫ്. സർക്കാർ കേരളം ഭരിച്ചപ്പോൾ ഉമ്മൻചാണ്ടി ഗവൺമെന്റ് അഞ്ചുവർഷം കൊണ്ട് കേരളക്കരയിൽ കൊടുത്ത വീടുകളുടെ എണ്ണം 4,57,000 ആണ്. (....ബഹളം...)

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്.....

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, അവസാനിപ്പിക്കാം. ഇവിടെ മൂന്നുലക്ഷത്തിന്റെ കണക്കും പറഞ്ഞുവരികയാണ്. ഇവിടെയൊരു വ്യത്യാസമുണ്ട്.

<u>മി. ചെയർമാൻ</u>: യെസ്....പ്ലീസ് ........പ്ലീസ് .... കൺക്ലൂഡ്.....

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഞാൻ കൺക്ലൂഡ് ചെയ്യാം. ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്ക് ഒന്നര മിനിട്ട് കൂടുതൽ കൊടുത്തില്ലേ. എനിക്ക് അരമിനിട്ട് നൽകിയാൽ മതി. യു.ഡി.എഫ്. സർക്കാർ അഞ്ചുലക്ഷം വീടുണ്ടാക്കിയാലും

ആന പ്രസവിക്കുന്നതുപോലെ പുറത്താരും അറിയില്ല. എന്നാൽ നിങ്ങളൊരു ചെറിയ കാര്യം ചെയ്യുമ്പോൾ, കോഴി മുട്ടയിടുന്നതുപോലെയാണ്. ലോകം മുഴുവനും അറിയിക്കും. അതുമാത്രമാണ് വ്യത്യാസം. ഗൗരവകരമായ ഈ സാഹചര്യത്തിൽ ജനങ്ങളുടെ പ്രശ്നങ്ങളെ അഡ്രസ് ചെയ്യാത്ത നയപ്രഖ്യാപന പ്രസംഗമാണിതെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. ബാലചന്ദ്രൻ: സർ, പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ പരിപൂർണ്ണമായും പിന്തുണയ്ക്കുകയാണ്. പ്രതീക്ഷയോടെ കാത്തിരുന്ന, ഇവിടെ പലരും പറഞ്ഞ ദേശീയ ബഡ്ജറ്റ് ഇന്നലെ അവതരിപ്പിച്ചു. 'അമൃതകാലത്തിന്റെ ശംഖൊലി' എന്നാണ് ശ്രീമതി നിർമ്മലാ സീതാരാമൻ ബഡ്ജറ്റിനെ വിശേഷിപ്പിച്ചത്. പക്ഷെ, അത് ദുരിതകാലത്തിന്റെ വേതാളരാഗമായാണ് അനുഭവപ്പെട്ടത്. വോട്ട് ബഡ്ജറ്റ്, മോഹബഡ്ജറ്റ് എന്നൊക്കെ ദിനപത്രങ്ങൾ പറഞ്ഞ ആ ബഡ്ജറ്റ് മലയാളികളെ പൂർണ്ണമായും അവഗണിക്കുകയാണ് ചെയ്തത്. കൈരളിയെ അവഗണിച്ചൊരു ബഡ്ജറ്റ് വന്നിട്ടും ആ ബഡ്ജറ്റിലെ ജനവിരുദ്ധതയും ഇടതുപക്ഷ വിരുദ്ധതയും മനസ്സിലാക്കാതെയാണ് പ്രതിപക്ഷം സംസാരിക്കുന്നത്. ഇടതുപക്ഷ

വിരുദ്ധതയെന്ന് ഞാൻ ഉദ്ദേശിച്ചത്, രാഷ്ട്രീയ വൈരനിര്യാതനബുദ്ധിയുടെ അടിസ്ഥാനത്തിലുള്ള പ്രതിപാദ്യങ്ങൾ മനസ്സിലാക്കാതെ ശ്രീ. ടി. സിദ്ദിഖിനെപ്പോലെയുള്ള ഒരു യുവജന പ്രസ്ഥാനത്തിന്റെ സംസ്ഥാന നേതാവ് ഏതോ സി.ജെ.എം. കോടതിയിൽ വാദികളും പ്രതികളും തമ്മിൽ കുറ്റമാറിയതിനെയാണ് രൂക്ഷമായൊരു പ്രശ്നമായി അവതരിപ്പിച്ചത്. കോൺഗ്രസിനെക്കുറിച്ച് പറയുമ്പോൾ, empathy കലർന്ന sympathy ആണ് എനിക്കിപ്പോൾ തോന്നുന്നത്. ഭാരത് ജോഡോ യാത്ര കഴിഞ്ഞ് കായബലം (ശരീരബലം) വർദ്ധിച്ച് അത്യാവശ്യം ഇന്ത്യയിലെ ബഹുജനങ്ങളെ അഭിമുഖീകരിക്കാമെന്ന ആത്മവിശ്വാസത്തോടുകൂടി പല സംസ്ഥാനങ്ങളിലും ഇടതുപക്ഷത്തിന്റെ സഹകരണത്തോടെയും പിന്തുണയോടെയും നിൽക്കുന്ന കോൺഗ്രസ് പാർട്ടിയിലെ ശ്രീ. അനിൽ ആന്റണി എന്ന വ്യക്തിയെ നിങ്ങൾക്കറിയാമോ; നിങ്ങളുടെ തലതൊട്ടപ്പനായ, അപ്പോസ്തലനായ സാക്ഷാൽ ശ്രീ. എ. കെ. ആന്റണിയുടെ മൂത്തപുത്രനായ അദ്ദേഹം ബി.ബി.സി.-യുടെ ഡോക്യുമെന്ററിയെ 'colonial tactics' എന്നാണ് വിശേഷിപ്പിച്ചത്. ഗുജറാത്ത് വംശഹത്യയുടെ രക്തക്കറപുരണ്ട കൈകളുള്ള നരാധമനായ പ്രധാനമന്ത്രിയാണ് ശ്രീ. നരേന്ദ്ര മോദിയെന്ന് ലോകത്തിന്റെ മുന്നിൽ

വിളിച്ചുപറഞ്ഞ ബി.ബി.സി.-യുടെ ഡോക്യുമെന്ററി ശ്രീ. അനിൽ ആന്റണിയുടെ ഭാഷയിൽ പറഞ്ഞാൽ colonial tactics (സാമ്രാജ്യത്വ തന്ത്രം) ആണ്. ശ്രീ. നരേന്ദ്ര മോദി അങ്ങനെയുള്ള ഒരു മനുഷ്യനല്ല, വിശുദ്ധനാണെന്ന് പറഞ്ഞത് ദീർഘകാലം കോൺഗ്രസ്സിനെ കേന്ദ്രത്തിൽ നയിക്കുകയും എ.ഐ.സി.സി.-യെ നയിക്കുകയും ചെയ്ത സാക്ഷാൽ ശ്രീ. എ. കെ. ആന്റണിയുടെ മകനാണ്. നിങ്ങളുടെ ഡിജിറ്റൽ ഡിവൈസുകളുടെ സാക്ഷാൽ ബ്രെയിനാണ്. അദ്ദേഹത്തെക്കുറിച്ച് ശ്രീ. ടി. സിദ്ദിഖിന് എന്താണ് പറയാനുള്ളത്; ഒരു വിരൽ ഞങ്ങൾക്ക് നേരെ ചൂണ്ടുമ്പോൾ ആ കയ്യിലെ ബാക്കി വിരലുകൾ സ്വന്തം നെഞ്ചിലേയ്ക്കാണെന്ന് ഓർക്കുന്നത് നന്നായിരിക്കും. ശ്രീ. അനിൽ ആന്റണിയെക്കുറിച്ച് ഒരു വാക്ക് പറയാൻ കെ.പി.സി.സി.-ക്ക് ധൈര്യമുണ്ടോ; ശ്രീ. അനിൽ ആന്റണിയെക്കുറിച്ച് എന്തെങ്കിലും പറയാൻ ധൈര്യമുണ്ടെങ്കിൽ പറയേണ്ടതല്ലേ; കോൺഗ്രസിന് ഇപ്പോൾ രാഷ്ട്രീയത്തിൽ നവോത്ഥാനത്തിന്റെ കാലഘട്ടമാണ്. എന്താണ് രാഷ്ട്രീയത്തിലെ നവോത്ഥാന കാലഘട്ടം? ഒരു വിഭാഗം യുവജനങ്ങൾ ഡോ. ശശി തരൂരിന്റെ ഭാഗത്തും മറുവിഭാഗം ശ്രീ. കെ. സുധാകരൻ, ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. വി. ഡി. സതീശൻ എന്നിവരുടെ ഭാഗത്തുമാണ്. അങ്ങനെയെങ്കിലും

നിങ്ങളിൽ ഒരു അടുപ്പം ജനിക്കുകയാണെങ്കിൽ അടുപ്പം ജനിക്കട്ടെ, ഡോ. ശശി തരൂർ പാണക്കാട് പോകുന്നു, ബിഷപ്പുമാരെ കാണുന്നു. കേരളത്തിൽ പുതിയൊരു ശശി തരൂരിനെ അവതരിപ്പിക്കാനുള്ള ശ്രമത്തിലാണ് കോൺഗ്രസ്. അനിൽ ആന്റണിമാർ, ശശി തരൂരുമാർ എന്നിവരൊക്കെ കോൺഗ്രസിന് പുതിയ മുഖച്ഛായ പകർന്ന് നൽകുമെന്നാണ് നിങ്ങൾ വിശ്വസിക്കുന്നതെങ്കിൽ, കേരളത്തിലെ ജനങ്ങൾ ബുദ്ധിയുള്ളവരാണെന്നാണ് എനിക്ക് പറയാനുള്ളത്. പെൻഷനും സഹായധനങ്ങളും നിലനിർത്തികൊണ്ടും പാവപ്പെട്ടവരെ സഹായിച്ചുകൊണ്ടും മുന്നോട്ടുപോകാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് നയപ്രഖ്യാപനത്തിൽ സൂചിപ്പിക്കുകയുണ്ടായി. തൊഴിലിന്റെയും തൊഴിലുറപ്പിന്റെയും മറ്റും കാര്യങ്ങളിലും വെട്ടിക്കുറവുണ്ടായപ്പോൾ സാധാരണ ജനങ്ങൾക്കൊപ്പംനിന്ന ഗവൺമെന്റാണ് കേരളത്തിലുള്ളത്. കിറ്റ് കൊടുക്കുന്ന ഗവൺമെന്റ്, സൗജന്യമായി അരി കൊടുക്കുന്ന ഗവൺമെന്റ് എന്നൊക്കെ നിങ്ങൾ വിരൽചൂണ്ടിയപ്പോഴും ഹൈക്കോടതിയെ സമീപിച്ചപ്പോഴും ഞങ്ങൾ ജനങ്ങളിൽ വിശ്വാസം അർപ്പിച്ച് വീണ്ടും അധികാരത്തിൽ വന്നില്ലേ; അനിതരസാധാരണമായ കേസിന്റെ ചക്രവ്യൂഹത്തിലേയ്ക്ക് ഒരു

ക്യാബിനറ്റിനെയാകെ തള്ളിവിടുന്ന പ്രചണ്ഡമായ പ്രചരണം അഴിച്ചുവിട്ടിട്ടും കേരളത്തിലെ സാധാരണ ജനങ്ങൾ വീണ്ടും ഇടതുപക്ഷത്തെ അവരോധിക്കാനുള്ള കാരണമെന്താണ്; ആ കാരണങ്ങളിൽ നിന്നാണ് നയപ്രഖ്യാപനമുണ്ടായത്. ഇടതുപക്ഷവും ഗവർണറും യോജിച്ചുവെന്ന് നിങ്ങൾ പറഞ്ഞില്ലേ? ഗവർണറെ വിമർശിക്കേണ്ടിടത്ത് വിമർശിക്കാൻ, 140 നിയോജകമണ്ഡലങ്ങളിലും ഈ ഗവർണർക്കെതിരെ പരസ്യമായി മീറ്റിംഗുകളും വിദ്യാഭ്യാസ സംരക്ഷണ സദസ്സുകളും ഇടതുപക്ഷ ജനാധിപത്യമുന്നണി സംഘടിപ്പിച്ചു. കേരളത്തിൽ ഭരണഘടനയുടെ മൗലികമായ നീതിക്കപ്പുറത്ത് ഒരു ഗവർണർ പോയാൽ ആ ഗവർണറെ വരച്ച വരയിൽ നിർത്തുമെന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രഖ്യാപിച്ച് ജനങ്ങളെ സമരരംഗത്ത് അണിനിരത്തി. ആ സമരത്തിന്റെ ഫലമായി ജനാധിപത്യ മര്യാദകൾ പാലിച്ചുകൊണ്ട് 'എന്റെ ഗവൺമെന്റ്' 'എന്റെ ഗവൺമെന്റ്' എന്ന് പതിനാലുവട്ടം പറഞ്ഞുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ക്യാബിനറ്റ് ഡിസൈൻ ചെയ്ത നയപ്രഖ്യാപന രേഖ ഗവർണർ ഇവിടെ അവതരിപ്പിച്ചത്. അല്ലാതെ നിങ്ങൾ പറയുന്നതുപോലെ ഒരു അഡ്ജസ്റ്റ്മെന്റായിരുന്നുവെങ്കിൽ ഇങ്ങനെ വരുമോ? ഒപ്പനയിൽ മണവാട്ടി വരുന്നതുപോലെ ഇവിടെവന്ന് അദ്ദേഹം അതുവായിച്ച്

പോയില്ലേ; നിങ്ങൾ അത് കണ്ടില്ലേ; അതാണ് സമരവീര്യം. അതാണ് കേരളത്തിലെ ജനാധിപത്യ പാരമ്പര്യം. ഞങ്ങൾ അപേക്ഷിച്ചിട്ട് വന്നതല്ല, അങ്ങനെ ആർക്കും സംശയം വേണ്ട. ക്യാബിനറ്റിൽനിന്ന് ഒരു ദൂതനും പോയില്ല, ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽനിന്നും ആരും പോയില്ല. ഭരണഘടനയുടെ മര്യാദയിലേയ്ക്ക് ജനാധിപത്യ ഗവൺമെന്റിനെ നേരെ നയിക്കാൻ ഗവർണർക്ക് കെൽപ്പുണ്ടാകണമെന്ന് അദ്ദേഹത്തെയും രാജ്ഭവനെയും ബോധ്യപ്പെടുത്താൻ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് കഴിഞ്ഞു. നിങ്ങൾക്ക് അങ്ങനെ കഴിയുമോ; കോൺഗ്രസ് ഭരിക്കുന്ന ഏതെങ്കിലും സംസ്ഥാനത്ത് അത് സാധിക്കുമോ; ഭരിക്കുന്ന സംസ്ഥാനങ്ങളില്ലെന്ന് പറഞ്ഞാൽ നിങ്ങളെ പരിഹസിക്കുകയാണെന്ന് വിചാരിക്കരുത്. അമരപന്തൽ വീണുകിടക്കുന്നതുപോലെ വീണുകിടക്കുകയാണ് കോൺഗ്രസ്. അതിനെ ഉയർത്താൻ സാധിക്കുമോയെന്ന് ശ്രീ. രാഹുൽ ഗാന്ധി ശ്രമിച്ചുനോക്കുന്നുണ്ട്. അദ്ദേഹത്തോടൊപ്പം നിൽക്കൂ, അല്ലാതെ പന്തിയിൽ കലാപം നടത്തി ഇനി കുഴപ്പമുണ്ടാക്കല്ലേ; കോവിഡും പ്രളയവും നാനാതരം ദുരിതങ്ങളും നിറഞ്ഞ കേരളത്തെ വീണ്ടും അഞ്ചുവർഷക്കാലം ഏറ്റവും സുരക്ഷിതമായ പാതയിലൂടെ കൊണ്ടുപോകുമെന്നാണ് നയപ്രഖ്യാപനത്തിൽ പറഞ്ഞത്. ഐവർ

ജെന്നിംഗ്സ് പറഞ്ഞിട്ടുള്ളത്, ജനാധിപത്യ രീതിയനുസരിച്ച്, ക്യാബിനറ്റ് ഗവൺമെന്റിന്റെ രീതിയനുസരിച്ച് നയപ്രഖ്യാപനത്തിൽ പറഞ്ഞ കാര്യങ്ങളുടെ രൂപരേഖ അവതരിപ്പിക്കുന്നത് ബഡ്ജറ്റിലാണെന്നാണ്. ശ്രീ. കെ. എൻ. ബാലഗോപാൽ ഫെബ്രുവരി 3-ാം തീയതി ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ, നയപ്രഖ്യാപനത്തിൽ പറഞ്ഞ കാര്യങ്ങൾ നടപ്പിൽ വരുത്താനുള്ള കാര്യങ്ങളുണ്ടോയെന്ന് പരിശോധിച്ചതിനുശേഷം വിമർശിക്കാം. നയപ്രഖ്യാപനം ജനകീയ പരിപാടിയായി ജനങ്ങൾക്കുമുമ്പിൽ അവതരിപ്പിക്കുന്നത് ബഡ്ജറ്റിലൂടെയാണ്. ആ നയപ്രഖ്യാപനത്തിന്റെ ഉള്ളടക്കം ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിക്കുന്ന ബഡ്ജറ്റിലുണ്ടാകുമെന്നുള്ളതിന്റെ സൂചനയായി അദ്ദേഹം പറഞ്ഞത്, അവശജനവിഭാഗങ്ങൾക്ക് നൽകുന്ന പെൻഷൻ നിർത്തലാക്കില്ലെന്നാണ്. തൊഴിലുറപ്പ് വിഹിതം കേന്ദ്രം വെട്ടിക്കുറച്ചാലും സംസ്ഥാന സർക്കാർ വെട്ടിക്കുറയ്ക്കില്ല. പൊതുവിദ്യാഭ്യാസ രംഗത്തെ സംരക്ഷിക്കും. ഒരു നോളഡ്ജ് സൊസൈറ്റിയായി കേരളത്തെ മാറ്റും. കാർഷിക-വ്യവസായ രംഗങ്ങളെ സമുദ്ധരിച്ച് മുന്നോട്ടുകൊണ്ടുപോകും. ഇങ്ങനെയുള്ള നിരവധി കാര്യങ്ങൾ ഉൾക്കൊള്ളുന്ന നയപ്രഖ്യാപനമാണ് ഇവിടെ നടത്തിയത്. അത്

ഉൾക്കൊള്ളാൻ പ്രതിപക്ഷത്തിന് സാധിക്കണം. അതിന്റെ അന്തഃസത്തയിലേയ്ക്ക് കടന്നുവരണം. അല്ലാതെ ഗവർണറും ഇവിടത്തെ ഭരണകക്ഷിയും തമ്മിൽ അവിഹിതബന്ധമുണ്ടായതിന്റെ അനന്തരസന്തതിയാണ് നയപ്രഖ്യാപനമെന്ന് സമാശ്വസിച്ചാൽ അത് ജനാധിപത്യപരമല്ലെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുകയാണ്. ഈ നയപ്രഖ്യാപനം വലിയൊരു കോമഡിയാണ്. ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിലെ 113-ാമത്തെ ഇനം 'രാജ്യത്ത് ഏറ്റവും മികച്ചരീതിൽ നയിക്കപ്പെടുന്ന സംസ്ഥാന പോലീസ് സേനയെന്ന ഖ്യാതി കേരള പോലീസിനുണ്ട് എന്നാണ്. ഏത് പോലീസിനെക്കുറിച്ചാണ് നിങ്ങൾ സംസാരിക്കുന്നത്; തലസ്ഥാനത്തെ വാടക ഗുണ്ടകളിൽനിന്ന് മാസവരി കൈപ്പറ്റുന്ന, ആഡംബര ഹോട്ടലുകളിൽ മക്കളുടെ ബർത്ത്ഡേ ആഘോഷിക്കുന്ന പോലീസ് മേധാവികളെക്കുറിച്ചാണോ; നീതി തേടി സ്റ്റേഷനുകളിലെത്തുന്ന വനിതകളെ ലൈംഗിക ചൂഷണത്തിന് ഇരയാക്കുന്ന ഏമാന്മാരെക്കുറിച്ചാണോ; എന്ത് കുറ്റം ചെയ്താലും പാർട്ടിയും സർക്കാരും സംരക്ഷിക്കുമെന്ന ഉറപ്പിൽ നിയമം

ലംഘിക്കുന്ന പോലീസുദ്യോഗസ്ഥരെക്കുറിച്ചാണോ; സർക്കാരിനെതിരെ സമാധാനപരമായി പ്രതിഷേധിക്കുന്ന പ്രതിപക്ഷ-യുവജന സംഘടനാ പ്രവർത്തകർക്കെതിരെ കള്ളക്കേസ് ചുമത്തി ജയിലിലടയ്ക്കാൻ മത്സരിക്കുന്ന പോലീസുകാരെക്കുറിച്ചാണോ; ആഭ്യന്തര വകുപ്പിനും പോലീസിനും അഭിമാനിക്കാൻ കേരളത്തിൽ എന്താണുള്ളത്; മുസ്ലീം യൂത്ത് ലീഗിന്റെ സെക്രട്ടേറിയറ്റ് മാർച്ചിൽ പങ്കെടുത്ത ഒരാളാണ് ഞാൻ. പ്രകോപനങ്ങൾ എല്ലാമുണ്ടാക്കിയത് പോലീസായിരുന്നുവെന്ന് ഈ സമരത്തിന്റെ ദൃക്സാക്ഷിയെന്ന നിലയിൽ എനിക്ക് ഉറപ്പിച്ച് പറയാൻ സാധിക്കും. കേരളത്തിലെ പാവപ്പെട്ടവരും സാധാരണക്കാരുമായ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരാൻ വേണ്ടിയാണ് ഞങ്ങൾ സമരം നടത്തിയത്. ഈ സമരത്തെയാണ് എൽ.ഡി.എഫ്. സർക്കാർ ചോരയിൽ മുക്കിയതെന്ന് ഓർക്കുന്നത് നന്നായിരിക്കും. സമരത്തിന്റെ തീച്ചൂളയിൽനിന്ന് വന്നവരാണെന്നാണ് നിങ്ങൾ എപ്പോഴും അവകാശപ്പെടാറുള്ളത്. പോലീസ് മർദ്ദനത്തിന്റെയും വേട്ടയാടലുകളുടേയും കഥകൾ പറയാറുള്ളവരാണ് നിങ്ങൾ. ഇന്ന് കേരളം ഭരിക്കുന്നത് ഇടതുപക്ഷ സർക്കാരാണോയെന്നാണ് ഞങ്ങൾ ചോദിക്കാനാഗ്രഹിക്കുന്നത്. യൂത്ത് ലീഗിന്റെ സഹപ്രവർത്തകർക്കെതിരെ യാതൊരു

മനഃസാക്ഷിയുമില്ലാതെയാണ് അക്രമണം അഴിച്ചുവിട്ടത്. എന്ത് ക്രൂരമായാണ് സമരപോരാളികളെ തല്ലിച്ചതച്ചത്. സമരം സമാധാനപരമായി നിലനിർത്താൻ കഠിനാദ്ധ്വാനം ചെയ്ത യൂത്ത് ലീഗിന്റെ സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. പി. കെ. ഫിറോസ് ഇപ്പോഴും പൂജപ്പുര ജയിലിലാണ്. കൊട്ടുംകുറ്റവാളികളെ മേയാൻ വിടുന്ന പോലീസാണ് പ്രതിഷേധ പ്രകടനം നടത്തിയതിന്റെ പേരിൽ നാടുനീളെ യൂത്ത് ലീഗിന്റെ പ്രവർത്തകർക്കെതിരെ കേസ്സെടുക്കുന്നുവെന്നത് മര്യാദയില്ലാത്ത കാര്യമാണെന്ന് ബോധിപ്പിക്കാൻ ഞാൻ ശ്രമിക്കുകയാണ്. ബഹുമാന്യയായ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ മികച്ചൊരു ഭരണാധികാരി മാത്രമല്ല, മികച്ചൊരു അദ്ധ്യാപിക കൂടിയാണെന്ന് ബോദ്ധ്യപ്പെടുത്തുന്ന തരത്തിലാണ് ഇവിടെ സംസാരിച്ചിട്ടുള്ളത്. ഇടതുപക്ഷത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചാണ് ടീച്ചർ പറഞ്ഞത്. കേരളത്തിലെ ഇടതുപക്ഷം ഇപ്പോൾ ഇടതുപക്ഷം അല്ലാതായതാണ് കുഴപ്പം. നിങ്ങൾ കാപട്യം വെടിഞ്ഞ് യഥാർത്ഥ ഇടതുപക്ഷമാകണമെന്നതാണ് ഞങ്ങളുടെ ആവശ്യം. ന്യൂനപക്ഷ വകുപ്പിനെക്കുറിച്ചൊരു പരാമർശം പോലുമില്ലാതെയാണ് ഇന്നലെ കേന്ദ്ര ബഡ്ജറ്റ് പ്രഖ്യാപിച്ചത്. എന്നാൽ ഒന്നുംരണ്ടും പിണറായി വിജയൻ സർക്കാരുകൾ അധികാരത്തിൽ വന്നതിനുശേഷം, ന്യൂനപക്ഷ വകുപ്പിനോട് കാണിച്ച നിലപാടെന്താണെന്ന്

ശ്രീമതി ശൈലജ ടീച്ചർ പരിശോധിക്കണമെന്നാണ് പറയാനുള്ളത്. ഇടതുപക്ഷം വാചാലമായി ആർ.എസ്.എസ്.-നെതിരെ സംസാരിക്കുമ്പോൾ, ഈ നാട്ടിലെ ന്യൂനപക്ഷങ്ങൾക്കുവേണ്ടി നിലപാടെടുക്കുന്നവരാണെന്ന് പറയുമ്പോൾ വാക്കുകൾകൊണ്ടല്ല ഞങ്ങളെ തലോടേണ്ടതെന്നാണ് പറയാനുള്ളത്. ഈ നാട്ടിലെ യാഥാർത്ഥ്യങ്ങളുടെ അടിസ്ഥാനത്തിൽ നമുക്ക് സംസാരിക്കാൻ കഴിയണം. 2016-17-ൽ ഉമ്മൻചാണ്ടി സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിൽ 107 കോടി രൂപയായിരുന്നു ന്യൂനപക്ഷക്ഷേമത്തിനുവേണ്ടി മാറ്റിവച്ചിരുന്നത്. എന്നാൽ 2016-17-ൽ എൽ.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ അത് 64 കോടി രൂപയായി. 2017-18-ൽ അത് 99 കോടി രൂപയായി ഉയർന്നു. ഞങ്ങൾക്ക് ചെറിയൊരു പ്രതീക്ഷയുണ്ടായി. എന്നാൽ 2018-19-ൽ 78 കോടി രൂപയായും 2019-20-ൽ 48 കോടി രൂപയായും 2020-2021-ൽ 42 കോടി രൂപയായും കുറഞ്ഞു. ഇങ്ങനെ വെട്ടിച്ചുരുക്കി ആന മെലിഞ്ഞതുപോലെ മെലിഞ്ഞുമെലിഞ്ഞ് അവസാനം ഇപ്പോൾ 42 കോടി രൂപ മാത്രമാണ് ന്യൂനപക്ഷക്ഷേമത്തിനുവേണ്ടി മാറ്റിവച്ചിട്ടുള്ളത്. ഇതാണോ നിങ്ങൾ പറയുന്ന ആർ.എസ്.എസ്. വിരുദ്ധ സമീപനം; ഇതാണോ ന്യൂനപക്ഷങ്ങളോട് നിങ്ങൾ കാണിക്കുന്ന നീതി; തലോടലല്ല

ഞങ്ങൾക്കാവശ്യം, ന്യൂനപക്ഷങ്ങളുടെ മൗലികമായ ആവശ്യങ്ങളോട് സംസ്ഥാന സർക്കാർ എന്തുസമീപനമാണ് കൈക്കൊള്ളുന്നവെന്നതാണ് പ്രധാനം. മറ്റൊരു പ്രധാന കാര്യം, യു.ഡി.എഫ്. സർക്കാർ അധികാരത്തിലിരിക്കുമ്പോൾ വിധവകളായ ന്യൂനപക്ഷ സമൂഹത്തിലെ സ്ത്രീകൾക്ക് വീട് വയ്ക്കാൻ തുക വകയിരുത്തിയിരുന്നു. ആ സ്കീമുകളെല്ലാം എവിടെപ്പോയി. നാളെ ബഡ്ജറ്റ് അവതരിപ്പിക്കാൻ പോകുകയാണ്. ശ്രീ. പി. ബാലചന്ദ്രൻ പറഞ്ഞതിൽ വസ്തുതയുണ്ടെങ്കിൽ നാളത്തെ ബഡ്ജറ്റിൽ ന്യൂനപക്ഷക്ഷേമ വകുപ്പിനുവേണ്ടി മാറ്റിവച്ച തുകയെത്രയാണെന്ന് കാണാം. അതിനുശേഷം നമുക്ക് സംസാരിക്കാമെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. പാലോളി കമ്മിറ്റി നിർദ്ദേശത്തിൽ പൂർണ്ണമായും വെള്ളം ചേർത്ത് ആറ്റിലൊഴുക്കിയ സർക്കാരാണ് ഇപ്പോൾ ബി.ജെ.പി.യുടെ കാര്യം പറഞ്ഞ് പേടിപ്പിക്കാൻ നോക്കുന്നത്. എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കളെ, ഞാനൊരു കാര്യംകൂടി ബോദ്ധ്യപ്പെടുത്തുകയാണ്. കേരള സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പിനുകീഴിൽ ഉറുദു ഒന്നാം ഭാഷയായി പഠിക്കുന്ന കുട്ടികളിൽ ഫുൾ എ -പ്ലസ് നേടിയവർക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി കാണാനേയില്ല. ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള മദർ തെരേസ സ്കോളർഷിപ്പ്, ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്കുള്ള

സി.എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ്, ഫീ റീഇംബേഴ്സ്മെന്റ് സ്കീം, എ.പി.ജെ. അബ്ദുൾകലാം സ്കോളർഷിപ്പ് എന്നിവയുമില്ല. അപേക്ഷപോലും സമർപ്പിക്കപ്പെട്ടിട്ടില്ല. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് ആൻഡ് വർക്ക് അക്കൗണ്ടന്റ്സ്, ചാർട്ടേർഡ് അക്കൗണ്ടൻസി, കമ്പനി സെക്രട്ടറിഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയും ഈ സർക്കാർ ഇല്ലാതാക്കിയിരിക്കുന്നു. പ്ലസ്-ടു, വി.എച്ച്.എസ്.സി. തലങ്ങളിൽ പഠിച്ച് എല്ലാ വിഷയങ്ങളിലും എ-പ്ലസ് നേടുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുണ്ടായിരുന്നു. അതെല്ലാം മുക്കിയ സർക്കാർ വൈകാരികത മാത്രമുണർത്തി ആർ.എസ്.എസ്.-നെതിരെ സംസാരിക്കുന്നത് കാപട്യമാണെന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. നിങ്ങൾ മൗലികമായ വിഷയത്തിലേയ്ക്ക് വരണം. ബഹുമാന്യനായ തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിയുടെ പ്രസംഗത്തിന് ഞങ്ങളുടെ പ്രിയങ്കരനായ നേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി മറുപടി പറഞ്ഞിട്ടുണ്ട്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. പക്ഷേ, ബഹുമാന്യനായ മന്ത്രി തിരിച്ചറിയേണ്ടൊരു വസ്തുതയുണ്ട്; സത്യം കാണുമ്പോഴുള്ള അമ്പരപ്പാണിത്. ഒരു പ്രത്യേക പാർട്ടിയിലെ പ്രതികൾ തുടരെത്തുടരെ അറസ്റ്റിലാകുമ്പോൾ നിങ്ങൾ

അനുഭവിക്കുന്ന ജാള്യത തിരിച്ചറിയാൻ ഞങ്ങൾക്കാകും. അതിൽ അനാവശ്യമായി കേരളം ആദരിക്കുന്നൊരു വ്യക്തിയെ വലിച്ചിഴച്ച് നിങ്ങളുടെ മുഖം രക്ഷിക്കാൻ ശ്രമിക്കരുതെന്ന് മാത്രമാണ് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിയോട് പറയാനുള്ളത്.

മി. ചെയർമാൻ: പ്ലീസ്.... കൺക്ലൂഡ്....

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. മയക്കുമരുന്നിനെതിരെ നമ്മൾ ഒരുമിച്ചുതന്നെയാണ് പോരാടുന്നത്. അതിൽ ജീവൻകൊടുത്ത് കൂടെനിൽക്കാൻ ഞങ്ങൾ സർക്കാരിന്റെ കൂടെയുണ്ടാകും. ക്യാമ്പസുകളിലെ ക്യാരിയർമാരാരാണെന്ന് അന്വേഷിക്കാൻ എസ്.എഫ്.ഐ.-യുടെ നേതാക്കന്മാർകൂടി ശ്രദ്ധിക്കണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ നയപ്രഖ്യാപനം തീർച്ചയായും ജനവിരുദ്ധമാണ്, ജനപക്ഷത്തുനിന്ന് ഒരു വാക്കുപോലും ഉരിയാടാത്ത നയപ്രഖ്യാപനമാണെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. ഗവൺമെന്റിന്റെ നയങ്ങളും നിലപാടുകളും പ്രതിഫലിപ്പിച്ച ഒരു നയപ്രഖ്യാപന പ്രസംഗമാണ് ഗവർണർ അവതരിപ്പിച്ചത്. ഈ

ഗവൺമെന്റിന്റെ നയവും കേന്ദ്രവിരുദ്ധ സമീപനങ്ങൾ സംബന്ധിച്ചുള്ള പ്രതിഷേധവും എതിർപ്പുമെല്ലാം ശക്തമായി വള്ളിക്കും പുള്ളിക്കും മാറ്റമില്ലാതെ അവതരിപ്പിക്കാൻ കഴിഞ്ഞ ഒരു ഗവൺമെന്റിന്റെ ആർജ്ജവത്വത്തിന്റെകൂടി പ്രതിഫലനമാണ് നയപ്രഖ്യാപന പ്രസംഗമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. എനിക്ക് തൊട്ടുമുമ്പ് സംസാരിച്ച ശ്രീ. നജീബ് കാന്തപുരം ന്യൂനപക്ഷക്ഷേമത്തെക്കുറിച്ചും ന്യൂനപക്ഷ സ്നേഹത്തെക്കുറിച്ചും വാചാലമായി സംസാരിച്ചു. പക്ഷേ, കേന്ദ്ര ഗവൺമെന്റ് ന്യൂനപക്ഷങ്ങൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് വെട്ടിക്കുറച്ചതടക്കം ഇന്നലത്തെ കേന്ദ്ര ബഡ്ജറ്റിൽ ന്യൂനപക്ഷക്ഷേമത്തിനുവേണ്ടി വകയിരുത്തിയ തുക പരിമിതപ്പെടുത്തിയത് സംബന്ധിച്ച് അദ്ദേഹത്തിന്റെ ഭാഗത്തുനിന്ന് ഒരു പരാമർശവുമുണ്ടാകാതിരുന്നത് അവരുടെ സമീപനത്തിന്റെ പ്രതിഫലനമാണ്. ഇന്ത്യയിൽ കോൺഗ്രസ് ഭരിക്കുന്ന ഛത്തീസ്ഗഢിൽ ക്രൈസ്തവ ന്യൂനപക്ഷങ്ങൾക്കുനേരെ സംഘ്പരിവാറിന്റെ ക്രൂരമായ ആക്രമണങ്ങൾ നടക്കുമ്പോൾ അതിനെതിരെ ചെറുവിരൽ അനക്കാത്ത കോൺഗ്രസ്സ് സർക്കാരിനെതിരെയുള്ള പ്രതിഷേധവും അദ്ദേഹത്തിന്റെ വാക്കുകളിൽ നിഴലിച്ചില്ല. ന്യൂനപക്ഷ സ്നേഹത്തിന്റെ പൊള്ളത്തരമാണ് അത് തുറന്നുകാണിക്കുന്നത്. സംസ്ഥാനത്ത്

നിലവിലുള്ള സ്കോളർഷിപ്പുകളെയും ഇല്ലെന്ന് ചിത്രീകരിച്ച് സഭയെ തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. സാമ്പത്തിക പ്രയാസങ്ങളും കേന്ദ്ര ഗവൺമെന്റിന്റെ ചിറ്റമ്മ നയവുമെല്ലാം നിലനിൽക്കുമ്പോഴും ഒട്ടേറെ ക്ഷേമവികസന പ്രവർത്തനങ്ങളുമായി സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. സംരംഭങ്ങൾ ഒരു ലക്ഷം അധികരിച്ചുകഴിഞ്ഞിരിക്കുകയാണ്. മെഡിസെപ്, കെ-ഫോൺ, കേരള നോളഡ്ജ് ഇക്കോണമി മിഷൻ, ജൽജീവൻ മിഷൻ, കേരള റബ്ബർ ലിമിറ്റഡ്, കെ-സ്റ്റോർ, പട്ടയ മിഷൻ, കേരള അഗ്രി ബിസിനസ്സ് കമ്പനി, വിമുക്തി, യോദ്ധാവ് എന്നിവയെല്ലാമടക്കം എത്രയോ നവീന പദ്ധതികൾ ഈ ഗവൺമെന്റ് കൊണ്ടുവരുന്നു. അറുപത് ലക്ഷത്തിലധികം ആളുകൾക്ക് സാമൂഹിക സുരക്ഷിതത്വ പെൻഷൻ നല്കി സംസ്ഥാന സർക്കാർ മുന്നോട്ടുപോകുകയാണ്. ഈ നയപ്രഖ്യാപനത്തിലും എത്രയോ ശ്രദ്ധേയമായ പ്രഖ്യാപനങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. സംസ്ഥാനത്ത് ശബരി റെയിൽ ലൈനിന്റെ 50% ചെലവ് സംസ്ഥാനം വഹിക്കുമെന്നതടക്കമുള്ള തീരുമാനങ്ങൾ നയപ്രഖ്യാപനത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ് ബഫർസോൺ. പ്രസ്തുത വിഷയത്തിൽ ജനവാസ മേഖലകളെ ഒഴിവാക്കണമെന്ന നിലപാടുമായി സംസ്ഥാന സർക്കാർ

മുന്നോട്ടുപോകുമ്പോൾ, അതുമായി ബന്ധപ്പെട്ട് 03-06-2022-ൽ സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായത്തിലെ ഒരു കാര്യം ഞാനിവിടെ ഉദ്ധരിക്കാൻ ആഗ്രഹിക്കുന്നു. 44-ാം ഖണ്ഡികയിലെ 'a' മുതൽ 'q' വരെയുള്ള ഉപഖണ്ഡികകൾ പ്രധാനമായ വിലയിരുത്തലുകളും നിർദ്ദേശങ്ങളും നല്കിയിരിക്കുന്നു. അതിലെ ആദ്യ വാചകം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. " We accordingly direct:- (a) Each protected forest, that is national park or wildlife sanctuary must have an ESZ of minimum one kilometre measured from the demarcated boundary of such protected forest in which the activities proscribed and prescribed in the Guidelines of 9th February 2011 shall be strictly adhered to". 2011 ഫെബ്രുവരി 9-ാം തീയതിയിലെ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചത് അന്നത്തെ യു.പി.എ. സർക്കാരിലെ പരിസ്ഥിതി വകുപ്പുമന്ത്രി ശ്രീ. ജയറാം രമേശാണ്. പ്രസ്തുത ബഫർസോൺ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് സുപ്രീംകോടതി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. എന്നിട്ടും നാട്ടിലാകെ നുണപ്രചരണങ്ങൾ നടത്തുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ എരുമേലി പഞ്ചായത്തിലെ എയ്ഞ്ചൽ വാലി, പമ്പാവാലി എന്നീ രണ്ട് പഞ്ചായത്ത് വാർഡുകളെ പെരിയാർ ടൈഗർ റിസർവിന്റെ ഭാഗമായി വനമേഖലയായി ചിത്രീകരിച്ചു. 19-01-2023-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന വൈൽഡ് ലൈഫ് ബോർഡ് അത് തിരുത്താൻ തീരുമാനമെടുത്തു. എന്നാൽ സംസ്ഥാന സർക്കാർ ജനങ്ങളെ കുടിയിറക്കാൻ ശ്രമിക്കുന്നുവെന്ന തെറ്റായ പ്രചരണം നടത്തി ജനങ്ങളിൽ ആശങ്ക സൃഷ്ടിക്കുകയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചെയ്തത്. കോൺഗ്രസ്സ് വരുത്തിവച്ച പ്രധാനപ്പെട്ട ഒരു ജനവിരുദ്ധ നയത്തെ പിണറായി സർക്കാരിനെതിരായി വഴിതിരിച്ചുവിടാനുള്ള ശ്രമം നടത്തുകയാണ്. വന്യജീവി ആക്രമണം തടയുന്നതിന് 1972-ലെ വൈൽഡ് ലൈഫ് (പ്രൊട്ടക്ഷൻ) ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. കൂടാതെ വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്ന് രക്ഷപ്പെടുത്തുന്നതിനുവേണ്ടിയുള്ള ശക്തമായ നയങ്ങളും നിലപാടുകളും ഉണ്ടാകണം. ആവശ്യമെങ്കിൽ നിയന്ത്രിത വന്യമൃഗവേട്ട അനുവദിച്ച് culling സംവിധാനവും വനമേഖലയ്ക്ക് പുറത്തേയ്ക്കെത്തിയാൽ shoot at sight തുടങ്ങിയ നിയന്ത്രണങ്ങളും ഏർപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

വയനാട്ടിൽ അധികമായി വരുന്ന കടുവകളെ പെരിയാർ ടൈഗർ റിസർവിലടക്കം പുനരധിവസിപ്പിക്കുമെന്ന് ഇന്നലെ അടിയന്തരപ്രമേയത്തിനുള്ള മറുപടിയിൽ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ

സൂചിപ്പിച്ചു. അവിടെ കടുവകളുടെ എണ്ണം വർദ്ധിച്ചിരിക്കുന്നത് വലിയ ഭീഷണയാണ്. ഇനിയും പെരിയാർ റിസർവിലേയ്ക്ക് കടുവകളെ എത്തിക്കരുതെന്ന് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മി. ചെയർമാൻ: പ്ലീസ്..അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ബഹുമാനപ്പെട്ട കടുത്തുരുത്തി എം.എൽ.എ. ശ്രീ. മോൻസ് ജോസഫ്, മാണി സാറിനുവേണ്ടി ഇന്നലെ മുതലക്കണ്ണീർ പൊഴിക്കുകയുണ്ടായി. അദ്ദേഹത്തിനുവേണ്ടി നിലപാടെടുത്തിട്ടുള്ളത് ശ്രീ. ജോസ് കെ. മാണിയുടെ നേതൃത്വത്തിലുള്ള കേരള കോൺഗ്രസ്സാണെന്നും കൂടെനിന്ന് കുതികാൽ വെട്ടി ചതിച്ച ആളുകളുടെ അടുത്തുനിന്നാണ് അദ്ദേഹം പുറത്തേയ്ക്ക് വന്നതെന്നും സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. വ്യക്തമായ നയങ്ങളും പ്രഖ്യാപനങ്ങളുമില്ലാത്ത നയപ്രഖ്യാപനമാണിത്. ജനങ്ങളുടെ ആശങ്ക വർദ്ധിപ്പിക്കുന്ന തരത്തിലുള്ള ഒട്ടനവധി നിർദ്ദേശങ്ങളാണ് ഇതിലുള്ളത്. സർക്കാരിന്റെ നിരവധി നയവൈകല്യങ്ങൾ ഈ നയപ്രഖ്യാപനത്തിൽ ചൂണ്ടിക്കാണിക്കാൻ കഴിയും. ഗവൺമെന്റ് ജനങ്ങൾക്കുനേരെ വീണ്ടുമൊരു യുദ്ധകാഹളം മുഴക്കുന്ന നിലയാണ്

നയപ്രഖ്യാപനത്തിലെ 32-ാം പേജിൽ കാണാൻ കഴിയുന്നത്. സമീപകാലത്ത് കേരളത്തിൽ ഏറ്റവുമധികം പ്രതിഷേധമുണ്ടായ സമരം സിൽവർലൈനുമായി ബന്ധപ്പെട്ടതാണ്. സിൽവർലൈൻ പദ്ധതി നടപ്പിലാക്കുമെന്ന് നയപ്രഖ്യാപനത്തിൽ ഗവർണറെക്കൊണ്ട് വായിപ്പിക്കുകയാണ് ചെയ്തത്. ജനങ്ങളെ വീണ്ടും വെല്ലുവിളിച്ചുകൊണ്ട് ജനങ്ങളുടെ വികാരമെന്താണെന്ന് പോലും മനസ്സിലാക്കാൻ കഴിയാത്തതിന്റെ ഏറ്റവും വലിയ ഉദാഹരണങ്ങളിലൊന്നാണിത്. ഈ പദ്ധതി നടപ്പിലാക്കാൻ കഴിയില്ലെന്ന് സർക്കാരിന് വളരെ വ്യക്തമായി അറിയാം. കേന്ദ്രാനുമതിയുടെ അടിസ്ഥാനത്തിൽ മുന്നോട്ടുപോകുമെന്നാണ് നയപ്രഖ്യാപനത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. സിൽവർ ലൈൻ പദ്ധതിക്ക് ഒരു കാലഘട്ടത്തിലും കേന്ദ്രം അനുമതി നൽകില്ല. ഈ പദ്ധതിക്ക് ബദലായുള്ളവ സംബന്ധിച്ച് നിരവധി തവണ ചർച്ച ചെയ്തിട്ടുണ്ട്. പക്ഷെ അതൊന്നും കാണാതെ ഇത് നടപ്പിലാക്കുമെന്ന രീതിയിലുള്ള പ്രഖ്യാപനം ജനങ്ങളുടെ ആശങ്ക വർദ്ധിപ്പിച്ചിരിക്കുകയാണ്. ഈ പദ്ധതിക്കുവേണ്ടി 1229 ഹെക്ടർ ഭൂപ്രദേശം ഏറ്റെടുക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുകയാണ്. ആ പ്രദേശങ്ങളിൽ യാതൊരു തരത്തിലുള്ള ക്രയവിക്രയങ്ങളും നടക്കുന്നില്ലെന്ന് മാത്രമല്ല ഇതിൽ ഉൾപ്പെട്ടവർക്ക് ബാങ്ക് വായ്പ പോലും ലഭിക്കാത്ത സ്ഥിതിയാണ്.

താല്കാലികമായി പദ്ധതി മാറ്റിവച്ചെന്ന് പറയുന്നുണ്ടെങ്കിലും നയപ്രഖ്യാപനത്തിൽ ഇക്കാര്യം ആവർത്തിച്ച് പ്രഖ്യാപിക്കുമ്പോൾ ആ ഭൂപ്രദേശത്തുള്ള ജനവിഭാഗങ്ങളുടെ ജീവിതം കൂടുതൽ ദുസ്സഹമാകുകയും അവർക്കുണ്ടാകുന്ന സാമൂഹിക പ്രതിസന്ധികൾ വർദ്ധിതമായി നിലകൊള്ളുകയുമാണ് ചെയ്യുന്നത്. വ്യക്തമായ മൈൻഡ് ആപ്ലിക്കേഷൻ നടത്താതെയാണ് ഈ പ്രഖ്യാപനങ്ങൾ നടത്തുന്നത്.

കാർഷിക മേഖലയെ സംരക്ഷിക്കുന്ന എന്തെങ്കിലും സമീപനം ഈ നയപ്രഖ്യാപനത്തിൽ ഉണ്ടായിട്ടുണ്ടോയെന്ന് ചിന്തിക്കണം. വന്യമൃഗങ്ങളെ എങ്ങനെ കൈകാര്യം ചെയ്യുമെന്നത് സംബന്ധിച്ച് സൂചിപ്പിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. പ്രസംഗം അവസാനിപ്പിച്ചത്. വയനാട്ടിലുള്ള കടുവകളെ മറ്റുസ്ഥലങ്ങളിലേയ്ക്ക് കൊണ്ടുപോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വന്യമൃഗങ്ങളുടെ എണ്ണം വർദ്ധിക്കുന്നതടക്കമുള്ള കാര്യങ്ങളിൽ ശാസ്ത്രീയമായ ഇടപെടലോ പഠനമോ നടത്താൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. മനുഷ്യ-മൃഗ സംഘർഷം കഴിഞ്ഞ കാലങ്ങളേക്കാൾ വർദ്ധിച്ചുവരുന്നു. ഇതുകാരണം ധാരാളം വിലപ്പെട്ട ജീവനുകളാണ് നഷ്ടപ്പെടുന്നത്. കാർഷിക മേഖലയിൽ, പ്രത്യേകിച്ച് മലയോര മേഖലകളിൽ കാർഷികോല്പന്നങ്ങൾക്കുണ്ടാകുന്ന തകർച്ച, വന്യമൃഗങ്ങളുടെ

ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ എണ്ണം എന്നിവ വർദ്ധിച്ചുവരുന്നു. കാർഷികോല്പന്നങ്ങളുടെ വിലയിടിവ് പിടിച്ചുനിർത്താൻ കഴിയുന്ന തരത്തിലുള്ള ഇടപെടൽ നടത്താൻ സർക്കാരിന് കഴിയുമോ? നെല്ല് സംഭരണവുമായി ബന്ധപ്പെട്ടാണ് ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുന്നത്. കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന നെല്ലിന്റെ 90% സംഭരിക്കുന്നത് സിവിൽ സപ്ലൈസ് കോർപ്പറേഷനാണ്. സംഭരിക്കുന്ന നെല്ലിന്റെ വില ഒരാഴ്ചയ്ക്കുള്ളിൽ നല്കുമെന്ന് പ്രഖ്യാപിച്ചത് ഒന്നാം പിണറായി സർക്കാരാണ്. നിലവിലെ സർക്കാർ അത് ആവർത്തിക്കുകയും ചെയ്തു. മാസങ്ങൾ പിന്നിട്ടാലും സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് യഥാസമയം ലഭിക്കാത്ത സാഹചര്യമാണുള്ളത്. ഇടനിലക്കാരുടെ ചൂഷണത്തിൽനിന്ന് അവരെ സംരക്ഷിക്കാൻ വേണ്ടിയാണ് ഈ പദ്ധതി ആവിഷ്കരിച്ചതെങ്കിലും ഇന്ന് അവർ ചൂഷണത്തിന് വിധേയരായിക്കൊണ്ടിരിക്കുകയാണ്. ഒട്ടനവധി ആക്ഷേപങ്ങൾ ഇക്കാര്യത്തിൽ ഉയർന്നുവരുന്നു. ഇക്കാര്യം സംബന്ധിച്ച് അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകണമെന്നാണ് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നത്.

നയപ്രഖ്യാപനത്തിലെ ഖണ്ഡിക 7-ൽ സർക്കാരിന്റെ പുതിയ വ്യവസായ നയത്തിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച സംരംഭങ്ങളെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടതിനെയും സംബന്ധിച്ച്

സൂചിപ്പിക്കുകയുണ്ടായി. കൂടുതൽ തൊഴിൽസംരംഭങ്ങളും അവസരങ്ങളും നിക്ഷേപങ്ങളുമെല്ലാം സ്വാഗതാർഹമാണ്. 2019-ൽ സർക്കാർ കൊണ്ടുവന്ന കേരള സൂക്ഷ്മ-ചെറുകിട-ഇടത്തര വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ടിൽ റെഡ് കാറ്റഗറി ഒഴിച്ചുള്ള ഏത് സ്ഥാപനത്തിനും സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിക്കാനുള്ള അനുമതിയുണ്ട്. റെഡ് കാറ്റഗറി കഴിഞ്ഞുവരുന്ന ഓറഞ്ച് കാറ്റഗറിയിലുള്ള ഏത് വ്യവസായ സ്ഥാപനങ്ങൾക്കും എവിടെയും കടന്നുവരാൻ കഴിയും. മനുഷ്യജീവനും ആരോഗ്യത്തിനും ഹാനികരമാകുന്ന ഒരുപാട് വ്യവസായ സംരംഭങ്ങൾ ഓറഞ്ച് കാറ്റഗറിയിൽ ഉൾപ്പെടുന്നുണ്ട്. സർക്കാരിന്റെ നയവൈകല്യങ്ങളിലെ ശ്രദ്ധക്കുറവിന് ഏറ്റവും വലിയ ഉദാഹരണമായി 2019-ലെ ആക്ടിനെ ചൂണ്ടിക്കാണിക്കാൻ കഴിയും. നിയമസഭയിൽ ബിൽ അവതരിപ്പിച്ച ഘട്ടത്തിൽ ഈ ന്യൂനതകൾ ചൂണ്ടിക്കാണിച്ചതാണ്. ഇന്നും കേരളത്തിന്റെ പല ഭാഗങ്ങളിലും മനുഷ്യജീവനും ആരോഗ്യത്തിനും ഹാനികരമാകുന്ന ഒട്ടനവധി വ്യവസായങ്ങൾ പുരോഗമിക്കുന്നു. ടാർ മിക്സിംഗ് പ്ലാന്റുകൾ, പ്ലൈവുഡ് പ്ലാന്റുകൾ തുടങ്ങിയവയെല്ലാം ഓറഞ്ച് കാറ്റഗറിയിലാണ് ഉൾപ്പെടുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ ഇതുമായി ബന്ധപ്പെട്ട് പ്രശ്നങ്ങളുണ്ടായതുകൊണ്ടാണ് എടുത്തുപറയുന്നത്. ആക്ടിന്റെ പിൻബലത്തിൽ ഓറഞ്ച് കാറ്റഗറിയിൽ ഉൾപ്പെട്ട

സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതി നല്കുന്ന നിലപാടാണ് സ്വീകരിച്ചത്. ഇതുമായി ബന്ധപ്പെട്ട ശാസ്ത്രീയ പഠനങ്ങൾ നടക്കുന്നില്ല.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്...

ശ്രീ. അനൂപ് ജേക്കബ്: സർ, സർക്കാരിന്റെ വിവിധ സമീപനങ്ങളിൽ നയപരമായ പാളിച്ചകളും വീഴ്ചകളും ദർശിക്കാൻ കഴിയുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം നിർത്തുന്നു.

ശ്രീ. മുരളി പെരുനെല്ലി: സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തികൊണ്ട് ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ആധുനിക വികസിത കേരളത്തിന്റെ നിർമ്മിതിക്കുവേണ്ടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ നേതൃത്വം നൽകുന്ന എൽ.ഡി.എഫ്. സർക്കാർ പ്രവർത്തിച്ചുവരുന്നത്. മുൻ സർക്കാരുകളിൽനിന്ന് വ്യത്യസ്തമായി കേരളം സവിശേഷമായ സാമ്പത്തിക വളർച്ചയുമായി മുന്നോട്ടുപോകുകയാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിൽ സംസ്ഥാനങ്ങൾക്കിടയിൽ കേരളത്തിന് സ്ഥിരമായി മുൻനിര റാങ്ക് നീതി ആയോഗ് നൽകി വരുന്നതുകൊണ്ടുതന്നെ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്.

ജനങ്ങളെ സംരക്ഷിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന പ്രസ്ഥാനവും സർക്കാരുമുള്ള രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളമെന്ന് പറഞ്ഞത് കേരളത്തിന്റെ പ്രിയപ്പെട്ട കവി ശ്രീ. ബാലചന്ദ്രൻ ചുള്ളിക്കാടാണ്. വൈകാരികമായ സ്നേഹം മാത്രമല്ല, എല്ലാവരെയും ഒന്നിപ്പിക്കുന്ന സംസ്കാരംകൂടി പകരാൻ കേരളത്തിന് കഴിയുമെന്നുള്ളത് അദ്ദേഹത്തിന്റെ വാക്കുകളാണ്. ഇന്ത്യയെ മതരാഷ്ട്രമാക്കാനുള്ള കഠിന പരിശ്രമം നടന്നുവരികയാണ്. മതനിരപേക്ഷതയുടെ അടിത്തറ തകർക്കുകയാണ്. മതത്തിന്റെയും ജാതിയുടെയും പേരിലുള്ള വിഭാഗീയത ജനങ്ങളിൽ വലിയ ഉത്കണ്ഠയും ആശങ്കയും സൃഷ്ടിക്കുകയാണ്. രാഷ്ട്രീയ അധികാരം വലിയ പ്രലോഭനമാണ്. ജാതിയുടെയും മതത്തിന്റെയും പേരിൽ ജനങ്ങളെ ഭിന്നിപ്പിച്ചാൽ അധികാരം പിടിച്ചെടുക്കാൻ കഴിയുമെന്ന സ്ഥിതി വന്നിരിക്കുന്നത് അപകടകരമാണെന്നും അദ്ദേഹം പറയുകയാണ്. കേന്ദ്ര സർക്കാരും ബി.ജെ.പി.-യും അപകടകരമായ വഴിയിലൂടെ സഞ്ചരിക്കുമ്പോൾ, അതിനുമുമ്പിൽ നെഞ്ചുവിരിച്ച് നാടിന് മാതൃകയായി സഖാവ് പിണറായി വിജയൻ നേതൃത്വം നൽകുന്ന കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരാണ് ഇന്ത്യാ മഹാരാജ്യത്ത് വേറിട്ട് നിൽക്കുന്നതെന്നുള്ള കാര്യം പ്രതിപക്ഷവും മുസ്ലീംലീഗും

മറന്നുപോകുകയാണ്. വർഗ്ഗീയതയ്ക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് എൽ.ഡി.എഫ്.-ഉം ഈ സർക്കാരും സ്വീകരിക്കുന്നത്. മതനിരപേക്ഷ കേരളത്തിൽ മോദിയെക്കാൾ മോശം ഭരണമാണ് സഖാവ് പിണറായി വിജയന്റെ ഭരണമെന്ന് പറഞ്ഞ് ശ്രീ. നരേന്ദ്ര മോദിയെയും ആർ.എസ്.എസ്./ബി.ജെ.പി. സംഘ്പരിവാറിനെയും പരോക്ഷമായി ന്യായീകരിക്കുന്നത് സാംസ്കാരിക കേരളത്തിന് അപമാനകരമാണ്.

"അരിമണിയൊന്നു കൊറിക്കാനില്ല
തരിവളയിട്ടു കിലുക്കാൻ മോഹം
കുണ്ടുകിണറ്റിൽ തവളക്കുഞ്ഞിന്
കുന്നിനുമീതെ പറക്കാൻ മോഹം"

എന്ന് പാടി ഇടതുപക്ഷ ജനാധിപത്യമുന്നണിയെ കുഴിയിലാക്കിയ മുസ്ലീംലീഗിപ്പോൾ എവിടെയാണ് നിൽക്കുന്നത്? വർഗ്ഗീയതയുടെയും തീവ്രവാദത്തിന്റെയും മൃദുഹിന്ദുത്വവാദികളുടെ നാറുന്ന ചെളിക്കുണ്ടിലാണ് നിങ്ങൾ നിൽക്കുന്നത്. ഞങ്ങൾ ജനമനസ്സുകളുടെ കുന്നിൻ മുകളിലാണ് നിലയുറപ്പിച്ചിട്ടുള്ളത്. നാളെ നമ്മൾ കുന്നും കടന്ന് മല മുകളിലെത്തുമ്പോൾ നിങ്ങളുടെ അവസ്ഥയെ ഓർത്ത് കേരളം ചിരിച്ചുപോകും.

ഭാരത് ജോഡോ യാത്രയിൽനിന്ന് ശ്രീ. രാഹുൽ ഗാന്ധി ഒരുപാട് കാര്യങ്ങൾ പഠിച്ചുവെന്നാണ് പത്രവാർത്തകളിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്. ആ ജോഡോ യാത്രയെ സി.പി.ഐ.(എം)-ഉം നേതാക്കന്മാരും പരിഹസിച്ചുകൊണ്ടാണ് പ്രസംഗിച്ചതെന്ന് ശ്രീ. ടി. സിദ്ദിഖ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഭാരത് ജോഡോ യാത്രയിൽ കേരളം കണ്ട കാഴ്ചയെന്താണ്? രാജ്യം ഗൗരവതരമായ സാഹചര്യങ്ങളെ നേരിടുമ്പോൾ അതിനെതിരെ മതേതരവാദികൾ ഒന്നിക്കേണ്ടതിന്റെ ആവശ്യകത ശ്രീ. ബാലചന്ദ്രൻ ചുള്ളിക്കാട് ഉൾപ്പെടെയുള്ള മഹാകവികൾ പറയുമ്പോൾ, കേരളത്തിൽ ഇടതുപക്ഷ സർക്കാരിനെയാണ് ആ യാത്രയിലുടനീളം എതിർത്ത് ശ്രീ. രാഹുൽ ഗാന്ധി മുന്നോട്ടുപോയിരുന്നത്. കേരളം വഴി പോകുമ്പോൾ മുഖ്യശത്രു ശ്രീ. പിണറായി വിജയനും എൽ.ഡി.എഫ്. സർക്കാരുമായി മാറുന്ന കാഴ്ച നമ്മൾ കാണുകയാണ്. ശ്രീ. നരേന്ദ്ര മോദിയുടെ ആർ.എസ്.എസ്. വർഗ്ഗീയതയോട് ആ യാത്രയിൽ ഒരു എതിർപ്പും എവിടെയും കാണുകയുണ്ടായില്ല. കാതങ്ങൾ കുറെ താണ്ടിയപ്പോൾ ഈ നിലപാടിൽ ചെറിയൊരു മാറ്റം വന്നുവെന്നാണ് മനസ്സിലാക്കുന്നത്. വർഗ്ഗീയത നാടിന് ആപത്താണെന്നുള്ള കാര്യം കുറെ പഠിച്ചുവെന്ന് പറയുന്ന ശ്രീ. രാഹുൽ ഗാന്ധി ഭാരത് ജോഡോ യാത്രയിലൂടെ

പഠിച്ചോയെന്നാണ് ഞങ്ങൾക്ക് അറിയേണ്ടത്. എങ്കിൽ കെ.പി.സി.സി.-ക്കും കേരളത്തിലെ കോൺഗ്രസ്സിനുമാണ് ഈ പാഠം ആദ്യം പഠിപ്പിച്ചുകൊടുക്കേണ്ടത്. ആർ.എസ്.എസ്. ശാഖയ്ക്ക് സംരക്ഷണം കൊടുത്തുവെന്നും വേണ്ടിവന്നാൽ ബി.ജെ.പി.-യിൽ പോകുമെന്നും പറഞ്ഞ കെ.പി.സി.സി. അദ്ധ്യക്ഷനെ ആദ്യം പഠിപ്പിച്ച് നേരെയാക്കിയാൽ ഒരുപക്ഷേ കേരളത്തിലെ കോൺഗ്രസ്സ് രക്ഷപ്പെടുമെന്നാണ് മനസ്സിലാക്കുന്നത്. രാജ്യതാല്പര്യം മുൻനിർത്തി നിലപാടുകളെടുക്കാൻ കേരളത്തിലെ കോൺഗ്രസ്സിനാകില്ലെന്നുള്ള കാര്യം മുൻകാല ചരിത്രം പരിശോധിച്ചാൽ മനസ്സിലാകും. ആ കുഴിയിലാണ് മുസ്ലീംലീഗ് കിടക്കുന്നുവെന്നുള്ളത് നമുക്ക് കാണാം. 2021-ലെ തെരഞ്ഞെടുപ്പിൽ കുന്നിൻ മുകളിൽ പറക്കാൻ നിങ്ങൾ മോഹിച്ചു. പക്ഷേ കേരളത്തിലെ മതനിരപേക്ഷ ജനാധിപത്യ മനസ്സ് നിങ്ങളുടെ ചിറകരിഞ്ഞ് കുഴിയിൽ വീഴ്ത്തി. ഇനി ആ കുഴിയിൽനിന്ന് ഉയിർത്തെഴുന്നേല്ക്കാൻ കഴിയില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. എൽ.ഡി.എഫ്. 2016-ലെ തെരഞ്ഞെടുപ്പിൽ 91-ൽനിന്നും 2021-ലെ തെരഞ്ഞെടുപ്പിൽ 99-ലേയ്ക്കെത്തി, പ്രതിപക്ഷം 49-ൽനിന്നും 41-ലെത്തിയ കുഴിയിലാണ് കിടക്കുന്നതെന്ന് കാണേണ്ടതുണ്ട്. ഇന്ത്യയെ 200 വർഷം പിന്നിലാക്കാൻ ആർ.എസ്.എസ്. പരിശ്രമിക്കുന്നുവെന്ന് പറഞ്ഞത്

ജവഹർലാൽ നെഹ്റുവാണ്. അദ്ദേഹം ആ പ്രസ്താവന നടത്തിയപ്പോൾ, ഇന്ത്യയെ 2000 വർഷം പിന്നിലാക്കാൻ ശ്രമിക്കുന്നുവെന്ന് പറഞ്ഞത് ആർ.എസ്.എസ്. മേധാവി ഗോൾവാൾക്കറാണ്. ആ ശക്തികൾക്ക് നേതൃത്വം നൽകുന്ന മോദി ഭരണം കേരളത്തിലെ വികസന പദ്ധതികൾക്ക് അനുമതി നൽകാതിരിക്കുകയോ വൈകിപ്പിക്കുകയോ ചെയ്യുകയാണ്. കേന്ദ്ര അന്വേഷണ ഏജൻസികളെ ദുരുപയോഗം ചെയ്ത് സംസ്ഥാന സർക്കാരിനെ അട്ടിമറിക്കാനാണ് അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. നിയമാനുസൃതം നൽകേണ്ട നികുതി വിഹിതം വെട്ടിക്കുറച്ചുകൊണ്ടുവരികയാണ്. സംസ്ഥാനത്തിന്റെ അധികാരങ്ങൾ ഭരണഘടനാ വിരുദ്ധമായി കവർന്നെടുത്തുകൊണ്ടിരിക്കുകയാണ്. ഈ സമയത്തെല്ലാം കോൺഗ്രസ്സ്/മുസ്ലീംലീഗിന്റെ 18 എം.പി.-മാർ കേരളത്തിനുവേണ്ടി ഒരക്ഷരം ശബ്ദിച്ചോ; എന്നിട്ടാണ് മോദിവിരുദ്ധ പരാമർശം ഇടതുപക്ഷം നടത്തില്ലെന്നുള്ള കള്ള പ്രചാരവേല ഇവർ സംഘടിപ്പിക്കുന്നത്. കേന്ദ്ര ബഡ്ജറ്റിൽ കേരളത്തെ തഴയുന്നതായാണ് കാണുന്നത്. സംസ്ഥാനം മുന്നോട്ടുവച്ച ഒരാവശ്യവും പരിഗണിച്ചിട്ടില്ല. തെരഞ്ഞെടുപ്പ് ബഡ്ജറ്റായിരുന്നതിനാൽ ഒരുപാട് ആനുകൂല്യങ്ങളുണ്ടാകുമെന്നാണ് പല കോണുകളിൽനിന്ന് പറഞ്ഞതെങ്കിലും എല്ലാവർക്കും നിരാശയുണ്ടാക്കുന്ന

ബഡ്ജറ്റാണ് അവതരിപ്പിച്ചത്. കടമെടുപ്പ് പരിധിയുയർത്തൽ, വിഹിതം വർദ്ധിപ്പിക്കൽ, സിൽവർലൈൻ, എയിംസ്, ശബരിപാത, വിവിധ റെയിൽവേ ടെർമിനലിന്റെ വികസനം, കോച്ച് ഫാക്ടറി, പുതിയ പാതകൾ, ട്രെയിനുകൾ എന്നിവയുടെനേരെ മുഖം തിരിച്ചുനിൽക്കുന്നൊരു ബഡ്ജറ്റാണ് ബി.ജെ.പി. ഗവൺമെന്റ് അവതരിപ്പിച്ചത്. ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളം ഭരിക്കുമ്പോൾ, ഈ ആവശ്യങ്ങൾക്കായി പ്രതിപക്ഷ എം.പി.-മാർ പാർലമെന്റിൽ ശബ്ദിച്ചിട്ടില്ല. കേന്ദ്ര നികുതി വിഹിതം നൽകുന്നതിൽ നീതിരഹിതമായ നിലപാട് കേന്ദ്രം തുടരുകയാണ്. 2021-24-ൽ ലഭിക്കുന്ന 19,662.88 കോടി രൂപ ആകെ നികുതിയുടെ കേവലം 1.9 ശതമാനം മാത്രമാണ്. 10-ാം ധനകാര്യ കമ്മീഷൻ കാലത്ത് 3.875 ശതമാനം കേരളത്തിന് ലഭിച്ചിരുന്നു. കേരളത്തേക്കാൾ ജനസാന്ദ്രത കുറഞ്ഞ ഛത്തീസ്ഗഢിന് 3.4 ശതമാനവും ആസാമിന് കേരളത്തിന്റെ ഇരട്ടി വിഹിതമായ 3.12 ശതമാനവും കേരളത്തിനൊപ്പം ജനസംഖ്യയുള്ള ഝാർഖണ്ഡിന് 3.3 ശതമാനവുമാണ് വിഹിതം ലഭിക്കുന്നത്. വിഹിതം പങ്കുവയ്ക്കുന്ന കാര്യത്തിൽ കേന്ദ്രം കേരളത്തോട് കടുത്ത അവഗണനയാണ് കാണിക്കുന്നത്. വിവിധ സബ്സിഡികൾ 30 ശതമാനം വെട്ടിക്കുറച്ചത് സാധാരണക്കാർക്കുള്ള ഇരുട്ടടിയാണ്. 1.59 ലക്ഷം കോടി രൂപയാണ്

ഇതുപോലെ വെട്ടിക്കുറച്ചത്. സമ്പന്നർക്ക് അമൃതകുംഭം നൽകി ആദരിക്കുന്ന ബഡ്ജറ്റാകുമ്പോൾ പാവങ്ങൾക്ക് കാളകൂടവിഷമാണ് നൽകുന്നത്. അതുവഴി ജനങ്ങൾ ആത്മഹത്യയിലേയ്ക്ക് പോകുന്ന ഒരു അവസ്ഥാവിശേഷമാണ്. ഭക്ഷ്യസബ്സിഡി 31 ശതമാനം കുറച്ചു. തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചതാണ്. കുട്ടികളുടെ ഉച്ചഭക്ഷണത്തിൽപോലും കല്ലുവാരിയിടുകയല്ലേ കേന്ദ്രം. 12,000 കോടി രൂപയാണ് കുറവ് വരുത്തിയിരിക്കുന്നത്. വളം സബ്സിഡി, വിള ഇൻഷ്വറൻസ് പദ്ധതി എന്നിവയിലെല്ലാം വെട്ടിക്കുറവ് വരുത്തി. മദ്രസ്സകൾക്കുള്ള സഹായം 93 ശതമാനം കുറച്ചു. ഇതിനെക്കുറിച്ച് മുസ്ലീംലീഗിന് എന്തെങ്കിലും പറയാനുണ്ടോ; എല്ലാ രീതിയിലും കേന്ദ്ര ഗവൺമെന്റ് കേരളത്തോട് കാണിക്കുന്നത് കടുത്ത അവഗണനയാണ്. ദേശീയ ഐക്യത്തിന്റെ അടിസ്ഥാന ഘടകങ്ങളായ മതനിരപേക്ഷത, ജനാധിപത്യം, ബഹുസ്വര മൂല്യങ്ങൾ, ഫെഡറലിസം എന്നിവ വലിയ വെല്ലുവിളികൾ നേരിടുമ്പോൾ അതിനെതിരെ പരിപക്വമായൊരു സമൂഹത്തെ വാർത്തെടുക്കുന്ന ഇന്ത്യയ്ക്ക് മാതൃകയായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ നയിക്കുന്ന എൽ.ഡി.എഫ്. സർക്കാർ, ദുരന്തമുഖങ്ങളിൽ പകച്ചുനിൽക്കാതെ ജനങ്ങളെ മാറോടുചേർത്തുപിടിച്ച് മുന്നോട്ട് കുതിക്കുകയാണ്. 2021-ൽ

ഭരണത്തിലെത്തുമെന്ന യു.ഡി.എഫ്.-ന്റെ സ്വപ്നം തകർന്നു. സ്വപ്നം തകർന്നാൽ നിരാശയുണ്ടാകും. ആ നിരാശ മൂത്താൽ ഭ്രാന്താകും, ആ ഭ്രാന്തിന്റെ ലക്ഷണങ്ങളാണ് ഇപ്പോൾ കേരളത്തിലെ പ്രതിപക്ഷം പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇടതുപക്ഷ സർക്കാരിനെതിരെ ഭ്രാന്തൻ അക്രമസമരങ്ങൾ സംഘടിപ്പിച്ചുകൊണ്ട് ഇവിടെ ചോര വീഴ്ത്തി എങ്ങനെയെങ്കിലും ഇടതുപക്ഷ ജനാധിപത്യമുന്നണിയെ അധികാരത്തിൽനിന്ന് ഒഴിവാക്കാമെന്നുള്ള ലക്ഷ്യംവച്ചുകൊണ്ടാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇന്നലെ കോവളം എം.എൽ.എ. ശ്രീ. എം. വിൻസെന്റ് മലയാള മനോരമ പത്രം ഉയർത്തിക്കാണിച്ചുകൊണ്ടാണ് ഒരു കാര്യം സൂചിപ്പിച്ചത്. ഒരു കടമുറി ഒഴിയാൻ 12 ലക്ഷം രൂപ മൂന്ന് സി.പി.ഐ.(എം) നേതാക്കൾക്ക് പടി നൽകിയെന്നാണ് അദ്ദേഹം പറഞ്ഞത്. അത് ശുദ്ധ അസംബന്ധമായൊരു പ്രസ്താവനയാണ്. നിയമസഭ ആരംഭിക്കുന്ന ദിവസം നട്ടാൽ കുരുക്കാത്ത നുണ പത്രത്തിന്റെ മുൻപേജിൽ അച്ചടിച്ചുവിടുന്നത് വലതുപക്ഷ സേവയുടെ ഭാഗമാണ്. അതിൽ ഒരു തർക്കവുമില്ല. ഇത് മാധ്യമ നൈതികതയല്ല. ഈ വാർത്ത നൽകിയ ലേഖകനും പത്രത്തിനുമെതിരെ സി.പി.ഐ.(എം) നിയമനടപടി സ്വീകരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഇവിടെ

വിലക്കയറ്റത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഇടതുപക്ഷ ജനാധിപത്യമുന്നണി വിലക്കയറ്റം നിയന്ത്രിക്കാൻ എല്ലാ മാർഗ്ഗങ്ങളും സ്വീകരിച്ചു. പതിനാലിനം ഉൽപ്പന്നങ്ങൾ ഇപ്പോഴും 2016-ലെ വിലയ്ക്ക് കൊടുക്കുന്നുണ്ട്. അതൊന്നും മുസ്ലീംലീഗും പ്രതിപക്ഷവും കാണുന്നില്ല. വിലക്കയറ്റമുണ്ടാക്കുന്നത് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവാണ്. അതുവഴി 26 ലക്ഷം കോടി രൂപ ഖജനാവിലേയ്ക്കെത്തിച്ച നേതാവാണ് ശ്രീ. നരേന്ദ്രമോദി. അതിൽനിന്ന് ഒരു ചെറിയ ശതമാനമെങ്കിലും ഉപയോഗിച്ച് സാധനങ്ങളുടെ വില കുറയ്ക്കാൻ ഇടപെടുന്നില്ല. സംസ്ഥാനത്ത് സപ്ലൈകോ 90 ശതമാനം നെല്ല് ശേഖരിക്കുന്നുണ്ട്. മൂന്നുമാസം ഭക്ഷിക്കാനുള്ള അരി മാത്രമാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത്. ബാക്കി അന്യസംസ്ഥാനങ്ങളിൽനിന്നാണ് വാങ്ങുന്നത്; കേരളത്തിന് പുറത്തുള്ള നെല്ലുല്പാദന സംസ്ഥാനങ്ങളിലൊന്നുമില്ലാത്തവിധം ഇന്ത്യയിൽ ഏറ്റവും ഉയർന്ന വില യഥാസമയം നൽകി ഇവിടെ നെല്ല് സംഭരിക്കുന്നു. ഈ വർഷം ചില പ്രദേശങ്ങളിൽ കുറവുകളുണ്ടായിട്ടുള്ളത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഇന്നലെ പറഞ്ഞിരുന്നു. സംസ്ഥാനത്തെ വികസനത്തിന്റെ കൊടുമുടിയിലെത്തിക്കാൻ വിവിധ പദ്ധതികൾ നടപ്പിലാക്കുന്ന എൽ.ഡി.എഫ്. സർക്കാരിനുവേണ്ടി ഗവർണ്ണർ നടത്തിയ

നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച പ്രമേയത്തിന് പൂർണ്ണ പിന്തുണ നൽകിക്കൊണ്ട് നിർത്തുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. ഇന്നലെയും ഇന്നുമായി നടന്ന പ്രതിപക്ഷ നിരയിലെ ചർച്ച ശ്രദ്ധിച്ചാൽ കുരുടൻ ആനയെ കണ്ടതുപോലെയാണെന്ന് മനസ്സിലാകും. നയപ്രഖ്യാപന പ്രസംഗം ഇംഗ്ലീഷിലും മലയാളത്തിലും അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. ശ്രീ. ടി. സിദ്ദിഖിന് മലയാളത്തിൽ വായിച്ചാൽ മനസ്സിലാകില്ലെങ്കിൽ അദ്ദേഹത്തിന് വളരെ ഹൃദിസ്ഥമായ ഇംഗ്ലീഷ് ഭാഷയിലുള്ളതെങ്കിലും വായിച്ചുനോക്കിയിരുന്നുവെങ്കിൽ സഭയുടെ വിലപ്പെട്ട സമയം നഷ്ടപ്പെടുമായിരുന്നില്ല. നയപ്രഖ്യാപന പ്രസംഗത്തിലെ 9, 10, 11, 28, 102 എന്നീ ഖണ്ഡികകളെങ്കിലും അദ്ദേഹം വായിച്ചിരുന്നെങ്കിൽ കാര്യങ്ങൾ വ്യക്തമാകുമായിരുന്നു. കേന്ദ്രത്തിലെ ബി.ജെ.പി. സർക്കാരിന്റെ ഭരണഘടനാവിരുദ്ധമായ നടപടികളെ മുഴുവനും ശക്തമായി ചോദ്യം ചെയ്യുകയാണ്. ഭരണഘടനാമൂല്യങ്ങളെ സംരക്ഷിക്കാൻ ഈ സർക്കാർ ബാദ്ധ്യസ്ഥമാണെന്നും പ്രഖ്യാപിക്കുകയുണ്ടായി. ജാതിയും മതവും ഭാഷയും ഉപയോഗിച്ച് ജനങ്ങളെ ഭിന്നിപ്പിക്കാനുള്ള ശ്രമത്തിനെതിരെ ശക്തമായ

മുന്നറിയിപ്പ് നൽകുകയാണ്. സംസ്ഥാനത്തിന്റെ കടം വാങ്ങാനുള്ള അവകാശങ്ങളെ നിഷേധിച്ചുകൊണ്ടും കേന്ദ്രത്തിന് ബാധകമല്ലാത്ത നിയമങ്ങൾ കേരളത്തിനുമേൽ അടിച്ചേൽപ്പിക്കുന്നത് സംബന്ധിച്ചും നയപ്രഖ്യാപനത്തിൽ ശക്തമായി ഉന്നയിച്ചിട്ടുണ്ട്. സംസ്ഥാന നിയമസഭ പാസ്സാക്കുന്ന നിയമങ്ങൾ മുഴുവനും ഭരണഘടനാനുസൃതമായി എന്റെ സർക്കാർ നടപ്പിലാക്കുമെന്ന് ബഹുമാനപ്പെട്ട ഗവർണർ ഈ സഭയിലാണ് പ്രഖ്യാപിച്ചതെന്ന കാര്യംകൂടി ശ്രദ്ധിക്കേണ്ടതാണ്. ഉന്നതവിദ്യാഭ്യാസ രംഗത്തെ അസ്ഥിരപ്പെടുത്തുന്നതിനുവേണ്ടിയുള്ള ബോധപൂർവ്വമായ പരിശ്രമങ്ങൾ സമീപകാലത്ത് കേരളത്തിൽ നടന്നത് എല്ലാവർക്കുമറിയാം. എന്നാൽ ആ സർവ്വകലാശാലയുടെ പ്രവർത്തനങ്ങളെ മുഴുവൻ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ടും ഭാവിയിൽ ആ പ്രവർത്തനങ്ങൾ മുഴുവൻ നല്ലനിലയിൽ കൊണ്ടുപോകുമെന്നും എന്റെ സർക്കാരിനുവേണ്ടി ഞാൻ പ്രഖ്യാപിക്കുന്നുവെന്ന് ബഹുമാനപ്പെട്ട ഗവർണർ പ്രസംഗിക്കുകയുണ്ടായി. ഇതിൽപ്പരം എന്താണ് പ്രതിപക്ഷത്തിന് വേണ്ടത്? എന്നാൽ പ്രതിപക്ഷം അതുകൊണ്ടൊന്നും തൃപ്തരല്ല. ഗവർണറും സംസ്ഥാന സർക്കാരും തമ്മിൽ ഏറ്റുമുട്ടലുണ്ടാകുമെന്ന് മനപ്പായസമുണ്ടുകൊണ്ട് പ്രതിപക്ഷവും ഒരു വിഭാഗം പത്രങ്ങളും മുന്നോട്ടുപോയിയെന്നതാണ് വസ്തുത. യഥാർത്ഥത്തിൽ

നയപ്രഖ്യാപനത്തിന്റെ ഉള്ളടക്കത്തിലേയ്ക്കിറങ്ങിച്ചെല്ലാനോ, കഴിഞ്ഞ കാലഘട്ടങ്ങളിൽ കേരളത്തിലെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി എൽ.ഡി.എഫ്. നടപ്പിലാക്കിയ കാര്യങ്ങൾ പരിശോധിക്കാനോ വിമർശനാത്മകമായിട്ടെങ്കിലും അതിനോട് പ്രതികരിക്കാനോ അല്ല തയ്യാറായിട്ടുള്ളതെന്ന് കാണാൻ സാധിക്കും. അതിനുപകരം മറ്റ് പലതും പറഞ്ഞ് സി.പി.ഐ.(എം)-നെ പഴിക്കാനുള്ള സന്ദർഭം തേടിനടക്കുകയാണ് ചെയ്തതെന്ന് പ്രസംഗങ്ങൾ ശ്രദ്ധിച്ചാൽ മനസ്സിലാക്കാൻ സാധിക്കുന്നതാണ്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ കാസർഗോഡ് ജില്ലയിൽ നടന്ന ഒരു സംഭവവുമായി ബന്ധപ്പെടുത്തി സി.പി.ഐ.(എം)-ഉം ആർ.എസ്.എസ്.-ഉം തമ്മിൽ നല്ല ബന്ധമാണെന്ന് സ്ഥാപിക്കാൻ വേണ്ടിയുള്ള നികൃഷ്ടമായ ശ്രമമാണ് പ്രതിപക്ഷം നടത്തിയിട്ടുള്ളതെന്ന് കാണാൻ സാധിക്കും. ആ തെരഞ്ഞെടുപ്പിൽ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ എൽ.ഡി.എഫ്. സ്ഥാനാർത്ഥിയായി മത്സരിച്ച ശ്രീ. ഇ. ചന്ദ്രശേഖരൻ തെരഞ്ഞെടുപ്പിൽ വിജയിച്ചശേഷം വോട്ടർമാർക്ക് നന്ദി പറയുന്നതിനുവേണ്ടി തുറന്ന വാഹനത്തിൽ സഞ്ചരിക്കുന്നതിനിടയിൽ ഒരു സംഘം ആർ.എസ്.എസ്., ബി.ജെ.പി. പ്രവർത്തകർ ജാഥയ്ക്ക് നേരെ കല്ലെറിയുകയും അക്രമിക്കുകയും ചെയ്യുകയുണ്ടായി. അവിടെനിന്നും ജയിച്ച ബഹുമാന്യനായ ഇ.

ചന്ദ്രശേഖരൻ ഉൾപ്പെടെയുള്ള എൽ.ഡി.എഫ്. പ്രവർത്തകർക്ക് പരിക്കേൽക്കുകയും ചികിത്സ തേടുകയുമുണ്ടായി. പ്രസ്തുത സംഭവത്തെത്തുടർന്ന് കാസർഗോഡ് അഡീഷണൽ സെഷൻസ് കോടതിയിൽ എസ്.സി.170/2019 ആയി കേസ് നടന്നുവരികയാണ്. പ്രസ്തുത കേസിൽ ആർ.എസ്.എസ്.-കാരെ സഹായിക്കുന്ന തരത്തിൽ മൊഴി നൽകിയെന്ന് പറയുന്നത് അടിസ്ഥാനരഹിതമാണ്. അക്രമത്തിൽ പരിക്കുപറ്റിയവരുൾപ്പെടെ കേസിലെ എല്ലാ സാക്ഷികളും ഒരേ രീതിയിലാണ് കോടതിയിൽ മൊഴി നൽകിയിട്ടുള്ളതെന്ന് കാണാൻ സാധിക്കും. തുറന്ന വാഹനത്തിൽ സഞ്ചരിച്ചിരുന്ന എൽ.ഡി.എഫ്. സ്ഥാനാർത്ഥി ശ്രീ. ഇ. ചന്ദ്രശേഖരനേയും കൂടെയുള്ളവരെയും ആക്രമിച്ചത് ആർ.എസ്.എസ്., ബി.ജെ.പി.-ക്കാരായ ഒരു സംഘം ആളുകളാണെന്നും എന്നാൽ അവരുടെ പേര് പറഞ്ഞ് തിരിച്ചറിയാൻ സാധിച്ചിട്ടില്ലെന്നുമാണ് എല്ലാ സാക്ഷികളും മൊഴി നൽകിയിട്ടുള്ളത്. ഇതിനെ രാഷ്ട്രീയ ദുരുദ്ദേശ്യത്തോടുകൂടി ദുർവ്യാഖ്യാനം ചെയ്ത് ഇവിടെ ചിലർ അവതരിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. ബി.ജെ.പി./ആർ.എസ്.എസ്.-മായി സി.പി.ഐ.(എം) ധാരണയുണ്ടാക്കിയെന്നാണ് ഇവിടെ ചില അംഗങ്ങൾ പ്രസംഗിച്ചത്. ഇത് ശുദ്ധ അസംബന്ധമാണ്. ബി.ജെ.പി./ആർ.എസ്.എസ്.

വർഗ്ഗീയ നയങ്ങൾക്കെതിരെ വിട്ടുവീഴ്ചയില്ലാതെ പോരാടുന്ന പ്രസ്ഥാനമാണ് സി.പി.ഐ.(എം). അതിന്റെ ഭാഗമായി നിരവധി ധീരന്മാരായ പാർട്ടി പ്രവർത്തകരുടെ ജീവൻ ബലിനൽകേണ്ടിവന്ന പ്രസ്ഥാനമാണ് സി.പി.ഐ.(എം). മതന്യൂനപക്ഷങ്ങൾക്കെതിരായി രാജ്യത്തെമ്പാടും സംഘ്പരിവാറും സംഘവും നടത്തിക്കൊണ്ടിരിക്കുന്ന നിഷ്ഠൂരമായ കൊലപാതകങ്ങളും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും വരുമ്പോൾ അതിനെതിരായി ചെറുവിരൽപോലും അനക്കാൻ സാധിക്കാത്ത കോൺഗ്രസ് നേതാക്കളാണ് ആർ.എസ്.എസ്.-നെതിരെ വിട്ടുവീഴ്ചയില്ലാതെ പോരാടിക്കൊണ്ടിരിക്കുന്ന സി.പി.ഐ.(എം)-നെതിരെ ദുരാരോപണം ഉന്നയിച്ച് തെറ്റിദ്ധാരണയുണ്ടാക്കാൻ ശ്രമിക്കുന്നത്. കാസർഗോഡ് ജില്ലയുടെ ചരിത്രം പ്രതിപക്ഷത്തിന് അറിയില്ലേ, സഖാവ് ഭാസ്കര കുമ്പള ഉൾപ്പെടെയുള്ള 15 സി.പി.ഐ.(എം) പ്രവർത്തകരെ അരുംകൊല ചെയ്ത കാപാലിക സംഘമായ ആർ.എസ്.എസ്.-മായി സി.പി.ഐ.(എം) സഖ്യം ചെയ്തുവെന്നാണോ പ്രതിപക്ഷം പറയുന്നത്? ഇന്ത്യാ രാജ്യത്ത് ശ്രീ. നരേന്ദ്ര മോദിയും കൂട്ടാളികളും നടത്തിക്കൊണ്ടിരിക്കുന്ന ന്യൂനപക്ഷവിരുദ്ധ വേട്ടയ്ക്കും ക്രൂരമായ നടപടികൾക്കും ഭരണഘടനാവിരുദ്ധമായ നിലപാടുകൾക്കും എതിരായി നട്ടെല്ല് നിവർത്തിപ്പിടിച്ചുകൊണ്ട്, ചോദ്യം ചെയ്തുകൊണ്ട്

മുന്നോട്ടുപോകുന്ന ഏക പ്രസ്ഥാനം സി.പി.ഐ.(എം) ആണെന്ന് അഭിമാനപൂർവ്വം പറയാൻ ആഗ്രഹിക്കുകയാണ്. ബഹുമാന്യനായ ശ്രീ. നജീബ് കാന്തപുരം വലിയ രൂപത്തിൽ ഇവിടെ ചോദ്യം ചെയ്യുകയുണ്ടായി. ഈയടുത്ത സമയത്ത് ഏക സിവിൽ കോഡുമായി ബന്ധപ്പെട്ട് രാജ്യസഭയിൽ അനൗദ്യോഗിക ബിൽ അവതരിപ്പിച്ചപ്പോൾ ശ്രീ. പി. വി. അബ്ദുൽ വഹാബ്, എം.പി., തിരിഞ്ഞുനോക്കിയപ്പോൾ ഒരൊറ്റ കോൺഗ്രസ് എം.പി.-മാരും അവിടെയുണ്ടായിരുന്നില്ല. പ്രതിപക്ഷത്തിന്റെ സഹവാസം ആരോടാണെന്നും ആരുടെകൂടെയാണെന്നും നന്നായിട്ടാലോചിക്കുന്നത് നല്ലതാണ്. അത്തരത്തിലുള്ള അവസ്ഥയാണ് ഇവിടെയുള്ളതെന്ന് നമുക്ക് കാണാൻ കഴിയും. മതന്യൂനപക്ഷങ്ങളെ മുഴുവൻ കശാപ്പുചെയ്യുന്ന നടപടികൾ ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനത്തുമാത്രമല്ല, കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനത്തും കാണാൻ സാധിക്കും. കഴിഞ്ഞ ക്രിസ്തുമസ് നാളിൽ അർദ്ധരാത്രി കുർബാനപോലും നടത്താൻ സാധിക്കാത്ത രൂപത്തിൽ ക്രൈസ്തവ ജനവിഭാഗങ്ങളെ മുഴുവൻ അടിച്ചോടിക്കുന്ന രൂപത്തിലുള്ള കാഴ്ചകൾ നാം കണ്ടു. അതിനെതിരായി ചെറുവിരൽപോലും അനക്കാൻ കോൺഗ്രസ് ഭരണാധികാരികൾ തയ്യാറായിട്ടില്ലെന്ന വസ്തുത നാം കാണേണ്ടതുണ്ട്.

സംസ്ഥാനത്ത് വിലക്കയറ്റം തടഞ്ഞുനിർത്താൻ യാതൊരു നടപടികളും സ്വീകരിച്ചില്ലെന്നാണ് ശ്രീ. ടി. സിദ്ദിഖ് പറയുന്നത്. രാജ്യത്ത് വിലക്കയറ്റം ക്ഷണിച്ചുവരുത്തുന്ന നടപടികളാണ് അടിക്കടി കേന്ദ്ര ഭരണാധികാരികൾ ചെയ്തുകൊണ്ടിരിക്കുന്നത്. പെട്രോളിയം ഉൽപ്പന്നങ്ങളുടെയും ഗ്യാസിന്റെയും വില വർദ്ധിപ്പിക്കുന്നു. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചാൽ സ്വാഭാവികമായും കേരളത്തിൽ വിലക്കയറ്റമുണ്ടാകുമെന്ന് ഏത് കൊച്ചുകുട്ടിക്കും അറിയാവുന്നതാണ്. എന്നാൽ അഖിലേന്ത്യാടിസ്ഥാനത്തിലുള്ള പഠന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത് ഇന്ത്യാ രാജ്യത്ത് ഏറ്റവും കുറഞ്ഞ വിലനിലവാരമുള്ള സംസ്ഥാനം കേരളമാണെന്നാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ, മാവേലി സ്റ്റോറുകൾ, നീതിസ്റ്റോറുകൾ, ലാഭം മാർക്കറ്റുകൾ, സിവിൽ സപ്ലൈസ് ചന്തകൾ, ബക്രീദ്/ക്രിസ്തുമസ് ചന്തകൾ തുടങ്ങിയ പദ്ധതികളിലൂടെ വിപണിയിടപെടൽ നടത്തി വിലനിലവാരം പിടിച്ചുനിർത്താൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്ന, കോൺഗ്രസ് ഭരിക്കുന്ന ഏതെങ്കിലും സംസ്ഥാനം രാജ്യത്തുണ്ടോ? 13 ഇനം അവശ്യസാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുകയും കാര്യക്ഷമമായ രൂപത്തിൽ പൊതുവിതരണശൃംഖല ശക്തമായി മുന്നോട്ടുകൊണ്ടുപോകുകയും ചെയ്യുന്നത് കേരളത്തിലെ എൽ.ഡി.എഫ്.

സർക്കാരാണ്. ഇതിന്റെയെല്ലാം ഫലമായി ഇന്ത്യാരാജ്യത്ത് വിലനിലവാരം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് നേരത്തെ ഇവിടെ പ്രഖ്യാപിച്ചത് ഞങ്ങൾ ക്രിയാത്മകമായ പ്രതിപക്ഷമായി പ്രവർത്തിക്കുമെന്നാണ്. എന്താണ് അദ്ദേഹത്തിന്റെ ക്രിയാത്മകതയെന്ന് നോക്കേണ്ടതാണ്. കഴിഞ്ഞ ഏഴ് വർഷത്തിനിടയിൽ എൽ.ഡി.എഫ്. സർക്കാർ നടത്തിയ മുഴുവൻ വികസന പ്രവർത്തനങ്ങളെയും ഇകഴ്ത്തിക്കാണിക്കാനോ തുരങ്കംവയ്ക്കാനോ തകർക്കാനോ വേണ്ടിയാണ് പ്രതിപക്ഷം ശ്രമിച്ചിട്ടുള്ളതെന്ന് കാണാൻ സാധിക്കും. ഗെയിൽ പൈപ്പ് ലൈൻ പദ്ധതി കോൺഗ്രസ് ഭരണകാലത്ത് ഉപേക്ഷിച്ചു. സഖാവ് പിണറായി വിജയന്റെ സർക്കാർ ധീരമായ രൂപത്തിൽ അത് ഏറ്റെടുക്കുകയും നടപ്പാക്കുകയും ചെയ്തു. അതിനെ തകർക്കാൻ വിവിധ സമരപരിപാടികൾ പ്രതിപക്ഷം സംഘടിപ്പിച്ചു. കോഴിക്കോട് ജില്ലയിൽ മതമൗലികവാദികളുമായി ചേർന്നുകൊണ്ട് അട്ടിമറി സമരം സംഘടിപ്പിച്ചത് ഓർമ്മയില്ലേ. അതിനെയെല്ലാം അതിജീവിച്ചുകൊണ്ട് എൽ.ഡി.എഫ്. സർക്കാർ നിരവധി പദ്ധതികൾ പൂർത്തീകരിച്ചു. യു.ഡി.എഫ്.-ന്റെ കാലത്ത് ഉപേക്ഷിച്ച നാഷണൽ ഹൈവേ-66 പദ്ധതി ഈ സർക്കാർ

ഏറ്റെടുത്തപ്പോൾ അതിനെതിരെ നിരന്തരം അട്ടിമറി സമരം സംഘടിപ്പിച്ചു. തോട്ടം മുതലാളിമാർക്കുവേണ്ടി ഇടമൺ-കൊച്ചി പവർലൈൻ അന്ന് ഉപേക്ഷിച്ചു. പക്ഷെ ഈ സർക്കാർ ഇച്ഛാശക്തിയോടുകൂടി അത് നടപ്പിലാക്കി. അതിനെയും അട്ടിമറിക്കാൻ പ്രതിപക്ഷം ശ്രമിച്ചില്ലേ. ഏത് വികസന പരിപാടികളോടാണ് പ്രതിപക്ഷം ക്രിയാത്മകമായി പ്രതികരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ? എല്ലാ വികസന പരിപാടികളെയും തുരങ്കംവയ്ക്കാനാണ് യു.ഡി.എഫ്. പരിശ്രമിച്ചിട്ടുള്ളത്. കേരളീയരുടെ സ്വപ്നപദ്ധതിയാണ് സിൽവർ ലൈൻ. ചുരുങ്ങിയ സമയത്തിനുള്ളിൽ വടക്കേ അറ്റത്തുനിന്ന് തെക്കേയറ്റം വരെ യാത്ര ചെയ്യാൻ സാധിക്കുന്ന അർദ്ധ അതിവേഗ റെയിൽപ്പാതയ്ക്ക് തുരങ്കം വയ്ക്കാൻവേണ്ടി ബി.ജെ.പി.-യും ആർ.എസ്.എസ്.-സുമായി കൈകോർത്തുകൊണ്ടാണ് പ്രതിപക്ഷം മുന്നോട്ടുപോകുന്നത്. കേരളത്തിൽനിന്നും പാർലമെന്റിലേയ്ക്കയച്ച 18 പടക്കുതിരകൾക്ക് കേന്ദ്രഗവൺമെന്റ് കഴിഞ്ഞ നാല് വർഷത്തിനിടയിൽകൊണ്ടുവന്ന മതവിരുദ്ധ നിലപാടുകളെ മുഴുവനും തുറന്നെതിർക്കാൻ സാധിച്ചിട്ടില്ല.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, കേരള ചരിത്രത്തിൽ ഇന്നുവരെ കാണാത്ത രൂപത്തിൽ ഒരു സംസ്ഥാനത്തിന്റെ വികസന പരിപാടികളെ അട്ടിമറിക്കുന്നതിനുവേണ്ടി കേരളത്തിലെ ജനങ്ങളുടെ വോട്ടുവാങ്ങി പാർലമെന്റിൽപോയവർ പരിശ്രമിക്കുന്ന കാഴ്ച നമ്മൾ കാണുകയാണ്. ജനവിരുദ്ധ, വികസന വിരുദ്ധ നിലപാടുകൾ മാത്രം കൈമുതലാക്കിയ യു.ഡി.എഫ്.-നെയും സംഘത്തെയും പാഠം പഠിപ്പിക്കാൻ കേരളീയർ ഒരുങ്ങിക്കഴിഞ്ഞിട്ടുണ്ടെന്നതിന് യാതൊരു സംശയവുമില്ല. അറബിക്കടലെ കരയേണ്ട, യു.ഡി.എഫ്. വരുന്നുണ്ട് എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീമതി ദെലീമ: സർ, ആധുനിക വികസിത കേരളത്തിന്റെ പ്രയാണത്തിൽ നാഴികക്കല്ലാകുന്ന ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപനത്തെ ഞാൻ പിന്തുണയ്ക്കുന്നു. കേന്ദ്രത്തിന്റെ കേരളത്തോടുള്ള അവഹേളനപരമായ തഴയൽ വെളിവാക്കുന്ന ഒരു ബഡ്ജറ്റാണ് ഇന്നലെ പാർലമെന്റിൽ അവതരിപ്പിച്ചത്. ബി.ജെ.പി.-യുടെ ഭരണത്തുടക്കംതന്നെ കേരളത്തെ തകർക്കുന്നതായിരുന്നു. അന്ന് തകർന്നടിഞ്ഞത് കേരളത്തിലെ നിർദ്ധനരായ മനുഷ്യരായിരുന്നു. ആ മനുഷ്യരെയാണ് കേരളം

ചേർത്തുപിടിച്ചത്. പ്രതിപക്ഷം ജനങ്ങൾക്കുവേണ്ടി പലതും ചെയ്തുവെന്ന് ഘോരഘോരം പ്രസംഗിച്ചിട്ടും ജനങ്ങൾ എന്തുകൊണ്ട് ഇവരെ ഭരണത്തിലെടുത്തില്ല എന്നൊരു സംശയം എനിക്കെന്നുമുണ്ട്. ജനങ്ങൾ വിഡ്ഢികളല്ല, അവർ എല്ലാമറിയുന്നതുകൊണ്ടാണ് പിണറായി സർക്കാരിൽ അഭയം തേടുന്നത്.

കേരളത്തിന്റെ അടിസ്ഥാന പ്രശ്നങ്ങളെയെല്ലാം അഭിസംബോധന ചെയ്ത ഈ നയപ്രഖ്യാപനരേഖ ചില സുപ്രധാന മേഖലകളെ ആഴത്തിൽ അവലോകനം ചെയ്യുന്നു. തൊഴിൽ, ഉന്നതവിദ്യാഭ്യാസം, സാങ്കേതികരംഗം, സാമൂഹ്യസുരക്ഷ, കൃഷി, വ്യവസായം, ടൂറിസം, സ്ത്രീശാക്തീകരണം, സംസ്ഥാനത്തിന്റെ ധനസ്ഥിതി തുടങ്ങിയ മേഖലകൾ അടിവരയിടുന്നതാണ് കേരളത്തിന്റെ മുന്നേറ്റത്തിന് ദിശാബോധം പകരുന്ന ഈ നയപ്രഖ്യാപനം.

കോവിഡിനുശേഷമുള്ള ഇന്ത്യയുടെ ഇക്കോണമി പേടിപ്പിക്കുന്ന രീതിയിൽ തകർന്നടിയുന്നത് നാം കണ്ടതാണ്. കേരളം ഉൾപ്പെടെയുള്ള എല്ലാ സംസ്ഥാനങ്ങളെയും അത് സാമ്പത്തികമായും പ്രതികൂലമായും ബാധിച്ചെങ്കിലും കേരളത്തിലെ വികസനത്തെ ബാധിക്കാത്ത തരത്തിൽ അത് വിജയകരമായി മാനേജ് ചെയ്തത് കേരളത്തിന്റെ ആരാധ്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ജനകീയ

സർക്കാരാണ്. ഒരു രീതിയിൽ സാമ്പത്തിക മാന്ദ്യത്തിലേയ്ക്ക് പോകാമായിരുന്ന കേരളത്തെ അതിൽനിന്ന് ഉയർത്തിക്കൊണ്ടുവരാൻ സാധിച്ചത് ഈ മന്ത്രിസഭയുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണ്. തൊഴിൽശക്തിയായ യുവതയുടെ നൈപുണ്യവികസനത്തിനായി ഉന്നതവിദ്യാഭ്യാസ മേഖലയെ ഉടച്ചുവാർക്കാനുള്ള തീരുമാനം വിപ്ലവകരമാണ്. പൊതുവിദ്യാഭ്യാസ രംഗത്ത് ഇക്കാലമത്രയും കൊണ്ട് നാം ആർജ്ജിച്ച നേട്ടങ്ങൾക്കാനുപാതികമായ നിലയിലേയ്ക്ക് ഉന്നതവിദ്യാഭ്യാസ മേഖലയെ ഉയർത്തുന്നതിൽ പ്രതിജ്ഞാബദ്ധമാണ് ഈ സർക്കാർ. കേരളത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കി മാറ്റുക എന്നതാണ് നമ്മുടെ ലക്ഷ്യം. വ്യവസായ നിക്ഷേപരംഗത്ത് കേരളത്തിന്റെ കുതിപ്പ് വ്യക്തമാക്കുന്നതാണ് ഈ നയപ്രഖ്യാപനം. വ്യവസായ സംരംഭങ്ങൾക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായ ഭേദഗതികൾ വരുത്തിയതും നയപരമായ തീരുമാനങ്ങൾ കൈക്കൊണ്ട് അത് നടപ്പിലാക്കിയതും വ്യവസായരംഗത്തെ വൻകുതിപ്പിന് ആക്കം കൂട്ടുകയായിരുന്നു. ഉത്തരവാദിത്ത നിക്ഷേപം, ഉത്തരവാദിത്ത വ്യവസായം എന്ന നയം രാജ്യത്ത് ആദ്യമായി സ്വീകരിച്ചത് കേരളമാണ്. ഗ്രീൻ ഇൻവെസ്റ്റുമെന്റിന് അനുയോജ്യമായ സ്ഥലമായും

ആഗോളാടിസ്ഥാനത്തിൽ ഉത്തരവാദിത്ത നിക്ഷേപത്തിന്റെ കേന്ദ്രമായും കേരളം മാറുന്നത് നിക്ഷേപം ആകർഷിക്കാൻ സഹായകമാകും. ഒരു ലക്ഷം സംരംഭം എന്ന നടപ്പുവർഷത്തെ അഭിമാന പദ്ധതി മാസങ്ങൾക്കുമുമ്പുതന്നെ ലക്ഷ്യം തികച്ചു. കേരളത്തിൽ ഇടതുപക്ഷം ഭരിച്ചാൽ സംരംഭകർ വരില്ലെന്ന് പറഞ്ഞവർക്കുള്ള ചുട്ടമറുപടിയാണ് വ്യവസായ വകുപ്പ് കൈവരിച്ച മിന്നും നേട്ടങ്ങൾ.

സംരംഭങ്ങളുടെ ഒരു ശവപറമ്പാണ് കേരളമെന്ന് പ്രതിലോമശക്തികൾ ഇന്ത്യയുടെ മറ്റ് സംസ്ഥാനങ്ങളിലും ഇന്ത്യയ്ക്ക് പുറത്തും പറഞ്ഞ് സമർത്ഥിക്കാൻ ശ്രമിക്കുകയും അതിന് ചുക്കാൻ പിടിക്കാൻ കോർപ്പറേറ്റ് ശക്തികളെ കൂട്ടുപിടിക്കുകയും ചെയ്തപ്പോൾ, ഇവിടെ അതൊക്കെ മറികടന്നുകൊണ്ട് മുന്നേറുവാൻ ഇടതുസർക്കാരിന് സാധിച്ചുവെന്നുള്ളത് നീതി ആയോഗിന്റെ പല ഇൻഡക്സുകളിലെയും കേരളത്തിന്റെ റാങ്കുകൾ സൂചിപ്പിക്കുന്നു.

കേരളത്തിൽ സ്ത്രീകൾക്ക് ലഭിക്കുന്ന പരിഗണന വളരെ വലുതാണെന്നാണ് സ്ത്രീ എന്ന നിലയിൽ പറയാനുള്ളത്. സ്ത്രീകളുടെ ജീവിതനിലവാരത്തിന്റെ അടിസ്ഥാനത്തിലാണ് ഒരു രാജ്യത്തിന്റെ സാമൂഹ്യപുരോഗതി വിലയിരുത്തേണ്ടതെന്നാണ് ഇന്ത്യൻ ഭരണഘടനാ

ശില്പിയായ ഡോ. ബി. ആർ. അംബേദ്കറുടെ അഭിപ്രായം. എന്നിട്ടും ഇന്ത്യയിൽ കേരളമൊഴികെ മറ്റ് സംസ്ഥാനങ്ങളിൽ ലിംഗവിവേചനം സ്ത്രീകൾ ഏറ്റുവാങ്ങിക്കൊണ്ടിരിക്കുകയല്ലേ? വിദ്യാഭ്യാസ അവകാശ നിയമം നിലവിൽവന്ന് 13 വർഷങ്ങൾ കഴിഞ്ഞിട്ടും കേരളമൊഴിച്ചുള്ള സംസ്ഥാനങ്ങളിൽ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം പൂർണ്ണ അർത്ഥത്തിൽ ലഭിക്കുന്നില്ല. ഇന്ത്യയിൽ ദരിദ്ര കുടുംബങ്ങളിലെ പെൺകുട്ടികൾ ക്ലാസ് മുറികളിൽ കാലുകുത്തിയിട്ടില്ലെന്നും 15-18 വയസ് പ്രായമുള്ള 40 ശതമാനം പെൺകുട്ടികൾ ഒരു വിദ്യാഭ്യാസ സ്ഥാപനത്തിലും പഠിക്കുന്നില്ലെന്നും ദേശീയ സർവ്വേകൾ വ്യക്തമാക്കിയിട്ടുണ്ട്. ഇന്ത്യയിൽ ശൈശവ വിവാഹവും ശാരീരിക പീഡനങ്ങളും ബാലവേലയും അവരുടെ ബാല്യത്തെ ദുരിതപൂർണ്ണമാക്കുന്നു. ദേശീയതലത്തിൽ സ്ത്രീ സാക്ഷരത 53.87 ശതമാനം മാത്രമാണ്. മൂന്നിലൊന്ന് പെൺകുട്ടികളും പോഷകാഹാരക്കുറവുമൂലമുള്ള ശാരീരിക ബുദ്ധിമുട്ടുകളനുഭവിക്കുന്നു. വിളർച്ച സ്ത്രീകളുടെ കൂടപ്പിറപ്പാണ്. രോഗങ്ങൾ മുൻകൂട്ടി മനസ്സിലാക്കാനുള്ള അവസരമില്ലായ്മയും ദാരിദ്ര്യവും ഏറ്റവും കൂടുതൽ ബാധിക്കുന്നത് പെൺകുട്ടികളെയാണ്. യൂണിസെഫിന്റെ കണക്കുകൾ പ്രകാരം ലോകത്താകെ റിപ്പോർട്ട് ചെയ്ത ശൈശവ വിവാഹങ്ങളുടെ മൂന്നിലൊന്ന് ഇന്ത്യയിലാണ്. രാജ്യത്തെ 27

ശതമാനത്തിലധികം പെൺകുട്ടികൾ 18 വയസ്സിനുമുമ്പും 7 ശതമാനം 15 വയസ്സിനുമുമ്പും വിവാഹിതരാകുന്നു. ഇങ്ങനെയുള്ള സാമൂഹ്യവും സാമ്പത്തികവുമായിട്ടുള്ള ഉച്ചനീചത്വങ്ങൾ വലിയതോതിൽ നിലനിൽക്കുന്നതുകൊണ്ടാണ് ഇന്ത്യയിൽ സ്ത്രീ പീഡനങ്ങൾക്ക് അറുതിവരുത്താൻ കഴിയാത്തത്. ലോകരാജ്യങ്ങൾക്കുമുന്നിൽ നാണംകെട്ട് നമുക്ക് ശിരസ് നമിക്കുവാൻ ഇതുമാത്രംമതി. പക്ഷെ കേരളം ഇതിൽനിന്ന് വേറിട്ട് സ്ത്രീ സാക്ഷരതയിലും പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിലും മുൻപന്തിയിലും ഉയർന്ന ആയുർദൈർഘ്യത്തിലും കുറഞ്ഞ ശിശുമരണ നിരക്കിലും ലിംഗ സമത്വം, ആരോഗ്യം, ശുചിത്വം, സാമൂഹ്യ സുരക്ഷ തുടങ്ങി ജീവിത നിലവാരത്തിന്റെ മിക്ക സൂചികകളിലും രാജ്യത്ത് ഉയർന്ന സ്ഥാനത്ത് നിൽക്കുന്നു.

സ്ത്രീ സാക്ഷരതയിലും പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിലും വികസിത രാജ്യങ്ങൾക്കൊപ്പം കേരളം മുന്നേറുകയാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരള സംസ്ഥാനത്തിന്റെ വളർച്ചയിൽ ഇവിടത്തെ സ്ത്രീ സമൂഹം വഹിച്ച പങ്ക് അനിഷേധ്യമാണ്. തൊഴിലെടുക്കുന്ന സ്ത്രീകളുടെ എണ്ണം സർക്കാർ സർവ്വീസിൽ വളരെ കൂടുതലുണ്ട്. സർക്കാരിതര സ്ഥാപനങ്ങളിൽ, സ്വകാര്യ-സഹകരണ സ്ഥാപനങ്ങളിൽ, വാണിജ്യ

വ്യവസായ സ്ഥാപനങ്ങളിൽ, കാർഷിക പരമ്പരാഗത നിർമ്മാണ മേഖലകളിൽ മാത്രമല്ല, സമസ്ത മേഖലകളിലും മലയാളി സ്ത്രീകൾ തങ്ങളുടെ കഴിവ് തെളിയിക്കുന്നു. വിമാനം പറത്തുന്ന പൈലറ്റ് മുതൽ ഗാർഹിക തൊഴിലാളിവരെ ഏതെല്ലാം മേഖലകളിലാണ് രാജ്യത്തിനകത്തും പുറത്തുമായി നമ്മുടെ സഹോദരിമാർ ജോലി ചെയ്യുന്നതെന്നുള്ളത് കേരളത്തിന്റെ അഭിമാനമാണ്. ഒരുകാലത്ത് കേരളത്തിന്റെ പുരോഗതിയിലെല്ലാം ഭാഗഭാക്കായ സ്ത്രീകളുടെ പേര് വേണ്ടവിധം പരാമർശിച്ചിരുന്നില്ല. എന്നാൽ കേരളത്തിലെ പിണറായി സർക്കാർ സ്ത്രീകൾക്കും കുട്ടികൾക്കുമായി ഒരു വകുപ്പുതന്നെ രൂപീകരിച്ചുകൊണ്ട് സ്ത്രീകളുടെ സർവ്വതോന്മുഖമായ വികസനത്തിനായി ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സംസ്ഥാനത്തിന് പുറത്തും വിദേശങ്ങളിലും തൊഴിലെടുക്കുന്ന സ്ത്രീകളുടെ ക്ഷേമത്തിനും സുരക്ഷയ്ക്കുമാവശ്യമായ പദ്ധതികളിൽ കൂടുതൽ ശ്രദ്ധയും കരുതലും ഇനിയും ആവശ്യമാണ്. തൊഴിലിടങ്ങളിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ സർക്കാർ കൂടുതൽ ഗൗരവമായി ഇനിയും കാണണമെന്നാണ് എനിക്ക് ഈ അവസരത്തിൽ ഓർമ്മിപ്പിക്കാനുള്ളത്. സ്ത്രീകളുടെ പുരോഗതിയിലൂടെ മാത്രമേ സമൂഹത്തിന്റെ പുരോഗതി പൂർണ്ണമായും ഉറപ്പുവരുത്താൻ സാധിക്കുകയുള്ളൂ. അതിന് ഈ

സർക്കാർ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. വനിതാ കമ്മീഷൻവഴി വനിതാ വികസന വകുപ്പും സർക്കാരും നടത്തുന്ന എല്ലാ പ്രവർത്തനങ്ങളെയും അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. ലോകത്തെവിടെ ഒരു കലാപമുണ്ടായാലും ദുരന്തമുണ്ടായാലും അതിന്റെ ഇരകൾ സ്ത്രീകളും കുട്ടികളുമല്ലേ? അതുകൊണ്ടുതന്നെ സംസ്ഥാനത്ത് സമാധാനപൂർണ്ണമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ നിതാന്ത ജാഗ്രത പുലർത്തുന്ന ആഭ്യന്തര വകുപ്പിനെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ സ്ത്രീകൾ എത്ര സുരക്ഷിതരാണ്, എത്ര സന്തോഷവതികളാണ്; അതിന് ഈ സർക്കാരിനോട് സ്ത്രീകൾ കടപ്പെട്ടിരിക്കുന്നു. ഈ കൊച്ചുകേരളത്തിലേയ്ക്കുവരുന്ന അന്യസംസ്ഥാന സ്ത്രീകൾ എത്ര സന്തോഷവതികളാണ്; കേരളത്തിൽ അന്യസംസ്ഥാന തൊഴിലാളിവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ എത്ര സുരക്ഷിതരായിട്ടാണ് തൊഴിലിടങ്ങളിൽ പണിയെടുക്കുന്നത്. അവർക്ക് ഈ നാട് ഗൾഫാണ്. അവരുടെ മക്കൾ ഇവിടെയുള്ള അങ്കണവാടികളിലും സ്കൂളുകളിലും എത്ര സന്തോഷവാന്മാരായിട്ടാണ് പഠിക്കാൻ പോകുന്നത്. ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ഇത്രയേറെ സുരക്ഷിതത്വമുണ്ടായിരുന്നെങ്കിൽ ഇത്രയും സ്ത്രീ

ജനങ്ങൾ പണിയെടുക്കാനായി എന്തിന് ഈ കൊച്ചുകേരളത്തിലേയ്ക്ക് വരണം?

കേരളത്തിന്റെ പശ്ചാത്തല വികസനം പല കാരണങ്ങളാൽ വഴിമുട്ടിനിന്ന സാഹചര്യത്തിൽ കേരള വികസനത്തിന് വേഗത കൈവരാൻ സ്വീകരിച്ച മാർഗ്ഗമാണ് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്. ദേശീയപാതയിലും ജലപാതയിലും ഇന്റർനെറ്റ് സൗകര്യങ്ങളും പള്ളിക്കൂടങ്ങളും സർക്കാർ ആശുപത്രികളും ടൂറിസവും വിനോദസഞ്ചാര കേന്ദ്രങ്ങളും സാംസ്കാരിക സമുച്ചയങ്ങളും സിനിമാശാലകളും തുടങ്ങി കിഫ്ബിയുടെ കയ്യൊപ്പ് ചാർത്താത്ത ഏത് മേഖലയാണ് കേരളത്തിലുള്ളത്? കിഫ്ബിയുടെ മുഖമുദ്ര പതിയാത്ത ഒരു നിയോജകമണ്ഡലവും ഇന്ന് കേരളത്തിലില്ല. അത്രമേൽ ജനകീയമായിരുന്നു കിഫ്ബി. കേരളത്തിന്റെ ഭാവി വികസനത്തിന്റെ ദിശ നിശ്ചയിക്കുകയും നിർണ്ണയിക്കുകയും ചെയ്യുന്ന നിർണ്ണായക ഇടപെടലാണ് കിഫ്ബി വഴി നടപ്പിലാക്കിക്കൊണ്ടിരുന്നത്. ഇങ്ങനെയുള്ള കിഫ്ബിയുടെ പ്രവർത്തനങ്ങൾക്ക് കടിഞ്ഞാണിടാൻ ശ്രമിക്കുന്ന കേന്ദ്രനയം കേരളത്തിന്റെ പശ്ചാത്തല വികസനത്തിനും ഭാവി പുരോഗതിക്കുമാണ് തിരിച്ചടിയായത്. ഇതൊരിക്കലും അംഗീകരിക്കാൻ സാധിക്കില്ല. കേന്ദ്രാവിഷ്കൃത പദ്ധതികൾ

പ്രഖ്യാപിക്കുമ്പോൾ കേരളം എന്നും തഴയപ്പെടുകയല്ലേ? രാജ്യത്തിന്റെ പൊതുവരുമാനം ഉപയോഗപ്പെടുത്തി രൂപീകരിക്കുന്ന വൻകിട വികസന പദ്ധതികളുടെ ഗുണഭോക്തൃ പട്ടികയിൽ കേരളത്തിന്റെ അവകാശങ്ങളെ നിഷേധിക്കുകയല്ലേ കേന്ദ്രം ചെയ്യുന്നത്? ഈ അവഗണന ഭരണഘടനാ മൂല്യങ്ങൾക്ക് വിരുദ്ധമാണ്. സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിലുള്ള സൗഹൃദത്തിലും പരസ്പര സഹായ സഹകരണത്തിലും അധിഷ്ഠിതമായ സഹവർത്തിത്വം ഭരണനിർവ്വഹണത്തിൽ സുപ്രധാനമല്ലേ? സത്യസന്ധമായി ജനങ്ങളെ സേവിക്കാൻ ഇത് തടസ്സമാണ്. എങ്കിലും ഒരു ഫീനിക്സ് പക്ഷിയെപ്പോലെ പിണറായി സർക്കാരിന്റെ കീഴിൽ ഈ കൊച്ചുകേരളം ഉയർന്നുപൊന്തുമെന്ന ഉറച്ച വിശ്വാസത്തോടെ ഞാൻ നിർത്തുന്നു.

{അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ}

ശ്രീ. ഷാഫി പറമ്പിൽ: സർ, ഗവർണർ-സർക്കാർ വ്യാജ ഏറ്റുമുട്ടലുകളിലെ ഒരു എപ്പിസോഡിന്റെ ഒടുവിൽ നയപ്രഖ്യാപനമെന്ന പേരിൽ നടത്തിയ അടവ് നയപ്രഖ്യാപനത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. എന്തൊക്കെയായിരുന്നു ഇവിടത്തെ കോലാഹലങ്ങളും പോർവിളികളും; ഗവർണറും മുഖ്യമന്ത്രിയും തമ്മിൽ

ഫൈറ്റ് നടത്തുകയാണെന്ന് ഞങ്ങൾ മനപ്പായസം ഉണ്ടുവെന്ന് നേരത്തെ ഒരംഗം പറയുകയുണ്ടായി. അത് കേവലമൊരു ടോം ആന്റ് ജെറി കളി മാത്രമാണെന്ന് ജനങ്ങളോട് നിരന്തരമായി പറഞ്ഞുകൊണ്ടിരുന്നവരാണ് ഞങ്ങൾ. ശ്രീ. ജയതിലകിനെ ഔദ്യോഗിക സ്ഥാനത്തുനിന്നും മാറ്റാതെ നയപ്രഖ്യാപനം വായിക്കില്ലെന്ന് പറഞ്ഞപ്പോൾ, മാറ്റിയിട്ടാണെങ്കിൽ വായിക്കേണ്ടി വരില്ലെന്നായിരുന്നു ആദ്യത്തെ പ്രഖ്യാപനം. പിന്നീട് അദ്ദേഹത്തെ മാറ്റുന്നത് കേരളം കണ്ടു. ശ്രീ. ഹരി എസ്. കർത്തയുടെ നിയമനം നടത്തില്ലെന്ന് പ്രഖ്യാപിച്ചതിനുശേഷം പിന്നീട് എന്താണ് ചെയ്തതെന്നും നമ്മൾ കണ്ടു. കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസലറുടെ പുനർനിയമനത്തിൽ ഗവർണറുടെ നിലപാട് ആദ്യം എന്തായിരുന്നു, പിന്നെ അദ്ദേഹം എന്ത് ചെയ്തുവെന്നും നാം കണ്ടു. സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലറുടെ നിയമനത്തിലും ഇതെല്ലാം നമ്മൾ കണ്ടു. ബഹുമാനപ്പെട്ട ശ്രീ. സജി ചെറിയാന്റെ മന്ത്രിസഭാ പുനഃപ്രവേശനവുമായി ബന്ധപ്പെട്ട് എന്തായിരുന്നു ഗവർണറുടെ ആദ്യത്തെ നിലപാടെന്നും പിന്നീട് അദ്ദേഹം എന്ത് ചെയ്തുവെന്നും കേരളം കണ്ടതാണ്. കാശ്മീരിലെ തേയിലകൊണ്ട് അലിഞ്ഞുപോകാവുന്ന വിദ്വേഷം മാത്രമാണ് നിങ്ങൾ തമ്മിലുള്ളതെന്ന് കേരളത്തിലെ ജനങ്ങൾക്കറിയാം. ഈ നാട്ടിലെ

സി.പി.ഐ.(എം)-നും ബി.ജെ.പി.-ക്കും ഇടയിലുള്ള പാലമാണ് ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാനെന്നത് ഞങ്ങൾ വ്യക്തമാക്കിയതാണ്. വീണ്ടുമൊരിക്കൽക്കൂടി നിങ്ങൾ ഗവർണറെ ആനയിച്ചുകൊണ്ടുവന്ന് ഇവിടെ അവതരിപ്പിച്ച നയപ്രഖ്യാപനത്തിൽ ബി.ജെ.പി.-ക്കെതിരെ അതിശക്തമായ നിലപാടെടുക്കാൻ ഈ ഗവൺമെന്റ് ബോധപൂർവം മറന്നുപോയത് ഗവർണർ ഒരു സൗകര്യമായും കണ്ടു. ബി.ജെ.പി.-ക്കും കേന്ദ്ര ഗവൺമെന്റിനും പ്രധാനമന്ത്രിക്കുമെതിരെ തമിഴ്നാട് സർക്കാരെടുത്ത അതിശക്തമായൊരു നിലപാട് നമ്മൾ കണ്ടതാണ്. ഗവർണർ നയപ്രഖ്യാപനം വായിക്കാൻ മടിച്ചപ്പോൾ, അതൊരു പ്രമേയമായി സഭയിൽ കൊണ്ടുവന്ന് അവതരിപ്പിച്ച് അവരുടെ നിലപാട് അരക്കിട്ടുറപ്പിക്കുന്ന ശ്രീ. എം. കെ. സ്റ്റാലിനെ നമ്മൾ കണ്ടു. ഇവിടെ ബി.ജെ.പി.-യുടെയും ഗവർണറുടെയും പ്രീതിക്കുവേണ്ടി കോൺഗ്രസിനോട് അന്ധമായ വിരോധം വച്ചുപുലർത്തുന്നവരായി കേരളത്തിലെ സി.പി.ഐ.(എം) മാറിയെന്നുള്ളതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് ഈ പ്രമേയവും അതിന്റെ ചർച്ചകളും എന്ന കാര്യത്തിലൊരു സംശയവും വേണ്ടെന്നാണ് പറയാനുള്ളത്. ടോം ആന്റ് ജെറിയുടെ നിർമ്മാണ ചെലവ് 79 മില്ല്യൺ ഡോളറാണെന്നാണ് അതിന്റെ നിർമ്മാതാക്കൾ പറയുന്നത്.

ശ്രീ. പിണറായി വിജയൻ-ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ ഫൈറ്റ് എന്ന ടോം ആന്റ് ജെറി കളിയിലെ നിയമോപദേശത്തിന് കേരളത്തിനുണ്ടായ ചെലവ് 35 ലക്ഷം രൂപയാണ്. സർക്കാർ ഖജനാവിൽനിന്ന് ഇതിന്റെ പേരിൽ പണം ധൂർത്തടിക്കുന്നതെങ്കിലും നിർത്തണമെന്ന് കേരളത്തിലെ ജനങ്ങൾക്കുവേണ്ടി പറയുകയാണ്.

'ഭാരത് ജോഡോ' യാത്രയുൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് ഇവിടെ എല്ലാവരും പ്രസംഗിച്ചു. 'ഭാരത് ജോഡോ' യാത്രയോട് സി.പി.ഐ.(എം) അസ്വസ്ഥത പ്രകടിപ്പിക്കുന്നതെന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. സി.പി.ഐ.(എം) പാർട്ടി സെക്രട്ടറി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ദേശാഭിമാനി പത്രത്തിൽ എഴുതിയതിന്റെ തലക്കെട്ട് 'നിലപാടില്ല നയമില്ല പിന്നെന്ത് ജോഡോ യാത്ര' എന്നാണ്. ശ്രീ. രാഹുൽ ഗാന്ധി അണിഞ്ഞ ടീ ഷർട്ടിനെ വിമർശിച്ചുകൊണ്ട് ശ്രീ. അമിത് ഷായാണ് ആദ്യം രംഗത്തുവന്നത്. ശ്രീ. രാഹുൽ ഗാന്ധി കിലോമീറ്ററുകളോളം മഴയും മഞ്ഞും വെയിലും കൊണ്ടുനടന്നു, അവസാനം വഴിയിൽ അന്തിയുറങ്ങാനായി കണ്ടെയ്നറിന്റെ ഇടുങ്ങിയ സൗകര്യമുപയോഗിച്ചതിനെ പരിഹസിച്ചുകൊണ്ട് സി.പി.ഐ.(എം) നേതാവ് ശ്രീ. എം. സ്വരാജും രംഗത്തുവന്നു. ശ്രീ. അമിത് ഷായുടെയും ശ്രീ. എം. സ്വരാജിന്റെയുമൊക്കെ ശബ്ദം ഒരുപോലെ ഭാരത് ജോഡോ

യാത്രയുടെ കാര്യത്തിൽ അസ്വസ്ഥതകൾ നിറഞ്ഞതാണെങ്കിൽ, ആ അസ്വസ്ഥത നാട്ടിലെ മതേതരത്വം ആഗ്രഹിക്കുന്നവർ പുൽകാൻ ആഗ്രഹിക്കുന്നതല്ല, മറിച്ച് അവർ പുൽകിയത് ഈ യാത്രയെയും ശ്രീ. രാഹുൽ ഗാന്ധിയുടെ നിലപാടുകളെയുമാണെന്ന് രാജ്യം പിന്നീട് തെളിയിച്ചു. ദേശാഭിമാനി പത്രം എന്നിട്ടും നിർത്തിയില്ല, 'അർത്ഥം നഷ്ടപ്പെട്ട് ജോഡോ യാത്ര' എന്നിങ്ങനെ അവർ ജന്മഭൂമിയെപോലെ എഴുതിക്കൊണ്ടിരുന്നു. ദേശാഭിമാനി പത്രത്തിലെ ആ ദിവസങ്ങളിലെ തലക്കെട്ടുകളെല്ലാം പരിശോധിച്ചാൽ 'ഭാരത് ജോഡോ യാത്ര'-യിൽ അവർക്കുള്ള അസ്വസ്ഥതകൾ പുകയുന്നത് കാണാം. ശ്രീ. രാഹുൽ ഗാന്ധി എന്ത് രാഷ്ട്രീയമാണ് ഈ യാത്രയിൽ പറയാതിരുന്നത്. ശ്രീ. രാഹുൽ ഗാന്ധിയുടെ യാത്രയുടെ സമാപന സമ്മേളനത്തിൽ പങ്കെടുക്കാൻ കേരളത്തിലെ സി.പി.ഐ.(എം) പോളിറ്റ് ബ്യൂറോയെപോലും അനുവദിച്ചില്ല. 'ഭാരത് ജോഡോ യാത്ര'-യുടെ സമാപന സമ്മേളനത്തിൽ ഒരു സി.പി.ഐ.(എം) നേതാവും പങ്കെടുത്തില്ലെന്നത് കേരളത്തിലെ സി.പി.ഐ.(എം)-ന് ലഭിച്ച അധികാരത്തുടർച്ച രാജ്യത്തെ സി.പി.ഐ.(എം) എടുക്കുന്ന മതേതര നിലപാടുകളെ ദുർബലപ്പെടുത്താനുള്ള ആയുധമായി ശ്രീ. പിണറായി വിജയൻ മാറ്റിയതിന്റെ തെളിവാണ്. രാജ്യത്തെ മുഴുവൻ മതേതരശക്തികളും

ഒരുമിച്ച് ഈ യാത്രയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കുവേണ്ടി ഇനിയുള്ള ദിവസങ്ങളിൽ ഇന്ത്യയിൽ പോരാട്ടം നടത്തണമെന്ന് ശ്രീനഗറിൽ പറഞ്ഞത് സി.പി.ഐ.-യുടെ നേതാവ് ശ്രീ. ഡി. രാജയാണ്. അദ്ദേഹം ശ്രീനഗറിൽ പ്രസംഗിക്കുമ്പോൾ, അധികാരത്തുടർച്ച ലഭിച്ച കേരളത്തിലെ സി.പി.ഐ.(എം) കേന്ദ്ര നേതൃത്വത്തിനോട് പോകാൻ പാടില്ലെന്ന തിട്ടൂരമാണ് നൽകിയത്. ഇന്ത്യയിലെ മതേതരത്വത്തിന്റെ പോരാട്ടങ്ങളെ ഒറ്റുകൊടുക്കുന്ന ശക്തിയായി കേരളത്തിലെ സി.പി.ഐ.(എം) മാറിയെന്നതിന്റെ തെളിവാണ് അതിൽനിന്ന് അകലം പാലിക്കാൻ നിങ്ങളെടുത്ത തീരുമാനം. ശ്രീ. രാഹുൽ ഗാന്ധി രാഷ്ട്രീയം പറഞ്ഞില്ലെന്നാണ് ഇപ്പോൾ പറയുന്നത്. അദ്ദേഹത്തെപ്പോലെ ആർജ്ജവത്തോടെ ശ്രീ. നരേന്ദ്ര മോദിയെയും ശ്രീ. അമിത് ഷായെയും പേരെടുത്തുപറഞ്ഞു വിമർശിക്കുന്ന ഒരു രാഷ്ട്രീയ നേതാവ് ഇന്ത്യയിലുണ്ടോ? അദ്ദേഹം ശ്രീനഗറിലെ പ്രസംഗത്തിലും പറഞ്ഞത് വെറുപ്പും വിദ്വേഷവും വയലൻസും സാധ്യമാക്കുന്ന ഇടപെടലുകൾ നടത്തുന്ന ആർ.എസ്.എസ്.-ന്റെ നേതാക്കളായ ശ്രീ. നരേന്ദ്ര മോദിയെയും ശ്രീ. അമിത് ഷായെയും കുറിച്ചാണ്. ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ട വേദന, ഒരു ഫോൺവിളിയുടെ രൂപത്തിൽ വീട്ടിലേയ്ക്കുവരുന്ന കാശ്മീരിലെ

സാധാരണക്കാരന്റെ വേദന വെറുപ്പിന്റെയാളുകൾക്ക് ബോധ്യം വരില്ല, ശ്രീ. അമിത് ഷായ്ക്കും ശ്രീ. നരേന്ദ്ര മോദിക്കും ബോധ്യം വരില്ലായെന്ന് ആർജ്ജവത്തോടെ ശ്രീനഗറിൽ പ്രസംഗിച്ച ശ്രീ. രാഹുൽ ഗാന്ധിയെ നമ്മൾ കണ്ടു. ശ്രീ. നരേന്ദ്ര മോദിയുടെ പേരെടുത്ത് പറഞ്ഞ് വിമർശിക്കാൻ സി.പി.ഐ.(എം)-ലെ ആർക്കെങ്കിലും കഴിയുമോ? നിങ്ങൾ ആർ.എസ്.എസ്.നെ ഭയപ്പെടുന്നു, ശ്രീ. രാഹുൽ ഗാന്ധി ഭയപ്പെടുന്നില്ല.

ഈ യാത്രയ്ക്ക് രാഷ്ട്രീയമില്ലെന്ന് അങ്ങേയ്ക്ക് എങ്ങനെ പറയാൻ സാധിക്കും? ഞാൻ ദളിതനായി ജനിച്ചുപോയതാണ് എന്റെ പ്രശ്നമെന്ന് പറഞ്ഞ് ആത്മഹത്യകുറിപ്പെഴുതി ജീവൻവെടിഞ്ഞ രോഹിത് വെമുലയുടെ അമ്മ ശ്രീമതി രാധിക വെമുല ഈ യാത്രയിൽ ശ്രീ. രാഹുൽ ഗാന്ധിയെ ഒരു മകനെപോലെ ചേർത്തുപിടിച്ചു. അതുപോലെയുള്ള ആയിരക്കണക്കിന് അമ്മമാരുടെ വേദന പങ്കുവയ്ക്കുന്ന രാഷ്ട്രീയം ഈ യാത്രയിൽ മുന്നോട്ടുവച്ചത് ശ്രീ. രാഹുൽ ഗാന്ധിയാണ്. അദാനിയെയും അംബാനിയെയും പോലുള്ള ക്യാപ്പിറ്റലിസ്റ്റുകൾക്കുവേണ്ടിമാത്രം നിലപാടെടുക്കുന്നതിനെ ആർജ്ജവത്തോടെ എതിർത്ത, സാമ്പത്തിക നയങ്ങളിൽ കേന്ദ്ര ഗവൺമെന്റിനെതിരായ വിമർശനങ്ങളുടെ നേർരൂപമായ റിസർവ് ബാങ്കിന്റെ മുൻ ഗവർണർ ശ്രീ. രഘുറാം രാജനെ പോലെയുള്ള ആളുകൾ ഈ

യാത്രയുടെ ഭാഗമായി. ഫാസിസ്റ്റുകളുടെ വെടിയേറ്റുമരിച്ച ഗൗരി ലങ്കേഷിന്റെ അമ്മയും സഹോദരിയും മതേതരത്വത്തിന്റെ നിലപാടുകൾക്കുവേണ്ടി ഇനിയും പോരാട്ടമെന്ന് പറഞ്ഞുകൊണ്ട് ഈ യാത്രയിൽ ശ്രീ. രാഹുൽ ഗാന്ധിയുടെ കൈകൾ പിടിച്ചുകൊണ്ട് ഈ യാത്രയുടെ ഭാഗമായി മാറിയത് വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും ഫാസിസത്തിന്റെയും ആർ.എസ്.എസ്.-സംഘ്പരിവാർ രാഷ്ട്രീയത്തിനെതിരെ ശ്രീ. രാഹുൽ ഗാന്ധിയെടുത്ത നിലപാടുകൾക്കുള്ള പിന്തുണയായിരുന്നു. ശ്രീ. തുഷാർ ഗാന്ധി, ശ്രീ. പ്രശാന്ത് ഭൂഷൺ, ശ്രീ. എ. കെ. സ്റ്റാലിൻ, ശ്രീ. മുഫ്തി മുഹമ്മദ്, ശ്രീ. ഒമർ അബ്ദുല്ല തുടങ്ങി കന്യാകുമാരി മുതൽ കാശ്മീർ വരെയുള്ള രാഷ്ട്രീയ നേതാക്കൾ ഈ യാത്രയിൽ വന്നത് ഈ രാഷ്ട്രീയം അറിഞ്ഞുകൊണ്ടും അത് ഉയർത്തിപിടിച്ചുകൊണ്ടും വെറുപ്പിനെയും വിദ്വേഷത്തെയും എതിർത്തുകൊണ്ടുമാണ്. കേരളത്തിലെ സി.പി.ഐ.(എം)-ന് എന്തായിരുന്നു അസ്വസ്ഥത? സംസ്ഥാന മുഖ്യമന്ത്രി ശ്രീ. ചന്ദ്രശേഖരറാവുവിന്റെ കൈ ഉയർത്തിപിടിക്കാൻ ഹൈദ്രാബാദിലേയ്ക്ക് പോയി. ഏത് ഫാസിസ്റ്റ് വിരുദ്ധ പോരാട്ടത്തിലാണ് ശ്രീ. ചന്ദ്രശേഖരറാവുവിന്റെ സാന്നിദ്ധ്യം ദർശിച്ചിട്ടുള്ളത്? ഹൈദ്രാബാദ് യൂണിവേഴ്സിറ്റിയിൽ രോഹിത് വെമുലയുടെ മരണം നടന്ന സമയത്ത്

അവിടേയ്ക്ക് കടന്നുചെല്ലാതെ ഹൈദ്രാബാദിലെ മാളിൽ ഷോപ്പിംഗ് നടത്തിയ മുഖ്യമന്ത്രിയെക്കുറിച്ചുള്ള വിമർശനങ്ങൾ ഉയർന്നിരുന്നു. അനുശോചനം രേഖപ്പെടുത്താനോ ആ കുടുംബത്തെ സന്ദർശിക്കാനോ സഹായിക്കാനോ മടിച്ച ശ്രീ. ചന്ദ്രശേഖരറാവുവിന്റെ കൈ പിടിക്കാൻ മടിയില്ലാത്ത നിങ്ങൾ ശ്രീ. രാഹുൽ ഗാന്ധിയുടെ കൈ പിടിക്കുന്നില്ലെങ്കിൽ അതിനർത്ഥം ബി.ജെ.പി.-യുടെ 'ബി ടീം' അല്ല, നിങ്ങൾ ബി.ജെ.പി.-യുടെ ഘടകകക്ഷിയായി പ്രവർത്തിക്കുന്നുവെന്നാണ്. എത് ഫാസിസ്റ്റ് വിരുദ്ധ പോരാട്ടത്തിലാണ് ശ്രീ. ചന്ദ്രശേഖരറാവുവിനെ കണ്ടിട്ടുള്ളത്. ഇന്ത്യയുടെ നോട്ടുകളിൽനിന്നും മഹാത്മാഗാന്ധിയുടെ പേര് മാറ്റണമെന്ന് പറഞ്ഞ ആംആദ്മി പർട്ടിയുടെ നേതാവിന്റെ കൈ പിടിക്കാൻ ശ്രീ. പിണറായി വിജയന് മടിയില്ല. ബി.ജെ.പി.-യെയും, ശ്രീ. നരേന്ദ്ര മോദിയെയും ശ്രീ. അമിത് ഷായെയും ആർ.എസ്.എസ്. ആശയങ്ങളെയും ഞാൻ എന്റെ മരണംവരെ എതിർത്തുകൊണ്ടേയിരിക്കും എന്ന് പ്രഖ്യാപിച്ച ശ്രീ. രാഹുൽ ഗാന്ധി നയിക്കുന്ന വെറുപ്പിനും വിദ്വേഷത്തിനുമെതിരായിട്ടുള്ള യാത്രയുടെ ഭാഗമാകാൻ കേരളത്തിലെ സി.പി.ഐ.(എം)-ന് മടിയാണ്. കേന്ദ്രത്തിൽ ശ്രീ. സീതറാം യെച്ചൂരിയെയും കാശ്മീരിലെ ശ്രീ. മുഹമ്മദ് യൂസഫ് തരിഗാമിയെയും പോലുള്ള നേതാക്കളെപോലും ഭരണതുടർച്ചയുടെ പേരിൽ

സ്വാധീനിക്കുന്നത് കേരളം കാണേണ്ടിവന്നു. കോർപ്പറേറ്റുകൾ മാധ്യമരംഗം പിടിച്ചടക്കുമ്പോൾ, മാധ്യമരംഗത്തെ ശ്രീ. രവിഷ് കുമാറിനെ പോലെയുള്ള ആളുകൾ അതിനെതിരെയുള്ള പോരാട്ടത്തിന്റെ ഭാഗമായി പദവികൾ വലിച്ചെറിഞ്ഞ് പുറത്തിറങ്ങി ഈ യാത്രയുടെ ഭാഗമായി. സ്ത്രീകളും പുരുഷന്മാരും പ്രായമായവരും കുട്ടികളും ഈ യാത്രയുടെ ഭാഗമാകുന്നത് കണ്ടു. പീഡിപ്പിക്കപ്പെട്ടവരും ഭരണകൂടത്തിന്റെ ഭീകരതയ്ക്ക് ഇരയായവരും രാജ്യം തിരിച്ചുവരണമെന്നും നീതി നടപ്പിലാക്കണമെന്നും ആഗ്രഹിച്ച് ഈ യാത്രയുടെ ഭാഗമായി.

സംസ്ഥാനത്തെ ലോക്സഭയിലേയ്ക്കുള്ള ഇരുപത് സീറ്റിലും നിയമസഭയിലേയ്ക്കുള്ള 140 സീറ്റിലും നമുക്ക് പരസ്പരം മത്സരിക്കാം. രാജ്യത്ത് വലിയൊരു വിപത്ത് ഭരണകൂടത്തിന്റെ പേരിൽ അധികാരത്തിലിരിക്കുമ്പോൾ, അതിനെ താഴെയിറക്കാൻ രാജ്യം ഇന്നേവരെ കണ്ടതിൽവച്ച് എറ്റവും വലിയ ജനമുന്നേറ്റം, സ്വതന്ത്ര ഇന്ത്യ കണ്ട എറ്റവും വലിയ രാഷ്ട്രീയ പോരാട്ടത്തിന് ശ്രീ. രാഹുൽ ഗാന്ധി നേതൃത്വം നൽകിയപ്പോൾ, ബി.ജെ.പി.യെപ്പോലെ അതിനെ തുരങ്കം വയ്ക്കാൻ കേരളത്തിലെ സി.പി.ഐ.(എം) മത്സരിച്ചു. അപ്പോൾ ഒരുകാര്യം ഇന്ത്യ ഉറപ്പിച്ചു, കേരളം ഉറപ്പിച്ചു. ബി.ജെ.പി.യെ പോലെ 'ഭാരത് ജോഡോ'

യാത്രയ്ക്ക് തുരങ്കം വയ്ക്കാൻ കേരളത്തിലെ സി.പി.ഐ.(എം) ശ്രമിച്ചു. ഒരുകാര്യം നിങ്ങൾ ഉറപ്പിച്ചോ; ശ്രീ. രാഹുൽ ഗാന്ധിയും കോൺഗ്രസും മറ്റ് പ്രസ്ഥാനങ്ങളും രാജ്യത്തെ ഐക്യപ്പെടുത്താൻ ശ്രമിക്കുമ്പോൾ കേരളത്തിൽ സംഘി-സഖാവ് ജോഡോയാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് നിങ്ങളുടെ നിലപാടുകൾകൊണ്ട് ഇവിടെ വ്യക്തമാകുന്നതാണ്...(മൈക്ക് ഓഫ്.....)..നയപ്രഖ്യാപന പ്രസംഗത്തെ എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. ഒട്ടേറെ പരിമിതികളും പ്രതികൂല സാഹചര്യങ്ങളും പ്രതിസന്ധികളും തരണം ചെയ്ത് സംസ്ഥാനത്തെ ആധുനികവികസിത കേരളമാക്കി ഉയർത്തിക്കൊണ്ടുവരുന്നതിന് നിരന്തരമായ ഇടപെടൽ നടത്തി ഈ നാടിന്റെ വികസിതമായ വളർച്ചയ്ക്ക് അനുയോജ്യമായ രീതിയിലുള്ള നിരവധി പ്രവർത്തനങ്ങളുമായാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. സമസ്ത മേഖലകളിലും നടത്തുന്ന വികസന പ്രവർത്തനങ്ങളെല്ലാം പ്രകടമാക്കുന്നതാണ് ഈ നയപ്രഖ്യാപന പ്രസംഗം. അത്തരം ജനോപകാരപ്രദമായ കാര്യങ്ങൾ പറയാനും ചർച്ച നടത്താനും

പ്രതിപക്ഷം തയ്യാറാകുന്നില്ല. ഒരു പ്രതിപക്ഷാംഗത്തിന്റെ പ്രസംഗത്തിലുടനീളം, ജോഡോ യാത്രയിൽ ഓരോ കേന്ദ്രങ്ങളിൽ പങ്കെടുത്ത ആളുകളെക്കുറിച്ചും അവരുടെ പങ്കാളിത്തത്തെക്കുറിച്ചുമാണ് പറഞ്ഞത്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടും പാർട്ടിയുടെ നിലപാടുമെല്ലാം പറയാനുള്ള സ്വാതന്ത്ര്യം അവർക്കുണ്ട്. എന്നാൽ നയപ്രഖ്യാപന പ്രസംഗത്തിലെ കാതലായ നിർദ്ദേശങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യാൻ പ്രതിപക്ഷം എന്തുകൊണ്ട് തയ്യാറാകുന്നില്ല? കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് പ്രളയവും കോവിഡ് മഹാമാരിയുമൊക്കെ സൃഷ്ടിച്ച നിരവധി പ്രതിസന്ധികൾ നേരിടേണ്ടി വന്നിട്ടുണ്ട്. രാജ്യം വലിയ സാമ്പത്തിക തകർച്ചയും മാന്ദ്യവുമൊക്കെ നേരിടുന്ന കാലഘട്ടത്തിലും കേരളത്തിൽ കിഫ്ബി മുഖാന്തരം ഫണ്ട് സ്വരൂപിച്ച് വിവിധ പദ്ധതികൾ യാഥാർത്ഥ്യമാക്കാനും മാന്ദ്യവും തകർച്ചയുമൊന്നും വികസന പ്രവർത്തനങ്ങളെ ബാധിക്കാത്ത നിലയിൽ മുന്നോട്ടുകൊണ്ടുപോകാനും കഴിഞ്ഞു.

പൊതുവിദ്യാലയങ്ങളും ആരോഗ്യകേന്ദ്രങ്ങളും ശക്തിപ്പെടുത്താനും ഗതാഗത സൗകര്യങ്ങൾ മികച്ചതാക്കുന്നതിനുമുള്ള നിരവധി പ്രവർത്തനങ്ങൾ ഒന്നാം പിണറായി സർക്കാരിന്റെ കാലഘട്ടത്തിൽ നടപ്പിലാക്കി. ആ വികസന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി രണ്ടാം പിണറായി

സർക്കാർ വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി വീണ്ടും അധികാരത്തിൽ വരികയും ചെയ്തു. ഭരണത്തുടർച്ചയുടെ ഭാഗമായി പ്രാഥമികതലം മുതലുള്ള പൊതുവിദ്യാലയങ്ങൾ നവീകരിച്ചു. കേരളത്തിൽനിന്ന് നിരവധി യുവതീയുവാക്കൾ വിദേശത്തേയ്ക്ക് പഠനത്തിനും ജോലിക്കുമായി പൊയ്ക്കൊണ്ടിരിക്കുന്നു. യുക്രൈൻ-റഷ്യ യുദ്ധമുണ്ടായ കാലഘട്ടത്തിലാണ് കേരളത്തിൽ നിന്നും ഇത്രയധികം കുട്ടികൾ അവിടെ പഠിക്കുന്നുണ്ടെന്ന കാര്യം സമൂഹം അറിഞ്ഞത്. കേരളത്തിലും അത്തരത്തിലുള്ള കോഴ്സുകളും ജോലി സാദ്ധ്യതകളും സൃഷ്ടിക്കാൻ നമുക്ക് കഴിയണം. വളരെ ഗൗരവമേറിയ വിഷയമാണിത്. കേരളത്തിൽ വൈജ്ഞാനിക സമൂഹം രൂപപ്പെടുത്താനും ശക്തിപ്പെടുത്താനും വേണ്ടിയുള്ള പദ്ധതികളാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് മുഖ്യമായും പരിഗണിക്കുന്നതെന്ന കാര്യം ഈ നയപ്രഖ്യാപന പ്രസംഗത്തിൽ കാണാൻ കഴിയും. കഴിഞ്ഞ ബഡ്ജറ്റിൽതന്നെ അതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്കുവേണ്ടി 3,000 കോടി രൂപ വകയിരുത്തിയിരുന്നു. ഈ രംഗത്ത് 25,000 കോടി രൂപയോളം ഉപയോഗപ്പെടുത്താൻ ആലോചിക്കുന്ന കാര്യവും പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിനുള്ള പ്രധാനപ്പെട്ട പദ്ധതികളാണ് നയപ്രഖ്യാപന പ്രസംഗത്തിൽ

പ്രഖ്യാപിച്ചിട്ടുള്ളത്. ഈ ഗവൺമെന്റ് നടപ്പാക്കിയ പ്രവർത്തനങ്ങളെ ഇന്ത്യയിലും ലോകമെമ്പാടുമുള്ള സംഘടനകളും മറ്റും പ്രകീർത്തിക്കുന്നതും നാം കണ്ടു.

വിശപ്പുരഹിത കേരളം പദ്ധതി ഇന്ത്യയിലെ ഏതെങ്കിലുമൊരു സംസ്ഥാനത്ത് കാണാൻ കഴിയുമോ? സംസ്ഥാന സർക്കാർ മുൻകയ്യെടുത്ത് ആവിഷ്ക്കരിക്കുന്ന ഇത്തരം പദ്ധതികൾ ജനപ്രതിനിധികളായ നമ്മളെല്ലാവരും ചേർന്ന് സഹകരിച്ചാണ് പ്രാവർത്തികമാക്കുന്നത്.

കേന്ദ്ര സർക്കാരിന്റെ സാമ്പത്തികനയങ്ങളുടെ ഭാഗമായി നിരവധി പൊതുമേഖലാസ്ഥാപനങ്ങൾ വിറ്റഴിക്കപ്പെടുമ്പോൾ സംസ്ഥാന സർക്കാർ അതിനെയൊക്കെ സംരക്ഷിക്കുകയാണ് ചെയ്യുന്നത്. കേന്ദ്ര ഗവൺമെന്റ് വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് കമ്പനി അടച്ചുപൂട്ടി സ്വകാര്യ കോർപ്പറേറ്റുകൾക്ക് വിൽക്കാൻ തീരുമാനിച്ചപ്പോൾ സംസ്ഥാന സർക്കാർ ആ സ്ഥാപനം ഏറ്റെടുത്ത് നവീകരിച്ച് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചു. അതാണ് പൊതുസ്വത്ത് സംരക്ഷിക്കുകയെന്ന ഈ സർക്കാരിന്റെ ബദൽ നയം.

കേന്ദ്ര പൊതുമേഖലാസ്ഥാപനമായ ബി.എസ്.എൻ.എൽ.-നെ ബി.ജെ.പി. ഗവൺമെന്റ് തകർത്തു. 2 ജി-യും 3 ജി-യും കഴിഞ്ഞ് ഇപ്പോൾ 5

ജി-യിലേയ്ക്ക് എത്തിനിൽക്കുമ്പോൾ, ആ സാങ്കേതികവിദ്യ ആദ്യം ബി.എസ്.എൻ.എൽ.-നാണ് നൽകേണ്ടത്. അതോടെ ബി.എസ്.എൻ.എൽ.-ന്റെ കണക്ഷൻ വർദ്ധിക്കുകയും വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാകുകയും ചെയ്യുമായിരുന്നു. അങ്ങനെയെങ്കിൽ നിരവധി പിരിച്ചുവിടലുകളും സ്വയം റിട്ടയർമെന്റുകളും ഒഴിവാക്കാൻ കഴിയുമായിരുന്നു. ബി.എസ്.എൻ.എൽ.-നെ തളർത്തുകയും ജിയോയെ വളർത്തുകയുമാണ് ചെയ്തത്. എന്നാൽ സംസ്ഥാന സർക്കാരിന്റെ ബദലാണ് കെ-ഫോൺ. കെ.എസ്.ഇ.ബി.-യും കെ.എസ്.ഐ.ടി.ഐ.എൽ.-ഉം ചേർന്നുള്ള സംയുക്ത സംരംഭം കെ.ഫോൺ ലിമിറ്റഡ് വഴിയാണ് നടപ്പിലാക്കുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടി സ്വകാര്യ വ്യക്തികളെ ഏൽപ്പിക്കുകയെന്ന കേന്ദ്രനയമാണ് യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേരളത്തിലും സ്വീകരിച്ചത്. അതിനെ മറികടന്നാണ് കേരളത്തിൽ അടച്ചുപൂട്ടിയ HNL, BHEL പോലുള്ള സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിക്കാനാവശ്യമായ നടപടികൾ വ്യവസായവകുപ്പ് സ്വീകരിച്ചത്. നമ്മുടെ സംസ്ഥാനത്തേതുപോലെ ഇത്രയും വിപുലമായ സാമൂഹ്യസുരക്ഷാ പദ്ധതികൾ ഇന്ത്യയിലെ മറ്റേതെങ്കിലും

സംസ്ഥാനത്തുണ്ടോ; പദ്ധതികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതോടൊപ്പം ഗുണഭോക്താക്കാളുടെ എണ്ണവും തുകയും വർദ്ധിപ്പിക്കുന്നു; അത് കുടിശ്ശികയില്ലാതെ വീടുകളിലേയ്ക്ക് എത്തിക്കുന്നു; അതാണ് ബദൽ. ജനങ്ങളുടെ കയ്യിൽ പണം നേരിട്ട് എത്തിക്കുന്നതിലൂടെ ആശ്വാസം പകരുകയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഉയർത്തിപ്പിടിക്കുന്ന ബദൽ.

മതനിരപേക്ഷത ഉയർത്തിപ്പിടിക്കുന്ന ഏക സംസ്ഥാനം കേരളമല്ലേ? കോൺഗ്രസ് ഭരിക്കുന്ന അപൂർവ്വം ചില സംസ്ഥാനങ്ങളിലൊന്നായ ഛത്തീസ്ഗഡിലെ ക്രിസ്തുമസ് ആഘോഷവേളയിൽ പാവപ്പെട്ട ക്രൈസ്തവ മതവിശ്വാസികളുടെ ആരാധനാലയങ്ങൾ തകർക്കുകയും 1500-ഓളം വരുന്ന ആളുകളോട് 'ഘർ വാപ്പസി' നടത്തണമെന്ന് പ്രഖ്യാപിക്കുകയും ചന്ദനക്കുറി തൊട്ട് നടന്നാൽ മാത്രമെ ഇവിടെ ജീവിക്കാൻ സാധിക്കുകയുള്ളൂവെന്ന് ആക്രോശിക്കുകയും ചെയ്യുന്ന ആർ.എസ്.എസ്., ബി.ജെ.പി. സംഘ്പരിവാർ സംഘടനകളെ നിലയ്ക്കുനിർത്താനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ കോൺഗ്രസ്സ് ഗവൺമെന്റിന് കഴിഞ്ഞോ; കോൺഗ്രസ്സിന്റെ തുടക്കം മുതലുള്ള സമീപനങ്ങൾ അങ്ങനെയായിരുന്നു;

എന്നും മതപ്രീണനം നടത്തി ഇപ്പോൾ ഈ പരുവത്തിലായി. ശക്തമായ നിലപാട് സ്വീകരിക്കാൻ കോൺഗ്രസ്സിന് കഴിഞ്ഞില്ലെന്ന് ജനം തിരിച്ചറിഞ്ഞു. അതുകൊണ്ട് ജനങ്ങൾ നിങ്ങളെ ഒറ്റപ്പെടുത്തി; വീണ്ടും അത് ബോദ്ധ്യപ്പെടുത്തുകയാണ്. ആ ബോദ്ധ്യപ്പെടുത്തലിന്റെ ഏറ്റവും അവസാനത്തെ ഉദാഹരണമാണ് സമീപകാലത്ത് നമ്മൾ സാക്ഷ്യം വഹിക്കുന്ന കാര്യങ്ങൾ. വികസന പ്രവർത്തനങ്ങൾക്ക് തുടർച്ചയുണ്ടാകാൻ പുതിയ കാലത്തിനനുസരിച്ചുള്ള പദ്ധതികൾ നിർദ്ദേശിച്ചിട്ടുള്ള നയപ്രഖ്യാപന പ്രസംഗത്തെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തികൊണ്ട് ബഹുമാനപ്പെട്ട എ. സി. മൊയ്തീൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. ജനകീയ സർക്കാരാണ് ഇന്ന് കേരളം ഭരിക്കുന്നതെന്ന് എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. ആരാധ്യനായ ഗവർണർ സർക്കാരിനെതിരാണെന്ന് പറഞ്ഞവർക്ക് ഇക്കഴിഞ്ഞ റിപ്പബ്ലിക് ദിനത്തിൽ ഗവർണർ നടത്തിയ പ്രസംഗം ശ്രദ്ധിച്ചാൽ എന്താണ് യഥാർത്ഥ വസ്തുതയെന്ന് മനസ്സിലാകും. കേരളത്തിലെ പിണറായി വിജയൻ സർക്കാരിന്റെ എല്ലാ ഗുണങ്ങളെക്കുറിച്ചും

അക്കമിട്ട് നിരത്തിക്കൊണ്ടാണ് ബഹുമാനപ്പെട്ട ഗവർണർ പ്രസംഗിച്ചത്. നയപ്രഖ്യാപനം സർക്കാർ എഴുതി തയ്യാറാക്കിയതാണെന്ന് വാദത്തിനുവേണ്ടി സമ്മതിച്ചാലും റിപ്പബ്ലിക് ദിനത്തിൽ നടത്തിയ പ്രസംഗം ബഹുമാനപ്പെട്ട ഗവർണർ നേരിട്ട് എഴുതിയതാണെന്നതും അത് അദ്ദേഹത്തിന്റെ മനസ്സിന്റെയുള്ളിൽനിന്നും വന്ന വരികളാണെന്നും നാം ഓർക്കേണ്ടതുണ്ട്. സർക്കാരിന്റെ മഹത്വങ്ങളെയും ജനകീയതയെയും കണ്ണടച്ച് ഇരുട്ടാക്കരുതെന്നാണ് എനിക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളോട് പറയാനുള്ളത്. നമ്മുടെ രാജ്യത്തിന്റെ സ്വപ്നത്തിന് കരുത്ത് പകരുന്നതാണ് കേരളത്തിലെ പ്രവർത്തനങ്ങൾ എന്നാണ് ഗവർണർ പറഞ്ഞത്. 'എല്ലാവർക്കും സ്വന്തം വീട് എന്ന ലക്ഷ്യത്തോടെ കേരളം നടപ്പാക്കുന്ന ലൈഫ് പദ്ധതി ഈ ലക്ഷ്യങ്ങളിലേയ്ക്കുള്ള രാജ്യത്തിന്റെ സ്വപ്നങ്ങൾക്ക് കരുത്ത് പകരുന്നതാണെന്ന് ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ'. കൃഷി, പരിസ്ഥിതി, ഭവന നിർമ്മാണം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകൾക്ക് ഊന്നൽ നൽകി നവകേരള സൃഷ്ടി എന്ന കാഴ്ചപ്പാടോടുകൂടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാന സർക്കാർ പ്രവർത്തിക്കുന്നതെന്നും റിപ്പബ്ലിക്ദിന സന്ദേശത്തിൽ ബഹുമാനപ്പെട്ട ഗവർണർ പറഞ്ഞു. സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന

റിപ്പബ്ലിക്ദിന പരേഡിൽ  അഭിവാദ്യം സ്വീകരിച്ചുകൊണ്ട് ഗവർണർ നടത്തിയ പ്രസംഗത്തിൽ, ലൈഫ് പദ്ധതിക്കുകീഴിൽ 3.2 ലക്ഷം വീടുകൾ പൂർത്തീകരിക്കാൻ കേരളത്തിന് കഴിഞ്ഞതായി ചൂണ്ടിക്കാണിച്ചു. 2022-ലെ ഗ്ലോബൽ സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റം റിപ്പോർട്ടുപ്രകാരം കേരള സ്റ്റാർട്ടപ്പ് മിഷൻ പ്രവർത്തനങ്ങളിൽ ഏഷ്യയിലെ മുൻനിര പ്രകടനക്കാരായി കേരളം അംഗീകരിക്കപ്പെട്ടത് ലോകത്ത് ഏറ്റവും വലിയ മൂന്നാമത്തെ സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റമായി വളരാനുള്ള ഇന്ത്യയുടെ മുന്നേറ്റത്തിന് പ്രേരകശക്തിയാണെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യയ്ക്ക് മാതൃകയായിട്ടാണ് കേരളം മുന്നോട്ടുപോകുന്നത്. നീതി ആയോഗിന്റെ റിപ്പോർട്ടുപ്രകാരം രാജ്യത്ത് ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണ്. 2022-ലെ ഇന്ത്യാ സ്കിൽസ് റിപ്പോർട്ടുപ്രകാരം യുവാക്കളുടെ തൊഴിൽലഭ്യതയിൽ കേരളം മൂന്നാം സ്ഥാനത്താണ്. ആർദ്രം പദ്ധതിയിലൂടെ പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽകോളേജുവരെ ആരോഗ്യ സൗകര്യങ്ങൾ പുനഃക്രമീകരിക്കുകയും ഗുണനിലവാരമുള്ള സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ഇത് ആരോഗ്യ മേഖലയിലെ ദേശീയ ലക്ഷ്യങ്ങൾക്കനുസൃതമായ പ്രവർത്തനമാണെന്നുകൂടി അദ്ദേഹം പറഞ്ഞു.

ഈ സർക്കാരിന്റെ സാമൂഹ്യക്ഷേമ പദ്ധതികൾ എന്തൊക്കെയാണെന്ന് എണ്ണി പറയേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. നമ്മുടെ ആശുപത്രികളും മറ്റ് സംവിധാനങ്ങളും പരിശോധിച്ചാൽ മനസ്സിലാകും. പി.എച്ച്.സി.-കളും സി.എച്ച്.സി.-കളും താലൂക്കാശുപത്രികളും എത്രത്തോളം മെച്ചപ്പെട്ടുവെന്ന് നമുക്ക് നേരിട്ട് കാണാവുന്നതാണ്. സർക്കാർ ഓഫീസുകളിലെ പ്രവർത്തനങ്ങളെല്ലാം ഒന്നിനൊന്ന് മെച്ചപ്പെട്ട രീതിയിലാക്കി മാറ്റിയിരിക്കുകയാണ്. എല്ലാ ഓഫീസുകളും കൂടുതൽ മെച്ചപ്പെട്ടതാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ചില കാര്യങ്ങളിലുണ്ടാകുന്ന അപാകതകൾ മാത്രം ചൂണ്ടിക്കാണിച്ച് എല്ലാം തകർന്നുകൊണ്ടിരിക്കുകയാണെന്ന് പറയുന്ന രൂപത്തിലേയ്ക്ക് പ്രതിപക്ഷം മുന്നോട്ടുപോകരുത്. എല്ലാം കണ്ടുമനസ്സിലാക്കാനുള്ള ബുദ്ധി പ്രതിപക്ഷത്തിനുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു.

സമഗ്ര പട്ടയ വിതരണത്തിലൂടെ കേരളത്തിൽ ഭൂപരിഷ്കരണ രംഗത്ത് വലിയൊരു കുതിച്ചുചാട്ടമാണ് ഈ സർക്കാർ നടത്തിയിട്ടുള്ളത്. എത്രയെത്രയാളുകൾക്കാണ് ഈ സർക്കാർ പട്ടയം നൽകിയത്; സാമൂഹ്യ സുരക്ഷാ പദ്ധതികൾ നിർത്തിവയ്ക്കണമെന്ന നിലപാട് കേന്ദ്ര സർക്കാർ കൈക്കൊള്ളുമ്പോൾ സംസ്ഥാന സർക്കാർ കടമെടുത്തിട്ടാണെങ്കിലും

പാവപ്പെട്ടവരുടെ ക്ഷേമത്തിനാവശ്യമായ പണം കണ്ടെത്തുകയാണെന്ന വസ്തുത നാം കാണേണ്ടതുണ്ട്. വിനോദസഞ്ചാര മേഖലയിൽ എണ്ണമറ്റ പരിഷ്കാരങ്ങൾ നടത്തി ഈ സർക്കാർ മുന്നോട്ടുപോകുകയാണ്. ടൂറിസം വ്യവസായമായി പരിഗണിച്ച് ആ മേഖലയ്ക്ക് എല്ലാ സഹായങ്ങളും നൽകുന്നതും ഈ മേഖലയിൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് ശക്തമായ ഇടപെടലുകൾ നടത്തുന്നതും നമുക്ക് കാണാൻ സാധിക്കും. ലോക സഞ്ചാരഭൂപടത്തിൽ നമ്മുടെ കൊച്ചു കേരളം ഇടം നേടിയ കാഴ്ചയും നമുക്ക് കാണാം. വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ നൂതന പദ്ധതികളിലൂടെ സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖല ശക്തിപ്പെട്ടുവെന്നത് തർക്കമില്ലാത്ത വസ്തുതയാണ്. ലക്ഷക്കണക്കിന് കുട്ടികൾ അൺ-എയ്ഡഡ് സ്ഥാപനങ്ങളിൽനിന്നും സർക്കാർ-എയ്ഡഡ് മേഖലയിലേയ്ക്ക് തിരിച്ചെത്തിയ കാഴ്ച നാം കാണേണ്ടതാണ്. വിദ്യാലയങ്ങളിലിപ്പോൾ അത്ഭുതപ്പെടുത്തുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. അദ്ധ്യാപകരും വിദ്യാർത്ഥികളും പി.ടി.എ.-യും ചേർന്ന് ഒരു വിദ്യാലയത്തെ ആകർഷകമാക്കുക മാത്രമല്ല മനോഹരമായ കെട്ടിടങ്ങളും അടിസ്ഥാനസൗകര്യങ്ങളുമായി മുന്നോട്ടുപോകുകയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം

ലഭിക്കുകയാണ്. വിദ്യാഭ്യാസ മേഖലയുടെ സമഗ്ര പരിഷ്കരണമാണ് നടപ്പിലാക്കിയിട്ടുള്ളത്.

കേരള ലോട്ടറി വകുപ്പ് എല്ലാ ദിവസവും ലോട്ടറി നറുക്കെടുപ്പിലൂടെ നിരവധിയാളുകൾക്ക് സമ്മാനങ്ങളും ഒരു ലക്ഷത്തിലധികം ഏജന്റുമാർക്ക് ജീവനോപാധിയും ഉണ്ടാക്കിക്കൊടുക്കുന്നുണ്ട്. കൂടാതെ സാമൂഹ്യ സുരക്ഷാ പെൻഷൻ മുടങ്ങാതെ ആളുകളുടെ കൈകളിലെത്തിക്കാൻ സാധിക്കുന്നത് പുണ്യമാണ്. വൃദ്ധരും നിരാലംബരുമായ ലക്ഷക്കണക്കിനാളുകളുടെ മുഖത്തെ പുഞ്ചിരിയും ആശ്വാസവും മാത്രമാണ് ഈ സർക്കാരിന്റെ മുന്നോട്ടുള്ള കുതിപ്പിന് ആവേശം പകരുന്നത്. അവരുടെ പ്രാർത്ഥനയുടെ ഫലമാണ് പ്രതിപക്ഷം തൊടുത്തുവിടുന്ന കപടാസ്ത്രങ്ങളുടെ മുനയൊടിയുന്നതും അത് തിരിച്ച് അവരുടെ പാളയത്തിൽത്തന്നെ പതിക്കുന്നതിന് കാരണമാകുന്നതും.

'എന്റെ സർക്കാർ പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി ട്രൈബൽ പ്ലസ് പദ്ധതിയിൻകീഴിൽ 100 അധിക തൊഴിൽദിന പദ്ധതികൾ ലഭ്യമാക്കി സംസ്ഥാന ഫണ്ടിൽനിന്നും വേതനം നൽകുന്നു. സംസ്ഥാന പിന്തുണയുള്ള പ്രത്യേക പദ്ധതിവഴി MNREGS-ലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധിക തൊഴിൽ സൃഷ്ടിക്കുന്ന ഒരേയൊരു സംസ്ഥാനം കേരളമാണെന്ന് അറിയുന്നതിൽ സന്തോഷമുണ്ട്.' - ബഹുമാനപ്പെട്ട ഗവർണറുടെ

നയപ്രഖ്യാപനത്തിലുള്ള വാചകങ്ങളാണിത്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി കേരളം ഏറ്റവും നല്ല സംസ്ഥാനമായത് പാവപ്പെട്ടവർക്കും സാധാരണക്കാർക്കും വളരെ നല്ല രീതിയിൽ ജീവിക്കാനും അതോടൊപ്പം കുടുംബജീവിതം മുന്നോട്ടുകൊണ്ടുപോകാനും സാധിക്കുന്നതുകൊണ്ടാണ്. ആദിവാസികളുൾപ്പെടെയുള്ള പാവപ്പെട്ടവർക്ക് ഗുണകരമായ രീതിയിൽ ധനസഹായം നൽകിവരുന്നുണ്ട്. നയപ്രഖ്യാപന പ്രസംഗത്തിൽ ബഹുമാനപ്പെട്ട ഗവർണർ പറഞ്ഞിരിക്കുന്നതെല്ലാം സത്യമാണെന്നും അവ ഇന്ന് സംസ്ഥാനത്ത് പ്രാവർത്തികമാക്കേണ്ടതുമാണെന്ന് പ്രതിപക്ഷത്തിന് ബോധ്യമുള്ളതും എന്നാൽ തങ്ങളുടെ കടമ എതിർക്കുക മാത്രമാണെന്ന് ധരിച്ച് അവർ ജനങ്ങളെ വിഡ്ഢികളാക്കുകയും ചെയ്യുന്നു. യഥാർത്ഥ വസ്തുത മനസ്സിലാക്കിക്കൊണ്ട് ജനങ്ങളോട് സംസാരിക്കാനാകണം. അല്ലെങ്കിൽ കേരളത്തിലെ ജനങ്ങൾ നിങ്ങളെ തിരിച്ചറിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അവർ ജനങ്ങളെ വിഡ്ഢികളാക്കുന്ന സ്വർഗ്ഗത്തിലേക്ക് നയിക്കുകയാണെന്നും അത് കേരള ജനത അർഹിക്കുന്ന അവജ്ഞയോടെ കാണുകയുമാണെന്ന് മനസ്സിലാക്കണം.

ഇന്ന് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി സഭയിൽ നിരവധി ചോദ്യങ്ങൾക്ക് മറുപടി പറയുകയുണ്ടായി. കാർഷിക മേഖലയെ

സംരക്ഷിക്കാൻ കൃഷി വകുപ്പ് സ്വീകരിക്കുന്ന നടപടികളോടൊപ്പം സഹകരണ വകുപ്പിന് എല്ലാ സഹായങ്ങളും ചെയ്തുകൊണ്ട് മുന്നോട്ടുപോകുകയാണ്. എല്ലാ വകുപ്പുകളും സംയോജിച്ചുകൊണ്ട് കേരളത്തെ മികച്ച സംസ്ഥാനമാക്കി മാറ്റാനുള്ള പരിശ്രമമാണ് നടത്തുന്നത്. ഇവിടത്തെ പാവപ്പെട്ടവർക്കും അശരണർക്കും സഹായങ്ങൾ ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ വിജയകരമായി മുന്നോട്ടുപോകുകയാണെന്ന് സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, ബഹുമാന്യനായ കേരള ഗവർണറെ ഉപയോഗപ്പെടുത്തി രാഷ്ട്രീയ അട്ടിമറിക്കുവേണ്ടി കാത്തിരുന്ന യു.ഡി.എഫ്.-കാർക്ക് തികച്ചും നിരാശാജനകമായ അനുഭവമാണ് പിന്നീടുണ്ടായത്. ബഹുമാന്യനായ ഗവർണർ ഭരണഘടനാ സ്ഥാപനത്തിന്റെ പൈതൃകവും മഹത്വവും കാത്തുസൂക്ഷിച്ചുകൊണ്ടുള്ള നിലപാടാണ് സ്വീകരിച്ചത്. തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റെന്ന നിലയിൽ സംസ്ഥാന ഗവൺമെന്റിനെ അംഗീകരിക്കുന്ന സമീപനം ഗവർണറുടെ ഭാഗത്തുനിന്നുമുണ്ടായി. നയപ്രഖ്യാപന പ്രസംഗത്തിന് പേജ് കുറവാണെന്നാണ് ആദ്യം പറഞ്ഞത്. നേരത്തെ 200 പേജുണ്ടായിരുന്നുവെന്നും അടുത്തത് 120 ആയെന്നും ഈ

നയപ്രഖ്യാപനത്തിന് 51 പേജായിയെന്നും പറയുന്നു. ഇത് ഏതെങ്കിലും പബ്ലിക്കേഷൻസ് പ്രസിദ്ധീകരിക്കുന്ന പുസ്തകമല്ലല്ലോ; പേജിന്റെ എണ്ണമനുസരിച്ച് വില നിശ്ചയിക്കാവുന്ന ഒരു കാര്യമാണോ ഇത്. ബഹുമാന്യരായ ഷാഫി പറമ്പിൽ, ടി. സിദ്ദിഖ്, നജീബ് കാന്തപുരം, ഡോ. മാത്യു കുഴൽനാടൻ തുടങ്ങിയവർ യു.ഡി.എഫ്.-ന്റെ രാഷ്ട്രീയ നിലപാടിനെ ന്യായീകരിക്കാനാണ് ശ്രമിക്കുന്നത്. പക്ഷെ ഇവരൊക്കെ പറയുന്നത് കേൾക്കുമ്പോൾ ഏത് കോൺഗ്രസ്സിനെക്കുറിച്ചാണ് പറയുന്നതെന്ന് മനസ്സിലാകുന്നില്ല. ആ കോൺഗ്രസ്സൊന്നും നമ്മുടെ രാജ്യത്ത് ഇന്നില്ലല്ലോ? അവശേഷിക്കുന്ന കോൺഗ്രസ്സിന്റെയാളുകളാണ് നിങ്ങളെന്ന് പറയുന്നതിൽ കുഴപ്പമില്ല. ബി.ബി.സി. ഈയടുത്ത സമയത്ത് പ്രസിദ്ധീകരിച്ച ഡോക്യുമെന്ററിയിൽ കോൺഗ്രസ്സിന്റെ രാജ്യസഭാംഗമായിരുന്ന ജെഫ്രി നെഞ്ചത്തടിച്ച് നിലവിളിക്കുന്നത് കാണാം. നിങ്ങളാരെങ്കിലും അത് ശ്രദ്ധിച്ചോ എന്നറിയില്ല. കോൺഗ്രസ്സുകാരായ കോൺഗ്രസ്സുകാരെ മുഴുവൻ വിളിച്ചില്ലേ; അവസാനം ബഹുമാന്യനായ എ.കെ. ആന്റണിയെയും വിളിച്ചു. ഞങ്ങൾക്കൊന്നും ചെയ്യാൻ പറ്റില്ലെന്നും ഹൈക്കമാൻഡിനെ വിളിക്കണമെന്നും പറഞ്ഞു. ഈ നിലപാട് സ്വീകരിക്കുന്ന കോൺഗ്രസ്സിന്റെയാളുകളാണ് ഇപ്പോൾ കോൺഗ്രസ്സിന്റെ മഹത്വം

പ്രചരിപ്പിക്കുന്നത്. ബാബറി മസ്ജിദ് തകർക്കപ്പെട്ട സ്ഥാനത്ത് രാമക്ഷേത്ര നിർമ്മാണത്തിനുവേണ്ടി ഒരുക്കങ്ങൾ നടത്തിയതിന്റെ ഉദ്ഘാടന പരിപാടിയിൽ ഞങ്ങളെ ക്ഷണിച്ചില്ലെന്ന് പരാതി പറയുകയും ക്ഷണിച്ചില്ലെങ്കിലും വെള്ളി ഇഷ്ടിക കൊടുത്തയച്ച് ആദരവ് പ്രകടിപ്പിക്കുകയും ചെയ്തവരാണ് കോൺഗ്രസുകാരെന്നാണ് ഞാൻ പറഞ്ഞതിനർത്ഥം. ഭാരത് ജോഡോ യാത്രയോട് ഞങ്ങൾക്ക് വിരോധമൊന്നുമില്ല. കോൺഗ്രസ് നേർവഴിക്ക് വരികയാണെങ്കിൽ കുഴപ്പമൊന്നമില്ല. പക്ഷേ ജനങ്ങൾ കോൺഗ്രസിനെ സംശയാലുക്കളായാണ് കാണുന്നത്. ബാബറി മസ്ജിദ് തകർക്കപ്പെട്ടപ്പോൾ പി. വി. നരസിംഹറാവു ആയിരുന്നു പ്രധാനമന്ത്രി. രാഷ്ട്രീയപാർട്ടികളുടെ ദേശീയോദ്ഗ്രഥന സമിതികൂടി ബ്ലാങ്ക് ചെക്ക് കൊടുത്തു. വില്ലേജ് ഓഫീസിൽ ഒരു പരാതികൊടുത്താൽ നിയമവും സമാധാനവും സംരക്ഷിക്കാൻ വില്ലേജ് ഓഫീസർ നടപടി സ്വീകരിക്കുന്ന സ്ഥിതിയുണ്ട്. ബാബറി മസ്ജിദുമായി ബന്ധപ്പെട്ട് ഒട്ടേറെ പ്രശ്നങ്ങൾ നടന്നു. അന്നവിടെ കോൺഗ്രസിലെ നിരവധി നേതാക്കന്മാരുണ്ടായിരുന്നു, ശ്രീ. രാഹുൽഗാന്ധി ചെറിയ കുട്ടിയായിരുന്നു. ഇതെല്ലാം കോൺഗ്രസിന്റെ ശരീരത്തിൽ കറപുരണ്ട പരിപാടികളായിരുന്നു. അത്തരത്തിലുള്ള ഓരോ പരിപാടികൾ കഴിയുന്തോറും കോൺഗ്രസിന്റെ

മാറ്റ് കുറഞ്ഞുവരികയാണ്. ഓരോ സന്ദർഭത്തിലും വർഗ്ഗീയതയോട് വിട്ടുവീഴ്ച ചെയ്യുന്ന നിലപാടാണ് സ്വീകരിക്കുന്നതെന്ന് കാണാൻ സാധിക്കും. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ നടന്ന മാറാട് കലാപത്തിൽ 14 മനുഷ്യജീവനുകൾ കൊലചെയ്യപ്പെട്ടു. അവിടെ മരണപ്പെട്ട എല്ലാവരുടെയും രക്തത്തിന്റെ നിറം ചുവപ്പുതന്നെയായിരുന്നു. അന്നത്തെ ബഹുമാന്യനായ മുഖ്യമന്ത്രിയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബും മറ്റാളുകളുംകൂടി മാറാട് സന്ദർശിക്കാൻ പോയപ്പോൾ നിങ്ങൾക്കുണ്ടായ അനുഭവമെന്തായിരുന്നു? നിങ്ങൾ വേണമെങ്കിൽ പൊയ്ക്കോളൂ, മറ്റുള്ളവർ പോകാൻ പാടില്ലെന്നുപറഞ്ഞ് തിരിച്ചയച്ചു. എല്ലാവരുംകൂടി തിരിച്ച് റെസ്റ്റ് ഹൗസിൽ പോയി. ആ സന്ദർഭത്തിൽ സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറിയായിരുന്ന ശ്രീ. പിണറായി വിജയൻ ശ്രീ. എളമരം കരീമിനെയും ശ്രീ. വി.കെ.സി. മമ്മത് കോയയെയുംകൂട്ടി മാറാട് സന്ദർശിക്കാൻ പോയി. നിങ്ങളോട് പറഞ്ഞതുപോലെ അവരോടും പറഞ്ഞു, എന്നാൽ ഇവിടെകിടന്ന് മരിച്ചല്ലാതെ തിരിച്ചുപോകില്ലെന്നും ഞങ്ങൾ ലക്ഷ്യസ്ഥാനത്തെത്തുമെന്ന് പറഞ്ഞ് അവരെ തട്ടിമാറ്റി മുന്നോട്ടുപോയ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവ് സഖാവ് പിണറായി വിജയൻ ഇപ്പോൾ സംസ്ഥാന മുഖ്യമന്ത്രിയാണ്. ആ ആളുകൾ ഇപ്പോൾ നിങ്ങളുടെ നിലപാടിൽ സംശയമുണ്ടെന്ന് ഞങ്ങളോട്

പറയുകയാണ്. ഈ സംശയകരമായ നിലപാട് സ്വീകരിച്ചവർ ഇപ്പോൾ നമ്മുടെ രാജ്യത്തെ രക്ഷിക്കാൻ പോകുകയാണ്. അത് വളരെ നല്ല കാര്യം. സ്വാതന്ത്ര്യാനന്തര ഭാരതം എത്രവർഷം കോൺഗ്രസ് ഭരിച്ചു? പ്രധാനമന്ത്രിയായി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു 16 വർഷവും ഇന്ദിരാഗാന്ധി 17 വർഷവും ഭരിച്ചു. അതിനുശേഷം ഒട്ടേറെ പേർ ഭരിച്ചു. കോൺഗ്രസ് പുതിയൊരു രാഷ്ട്രീയ പാർട്ടി രൂപീകരിച്ചെന്ന രീതിയിലാണ് ഇപ്പോഴത്തെ നിങ്ങളുടെ  സംസാരം. ഈ രാജ്യത്തെ ഉപ്പുതൊട്ട കലംപോലെയാക്കി മാറ്റുന്നതിനുവേണ്ട നിലപാട് സ്വീകരിച്ചവരാണ് കോൺഗ്രസ്. ആ കോൺഗ്രസിന് ഇപ്പോൾ പശ്ചാത്താപം തോന്നുന്നുണ്ടാകും.

ഞാൻ ഭാരത് ജോഡോ യാത്രയെക്കുറിച്ച് ഒരുകാര്യം പറയാം. രാജ്യത്ത് ഏറ്റവും കൂടുതൽ സീറ്റുകളുള്ളത് (80 സീറ്റ്) യു.പി.-യിലാണ്. 20 സീറ്റുകളുള്ള കേരളത്തിൽ  16 ദിവസമായിരുന്നു കോൺഗ്രസിന്റെ ഭാരത് ജോഡോ യാത്ര, എന്നാൽ 80 സീറ്റുകളുള്ള യു.പി.-യിൽ രണ്ട് ദിവസമേയുണ്ടായിരുന്നുള്ളൂ. ഇതൊക്കെ കോൺഗ്രസിന്റെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യുന്ന കാര്യങ്ങളാണ്. ആ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യുന്നവരുടെ  മെക്കിട്ട് കയറുകയല്ല വേണ്ടത്. ഭാരത് ജോഡോയാത്ര

പഞ്ചാബ് പര്യടനം പൂർത്തിയാക്കിയതിന്റെ പിറ്റേദിവസം പഞ്ചാബ് മുൻധനകാര്യമന്ത്രിയും കോൺഗ്രസ് നേതാവുമായ ശ്രീ. മൻപ്രീത് സിംഗ് ബാദൽ കോൺഗ്രസ് വിട്ട് ബി.ജെ.പി.-യിൽ ചേർന്നു. പഞ്ചാബിലെ ജോഡോ യാത്രയുടെ സംഘാടകനായ വ്യക്തി ഒന്ന് ഉണ്ടുറങ്ങി എഴുന്നേറ്റപ്പോൾ ബി.ജെ.പി.-യിലേയ്ക്ക് പോയി. ജമ്മുകാശ്മീരിലാണ് ഭാരത് ജോഡോ യാത്ര സമാപിച്ചത്. സംസ്ഥാനത്തെ കോൺഗ്രസ് പാർട്ടിയുടെ മുഖ്യവക്താവായ അഡ്വക്കേറ്റ് ശ്രീമതി ദീപിക സിംഗ് രജാവത് കഴിഞ്ഞ ദിവസം കോൺഗ്രസ് പാർട്ടിയിൽനിന്നും രാജിവച്ചത് പാർട്ടിക്കെതിരെ ശക്തമായ ഭാഷയിൽ ആഞ്ഞടിച്ചുകൊണ്ടാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് യു.ഡി.എഫ്.-നുവേണ്ടി പ്രചാരവേല നടത്താൻ കേരളത്തിൽവന്ന കോൺഗ്രസ് നേതാവായിരുന്ന ശ്രീമതി ദീപിക രാജിവയ്ക്കാൻ എന്താണ് കാരണം? മുൻ സംസ്ഥാന മന്ത്രിയും ബി.ജെ.പി. നേതാവുമായ ശ്രീ. ചൗധരി ലാൽ സിംഗിനെ ജോഡോ യാത്ര സമാപനവേദിയിൽ കോൺഗ്രസിലേയ്ക്ക് സ്വീകരിക്കാനുള്ള തീരുമാനത്തിൽ പ്രതിഷേധിച്ചാണ് അവർ രാജിവച്ചത്. ആരാണ് ശ്രീ. ചൗധരി ലാൽ സിംഗ്? 2018-ലെ കത്വ കേസിൽ റേപ്പിസ്റ്റുകളെ പരസ്യമായി ന്യായീകരിക്കാനും അവർക്കുവേണ്ടി റാലി നടത്താനും ഏറ്റവും ഒടുവിൽ കേസ് അട്ടിമറിക്കാനും മുന്നിൽനിന്ന

വ്യക്തിയാണ്. തന്റെ രാജി പ്രഖ്യാപിച്ചുകൊണ്ട് ശ്രീമതി ദീപിക ട്വിറ്ററിൽ കുറിച്ചിട്ടുണ്ട്. ജോഡോ യാത്ര മഹത്തരമാണ്, കേമമാണ്, സി.പി.ഐ.(എം) അതിന്റെ പിന്നാലെ പോകണമെന്നുപറഞ്ഞാൽ, കോൺഗ്രസിന്റെ നിലപാട് ജനങ്ങൾക്ക് ബോധ്യപ്പെടണമെന്നാണ് എനിക്ക് പറയാനുള്ളത്. കോൺഗ്രസ്സിന്റെ നിലപാടിൽ ജനങ്ങൾക്ക് സംശയമുണ്ട്. കോൺഗ്രസ് മൃദുഹിന്ദുത്വം സ്വീകരിക്കുന്നു, ബി.ജെ.പി. തീവ്രഹിന്ദുത്വം സ്വീകരിക്കുന്നു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ശ്രീ. രാഹുൽ ഗാന്ധിക്ക് കേരളത്തിൽവന്ന് അഭയംതേടേണ്ട സ്ഥിതി വന്നല്ലോ? കേരളത്തിലെ കോൺഗ്രസ്സിന്റെ കരുത്തുകൊണ്ടാണോ മത്സരിക്കാൻ വന്നത്; അല്ല, ഇടതുപക്ഷ ജനാധിപത്യപ്രസ്ഥാനത്തെ തകർക്കാൻവേണ്ടിയാണ്. പാർലമെന്റ് തെരഞ്ഞെടുപ്പിൽ പത്ത് സീറ്റ് ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് കിട്ടിയിരുന്നെങ്കിൽ നന്നായിരുന്നുവെന്ന് ഇപ്പോൾ ജനങ്ങൾ ചിന്തിക്കുകയാണ്. കോൺഗ്രസിന് വോട്ടുരേഖപ്പെടുത്തിയവർ ഇന്ന് പശ്ചാത്തപിക്കുകയാണെന്നർത്ഥം. പത്ത് ഇടതുപക്ഷക്കാരുണ്ടെങ്കിൽ പാർലമെന്റിൽ ശബ്ദകോലാഹലമെങ്കിലും ഉണ്ടാകും. കോൺഗ്രസുകാർ അതിനുപോലും പാർലമെന്റിലേയ്ക്ക് പോകുന്നില്ല. നിർണ്ണായകമായ വിഷയങ്ങളിൽ ഇടപെടുന്നില്ല. ആ സമയത്ത് മൂത്രമൊഴിക്കാനോ

കല്യാണത്തിനോ പോകുകയാണ് അവർ. കോൺഗ്രസ് ഇത്തരം നിലപാടുകൾ സ്വീകരിക്കുന്നതിൽ ജനങ്ങൾ ആശങ്കാകുലരാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ പത്ത് കമ്മ്യൂണിസ്റ്റുകാർ ജയിച്ചിരുന്നെങ്കിൽ മുസ്ലീംവിരുദ്ധ നിലപാടുകൾ, ജമ്മു കാശ്മീരിന്റെ പ്രശ്നം, ലക്ഷദ്വീപുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, മുസ്ലീം ചെറുപ്പക്കാർ വിവാഹമോചനം നടത്തിയാൽ ക്രിമിനൽ കേസാക്കുന്ന നടപടി അങ്ങനെ ഒട്ടേറെ വിഷയങ്ങൾക്കെതിരെ പ്രതികരിക്കുമായിരുന്നെന്ന് ജനങ്ങൾക്ക് ബോധ്യമായിട്ടുണ്ട്. ഭൂരിപക്ഷമുള്ളവർ ബിൽ പാസ്സാക്കിയാലും എതിർപ്പുകൾ പറയേണ്ടതല്ലേ; പത്ത് അംഗങ്ങളുണ്ടായിരുന്നെങ്കിൽ അതൊരു കരുത്തായിരുന്നു. അതുകൊണ്ടുതന്നെ വരാൻപോകുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇനി അബദ്ധം പറ്റില്ലെന്നാണ് ആളുകൾ പറയുന്നത്.

പോലീസിനെ സംബന്ധിച്ച് ശ്രീ. നജീബ് കാന്തപുരം പറഞ്ഞു. അദ്ദേഹം ഏത് രാജ്യത്താണ് ജീവിക്കുന്നത്; ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ അവസ്ഥയെന്താണ്; അവിടത്തെ പോലീസെടുക്കുന്ന നടപടികളെന്താണ്; അങ്ങോട്ടുമിങ്ങോട്ടും ഉന്തിയെന്നും അടിച്ചെന്നുമുള്ള പെറ്റി കേസുകളുണ്ടാകും. കഴിഞ്ഞ ഏഴ് വർഷത്തിനുള്ളിൽ കേരളത്തിൽ പ്രമാദമായ ഏതെങ്കിലുമൊരു കേസ് തെളിയിക്കപ്പെടാതെയിരുന്നിട്ടുണ്ടോ?

ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ശോഭകെടുത്താൻ കേരള ജനത നിങ്ങളെ അനുവദിക്കില്ല. വർഗ്ഗീയ കലാപമുണ്ടാകാത്ത സംസ്ഥാനമാണ് കേരളം. ആ അവസ്ഥ വരച്ചുകാണിച്ച് കേരളത്തെ ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകാനുള്ള കൂട്ടായ പരിശ്രമത്തിനുവേണ്ടി ആഹ്വാനം ചെയ്യുമ്പോൾ അതിൽ വേറിട്ടൊരു നിലപാട് സ്വീകരിച്ചാൽ ജനങ്ങൾ നിങ്ങളെ ഒറ്റപ്പെടുത്തുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. യു.ഡി.എഫ്.-ന്റെ ധവളപത്രത്തിൽ പറയുന്നത് കേരളം കട്ടപ്പുറത്തായ സംസ്ഥാനമെന്നാണ്. 2011 മുതൽ 2016 വരെ ബഹുമാന്യനായ ഉമ്മൻ ചാണ്ടിയുടെ ഭരണകാലത്ത് കട്ടപ്പുറത്ത് കയറ്റിയ വണ്ടിയാണ് 2016-ലെ തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് കിട്ടിയത്. ആ വണ്ടിയെ ഞങ്ങൾ റിപ്പയർ ചെയ്ത്, പോളിഷ് ചെയ്ത്, പെയിന്റടിച്ച്, യന്ത്രങ്ങൾ മാറ്റി, ഇപ്പോൾ വണ്ടി നന്നായി ഓടുകയാണ്. അഞ്ചുവർഷം സുഖമായി ഓടിക്കഴിഞ്ഞശേഷം ജനങ്ങൾ വീണ്ടും ആ വണ്ടിയെതന്നെ അധികാരം ഏൽപ്പിച്ചു. അങ്ങനെ ബഹുമാന്യനായ പിണറായി സഖാവിന്റെ നേതൃത്വത്തിലുള്ള ഈ വണ്ടി അതിന്റെ ലക്ഷ്യസ്ഥാനത്തേയ്ക്ക് കുതിക്കുകയാണ്. അത് ലക്ഷ്യസ്ഥാനത്ത് എത്തുകതന്നെ ചെയ്യും. അതിൽ ഒരാശങ്കയും വേണ്ടെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. പി. മമ്മിക്കുട്ടി കോൺഗ്രസ് അത്ര പോരെന്നും സി.പി.ഐ.(എം) ആണ് നല്ലതെന്നും പറഞ്ഞു, പക്ഷേ അതിലൊരു കുഴപ്പമുണ്ട്. നിങ്ങൾ എത്ര ഒച്ചയെടുത്താലും സഹ്യപർവ്വതത്തിനപ്പുറം കേൾക്കില്ല. കന്യാകുമാരിയിൽനിന്ന് ആരംഭിച്ച് വടക്കേ ഇന്ത്യവഴി പോകണമെങ്കിൽ ശ്രീ. രാഹുൽ ഗാന്ധിയെപ്പോലുള്ള ആരെങ്കിലും വേണ്ടിവരും. അതുകൊണ്ടുതന്നെ ഇന്ത്യൻ രാഷ്ട്രീയം വേറിട്ട് നിൽക്കുന്നത് തന്നെയാണ്. എല്ലാവരുംകൂടി ശ്രമിച്ചാൽ ഇന്ത്യൻ രാഷ്ട്രീയത്തിൽനിന്നും ബി.ജെ.പി.-യെ ഇറക്കാൻ സാധിക്കുമോയെന്നതാണ് ഇപ്പോൾ നമ്മുടെ മുന്നിലുള്ള പ്രശ്നം. എല്ലാ പാർട്ടികൾക്കും കൺഫ്യൂഷനുണ്ട്. ഇപ്പോൾ സി.പി.ഐ.(എം)-നുമുണ്ട്. കാരണം, ത്രിപുരയിൽ സഖ്യമാണ്. അതേയവസരത്തിൽ ജോഡോ യാത്രയിൽ പങ്കെടുക്കുന്നുമില്ല. എനിക്ക് ഇതുവരെ അതിന്റെ അർത്ഥം മനസ്സിലായിട്ടില്ല. ജോഡോ യാത്രയ്ക്ക് പോയതുകൊണ്ട് എന്താണ് അപകടം? എല്ലാവരും ഒന്നിച്ച് നിൽക്കുകയാണെന്ന സന്ദേശമല്ലേ അത് നൽകുന്നത്. കേരളത്തിൽ സി.പി.ഐ.(എം) എന്തുപറഞ്ഞാലും ഇന്ത്യൻ രാഷ്ട്രീയത്തിൽ ബി.ജെ.പി.-ക്ക് പകരമാകണമെങ്കിൽ, ആ വിടവ് നികത്താൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ് കൂടിയുണ്ടെങ്കിൽ മാത്രമെ സാധിക്കുകയുള്ളൂവെന്നത്

വസ്തുതയാണ്. സംസ്ഥാനത്ത് ഗവർണർ ഒരു കളി തുടങ്ങിയിരുന്നു. ഗവർണർ ഭരിക്കാൻ നിൽക്കുകയാണെന്ന് കണ്ടപ്പോൾ ഞങ്ങളെല്ലാവരും അതിനെ എതിർത്തു. അങ്ങനെ ചെയ്തത് ജനാധിപത്യം സംരക്ഷിക്കാനായിരുന്നു. ഇത് ഒറ്റപ്പെട്ട സംഭവമല്ല. ഗവർണർമാർ ഇന്ത്യയൊട്ടാകെ ഇത്തരത്തിൽ കളിക്കുകയാണ്. ഇപ്പോൾ ഇടതുപക്ഷം അദ്ദേഹത്തിന് നന്ദി പറയുകയാണ്. ഒരുകണക്കിന് അദ്ദേഹത്തിന് നിങ്ങൾ നന്ദിപറയണം. അധികം പരിക്കുകൾ കൂടാതെ രക്ഷപ്പെടുത്തിയതിനാണ് അദ്ദേഹത്തിന് നന്ദി പറയേണ്ടത്. ഏതായാലും ആ പ്രശ്നം അങ്ങനെ അവസാനിപ്പിച്ചു.

ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പുതിയ നിർദ്ദേശങ്ങൾ യാതൊന്നുമില്ല. രണ്ടാം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സ്ഥിതിഗതികൾ ഒട്ടും അഭികാമ്യവും ആശാവഹവുമല്ല. കഴിഞ്ഞ പ്രാവശ്യത്തെ നയപ്രഖ്യാപന പ്രസംഗത്തിലെ നിർദ്ദേശങ്ങളും ജലരേഖയായി മാറിയിരിക്കുകയാണ്. അതുകൊണ്ടുതന്നെ എന്ത് കാര്യങ്ങൾ പറഞ്ഞാലും നടപ്പിലാകാൻ പോകുന്നില്ല, കാരണം വളരെ ലളിതമാണ്, കയ്യിൽ ഫണ്ടില്ല. കയ്യിൽ കാശില്ലാതെ എന്തുചെയ്യും? കേരളത്തിലൊരു നിക്ഷേപ സൗഹൃദ അന്തരീക്ഷമുണ്ടോ? ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ചെറിയ സംരംഭങ്ങളുടെ കണക്ക് പറയുന്നുണ്ട്.

ഗൾഫിൽനിന്ന് മടങ്ങിവന്നവർ യാതൊരു ഗത്യന്തരവുമില്ലാത്ത സ്ഥിതിയിലാണ്. ജീവിതം പച്ചപിടിപ്പിക്കുന്നതിനുവേണ്ടി ചെറിയരീതിയിൽ തട്ടുകടയോ മറ്റോ തുടങ്ങും. അങ്ങനെയുള്ളതെല്ലാം കൂട്ടിച്ചേർത്ത് ചെറുകിട സംരംഭങ്ങളെന്ന് പറഞ്ഞിട്ട് കാര്യമില്ല. സംസ്ഥാനത്തൊരു നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കേണ്ടതുണ്ട്. കടകളിൽപോലും നിക്ഷേപ അന്തരീക്ഷത്തിന് കോട്ടം തട്ടിയതുപോലെയാണ്. തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ കഴിയുന്നില്ല. ടൂറിസം, വ്യവസായങ്ങൾ, ഐ.ടി. എന്നീ മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം. നിക്ഷേപം ശരിയായ രീതിയിൽ വരുന്നില്ല. യു.ഡി.എഫ്. ആദ്യം മുതൽ കിഫ്ബിയെ ഏറെ വിമർശിച്ചതാണ്. കിഫ്ബി ആർക്കോ തോന്നിയ ഒരു ആശയമാണ്. കിഫ്ബിവഴി ചെലഴിച്ച പണം ബഡ്ജറ്റിലൂടെ കണ്ടെത്തേണ്ട സാഹചര്യമാണുണ്ടായിട്ടുള്ളത്. ഒരു കോർപ്പറേഷൻപോലെ കിഫ്ബി രൂപീകരിച്ച് വായ്പയെടുക്കുന്നതും ഫൈനാൻസ് റെയ്സ് ചെയ്യുന്നതും നമുക്ക് മനസ്സിലാക്കാം, എന്നാലത് റെമ്യൂണറേറ്റീവാകണം. അതിൽനിന്നുതന്നെ വരുമാനമുണ്ടാകണം. നോർമൽ ഡെവലപ്മെന്റ് വർക്കിനൊക്കെ കടം കിട്ടാൻവേണ്ടിയുള്ള ഒരു ഷോർട്ട് കട്ടായിരുന്നു അത്. ഒരു വളഞ്ഞ

വഴിയെടുത്താൽ അത് അവസാനം പ്രശ്നമുണ്ടാകുമെന്ന് ഞങ്ങൾ തുടക്കത്തിൽത്തന്നെ നിശിതമായി വിമർശിച്ചതാണ്. എനിക്ക് തോന്നുന്നത് ബഡ്ജറ്റിനെ ബ്ലീഡ് ചെയ്യുന്ന ഒരു ഏർപ്പാടായി ആർക്കോ തോന്നിയ കിഫ്ബിയെന്ന ആശയം മുഴച്ചുനിൽക്കുകയാണ്. കിഫ്ബി കൊണ്ട് ഒരു കാര്യവുമില്ലാതെയായി. മൊത്തം കടത്തിന്റെ ഭാഗമായി അത് വന്നു. ഫിനാൻഷ്യൽ മാനേജ്മെന്റിൽ വലിയ തകരാറ് സംഭവിച്ചിരിക്കുന്നുവെന്നാണ് ഇതിൽ നിന്നുംകാണാൻ കഴിയുന്നത്.

മൊത്തത്തിൽ നോക്കുമ്പോൾ സംസ്ഥാനത്ത് വളരെ മോശമായ ഒരു അന്തരീക്ഷമാണുള്ളത്. ലഹരി മാഫിയ വർദ്ധിക്കുകയും ലാ ആൻഡ് ഓർഡറിൽ താളപ്പിഴ സംഭവിക്കുകയും ചെയ്തു. അന്ന് ഗവർണർ ബഹളമുണ്ടാക്കിയപ്പോൾ നടന്ന ചർച്ചയുടെ ഭാഗമായി ഉന്നതവിദ്യാഭ്യാസ മേഖല മെച്ചപ്പെടുന്ന സ്ഥിതിയെങ്കിലുമുണ്ടാകുമെന്ന് പ്രതീക്ഷിച്ചു. അതിനെകുറിച്ച് ഇപ്പോൾ യാതൊരു സംസാരവുമില്ല. യൂണിവേഴ്സിറ്റിയിൽ ഒരു ക്വാളിറ്റി ചെയ്ഞ്ച് കൊണ്ടുവരാതെ നമുക്ക് മുന്നോട്ടുപോകാൻ സാധിക്കുമോ? സംസ്ഥാനത്തിന്റെ മുഖ്യമായ വരുമാനമാർഗ്ഗം മദ്യത്തിൽനിന്നും ലോട്ടറിയിൽനിന്നുമുള്ളതാണ്. ശേഷിക്കുന്ന മറ്റൊന്ന് എൻ.ആർ.ഐ. റെമിറ്റൻസാണ്. ഇപ്പോൾ അതിന്റെ സ്ഥിതിയെന്താണ്?

എൻ.ആർ.ഐ. റെമിറ്റൻസിന്റെ കാര്യത്തിൽ വല്ലാതെ താഴോട്ടുപോയി. വിദേശത്തുനിന്നുള്ള വരുമാനം ഗണ്യമായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. മഹാരാഷ്ട്ര, ഡൽഹി തുടങ്ങിയ മറ്റ് സംസ്ഥാനങ്ങളിൽ അത് വർദ്ധിക്കുന്നു. അടിസ്ഥാനപരമായി ഇതിന്റെ കാരണം നമ്മുടെ വിദ്യാഭ്യാസത്തിന്റെ കുഴപ്പമാണെന്ന് കാണാൻ കഴിയും. ഒരുകാലത്ത് മലയാളികൾക്ക് സാമാന്യ വിദ്യാഭ്യാസമുണ്ടായിരുന്നു. ഗൾഫ് രാജ്യങ്ങൾ, നോർത്ത് അമേരിക്ക, യൂറോപ്പ് തുടങ്ങിയ രാജ്യങ്ങളിൽ ജോലി ലഭിക്കാൻ ആ വിദ്യാഭ്യാസം മതിയായിരുന്നു. ഇന്നത്തെ സ്ഥിതിഗതികളാകെ മാറിയിരിക്കുന്നു. ഇന്ന് ലഭിക്കുന്ന സർട്ടിഫിക്കറ്റും വൈദഗ്ദ്ധ്യവുമായി പോയാൽ എവിടെയാണ് ജോലി കിട്ടുന്നത്? ലോകമിന്ന് ശാസ്ത്ര സാങ്കേതിക രംഗത്ത് അതിവേഗം മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ കുട്ടികൾക്കും ഉയർന്ന വിദ്യാഭ്യാസ യോഗ്യതകളുണ്ട്. എന്നാൽ അതുമായി വിദേശരാജ്യങ്ങളിൽ പോയാൽ എന്തെങ്കിലും കാര്യമുണ്ടോ? ഏറ്റവും ബെസ്റ്റ് യൂണിവേഴ്സിറ്റികളിൽ ഇന്ത്യയിലുള്ള 200 എണ്ണത്തിനകത്തുപോലും കേരളം വരുന്നില്ല. ഇന്ത്യയും വരുന്നില്ല. നമ്മുടെ രാജ്യം തന്നെ വരുന്നില്ല, അപ്പോൾ കേരളത്തിന്റെ കാര്യം പറയുകയും വേണ്ട. കേരളത്തിൽ പഠിച്ച്, വിദേശത്തുപോയി ജോലി നേടുകയെന്നുള്ളത് അസാധ്യമായിത്തീരുന്നു. അത് മനസ്സിലാക്കിയിട്ടാണ്

നമ്മുടെ കുട്ടികൾ വിദേശത്തേയ്ക്ക് പോകുന്നത്. അതിന്റെ ഫലമാണ് ഗൾഫ് രാജ്യങ്ങളിലും യൂറോപ്പിലും അമേരിക്കയിലുമൊക്കെ അവസരങ്ങൾ കുറഞ്ഞുവരുന്നത്. യോഗ്യതയുള്ളവർക്കാണ് അവസരങ്ങൾ ലഭിക്കുന്നത്. വിദ്യാഭ്യാസത്തിൽ നമ്മൾ മുൻപന്തിയിലായിരുന്നു. ഇപ്പോൾ ഉന്നതവിദ്യാഭ്യാസ മേഖലയിൽ സംഭവിച്ച ജീർണ്ണത ഗൗരവമേറിയതാണ്. ഈ മേഖലയിൽ പരിഷ്കാരം കൊണ്ടുവരാൻ ഞങ്ങളൊക്കെ എത്രയോ തവണ ശ്രമിച്ചതാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് GIM-ലും എമർജിംഗ് കേരളയിലുമൊക്കെ വിദേശത്തുനിന്നുള്ള കോമ്പറ്റിറ്റീവായിട്ടുള്ള കമ്പനികളെ കൊണ്ടുവന്ന് ഇവിടത്തെ യൂണിവേഴ്സിറ്റികളുമായി കരാറിലേർപ്പെട്ടതാണ്. പക്ഷേ അതികർശനമായി അന്ന് അതിനെ എതിർത്ത ഇടതുപക്ഷമാണ് ഇപ്പോൾ സ്റ്റേറ്റ്മെന്റ് ഇറക്കുന്നത്. ഇതൊക്കെ ആവശ്യമാണെന്നും എന്നും ഒരേ പോലെയല്ലെന്നുമാണ് സ്റ്റേറ്റ്മെന്റ്. ഇടതുപക്ഷം വളരെ വൈകിപ്പോയി, നിങ്ങൾ എത്രയോ ബസ് മിസ് ചെയ്തു. കേരളം ഒരു വലിയ ദൂഷിതവലയത്തിലാണെന്നാണ് ഞാൻ പറഞ്ഞുവരുന്നത്. കടം വർദ്ധിക്കുന്നുവെന്ന് ഞങ്ങൾ പറയുമ്പോൾ ഞങ്ങളുടെ ധവളപത്രത്തിൽ ഇതൊന്നും ഇല്ലാത്തതാണെന്ന് കരുതരുത്. പ്രതിപക്ഷം ഉന്നയിക്കുന്ന ചില സംഗതികൾ വളരെ ഗൗരവമുള്ളതാണ്.

നിങ്ങളുടെ നയത്തിൽ കാര്യമായ പ്രശ്നങ്ങളുണ്ടെന്നതാണ് എന്റെ പക്ഷം. ആർ.ബി.ഐ. നടത്തിയ ഒരു പഠനത്തിൽ 2006 മുതൽ 2011 വരെയുള്ള ഇടതുപക്ഷ ഗവൺമെന്റിന്റെ സമയത്തെ ഗ്രാഫ് പരിശോധിച്ചാൽ കടം വർദ്ധിച്ചുവരുന്നതായി കാണാം. അതുപോലെ 2011 മുതൽ 2016 വരെയുള്ള യു.ഡി.എഫ്.-ന്റെ ഭരണകാലഘട്ടത്തിൽ കടത്തിന്റെ ശതമാനം കുറഞ്ഞുകുറഞ്ഞു വരുന്നു. ഇപ്പോൾ വീണ്ടും ഗണ്യമായി വർദ്ധിച്ചിരിക്കുകയാണ്. അതുകൊണ്ടുതന്നെ പ്രൊഡക്ടീവല്ലാത്ത നിലയിൽ ഒരുപാട് പണം ചെലവായിപ്പോകുന്നുണ്ട്. നിക്ഷേപ സൗഹൃദ അന്തരീക്ഷവും തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ കഴിയുന്നില്ല, ലാ ആൻഡ് ഓർഡർ സാഹചര്യം താറുമാറായിരിക്കുന്നു, ഇതെല്ലാം കാണുമ്പോൾ ശുഭകരമായ ഒരു കാലഘട്ടമല്ല നമ്മുടെ മുന്നിലുള്ളതെന്ന് മനസ്സിലാകും. ഗവർണറുടെ നയപ്രഖ്യാപനപ്രസംഗത്തിന് യാതൊരു അർത്ഥവുമില്ലാതാകും, പറഞ്ഞത് വെറും പാഴ്വാക്കായിപോകും. ചെലവഴിക്കാൻ പണമില്ലാത്ത ഒരു ഗവൺമെന്റിന്റെ hollow words ആയി ഇതൊക്കെ മാറുമെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീമതി സി. കെ. ആശ: സർ, ബഹുമാനപ്പെട്ട ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തിന് ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച

നന്ദിപ്രമേയത്തെ പൂർണ്ണമായും ഞാൻ പിന്തുണയ്ക്കുന്നു. സമഗ്രവും സുസ്ഥിരവുമായ വികസനം ഉറപ്പാക്കുന്നതിൽ എൽ.ഡി.എഫ്. സർക്കാരിന്റെ പ്രതിബദ്ധത ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽനിന്നും വ്യക്തമാണ്. കഴിഞ്ഞ ആറര വർഷമായി കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ നടത്തിയ ഭരണനേട്ടങ്ങൾ എണ്ണിപ്പറഞ്ഞും നവകേരള വികസനം യാഥാർത്ഥ്യമാക്കുന്നതിനുള്ള ദിശാബോധം നൽകിയും കേരള സർക്കാരിന്റെ നയം പ്രഖ്യാപിച്ചു. ഭരണഘടനയ്ക്കും ഫെഡറൽ സംവിധാനത്തിനുമുള്ള ഭീഷണികളെയും നയപ്രഖ്യാപനത്തിൽ എടുത്തുപറഞ്ഞുവെന്നുള്ളത് ഈ കാലഘട്ടത്തിൽ പ്രസക്തമാണ്. നവകേരള നിർമ്മിതിയിലേയ്ക്ക് കുതിക്കുന്ന സർക്കാരിന്റെ ഡിജിറ്റൽ പുരോഗതി, ശാസ്ത്രബോധം, ഉൽപ്പാദനത്തിന്റെ പുതിയതലം, മാന്യമായ തൊഴിൽ സൃഷ്ടിക്കൽ, സാമൂഹ്യ സുരക്ഷ, സാമ്പത്തിക വളർച്ച തുടങ്ങിയവയെല്ലാം നയപ്രഖ്യാപനത്തിൽ പരാമർശിക്കപ്പെട്ടു. എനിക്കുമുമ്പ് സംസാരിച്ച ഭരണപക്ഷ അംഗങ്ങൾ പറഞ്ഞതുപോലെ ഗവർണർ കേരളത്തിലെ ഭരണസംവിധാനത്തിനെതിരായി വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നുള്ള പ്രതിപക്ഷത്തിന്റെ പ്രതീക്ഷകളെയെല്ലാം മറികടന്നുകൊണ്ട് സമഗ്രവും സുസ്ഥിരവുമായ വികസനം കൈവരിക്കുന്നതിനായി നടത്തിയ

നയപ്രഖ്യാപനത്തിലൂടെ ഗവർണർ അദ്ദേഹത്തിന്റെ ഭരണഘടനാപരമായ ചുമതല നിർവ്വഹിക്കുകയാണ് ചെയ്തത്. കേരളത്തിന്റെ നേട്ടങ്ങൾക്കെല്ലാം അന്താരാഷ്ട്ര സ്ഥാപനങ്ങൾ അംഗീകാരം നൽകുമ്പോഴും പ്രതിപക്ഷത്തിനുമാത്രം അത് അംഗീകരിക്കാൻ ഇപ്പോഴും പ്രയാസമാണ്. എനിക്കുമുമ്പ് സംസാരിച്ച പ്രതിപക്ഷാംഗങ്ങളെല്ലാം ഇവിടെ അത്തരത്തിലുള്ള പരാമർശങ്ങളാണ് നടത്തിയത്. സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളെ അംഗീകരിക്കുന്നതിനുപകരം മറ്റുതലങ്ങളിൽനിന്ന് ഒട്ടേറെ വിഷയങ്ങൾ പറയുകയുണ്ടായി. ഭാരത് ജോഡോ യാത്രയുടെ കാര്യങ്ങളാണ് ബഹുഭൂരിപക്ഷം പ്രതിപക്ഷാംഗങ്ങളും അവരുടെ പ്രസംഗത്തിൽ പരാമർശിച്ചത്. അത്തരം വിഷയങ്ങളിലേയ്ക്ക് നയപ്രഖ്യാപന ചർച്ചയെ വഴിതിരിച്ചുവിടുന്ന ഒരു സമീപനംകൂടി ഈ ചർച്ചയിൽ കാണാൻ സാധിച്ചു. രാഷ്ട്രം എഴുപത്തിനാലാം റിപ്പബ്ലിക്കും ഗാന്ധിജിയുടെ എഴുപത്തിയഞ്ചാം രക്തസാക്ഷിത്വവും ആചരിക്കുന്ന സമയത്താണ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ബഡ്ജറ്റുകൾ അവതരിപ്പിക്കപ്പെടുന്നത്. കേന്ദ്രവും സംസ്ഥാന സർക്കാരും സ്വീകരിക്കുന്ന നയസമീപനങ്ങൾ ഈ സാഹചര്യത്തിൽ എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. മറ്റൊരു കാര്യം, രാഷ്ട്രപിതാവിനെ വധിച്ച അതേ പ്രത്യയശാസ്ത്രത്തിന്റെ പ്രയോക്താക്കളാണ്

ഇന്ന് രാജ്യം ഭരിക്കുന്നതെന്നുള്ളത് വളരെയേറെ പ്രസക്തമാണ്. രാജ്യത്തിന്റെ ചരിത്രവും ഭാവിയും എവിടെ എത്തിനിൽക്കുന്നുവെന്ന് നാം ഈ അവസരത്തിൽ പരിശോധിക്കേണ്ടതാണ്. രാജ്യത്തിന്റെ ചരിത്രം തമസ്കരിക്കുന്നതിനോ വളച്ചൊടിക്കുന്നതിനോ ഉള്ള വലിയ ശ്രമങ്ങൾ ഭരണത്തെ മുൻനിർത്തി ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും സ്വീകരിക്കുമ്പോൾ ചരിത്രത്തിൽ ഇടംനേടാനുള്ള അവരുടെ ഒരു വെപ്രാളമായി മാത്രം നമുക്കതിനെ നോക്കിക്കാണാൻ കഴിയില്ല. അതിനുപിന്നിൽ വലിയൊരു രാഷ്ട്രീയ അജണ്ടയുണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം. 1925-ൽ രൂപീകൃതമായ ആർ.എസ്.എസ്. 2025 ആകുമ്പോൾ അതിന്റെ നൂറാം വാർഷികം ആഘോഷിക്കും. ലോകത്തിലെതന്നെ ഏറ്റവും വലിയ ജനാധിപത്യ മതേതര റിപ്പബ്ലിക്കിനെ ഹിന്ദുരാഷ്ട്രമായി പ്രഖ്യാപിക്കുകയെന്നുള്ളതാണ് നൂറാം ജന്മദിനം ആഘോഷിക്കുന്ന അവസരത്തിൽ രാജ്യത്തോടുള്ള പ്രഖ്യാപനമായി അവർ നടത്താൻ തീരുമാനമെടുത്തിട്ടുള്ളത്. അതിനുള്ള ഓരോ നടപടികളാണ് കഴിഞ്ഞ എട്ടുവർഷക്കാലത്തെ നരേന്ദ്രമോദി ഗവൺമെന്റിന്റെ ഭരണത്തിലൂടെ രാജ്യത്ത് നടത്തിയിട്ടുള്ളത്. അതിന്റെ ഭാഗമായി ചരിത്രത്തെ വളച്ചൊടിക്കേണ്ട ആവശ്യകതയുണ്ട്. ചരിത്ര ഗവേഷണ കൗൺസിലിൽ

അവരുടെ ഇഷ്ടക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നവരെ റിക്രൂട്ട് ചെയ്തുകൊണ്ട് ചരിത്രത്തെ വളച്ചൊടിക്കുന്ന സമീപനങ്ങളാണ് സ്വീകരിക്കുന്നത്. രാഷ്ട്രത്തിന്റെ ചരിത്രത്തിൽ ഒരു സ്ഥലത്തുപോലും ഇടംനേടാനാകാത്തതിന്റെ വൈഷമ്യങ്ങൾ പുറത്തുവരുന്നു. രാഷ്ട്രപിതാവിന്റെ രക്തസാക്ഷിത്വ ദിവസം ഒരു പ്രമുഖ പത്രത്തിൽ ആർ.എസ്.എസ്.-നെ പോലുള്ള ഒട്ടേറെ പ്രസ്ഥാനങ്ങളുടെ പരിശ്രമമാണ് ഇന്ത്യൻ സ്വാതന്ത്ര്യമെന്ന ഒരു വാചകം കൊടുത്തുവെന്നതും ശ്രദ്ധേയമാണ്. സ്വാതന്ത്ര്യ സമരത്തിൽ ആർ.എസ്.എസ്.-ന്റെ പങ്ക് എവിടെയാണെന്ന് ചരിത്രകുതുകികളായ ആർക്കും വിശകലനം ചെയ്യുകയോ പരിശോധിക്കുകയോ ചെയ്യാം. ഒരുപങ്കും വഹിക്കാത്ത ആർ.എസ്.എസ്.-നെയാണ് ഇത്തരത്തിൽ വെള്ള പൂശുന്നതിനുള്ള ശ്രമങ്ങൾ മാധ്യമങ്ങളുടെയും കോർപ്പറേറ്റുകളുടെയും നേതൃത്വത്തിൽ നടക്കുന്നതെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. എങ്ങനെയാണ് രാഷ്ട്രപിതാവ് രക്തസാക്ഷിത്വം വരിച്ചതെന്നുള്ളതിന്റെ സംശയങ്ങൾ കുട്ടികളിൽപ്പോലും ജനിപ്പിക്കുന്ന തരത്തിലുള്ള ചോദ്യങ്ങൾ സ്കൂൾ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തുന്നു. ഗാന്ധിജി ആത്മഹത്യ ചെയ്തത് എങ്ങനെയെന്നുള്ള തരത്തിലുള്ള ചോദ്യങ്ങൾ പാഠഭാഗങ്ങളിലും ചോദ്യപേപ്പറിലും ഉൾപ്പെടുത്തുമ്പോൾ ഇവരുടെ രാഷ്ട്രീയ ലക്ഷ്യം

മറ്റൊന്നുമല്ലെന്ന് നമുക്ക് പറയാൻ സാധിക്കും. ഇത്തരം അജണ്ടകൾ നടപ്പിലാക്കുന്നത് വർത്തമാന കാലത്തിലായാലും ഭാവിയിലായാലും ഇന്ത്യയുടെ മൂലധനം കോർപ്പറേറ്റുകളുടെ കൈകളിലേയ്ക്ക് കൊടുക്കുന്ന ഒരു നയസമീപനത്തെയാണ് സൂചിപ്പിക്കുന്നത്. അത്തരത്തിലുള്ള ഏതാനും ചിലരുടെ കൈകളിലേയ്ക്ക് രാജ്യത്തിന്റെ സമ്പത്ത് ഏകീകരിക്കുന്നതിനുള്ള പരിശ്രമങ്ങളിൽ അല്ലെങ്കിൽ അതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്ക് കേന്ദ്രത്തിന്റെ സാമ്പത്തിക നയം മാറുന്നുവെന്നുള്ളത് രാജ്യത്തെ വളരെയേറെ ആശങ്കപ്പെടുത്തുന്നതാണ്. ഏതാനും ദിവസങ്ങളായി നാം പത്രമാധ്യമങ്ങളിലൂടെ കാണുന്ന വാർത്തകൾ ഒരർത്ഥത്തിൽ ഇന്ത്യയിലെ എല്ലാ ജനങ്ങളെയും ആശങ്കപ്പെടുത്തുന്നതാണ്. ലോകത്തിലെ ഏറ്റവും വലിയ ധനാഢ്യനായ ശ്രീ. അദാനി ധനാഢ്യരുടെ പട്ടികയിലെ രണ്ടാം സ്ഥാനത്തുനിന്നും താഴേയ്ക്ക് കൂപ്പുകുത്തുന്ന സാഹചര്യം ഇന്ത്യയിലെ എല്ലാവരെയും ആശങ്കപ്പെടുത്തുന്നുണ്ട്. രാജ്യത്തിന്റെ മൂലധനം കൊള്ളയടിക്കുന്നതിനുള്ള സാഹചര്യങ്ങൾ കേന്ദ്ര സർക്കാർ ചെയ്തുകൊടുത്തതുകൊണ്ട് അദ്ദേഹം സൃഷ്ടിച്ച സാമ്രാജ്യത്വത്തിന്റെ കീഴിലാണ് ഇന്ന് ഇന്ത്യയുടെ നിലനിൽപ്പെന്നുള്ള വസ്തുതയുള്ളതുകൊണ്ടാണ് ജനങ്ങൾ അദ്ദേഹത്തിന്റെ വീഴ്ചയിൽ ആശങ്കപ്പെടുന്നത്. രാജ്യത്തിന്റെ

സാമ്പത്തിക വിഷയങ്ങൾ അത്രമേൽ ഗുരുതരമായ സാഹചര്യത്തിലേയ്ക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നതെന്ന് നമുക്ക് കാണാൻ സാധിക്കും. കഴിഞ്ഞ ദിവസം സോഷ്യൽ മീഡിയയിൽ വന്ന ഒരു ചിത്രമുണ്ട്. ശ്രീ. മുകേഷ് അംബാനി മകന്റെ വിവാഹവുമായി ബന്ധപ്പെട്ട് ഗുരുവായൂർ ക്ഷേത്രനടയിൽ തൊഴുതുനിൽക്കുന്ന ഒരു ചിത്രമാണത്. പണ്ട് കുചേലൻ ശ്രീകൃഷ്ണനെ കാണാൻ പോകുന്ന രംഗം നമുക്കെല്ലാം അറിയാവുന്നതാണ്. അവിൽപ്പൊതിയുമായി കുചേലൻ തന്റെ സതീർത്ഥ്യനെ കാണാൻ പോകുന്ന രംഗവും അവിടെ പോകുമ്പോൾ ചോദിക്കാൻ കുറേ കാര്യങ്ങൾ മനസ്സിലുണ്ടായിരുന്നിട്ടും ഒന്നും ചോദിക്കാൻ കഴിയാതിരുന്നതും എന്നാൽ ശ്രീകൃഷ്ണൻ മനസ്സറിഞ്ഞ് അദ്ദേഹത്തിന് എല്ലാം കൊടുക്കുന്നതുമായ കാവ്യഭാഗം നമ്മൾ  പഠിച്ചിട്ടുള്ളതാണ്. എന്നാൽ ശ്രീ. മുകേഷ് അംബാനി ഗുരുവായൂരപ്പനെ തൊഴുതുനിൽക്കുന്ന ചിത്രം കണ്ടപ്പോൾ എന്റെ മനസ്സിൽ പെട്ടെന്ന് തോന്നിയത്  'എന്തെങ്കിലും വേണമെങ്കിൽ പറയണം കേട്ടോ, അതിന് മടിക്കേണ്ട' എന്ന് അദ്ദേഹം ശ്രീകൃഷ്ണനോട് പറയുന്നതുപോലെയാണ്. അത്തരത്തിൽ ഗുരുവായൂരപ്പനോട് ചോദിക്കുന്ന മുഖഭാവത്തോടുകൂടി ശ്രീ. മുകേഷ് അംബാനി നിൽക്കുന്ന സാഹചര്യം ഇന്ന്  ഇന്ത്യയിൽ സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ അതിന് പിന്നിൽ കേന്ദ്രം ഭരിക്കുന്ന

ഭരണകൂടത്തിന്റെ സാമ്പത്തിക താൽപ്പര്യങ്ങൾ അല്ലെങ്കിൽ അവരുടെ കോർപ്പറേറ്റ് താൽപ്പര്യങ്ങളാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

നയപ്രഖ്യാപന പ്രസംഗത്തിലുടനീളം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും ആരോഗ്യ-വിദ്യാഭ്യാസ, ഭവനനിർമ്മാണ, കാർഷിക, വ്യവസായ മേഖലകളിലെല്ലാം നേട്ടം കൊയ്ത് ജനങ്ങളോടൊപ്പം നിൽക്കുന്ന ഗവൺമെന്റാണെന്ന് ഏറ്റവും ശക്തമായി പറയുമ്പോഴും അതിനോടൊപ്പം നാം ചേർത്തുവായിക്കേണ്ടത് കേന്ദ്ര ഗവൺമെന്റ് ഇന്നലെ അവതരിപ്പിച്ച ബഡ്ജറ്റാണ്. ഈ രാജ്യത്തെ ഏറ്റവും ദരിദ്രരായ കുടുംബാംഗങ്ങൾക്കുപോലും നിശ്ചിതമായ നൂറ് ദിവസത്തെ തൊഴിലും അതിലൂടെ കൃത്യമായ വേതനവും ഉറപ്പുനൽകുന്ന തൊഴിലുറപ്പ് പദ്ധതിയുടെ തുക ഗണ്യമായി വെട്ടിക്കുറച്ചു. കാർഷിക മേഖലയുടെ ഉന്നതിക്കായി യാതൊരു നിർദ്ദേശവും ബഡ്ജറ്റിലില്ല. ഇത്തരത്തിലുള്ള സമീപനം കേന്ദ്ര ഗവൺമെന്റിന് ആരോടാണ് താൽപ്പര്യമെന്നത് എടുത്തു സൂചിപ്പിക്കുന്നതാണ്. അത് നമുക്ക് അക്ഷരാർത്ഥത്തിൽ മനസ്സിലാകുന്ന കാര്യമാണെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എം. എം. മണി: സർ, ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തേയും ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച നന്ദിപ്രമേയത്തേയും ഞാൻ പിന്താങ്ങുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കഴിഞ്ഞ നാളുകളിൽ ചെയ്തതും ഭാവിയിൽ ചെയ്യാൻ പോകുന്നതുമായ കാര്യങ്ങളുടെ വ്യക്തമായ ചിത്രം നയപ്രഖ്യാപന പ്രസംഗത്തിലുണ്ടെന്ന് വിശദമായി പരിശോധിച്ചാൽ കാണാൻ സാധിക്കും. സംസ്ഥാനത്ത് എൽ.ഡി.എഫ്. സർക്കാരിന്റെ തുടർഭരണമാണ് ഇപ്പോഴുള്ളത്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് മുമ്പൊരിക്കലും തുടർഭരണം ലഭിച്ചിട്ടില്ല. എന്നാൽ 2016-ൽ അധികാരത്തിൽവന്ന ഒന്നാം പിണറായി വിജയൻ സർക്കാർ ചെയ്ത ജനക്ഷേമ പരിപാടികളുടെ അംഗീകാരമെന്ന നിലയിലാണ് ഒരു തുടർ ഗവൺമെന്റിന് മികച്ച ഭൂരിപക്ഷമായ 99 സീറ്റും ബഹുഭൂരിപക്ഷ വോട്ടും നേടി അധികാരത്തിൽ വരാൻ കഴിഞ്ഞതെന്ന കാര്യം നമുക്കെല്ലാം അറിയാവുന്നതാണ്. ആ ഗവൺമെന്റിന്റെ പ്രവർത്തന മികവ് എടുത്തുകാണിക്കുന്നതാണ് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം.

ഗവർണ്ണറും ഗവൺമെന്റും തമ്മിൽ ചില തർക്കങ്ങളുണ്ടായപ്പോൾ അതിൽ എതിർക്കേണ്ട വിഷയങ്ങളെ ഞങ്ങൾ എതിർത്തിട്ടുണ്ട്. അതേസമയം ഗവൺമെന്റിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ

ഭരണഘടനാപരമായ ബാധ്യത ഗവർണ്ണർ നിറവേറ്റുന്നുവെന്ന് കണ്ടപ്പോൾ ബഹുമാന്യരായ പ്രതിപക്ഷത്തിന് ഒരൽപ്പം ആശങ്കയും വിഷമവും മനഃക്ലേശവുമുണ്ടായെന്ന് ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. നയപ്രഖ്യാപന പ്രസംഗം ഗവർണ്ണർ അദ്ദേഹത്തിന് തോന്നുന്നതുപോലെ വായിക്കുമെന്നും അദ്ദേഹം ഫ്ലോറിൽ വരില്ലെന്നും പ്രതിപക്ഷം സ്വപ്നം കണ്ടു. എന്നാൽ അദ്ദേഹം വന്നു. മന്ത്രിസഭ അംഗീകരിച്ച നയപ്രഖ്യാപനം പൂർണ്ണമായും അദ്ദേഹം അവതരിപ്പിക്കുമെന്നുള്ളത് പ്രതിപക്ഷം ഒരിക്കലും പ്രതീക്ഷിക്കാത്ത കാര്യമാണ്. അതിന്റെ ഒരു നിരാശാബോധം പ്രതിപക്ഷാംഗങ്ങളുടെ പ്രതികരണത്തിലുണ്ട്. അതുകൊണ്ട് പ്രതിപക്ഷം ക്രിയാത്മകവും ശരിയായതുമായ നിലപാട് സ്വീകരിക്കണമെന്ന് ഈ അവസരത്തിൽ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. ശ്രീ. രാഹുൽ ഗാന്ധിയുടെ ജോഡോ യാത്രയിൽ ഞങ്ങൾ ചേർന്നില്ലെന്നാണ് പ്രതിപക്ഷം പറയുന്നത്. അദ്ദേഹം നയിക്കുന്ന കോൺഗ്രസിന്റെ യാത്രയോടൊപ്പം ചേർന്നാൽ ഞങ്ങളുടെ ഗതി നിങ്ങളുടേതുപോലാകും. അക്കാര്യത്തിൽ ഒരു സംശയവുമില്ല. അതുകൊണ്ട് നിങ്ങളുടെകൂടെ ഞങ്ങൾ ചേരുകയില്ല. നിർണ്ണായക ഘട്ടത്തിൽ ഞങ്ങൾ എന്ത് നിലപാടാണ് സ്വീകരിക്കുന്നതെന്ന് നിങ്ങൾക്ക് അറിയാവുന്നതാണ്.

ഡോ. മൻമോഹൻ സിംഗ് ഗവൺമെന്റ് അധികാരത്തിൽ വന്ന ഘട്ടത്തിൽ ഞങ്ങളുടെ പാർട്ടിയും ഇടതുപക്ഷ മുന്നണിയും സ്വീകരിച്ച നിലപാട് വളരെ വ്യക്തമല്ലേ? മാത്രവുമല്ല, വെയിൽകൊണ്ട് നടക്കേണ്ട ബാധ്യത രാഹുൽ ഗാന്ധിക്കുണ്ടല്ലോ; 60 വർഷക്കാലം ഭരണം നയിച്ചവർ അവസാനം ഗാന്ധിജിയെ കൊന്നവരുടെ കയ്യിൽ ഇന്ത്യയുടെ ഭരണം ഏൽപ്പിച്ചുകൊടുത്ത ദുരന്തം സൃഷ്ടിച്ചത് കോൺഗ്രസ്സല്ലേ? ആർക്കെങ്കിലും അക്കാര്യം നിഷേധിക്കാൻ കഴിയുമോ? അതുകൊണ്ട് ശ്രീ. രാഹുൽ ഗാന്ധിയും അദ്ദേഹത്തിന്റെ മാതാവും സഹോദരിയുമെല്ലാം കുറച്ച് നടക്കേണ്ടതുണ്ടെന്നാണ് എന്റെ അഭിപ്രായം. ശ്രീ. കെ. സി. വേണുഗോപാൽ നടക്കുന്നതിലും ഞങ്ങൾക്ക് വിഷമമൊന്നുമില്ല. കാരണം, അവർക്ക് നടക്കാനുള്ള ബാധ്യതയുണ്ട്. മൃഗീയ ഭൂരിപക്ഷത്തോടെ ജവഹർലാൽ നെഹ്റുവിനെ അന്ന് ഭരണം ഏൽപ്പിച്ചതാണ്. ജവഹർലാൽ നെഹ്റു, ലാൽ ബഹദൂർ ശാസ്ത്രി, ഇന്ദിരാ ഗാന്ധി, രാജീവ് ഗാന്ധി എന്നിവരുടെയെല്ലാം ഭരണം നമ്മൾ കണ്ടതാണ്. യു.പി.എ. ഗവൺമെന്റിനെ ഇടതുപക്ഷം സർവ്വാത്മനാ പിന്താങ്ങിയില്ലേ? ഞങ്ങൾക്ക് വ്യക്തമായ നിലപാടുണ്ട്. ആ ഗവൺമെന്റിൽ സ്ഥാനം തരാമെന്ന് പറഞ്ഞിട്ടും ഞങ്ങൾ അവരോടൊപ്പം ചേരാതെ പിന്താങ്ങുക മാത്രമാണ് ചെയ്തത്. കോൺഗ്രസ്സിനോടൊപ്പം

ചേർന്ന് ഒരു മുന്നണിയുണ്ടാക്കാൻ ഞങ്ങളുടെ പാർട്ടിക്ക് കഴിയില്ല. കാരണം നിങ്ങളുടെ കയ്യിലിരിപ്പും നയവും അതാണ്. അത് ഇന്ത്യയിൽ നിങ്ങൾ തെളിയിച്ചുകഴിഞ്ഞതുമാണ്. അതുകൊണ്ട് ശ്രീ. രാഹുൽ ഗാന്ധിക്ക് ജാഥ നടത്തി വിയർക്കേണ്ട ബാധ്യതയുണ്ട്, അക്കാര്യത്തിൽ ഒരു സംശയവുമില്ല. ആ ജാഥയുടെ ഫലം പ്രത്യേകിച്ച് ഉത്തരേന്ത്യയിൽ കോൺഗ്രസ്സിന് ലഭിക്കട്ടെ, ശ്രീ. രാഹുൽ ഗാന്ധിയുടെ നാട്ടിലുണ്ടായാൽ ഏറ്റവും സന്തോഷം. ഭാവിയിൽ ശ്രീ. നരേന്ദ്ര മോദിക്ക് അധികാരം നഷ്ടപ്പെടുന്ന ഒരു നിർണ്ണായക ഘട്ടം വരികയും പുതിയൊരു സർക്കാർ രൂപീകരിക്കേണ്ടി വരികയും ഇടതുപക്ഷം ഒരു നിലപാട് സ്വീകരിക്കേണ്ടി വരികയും ചെയ്യുന്ന അവസരത്തിൽ ഞങ്ങൾ എന്ത് ചെയ്യുമെന്നറിയാൻ പാഴൂർപടിപ്പുര വരെ പോകേണ്ട കാര്യമില്ല. ആ ഘട്ടത്തിൽ ഞങ്ങളുടെ നിലപാട് ബി.ജെ.പി.-ക്ക് എതിരായിരിക്കുമെന്ന കാര്യത്തിൽ അർത്ഥശങ്കയ്ക്കിടയില്ലെന്ന കാര്യം മുമ്പും ഞങ്ങൾ തെളിയിച്ചിട്ടുണ്ട്. ഞങ്ങൾക്ക് സ്ഥാനം നൽകാമെന്ന് പറഞ്ഞപ്പോഴും 'അടിയനവേണ്ടേ നിങ്ങൾ മാത്രം കഴിച്ചാൽ മതി' എന്ന നിലപാടാണ് ഞങ്ങൾ സ്വീകരിച്ചത്. ശ്രീ. രാഹുൽ ഗാന്ധി ഇന്ത്യ മുഴുവൻ നടക്കാൻ ചുമതലപ്പെട്ടയാളാണ്. 60 വർഷക്കാലം ഭരണം നടത്തി അവസാനം ഗാന്ധിജിയെ കൊന്നവരുടെ

കയ്യിൽ ഭരണമേൽപ്പിച്ചുകൊടുത്ത മഹാദുരന്തത്തിന്റെ ഉത്തരവാദികൾ കോൺഗ്രസ്സുകാരാണെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. പ്രതിപക്ഷത്തിരിക്കുന്ന ഡോ. മാത്യു കുഴൽനാടൻ ഉൾപ്പെടെയുള്ള സുഹൃത്തുക്കളെല്ലാം കോൺഗ്രസ്സ് പാർട്ടിയിൽതന്നെ എന്നും ഉണ്ടാകട്ടെയെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. കാരണം, ഇന്നത്തെ കോൺഗ്രസ്സ് നാളത്തെ ബി.ജെ.പി.-യാണ്. ഇവിടെ ഇടതുപക്ഷം ശക്തമായുള്ളതുകൊണ്ടാണ് കോൺഗ്രസ്സ് ഇങ്ങനെ നിൽക്കുന്നതെന്ന കാര്യം വ്യക്തമാണ്. അതുകൊണ്ട് ഡോ. മാത്യു കുഴൽനാടനടക്കം നാളെ ബി.ജെ.പി.-യിൽ ചേർന്ന് താമരയും കൊണ്ടുനടക്കുന്നത് കാണാൻ ഇടവരാതിരിക്കട്ടേയെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. കാരണം, നമ്മുടെ കൺമുന്നിലുള്ള അനുഭവങ്ങൾ അങ്ങനെയാണ്. കോൺഗ്രസിന്റെ 200-ലധികം എം.പി.-മാരും എം.എൽ.എ.-മാരും കോഴ വാങ്ങി ബി.ജെ.പി.-യിൽ ചേർന്നില്ലേ? ഇന്ന് ഇന്ത്യയിലെ ഏഴ് സംസ്ഥാന മുഖ്യമന്ത്രിമാർ മുമ്പ് കോൺഗ്രസിന്റെ എം.എൽ.എ.-മാരായിരുന്നില്ലേ; അഞ്ചുകോടി, പത്തുകോടി കോഴയെന്ന് കേൾക്കുമ്പോൾ മത്സ്യം കാണുന്ന നായയുടെ വായിൽ വെള്ളമൂറുന്നതുപോലെയല്ലേ കോൺഗ്രസ്സിലെ ജനപ്രതിനിധികൾക്ക് പണത്തോടുള്ള കൊതി? ഇതെല്ലാം കേരളവും

ഇന്ത്യയും കണ്ടതാണ്. അങ്ങനെയുള്ള കോൺഗ്രസ്സിനോടൊപ്പം ഞങ്ങൾ കൂടണമെന്ന് പറഞ്ഞാൽ അത് വേലിയിലിരിക്കുന്ന പാമ്പിനെയെടുത്ത് ആവശ്യമില്ലാത്തിടത്ത് വയ്ക്കണമെന്ന് പറയുന്നതുപോലെയാണ്. അത് ഞങ്ങളുടെ ചുമതലയല്ല. നിങ്ങൾ മുന്നേറ്റമുണ്ടാക്കു, നിർണ്ണായകഘട്ടം വരുമ്പോൾ ഞങ്ങളുടെ പാർട്ടി സ്വീകരിക്കുന്ന നിലപാട് എന്താണെന്ന് നിങ്ങൾക്ക് ബോധ്യമാകും. ഞങ്ങൾക്ക് ഈ കാര്യത്തിൽ വ്യക്തമായ നിലപാടുണ്ട്. അതാണ് സി.പി.ഐ.(എം)-ന്റെയും ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെയും നിലപാട്. ജോഡോ യാത്രയിൽ സി.പി.ഐ. കൂടിയെങ്കിൽ അത് അവരുടെ നിലപാടിന്റെ ഭാഗമായാണ്. അതുതന്നെ ഞങ്ങളും ഉൾക്കൊള്ളണമെന്നില്ല. അങ്ങനെ പങ്കെടുക്കണമെന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ തീരുമാനമൊന്നുമില്ല. ഉണ്ടെങ്കിൽ മാത്രമേ ഒന്നിച്ച് പങ്കെടുക്കാൻ കഴിയുകയുള്ളൂ. സി.പി.ഐ.-ക്ക് അവരുടെ നിലപാടും ഞങ്ങൾക്ക് ഞങ്ങളുടെ നിലപാടുമാണുള്ളത്. പക്ഷെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെന്ന നിലയിൽ ഭരണത്തിന് ഒന്നിച്ച് നേതൃത്വം നൽകുന്ന കാര്യത്തിൽ ഒരു സംശയമോ തർക്കമോ ഇല്ലെന്ന കാര്യം പ്രത്യേകിച്ച് ഈ സന്ദർഭത്തിൽ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഡോ. മാത്യു കുഴൽനാടനും യൂത്ത് കോൺഗ്രസ്സിന്റെ പ്രിയപ്പെട്ട

നേതാക്കന്മാരും എന്റെ സുഹൃത്തുക്കളും ശ്രീ. രാഹുൽ ഗാന്ധി നാലായിരത്തിലധികം കിലോമീറ്റർ നടന്ന് കഷ്ടപ്പെട്ടുവെന്ന് പറയുകയാണ്. 1947-ൽ സ്വാതന്ത്ര്യം ലഭിച്ചതിന്റെ നേട്ടമെല്ലാം കോൺഗ്രസ്സ് പാർട്ടിയാണ് കൈകാര്യം ചെയ്തത്. ആ ഭരണത്തിൽ ഞങ്ങളുടെ പാർട്ടി ചേർന്നില്ല, ആ നിർണ്ണായക ഘട്ടത്തിൽ ഞങ്ങൾ കോൺഗ്രസ്സിനെ പിന്താങ്ങുകയാണ് ചെയ്തത്. അതുകൊണ്ട് ഇതൊക്കെ പറഞ്ഞ് ഇവിടെ അലമ്പുണ്ടാക്കിയിട്ട് യാതൊരു കാര്യവുമില്ല, ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ശക്തമായി മുന്നോട്ടുപോകും. ഈ ഗവൺമെന്റിനെ പിന്താങ്ങണമെന്നാണ് എനിക്ക് പ്രതിപക്ഷത്തോട് അഭ്യർത്ഥിക്കാനുള്ളത്. മുസ്ലീംലീഗിന്റെ കുഞ്ഞാലിക്കുട്ടി സാഹിബ് വിശദീകരിച്ച സംഗതികളെല്ലാം കൊള്ളാം, ഇപ്പോൾ നിങ്ങൾക്ക് വേറെ വഴിയില്ല. കാരണം. മുസ്ലീംലീഗിനെ ഞങ്ങൾ കൂട്ടില്ല. പിന്നെ എവിടെയെങ്കിലും നിന്നുപിഴയ്ക്കണ്ടേ? അങ്ങനെ ആയിക്കോട്ടെ, അതിൽ ഞങ്ങൾക്ക് പരാതിയൊന്നുമില്ല. നിങ്ങൾ ഇടതുപക്ഷത്തേയ്ക്ക് വരാത്തതിൽ ഞങ്ങൾ പരാതിയൊന്നും പറയുന്നുമില്ല, പ്രമേയം പാസ്സാക്കിയിട്ടുമില്ല. കാരണം, നിങ്ങളുടെ കാര്യത്തിൽ ഞങ്ങൾ പണ്ടുതന്നെ തീരുമാനമെടുത്തു കഴിഞ്ഞതാണ്. നിങ്ങൾക്ക് കഴിഞ്ഞുകൂടാൻ ഒരു ഇടം വേണമെന്നുള്ള കാര്യത്തിൽ തർക്കമൊന്നുമില്ല. കേന്ദ്രത്തിൽ ഒരു

നിർണ്ണായകഘട്ടം വരുമ്പോൾ നമുക്ക് ഒരുമിച്ച് പോകാം, അതും ഞങ്ങൾക്ക് യോജിക്കാൻ കഴിയുന്ന ഒരു നിലപാടും സാധ്യതയും വന്നാൽ മാത്രം. ഞങ്ങളുടെ പാർട്ടി ഏതാണെന്ന് നിങ്ങൾക്കറിയാമല്ലോ; വെറുതെ എന്തെങ്കിലും പറയുകയില്ല, അക്കാര്യത്തിൽ വ്യക്തമായ നിലപാടുകൾ സ്വീകരിക്കുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. ഗവർണ്ണർമാരെ ഉപയോഗിച്ച് കോൺഗ്രസിന്റേതല്ലാത്ത സർക്കാരുകളെ കേരളത്തിൽപ്പോലും അട്ടിമറിച്ച്, അതിന്റെ ഉച്ഛിഷ്ടം പറ്റിയ ആളുകളുടെ പ്രതിനിധികളാണ് അപ്പുറത്തിരിക്കുന്ന യൂത്ത് കോൺഗ്രസുകാരും കോൺഗ്രസ്സിന്റെ മുൻഗാമികളുമെന്ന കാര്യം ഈ അവസരത്തിൽ പ്രത്യേകിച്ച് ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഗവർണ്ണറും ഞങ്ങളും തമ്മിൽ ഒരു ഒത്തുകളിയുമില്ല. അദ്ദേഹം തെറ്റായ നിലപാടെടുത്തപ്പോൾ അത് ശരിയല്ലെന്ന് ഗവൺമെന്റ് പറഞ്ഞു. അത്യാവശ്യം പ്രക്ഷോഭം നടത്തണമെന്ന് തോന്നിയപ്പോൾ പ്രക്ഷോഭവും നടത്തി. മന്ത്രിസഭ അംഗീകരിച്ച നയപ്രഖ്യാപന പ്രസംഗം ശരിയായ രീതിയിൽ സഭയിൽ വായിക്കണമെന്ന് അദ്ദേഹത്തിന് തോന്നി. അദ്ദേഹം ഒന്നും വിട്ടുകളയാതെ, ഗവൺമെന്റിന്റെ നയമെന്ന നിലയിൽ അതിവിടെ വായിച്ചു. ആ നയപ്രഖ്യാപനത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ചയാണ്

ഇന്നിവിടെ നടക്കുന്നത്. അതുകൊണ്ട് മുസ്ലീംലീഗിന്റെ സുഹൃത്തുക്കൾ വാചകമടിക്കുന്നതുപോലെ, ഏതോ ഒരു കാന്തപുരമെന്ന സുഹൃത്ത് പറഞ്ഞതുപോലെയൊന്നും ഞങ്ങളോട് പറയാൻ നിൽക്കേണ്ട. സെക്രട്ടേറിയറ്റിനുമുന്നിൽ കലാപമുണ്ടാക്കിയവർ ജയിലിൽ കിടക്കുകയാണ്. അവിടെ കലാപമുണ്ടാക്കിയപ്പോൾ പോലീസ് കേസെടുത്തു. സ്വാഭാവികമായും നിയമവ്യവസ്ഥ നിലനിൽക്കുമ്പോൾ അങ്ങനെ ഉണ്ടാകില്ലേ? അതിനാണ് അദ്ദേഹം ജയിലിൽ കിടക്കുന്നത്. ജാമ്യം ലഭിക്കുമോയെന്ന് ശ്രമിച്ചുനോക്കുക മാത്രമേ ഇനിയൊരു മാർഗ്ഗമുള്ളൂ. അല്ലാതെ ഇവിടെവന്ന് ബഹളം വച്ചുകൊണ്ട് എന്തെങ്കിലും കാര്യമുണ്ടോ? ഇതെല്ലാം ചെയ്യുന്നതിനുമുമ്പ് ഓർക്കണമായിരുന്നുവെന്നാണ് പറയാനുള്ളത്. സെക്രട്ടേറിയറ്റിനുമുന്നിൽ കലാപം നടത്താൻ അനുയായികളെ വിട്ടപ്പോൾ ലാത്തിച്ചാർജ്ജ് നടത്തുകയും അതിനെത്തുടർന്ന് സംഘർഷമുണ്ടാവുകയുമാണ് ചെയ്തത്. അതുകൊണ്ടാണ് കേസെടുക്കേണ്ടി വന്നത്. അതിനുള്ള നിയമപരമായ മാർഗ്ഗം ജാമ്യമെടുക്കുകയെന്നുള്ളതാണ്. അതിന് ഇവിടെവന്ന് ഒന്നും അറിയാത്തതുപോലെ യൂത്ത് ലീഗുകാരെ പിടിച്ച് ജയിലിലിട്ടു എന്നൊക്കെ പറയുന്നത് വസ്തുതയല്ലെന്നാണ് എന്റെ വിനീതമായ അഭിപ്രായം. പ്രതിപക്ഷം പറയുന്നതൊന്നും ആത്മാർത്ഥതയോടുകൂടിയല്ല.

ശ്രീ. രാഹുൽ ഗാന്ധിക്കും കോൺഗ്രസിനും നേട്ടമുണ്ടാകട്ടെ. നിർണ്ണായകഘട്ടം വരുമ്പോൾ സി.പി.ഐ.(എം.)-ന്റെയും ഇടതുപക്ഷത്തിന്റെയും നിലപാട് എന്താണെന്ന് ആ ഘട്ടത്തിൽ കാത്തിരുന്ന് കാണണം. അല്ലാതെ അറുക്കുന്നതിനുമുമ്പ് പിടയ്ക്കേണ്ട വല്ല കാര്യവുമുണ്ടോ? ഇത്രയും പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി ഈ പ്രമേയത്തെ ശക്തമായി പിന്താങ്ങിക്കൊണ്ട് ഞാൻ നിർത്തുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാന്യനായ ഗവർണർ അവതരിപ്പിക്കുന്ന നയപ്രഖ്യാപന പ്രസംഗം സാധാരണഗതിയിൽ ഭരണഘടനാപരമായി ഒരു സർക്കാരിന്റെ നയസമീപനങ്ങളുടെ പ്രതിഫലനമാണ്. യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെട്ടുപോകാത്തതും വസ്തുതാവിരുദ്ധമായ കാര്യങ്ങളുമാണ് ഈ നയപ്രഖ്യാപന പ്രസംഗത്തിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുമ്പോൾ കാണാൻ കഴിയുന്നത്. സംസ്ഥാനത്തിന്റെ ഭാവി വികസനത്തിനുതകുന്ന നിർദ്ദേശങ്ങളായിരുന്നു വേണ്ടിയിരുന്നത്. കേരളം നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളെന്താണെന്ന് ഈ സർക്കാർ അറിയാതെ പോകുന്നു. കേരളത്തിന്റെ മുൻഗണനകൾ എന്താണെന്നും 5-10 വർഷം കഴിയുമ്പോൾ കേരളം എന്തായിരിക്കണമെന്നുമുള്ള ഒരു ധാരണ ഗവൺമെന്റിന്റെ നയപ്രഖ്യാപന

പ്രസംഗത്തിൽ പ്രതിഫലിക്കണം. ദൗർഭാഗ്യകരമെന്ന് പറയട്ടെ, സംസ്ഥാനം നേരിടുന്ന ഏത് പ്രധാനപ്പെട്ട പ്രശ്നമാണ് ഈ നയപ്രഖ്യാപന പ്രസംഗം അഡ്രസ് ചെയ്യുന്നത്? ഇന്ന് സംസ്ഥാനം നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രശ്നം കേരളം ഇന്നുവരെ കാണാത്ത വലിയ ധനപ്രതിസന്ധിയാണെന്നാണ് ഞാൻ കരുതുന്നത്. 1999-2000 കാലഘട്ടത്തിലെ ധനപ്രതിസന്ധിക്കുശേഷം കേരളം കണ്ട ഏറ്റവും രൂക്ഷമായതും തിരിച്ചുപിടിക്കാൻ കഴിയുമോയെന്നുപോലും ഉത്കണ്ഠയുളവാക്കുന്നതുമായ ധനപ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. നാളെ ബഡ്ജറ്റ് അവതരിപ്പിക്കാനിരിക്കുന്നതുകൊണ്ട് ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ബഡ്ജറ്റ് പ്രഖ്യാപിക്കുന്നതിന് മുമ്പുതന്നെ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾക്ക് എന്ത് പരിശുദ്ധിയും പവിത്രതയും സാംഗത്യവുമാണ് ഉണ്ടാകുന്നതെന്ന് ധനസംബന്ധമായ സൂചനകൾ പരിശോധിച്ചാൽ ഏത് കൊച്ചുകുഞ്ഞിനും മനസ്സിലാകും. അത്രയും പരിതാപകരമായ അവസ്ഥയിലൂടെയാണ് സംസ്ഥാനം കടന്നുപോകുന്നത്. അതിൽനിന്ന് കേരളത്തെ കരകയറ്റാനും ശരിയായ ട്രാക്കിലൂടെ കൊണ്ടുവരാനും എന്ത് നയംമാറ്റമാണ് ധനകാര്യ സംബന്ധിയായി ഈ നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നത്? നികുതി ഭരണത്തെക്കുറിച്ചോ നികുതി

സംവിധാനത്തെക്കുറിച്ചോ ക്വാളിറ്റി എക്സ്പെന്റിച്ചറിനെക്കുറിച്ചോ കടമെടുപ്പിനെക്കുറിച്ചോ സംസ്ഥാനം എങ്ങോട്ടുപോകുന്നു എന്നതിനെക്കുറിച്ചോ ഉള്ള എന്തെങ്കിലും ധാരണകളോ സൂചനകളോ ഈ നയപ്രഖ്യാപന പ്രസംഗത്തിലുണ്ടോ? വിദ്യാഭ്യാസ-തൊഴിൽ രംഗങ്ങളിലുണ്ടായിരിക്കുന്ന അസ്വസ്ഥതയും അവസരങ്ങളില്ലായ്മയും അപകടത്തിലേയ്ക്കാണ് കേരളത്തെ കൊണ്ടുപോകുന്നത്. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് ഇവിടെ സംസാരിച്ചപ്പോൾ, മറ്റ് രാജ്യങ്ങളിൽനിന്നും സംസ്ഥാനത്തേയ്ക്കുള്ള റെമിറ്റൻസ് കുറഞ്ഞുവരുന്നു എന്നുപറഞ്ഞു. മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽനിന്നാണ് റെമിറ്റൻസ് വന്നുകൊണ്ടിരുന്നത്. ആളുകൾ അവിടേയ്ക്ക് പോകുമ്പോൾ നമ്മൾ പ്രോത്സാഹിപ്പിച്ചിരുന്നതിന് കാരണം റെമിറ്റൻസ് വരുമെന്നുള്ളതുകൊണ്ടാണ്. ഇപ്പോൾ കാനഡ, ആസ്ട്രേലിയ, ജർമ്മനി, യു.കെ. എന്നിവിടങ്ങളിലേയ്ക്കാണ് ആളുകൾ പോകുന്നത്; എന്താണ് പ്രധാനപ്പെട്ട പ്രശ്നം; കേരളത്തിന്റെ ക്രീമായിട്ടുള്ള കുട്ടികൾ പുറത്തുപോകുകയാണ്. അതൊരു ട്രെൻഡാണ്. എന്നാൽ അവിടെനിന്ന് തിരിച്ച് റെമിറ്റൻസില്ല. അവിടെ പോയി ഒരു വീടെടുത്താൽ life long debt ആണ്. അവിടെ സോഷ്യൽ സെക്യൂരിറ്റിയുണ്ട്. ഒരു രൂപപോലും

അവിടെനിന്ന് അയയ്ക്കാൻ കഴിയില്ല. ഇവിടെയുള്ള വീട് ബാങ്കിൽ പണയപ്പെടുത്തുകയോ വിൽക്കുകയോ ചെയ്ത പണംകൊണ്ടാണ് അങ്ങോട്ട് പോകുന്നത്. ഇവിടെയുള്ള പണം സൈഫണിംഗാണ്. 'ബ്രെയിൻ ഡ്രെയിൻ' എന്ന് നമ്മൾ പറയും. സംസ്ഥാനത്തുനിന്നും അവിടങ്ങളിലേയ്ക്ക് പണത്തിന്റെ ഒഴുക്കാണ്. നമ്മുടെ നാട്ടിൽ ക്രയവിക്രയം നടത്തപ്പെടേണ്ട പണമാണ് നഷ്ടപ്പെടുന്നത്. ഗൾഫിൽ പോകുകയാണെങ്കിൽ കുറച്ചെങ്കിലും ഫണ്ട് തിരിച്ചുവരും. ഇപ്പോൾ ഗൾഫിലെ റെമിറ്റൻസും കുറഞ്ഞുവരികയാണ്. വിദ്യാഭ്യാസ മേഖലയും വല്ലാത്ത പ്രതിസന്ധി നേരിടുകയാണ്. നമ്മുടെ കുഞ്ഞുങ്ങൾക്ക് നല്ല വിദ്യാഭ്യാസം കൊടുക്കുമെന്നും നിങ്ങൾ ഇവിടെ നിൽക്കണമെന്നും ചങ്കുറപ്പോടുകൂടി ഒരു ഗവൺമെന്റിന് പറയാൻ കഴിയുന്ന സാഹചര്യം ഉന്നതവിദ്യാഭ്യാസ രംഗത്തുണ്ടോ; ഇതുസംബന്ധിച്ച് ഒരു ആത്മപരിശോധന നടത്തേണ്ടതല്ലേ? ഗവർണ്ണറും ഗവൺമെന്റും തമ്മിൽ സന്ധി ചെയ്താലും വഴക്കിട്ടാലും പിണങ്ങിയാലുമൊന്നും ഞങ്ങൾക്ക് കുഴപ്പമില്ല. പക്ഷെ, അങ്ങനെ ഏറ്റുമുട്ടിയപ്പോഴുണ്ടായ ഔട്ട്കം വിദ്യാഭ്യാസ മേഖലയിലെ അനിശ്ചിതത്വമാണ്. എപ്പോഴാണ് സ്ഥാനം തെറിക്കുന്നതെന്നറിയാതെ വൈസ് ചാൻസലർമാർ തൂങ്ങിയാടുകയാണ്. എത്ര പേരുടെ സ്ഥാനം തെറിച്ചു; പകരമെന്തെങ്കിലും സംവിധാനമുണ്ടായോ;

ഒരു യൂണിവേഴ്സിറ്റിയുടെ ക്രെഡിബിലിറ്റി നമ്മുടെ കൺമുന്നിലൂടെ ഒഴുകിപ്പോകുകയാണ്. നമ്മുടെ കുട്ടികൾക്ക് മികച്ച ഉന്നത വിദ്യാഭ്യാസം ഉറപ്പുനൽകാൻ കഴിയാത്ത സാഹചര്യമുണ്ടായിരിക്കുന്നു. ഒരു വർഷംകൊണ്ട് ഉന്നതവിദ്യാഭ്യാസ മേഖല മുഴുവൻ തകർന്ന് തരിപ്പണമായി. ഇതിന്റെയൊക്കെ റിസൾട്ട് നമ്മൾ അറിയേണ്ടതല്ലേ? കാർഷിക മേഖലയെ സംബന്ധിച്ച് നയപ്രഖ്യാപനത്തിൽ എന്തെങ്കിലും പറയുന്നുണ്ടോ? കേരളത്തിലെ കാർഷിക മേഖല കനത്ത തകർച്ച നേരിടുന്നു. നെല്ല് സംഭരിച്ചതിന്റെ പണം നൽകാൻ സാധിച്ചിട്ടില്ല. കുറച്ച് നെല്ല് തുലാവർഷക്കാലത്ത് ഒലിച്ചുപോയി, കുറച്ച് ഈർപ്പം കയറി നശിച്ചു. അടുത്ത കൃഷിയിറക്കാൻ കർഷകരുടെ കൈവശം പണമില്ല. നാളികേരത്തിന് വിലയുണ്ടോ; കേരളത്തിൽ എവിടെയാണ് നാളികേര സംഭരണം നടക്കുന്നത്? റബ്ബറിന് 250/- രൂപ നൽകിയോ; ഇനിയും 170/- രൂപ നൽകാനുണ്ട്. ഹോർട്ടികോർപ്പ് സംഭരിച്ച പച്ചക്കറിയുടെ പണംപോലും നൽകുന്നില്ല. ഇത്രയും വലിയ ബുദ്ധിമുട്ട് കാർഷിക മേഖല എന്നെങ്കിലും കണ്ടിട്ടുണ്ടോ? ഈ ധനപ്രതിസന്ധിയിൽ ഏറ്റവും പ്രധാനപ്പെട്ടത് കാർഷിക മേഖലയിലുണ്ടായ കനത്ത തകർച്ചയാണ്. അതിന്റെ ഇംപാക്ട് ഇപ്പോൾ സാമ്പത്തിക മേഖലയിലും സമ്പദ് വ്യവസ്ഥയിലുമെല്ലാമുണ്ട്. അതെല്ലാം

ചർച്ച ചെയ്യപ്പെടേണ്ടതാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള തെറ്റുകളുമുണ്ട്. യു.ഡി.എഫ്. ഇറക്കിയിരിക്കുന്ന ധവളപത്രത്തിൽ കേന്ദ്ര ഗവൺമെന്റിനെ വളരെ വിശദമായി വിമർശിക്കുന്നുണ്ടല്ലോ? എല്ലാം അവരുടെമേൽ കെട്ടിവച്ച്, അവർക്കുമാത്രമാണ് ഉത്തരവാദിത്വമെന്ന് പറഞ്ഞ് കൈകഴുകാൻ സാധിക്കുമോ; നമുക്ക് നമ്മുടേതായ വഴികൾ തേടണ്ടേ; അക്കാര്യം ആലോചിക്കുകയും ചർച്ച ചെയ്യുകയും വേണ്ടേ? കാർഷിക മേഖലയെ പ്രതിസന്ധിയിൽനിന്നും രക്ഷപ്പെടുത്താനുള്ള എന്ത് ചർച്ചയാണ് കേരളത്തിൽ നടക്കുന്നത്; ആളുകൾക്ക് ജീവിക്കാൻ കഴിയുന്നുണ്ടോ; അവരുടെ ഏക ഉപജീവന മാർഗ്ഗമല്ലേ അത്; അവർ കടക്കെണിയിലല്ലേ? കേരളത്തിൽ ഒരുകാലത്തുമില്ലാത്തതുപോലെ ജപ്തി നോട്ടീസുകൾ ഇപ്പോൾ പ്രവഹിക്കുകയാണ്. എല്ലാ ബാങ്കുകളിൽനിന്നും സഹകരണ ബാങ്കുകളിൽനിന്നുൾപ്പെടെയുള്ള ഒരു ജപ്തി നോട്ടീസ് പോക്കറ്റിലില്ലാത്ത ഏതെങ്കിലും സാധാരണക്കാരനെ കേരളത്തിൽ ചൂണ്ടിക്കാണിക്കാൻ സാധിക്കുമോ; മഹാമാരിയും ദുരന്തങ്ങളും പ്രളയവുമെല്ലാം കഴിഞ്ഞ് ഇപ്പോൾ ജീവിക്കാൻ കഴിയാത്ത സാഹചര്യം എല്ലാ വിഭാഗം ആളുകൾക്കുമുണ്ട്. മുകളിൽ കാണുന്ന തിളക്കം കണ്ടിട്ടല്ല കേരളത്തെ വിലയിരുത്തേണ്ടത്; ഓരോ ജില്ലകളിലും പോയി അവിടത്തെ ആളുകളുമായി സംസാരിക്കുകയും

അവർ പറയുന്ന കാര്യങ്ങൾ കേൾക്കുകയും ചെയ്യണം. എല്ലാ മേഖലകളിലും സങ്കടങ്ങളാണ്. മത്സ്യത്തൊഴിലാളി മേഖലയിൽനിന്നും കാർഷിക മേഖലയിൽനിന്നും ആദിവാസി ഊരുകളിൽനിന്നും നിലവിളികളാണ് ഉയരുന്നത്. നമ്മൾ അവരുടെ പ്രശ്നങ്ങളെയൊന്നും അഡ്രസ് ചെയ്യുന്നില്ല, അതിനെക്കുറിച്ചൊന്നും സംസാരിക്കുന്നില്ല. ഇവിടെ ലഹരിയെക്കുറിച്ചും ഗുണ്ടകളെക്കുറിച്ചും ധാരാളം സംസാരിച്ചിട്ടുള്ളതിനാൽ അതുസംബന്ധിച്ചും ഞാൻ ആവർത്തിക്കുന്നില്ല. കേരളം ഗുണ്ടകളുടെ പറുദീസയാണ്. തിരുവനന്തപുരം ഗുണ്ടകളുടെയും സാമൂഹ്യവിരുദ്ധരുടെയും കയ്യിലല്ലേ? കാല് വെട്ടിയെടുത്ത് ബൈക്കിൽ പ്രകടനം നടത്തുക, തല വെട്ടിയെടുക്കുക ഇതൊക്കെയാണ് ഇപ്പോഴത്തെ രീതി. മുഖ്യമന്ത്രിയുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിയുടെ അനുജൻ പണിതുകൊണ്ടിരിക്കുന്ന വീട് നനയ്ക്കാൻ പോയപ്പോൾ അദ്ദേഹത്തെ ഗുണ്ടകൾ തലകീഴായി എടുത്ത് കിണറ്റിലിട്ടു. എന്തൊരു ഗുണ്ടായിസമാണിത്? ഈ നാട്ടിലെ ജനങ്ങൾക്ക് എന്ത് സുരക്ഷയാണുള്ളത്? കേരളത്തിൽ ഒരുവശത്ത് ലഹരിമാഫിയ വളരുകയും ഗുണ്ടായിസം പെരുകുകയും ചെയ്യുന്നു. ഇതിനെ നിയന്ത്രിക്കാൻ എന്താണ് നമ്മൾ ചെയ്യുന്നത്? ഈ നയപ്രഖ്യാപനത്തിൽ പറയുന്ന ചില നിർദ്ദേശങ്ങളെകുറിച്ച് ഞാൻ പറയാം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ഇ-

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കി പരിവർത്തനപ്പെടുത്തുമെന്ന് പറഞ്ഞു. ഇതിന് യാഥാർത്ഥ്യവുമായി എന്തെങ്കിലും ബന്ധമുണ്ടോ? എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നോക്കുകുത്തിയാക്കിക്കൊണ്ട് മുഴുവൻ പിൻവാതിൽ നിയമനങ്ങളാണ് എല്ലാ സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും നടക്കുന്നത്. ഇത്രമാത്രം പിൻവാതിൽ നിയമനങ്ങൾ നടന്നൊരു കാലഘട്ടം കേരളത്തിലുണ്ടായിട്ടുണ്ടോ? ഒരു കാലത്തുമുണ്ടായിട്ടില്ല. അതുപോലെ തടവുകാരുടെ സംശുദ്ധീകരണവും സാൻമാർഗ്ഗീകരണവും പുനരധിവാസവും ഉറപ്പുവരുത്തുന്നതിന് കേരളത്തിലെ ജയിലുകൾ അഭൂതപൂർവ്വമായ പുരോഗതി കൈവരിച്ചുവെന്ന് പറയുന്നു. ഇടതുപക്ഷത്തിന്റെ ഭരണകാലത്ത് ക്രിമിനലുകൾ ജയിലുകളിൽ അഴിഞ്ഞാടുകയാണ്. ക്വട്ടേഷൻ സംഘങ്ങളുമായി കരാർ ഉറപ്പിക്കുന്നതുതന്നെ ജയിലിൽ വച്ചാണ്, അതിന് പരോളിൽ പോകേണ്ട ആവശ്യമില്ല. ജയിലിനകത്ത് കഞ്ചാവും എം.ഡി.എം.എ.-യും ഉൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളുമുണ്ട്, എ.സി. മുറിയല്ലെന്ന ഒറ്റ കുറവേയുള്ളൂ. എല്ലാ ക്വട്ടേഷനും അവിടെ വച്ചാണ് നടക്കുന്നത്. സ്വർണ്ണം കൊണ്ടുവരാനുള്ള ക്വട്ടേഷൻ, കള്ളക്കടത്തായി കൊണ്ടുവരുന്ന സ്വർണ്ണം അടിച്ചുമാറ്റാനുള്ള 'പൊട്ടിക്കൽ' സംഘത്തിന്റെ ക്വട്ടേഷൻ എല്ലാം ജയിലിൽ

നടക്കുകയാണ്. അവിടെയാണോ സൻമാർഗ്ഗീകരണം നടക്കുന്നത്; ജയിലുകളെ കേന്ദ്രീകരിച്ച് ഇത്രമാത്രം ക്രിമിനൽ ആക്ടിവിറ്റി നടന്ന കാലമുണ്ടായിട്ടുണ്ടോ? എവിടെപ്പോയി റീ-ബിൽഡ് കേരള? 2018-19 -ൽ ലോകബാങ്ക് അനുവദിച്ചുനൽകിയ 1,750 കോടി രൂപ വകമാറ്റി ചെലവഴിച്ചു. 2022-23-ൽ ആയിരത്തി അറുന്നൂറ്റി ചില്വാനം കോടി രൂപ വകയിരുത്തിയിരുന്നു. അതിന്റെ മൂന്ന് ശതമാനമായ 48 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. നയപ്രഖ്യാപന പ്രസംഗത്തിന്റെ 96-ാം ഖണ്ഡികയിൽ റീബിൽഡ് കേരളയെക്കുറിച്ച് പറഞ്ഞിരിക്കുകയാണ്. അങ്ങനെ പറയുന്നതിന് നല്ല തൊലിക്കട്ടി വേണം. വെറുതെ പ്രസക്തിയില്ലാത്ത കാര്യങ്ങൾ പറഞ്ഞിരിക്കുകയാണ്. അതുപോലെ ഭരണഘടനാ മൂല്യങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുമെന്ന് പറഞ്ഞിരിക്കുന്നു, അത് കേന്ദ്രത്തിനുള്ള താക്കീതാണെന്ന് ഇവിടെ ഒരംഗം പറഞ്ഞു. എന്തൊരു ഭാഷയാണ്; നിങ്ങൾ കോൺഗ്രസ് ഭരിക്കുന്ന കാലത്തെ നയപ്രഖ്യാപന പ്രസംഗങ്ങൾ വായിച്ചുനോക്കണം. അവയൊക്കെ കേന്ദ്രത്തിനെതിരെ ആഞ്ഞടിച്ച തീതുപ്പിയ പ്രസംഗങ്ങളായിരുന്നു. കോൺഗ്രസ് കേന്ദ്രം ഭരിക്കുന്ന കാലത്തും കോൺഗ്രസ്സുകാരായ ഗവർണർമാരെക്കൊണ്ട് ഇവിടെ വായിപ്പിച്ചിട്ടുണ്ട്, അവരാരും വായിക്കാതെ പോയിട്ടില്ല. ഇപ്പോൾ എന്തുപറ്റി;

നിങ്ങൾ തുടക്കത്തിലൊക്കെ ബി.ജെ.പി. ഭരണത്തിനെതിരായി ശബ്ദമുയർത്തിയിട്ടുണ്ട്. പക്ഷെ ഇപ്പോൾ അവരോട് നിങ്ങൾക്ക് മൃദുവായ സമീപനമാണ്, തലോടലാണ്, സ്നേഹമാണ്. അങ്ങനെയല്ലെങ്കിൽ ചിലപ്പോൾ ഗവർണർ നയപ്രഖ്യാപനം വായിച്ചില്ലെങ്കിലോ എന്ന ആശങ്കയുണ്ടാകാം. ബഹുമാന്യരായ മുഖ്യമന്ത്രിയും ഗവർണറും തമ്മിൽ സന്ധി ചെയ്തപ്പോഴാണ് പ്രസംഗത്തിന്റെ ഭാഷയും ഉള്ളടക്കവും മുൻഗണനയും മാറിയത്. അതിൽ ഞങ്ങൾക്കൊരു ബുദ്ധിമുട്ടുമില്ല. നിങ്ങൾ എന്നും കൂട്ടാണെന്ന് ഞങ്ങൾ മുൻകൂട്ടി പറഞ്ഞിട്ടുള്ളതാണ്. ഞങ്ങളുടെ ഭാഗ്യത്തിന് ഞങ്ങൾ ഒരു വശത്തും കൂട്ടുചേർന്നില്ല. നിങ്ങൾ രണ്ടുകൂട്ടരുടെയും കൂടെ ഞങ്ങളില്ല. ഭരണഘടനാമൂല്യങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുമെന്നും പറയുന്നു. ഭരണഘടന കുന്തവും കുടചക്രവുമാണെന്ന് പറഞ്ഞ വ്യക്തിയെ രാജിവയ്പിച്ചിട്ട് ഒരു കാരണവുമില്ലാതെ തിരികെ മന്ത്രിസഭയിൽ കൊണ്ടുവന്ന ഇതേ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഗവർണറെക്കൊണ്ട് ഭരണഘടനാ മൂല്യങ്ങളുടെ സംരക്ഷണത്തെക്കുറിച്ച് പറയിപ്പിക്കണം. വിദേശത്തുനിന്നും കൊണ്ടുവന്ന ഭരണഘടനയാണ് ഇന്ത്യയിലുള്ളതെന്ന് പ്രസംഗിച്ച ബഹുമാന്യൻ ഈ മന്ത്രിസഭയിലിരിക്കുകയാണ്.

ആരോഗ്യമേഖല കൈവരിച്ച നേട്ടത്തെക്കുറിച്ച് പറഞ്ഞു. ആരോഗ്യ മേഖലയിൽ എല്ലായിടത്തും പരാതിയാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി എല്ലാ ദിവസവും റിപ്പോർട്ട് തേടിക്കൊണ്ടിരിക്കുകയാണ്, അതിന് അവർക്കൊരു അവാർഡ് കൊടുക്കണം. ഇന്ന് രാവിലെയും ഒരു റിപ്പോർട്ട് തേടിയിട്ടുണ്ട്. സർക്കാർ റസ്റ്റോറന്റുകളിൽ ഹെൽത്ത് കാർഡ് പ്രഖ്യാപിച്ചു. ഇന്ന് അതുസംബന്ധിച്ച വാർത്ത വന്നിട്ടുണ്ട്. 300 രൂപ കൊടുത്താൽ ആർക്കും ഹെൽത്ത് കാർഡ് കിട്ടും. പകർച്ചവ്യാധിയുള്ളവനും മാറാരോഗമുള്ളവനും റെസ്റ്റോറന്റുകളിൽ ഭക്ഷണം പാകം ചെയ്യുകയും വിളമ്പുകയും ചെയ്യാം.

കിഫ്ബിയെക്കുറിച്ച് ഞാൻ ഇപ്പോൾ സൂചിപ്പിക്കുന്നില്ല, ബഡ്ജറ്റ് വരികയാണ്. കാർഷിക കടാശ്വാസ കമ്മീഷന് സർക്കാർ എത്രരൂപ കൊടുക്കാനുണ്ട്? പാവപ്പെട്ടവർക്കല്ലേ കാർഷിക കടമുണ്ടായത്? കാർഷിക കടാശ്വാസ കമ്മീഷൻ ഫിക്സ് ചെയ്തിരിക്കുന്നത് 400 കോടി രൂപയാണ്, നഷ്ടപരിഹാര തുക നൽകാൻ നടപടിയുണ്ടായിട്ടില്ല. കർഷകർക്ക് കർഷക ക്ഷേമനിധി മുഖേന വാഗ്ദാനം ചെയ്ത 5,000 രൂപ പെൻഷൻ എവിടെപ്പോയി? ഞാൻ നേരത്തെ നാളികേരത്തിന്റെയും നെല്ലിന്റെയുമെല്ലാം കാര്യങ്ങൾ പറഞ്ഞു. മത്സ്യത്തൊഴിലാളികളുടെ പ്രതിസന്ധിയെയും മാധ്യമ

സ്വാതന്ത്ര്യത്തെയുംകുറിച്ച് പറഞ്ഞു. സെക്രട്ടേറിയറ്റിനകത്ത് കയറാൻ അക്രെഡിറ്റേഷനുള്ളവർക്ക് അനുമതി നിഷേധിച്ച ഗവൺമെന്റാണിത്. എന്നിട്ടും മാധ്യമ സ്വാതന്ത്ര്യം ഉറപ്പുവരുത്തുമെന്ന് പറയുന്നു. പുതിയ സ്വാതന്ത്ര്യമൊന്നും നൽകേണ്ട, നേരത്തെയുണ്ടായിരുന്ന സ്വാതന്ത്ര്യം തിരികെ നൽകിയാൽ മതി. പിന്നീട് പറഞ്ഞത് സംരംഭകവർഷത്തെ കുറിച്ചാണ്. എറണാകുളത്ത് സംരംഭക വർഷം പദ്ധതി നടത്തിയപ്പോൾ ഞങ്ങൾ പങ്കെടുത്തില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അതിന് കാരണമുണ്ട്. സംരംഭങ്ങളെ സംബന്ധിച്ച് ഊതിവീർപ്പിച്ച കണക്കാണ് നൽകിയിരിക്കുന്നത്. 123968 എം.എസ്.എം.ഇ.-കൾ സംസ്ഥാനത്ത് തുടങ്ങി, 267196 തൊഴിലുകൾ കേരളത്തിൽ സൃഷ്ടിക്കപ്പെട്ടുവെന്ന് ഇവിടെ പ്രസംഗിച്ചപ്പോൾ പല അംഗങ്ങളും പറഞ്ഞു. സംരംഭകവർഷം പദ്ധതിയിലൂടെ നടപ്പിലാക്കപ്പെട്ട യഥാർത്ഥ സംരംഭങ്ങൾ എത്രയാണെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): അങ്ങ് അനുവദിക്കുമെങ്കിൽ നമുക്ക് രണ്ടുപേർക്കുംകൂടി ഒരു യാത്ര നടത്താം. പുതിയ സംരംഭങ്ങൾ ഓരോന്നും കാണാം. അത് സംരംഭകർക്ക് വലിയ ആത്മവിശ്വാസം നൽകും.

<u>ശ്രീ. വി. ഡി. സതീശൻ</u>: ഞങ്ങൾ ഈ നാട്ടിൽകൂടി യാത്രയൊക്കെ ചെയ്യുന്നവരാണ്. എല്ലാ ലോക്കൽ ബോഡികളിലും ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. എല്ലാ ബാങ്കുകളിലും പോയി സംരംഭത്തിന് ലോണെടുത്തിരിക്കുന്ന ആളുകളുടെ കണക്കെടുക്കുന്നതാണ് അവരുടെ പ്രധാന ജോലി. പെട്ടിക്കട, ബേക്കറി, വർക്ക്ഷോപ്പ്, സൈക്കിൾ ഷോപ്പ്, എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് എന്നിവയെല്ലാം ആരംഭിക്കാൻ ആളുകൾ വായ്പയെടുക്കുമല്ലോ; എല്ലാ ഭരണകാലത്തും ഒരു ഗവൺമെന്റിന്റേയും സഹായമില്ലാതെ ഒരുപാട് പേർ ബാങ്കിൽ നിന്ന് വായ്പയെടുക്കാറുണ്ട്. നേരത്തെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സൂചിപ്പിച്ചതുപോലെ ഗൾഫിൽ നിന്നും ജോലി മതിയാക്കി തിരികെ വരുന്ന പ്രവാസികളിൽ മിക്കവാറും പേർ ബേക്കറിയാണ് തുടങ്ങുന്നത്. സർക്കാരിന്റെ കണക്കിന് എന്തെങ്കിലും അടിത്തറയുണ്ടോ? ഒരു അടിസ്ഥാനവുമില്ല. നിങ്ങൾക്ക് ആ പാവങ്ങളെ കബളിപ്പിക്കാം. പക്ഷെ ഞങ്ങളേയും കേരളത്തിലെ ജനങ്ങളേയും കബളിപ്പിക്കാൻ സാധിക്കില്ല. ഓരോ പഞ്ചായത്തിലും സർക്കാർ തുടങ്ങിയ സംരംഭങ്ങൾ ഇത്രയുണ്ടെന്ന് പറഞ്ഞാൽ ആളുകൾ കൂട്ടംകൂടിനിന്ന് ചിരിക്കും. ആ കബളിപ്പിക്കലൊന്നും കേരളത്തിൽ നടക്കുകയില്ല. ലൈഫ് മിഷനെന്ന് പറഞ്ഞ് നിങ്ങൾ ഭയങ്കര narrative ഉണ്ടാക്കി. അതിനുകീഴിൽ മൂന്നുലക്ഷം

വീടുകൾ പണിത് നൽകിയെന്ന് പറഞ്ഞു. എൽ.ഡി.എഫ്. സർക്കാർ രണ്ടരലക്ഷം വീടാണ് പണിതത്. 2011 മുതൽ 2016 വരെയുണ്ടായിരുന്ന 5 പദ്ധതികൾ ഒരുമിച്ച് ചേർത്താണ് ലൈഫ് മിഷൻ രൂപീകരിച്ചത്. 2011 മുതൽ 2016 വരെയുള്ള ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണകാലത്ത് പണിത വീടുകളുടെ എണ്ണം 455000 ആണ്. ഞങ്ങൾ ഉന്നയിച്ച ചോദ്യത്തിന് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ നൽകിയ കണക്കാണിത്. അതിന്റെ പകുതി വീടുപോലും 2016 മുതൽ 2021 വരെയുള്ള കാലഘട്ടത്തിൽ പണിതിട്ടില്ല. കഴിഞ്ഞ ഒന്നര-രണ്ട് വർഷംകൊണ്ട് എന്താണ് ലൈഫ് മിഷനിൽ നടക്കുന്നത്? പക്ഷെ ഭയങ്കര സംഭവമെന്നാണ് പറയുന്നത്. നിങ്ങൾ എല്ലാം കൊട്ടിഘോഷിച്ച് നടക്കും. ലൈഫ് മിഷന്റെ പാതയിലാണ് വ്യവസായ വകുപ്പുമന്ത്രിയും. അദ്ദേഹം മിടുക്കനും നല്ല വ്യക്തിബന്ധവും പൊതുജനബന്ധവുമുള്ള ആളാണ്. ഒരു വിഷയം കയ്യിൽ കിട്ടിക്കഴിഞ്ഞാൽ അതെങ്ങനെ കൈകാര്യം ചെയ്യണമെന്ന് നന്നായിട്ടറിയുന്ന ആളാണ്. അതിന് ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നു. പക്ഷെ അങ്ങയുടെ കണക്കും യാഥാർത്ഥ്യവും തമ്മിൽ പൊരുത്തപ്പെടുകയില്ലെന്ന കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. ലോക്കൽ ബോഡികളുടെ സ്ഥിതിയെന്താണ്; എവിടെപ്പോയി വികേന്ദ്രീകരണം?

ലോക്കൽ ബോഡികൾ ഇപ്പോൾ വെള്ളം കുടിക്കുകയാണ്. കേരളത്തിലെ ഓരോ വകുപ്പുകളും പരിശോധിക്കുമ്പോൾ സാമ്പത്തിക പ്രതിസന്ധിയുൾപ്പെടെയുള്ള അവസ്ഥമൂലം ഒരു വകുപ്പിനും മുന്നോട്ടുപോകാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. ഒരു ദീർഘവീക്ഷണവുമില്ലാത്ത, ഒരു കാഴ്ചപ്പാടുമില്ലാത്ത നയപ്രഖ്യാപനമാണ് അവതരിപ്പിച്ചത്. ഗവൺമെന്റ് എന്ത് ചെയ്യാൻ പോകുന്നു, കേരളം എന്ത് ചെയ്യാൻ പോകുന്നുവെന്നതിന്റെ എന്തെങ്കിലും സൂചന ഈ നയപ്രഖ്യാപനം വായിക്കുന്ന മൂന്നാമതൊരാൾക്ക് അറിയാൻ കഴിയുമോ? അവർ അത്ഭുതപ്പെടും, വിസ്മയിക്കും.

ഞാൻ വലിയ രാഷ്ട്രീയമൊന്നും പറയുന്നില്ല, എല്ലാവരും അത് പറഞ്ഞുകഴിഞ്ഞു. ശ്രീ. രാഹുൽ ഗാന്ധിയുടെ ഭാരത് ജോഡോ യാത്ര ഇന്ത്യയിലെ ജനാധിപത്യ വിശ്വാസികൾക്കെല്ലാം ഒരു ആവേശമായിരുന്നു. വർഗ്ഗീയതയ്ക്കും ഫാസിസത്തിനുമെതിരായുള്ള പോരാട്ടത്തിൽ ഒരു മനുഷ്യൻ കന്യാകുമാരിയിൽനിന്ന് കാശ്മീരിലേയ്ക്ക് നടത്തിയ യാത്രയായിരുന്നു. ജനങ്ങൾക്കിടയിലൂടെ അവരുമായി സംവദിച്ചുകൊണ്ട്, അവരെ ചേർത്തുപിടിച്ചുകൊണ്ട് മഞ്ഞും വെയിലും പേമാരിയും ഒന്നും വകവയ്ക്കാതെ നടന്നുപോയപ്പോൾ കോൺഗ്രസ്സുകാരല്ലാത്തവർക്കുപോലും അദ്ദേഹത്തോട് സ്നേഹവും ആദരവും പ്രതീക്ഷയുമുണ്ടായി. കഴിഞ്ഞ ആറ് വർഷം പെയ്യാത്ത

മഞ്ഞാണ് ജനുവരി 30-ാം തീയതി കാശ്മീരിന്റെ തലസ്ഥാനമായ ശ്രീനഗറിൽ ഉണ്ടായത്. ഞങ്ങളെല്ലാം തണുത്തുവിറച്ചാണ് സ്റ്റേജിൽ നിന്നത്. ആ മഞ്ഞിലും ഞാൻ തണുപ്പ് അറിഞ്ഞില്ല, കാരണം സി.പി.ഐ.-യുടെ അഖിലേന്ത്യാ ജനറൽ സെക്രട്ടറി, എന്നേക്കാൾ എത്രയോ പ്രായമുള്ള വന്ദ്യവയോധികനായ ശ്രീ. ഡി. രാജ, ആ വേദിയിൽ ശ്രീ. രാഹുൽ ഗാന്ധിക്ക് പിന്തുണയുമായി ഉണ്ടായിരുന്നു. ആ തണുപ്പ് അദ്ദേഹത്തിന് അതിജീവിക്കാൻ കഴിയുമോയെന്ന സംശയത്തിൽ ഞങ്ങളിൽ പലരും അദ്ദേഹത്തിനടുത്തുപോയി നോക്കിയിരുന്നു. എന്നാൽ ഞങ്ങളേക്കാൾ ഉത്സാഹത്തോടെയും ആവേശത്തോടെയുമിരുന്ന ബഹുമാന്യനായ ആ മനുഷ്യൻ യോഗം കഴിഞ്ഞതിനുശേഷമാണ് വേദിയിൽനിന്നും ഇറങ്ങിയത്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നും എത്രയോപേർ ആ ജാഥയുടെ ഭാഗമായി മാറി. ബി.ജെ.പി. ഞങ്ങളെ ധാരാളം പരിഹസിച്ചു, രാഹുൽ ഗാന്ധി ഇട്ടിരിക്കുന്ന ടീഷർട്ട് നാൽപ്പതിനായിരം രൂപ വിലയുള്ളതാണെന്ന് പറഞ്ഞു. തിരുപ്പൂരിലെ കോൺഗ്രസിന്റെ ഡി.സി.സി. പ്രസിഡന്റ് അവിടെയുള്ള ഒരു സാധാരണ സ്ഥലത്തുനിന്നും കൊണ്ടുവന്ന ടീഷർട്ടാണ് അതെന്ന് മനസ്സിലായപ്പോൾ അവർ വിഷയം മാറ്റി. അദ്ദേഹം ധരിച്ചിരുന്ന ഷൂവിനെക്കുറിച്ചായി അടുത്ത

ചർച്ച. ബി.ജെ.പി.-യോടും സംഘ്പരിവാറിനോടുമൊപ്പം രാഹുൽ ഗാന്ധിയെയും കോൺഗ്രസിനെയും പരിഹസിക്കാൻ കേരളത്തിലെ സി.പി.ഐ(എം) തുടക്കംമുതലുണ്ടായിരുന്നുവെന്നത് ഞങ്ങളെ സങ്കടപ്പെടുത്തുകയും വിഷമിപ്പിക്കുകയും ചെയ്തു. സി.പി.ഐ.(എം) ഞങ്ങളുടെ കൂടെവരണമെന്നൊന്നും ഞങ്ങൾ പറഞ്ഞിട്ടില്ല. ശ്രീ. രാഹുൽ ഗാന്ധി കേരളത്തിൽ 19 ദിവസം നടന്നപ്പോൾ എവിടെയെങ്കിലുംവച്ച് എൽ.ഡി.എഫ്. ഗവൺമെന്റിനെതിരായി ഒരക്ഷരം പറഞ്ഞോ? ഈ ജാഥ സംസ്ഥാന സർക്കാരിനെതിരായുള്ളതല്ല, ഫാസിസത്തിനും വർഗ്ഗീയതയ്ക്കുമെതിരായുള്ളതായിരുന്നു. ശ്രീ. രാഹുൽ ഗാന്ധി നയിച്ച ഭാരത് ജോഡോ യാത്രയുടെ വേദി നിങ്ങൾക്കെതിരെ ഒരക്ഷരമെങ്കിലും പറയാനായി ഞങ്ങൾ ആരെങ്കിലും ദുരുപയോഗിച്ചോ? അങ്ങനെ ഞങ്ങൾ ചെയ്യാതിരുന്നത് ആ ജാഥയുടെ പവിത്രത കളയാതിരിക്കാനാണ്. ഒരു മനുഷ്യൻ ഇന്ത്യ മുഴുവൻ നടക്കുകയല്ലേ? പ്രാർത്ഥനകൊണ്ടും പിന്തുണകൊണ്ടും ആ മനുഷ്യനെ മുന്നോട്ടുനയിക്കണമെന്ന് ഞങ്ങളെല്ലാവരും ആഗ്രഹിച്ചു. സി.പി.ഐ.(എം.)-ന്റെ ദേശീയ നേതൃത്വത്തിന് അത്തരത്തിൽ ആഗ്രഹമുണ്ടായിരുന്നിട്ടുപോലും, ഞാൻ കരുതുന്നത് അങ്ങനെയാണ്, നിങ്ങൾ സംഘ്പരിവാറിന്റെ കൂടെനിന്ന് പരിഹസിച്ചു. അക്കാര്യത്തിൽ

മുഖ്യമന്ത്രിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്, ദേശീയ നേതൃത്വത്തെക്കാൾ കൂടുതൽ പവർഫുള്ളായി സി.പി.ഐ. (എം)-ന്റെ സംസ്ഥാന നേതൃത്വം എത്തിപ്പെട്ടുവെന്നാണ് തോന്നുന്നത്. കാരണം, ഇവിടെ മാത്രമാണല്ലോ ഭരണമുള്ളത്. നിങ്ങളിൽ ഒരാൾപോലും ആ യാത്രയെക്കുറിച്ച് നല്ലവാക്ക് പറയാൻ ഉണ്ടായിരുന്നില്ലെന്നത് വളരെ വിഷമകരമായ കാര്യമാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, അങ്ങേയ്ക്ക് അനുവദിച്ച സമയത്തെക്കാൾ മൂന്ന് മടങ്ങ് സമയമായി.

ശ്രീ. വി. ഡി. സതീശൻ: ഞാൻ രണ്ട് മിനിട്ടുകൊണ്ട് നിർത്താം. സി.പി.ഐ.(എം)-ഉം ബി.ജെ.പി.-യും തമ്മിൽ ഒരു കോമൺ ഫാക്ടറുണ്ട്, അത് ബി.ജെ.പി.-യുടെ കോൺഗ്രസ് വിരുദ്ധതയാണ്. കോൺഗ്രസ് മുക്തഭാരതം എന്നതാണ് അവരുടെ ലക്ഷ്യം. കേരളത്തിലെ സി.പി.ഐ. (എം)-നും അതേ കോൺഗ്രസ് വിരുദ്ധതയാണുള്ളത്. നിങ്ങൾ രണ്ടുപേരും ഒരുമിച്ചുചേരുന്നത് അവിടെയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ടി.ആർ.എസ്. (Telangana Rashtra Samithi) നേതാവ് ശ്രീ. ചന്ദ്രശേഖര റാവുവിന്റെ പരിപാടിയിൽ പങ്കെടുക്കാൻ തെലുങ്കാനയിൽ പോയി. ശ്രീ. ചന്ദ്രശേഖര റാവുവും ഒരു കോൺഗ്രസ് വിരുദ്ധനാണ്, കാരണം, അദ്ദേഹം

ഇന്ത്യയിലെതന്നെ ഏറ്റവും വലിയ അഴിമതിയാരോപണം നേരിടുന്ന മുഖ്യമന്ത്രിയാണ്. അദ്ദേഹത്തിന് ബി.ജെ.പി.-യെയും കേന്ദ്രസർക്കാരിനെയും പേടിയാണ്. ഇ.ഡി., സി.ബി.ഐ. തുടങ്ങിയ അന്വേഷണ ഏജൻസികളെല്ലാം എപ്പോൾ വേണമെങ്കിലും വരാമെന്ന് പ്രതീക്ഷിക്കുന്ന ഒരാളാണ്. ബി.ജെ.പി.-ക്ക് രാജ്യസഭയിലും ലോക്സഭയിലും എപ്പോഴെല്ലാം പ്രതിസന്ധിഘട്ടമുണ്ടായിട്ടുണ്ടോ അപ്പോഴെല്ലാം ശ്രീ. ചന്ദ്രശേഖര റാവുവും ടി.ആർ. എസ്.-ഉം ബി.ജെ.പി.-യുടെ കൂടെയുണ്ടായിട്ടുണ്ട്. I will show the records from the floor of Rajya sabha and Lok sabha. രാജ്യസഭയിൽ അവർക്ക് ഭൂരിപക്ഷം കിട്ടുന്നതുവരെ ശ്രീ. ചന്ദ്രശേഖര റാവു അവരുടെ കൂടെയായിരുന്നു. ബി.ജെ.പി. ഇപ്പോൾ പോരാടുന്നത് നേരിട്ടല്ല, മറ്റ് പലരിലൂടെയുമാണ്. ഈ തെരഞ്ഞെടുപ്പിനുമുമ്പ് ഒരു മൂന്നാം മുന്നണി ഉണ്ടാകണമെന്നാണ് ഇപ്പോൾ ബി.ജെ.പി.-യുടെ ആഗ്രഹം. ബി.ജെ.പി. മുന്നണിയും കോൺഗ്രസ് നേതൃത്വം കൊടുക്കുന്ന ഒരു പ്ലാറ്റ്ഫോമും തമ്മിൽ നേരിട്ട് ഫൈറ്റ് ചെയ്യരുത്, അങ്ങനെ ചെയ്താലുള്ള അപകടം അവർക്കറിയാം. മൂന്ന് മാസം കൂടുമ്പോൾ പീരിയോഡിക്കൽ സർവ്വേ നടത്തുന്ന ഒരു പാർട്ടിയാണ് ബി.ജെ.പി., നിങ്ങൾ ഈ യാത്രയെ പുച്ഛിച്ച് നടന്നാലും ഭാരത് ജോഡോ യാത്ര ഉൾപ്പെടെ അവർക്കെതിരായി ഉണ്ടായിരിക്കുന്ന

വികാരത്തെക്കുറിച്ച് ബി.ജെ.പി.-ക്കാർക്കറിയാം. അതുകൊണ്ടുതന്നെ അവർ അന്വേഷിക്കുന്നത് ഇതുരണ്ടുമല്ലാത്ത ഒരു മൂന്നാം മുന്നണിയെയാണ്. ആ മൂന്നാം മുന്നണിക്കായി ബി.ജെ.പി.-സംഘ്പരിവാർ നേതൃത്വത്തിൽനിന്ന് വക്കാലത്ത് എടുത്തിരിക്കുന്ന ആളാണ് തെലുങ്കാനയിലെ ശ്രീ. ചന്ദ്രശേഖര റാവു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യങ്ങളൊന്നും അറിയാതെയാണ് പോയതെങ്കിൽ കുഴപ്പമില്ല, അതല്ല, അറിഞ്ഞുകൊണ്ടാണ് പോയതെങ്കിൽ ഞാൻ സൂചിപ്പിച്ച കോൺഗ്രസ് വിരുദ്ധതയുടെ പ്ലാറ്റ്ഫോമിനായി അങ്ങുകൂടി സംഭാവന ചെയ്യുകയാണെന്നത് വളരെ ദൗർഭാഗ്യകരമാണ്. അങ്ങ് സമരങ്ങളെ ഭയപ്പെടരുതെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്. ദേശീയതലത്തിലും സംസ്ഥാനതലത്തിലും നിരവധി സമരങ്ങൾ ചെയ്ത പാർട്ടിയാണ് കമ്മ്യൂണിസ്റ്റ്. എന്തിനാണ് സമരം ചെയ്യുന്ന എല്ലാവരെയും ജയിലിൽ അടയ്ക്കുന്നത്; ആരെങ്കിലും സമരം ചെയ്യുമ്പോൾ അവർ നമ്മുടെ ഭരണത്തിനും അധികാരത്തിനുമെതിരായാണ് സമരം ചെയ്യുന്നതെന്ന് ഒരു ഭരണാധികാരിക്ക് തോന്നാമോ; എന്തിനാണ് സമരം ചെയ്ത യൂത്ത് ലീഗിന്റെ 28 പേരെ ജയിലിലടച്ചത്; എന്തിനാണ് ശ്രീ. പി. കെ. ഫിറോസിനെ അറസ്റ്റ്ചെയ്ത് കൊണ്ടുപോയത്? കേരളത്തിന്റെ ചരിത്രത്തിൽ ഒരു കാലത്തും പ്രതിപക്ഷം നേരിടാത്ത പ്രതിസന്ധി ഇപ്പോൾ

ഞങ്ങൾക്കുണ്ട്. പതിനായിരക്കണക്കിന് കേസുകളാണ് ഞങ്ങളുടെ പ്രവർത്തകരുടെമേൽ ചുമത്തുന്നത്. തിരുവനന്തപുരം ജില്ലാ യൂത്ത് കോൺഗ്രസ് പ്രസിഡന്റിന്റെ പേരിൽ 248 കേസുകളുണ്ട്. എല്ലാ മാസവും കോടതിയിൽ പോകണം, ശിക്ഷയായി ഫൈൻ വിധിക്കുന്നത് വലിയ തുകയാണ്. ഇതാണോ ജനാധിപത്യം? സമരം ചെയ്യാനുള്ള അവകാശം ഇല്ലാതാക്കുകയാണ്. ശ്രീ. പി. കെ. ഫിറോസിനെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് നടന്ന പ്രകടനത്തിൽ ഒരു കല്ലുപോലും വലിച്ചെറിയപ്പെട്ടിട്ടില്ല. എന്നിട്ടും കേരളം മുഴുവൻ ആയിരക്കണക്കിനാളുകളുടെ പേരിൽ കേസുകൾ ചുമത്തുകയാണ്. എൽ.ഡി.എഫ്. ഞങ്ങളെ കേസെടുത്ത് തോൽപ്പിക്കാൻ പോകുകയാണോ? നിങ്ങൾ കേസെടുത്ത് തോൽപ്പിക്കു, ഞങ്ങൾ ഇനിമുതൽ കോടതിയിൽ പോകേണ്ടെന്ന് തീരുമാനിക്കും. കോടതിയിൽ പോകാതെയും ഫൈൻ അടയ്ക്കാതെയും ജയിൽ നിറയ്ക്കാൻ ഞങ്ങളും തയ്യാറാണ്. ഞങ്ങളും രാഷ്ട്രീയ പ്രസ്ഥാനങ്ങളാണ്, ഇത് ജനാധിപത്യ ഭാരതവും ജനാധിപത്യ കേരളവുമാണ്. ഇത്തരത്തിൽ കേസെടുത്ത് തോൽപ്പിക്കാമെന്ന് ഒരു ഗവൺമെന്റും കരുതരുത്. നിങ്ങളുടെ പ്രവർത്തികൾ ജനാധിപത്യ ബോധത്തിനും ജനാധിപത്യനീതിക്കും നിരക്കുന്നതല്ലെന്ന് ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയെ വിനയപൂർവ്വം ഞാൻ ഓർമ്മപ്പെടുത്തുന്നു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തോട് ഞങ്ങൾക്ക് പൂർണ്ണമായും വിയോജിപ്പാണുള്ളത്, അതുകൊണ്ടുതന്നെ ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെയും ശക്തിയായി എതിർക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവടക്കമുള്ള പ്രതിപക്ഷത്തെ ബഹുമാന്യരായ അംഗങ്ങൾ നന്ദിപ്രമേയ ചർച്ചയിൽ സംസാരിച്ച രീതിയോട് ഞങ്ങൾക്ക് വളരെ നന്ദിയുണ്ട്. കാരണം, സംസ്ഥാന സർക്കാരിനെതിരായി ഒന്നും പറയാനില്ലെന്നതാണ് അവരുടെ പ്രസംഗങ്ങളിൽനിന്നും വ്യക്തമാകുന്നത്. പ്രതിപക്ഷനേതാവ് പറഞ്ഞവസാനിപ്പിച്ച വിഷയത്തിൽനിന്നും സംസാരം തുടങ്ങാനല്ല ഞാൻ യഥാർത്ഥത്തിൽ ഉദ്ദേശിക്കുന്നത്. ആവശ്യമെങ്കിൽ അത് പിന്നീടൊരു ഘട്ടത്തിലാകാമെന്ന് തോന്നുന്നു.

നമ്മുടെ രാജ്യത്തിന്റെ പൊതുവായ അവസ്ഥ നാം ഗൗരവമായി കാണേണ്ടതുണ്ട്. മതനിരപേക്ഷ മൂല്യങ്ങൾ, ഫെഡറൽ സംവിധാനം തുടങ്ങിയ ഭരണഘടനയുടെ അടിസ്ഥാനഘടകങ്ങൾ അസാധാരണമായ വെല്ലുവിളി നേരിടുന്ന ഘട്ടമാണിത്. ഇതിന് നേതൃത്വം കൊടുക്കുന്നവർ രാജ്യത്തിന്റെ ഭരണഘടനാദത്തമായ ഉത്തരവാദപ്പെട്ട സ്ഥാനങ്ങൾ

വഹിക്കുന്നവരാണെന്നത് ഈ രാജ്യത്തെ ഒരു പ്രത്യേകതയായി വന്നിരിക്കുകയാണ്, അതുകൊണ്ടുതന്നെ ഇതിന്റെ ഗൗരവമേറുകയാണ്. ദേശീയ പ്രസ്ഥാനത്തിന്റെ സത്ത ഉൾക്കൊള്ളുന്ന എല്ലാവരും അതീവജാഗ്രതയോടെ ഇത്തരം ശ്രമങ്ങളെ ചെറുക്കേണ്ട സന്ദർഭമാണിത്. ഇക്കാര്യം നയപ്രഖ്യാപന പ്രസംഗത്തിൽ ഊന്നിപറഞ്ഞിട്ടുണ്ട്. ഭാഷാപരവും മതപരവുമായ മേധാവിത്വ പ്രവണതകൾ നാനാത്വത്തിൽ ഏകത്വം എന്ന തത്വത്തിൽ അധിഷ്ഠിതമായ നമ്മുടെ രാഷ്ട്രീയഘടനയ്ക്ക് വലിയ ഭീഷണിയാണ് ഉയർത്തുന്നത്. അത്തരമൊരു ഘട്ടത്തിൽ യോജിക്കാവുന്ന എല്ലാവരുമായും യോജിച്ചുകൊണ്ട് ഇത്തരം പ്രവണതകൾക്കെതിരെ ശക്തമായ എതിർപ്പും പ്രതിഷേധവും ഉയർത്താനാണ് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ സന്നദ്ധമായിട്ടുള്ളത്. ഫെഡറൽ സംവിധാനത്തിന്റെ ആണിക്കല്ലാണ് കേന്ദ്ര-സംസ്ഥാനങ്ങൾ തമ്മിലുള്ള അധികാരത്തിന്റെ ഭരണഘടനാപരമായ വിഭജനം. അതിനെ മറികടന്നുകൊണ്ട് സംസ്ഥാന സമാവൃത്തി വിഷയങ്ങളിൽ കേന്ദ്രം നടത്തുന്ന നിയമനിർമ്മാണങ്ങൾ ജനാധിപത്യവിരുദ്ധമായ പ്രവണതയുടെ ദൃഷ്ടാന്തമായി നാം കാണുന്നു. ഈ കാര്യങ്ങളിലെല്ലാം ഓരോ ഘട്ടത്തിലും, അതായത് സമയാസമയങ്ങളിൽ

കേന്ദ്ര സർക്കാരിനെ പ്രതിഷേധം അറിയിക്കുന്ന നിലപാട് നാം സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം നിയമപരമായി സാധ്യമായ എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിക്കുന്നുമുണ്ട്. പൗരത്വനിയമ ഭേദഗതിക്കെതിരെ ഭരണഘടനയുടെ അനുച്ഛേദം 131 പ്രകാരം കേരളം ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ട്. സഹകരണ നിയമ ഭേദഗതി, ഡാം സേഫ്റ്റി നിയമ ഭേദഗതി, വൈദ്യുതി റെഗുലേറ്ററി ഭേദഗതി എന്നിങ്ങനെ നിരവധി നിയമനിർമ്മാണങ്ങൾ ഫെഡറൽ തത്വങ്ങളെ തെല്ലും മാനിക്കാതെ കേന്ദ്ര സർക്കാർ നടത്തിവരികയാണ്. ഈ പ്രവണതകൾക്കെതിരെ നയപ്രഖ്യാപന പ്രസംഗത്തിൽ വ്യക്തമായ പരാമർശമാണുള്ളത്. ഇന്ന് ഇന്ത്യൻ ജനാധിപത്യവും മതനിരപേക്ഷമൂല്യങ്ങളും ഫെഡറലിസവും നേരിടുന്ന ഭീഷണികൾ ദേശീയ ഐക്യത്തെ ദുർബലപ്പെടുത്താൻ മാത്രമേ ഉതകുകയുള്ളൂ. ഈ അഭിപ്രായം അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇവിടത്തെ പ്രതിപക്ഷത്തിന് ഇതിനെ പിന്തുണയ്ക്കാതിരിക്കാൻ എന്ത് ന്യായമാണ് പറയാൻ കഴിയുന്നത്; ഗവൺമെന്റിന് നേതൃത്വം നൽകുന്നത് ഇടതുപക്ഷ പ്രസ്ഥാനങ്ങളായതുകൊണ്ട് ഇക്കാര്യങ്ങൾ ഞങ്ങൾ പറയുമ്പോൾ അതിനെ എതിർക്കുമെന്ന സമീപനമാണോ പ്രതിപക്ഷം സ്വീകരിക്കേണ്ടത്?

കോവിഡ് മഹാമാരി ഉയർത്തിയ അതികഠിനമായ വെല്ലുവിളി നേരിടുന്നതിന് സംസ്ഥാന സർക്കാരിന് വിപുലമായ ഇടപെടലുകൾ നടത്തേണ്ടി വന്നിട്ടുണ്ട്. ആ ഘട്ടത്തിൽ ഇവിടെ മാത്രമല്ല ലോകത്താകെയുള്ള സർക്കാരുകളുടെ റവന്യൂ വരുമാനം കുറയുന്ന നിലയുണ്ടായി. ചെലവുബാധ്യത ഗണ്യമായി വർദ്ധിക്കുകയും ചെയ്തു. ഈ ഘട്ടത്തിൽ ആഗോളതലത്തിൽ സർക്കാരിന്റെ കടബാധ്യത വർദ്ധിക്കുന്ന നിലയുണ്ടായി. അത് ലോകത്താകെയുണ്ടായ ഒരു പ്രതിഭാസമാണ്. ഇതുസംബന്ധിച്ച കണക്കുകൾ ജനുവരി 31-ന് പുറത്തിറങ്ങിയ ഇന്ത്യാഗവൺമെന്റിന്റെ ഇക്കണോമിക് സർവ്വേയിൽനിന്നും നമുക്ക് കാണാൻ കഴിയും. പല സംസ്ഥാനങ്ങളും 2020-ൽ കേന്ദ്ര സർക്കാരിനോട് അതിശക്തമായി ആവശ്യപ്പെട്ട ഒരുകാര്യം വാർഷിക വായ്പാപരിധി ആഭ്യന്തര വരുമാനത്തിന്റെ 3 ശതമാനത്തിൽനിന്ന് 5 ശതമാനമായി ഉയർത്തണമെന്നതാണ്. കേരളത്തിനുവേണ്ടി ഈ ആവശ്യം ഉന്നയിച്ചപ്പോൾ ഇതേ ആവശ്യം ഉന്നയിച്ചതിൽ പ്രതിപക്ഷത്തിരിക്കുന്ന കോൺഗ്രസിന്റെ പ്രമുഖ നേതാവായ രാജസ്ഥാൻ മുഖ്യമന്ത്രി ശ്രീ. അശോക് ഗെഹ്ലോട്ടുമുണ്ട് എന്നത് നാം ഓർക്കേണ്ടതാണ്. സംസ്ഥാനങ്ങളുടെ സമ്മർദ്ദം, രാജ്യത്ത് നിലനിൽക്കുന്ന അസാധാരണ സാഹചര്യം ഇതെല്ലാം പരിഗണിച്ച് മറ്റ്

മാർഗ്ഗങ്ങളൊന്നുമില്ലാതെ ആ ഘട്ടത്തിൽ കേന്ദ്ര സർക്കാരിന് വായ്പാപരിധി ഉയർത്തിക്കൊണ്ടുള്ള തീരുമാനമെടുക്കേണ്ടതായി വന്നു. ആ തീരുമാനം പൂർണ്ണ മനസ്സോടെയല്ല ബി.ജെ.പി. സർക്കാർ എടുത്തതെന്നതാണ് നാം കാണേണ്ടത്. 0.5 ശതമാനം വായ്പാ നിബന്ധനകളില്ലാതെയും 1.5 ശതമാനം നിബന്ധനകളോടുകൂടിയുമാണ് അനുവദിച്ചത്. ഈ നിബന്ധനകളിൽ റേഷൻ സംവിധാനങ്ങളുടെ പരിഷ്കരണങ്ങൾ, വൈദ്യുതി വിതരണ മേഖലയിലെ നഷ്ടം കുറയ്ക്കൽ, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് അന്തരീക്ഷം സൃഷ്ടിക്കൽ, നഗരപ്രദേശങ്ങളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും കെട്ടിടനികുതി പരിഷ്കരണം ഇവയെല്ലാം ഉൾപ്പെട്ടിട്ടുണ്ട്. കേരളം അധിക വായ്പയ്ക്കുള്ള അർഹത നേടിയിട്ടാണ് കേന്ദ്രാനുമതിയോടുകൂടി കോവിഡ് കാലത്തെ അസാധാരണ സാഹചര്യം തരണം ചെയ്യാൻ ജനങ്ങളുടെ ജീവനും ജീവനോപാധികളും സംരക്ഷിക്കാനായി അധിക വായ്പയെടുത്തത്. ഇങ്ങനെ അധിക വായ്പയെടുത്തത് ഒരു വലിയ കുറ്റമായി, അതൊരു ധൂർത്തായി ചിത്രീകരിക്കുന്ന കുപ്രചരണങ്ങളിലാണ് യു.ഡി.എഫ്. ഏർപ്പെട്ടതെന്ന് നമുക്ക് കാണാൻ കഴിയും. 2006-2011-ലെ എൽ.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ ധനദൃഢീകരണത്തിനുള്ള ശക്തമായ നടപടികളാണ്

സ്വീകരിച്ചത്. 2010-11 സാമ്പത്തിക വർഷത്തിൽ തനത് നികുതി വരുമാനത്തിൽ 23 ശതമാനം വർദ്ധനയാണുണ്ടായത്. യു.ഡി.എഫ്. സർക്കാർ രണ്ടുവർഷം പിന്നിട്ടപ്പോൾ, അതായത് 2013-14 ആയപ്പോൾ തനത് നികുതി വരുമാനത്തിന്റെ വളർച്ച 10 ശതമാനമായി കുറച്ചു. ഈ പ്രവണത 2015-16 വരെ തുടർന്നു. അതിനുശേഷം എൽ.ഡി.എഫ്. സർക്കാർ വീണ്ടും അധികാരത്തിൽ വന്നപ്പോൾ ഓരോ സാമ്പത്തിക വർഷവും നമുക്ക് നേരിടേണ്ടി വന്നത് അസാധാരണമായ സാഹചര്യങ്ങളായിരുന്നു. ഒരു ഭാഗത്ത് നോട്ട് നിരോധനത്തിലൂടെയുണ്ടായ പ്രശ്നങ്ങൾ, മറ്റൊരു ഭാഗത്ത് പ്രകൃതി ദുരന്തങ്ങൾ, അതിന്റെ തുടർച്ചയായി കോവിഡ് മഹാമാരിയുമുണ്ടായി. ഇത്തരത്തിലുള്ള സമാനതകളില്ലാത്ത വെല്ലുവിളികളാണ് ഈ കാലയളവിൽ സംസ്ഥാനത്തിന് നേരിടേണ്ടിവന്നത്. അതുകൊണ്ട് തനത് നികുതി വരുമാനത്തിൽ വലിയ വർദ്ധനവ് ആ കാലയളവിലുണ്ടാക്കാൻ കഴിഞ്ഞില്ല. പക്ഷെ, 2021-22 ആയപ്പോൾ തനത് നികുതി വരുമാനത്തിൽ 22 ശതമാനത്തിന്റെ വളർച്ചയുണ്ടായിട്ടുണ്ട്. കേരളം കടക്കെണിയിലാണെന്ന തരത്തിലുള്ള വ്യാപകമായ കുപ്രചരണം ബോധപൂർവ്വം ഇവിടെ നടത്തുകയാണ്. സാമ്പത്തിക വളർച്ചയ്ക്ക് ആക്കംകൂട്ടുന്നതിനായി മൂലധനച്ചെലവ് വർദ്ധിപ്പിക്കണമെന്ന് കഴിഞ്ഞ ദിവസം അവതരിപ്പിച്ച കേന്ദ്ര

ബഡ്ജറ്റിൽ എടുത്തുപറയുന്നുണ്ട്. സാമ്പത്തിക സർവ്വേയിലും ഈ അഭിപ്രായത്തിന് ഊന്നൽ നൽകിയിട്ടുണ്ട്. ഞങ്ങളതിനോട് വിയോജിക്കുന്നില്ല. 2016-17 മുതൽ കേരളത്തിൽ മൂലധന ചെലവ് വർദ്ധിപ്പിക്കാൻ സുദൃഢമായ കാൽവയ്പാണ് എൽ.ഡി.എഫ്. സർക്കാർ നടത്തിയിട്ടുള്ളത്. ദേശീയപാത വികസനം, ഗെയിൽ പൈപ്പ്ലൈൻ, ഇടമൺ-കൊച്ചി ഉൾപ്പെടെയുള്ള വൈദ്യുതി പ്രസരണ രംഗത്തെ വികസന പദ്ധതികൾ എന്നിവയെല്ലാം യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കട്ടപ്പുറത്തായിരുന്നവയാണ്. ആ പദ്ധതികളെ ചലനാത്മകമാക്കിയതും പ്രാവർത്തികമാക്കിയതും എൽ.ഡി.എഫ്. സർക്കാരാണ്. മൂലധനച്ചെലവുകൾ വർദ്ധിപ്പിക്കാൻ ഞങ്ങൾ സ്വീകരിച്ച നടപടികളുടെ ഭാഗമാണ് കിഫ്ബിവഴി നടപ്പാക്കുന്ന പശ്ചാത്തല സൗകര്യ വികസന പരിപാടികൾ. ഇപ്പോൾ ഈ വികസന പരിപാടികളെ ഏതെല്ലാം വിധത്തിൽ തുരങ്കംവയ്ക്കാമെന്നാണ് കേന്ദ്ര സർക്കാർ ആലോചിക്കുന്നത്. ഇതിനെ സർവ്വാത്മനാ പിന്തുണയ്ക്കുന്ന സമീപനമാണ് കേരളത്തിൽ കോൺഗ്രസ് ഉൾപ്പെടെയുള്ള പ്രതിപക്ഷം സ്വീകരിക്കുന്നത്. കേരളത്തിൽ വികസന പദ്ധതികൾ നടപ്പാക്കാനായി സംസ്ഥാന സർക്കാർ പരിശ്രമിക്കുമ്പോൾ അതിനെ അട്ടിമറിക്കാൻ ഇവിടത്തെ കോൺഗ്രസ്സും ബി.ജെ.പി. നേതാക്കളും ഐക്യത്തോടും

സാഹോദര്യത്തോടുംകൂടി ഒരുമിച്ച് അതിന് അനുമതി നൽകരുതെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടുകയാണ്. ഇവിടെ ധനധൂർത്തുണ്ട്; കടക്കെണിയുണ്ട് എന്ന തരത്തിലുള്ള അനാവശ്യ പ്രചരണം വ്യാപകമായി നടത്താനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. 2022-ലെ സി. ആൻഡ് എ.ജി. റിപ്പോർട്ടിൽ ഏപ്രിൽ-ഡിസംബർ കാലയളവിൽ ധനകമ്മി, റവന്യൂകമ്മി എന്നിവയെക്കുറിച്ചുള്ള കണക്കുകൾ പ്രസിദ്ധീകരിച്ചിരുന്നു. 2020-21-ലെ ഇതേ കാലയളവിലെ കണക്കുകളേക്കാൾ ഗണ്യമായ കുറവ് ഈ സൂചികകളിലെല്ലാം വന്നിട്ടുണ്ട്. റവന്യൂ കമ്മിയിൽ 20,852 കോടി രൂപയുടെയും ധനകമ്മിയിൽ 21,079 കോടി രൂപയുടെയും കുറവാണുണ്ടായിട്ടുള്ളത്. ബഡ്ജറ്റ് വരാനിരിക്കുകയാണ്. സ്വാഭാവികമായും കൂടുതൽ കണക്കുകൾ അതിലുണ്ടാകും. സംസ്ഥാനം ധനദൃഢീകരണത്തിന്റെ പാതയിലാണെന്നാണ് ഇത് വ്യക്തമാക്കുന്നത്. ഇവിടെ നടത്തുന്ന മറ്റൊരു കുപ്രചരണം, സംസ്ഥാനത്ത് മന്ത്രിമാർക്കും മറ്റുംവേണ്ടി അധികച്ചെലവ് നടത്തുന്നുവെന്നാണ്. 2019-20-ൽ ഈ ശീർഷകത്തിൽ 13 കോടി 84 ലക്ഷം രൂപയാണ് ബഡ്ജറ്റ് എസ്റ്റിമേറ്റുണ്ടായിരുന്നത്. യഥാർത്ഥ ചെലവ് 11 കോടി 40 ലക്ഷം രൂപയാണ്. 2020-21-ൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് 12 കോടി 84 ലക്ഷം രൂപയും യഥാർത്ഥ ചെലവ് 10 കോടി 95 ലക്ഷം രൂപയുമാണ്.

2021-22-ൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് 13 കോടി 56 ലക്ഷം രൂപയും യഥാർത്ഥ ചെലവ് 12 കോടി 28 ലക്ഷം രൂപയുമാണ്. ഇതെല്ലാം സംസാരിക്കുന്ന കണക്കുകളാണ്. ഇതിൽനിന്നും കാണാൻ കഴിയുന്നതെന്താണ്? ഇവിടെയൊരു ധൂർത്തും നടക്കുന്നില്ല എന്നുതന്നെയാണ്. ഈ ചെലവുകളിൽ സർക്കാർ സാമ്പത്തിക അച്ചടക്കം പാലിച്ചിട്ടുണ്ടെന്ന് തന്നെയാണ് കാണാൻ കഴിയുന്നത്. കണക്കുകൾ മറച്ചുവച്ചും യാഥാർത്ഥ്യങ്ങളെ മൂടിവച്ചുകൊണ്ടും പ്രതിപക്ഷം ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമത്തിലാണ് ഏർപ്പെട്ടിരിക്കുന്നത്. അസാധാരണമായ വെല്ലുവിളികളെ നേരിടേണ്ടിവന്ന നമ്മുടെ സംസ്ഥാനം സർക്കാരിന്റെ കൃത്യമായ ഇടപെടലിന്റെ ഫലമായി 2021-22 സാമ്പത്തിക വർഷത്തിൽ സ്ഥിരവിലയിൽ 12 ശതമാനവും നടപ്പുവിലയിൽ 17 ശതമാനവും സാമ്പത്തിക വളർച്ച കൈവരിച്ചിട്ടുണ്ട്. ഇത് അഖിലേന്ത്യാ സാമ്പത്തിക വളർച്ചാനിരക്കിന്റെ 1.4 മടങ്ങ് വരുമെന്ന കാര്യം പ്രതിപക്ഷത്തിന് മറച്ചുവയ്ക്കാൻ കഴിയില്ല. പശ്ചാത്തല സൗകര്യ വികസന മേഖലയിലും സാമൂഹ്യ മേഖലയിലും സർക്കാർ നടത്തിയ ഇടപെടലുകളാണ് ഈ അഭിമാനകരമായ സാമ്പത്തികവളർച്ചയ്ക്ക് സഹായകരമായതെന്ന കാര്യം കാണാതെ സാമ്പത്തികരംഗത്ത് കെടുകാര്യസ്ഥതയാണെന്ന വ്യാജപ്രചരണം ബോധപൂർവ്വം അഴിച്ചുവിടുകയാണ്. ഈ വസ്തുത ജനങ്ങൾ

തിരിച്ചറിയുന്നുണ്ടെന്ന കാര്യത്തിൽ ഞങ്ങൾക്ക് അശേഷം സംശയമില്ല. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം വിവിധങ്ങളായ വിഷയങ്ങളാകെ സ്പർശിക്കുന്നതാണ്. കേരളത്തിന്റെ പ്രശ്നങ്ങളെ അപഗ്രഥിക്കുക, ഭാവിയെ വിഭാവനം ചെയ്യുക തുടങ്ങി വിപുലവും വിശാലവുമാണ് അതിന്റെ പരിഗണനാ വിഷയങ്ങൾ എന്നതുകൊണ്ടുതന്നെ അതിന്മേലുള്ള ചർച്ച എക്കാലവും വിഷയപരിധിയില്ലാത്തതാകാറുണ്ട്. ഏത് വിഷയവും ആ ചർച്ചയിൽ ഉയർന്നുവരാം. അത് സ്വാഭാവികമായും പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും വിമർശനപരമായാണ് വരുന്നത്. അത് പലപ്പോഴും അതിനിശിതവും രൂക്ഷവുമാകാം. അങ്ങനെയായതിന്റെ ദൃഷ്ടാന്തങ്ങൾ ഈ സഭയിൽത്തന്നെ ഇതിനുമുമ്പ് എത്രയോ ഘട്ടങ്ങളിലുണ്ടായിട്ടുണ്ട്. ചാട്ടവാറടിപോലുള്ള വിമർശനങ്ങൾ, അവയേറ്റുള്ള ഭരണപക്ഷത്തിന്റെ പുളയൽ ഇതൊക്കെ ഈ സഭ പല ഘട്ടങ്ങളിൽ കണ്ടിട്ടുള്ളതാണ്. ഞാൻ തുടക്കത്തിൽ പറഞ്ഞതുപോലെ ഈ നന്ദിപ്രമേയചർച്ചയെ ശ്രദ്ധേയമാക്കുന്നത് വസ്തുനിഷ്ഠവും രൂക്ഷതരവുമെന്ന് വിശേഷിപ്പിക്കേണ്ട വിധത്തിലുള്ള കാര്യമായ ഒരു വിമർശനവും പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല എന്നതുതന്നെയാണ്. എന്തുകൊണ്ടാണ് അത് ഉണ്ടാകാത്തത്; പ്രതിപക്ഷത്തിന്റെ കഴിവില്ലായ്മകൊണ്ടാണോ? പ്രഗത്ഭരായ

സാമാജികരുടെ നിരതന്നെയാണല്ലോ അപ്പുറത്തുള്ളത്. അവർക്ക് വിഷയങ്ങൾ നല്ലതുപോലെ അപഗ്രഥിച്ച് അവതരിപ്പിക്കാനുള്ള കഴിവുണ്ട്. എന്നിട്ടും ഭരണപക്ഷത്തെ വിഷമത്തിലോ പ്രതിസന്ധിയിലോ ആക്കുന്ന കാര്യമായ ഒരു വിമർശനവുമുണ്ടായില്ല. ഈ സർക്കാരിനോട് ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യമോ സൗജന്യഭാവമോ പ്രതിപക്ഷത്തിനുള്ളതുകൊണ്ടാണോ? അല്ലായെന്ന് നമുക്ക് ഇരുകൂട്ടർക്കും അറിയാം. എന്നിട്ടും എന്തുകൊണ്ടാണ് ഇങ്ങനെയുണ്ടാകുന്നത്? ഈ ചോദ്യത്തിനുള്ള മറുപടി ഒന്ന് മാത്രമാണ്. വിമർശിക്കപ്പെടാൻവേണ്ട ഒരു ദുഷ്ചെയ്തിയും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. അടിസ്ഥാനമില്ലാത്ത കാര്യങ്ങൾ മുൻനിർത്തി അതിരൂക്ഷമായ വിമർശനങ്ങൾ കെട്ടിപൊക്കാൻ ശ്രമിച്ചാൽ എല്ലാമറിയുന്ന, എല്ലാം കാണുന്ന ജനങ്ങൾക്ക് മുന്നിൽ യു.ഡി.എഫ്. അപഹാസ്യരായി പോകും. അതുകൊണ്ടുതന്നെയാണ് രൂക്ഷമായ കടന്നാക്രമണങ്ങളും സഭയ്ക്കും ജനങ്ങൾക്കും ബോദ്ധ്യമാകുന്ന വസ്തുതകൾ മുൻനിർത്തിയുള്ള വിമർശനങ്ങളും സർക്കാരിനെതിരെ ഉണ്ടാകാതിരിക്കുന്നത്. ഇത് സർക്കാരിനുള്ള സൗജന്യമല്ല, ഇക്കാര്യം ഞങ്ങൾക്കും ജനങ്ങൾക്കും ബോദ്ധ്യമുണ്ട്. പ്രതിസന്ധികളുണ്ടാക്കിയ വൈഷമ്യങ്ങൾ പതിറ്റാണ്ടുകൾ നിലനിൽക്കേണ്ടതാണ്. അത്തരമൊരു തുടർ

മരവിപ്പുണ്ടാകേണ്ട ഘട്ടമാണ് സത്യത്തിൽ എൽ.ഡി.എഫ്. സർക്കാരിന്റെ രണ്ടാമൂഴം. ഇവിടെ എവിടെയെങ്കിലും മരവിപ്പുണ്ടായോ; ഇല്ല. ഭാവനാപൂർണ്ണമായ, ആസൂത്രിത വിഭവമാനേജ്മെന്റുകൊണ്ടാണ് ഇത് സാധ്യമാക്കിയത്. ഇതരസംസ്ഥാനങ്ങളിൽ കാണാൻ സാധിക്കാത്ത ഒന്നാണിത്. ജനങ്ങളുടെ ആരോഗ്യം ഉറപ്പാക്കുക, കുട്ടികളുടെ ഭാവി ഭദ്രമാക്കുക എന്നിവയെല്ലാം ജനതയുടെയും നാടിന്റെയും ഭാവി സുരക്ഷിതമാക്കുന്നു. സുരക്ഷിതമായ ആ ഭാവി നാടിനെ സർവ്വതോന്മുഖമായ അഭിവൃദ്ധിയിലേയ്ക്ക് നയിക്കും. ബ്ലെയ്ഡ് കമ്പനിയെന്ന സങ്കൽപ്പത്തിൽ മനസ്സ് കുടുങ്ങിക്കിടക്കുന്നവർക്ക് നാടിന്റെയും ജനങ്ങളുടെയും ഭാവി ഉറപ്പാക്കുന്ന നിക്ഷേപം ഏതാണെന്ന് മനസ്സിലാകില്ല. ഐക്യരാഷ്ട്രസഭയും നീതി ആയോഗും ചേർന്ന് തയ്യാറാക്കിയ സുസ്ഥിര വികസന സൂചികയിൽ കേരളം ഒന്നാമതെത്തി. പബ്ലിക് അഫയേഴ്സ് ഇൻഡെക്സിൽ കേരളം മൂന്നുവർഷങ്ങളിൽ തുടർച്ചയായി ഒന്നാം സ്ഥാനത്താണ്. ഇന്ത്യയിൽ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനം, വർഗ്ഗീയ സംഘർഷമൊന്നും ഇല്ലാത്ത സംസ്ഥാനം, മികച്ച ക്രമസമാധാനമുള്ള സംസ്ഥാനം, ശിശു-മാതൃ മരണങ്ങൾ ഏറ്റവും കുറഞ്ഞ സംസ്ഥാനം, മികച്ച സ്കൂൾ വിദ്യാഭ്യാസമുള്ള സംസ്ഥാനം, ഭിന്നശേഷി സൗഹൃദ സംസ്ഥാനം, മികച്ച സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയുള്ള

സംസ്ഥാനം, മികച്ച ടൂറിസം ഡെസ്റ്റിനേഷൻ, വ്യവസായ രംഗത്ത് ബെസ്റ്റ് പ്രാക്ടീസ് ഏർപ്പെടുത്തിയ സംസ്ഥാനം എന്നിങ്ങനെ അന്താരാഷ്ട്ര-ദേശീയതലങ്ങളിൽ കേരളം നിരവധി നേട്ടങ്ങളും ബഹുമതികളും കൈവരിക്കുകയുണ്ടായി. 2022-ലെ സാമ്പത്തിക സർവ്വേയിൽ വ്യക്തമാക്കിയ കാര്യങ്ങൾ നാം ഓർക്കുന്നത് നല്ലതാണ്. 2015 ഡിസംബർ 31-ലെ കണക്കനുസരിച്ച് കേരളത്തിലെ തൊഴിലന്വേഷകർ 3490000 പേരായിരുന്നു. എന്നാൽ 2022 ജൂലൈയിലെ കണക്കനുസരിച്ച് അത് 2840000 ആയി കുറഞ്ഞിരിക്കുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ കമ്പനികൾ 3892 കോടി 14 ലക്ഷം രൂപയുടെ ടേൺഓവറും 386 കോടി 3 ലക്ഷം രൂപയുടെ പ്രവർത്തനലാഭവുമാണ് ഉണ്ടാക്കിയത്. ടേൺഓവറിൽ കഴിഞ്ഞ വർഷത്തേക്കാൾ 17.8% വർദ്ധനവുണ്ടായി. 2022-23 സംരംഭക വർഷമായി ആഘോഷിക്കാൻ സർക്കാർ തീരുമാനിച്ചപ്പോൾ എട്ട് മാസംകൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞു. ശിശു മരണനിരക്ക്, മാതൃ മരണനിരക്ക് എന്നിവ ഏറ്റവും കുറവായ കേരളത്തിന്റെ പ്രകടനം മികച്ചതാണ്. രാജ്യത്തിലെ വലിയ സംസ്ഥാനങ്ങളിൽ സിംഗിൾ ഡിജിറ്റ് ഐ.എം.ആർ.(ഇൻഫന്റ് മോർട്ടാലിറ്റി റേറ്റ്) ഉള്ള

ഏകസംസ്ഥാനമാണ് കേരളം. കേരളത്തിലെ ശിശുമരണനിരക്ക് 6-ഉം ദേശീയതലത്തിൽ 28-ഉം ആണ്. ദേശീയതലത്തിലെ മാതൃമരണനിരക്ക് 97-ഉം കേരളത്തിൽ 19-ഉം മാത്രമാണ്. രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുകയാണെങ്കിൽ മാതൃമരണനിരക്ക് ഏറ്റവും കുറവ് കേരളത്തിലാണ്. ഇനി പ്രതിപക്ഷത്തോടുള്ള ചോദ്യങ്ങളിലേയ്ക്ക് വരാം. പ്രളയക്കെടുതിയിൽ മുങ്ങിയ നാളുകളിൽ കേന്ദ്ര സർക്കാർ കേരളത്തിന് നഷ്ടപരിഹാരം നിഷേധിച്ചു. വിദേശരാജ്യങ്ങളിൽ നിന്നുള്ള സഹായം സ്വീകരിക്കുന്നത് വിലക്കുകയും ചെയ്തു. പ്രവാസി മലയാളികൾ സഹായം വാഗ്ദാനം ചെയ്തപ്പോൾ അത് വാങ്ങുന്നതിനെ വിലക്കുകയുണ്ടായി. വൈകിയനുവദിച്ച നഷ്ടപരിഹാരത്തുകകൊണ്ട് നഷ്ടത്തിന്റെ ചെറിയൊരു ഭാഗം നികത്താൻപോലും പര്യാപ്തമല്ലാത്ത വിധത്തിലായിരുന്നു. വളരെയധികമായി ചെലവ് വർദ്ധിക്കുന്ന ആ ഘട്ടത്തിൽ പതിവായി ലഭിക്കുന്നതിൽനിന്നും കുറഞ്ഞ തോതിൽ മാത്രം കേന്ദ്രത്തിൽനിന്ന് തുക ലഭിച്ചു. കേന്ദ്രത്തിന്റെ ഈ നിലപാടുകൾക്കെതിരെ പ്രതിപക്ഷം 'കമാ' എന്നൊരക്ഷരം ശബ്ദിച്ചോ; കോവിഡ് കാലത്ത് ക്ഷേമസേവന കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയൂന്നേണ്ടിവന്ന ഘട്ടത്തിൽ സ്വാഭാവികമായും ചെലവ് വർദ്ധിച്ചു. അതിന് കാര്യമായ എന്തെങ്കിലും സഹായം കേന്ദ്രത്തിൽനിന്നും

ലഭിച്ചോ; അതിനെതിരെ ഒരുവാക്കുകൊണ്ടെങ്കിലും പ്രതിപക്ഷം പ്രതികരിച്ചോ? ഇപ്പോൾ യു.ഡി.എഫ്. ഒരു ധവളപത്രം ഇറക്കിയിരിക്കുന്നു. അതിൽ അർഹതപ്പെട്ടതൊക്കെ നിഷേധിക്കപ്പെട്ട കേരളത്തെ കുറ്റപ്പെടുത്താൻ മാത്രമല്ലേ തയ്യാറായത്? അർഹതപ്പെട്ടതൊക്കെ നിഷേധിച്ച കേന്ദ്ര സർക്കാരിനെതിരെ ഒരുവാക്കെങ്കിലും പറയാൻ തയ്യാറായോ? സത്യത്തിൽ ഇതാണ് കേരളത്തിലെ പ്രതിപക്ഷവും കേന്ദ്രത്തിലെ ബി.ജെ.പി. സംവിധാനവും തമ്മിലുള്ള അവിശുദ്ധബന്ധം. അത് ശക്തിപ്പെടുത്തിക്കൊണ്ട് ഞങ്ങളെ കുറ്റപ്പെടുത്താൻ വരേണ്ടതില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങ് ഞങ്ങളുടെ ധവളപത്രത്തെ പരാമർശിച്ചതിനെ സ്വാഗതം ചെയ്യുന്നു. അങ്ങ് പറഞ്ഞത് കേന്ദ്രത്തിനെതിരെ ഒരു വാചകംപോലും ധവളപത്രത്തിൽ ഇല്ലെന്നാണ്. ഈ പ്രസംഗം തയ്യാറാക്കി നൽകിയ അങ്ങയുടെ ഓഫീസിലുള്ളവരോട് ഇക്കാര്യം ചോദിക്കണം. കേരളത്തോടുള്ള കേന്ദ്ര സർക്കാരിന്റെ നിലപാടുകൾക്കെതിരായിട്ടുള്ള പ്രത്യേക അദ്ധ്യായംതന്നെ ധവളപത്രത്തിലുണ്ട്. അത് വായിക്കാത്തവരാണ് അങ്ങയോട് ഇങ്ങനെ പറഞ്ഞത്. സഭയിൽ ബഹു. മുഖ്യമന്ത്രിയെപോലെയുള്ള ഒരാൾ അങ്ങനെ പറയരുത്. നേരത്തെ ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ

വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഇന്ത്യയിലെ കോൺഗ്രസ് ഭരിക്കുന്ന എല്ലാ സംസ്ഥാനങ്ങളിലെയും ധനകാര്യ വകുപ്പുമന്ത്രിമാരെ കോ-ഓർഡിനേറ്റ് ചെയ്തത് അന്നത്തെ പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. രമേശ് ചെന്നിത്തലയായിരുന്നു. ജി.എസ്.ടി.-യിലൊക്കെ ഞങ്ങളുടെ നിലപാട് അതാണ്. ഞങ്ങൾ ഭരിക്കുന്ന സംസ്ഥാനങ്ങൾ ആ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ നിലപാടുകൾക്കെതിരായി പ്രത്യേക അദ്ധ്യായംതന്നെ ധവളപത്രത്തിൽ നൽകിയിട്ടുണ്ടെന്ന് അങ്ങയെ ഞാൻ വിനയപൂർവ്വം അറിയിക്കുന്നു.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അതുമായി ബന്ധപ്പെട്ട കാര്യങ്ങളിലേയ്ക്ക് ഞാൻ വരാം. നമ്മുടെ സംസ്ഥാനത്ത് പഴയകാലത്ത് നിലനിന്നിരുന്ന ഒരു കഥയുണ്ട്. മരുമക്കത്തായം നിലനിന്നിരുന്ന കാലഘട്ടത്തിലെ അമ്മാവൻമാരുടെ രീതി വർണ്ണിക്കുന്ന കഥ. അന്ന് മരുമക്കളാണ് അദ്ധ്വാനിക്കുന്നത്. എന്നാലവർ പട്ടിണിക്കിടക്കേണ്ടി വരുന്ന അവസ്ഥയെ സംബന്ധിച്ച് ചിത്രീകരിക്കുന്ന നിരവധി കഥകൾ ആ ഘട്ടത്തിലുണ്ടായിരുന്നു. ഇതിൽ ഹൃദയശൂന്യരായ അത്തരം അമ്മാവൻമാരെ ഓർമ്മിപ്പിക്കുംവിധമാണ് കേന്ദ്രത്തിന്റെ പെരുമാറ്റം. കേന്ദ്രത്തിന്റെ വരുമാനമെന്ന് പറയുന്നത് സംസ്ഥാനങ്ങളിൽനിന്ന് ലഭിക്കുന്നതാണ്.

സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന വരുമാനത്തിന്റെ ഓഹരിക്ക് കേന്ദ്രം കനിയേണ്ട അവസ്ഥയാണ്. മരങ്ങളെല്ലാം വെട്ടിക്കളഞ്ഞ് കാട് നിലനിർത്തണം എന്നുപറയുന്നതുപോലെയാണ് സംസ്ഥാനങ്ങളുടെ വരുമാനമെല്ലാം ഇല്ലാതാക്കി കേന്ദ്രത്തിന് ശക്തമാകാമെന്നാണ് കരുതുന്നത്. നാം കാണേണ്ടത് രാജ്യത്ത് സംതൃപ്തമായ സംസ്ഥാനങ്ങളും സുശക്തമായ കേന്ദ്രവുമാണ് ആവശ്യം. സംസ്ഥാനങ്ങളുടെ സംയുക്തമാണ് ഇന്ത്യ. സംസ്ഥാനങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ടുമാത്രമേ കേന്ദ്രത്തിന് സുശക്തമായ ഭരണം നടത്താൻ കഴിയുകയുള്ളൂ. സംസ്ഥാനങ്ങൾ അവയുടെ മുൻഗണനാക്രമങ്ങൾ സ്വയം നിശ്ചയിച്ച് ആവശ്യമായ പ്രോജക്ടുകൾ നടപ്പാക്കുകയെന്ന രീതിയാണ് അഭികാമ്യമായിട്ടുള്ളത്. പൊതുവിൽ കേന്ദ്രവിഹിതം കിട്ടുകയായിരുന്നു നേരത്തെയുണ്ടായിരുന്നത്. എന്നാൽ ഇന്ന് പ്രോജക്ടുകൾക്കാണ് കേന്ദ്ര അംഗീകാരം ലഭിക്കുന്നത്. സംസ്ഥാനത്തിന് മുൻഗണനാക്രമങ്ങൾ നിശ്ചയിക്കാനാവില്ല. സംസ്ഥാനത്തിനാവശ്യമില്ലാത്തതും എതിരായതുമായ പ്രോജക്ടുകൾപോലും നടപ്പാക്കേണ്ടിവരികയാണ്. ആഗോളവൽക്കരണ- സ്വകാര്യവൽക്കരണ- ഉദാരവൽക്കരണ നയങ്ങളുമായി ബന്ധപ്പെടുത്തിയുള്ളതാണ് പൊതുവെ പല പ്രോജക്ടുകളും. ആ നയങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി

വിലയിരുത്തിയാണ് അടുത്ത ഗഡു സഹായം തരുന്നത്. ഇത്തരം കാര്യങ്ങളെക്കുറിച്ച് യു.ഡി.എഫ്.-നുള്ള അഭിപ്രായമെന്താണ്? ആസൂത്രണ കമ്മീഷനെ ഇല്ലാതാക്കിയതുതന്നെ ഇത്തരത്തിൽ ഫെഡറൽ ഘടന പൊളിക്കുംവിധം സംസ്ഥാനത്തിന് ഇടപെടാനുള്ള പഴുതുണ്ടാക്കുന്നതിന് വേണ്ടിയാണ്. കേന്ദ്രസഹായം ഈ രീതിയിൽ ചുരുക്കുകയാണ്. നികുതി ഓഹരി വെട്ടിക്കുറയ്ക്കുകയും മതിയായ ആശ്വാസധനം നൽകാതിരിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിലാണ് കടമെടുക്കാൻ നിർബന്ധിതരാകുന്നത്. അപ്പോൾ കടത്തിന്റെ പരിധിയിലും കർശനമായ വിലക്ക് ഏർപ്പെടുത്തുന്നു. അതായത്, ആ വഴിക്ക് എന്തെങ്കിലും ആശ്വാസം ലഭിക്കാനുള്ള പഴുത് കേന്ദ്രം അടയ്ക്കുകയാണ്. കടമെടുക്കുന്നെങ്കിൽ അത് തികഞ്ഞ ഉത്തരവാദിത്വത്തോടെയാണ്. ആ ഉത്തരവാദിത്വമാണ് കിഫ്ബി നിക്ഷേപങ്ങൾക്ക് പ്രഖ്യാപിച്ച സർക്കാർ ഗ്യാരന്റിയിലടക്കം തെളിഞ്ഞ് കാണുന്നത്. അതിൽ നഷ്ടം വരില്ല. നഷ്ടം വരികയാണെങ്കിൽ അത് സർക്കാർ നികത്തും. ഈ വിധത്തിലുള്ള കിഫ്ബിയുടെ കടവും സർക്കാർ കടമായി കണക്കാക്കി കിഫ്ബിയെയും പൂട്ടിക്കാനാണ് ശ്രമം. ഇത്തരം കേന്ദ്രനടപടികളുടെ ഓരോ ഘട്ടത്തിലും കേരളത്തിനുവേണ്ടി ഇടപെടുകയല്ല; കേന്ദ്രനടപടിയിൽ ആഹ്ലാദിക്കുകയാണ് യു.ഡി.എഫ്. ചെയ്യുന്നത്.

യു.ഡി.എഫ്. നേതാക്കൾ പലപ്രവാശ്യം ഡൽഹിയിൽ പോയ ഏതെങ്കിലുമൊരു ഘട്ടത്തിൽ കേരളത്തിന്റെ ആവശ്യങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽക്കൊണ്ടുവരാൻ തയ്യാറായോ? കടത്തിന്റെ പരിധി കുറയ്ക്കുന്നു, സഹായസാധ്യതകൾ വിലക്കുന്നു, ആനുകൂല്യങ്ങൾ മുതൽ നികുതി ഓഹരിവരെ വെട്ടിക്കുറയ്ക്കുന്നു, കിഫ്ബിയെ തകർക്കാൻ ശ്രമിക്കുന്നു. ഇങ്ങനെ നമ്മുടെ കരചരണങ്ങൾ വെട്ടിമാറ്റാനുള്ള ശ്രമമാണ് നടക്കുന്നത്. ഇത് കേരളത്തിന്റെ പൊതുവായ പ്രശ്നമാണ്. കേന്ദ്രം ഈ രീതിയിൽ കേരളത്തെ ശ്വാസംമുട്ടിക്കാൻ ശ്രമിക്കുമ്പോൾ അരുത് എന്ന് നാടിന്റെ താല്പര്യം മുൻനിർത്തി സർക്കാരിനൊപ്പംനിന്ന് പറയാൻ ഒരു പ്രതിപക്ഷം ഇവിടെയില്ലെന്നതാണ് കേരളത്തിന്റെ ദൗർഭാഗ്യം. കേരളം ഒരു വികസന പദ്ധതി മുന്നോട്ടുവച്ചാൽ ഇവിടെ നിന്നുള്ള ഭൂരിപക്ഷം എം.പി.-മാരും പാർലമെന്റിൽ അത് മുടക്കാൻവേണ്ടി ശബ്ദമുയർത്തുന്നുവെന്നതാണ് കേരളത്തിന്റെ മറ്റൊരു ദൗർഭാഗ്യം. കേന്ദ്രസർക്കാർ നമ്മുടെ ശ്വാസം മുട്ടിക്കുമ്പോൾ പെൻഷൻ മുടങ്ങും, റേഷൻ മുടങ്ങും, വികസനമാകെ സ്തംഭിക്കും, ജനം വലയും, നാട് ദുരിതത്തിലാകും, ജനരോഷം ഉയരും. അങ്ങനെ വരുമ്പോൾ അതിൽനിന്ന് രാഷ്ട്രീയ മുതലെടുപ്പ് നടത്താമെന്ന് കരുതുന്ന പ്രതിപക്ഷം ഈ നാടിന്റെ ദൗർഭാഗ്യമാണ്. വാമനൻ

മഹാബലിയെ ചവിട്ടി താഴ്ത്തിയതുപോലെ കേന്ദ്രസർക്കാർ കേരളത്തോടുള്ള രാഷ്ട്രീയ ശത്രുത മുൻനിർത്തി ചവിട്ടി താഴ്ത്തുമ്പോൾ തട്ടിത്തെറിപ്പിക്കേണ്ട കൈകൾതന്നെ ആ കാൽ തടവിക്കൊടുക്കുന്നുവെന്നതാണ് കേരളത്തിന്റെ ദൗർഭാഗ്യം. കേരളത്തിന്റെ വഴി ഒന്നൊന്നായി കേന്ദ്രം മുടക്കിയപ്പോൾ ഇവിടെ നിന്ന് ലോക്സഭയിലേയ്ക്ക് പോയ യു.ഡി.എഫ്.-ലെ 18 എം.പി.-മാരും എന്താണ് ചെയ്തത്? ആ ചോദ്യം മുൻനിർത്തി യു.ഡി.എഫ്.-നെ കേരള ജനത കുറ്റവിചാരണ ചെയ്യാൻ പോകുന്ന ഘട്ടം ആഗതമാകാൻ പോവുകയാണ്. അതായിരിക്കും വരാൻ പോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പ്. കഴിഞ്ഞ തവണ തങ്ങളെ ചിലത് പറഞ്ഞ് തെറ്റിദ്ധരിപ്പിച്ച് ജയിച്ച് പോയവർ ചെയ്ത കാര്യങ്ങൾ ഓരോന്നും മുൻനിർത്തി ജനങ്ങൾ ചോദ്യങ്ങൾ ഉയർത്തുകയും ഓരോന്നിനും ഉത്തരം പറയിപ്പിക്കുകയും ചെയ്യും. ആ ജനരോഷ കൊടുങ്കാറ്റിൽ കരിയിലപോലെ യു.ഡി.എഫ്. പറന്ന് പോകുകയും ചെയ്യും. ചങ്ങാത്ത മുതലാളിത്തത്തിന്റെ ഇക്കാലത്ത് സയാമീസ് ഇരട്ടകളെപ്പോലെയാണ് കേന്ദ്രവും ഒരു വ്യവസായ ഗ്രൂപ്പും. കേന്ദ്രത്തിന്റെ മണിപവറായ ഈ വ്യവസായ ഗ്രൂപ്പ് തകരുകയാണ്. ഇന്ത്യയിലെ മാധ്യമങ്ങളിൽ മിക്കതിനേയും വിലയ്ക്കെടുത്തുകഴിഞ്ഞു. ശേഷിച്ചവയെ ഭീഷണിപ്പെടുത്തി നിശബ്ദമാക്കി. അപ്പോഴാണ് ഒരു

അമേരിക്കൻ ഗവേഷണ സ്ഥാപനത്തിന്റെ വെളിപ്പെടുത്തൽ വന്നത്. ഓഹരി കമ്പോളത്തിലെ ആ ഗ്രൂപ്പിന്റെ വീഴ്ച കേന്ദ്രത്തിലെ അധികാരികളുടെ രാഷ്ട്രീയവീഴ്ചയുടെ തുടക്കമാണെന്ന്. എം.എൽ.എ.-മാരെയടക്കം വിലയ്ക്കുവാങ്ങാനും സംസ്ഥാനഭരണങ്ങൾ മാറ്റാനും പൊതുതെരഞ്ഞെടുപ്പിൽ ബി.ജെ.പി.-യെ ജയിപ്പിച്ചെടുക്കാനും പണമൊഴുക്കിയ സംവിധാനമാണ് തകരുന്നത്. ഇത് ഭരണത്തെ ബാധിക്കും. പല കൂട്ടുകച്ചവടങ്ങളും പുറത്തുവരും. മോർബി പാലം പൊളിഞ്ഞ് വീണതിനുശേഷവും അമ്പതിനായിരം വോട്ട് ബി.ജെ.പി.-ക്ക് അധികമായി കിട്ടിയെന്ന അവകാശവാദം നാം കേട്ടു. പാലം പൊളിഞ്ഞ് വീണതുകൊണ്ട് വോട്ട് കൂടുകയല്ല ചെയ്തത്; പാലം പൊളിഞ്ഞിട്ടും അതിന് പിന്നിലെ യാഥാർത്ഥ്യം ജനം മനസ്സിലാക്കാത്തവിധം വർഗ്ഗീയ പ്രചരണം വിഷലിപ്തമാംവിധം ഗംഭീരമായി നടത്താനുള്ള പണവും ദു:സാമർത്ഥ്യവും ബി.ജെ.പി.-ക്കുണ്ടായി എന്നാണ് മനസ്സിലാക്കേണ്ടത്. ആ ദു:സാമർത്ഥ്യത്തിന് പിന്നിലെ പണച്ചാക്കാണ് ചോരുന്നത്. ബി.ബി.സി. (ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിംഗ് കോർപ്പറേഷൻ) ഡോക്യുമെന്ററി ഒരു പ്രധാന രാഷ്ട്രീയ സൂചന മുന്നോട്ടുവയ്ക്കുന്നുണ്ട്. വലിയ മാറ്റത്തിന്റെ ചെറിയ സൂചന അതിലുണ്ട്. ബി.ബി.സി. ഡോക്യുമെന്ററി നിരോധിച്ചു. അതിനെതിരെ ഒരക്ഷരം പോലും

പറയാത്ത കോൺഗ്രസ് നേതാക്കളെ കോൺഗ്രസിനറിയാമല്ലോ? അടുത്തകാലത്ത് എസ്.എഫ്.ഐ.-യെ നിരോധിക്കണമെന്ന് പറഞ്ഞയാൾക്കടക്കം ഇതിനെക്കുറിച്ചൊരു പ്രതികരണവും ഇല്ല. എന്തുകൊണ്ടാണ് ഇത്തരമൊരു മൗനം? സമാധാനത്തിന്റെ പാതയിലൂടെയാണ് കേരളം നീങ്ങുന്നത്. ഒരു അസ്വസ്ഥതയുമില്ലാത്ത ഇന്ത്യയിലെ ഒരു പച്ചത്തുരുത്തായി കേരളം നിൽക്കുകയാണ്. വർഗ്ഗീയകലാപങ്ങളില്ല, ജനക്കൂട്ടത്തിനുനേർക്കുള്ള വെടിവയ്പ്പുകളില്ല, ലോക്കപ്പ് കൊലപാതകങ്ങളില്ല. ഏത് അസ്വസ്ഥതയും മുളയിലെ നുള്ളുന്നു, ഗുണ്ടകളെ അമർച്ച ചെയ്യുന്നു, പോലീസിലെ ക്രിമിനൽ സ്വഭാവമുള്ളവരെ പിരിച്ചുവിടുന്നു. സമാധാനത്തിന്റേതായ ഈ അവസ്ഥ പ്രതിപക്ഷത്തെ വല്ലാതെ വിഷമിപ്പിക്കുകയാണ്. ക്രമസമാധാന തകർച്ചയെന്ന പതിവ് പല്ലവി പാടിയാൽ ഏറ്റുപിടിക്കാൻ ആരുമില്ലയെന്നതാണ് സ്ഥിതി. എന്നിട്ടും മറിച്ചൊരു പ്രതീതി സൃഷ്ടിക്കാൻ പ്രതിപക്ഷം വിഫലമായി ശ്രമിക്കുകയാണ്. കേരളത്തിൽ ക്രമസമാധാന തകർച്ചയില്ല. ഇവിടെയുള്ളത് പ്രതിപക്ഷത്തിന്റെ മന:സമാധാന തകർച്ചയാണ്. അതിനാകട്ടെ ഞങ്ങളുടെ കയ്യിൽ പ്രതിവിധിയൊന്നുമില്ല. തെളിയിക്കപ്പെടാതെ കിടന്ന കേസ്സുകൾവരെ തെളിയിച്ച് മുന്നോട്ടുപോകുകയാണ്. സൈബർ കുറ്റകൃത്യങ്ങളിലെ

പ്രതികളെയടക്കം പുറംനാട്ടുകളിൽപ്പോയി പിടികൂടുകയാണ്. എല്ലാ തെളിവുകളും നശിപ്പിച്ചുവെന്ന് പ്രതികൾ വിശ്വസിച്ച കേസ്സുകളിൽ കൃത്യമായി തെളിവുകൾ കണ്ടെത്തി ശിക്ഷിക്കുകയാണ്. പോലീസിനെ അടിമുടി ശുദ്ധീകരിച്ച് മർദ്ദനോപകരണമെന്ന നിലയിൽനിന്ന് ജനസേവനോപകരണമെന്ന നിലയിലേയ്ക്ക് മാറ്റുകയാണ്. ജനപ്രതിഷേധങ്ങളെ എങ്ങനെ നേരിടണമെന്നതിന് പുതുമാതൃകകൾ കേരളത്തിൽ സൃഷ്ടിക്കുകയാണ്. പഴയൊരു മാതൃക ഉണ്ടായിരുന്നല്ലോ; കിടപ്പാടം ചോദിച്ച ആദിവാസികളെ അവരുടെ വനദേശത്തുതന്നെ വെടിവച്ചുകൊന്ന സംസ്കാരം. ആ നേരിടൽ സംസ്കാരമായിരുന്നു യു.ഡി.എഫ്. കാലത്തുണ്ടായിരുന്നത്. ഇന്നോ? ആളിക്കത്തിച്ച് രാഷ്ട്രീയ മുതലെടുപ്പ് നടത്താമെന്ന് കൊതിച്ച് ഉയർത്തിയ വിഴിഞ്ഞം പ്രശ്നത്തിൽ രാഷ്ട്രീയമായി രമ്യപരിഹാരമുണ്ടാക്കാനായി. ഇതാണ് സമീപനത്തിലെ വ്യത്യസ്തത. രണ്ട് നയങ്ങൾ തമ്മിലുള്ള വ്യത്യസ്തതയാണിത്. എൽ.ഡി.എഫ്. സർക്കാരിനെതിരെ ജനങ്ങൾ വിശ്വസിക്കുന്ന ഒരാക്ഷേപവും പ്രതിപക്ഷത്തിന് ഉയർത്താനില്ലായെന്നതിന്റെ സ്ഥിരീകരണമായി ഈ നയപ്രഖ്യാപന ചർച്ച. ഗവർണറും സംസ്ഥാന സർക്കാരും തമ്മിൽ എന്തോ അവിശുദ്ധബന്ധം ഉണ്ടാക്കിയെന്നാണ് പ്രതിപക്ഷം പറയാൻ ശ്രമിക്കുന്നത്.

തെരഞ്ഞെടുക്കപ്പെട്ട സർക്കാരിവിടെയുള്ളപ്പോൾ അതിനെതിരെ നിവേദനവുമായി രാജ്ഭവനിലേയ്ക്ക് പോയവരാണ് ഇവരെന്നത് നാം ഓർക്കണം. ഗവർണർ-സർക്കാർ ഏറ്റുമുട്ടലുണ്ടായി ഭരണഘടനാ പ്രതിസന്ധിയുണ്ടാകുമെന്നും അതിൽനിന്ന് മുതലെടുക്കാമെന്നും കണക്കുകൂട്ടിക്കൊണ്ട് നടന്നവരാണിവർ. ആ മോഹം ഫലിക്കില്ലെന്നുവരികയും അങ്ങനെ മോഹിച്ച് ഗവർണറുടെപക്ഷം ചേർന്നാൽ തങ്ങൾ ഒപ്പമുണ്ടാവില്ലെന്ന് യു.ഡി.എഫ്.-ലെ പ്രധാന ഘടകകക്ഷിക്കുപോലും പറയേണ്ടിവരികയും ചെയ്തൊരു സാഹചര്യവും കേരളം കണ്ടതാണ്. ആ വഴിക്കുള്ള തന്ത്രങ്ങളിൽനിന്നും കോൺഗ്രസ് പിന്തിരിഞ്ഞത് അത്തരമൊരു ഘട്ടത്തിലായിരുന്നുവെന്നത് നാം ഓർക്കേണ്ടതാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം നിലപാട് വ്യക്തമാണ്. ഭരണഘടനാപരമായ ഉത്തരവാദിത്വങ്ങൾ ഗവർണർ നിർവ്വഹിക്കുമ്പോൾ എല്ലാ പിന്തുണയും നൽകും. അത് ചെയ്തിട്ടുമുണ്ട്. ഇപ്പോഴും ചെയ്യുന്നുമുണ്ട്. അത് തുടരുകതന്നെ ചെയ്യും. വിയോജനാഭിപ്രായങ്ങളുണ്ടായാൽ അത് ആ സ്ഥാനത്തോടുള്ള ആദരവ് നിലനിർത്തിക്കൊണ്ടുതന്നെ അറിയിക്കുകയും ചെയ്യും. ബി.ജെ.പി.-യും ഞങ്ങളും തമ്മിൽ ധാരണ എന്നൊരു വിമർശനം ഉയർത്താനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. പൗരത്വ

നിയമഭേദഗതിയടക്കമുള്ള കാര്യങ്ങളിൽ സർക്കാരാഭിമുഖ്യത്തിൽതന്നെ പ്രതിഷേധം ഉയർത്തിക്കൊണ്ടുവരാൻ കേരളത്തിൽ നടന്ന ശ്രമം മറക്കാനിടയില്ല. നമ്മുടെ രാജ്യത്ത് കർഷകസമരമടക്കമുള്ള കാര്യങ്ങളിൽ പ്രാതിനിധ്യമുണ്ടായിരുന്നവരായിരുന്നു ഞങ്ങളെന്നത് മറക്കരുത്. രാജ്യത്ത് ഒരുപാട് സമരങ്ങൾ ഉയർന്നുവന്നപ്പോൾ, നിർണ്ണായകമായ ബി.ജെ.പി. വിരുദ്ധ സമരങ്ങളിൽ എവിടെയെങ്കിലും ഇക്കൂട്ടരെ കണ്ടിട്ടുണ്ടോ? ഏതെങ്കിലും ഒരു രാഷ്ട്രീയ നേതാവിനോ പാർട്ടിക്കോ പ്രത്യയശാസ്ത്രത്തിനോ എതിരെയല്ല തങ്ങളുടെ യാത്രയെന്ന തരത്തിലുള്ള അഭിപ്രായപ്രകടനം ഇക്കഴിഞ്ഞ ദിവസമാണ് ഒരു കോൺഗ്രസ് നേതാവ് നടത്തിയത്. അത് സമർത്ഥിക്കാൻ അദ്ദേഹം പറഞ്ഞത്, അവർ മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ സ്മൃതിമണ്ഡപത്തിൽ സന്ദർശനം നടത്തിക്കൊണ്ടാണ് യാത്ര നടത്തിയിട്ടുള്ളതെന്നാണ്. ആരും ആരും തമ്മിലാണ് ഒത്തുകളിയുള്ളത്? ഇന്ന് രാജ്യത്താകെ ചർച്ച ചെയ്യപ്പെടുന്ന വിഷയം കേന്ദ്രസർക്കാരും ജുഡീഷ്യറിയും തമ്മിലുള്ള കൊമ്പുകോർക്കലാണ്. ഏറ്റവും ഉന്നതമായ ഭരണഘടനാ സ്ഥാനത്തിരിക്കുന്നവർവരെ ജുഡീഷ്യറിയെ കടന്നാക്രമിക്കുന്നു. ജുഡീഷ്യറിയെ നിലയ്ക്ക് നിർത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ജുഡീഷ്യറിയുടെ

സ്വാതന്ത്ര്യത്തിനെതിരെവരെ നീക്കങ്ങളുണ്ടാകുന്നു. ജുഡീഷ്യറി അതിരുകടക്കുന്നുവെന്ന് താക്കീതിന്റെ സ്വരത്തിൽ ചിലർ പറയുന്നു. കേരളത്തിലെ കോൺഗ്രസ്സിനും യു.ഡി.എഫ്.-നുമൊക്കെ ഇക്കാര്യത്തിൽ വല്ല നിലപാടുമുണ്ടോ; ഇതിൽനിന്നൊക്കെ വ്യക്തമല്ലേ, ഒത്തുകളിയും ധാരണയുമൊക്കെയുള്ളത് ആരൊക്കെ തമ്മിലാണെന്നത്; ബി.ബി.സി.-യുടെ പുതിയ വെളിപ്പെടുത്തൽ ഉൾപ്പെട്ട ഡോക്യുമെന്ററി നമ്മുടെ സംസ്ഥാനത്ത് പ്രദർശിപ്പിക്കുന്ന നിലയുണ്ടായി. കോൺഗ്രസ് അധികാരത്തിലുള്ള ഏതെങ്കിലുമൊരു സംസ്ഥാനത്ത് ഇത് പ്രദർശിപ്പിച്ചതായി ആരും റിപ്പോർട്ട് ചെയ്തതായി കണ്ടില്ല.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, അങ്ങ് പണ്ടും ഇതുപോലൊരു സ്റ്റേറ്റ്മെന്റ് നടത്തി. ഗുജറാത്തിലെ എം.പി. ആയിരുന്ന ഇഹ്സാൻ ജാഫ്രി മരിച്ചപ്പോൾ ശ്രീമതി സോണിയാഗാന്ധി പോയില്ലെന്ന്. പിന്നീട് അങ്ങേയ്ക്ക് തിരുത്തേണ്ടിവന്നു. അവർ മൂന്നാമത്തെ ദിവസം അവിടെ എത്തി. ഇന്ത്യയിലെ കോൺഗ്രസ് ഭരിക്കുന്ന മൂന്ന് സംസ്ഥാനങ്ങളിലും ഡോക്യുമെന്ററി പ്രദർശിപ്പിച്ചുകൊണ്ട് അതിശക്തമായ പ്രതിഷേധം അവിടത്തെ മുഖ്യമന്ത്രിമാരുടെ നേതൃത്വത്തിൽ നടത്തി. അങ്ങ് നേരത്തെ അദാനിയെക്കുറിച്ച് ചോദിച്ചപ്പോൾ.....(ബഹളം)....

<u>മി. സ്പീക്കർ</u>: പ്ലീസ്...പ്ലീസ്... അദ്ദേഹം പറയട്ടെ.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങ് നേരത്തെ അദാനിയെക്കുറിച്ച് സംസാരിച്ചപ്പോഴും കേരളത്തിലെ ഏതെങ്കിലും യു.ഡി.എഫ്. നേതാക്കൾ പ്രതികരിച്ചോയെന്ന് ചോദിക്കുകയുണ്ടായി. അദാനിയുടെ സംഭവവുമായി ബന്ധപ്പെട്ട് ഏറ്റവും അവസാനം പ്രതികരിച്ച രാഷ്ട്രീയനേതാവ് കേരളത്തിലെ മുഖ്യമന്ത്രിയാണ്. ഞങ്ങളൊക്കെ വളരെ നേരത്തെ പ്രതികരിച്ചു. ഏറ്റവും അവസാനം പ്രതികരിച്ച നേതാവാണ് അങ്ങ്. ഞങ്ങളാണ് ആദ്യം പ്രതികരിച്ചത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, കോൺഗ്രസ്സിന്റെ മുഖ്യമന്ത്രിമാർ സംസാരിച്ചോ സംസാരിച്ചില്ലേയെന്നുള്ളതല്ല ഞാൻ പറഞ്ഞത്. ഞാൻ പറഞ്ഞത് ഡോക്യുമെന്ററി പ്രദർശിപ്പിച്ച കാര്യമാണ്. അത് എവിടെയും പ്രദർശിപ്പിച്ചതായി വാർത്ത കണ്ടില്ലെന്നാണ് ഞാൻ പറഞ്ഞത്. അദ്ദേഹം പറഞ്ഞത് ശരിയാണെങ്കിൽ നല്ലത്. ഇവിടെ നാം മനസ്സിലാക്കേണ്ടൊരു വസ്തുത, ബി.ജെ.പി.-യുടെയും കോൺഗ്രസ്സിന്റെയും സാമ്പത്തികനയം ഒന്നാണെന്നതാണ്. കോൺഗ്രസ് തുടങ്ങിവച്ച നയം കൂടുതൽ വീറോടെയും ശക്തിയോടെയും ബി.ജെ.പി. നടപ്പാക്കുകയാണ്. അവിടെയാണ് ഒരു സമരസപ്പെടൽ വരുന്നത്. ഇതേവരെ ആ സാമ്പത്തികനയം

തെറ്റായിപ്പോയിയെന്ന് ഒരു ഘട്ടത്തിലും കോൺഗ്രസ് വിലയിരുത്തിയിട്ടില്ല. അപ്പോൾ നിങ്ങൾ തമ്മിലല്ലേ ശരിക്കുള്ള ധാരണയുള്ളത്? ഞങ്ങളാണെങ്കിൽ ബദൽ നയങ്ങൾ നടപ്പാക്കാനാണ് ശ്രമിക്കുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങൾ കേന്ദ്രം വിറ്റഴിക്കാൻ തയ്യാറാകുമ്പോൾ അത് ഏറ്റെടുക്കാനും പൊതുമേഖലയിൽത്തന്നെ നിലനിർത്താനുമാണ് സർക്കാർ ശ്രമിക്കുന്നത്. അതാണ് ബദൽ നയം. ഇത് ഓരോ കാര്യത്തിലും പ്രകടമാണ്. ഈ അടുത്ത കാലത്താണ് കേന്ദ്ര സർക്കാർ വിൽപ്പനയ്ക്ക് വച്ച 'ഭെൽ ഇ.എം.എൽ.' കേരള സർക്കാർ ഏറ്റെടുത്തത്. അതുപോലെതന്നെ വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിനെ കേന്ദ്ര സർക്കാർ വിൽപ്പനയ്ക്കായി വച്ചപ്പോൾ അത് പൊതുമാർക്കറ്റിൽപോയി മത്സരിച്ച് ഏറ്റെടുക്കേണ്ടി വന്നു. കേരള സർക്കാരിന് അത്രത്തോളം കഷ്ടപ്പെടേണ്ടിവന്നു. ആ സ്ഥാപനം ഇപ്പോൾ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡായി പ്രവർത്തിക്കുന്നു. ഇത്തരത്തിൽ മികച്ച പ്രവർത്തനം ഈ രംഗത്ത് ബദലായി ഉയർത്തിക്കൊണ്ടുവരാൻ കേരളത്തിന് കഴിയുകയാണ്. പൊതുമേഖലയിൽ കേരള റബ്ബർ ലിമിറ്റഡ് എന്ന കമ്പനി ആരംഭിക്കുന്ന കാര്യവും നേരത്തെ പ്രസ്താവിച്ചിട്ടുള്ളതാണ്. പൊതുമേഖലയെ സംരക്ഷിക്കുന്നതിനായി പ്രത്യേക പൊതുമേഖലാനയം സർക്കാർ നടപ്പാക്കിയിട്ടുണ്ട്. അതിന്റെ ഫലമായാണ്

കഴിഞ്ഞ സാമ്പത്തിക വർഷം 25 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാകുന്ന സ്ഥിതിയുണ്ടായത്. നേരത്തെ ഞാൻ അതിന്റെ കണക്കുകൾ വ്യക്തമാക്കിയതാണ്. ബദൽനയം കേരളത്തെ ഏതെല്ലാം രീതിയിൽ മുന്നോട്ടുനയിക്കുന്നുവെന്നതാണ് ഇതിലൂടെ വ്യക്തമാകുന്നത്. കേരളത്തിന്റെ പൊതുതാൽപ്പര്യം മുൻനിർത്തി മുന്നോട്ടുവച്ച പദ്ധതികളോട് പ്രതിപക്ഷത്തിന്റെ സമീപനമെന്തായിരുന്നുവെന്നത് പരിശോധിക്കുന്നത് നല്ലതാണ്. ഏതെങ്കിലും ഘട്ടത്തിൽ ക്രിയാത്മക സമീപനമുണ്ടായിരുന്നോ; അല്ലെങ്കിൽ അത് നിഷേധാത്മക സമീപനമായിരുന്നോ? ഇത് ജനങ്ങൾ തീരുമാനിക്കേണ്ട വിഷയമാണ്. കേരളത്തിന്റെ ജീവനാഡിയായി നീണ്ടുകിടക്കുന്ന ദേശീയപാത 66-ന്റെ വികസനം സ്തംഭിച്ചത് യഥാർത്ഥത്തിൽ 2011-2016 ഭരണകാലത്തല്ലേ; ഭൂമി ഏറ്റെടുക്കാൻ തുടങ്ങിയ റവന്യൂ ഓഫീസുകൾ അടച്ചുപൂട്ടുന്ന അവസ്ഥയല്ലേ ആ കാലത്തുണ്ടായത്? 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്ന് ദേശീയപാതാ വികസനത്തിന് നടപടികൾ സ്വീകരിച്ചപ്പോൾ അതിനെ അട്ടിമറിക്കുന്ന നീക്കങ്ങൾക്ക് കോൺഗ്രസ് പിന്തുണ നൽകിയെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമല്ലേ; പദ്ധതി യാഥാർത്ഥ്യമാക്കാൻ കേന്ദ്രത്തിനുമുന്നിൽ പോംവഴികളുമായി പോയത് എൽ.ഡി.എഫ്. സർക്കാരല്ലേ; അതിന്റെ

ഭാഗമായല്ലേ ഭൂമി ഏറ്റെടുക്കലിന്റെ ഒരു വിഹിതം സംസ്ഥാന സർക്കാർ വഹിക്കുകയും 5,311 കോടി രൂപ അതിനായി ചെലവഴിക്കുകയും ചെയ്തത്. യഥാർത്ഥത്തിൽ കൃത്യസമയത്ത് നാം ആ പ്രവർത്തനം ഏറ്റെടുക്കാത്തതിന്റെ ഭാഗമായി നൽകേണ്ടിവന്ന പിഴയായിരുന്നില്ലേ 5,311 കോടി രൂപ. അതുപോലെ ഗെയിൽ വാതക പൈപ്പ്ലൈനിന്റെ പണി 2012-ൽ ആരംഭിച്ചെങ്കിലും 2013-ൽ ഏറെക്കുറെ അത് ഉപേക്ഷിച്ചു. പിന്നീട് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോഴല്ലേ അതിന് ജീവൻവയ്ക്കുന്ന നിലയുണ്ടായത്. പക്ഷെ അതിനെതിരെയും വലിയ തോതിൽ ആക്രമണങ്ങൾ ഉയർന്നുവന്നു. പ്രക്ഷോഭങ്ങളുടെ രൂപത്തിൽ ചില പ്രത്യേക നീക്കങ്ങളുണ്ടായി. ഈ പദ്ധതി നാട്ടിൽ വേണ്ടെന്ന പ്രചാരണം ചിലർ ഏറ്റെടുത്തു. എന്നാൽ ഇപ്പോൾ എറണാകുളം, തിരുവനന്തപുരം, ആലപ്പുഴ പ്രദേശങ്ങളിൽ പ്രകൃതി വാതകം വീടുകളിൽ ലഭ്യമാകുന്ന സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ യാഥാർത്ഥ്യമായിരിക്കുന്നു. മറ്റ് പ്രദേശങ്ങളിലും വേഗംതന്നെ അത് എത്തിക്കാനാകണമെന്നാണ് വിചാരിക്കുന്നത്. അതിനുള്ള പ്രായോഗിക നടപടികളാണ് സ്വീകരിച്ചുവരുന്നത്. അതുപോലെ ഇടമൺ-കൊച്ചി പവർ ഹൈവേ, കൊച്ചിയിലെ 400 കെ.വി. സബ്സ്റ്റേഷനും തിരുനെൽവേലി മുതൽ ഇടമൺ വരെയും കൊച്ചി മുതൽ മാടക്കത്തറ

വരെയുമുള്ള ലൈനിന്റെ നിർമ്മാണവും പൂർത്തിയായി. ഇതിനെതിരെയും വലിയ നീക്കങ്ങൾ ഉയർന്നുവന്നതായിരുന്നുവെന്ന് നാം കാണേണ്ടതാണ്. കേരളത്തിന്റെ മുഖച്ഛായ വലിയതോതിൽ മാറിവരികയാണ്. ഇപ്പോൾ തലപ്പാടിയിൽനിന്നും ഇങ്ങോട്ട് സഞ്ചരിക്കുന്ന ഏതൊരാൾക്കും അനുഭവവേദ്യമാകുന്നത് മനംകുളിർക്കുന്ന കാഴ്ചയാണ്. അടിപ്പാതയുടെ പ്രശ്നമുണ്ടെന്ന് കാസർഗോഡ് അംഗം നേരത്തെ പറഞ്ഞത് ഞാൻ ഓർക്കുന്നുണ്ട്. പക്ഷേ, ആ പാത അതിവേഗം പൂർത്തിയാകാൻ പോകുകയാണ്. ഇതോടൊപ്പം മലയോര ഹൈവേയുടെ സാധ്യതാ പഠനം 2009-ലായിരുന്നു നടത്തിയത്. പക്ഷെ തുടർന്നുവന്ന യു.ഡി.എഫ്. സർക്കാർ ആ പദ്ധതി ഏറ്റെടുത്തില്ല. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോഴാണ് മലയോര ഹൈവേയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് വീണ്ടും പുനർജീവൻ ലഭിച്ചത്. ഇതിനുവേണ്ട പണം കിഫ്ബി മുഖേന കണ്ടെത്താനുള്ള ശ്രമത്തിനെ അട്ടിമാറിക്കാനായിരുന്നില്ലേ പ്രതിപക്ഷത്തിന്റെ നീക്കം. എന്നാൽ കിഫ്ബിയെ എതിർക്കുന്ന നിങ്ങളിലാരെങ്കിലും കിഫ്ബി പദ്ധതിയുടെ ഭാഗമായി നിങ്ങളുടെ മണ്ഡലങ്ങളിൽ വരുന്ന പദ്ധതി വേണ്ടെന്ന് പറയാൻ തയ്യാറായോ? കാരണം ഇത് നാടിന്റെ വികസനത്തിന് ഉപകരിക്കുന്ന പദ്ധതിയാണ്. നാടിന്റെ

വികസനത്തിന് ഞങ്ങളെതിരാണെന്ന് പറഞ്ഞുകൊണ്ട് ജനപ്രതിനിധിയായി അവിടെ നിൽക്കാൻ കഴിയുമോ? സ്വന്തം മണ്ഡലങ്ങളിലെ വികസന പ്രതീകങ്ങളായി അവയെ ചൂണ്ടിക്കാണിക്കാൻ എന്തൊരു ധൃതിയാണ് നിങ്ങളെല്ലാം കാണിച്ചിരുന്നതെന്നത് ഓർക്കണം. നമ്മുടെ സംസ്ഥാനത്ത് സഹകരണ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനമായി, കേരളത്തിന് സ്വന്തമായൊരു ധനകാര്യ സ്ഥാപനമെന്ന സ്വപ്നസാക്ഷാത്കാരംപോലെയാണ് കേരള ബാങ്കിന്റെ രൂപീകരണം നടന്നത്. അത് കേരളത്തിലെ സഹകാരികൾ പൊതുവിൽ ആഗ്രഹിച്ച കാര്യമാണ്. പക്ഷെ പ്രതിപക്ഷം സ്വീകരിച്ച നിലപാടെന്താണ്; കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പ്രതിപക്ഷനേതാവും കെ.പി.സി.സി. പ്രസിഡന്റും മുൻമുഖ്യമന്ത്രിയുമൊക്കെ അതിനെ എതിർക്കുന്ന നിലപാടല്ലേ സ്വീകരിച്ചത്? മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിക്കുന്നതിനെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സ്റ്റേയ്ക്ക് പോയെങ്കിലും അത് തള്ളുന്ന നിലയുണ്ടായി. അത് നമ്മൾ കാണാതിരിക്കേണ്ട. അത്തരത്തിൽ സുപ്രീംകോടതിയുടെ ഇടപെടലുണ്ടായത് നല്ല കാര്യംതന്നെയാണ്. നിങ്ങൾക്ക് മറ്റ് കാര്യങ്ങളിലെന്തെങ്കിലും പരാതിയുണ്ടെങ്കിൽ ആ വഴി

നോക്കിക്കൊള്ളൂവെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞിട്ടുണ്ട്. അത് മനസ്സിലാക്കിയില്ലെങ്കിൽ അതും ഞാൻ പറയാം. സംസ്ഥാനത്ത് കോവിഡിന്റെ ഘട്ടത്തിൽ വലിയതോതിലുള്ള പ്രയാസങ്ങളുണ്ടായി. ആ സമയത്ത് ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്യുന്ന നിലപാട് സർക്കാർ സ്വീകരിച്ചു. അതിനെ എതിർക്കാൻ പ്രതിപക്ഷം തയ്യാറായില്ലേ; ആരെങ്കിലും ചെയ്യുന്ന കാര്യമാണോ അത്; പാവപ്പെട്ടവർക്ക് ജീവിക്കാനും ജീവിതം മുന്നോട്ടുകൊണ്ടുപോകാനുമുള്ള ഒരു അത്താണിയായിട്ടല്ലേ ആ പദ്ധതി നടപ്പിലാക്കിയത്. ആ ഘട്ടത്തിൽ അതിനെ തടയാൻ ശ്രമിച്ചവരല്ലേ പ്രതിപക്ഷം? നാടിന്റെ വികസനത്തിനും ക്ഷേമത്തിനുമുതകുന്ന എല്ലാ മുൻകൈകളെയും അട്ടിമറിക്കാനാണ് പ്രതിപക്ഷം ശ്രമിച്ചിട്ടുള്ളത്. കിഫ്ബിക്കെതിരെ നിങ്ങൾ ബി.ജെ.പി.-യോടൊപ്പം ചേർന്നുകൊണ്ട് കരുക്കൾ നീക്കുകയാണ്. കേരള ബാങ്ക് വരാതിരിക്കാൻ ഒത്തുകളിച്ചു. ദേശീയപാതാ വികസനകാര്യത്തിൽ ബി.ജെ.പി.-യുടെ അഭിപ്രായം പങ്കിട്ടു. സിൽവർലൈനുമായി ബന്ധപ്പെട്ട പലകാര്യങ്ങളിലും ബി.ജെ.പി.-യോടൊപ്പം നിങ്ങൾ തെരുവിലിറങ്ങുന്ന കാഴ്ചയാണ് കണ്ടത്. പാർലമെന്റിൽ കേരളത്തിലെ പദ്ധതികളെ ബി.ജെ.പി.-ക്കൊപ്പംനിന്ന് എതിർക്കുന്ന നിലയും സ്വീകരിച്ചു. കേന്ദ്രം അരിവിഹിതം നിഷേധിച്ച ഘട്ടത്തിൽ മൗനം

പാലിച്ചു. ക്ഷേമപെൻഷൻ വായ്പയെടുത്താണ് കൊടുക്കുന്നതെന്ന് പറഞ്ഞ് ബി.ജെ.പി.-ക്കൊപ്പംനിന്ന് ആക്ഷേപിക്കാനാണ് പ്രതിപക്ഷം തയ്യാറായത്. പാവപ്പെട്ടവർക്ക് വീടുനൽകുന്ന ലൈഫ് പദ്ധതിക്കെതിരെ ബി.ജെ.പി. തെരുവിലിറങ്ങിയപ്പോൾ ഒരു പടികൂടി കടന്ന് സി.ബി.ഐ. അന്വേഷണത്തിനുവേണ്ടി പരാതി കൊടുക്കുന്ന നില സ്വീകരിച്ചു. കിഫ്ബിക്കെതിരെ കേന്ദ്ര സർക്കാർ നീങ്ങുമ്പോൾ അതിന്റെ വിശ്വാസ്യത തകർക്കാനുള്ള പ്രവർത്തനങ്ങളുമായാണ് പ്രതിപക്ഷം മുന്നോട്ടുനീങ്ങിയത്. മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വില കേന്ദ്രം ഉയർത്തിയപ്പോൾ ആ ഘട്ടത്തിലും അതിനെ ന്യായീകരിക്കുന്നവിധം മൗനം പാലിക്കുന്ന നടപടി നിങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായി. ഇപ്പോൾ ഒടുവിൽവന്ന ബഡ്ജറ്റിൽ കേരളത്തെ അതിക്രൂരമായാണ് കേന്ദ്രം അവഗണിച്ചിരിക്കുന്നത്. എന്തുകൊണ്ടാണിത്? കേരളത്തിനുവേണ്ടി വാദിക്കാൻ യു.ഡി.എഫ്.-ന്റെ പതിനെട്ട് ജനപ്രതിനിധികൾ തയ്യാറല്ല. കേരളത്തിന് എന്തെങ്കിലും കിട്ടുമെങ്കിൽ അത് മുടക്കുന്നതിനുമാത്രമേ കോൺഗ്രസ്സിന് താല്പര്യമുള്ളൂ. മുടക്കുനിവേദനങ്ങളുമായി എത്തുന്ന കോൺഗ്രസും മുടക്കുനിവേദനങ്ങൾ സ്വീകരിച്ച് അംഗീകരിക്കുന്ന കേന്ദ്ര ബി.ജെ.പി. ഭരണവും തമ്മിലാണ് സത്യത്തിൽ അവിശുദ്ധബന്ധമുള്ളത്. ബി.ജെ.പി.-യെയും അതിന്റെ

നയങ്ങളെയും ഇഞ്ചിനിഞ്ചിന് എതിർക്കുന്ന ഞങ്ങൾക്കിടയിൽ പൊതുവായി യോജിപ്പിന്റെ ഒരു മേഖലയുമില്ല. നിങ്ങൾക്കാണെങ്കിൽ പഴയകാലത്തെ 'കോലീബി' സഖ്യത്തിന്റെ പഴയ ചരിത്രം സ്വന്തമായുണ്ട്. അത് മറക്കാൻ നിങ്ങളുടെ ചെയ്തികളെ ഞങ്ങളുടെ തലയിൽ വച്ചുകെട്ടാമെന്ന് കരുതേണ്ട. കേരള വിരുദ്ധമായി ചെയ്യുന്നതിനൊക്കെ വരുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ ജനങ്ങൾ നിങ്ങളെക്കൊണ്ട് എണ്ണിയെണ്ണി മറുപടി പറയിപ്പിക്കും. ധവളപത്രമിറക്കിയ യു.ഡി.എഫ്.-ഉം നിങ്ങളുടെ എം.പി.-മാരും കേന്ദ്രത്തിൽനിന്ന് കേരളത്തിനുവേണ്ടി ഒരു കത്തെങ്കിലുമയച്ചോ? ആ വിഷയത്തിലടക്കം ധവളപത്രത്തിൽ എന്തുകൊണ്ടാണ് നിശബ്ദത പാലിച്ചത്? ജി.എസ്.ടി. ഓഹരിയിനത്തിൽ കേരളത്തിന് കിട്ടേണ്ട തുകയില്ലേ; എയിംസ് പോലെയുള്ള സ്ഥാപനങ്ങൾ നമുക്ക് കിട്ടേണ്ടതല്ലേ? ഇത്തരം നൂറുനൂറ് ചോദ്യങ്ങൾക്ക് നിങ്ങളെക്കൊണ്ട് വരാൻപോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പ് ഉത്തരം പറയിപ്പിക്കുകതന്നെ ചെയ്യും. നിങ്ങളെ തെരഞ്ഞെടുത്തയച്ചുവെന്ന കുറ്റത്തിന് എന്തിനിങ്ങനെ കേരളത്തെ ശിക്ഷിച്ചുവെന്ന ചോദ്യം മുൻനിർത്തി കേരള ജനത നിങ്ങളെ വിചാരണ ചെയ്യും. കേരളത്തെ ചവിട്ടിത്താഴ്ത്താൻ ശ്രമിക്കുന്നത് കയ്യുംകെട്ടി കണ്ടുനിൽക്കുക മാത്രമല്ല, കൈകൊട്ടി രസിച്ചുനിൽക്കുകകൂടിയാണ് കഴിഞ്ഞ

വർഷങ്ങളിൽ നിങ്ങൾ ചെയ്തത്. ഇതെല്ലാം കണ്ടുനിന്ന ജനങ്ങൾ സ്വന്തം അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ പുനരാലോചിക്കും; പുനരണിചേരലുമുണ്ടാകും. കമ്മ്യൂണിസ്റ്റ് വിരുദ്ധവികാരം പടർത്തിയാൽ ഏതുവിധേനയും ജയിച്ചുകയറാമെന്ന പഴയസ്ഥിതി രക്ഷയ്ക്കുവരുമെന്ന് കരുതരുത്; ആ കാലം മാറിയിരിക്കുന്നു. 1950-കളിലെപ്പോലെ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി കെട്ടിപ്പൊക്കാമെന്നാണ് നിങ്ങൾ കരുതുന്നതെങ്കിൽ ഏഴ് പതിറ്റാണ്ടുകൊണ്ടുണ്ടായ കേരളത്തിലെ രാഷ്ട്രീയമാറ്റം എന്തെന്ന് നിങ്ങൾക്ക് മനസ്സിലായിട്ടില്ലെന്നേ പറയാനുള്ളൂ. കാലത്തിന്റെ രാഷ്ട്രീയസ്വീകരണം മാറിയിരിക്കുന്നു. കമ്മ്യൂണിസ്റ്റ് വിരുദ്ധതയുടെ കുടക്കീഴിൽ കെട്ടിപ്പിടിച്ചുനിൽക്കുന്ന ബി.ജെ.പി.-യെയും കോൺഗ്രസിനെയും ഇത് വരാൻ പോകുന്ന ലോക്സഭാ തെരഞ്ഞെടുപ്പ് ഓർമ്മിപ്പിക്കുകതന്നെ ചെയ്യും.

ബഹുമാന്യരായ ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിലെ പ്രധാനികളായ ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. കുറുക്കോളി മൊയ്തീൻ എന്നിവർ പ്രസംഗിച്ചപ്പോൾ കുറേ കാര്യങ്ങൾ പറയുകയുണ്ടായി. ഗവർണർ ഇവിടെവന്ന് സംസാരിച്ചത് എന്തോ ഒരു സന്ധിയുടെ ഭാഗമാണെന്നും കേരള ഭരണം നിലനിർത്താൻ ഞങ്ങൾ കീഴടങ്ങിയതിന്റെ ഭാഗമായിട്ടാണെന്നും അതുകൊണ്ടാണ് ബി.ജെ.പി.-ക്ക് പ്രയാസം

വരുമ്പോഴൊക്കെ സഹായത്തിന് ഓടിപോകുന്നതെന്നും ശ്രീ. എൻ. ഷംസുദ്ദീൻ പറയുകയുണ്ടായി. അദ്ദേഹം കാര്യങ്ങൾ വേർതിരിച്ചറിയാൻ കഴിവുള്ളയാളാണെന്നാണല്ലോ നമ്മൾ ധരിച്ചിരുന്നത്. ഇത്തരത്തിലൊരു നിഗമനത്തിൽ അദ്ദേഹത്തിന് എങ്ങനെയാണ് എത്തിച്ചേരാൻ കഴിഞ്ഞതെന്ന് എത്രയാലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഞങ്ങൾ ആർ.എസ്.എസ്.-നെയും ബി.ജെ.പി.-യെയും സഹായിക്കുന്നവരാണെന്ന് പറഞ്ഞാൽ ലീഗ് അണികളാകെ അതേപടി അത് സ്വീകരിക്കുമെന്നൊരു തെറ്റിദ്ധാരണയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ആ തെറ്റിദ്ധാരണയൊക്കെ മാറ്റേണ്ട കാലംകഴിഞ്ഞു. എല്ലാവരും വിവേചനബുദ്ധിയോടെ കാര്യങ്ങൾ പരിശോധിക്കുകയും നല്ലരീതിയിൽ കാര്യങ്ങൾ വ്യവച്ഛേദിച്ച് മനസ്സിലാക്കുകയും ചെയ്യുന്ന കാലമാണിത്. അതുകൊണ്ട് തെറ്റായ പ്രചരണങ്ങളൊന്നും വലിയതോതിൽ ഏശില്ലെന്ന് കാണണം. കേരളത്തിലെ ഗവൺമെന്റിനും എൽ.ഡി.എഫ്.-നും ജനങ്ങളുടെ മനസ്സിൽ ഇടംകിട്ടിയിട്ടുള്ളത് എന്തെങ്കിലും തെറ്റിദ്ധാരണ പരത്തിക്കൊണ്ടല്ല, അവരുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ്. ആ അനുഭവത്തെ നിഷേധിച്ചുകളയാമെന്ന് വിചാരിക്കരുത്. ഇവിടെ ചുവപ്പ് കൊടിയുടെ നിറം കാവിയാകുകയാണെന്ന് പ്രതിപക്ഷാംഗം പറഞ്ഞു. ആ

ചുവപ്പ് എങ്ങനെയാണ് കൂടുതൽകൂടുതൽ ചുവന്നുവരുന്നതെന്നത് നിങ്ങൾ കാണുന്നില്ലായിരിക്കും. പക്ഷെ നിങ്ങളുടെയടക്കം അണികൾ കാണുന്നുണ്ട്. കാരണം, കേരളത്തിൽ ഏതൊക്കെ ഘട്ടത്തിൽ വർഗ്ഗീയനീക്കങ്ങളുമായി ആർ.എസ്.എസ്.-ന്റെ ആക്രമണങ്ങളുമുണ്ടായിട്ടുണ്ടോ അതിന്റെ മുന്നിൽ നെഞ്ചുവിരിച്ചുനിൽക്കാൻ ഞങ്ങളാണുണ്ടായിരുന്നത്. അതിന്റെ ഭാഗമായാണ് ആ കൊടിയുടെ നിറം കൂടുതൽ ചുവപ്പായി മാറിയതെന്ന് നിങ്ങളോർക്കണം. അവരെ അത്രയും വേഗം തള്ളിക്കളയുമെന്ന് നിങ്ങൾ വിചാരിക്കരുത്; കോൺഗ്രസ്സ് രാഷ്ട്രീയ കാരണങ്ങളാൽ ഇക്കാര്യങ്ങൾ പറയുമ്പോൾ നിങ്ങളുടെ അണികളുടെ മുന്നിൽ മോശക്കാരായി മാറുകയാണെന്നത് മനസ്സിലാക്കണം. തെലങ്കാനയിൽ ഞാൻ പോയതിന് നിങ്ങൾക്കിത്ര പൊള്ളലുണ്ടായതത് എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇന്ന് ബി.ജെ.പി.-യുടെ ആക്രമണം ഏറ്റവും കൂടുതൽ നേരിടുന്ന സംസ്ഥാനമാണ് തെലങ്കാന. അതിനെക്കുറിച്ച് എല്ലാവർക്കും അറിയാവുന്നതാണ്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് സംസാരിച്ചപ്പോൾ പഴയ ചില കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. നാം ഒരു പുതിയ കാലത്താണ് ജീവിക്കുന്നതെന്ന് കാണണം. ആ പുതിയ കാലമെന്താണ്? ബി.ജെ.പി.-യെ അധികാരത്തിൽനിന്ന് മാറ്റിനിർത്തണമെന്നതാണ്. നിങ്ങൾ ഏതെങ്കിലും

ഘട്ടത്തിൽ ബി.ജെ.പി.-യോടൊപ്പം ഏതെങ്കിലും തരത്തിൽ നീങ്ങിയിരുന്നോയെന്ന ജാതക പരിശോധനയ്ക്കുപോയി അവരെ മാറ്റിനിർത്തുന്ന നിലവന്നാൽ, പല സംസ്ഥാനങ്ങളിലും പലരെയും നമ്മൾ മാറ്റിനിർത്തേണ്ടതായിവരും. ഈ രാജ്യത്തിന്റെ പൊതുസാഹചര്യം അതാണ്. അങ്ങനെ ബി.ജെ.പി.-യെ ഒഴിവാക്കി നിർത്താനാകുമോ; ഇന്ന് ബി.ജെ.പി.-ക്കെതിരായി അണിനിരക്കാൻ ആരൊക്കെ തയ്യാറാകുന്നു എന്നത് സംസ്ഥാനാടിസ്ഥാനത്തിലാണ് മനസ്സിലാക്കാൻ സാധിക്കുക. ഓരോ സംസ്ഥാനത്തിന്റെയും പ്രത്യേകതകളുണ്ട്. ആ സംസ്ഥാനത്തിന്റെ സാഹചര്യം വച്ചുകൊണ്ട് അതിന് കഴിയുന്ന ശക്തികൾക്കുടിയുള്ള യോജിപ്പുണ്ടാകണം. ദേശീയ തലത്തിലൊന്നും ഒരു യോജിപ്പുമുണ്ടാകാൻ പോകുന്നില്ല. അതൊക്കെ വെറും വ്യാമോഹം മാത്രമാണ്. അവിടെയൊന്നും ഇപ്പോൾ കോൺഗ്രസ്സില്ല. നിങ്ങൾ വിചാരിക്കുംപോലെ കോൺഗ്രസ് ഒരു മഹാശക്തിയായെന്നൊന്നും കരുതേണ്ട. അതെന്താണെന്നുള്ള യഥാർത്ഥ്യം അംഗീകരിച്ചുപോകണം. ഓരോ സംസ്ഥാനവും പരിശോധിച്ചാൽ ചില സംസ്ഥാനങ്ങളിൽ കോൺഗ്രസുണ്ടെന്നുള്ളത് വാസ്തവമാണ്. അവർ അവിടത്തെ കാര്യങ്ങൾ നയിക്കും. മറ്റ് സംസ്ഥാനങ്ങളിൽ മറ്റ് പാർട്ടികളായിരിക്കും നയിക്കുന്നത്. തമിഴ്നാട്ടിൽ ഡി.എം.കെ.-യുടെ

നേതൃത്വമായിരിക്കും. തെലങ്കാനയിൽ തെലുങ്കുദേശം പാർട്ടിയായിരിക്കും. മറ്റൊരിടത്ത് മറ്റ് ചില പാർട്ടികളായിരിക്കും. എല്ലാ പാർട്ടികളുടെയും പേര് ഞാനിപ്പോൾ പറയുന്നില്ല. അങ്ങനെയുള്ള പാർട്ടികളാണ് പ്രാദേശികമായിട്ടുള്ളത്. പ്രാദേശിക പാർട്ടികളുടെ നേതൃത്വത്തിൽ അവിടെ കോൺഗ്രസിനും ഒരു റോളുണ്ടാകും. ആ നിലയ്ക്ക് നിങ്ങളതിനെ കാണണം. ഞങ്ങൾ പണ്ടത്തെ നിലയിൽത്തന്നെ നിൽക്കുകയാണെന്ന് ചിന്തിച്ചുകൊണ്ട് നീങ്ങിയാൽ അത് വലിയ പ്രയാസം സൃഷ്ടിക്കും. തെലങ്കാനയിൽ പൊതുവായൊരു യോഗം ചേർന്നു. ഇടതുപക്ഷ പാർട്ടികളും തെലുങ്കുദേശം പാർട്ടിയുമെല്ലാം യോജിച്ചാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അടുത്ത തെരഞ്ഞെടുപ്പിലും അവർ യോജിച്ചാണ് നിൽക്കാൻ പോകുന്നത്. തെലങ്കാനയിലെ പാർട്ടിയുടെ പേര് TRS (Telangana Rashtra Samithi) എന്നല്ല ഇപ്പോൾ BRS (Bharat Rashtra Samithi) എന്നാണ്. അവർ പാർട്ടിയുടെ യോഗമല്ല അവിടെ സംഘടിപ്പിച്ചത്, പൊതുവായിട്ടുള്ള യോഗമാണ്. ചില ഗവൺമെന്റ് പരിപാടികളുമുണ്ടായിരുന്നു. അതിനുവേണ്ടിയാണ് അവർ പൊതുവിൽ യോഗം വിളിക്കുന്നത്. പ്രധാനമായും അവിടെയുള്ള ഇടതുപക്ഷ പാർട്ടിയുംകൂടി ഇതിന്റെ ഭാഗമായി നിൽക്കുകയാണ്. അതിന്റെ ഭാഗമായാണ്

ഞാൻ പങ്കെടുത്തത്. നേരത്തെ ശ്രീ. ഡി. രാജയുടെ പ്രായവും മറ്റുമൊക്കെ പറഞ്ഞ് ഒരുപാട് പുകഴ്ത്തിയില്ലേ. അദ്ദേഹം ഇവിടെ വന്നതും ഈ നയത്തിന്റെ ഭാഗമായിട്ടാണ്. അവിടെയുള്ള ഇടതുപക്ഷ പാർട്ടികളെല്ലാം ഈ പാർട്ടിയുടെകൂടെ നിൽക്കുകയാണ്. ഇതിന്റെ ഭാഗമായി ഒരു യോഗത്തിന് വിളിച്ചപ്പോൾ സ്വാഭാവികമായും അവിടെയുള്ള എന്റെ പാർട്ടിക്കാരും പാർട്ടിയുടെ അഖിലേന്ത്യാ നേതൃത്വവുമൊക്കെ എന്നോടുപറയും, നിങ്ങളൊന്ന് പോയാൽ തരക്കേടില്ലെന്ന്. അങ്ങനെയാണ് ഞാൻ പോകാനിടയായത്. അത് മറ്റേതെങ്കിലും തരത്തിൽ ദുർവ്യാഖ്യാനിച്ച് അതിൽനിന്നെന്തെങ്കിലും മന:സമാധാനം നിങ്ങൾക്ക് കിട്ടുമെന്നുണ്ടെങ്കിൽ അത് നടത്തിക്കൊള്ളൂ, പക്ഷേ, വേറെ സുഖമൊന്നും അതുകൊണ്ട് കിട്ടാനില്ല. ഇതിന്റെ ഗുണഭോക്താവായി വരുന്നത് ബി.ജെ.പി.-യാണെന്ന് ഇന്ത്യൻ യൂണിയൻ മുസ്ലീംലീംഗിന് എങ്ങനെയാണ് പറയാൻ കഴിഞ്ഞതെന്ന് മനസ്സിലാക്കാൻ പറ്റുന്നില്ല. ബി.ജെ.പി.-ക്ക് ഗുണം ലഭിക്കുന്നതും ആർ.എസ്.എസ്.-നെ പരിപോഷിപ്പിക്കുന്നതുമായ ഏതെങ്കിലുമൊരു നിലപാട് കഴിഞ്ഞ കാലത്തുള്ള ആകെ പ്രവർത്തനങ്ങളെടുത്ത് പരിശോധിച്ചാൽ ഞങ്ങളുടെ ഭാഗത്തുനിന്നുണ്ടായെന്ന് ഒരു ലീഗ് നേതാവിനും പറയാൻ കഴിയില്ല. (...ബഹളം...)

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ, അവിടെയിരിക്കൂ.

ശ്രീ. പിണറായി വിജയൻ: സർ, റിപ്പബ്ലിക് ദിന വിരുന്നിന് ഭയങ്കര രുചിയുണ്ടായി, അതിന് പോകാനിടയായ കാരണമെന്താണെന്നാണ് ശ്രീ. എൻ. എ. നെല്ലിക്കുന്ന് ചോദിച്ചത്. കൊടിയിലെ ചുവപ്പ് മങ്ങി കാവിയാകുന്നുവെന്ന് അദ്ദേഹമാണ് പറഞ്ഞത്. അവിടെയുള്ള സംഭവങ്ങൾ ഓർത്താൽ മതി, അവിടെ എന്തായിരുന്നുവെന്നുള്ളത്. ഞാനതിലേയ്ക്ക് കടക്കുന്നില്ല. ആ ചുവപ്പ് കൂടുതൽ ചുവപ്പായിക്കൊണ്ടിരിക്കുന്നത് എങ്ങനെയാണെന്ന് നിങ്ങൾതന്നെ ഓർത്തുനോക്കിയാൽ മതി. റിപ്പബ്ലിക് ദിനത്തിലെ വിരുന്ന് സാധാരണ നിലയ്ക്ക് റിപ്പബ്ലിക് ദിനത്തിന്റെ ഭാഗമായുള്ള പരിപാടിയാണ്. രാവിലെ ഗവർണർ പാതകയുയർത്തും. സാധാരണ എല്ലാവർഷവും ഞാനവിടെ പോകുന്നതാണ്. ആ പരിപാടി കഴിയുമ്പോൾ സ്വഭാവികമായും 'അറ്റ് ഹോം' പരിപാടി ഗവർണ്ണർ നടത്തും. കോവിഡ് പശ്ചാത്തലമായതുകൊണ്ട് കഴിഞ്ഞ വർഷങ്ങളിൽ ആ പരിപാടി നടത്തിയിരുന്നില്ല. ഇപ്രാവശ്യം അത് നടത്തിയിരുന്നു. സ്വാഭാവികമായും ഞാൻ പോയി. നിങ്ങളിൽ ചിലർ പോകുകയില്ലെന്ന് കരുതിയിട്ടുണ്ടാകും. എനിക്ക് പോകുന്നതിന് എന്താണ് പ്രശ്നം? ഞാനവിടെ പോയി. നല്ല രീതിയിൽത്തന്നെ അതിൽ പങ്കെടുത്തു. എനിക്ക് മറ്റൊരു

പരിപാടിയുണ്ടായിരുന്നതുകൊണ്ട് അവസാനംവരെ പങ്കെടുക്കാൻ കഴിഞ്ഞില്ല. ഞാൻ അവിടെനിന്നും പോരുകയും ചെയ്തു. അത് തെറ്റിദ്ധാരണയല്ല, ബോധപൂർവ്വമുള്ള തെറ്റായ പ്രചരണത്തിനുള്ള ഒരു ആയുധമായി ഉപയോഗിക്കുകയാണ്. അതാണ് മനസ്സിലാക്കേണ്ടത്. അതൊന്നും ഇങ്ങോട്ട് ഏശുകയില്ല. നിങ്ങൾക്ക് പലതരത്തിലുള്ള ഉള്ളിൽക്കളികളുണ്ടെങ്കിൽ അതില്ലാത്തവരാണ് ഞങ്ങൾ. നേരെ പച്ചയായി കാര്യങ്ങൾ നടത്തുക മാത്രമേയുള്ളൂ. ശ്രീ. എൻ. ഷംസുദ്ദീൻ അതാദ്യം മനസ്സിലാക്കണം. പണ്ട് അണ്ണാൻ ആനയോട് വേദനിക്കുന്നുണ്ടോയെന്ന് ചോദിച്ച ഒരു കഥയുണ്ട്. ഏകദേശം അതുപോലെയാണ് ശ്രീ. കുറുക്കോളി മൊയ്തീൻ ഞങ്ങളോട് പറയാറുള്ളത്. "നിങ്ങൾ ഇങ്ങോട്ട് വരൂ, ഞങ്ങൾ സി.പി.ഐ.(എം)-നെ ക്ഷണിക്കുകയാണ്, 1977-ലെ അവസ്ഥയേക്കാൾ നിങ്ങൾ മോശമാകാൻ പോവുകയാണ്. സ്വാഭാവികമായും നിങ്ങൾ ഞങ്ങളുടെ മുന്നണിയിലേയ്ക്ക് വരുന്ന സാഹചര്യമുണ്ടാകും" എന്നാണ് പറയുന്നത്. എന്താണ് ഞാൻ ഇതിന് ഉത്തരം പറയേണ്ടത്? എതിർക്കണമെന്ന് തോന്നിയപ്പോൾ എന്തും വിളിച്ചുപറയാമെന്ന അവസ്ഥയിലേയ്ക്ക് മാറുകയാണ്. അതൊന്നും സാധാരണ നിലയ്ക്ക് സ്വീകരിക്കേണ്ട സമീപനമല്ലെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ.

മുസ്ലീംലീഗിന്റെ അവസ്ഥ ഇവിടെ എല്ലാവർക്കുമറിയാം. അതറിയാത്തവരല്ലല്ലോ ഞങ്ങൾ. നിങ്ങളിപ്പോൾ യു.ഡി.എഫ്.-ലാണ്. അതിലെ പ്രധാന ഘടകം ഏതാണ്? കോൺഗ്രസും മുസ്ലീംലീഗുമാണ്. ഇതിലേതെങ്കിലുമൊന്ന് ഇല്ലാതായാൽ യു.ഡി.എഫ്. ഇല്ലാതായില്ലേ? നിങ്ങളല്ലേ അതിന്റെ പ്രധാനഭാഗം. നിങ്ങൾ പ്രധാന ഭാഗമായിട്ടിരിക്കുന്ന ഒന്നിൽനിന്ന് പെട്ടെന്ന് മാറിപ്പോകുമെന്ന് കേരളത്തിൽ ആരെങ്കിലും പ്രതീക്ഷിക്കുന്നുണ്ടോ? നിങ്ങളെക്കുറിച്ച് മറ്റാർക്കെങ്കിലും സംശയം തോന്നുന്നുണ്ടെങ്കിൽ അതിന് ഇടയ്ക്കിടയ്ക്ക് നിങ്ങൾ ഞങ്ങളെ കുറ്റപ്പെടുത്തേണ്ട കാര്യമെന്താണ്? നിങ്ങൾ ആ സംശയം തീർക്കാൻ നോക്കണമെന്നല്ലാതെ ഞങ്ങളെ കുറ്റംപറഞ്ഞ് നല്ലവരാകാമെന്ന നിലപാട് സ്വീകരിച്ചതുകൊണ്ട് കാര്യമുണ്ടോ? നിങ്ങൾക്ക് നിങ്ങളുടേതായ ചില പ്രശ്നങ്ങളുണ്ടാകും. ആ പ്രശ്നങ്ങൾ ചിലപ്പോൾ നിങ്ങൾക്ക് അവതരിപ്പിക്കേണ്ടിവരും. അത് നിങ്ങളുടെ മുന്നണിയിൽ ചില പ്രശ്നങ്ങളുണ്ടാക്കുന്നുണ്ടാകും. അതൊക്കെ സ്വാഭാവികമാണ്. അതൊക്കെ ഒരു മുന്നണിക്കകത്തുണ്ടാകും. അതൊക്കെ നിങ്ങൾ തമ്മിൽ തീർക്കേണ്ട കാര്യമല്ലേ? നിങ്ങൾ പെട്ടെന്ന് അവിടെ നിന്ന് ഇങ്ങോട്ട് വരാൻ പോകുന്നുവെന്ന് ഞങ്ങളാരെങ്കിലും കരുതുന്നുണ്ടോ?

അങ്ങനെയൊരു ചിന്ത നിങ്ങളിലുണ്ടാകേണ്ടതില്ലെന്നാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

ഉന്നതവിദ്യാഭ്യാസ മേഖലയിൽ വലിയതോതിൽ ദിശാബോധം നഷ്ടപ്പെട്ടിരിക്കുന്നുവെന്നും യൂണിവേഴ്സിറ്റികളുടെ ക്രെഡിബിലിറ്റിതന്നെ ചോർന്നുപോയിരിക്കുകയാണെന്നുമൊക്കെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുകയുണ്ടായി. എല്ലാ വിഷമസ്ഥിതിയും നിലനിൽക്കുമ്പോൾ തന്നെയാണ് കേരള യൂണിവേഴ്സിറ്റി 'എ പ്ലസ് പ്ലസ് ' നേടുന്നതും യൂണിവേഴ്സിറ്റികളിൽ ചിലത് 'എ പ്ലസ്' നേടുന്നതും. രാജ്യത്തെ പ്രധാന യൂണിവേഴ്സിറ്റികളിൽ നമ്മുടെ യൂണിവേഴ്സിറ്റികളും റാങ്കിംഗിൽ ഉന്നത സ്ഥാനത്തെത്തുകയാണ്. ഇത്തരത്തിലുള്ള നേട്ടങ്ങൾ നമുക്കുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിനിയും മുന്നോട്ടുപോകേണ്ടതുണ്ട്. മുന്നോട്ടുകൊണ്ടുപോകാൻ തന്നെയാണ് സർക്കാർ ശ്രമിക്കുന്നത്. ആ രംഗത്ത് വലിയ തോതിലുള്ള ഇടപെടലുണ്ടാകണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. ഇതുസംബന്ധിച്ച് നേരത്തേ വ്യക്തമാക്കിയിട്ടുണ്ട്. അക്കാര്യങ്ങൾ തുടർന്നുകൊണ്ടുപോകുകയാണ്. പ്രഖ്യാപിച്ച കാര്യങ്ങൾ അതേരീതിയിൽ നടത്താനാണ് സർക്കാർ നിലകൊള്ളുന്നത്. നിരവധി കാര്യങ്ങൾ ഇപ്പോൾ ചെയ്തുകഴിഞ്ഞിട്ടുണ്ട്. ബാക്കികാര്യങ്ങളും ചെയ്യാനാണ്

ഉദ്ദേശിക്കുന്നത്. ഏതായാലും ഉന്നത വിദ്യാഭ്യാസമേഖലയുടെ ഒരു ഹബ്ബാക്കി കേരളത്തെ മാറ്റാനാണ് സർക്കാർ ശ്രമിക്കുന്നത്.

കാർഷിക മേഖല വല്ലാതെ തകർന്നിരിക്കുകയാണെന്നും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുകയുണ്ടായി. കേരളത്തിലെ കാർഷിക മേഖല 2021-22-ൽ 4.6 ശതമാനം വളർച്ചാനിരക്കാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് തകർച്ചയുടേതല്ല, വളർച്ചയുടെ ലക്ഷണമാണ്. കണക്ക് കണക്കല്ലേ; യാഥാർത്ഥ്യം യാഥാർത്ഥ്യമല്ലേ; വസ്തുത വസ്തുതയല്ലേ; അത് നമ്മൾ അംഗീകരിച്ച് പോകണ്ടേ? ഇതിന്റെ ഭാഗമായി ധാരാളം നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കർഷകരിൽനിന്നും പച്ചക്കറി സംഭരിച്ചപ്പോൾ ഹോർട്ടികോർപ്പ് കൊടുക്കാനുള്ള മുഴുവൻ തുകയും കൊടുത്തുതീർത്തിട്ടുണ്ട്. 2022 ഡിസംബർ 31 വരെയുള്ള മുഴുവൻ കുടിശ്ശികയും നൽകിയിട്ടുണ്ട്. അത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞിരിക്കുകയാണ്. ഇത് നമ്മൾ കാണേണ്ട കാര്യമാണ്. നാട്ടിൽ കുറച്ച് ഗുണ്ടകളുണ്ടെന്നത് ശരിയാണ്. പക്ഷെ, ഗുണ്ടകളുടെ അഴിഞ്ഞാട്ടം നല്ലതുപോലെ അവസാനിപ്പിച്ചുവരികയാണ്. നല്ലതരത്തിലുള്ള ഇടപെടലാണ് അക്കാര്യത്തിലുണ്ടായിട്ടുള്ളത്.

ഇവിടെ ഭാരത് ജോഡോ യാത്രയെക്കുറിച്ച് പറഞ്ഞു. കേരളത്തിലെ സി.പി.ഐ.(എം)-നെ അഖിലേന്ത്യാ സി.പി.ഐ.(എം)-ന്റെ വ്യത്യസ്തമായൊരു ഭാഗമായി ചിത്രീകരിക്കാൻ നിങ്ങൾ ശ്രമിച്ചു. ഞങ്ങളുടെ പാർട്ടിയുടെ ഘടനയെ മനസ്സിലാക്കാത്തവരല്ലല്ലോ നിങ്ങൾ. പൊതുവിൽ ചർച്ച ചെയ്ത് കാര്യങ്ങളിൽ നിലപാടെടുക്കുന്ന പാർട്ടിയാണ് ഞങ്ങളുടേത്. ആ നിലപാടെടുക്കുമ്പോൾ ആദ്യമേ കണ്ടത് എന്താണ്? നിങ്ങളുടെ ഒരു രാഷ്ട്രീയ പരിപാടിയാണത്. കോൺഗ്രസ് പാർട്ടി അടുത്തകാലത്ത് നടത്തിയ പാർട്ടി പരിപാടിയാണത്. ആ പരിപാടി ആ നിലയ്ക്ക് നടക്കട്ടെ. ആ പരിപാടിയിൽ ഞങ്ങൾ പോകേണ്ട കാര്യമില്ല. അത് സ്വാഭാവികമാണ്. ഞങ്ങളുടെ ഉന്നതതലത്തിൽ ആലോചിച്ച് തീരുമാനിച്ച കാര്യമാണത്. അത് കേരളത്തിലെ പാർട്ടിയുടെ നിലപാടാണെന്ന് തെറ്റിദ്ധരിപ്പിക്കേണ്ട. അതങ്ങനെയല്ല. ഞങ്ങളുടെ പാർട്ടിയുടെ പോളിറ്റ് ബ്യൂറോ ചർച്ച ചെയ്തെടുത്ത നിലപാടാണ്. ആ പരിപാടി നടക്കുന്നതുകൊണ്ടുള്ള വിയോജിപ്പല്ല. അത് കോൺഗ്രസ് പാർട്ടിയുടെ പരിപാടിയാണ്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ഭാരത് ജോഡോ യാത്രയിൽ നിങ്ങൾ വരാത്ത വിഷമമൊന്നുമല്ല ഞങ്ങൾ പങ്കുവച്ചത്. നിങ്ങൾ വരണമെന്നും ഞങ്ങൾക്ക് നിർബന്ധമില്ല. ഞങ്ങൾ പറഞ്ഞ പ്രശ്നം,

കേരളത്തിൽ ഈ ജാഥ തുടങ്ങിയപ്പോൾ ബി.ജെ.പി.-യോടൊപ്പം നിന്ന് ആ ജാഥയെ പരിഹസിക്കുകയായിരുന്ന കേരളത്തിലെ സി.പി.ഐ.(എം). പക്ഷെ പോളിറ്റ് ബ്യൂറോയിലെ പല മെമ്പർമാരും, പേരെടുത്ത് പറയുന്നില്ല, പരസ്യമായി ഈ ജാഥയെ അനുമോദിക്കുകയായിരുന്നു. കേരളത്തിലെ സി.പി.ഐ.(എം) നേതാക്കളാണ് ഏറ്റവും കൂടുതൽ പരിഹസിച്ചത്. ഇന്നും സംസാരിച്ചപ്പോൾ പരിഹസിക്കുകയായിരുന്നു. അതാണ് വ്യത്യസ്തമായ നിലപാടെന്ന് ഞാൻ പറഞ്ഞത്. ജാഥയ്ക്ക് അനുകൂലമായി ശ്രീ. എം. എ. ബേബിയുടെ സ്റ്റേറ്റ്മെന്റ് ഇന്നലെയും വന്നു. കേരളത്തിലെ കുറച്ച് നേതാക്കൾ മാത്രം ആ ജാഥയെ മുഴുവൻ സമയത്തും പരിഹസിക്കുകയായിരുന്നു. അതുകൊണ്ടാണ് ഞങ്ങൾ പറഞ്ഞത്.

ശ്രീ. പിണറായി വിജയൻ: സർ, ഒരു ജാഥയെ പരിഹസിക്കേണ്ട ആവശ്യം ഞങ്ങൾക്കെന്താണ്? സാധാരണനിലയിൽ ഒരു പാർട്ടിയുടെ പരിപാടി നടക്കുന്നു. രാഷ്ട്രീയ പരിപാടിയായതുകൊണ്ട് അവർ അവരുടേതായ പ്രചരണങ്ങൾ നടത്തുന്നു. ആ പ്രചരണത്തിന്റെ ഭാഗമായി നേരത്തേ പ്രതിപക്ഷനേതാവ് പറഞ്ഞു, 'ഞങ്ങൾ ഗവൺമെന്റിനെതിരെയോ നിങ്ങൾക്കാർക്കുമെതിരെയോ ഒരു വർത്തമാനവും പറഞ്ഞില്ല' എന്ന്. ഒന്നും പറഞ്ഞില്ലെന്നാണോ. ശ്രീ. ജയറാം രമേശ് നിങ്ങളുടെ ആരാണ്?

ശ്രീ. വി. ഡി. സതീശൻ: സർ, നിങ്ങൾ പറഞ്ഞതിന് മറുപടി പറഞ്ഞതാണ്. ജാഥയെ പരിഹസിച്ചതിന് മറുപടി പറഞ്ഞതാണ്.

ശ്രീ. പിണറായി വിജയൻ: സർ, ഇതാണ് വസ്തുത. ആ പറഞ്ഞതൊന്നും ഞങ്ങൾ വലിയ കാര്യമായി കാണുന്നില്ല. നിങ്ങൾ ഒന്നും പറഞ്ഞില്ല എന്ന് ആവർത്തിച്ച് പറയുമ്പോൾ ശ്രീ. ജയറാം രമേശ് എന്താണ് പറഞ്ഞതെന്ന് നിങ്ങളെ ഓർമ്മിപ്പിച്ചതേയുള്ളൂ. രാഷ്ട്രീയ പരിപാടിയെന്ന നിലയിൽ നിങ്ങളത് ഉന്നയിക്കുന്നു. അതിൽ ഞങ്ങൾക്കെന്താണ് പ്രശ്നം. ആ പരിപാടി നിങ്ങൾ നടത്തുന്നു. നിങ്ങൾ നല്ല രീതിയിൽ അത് സമാപിപ്പിച്ചിരിക്കുന്നു. ജീവിതത്തിലെ ഏറ്റവും നല്ല അനുഭവം നിങ്ങൾ അവിടെയായതുകൊണ്ടുണ്ടായി. കാരണം, നല്ല മഞ്ഞുവീഴുന്ന അനുഭവമുണ്ടായി എന്നു പറഞ്ഞില്ലേ. അത് നിങ്ങൾക്ക് നല്ല അനുഭവമല്ലേ? അതെല്ലാം നല്ല കാര്യംതന്നെ. ആ നിലയ്ക്ക് നിങ്ങൾ ആസ്വദിച്ചുകാണും. നിങ്ങളുടെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമായി നിങ്ങൾക്കുണ്ടായ അനുഭവമാണെന്ന് കണ്ടാൽ മതിയാകും. ഞങ്ങൾ അതിന്റെ ഭാഗമായി വരണമെന്ന് നിർബന്ധിക്കേണ്ട എന്നുമാത്രം. അത് രാഷ്ട്രീയ പാർട്ടിയുടെ പരിപാടിയാണ്. അങ്ങനെ വരാതിരുന്നാൽ ബി.ജെ.പി.-യെ

സഹായിക്കലാകുമെന്ന് കാണേണ്ടതില്ല. അതാണ് അതിൽ കാണേണ്ട കാര്യം.

എല്ലാകാലത്തും സമരങ്ങളുടെ കാര്യം ഇങ്ങനെയാണ്. സമരത്തിന്റെ ഭാഗമായി കേസിൽപ്പെടുമ്പോൾ നിങ്ങൾക്കത് മനസ്സിലാകും. നേരത്തെയും ഇങ്ങനെ തന്നെയാണ് കാര്യങ്ങൾ. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും ഇത്തരത്തിലുള്ള ധാരാളം അറസ്റ്റുകളും കാര്യങ്ങളുമുണ്ടായിട്ടുണ്ട്. എന്നാൽ ജനകീയ സമരങ്ങളാകുമ്പോൾ ആ സമരങ്ങളുടെ കാര്യത്തിൽ എപ്പോഴും ഗവൺമെന്റിന് ഒരു അനുകമ്പാർഹമായ നിലപാട് പിന്നീട് ഉണ്ടാകാറുണ്ട്. അത് പിന്നീട് പരിശോധിച്ച് തീരുമാനിക്കേണ്ട കാര്യമാണ്.

മറ്റ് കൂടുതൽ കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പറഞ്ഞ കാര്യങ്ങൾ ഒന്നുകൂടി ആവർത്തിക്കുകയാണ്. കേരളത്തിന്റെ പൊതുവായ പ്രശ്നങ്ങളിൽ താല്പര്യപൂർവ്വം നിൽക്കാൻ പ്രതിപക്ഷത്തിന് കഴിയുന്നില്ല. ആ പൊതുവായ പ്രശ്നങ്ങളോടൊപ്പം നിൽക്കാൻ മനസ്സ് കാണിക്കണമെന്നതാണ് പ്രതിപക്ഷത്തോട് പൊതുവിൽ അഭ്യർത്ഥിക്കാനുള്ളത്. നന്ദിപ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എ. സി. മൊയ്തീൻ 2023 ഫെബ്രുവരി 1-ാം തീയതി അവതരിപ്പിച്ച " 2023 ജനുവരി 23-ാം തീയതി ബഹുമാനപ്പെട്ട ഗവർണ്ണർ

കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയത്തിന് സർവ്വശ്രീ മോൻസ് ജോസഫ്, പി. കെ. ബഷീർ, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, പി. അബ്ദുൽ ഹമീദ്, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, സജീവ് ജോസഫ്, ഷാഫി പറമ്പിൽ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ടി. ജെ. വിനോദ്, സണ്ണി ജോസഫ്, കെ. ബാബു (തൃപ്പൂണിത്തുറ), സനീഷ്കുമാർ ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, അൻവർ സാദത്ത്, എം. വിൻസെന്റ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി ഉമ തോമസ് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ ............

പ്രതികൂലിക്കുന്നവർ............

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച നന്ദിപ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............

പ്രതികൂലിക്കുന്നവർ............

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

<u>മി. സ്പീക്കർ</u>: വോട്ടിംഗ് ആരംഭിക്കുന്നതിനുമുൻപ് ബഹുമാനപ്പെട്ട അംഗങ്ങൾ ഇ-നിയമസഭ ആപ്ലിക്കേഷനിൽ ലോഗിൻ ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം. ആവശ്യമെങ്കിൽ സഹായിക്കാൻ സംവിധാനങ്ങളുണ്ട്.

യഥാർത്ഥത്തിൽ പോൾ പ്രോസസ്സിലേയ്ക്ക് പോകണമെന്നാഗ്രഹിക്കാൻ കാരണം, അംഗങ്ങളിൽ ചിലർ ചില സമയങ്ങളിൽ ഫ്ലോറിൽ കാണുന്നില്ല എന്നതാണ്. അതിനാൽ കൃത്യമായി വോട്ടിംഗ് പാറ്റേൺ നടത്തേണ്ടതാണ്. ഇപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഉപനേതാവും ശബ്ദവോട്ട് മതിയെന്നാണ് പറയുന്നത്. അതിനാൽ ശബ്ദവോട്ടിംഗ് നടത്താം.

അനുകൂലിക്കുന്നവർ ............

പ്രതികൂലിക്കുന്നവർ............

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച നന്ദിപ്രമേയം ശബ്ദവോട്ടോടെ സഭ അംഗീകരിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2023 ഫെബ്രുവരി മാസം 3-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 04.48-ന് പിരിഞ്ഞു.)

*********

# അനുബന്ധം-I

## (1) നക്ഷത്രചിഹ്നമിട്ട (33)-ാം നമ്പർ ചോദ്യത്തിന്റെ (എ) പിരിവിന്റെയും (സി) പിരിവിന്റെയും അനുബന്ധം

| വർഷം | ആകെ പൊതുകടം (കോടിയിൽ | ആകെ പൊതുകടത്തിന്റെ വർദ്ധനവ് ശതമാനത്തിൽ | ശരാശരി | പ്രതിശീർഷ വരുമാനം (രൂപയിൽ)* | പ്രതിശീർഷ വരുമാനത്തിന്റെ വർദ്ധനവ് ശതമാനത്തിൽ | ശരാശരി |
|---|---|---|---|---|---|---|
| 2010-11 | 54887.18 | | | 70824 | | |
| 2011-12 | 61793.08 | 12.58 | | 97912 | 38.25 | |
| 2012-13 | 72250.19 | 16.92 | | 110314 | 12.67 | |
| 2013-14 | 83466.56 | 15.52 | 14.87 | 123388 | 11.85 | 16.38 |
| 2014-15 | 96132.96 | 15.18 | | 135537 | 9.85 | |
| 2015-16 | 109730.97 | 14.15 | | 148133.00 | 9.29 | |
| 2016-17 | 125882.85 | 14.72 | | 166246.00 | 12.23 | |
| 2017-18 | 142984.53 | 13.59 | | 183252.00 | 10.23 | |
| 2018-19 | 158234.45 | 10.67 | 12.74 | 205437 | 12.11 | |
| 2019-20 | 174640.22 | 10.37 | | 213041.00 | 3.70 | 6.90 |
| 2020-21 | 199681.73 | 14.34 | | 205067.00 | -3.74 | |
| 2021-22 | 219974.55 | 10.16 | 10.16 | 230601.00 | 12.45 | 12.45 |

* Source NSDP Ministry of statistics and programme implementation Government of India.

**അനുബന്ധം - II**

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പൊതുമേഖലാ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിന് മാസ്റ്റർ പ്ലാൻ

8 (*38) <u>ശ്രീ. കെ. ആൻസലൻ</u>:
<u>ശ്രീ. കെ. ഡി. പ്രസേനൻ</u>:
<u>ശ്രീ. പി. വി. ശ്രീനിജിൻ</u>:
<u>ശ്രീ. എം.വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ വൈവിധ്യവത്കരണത്തിലൂടെയും വിപുലീകരണത്തിലൂടെയും ശാക്തീകരിക്കാൻ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സാങ്കേതികരംഗത്തുൾപ്പെടെ സമസ്ത മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾകൊണ്ടുകൊണ്ട് 41 പൊതുമേഖലാ സ്ഥാപനങ്ങളിൽ ഹ്രസ്വ, ഇടത്തരം, ദീർഘകാലം എന്നീ മൂന്ന്

ഘട്ടങ്ങളിലായി 405 പദ്ധതികൾ അടുത്ത പത്തു വർഷത്തിനുള്ളിൽ നടപ്പിലാക്കാൻ മാസ്റ്റർപ്ലാനിലൂടെ ലക്ഷ്യമിടുന്നു. ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് കൂടുതൽ ശക്തി പകരുന്നതിന് അനുയോജ്യമായ പദ്ധതികളും നിലവിലെ ഉല്പന്നങ്ങളുടെ വർദ്ധിച്ച വിപണന സാധ്യതകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ കമ്പോളവും വിലയിരുത്തി വിപുലീകരണ പദ്ധതികളോടൊപ്പം അന്താരാഷ്ട്രതല വിപണന സാധ്യതകൾ പരിശോധിച്ച് നൂതന ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വൈവിധ്യവത്കരണ പദ്ധതികളും മാസ്റ്റർ പ്ലാനിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക ആസൂത്രണ പദ്ധതികൾ മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതി രൂപരേഖകളുടെയും ആക്ഷൻ പ്ലാനിന്റെയും അടിസ്ഥാനത്തിൽ ആണ് നടപ്പിലാക്കുക. ഓരോ പദ്ധതിയുടെയും വിശദമായ പദ്ധതി റിപ്പോർട്ട് [Detailed Project Report - DPR] വിലയിരുത്തിയതിനുശേഷം സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള വികസന പദ്ധതികളാണ് സർക്കാർ ധനസഹായത്തോടെയും അല്ലാതെയും നടപ്പിലാക്കുന്നത്.

മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിതര ധനസഹായം പൊതുമേഖലാ ബാങ്കുകൾ വഴിയോ മറ്റു

ധനകാര്യ സ്ഥാപനങ്ങൾ മുഖേനയോ ലഭ്യമാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 9 ബാങ്കുകൾ ഉൾപ്പെടുന്ന ഒരു വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റി റിയാബിന്റെ നേതൃത്വത്തിൽ രൂപീകരിച്ച് തുടർ നടപടികൾ പുരോഗമിച്ചുവരുന്നു.

മാസ്റ്റർ പ്ലാൻ പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ വിദഗ്ധ സാങ്കേതിക സഹായം ഉറപ്പുവരുത്തുന്നതിന് വ്യവസായ മേഖലയിൽ വിവിധ രംഗങ്ങളിൽ പ്രത്യേക പ്രാവീണ്യമുള്ള വിദഗ്ധരെ ഉൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് റിയാബിന്റെ നേതൃത്വത്തിൽ സജ്ജമാക്കിയിട്ടുണ്ട്. ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ, ഫിനാൻസ് എന്നീ മേഖലകളിൽ നൈപുണ്യം നേടിയ പ്രസ്തുത വിദഗ്ധരുടെ സേവനം വ്യവസായ, കയർ, കശുവണ്ടി വകുപ്പുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ പദ്ധതികളുടെ ആസൂത്രണത്തോടൊപ്പം നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ടെക്നിക്കൽ കോ-ഓർഡിനേഷൻ ചുമതലയും നിർവ്വഹിക്കുന്നതിനായി

ഉയർന്ന തലത്തിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള ഒരു വിദഗ്ദ്ധനെ അഡ്വൈസർ (മാസ്റ്റർ പ്ലാൻ) ആയും നിയോഗിച്ചിട്ടുണ്ട്.

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളും നിർമ്മാണ ശേഷിയും സാങ്കേതിക സൗകര്യങ്ങളും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉത്പാദന/നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമാക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തി ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) നിലവിൽ പ്രവർത്തന ലാഭം നേടിയിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്ക് റിയാബിനെ ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫൊർമേഷനായി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്രമായ പുനഃസംഘടനയ്ക്കും ആധുനികവത്കരണത്തിനുമുള്ള നിർദ്ദേശങ്ങളോടൊപ്പം സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്നതിനുവേണ്ടി മുൻ ചീഫ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സെക്രട്ടറിയും കെ.എസ്.ഐ.ഡി.സി. ചെയർമാനുമായ ശ്രീ. പോൾ ആന്റണി ഐ.എ.എസ്. (റിട്ട.) ചെയർമാനായി ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സർക്കാരിന് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ റിയാബിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി റിയാബിനെ ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ എന്ന് പുനർനാമകരണം ചെയ്യുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്.

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് പൊതുമേഖലാ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

കേരള സർക്കാരിന്റെ വ്യവസായ വാണിജ്യ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയല്ലാതെ നിയമനം നടത്തേണ്ടതായ തസ്തികകളിലേയ്ക്ക് നിയമിക്കുന്നതിനായി ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന്

ആനുഷംഗികമോ ആയ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും വ്യവസായ വാണിജ്യ വകുപ്പിന്റെയല്ലാതെ മറ്റ് വകുപ്പുകളുടെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയല്ലാതെ നിയമനം നടത്തേണ്ടതായ വിവിധ തസ്തികകളിലേയ്ക്ക് ബന്ധപ്പെട്ട വകുപ്പുകൾ ആവശ്യപ്പെടുന്നതിന്മേൽ ഉദ്യോഗാർത്ഥികളെ സെലക്ട് ചെയ്യുന്നതിന് സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുംവേണ്ടി സ്വയംഭരണാധികാരമുള്ള ഒരു ബോർഡ് രൂപീകരിക്കുന്നതിനായുള്ള നടപടികളുടെ ഭാഗമായി കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ആക്ട്, 2022 നിലവിൽ വന്നിട്ടുണ്ട്. ബോർഡ് രൂപീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതത്തിൽ കുറവ്**

9 (*39) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സായ കേന്ദ്രത്തിൽനിന്നുള്ള നികുതി വിഹിതത്തിലും കേന്ദ്രാവിഷ്കൃത

പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റത്തിലും കഴിഞ്ഞ കുറേ വർഷങ്ങളായി സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതത്തിൽ കുറവുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനങ്ങളുമായി പങ്ക് വയ്ക്കേണ്ട ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ലഭിക്കുന്ന നികുതി വിഹിതം കാലാകാലങ്ങളായി കുറഞ്ഞുവരികയാണ്. പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായി മാറുകയും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഈ കാലയളവിൽ 1.925 ശതമാനമായി കുറയുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റത്തിലും കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിന് ലഭിക്കേണ്ട വിഹിതത്തിൽ കുറവുണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ഗ്രാന്റിനത്തിൽ ലഭ്യമായത് 5141.92 കോടി രൂപയായിരുന്നുവെങ്കിൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം ഈയിനത്തിൽ 3801.75 കോടി രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ.

(ബി) കേന്ദ്ര ആസൂത്രണ കമ്മീഷൻ നിലവിലുണ്ടായിരുന്നപ്പോൾ ലഭിച്ചുകൊണ്ടിരുന്ന ഒറ്റത്തവണ കേന്ദ്രസഹായം, അധിക കേന്ദ്ര സഹായം, സാധാരണ കേന്ദ്ര സഹായം എന്നിവ കേന്ദ്ര സർക്കാർ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഉണ്ടാക്കിയിട്ടുള്ള പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കേന്ദ്ര ആസൂത്രണ കമ്മീഷൻ നിലവിലുണ്ടായിരുന്നപ്പോൾ ലഭിച്ചുകൊണ്ടിരുന്ന ഒറ്റത്തവണ കേന്ദ്രസഹായം, അധിക കേന്ദ്ര സഹായം, സാധാരണ കേന്ദ്ര സഹായം എന്നിവ കേന്ദ്രസർക്കാർ ഇതിനകംതന്നെ നിർത്തലാക്കിയിട്ടുണ്ട്. തുടരെത്തുടരെയുള്ള പ്രളയങ്ങളും മഹാമാരിയായ കോവിഡും ഏല്പിച്ച ആഘാതങ്ങളിൽനിന്നും സംസ്ഥാനം കരകയറി വരുന്നതേയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് ഏറ്റെടുക്കേണ്ടി വന്നിട്ടുള്ള അധിക ചെലവുകൾകൂടി കണക്കിലെടുക്കുമ്പോൾ കേന്ദ്ര ധനസഹായത്തിലുള്ള കുറവ് സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകൾ (ഓഫ് ബഡ്ജറ്റ് ബോറോയിംഗ്)

സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തുന്ന കേന്ദ്ര സർക്കാർ നിലപാടിനോട് സംസ്ഥാന സർക്കാരിനുള്ള വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണ് എന്ന തെറ്റായ നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഈ നിലപാടിനോട് സംസ്ഥാന സർക്കാരിനുള്ള ശക്തമായ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ പല തവണ അറിയിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത നിലപാടിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. കൂടാതെ ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ആഗസ്റ്റിനുമുൻപ് നിലനിന്നിരുന്നപോലെ പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽനിന്നും ഒഴിവാക്കണമെന്ന് 22-07-2022-ലെ 134/2022/എം.ധന കത്ത് പ്രകാരം സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്. മേൽവിഷയത്തിൽ ഒരു

അനുകൂല തീരുമാനം കൈക്കൊള്ളേണ്ടതാണെന്ന് ബഹു. കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള (Pre-Budget Speech) 25-11-2022-ലെ യോഗത്തിൽ ധനകാര്യ വകുപ്പുമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും കിഫ്ബി, KSSPL മുതലായ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ 2021-22 സാമ്പത്തികവർഷം എടുത്ത കടം നാല് തവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽനിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്രസർക്കാർ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടണമെന്നും ഭരണഘടനാ വ്യവസ്ഥകളിൽ നിന്നുള്ള വ്യതിയാനങ്ങളും സുപ്രധാന കേന്ദ്ര-സംസ്ഥാന സാമ്പത്തിക പ്രശ്നങ്ങളും പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും ബഹു. മുഖ്യമന്ത്രിയുടെ 19-01-2023-ലെ 133/CM/2023 കത്ത് പ്രകാരം ഒരു നിവേദനം ബഹു. പ്രധാനമന്ത്രിക്ക് സമർപ്പിച്ചിട്ടുമുണ്ട്.

(ഡി) സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും റവന്യൂകമ്മി കുറച്ചുകൊണ്ടുവരാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ചരക്ക സേവന നികുതി നടപ്പാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനവിനുള്ള ഇടപെടലുകൾക്ക് പരിമിതികളും നിയന്ത്രണങ്ങളുമുണ്ടായി. ഈ സാഹചര്യത്തിൽ നികുതി പിരിവ് കാര്യക്ഷമമാക്കിക്കൊണ്ടും നികുതിയേതര വരുമാനം ഉയർത്തുകയും സാമൂഹ്യ ക്ഷേമ ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുന്നതിലേയ്ക്കായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടി പിടിപ്പിക്കൽ അടക്കമുള്ള വിവിധയിനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

## കൈത്തറി വ്യവസായ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി

10 (*40) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ഐ. ബി. സതീഷ്:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) പരുത്തിയുടെയും നൂലിന്റെയും മറ്റ് അസംസ്കൃത വസ്തുക്കളുടെയും വൻതോതിലുള്ള വിലവർദ്ധനവും നൂലിന് കേന്ദ്ര സർക്കാർ നൽകിവന്നിരുന്ന

സബ്സിഡി നിർത്തലാക്കിയതും കൈത്തറി വ്യവസായ മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്നുവെന്ന പരാതി പരിഹരിക്കാൻ സംസ്ഥാന സർക്കാർ എന്തെല്ലാം ഇടപെടൽ നടത്തുന്നുവെന്ന് വ്യക്തമാക്കുമോ?

പരുത്തിയുടെ വില ക്രമാതീതമായി വർദ്ധിച്ച സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പരുത്തിയുടെ വിളവെടുപ്പ് സീസണിൽത്തന്നെ അവ വാങ്ങുന്നതിന് സർക്കാർ തീരുമാനിച്ചു. പ്രസ്തുത പ്രക്രിയ സുഗമമായി നടപ്പാക്കുന്നതിന് 17-12-2022-ലെ സ.ഉ (സാധാ) നം.1310/2022/വ്യവ പ്രകാരം വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചെയർമാനാക്കി ഒരു കോട്ടൺ ബോർഡ് രൂപീകരിക്കുകയും അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പരുത്തിയുടെ സീസൺ കഴിയുന്നതിനുമുമ്പ് സംഭരണം നടത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നൂലിന്റെയും മറ്റ് അസംസ്കൃത വസ്തുക്കളുടെയും വില വർദ്ധനവ് നിയന്ത്രണ വിധേയമാക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ വിവിധ സബ്സിഡി പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**1) നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി**

നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുവായ നൂൽ, ഹാന്റക്സ്/ഹാൻവീവ്/മറ്റ് സഹകരണ യാൺ ബാങ്കുകൾ എന്നിവ വഴി ന്യായമായ വിലയ്ക്ക് യഥാസമയം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണ്.

ടി പദ്ധതിയുടെ സബ്സിഡി നിരക്ക് ചുവടെ ചേർക്കുന്നു.

40 കൗണ്ട് നൂൽ വരെ - കിലോഗ്രാമിന് 25/- രൂപ

40 മുതൽ 80 കൗണ്ട് നൂൽ വരെ - കിലോഗ്രാമിന് 30/- രൂപ

80 കൗണ്ട് നൂലിനു മുകളിൽ - കിലോഗ്രാമിന് 40/- രൂപ

**2) ചായം, രാസപദാർത്ഥങ്ങൾ എന്നിവയ്ക്കുള്ള സബ്സിഡി**

നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കളായ ചായം, രാസപദാർത്ഥങ്ങൾ എന്നിവ ഹാന്റക്സ്, ഹാൻവീവ്, മറ്റ് സഹകരണ യാൺ ബാങ്കുകൾ എന്നിവ വഴി യഥാസമയം ലഭ്യമാക്കുകയും ചായങ്ങളുടെയും രാസപദാർത്ഥങ്ങളുടെയും വാങ്ങിയവിലയുടെ 10% സബ്സിഡിയായി നൽകുകയും ചെയ്യുന്നു.

(ബി) കൈത്തറി ഉല്പന്നങ്ങളുടെ കമ്പോള ഏകീകരണം സംബന്ധിച്ച് നിർദ്ദേശം നൽകാൻ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ലഭ്യമായിട്ടില്ല. സംസ്ഥാനത്ത് കൈത്തറി മേഖലയുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് പ്രസ്തുത മേഖലയുടെ പുനരുദ്ധാരണത്തിനായി 20-07-2022-ലെ സ.ഉ (സാധാ) നം.730/2022/വ്യവ പ്രകാരം ഒരു അഞ്ചംഗ വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. ടി സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതായിരിക്കും.

(സി) കൈത്തറി ഉല്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് പരമ്പരാഗത വ്യവസായങ്ങളിൽ ഒന്നായ കൈത്തറി മേഖലയിലെ ഉല്പന്നങ്ങളുടെ വിപണി പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്ന പ്രാഥമിക കൈത്തറി സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നിവയുടെ കൈത്തറി ഉൽപ്പന്നങ്ങൾക്ക് സംസ്ഥാന സർക്കാർ റിബേറ്റ് നൽകിവരുന്നുണ്ട്. (വിവിധ ഉത്സവകാലയളവുകളിൽ കൈത്തറി തുണിത്തരങ്ങളുടെ വിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിനായി 41 ദിവസത്തേയ്ക്ക് 20% റിബേറ്റും സ്കൂൾ യൂണിഫോം റിബേറ്റ് കാലയളവിൽ 15 ദിവസത്തേയ്ക്ക് 30% റിബേറ്റുമാണ് നിലവിൽ അനുവദിച്ച് നൽകുന്നത്). ഉത്സവകാലയളവിൽ കൈത്തറി

ഉൽപ്പന്നങ്ങൾക്കായി ജില്ലാ-സംസ്ഥാനതല എക്സിബിഷനുകളും റിബേറ്റോടുകൂടി സംഘടിപ്പിച്ചുവരുന്നു. ഇതുവഴി വിപണന സാധ്യത കൂട്ടുന്നതിനും അങ്ങനെ കൈത്തറി ഉൽപ്പന്നങ്ങളുടെ വിൽപ്പന ത്വരിതപ്പെടുത്തുന്നതിനും സാധിക്കുന്നു. കൂടാതെ, നാഷണൽ ഹാന്റ്ലൂം ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ (എൻ.എച്ച്. ഡി.പി.) സഹായത്തോടെ നാഷണൽ ഹാന്റ്ലൂം എക്സ്പോയും സ്റ്റേറ്റ് ഹാന്റ്ലൂം എക്സ്പോയും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിച്ച് വിപണി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ സർക്കാർ/ അർദ്ധ സർക്കാർ/അധ്യാപകർ/പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർ 2022 പുതുവർഷാരംഭം മുതൽ എല്ലാ ബുധനാഴ്ചകളിലും കൈത്തറി/ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്നും 07-12-2020-ലെ സി.ഡി.എൻ 2/97/2020/പൊഭവ. നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള കൈത്തറി/ഖാദി തുണിത്തരങ്ങൾ വാങ്ങണമെന്നും 11-01-2022-ലെ സി.ഡി.എൻ2/1/2022/പൊഭവ സർക്കുലർ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. അതിന്റെ ഫലമായി,

കൈത്തറി ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ ഉണർവുണ്ടാകുന്നതിനും വിപണി മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്തെ കൈത്തറി വ്യവസായത്തിന്റെ ഉന്നമനത്തിനായും വിപണനത്തിന്റെ വളർച്ചയ്ക്കായും ആവിഷ്കരിച്ച മറ്റൊരു പദ്ധതിയാണ് കൈത്തറി ഗ്രാമം/സമഗ്ര കൈത്തറി ഗ്രാമം പദ്ധതി.

കൈത്തറി ഉല്പന്നങ്ങളുടെ വിപണനം ത്വരിതപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിന്റെ e-shipmart.gov.in, Gem Portal എന്നിവയിൽ രജിസ്റ്റർ ചെയ്യുന്നതിനായി കൈത്തറി സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുവഴി കൈത്തറി ഉല്പന്നങ്ങളുടെ വിപുലമായ വിപണനം സാധ്യമാകുന്നതാണ്.

കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (K-Bip) മുഖേന ഓൺലൈൻ വ്യാപാരത്തിനായി രൂപീകരിച്ച കേരള ഇ-മാർക്കറ്റ് പോർട്ടലിലൂടെയും കൈത്തറി ഉല്പന്നങ്ങളുടെ വിപണന സാധ്യത ഒരുക്കുന്നുണ്ട്.

ഹാൻ്റക്സിന്റെ വിവിധ ഷോറൂമുകൾ പുനരുദ്ധാരണം നടത്തി കൂടുതൽ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

ഹാൻവീവിന് കണ്ണൂരിൽ അത്യാധുനിക മാർക്കറ്റിംഗ് സമുച്ചയം പണികഴിപ്പിക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്തമായുള്ള, 15.7 കോടി രൂപയുടെ പ്രോജക്ടിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. ഇതിൽ സംസ്ഥാന വിഹിതമായി 3.14 കോടി രൂപയും (20%) ബാക്കി (80%) കേന്ദ്ര വിഹിതവുമാണ്.

കൂടാതെ, ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി ചേർന്ന് പരമ്പരാഗത ഉൽപ്പന്നങ്ങളുടെ വിപണി മെച്ചപ്പെടുത്തുന്നതിന് ഒരു ഓൺലൈൻ പ്ലാറ്റ്ഫോം വികസിപ്പിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന്റെ പ്രവൃത്തി അവസാനഘട്ടത്തിലാണ്.

**അന്തർ സംസ്ഥാന സഹകരണ സംഘങ്ങൾ**

11 (*41) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്ന വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് മൂന്ന് അന്തർ സംസ്ഥാന സഹകരണ സംഘങ്ങൾ

രൂപീകരിക്കാൻ തീരുമാനിച്ചതായ വാർത്തയുടെ നിജസ്ഥിതി പരിശോധിച്ചിരുന്നോ;

(ബി) എങ്കിൽ ഏതെല്ലാം മേഖലകളിലാണ് പ്രസ്തുത സംഘങ്ങൾ രൂപീകരിക്കുന്നതെന്ന വിശദവിവരം നൽകുമോ; ഇത് സഹകരണ മേഖലയിൽ സൃഷ്ടിക്കാനിടയുള്ള ആഘാതം പഠന വിധേയമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

(എ & ബി) കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്ന വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് മൂന്ന് അന്തർ സംസ്ഥാന സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ തീരുമാനിച്ചതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച രേഖാമൂലമായ വിവരങ്ങളോ നിർദ്ദേശങ്ങളോ കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമായിട്ടില്ല. താഴെ പറയുന്ന മൂന്ന് അന്തർ സംസ്ഥാന സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ട്.

1. സഹകരണ മേഖലയിൽ നിന്നുള്ള കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുള്ള അന്തർസംസ്ഥാന സഹകരണ സംഘം.
2. ജൈവ ഉല്പന്നങ്ങൾക്കായുള്ള അന്തർസംസ്ഥാന സഹകരണ സംഘം.

3. ഗുണമേന്മയുള്ള വിത്തുകളുടെ ഉൽപ്പാദനം, സംഭരണം, സംസ്കരണം, ബ്രാൻഡിംഗ്, മാർക്കറ്റിംഗ്, വിതരണം എന്നിവയ്ക്കായുള്ള അന്തർസംസ്ഥാന സഹകരണ സംഘം.

എന്നാൽ ഇതുസംബന്ധിച്ച രേഖാമൂലമുള്ള വിവരങ്ങളൊന്നും കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമായിട്ടില്ലാത്തതിനാൽ ഇത് സഹകരണ മേഖലയിൽ സൃഷ്ടിക്കുന്ന ആഘാതം പഠന വിധേയമാക്കുന്നതിന് സാധിച്ചിട്ടില്ല.

(സി) സഹകരണ പ്രസ്ഥാനത്തെ ഏകോപിപ്പിച്ച് സംസ്ഥാന സർക്കാരുമായി ചേർന്ന് സാമ്പത്തിക, സാമൂഹിക വികസനം ഉറപ്പാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെ രൂപീകരണത്തിനുശേഷം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ, പൊതുബൈലാ എന്നിവയും സഹകരണ രംഗത്ത് നയ രൂപീകരണം, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, ക്ഷീരം, മത്സ്യം എന്നീ മേഖലകളിലുള്ള സംഘങ്ങളുടെ വിവരണ ശേഖരണം എന്നിവയ്ക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് രാജ്യത്തെ സഹകരണ പ്രസ്ഥാനത്തെ ഏകോപിപ്പിച്ച് സാമൂഹ്യ, സാമ്പത്തിക വികസനവും

സഹകരണ പ്രസ്ഥാനത്തിന്റെ പൊതുവായ വികസനവും ലക്ഷ്യമാക്കിയുള്ള നടപടികളാണ് എന്നാണ് കേന്ദ്രം അറിയിച്ചിട്ടുള്ളത്.

## ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കാൻ നടപടി

12 (*42) ശ്രീ. സി. ആർ. മഹേഷ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) അന്തർസംസ്ഥാന നികുതിവെട്ടിപ്പ് തടയുന്നതിനും ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ജി.എസ്.ടി. എന്നത് ഇന്ത്യയിലാകമാനം ഒരേ നികുതി നിരക്ക് ഏർപ്പെടുത്തിയിട്ടുള്ള ഒരു നികുതി വ്യവസ്ഥയായതിനാൽ, അന്തർസംസ്ഥാന നികുതി വെട്ടിപ്പ് എന്നത് ഏറെക്കുറെ അപ്രസക്തമാണെങ്കിലും, ഇൻവോയിസ് ഇല്ലാതെയും ഇ-വേ ബിൽ എടുക്കാതെയും അതിർത്തി കടന്നുവരുന്നതും സംസ്ഥാനത്തിനുള്ളിൽ ചരക്കുനീക്കം നടത്തുന്നതുമായ വാഹനങ്ങളെ നിരീക്ഷിക്കുന്നതിനും നടപടികളെടുക്കുന്നതിനും കുറ്റമറ്റ

രീതിയിലുള്ള സംവിധാനങ്ങൾ സ്റ്റേറ്റ് ജി.എസ്.ടി. വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്.

ഇതിനായി അതിർത്തി പ്രദേശം കേന്ദ്രീകരിച്ച് എൻഫോഴ്സ്മെന്റ് സ്ക്വാഡുകളെ വിന്യസിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തുടനീളം 22 സ്ഥലങ്ങളിലായി അത്യാധുനിക എ.എൻ.പി.ആർ. സംവിധാനമുള്ള ക്യാമറകൾ സ്ഥാപിച്ച് അവയെ ഇ-വേ ബിൽ പോർട്ടലുമായി ലിങ്ക് ചെയ്ത് ചരക്ക വാഹന നീക്കത്തെ നിരീക്ഷിച്ച്, ക്രമക്കേടുകൾ കണ്ടെത്തിയും നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പിന്റെ പുനഃസംഘടന നടപ്പാക്കിയ സാഹചര്യത്തിൽ ഇവയുടെ പ്രവർത്തനം കുറെക്കൂടി കൂടുതൽ കാര്യക്ഷമമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) നികുതി വെട്ടിച്ച് കടന്നെത്തുന്ന വാഹനങ്ങളെ പിടിക്കാൻ അതിർത്തികളിൽ ചെക്ക് പോസ്റ്റുകൾക്ക് പകരം സ്ഥാപിച്ച ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ കാര്യക്ഷമമല്ല എന്നത് വസ്തുതയാണോ;

(സി) സംസ്ഥാനത്തെ പ്രധാന അതിർത്തി ചെക്ക്പോസ്റ്റുകളിൽ സ്ഥാപിച്ച എ.എൻ.പി.ആർ. (ആട്ടോമേറ്റഡ് നമ്പർ പ്ളേറ്റ് റെക്കഗ്നിഷൻ) ക്യാമറകളിൽ നിരവധി എണ്ണം നിശ്ചലമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(ബി & സി) സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ കീഴിൽ 9 ജില്ലകളിലായി 22 സ്ഥലങ്ങളിലായി സ്ഥാപിച്ചിട്ടുള്ള എ.എൻ.പി.ആർ. ക്യാമറകളിൽ, വാഹനം ഇടിച്ചു കേടുപാട് സംഭവിച്ച വയനാട് മുത്തങ്ങയിലെ ക്യാമറ ഒഴികെ 21 എണ്ണം പ്രവർത്തനക്ഷമമാണ്. ഈ ക്യാമറകളെ ആ പ്രദേശങ്ങളിൽ വിന്യസിച്ചിട്ടുള്ള എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുമായി മൊബൈൽ ഫോൺ വഴി ബന്ധിപ്പിച്ചുകൊണ്ട് നിരീക്ഷണം നടത്തിവരുന്നുണ്ട്. ഈ ക്യാമറകൾവഴി കമ്മീഷണറേറ്റിൽ പ്രവർത്തിക്കുന്ന കൺട്രോൾ റൂം, അതിർത്തി പ്രദേശങ്ങളെ നിരീക്ഷിച്ചും അതുവഴി കടന്നുവരുന്ന വാഹനങ്ങളിലൂടെയുള്ള ചരക്കുനീക്കം വിലയിരുത്തി വരുന്നു. വകുപ്പിന്റെ പുനഃസംഘടന നടപ്പാക്കിയ സാഹചര്യത്തിൽ ഇവയുടെ പ്രവർത്തനം കുറെക്കൂടി കൂടുതൽ കാര്യക്ഷമമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കേടുപറ്റിയ ക്യാമറയുടെ തകരാർ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കെ.എസ്.ഇ.ബി.-യുടെ പ്രവർത്തന ലാഭം

13 (*43) ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി.-ക്കുണ്ടായ പ്രവർത്തന ലാഭം എത്രയാണെന്ന് അറിയിക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി-ക്കുണ്ടായ പ്രവർത്തനലാഭം 736.27 കോടി രൂപയാണ്.

(ബി) ആഭ്യന്തര വൈദ്യുതി ഉല്പാദനത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; എങ്കിൽ വർദ്ധനവിന് സഹായകരമായ ഘടകങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ?

ആഭ്യന്തര വൈദ്യുതി ഉത്പാദനത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. 04-05-2022-ൽ പെരിങ്ങൽക്കുത്ത് (1x24 MW) ചെറുകിട ജലവൈദ്യുത പദ്ധതി കമ്മീഷൻ ചെയ്തു. പ്രസ്തുത പദ്ധതിയിൽനിന്നും നാളിതുവരെയുള്ള വൈദ്യുതി ഉത്പാദനം 99.96 MU ആണ്.

പദ്ധതി പ്രവർത്തനങ്ങളുടെ കൃത്യമായ അവലോകനങ്ങൾ നടത്തി ചിട്ടയായ പ്രവർത്തനങ്ങളിലൂടെയാണ് ഇത് സാധ്യമായത്. കൂടാതെ ജല വൈദ്യുത പദ്ധതികൾക്ക് അനുയോജ്യമായ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയവും വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് സഹായകമായി.

നടപ്പ് സാമ്പത്തികവർഷം ഡിസംബർ 31 വരെയുള്ള ഉല്പാദന പ്ലാൻ (Generation plan) അനുസരിച്ച് ജലവൈദ്യുത നിലയങ്ങളിൽനിന്നും പ്രതീക്ഷിച്ച വൈദ്യുതി ഉത്പാദനം ഏകദേശം 5950 ദശലക്ഷം യൂണിറ്റ് ആയിരുന്നു. എന്നാൽ ഇതേ കാലയളവിൽ ജല വൈദ്യുത നിലയങ്ങളിൽനിന്നും യഥാർത്ഥത്തിലുണ്ടായ ഉത്പാദനം 7414 ദശലക്ഷം യൂണിറ്റാണ്. 2021-22-ലെ ആഭ്യന്തര സൗരോർജ്ജ ഉത്പാദനം 159.38 ദശലക്ഷം യൂണിറ്റായിരുന്നെങ്കിൽ നടപ്പ് വർഷം ഡിസംബർ 31 വരെയുള്ള കണക്കുകൾ പ്രകാരം ആഭ്യന്തര സൗരോർജ്ജ ഉത്പാദനം 275.77 ദശലക്ഷം യൂണിറ്റായിരുന്നു. ജൂൺ ആദ്യം ജലസംഭരണികളിൽ ലഭ്യമായിരുന്ന ഉയർന്ന കരുതൽ ശേഖരം, നടപ്പ് വർഷം അധികമായി ലഭിച്ച നീരൊഴുക്ക്, നിലയങ്ങളുടെ സ്ഥാപിത ശേഷിയിലുണ്ടായ വർദ്ധനവ് എന്നിവയാണ് ആഭ്യന്തര ഉത്പാദന വർദ്ധനവിന് സഹായകമായ ഘടകങ്ങൾ.

(സി) 2021-22 വർഷത്തിൽ ഡാം മാനേജ്മെന്റിലുണ്ടായ പുരോഗതി വിശദമാക്കാമോ?

2021 മേയ് മാസം പ്രതീക്ഷിച്ചതിനേക്കാൾ കൂടുതൽ നീരൊഴുക്ക് ലഭിച്ചിരുന്നു. ഇതനുസരിച്ച് 2021 ജൂൺ 1-ന് സംഭരണികളിലെ കരുതൽ

ശേഖരം ഏകദേശം 1453 ദശലക്ഷം യൂണിറ്റായി വർദ്ധിക്കുകയും ചെയ്തു. എന്നാൽ സംഭരണികളിലെ ജലലഭ്യത, ഡാമുകളിലെ പരമാവധി സംഭരണ ശേഷി, മറ്റു സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ലഭ്യത, വൈദ്യുതിയുടെ ആവശ്യകത, ഡാമുകളിലെ റൂൾ ലെവൽ എന്നിവയ്ക്കനുസരിച്ച് ജലവൈദ്യുതിയുടെ ഉത്പാദനം നിയന്ത്രിച്ചിരുന്നു.

കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള പ്രധാന റിസർവോയറുകളായ ഇടുക്കി, ഇടമലയാർ, കക്കി, ബാണാസുരസാഗർ എന്നിവയിൽ ഓരോ സമയത്തും അനുവദിക്കാവുന്ന പരമാവധി ജലനിരപ്പ് നിശ്ചയിച്ചുകൊണ്ടുള്ള റൂൾലെവലുകൾ സംസ്ഥാന സർക്കാർ അംഗീകരിച്ച് ഉത്തരവാക്കിയിട്ടുള്ളതാണ്. റിസർവോയറുകളിലെ ജലനിരപ്പ് റൂൾലെവൽ പ്രകാരം ക്രമീകരിക്കുന്നതിനും ഇതിന്റെ നിരീക്ഷണത്തിനുമായി സംസ്ഥാനതലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

പ്രസ്തുത കമ്മിറ്റി റിസർവോയറുകളിലെ ജലനിരപ്പ് നിരീക്ഷിക്കുകയും നിലവിലുള്ള കാലാവസ്ഥ പ്രവചനം കണക്കിലെടുത്ത് റിസർവോയർ ഓപ്പറേഷൻ ക്രമീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ആവശ്യമായ ഘട്ടങ്ങളിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ അനുമതിയോടുകൂടി നിയന്ത്രിത

അളവിൽ ഡാമിൽനിന്നും ജലം തുറന്നുവിടുന്നതിന് സാധിച്ചിട്ടുണ്ട്. ഇപ്രകാരം 2021-22 വർഷത്തിൽ ഡാം മാനേജ്മെന്റ് ഫലപ്രദമായി നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

**സംരംഭക വർഷം പദ്ധതി**

14 (*44) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ഡോ. കെ. ടി. ജലീൽ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരംഭകത്വം ഒരു സംസ്കാരമായി വളർത്തി ത്വരിതഗതിയിലുള്ള വ്യവസായ വികസനം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ പ്രഖ്യാപിച്ച സംരംഭക വർഷം പദ്ധതിയിൽ ലക്ഷ്യമിട്ടതിലും കൂടുതൽ നേട്ടം കൈവരിക്കാനായിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേരള സർക്കാർ 2022-2023 സാമ്പത്തിക വർഷം "സംരംഭക വർഷം" ആയി ആചരിക്കുന്നതിന്റെ ഭാഗമായി ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങളെങ്കിലും സംസ്ഥാനത്ത് തുടങ്ങുക എന്ന ലക്ഷ്യം നിശ്ചയിച്ചിരുന്നു. പദ്ധതി തുടങ്ങി 8 മാസത്തിനുള്ളിൽ (07-12-2022-ന്) തന്നെ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ തുടങ്ങുക എന്ന നേട്ടം

കൈവരിക്കാനായിട്ടുണ്ട്. 30-01-2023-ലെ കണക്കുകൾ പ്രകാരം 127214 പുതിയ സംരംഭങ്ങൾ സംസ്ഥാനത്ത് തുടങ്ങിയിട്ടുണ്ട്.

(ബി) സംരംഭക രംഗത്തുണ്ടായിട്ടുള്ള നവോന്മേഷം സ്ഥായിയാക്കുന്നതിന് കൊച്ചിയിൽ സംഘടിപ്പിച്ച സംരംഭക മഹാസംഗമം എത്രമാത്രം പ്രയോജനപ്രദമായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

2022-23 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ ' സംരംഭക വർഷം' ആയി ആചരിച്ചുവരികയാണ്. സംരംഭക വർഷത്തിൽ ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുകയെന്ന ലക്ഷ്യം 250 ദിവസത്തിനുള്ളിൽ കൈവരിച്ചിട്ടുണ്ട്. ഇതുകൂടാതെ മറ്റ് പല പദ്ധതികളും സംരംഭക വർഷവുമായി ബന്ധപ്പെട്ട് സർക്കാർ നടപ്പാക്കിവരുന്നുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സംരംഭകർക്കായി ഒരു മഹാസംഗമം 2023 ജനുവരി 21-ന് കൊച്ചിയിൽ സംഘടിപ്പിച്ചു. സംസ്ഥാനത്ത് സംരംഭം നടത്തിവരുന്ന പതിനായിരത്തോളം സംരംഭകർ ഇതിൽ പങ്കെടുത്തു. സംഗമത്തോടൊപ്പം സംരംഭകർക്കായി വിവിധ സേവനങ്ങൾ നൽകുന്നതിനുള്ള എഴുപത്തിയഞ്ചോളം സ്റ്റാളുകളും മേളയിൽ സജ്ജമാക്കിയിരുന്നു. ബാങ്കുകൾ, വിവിധ സംസ്ഥാന-കേന്ദ്ര സർക്കാർ

സ്ഥാപനങ്ങൾ, ഇ-കോമേഴ്സ് സ്ഥാപനങ്ങൾ, സാങ്കേതിക സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവരുടെ സ്റ്റാളുകളും സംരംഭകർക്ക് UDYAM, KSWIFT, GeM രജിസ്ട്രേഷൻ മുതലായ വിവിധ സേവനങ്ങൾ ഓൺലൈനായി ചെയ്തുകൊടുക്കുന്ന സ്റ്റാളുകളും ക്രമീകരിച്ചിരുന്നു. സംരംഭകരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനം സംരംഭ സൗഹൃദമാണെന്നുള്ള സന്ദേശം പ്രചരിപ്പിക്കുന്നതിനും സംരംഭക സംഗമം വളരെ സഹായകമായി.

(സി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വ്യവസായ മേഖലയിൽ സംസ്ഥാനത്തുണ്ടായ നിക്ഷേപവും തൊഴിലവസരങ്ങളും എത്രയാണെന്ന് അറിയിക്കാമോ?

ഏപ്രിൽ 1, 2022 മുതൽ ജനുവരി 30, 2023 വരെ സംസ്ഥാനത്ത് പുതുതായി 127214 സംരംഭങ്ങൾ തുടങ്ങുകയും അവയിലൂടെ 7710.85 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്ത് ഉണ്ടാവുകയും 273931 തൊഴിൽ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

**സംരംഭക വർഷം പദ്ധതി**

15(*45) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്)

സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിക്ക് പുതിയ ദിശാബോധം നല്കാൻ കഴിയുന്നവിധം ശ്രദ്ധേയമായ നേട്ടങ്ങൾ കുറഞ്ഞ കാലയളവിൽ ഗ്രാമപ്രദേശങ്ങളിൽ ഉൾപ്പെടെ കൈവരിക്കാൻ സംരംഭക വർഷം പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്കുവേണ്ട സഹായങ്ങൾ നല്കുന്നതിനുമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും 1153 പ്രൊഫഷണലുകളെ ഇന്റേൺസായി നിയമിച്ചിട്ടുണ്ട്. ഒരു തദ്ദേശ സ്ഥാപനതലത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ഭൗതിക ലക്ഷ്യവും നിശ്ചയിച്ച് നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന സംരംഭകർക്കുള്ള ഹെൽപ്പ് ഡെസ്കുകളും സ്ഥാപിച്ചിട്ടുണ്ട്. ഇന്റേണിന്റെ പ്രവർത്തനംവഴി വ്യവസായ വകുപ്പിന്റെ വിവിധ പരിപാടികൾ

ഗ്രാമപ്രദേശങ്ങളിൽ എത്തിക്കാൻ സാധിച്ചത് ഈ ചെറിയ കാലയളവിൽ ഗ്രാമപ്രദേശങ്ങളിൽ വ്യവസായ വികസനം സാധ്യമാകാൻ സഹായിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ സംരംഭക സൗഹൃദ സമീപനം കൂടുതൽ നിക്ഷേപകർക്ക് സംരംഭങ്ങൾ ആരംഭിക്കാൻ പ്രചോദനമായിട്ടുണ്ടോ; ഈ പദ്ധതിയിലൂടെ കേരളത്തിലേയ്ക്ക് വന്ന നിക്ഷേപം, സൃഷ്ടിക്കപ്പെട്ട തൊഴിൽ എന്നിവ വിശദമാക്കാമോ?

2022-23 സംരംഭക വർഷമായി കേരളാ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. 2023 ജനുവരി 30 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് 127214 സംരംഭങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതുവഴി 7710.85 കോടി രൂപയുടെ നിക്ഷേപവും 273931 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

(സി) വ്യാവസായിക സാഹചര്യം മാനദണ്ഡമാക്കി ഓരോ ജില്ലയിലും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ ആരംഭിക്കേണ്ട സംരംഭങ്ങളുടെ ടാർജറ്റ് നൽകിയിരുന്നുവോ; നിശ്ചയിച്ച ലക്ഷ്യം കൈവരിക്കുന്ന കാര്യത്തിലെ പുരോഗതി വിശദമാക്കാമോ?

ഒരു വർഷം ഒരു ലക്ഷം സംരംഭം എന്നതായിരുന്നു ഈ പദ്ധതിയുടെ സംസ്ഥാനതല ടാർജറ്റ്. പ്രസ്തുത ടാർജറ്റ് ഇരുന്നൂറ്റി അൻപത് ദിവസങ്ങളിൽ തന്നെ കൈവരിച്ചിട്ടുണ്ട്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്

ടാർജറ്റ് നിശ്ചയിച്ചത് സംസ്ഥാനത്താകെ ഒന്നര ലക്ഷം സംരംഭങ്ങൾ തുടങ്ങണമെന്ന ലക്ഷ്യത്തോടെ ജനസംഖ്യാനുപാതത്തിലാണ്, ഈ ടാർജറ്റിന്റെ 80% കൈവരിക്കാനായിട്ടുണ്ട്.

(ഡി) ഈ പദ്ധതിയുടെ ഭാഗമായി വനിതാ സംരംഭകർ നേതൃത്വം നൽകുന്ന ഇരുപത്തയ്യായിരത്തിലധികം സംരംഭങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്; സംസ്ഥാന സർക്കാരിന്റെ സംരംഭക വർഷം പദ്ധതിയിലൂടെ സംസ്ഥാനത്തുടനീളം ആരംഭിച്ചിട്ടുള്ള പുതിയ സംരംഭങ്ങളിൽ 40558 സംരംഭങ്ങൾ വനിതാ സംരംഭകർ നേതൃത്വം നൽകുന്നവയാണ്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈവിധ്യവത്കരണത്തിനും വിപുലീകരണത്തിനും മാസ്റ്റർപ്ലാൻ

16 (*46) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി

നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈവിധ്യവത്കരണത്തിനും വിപുലീകരണത്തിനുമായി പതിനായിരം കോടി രൂപയുടെ മാസ്റ്റർ പ്ലാൻ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള മുഴുവൻ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സാങ്കേതിക രംഗത്തുൾപ്പെടെ സമസ്ത മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് 41 പൊതുമേഖലാ സ്ഥാപനങ്ങളിൽ ഹ്രസ്വ, ഇടത്തരം, ദീർഘകാലം എന്നീ മൂന്ന് ഘട്ടങ്ങളിലായി 405 പദ്ധതികൾ അടുത്ത പത്ത് വർഷത്തിനുള്ളിൽ നടപ്പിലാക്കാൻ മാസ്റ്റർപ്ലാനിലൂടെ ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് 9467.1 കോടി രൂപ വേണ്ടി വരുമെന്നാണ് നിലവിൽ കണക്കാക്കിയിരിക്കുന്നത്.

(ബി) വ്യവസായ മേഖലയുമായി സഹകരിച്ച് പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും ഉയർന്ന നിലവാരമുള്ള ഉല്പന്നങ്ങൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ വിപണന രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ചയും

മാറ്റങ്ങളും ഉൾക്കൊണ്ട് മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിച്ചും ഗുണനിലവാരം മെച്ചപ്പെടുത്തിയും വില നിലവാരം ക്രമപ്പെടുത്തിയും മത്സരാധിഷ്ഠിത കമ്പോളത്തിൽ ശക്തിയുക്തം നിലയുറപ്പിക്കുന്നതിന് സഹായിക്കുന്ന തരത്തിൽ അതത് വ്യവസായ മേഖലകളിലെ വിദഗ്ദ്ധരുടെയും ദേശീയതലത്തിലും അന്തർദേശീയതലത്തിലുമുള്ള ഉന്നത വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ പ്രവർത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങൾ ആവിഷ്കരിച്ചിരിക്കുന്ന മാസ്റ്റർ പ്ലാൻ പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി കൂടുതൽ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനായി എഞ്ചിനീയറിംഗ്/ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ് സെക്ടറുകളിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ ഉത്പാദിപ്പിക്കുന്ന വിവിധ ഉപകരണങ്ങൾ, യന്ത്ര സാമഗ്രികൾ, കാസ്റ്റിംഗുകൾ, ഫോർജിംഗുകൾ എന്നിവയുടെ വിപണി വിപുലീകരിക്കുന്നതുമായി ബന്ധപ്പെട്ട സഹകരണം ലക്ഷ്യമിട്ടുകൊണ്ട് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചർച്ച നടത്തിയിരുന്നു. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളും നിർമ്മാണശേഷിയും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉത്പാദന/നിർമ്മാണ പ്രവർത്തനങ്ങളിൽ

ഭാഗമാക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തി ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) 2021-22 സാമ്പത്തിക വർഷം വ്യവസായ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ വിറ്റുവരവ് 30 ശതമാനം വർദ്ധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

2015-16 കാലത്തെ വിറ്റുവരുമായി താരതമ്യം ചെയ്യുമ്പോൾ 2021-22 സാമ്പത്തികവർഷം വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവിൽ 30 ശതമാനത്തിലേറെ വർദ്ധനവ് വന്നിട്ടുണ്ട്.

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളെ ശാക്തീകരിച്ച് നിക്ഷേപകരെ ആകർഷിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

പൊതുമേഖലാ സ്ഥാപനങ്ങളെ വൈവിധ്യവത്കരണത്തിലൂടെയും വിപുലീകരണത്തിലൂടെയും ശാക്തീകരിച്ച് ഓരോ സ്ഥാപനത്തിന്റെയും സ്വാശ്രയത്തിലൂന്നിയുള്ള നിലനിൽപ്പിനും അതോടൊപ്പം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പുതിയ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിനും ആവശ്യമായ മൂലധന സ്വരൂപണത്തിന് കഴിയുന്ന

തരത്തിൽ സ്വയംപര്യാപ്തമാക്കുകയെന്ന ലക്ഷ്യത്തോടുകൂടിയുള്ള മാസ്റ്റർപ്ലാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക ആസൂത്രണ പദ്ധതികൾ മാസ്റ്റർപ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതി രൂപരേഖകളുടെയും ആക്ഷൻ പ്ലാനിന്റെയും അടിസ്ഥാനത്തിലാണ് നടപ്പിലാക്കുക.

പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിലുള്ള ഉൽപ്പാദനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഉപയോഗത്തിനുശേഷമുള്ള അധിക ഭൂമിയിൽ വ്യവസായ സംരംഭകർക്കാവശ്യമായ സാങ്കേതിക സൗകര്യങ്ങളൊരുക്കുന്നതിനായി ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾ സ്ഥാപിക്കുന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന്റെ 96 സെന്റ് സ്ഥലത്ത് KIIFB-യുടെ ധനസഹായത്തോടെ KINFRA-യുടെ മേൽനോട്ടത്തിൽ ഒരു ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക് സ്ഥാപിക്കുന്നതിനായി 28.15 കോടി രൂപയുടെ ഒരു പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കാൻ കഴിയുന്നതും ആഭ്യന്തരമായോ അന്താരാഷ്ട്ര തലത്തിലോ വിപണനത്തിന് സാധ്യതയുള്ളതുമായ നിരവധി ഉല്പന്നങ്ങൾക്കുള്ള

എം.എസ്.എം.ഇ. വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുവഴി കൂടുതൽ നിക്ഷേപകർ വ്യവസായ മേഖലയിലേയ്ക്ക് കടന്നുവരുന്നതാണ്.

(ഇ) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾക്ക് വിപണി വിപുലീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ വിപണന രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾക്കൊണ്ട് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ചും ഗുണനിലവാരം മെച്ചപ്പെടുത്തിയും വില നിലവാരം ക്രമപ്പെടുത്തിയും മത്സരാധിഷ്ഠിത കമ്പോളത്തിൽ ശക്തിയുക്തം നിലയുറപ്പിക്കുന്നതിന് സഹായിക്കുന്ന തരത്തിൽ അതത് വ്യവസായ മേഖലകളിലെ വിദഗ്ദ്ധരുടെയും ദേശീയതലത്തിലും അന്തർദേശീയതലത്തിലുമുള്ള ഉന്നതവിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ പ്രവർത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു.

## സ്മാർട്ട് മീറ്റർ പദ്ധതി

17 (*47) <u>ശ്രീ. അൻവർ സാദത്ത്:</u>
<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u>

<u>ശ്രീ. ഷാഫി പറമ്പിൽ:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്മാർട്ട് മീറ്റർ വ്യാപന കരാർ സ്വകാര്യ കമ്പനിയെ ഏല്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള കരാർ സ്വകാര്യ കമ്പനികൾക്ക് നൽകാൻ തീരുമാനിച്ചിട്ടില്ല. ടെൻഡർ മുഖേനയാണ് പദ്ധതി നടത്തിപ്പിനുള്ള കമ്പനിയെ തെരഞ്ഞെടുക്കാനുദ്ദേശിക്കുന്നത്.

(ബി) പദ്ധതിച്ചെലവ് സ്വകാര്യ കരാറുകാർ വഹിക്കുകയും നിശ്ചിത കാലയളവിലേയ്ക്ക് പ്രതിമാസ വാടക ഈടാക്കി പരിപാലനം നിർവ്വഹിക്കുകയും ചെയ്യുന്ന ടോട്ടക്സ് മാതൃകയിൽ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കാനാണോ കെ.എസ്.ഇ.ബി. തീരുമാനിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ?

RDSS സ്കീമിന് കീഴിൽ, പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ഇൻസ്റ്റലേഷൻ TOTEX മോഡിൽ നടപ്പിലാക്കണമെന്ന് (മൂലധനവും പ്രവർത്തന ചെലവും ഉൾപ്പെടുന്ന ആകെ ചെലവ്) ഇതുസംബന്ധിച്ച കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിലെ ക്ലോസ് 2.3.1 ൽ

നിഷ്കർഷിച്ചിട്ടുണ്ട്. TOTEX മാതൃകയിൽ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കുമ്പോൾ ഉപഭോക്താക്കൾക്ക് ഉണ്ടാകാനിടയുള്ള അധിക സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നതിന് കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ വിശദമായി പരിശോധിച്ചുവരികയാണ്. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) സർക്കാരിന്റെ ഈ നടപടി വൈദ്യുതി മേഖലയുടെ സ്വകാര്യവത്കരണം ലക്ഷ്യമിട്ടാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ഉണ്ട്. ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും പരിഗണിച്ചശേഷം മാത്രമേ അന്തിമതീരുമാനം എടുക്കുകയുള്ളൂ.

(ഡി) സംസ്ഥാനത്തെ സ്മാർട്ട് മീറ്റർ വ്യാപനം കെ.എസ്.ഇ.ബി. നേരിട്ട് ഏറ്റെടുത്ത് നടത്തണമെന്നും സ്വകാര്യ കമ്പനികളെ ഏല്പിക്കുന്ന ടോട്ടക്സ് രീതി ഒഴിവാക്കണമെന്നുമുള്ള ആവശ്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ?

ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും പരിഗണിച്ചശേഷം മാത്രമേ അന്തിമതീരുമാനം എടുക്കുകയുള്ളൂ.

## സംസ്ഥാനത്തിന്റെ കടബാധ്യത

18 (*48) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി

നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മൊത്തം കടം ചരിത്രത്തിലെ ഏറ്റവും അപകടകരമായ അവസ്ഥയിലാണെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പുറത്തിറക്കിയ സ്റ്റേറ്റ് ഫിനാൻസസ്: എ സ്റ്റഡി ഓഫ് ബഡ്ജറ്റ്സ് ഓഫ് 2022-23 എന്ന പഠനത്തിൽ സൂചിപ്പിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പുറത്തിറക്കിയ ' സ്റ്റേറ്റ് ഫിനാൻസസ്: എ സ്റ്റഡി ഓഫ് ബഡ്ജറ്റ്സ് 2022-23' എന്ന പഠനത്തിൽ സംസ്ഥാനത്തിന്റെ കടം ചരിത്രത്തിലെ ഏറ്റവും അപകടകരമായ അവസ്ഥയിലാണെന്ന് പരാമർശിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത രേഖയിൽ കടത്തെക്കുറിച്ച് പരാമർശിക്കുന്ന ഭാഗം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ധനകാര്യ കമ്മീഷൻ നിശ്ചയിച്ചു നൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ടാണ് സംസ്ഥാനം കടമെടുക്കുന്നത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും വികസനോന്മുഖ പ്രവർത്തനങ്ങൾക്കാണ് ഉപയോഗിക്കുന്നത്. സംസ്ഥാനം അഭിമുഖീകരിച്ച ധനഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ 2019-20 സാമ്പത്തിക വർഷത്തിൽ 3 ശതമാനം വായ്പാപരിധിക്ക് പുറമേ 1,471 കോടി രൂപയുടെ അധിക വായ്പയും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനം എന്ന വായ്പാപരിധിക്ക് പുറമേ യഥാക്രമം 2-ഉം 1.5-ഉം ശതമാനം അധിക വായ്പാ പരിധിയും സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ ആകെ കടത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ധനസ്ഥിതി ശരിയായ ധനദൃഢീകരണ പാതയിൽ കൊണ്ടുവരുന്നതിനുവേണ്ടി പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള ധനസൂചകങ്ങളിൽ/ലക്ഷ്യങ്ങളിൽ ഊന്നിയാണ് പ്രതിസന്ധികൾക്കിടയിലും സംസ്ഥാനം അതിന്റെ സാമ്പത്തിക ചുമതലകൾ നിർവഹിച്ചു വരുന്നത്. ഇതിന്റെ ഭാഗമായി 2003-ലെ ധനസംബന്ധമായ ഉത്തരവാദിത്ത നിയമം ഭേദഗതി ചെയ്ത് ഉത്തരവ്

പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനം ശരിയായ ധനദൃഢീകരണ പാതയിലേയ്ക്ക് നീങ്ങുന്നതോടെ പ്രസ്തുത കടം കുറച്ചുകൊണ്ടുവരാൻ കഴിയും.

(ബി) സാമ്പത്തിക അച്ചടക്കം കൊണ്ടുവരാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ധനഞെരുക്കത്തിന്റെ പശ്ചാത്തലത്തിലും അടിസ്ഥാന സൗകര്യം, സാമൂഹ്യക്ഷേമം എന്നീ ഇനങ്ങളിലെ ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കി മുൻപോട്ട് പോകുക എന്നതാണ് ഈ സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണച്ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലിഫോൺ ചാർജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടി പിടിപ്പിക്കൽ അടക്കമുള്ള വിവിധയിനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതോടൊപ്പം നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഊർജ്ജിത നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

(സി) കട ബാധ്യതകൾ സംസ്ഥാനത്തിന്റെ മുന്നോട്ടുള്ള പ്രവർത്തനത്തെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കാമോ?

ധനഞെരുക്കങ്ങൾക്കിടയിലും റവന്യൂ കമ്മിയും ധനക്കമ്മിയും കുറച്ചുകൊണ്ടുവരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. എഫ്.ആർ.ബി.എം. ആക്റ്റ് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിനിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽത്തന്നെ അത് സാധ്യമാക്കുക എന്നത് അത്ര എളുപ്പമല്ല. നിലവിലെ കടബാധ്യത സംസ്ഥാനത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തെ ബാധിക്കുമെന്നുള്ള കാഴ്ചപ്പാട് ശരിയല്ല.

(ഡി) സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ധവളപത്രം പുറപ്പെടുവിക്കാൻ തയ്യാറാകുമോ?

കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ടെങ്കിലും സംസ്ഥാനം സ്വീകരിച്ചിട്ടുള്ള വിവേകപൂർണ്ണമായ ധനനയത്തിന്റെ ഭാഗമായി അടിസ്ഥാനവികസന മേഖലകളുടെ പ്രവർത്തനത്തിന് കാര്യമായ ഭംഗം വന്നിട്ടില്ല. സംസ്ഥാനത്തിന്റെതന്നെ തനത് വരുമാന സ്രോതസ്സുകളിലൂടെ കൂടുതൽ വിഭവ സമാഹരണം നടത്തിക്കൊണ്ട് പദ്ധതി-പദ്ധതിയേതര

പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാനാണ് സർക്കാർ ശ്രമിക്കുന്നത്. ഈ സാഹചര്യത്തിൽ ധവളപത്രത്തിന്റെ ആവശ്യകത ഉദിക്കുന്നില്ല.

## സ്മാർട്ട് മീറ്റർ പദ്ധതി

19 (*49) ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ജി. സ്റ്റീഫൻ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി

നൽകുമോ:

(എ) വിതരണ മേഖല നവീകരണ പദ്ധതി (ആർ.ഡി.എസ്.എസ്.)-യുടെ ഭാഗമായി സ്മാർട്ട് മീറ്റർ സ്ഥാപിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നും പദ്ധതിയുടെ ചെലവെത്രയെന്നും കേന്ദ്ര സർക്കാർ വിഹിതമെത്രയെന്നും അറിയിക്കാമോ; പദ്ധതിയുടെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. കേന്ദ്ര ഊർജ്ജ വകുപ്പ് 20-07-2021-ലെ F No. 20/09/2019-IPDS നവീകൃത വിതരണ മേഖല പദ്ധതിയുമായി (ആർ.ഡി.എസ്.എസ്.) ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടം പ്രകാരം, എല്ലാ ഉപഭോക്താക്കൾക്കും നിലവിലുള്ള ഇലക്ട്രിസിറ്റി മീറ്റർ മാറ്റി സ്ഥാപിച്ച്, പ്രീ-

പേമെന്റ് സംവിധാനത്തോടുകൂടിയ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശമാണുള്ളത്.

RDSS പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ഒരു സ്മാർട്ട് മീറ്ററിന് 6,000/- രൂപയാണ് " ലൈഫ് സൈക്കിൾ കോസ്റ്റ്" ആയി (സ്മാർട്ട് മീറ്ററും അനുബന്ധ സോഫ്റ്റ്‌വെയറുകളും സ്ഥാപിച്ച് 93 മാസം പരിപാലിക്കുന്നതിനുള്ള ചെലവ്) കേന്ദ്ര സർക്കാർ നിശ്ചയിച്ച തുക. ഇതുപ്രകാരം കെ.എസ്.ഇ.ബി.എൽ.-ന്റെ എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സംവിധാനം സ്ഥാപിച്ച് പരിപാലിക്കാൻ 10 വർഷത്തേയ്ക്ക് കേന്ദ്ര സർക്കാർ അംഗീകരിച്ചിരിക്കുന്നത് 8,175 കോടി രൂപയാണ്. യഥാർത്ഥ ചെലവ് ടെണ്ടർ വഴി മാത്രമേ കണ്ടെത്താൻ സാധിക്കുകയുള്ളൂ.

പ്രസ്തുത പദ്ധതി പ്രകാരം ഒരു മീറ്ററിന് 15% എന്ന രീതിയിൽ പരമാവധി 900/- രൂപ കേന്ദ്ര സർക്കാർ ധനസഹായം നൽകും. സമയബന്ധിതമായി പൂർത്തീകരിച്ചാൽ 7.5% അധിക ഗ്രാന്റ് ലഭിക്കുന്നതാണ്.

**സ്മാർട്ട് മീറ്റർ നേട്ടങ്ങൾ, കോട്ടങ്ങൾ**

പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതോടുകൂടി ഉപഭോക്താക്കൾക്ക് തങ്ങളുടെ വിശദമായ വൈദ്യുതി ഉപഭോഗ രീതി, സമയം എന്നിവ

ലഭ്യമാകുന്നു. ഇതുവഴി അവരവരുടെ വൈദ്യുതി ഉപഭോഗക്രമം നേരിട്ട് നിയന്ത്രിക്കാനുള്ള സംവിധാനം ലഭ്യമാകുന്നു. വൈദ്യുതി തടസ്സങ്ങൾ തൽസമയം അറിയാൻ സാധിക്കുന്നതുകൊണ്ട് വൈദ്യുതി പുനഃസ്ഥാപന നടപടികൾ വേഗത്തിലാകും. മീറ്റർ റീഡിംഗിലെ മാനുഷിക പിശകുകൾ കാരണം ബില്ലിംഗിൽ തെറ്റുകൾ വരാനുള്ള സാധ്യത ഒഴിവാക്കാം.

കേരളം ഒരു AT&C loss കുറഞ്ഞ സംസ്ഥാനം ആണെങ്കിലും ബൃഹത്തായ ശൃംഖലയിൽ ഊർജ്ജ നഷ്ടം എവിടെയുണ്ടാകുന്നു എന്ന് കണ്ടെത്താനും അത് കാര്യക്ഷമമായി ലഘൂകരിക്കാനും സ്മാർട്ട് മീറ്ററുകൾ നൽകുന്ന ഡാറ്റ സഹായിക്കും. ഇപ്രകാരം പവർകട്ടും ലോഡ്ഷെഡ്ഡിംഗും ഇല്ലാതെ വൈദ്യുതി വിതരണം സാധ്യമാക്കി, ഉത്പാദന പ്രസരണ മേഖല കൂടുതൽ ശക്തിപ്പെടുത്താൻ കഴിയും. കൂടാതെ Peak Load Power Management ഫലപ്രദമായി നടത്താൻ കഴിയും. റവന്യൂ മുൻകൂർ ലഭിക്കുന്നതിനും മീറ്ററിംഗ്, ബില്ലിംഗ് ക്രമങ്ങളിലുള്ള വിവിധയിനം ചെലവുകൾ കുറയ്ക്കുന്നതിനും കിട്ടാക്കടം ഒഴിവാക്കുന്നതിനും സാധിക്കും. ഇത്തരത്തിൽ ലാഭിക്കുന്ന ചെലവുകളുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് താരിഫിനത്തിൽ ലഭ്യമാക്കാം. Solar/e-mobility വ്യാപകമായ

സാഹചര്യത്തിൽ ഗ്രിഡ് ഇന്റഗ്രേഷൻ ശരിയായി നടപ്പിലാക്കേണ്ടതിനും സ്മാർട്ട് മീറ്റർ ഒരു അവശ്യ ഘടകമാണ്.

മേൽപ്പറഞ്ഞ നേട്ടങ്ങൾ ഉണ്ടെങ്കിലും സ്മാർട്ട്മീറ്റർ സ്ഥാപിക്കുന്നതിന് ഉപഭോക്താവിന് ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ലഘൂകരിക്കാൻ കേന്ദ്രമാർഗ്ഗനിർദ്ദേശങ്ങൾകൂടി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ ടോട്ടെക്സ് രീതി അവലംബിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ടോട്ടെക്സ് മാതൃകയെക്കുറിച്ച് വിശദമാക്കാമോ;

(സി) സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന്റെ അധിക ചെലവ് ഉപഭോക്താക്കൾ വഹിക്കേണ്ടി വരുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഉപഭോക്തൃ താല്പര്യം കണക്കിലെടുത്ത് ബദൽ നിർദ്ദേശങ്ങൾ പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ?

(ബി & സി) RDSS സ്കീമിന് കീഴിൽ, പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ഇൻസ്റ്റലേഷൻ TOTEX മോഡിൽ നടത്തണമെന്ന് (മൂലധനവും പ്രവർത്തന ചെലവും ഉൾപ്പെടുന്ന ആകെ ചെലവ്) കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിരിക്കുന്നു.

TOTEX മോഡിൽ പദ്ധതി നടപ്പിലാക്കുമ്പോൾ പദ്ധതി നിർവ്വഹണവും പരിപാലനവും ഒരൊറ്റ ഏജൻസി ആയിരിക്കും നിർവ്വഹിക്കുക. ഇതുപ്രകാരം മൂലധന പ്രവർത്തന പരിപാലന ചെലവ് തുല്യമായ പ്രതിമാസ തവണകളായി തിരിച്ചടയ്ക്കാവുന്നതാണ്. ആർ.ഡി.എസ്.എസ്. പദ്ധതിയിൽ TOTEX മോഡിൽ സ്മാർട്ട് മീറ്റർ, 27 മാസം പദ്ധതി നടപ്പിലാക്കുന്നതിനും 93 മാസം പദ്ധതി പരിപാലനത്തിനുമായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിക്ക് ചെലവാകുന്ന തുക ഗോ-ലൈവ് (go-live)നുശേഷം 93 മാസംകൊണ്ട് മാസംതോറും ഓരോ മീറ്ററിനും ഒരു നിശ്ചിത തുക വച്ച് (EMI) പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ സേവനദാതാവിന് (AMISP) നൽകിയാൽ മതിയാകും.

സ്മാർട്ട്മീറ്റർ സ്ഥാപിക്കുന്നതിന് ഉപഭോക്താവിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ലഘൂകരിക്കാൻ കേന്ദ്രമാർഗ്ഗനിർദ്ദേശങ്ങൾകൂടി പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## ധവളപത്രം പുറത്തിറക്കാൻ നടപടി

20 (*50) ഡോ. എം. കെ. മുനീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി

നൽകുമോ:

(എ) സംസ്ഥാനം രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ നിലവിലെ ധനസ്ഥിതി സംബന്ധിച്ച് ധവളപത്രം പുറത്തിറക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണ് എന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തികവർഷം 6,716 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. മുൻ സാമ്പത്തികവർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ 24,638.66 കോടി രൂപ കേന്ദ്രസർക്കാർ വെട്ടിച്ചുരുക്കിയിരുന്നു. ഇതോടൊപ്പം, ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിൽ അനുകൂല തീരുമാനം

ഉണ്ടാകാത്തതിനാൽ ഈ ഇനത്തിൽ നടപ്പ് സാമ്പത്തികവർഷം മാത്രം സംസ്ഥാനത്തിന് ഏതാണ്ട് ഒൻപതിനായിരം കോടി രൂപയുടെ നഷ്ടമാണ് പ്രതീക്ഷിക്കുന്നത്. 2022 ജൂൺ വരെയുള്ള കാലയളവിൽ നിയമപ്രകാരം സർക്കാരിന് ലഭിക്കേണ്ട ചരക്ക് സേവന നികുതി നഷ്ടപരിഹാരത്തിലെ കുടിശ്ശിക മാത്രം വകുപ്പുതല കണക്കുകൾ പ്രകാരം 750 കോടി രൂപയ്ക്ക് മുകളിൽ വരും. അതേസമയം, ചെലവുകളിന്മേൽ, മേൽപ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ടി കാരണങ്ങളാണ് പ്രധാനമായും പൊടുന്നനെ സംസ്ഥാനത്ത് സാമ്പത്തിക ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുള്ളത്. ടി പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ധവളപത്രം പുറപ്പെടുവിക്കേണ്ട സാഹചര്യം നിലവിലില്ല.

(ബി) സാമ്പത്തിക പ്രതിസന്ധിമൂലം സാമൂഹ്യസുരക്ഷാ പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നത് മുടങ്ങിയിട്ടുണ്ടോ; വിശദമാക്കുമോ?

06-09-2020-ലെ സ.ഉ. (പി) നം. 118/2020/ധന. പ്രകാരം അതത് മാസത്തെ പെൻഷൻ എല്ലാ മാസവും 20-ാം തീയതിക്കും 30-ാം തീയതിക്കുമിടയിൽ വിതരണം ചെയ്യുന്നതാണെന്ന് ഉത്തരവായിരുന്നു.

അപ്രകാരം 2020 സെപ്തംബർ മാസം മുതൽക്ക് പരമാവധി അതത് മാസംതന്നെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ചില സാഹചര്യങ്ങളിൽ 2 മാസത്തെ പെൻഷൻ ഒരുമിച്ചും നൽകിയിട്ടുണ്ട്. 2022 ഒക്ടോബർ, നവംബർ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ 03-12-2022-ലെ സ.ഉ (സാധാ) നം. 8200/2022/ധന., 05-12-2022-ലെ സ.ഉ. (സാധാ) നം. 8232/2022/ധന. ഉത്തരവുകൾ പ്രകാരം വിതരണം ചെയ്തിട്ടുള്ളതാണ്. 2022 ഡിസംബർ, 2023 ജനുവരി മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ഉയർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര നിലപാട് സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

മഹാപ്രളയമടക്കം പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരിയും സൃഷ്ടിച്ച പ്രതിസന്ധികളിൽനിന്നും സംസ്ഥാനം കരകയറി വരുന്നതേയുള്ളൂ.

പ്രതിസന്ധിയുടെ കാലഘട്ടത്തിൽ കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ച നൽകിയിരുന്ന കടമെടുപ്പ് പരിധിയായ 5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടുവരുന്നത് സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. ഇതിനുപുറമേ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന തെറ്റായ നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കിഫ്ബി, KSSPL മുതലായ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളുടെ കടം സംസ്ഥാന സർക്കാരിന്റെ കടമായി തെറ്റായി കണക്കാക്കി 2021-22 സാമ്പത്തിക വർഷം ഈ സ്ഥാപനങ്ങൾ എടുത്ത തുക നാല് തവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽനിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്രസർക്കാർ ഇതിനകംതന്നെ കൈക്കൊണ്ടിട്ടുണ്ട്. ഈ നിലപാടിൽ മാറ്റം വരുത്തണമെന്നും ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ആഗസ്റ്റിന് മുൻപ് നിലനിന്നിരുന്ന പോലെ

പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽനിന്നും ഒഴിവാക്കണമെന്ന് 22-07-2022-ലെ 134/2022/എം.ധന കത്ത് പ്രകാരം സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയും ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രി 19-01-2023-ലെ 133/CM/2023 നമ്പർ കത്ത് പ്രകാരം ഒരു നിവേദനം ബഹു. പ്രധാനമന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത നിലപാടിൽ കേന്ദ്ര സർക്കാർ ഒരു മാറ്റവും വരുത്തിയിട്ടില്ല.

## കേന്ദ്ര വൈദ്യുതി ചട്ടം ഭേദഗതിമൂലമുണ്ടാകുന്ന ആശങ്കകൾ പരിഹരിക്കാൻ നടപടി

21 (*51) ശ്രീ. പി. നന്ദകുമാർ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ എതിർപ്പ് അവഗണിച്ചുകൊണ്ട് കേന്ദ്ര സർക്കാർ വൈദ്യുതി ചട്ടം ഭേദഗതി വരുത്തിയതിനാൽ മാസംതോറും

ഉണ്ടാകുന്ന വൈദ്യുതി വില വർദ്ധന സംസ്ഥാനത്തെ ഉപഭോക്താക്കളെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്. ചട്ടഭേദഗതിക്ക് മുമ്പ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ താരിഫ് റെഗുലേഷൻ 87 പ്രകാരം ഇന്ധനവിലയിലെ വ്യതിയാനംമൂലം വൈദ്യുതി വാങ്ങൽ ചെലവിലുണ്ടാകുന്ന അധിക ബാധ്യത/കുറവ് ത്രൈമാസ അടിസ്ഥാനത്തിൽ നിർണ്ണയിച്ച് വിതരണ കമ്പനികൾക്ക് ഉപഭോക്താക്കളിൽനിന്ന് ഇന്ധന സർചാർജ് ഈടാക്കാനോ/നിലവിലുള്ള താരിഫിൽ ഇളവ് നൽകി തിരികെ നൽകാനോ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനായി ത്രൈമാസാടിസ്ഥാനത്തിൽ, കെ.എസ്.ഇ.ബി.എൽ. ഇന്ധന വിലയിലുണ്ടാകുന്ന വ്യതിയാനം കാരണം പ്രതിമാസ വൈദ്യുതി വാങ്ങൽ ചെലവിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകളുടെ വിശദാംശങ്ങൾ പെറ്റീഷൻ കമ്മീഷൻ മുമ്പാകെ ഓരോ പാദവർഷം കഴിഞ്ഞ് 30 ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. ത്രൈമാസ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.എൽ. സമർപ്പിക്കുന്ന പെറ്റീഷനിൽ വിശദമായ പരിശോധനയ്ക്കും പൊതുതെളിവെടുപ്പിനുംശേഷം കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ നിശ്ചിതകാലയളവിലേയ്ക്ക് ഇന്ധന സർചാർജ്ജ് ഏർപ്പെടുത്തിവരുന്നു.

മേൽപ്പറഞ്ഞ സൂക്ഷ്മപരിശോധന കൂടാതെ തന്നെ സർചാർജ്ജ് ഈടാക്കുന്നതിന് വൈദ്യുതി വിതരണ കമ്പനികൾക്ക് അധികാരം നൽകുന്നതാണ് നിലവിലെ ചട്ടഭേദഗതി. ഉപഭോക്താക്കൾക്ക്, പ്രത്യേകിച്ച് വാണിജ്യ-വ്യാവസായിക ഉപഭോക്താക്കൾക്ക്, തങ്ങളുടെ കച്ചവടച്ചെലവ് (business expenditure) കണക്കാക്കുന്നതിന് വൈദ്യുതി നിരക്കിനെ സംബന്ധിച്ച് മുൻകൂർ ധാരണ ആവശ്യമുണ്ട്. അടിക്കടി മാറുന്ന വൈദ്യുതി നിരക്ക് ഇതിന് വിഘാതമാകാൻ സാധ്യതയുണ്ട്. ഇത് നാട്ടിൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിൽനിന്നും സംരംഭകരെ തടയാൻ സാധ്യതയുണ്ട്. അധിക ബാധ്യതയുടെ സാധ്യത മുന്നിൽകണ്ടുകൊണ്ടാണ് വില നിശ്ചയിക്കുന്നത് എങ്കിൽ അത് ഉൽപ്പന്നങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കാനും സാധാരണക്കാരുടെ ജീവിതച്ചെലവ് വർദ്ധിക്കാനും ഇടയാക്കും.

(ബി) ചട്ടം പ്രാബല്യത്തിലാകുന്നതോടെ 2003-ലെ കേന്ദ്ര വൈദ്യുതി നിയമ പ്രകാരം രൂപീകരിച്ചിട്ടുള്ള റെഗുലേറ്ററി കമ്മീഷന്റെ പ്രസക്തി ദുർബലപ്പെടുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ കേന്ദ്ര നിയമത്തിന് തന്നെ വിരുദ്ധമായ ചട്ടം പിൻവലിക്കാൻ വീണ്ടും ആവശ്യപ്പെടുമോ;

ഉണ്ട്. ഇക്കാര്യം നിയമപരമായി പരിശോധിച്ച് ഉചിത തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത ചട്ടത്തിന്റെ ഭേദഗതി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തനാധികാരത്തെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ബോർഡിന്റെ പ്രവർത്തന അധികാരത്തെ ബാധിക്കുന്നതായി കാണുന്നില്ല.

## സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി

22 (*52) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എൻ. കെ. അക്ബർ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ ) സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തര വളർച്ചാമുരടിപ്പും തകർച്ചയും മറികടക്കുന്നതിനായി സംസ്ഥാന സമ്പദ്ഘടനയെ കേന്ദ്ര സാമ്പത്തികാസൂത്രണ വിഭാഗം വിലയിരുത്തിയിട്ടുള്ള പശ്ചാത്തലത്തിൽ ഈ ദിശയിലേയ്ക്ക് സംസ്ഥാനത്തെ മുന്നോട്ട് കൊണ്ടുവരുന്നതിനായി ഈ

സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

മഹാപ്രളയമടക്കം പ്രകൃതിദുരന്തങ്ങളും കോവിഡ് മഹാമാരിയും സൃഷ്ടിച്ച കടുത്ത പ്രതിസന്ധികൾക്കിടയിലും ധനപരമായ പല കാര്യങ്ങളിലും കേന്ദ്രസർക്കാർ സംസ്ഥാനത്തോട് സ്വീകരിച്ച നിസ്സഹകരണ നിലപാട് മറികടന്നും സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച വിവിധ നടപടികളും പ്രഖ്യാപിച്ച ഉത്തേജക പാക്കേജുകളും ജനങ്ങളുടെ വാങ്ങൽ ശേഷിയെ സ്വാധീനിക്കുകയും കമ്പോളം ചലനാത്മകമാക്കാൻ സഹായിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പുറത്തുവിട്ട കണക്കു പ്രകാരം 2021-22-ൽ കേരളത്തിന്റെ സ്ഥിര വിലയിലുള്ള (Constant Price) മൊത്ത ആഭ്യന്തര ഉൽപ്പാദന വളർച്ചാ നിരക്ക് 12.01 ശതമാനമാണ്. പ്രസ്തുത വളർച്ച ഇപ്പോഴത്തെ വിലയിൽ (Current Price) കണക്കാക്കിയാൽ 17.63 ശതമാനമാണ്. ദേശീയ വളർച്ചാ നിരക്ക് 8.7 ശതമാനം മാത്രം നിലനിൽക്കുമ്പോഴാണ് കേരളത്തിന്റെ ഈ വളർച്ച. കോവിഡിന് മുന്നേയുള്ള 2018-19-ലുള്ള നിലയുമായി താരതമ്യം ചെയ്താൽ ഇത് 15.05 ശതമാനമാവും. ആഗോള ദേശീയ സമ്പദ് വ്യവസ്ഥകൾ മാന്ദ്യത്തിന്റെ പിടിയിൽത്തന്നെ

തുടരുന്നതിനിടെയാണ് കേരളം അഭിമാനകരമായ ഈ നേട്ടം കൈവരിച്ചത്. ദേശീയ-അന്തർദ്ദേശീയ സർക്കാരുകൾ പ്രഖ്യാപിച്ച കോവിഡ് പാക്കേജുകളിൽ പലതും വൻകിട വ്യവസായികളേയും അതിലൂന്നിയ സമ്പദ് വ്യവസ്ഥയേയും പിടിച്ചുനിർത്താൻ ശ്രമിച്ചപ്പോൾ സംസ്ഥാനം പ്രഖ്യാപിച്ച പാക്കേജുകളും സഹായങ്ങളും ജനങ്ങളുടെ, പ്രത്യേകിച്ച് സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവരുടെ ക്രയശേഷി കൂട്ടുന്ന തരത്തിലുള്ളതായിരുന്നു. ഒരിക്കലും മുടങ്ങാത്ത ക്ഷേമ പെൻഷനുകൾ, സൗജന്യ ഭക്ഷ്യകിറ്റ് വിതരണം, 2020-ലും 2021-ലും പ്രഖ്യാപിച്ച 20,000 കോടി രൂപയുടെ വീതം കോവിഡ് പാക്കേജുകൾ, ചെറുകിട വ്യവസായങ്ങൾക്കുള്ള അനുബന്ധ പാക്കേജുകൾ, പലിശ സർക്കാർ അടച്ചുകൊണ്ട് കുടുംബശ്രീ അംഗങ്ങൾക്ക് 20,000 രൂപ വീതം വായ്പ, ക്ഷേമനിധി ബോർഡ് വഴിയുള്ള സഹായങ്ങൾ, ഫലപ്രദമായ സൗജന്യ കോവിഡ് ചികിത്സ എന്നിവയെല്ലാം സംസ്ഥാനത്തെ സാമ്പത്തിക പുനരുജ്ജീവനത്തിലേയ്ക്ക് നയിച്ചു. ഇതോടൊപ്പം മാന്ദ്യവിരുദ്ധ പാക്കേജായി പ്രഖ്യാപിച്ചിരുന്ന കിഫ്ബിയിലൂടേയും മറ്റു പശ്ചാത്തല മേഖലയിലൂടേയും നടത്തിയ നിക്ഷേപങ്ങൾ സാമ്പത്തിക മേഖലയെ ചലനാത്മകമാക്കിയിട്ടുണ്ട്.

2020-21, 2021-22 സാമ്പത്തിക വർഷത്തിൽ മൂലധന ചെലവിൽ മുൻവർഷത്തെ അപേക്ഷിച്ച് ഗണ്യമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ഇത് സംസ്ഥാന സർക്കാരിന്റെ ദീർഘവീക്ഷണത്തോടെയുള്ള വികസനോന്മുഖമായ കാഴ്ച്ചപ്പാടിന് തെളിവാണ്. 2018-ലെയും 2019-ലെയും അതിതീവ്ര മഴയും തുടർന്നുണ്ടായ വെള്ളപ്പൊക്കവും മണ്ണിടിച്ചിലും 2020-21 വർഷത്തിലെ കോവിഡ് മഹാമാരിയുടെ വ്യാപനവും സൃഷ്ടിച്ച ആഘാതം പ്രസ്തുത വർഷത്തിലെ മൂലധന ചെലവിനത്തെ ഒരു പരിധി വരെ സ്വാധീനിച്ചിട്ടുണ്ട്. 2016-17 മുതൽ 2021-22 സാമ്പത്തിക വർഷം വരെയുള്ള സംസ്ഥാനത്തിന്റെ മൂലധന ചെലവിനത്തിന്റെ വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു.

| വർഷം | മൂലധന ചെലവ്<br>(തുക കോടിയിൽ) |
|---|---|
| 2016-17 | 11286.24 |
| 2017-18 | 10289.46 |
| 2018-19 | 9753.43 |
| 2019-20 | 9665.02 |
| | |

| | |
|---|---|
| 2020-21 | 15438.15 |
| 2021-22 | 17046.32 |

(ബി) കോവിഡ് മഹാമാരി സമ്പദ്‌വ്യവസ്ഥയിലേൽപ്പിച്ച ആഘാതം പരിഹരിച്ച് മുന്നേറുന്ന സർക്കാരിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ അർഹതപ്പെട്ട നികുതി വിഹിതം നിഷേധിക്കുന്ന കേന്ദ്ര നിലപാടുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന ആഘാതം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരിനെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുകയാണ്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിന് ലഭിക്കേണ്ട വിഹിതത്തിൽ കുറവുണ്ടായിട്ടുണ്ട്.

സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി

കുറഞ്ഞിട്ടുണ്ട്. ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതം കാലാകാലങ്ങളായി കുറഞ്ഞുവരികയാണ്. പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായി മാറുകയും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഈ കാലയളവിൽ 1.925 ശതമാനമായി കുറയുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതത്തിലും കുറവുണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുൾപ്പെടെ വിവിധ കേന്ദ്രപദ്ധതികൾക്കായി ഗ്രാന്റിനത്തിൽ സംസ്ഥാന സഞ്ചിതനിധിയിൽ ലഭ്യമായത് 5,455.10 കോടി രൂപയായിരുന്നെങ്കിൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2021-22 സാമ്പത്തികവർഷം ഈയിനത്തിൽ 3,991.2 കോടി രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇതിനുപുറമേ, 2023-24-നുശേഷം റവന്യൂ കമ്മി ഗ്രാന്റ് ലഭ്യമല്ലാതാകുന്നതും ജി.എസ്.ടി. നഷ്ടപരിഹാരം 2022 ജൂണിൽ അവസാനിപ്പിച്ചതും കോവിഡ് കാലത്ത് കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ചു നൽകിയിരുന്ന കടമെടുപ്പ് പരിധിയായ 5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടുവരുന്നതും സംസ്ഥാന സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. കേന്ദ്ര ആസൂത്രണ

കമ്മീഷൻ നിലവിലുണ്ടായിരുന്നപ്പോൾ ലഭിച്ചുകൊണ്ടിരുന്ന ഒറ്റത്തവണ കേന്ദ്രസഹായം, അധിക കേന്ദ്ര സഹായം, സാധാരണ കേന്ദ്ര സഹായം എന്നിവ കേന്ദ്രസർക്കാർ ഇതിനകംതന്നെ നിർത്തലാക്കിയിട്ടുമുണ്ട്.

(സി) വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് കണ്ടെത്തുന്നതിനും സാമ്പത്തിക രംഗം ചലനാത്മകമാക്കുന്നതിനും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2017-ന് മുമ്പുള്ള സ്ഥിതിയിലേയ്ക്ക് പുനഃസ്ഥാപിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന തെറ്റായ നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കിഫ്ബി, KSSPL മുതലായ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളുടെ കടം സംസ്ഥാന സർക്കാരിന്റെ കടമായി തെറ്റായി കണക്കാക്കി 2021-22 സാമ്പത്തിക വർഷം ഈ സ്ഥാപനങ്ങൾ എടുത്ത വായ്പ നാല് തവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പ്

പരിധിയിൽനിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്രസർക്കാർ ഇതിനകംതന്നെ കൈക്കൊണ്ടിട്ടുണ്ട്. ഈ നിലപാടിനോട് സംസ്ഥാന സർക്കാരിനുള്ള ശക്തമായ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ പല തവണ അറിയിച്ചിട്ടുണ്ട്. കൂടാതെ ഭരണഘടനയുടെ ആർട്ടിക്കിൾ 293 (3), 293 (4) എന്നിവയ്ക്കനുസൃതമായി, 2017 ആഗസ്റ്റിന് മുൻപ് നിലനിന്നിരുന്നതുപോലെ പൊതുകണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽനിന്നും ഒഴിവാക്കണമെന്ന് 22-07-2022-ലെ 134/2022/എം.ധന. കത്ത് പ്രകാരം സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി കേന്ദ്രധനകാര്യ മന്ത്രിയോടും അഭ്യർത്ഥിച്ചിട്ടുണ്ട്. മേൽവിഷയത്തിൽ ഒരു അനുകൂല തീരുമാനം കൈക്കൊള്ളേണ്ടതാണെന്ന് കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള (Pre-Budget Speech) 25-11-2022-ലെ യോഗത്തിൽ ധനകാര്യ വകുപ്പുമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത നിലപാടിൽ കേന്ദ്ര സർക്കാർ ഒരു മാറ്റവും വരുത്തിയിട്ടില്ല.

ധനകാര്യ കമ്മീഷൻ നിശ്ചയിച്ചുനൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാന ബജറ്റ്

തയ്യാറാക്കാറുള്ളത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാനസൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്. സംസ്ഥാന നിയമസഭ ബജറ്റ് പാസ്സാക്കിയതിനുശേഷം പിന്നീട് കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്നത് സംസ്ഥാനത്തിന്റെ വികസന മുൻഗണനകളെ താളം തെറ്റിക്കുകയും നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്നതിന് ഇടവരുത്തുകയും ചെയ്യും.

കൂടാതെ, സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടണമെന്നും ഭരണഘടനാ വ്യവസ്ഥകളിൽ നിന്നുള്ള വ്യതിയാനങ്ങളും സുപ്രധാന കേന്ദ്ര-സംസ്ഥാന സാമ്പത്തിക പ്രശ്നങ്ങളും പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു. മുഖ്യമന്ത്രിയുടെ 19-01-2023-ലെ 133/CM/2023 നമ്പർ കത്ത് പ്രകാരം ബഹു. പ്രധാനമന്ത്രിക്ക് ഒരു നിവേദനം സമർപ്പിച്ചിട്ടുമുണ്ട്.

**ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ**

23 (*53) ശ്രീമതി കാനത്തിൽ ജമീല:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ .ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി ആരംഭിച്ച സംരംഭങ്ങൾ, നിക്ഷേപം, തൊഴിലവസരം എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

ഒരു ലക്ഷം സംരംഭം പദ്ധതിയുടെ ഭാഗമായി 2023 ജനവരി 30 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് 127214 സംരംഭങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതുവഴി 7,710.85 കോടി രൂപയുടെ നിക്ഷേപവും 273931 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

(ബി) പ്രസ്തുത പദ്ധതിയിലൂടെ സംരംഭകരായവരെ പങ്കെടുപ്പിച്ചുകൊണ്ട് പ്രത്യേക നിക്ഷേപ സംഗമം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതുവഴി ലക്ഷ്യമിടുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ?

2022-23 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ ' സംരംഭക വർഷം' ആയി ആചരിച്ചുവരികയാണ്. സംരംഭക വർഷത്തിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിക്കുകയെന്ന ലക്ഷ്യം 250 ദിവസത്തിൽ കൈവരിച്ചിട്ടുണ്ട്. ഇതുകൂടാതെ മറ്റ് പല പദ്ധതികളും സംരംഭക വർഷവുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പ് നടപ്പാക്കിവരുന്നുണ്ട്. സംരംഭകവർഷത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സംരംഭകർക്കായി ഒരു

മഹാസംഗമം 2023 ജനവരി 21-ന് കൊച്ചിയിൽ സംഘടിപ്പിച്ചു. സംസ്ഥാനത്ത് സംരംഭം നടത്തി വരുന്ന പതിനായിരത്തോളം സംരംഭകർ ഇതിൽ പങ്കെടുത്തു. സംഗമത്തോടൊപ്പം സംരംഭകർക്കായി വിവിധ സേവനങ്ങൾ നൽകുന്നതിനുള്ള എഴുപത്തിയഞ്ചോളം സ്റ്റാളുകളും മേളയിൽ സജ്ജമാക്കിയിരുന്നു. ബാങ്കുകൾ, വിവിധ സംസ്ഥാന-കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ, ഇ-കോമേഴ്സ് സ്ഥാപനങ്ങൾ, സാങ്കേതിക സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവരുടെ സ്റ്റാളുകളും സംരംഭകർക്ക് UDYAM, KSWIFT, GeM രജിസ്ട്രേഷൻ മുതലായ വിവിധ സേവനങ്ങൾ ഓൺലൈനായി ചെയ്തുകൊടുക്കുന്ന സ്റ്റാളുകളും ക്രമീകരിച്ചിരുന്നു. സംരംഭകരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനം സംരംഭ സൗഹൃദമാണെന്നുള്ള സന്ദേശം പ്രചരിപ്പിക്കുന്നതിനും സംരംഭക സംഗമം സഹായിച്ചിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

24 (*54) ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി കെ.കെ.രമ:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മൊത്തം കടം ചരിത്രത്തിലെ ഏറ്റവും അപകടകരമായ അവസ്ഥയിലാണെന്ന് ആർ.ബി.ഐ. പുറത്തിറക്കിയ സ്റ്റേറ്റ് ഫിനാൻസസ്, എ സ്റ്റഡി ഓഫ് ബഡ്ജറ്റ്സ് ഓഫ് 2022-23 എന്ന പഠനത്തിൽ കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ നടപടികൾ സ്വീകരിക്കാൻ ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ട് പുറത്തുവന്നതിന് ശേഷം ചെലവ് ചുരുക്കലുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് പുതിയ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

(എ-സി) റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പുറത്തിറക്കിയ ' സ്റ്റേറ്റ് ഫിനാൻസസ്: എ സ്റ്റഡി ഓഫ് ബഡ്ജറ്റ്സ് 2022-23' എന്ന പഠനത്തിൽ സംസ്ഥാനത്തിന്റെ കടം ചരിത്രത്തിലെ ഏറ്റവും അപകടകരമായ അവസ്ഥയിലാണെന്ന് പരാമർശിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത രേഖയിൽ കടത്തെക്കുറിച്ച് പരാമർശിക്കുന്ന ഭാഗം അനുബന്ധമായി ചേർക്കുന്നു+. ധനകാര്യ കമ്മീഷൻ നിശ്ചയിച്ച് നൽകിയിട്ടുള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദനീയമായ കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ടാണ് സംസ്ഥാനം കടമെടുക്കുന്നത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും വികസനോന്മുഖ പ്രവർത്തനങ്ങൾക്കാണ് ഉപയോഗിക്കുന്നത്. സംസ്ഥാനം അഭിമുഖികരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ 2019-20 സാമ്പത്തിക വർഷത്തിൽ 3 ശതമാനം വായ്പാപരിധിക്ക് പുറമേ 1,471 കോടി രൂപയുടെ അധിക വായ്പയും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനം എന്ന വായ്പാപരിധിക്ക് പുറമേ യഥാക്രമം 2-ഉം 1.5-ഉം ശതമാനം അധിക വായ്പാ പരിധിയും സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ ആകെ കടത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ധനസ്ഥിതി ശരിയായ ധനദൃഢീകരണ പാതയിൽ കൊണ്ടുവരുന്നതിന് വേണ്ടി പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള ധനസൂചകങ്ങളിൽ/ലക്ഷ്യങ്ങളിൽ ഊന്നിയാണ് പ്രതിസന്ധികൾക്കിടയിലും സംസ്ഥാനം അതിന്റെ സാമ്പത്തിക ചുമതലകൾ നിർവ്വഹിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി 2003-ലെ ധനസംബന്ധമായ ഉത്തരവാദിത്ത നിയമം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനം

ശരിയായ ധനദൃഢീകരണ പാതയിലേയ്ക്ക് നീങ്ങുന്നതോടെ പ്രസ്തുത കടം കുറച്ചുകൊണ്ടുവരാൻ കഴിയും.

സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും അടിസ്ഥാന സൗകര്യം, സാമൂഹ്യക്ഷേമം എന്നീ ഇനങ്ങളിലെ ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കി മുൻപോട്ട് പോകുകയെന്നതാണ് ഈ സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങളേർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലിഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധയിനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതോടൊപ്പം നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഊർജ്ജിത നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

## സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥ

25 (*55) ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ ആഘാതത്തിൽനിന്നും സംസ്ഥാന സമ്പദ് വ്യവസ്ഥയെ മികച്ച ഇടപെടലിലൂടെ കരകയറ്റിയ അവസരത്തിൽ കേന്ദ്ര സർക്കാരിന്റെ നീതിരഹിതമായ നടപടികൾ സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്നുവെന്നത് വസ്തുതയാണോ;

(ബി) കേന്ദ്ര നിലപാടുമൂലം നടപ്പ് സാമ്പത്തികവർഷം പ്രതീക്ഷിത വരുമാനത്തിലുണ്ടായ കുറവ് എത്രയാണ്; കേന്ദ്ര സർക്കാർ നിലപാട് തുടർന്നാൽ അടുത്ത വർഷം ഉണ്ടാകാനിടയുള്ള വരുമാനക്കുറവ് എത്രയാണെന്നാണ് കണക്കാക്കുന്നത്?

(എ & ബി) സമ്പദ്ഘടനയിലെ വിവിധ മേഖലകളിൽ കോവിഡ് ഏൽപ്പിച്ച ആഘാതം വിലയിരുത്തി സർക്കാർ 26,361.726 കോടി രൂപയുടെ ഒന്നാം ഉത്തേജക പാക്കേജും 20,000 കോടി രൂപയുടെ രണ്ടാം ഉത്തേജക പാക്കേജും പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പാക്കേജുകളുടെ ഫലമായി സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത

പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിനു ലഭിക്കേണ്ട വിഹിതത്തിൽ കുറവുണ്ടായിട്ടുണ്ട്.

സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകുന്ന നികുതി വിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതം കാലാകാലങ്ങളായി കുറഞ്ഞുവരികയാണ്. പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായി മാറുകയും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഈ കാലയളവിൽ 1.925 ശതമാനമായി കുറയുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതത്തിലും കുറവുണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുൾപ്പെടെ വിവിധ കേന്ദ്രപദ്ധതികൾക്കായി ഗ്രാന്റിനത്തിൽ സംസ്ഥാന സഞ്ചിതനിധിയിൽ ലഭ്യമായത് 5,455.10 കോടി രൂപയായിരുന്നുവെങ്കിൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം ഈയിനത്തിൽ 3,991.2 കോടി രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇതിനുപുറമേ, 2023-24-നുശേഷം റവന്യൂകമ്മി

ഗ്രാന്റ് ലഭ്യമല്ലാതാകുകയും ജി.എസ്.ടി. നഷ്ടപരിഹാരം 2022 ജൂണിൽ അവസാനിക്കുകയും കോവിഡ് കാലത്ത് കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ച നൽകിയിരുന്ന കടമെടുപ്പ് പരിധിയായ 5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടുവരുന്നതും സംസ്ഥാന സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. നടപ്പ് സാമ്പത്തികവർഷത്തെ അപേക്ഷിച്ച് 2023-24 സാമ്പത്തിക വർഷം റവന്യൂകമ്മി ഗ്രാന്റിൽ മാത്രം 8,425 കോടി രൂപയുടെ കുറവുണ്ടാകും. ജി.എസ്.ടി നഷ്ടപരിഹാരം നിർത്തലാക്കിയതിലൂടെ പ്രതിവർഷം ശരാശരി 12,000 കോടി രൂപയുടെ വരുമാനകുറവുമുണ്ടാകും. കേന്ദ്ര ആസൂത്രണ കമ്മീഷൻ നിലവിൽ ഉണ്ടായിരുന്നപ്പോൾ ലഭിച്ചുകൊണ്ടിരുന്ന ഒറ്റത്തവണ കേന്ദ്രസഹായം, അധിക കേന്ദ്ര സഹായം, സാധാരണ കേന്ദ്ര സഹായം എന്നിവ കേന്ദ്രസർക്കാർ ഇതിനകം തന്നെ നിർത്തലാക്കിയിട്ടുമുണ്ട്. ഇതിനു പുറമേ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കേന്ദ്രം കൊണ്ടുവന്നിട്ടുള്ള നിയന്ത്രണങ്ങൾ സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് 2021-22 സാമ്പത്തിക വർഷം Off Budget Borrowing ആയി എടുത്ത തുക നാലു തവണകളായി 2022-23

മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽനിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്ര സർക്കാർ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്.

തുടരെത്തുടരെയുള്ള പ്രളയങ്ങളും മഹാമാരിയായ കോവിഡും ഏല്പിച്ച ആഘാതങ്ങളിൽനിന്നും സംസ്ഥാനം കരകയറി വരുന്നതേയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് ഏറ്റെടുക്കേണ്ടി വന്നിട്ടുള്ള ചെലവുകളും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(സി) വിഭവ പരിമിതി സൃഷ്ടിക്കുന്നതോടൊപ്പം ക്ഷേമ പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻകൂടി ശ്രമിക്കുന്ന കേന്ദ്ര സർക്കാരിന്റെ നടപടികൾ വികസനപ്രവർത്തനങ്ങളെ ദുർബലപ്പെടുത്താതിരിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും റവന്യൂകമ്മി കുറച്ചുകൊണ്ടുവരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥയ്ക്കകത്തുനിന്നും പുറത്തുനിന്നുമുണ്ടായ തടസ്സങ്ങളിൽനിന്നും മോചനം നേടി പുനർനിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂകമ്മി ക്രമേണ

ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്.

ചരക്കു സേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനവിനുള്ള ഇടപെടലുകൾക്ക് പരിമിതികളും നിയന്ത്രണങ്ങളുമുണ്ടായി.

പെട്രോളിയം ഉത്പന്നങ്ങൾ, മദ്യം തുടങ്ങിയ ചുരുക്കം ഇനങ്ങൾക്ക് മാത്രമാണ് സംസ്ഥാനങ്ങൾക്ക് ഇപ്പോൾ നികുതിയേർപ്പെടുത്താൻ അധികാരമുള്ളത്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി സർക്കാർ വിഭാവനം ചെയ്തിട്ടുള്ള നിർദ്ദേശങ്ങളും സ്വീകരിച്ചുവരുന്ന നടപടികളും ചുവടെ ചേർക്കുന്നു.

1. ചരക്കു സേവന നികുതി വകുപ്പിനെ പുന:സംഘടിപ്പിച്ചുകൊണ്ട് നികുതി ചോർച്ച ഫലപ്രദമായി തടയുന്നതിന്റെ ഭാഗമായി സംസ്ഥാന

സർക്കാർ ഇതിനകംതന്നെ ചരക്കു സേവന നികുതി വകുപ്പിന് കീഴിൽത്തതന്നെ ടാക്സ് പെയർ സർവ്വീസസ്, ആഡിറ്റ് ആൻഡ് ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട് .

2. ഭൂരേഖകൾ കൈകാര്യം ചെയ്യുന്നതിലെ കേന്ദ്ര ഘടകമായ അടിസ്ഥാന ഭൂനികുതി പരിഷ്കരിക്കൽ.

3. ഭൂമിയുടെ ന്യായവിലയിലെ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളലും നിലവിലുള്ള ന്യായവിലയിൽ 10% ഒറ്റത്തവണ വർദ്ധനവ് നടപ്പിലാക്കലും.

4. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിക്കൽ.

5. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിനുള്ള ലക്കി ബിൽ പദ്ധതി.

6. സർക്കാർ ഗ്യാരണ്ടി സീലിംഗ് നിയമഭേദഗതി ചെയ്യുന്നതിലൂടെ ഈയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കൽ

7. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ

8. 2 ലക്ഷം രൂപ വരെ വിലയുള്ള മോട്ടോർ സൈക്കിളുകളുടെ ഒറ്റത്തവണ മോട്ടോർ വാഹന നികുതി 1% വർദ്ധിപ്പിക്കൽ.

9. മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുകയും വൈദ്യുതി വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഡീസൽ വാഹനങ്ങൾക്ക് ഹരിത നികുതി ഏർപ്പെടുത്തൽ.

10. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിണിയും പരിശോധനകളും ശക്തമാക്കൽ.

11. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.

സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയുടെ വികസനം ലക്ഷ്യമാക്കി മുൻവർഷത്തെ അപേക്ഷിച്ച് കൂടുതൽ വിഹിതമാണ് നടപ്പുവർഷം മൂലധന ചെലവുകൾക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിനുപുറമേ കിഫ്ബിയുടെ നിക്ഷേപം അടിസ്ഥാനസൗകര്യ മേഖലയെ ചലനാത്മകമാക്കും.

## പൊതുമേഖലാ സ്ഥാപനങ്ങൾക്കായി മാസ്റ്റർപ്ലാൻ

26 (*56) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. വി. അൻവർ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം,

വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈവിധ്യവത്കരണത്തിനും വിപുലീകരണത്തിനുമായി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സാങ്കേതികരംഗത്തുൾപ്പെടെ സമസ്ത മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് 41 പൊതുമേഖലാ സ്ഥാപനങ്ങളിൽ ഹ്രസ്വകാലം, മധ്യകാലം, ദീർഘകാലം എന്നീ മൂന്ന് ഘട്ടങ്ങളിലായി 405 പദ്ധതികൾ അടുത്ത പത്ത് വർഷത്തിനുള്ളിൽ നടപ്പിലാക്കാൻ മാസ്റ്റർപ്ലാനിലൂടെ ലക്ഷ്യമിടുന്നു. ഓരോ സ്ഥാപനത്തിന്റെയും

പ്രവർത്തന മേഖലയ്ക്ക് കൂടുതൽ ശക്തി പകരുന്നതിന് അനുയോജ്യമായ പദ്ധതികളും നിലവിലെ ഉല്പന്നങ്ങളുടെ വർദ്ധിച്ച വിപണന സാധ്യതകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ കമ്പോളവും വിലയിരുത്തി വിപുലീകരണ പദ്ധതികളോടൊപ്പം അന്താരാഷ്ട്രതല വിപണന സാധ്യതകൾ പരിശോധിച്ച് നൂതന ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വൈവിധ്യവത്കരണ പദ്ധതികളും മാസ്റ്റർപ്ലാനിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക ആസൂത്രണ പദ്ധതികൾ മാസ്റ്റർപ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതി രൂപരേഖകളുടെയും ആക്ഷൻ പ്ലാനിന്റെയും അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. ഓരോ പദ്ധതിയുടെയും വിശദമായ പദ്ധതി റിപ്പോർട്ട് [Detailed Project Report-DPR] വിലയിരുത്തിയതിനുശേഷം സർക്കാർ അംഗീകരിച്ച് നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള വികസന പദ്ധതികൾ സർക്കാർ ധനസഹായത്തോടെയും അല്ലാതെയും നടപ്പിലാക്കുന്നത്.

മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിതര ധനസഹായം പൊതുമേഖലാ ബാങ്കുകൾ വഴിയോ മറ്റു ധനകാര്യ സ്ഥാപനങ്ങൾ മുഖേനയോ ലഭ്യമാക്കുന്നതിനുള്ള നടപടികളും

ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 9 ബാങ്കുകളെ ഉൾപ്പെടുത്തി ഒരു വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റി റിയാബിന്റെ നേതൃത്വത്തിൽ രൂപീകരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

മാസ്റ്റർപ്ലാൻ പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ വിദഗ്ദ്ധ സാങ്കേതിക സഹായം ഉറപ്പുവരുത്തുന്നതിനും വ്യവസായ മേഖലയിൽ വിവിധ രംഗങ്ങളിൽ പ്രത്യേക പ്രാവീണ്യമുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (PMU) റിയാബിന്റെ നേതൃത്വത്തിൽ സജ്ജമാക്കിയിട്ടുണ്ട്. ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ, ഫിനാൻസ് എന്നീ മേഖലകളിൽ നൈപുണ്യം നേടിയ പ്രസ്തുത വിദഗ്ദ്ധരുടെ സേവനം വ്യവസായ, കയർ, കശുവണ്ടി വകുപ്പുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. മാസ്റ്റർപ്ലാൻ പദ്ധതികളുടെ ആസൂത്രണത്തോടൊപ്പം നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ടെക്നിക്കൽ കോ-ഓർഡിനേഷൻ ചുമതല നിർവ്വഹിക്കുന്നതിനായി ഉയർന്നതലത്തിൽ

പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള ഒരു വിദഗ്ധനെ മാസ്റ്റർപ്ലാൻ അഡ്വൈസറായും നിയോഗിച്ചിട്ടുണ്ട്.

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളും നിർമ്മാണശേഷിയും സാങ്കേതിക സൗകര്യങ്ങളും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉത്പാദന/നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമാക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തി ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ പ്രവർത്തനലാഭം, വിറ്റുവരവ് എന്നിവയിൽ പുരോഗതി ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് റിയാബിൽനിന്നും ലഭ്യമായിട്ടുള്ള കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം നിരവധി പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റുവരവിലും പ്രവർത്തനലാഭത്തിലും പുരോഗതി കൈവരിച്ചതായാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം വ്യവസായ വകുപ്പിന് കീഴിലുള്ള കിൻഫ്ര,

കെ.എസ്.ഐ.ഡി.സി. ഉൾപ്പെടെ 24 സ്ഥാപനങ്ങൾ പ്രവർത്തന ലാഭം കൈവരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

## ചെറുകിട, ഇടത്തരം, സൂക്ഷ്മ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ പദ്ധതി

27 (*57) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി

നൽകുമോ:

(എ) സംസ്ഥാനത്ത് മാനവവിഭവശേഷിയുടെ മികവും അടിസ്ഥാനസൗകര്യ വികസനത്തിന്റെ ആനുകൂല്യവും പ്രയോജനപ്പെടുത്തിക്കൊണ്ട് ചെറുകിട, ഇടത്തരം, സൂക്ഷ്മ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ ആവിഷ്കരിച്ച പദ്ധതിക്ക് ദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. 2022-23 സാമ്പത്തികവർഷം സംരംഭക വർഷമായി പ്രഖ്യാപിച്ചുകൊണ്ട് കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇടത്തരം സംരംഭങ്ങൾ പുതുതായി ആരംഭിക്കുന്നതിനുള്ള ഒരു ബൃഹത്തായ 'ഒരു ലക്ഷം സംരംഭങ്ങൾ' പദ്ധതി തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടപ്പാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി കേരളത്തിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ, 2022 ഏപ്രിൽ 1 മുതൽ ഡിസംബർ 7 വരെയുള്ള 250 ദിവസത്തെ കാലയളവിൽ രജിസ്റ്റർ ചെയ്തു. 2023 ജനുവരി 30 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് 127214 സംരംഭങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതുവഴി 7,710.85 കോടി രൂപയുടെ നിക്ഷേപവും 273931 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

ബഹുമാനപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഡൽഹിയിൽ നടന്ന സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ യോഗത്തിൽ രാജ്യത്തെ " ബെസ്റ്റ് പ്രാക്ടീസ്" ആയി സംരംഭക വർഷം പദ്ധതി അവതരിപ്പിച്ചിരുന്നു. കൂടാതെ പൊതുഭരണത്തിലെ മികവിനുള്ള പ്രധാനമന്ത്രിയുടെ അവാർഡിനും സംസ്ഥാനത്തെ " സംരംഭക വർഷം പദ്ധതി" നിർദ്ദേശിച്ചുകൊണ്ട് അപേക്ഷ നൽകിയിട്ടുണ്ട്.

(ബി) സംരംഭക രംഗത്തെ കുതിപ്പ് സ്ഥായീകരിക്കുന്നതിനും ആരംഭിച്ച സംരംഭങ്ങൾ നിലനിൽക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും പിന്തുണ നൽകിവരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്; സംസ്ഥാനത്ത് രൂപീകരിക്കപ്പെട്ട എം.എസ്.എം.ഇ.-കളുടെ സുസ്ഥിരത ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ നിരവധി പദ്ധതികൾ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. എം.എസ്.എം.ഇ.-കൾക്ക് കുറഞ്ഞ പലിശയും വായ്പയും മറ്റ് തരത്തിലുള്ള ധനസഹായവും ലഭ്യമാക്കുന്നതിനുള്ള പ്രോഗ്രാമുകളും സ്കീമുകളും സൃഷ്ടിക്കുക; അവരുടെ പ്രവർത്തനങ്ങൾ വികസിപ്പിക്കുക, പുതിയ ഉപകരണങ്ങളിലും സാങ്കേതികവിദ്യയിലും സഹായിക്കുക, ഇ-കോമേഴ്സ് പ്രോത്സാഹിപ്പിക്കുകയും സുഗമമാക്കുകയും വിപണി ഗവേഷണം സുഗമമാക്കുകയും ചെയ്യുക, ബ്രാൻഡിംഗും മെച്ചപ്പെടുത്തിയ പാക്കേജിംഗും പ്രോത്സാഹിപ്പിച്ചുകൊണ്ട് MSME-യുടെ വിപണന കഴിവുകൾ മെച്ചപ്പെടുത്തുക; ബ്രാൻഡിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ്, ടെക്നോളജി, ഉയർന്നുവരുന്ന വിപണി സാദ്ധ്യതകൾ മുതലായവയിൽ എം.എസ്.എം.ഇ.-കൾക്ക് സെക്ടർ സ്പെസിഫിക് പരിശീലനങ്ങൾ നൽകുക; ഗവേഷണ-വികസന സ്ഥാപനങ്ങളിൽ വികസിപ്പിക്കുന്ന സാങ്കേതികവിദ്യ എളുപ്പത്തിൽ കൈമാറ്റം ചെയ്യുന്നതിനുള്ള ഒരു സംവിധാനം

സൃഷ്ടിച്ചുകൊണ്ട് എം.എസ്.എം.ഇ-കളിൽ സാങ്കേതികവിദ്യയുടെ ഉപയോഗം മെച്ചപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങളാണ് സർക്കാർ ആവിഷ്കരിക്കുന്നത്.

കൂടാതെ സംരംഭക രംഗത്തെ കുതിപ്പ് സ്ഥായീകരിക്കുന്നതിനും ആരംഭിച്ച സംരംഭങ്ങൾ നിലനിൽക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും പിന്തുണ നൽകുന്നതിനുമായി താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

1) സംരംഭകത്വ സഹായ പദ്ധതിയിൽ, നിലവിൽ പ്രവർത്തിച്ചുവരുന്ന യൂണിറ്റുകൾക്ക് വൈവിധ്യവത്കരണം, ആധുനികവത്കരണം എന്നിവ നടത്തുന്നതിന് വേണ്ടിവരുന്ന സ്ഥിര നിക്ഷേപം കണക്കാക്കി സബ്സിഡി നൽകുന്നുണ്ട്.

2) നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം

3) സമ്മർദ്ദമുള്ള (stressed) വ്യവസായങ്ങൾ/പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകൾക്കുള്ള സഹായ പദ്ധതികൾ മൂലധന ഗ്രാന്റുകളുടെയും പ്രവർത്തന മൂലധന പ്രോത്സാഹനങ്ങളുടെയും സഹായത്തോടെ കശുവണ്ടി സംസ്കരണ യൂണിറ്റുകളുൾപ്പെടെയുള്ള

പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകളെയും സമ്മർദ്ദമുള്ള (stressed) എം.എസ്.എം.ഇ. യൂണിറ്റുകളെയും പുനരുദ്ധരിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.

- The Kerala stressed MSMEs Revival & Rehabilitation Scheme.
- Revival and rehabilitation scheme for defunct MSMEs and cashew processing units.

(സി) കേരള ബ്രാൻഡ് രൂപീകരിച്ച് ഉല്പന്നങ്ങളുടെ ഗുണനിലവാരത്തിൽ വിശ്വാസ്യത ആർജ്ജിച്ച് സ്ഥായിയായ വിപണി ഉറപ്പാക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്; തദ്ദേശീയ ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയുള്ള ആഭ്യന്തര സംരംഭങ്ങളുടെ വിപണന സാധ്യതകൾ വർദ്ധിപ്പിക്കുകയെന്നതാണ് കേരള ബ്രാൻഡിന്റെ ലക്ഷ്യം. കേരളത്തിലെ വ്യാവസായിക ഉല്പന്നങ്ങളുടെ ഗുണനിലവാരത്തിൽ വിശ്വാസ്യത ആർജ്ജിച്ച്, തദ്ദേശീയ ഉൽപ്പന്നങ്ങൾക്ക് വിശേഷമായ ഒരു ഐഡന്റിറ്റി സൃഷ്ടിച്ചുകൊണ്ട് ആഗോള വിപണി സാധ്യതകൾ പ്രയോജനപ്പെടുത്താൻ കേരളത്തിലെ സംരംഭങ്ങളെ പ്രാപ്തമാക്കുകയെന്നതാണ് കേരള ബ്രാൻഡ് കൊണ്ടുദ്ദേശിക്കുന്നത്. നിർദ്ദിഷ്ട ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്ന സംരംഭങ്ങളെ

കണ്ടെത്തിക്കൊണ്ട് ആഗോള വിപണിയിൽ പരിമിതമായ എക്സ്പോഷറുള്ള കേരളത്തിലെ സംരംഭങ്ങളുടെ കയറ്റുമതി പ്രകടനം മെച്ചപ്പെടുത്തുന്നതിനും മറ്റും കേരള ബ്രാൻഡ് കൊണ്ട് ലക്ഷ്യമിടുന്നു.

## വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി

28 (*58) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ ഡാമുകളിൽനിന്നും പുറന്തള്ളുന്ന വെള്ളം വീണ്ടും പമ്പ് ചെയ്ത് വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്. വൈദ്യുതി ബോർഡിന്റെ ഡാമുകളിൽനിന്നും പുറന്തള്ളുന്ന വെള്ളം വീണ്ടും പമ്പ് ചെയ്ത് വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിന് 14 പദ്ധതികൾ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളിൽനിന്നും ഇടുക്കി, പള്ളിവാസൽ എന്നീ പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ സാധ്യത പഠനങ്ങൾക്കായി M/s.THDC India Limited എന്ന സ്ഥാപനവുമായി കെ.എസ്.ഇ.ബി.എൽ. എം.ഒ.യു. ഒപ്പ് വച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഈ പദ്ധതി നടത്തിപ്പ് ഏത് സ്ഥാപനത്തെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്?

തീരുമാനിച്ചിട്ടില്ല.

(സി) പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ?

നിലവിൽ ലഭ്യമല്ല.

**ജി.എസ്.ടി. ബാക്ക് എൻഡ് സോഫ്റ്റ്‌വെയർ**

29 (*59) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ ) സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ അതിനൊപ്പം ജി.എസ്.ടി. പോർട്ടലിൽനിന്ന് സംസ്ഥാനത്തിനാവശ്യമായ വിവരങ്ങൾ ശേഖരിക്കാൻ കഴിയുന്ന ബാക്ക് എൻഡ് സോഫ്റ്റ്‌വെയർ വാങ്ങാൻ ആദ്യഘട്ടത്തിൽ കേരളം തയ്യാറായിരുന്നില്ല എന്നത് വസ്തുതയാണോ; എങ്കിൽ വ്യക്തമാക്കാമോ?

നികുതിദായകർ ഫയൽ ചെയ്യേണ്ടതായ റിട്ടേണുകൾ, റീഫണ്ട് അപേക്ഷകൾ, പേമെന്റ്, രജിസ്ട്രേഷൻ എന്നിവയെ കോർ മോഡ്യൂളുകളായി തരംതിരിച്ച് Front-End എന്ന് പറയപ്പെടുന്നു. നികുതി ഉദ്യോഗസ്ഥർ ചെയ്യേണ്ട പ്രവർത്തികളായ സ്ക്രൂട്ടിനി, അസ്സസ്മെന്റ്, ഓഡിറ്റ്, അപ്പീൽ, എൻഫോഴ്സ്മെന്റ്, റീഫണ്ട് രജിസ്ട്രേഷൻ, പ്രോസസിംഗ് എന്നിവയ്ക്ക് ജി.എസ്.ടി. Back-End പ്രവൃത്തികൾ എന്നും പറയപ്പെടുന്നു.

ജി.എസ്.ടി. നടപ്പാക്കുന്നതിന് മുൻപുള്ള സാങ്കേതികവിദ്യ സംബന്ധിച്ച ചർച്ചകളിൽ രണ്ടുതരം മോഡലുകളാണ് സംസ്ഥാനങ്ങളുടെ മുൻപിൽ കേന്ദ്രം മുന്നോട്ടുവച്ചത്. ഇതിൽ ജി.എസ്.ടി.എൻ.-ൽനിന്നും നികുതിദായകർ ഫയൽ ചെയ്ത ഡാറ്റ സ്വീകരിച്ച് സ്വന്തമായി Back-End സംവിധാനങ്ങൾ രൂപപ്പെടുത്തുന്ന ഓപ്ഷൻ, മോഡൽ-1 എന്നാണ് അറിയപ്പെടുന്നത്. എന്നാൽ, ഡാറ്റ സംസ്ഥാനങ്ങൾ സ്വീകരിക്കാതെ ജി.എസ്.ടി.എൻ. സിസ്റ്റത്തിൽത്തന്നെ ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നതിനെയാണ് മോഡൽ-2 എന്ന് പറയുന്നത്.

വാറ്റ് കമ്പ്യൂട്ടർവൽക്കരണത്തിൽ നമുക്കുണ്ടായിരുന്ന പ്രാവീണ്യം, മോഡൽ-2 ആയാൽ നമുക്ക് Back-End സംവിധാനങ്ങൾ സമയത്ത് ലഭ്യമാക്കുമോ എന്നതിൽ ആദ്യകാലങ്ങളിലുണ്ടായ ആശങ്ക, ഡാറ്റ

സ്വന്തമായി സംസ്ഥാനത്തിന് ലഭ്യമാകുന്നതിന്റെ ഗുണങ്ങൾ എന്നിവ കണക്കിലെടുത്തും കേരളം സ്വന്തമായി ഡാറ്റ സ്വീകരിച്ച് സ്വന്തം സാങ്കേതിക, അടിസ്ഥാനസൗകര്യങ്ങളുപയോഗിച്ച് Back-End ഡെവലപ് ചെയ്യാൻ തീരുമാനിക്കുകയും ആ വിവരം സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രിമാരുടെ എംപവേർഡ് കമ്മിറ്റിയെ അറിയിക്കുകയുമുണ്ടായി.

ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം 01-09-2017-ലെ സ്ഥിതിയനുസരിച്ച് അവിഭക്ത ആന്ധ്രാപ്രദേശ്, കർണ്ണാടക, മഹാരാഷ്ട്ര, തമിഴ്നാട്, കേരളം, ഹരിയാന, ഗോവ, സിക്കിം, മേഘാലയ എന്നീ സംസ്ഥാനങ്ങളും കേന്ദ്രത്തിന്റെ നികുതി ഏജൻസിയായ സി.ബി.ഐ.സി. എന്നിവരുമാണ് മോഡൽ 1-ൽ ഉണ്ടായിരുന്നത്.

01-03-2022-ൽ കേരളം Model 2 Back-End സംവിധാനത്തിലേയ്ക്ക് മാറിയിട്ടുണ്ട്. അതിനുശേഷം തമിഴ്നാട്, കർണ്ണാടക, ഗോവ എന്നിവയും പുതിയ സംവിധാനത്തിലേയ്ക്ക് മാറുകയുണ്ടായി. ഇപ്പോൾ സിക്കിം, കേന്ദ്ര സർക്കാരിന്റെ നികുതി ഏജൻസിയായ സി.ബി.ഐ.സി. എന്നിവർ മാത്രമാണ് മോഡൽ-1 ഉപയോഗിക്കുന്നത്.

(ബി) പ്രസ്തുത സോഫ്റ്റ്‌വെയർ വാങ്ങാൻ ആദ്യഘട്ടത്തിൽ സംസ്ഥാനം തയ്യാറാകാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; ഇതിന് ബദലായി

സംസ്ഥാനം സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കാമോ?

വാറ്റ് കമ്പ്യൂട്ടർവൽക്കരണത്തിൽ നമുക്കുണ്ടായിരുന്ന പ്രാവീണ്യം, മോഡൽ-2 ആയാൽ നമുക്ക് Back-End സംവിധാനങ്ങൾ സമയത്ത് ലഭ്യമാക്കുമോ എന്നതിൽ ആദ്യകാലങ്ങളിൽ ഉണ്ടായ ആശങ്ക, ഡാറ്റ സ്വന്തമായി സംസ്ഥാനത്തിന് ലഭ്യമാകുന്നതിന്റെ ഗുണങ്ങൾ എന്നിവ കണക്കിലെടുത്ത് കേരളം സ്വന്തമായി ഡാറ്റ സ്വീകരിച്ച് സ്വന്തം സാങ്കേതിക, അടിസ്ഥാനസൗകര്യങ്ങളുപയോഗിച്ച് Back-End ഡെവലപ് ചെയ്യാൻ തീരുമാനിക്കുകയും ആ വിവരം സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ എംപവേർഡ് കമ്മിറ്റിയെ അറിയിക്കുകയുമുണ്ടായി. ഇതേത്തുടർന്ന് 16-02-2015-ലെ ജി. ഒ. (ആർ.ടി.) നമ്പർ 105/2015/TD സർക്കാർ ഉത്തരവ് പ്രകാരം ജി.എസ്.ടി.-യുടെ സുഗമമായ ട്രാൻസിഷന് സഹായകമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിലേയ്ക്കായി ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായും നികുതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യം (Expenditure), ഇൻഫർമേഷൻ ടെക്നോളജി, നിയമം എന്നീ വകുപ്പുകളിലെ അഡീഷണൽ/ജോയിന്റ് സെക്രട്ടറിമാരെ മെമ്പർമാരായും

നികുതി വകുപ്പ് കമ്മീഷണറെ മെമ്പർ കൺവീനറായും നിയമിച്ചുകൊണ്ട് ഒരു സ്റ്റേറ്റ് എംപവേർഡ് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. GST Back-End പ്രോജക്ടിലേയ്ക്കുള്ള System Integrators-ന്റെ തെരഞ്ഞെടുപ്പിലേയ്ക്കായി ഇ-ടെൻഡർ വിളിച്ചിരുന്നെങ്കിലും ബിഡ്ഡുകളൊന്നും ലഭിച്ചിരുന്നില്ല. GST ചട്ടങ്ങൾ പൂർണ്ണതോതിൽ ആകാത്തതും ബിഡ്ഡുകൾ ലഭിക്കാത്തതിന് ഒരു കാരണമായിട്ടുണ്ട്. ഇതേത്തുടർന്ന് സ്റ്റേറ്റ് എംപവേർഡ് കമ്മിറ്റിയുടെ 02-02-2016-ലെ മീറ്റിംഗിൽ ജി.എസ്.ടി. Back-End മോഡ്യൂളിന്റെ രൂപീകരണത്തിനായി നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററുമായി (NIC) ചേർന്ന് പ്രവർത്തിക്കാൻ തീരുമാനിച്ചു. ഇതിലേയ്ക്കായി NIC സമർപ്പിച്ച പ്രൊപ്പോസൽ അനുസരിച്ച് NIC-യുടെ 3 റിസോഴ്സസും അതിനുപുറമേ കരാറടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു ടീമും വകുപ്പ് ആസ്ഥാനത്ത് പ്രവർത്തിക്കുകയും പ്രസ്തുത ഡെവലപ്മെന്റ് ടീമിന് സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് സെന്റർ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ അനുവദിക്കേണ്ടതുണ്ടായിരുന്നു. 27-07-2016-ലെ സ്റ്റേറ്റ് എംപവേർഡ് കമ്മിറ്റി മീറ്റിംഗിൽ കൂടിയാലോചനകൾക്കുശേഷം NIC-യുടെ പ്രൊപ്പോസൽ സ്വീകരിക്കുകയും ഓപ്പൺ മാർക്കറ്റിൽനിന്ന് പ്രോജക്ട് റിസോഴ്സസിനെ റിക്രൂട്ട് ചെയ്യാനുള്ള അനുമതിക്കായി സംസ്ഥാന

ചരക്കുസേവന നികുതി കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തു. തുടർന്ന് 30-07-2016-ലെ ജി.ഒ.(ആർ.ടി.) നമ്പർ 598/2016/ടാക്സ് സർക്കാർ ഉത്തരവ് പ്രകാരം സ്റ്റേറ്റ് GST പ്രോജക്ട് നടപ്പാക്കുന്നതിനും സ്റ്റേറ്റ് ജി.എസ്.ടി. Back-End സിസ്റ്റം ഡെവലപ്പ് ചെയ്യുന്നതിനും നികുതി വകുപ്പ് കമ്മീഷണർക്ക് 5 വർഷത്തേയ്ക്ക് അനുമതി നൽകി ഉത്തരവായി.

Model-2 സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന ഡാറ്റ ഉപയോഗിച്ച് സംസ്ഥാനത്തിന് വേണ്ട റിപ്പോർട്ടുകൾ, അനലറ്റിക്സ് എന്നിവ തയ്യാറാക്കുന്നതിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത നടപടിമൂലം സംസ്ഥാനത്തിന് ഐ.ജി.എസ്.ടി. ഇനത്തിൽ നഷ്ടം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് നൽകുന്നത് Goods and Services Tax Network (GSTN)-ൽ ഫയൽ ചെയ്ത റിട്ടേണുകളും മറ്റ് രേഖകളും ആസ്പദമാക്കിയാണ്. ഇതിന് Back-End സംവിധാനവുമായി ബന്ധമില്ല. അതിനാൽ പ്രസ്തുത നടപടിമൂലം ഐ.ജി.എസ്.ടി. ഇനത്തിൽ നഷ്ടം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കേന്ദ്രം തയ്യാറാക്കിയ സോഫ്റ്റ്‌വെയർ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

ചില സാങ്കേതികമായ പ്രശ്നങ്ങളും ഗുണമേന്മയുള്ള മനുഷ്യ വിഭവശേഷി ലഭ്യമാക്കാനുള്ള പ്രശ്നങ്ങളും കാലക്രമേണ GSTN Model-2 Back-End കൈവരിച്ച പുരോഗതി എന്നിവയും പ്രധാനമായും കണക്കിലെടുത്ത് NIC-യുടെ പ്രോജക്റ്റ് തീരുന്ന 5-ാം വർഷം സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് വിശകലനം നടത്തി Model-2-ലേയ്ക്ക് മാറാൻ ശിപാർശ ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് എംപവേർഡ് കമ്മിറ്റി ഇത് പരിശോധിക്കുകയും Model-2 ലേയ്ക്ക് മാറാൻ 03-12-2021-ലെ G.O.(RT) നമ്പർ 832/2021/ടാക്സസ് സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. Model-2-ലേക്ക് മാറുന്നതിനായി സംസ്ഥാന എംപവേർഡ് കമ്മിറ്റി പരിഗണിച്ച സാഹചര്യങ്ങൾ ഉൾക്കൊള്ളുന്ന എംപവേർഡ് കമ്മിറ്റി യോഗത്തിന്റെ മിനിട്സ് അനുബന്ധമായി ചേർക്കുന്നു+. ഇതിൻപ്രകാരം 01-03-2022 മുതൽ കേരളം മോഡൽ-2 Back-End-ലേയ്ക്ക് മാറുകയുണ്ടായി.

(ഇ) പുതിയ സോഫ്റ്റ്‌വെയർ സംവിധാനത്തിലേയ്ക്കുള്ള മാറ്റം കെട്ടിക്കിടക്കുന്ന നികുതി നിർണ്ണയ കേസുകൾ തീർപ്പാക്കുന്നതിനെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എപ്രകാരം ബാധിക്കാനിടയുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ? വ്യക്തമാക്കാമോ?

ഈ സംവിധാനത്തിലേയ്ക്കുള്ള നീക്കം തീർപ്പാക്കാത്ത മൂല്യനിർണ്ണയത്തെയോ സൂക്ഷ്മ പരിശോധന കേസുകളെയോ ബാധിക്കില്ല. കാരണം പഴയ സംവിധാനങ്ങളിൽ തീർപ്പാക്കാത്ത എല്ലാ നടപടികളും പുതിയ സംവിധാനത്തിൽ ഉദ്യോഗസ്ഥർക്ക് അവരുടെ പ്രവർത്തനം തുടരുന്നതിന് ലഭ്യമാകുന്നുണ്ട്. കൂടാതെ പൊതുവിൽ GST സംവിധാനത്തിൽ, സ്വാഭാവികമായുള്ള കാലതാമസമല്ലാതെ, നികുതി നിർണ്ണയ കേസുകൾ തീർപ്പാക്കാൻ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ജി.എസ്.ടി. വകുപ്പിന്റെ പുനഃസംഘടന

30 (*60) ശ്രീ. എം. വിൻസെന്റ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. വകുപ്പ് പുനഃസംഘടിപ്പിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

റവന്യൂ കളക്ഷൻ വർദ്ധിപ്പിക്കുന്നതിനും മികച്ച നികുതിദായക സേവനങ്ങൾ നൽകുന്നതിനും സംസ്ഥാനത്ത് ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുന്നതിനും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും വകുപ്പിലെ പ്രൊഫഷണലിസവും സ്പെഷ്യലൈസേഷനും വർദ്ധിപ്പിക്കുന്നതിനും നടപടിക്രമങ്ങൾ ലളിതമാക്കുകയും ജീവനക്കാരുടെ ജോബ് സാറ്റിസ്ഫാക്ഷൻ മെച്ചപ്പെടുത്തുന്നതിനുംവേണ്ടി വകുപ്പിനെ പുനഃസംഘടിപ്പിക്കുന്നതിനായിട്ടുള്ള പ്രൊപ്പോസൽ കമ്മീഷണർ സമർപ്പിക്കുകയുണ്ടായി. G.O(Rt). No.593/2018/TAXES dated 13-08-2018 പ്രകാരം വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കാൻ ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയും സമിതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഇതിന്റെ തുടർച്ചയായി, ജി.എസ്.ടി. കൗൺസിലിന്റെ 45-ാമത് യോഗത്തെ തുടർന്നുള്ള ശിപാർശകളും സർവ്വീസ് സംഘടനകളുടെ ആവശ്യങ്ങളും കണക്കിലെടുത്ത് വകുപ്പിലെ ജീവനക്കാർ ഉൾപ്പെടെയുള്ള മറ്റ് stake holder-ൽനിന്ന് അഭിപ്രായങ്ങൾ തേടിയതിനുശേഷം പുതുക്കിയ നിർദ്ദേശം നികുതി വകുപ്പ് കമ്മീഷണർ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത നിർദ്ദേശം സർക്കാർ വിശദമായി പരിശോധിക്കുകയും 02-08-2022-ലെ സർക്കാർ ഉത്തരവ് നമ്പർ (എം.എസ്.) 55/2022/TAXES, 29-12-2022-ലെ സർക്കാർ

ഉത്തരവ് നമ്പർ (എം.എസ്.) 106/2022/ടാക്സസ് എന്നിവ പ്രകാരം സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് പുനഃസംഘടിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം വകുപ്പിൽ പുനഃസംഘടന നടപ്പിൽ വരുത്തിയിട്ടുണ്ട്.

(ബി) ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ മുൻകാലങ്ങളിൽ നിലനിന്നിരുന്ന നികുതി സംവിധാനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി വകുപ്പിനെ പുനഃസംഘടിപ്പിക്കണമെന്ന ആവശ്യം നടപ്പിലാക്കാൻ ആറ് വർഷത്തോളം കാലതാമസമുണ്ടായതിന്റെ കാരണം വിശദമാക്കാമോ?

രാജ്യത്ത് ജി.എസ്.ടി. നിയമം നിലവിൽ വന്നതിനുശേഷം പുതിയ നികുതി ഘടനയിലേയ്ക്ക് കേരള സംസ്ഥാനവും മാറുകയുണ്ടായി. സംസ്ഥാന നികുതി വരുമാനത്തിന്റെ ഗണ്യമായ അംശം നൽകുന്ന വകുപ്പാണ് സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ്. എന്നാൽ ജി.എസ്.ടി. നിയമവും നിരക്കുകളും ചട്ടങ്ങളും സാങ്കേതിക സംവിധാനവും ഇപ്പോഴാണ് ഏകദേശം സ്റ്റെബിലൈസായി വരുന്നത്. കൂടാതെ വാറ്റ് കാലഘട്ടത്തിലുള്ള അസ്സെസ്സ്മെന്റുകളും മറ്റു ജോലികളും പൂർത്തീകരിക്കേണ്ടതായിട്ടുണ്ടായിരുന്നു. GST നിയമത്തിനനുസരിച്ച് വകുപ്പിന്റെ പുനഃസംഘടന നടത്തേണ്ടതിന്റെ ആവശ്യകത ഉൾക്കൊണ്ടുകൊണ്ടാണ് വകുപ്പ് പുനഃസംഘടനയ്ക്കായിട്ടുള്ള

ഉന്നതതല കമ്മിറ്റി 2018-ൽ രൂപീകരിച്ചിട്ടുള്ളത്. GST നിയമത്തിനനുസൃതമായ രീതിയിൽ വകുപ്പിന്റെ ഘടന രൂപീകരണത്തിനും ജീവനക്കാരുടെ വിന്യാസത്തിനും GST നിയമപ്രകാരമുള്ള പുതിയ ചുമതലകൾ GST കൗൺസിൽ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ശിപാർശകൾക്കനുസരിച്ച് നിർവ്വചിക്കുന്നതിനും ദീർഘവും വിശദവുമായ ചർച്ചകൾ ആവശ്യമായിരുന്നു. മികച്ച നികുതിദായക സേവനങ്ങൾ നൽകുന്നതിനും സംസ്ഥാനത്ത് ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുന്നതിനും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും വകുപ്പിലെ പ്രൊഫഷണലിസവും സ്പെഷ്യലൈസേഷനും വർദ്ധിപ്പിക്കുന്നതിനും നടപടിക്രമങ്ങൾ ലളിത മാക്കുന്നതിലേയ്ക്കുംവേണ്ടി വിഭാവനം ചെയ്തുകൊണ്ടുള്ള സമഗ്രമായ ഒരു പുനഃസംഘടന നിർദ്ദേശമാണ് തയ്യാറാക്കിയിട്ടുള്ളത്. വിശദമായ ശിപാർശയുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് 02-08-2022-ലെ സ.ഉ. (എം.എസ്) നം.55/2022/TAXES പ്രകാരം വകുപ്പിനെ പുനഃസംഘടിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളത്.

(സി) ജി.എസ്.ടി. പുനഃസംഘടന നടപ്പിലാക്കുന്നതിലുണ്ടായ കാലതാമസം കാരണം സംസ്ഥാനത്തിന് ഭീമമായ നികുതി നഷ്ടമുണ്ടായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള പൊതു വില്പന നികുതി നിയമ പ്രകാരമുള്ള ഓഫീസ് ഘടനയാണ് മൂല്യവർദ്ധിത നികുതി നിയമം പ്രാബല്യത്തിൽ വന്നപ്പോഴും വകുപ്പിൽ നിലനിന്നിരുന്നത്. മൂല്യവർദ്ധിത നികുതി നിയമം നിലവിൽ വന്നപ്പോൾ ടി ഘടനയിൽ ചെറിയ വ്യത്യാസങ്ങൾ ടി നിയമത്തിനനുസരിച്ച് വരുത്തിക്കൊണ്ടാണ് നികുതിഭരണം നിർവ്വഹിച്ചിരുന്നത്. 01-07-2017-ൽ ചരക്കുസേവന നികുതി നിയമം പ്രാബല്യത്തിൽ വന്നപ്പോഴും നിലവിലുണ്ടായിരുന്ന ഘടനയിലൂടെയാണ് നികുതി ഭരണം നിർവ്വഹിച്ചിരുന്നത്. എന്നാൽ ഈ ഘടനയിലൂടെ GST നിയമപ്രകാരമുള്ള ജോലികൾ തടസ്സം കൂടാതെ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിരുന്നു.

GST സംവിധാനം പൂർണ്ണമായും ഓൺലൈൻ അധിഷ്ഠിതമാണ്. സമഗ്രമായ ഒരു പുനഃസംഘടന വിഭാവനം ചെയ്തത് GST നിയമം നിലവിൽ വന്നതിനെ തുടർന്നാണ്. നിലവിലുള്ള സംവിധാനങ്ങൾ GST നിയമപ്രകാരം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും നികുതിദായകർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും കാര്യക്ഷമമായി നികുതി നിർവ്വഹണം സാധ്യമാക്കുന്നതിനും വേണ്ടിയാണ് പുനഃസംഘടന നടപ്പിലാക്കിയിട്ടുള്ളത്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ധനകാര്യ വകുപ്പിലെ താൽക്കാലിക, കരാർ നിയമനങ്ങൾ

1 (414) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും എത്ര താല്ക്കാലിക, കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ജൂനിയർ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, ഇൻഫർമേഷൻ സിസ്റ്റംസ് ഡയറക്ടർ, ചീഫ് ടെക്നിക്കൽ എക്സാമിനർ, ടെക്നിക്കൽ എക്സാമിനർ, ടെക്നിക്കൽ സപ്പോർട്ട് സ്റ്റാഫ്, പ്രോഗ്രാമർ, മാർക്കറ്റിംഗ് എക്സിക്യൂട്ടീവ്, പ്യൂൺ, ഇലക്ട്രീഷ്യൻ, ഐ.റ്റി. സപ്പോർട്ട് സ്റ്റാഫ്, പ്രോജക്ട് മാനേജർ, ക്രെഡിറ്റ്/അക്കൗണ്ട്സ് എക്സിക്യൂട്ടീവ്, ടൈപ്പിസ്റ്റ്, ഗാർഡനർ, ഇലക്ട്രീഷ്യൻ, ഡ്രൈവർ, പാർട്ട് ടൈം സ്വീപ്പർ, ഐ.റ്റി. അസിസ്റ്റന്റ് മുതലായ തസ്തികകളിലായി 85 ജീവനക്കാരെ താൽക്കാലിക/ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിയമനങ്ങൾക്കുള്ള വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഡിസംബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത നിയമനങ്ങൾക്കുള്ള വേതനവും മറ്റാനുകൂല്യങ്ങളുമായി 2022 ഡിസംബർ മാസം 21,26,511/-രൂപ (ഇരുപത്തിയൊന്ന് ലക്ഷത്തി ഇരുപത്തിയാറായിരത്തി അഞ്ഞൂറ്റി പതിനൊന്ന് രൂപ മാത്രം) അനുവദിച്ച് നൽകിയിരുന്നു.

(സി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്ര; മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗ്ഗം എന്ത്; ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയത്; നിയമനങ്ങൾ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസി ആക്റ്റിന് അനുസൃതമായാണോ നടപ്പാക്കിയിട്ടുള്ളത് എന്നിവ വ്യക്തമാക്കുമോ?

മേൽപ്പറഞ്ഞ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങളല്ല. വകുപ്പ്/കോർപ്പറേഷൻ നേരിട്ടും സർക്കാർ ഉത്തരവുപ്രകാരം നിയമിച്ച കമ്മിറ്റിയുടെ നിർദ്ദേശാനുസരണം പത്രപ്പരസ്യം നൽകി ഇതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ അപേക്ഷകളെ യോഗ്യതയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് എഴുത്തു പരീക്ഷ നടത്തി അതിൽ നിശ്ചിത

മാർക്ക് ലഭ്യമായവരെ കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള അഭിമുഖത്തിന്റെ അടിസ്ഥാനത്തിലുമാണ് നിയമനം നടത്തിയത്.

## സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

2 (415) ശ്രീ കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി വളരെ മോശമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണ് എന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 6716 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങളെടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ 24638.66 കോടി രൂപ

കേന്ദ്രസർക്കാർ വെട്ടിച്ചുരുക്കിയിരുന്നു. ഇതോടൊപ്പം ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോഴുണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിൽ അനുകൂല തീരുമാനമുണ്ടാകാത്തതിനാൽ ഈ ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷംമാത്രം സംസ്ഥാനത്തിന് ഏതാണ്ട് ഒൻപതിനായിരം കോടി രൂപയുടെ നഷ്ടമാണ് പ്രതീക്ഷിക്കുന്നത്. 2022 ജൂൺ വരെയുള്ള കാലയളവിൽ നിയമപ്രകാരം സർക്കാരിന് ലഭിക്കേണ്ട ചരക്ക് സേവന നികുതി നഷ്ടപരിഹാരത്തിലെ കുടിശ്ശിക മാത്രം വകുപ്പുതല കണക്കുകൾ പ്രകാരം 750 കോടി രൂപയ്ക്ക് മുകളിൽ വരും. അതേസമയം, ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ടി കാരണങ്ങളാണ് പ്രധാനമായും പൊടുന്നനെ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളത്.

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയിലുണ്ടായ മാറ്റം വിശദമാക്കാമോ?

നികുതി പിരിവ് ഊർജ്ജിതപ്പെടുത്താനും ചെലവിന്റെ ഗുണമേന്മ ഉയർത്താനും സാധിച്ചു. തത്ഫലമായി സാമ്പത്തിക പ്രതിസന്ധിയുടെ

കാലഘട്ടത്തിലും വികസന ക്ഷേമപ്രവർത്തനങ്ങൾ ഭംഗം കൂടാതെ നടത്താൻ സാധിച്ചു.

(സി) കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട വിവിധ കുടിശ്ശികകളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട കുടിശ്ശികകളിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു :-

15-ാം ധനകാര്യ കമ്മീഷൻ അവാർഡ്

| ഇനം | ലഭിക്കാനുള്ളത് (തുക കോടിയിൽ) | |
|---|---|---|
| | 2021-22 | 2022-23 (നാളിതുവരെ) |
| Health Sector Grant | 37.55 | 558.98 |
| ULB Grant | -- | 543.4 |
| SDRF | -- | 132 |
| SDMF | -- | 66 |
| ആകെ | 37.55 | 1300.38 |

ഇതുകൂടാതെ ചരക്ക് സേവന നികുതി നഷ്ടപരിഹാര കുടിശ്ശിക വകുപ്പുതല കണക്കുകൾ പ്രകാരം 750 കോടി രൂപയ്ക്ക് മുകളിൽ വരും.

(ഡി) സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന് നടപ്പിലാക്കാനുദ്ദേശിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണച്ചെലവുകൾക്ക് നിയന്ത്രണങ്ങളേർപ്പെടുത്തിയിട്ടുള്ളത്. നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലിഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) സാമ്പത്തിക മാന്ദ്യം നേരിടുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

സാധാരണ ജനങ്ങളുടെ വാങ്ങൽ ശേഷി വർദ്ധിപ്പിച്ച് സാമ്പത്തികമാന്ദ്യം അതിജീവിക്കാനാണ് ഈ സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി ജനങ്ങളുടെ കൈകളിൽ പണം എത്തിക്കുന്നതിന് ഉതകുന്ന വലിയൊരു വിഭാഗം ജനസമൂഹത്തെ cover ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ അടക്കമുള്ള Direct Beneficiary Transfer സ്കീമുകൾ നടപ്പിലാക്കി വരുന്നുണ്ട്.

**ക്ഷേമനിധി ബോർഡുകളുടെ നിയന്ത്രണം**

3 (416) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിവിധ ക്ഷേമനിധി ബോർഡുകളുടെ നടത്തിപ്പ് ചെലവ് വർദ്ധിക്കുന്നത് പരിഗണിച്ച് ബോർഡുകളിൽ ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥരെ അന്യത്ര സേവനത്തിൽ നിയമിക്കുന്നതിനുപകരം ക്ഷേമനിധി ബോർഡുകളുടെ നിയന്ത്രണം ധനകാര്യ വകുപ്പിലെ ഒരു സെക്ഷനിൽ നിക്ഷിപ്തമാക്കുന്നതിന് തടസ്സമുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കാമോ?

ക്ഷേമനിധി ബോർഡുകളിൽ അംഗമായവർക്ക് വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നത്. ഓരോ ബോർഡും അവരുടെ

ആക്ടിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് പ്രവർത്തിക്കുന്നത്. കൃത്യമായി അംശദായമൊടുക്കുന്ന തൊഴിലാളികൾക്ക് ആനുകൂല്യം ഉറപ്പാക്കുക എന്നതാണ് ക്ഷേമനിധി ബോർഡുകളുടെ ഏറ്റവും പ്രധാന കടമ. ഇതിനായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ബോർഡിനും സർക്കാരിനും ഇടയിൽ ഒരു കണ്ണിയായി പ്രവർത്തിക്കുന്നത് ധനകാര്യ വകുപ്പിൽനിന്നും വിവിധ ക്ഷേമനിധി ബോർഡുകളിലേയ്ക്ക് അന്യത്ര സേവനത്തിൽ പോകുന്ന ഉദ്യോഗസ്ഥരാണ്. കരാർ ജീവനക്കാരും ദിവസവേതനക്കാരും സേവനമനുഷ്ഠിക്കുന്ന ക്ഷേമനിധി ബോർഡുകളിൽ വളരെ സുതാര്യമായ ധനകാര്യ മാനേജ്മെന്റ് ഉറപ്പാക്കുന്നതിനും ഈ ഉദ്യോഗസ്ഥരുടെ സേവനങ്ങൾ ആവശ്യമുണ്ട്.

ധനവകുപ്പിൽ ക്ഷേമനിധി ബോർഡുകളുടെ ധനപരമായ നയം രൂപീകരിക്കുന്നതിനും വിവിധ വിഷയങ്ങളിൽ ബോർഡുകൾക്ക് ഉപദേശം നല്കുന്നതിനുമായി സെല്ലുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. നിലവിൽ ഫിനാൻസ് ഓഫീസർമാരാണ് ഓരോ ബോർഡിന്റെയും സാമ്പത്തിക കാര്യങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള യഥാർഥ ചുമതലകൾ കൈകാര്യം ചെയ്യുന്നത്. ധനപരമായ പ്രവർത്തനങ്ങൾ എകോപിപ്പിക്കുന്നതിനും സർക്കാരിൽനിന്നും ഫണ്ട്/ഗ്രാന്റ് എന്നിവ സമയബന്ധിതമായി ലഭ്യമാക്കി, ബോർഡുകളുടെ

പ്രവർത്തനം തടസങ്ങളില്ലാതെ നടപ്പാക്കുന്നതിനും അതുവഴി അത്തരം വിഷയങ്ങളിൽ വേഗത്തിൽ തീരുമാനമെടുക്കുന്നതിനും ബോർഡുകളിൽ ധനകാര്യവകുപ്പ് ഉദ്യോഗസ്ഥരെ അന്യത്ര സേവനത്തിൽ നിയോഗിക്കുന്നത് വളരെ അത്യാവശ്യമാണ്.

ഇതിനുപകരമായി ക്ഷേമനിധി ബോർഡുകളുടെ നിയന്ത്രണത്തിന്റെ ചുമതല ധനകാര്യ വകുപ്പിലെ ഒരു സെക്ഷനിൽ മാത്രം നിക്ഷിപ്തമാക്കുന്നത് പ്രായോഗികമല്ല. വിവിധ ക്ഷേമനിധി ബോർഡുകളുടെ നിയന്ത്രണം ധനകാര്യ വകുപ്പിലെ ഒരു സെക്ഷനിൽ മാത്രം നിക്ഷിപ്തമാക്കുന്നതിലൂടെ ബോർഡിന്റെ സാമ്പത്തിക കാര്യങ്ങളിൽ തീരുമാനം എടുക്കുന്നതിൽ അനാവശ്യ കാലവിളംബത്തിന് ഇടയാക്കുകയും ഫയലുകൾ നേരിട്ട് ധനകാര്യ വകുപ്പിൽ എത്തുന്നതുവഴി ധനകാര്യ വകുപ്പിലെ ജോലി ഭാരം അധികരിക്കപ്പെടുകയും ചെയ്യും. ആയതിനാൽ, ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിലേയ്ക്കായി ബോർഡുകളുടെ ഇന്നത്തെ രൂപത്തിലുള്ള ക്രമം തുടരുന്നതാണ് അഭികാമ്യം.

## പത്താം ധനകമ്മീഷൻ മുതൽ പതിനഞ്ചാം ധനകമ്മീഷൻ വരെ സംസ്ഥാനത്തിന് അനുവദിച്ച കേന്ദ്ര നികുതി വിഹിതം

4 (417) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:</u>
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ:</u>
<u>ശ്രീ. കെ. എം. സച്ചിൻദേവ്:</u>

ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം സാമ്പത്തികമായി പിടിച്ചുനിൽക്കുന്നത് കേന്ദ്ര സഹായത്താലെന്ന തെറ്റായ പ്രചാരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പശ്ചാത്തലത്തിൽ പത്താം ധനകമ്മീഷൻ മുതൽ പതിനഞ്ചാം ധനകമ്മീഷൻ വരെ സംസ്ഥാനത്തിന് അനുവദിച്ച കേന്ദ്ര നികുതി വിഹിതം ശതമാനക്കണക്കിൽ അറിയിക്കാമോ?

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനത്തിന്റെ 35.97 ശതമാനം മാത്രമാണ് കേന്ദ്രത്തിൽനിന്നുള്ള റവന്യൂ വരവ്. പത്താം ധനകാര്യ കമ്മിഷൻ മുതലുള്ള വിവിധ കമ്മിഷൻ കാലയളവുകളിൽ കേന്ദ്ര ഡിവിസിബിൾ പൂളിൽനിന്നും സംസ്ഥാനത്തിന് അനുവദിച്ച നികുതി വിഹിതം സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു.

| **ധനകാര്യ കമ്മിഷൻ** | **ഡിവിസിബിൾ പൂൾ** | **സംസ്ഥാന വിഹിതം** |
|---|---|---|
| X | വരുമാനനികുതിയുടെയും എക്സൈസ് ഡ്യൂട്ടിയുടെയും 3.875 ശതമാനമാണ് കേരളത്തിന് അർഹതയുണ്ടായിരുന്നത്. | |
| XI | 29.5 | 3.057 |
| XII | 30.5 | 2.665 |

| | | |
|---|---|---|
| XIII | 32.0 | 2.341 |
| XIV | 42.0 | 2.500 |
| XV (2020-21) | 41.0 | 1.943 |
| XV (2021-2022) | 41.0 | 1.925 |

(ബി) മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തിക്കൊണ്ട് റവന്യൂ വരുമാനത്തിൽ സംസ്ഥാനത്തിന്റെ തനത് നികുതി വിഹിതമെത്രയാണെന്ന് അറിയിക്കാമോ?

മറ്റു സംസ്ഥാനങ്ങളുടെ 2019-2020 സാമ്പത്തിക വർഷം വരെയുള്ള കണക്കുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 2019-20 സാമ്പത്തിക വർഷം കേരളത്തിന്റെ റവന്യൂ വരുമാനം 90225 കോടി രൂപയും തനത് നികുതി വരുമാനം 50323 കോടി രൂപയുമാണ്. തനത് നികുതി വരുമാനം ആകെ റവന്യൂ വരുമാനത്തിന്റെ 55.8 ശതമാനമാണ്. മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇക്കാര്യത്തിൽ കേരളം 6-ാം സ്ഥാനത്താണ്. കേരളത്തിന്റെയും മറ്റ് സംസ്ഥാനങ്ങളുടെയും റവന്യൂ വരുമാനത്തിലുള്ള തനത് നികുതി വിഹിതത്തിന്റെ കണക്കുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതത്തിൽ ആനുപാതികമായി കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റത്തിൽ കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിന് ലഭിക്കേണ്ട വിഹിതത്തിൽ കുറവുണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ഗ്രാന്റിനത്തിൽ ലഭ്യമായത് 5141.92 കോടി രൂപ ആയിരുന്നുവെങ്കിൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം ഈയിനത്തിൽ 3801.75 കോടി രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ.

(ഡി) കേന്ദ്ര വിവേചനം തുടരുന്ന സാഹചര്യത്തിൽ ധനദൃഢീകരണത്തിനായി സംസ്ഥാനം നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

ചരക്കു സേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനവിനുള്ള ഇടപെടലുകൾക്ക് പരിമിതികളും നിയന്ത്രണങ്ങളുമുണ്ടായി. ഈ സാഹചര്യത്തിൽ നികുതി പിരിവ് കാര്യക്ഷമമാക്കിക്കൊണ്ടും നികുതിയേതര വരുമാനം ഉയർത്തുകയും

സാമൂഹ്യക്ഷേമ ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുന്നതിലേക്കായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധയിനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയും ധനദൃഢീകരണം സാധ്യമാക്കുന്നതിനുതകുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

**സംസ്ഥാനത്തിന്റെ നിലവിലുള്ള പൊതുകടം**

5 (418) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നിലവിലുള്ള ആകെ കടം, പൊതുകടം എന്നിവയുടെ തരം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾപ്രകാരം നടപ്പ് സാമ്പത്തിക വർഷം ഡിസംബർ 31 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 2,29,052.83 കോടി രൂപയും കടബാധ്യത 3,54,546.48 കോടി രൂപയുമാണ്. ഇതിൽ സംസ്ഥാനം തിരിച്ചടയ്ക്കേണ്ടതില്ലാത്ത വായ്പയായി കേന്ദ്രസർക്കാരിൽനിന്ന് 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ലഭ്യമായ ജി.എസ്.ടി നഷ്ടപരിഹാരത്തുക ഉൾപ്പെടുന്നില്ല.

(ബി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തിന്റെ ആകെ കടം എത്ര രൂപയായിരുന്നു?

അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ കടബാധ്യത 3,35,641.15 കോടി രൂപയായിരുന്നു.

(സി) കിഫ്ബി, പ്രവാസി ചിട്ടി തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ സർക്കാർ ബഡ്ജറ്റിന് പുറമേ സമാഹരിച്ച ആകെ തുക എത്രയാണെന്ന് ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

01-02-2023-ലെ കണക്കുകൾ പ്രകാരം പ്രവാസി ചിട്ടിയിലൂടെ കിഫ്ബിയിലേയ്ക്ക് 956.57 കോടി രൂപയുടെ നിക്ഷേപം ലഭിച്ചിട്ടുണ്ട്. ഇതുൾപ്പെടെ കിഫ്ബി വിവിധ സ്രോതസ്സുകളിലൂടെ 21308.77 കോടി രൂപ ഇതിനോടകംതന്നെ ഉറപ്പുവരുത്തിയിട്ടുണ്ട്. ആയതിൽ 17677.27 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ഇതിനോടകം 779.32 രൂപ തിരിച്ചടച്ചിട്ടുണ്ട്. 16897.95 കോടി രൂപ തിരിച്ചടയ്ക്കാനുണ്ട്.

(ഡി) ഇപ്രകാരം സമാഹരിച്ചിട്ടുള്ള തുകകളിൽ സർക്കാർ ഖജനാവിൽനിന്നും പ്രത്യക്ഷമായോ പരോക്ഷമായോ തിരിച്ചടയ്ക്കേണ്ടി വരുന്നത് എത്ര രൂപയാണെന്ന് ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ, ഈ

തുകകൾ തിരിച്ചടയ്ക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള രീതികൾ വിശദമാക്കുമോ?

കിഫ്ബിയുടെ വായ്പകളുടെ തിരിച്ചടവ് നടത്തിവരുന്നത് കിഫ് ആക്ട് പ്രകാരം സർക്കാരിൽനിന്നും ലഭിക്കുന്ന ആന്വിറ്റിയിൽനിന്നും വരുമാനദായകമായ പദ്ധതികളിൽനിന്നുള്ള തിരിച്ചടവുകളിൽനിന്നും ഹ്രസ്വകാല നിക്ഷേപങ്ങളിൽനിന്നും ലഭിക്കുന്ന വരുമാനങ്ങളിൽ നിന്നുമാണ്. കിഫ്ബി സമാഹരിച്ചിരിക്കുന്ന വായ്പകളും പുറപ്പെടുവിച്ചിട്ടുള്ള ബോണ്ടുകളും 3 മുതൽ 15 വർഷം വരെയുള്ള വിവിധ കാലയളവിൽ തിരിച്ചടവ് പൂർത്തിയാകുന്നവയാണ്. ഇവയിൽ ബാങ്ക് ലോണുകളുടെ പലിശ നിരക്ക് കാലാകാലങ്ങളിലെ MCLR നിരക്കിനെ അടിസ്ഥാനമാക്കി മാറുകയും ചെയ്യും. കിഫ്ബിയുടെ നിലവിലെ വായ്പകളും ബോണ്ടുകളും അവയുടെ തിരിച്ചടവും സംബന്ധിക്കുന്ന വിവരം അനുബന്ധമായി നൽകുന്നു*.

**ജി.എസ്.ടി. കോമ്പൻസേഷൻ**

6 (419) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. കോമ്പൻസേഷൻ വകയിൽ സംസ്ഥാന സർക്കാരിന് ലഭിക്കാൻ ബാക്കിയുള്ള തുക എത്രയെന്ന് വിശദമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ 2017-18-ൽ 57.32 കോടി രൂപയും 2018-19-ൽ 25.79 കോടി രൂപയും 2020-21-ൽ 12.53 കോടി രൂപയും സംസ്ഥാനത്തിന് ലഭിക്കാനുണ്ട്. 2019-20-ൽ 11.40 കോടി രൂപ അധികം ലഭിച്ചിട്ടുണ്ട്. 2021-2022 സാമ്പത്തികവർഷം സംസ്ഥാനത്തിന് ലഭിക്കാനുള്ള നഷ്ടപരിഹാരം പൂർണ്ണമായും ലഭിച്ചിട്ടുണ്ട്. 2022-23 (ഏപ്രിൽ-ജൂൺ) വരെ 776.35 കോടി രൂപ ബാക്കി ലഭിക്കാനുണ്ട്. അക്കൗണ്ടന്റ് ജനറൽ കേരള സമർപ്പിക്കുന്ന അന്തിമ കണക്കുകൾ പ്രകാരമാണ് കേന്ദ്ര ഗവൺമെന്റിൽനിന്നും കോമ്പൻസേഷന്റെ പൂർണ്ണമായ സെറ്റിൽമെന്റ് ലഭിക്കുന്നത്.

(ബി) സംസ്ഥാനങ്ങൾക്കുള്ള കോമ്പൻസേഷൻ നിർത്തലാക്കിയ പശ്ചാത്തലത്തിൽ കോമ്പൻസേഷൻ സെസ്സ് ഈടാക്കുന്നത് നിർത്തലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

24-06-2022-ലെ നോട്ടിഫിക്കേഷൻ നമ്പർ 01/2022 പ്രകാരം കോമ്പൻസേഷൻ സെസ്സ് ഈടാക്കുന്നത് 2026 മാർച്ച് മാസം 31-ാം തീയതി വരെ തുടരുന്നതിന് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

**നികുതി, നികുതി ഇതര വരുമാനം**

7 (420) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തിലും നടപ്പ് സാമ്പത്തിക വർഷത്തിൽ നാളിതുവരെയും വിനോദസഞ്ചാരമേഖലയിൽനിന്നും ലോട്ടറി വില്പനയിൽനിന്നും മദ്യ വില്പനയിൽനിന്നും സർക്കാരിന് ലഭിച്ച നികുതി, നികുതി ഇതര വരുമാനം എന്നിവ എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

വിവിധ വകുപ്പുകളിൽനിന്നും സർക്കാരിന് ലഭിച്ച നികുതി, നികുതി ഇതര വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു.

**സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്**

2021-22 സാമ്പത്തിക വർഷത്തിൽ മദ്യ വിൽപ്പനയിൽനിന്നും സർക്കാരിന് ലഭിച്ച നികുതി വരുമാനം 12700 കോടി രൂപയാണ്. നടപ്പ് സാമ്പത്തിക വർഷത്തിൽ 2022 ഡിസംബർ 31 വരെ മദ്യ വിൽപ്പനയിൽനിന്നും സർക്കാരിന് ലഭിച്ച നികുതി വരുമാനം 9997.46 കോടി രൂപയാണ്. ജി.എസ്.ടി റിട്ടേൺ പ്രകാരം കമ്മോഡിറ്റിവൈസ് മാപ്പിംഗ് ലഭ്യമല്ലാത്തതിനാൽ ഇനം തിരിച്ചുള്ള നികുതി വരുമാനം ലഭ്യമല്ല.

2021-22 സാമ്പത്തിക വർഷത്തിൽ ലോട്ടറി വിൽപ്പനയിൽനിന്നും സർക്കാരിന് SGST ഇനത്തിൽ ലഭിച്ച നികുതി വരുമാനം 1000.24* കോടി രൂപയാണ്. നടപ്പ് സാമ്പത്തിക വർഷത്തിൽ 2022 ഒക്ടോബർ വരെ ലോട്ടറി വിൽപ്പനയിൽനിന്നും സർക്കാരിന് SGST ഇനത്തിൽ ലഭിച്ച നികുതി വരുമാനം 956.21* കോടി രൂപയാണ്.

*(Indicative figures from Tax Analyser portal)

**എക്സൈസ് വകുപ്പ്**

2021-22 സാമ്പത്തിക വർഷം നികുതി വരുമാനമായി 1952.49 കോടി രൂപയും നികുതി ഇതര വരുമാനത്തിൽ 56.89 കോടി രൂപയും 2022-23 സാമ്പത്തിക വർഷം ഡിസംബർ മാസംവരെ നികുതി വരുമാനമായി 2015.11 കോടി രൂപയും നികുതി ഇതര വരുമാനമായി 49.75 കോടി രൂപയും എക്സൈസ് വകുപ്പിന് ലഭ്യമായിട്ടുണ്ട്.

**കെ.എസ്.ബി.സി.**

2021-22 സാമ്പത്തിക വർഷം സെയിൽസ് ടാക്സ് ഇനത്തിൽ 10,146.42 കോടി രൂപയും ടേൺ ഓവർ ടാക്സ് ഇനത്തിൽ 736.08 കോടി രൂപയും എക്സൈസ് ഡ്യൂട്ടി ഇനത്തിൽ 1801.38 കോടി രൂപയും ഇംപോർട്ട്

ഫീ ഇനത്തിൽ 10.88 കോടി രൂപയും ആകെ നികുതി ഇനത്തിൽ 12694.76 കോടി രൂപയും ഗാലനേജ് ഫീ ഇനത്തിൽ 1.16 കോടി രൂപയും ലൈസൻസ് ഫീ ഇനത്തിൽ 0.23 കോടി രൂപയും കിസ്ത് ഇനത്തിൽ 10.80 കോടി രൂപയും ആകെ നികുതി ഇതര ഇനത്തിൽ 12.19 കോടി രൂപയും 2022-23 (2022 ഡിസംബർ വരെ) സാമ്പത്തിക വർഷത്തിൽ സെയിൽസ് ടാക്സ് ഇനത്തിൽ 9663.66 കോടി രൂപയും ടേൺ ഓവർ ടാക്സ് ഇനത്തിൽ 700.06 കോടി രൂപയും എക്സൈസ് ഡ്യൂട്ടി ഇനത്തിൽ 1773.82 കോടി രൂപയും ഇംപോർട്ട് ഫീ ഇനത്തിൽ 11.91 കോടി രൂപയും ആകെ നികുതി ഇനത്തിൽ 12149.45 കോടി രൂപയും ലൈസൻസ് ഫീ ഇനത്തിൽ 0.23 കോടി രൂപയും കിസ്ത് ഇനത്തിൽ 10.80 കോടി രൂപയും ആകെ നികുതി ഇതര ഇനത്തിൽ 11.03 കോടി രൂപയും സർക്കാർ ഖജനാവിലേയ്ക്ക് കെ.എസ്.ബി.സി ഒടുക്കിയിട്ടുണ്ട്.

**സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്**

ഭാഗ്യക്കുറി വകുപ്പ് നികുതിയിതര വകുപ്പായതിനാൽ നികുതി വരുമാനം ഇല്ല. നികുതിയിതര വരുമാനത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ടൂറിസം വകുപ്പ്**

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റിയുടെ ഭാഗമായി പ്രവർത്തിക്കുന്ന ടൂറിസം വകുപ്പിന്റെ കീഴിലുള്ള ഗസ്റ്റ് ഹൗസുകൾ/യാത്രീ നിവാസുകൾ/കേരള ഹൗസ് എന്നിവ സംസ്ഥാനത്തെത്തുന്ന വിശിഷ്ട/അതിവിശിഷ്ട വ്യക്തികൾക്ക് ഹോസ്പിറ്റാലിറ്റി സേവനം നൽകുന്നതിന് വേണ്ടിയുള്ളതാണ്. ഈ സ്ഥാപനങ്ങളിൽനിന്നും 2021-22 സാമ്പത്തിക വർഷത്തിലും 2022-23 സാമ്പത്തിക വർഷത്തിൽ നാളിതുവരെയും ലഭിച്ച നികുതി നികുതിയേതര വരുമാനങ്ങളുടെയും വകുപ്പിന്റെ കീഴിലുള്ള കനകക്കുന്ന് കൊട്ടാരത്തിലെ നിശാഗന്ധി ആഡിറ്റോറിയം, സൂര്യകാന്തി ഫെയർ ഗ്രൗണ്ട് എന്നിവ പൊതുജനങ്ങളുടെ ആവശ്യങ്ങൾക്കായി വാടകയ്ക്ക് അനുവദിച്ച് നൽകുന്നതിലൂടെയും മേൽ കാലയളവിൽ ലഭിച്ച നികുതി നികുതിയേതര വരുമാനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി

8 (421) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി ഇനത്തിൽ സംസ്ഥാനം പിരിച്ചെടുക്കാനുള്ള ആകെ കുടിശ്ശിക എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

30/11/2022 വരെ സംസ്ഥാനം പിരിച്ചെടുക്കാനുള്ള പ്രീ-GST കുടിശ്ശിക ഇനം തിരിച്ച് അനുബന്ധമായി ചേർക്കുന്നു *

(ബി) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ ആംനെസ്റ്റി സ്കീമുകളിലൂടെ പിരിച്ചെടുക്കാനുദ്ദേശിച്ച തുക എത്രയാണെന്നും പിരിച്ചെടുക്കാൻ സാധിച്ച തുക എത്രയാണെന്നും സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ആംനെസ്റ്റി പ്രകാരം ഓപ്റ്റ് ചെയ്ത തുകയും പിരിച്ചെടുക്കാൻ സാധിച്ച തുകയും അനുബന്ധമായി ചേർക്കുന്നു *

(സി) ആംനെസ്റ്റി സ്കീമുകൾ ഫലപ്രദമാകാത്തതിന്റെ കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ആംനെസ്റ്റി സ്കീമുകൾ ഫലപ്രദമല്ലെന്ന് കണക്കാക്കിയിട്ടില്ല. മുൻവർഷങ്ങളിലെ ആംനെസ്റ്റി സ്കീമുകൾ പൂർണ്ണമായും ഫലപ്രാപ്തിയിൽ എത്തിയിട്ടുണ്ടായിരുന്നില്ല. കോവിഡ് മഹാമാരിയും വലിയ കുടിശ്ശിക കേസുകളിൽ അപ്പീലുകൾ ഫയൽ ചെയ്യപ്പെട്ടതും ഇതിന് കാരണമായി. ധാരാളം വ്യാപാരികൾ ആംനെസ്റ്റി ഓപ്റ്റ് ചെയ്യുകയും കുടിശ്ശിക

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തീർപ്പാക്കുകയും ചെയ്യുകയുണ്ടായിട്ടുണ്ട്. ചെറിയ നികുതി തുകകൾ വലിയ ആളവിൽ തീർപ്പാക്കപ്പെട്ടിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിലും (2022-23) ആംനെസ്റ്റി പദ്ധതി തുടരുന്നുണ്ടായിരുന്നു.

(ഡി) നികുതി കുടിശിക പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ജി.എസ്.ടി വകുപ്പ് കാര്യക്ഷമമായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. റവന്യൂ റിക്കവറിയുടെ പ്രാധാന്യം കണക്കിലെടുത്ത് വകുപ്പിന്റെ പുനഃസംഘടനയിൽ ഇതിനായി എല്ലാ ജില്ലയിലും പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്. വകുപ്പുതലത്തിലും തഹസിൽദാർ (ആർ.ആർ) തലത്തിലും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക തീർപ്പാക്കൽ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയായ ആംനെസ്റ്റി പദ്ധതിയിലൂടെയും നികുതി കുടിശ്ശിക തീർപ്പാക്കിവരുന്നു.

## ധനകാര്യ വകുപ്പ് ജീവനക്കാർക്ക് പ്രത്യേക ബജറ്റ് അലവൻസ്

9 (422) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് ജീവനക്കാർക്ക് പ്രത്യേക അലവൻസ് അനുവദിച്ച് നൽകുന്നുണ്ടോ; എങ്കിൽ ഈ അലവൻസ് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ; ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം അലവൻസ് അനുവദിച്ച് നൽകുന്നത്; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഓരോ സാമ്പത്തിക വർഷവും ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട്, അധിക ജോലി ചെയ്യേണ്ടിവരുന്ന 5 മാസങ്ങളിലെ ജോലിഭാരം കണക്കിലെടുത്താണ് കോമ്പൻസേറ്ററി അലവൻസ് അനുവദിക്കുന്നത്. സാധാരണ ജോലി സമയമായ 7 മണിക്കൂറിൽ അധികമായി ജോലി നോക്കുന്ന മണിക്കൂറുകളുടെ അടിസ്ഥാനത്തിൽ, ധനകാര്യ വകുപ്പുമന്ത്രിയുടെ ഉത്തരവിന് വിധേയമായി ജീവനക്കാർക്ക് കോമ്പൻസേറ്ററി അലവൻസ് അനുവദിച്ചുവരുന്നു.

10-10-2019-ലെ സ.ഉ.(സാധാ) നം. 7981/2019/ധന ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ കോമ്പൻസേറ്ററി അലവൻസ് അനുവദിച്ചുവരുന്നത്. (പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു).* അതത് കാലയളവുകളിൽ കോമ്പൻസേറ്ററി അലവൻസ് അനുവദിക്കുന്ന

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫയലുകളിലെ ഉത്തരവുകൾക്ക് വിധേയമായി കോമ്പൻസേറ്ററി അലവൻസിന്റെ സമയക്രമത്തിലും നിരക്കിലും ഭേദഗതി വരുത്താറുണ്ട്.

(ബി) എത്ര രൂപ നിരക്കിലാണ് ബജറ്റ് അലവൻസ് അനുവദിച്ച് നൽകുന്നത്; എത്ര മണിക്കൂർ അധിക ജോലി ചെയ്യുന്നതിനാണ് അലവൻസ് അനുവദിച്ചിട്ടുള്ളത്; ഒരു മണിക്കൂർ അധിക ജോലി ചെയ്യുന്നതിന് എത്ര രൂപയാണ് ബജറ്റ് അലവൻസ് നിലവിൽ അനുവദിക്കുന്നത്; കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ ബജറ്റ് അലവൻസ് ഇനത്തിൽ ധനകാര്യ വകുപ്പുദ്യോഗസ്ഥർക്ക് അനുവദിച്ചുനൽകിയ തുക സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കുമോ?

വിവിധ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് അധികം ജോലി ചെയ്യുന്ന മണിക്കൂറിന് (പരമാവധി 200 മണിക്കൂർ ക്രമത്തിൽ) നിലവിൽ അനുവദിച്ച് വരുന്ന കോമ്പൻസേറ്ററി അലവൻസിന്റെ പരിധി ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിഭാഗം | അധിക ഓരോ മണിക്കൂറിനുമുള്ള അലവൻസ് | പരിധി (തുക രൂപയിൽ) |
|---|---|---|---|
| 1 | അഡീഷണൽ സെക്രട്ടറി | 200 | 38500/- |
| 2 | ജോയിന്റ് സെക്രട്ടറി | 180 | 35000/- |
| 3 | ഡെപ്യൂട്ടി സെക്രട്ടറി | 160 | 31500/- |
| 4 | അണ്ടർ സെക്രട്ടറി | 140 | 28000/- |
| 5 | അക്കൗണ്ട്സ് ഓഫീസർ/ | 120 | 24000/- |

| | | | |
|---|---|---|---|
| | സെക്ഷൻ ഓഫീസർ/പേഴ്സണൽ അസിസ്റ്റന്റ് (സെലക്ഷൻ ഗ്രേഡ്)/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സെലക്ഷൻ ഗ്രേഡ്) | | |
| 6 | അസിസ്റ്റന്റ് | 110 | 22000/- |
| 7 | കമ്പ്യൂട്ടർ അസിസ്റ്റന്റ് | 90 | 18000/- |
| 8 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 85 | 16000/- |
| 9 | ഓഫീസ് അറ്റൻഡന്റ് | 65 | 13000/- |
| 10 | ഡ്രൈവർ | @2500/മാസം | |

കഴിഞ്ഞ അഞ്ചു സാമ്പത്തിക വർഷങ്ങളിൽ ബജറ്റ് അലവൻസ് ഇനത്തിൽ ധനകാര്യ വകുപ്പുദ്യോഗസ്ഥർക്ക് അനുവദിച്ചു നൽകിയ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | തുക |
|---|---|
| 2017 -18 | 7,11,164/- രൂപ (ഏഴു ലക്ഷത്തി പതിനൊന്നായിരത്തി ഒരുനൂറ്റി അറുപത്തി നാല് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. |
| 2018-19 | 11,90,893/- രൂപ (പതിനൊന്ന് ലക്ഷത്തി തൊണ്ണൂറായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. |
| 2019-20 | 10,07,683/- രൂപ (പത്ത് ലക്ഷത്തി ഏഴായിരത്തി അറുനൂറ്റി എൺപത്തി മൂന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. |
| 2020-21 | 2020-21-ലെ ബജറ്റ് തയ്യാറാക്കിയതുമായി ബന്ധ-പ്പെട്ട് |

| | |
|---|---|
| | 09/09/2020 തീയതിയിലെ 5176/2020/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 9,68,705/- രൂപയും 2021-22-ലെ ബജറ്റ് തയ്യാറാക്കിയതുമായി ബന്ധപ്പെട്ട് 13/02/2021-ലെ 1287/2021/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 15,04,560/- രൂപയും ചേർത്ത് ആകെ ഈ ഇനത്തിൽ 24,73,265/- രൂപ (ഇരുപത്തി നാല് ലക്ഷത്തി എഴുപത്തി മൂവായിരത്തി ഇരുന്നൂറ്റി അറുപത്തിയഞ്ച് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. |
| 2021-22 | റിവൈസ്ഡ് ബജറ്റ് 2021-22 തയ്യാറാക്കിയ ഇനത്തിൽ അലവൻസായി 46,500/-രൂപ (നാൽപത്തിയാറായിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. |

(സി) ധനകാര്യവകുപ്പിലെ ഏതൊക്കെ ഉദ്യോഗസ്ഥർക്കാണ് ബജറ്റ് അലവൻസിന് അർഹതയുള്ളത്; ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരുടെ ചുമതലകൾ തസ്തിക തിരിച്ച് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പിലെ ബഡ്ജറ്റ് ഡിവിഷനിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്കും ധനകാര്യ വകുപ്പിലെ റിസോഴ്സ് സെക്രട്ടറി, അഡീ. ചീഫ് സെക്രട്ടറി എന്നിവരുടെ ഓഫീസിലെ ജീവനക്കാർക്കും ബഡ്ജറ്റ് വിഭാഗത്തിൽ ജോലി ചെയ്യുന്ന സെക്യൂരിറ്റി ജീവനക്കാർ, ശുചീകരണ തൊഴിലാളികൾ, ഡ്രൈവർമാർ, ലെയ്സൺ ഓഫീസർ (പ്രിന്റിംഗ്)

തുടങ്ങിയവർക്കുമാണ് ബഡ്ജറ്റ് അലവൻസിന് അർഹതയുള്ളത്. ഇതിനുപുറമെ ബഡ്ജറ്റ് സ്പീച്ച്, എം.റ്റി.എഫ്.പി, ബജറ്റ് ഇൻ ബ്രീഫ് തുടങ്ങിയ ബജറ്റ് രേഖകൾ തയ്യാറാക്കുന്ന ഉദ്യോഗസ്ഥർക്കും അലവൻസിന് അർഹതയുണ്ട്.

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കിയതുമായി ബന്ധപ്പെട്ട് ബജറ്റ് അലവൻസായി ധനകാര്യവകുപ്പ് ഉദ്യോഗസ്ഥർക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഓരോ ഉദ്യോഗസ്ഥർക്കും ബഡ്ജറ്റ് അലവൻസ് അനുവദിച്ച കാലയളവും നിരക്കും അധിക ജോലിയെടുത്ത സമയവും ഉൾപ്പെടെയുള്ള വിശദാംശം തസ്തിക തിരിച്ച് വ്യക്തമാക്കുമോ?

കഴിഞ്ഞ സാമ്പത്തിക വർഷത്തെ (2021-22) ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് അലവൻസായി 13-02-2021-ലെ സ.ഉ. നം.1287/2021/ധന പ്രകാരം 15,04,560/- രൂപയും 30/12/2021-ലെ സ.ഉ. നം. 8526/2021/ധന പ്രകാരം 46,500/- രൂപയും ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അനുവദിച്ചിട്ടുണ്ട്.

കഴിഞ്ഞ സാമ്പത്തിക വർഷത്തെ (2021-22) ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് ബജറ്റ് അലവൻസ്

അനുവദിച്ചതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഇ) നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ ഈ ഇനത്തിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ബജറ്റ് അലവൻസിനായി കഴിഞ്ഞ സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയ തുക എത്രയാണ്; ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചു; ഇതിനായി അഡീഷണൽ ഓതറൈസേഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; കഴിഞ്ഞ സാമ്പത്തിക വർഷം ബജറ്റ് അലവൻസ് അനുവദിച്ചു നൽകിയത് സംബന്ധിച്ച ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ബജറ്റ് അലവൻസ് പ്രോസസ്സ് ചെയ്യുന്നത് 2052-00-90-96-01-05 എന്ന ശീർഷകത്തിലാണ്. ഇതിനായി പ്രത്യേക തുക വകയിരുത്തിയിട്ടില്ല. ഈ ഇനത്തിൽ 19/07/2022-ലെ 5236/2022/ധന സർക്കാർ ഉത്തരവുപ്രകാരം 15,51,504/- രൂപ (പതിനഞ്ച് ലക്ഷത്തി അൻപത്തിയൊന്നായിരത്തി അഞ്ഞൂറ്റി നാല് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

കഴിഞ്ഞ സാമ്പത്തിക വർഷം (2021-22) ബജറ്റ് അലവൻസ് അനുവദിച്ചു നൽകിയിട്ടുള്ളത് 2021-22 വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച ജീവനക്കാർക്കാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പദ്ധതിയിനത്തിൽ ചെലവഴിച്ച ആകെ തുക

10 (423) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സാമ്പത്തിക വർഷം നാളിതുവരെ പദ്ധതിയിനത്തിൽ ചെലവഴിച്ച ആകെ തുക എത്രയാണെന്നും പ്രസ്തുത തുക പദ്ധതി ഇനത്തിന്റെ എത്ര ശതമാനമാണെന്നും വകുപ്പ് തിരിച്ച് വിവരം ലഭ്യമാക്കുമോ?

ഈ സാമ്പത്തിക വർഷം കിഫ്ബി മുഖേന ചെലവഴിച്ച 2469.69 കോടി രൂപയും Resumed fund തിരികെ കൊടുത്ത വകയിൽ 3404.59 കോടി രൂപയും KSRTC-യ്ക്ക് ലോൺ ഇനത്തിൽ അനുവദിച്ച 1312.13 കോടി രൂപയും പദ്ധതി വിഹിതത്തിൽ ചെലവഴിച്ച 19841.64 കോടി രൂപയും (പ്ലാൻസ്പേസിൽ നിന്നുള്ള താൽക്കാലിക കണക്കുകൾ പ്രകാരം) കൂടി കണക്കാക്കുമ്പോൾ 28-01-2023-വരെ ആകെ 27028.05 കോടി രൂപ ചെലവായിട്ടുണ്ട്. ഇത് ആകെ ബജറ്റ് വിഹിതത്തിന്റെ 68.18 ശതമാനമാണ്. വകുപ്പ് തിരിച്ചുള്ള സ്ഥിതി വിവരക്കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ജി.എസ്.ടി. വിഹിതം വർദ്ധിപ്പിക്കാൻ നടപടി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

11 (424) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന്റെ മൊത്തം ചെലവിന്റെ 62.4 ശതമാനം സംസ്ഥാനങ്ങൾ വഹിക്കുന്നുവെന്ന് ധനകാര്യ കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ കേന്ദ്ര സർക്കാർ ഡിവിസിബിൾ പൂളിൽനിന്നും വൻതുക ഒഴിവാക്കിയത് കാരണം ആകെ നികുതിയുടെ 30 ശതമാനം മാത്രം സംസ്ഥാനങ്ങൾക്ക് ലഭ്യമാകുന്ന സാഹചര്യം സംസ്ഥാനങ്ങളുടെ ഭരണ നിർവ്വഹണ ശേഷി കുറയ്ക്കുമെന്നതിനാൽ ജി.എസ്.ടി. വിഹിതം വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിലെ കേന്ദ്ര ബജറ്റിന്റെ മുന്നോടിയായി കേന്ദ്ര ധനകാര്യ മന്ത്രി 25-11-2022-ൽ സംസ്ഥാന ധനമന്ത്രിമാരുമായി നടത്തിയ പ്രീ-ബജറ്റ് മീറ്റിംഗിൽ ജി.എസ്.ടി. വിഹിതം 60:40 എന്ന അനുപാതത്തിലാക്കണമെന്ന് സംസ്ഥാനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഡിവിസിബിൾ പൂളിൽനിന്നും സെസ്, സർചാർജ് തുടങ്ങിയവ ഒഴിവാക്കി കൂടുതൽ തുക കേന്ദ്ര സർക്കാർ സമാഹരിക്കുന്ന സാഹചര്യത്തിൽ

സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കുന്ന നികുതി വിഹിതം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ?

സെസുകളുടെയും സർചാർജ്ജുകളുടെയും വർദ്ധനവ് കാരണം മൊത്തം കേന്ദ്ര നികുതി വരുമാനവും ഡിവിസിബിൾ പൂളിൽനിന്നും സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട നികുതിയും തമ്മിലുള്ള അനുപാതത്തിൽ വളരെയധികം കുറവ് വന്നിട്ടുണ്ട്. ആയതിനാൽ കേന്ദ്ര സർക്കാർ സെസുകളും സർചാർജ്ജുകളും ചുമത്തുന്നത് ഒഴിവാക്കണമെന്നും അല്ലാത്തപക്ഷം ഇതിൽനിന്നുള്ള വരവ് സംസ്ഥാനങ്ങൾക്കുകൂടി ആനുപാതികമായി ലഭിക്കുന്ന തരത്തിലുള്ള നിയമ പരിരക്ഷയുള്ള സംവിധാനമുണ്ടാക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കേന്ദ്ര വിവേചനം അതിജീവിച്ചുകൊണ്ട് വികസന, സാമൂഹ്യ സേവന മേഖലകളിലെ ചെലവുയർത്തി ത്വരിതഗതിയിലുള്ള വികസനം സാധ്യമാക്കുകയെന്ന ലക്ഷ്യം നേടുന്നതിന് അനുയോജ്യമായ തരത്തിലാണോ വികസന തന്ത്രം ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ

അടിസ്ഥാനസൗകര്യ വികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നത്. മുൻവർഷങ്ങളിൽ സമ്പദ്‌വ്യവസ്ഥയ്ക്കകത്തുനിന്നും പുറത്തുനിന്നുമുണ്ടായ തടസ്സങ്ങളിൽനിന്നും മോചനം നേടി പുനർനിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. നികുതി-നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകളും ധൂർത്തുകളും ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിതപരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യ മേഖലയുടെ വികസനം ലക്ഷ്യമാക്കി മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ വിഹിതമാണ് നടപ്പുവർഷം മൂലധന ചെലവുകൾക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിനുപുറമേ കിഫ്ബിയുടെ നിക്ഷേപം അടിസ്ഥാന സൗകര്യ മേഖലയെ ചലനാത്മകമാക്കുകയും ചെയ്യും.

## ജി.എസ്.ടി. നഷ്ടപരിഹാരത്തുക

12 (425) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്രസർക്കാർ സംസ്ഥാനത്തിന് നൽകിവന്നിരുന്ന ജി.എസ്.ടി. നഷ്ടപരിഹാരത്തുക നിർത്തലാക്കിയത് കാരണം 2023-24 വർഷം സംസ്ഥാനത്തിന് ഈ ഇനത്തിൽ നഷ്ടമാകുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് 01-07-2017 മുതൽ സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതിനഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16-ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽനിന്നും എസ്.ജി.എസ്.ടി. കളക്ഷനും ഐ.ജി.എസ്.ടി. ക്രെഡിറ്റും ആ മാസം ലഭിച്ച എൽ.എൻ.ജി. ഒഴിച്ചുള്ള വാറ്റ് കളക്ഷനും കൂട്ടിക്കിഴിച്ചുള്ള ബാക്കിത്തുകയാണ് നഷ്ടപരിഹാരമായി ലഭിക്കുന്നത്. ഇപ്രകാരം കണക്കാക്കിയ നഷ്ടപരിഹാരത്തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

സംസ്ഥാനത്തിന് നഷ്ടപരിഹാരമായി 2017-18-ൽ 57.32 കോടി രൂപയും 2018-19-ൽ 25.79 കോടി രൂപയും 2020-21-ൽ 12.53 കോടി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപയും ലഭിക്കാനുണ്ട്. 2019-20-ൽ 11.40 കോടി രൂപ അധികം ലഭിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം സംസ്ഥാനത്തിന് ലഭിക്കാനുള്ള നഷ്ടപരിഹാരം പൂർണ്ണമായും ലഭിച്ചിട്ടുണ്ട്. 2022-23 (ഏപ്രിൽ - ജൂൺ) വരെ 776.35 കോടി രൂപ ബാക്കി ലഭിക്കാനുണ്ട്.

കോമ്പൻസേഷൻ ആക്റ്റ് പ്രകാരം നഷ്ടപരിഹാരം ലഭിച്ചിരുന്നത് 2022 ജൂൺ മാസം വരെയായിരുന്നു. മേൽപ്പറഞ്ഞ നിയമപ്രകാരം നഷ്ടപരിഹാരം കണക്കാക്കുന്നതിലേയ്ക്ക് 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത എസ്.ജി.എസ്.ടി. കളക്ഷൻ, ഐ.ജി.എസ്.ടി. സെറ്റിൽമെന്റ്, എൽ.എൻ.ജി. ഒഴിച്ചുള്ള വാറ്റ് കളക്ഷൻ എന്നിവ ആവശ്യമാണ്. ആയതിനാൽ ടി ഇനത്തിൽ നഷ്ടമാകുന്ന തുക എത്രയാണെന്ന് കണക്കാക്കിയിട്ടില്ല.

## സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം

13 (426) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നത് സംബന്ധിച്ച ധനകാര്യവകുപ്പിന്റെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നത് സംബന്ധിച്ച് 24-02-2003-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.113/2003/ഫിൻ, 19-12-2005-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.543/2005/ഫിൻ, 19-01-2007-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.25/07/ഫിൻ, 02-08-2008-ലെ സർക്കുലർ നം. 41/2008/ഫിൻ എന്നിവ പ്രകാരം ധനകാര്യ (പരിശോധന-നോൺ ടെക്നിക്കൽ-എഫ്) വകുപ്പ് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെയും സർക്കുലറിന്റെയും പകർപ്പുകൾ ഇതോടൊപ്പം ലഭ്യമാക്കുന്നു.*

(ബി) ധനകാര്യ പരിശോധനാ വിഭാഗം ഈ വർഷം എത്ര സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം കണ്ടെത്തിയിട്ടുണ്ടെന്ന വിശദാംശം നൽകുമോ?

ധനകാര്യ (പരിശോധന-നോൺ ടെക്നിക്കൽ) വകുപ്പ് 2023-ൽ സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം ഒന്നുംതന്നെ കണ്ടെത്തിയിട്ടില്ല.

(സി) മുഖ്യമന്ത്രിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, ജലവിഭവ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി തുടങ്ങിയവരുടെ വാഹന ഉപയോഗം പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഇല്ല.

**നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രതീക്ഷിച്ച**

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## റവന്യൂ വരുമാനം

14 (427) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രതീക്ഷിച്ച റവന്യൂ വരുമാനം എത്രയാണെന്നും നാളിതുവരെ ഈ ഇനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; നടപ്പ് സാമ്പത്തിക വർഷത്തിൽ നാളിതുവരെയുള്ള റവന്യൂ ചെലവ് വ്യക്തമാക്കുമോ;

(ബി) മൂലധന ചെലവുകൾക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നുവെന്നും അതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രതീക്ഷിച്ച നികുതി വരുമാനവും നികുതി ഇതര വരുമാനവും എത്രയെന്നും നാളിതുവരെ ഈ ഇനങ്ങളിൽ എത്ര തുക സമാഹരിക്കാൻ സാധിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

(എ-സി) നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ പ്രതീക്ഷിച്ച റവന്യൂ വരുമാനം, റവന്യൂ ചെലവ്, മൂലധന ചെലവ്, സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം, സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം

എന്നിവയുടേയും അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2022 ഡിസംബർ മാസംവരെ ഈ ഇനങ്ങളിൽ ലഭ്യമായതും ചെലവായതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ പട്ടികയായി ചേർക്കുന്നു.

(തുക കോടിയിൽ)

| ഇനം | ബജറ്റിൽ പ്രതീക്ഷിച്ചത് | ലഭ്യമായത്/ ചെലവായത് * |
|---|---|---|
| റവന്യൂ വരുമാനം | 134097.80 | 90333.47 |
| റവന്യൂ ചെലവ് | 157065.89 | 103664.13 |
| മൂലധന ചെലവ് | 14890.76 | 8856.61 |
| സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം, | 74097.80 | 50870.90 |
| സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം | 11769.55 | 7018.72 |

*(അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്ക് പ്രകാരം)

**സംസ്ഥാനത്തിന്റെ പ്രതീക്ഷിത വരുമാനത്തിൽ ഉണ്ടായിട്ടുള്ള കുറവ്**

15 (428) ഡോ. കെ. ടി. ജലീൽ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ തുടരുന്ന നിഷേധാത്മക നിലപാടുമൂലം നടപ്പ് സാമ്പത്തികവർഷം സംസ്ഥാനത്തിന്റെ പ്രതീക്ഷിത വരുമാനത്തിൽ

കുറവുണ്ടായിട്ടുണ്ടോ; അടുത്ത വർഷങ്ങളിലും വരുമാനത്തിൽ കുറവ് പ്രതീക്ഷിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തിന് അർഹതപ്പെട്ട റവന്യൂ കമ്മിഗ്രാന്റ്, ജി.എസ്.ടി. നഷ്ടപരിഹാരം, എന്നിവ നിഷേധിച്ചതും സംസ്ഥാനത്തിന്റെ വായ്പാപരിധി വെട്ടിക്കുറച്ചതും പ്രളയം, കോവിഡ് എന്നിവയ്ക്കുശേഷം തിരിച്ചുവരുന്ന സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ ഏതെല്ലാം രീതിയിൽ ബാധിക്കും; വിശദാംശം നൽകുമോ?

(എ&ബി) കേന്ദ്രസർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരിനെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുകയാണ്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽനിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിന് ലഭിക്കേണ്ട വിഹിതത്തിൽ കുറവുണ്ടായിട്ടുണ്ട്.

സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ലഭിക്കുന്ന

വിഹിതം കാലാകാലങ്ങളായി കുറഞ്ഞുവരികയാണ്. പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായി മാറുകയും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഈ കാലയളവിൽ 1.925 ശതമാനമായി കുറയുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതത്തിലും കുറവുണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുൾപ്പെടെ വിവിധ കേന്ദ്രപദ്ധതികൾക്കായി ഗ്രാന്റിനത്തിൽ സംസ്ഥാന സഞ്ചിതനിധിയിൽ ലഭ്യമായത് 5455.10 കോടി രൂപയായിരുന്നുവെങ്കിൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം ഈയിനത്തിൽ 3990.45 കോടി രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇതിനുപുറമേ 2023-24-ന് ശേഷം റവന്യൂ കമ്മി ഗ്രാന്റ് ലഭ്യമല്ലാതാകുന്നതും ജി.എസ്.ടി നഷ്ടപരിഹാരം 2022 ജൂണിൽ അവസാനിപ്പിച്ചതും കോവിഡ് കാലത്ത് കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ചുനൽകിയിരുന്ന കടമെടുപ്പ് പരിധിയായ 5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടുവരുന്നതും സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. കേന്ദ്ര ആസൂത്രണ കമ്മീഷൻ നിലവിലുണ്ടായിരുന്നപ്പോൾ ലഭിച്ചുകൊണ്ടിരുന്ന ഒറ്റത്തവണ

കേന്ദ്രസഹായം, അധിക കേന്ദ്ര സഹായം, സാധാരണ കേന്ദ്ര സഹായം എന്നിവ കേന്ദ്രസർക്കാർ ഇതിനകംതന്നെ നിർത്തലാക്കിയിട്ടുമുണ്ട്.

സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണ് എന്ന തെറ്റായ നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കിഫ്ബി, KSSPL മുതലായ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളുടെ കടം സംസ്ഥാന സർക്കാരിന്റെ കടമായി തെറ്റായി കണക്കാക്കി 2021-22 സാമ്പത്തിക വർഷം ഈ സ്ഥാപനങ്ങൾ എടുത്ത വായ്പ നാലു തവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽനിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്രസർക്കാർ ഇതിനകംതന്നെ കൈക്കൊണ്ടിട്ടുണ്ട്. ഈ നിലപാടിനോട് സംസ്ഥാന സർക്കാരിനുള്ള ശക്തമായ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ പല തവണ അറിയിച്ചിട്ടുണ്ട്. കൂടാതെ ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി 2017 ഓഗസ്റ്റിന് മുൻപ് നിലനിന്നിരുന്നപോലെ പൊതുകണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും

പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽനിന്നും ഒഴിവാക്കണമെന്ന് 22-07-2022-ലെ 134/2022/എം.ധന കത്ത് പ്രകാരം സംസ്ഥാന ധനകാര്യമന്ത്രി കേന്ദ്രധനകാര്യ മന്ത്രിയോടും അഭ്യർത്ഥിച്ചിട്ടുണ്ട്. മേൽവിഷയത്തിൽ ഒരു അനുകൂല തീരുമാനം കൈക്കൊള്ളേണ്ടതാണെന്ന് കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള (Pre -Budget Meeting) 25-11-2022-ലെ യോഗത്തിൽ ധനകാര്യ മന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത നിലപാടിൽ കേന്ദ്ര സർക്കാർ ഒരു മാറ്റവും വരുത്തിയിട്ടില്ല.

കൂടാതെ, സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടണമെന്നും ഭരണഘടനാ വ്യവസ്ഥകളിൽനിന്നുള്ള വ്യതിയാനങ്ങളും സുപ്രധാന കേന്ദ്ര-സംസ്ഥാന സാമ്പത്തിക പ്രശ്നങ്ങളും പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു. മുഖ്യമന്ത്രിയുടെ 19-01-2023-ലെ 133/CM/2023 നമ്പർ കത്ത് പ്രകാരം ബഹു. പ്രധാനമന്ത്രിക്ക് ഒരു നിവേദനം സമർപ്പിച്ചിട്ടുമുണ്ട്.

ധനകാര്യ കമ്മീഷൻ നിശ്ചയിച്ച് നൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാന ബജറ്റ് തയ്യാറാക്കാറുള്ളത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാനസൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്. സംസ്ഥാന നിയമസഭ, ബജറ്റ് പാസാക്കിയതിനുശേഷം പിന്നീട് കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്നത് സംസ്ഥാനത്തിന്റെ വികസന മുൻഗണനകളെ താളം തെറ്റിക്കുകയും നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസമുണ്ടാകുന്നതിന് ഇടവരുത്തുകയും ചെയ്യും.

## സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ

16 (429) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കാമോ?

സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സർക്കാർ വിഭാവനം ചെയ്തിട്ടുള്ള പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- ചരക്ക് സേവന നികുതി വകുപ്പിനെ പുനഃസംഘടിപ്പിച്ചുകൊണ്ട് നികുതി ചോർച്ച ഫലപ്രദമായി തടയുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ചരക്ക് സേവന നികുതി വകുപ്പിന് കീഴിൽ ടാക്സ് പെയർ സർവ്വീസസ്, ആഡിറ്റ് ആൻഡ് ഇന്റലിജന്റ്സ് എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്.
- നികുതിയുടെ രംഗത്ത് ആധുനികവൽക്കരണം സാധ്യമാക്കുന്നതിനായി മോഡൽ 2 GSTN സൊല്യൂഷൻ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.' ടാക്സ് പേയേഴ്സ് പ്രൊഫൈൽ കാർഡ് എന്ന സംരംഭത്തിലൂടെ നികുതിദായകർക്ക് കൃത്യമായി നികുതി നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
- ലക്കി ബിൽ സ്കീം എന്ന ആപ്ലിക്കേഷനിലൂടെ പൊതുജനങ്ങൾക്ക് ജി.എസ്.ടി. ഇൻവോയ്സുകൾ അപ്‌ലോഡ് ചെയ്യുന്നതിനും പ്രസ്തുത ആപ്ലിക്കേഷനിലൂടെ നികുതിദായകരുടെ റിട്ടേൺ ഫയലിംഗ് സ്റ്റാറ്റസ്

സംബന്ധിച്ച വിവരങ്ങൾ സർക്കാരിന് പരിശോധിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

- അടിസ്ഥാന ഭൂനികുതി പരിഷ്കരിക്കുന്നതിലൂടെ 80 കോടി രൂപയുടെ അധിക വരുമാനം നടപ്പ് വർഷം ലക്ഷ്യമിടുന്നു.
- ഭൂമിയുടെ നിലവിലുള്ള ന്യായവിലയിൽ 10% ഒറ്റത്തവണ വർദ്ധനവ് നടപ്പിലാക്കുന്നതിലൂടെ 200 കോടി രൂപയുടെ അധിക വരുമാനം നടപ്പ് വർഷം ലക്ഷ്യമിടുന്നു.
- നികുതിയേതര വരുമാനം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രത്യേക ഇടപെടലുകളും നടപടികളും സ്വീകരിക്കുന്നതാണ്.

**കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കേണ്ട വരുമാനത്തിലുള്ള കുറവ്**

17 (430) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന് കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കേണ്ട വരുമാനത്തിൽ എത്ര മാത്രം കുറവ് വന്നിട്ടുണ്ട്; ഏതൊക്കെ മേഖലകളിലാണ് കുറവ് വന്നിട്ടുള്ളത്; വിശദാംശം അറിയിക്കാമോ?

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽനിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിന് ലഭിക്കേണ്ട വിഹിതത്തിൽ കുറവുണ്ടായിട്ടുണ്ട്. സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം 14-ാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് 15-ാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതം കാലാകാലങ്ങളായി കുറഞ്ഞുവരികയാണ്. 10-ാം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായി മാറുകയും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഈ കാലയളവിൽ 1.925 ശതമാനമായി കുറഞ്ഞിട്ടുമുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുൾപ്പെടെ വിവിധ കേന്ദ്ര പദ്ധതികൾക്കായി ഗ്രാന്റിനത്തിൽ സംസ്ഥാന സഞ്ചിത നിധിയിൽ ലഭ്യമാകുന്ന തുകയിൽ ഗണ്യമായ കുറവാണ് രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ഈയിനത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ലഭ്യമായ തുക 5455.10 കോടി രൂപയായിരുന്നുവെങ്കിൽ

2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത വിഹിതം 3990.45 കോടി രൂപയായി കുറഞ്ഞു. ചരക്ക് സേവന നികുതി നഷ്ടപരിഹാരം 2022-ജൂൺ മാസത്തിൽ നിർത്തലാക്കിയതിലൂടെ പ്രതിവർഷം ശരാശരി 12000 കോടി രൂപയുടെ വരുമാനക്കുറവാണ് സംസ്ഥാനത്തിനുണ്ടാവുക. കോവിഡ് കാലത്ത് കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ചുനൽകിയിരുന്ന കടമെടുപ്പ് പരിധിയായ 5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടുവന്നതും സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കേന്ദ്രം കൊണ്ടുവന്നിട്ടുള്ള നിയന്ത്രണങ്ങൾ സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ ചെറുതായിട്ടൊന്നുമല്ല ബാധിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് 2021-22 സാമ്പത്തിക വർഷം Off Budget Borrowing ആയി എടുത്ത തുക നാല് തവണകളായി 2022-23 സാമ്പത്തിക വർഷം മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽനിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്രസർക്കാർ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്. മാത്രമല്ല, സംസ്ഥാനത്തിന് ലഭ്യമാകുന്ന റവന്യൂ കമ്മി ഗ്രാന്റ് കുറഞ്ഞുവരുന്നതും

2023-24-ന് ശേഷം പ്രസ്തുത ഗ്രാന്റ് ലഭിക്കുകയില്ലായെന്നുള്ളതും സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ മോശമായി ബാധിക്കും.

**ആംനസ്റ്റി സ്കീം**

18 (432) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലഹരണപ്പെട്ട നികുതി സമ്പ്രദായത്തിലൂൾപ്പെടെയുള്ള നികുതി കുടിശ്ശികകൾ പിരിച്ചെടുക്കാൻ നടപ്പിലാക്കിയ ആംനസ്റ്റി സ്കീമിന്റെ പുരോഗതി വിശദമാക്കാമോ?

ജി.എസ്.ടി.-ക്ക് മുമ്പുള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശികകൾ എത്രയും പെട്ടെന്ന് തീർപ്പാക്കി കൂടുതൽ ശ്രദ്ധ ജി.എസ്.ടി.-യിലേക്ക് നൽകുന്നതിന്റെ ഭാഗമായി ആംനസ്റ്റി പദ്ധതി (ഒറ്റത്തവണ തീർപ്പാക്കൽ) പ്രകാരം നികുതി ഒടുക്കാനുള്ള അവസരം 2022-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. 2020-ൽ പ്രഖ്യാപിച്ച സമഗ്രമായ ആംനസ്റ്റി പദ്ധതി ചില മാറ്റങ്ങൾ വരുത്തി 2021-ലും ഈ സാമ്പത്തിക വർഷത്തിലും (2022-23) തുടരുന്നുണ്ടായിരുന്നു. ധാരാളം വ്യാപാരികൾ ആംനസ്റ്റി പദ്ധതി

സ്വീകരിക്കുകയും ഇതുപ്രകാരം അവരുടെ നികുതി കുടിശ്ശിക തീർപ്പാക്കുകയും ചെയ്തു.

പൊതുവില്പന നികുതി നിയമം, മൂല്യവർദ്ധിത നികുതി നിയമം, കേന്ദ്ര വില്പന നികതി നിയമം, സർചാർജ് നിയമം, ആഡംബര നികുതി നിയമം, കാർഷികാദായ നികുതി നിയമം എന്നീ നിയമങ്ങൾ പ്രകാരമുള്ള നികുതി കുടിശ്ശികകൾക്ക് ഈ പദ്ധതി ബാധകമാണ്. ആംനസ്റ്റി പദ്ധതിയിൽ വ്യാപാരികൾക്ക് ഓരോ വർഷത്തെയും നികുതി കുടിശ്ശികയിന്മേൽ ആംനസ്റ്റി ഓപ്റ്റ് ചെയ്യാനുള്ള അവസരം നൽകിയിട്ടുണ്ട്. ആംനസ്റ്റി പദ്ധതിയിൽ മൊത്തം നികുതി കുടിശ്ശികയിന്മേൽ പിഴയും പലിശയും പൂർണ്ണമായും ഒഴിവാക്കി ബാക്കി നികുതി തുകയുടെ ഏറ്റവും കുറഞ്ഞത് 60% (തവണകളായി അടച്ചാൽ 70% ഒറ്റത്തവണയായി അടച്ചാൽ 60%) ആണ് അടയ്ക്കേണ്ടത്. ഈ ആംനസ്റ്റി പദ്ധതി പ്രകാരം നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി ഓപ്ഷൻ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2022 ആഗസ്റ്റ് 31 വരെയും കുടിശ്ശിക അടച്ചുതീർക്കുന്നതിനുള്ള അവസാന തീയതി 2022 ഡിസംബർ 31 വരെയും ആയിരുന്നു. ഓരോ വർഷവും ആംനസ്റ്റി പദ്ധതിയിൽ ഓപ്റ്റ് ചെയ്ത തുകയും പിരിച്ചെടുത്ത തുകയും അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മുൻ വർഷങ്ങളിലെ ആംനസ്റ്റി സ്കീം പരാജയപ്പെടാനുണ്ടായ കാരണം നികുതി വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രധാന കാരണങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ?

ആംനസ്റ്റി സ്കീം പരാജയപ്പെട്ടതായി കണക്കാക്കുന്നില്ല. മുൻവർഷങ്ങളിലെ ആംനസ്റ്റി സ്കീമുകൾ പൂർണ്ണമായും ഫലപ്രാപ്തിയിൽ എത്തിയിട്ടുണ്ടായിരുന്നില്ല. കോവിഡ് മഹാമാരിയും വലിയ കുടിശ്ശിക കേസുകളിൽ അപ്പീലുകൾ ഫയൽ ചെയ്യപ്പെട്ടതും ഇതിന് കാരണമായി. ധാരാളം വ്യാപാരികൾ ആംനസ്റ്റി ഓപ്റ്റ് ചെയ്യുകയും കുടിശ്ശിക തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. ചെറിയ നികുതി കുടിശ്ശിക തുകകൾ വലിയ അളവിൽ തീർപ്പാക്കപ്പെട്ടിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിലും (2022-23) ആംനസ്റ്റി പദ്ധതി തുടരുന്നുണ്ടായിരുന്നു.

(സി) അപ്പീലുകൾക്കും വ്യവഹാരങ്ങൾക്കുംപുറത്ത് ഒരു ഫാസ്റ്റ്ട്രാക്ക് ടീമിനെ നിയോഗിച്ച് പ്രസ്തുത നികുതി നിർണ്ണയം പുനഃപരിശോധിച്ച് ഒരു അദാലത്തിലൂടെ പുനർനിർണ്ണയം നടത്തണം എന്ന ആവശ്യം ഉയർന്നിട്ടുണ്ടോ; എങ്കിൽ ആയത് പരിഗണിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ഇങ്ങനെയുള്ള ആവശ്യം ചില മേഖലകളിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്. മുൻ നിയമങ്ങളിലെ കുടിശ്ശികകൾ പൂർണ്ണമായും നിവാരണം ചെയ്യുന്നതിനും ഉദ്യോഗസ്ഥർക്ക് പൂർണ്ണമായും ചരക്കുസേവന നികുതി നിയമപ്രകാരമുള്ള പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുമായാണ് കൂടുതൽ ഇളവുകളോടെ ആംനസ്റ്റി പദ്ധതി അവതരിപ്പിച്ചിരിക്കുന്നത്. മുൻപ് നടത്തിയ നികുതി നിർണ്ണയങ്ങളിൽ തർക്കങ്ങളുള്ളപക്ഷം പരിശോധിക്കാൻ അപ്പീൽ സംവിധാനം വകുപ്പിൽ നിലവിലുണ്ട്. കേരളമൊട്ടാകെ മുൻപ് നടത്തിയ നികുതി നിർണ്ണയങ്ങൾ പുനർനിർണ്ണയം നടത്താൻ അധികം മനുഷ്യാധ്വാനവും സമയവും ആവശ്യമുണ്ട്. ഇത് ജി.എസ്.ടി-യിലേയ്ക്ക് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് തടസ്സമാകും.

**ഒരു കുടുംബം ഒരു സംരംഭം പദ്ധതി**

19 (433) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു കുടുംബം ഒരു സംരംഭം എന്ന പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്; ഇതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ഇനംതിരിച്ച് വ്യക്തമാക്കുമോ?

2022-23 സംരംഭകത്വ വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതോടനുബന്ധിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതി. ഈ പദ്ധതിയുടെ 50% ഗുണഭോക്താക്കൾ വനിതാ സംരംഭകരായിരിക്കും. ടി പദ്ധതിയിൽ ഉല്പാദന, സേവന, വ്യാപാര മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനെടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പയ്ക്ക് പദ്ധതിവഴി പലിശയിളവ് നൽകുന്നു. പദ്ധതി പ്രകാരം സ്ഥിര മൂലധന വായ്പയ്ക്കും പ്രവർത്തന മൂലധന വായ്പയ്ക്കും ആനുകൂല്യം ലഭിക്കുന്നു. 01-04-2022 മുതൽ പ്രവർത്തനം ആരംഭിക്കുന്ന പുതിയ യൂണിറ്റുകൾക്കാണ് സർക്കാരിൽനിന്നുള്ള പലിശയിളവ് ലഭ്യമാകുന്നത്. കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന PM Formalization of Micro Food Processing Enterprises Scheme പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചതോ/അപേക്ഷിച്ചതോ ആയ യൂണിറ്റുകൾക്കും 10 ലക്ഷം രൂപ വരെയുള്ള വർക്കിംഗ് ക്യാപിറ്റൽ ലോണിന് പലിശയിളവിന് അർഹതയുണ്ട്.

6 മാസം/12 മാസക്കാലയളവിലുള്ള ബാങ്ക് ലോണിന്റെ പലിശയിളവാണ് പദ്ധതി പ്രകാരം റീ-ഇംബേഴ്സ് ചെയ്തു നൽകുന്നത്. ബാങ്ക്

വായ്പയുടെ പലിശ നിരക്കിൽ 4 ശതമാനത്തിൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധനസഹായമായി സർക്കാർ നൽകുന്നു. 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതിക്ക് നടപ്പു വർഷം 2851-00-102-07(04) എന്ന ശീർഷകത്തിൽ 700 ലക്ഷം രൂപ വകയിരുത്തുകയും 22-11-2022-ലെ G.O (Rt) No.1232/2022/ID നമ്പർ സർക്കാർ ഉത്തരവുപ്രകാരം 400 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

പദ്ധതിക്കുകീഴിൽ അപേക്ഷകൾ സമർപ്പിക്കുന്നതിന് ഓൺലൈൻ പ്ലാറ്റ്ഫോം തയ്യാറാക്കിയിട്ടുള്ളതും ആയതുപ്രകാരം ലഭിക്കുന്ന അപേക്ഷകൾ പ്രോസസ്സ് ചെയ്ത് ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

## മെഡിസെപ്പ് പദ്ധതി

20 (434) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ചികിത്സയ്ക്കായി നടപ്പിലാക്കിയ മെഡിസെപ്പ് പദ്ധതിയുടെ ഭാഗമായി ഇതുവരെ എത്രപേർക്ക് ആനുകൂല്യം ലഭ്യമാക്കി എന്ന് വ്യക്തമാക്കാമോ?

നാളിതുവരെ 145827 പേർക്ക് മെഡിസെപ്പ് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിയിട്ടുള്ളതായി ഇൻഷ്വറൻസ് കമ്പനി അറിയിച്ചിട്ടുണ്ട്.

(ബി) കൂടുതൽ സ്വകാര്യ ആശുപത്രികളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. കൂടുതൽ സ്വകാര്യ ആശുപത്രികളെ മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിക്ക് നൽകുകയും എംപാനൽമെന്റ് തുടർന്ന് വരികയും ചെയ്യുന്നു.

(സി) സംസ്ഥാനത്ത് നല്ല രീതിയിൽ പ്രവർത്തിക്കുന്ന പല സഹകരണ ആശുപത്രികളും മെഡിസെപ്പിന്റെ ഭാഗമായി വരാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം ആശുപത്രികളെ പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഇനിയും പദ്ധതിയിൽ ചേരാത്ത എല്ലാ സഹകരണ ആശുപത്രികളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയിട്ടുണ്ട്.

(ഡി) സ്വകാര്യ ആശുപത്രികൾ മെഡിസെപ്പിനോട് സഹകരിക്കാത്ത സ്ഥിതി സംസ്ഥാനത്ത് എവിടെയെങ്കിലും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

പദ്ധതിയുടെ ആദ്യഘട്ടത്തിൽ എംപാനൽമെന്റിൽനിന്നും വിട്ടുനിന്ന പല സ്വകാര്യ ആശുപത്രികളും തിരുവനന്തപുരം നഗരപരിധിയിലെ ചില ആശുപത്രികൾ ഒഴികെ നിലവിൽ എംപാനൽമെന്റിൽ ഉൾപ്പെട്ടിട്ടുണ്ട്.

**ജനകീയ ഹോട്ടലുകൾക്ക് അനുവദിക്കുന്ന ഗ്രാന്റ്**

21 (435) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ജനകീയ ഹോട്ടലുകൾക്ക് അനുവദിക്കുന്ന ഗ്രാന്റ് സമയബന്ധിതമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

നടപ്പ് സാമ്പത്തിക വർഷം കുടുംബശ്രീക്കായി വകയിരുത്തിയിട്ടുള്ള 260 കോടി രൂപയിൽ 172 കോടി രൂപ (രണ്ട് ഗഡുക്കളായി 86 കോടി രൂപ വീതം) ജനകീയ ഹോട്ടലുകൾക്ക് സബ്സിഡി നൽകുന്നതുൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ജനകീയ ഹോട്ടലുകളുടെ സബ്സിഡി

ഇനത്തിൽ തുക അനുവദിക്കുന്നതിനായി ഭരണവകുപ്പ് ലഭ്യമാക്കിയ ജില്ലാ/LSGI തിരിച്ചുള്ള കുടിശ്ശിക ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ 14.47 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

## കോഴിക്കോട് ജില്ലയിൽ മെഡിസെപ്പ് പദ്ധതിയിലുൾപ്പെട്ട ആശുപത്രികൾ

22 (436) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെഡിസെപ്പ് പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ സേവനം നൽകുന്ന ആശുപത്രികളുടെ വിവരങ്ങളും ഈ ആശുപത്രികൾ ഏതൊക്കെ സേവനങ്ങളാണ് മെഡിസെപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നും വിശദമാക്കാമോ?

മെഡിസെപ്പ് പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ സേവനം നൽകുന്ന ആശുപത്രികളുടെ വിവരങ്ങളും ഈ ആശുപത്രികൾ ഏതൊക്കെ സേവനങ്ങളാണ് മെഡിസെപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നുമുള്ള വിവരങ്ങൾ www.medisep.gov.in എന്ന വെബ്സൈറ്റിലെ hospitals എന്ന ലിങ്കിൽനിന്നും സ്പെഷ്യലൈസേഷൻ സെലക്ട് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാകുന്നതാണ്. കൂടാതെ പ്രസ്തുത വിവരങ്ങൾ ഒരു

വ്യക്തിയുടെ മെഡ്കാർഡിൽ ലോഗിൻ ചെയ്യുന്നതിലൂടെയും ലഭ്യമാകുന്നതാണ്.

**കടമെടുപ്പ് പരിധി**

23 (437) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് ഈ സാമ്പത്തിക വർഷം കേന്ദ്രം നിശ്ചയിച്ച കടമെടുപ്പ് പരിധി എത്രയാണെന്നും നാളിതുവരെ എത്ര കോടി രൂപ വായ്പയെടുത്തിട്ടുണ്ട് എന്നും അറിയിക്കുമോ;

(ബി) മൊത്തം ആഭ്യന്തര വരുമാനത്തിന്റെ എത്ര ശതമാനമാണ് നിലവിൽ കടമെടുപ്പ് പരിധി നിശ്ചയിച്ചിട്ടുള്ളതെന്നും കടമെടുപ്പ് പരിധി ഉയർത്തണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നോ എന്നും ഈ കാര്യത്തിൽ കേന്ദ്രത്തിന്റെ പ്രതികരണം എന്തായിരുന്നു എന്നും അറിയിക്കുമോ?

(എ&ബി) 2022-23 സാമ്പത്തിക വർഷത്തെ കടമെടുപ്പ് പരിധി 32,439 കോടി രൂപയാണ്. ഇതുവരെ (31-01-2023) 10,909.78 കോടി രൂപ കടമെടുത്തിട്ടുണ്ട്. കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന്

വായ്പാപരിധി നിശ്ചയിച്ചുനൽകുന്നത്. അതനുസരിച്ച് നടപ്പ് വർഷത്തെ കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 3.5 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 9,26,837 കോടി രൂപയുടെ 3.5 ശതമാനമായ 32,439 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് വർഷത്തെ കടമെടുപ്പ് പരിധി.

മഹാപ്രളയമടക്കം പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരിയും സൃഷ്ടിച്ച പ്രതിസന്ധികളിൽനിന്നും സംസ്ഥാനം കരകയറി വരുന്നതേയുള്ളൂ. പ്രതിസന്ധിയുടെ കാലഘട്ടത്തിൽ കേന്ദ്രസർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ചുനൽകിയിരുന്ന കടമെടുപ്പ് പരിധിയായ 5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടുവരികയും ചെയ്യുന്നത് സംസ്ഥാന സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. ഇതിനുപുറമേ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന തെറ്റായ നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി

കിഫ്ബി, KSSPL മുതലായ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളുടെ കടം സംസ്ഥാന സർക്കാരിന്റെ കടമായി തെറ്റായി കണക്കാക്കി 2021-22 സാമ്പത്തിക വർഷമെടുത്ത തുക നാല് തവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽനിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്രസർക്കാർ ഇതിനകംതന്നെ കൈക്കൊണ്ടിട്ടുണ്ട്. ഈ നിലപാടിൽ മാറ്റം വരുത്തണമെന്നും ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ആഗസ്റ്റിന് മുൻപ് നിലനിന്നിരുന്നതുപോലെ പൊതുകണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽനിന്നും ഒഴിവാക്കണമെന്നും 22-07-2022-ലെ 134/2022/എം.ധന. കത്ത് പ്രകാരം സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്ര ധനകാര്യ മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രി 19-01-2023-ലെ 133/CM/2023 കത്ത് പ്രകാരം ഒരു നിവേദനവും ബഹു. പ്രധാനമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിലപാടിൽ കേന്ദ്ര സർക്കാർ ഒരു മാറ്റവും വരുത്തിയിട്ടില്ല.

## സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയും പൊതുകടവും

24 (438) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കേന്ദ്ര സർക്കാർ കുറവ് വരുത്തിയിട്ടുണ്ടോ; 2017-നുമുൻപുള്ള സ്ഥിതിയിലേയ്ക്ക് കടമെടുപ്പ് പരിധി പുനഃസ്ഥാപിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുകണക്കിൽ നീക്കിയിരിപ്പായി വരുന്ന തുക പൊതുകടത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള തീരുമാനം ഉണ്ടായിട്ടുണ്ടോ; ഇതുവഴി സംസ്ഥാന പൊതുമേഖലാ കമ്പനികൾ, കോർപ്പറേഷൻ, പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ എന്നിവയുടെ വായ്പ പൊതുകടത്തിൽ ഉൾപ്പെടുന്നുണ്ടോ; ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രവർത്തനത്തെ ഏതെല്ലാം തരത്തിൽ ബാധിക്കും; വിശദാംശം നൽകാമോ?

(എ&ബി) മഹാപ്രളയമടക്കം പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികളിൽനിന്നും സംസ്ഥാനം കരകയറി വരുന്നതേയുള്ളൂ. പ്രതിസന്ധിയുടെ കാലഘട്ടത്തിൽ കേന്ദ്രസർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ചുനൽകിയിരുന്ന കടമെടുപ്പ് പരിധിയായ

5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടുവരികയും ചെയ്യുന്നത് സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. ഇതിനുപുറമേ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന തെറ്റായ നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കിഫ്ബി, KSSPL മുതലായ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളുടെ കടം സംസ്ഥാന സർക്കാരിന്റെ കടമായി തെറ്റായി കണക്കാക്കി 2021-22 സാമ്പത്തിക വർഷം എടുത്ത തുക നാല് തവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽനിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്രസർക്കാർ ഇതിനകംതന്നെ കൈക്കൊണ്ടിട്ടുണ്ട്. ഈ നിലപാടിൽ മാറ്റം വരുത്തണമെന്നും ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി 2017 ആഗസ്റ്റിന് മുൻപ് നിലനിന്നിരുന്നപോലെ പൊതുകണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽനിന്നും

ഒഴിവാക്കണമെന്നും 22-07-2022-ലെ 134/2022/എം.ധന കത്ത് പ്രകാരം സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിയോട് അഭ്യർത്ഥിക്കുകയും ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രി 19-01-2023-ലെ 133/CM/2023 കത്തുപ്രകാരം ഒരു നിവേദനവും ബഹു. പ്രധാനമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിലപാടിൽ കേന്ദ്ര സർക്കാർ ഒരു മാറ്റവും വരുത്തിയിട്ടില്ല.

ധനകാര്യ കമ്മീഷൻ നിശ്ചയിച്ചുനൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാന ബജറ്റ് തയ്യാറാക്കാറുള്ളത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാനസൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്. സംസ്ഥാന നിയമസഭ ബജറ്റ് പാസ്സാക്കിയതിനുശേഷം പിന്നീട് കടമെടുപ്പ് പരിധിയിൽ കുറവുവരുത്തുന്നത് സംസ്ഥാനത്തിന്റെ വികസന മുൻഗണനകളെ താളം തെറ്റിക്കുകയും നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസമുണ്ടാക്കുന്നതിന് ഇടവരുത്തുകയും ചെയ്യും.

**സംസ്ഥാനത്തിന്റെ കടബാധ്യത**

25 (439) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി:

<u>ശ്രീ. അബ്ദുൽ ഹമീദ് പി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനുള്ള ധനഉത്തരവാദിത്ത നിയമപ്രകാരം സംസ്ഥാനത്തിന്റെ കടബാധ്യത മൊത്ത ആഭ്യന്തര ഉല്പാദന വളർച്ചാനിരക്കിന്റെ എത്ര ശതമാനം കവിയരുതെന്നാണ് നിശ്ചയിച്ചിരിക്കുന്നത്?

2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്റ്റ് പ്രകാരം 2021-2022, 2022-2023, 2023-2024, 2024-2025, 2025-2026 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആകെ കടബാധ്യത മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ യഥാക്രമം 34.7%, 34.5%, 33.7%, 32.8%, 32% എന്ന ക്രമത്തിലേയ്ക്ക് നിജപ്പെടുത്തണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്.

കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം കേന്ദ്രസർക്കാർ നിശ്ചയിച്ചുനൽകുന്ന സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനം അടിസ്ഥാനമാക്കിയുള്ള കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടുമാത്രമേ സംസ്ഥാന സർക്കാരിന് വായ്പയെടുക്കാൻ കഴിയുകയുള്ളൂ. സംസ്ഥാനം അഭിമുഖീകരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര

സർക്കാർ 2019-20 സാമ്പത്തിക വർഷത്തിൽ 3 ശതമാനം വായ്പാപരിധിയ്ക്ക് പുറമെ 1,471 കോടി രൂപയുടെ അധിക വായ്പയും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനം വായ്പാപരിധിക്ക് പുറമേ യഥാക്രമം 2 ശതമാനം, 1.5 ശതമാനം അധിക വായ്പാ പരിധിയും സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനവും കടബാദ്ധ്യതയും തമ്മിലുള്ള അനുപാതത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

സമ്പദ്‌വ്യവസ്ഥ കടുത്ത സാമ്പത്തിക മാന്ദ്യത്തിലായിരിക്കുമ്പോൾ ഉയർന്ന കമ്മി അനിവാര്യമാണ്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു മാറ്റവും വരുത്തുന്നില്ല. മുൻവർഷങ്ങളിൽ സമ്പദ്‌വ്യവസ്ഥയ്ക്ക് അകത്തുനിന്നും പുറത്തുനിന്നും ഉണ്ടായ തടസ്സങ്ങളിൽനിന്നും മോചനം നേടി പുനർനിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം. ആക്ട് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിനിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ

കാലയളവിനുള്ളിൽത്തന്നെ അത് സാദ്ധ്യമാക്കുക എന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും നികുതി -നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂകമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

(ബി) നിലവിൽ സംസ്ഥാനത്തിന്റെ കടബാധ്യത എത്ര ശതമാനമാണെന്ന് അറിയിക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം ഡിസംബർ 31 വരെയുള്ള സംസ്ഥാനത്തിന്റെ കടബാധ്യത 3,54,546.48 കോടി രൂപയാണ്. ഇതിൽ സംസ്ഥാനം തിരിച്ചടയ്ക്കേണ്ടതില്ലാത്ത വായ്പയായി കേന്ദ്ര സർക്കാരിൽനിന്ന് 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ലഭ്യമായ ജി.എസ്.ടി. നഷ്ടപരിഹാരത്തുക ഉൾപ്പെടുന്നില്ല. സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ലഭ്യമാക്കിയ 2022-23-ലെ പുതുക്കിയ കണക്കുപ്രകാരം സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനമായി കണക്കാക്കിയിരിക്കുന്ന

10,17,872.58 കോടി രൂപയുടെ 34.83 ശതമാനമാണ് സംസ്ഥാനത്തിന്റെ കടബാധ്യത.

(സി) സംസ്ഥാനത്തിന്റെ കടബാധ്യത കുറയ്ക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്റ്റ് പ്രകാരം 2021-2022, 2022-2023, 2023-2024, 2024-2025, 2025-2026 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആകെ കടബാധ്യത മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ യഥാക്രമം 34.7%, 34.5%, 33.7%, 32.8%, 32% എന്ന ക്രമത്തിലേയ്ക്ക് നിജപ്പെടുത്തണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്.

കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം കേന്ദ്രസർക്കാർ നിശ്ചയിച്ചുനൽകുന്ന സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനം അടിസ്ഥാനമാക്കിയുള്ള കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടുമാത്രമേ സംസ്ഥാന സർക്കാരിന് വായ്പയെടുക്കാൻ കഴിയുകയുള്ളൂ. സംസ്ഥാനം അഭിമുഖീകരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ 2019-20 സാമ്പത്തിക വർഷത്തിൽ 3 ശതമാനം വായ്പാപരിധിയ്ക്ക് പുറമെ 1,471 കോടി രൂപയുടെ അധിക വായ്പയും കോവിഡ്-19

മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനം വായ്പാപരിധിക്ക് പുറമേ യഥാക്രമം 2 ശതമാനം, 1.5 ശതമാനം അധിക വായ്പാ പരിധിയും സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനവും കടബാദ്ധ്യതയും തമ്മിലുള്ള അനുപാതത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

സമ്പദ്‌വ്യവസ്ഥ കടുത്ത സാമ്പത്തിക മാന്ദ്യത്തിലായിരിക്കുമ്പോൾ ഉയർന്ന കമ്മി അനിവാര്യമാണ്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു മാറ്റവും വരുത്തുന്നില്ല. മുൻവർഷങ്ങളിൽ സമ്പദ്‌വ്യവസ്ഥയ്ക്ക് അകത്തുനിന്നും പുറത്തുനിന്നും ഉണ്ടായ തടസ്സങ്ങളിൽനിന്നും മോചനം നേടി പുനർനിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം. ആക്ട് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിനിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽനിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽത്തന്നെ അത് സാദ്ധ്യമാക്കുക എന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും നികുതി- നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ

ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്.

**സംസ്ഥാന സർക്കാർ ഗ്യാരണ്ടി നിന്ന വകയിലുണ്ടായ കടബാധ്യത**

26 (440) ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വായ്പയെടുക്കാൻ സംസ്ഥാന സർക്കാർ ഗ്യാരണ്ടി നിന്ന വകയിലുണ്ടായ കടബാധ്യത തിട്ടപ്പെടുത്തിയിട്ടുണ്ടോ?

കിഫ്ബി ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ സർക്കാർ ഗ്യാരണ്ടിയിൽ എടുത്ത ലോൺ തുക 50,730.61 കോടി രൂപയാണ്. മേൽ തുക യഥാസമയങ്ങളിൽ സ്ഥാപനങ്ങൾ അടവാക്കുന്നുണ്ട്. ഗ്യാരണ്ടി നിന്ന വകയിൽ സർക്കാരിന് കടബാധ്യതയുണ്ടായിട്ടില്ല.

(ബി) എങ്കിൽ ഈ കടബാധ്യത മുഴുവൻ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന്റെ അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത കടബാധ്യതമൂലം ഉണ്ടായിരിക്കുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(ബി&സി) ബാധകമല്ല.

**സംസ്ഥാനത്തിന്റെ കടബാദ്ധ്യത**

27(441) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കടബാധ്യതകളെക്കുറിച്ചും സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ചുമുള്ള സമീപകാല മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന്

ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണ് എന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 6716 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ മൊത്തം കടമെടുപ്പ് പരിധിയിൽ നിന്നും 24638.66 കോടി രൂപ കേന്ദ്രസർക്കാർ വെട്ടിച്ചുരുക്കിയിരുന്നു. ഇതോടൊപ്പം, ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിൽ അനുകൂല തീരുമാനം ഉണ്ടാകാത്തതിനാൽ ഈ ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം മാത്രം സംസ്ഥാനത്തിന് ഏതാണ്ട് ഒൻപതിനായിരം കോടി രൂപയുടെ നഷ്ടമാണ് പ്രതീക്ഷിക്കുന്നത്. 2022 ജൂൺ വരെയുള്ള കാലയളവിൽ നിയമപ്രകാരം സർക്കാരിന് ലഭിക്കേണ്ട ചരക്ക് സേവന നികുതി നഷ്ടപരിഹാരത്തിലെ കുടിശ്ശിക മാത്രം വകുപ്പുതല കണക്കുകൾ പ്രകാരം 750 കോടിക്ക് മുകളിൽ വരും. അതേസമയം, ചെലവുകളിന്മേൽ, മേൽ

പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. പ്രസ്തുത കാരണങ്ങളാണ് പ്രധാനമായും പൊടുന്നനെ സംസ്ഥാനത്ത് സാമ്പത്തിക ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുള്ളത്.

(ബി) ധന ഉത്തരവാദിത്ത നിയമങ്ങളിലെ വ്യവസ്ഥകൾക്ക് ഉപരിയായി സംസ്ഥാനത്തിന് കടബാധ്യതയുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) കടംവാങ്ങി മുൻകാല വായ്പകളുടെ പലിശ അടക്കേണ്ടിവരുന്ന 'കടക്കെണി' എന്ന തലത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക ബാധ്യതകൾ എത്തിയിട്ടുണ്ടോ; എങ്കിൽ അത് തരണം ചെയ്യുന്നതിനുള്ള നടപടികൾ സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ?

( ബി & സി) കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ചു നൽകുന്ന സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനം അടിസ്ഥാനമാക്കിയുള്ള കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടു മാത്രമേ സംസ്ഥാന സർക്കാരിന് വായ്പയെടുക്കാൻ കഴിയുകയുള്ളൂ. സംസ്ഥാനം അഭിമുഖീകരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ 2019-20 സാമ്പത്തിക വർഷത്തിൽ 3

ശതമാനം വായ്പാപരിധിയ്ക്ക് പുറമെ 1471 കോടി രൂപയുടെ അധിക വായ്പയും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനം വായ്പാപരിധിക്ക് പുറമേ യഥാക്രമം 2 ശതമാനം, 1.5 ശതമാനം അധിക വായ്പാപരിധിയും സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനവും കടബാദ്ധ്യതയും തമ്മിലുള്ള അനുപാതത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

സമ്പദ് വ്യവസ്ഥ കടുത്ത സാമ്പത്തിക മാന്ദ്യത്തിലായിരിക്കുമ്പോൾ ഉയർന്ന കമ്മി അനിവാര്യമാണ്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു മാറ്റവും വരുത്തുന്നില്ല. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥക്ക് അകത്തുനിന്നും പുറത്തു നിന്നും ഉണ്ടായ തടസ്സങ്ങളിൽനിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം. ആക്ട് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ

അത് സാദ്ധ്യമാക്കുക എന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്.

(ഡി) നികുതി പിരിവ് വർദ്ധിപ്പിക്കാനും ചെലവ് ചുരുക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും നികുതി ചോർച്ച ഒഴിവാക്കുന്നതിനും നികുതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുടെ നവീകരണത്തിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ വിദേശയാത്ര,

വിമാനയാത്ര, ടെലിഫോൺ ചാർജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടി പിടിപ്പിക്കൽ അടക്കമുള്ള വിവിധയിനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ധവളപത്രം പുറപ്പെടുവിക്കാൻ തയ്യാറാകുമോയെന്ന് വെളിപ്പെടുത്താമോ?

കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ടെങ്കിലും സംസ്ഥാനം സ്വീകരിച്ചിട്ടുള്ള വിവേക പൂർണമായ ധന നയത്തിന്റെ ഭാഗമായി അടിസ്ഥാന വികസന മേഖലകളുടെ പ്രവർത്തനത്തിന് കാര്യമായ ഭംഗം വന്നിട്ടില്ല. സംസ്ഥാനത്തിന്റെ തന്നെ തനതു വരുമാന സ്രോതസ്സുകളിലൂടെ കൂടുതൽ വിഭവ സമാഹരണം നടത്തിക്കൊണ്ട് പദ്ധതി/പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാനാണ് സർക്കാർ ശ്രമിക്കുന്നത്. ഈ സാഹചര്യത്തിൽ ധവളപത്രത്തിന്റെ ആവശ്യകത ഉദിക്കുന്നില്ല.

## സംസ്ഥാനത്തിന്റെ പൊതു കടവും ആളോഹരി കടവും

28 (442) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വിവിധ വായ്പാ ഇനങ്ങളിലായി പ്രതിമാസം എത്ര തുകയാണ് പലിശയിനത്തിൽ ചെലവഴിക്കേണ്ടി വരുന്നതെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത തുക മൊത്തം റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനമാണെന്ന് വെളിപ്പെടുത്തുമോ?

അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം വിവിധ വായ്പായിനങ്ങളിലായി പലിശയിനത്തിൽ 15,805.02 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുപ്രകാരം ശരാശരി ഒരു മാസം 1,317.09 കോടി രൂപയാണ് ഈ ഇനത്തിൽ ചെലവഴിക്കേണ്ടി വരുന്നത്. പ്രസ്തുത തുക മൊത്തം റവന്യൂ വരുമാനമായ 1,16,640.24 കോടി രൂപയുടെ 1.13 ശതമാനമാണ്.

(ബി) സംസ്ഥാനത്തിന്റെ പൊതു കടം, ആളോഹരി കടം എന്നിവ നിലവിൽ എത്രയാണെന്ന് വ്യക്തമാക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം വരെയുള്ള സംസ്ഥാനത്തിന്റെ പൊതു കടം 2,19,974.55 കോടി രൂപയും ഇതനുസരിച്ചുള്ള ആളോഹരി കടം 62,822.95 രൂപയുമാണ്.

(സി) 2016 മാർച്ച് 31-ന് സംസ്ഥാനത്തിന്റെ പൊതു കടം, ആളോഹരി കടം എന്നിവ എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ?

2016 മാർച്ച് 31-ന് സംസ്ഥാനത്തിന്റെ പൊതു കടം 1,09,730.97 കോടി രൂപയും ഇതനുസരിച്ചുള്ള ആളോഹരി കടം 32,129.23 രൂപയുമായിരുന്നു.

**സംസ്ഥാനത്തിന്റെ പൊതു കടം**

29 (443) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതു കടം എത്രയാണെന്ന് വ്യക്തമാക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2022-23 ഡിസംബർ വരെ സംസ്ഥാനത്തിന്റെ പൊതുകടം 2,29,052.83 കോടി രൂപയാണ്.

(ബി) സർക്കാർ നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ കടമെടുത്ത തുക എത്രയെന്നും നടപ്പ് സാമ്പത്തിക വർഷം കടമെടുക്കാൻ അനുവദനീയമായ തുക എത്രയെന്നും വ്യക്തമാക്കുമോ?

കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന് വായ്പാ പരിധി നിശ്ചയിച്ചുനൽകുന്നത്. അതനുസരിച്ച് നടപ്പ് വർഷത്തെ കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 3.5 ശതമാനമാണ്. അതായത്, സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്രസർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 9,26,837 കോടി രൂപയുടെ 3.5 ശതമാനമായ 32,439 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് വർഷത്തെ കടമെടുപ്പ് പരിധി. ഇതുവരെ 26,498.19 കോടി രൂപ കടമെടുത്തിട്ടുണ്ട് (31-01-2023 വരെയുള്ള കണക്ക്).

**സർക്കാർ വായ്പകൾ**

30 (444) <u>ശ്രീ. പി. ജെ. ജോസഫ്</u>:
<u>ശ്രീ. മോൻസ് ജോസഫ്</u>:
<u>ശ്രീ. അനൂപ് ജേക്കബ്</u>:
<u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ 6 വർഷങ്ങളിൽ സർക്കാർ എടുത്തിട്ടുള്ള വായ്പകൾ എത്രയെന്നും പദ്ധതികൾ ഏതൊക്കെയെന്നും വ്യക്തമാക്കാമോ; വിശദാംശം നൽകാമോ?

അക്കൗണ്ടന്റ് ജനറലിൽനിന്ന് ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനം പൊതുകടമിനത്തിൽ എടുത്തിട്ടുള്ള വായ്പാ (തനി) സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| ആഭ്യന്തര വായ്പ (തനി) | 15772.46 | 17231.81 | 15490.50 | 14969 | 24514.06 | 20317.49 |
| കേന്ദ്രസർക്കാരിൽ നിന്നുള്ള വായ്പാ | 379.43 | -130.15 | -240.58 | 1436.77 | 527.45 | -24.67 |
| പൊതുകടം (തനി) | 16151.89 | 17101.67 | 15249.92 | 16405.77 | 25041.51 | 20292.82 |

വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. ഇപ്രകാരം വായ്പയെടുക്കുന്ന തുക പ്രധാനമായും വികസന പ്രവർത്തനങ്ങൾക്കും മൂലധന ചെലവുകൾക്കുമായാണ് വിനിയോഗിക്കുന്നത്. സഞ്ചിതനിധിയിൽ മറ്റു വരുമാനങ്ങൾകൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത

തുക ഏതൊക്കെ ചെലവുകൾക്കായി എത്ര വീതം വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാവില്ല.

(ബി) ഏതൊക്കെ ആഭ്യന്തര, വിദേശ ബാങ്കുകൾ, ഏജൻസികൾ എന്നിവയിൽനിന്നാണ് വായ്പകൾ എടുത്തിട്ടുള്ളത്; ഓരോ സാമ്പത്തിക വർഷത്തെയും വായ്പയുടെ പലിശ, തിരിച്ചടവ് കാലാവധി എന്നിവ വ്യക്തമാക്കാമോ?

പൊതുവിപണിയിൽനിന്നുള്ള കടമെടുപ്പ്, LIC, GIC, നബാർഡ്, ദേശീയ ലഘു സമ്പാദ്യ പദ്ധതിയിലേയ്ക്കുള്ള പ്രത്യേക സെക്യൂരിറ്റികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നുള്ള വായ്പകൾ മുതലായവ ഉൾപ്പെടുന്ന സംസ്ഥാന സർക്കാരിന്റെ ആഭ്യന്തരകടവും കേന്ദ്ര സർക്കാരിൽനിന്നുള്ള വായ്പകളും (വിദേശസഹായ വായ്പകൾ ഉൾപ്പെടെ) മുൻകൂറുകളും വഴിയാണ് സംസ്ഥാനം വായ്പയെടുക്കുന്നത്.

പൊതുവിപണിയിൽനിന്നുള്ള കടമെടുപ്പിന് അതത് സമയം നിഷ്കർഷിക്കുന്ന തിരിച്ചടവ് കാലാവധിയും പലിശയുമാണുള്ളത്. വിദേശ സഹായ വായ്പകൾ/നബാർഡ് എന്നിവയുടെ തിരിച്ചടവ് തുടങ്ങുന്നത് സാധാരണയായി വായ്പ ലഭിച്ച് 3-4 വർഷങ്ങൾക്ക് ശേഷമാണ്. വായ്പകളുടെ

നിബന്ധനകൾക്ക് വിധേയമായി പലിശ നിരക്കിലും വ്യതിയാനം സംഭവിക്കും. ചില പദ്ധതികളിൽ ചെറിയ തുക ഗ്രാന്റായി ലഭിക്കും.

2016-17 സാമ്പത്തിക വർഷം മുതൽ 2021-22 സാമ്പത്തിക വർഷം വരെ പലിശയിനത്തിൽ ഓരോ വർഷവും അടയ്ക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| പലിശയിനത്തിൽ ഓരോ വർഷവും അടയ്ക്കുന്ന തുക | 12116.50 | 15119.93 | 16747.92 | 19214.70 | 20975.36 | 23302.82 |

(സി) സർക്കാർ എടുത്തിട്ടുള്ള വായ്പകൾക്ക് നൽകിയിട്ടുള്ള ഗ്യാരണ്ടിയുടെ വിശദാംശങ്ങൾ, കേന്ദ്ര സർക്കാർ ഗ്യാരണ്ടിയുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാമോ;

(ഡി) ഇത്തരം വായ്പകൾ തുടർന്നും എടുക്കുന്നത് സംസ്ഥാനത്തിന്റെ ഭാവി സാമ്പത്തിക സുസ്ഥിരതയെ ബാധിക്കും എന്ന് കരുതുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(സി&ഡി) സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ/തദ്ദേശ സ്ഥാപനങ്ങൾ/കോർപ്പറേഷനുകൾ

സഹകരണ സ്ഥാപനങ്ങൾ സ്വന്തം നിലയ്ക്ക് വായ്പകൾ എടുക്കുന്നതിനാണ് സർക്കാർ ഗ്യാരണ്ടി നൽകുന്നത് (31.03.2022 വരെ നൽകിയ ഗ്യാരണ്ടിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു)*

Externally Aided Projects-ന്റെ വിശദാംശങ്ങൾ Finance Act-ൽ Appendix IV ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

കേന്ദ്ര സർക്കാർ നിശ്ചയിച്ചുനൽകുന്ന വായ്പാ പരിധിക്കുള്ളിൽനിന്ന് മാത്രമേ സംസ്ഥാനങ്ങൾക്ക് വായ്പ സമാഹരിക്കുവാൻ കഴിയുകയുള്ളൂ. കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെടുന്ന വായ്പാ പരിധി സംസ്ഥാനങ്ങളുടെ ആഭ്യന്തര ഉത്പാദനത്തെ അടിസ്ഥാനമാക്കി നിർണ്ണയിക്കുന്നതിനാലും സംസ്ഥാനം മികച്ച ആഭ്യന്തര വളർച്ച രേഖപ്പെടുത്തുന്നതിനാലും ആയതിന്റെ തിരിച്ചടവ് ഭാവിയിൽ ഒരു സാമ്പത്തിക അസ്ഥിരത സൃഷ്ടിക്കുവാനുള്ള സാദ്ധ്യത വളരെ വിരളമാണ്. വിദേശ ഏജൻസികളിൽനിന്നുമുള്ള വായ്പകളുടെ കാര്യത്തിൽ, ഇത്തരം വായ്പകൾ മൊത്തം വായ്പയുമായി താരതമ്യം ചെയ്യുമ്പോൾ കുറഞ്ഞ തോതിലാകയാൽ exposure risk-ന്റെ അപകടവും തുലോം തുച്ഛമാണ്. വിദേശ വായ്പകൾ, സർക്കാരിന്റെ ഇതുസംബന്ധിച്ച നയങ്ങൾക്കും പരിപാടികൾക്കും അനുസൃതമായാണ് സ്വീകരിക്കുന്നത്. തിരിച്ചടവ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിബന്ധനകൾ അടക്കമുള്ള മറ്റ് സാമ്പത്തിക വശങ്ങൾ ഉൾപ്പെടെ പരിഗണിച്ചശേഷം സംസ്ഥാന താല്പര്യത്തിന് വിരുദ്ധമാവുന്ന നിബന്ധനകളില്ലാത്തതും ഗുണപ്രദമാവുന്നതുമായ വായ്പകൾ മാത്രമാണ് സ്വീകരിക്കുന്നത്. ഇക്കാരണങ്ങളാൽ നിബന്ധനകൾക്ക് വിധേയമായി വായ്പകളെടുക്കുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക സുസ്ഥിരതയെ ബാധിക്കുമെന്ന് സർക്കാർ കരുതുന്നില്ല.******

**കുന്നംകുളം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

31 (445) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നംകുളം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

കുന്നംകുളം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു.*

**അകത്തേത്തറ റെയിൽവേ മേൽപ്പാലം**

32 (446) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായി എത്ര രൂപയാണ് റെയിൽവേയ്ക്ക് കൈമാറിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; എന്തെല്ലാം പ്രവൃത്തികൾക്കായാണ് പ്രസ്തുത തുക നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായി 11,81,80,499/- (11.82 Cr) രൂപയാണ് റെയിൽവേയ്ക്ക് കൈമാറിയിട്ടുള്ളത്. റെയിൽവേയുടെ മൂന്ന് സ്പാനുകളുടേയും മുഴുവൻ നിർമ്മാണ പ്രവൃത്തികൾക്കും വേണ്ടിയാണ് പ്രസ്തുത തുക നൽകിയിരിക്കുന്നത്.

**മലമ്പുഴ നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ നവീകരണം**

33 (447) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളുടെ നവീകരണത്തിനാണ് കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഓരോ സ്കൂളിനും അനുവദിച്ച തുക, പ്രവൃത്തിയുടെ എസ്.പി.വി., പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) മലമ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുള്ള സ്കൂളുകൾ, ഓരോ സ്കൂളിനും അനുവദിച്ച തുക, പ്രവൃത്തിയുടെ എസ്.പി.വി., നിലവിലെ സ്ഥിതി എന്നിവ അനുബന്ധമായി ചേർക്കുന്നു.*

## ആനങ്ങാടി ബീച്ചിലെ കടൽഭിത്തി നിർമ്മാണം

34 (448) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ ആനങ്ങാടി ബീച്ചിലെ കടൽ ഭിത്തി നിർമ്മാണത്തിന് കിഫ്ബിയുടെ അനുമതിക്കായി ജലസേചന വകുപ്പ് തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) കിഫ്ബിയിൽ ഇതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ടെന്ന് ജലസേചന വകുപ്പ് അറിയിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും കിഫ്ബിയുടെ അനുമതി ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ജലസേചന വകുപ്പിൽനിന്നും നൽകിയ ശിപാർശയിന്മേൽ 6 മാസം കഴിഞ്ഞിട്ടും മറുപടി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത ഫയലിന്മേൽ കിഫ്ബി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

(എ-സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പ് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ കിഫ്ബി മാനദണ്ഡപ്രകാരം പരിഗണിക്കാൻ കഴിയാത്ത പദ്ധതിയായതിനാൽ ആയത് അറിയിച്ച് ഫയൽ തിരികെ നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത കടൽ ഭിത്തിയുടെ അനുമതി അകാരണമായി വൈകിപ്പിക്കുന്നത് ഒഴിവാക്കി തുടർനടപടികൾ അടിയന്തരമായി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് മറ്റ് മാർഗ്ഗങ്ങളിലൂടെ പണം കണ്ടെത്തി പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ഭരണ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## കിഫ്ബി മുഖേന ഭരണാനുമതി നൽകിയ നിർമ്മാണ പ്രവർത്തനങ്ങൾ

35 (449) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നാളിതുവരെ സംസ്ഥാനത്ത് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ആകെത്തുക എത്രയാണെന്നും ഇതിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

കിഫ്ബിയിൽ ഉൾപ്പെടുത്തി നാളിതുവരെ 74,009.55 കോടി രൂപയുടെ 993 പദ്ധതികൾക്കാണ് കിഫ്ബി ധനാനുമതി നൽകിയിട്ടുള്ളത്. ഇതിൽ 24,931.85 കോടി രൂപയുടെ പദ്ധതികളിന്മേൽ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കിഫ്ബി മുഖേന നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ആകെത്തുകയും ഇതിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

കിഫ്ബി മുഖേന നടപ്പ് സാമ്പത്തിക വർഷം കോസ്റ്റൽ ഹൈവേയുടെ വിവിധ റീച്ചുകൾക്ക് സ്ഥലമേറ്റെടുക്കുന്നതിനായുള്ള 2,201.11 കോടി രൂപ ഉൾപ്പെടെ ആകെ 2,828.74 കോടി രൂപയുടെ പദ്ധതികൾക്കാണ് ധനാനുമതി നൽകിയിട്ടുള്ളത്. സ്ഥലമേറ്റെടുക്കുന്നതിനായുള്ള തുക ഒഴികെ ബാക്കിവരുന്ന 677.63 കോടി രൂപയുടെ പദ്ധതികളിൽ 12.13 കോടി രൂപയുടെ പദ്ധതികൾ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. മറ്റുള്ളവ ടെണ്ടർ ചെയ്യുന്നതിനുള്ള വിവിധ ഘട്ടങ്ങളിലാണ്.

(സി) കിഫ്ബി മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക എത്രയാണെന്നതിന്റെ വിശദാംശം നൽകുമോ?

കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട ബില്ലുകളെല്ലാം അതത് പദ്ധതി നിർവ്വഹണ ഏജൻസി ബിൽ തുക പാസ്സാക്കുന്ന ഉത്തരവോടുകൂടി കിഫ്ബിയിൽ സമർപ്പിക്കപ്പെടുകയും ആയത് കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമാണോ എന്ന് പരിശോധിച്ചതിനുശേഷം ബന്ധപ്പെട്ട കരാറുകാർക്ക് തുക നേരിട്ട് അവരുടെ അക്കൗണ്ടിലേയ്ക്ക് നൽകുകയും ചെയ്യുന്ന രീതിയാണ് അവലംബിച്ചുവരുന്നത്. ഇതിൽ ആദ്യത്തെ പാർട്ട് ബിൽ, 80% സാമ്പത്തിക പുരോഗതി കൈവരിക്കുന്ന ബില്ലുകൾ, ഫൈനൽ ബിൽ എന്നിവ ഒഴിച്ച് മറ്റു ബില്ലുകൾ പ്രതികൂല നിരീക്ഷണങ്ങളില്ലാത്തപക്ഷം ബിൽ ലഭിച്ച് വളരെ പെട്ടെന്നുതന്നെ തുക നൽകി വരുന്നുണ്ട്. ബില്ലുകളിൽ ഏതെങ്കിലും വിധത്തിലുള്ള പോരായ്മകൾ കാണപ്പെടുന്ന സാഹചര്യങ്ങളിൽ ആ പോരായ്മ പരിഹരിച്ച് എസ്.പി.വി. വീണ്ടും സമർപ്പിക്കുമ്പോൾ മാത്രമേ തുക നൽകുവാൻ സാധിക്കുകയുള്ളൂ. കാലതാമസം ഉണ്ടാകാതിരിക്കാനാവശ്യമായ എല്ലാ മുൻകരുതലും കിഫ്ബി സ്വീകരിച്ചിട്ടുണ്ട്. പോരായ്മകളില്ലാതെ സമർപ്പിക്കപ്പെടുന്ന ബില്ലുകളിന്മേൽ

പരിശോധന നടത്തി അംഗീകാരം നൽകിയശേഷവും പണം നൽകുന്നതിൽ കാലതാമസമുണ്ടാകുന്ന സാഹചര്യത്തിൽ മാത്രമേ അത് കുടിശ്ശികയായി കണക്കാക്കാനാവൂ. അത്തരത്തിൽ ബില്ലുകളൊന്നും കിഫ്ബിയിൽ നിലവിലില്ല.

## കിഫ്ബി വഴി സ്വരൂപിച്ച തുകയും നീക്കിയിരിപ്പും

36 (450) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നാളിതുവരെ ഓരോയിനത്തിലും എത്ര തുക സ്വരൂപിച്ചിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

കിഫ്ബി നാളിതുവരെ വിവിധ മാർഗ്ഗങ്ങളിലൂടെ സമാഹരിച്ച തുകയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കിഫ്ബി മുഖേന നാളിതുവരെ വിവിധ പദ്ധതികൾക്കായി എത്ര തുക യഥാർത്ഥത്തിൽ ചെലവഴിച്ചിട്ടുണ്ട്; പദ്ധതിച്ചെലവ്, മറ്റിനങ്ങളിലെ ചെലവ് എന്നിവ വർഷം തിരിച്ച് ലഭ്യമാക്കുമോ?

അംഗീകാരം നൽകിയ പദ്ധതികളിലേക്കായി 22,941 കോടി രൂപ നാളിതുവരെ കിഫ്ബിയിൽനിന്നും ചെലവഴിച്ചിട്ടുണ്ട്. ഇതിനുപുറമെ പദ്ധതികളുടെ നടത്തിപ്പിനും അനുബന്ധ ചെലവുകൾക്കുമായി 560.39 കോടി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപ സെന്റേജ് ചാർജ്ജ് ഇനത്തിൽ വിവിധ SPV-കൾക്ക് നൽകിയിട്ടുണ്ട്. വർഷം തിരിച്ചുള്ള ചെലവ് കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) കിഫ്ബിയിൽ നിലവിൽ എത്ര തുക നീക്കിയിരിപ്പുണ്ട്; ഏതെല്ലാം ബാങ്കുകളിൽ എത്ര വീതം എന്ന കണക്ക് ലഭ്യമാക്കുമോ, ഈ നീക്കിയിരിപ്പിൽ പ്രതിബദ്ധതാച്ചെലവ് എത്രയാണ്, അവശേഷിക്കുന്നത് എത്രയാണ്; വ്യക്തമാക്കുമോ?

കിഫ്ബിയുടെ കൈവശം നിലവിൽ 7,229.06 കോടി രൂപയുണ്ട്. കോർപ്പസ് ഫണ്ടായി ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ള 2,498.42 കോടി രൂപയും ചേർന്നതാണിത്. എതെല്ലാം ബാങ്കുകളിൽ ഈ തുക നിക്ഷേപിച്ചിരിക്കുന്നു എന്ന വിവരം അനുബന്ധമായി ചേർക്കുന്നു.* പദ്ധതികൾക്കായി വേണ്ടിവരുന്ന തുക, സെന്റേജ് ചർജ്ജ്, അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ, വായ്പ തിരിച്ചടവുകൾ, ഡി.എസ്.ആർ.എ. ഫണ്ട് എന്നീ പ്രതിബദ്ധതാ ചെലവുകൾക്കായി ഏകദേശം 3,583 കോടി രൂപ അടുത്ത 6 മാസത്തേയ്ക്കായി ആവശ്യമുണ്ട്. അവസാന ആശ്രയമെന്ന നിലയിൽ സൂക്ഷിച്ചുവരുന്ന കോർപ്പസ് ഫണ്ട് ഒഴിച്ചു നിർത്തിയാൽ 1,147.25 കോടി രൂപ കിഫ്ബിയുടെ കൈവശം ശേഷിക്കുന്നുണ്ട്. അപ്രതീക്ഷിതമായി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വരാറുള്ള വലിയ ഭൂമി ഏറ്റെടുക്കൽ പദ്ധതി (NHAI പദ്ധതികൾ പോലുള്ളവ) ചെലവുകൾ വഹിക്കുന്നതിന് ഈ തുക പര്യാപ്തമാണ്.

(ഡി) കിഫ്ബി വഴി നാളിതുവരെ വിവിധയിനത്തിൽ എത്ര തുക കടമെടുത്തിട്ടുണ്ട്; ഇതിൽ എത്ര കടം തിരിച്ചടച്ചു; ബാക്കി അടയ്ക്കാനുള്ള കടമെത്ര; ഇനം തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

31-01-2023-ലെ കണക്കുകൾ പ്രകാരം വിവിധ സ്രോതസ്സുകളിലൂടെ കിഫ്ബി 21,308.77 കോടി രൂപ ഇതിനോടകംതന്നെ ഉറപ്പുവരുത്തിയിട്ടുണ്ട്. ആയതിൽ 17,677.27 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ഇതിനോടകം 779.32 കോടി രൂപ തിരിച്ചടച്ചിട്ടുണ്ട്; 16,897.95 കോടി രൂപ മുതൽ ഇനത്തിൽ തിരിച്ചടക്കുവാനുണ്ട്.

(ഇ) കിഫ്ബി മുഖേന എടുത്ത കടം സംസ്ഥാനത്തിന്റെ പൊതുകടത്തിൽ ഉൾപ്പെടുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; നിലവിൽ ഈ കടംകൂടി ഉൾപ്പെടുത്തിയാണോ സംസ്ഥാനത്തിന്റെ പൊതുകടം കണക്കാക്കിയിട്ടുള്ളത്; ഈ കടംകൂടി ഉൾപ്പെടുത്തിയാൽ സംസ്ഥാനത്തിന്റെ ആകെ കടം എത്രയാണ്; കണക്കുകൾ ലഭ്യമാക്കുമോ?

കിഫ്ബി മുഖേന എടുത്ത കടം സംസ്ഥാനത്തിന്റെ പൊതുകടത്തിൽ ഉൾപ്പെടുന്നില്ല. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക

ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകളെ സംസ്ഥാനം അതിന്റെ പൊതുകടമായി കണക്കാക്കിയിട്ടില്ല.

**നന്നമ്പ്ര, കുണ്ടൂർ തോട് നവീകരണത്തിന് കിഫ്ബി അനുമതി**

37 (451) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽപ്പെട്ട നന്നമ്പ്ര ഗ്രാമപഞ്ചായത്തിലെ കുണ്ടൂർ തോട് നവീകരണം എന്ന പദ്ധതിക്ക് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (കിഫ്ബി) അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ ധനകാര്യ അനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇനി പൂർത്തീകരിക്കാൻ ഉള്ളതെന്ന് വ്യക്തമാക്കാമോ?

(എ&ബി) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽപ്പെട്ട കുണ്ടൂർത്തോട് നവീകരണം എന്ന പദ്ധതിക്ക് കിഫ്ബിയുടെ ധനാനുമതി നൽകിയിട്ടില്ല. 11-10-2022-ന് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ KIIDC സമർപ്പിച്ച പദ്ധതി റിപ്പോർട്ടിന്മേൽ അവലോകനം നടത്തി ഒരു സങ്കേതികാവലോകന റിപ്പോർട്ട് 31-01-2023-ന് നിർവ്വഹണ ഏജൻസിയായ KIIDC-ക്ക്

നൽകിയിട്ടുണ്ട്. പ്രസ്തുത സാങ്കേതികാവലോകന റിപ്പോർട്ടിന്മേൽ നിർവ്വഹണ ഏജൻസി നൽകുന്ന മറുപടി തൃപ്തികരമാണെങ്കിൽ കിഫ്ബിയുടെ ധനാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

കിഫ്ബി ധനാനുമതി നൽകുന്ന പദ്ധതികളുടെ സാങ്കേതികാനുമതി ലഭ്യമാക്കി പദ്ധതി സമയാനുസൃതമായി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികളാണ്.

**നെയ്യാറ്റിൻകര ജി.ജി.എച്ച്.എസ്.-ൽ പുതിയ മന്ദിരം നിർമ്മാണം**

38 (452) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ പുതിയ മന്ദിരം നിർമ്മിക്കുന്നതിന്റെ ഡി.പി.ആർ. പ്രകാരം കിഫ്ബിയിൽനിന്നും തുക അനുവദിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) എത്ര തുകയാണ് സ്കൂൾ മന്ദിരം നിർമ്മിക്കുന്നതിന് അനുവദിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

(എ&ബി) നെയ്യാറ്റിൻകര ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിന് (GED006-01) 3 കോടി സ്കൂളുകളുടെ ഇനത്തിൽ ഉൾപ്പെടുത്തി 2.98 കോടി രൂപയുടെ ധനാനുമതി കിഫ്ബിയിൽനിന്നും നൽകിയിട്ടുണ്ട്. എന്നാൽ ഡി.എസ്.ആർ. 2018, ജി.എസ്.ടി. നിരക്ക് വർദ്ധന എന്നിവ കണക്കിലെടുത്ത് 3 കോടി രൂപയെന്നത് 3.90 കോടി രൂപയാക്കി ഉയർത്തി ഭരണവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം പദ്ധതി നിർവ്വഹണ ഏജൻസിയായ കില പ്രസ്തുത സ്കൂളിന്റെ എസ്റ്റിമേറ്റ് പുതുക്കി 3,88,17,220/- രൂപയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

**തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

39 (453) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ 2016 മുതൽ കിഫ്ബി മുഖേന അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയായി ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും നിർമ്മാണ പുരോഗതിയും നിലവിൽ പൂർത്തീകരിച്ച നടപടികളും ഇനി പൂർത്തീകരിക്കാനുള്ള നടപടികളും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ 2016 മുതൽ കിഫ്ബി മുഖേന ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ നിർവ്വഹണ ഏജൻസി, നിർമ്മാണ പുരോഗതി, നിലവിൽ പൂർത്തീകരിച്ചിട്ടുള്ള നടപടികളും ഇനി പൂർത്തീകരിക്കാനുള്ള നടപടികളും ഉൾപ്പെടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

## എലപ്പുള്ളി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ നവീകരണം

**40** (454) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് മുഖേന 5 കോടി രൂപ ചെലവിൽ നവീകരിച്ച മലമ്പുഴ മണ്ഡലത്തിലെ എലപ്പുള്ളി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ 5 കോടി രൂപ ചെലവഴിച്ച് മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിലുൾപ്പെടുത്തിയ മലമ്പുഴ മണ്ഡലത്തിലെ എലപ്പുള്ളി ജി.എച്ച്.എസ്.എസ്-ന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് 15-11-2022-ന് സ്കൂൾ അധികൃതർക്ക് കൈമാറിയിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കിഫ്ബി സാമ്പത്തികാനുമതി നൽകുമ്പോൾ വിഭാവനം ചെയ്ത മുഴുവൻ പ്രവൃത്തികളും പ്രസ്തുത സ്കൂളിൽ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം പ്രവൃത്തികളാണ് നടത്താതിരുന്നതെന്നും അതിനുള്ള കാരണവും അറിയിക്കാമോ?

മലമ്പുഴ മണ്ഡലത്തിലെ എലപ്പുള്ളി ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണ പ്രവർത്തനം വിഭാവനം ചെയ്തതനുസരിച്ച് 1325 sq.m വിസ്തീർണ്ണത്തിൽ മൂന്ന് G +1 അക്കാദമിക് ബ്ലോക്കുകളിലുമായി 14 ക്ലാസ് മുറികൾ നിർമ്മിച്ചിട്ടുണ്ട്. ഇതര സൗകര്യങ്ങളായി കിച്ചൺ, ഡൈനിംഗ് ഹാൾ, കമ്പ്യൂട്ടർ ലാബ്, സ്പോർട്സ് റൂം എന്നിവയും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഭിന്നശേഷിക്കാർക്കും പ്രത്യേക ശൗചാലയങ്ങൾ, 50 ഉപഭോക്താക്കൾക്കുള്ള രണ്ട് RCC സെപ്റ്റിക് ടാങ്ക്, ചുറ്റുമതിൽ, ഗേറ്റ്, സെക്യൂരിറ്റി റൂം എന്നീ നിർമ്മിതികൾ നടപ്പിലാക്കിയിട്ടുണ്ട്. ടി സ്കൂളിൽ നിലവിൽ മഴവെള്ള സംഭരണിയുള്ളതിനാൽ സ്കൂൾ അധികൃതരുടെ ആവശ്യപ്രകാരം രൂപകൽപ്പനയിൽ വിഭാവനം ചെയ്ത ജലസംഭരണിയുടെ നിർമ്മാണം ഒഴിവാക്കിക്കൊണ്ട് മറ്റ് നിർമ്മിതികൾ പൂർത്തീകരിച്ച് സ്കൂൾ അധികൃതർക്ക് കൈമാറിയിട്ടുണ്ട്.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

41 (455) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കാഞ്ഞങ്ങാട് ഫ്ലൈ ഓവർ, പടന്നക്കാട് മേൽപ്പാലം, വെള്ളരിക്കുണ്ട് റോഡ് എന്നീ പ്രവൃത്തികൾക്ക് ധനകാര്യ അംഗീകാരം നൽകുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?**

കാഞ്ഞങ്ങാട് മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കാഞ്ഞങ്ങാട് ഫ്ലൈ ഓവറിന്റെ നിലവിലെ Peak Hour Traffic (PCU/hr -3791) IRC Standards അനുസരിച്ചുള്ള PCU/Hr ആയ 10,000 എത്തുന്നതിന് 2036-37 വർഷമാകുമെന്നതിനാൽ ടി പദ്ധതി താൽക്കാലികമായി പരിഗണിക്കേണ്ടതില്ലെന്ന് കിഫ്ബി തീരുമാനിച്ചിട്ടുണ്ട്.

പടന്നക്കാട് ഓവർ ബ്രിഡ്ജ്- വെള്ളരിക്കുണ്ട് റോഡ് നിർമ്മാണത്തിന്റെ ഒന്നാം ഘട്ടമായി ഇതിൽ ഉൾപ്പെടുന്ന 3 പാലങ്ങൾക്ക് (പുളിക്കൽ പാലം, ആനപ്പെട്ടി പാലം, ബാണം കൾവെർട്ട്) 26-02-2021-ലെ PWD015-102/APR-2/2021/KIIFB ഉത്തരവുപ്രകാരം 7.27 കോടി രൂപയ്ക്ക് ധനാനുമതി നൽകിയിരുന്നു. പിന്നീട് 19-09-2022-ലെ PWD 015-102/APR-1/2022/KIIFB ഉത്തരവ് പ്രകാരം ഇത് 9.37 കോടി രൂപയായി

റിവൈസ് ചെയ്തിരുന്നു. ഇതോടൊപ്പം റോഡ് നിർമ്മാണംകൂടി ഉൾപ്പെടുത്തി ധനാനുമതി റിവൈസ് ചെയ്യുന്നതിന് SPV സമർപ്പിച്ച പ്രൊപ്പോസൽ ഒന്നാംഘട്ട പ്രവൃത്തിയായ പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാറാകുമ്പോൾ പരിഗണിക്കാവുന്നതാണെന്ന നിർദ്ദേശത്തോടെ തിരിച്ച് നൽകിയിട്ടുണ്ട്.

**കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണങ്ങൾ**

42 (456) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പൂത്തൃക്കര ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനും പഴന്തോട്ടം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനും കിഫ്ബി ഫണ്ട് മുഖാന്തരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനുള്ള തടസ്സങ്ങൾ പരിഹരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(എ&ബി) GHSS പഴത്തോട്ടം സ്കൂൾ 16-06-2022-ലെ സ.ഉ.(സാധാ) നം. 3632/2022/GEDN പ്രകാരം പുതുതായി ഭരണാനുമതി ലഭിച്ച സ്കൂളാണ്. ടി സ്കൂളിന്റെ ഡി.പി.ആർ. പദ്ധതി നിർവ്വഹണ ഏജൻസി തയ്യാറാക്കി വരികയാണ്. Govt HSS പൂതൃക്ക സ്കൂളിന്റെ കരാർ ഏറ്റെടുത്ത കരാറുകാരനെ Closure Agreement വച്ച് മാറ്റിയിട്ടുണ്ട്. സ്കൂൾ അധികാരികൾ ആവശ്യപ്പെട്ട പ്രകാരം പുതുക്കിയ പ്രൊപ്പോസൽ തയ്യാറാക്കി പുതിയ സാങ്കേതികാനുമതി നൽകാനുള്ള നടപടി പദ്ധതി നിർവ്വഹണ ഏജൻസിയായ കില സ്വീകരിച്ചുവരുന്നു.

## കിഫ്ബി അനുമതിക്കുള്ള കാലതാമസം പരിഹരിക്കുന്നതിനുള്ള നടപടികൾ

43 (457) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യത്യസ്ത വകുപ്പുകൾ കിഫ്ബി ധനസഹായത്തോടെ നിർവ്വഹിക്കുന്ന വിവിധ പദ്ധതികൾക്കുള്ള ധനാനുമതിയും റിവൈസ്ഡ് ധനാനുമതിയും നൽകുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കുമോ;

(ബി) നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനും അനുമതികൾ വേഗത്തിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ബജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ളതോ അല്ലെങ്കിൽ കിഫ്ബി പദ്ധതിയായി മന്ത്രിസഭ അംഗീകാരം നൽകിയിട്ടുള്ളതോ ആയ പദ്ധതികൾക്ക് ഭരണവകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതത് പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ വിശദപദ്ധതി റിപ്പോർട്ട് സമർപ്പിക്കുന്നു. അത് വിവിധ മേഖലകളിലെ സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെ കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗം പരിശോധിക്കുന്നു. ഇതിനോടൊപ്പം ബന്ധപ്പെട്ട നിയമസഭാ സാമാജികർ, പദ്ധതി നിർവ്വഹണ ഏജൻസി/വകുപ്പിലെ വിദഗ്ധർ തുടങ്ങിയവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച് വിവിധ ഘട്ടങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി റിപ്പോർട്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കുന്നു. പ്രസ്തുത അവലോകന റിപ്പോർട്ടുൾപ്പെടെ പദ്ധതി റിപ്പോർട്ട് കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുൻപാകെ സമർപ്പിച്ചാണ് പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകുന്നത്. പൊതുവിൽ റിവൈസ്ഡ് ധനാനുമതി വേണ്ടിവരുന്ന കിഫ്ബി

പദ്ധതികളുടെ ആകെ തുക നിലവിൽ അംഗീകാരം നൽകിയിട്ടുള്ള തുകയുടെ 10%-ന് മുകളിലാണെങ്കിൽ തുടർന്നുവരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി/കിഫ് ബോർഡിന്റെ അംഗീകാരം ആവശ്യമാണ്. ടി പദ്ധതികൾക്ക് എക്സിക്യൂട്ടീവ് കമ്മിറ്റി/കിഫ് ബോർഡിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പുതുക്കിയ ധനാനുമതി നൽകുന്നു.

കിഫ്ബി ധനസഹായത്തിലുള്ള പദ്ധതികൾക്ക് പ്രസ്തുത നടപടിക്രമങ്ങൾ പാലിക്കുന്നതിനുള്ള കാലതാമസം മാത്രമാണ് ഉണ്ടാകാറുള്ളത്.

**കുറവിലങ്ങാട് താലൂക്കാശുപത്രി കെട്ടിട നിർമ്മാണം**

44 (458) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതിയായ കുറവിലങ്ങാട് താലൂക്കാശുപത്രിയുടെ നിർമ്മാണം സംബന്ധിച്ച ഫയൽ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ?

കുറവിലങ്ങാട് താലൂക്കാശുപത്രിയുടെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് എസ്.പി.വി. ആയ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുകയും അത് പരിശോധിച്ച്

കിഫ്ബി സാങ്കേതിക അവലോകന റിപ്പോർട്ട് എസ്.പി.വി-ക്ക് കൈമാറുകയും ചെയ്തിരുന്നു. ഇതിനോടൊപ്പം പ്രസ്തുത ആശുപത്രിയുടെ നിർമ്മാണത്തിനായി ശിപാർശ ചെയ്ത കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ അവലോകനം കിഫ്ബിയിൽ നടത്തുകയും ഡിസൈൻ അപാകതകൾ പരിഹരിക്കുന്നതിനായി പ്രാഥമിക ഡിസൈൻ അവലോകന റിപ്പോർട്ട് എസ്.പി.വി.-ക്ക് നൽകുകയും ചെയ്തിരുന്നു.

കിഫ്ബി ഡിസൈൻ അവലോകന വിഭാഗം നിർദ്ദേശിച്ചിരുന്ന അപാകതകൾക്ക് മറുപടിയായി തിരുത്തിയ സ്ട്രക്ചറൽ ഡിസൈൻ റിപ്പോർട്ട് അനുബന്ധ ഡ്രോയിംഗുകൾ ഉൾപ്പെടെ എസ്.പി.വി. കിഫ്ബിയിൽ സമർപ്പിക്കുകയും ആയത് പരിശോധനയിന്മേൽ തൃപ്തികരമല്ലെന്ന് കാണുകയും ചെയ്തു. ആയതിനാൽ ഡിസൈൻ റിവ്യൂ നിർദ്ദേശങ്ങൾക്കും കിഫ്ബി നിർദ്ദേശിച്ചിട്ടുള്ള " ഗ്രഹ" മാനദണ്ഡങ്ങൾക്കും അനുസൃതമായി സ്ട്രക്ചറൽ ഡിസൈനും അനുബന്ധ ഡ്രോയിംഗ്സും പുതുക്കിയ എസ്റ്റിമേറ്റുമുൾപ്പെടെ കിഫ്ബിയിൽ സമർപ്പിക്കാൻ എസ്.പി.വി.-യോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഹൗസിംഗ് ബോർഡ് 30-03-2022-ൽ ലഭ്യമാക്കിയ മറുപടിയിൽ ഇലക്ട്രോ മെക്കാനിക്കൽ ഘടകങ്ങളുടെ മറുപടിയും അനുബന്ധ വിവരങ്ങളും ലഭ്യമാക്കാത്തതിനാൽ അക്കാര്യം

ശ്രദ്ധയിൽപ്പെടുത്തി ഡിസൈൻ റിവ്യൂ പ്രക്രിയ അന്തിമമാക്കാൻ വേണ്ടി നിർദ്ദേശങ്ങൾ ഉൾപ്പെടുന്ന റിപ്പോർട്ട് കിഫ്ബി ഹൗസിംഗ് ബോർഡിന് 6-7-2022-ന് നൽകിയിരുന്നു. എന്നാൽ ഇതുപ്രകാരമുള്ള പുതുക്കിയ സർവ്വീസ് ഡ്രോയിംഗുകളും സ്ട്രക്ച്ചറൽ ഡ്രോയിംഗുകളും അനാലിസിസ് മോഡലും 31-10-2022-ന് മാത്രമാണ് ഹൗസിംഗ് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ചത്. പ്രസ്തുത മറുപടിയിലും സാരമായ അപാകതകൾ കണ്ടതിനാൽ പുതുക്കിയ മറുപടി നൽകാൻ ഹൗസിംഗ് ബോർഡിനോട് ആവശ്യപ്പെടുകയും ഡിസൈൻ അവലോകന പ്രക്രിയയിൽ ഇനിയും കാലതാമസം നേരിടാതിരിക്കാനായി കിഫ്ബിയിലെ ഡിസൈൻ അവലോകന വിഭാഗം ഹൗസിംഗ് ബോർഡുമായി ഡിസൈൻ വർക്ക്ഷോപ്പ് 12-12-2022-ൽ നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. എന്നാൽ തൃപ്തികരമായ മറുപടി നാളിതുവരെ ഹൗസിംഗ് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല.

ഇതുകൂടാതെ “ ഗൃഹ” മാനദണ്ഡങ്ങൾ പാലിക്കുന്നത് സംബന്ധിച്ചുള്ള രേഖകൾ ഒന്നുംതന്നെ ഹൗസിംഗ് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല.

(ബി) ഈ പദ്ധതി പ്രഖ്യാപിച്ച് ഏഴുവർഷമായെങ്കിലും ഇതുവരെയും എസ്റ്റിമേറ്റ് തയ്യാറാക്കാത്തത് വളരെയധികം കെടുകാര്യസ്ഥതയുള്ള സംഗതി

ആയതിനാൽ എസ്.പി.വി. (സ്പെഷ്യൽ പർപസ് വെഹിക്കിൾ) ആയി നിശ്ചയിച്ചിരിക്കുന്ന ഹൗസിംഗ് ബോർഡിനെ മാറ്റി മറ്റൊരു ഏജൻസിയെ എസ്.പി.വി. ആയി നിശ്ചയിച്ച് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ധനകാര്യ വകുപ്പ് അടിയന്തര നടപടി സ്വീകരിക്കുമോ?

കിഫ്ബി പദ്ധതികളുടെ പദ്ധതി നിർവ്വഹണ ഏജൻസികളെ തെരഞ്ഞെടുക്കുന്നത് ബന്ധപ്പെട്ട ഭരണവകുപ്പാണ്.

(സി) ഇപ്പോൾ ഈ പദ്ധതിക്ക് ഉണ്ടായിരിക്കുന്ന പ്രതിസന്ധി എന്താണെന്ന് വിശദമാക്കുമോ; ഈ പദ്ധതി എന്ന് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്നും കിഫ്ബി ബോർഡ് അംഗീകാരം ഈ പദ്ധതിക്ക് എന്ന് ലഭിക്കുമെന്നും വ്യക്തമാക്കുമോ;

(ഡി) കുറവിലങ്ങാട് താലൂക്കാശുപത്രി കെട്ടിട നിർമ്മാണത്തിന് കിഫ്ബി അംഗീകാരം നൽകുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

(സി&ഡി) ഹൗസിംഗ് ബോർഡ് പുതുക്കിയ സ്ട്രക്ച്ചറൽ ഡ്രോയിംഗും അനുബന്ധ വിവരങ്ങളും " ഗൃഹ" മാനദണ്ഡപ്രകാരമുള്ള രേഖകളും സമർപ്പിക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് കിഫ്ബി മാനദണ്ഡപ്രകാരം

തൃപ്തികരമാണെങ്കിൽ അന്തിമ റിപ്പോർട്ട് തയ്യാറാക്കി പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

**കിഫ്ബി വഴി നടപ്പിലാക്കുന്ന റെയിൽ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം**

45 (459) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി വഴി നടപ്പിലാക്കുന്ന റെയിൽ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം വിവിധ ഭാഗങ്ങളിൽ തടസ്സപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തടസ്സം നീക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കിഫ്ബിവഴി നടപ്പിലാക്കുന്ന 15 റെയിൽ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം തടസ്സപ്പെട്ടിരുന്നു. ടി റെയിൽ ഓവർ ബ്രിഡ്ജുകൾ സിൽവർ ലൈൻ അലൈൻമെന്റ് കടന്നുപോകുന്ന ഭാഗങ്ങളിലായതിനാൽ ജി.എ.ഡി. ലഭ്യമാക്കുന്നതിന് KRDCL-ന്റെ അനുമതി ലഭ്യമാക്കണമെന്ന് റെയിൽവേ അറിയിച്ചിരുന്നു. പ്രസ്തുത തടസ്സം നീക്കുന്നതിനായി പദ്ധതി നിർവ്വഹണ ഏജൻസി KRDCL-മായി ബന്ധപ്പെടുകയും തുടർന്ന് KRDCL 06-12-2022-ൽ നൽകിയ കത്ത് പ്രകാരം സിൽവർ ലൈൻ പരിഗണിക്കാതെ ജി.എ.ഡി. ലഭ്യമാക്കാൻ റെയിൽവേയോട് അഭ്യർത്ഥിക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ

പദ്ധതി നിർവ്വഹണ ഏജൻസി ഇക്കാര്യം 08-12-2022-ലെ കത്ത് പ്രകാരം റെയിൽവേയെ അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ റെയിൽ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണത്തിന് തടസ്സമില്ല.

**പെരുമ്പാവൂരിലെ കിഫ്ബി പദ്ധതികൾ**

46 (460) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന ഏതെല്ലാം പദ്ധതികളാണ് പെരുമ്പാവൂരിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നത്; ഓരോ പദ്ധതിയുടെയും പുരോഗതി വിശദമാക്കാമോ?

പെരുമ്പാവൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിന് ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ വിവരവും ഓരോ പദ്ധതികളുടെയും പുരോഗതിയും അനുബന്ധമായി ചേർക്കുന്നു*.

(ബി) കിഫ്ബി മുഖേന നടപ്പിലാക്കുന്ന വല്ലം-ഇരിങ്ങോൾ റിംഗ് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഈ വർഷം പൂർത്തിയാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

10-07-2017-ലെ G.O (Rt) No. 942/2017/PWD ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച ഇരിങ്ങോൾ - വല്ലം റിംഗ് റോഡ് പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (DPR) പൊതുമരാമത്ത് ഡിസൈൻ വിഭാഗം മുഖേന തയ്യാറാക്കുന്ന ഘട്ടത്തിലാണെന്നാണെന്നും അത് താമസിയാതെ കിഫ്ബിയിൽ സമർപ്പിക്കുന്നതാണെന്നാണ് നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുള്ളത്. നിർവ്വഹണ ഏജൻസി കിഫ്ബിയിൽ ഡി.പി.ആർ. സമർപ്പിക്കുന്ന മുറയ്ക്ക് അത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡപ്രകാരമുള്ള വ്യവസ്ഥകളെല്ലാം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ജനറൽ ബോഡിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കിഫ്ബിയിലെ നിയമനങ്ങൾ**

47 (461) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവീസിൽനിന്നും വിരമിച്ച ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥയ്ക്ക് കിഫ്ബിയിൽ പുനർനിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് തസ്തികയിലാണ് നിയമനം നൽകിയതെന്നും മേൽപ്പറഞ്ഞ ഉദ്യോഗസ്ഥയ്ക്ക്

ഒരു മാസം ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്കായി എത്ര തുക അനുവദിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ?

ധനവകുപ്പിൽനിന്നും വിരമിച്ച ഉദ്യോഗസ്ഥയെ കിഫ്ബിയിൽ കരാറടിസ്ഥാനത്തിൽ സീനിയർ ജനറൽ മാനേജറായി നിയമിച്ചിട്ടുണ്ട്. കിഫ്ബിയിൽ ജനറൽ മാനേജർ തസ്തികയിൽ കഴിഞ്ഞ 5 വർഷത്തെ പ്രവർത്തി പരിചയവും മികവും കണക്കിലെടുത്താണ് പ്രസ്തുത ഉദ്യോഗസ്ഥയ്ക്ക് കരാർ നിയമന വ്യവസ്ഥയിൽ നിയമനം നൽകിയത്. റൂൾ 100 പാർട്ട് 3 കെ.എസ്.ആർ. പ്രകാരമുള്ള ശമ്പളമാണ് നൽകി വരുന്നത്. നിലവിൽ പ്രതിമാസം 1,06,328/-രൂപയാണ് ശമ്പളം.

(ബി) മേൽപ്പറഞ്ഞ രീതിയിൽ എത്രപേർക്ക് കിഫ്ബിയിൽ പുനർനിയമനം നൽകിയിട്ടുണ്ട്; ഏതൊക്കെ തസ്തികകളിലാണ് നിയമിച്ചതെന്നും ഓരോ തസ്തികയുടെയും ശമ്പളവും ആനുകൂല്യങ്ങളും സംബന്ധിച്ച വിവരങ്ങളും വ്യക്തമാക്കുമോ?

കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പിൽനിന്നും ജോയിന്റ് ഡയറക്ടറായി വിരമിച്ച ഉദ്യോഗസ്ഥനെ ചീഫ് ആഡിറ്ററായി കിഫ്ബിയിൽ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ആഡിറ്റിംഗിൽ പ്രസ്തുത ഉദ്യോഗസ്ഥന്റെ മികവും കിഫ്ബിയിലെ കഴിഞ്ഞ രണ്ട് വർഷത്തെ ചീഫ്

ആഡിറ്റർ തസ്തികയിലെ പ്രവർത്തി പരിചയവും കണക്കിലെടുത്താണ് കരാർ അടിസ്ഥാനത്തിൽ നിയമനം നൽകിയത്. ഇദ്ദേഹത്തിനും റൂൾ 100 പാർട്ട് 3 കെ.എസ്.ആർ. ശമ്പളമാണ് നൽകി വരുന്നത്. നിലവിൽ പ്രതിമാസം 90,657/-രൂപ നൽകുന്നുണ്ട്.

(സി) കിഫ്ബിയിൽ നിയമനങ്ങൾ നടത്തുന്നതിന്റെ ചുമതല ആർക്കാണെന്നും നടപടിക്രമം എന്താണെന്നും വ്യക്തമാക്കുമോ; കിഫ്ബിയിൽ ധനകാര്യ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്ര ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ?

കിഫ് ആക്ട് പ്രകാരം സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി കിഫ്ബിയിലെ വിവിധ തസ്തികകളിലേക്ക് നിയമനം നടത്താനുള്ള ചുമതല കിഫ് ബോർഡിൽ നിക്ഷിപ്തമാണ്. നിയമന രീതി, ശമ്പളം, മറ്റാനുകൂല്യങ്ങൾ സേവന നിബന്ധനകൾ എന്നിവ നിശ്ചയിക്കുന്നത് സർക്കാരാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമനുസരിച്ച് കാലാകാലങ്ങളായി സർക്കാർ വിവിധ ഉത്തരവുകൾ പുറപ്പെടുവിക്കുകയും അതിനനുസൃതമായി നിയമനം നടത്തുകയും ചെയ്തു വരുന്നു. ഇതിൽ പ്രധാനം കിഫ്ബിയുടെ സ്റ്റാഫ്

പാറ്റേണും നിയമന രീതിയും വ്യക്തമാക്കി പുറപ്പെടുവിച്ചിട്ടുള്ള 14.02.2017-ലെ സ.ഉ (കൈ) നം.77/2017/ധന പ്രകാരമാണ്.

ജനറൽ മാനേജർ തസ്തികയിൽ ഒരു ഉദ്യോഗസ്ഥനും പ്രോജക്ട് മാനേജർ തസ്തികയിൽ രണ്ട് ഉദ്യോഗസ്ഥരും ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിൽ ഒരു ഉദ്യോഗസ്ഥനും പ്രോജക്ട് അസിസ്റ്റന്റ് തസ്തികയിൽ 9 ഉദ്യോഗസ്ഥരും ഉൾപ്പെടെ നിലവിൽ 13 ഉദ്യോഗസ്ഥർ ധനകാര്യ വകുപ്പിൽനിന്നും കിഫ്ബിയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്.

**കോങ്ങാട് നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

48 (462)ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(എ&ബി) കോങ്ങാട് നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ധനാനുമതി നൽകിയ പദ്ധതികളും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു*.

(സി) ഭരണാനുമതി ലഭിച്ചതിൽ പൂർത്തിയാകാത്ത പ്രവൃത്തികൾ ഏതെല്ലാമാണ്; ഓരോ പ്രവൃത്തിയും പൂർത്തിയാകുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

കിഫ്ബി ധനാനുമതി നൽകിയ പ്രവൃത്തികളിൽ നിലവിൽ പൂർത്തിയാകാത്ത പ്രവൃത്തികളുടെ വിശദാംശം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്*. അതിൽ കിഫ്ബി ധനാനുമതി നൽകിയ പദ്ധതികൾ പൂർത്തിയാക്കുന്നതിന് നിലവിൽ കാലതാമസമൊന്നും നേരിടുന്നില്ല.

**പേരാമ്പ്ര മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

49 (463) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ ധനകാര്യ അനുമതി നൽകിയ കിഫ്ബി പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പേരാമ്പ്ര മണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) പേരാമ്പ്ര താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വെളിപ്പെടുത്താമോ?

പേരാമ്പ്ര താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണത്തിനായി 77.43 കോടി രൂപയുടെ ഭരണാനുമതി ബന്ധപ്പെട്ട ഭരണവകുപ്പ് പുറപ്പെടുവിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 56.05 കോടി രൂപയുടെ എസ്റ്റിമേറ്റ് നിർദ്ദിഷ്ട പദ്ധതി നിർവ്വഹണ ഏജൻസിയായ ഇൻകെൽ കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇൻകെൽ മുഖേന പ്രസ്തുത ആശുപത്രിയുടെ ഡി.പി.ആർ. ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാമോ?

ഇൻകെൽ മുഖേന പ്രസ്തുത ആശുപത്രിയുടെ ഡി.പി.ആർ. ലഭിച്ചിട്ടുണ്ട്. പേരാമ്പ്ര താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണത്തിനായി ഇൻകെൽ സമർപ്പിച്ചിട്ടുള്ള ഡി.പി.ആർ. കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗം പരിശോധിക്കുകയും ആയത് കിഫ്ബി മാനദണ്ഡപ്രകാരം തൃപ്തികരമാണെന്ന്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാൺകയാൽ അടുത്ത കിഫ്ബി ബോർഡ് യോഗത്തിൽ ഉൾപ്പെടുത്തി ധനാനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ഡി) കുത്താളി നാളികേര പാർക്ക് പദ്ധതിക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കുത്താളി നാളികേര പാർക്ക് പദ്ധതിക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടില്ല. ടി പദ്ധതിയുടെ അവലോകനം നിലവിൽ പുരോഗമിക്കുന്നു.

**പുത്തൻചന്ത മാർക്കറ്റിന്റെ നവീകരണ പ്രവൃത്തികൾ**

**50** (464) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി ഫണ്ട് വിനിയോഗിച്ച് തീരദേശ വികസന കോർപ്പറേഷൻ മുഖേന നവീകരിക്കുന്നതിന് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ള പുത്തൻചന്ത മാർക്കറ്റിന്റെ നവീകരണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള സാങ്കേതിക തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ?

29-06-2018-ലെ സ-.ഉ (സാധാ) നം.535/2018/മ.ത്.വ നമ്പർ സർക്കാർ ഉത്തരവുപ്രകാരം പുത്തൻചന്ത മത്സ്യമാർക്കറ്റിന്റെ നവീകരണത്തിനായി പദ്ധതി നിർവ്വഹണ ഏജൻസിയായ (എസ്.പി.വി.)

തീരദേശ വികസന കോർപ്പറേഷൻ സമർപ്പിച്ച വിശദമായ പദ്ധതി രേഖ കിഫ്ബി പരിശോധിച്ച ശേഷം 09-08-2020-ലെ ഉത്തരവുപ്രകാരം 2,15,38,539/- രൂപയുടെ ധനാനുമതി നൽകിയിരുന്നു. തുടർന്ന്, 2016-ൽ നിന്നും 2018-ലേക്ക് ഡി.എസ്.ആർ. മാറിയതിനെത്തുടർന്ന് 15-03-2022-ൽ 2,14,58,562/- രൂപയായി പുതുക്കിയ ധനാനുമതി നൽകിയിരുന്നു. കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി 19-01-2023-ൽ തീരദേശ വികസന കോർപ്പറേഷനുമായി കൂടിയ അവലോകന യോഗത്തിൽ പുത്തൻചന്ത മത്സ്യമാർക്കറ്റിന്റെ പദ്ധതി നിർവ്വഹണം മന്ദഗതിയിലായിരുന്നതിനാൽ കോൺട്രാക്ടറുടെ റിസ്ക് ആൻഡ് കോസ്റ്റിൽ കോൺട്രാക്ട് ടെർമിനേറ്റ് ചെയ്യുകയുണ്ടായെന്നും തുടർന്നുള്ള പദ്ധതിയുടെ നടപ്പാക്കലിനായി റീ-ടെണ്ടർ നടപടികൾ സ്വീകരിച്ച് പൂർത്തീകരിച്ചിട്ടുണ്ടെന്നും എസ്.പി.വി. അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ വർക്ക് അവാർഡ് ചെയ്ത് പദ്ധതി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ എസ്.പി.വി-ക്കുതന്നെ സ്വീകരിക്കാവുന്നതാണ്.

**അഴീക്കോട് നിയോജകമണ്ഡലത്തിലെ**
**കാക്കുളങ്ങര പള്ളിയുടെ പ്രവൃത്തി**

51 (465) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ഹെറിറ്റേജ് പ്രോജക്ടിൽ ഉൾപ്പെടുത്തിയ അഴീക്കോട് നിയോജകമണ്ഡലത്തിലെ കാക്കുളങ്ങര പള്ളിയുടെ (കിഫ്ബി) നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ആരംഭിക്കുന്നതിന് തടസങ്ങളുണ്ടോയെന്ന് അറിയിക്കാമോ?

(എ&ബി) തലശ്ശേരി ഹെറിറ്റേജ് പദ്ധതിയിലുൾപ്പെടുത്തി അഴീക്കോട് നിയോജകമണ്ഡലത്തിലെ കാക്കുളങ്ങര പള്ളിയുടെ നവീകരണ പ്രവൃത്തിക്കായി 1,03,18,271.34 രൂപയുടെ ധനാനുമതി 09-08-2020-ലെ ഉത്തരവുപ്രകാരം കിഫ്ബി നൽകിയിരുന്നു.

നിർദ്ദിഷ്ട പദ്ധതി നിർവ്വഹണ ഏജൻസിയായ KIIDC ടി പ്രവൃത്തി നാലുതവണ ടെണ്ടർ ചെയ്തിട്ടും കരാറുകാർ ആരുംതന്നെ പങ്കെടുക്കാത്തതിനാൽ 28-05-2021-ന് ക്വട്ടേഷൻ ക്ഷണിക്കുകയും റീ ടെണ്ടർ ചെയ്തശേഷം ലഭ്യമായ ടെണ്ടർ തുക (Rs. 92,19,050.22) എസ്റ്റിമേറ്റ് തുകയേക്കാൾ (Rs.77,55,468) 18.87% കൂടുതലായതിനാൽ നിരക്ക്

കുറയ്ക്കാൻ കരാറുകാരനോട് ആവശ്യപ്പെടുകയും അപ്രകാരം കരാറുകാരൻ തുക 90,63,248.27/-രൂപയായി കുറയ്ക്കുകയും ചെയ്തിരുന്നു. ടി തുക എസ്റ്റിമേറ്റ് തുകയെക്കാളും 16.86% അധികമാണ്. എന്നാൽ ഇത് 2018 ഡി.എസ്.ആർ. പ്രകാരമുള്ള എസ്റ്റിമേറ്റ് തുകയായ ₹96,30,776.80-ൽ നിന്നും 5.89% കുറവായതിനാൽ ഈ തുകയ്ക്ക് കരാറുകാരന് പ്രവൃത്തി അവാർഡ് ചെയ്യാൻ അനുവദിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് KIIDC ടൂറിസം ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും തുടർന്ന് എസ്റ്റിമേറ്റ് പുതുക്കി വിപുലമായ പ്രചാരണം നൽകി പ്രവൃത്തി റീ-ടെണ്ടർ ചെയ്യാൻ സർക്കാരിൽനിന്നും നിർദ്ദേശം ലഭിച്ചതിനെത്തുടർന്ന് എസ്റ്റിമേറ്റ് പുതുക്കി റീ-ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി KIIDC അറിയിച്ചിട്ടുണ്ട്.

ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിനായി സർക്കാർ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും KIIDC അറിയിച്ചിട്ടുണ്ട്.

**കിഫ്ബി ധനസഹായത്തോടെ നടത്തുന്ന പദ്ധതികൾ**

52 (466) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ നടത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഇന്നുവരെ എത്ര പദ്ധതികൾക്ക് അനുമതി നൽകി എന്ന വിവരം പദ്ധതി, നിയോജകമണ്ഡലം, അനുവദിച്ച തുക എന്നിവ സഹിതം വിശദമാക്കാമോ;

(ബി) ഇതിൽ ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ&ബി) നാളിതുവരെ 74,009.55 കോടി രൂപയുടെ 993 പദ്ധതികൾക്കാണ് കിഫ്ബി ധനാനുമതി നൽകിയിട്ടുള്ളത്. പദ്ധതി, നിയോജകമണ്ഡലം, അനുവദിച്ച തുക, നിലവിലെ സ്ഥിതി ഉൾപ്പടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(സി) ഏറ്റെടുത്ത പദ്ധതികളിൽ ഏതെങ്കിലും ഉപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ കാരണം സഹിതം വിശദമാക്കുമോ?

ഉണ്ട്. കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ട്, ഏറ്റെടുക്കേണ്ട സ്ഥലത്തിന് മതിയായ രേഖകൾ ഇല്ലാത്തത്, ധാരണാപത്രം ഒപ്പിടുന്നതിന് കക്ഷികൾക്ക്/ ഗുണഭോക്താക്കൾക്കുള്ള വിമുഖത, ട്രാഫിക്കിന് അനുസൃതമായി കിഫ്ബി മാനദണ്ഡപ്രകാരമുള്ള വീതിയിൽ റോഡ് നിർമ്മിക്കുന്നതിന് സ്ഥലം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭ്യമല്ലാത്തത് തുടങ്ങിയ വിവിധ കാരണങ്ങളാൽ ബന്ധപ്പെട്ട ഭരണ വകുപ്പും പദ്ധതി നിർവ്വഹണ ഏജൻസികളും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ കിഫ്ബി ഏറ്റെടുത്ത 76.47 കോടി രൂപയുടെ 15 പദ്ധതി ഘടകങ്ങൾക്ക് നൽകിയ ധനാനുമതി റദ്ദ് ചെയ്തിട്ടുണ്ട്.

(ഡി) കിഫ്ബി ഏറ്റെടുത്ത ഏതെങ്കിലും പദ്ധതികളിൽ പുതിയ മാനദണ്ഡപ്രകാരം ചെയ്യാൻ സാധിക്കാതെ വന്ന റോഡുകൾ താൽക്കാലികമായി പുനരുദ്ധരിച്ച് ഗതാഗതയോഗ്യമാക്കുന്നതിന് പദ്ധതി കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി ഒറ്റത്തവണ സഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കിഫ്ബി ധനാനുമതി നൽകിയിട്ടും ഭൂമി ഏറ്റെടുക്കൽ, യൂട്ടിലിറ്റി ഷിഫ്റ്റിംഗുൾപ്പെടെയുള്ള വിവിധ കാരണങ്ങളാൽ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതും ആവശ്യമായ RoW ലഭ്യമല്ലാത്തതിനാലോ കരാർ സംബന്ധമായ പ്രശ്നങ്ങൾമൂലമോ Foreclose/Terminate ചെയ്ത കരാറിൽ ഉൾപ്പെട്ട പ്രവൃത്തി നിർവ്വഹിക്കാതെ കിടക്കുന്ന ഭാഗത്തും കിഫ്ബിക്ക് സമർപ്പിച്ചതും എന്നാൽ കുറഞ്ഞ ട്രാഫിക്ക് ഉള്ളതോ സാങ്കേതികമായി പ്രായോഗികമല്ലാത്തതോ കാരണം ധനാനുമതി നൽകാൻ കഴിയാത്തതും എന്നാൽ കിഫ്ബി ഫണ്ടിംഗിൽനിന്നും ഒഴിവാക്കിയിട്ടില്ലാത്തതുമായ

ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് 02-02-2022-ലെ PWD015-119/APR-2/2022/KIIFB നമ്പർ നടപടിക്രമ ഉത്തരവുപ്രകാരം കേരള റോഡ് ഫണ്ട് ബോർഡിന് 50 കോടി രൂപ അനുവദിച്ചിരുന്നു.

(ഇ) സംസ്ഥാനത്ത് പുതുതായി കിഫ്ബി പദ്ധതികൾ ഏറ്റെടുക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

നിലവിൽ 74,009.55 കോടിയിൽപരം രൂപയുടെ 993 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. സർക്കാരിൽനിന്നും നിയമപ്രകാരം ലഭിക്കുന്ന ആന്വിറ്റി വിഹിതത്തിന് (വാഹന നികുതിയുടെ വിഹിതവും പെട്രോളിയം സെസ്സും) പുറമെ ധനവിപണിയിൽനിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ ധനസമാഹരണം നടത്തിയാണ് കിഫ്ബി അതിന്റെ പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഉചിതമായ രീതിയിൽ വിവേകപൂർവ്വമായി ധനസമാഹരണം നടത്തുന്നതിന് കിഫ്ബിയെ സഹായിക്കുന്നത് അതിന്റെ അസറ്റ് ലയബിലിറ്റി മാനേജ്മെന്റ് (ALM) സംവിധാനമാണ്. ഈ സംവിധാനത്തിന്റെ കണക്കുകൂട്ടൽ അനുസരിച്ച് കിഫ്ബി അതിന് നിലവിൽ ലഭിച്ചുവരുന്ന ആന്വിറ്റികൊണ്ട്

തിരിച്ചടയ്ക്കാവുന്ന തുകയ്ക്കുള്ള പദ്ധതികൾക്കാണ് നിലവിൽ അംഗീകാരം നൽകിയിട്ടുള്ളത്. കൂടാതെ സംസ്ഥാനത്തിന് അത്യന്തം പ്രാധാന്യമുള്ള പദ്ധതികൾ മാത്രം ഇനി കിഫ്ബിയിലേയ്ക്ക് നിർദ്ദേശിച്ചാൽ മതിയാകുമെന്നും കിഫ്ബിയുടെ ഫണ്ട് ട്രസ്റ്റീ & അഡ്വൈസറി കമ്മീഷൻ (FTAC) സർക്കാരിന് മുന്നേതന്നെ നിർദ്ദേശമായി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതിയുടെ പ്രാധാന്യവും മറ്റ് ഘടകങ്ങളും വിലയിരുത്തി സസൂക്ഷ്മം തെരഞ്ഞെടുക്കുന്ന പദ്ധതികൾ മാത്രം കിഫ്ബിയിലേയ്ക്ക് നിർദ്ദേശിക്കുവാനാണ് സർക്കാരുദ്ദേശിക്കുന്നത്.

## കൊണ്ടോട്ടി താലൂക്ക് ആശുപത്രി നവീകരണം

53 (467) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി നവീകരണത്തിന് ഇൻകെലിനെ ഏജൻസിയായി നിയമിച്ചുകൊണ്ട് കിഫ്ബി തയ്യാറാക്കിയ പദ്ധതിക്കുള്ള അംഗീകാരം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

കൊണ്ടോട്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ നവീകരണത്തിനായി ഭരണവകുപ്പ് നിർദ്ദേശിച്ചിട്ടുള്ള പദ്ധതി നിർവ്വഹണ

ഏജൻസിയായ ഇൻകെൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള വിശദമായ പദ്ധതി റിപ്പോർട്ടിന്റെ അവലോകനം പൂർത്തിയാക്കി ഫെബ്രുവരി മാസം നടത്താനുദ്ദേശിക്കുന്ന കിഫ്ബിയുടെ എക്സിക്യൂട്ടീവ്/ബോർഡ് യോഗത്തിൽവച്ച് അംഗീകാരം നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്ക് അടിയന്തരമായി അംഗീകാരം നൽകി പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കിഫ്ബി അംഗീകരിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനുള്ള ചുമതല ഭരണവകുപ്പ് നിർദ്ദേശിച്ചിട്ടുള്ള എസ്.പി.വി.-കൾക്കാണ്. കൊണ്ടോട്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ നവീകരണത്തിനായി കിഫ്ബി ധനാനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് ടി പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കി പ്രവൃത്തി ടെണ്ടർ ചെയ്യാനുള്ള നടപടികൾ എസ്.പി.വി.-ആയ ഇൻകെൽ സ്വീകരിക്കുന്നതാണ്.

**ഉടുമ്പൻചോല മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

54 (468) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച വികസന പ്രവൃത്തികൾ ഏതൊക്കെ; നിലവിൽ ഓരോ പ്രവൃത്തിയുടെയും പുരോഗതി സംബന്ധിച്ച വിശദാംശം നൽകാമോ?

ഉടുമ്പൻചോല മണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച വികസന പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയുൾപ്പെടെയുള്ള വിവരവും അനുബന്ധമായി ചേർക്കുന്നു*.

(ബി) ആകെ എത്ര രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് നാളിതുവരെ ഭരണാനുമതി നൽകിയിട്ടുള്ളത്; ഓരോ പ്രവൃത്തിയുടെ പേരും ഭരണാനുമതി നൽകിയ തുകയും സംബന്ധിച്ച വിശദാംശം നൽകാമോ?

ഉടുമ്പൻചോല മണ്ഡലത്തിൽ ആകെ 418.01 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ ധനാനുമതി നൽകിയ തുക സംബന്ധിച്ച വിവരം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്*.

**കിഫ്ബി പദ്ധതിയിലെ അടിവാരം - കേളംമൂല റോഡ്**

55 (469) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കിഫ്ബി പദ്ധതിയിലുൾപ്പെട്ട കൊടുവള്ളി നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന അടിവാരം-കേളംമൂല റോഡിന്റെ (23.7 കി.മീ) ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

10-07-2017-ലെ G.O (Rt) No. 942/2017/PWD പ്രകാരം 20 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ള അടിവാരം - കേളംമൂല റോഡ് (23.7 km) പ്രവൃത്തിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (DPR) 29-08-2019-ന് നിർവ്വഹണ ഏജൻസിയായ (SPV) കേരള റോഡ് ഫണ്ട് ബോർഡ് (KRFB) കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ആയത് കിഫ്ബി അവലോകനം നടത്തി 23-10-2019-ന് SPV-ക്ക് സാങ്കേതിക അവലോകന റിപ്പോർട്ട് നൽകിയിരുന്നെങ്കിലും ആയതിന് SPV 14-01-2020-ന് സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ സാങ്കേതിക അവലോകന റിപ്പോർട്ടിലെ നിർദ്ദേശങ്ങളെല്ലാം പാലിച്ചുകൊണ്ട് കിഫ്ബി നിഷ്കർഷിക്കുന്ന മാതൃകയിലുള്ള ഡി.പി.ആർ. സമർപ്പിക്കുവാൻ 29-01-2020-ന് കിഫ്ബി SPV-ക്ക് നിർദ്ദേശം നൽകിയിരുന്നു.

പ്രസ്തുത പ്രവൃത്തിക്കായി 09-02-2018-ന് പൊതുമരാമത്ത് വകുപ്പ് ഇൻവെസ്റ്റിഗേഷൻ നടത്തിയിരുന്നുവെന്നും എന്നാൽ കേളംമൂല അടിവാരം

റോഡ് കടന്നുപോകുന്ന അടിവാരത്തിനും കാക്കവയലിനും ഇടയിലുള്ള ചില സ്ഥലങ്ങൾ അലൈൻമെന്റിൽ ഉൾപ്പെടുത്തി ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിനും ബഹു. തിരുവമ്പാടി എം.എൽ.എ 07-02-2022-കത്ത് മുഖാന്തരം ആവശ്യപ്പെട്ടിരുന്നതനുസരിച്ച് ആ ഭാഗം ഉൾപ്പെടുത്തി 10 കിലോമീറ്റർ റീ-ഇൻവെസ്റ്റിഗേഷൻ നടത്താൻ 18-02-2022-ന് KRFB ഇൻവെസ്റ്റിഗേഷൻ വിംഗിനെ ചുമതലപ്പെടുത്തിയതായും അടിവാരം മുതൽ കണ്ണപ്പൻകുണ്ടുവരെയുള്ള ഭാഗത്തിന്റെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് KRFB- PMU കോഴിക്കോട് ഓഫീസിൽ ലഭിച്ചിട്ടുണ്ടെന്നും അടിവാരം മുതൽ കണ്ണപ്പൻകുണ്ടുവരെ പുതുക്കിയ അലൈൻമെന്റ് പ്രകാരവും കണ്ണപ്പൻകുണ്ട് മുതൽ കേളൻമൂല വരെ പൊതുമരാമത്ത് വകുപ്പ് (റോഡ്സ് വിഭാഗം) അംഗീകരിച്ച അലൈൻമെന്റ് പ്രകാരവുമുള്ള ഡി.പി.ആർ. സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു എന്നുമാണ് നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ?

പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ ധനാനുമതി ലഭിച്ചിട്ടില്ല. പദ്ധതിയുടെ അവലോകനം പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതിക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കൊടുവള്ളി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതി**

56 (470) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് കിഫ്ബിവഴി അനുവദിച്ച തുക, സ്കൂളുകളുടെ പേര് എന്നിവ ഇനം തിരിച്ച് ലഭ്യമാക്കുമോ?

കൊടുവള്ളി നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് കിഫ്ബി വഴി അനുവദിച്ച തുക, സ്കൂളുകളുടെ പേര് എന്നിവ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇതിൽ ഏതൊക്കെ പദ്ധതികൾ പൂർത്തീകരിച്ചു എന്ന് വിശദമാക്കുമോ?

പൂർത്തീകരിച്ച പദ്ധതികളുടെ വിവരങ്ങൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സ്കൂൾ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വിശദീകരിക്കുമോ?

ടി പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്*.

(ഡി) ചില സ്കൂളുകളുടെ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾപോലും കൈക്കൊണ്ടിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

Coverage Issue കാരണം കില പദ്ധതി നിർവ്വഹണ ഏജൻസിയായിട്ടുള്ള രണ്ട് സ്കൂളുകളുടെ (GMUPS Karuvampoil, GHSS Karuvanpoyil) നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ കാലതാമസം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) നാളിതുവരെയായി പ്രവൃത്തി ആരംഭിക്കാത്ത സ്കൂളുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; എന്ത് കാരണത്താലാണ് പദ്ധതി ആരംഭിക്കാത്തതെന്ന് വിശദമാക്കുമോ?

നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്ത സ്കൂളുകളുടെ വിശദവിവരവും ആയതിന്റെ കാരണങ്ങളും ചുവടെ ചേർക്കുന്നു.

GMUPS Karuvampoil

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Due to Coverage issue estimate preparation is pending at SPV level.

GHSS Karuvanpoyil

Due to Coverage issue estimate preparation is pending at SPV level.

GMUPS Arambram

TS pending at SPV level

Govt.MHS Raroth

TS pending at SPV level

**വൈപ്പിൻ മണ്ഡലത്തിലെ വല്ലാർപാടം പനമ്പുകാട്**
**കായലോര റിംഗ് റോഡ് നിർമ്മാണം**

57 (471) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി അംഗീകാരവും പൊതുമരാമത്ത് വകുപ്പ് 10-07-2017-ലെ സ.ഉ. (ആർ.റ്റി.) 942/2017 പ്രകാരം 20 കോടി രൂപയ്ക്ക് ഭരണാനുമതിയും നൽകിയ 2017-2018-ലെ കിഫ്ബി പദ്ധതിയായ വല്ലാർപാടം പനമ്പുകാട് കായലോര റിംഗ് റോഡ് നിർമ്മാണത്തെ സംബന്ധിച്ച് 08-12-2022-ന് കേരള റോഡ് ഫണ്ട് ബോർഡ് പ്രോജക്ട് ഡയറക്ടർ, കിഫ്ബി ചീഫ്

പ്രോജക്ട് എക്സാമിനർക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) ജിഡയുടെ സഹായത്തോടെ ഇറിഗേഷൻ വകുപ്പ് നിർമ്മിക്കുന്ന, പനമ്പുകാട് മുതൽ വല്ലാർപാടം ബസിലിക്ക വരെയുള്ള ഔട്ടർ ബണ്ട് റോഡിന്റെ തുടർച്ചയായുള്ള റോഡായതിനാലും നിരവധി സ്ലൂയിസുകൾ നിർമ്മിക്കുന്നതിനും പുനർനിർമ്മിക്കുന്നതിനുമുള്ള പ്രവൃത്തികൾ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതിനാലും ഇത്തരം പ്രവൃത്തിയിൽ ഇറിഗേഷൻ വകുപ്പിനാണ് വൈദഗ്ദ്ധ്യം എന്ന് പ്രസ്തുത കത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത പ്രവൃത്തി ജലവിഭവ വകുപ്പിന് കൈമാറുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) കാലാവസ്ഥാവ്യതിയാനംമൂലം വല്ലാർപാടം ദ്വീപ് നിവാസികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-സി) വൈപ്പിൻ മണ്ഡലത്തിലെ വല്ലാർപാടം പനമ്പുകാട് കായലോര റിംഗ് റോഡ് നിർമ്മാണ പദ്ധതിക്ക് 10-07-2017-ലെ ഉത്തരവുപ്രകാരം 20 കോടിയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ ടി പദ്ധതിക്ക് നാളിതുവരെ കിഫ്ബി അംഗീകാരം നൽകിയിട്ടില്ല. ടി റോഡിന്റെ

സാങ്കേതികത കിഫ്ബിയുടെ സാങ്കേതിക അവലോകന വിഭാഗം പരിശോധിക്കുകയും പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന് (KRFB) 31-08-2022-ൽ ഒരു ടെക്നിക്കൽ ഒബ്സർവേഷൻ നോട്ട് (TON) നൽകുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത പ്രവൃത്തിയുടെ സ്വഭാവം ഇറിഗേഷൻ പ്രവൃത്തികളുമായി ബന്ധപ്പെട്ടതാണെന്നും കിഫ്ബി ഗൈഡ്‌ലൈൻസ് പ്രകാരം നടപ്പാക്കാൻ ബുദ്ധിമുട്ടാണെന്നും 08-12-2022-ലെ കത്ത് മുഖാന്തരം KRFB അറിയിച്ചിരുന്നു. ടി കത്ത് കിഫ്ബിയുടെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയിലാണ്. ഈ വിഷയത്തിൽ അടിയന്തരമായി തീരുമാനം കൈക്കൊള്ളുന്നതാണ്.

**കിഫ്ബി വായ്പ**

58 (472) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വായ്പയുടെ തിരിച്ചടവിനായി ഏതൊക്കെ ഇനത്തിലുള്ള വരുമാനമാണ് ഉപയോഗപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അടുത്ത അഞ്ച് സാമ്പത്തിക വർഷം പ്രസ്തുത ഇനത്തിൽ എത്ര രൂപയുടെ വരുമാനമാണ് പ്രതീക്ഷിക്കുന്നത്; ഇത് വായ്പയുടെ തിരിച്ചടവിന് പര്യാപ്തമായിരിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) കിഫ്ബി വായ്പകളുടെ തിരിച്ചടവിനായി പ്രധാനമായും സർക്കാരിൽനിന്നുള്ള വാഹന നികുതി വിഹിതത്തേയും പെട്രോളിയം സെസ്സിനെയുമാണ് ആശ്രയിക്കുന്നത്. ഈ ഇനത്തിൽ അടുത്ത അഞ്ച് സാമ്പത്തിക വർഷത്തിൽ 16,579/- കോടി രൂപയുടെ വരുമാനമാണ് പ്രതീക്ഷിക്കുന്നത്. ആയത് കിഫ്ബിയുടെ പ്രസ്തുത കാലയളവിലേയ്ക്കുള്ള തിരിച്ചടവിന് പര്യാപ്തമാണ്.

### 'കില' നിർവ്വഹണ ഏജൻസിയായ സ്കൂളുകൾ

59 (473) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിൽ കിഫ്ബിവഴി ഫണ്ടനുവദിച്ച സ്കൂളുകളിൽ 'കില' നിർവ്വഹണ ഏജൻസിയായ സ്കൂളുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

അരൂർ നിയോജകമണ്ഡലത്തിൽ KIIFB ധനാനുമതി നൽകിയിട്ടുള്ള സ്കൂളുകളിൽ കില നിർവ്വഹണ ഏജൻസിയായ സ്കൂളുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. Govt. HS Thevarvattom (GED003-08)

2. Govt HSS Perumpalam (GED003-08)

3. Govt.LPS.Mattathilbhagam (GED003-08)

(ബി) 'കില' നിർവ്വഹണ ഏജൻസിയായ പ്രസ്തുത നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനം അനിശ്ചിതമായി നീളുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

Govt. HS Thevarvattom, Govt HSS Perumpalam എന്നീ സ്കൂളുകളുടെ പ്രവൃത്തികൾ മുമ്പ് ടെണ്ടർ ചെയ്തിരുന്നെങ്കിലും വിവിധ സാങ്കേതിക കാരണങ്ങളാൽ പദ്ധതി നീണ്ടുപോകുകയും കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കുവാൻ വിസമ്മതിക്കുകയും ചെയ്തു. തുടർന്ന് പുതുക്കിയ സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് പരിഷ്കരിക്കേണ്ടിവന്നു. കൂടാതെ സോയിൽ റിപ്പോർട്ട് ലഭിക്കുന്നതിനും കാലതാമസമുണ്ടായി. ടി സാഹചര്യത്തിലാണ് നിർമ്മാണ പ്രവർത്തനത്തിൽ കാലതാമസമുണ്ടായത്. നിലവിൽ ടി സ്ക്കൂളുകളുടെ പുതുക്കിയ സാങ്കേതികാനുമതി

ലഭ്യമാക്കുന്നതിനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസിയായ കിഫ്ബി സ്വീകരിച്ചുവരുന്നു.

(സി) ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

പുതുക്കിയ സാങ്കേതികാനുമതി ലഭ്യമാക്കി കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിച്ച് അനുമതി നൽകുന്നതാണ്.

**കിഫ്ബി പദ്ധതികൾക്ക് സാമ്പത്തികാനുമതി**

**60**(474) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതികൾക്ക് സാമ്പത്തികാനുമതി നൽകുന്നതിനായി ബോർഡ് മീറ്റിംഗുകൾ കൂടുന്നതിന്റെ ഇടവേള എത്രയെന്ന് വിശദമാക്കാമോ?

08/12/2021-ലെ സ.ഉ(അച്ചടി)നം.167/2021/ധനം പ്രകാരമുള്ള കിഫ് സ്കീം പ്രകാരം ബോർഡിന്റെ ചെയർപേഴ്സൺ ആഗ്രഹിക്കുന്നത്ര തവണയോ അല്ലെങ്കിൽ വർഷത്തിൽ കുറഞ്ഞത് രണ്ട് തവണയോ ബോർഡ് യോഗം ചേരേണ്ടതാണ്.

(ബി) ബോർഡ് കൂടുന്നതിലെ കാലതാമസം കാരണം പദ്ധതികൾ നടപ്പിലാക്കുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

കിഫ് ബോർഡ് യോഗം കൂടുന്നതിലെ കാലതാമസം കാരണം പദ്ധതികൾ നടപ്പിലാക്കുന്നതിന് കാലതാമസമുണ്ടായിട്ടില്ല. 2017 മുതൽ 2022 വരെ 17 തവണ കിഫ് ബോർഡ് യോഗം കൂടിയിട്ടുണ്ട്. അതിന്റെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| **വർഷം** | **തവണ** |
|---|---|
| 2017 | 4 |
| 2018 | 2 |
| 2019 | 4 |
| 2020 | 3 |
| 2021 | 2 |
| 2022 | 2 |
| ആകെ | 17 |

(സി) കിഫ്ബി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

കിഫ്ബി ധനാനുമതി നൽകുന്ന പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി കിഫ്ബിയുടെ വിവിധ തലങ്ങളിലും ബഹു.മന്ത്രി/എം.എൽ.എ-മാരുടെ നേതൃത്വത്തിലും നിശ്ചിത ഇടവേളകളിൽ

അവലോകന യോഗങ്ങൾ ചേർന്നുവരുന്നു. കൂടാതെ പദ്ധതി നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങളിൽ ബന്ധപ്പെട്ട എസ്.പി.വി-കൾ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്ന പക്ഷം ആയത് കിഫ്ബിയെ അറിയിക്കുന്ന മുറയ്ക്ക് അവ പരിഹരിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ കിഫ്ബി നൽകിവരുന്നു. പദ്ധതികളുടെ സുഗമവും സമയബന്ധിതവുമായ നടപ്പാക്കൽ ഉറപ്പുവരുത്തുന്നതിന് അവശ്യംവേണ്ട ഇടപെടലുകൾ കിഫ്ബി നടത്തിവരുന്നു.

(ഡി) കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദ വിവരങ്ങളും അവയുടെ പുരോഗതിയും വിശദമാക്കാമോ?

കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങളും അവയുടെ നിലവിലെ സ്ഥിതിയും ഉൾപ്പെടുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു*.

## ഹെമ നിയമം

61 (475) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കിഫ്ബി ഫെമ നിയമം ലംഘിച്ചതായി സംസ്ഥാന സർക്കാർ വിലയിരുത്തുന്നുണ്ടോ വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇത്തരം നിയമലംഘനം നടത്തിയവർക്കെതിരെ എന്തൊക്കെ നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

(എ&ബി) കിഫ്ബി ഏതെങ്കിലും തരത്തിലുള്ള ഫെമ നിയമലംഘനം നടത്തിയിട്ടില്ല.

(സി) മസാല ബോണ്ട് മുഖേന നിക്ഷേപം സ്വീകരിച്ചതിന്റെ നടപടിക്രമങ്ങൾ വ്യക്തമാക്കുമോ; റിസർവ് ബാങ്ക് അനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ?

മസാല ബോണ്ട് സംബന്ധിക്കുന്ന ചട്ടങ്ങൾ നിർദ്ദേശിച്ചുകൊണ്ട് റിസർവ് ബാങ്ക് ഇറക്കിയ മാസ്റ്റർ സർക്കുലറിൽ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചാണ് കിഫ്ബി മസാല ബോണ്ട് പുറപ്പെടുവിച്ചത്. ഇതിൻപ്രകാരം മസാല ബോണ്ട് പുറപ്പെടുവിക്കുന്നതിനുള്ള അനുമതിക്കായി കിഫ്ബി ഓതറൈസ്ഡ് ഡീലർ ബാങ്ക് വഴി ("Approval Route"ൽ) റിസർവ് ബാങ്കിന് അപേക്ഷ സമർപ്പിക്കുകയും ആയത് പരിശോധിച്ചശേഷം അവശ്യമായ എൻ.ഒ.സി. റിസർവ് ബാങ്ക് നൽകുകയും ചെയ്തു. തുടർന്ന് മസാല ബോണ്ട് പുറപ്പെടുവിക്കുന്നതിന്റെ ഭാഗമായി ട്രസ്റ്റി, ലീഡ് മാനേജേഴ്സ്,

റേറ്റിംഗ് ഏജൻസികൾ, ലീഗൽ കൗൺസിലുകൾ എന്നിങ്ങനെ അവശ്യമായ ഏജൻസികളെ ടെണ്ടർ പ്രക്രിയയിലൂടെ കണ്ടെത്തി. ശേഷം മസാല ബോണ്ടിൽ പങ്കെടുത്തിട്ടുള്ളതും സാധ്യതയുള്ളതുമായ ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകരുമായി വിവിധ ഘട്ടങ്ങളിൽ ചർച്ചകൾ നടത്തുകയും ചെയ്തു. ശേഷം 2019 മാർച്ച് 29-ന് കിഫ്ബി മസാല ബോണ്ട് മുഖേന 2150 കോടി രൂപ സമാഹരിച്ചു. റിസർവ് ബാങ്ക് അനുമതിയുടെ പകർപ്പ് അനുബന്ധമായി നൽകുന്നു*.

## കല്ലൂരിക്കടവ് പാലം പ്രവൃത്തി

62 (476) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ കല്ലൂരിക്കടവ് പാലം പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

അഴീക്കോട് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കിഫ്ബി പദ്ധതിയായ കല്ലൂരിക്കടവ് പാലം നിർമ്മാണ പ്രവൃത്തിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (DPR) നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് (KRFB) കിഫ്ബിയിൽ സമർപ്പിച്ചിരുന്നതും ആയത് കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗം അവലോകനം നടത്തുകയും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ഡി,പി.ആർ. കിഫ്ബി നിഷ്കർഷിക്കുന്ന മാതൃകയിൽ പുനഃസമർപ്പിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് എസ്.പി.വി.-ക്ക് സാങ്കേതിക അവലോകന റിപ്പോർട്ട് നൽകുകയും ചെയ്തിരുന്നു.

എന്നാൽ ഇതിന് എസ്.പി.വി. ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ സാങ്കേതിക അവലോകന റിപ്പോർട്ടിലെ നിർദ്ദേശങ്ങളെല്ലാം പാലിച്ചുകൊണ്ട് കിഫ്ബി നിഷ്കർഷിക്കുന്ന മാതൃകയിലുള്ള ഡി.പി.ആർ. സമർപ്പിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് എസ്.പി.വി.-ക്ക് വീണ്ടും തിരിച്ചുനൽകിയിരിക്കുകയാണ്.

നിലവിലെ പി.ഡബ്ല്യൂ.ഡി. റോഡുമായി ബന്ധിപ്പിക്കുന്നതിനായി പാപ്പിനിശ്ശേരി ഭാഗത്ത് അധികമായി എടുക്കേണ്ടതായി വന്നിട്ടുള്ള 800 മീറ്റർ ദൂരത്തിലുള്ള റോഡിന്റെ അഡീഷണൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് രൂപകൽപ്പന വിഭാഗത്തിന് ഡി.പി.ആർ. തയ്യാറാക്കുന്നതിനായി നൽകിയിട്ടുണ്ടെന്നാണ് നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദാംശം നൽകാമോ?

മേൽപ്പറഞ്ഞ നപടിക്രമങ്ങൾ പൂർത്തീകരിച്ച് നിർവ്വഹണ ഏജൻസി പരിഷ്കരിച്ച ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

**ടെണ്ടർ സേവിംഗ്സ് തുകയ്ക്ക് പുതിയ പദ്ധതികൾ**

63 (477) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ട് പദ്ധതികളിൽനിന്നും ആകെയുള്ള ടെണ്ടർ സേവിംഗ്സ് തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

04-08-2018-ലെ സ.ഉ.(അച്ചടി)നം.119/2018/ധന. ഉത്തരവ് പ്രകാരം 2017-18 സാമ്പത്തിക വർഷം മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്. ആയതിനാൽ 2017-18 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| സാമ്പത്തിക വർഷം | ടെണ്ടർ സേവിംഗ്സ് |
|---|---|
| 2017-18 | 47,88,315.48/- |
| 2018-19 | 49,85,613/- |
| 2019-20 | 41,180,63/- |
| 2020-21 | 93,84,149/- |
| 2021-22 | 17,88,424/- |
| **ആകെ** | **2,50,64,564.48** |

(ബി) ടെണ്ടർ സേവിംഗ്സ് തുകയ്ക്ക് പുതിയ പദ്ധതി നിർദ്ദേശിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട 04-08-2018-ലെ സ.ഉ.(അച്ചടി)നം. 119/2018/ധന. ഉത്തരവിലെയും ടി ഉത്തരവ് ഭേദഗതി ചെയ്ത 31-03-2022-ലെ സ.ഉ.(അച്ചടി)നം.40/2022/ധന. ഉത്തരവിലേയും ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഭേദഗതി ചെയ്തുകൊണ്ട് 17-12-2022-ലെ സ.ഉ.(അച്ചടി)നം.145/2022/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം "പ്രായോഗികമായി, ഒരു പ്രവൃത്തി പൂർത്തിയാക്കി അന്തിമ ബിൽ (FINAL BILL) തയ്യാറാക്കിക്കഴിഞ്ഞാൽ മാത്രമേ ആ പ്രവൃത്തിയുടെ യഥാർത്ഥ ചെലവ് മനസ്സിലാക്കാൻ കഴിയൂ

എന്നതിനാൽ ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികൾ പൂർത്തിയാക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുമ്പോഴുണ്ടാകുന്ന സേവിംഗ്സ് (Actual Savings) ഏതു സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്താൻ സാധിക്കുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെണ്ടർ എക്സസിനുവേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുവേണ്ടിയോ വിനിയോഗിക്കാവുന്നതാണെന്നും ഒരു സാമ്പത്തിക വർഷത്തെ ടെണ്ടർ സേവിംഗ്സ് തുടർന്നുള്ള സാമ്പത്തിക വർഷത്തിൽ പരിഗണിക്കുമ്പോൾ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 എന്ന നിബന്ധനയും 5 കോടി രൂപ എന്ന പരിധിയും നിഷ്കർഷിക്കേണ്ടതില്ല " എന്നും ഉത്തരവായിട്ടുണ്ട്. അതിൻ പ്രകാരം ബഹു. എം.എൽ.എ.-മാർക്ക് ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കുന്നതിനുള്ള ശിപാർശകൾ അതത് ജില്ലാ കളക്ടർക്ക് സമർപ്പിക്കാവുന്നതാണ്.

**പുതുക്കാട് മണ്ഡലത്തിലെ ചെമ്പുച്ചിറ ജി.എച്ച്.എസ്.-ന്റെ അടിസ്ഥാനസൗകര്യ വികസനം**

64 (479) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ:</u> താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുക്കാട് മണ്ഡലത്തിലെ ചെമ്പൂച്ചിറ ഗവൺമെന്റ് എച്ച്.എസ്.-ന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 3 കോടി രൂപയുടെ കിഫ്ബി ഫണ്ടുപയോഗപ്പെടുത്തി 'കൈറ്റ്' മേൽനോട്ടം നിർവ്വഹിച്ച് നടത്തുന്ന പ്രവൃത്തികൾക്കൊപ്പം മണ്ഡലം ആസ്തിവികസന ഫണ്ടിൽ നിന്നും 81 ലക്ഷം രൂപ അനുവദിച്ച് കെട്ടിടനിർമ്മാണം നടത്തുന്നതിനായി നിശ്ചയിച്ചിരുന്നുവെങ്കിലും ടെണ്ടർ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കിയതായി പി.എം.സി.-ആയ ഡബ്ല്യൂ.എ.പി.സി.ഒ.എസ്. (വാപ്കോസ്) അറിയിക്കുകയും ബാക്കി പ്രവൃത്തികൾ ഏറ്റെടുക്കാൻ കഴിയില്ലെന്ന് 'കൈറ്റ്' നിലപാടെടുക്കുകയും ചെയ്തതിനാൽ ആസ്തി വികസന ഫണ്ടായ 81 ലക്ഷം രൂപ തിരികെ നൽകുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

പുതുക്കാട് മണ്ഡലത്തിലെ ചെമ്പൂച്ചിറ ഗവൺമെന്റ് എച്ച്.എസ്.എസ്.-ന്റെ പ്രവൃത്തി നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ടി സ്കൂൾ കിഫ്ബി ഫണ്ടായ 3 കോടി രൂപ ഉപയോഗപ്പെടുത്തി പദ്ധതി നിർവ്വഹണ ഏജൻസിയായ കൈറ്റ് വഴിയാണ് പൂർത്തീകരിച്ചത്. മണ്ഡലം ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച 81 ലക്ഷം രൂപ കിഫ്ബിയിൽ ലഭ്യമായിട്ടുണ്ട്.

ടി തുക പ്രസ്തുത പദ്ധതിക്ക് ഉപയോഗപ്പെടുത്തേണ്ടതില്ലാത്ത പക്ഷം തിരികെ നൽകാനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

## എം.എൽ.എ.- യുടെ പ്രത്യേക വികസന നിധിയിൽനിന്നും ആംബുലൻസ്

65 (480) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ എം.എൽ.എ.-യുടെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തി പാപ്പിനിശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, നാറാത്ത് ഫാമിലി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ആംബുലൻസ് വാങ്ങുന്നതിനുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

അഴീക്കോട് നിയോജകമണ്ഡലത്തിലെ 2021-22 വർഷത്തെ എം.എൽ.എ.-യുടെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തി നാറാത്ത് ഫാമിലി ഹെൽത്ത് സെന്റർ, പാപ്പിനിശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിലേയ്ക്ക് വാങ്ങിക്കുന്ന ആംബുലൻസ് (2 എണ്ണം) ആർ.ടി.ഒ. കണ്ണൂർ പരിശോധന നടത്തുകയും ആയത് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ തിരുവനന്തപുരം മുഖേന ആർ.ടി.ഒ.-യ്ക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ നമ്പർ

ലഭ്യമായാലുടൻ ആംബുലൻസ് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കൈമാറുന്നതാണ്.

(ബി) ഹെൽത്ത് സെന്ററുകൾക്ക് ആംബുലൻസ് കൈമാറുന്നതിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദാംശം നൽകാമോ?

എം.എൽ.എ.-യുടെ പ്രത്യേക വികസന നിധിയിൽനിന്നും വാങ്ങിക്കുന്ന ആംബുലൻസുമായി ബന്ധപ്പെട്ട ആവർത്തന ചെലവുകൾ (ഡ്രൈവറുടെ വേതനം, ഇന്ധനം, അറ്റകുറ്റപ്പണികൾ) എന്നിവ ബന്ധപ്പെട്ട സ്ഥാപനമോ, പഞ്ചായത്തോ വഹിക്കുകയാണെങ്കിൽ ആംബുലൻസ് ഹെൽത്ത് സെന്ററുകൾക്ക് കൈമാറുന്നതിന് തടസ്സമില്ല.

**കടമക്കുടി ഗ്രാമപഞ്ചായത്തിൽ ആധുനിക ശ്മശാനം**

66 (481) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-2023 സാമ്പത്തിക വർഷത്തെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഭരണാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ച വൈപ്പിൻ നിയോജകമണ്ഡലത്തിലെ കടമക്കുടി ഗ്രാമപഞ്ചായത്തിലെ ആധുനിക ശ്മശാനത്തിൽ ഗ്യാസ് ഫർണസ് സ്ഥാപിക്കുന്ന പ്രൊപ്പോസലിന്

അനുമതി ലഭ്യമാക്കുന്നതിന് നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

2022-2023 സാമ്പത്തിക വർഷത്തെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഭരണാനുമതി ലഭിക്കുന്നതിനായി വൈപ്പിൻ നിയോജകമണ്ഡലത്തിലെ കടമക്കുടി ഗ്രാമപഞ്ചായത്തിലെ ആധുനിക ശ്മശാനത്തിൽ ഗ്യാസ് ഫർണസ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനവകുപ്പിൽ ലഭ്യമായിട്ടില്ല. പ്രസ്തുത പ്രവൃത്തി ആസ്തിവികസന പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ല. ടി പ്രവൃത്തി നടപ്പിലാക്കണമെങ്കിൽ സർക്കാരിന്റെ പ്രത്യേകാനുമതി ആവശ്യമാണ്.

(ബി) ഇതിനായി ഡി.പി.ആർ/എസ്റ്റിമേറ്റ് തയ്യാറാക്കേണ്ട അംഗീകൃത ഏജൻസികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് എന്നത്തേയ്ക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) 2022-2023 സാമ്പത്തിക വർഷത്തെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഭരണാനുമതി ലഭിക്കുന്നതിനായി വൈപ്പിൻ നിയോജകമണ്ഡലത്തിലെ കടമക്കുടി ഗ്രാമപഞ്ചായത്തിലെ ആധുനിക ശ്മശാനത്തിൽ ഗ്യാസ് ഫർണസ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ

ധനവകുപ്പിൽ ലഭ്യമായിട്ടില്ല. പ്രസ്തുത പ്രവൃത്തി ആസ്തിവികസന പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ല. ടി പ്രവൃത്തി നടപ്പിലാക്കണമെങ്കിൽ സർക്കാരിന്റെ പ്രത്യേകാനുമതി ആവശ്യമാണ്.

### നാട്ടുവെളിച്ചം സമ്പൂർണ്ണ തെരുവ് വിളക്ക് പദ്ധതി

67 (482) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19, 2019-20 വർഷത്തെ എം.എൽ.എ. ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ നെന്മാറ മണ്ഡലത്തിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ നാട്ടുവെളിച്ചം സമ്പൂർണ്ണ തെരുവ് വിളക്ക് പദ്ധതി നാളിതുവരെ തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചതെന്നും പദ്ധതി എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്നും വിശദമാക്കുമോ?

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

### നെന്മാറ നിയോജകമണ്ഡലത്തിന് അനുവദിച്ച ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന നിധി

68 (483) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിന് അനുവദിച്ച ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന നിധി എന്നിവയിലൂടെ നടത്തിയ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ എത്ര തുകയാണ് ബാക്കിയുള്ളതെന്ന് വിശദമാക്കുമോ?

04-08-2018-ലെ സ.ഉ.(അച്ചടി)നം. 119/2018/ധന പ്രകാരം 2017-18 സാമ്പത്തിക വർഷം മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്. 04-08-2018-ലെ സ.ഉ.(അച്ചടി)നം. 119/2018/ധന, 17-12-2022-ലെ സ.ഉ (സാധാ)നം.145/2022/ധന എന്നീ ഉത്തരവുകൾ പ്രകാരം ഒരു സാമ്പത്തിക വർഷത്തെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് ഫൈനൽ ബിൽ തയ്യാറാക്കിക്കഴിഞ്ഞാൽ മാത്രമേ ആ വർഷത്തെ ടെണ്ടർ സേവിംഗ്സ് കണക്കാക്കാൻ കഴിയുകയുള്ളൂ. 2017-18, 2018-19, 2019-20, 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ ഭരണാനുമതി നൽകിയ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഈ വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് തുക കണക്കാക്കാൻ നിർവ്വാഹമില്ല.

എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ (അച്ചടി) 161/2017/ധന പ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദനീയമല്ല.

(ബി) ടെണ്ടർ സേവിംഗ്സ് ഇനത്തിൽ മിച്ചമുള്ള തുക സമയബന്ധിതമായി എം.എൽ.എ.-മാരെ അറിയിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മാവേലിക്കര മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി പ്രവൃത്തികൾ**

69 (484) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21, 2021-22, 2022-23 വർഷങ്ങളിൽ മാവേലിക്കര മണ്ഡലത്തിൽ അനുവദിക്കപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കുമോ?

MLA ADS 2020-21

11 പ്രവൃത്തികൾ - 515.65 ലക്ഷം രൂപ

6 പ്രവൃത്തികൾ പൂർത്തീകരിച്ചു.

5 പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

MLA ADS 2021-22

6 പ്രവൃത്തികൾ - 100.50 ലക്ഷം രൂപ

1 പ്രവൃത്തി പൂർത്തീകരിച്ചു.

5 പ്രവൃത്തികൾ പുരോഗമിക്കുന്നു.

MLA ADS 2022-23

20 പ്രവൃത്തികൾ - 500 ലക്ഷം രൂപ

4 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ബാക്കി പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

(ബി) ഇവയിൽ പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും പൂർത്തീകരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) പൂർത്തിയാക്കുവാനുള്ള പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+. പൂർത്തീകരണവുമായി ബന്ധപ്പെട്ട് നിലവിൽ തടസ്സങ്ങൾ ഒന്നുമില്ല. ആയതിനാൽ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് കാലതാമസമില്ലാത്തതുമാണ്.

**ഇരിക്കൂർ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

70 (485) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2020-21 വരെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഇരിക്കൂർ മണ്ഡലത്തിൽ നടത്തിയ പ്രവൃത്തികളിൽ എത്ര രൂപ ടെണ്ടർ സേവിംഗ്സുണ്ടെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കുമോ;

2017-18 മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്. 2017-18 മുതൽ 2020-21 വരെ ആസ്തിവികസന ഫണ്ടുപയോഗിച്ച് ഇരിക്കൂർ മണ്ഡലത്തിൽ നടത്തിയ പ്രവൃത്തികളിൽ 77.33 ലക്ഷം രൂപയുടെ ടെണ്ടർ സേവിംഗ്സുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| വർഷം | തുക |
|---|---|
| 2017-18 | 16,90,000/- |
| 2018-19 | 25,03,000/- |
| 2019-20 | 16,80,000/- |
| 2020-21 | 18,60,000/- |
| **ആകെ** | **77,33,000/-** |

(ബി) പ്രസ്തുത സേവിംഗ്സിൽ ഈ സാമ്പത്തിക വർഷം വിനിയോഗിക്കാൻ കഴിയുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത തുക ഈ സാമ്പത്തിക വർഷത്തിലോ അടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെണ്ടർ എക്സസിനുവേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുവേണ്ടിയോ വിനിയോഗിക്കാവുന്നതാണ്.

**എം.എൽ.എ. ആസ്തി വികസന പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി**

71 (486) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന പദ്ധതിയുടെ സമയബന്ധിത പൂർത്തീകരണവുമായി ബന്ധപ്പെട്ട് ധനകാര്യവകുപ്പ് ഇതുവരെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ?

എം.എൽ.എ. ആസ്തി വികസന പദ്ധതിയുടെ സമയബന്ധിത പൂർത്തീകരണവുമായി ബന്ധപ്പെട്ട് 04-08-2018-ലെ സ.ഉ.(അച്ചടി) നം.119/2018/ധന പ്രകാരം മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ഉത്തരവുകളിലെയും സർക്കുലറിലെയും നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാനുള്ള സംവിധാനം എന്തൊക്കെയാണെന്ന് അറിയിക്കാമോ?

പ്രസ്തുത ഉത്തരവ് പ്രകാരം നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയുടെ നോഡൽ വകുപ്പ് ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പാണ്. ഒരുവർഷം അനുവദിക്കുന്ന ആകെ പ്രവൃത്തികളിൽ 10 ശതമാനത്തിന്റെയെങ്കിലും പുരോഗതി ജില്ലാ കളക്ടർമാർ നേരിട്ട് വിലയിരുത്തേണ്ടതാണ്. മുഴുവൻ പ്രവൃത്തികളുടെയും പുരോഗതി വിലയിരുത്തുന്നതിനും അവലോകനം ചെയ്യുന്നതിനുമാവശ്യമായ 'ഡെലിഗേഷൻ' ജില്ലാകളക്ടർമാർ തങ്ങളുടെ കീഴുദ്യോഗസ്ഥൻമാർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ആയത് കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. മാസത്തിൽ 2 തവണ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ സന്ദർശനം നടത്തേണ്ടതും റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതുമാണ്. ധനകാര്യ ജില്ലാ പരിശോധനാ വിഭാഗങ്ങൾ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി വിനിയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളും മറ്റു പ്രവൃത്തികളും എല്ലാ മാസവും പരിശോധന നടത്തേണ്ടതും പ്രതിമാസ

റിപ്പോർട്ട് ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിൽ സമർപ്പിക്കേണ്ടതുമാണ്. എം.എൽ.എ.-മാർക്ക് അനുവദിച്ച പ്രവൃത്തികളും അവയുടെ പുരോഗതിയും സംബന്ധിച്ച പൂർണ്ണമായ ഒരു റിപ്പോർട്ട് ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിന് നൽകേണ്ടതാണ്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻകീഴിൽ അനുവദിച്ച പ്രവൃത്തികളെയും അവയുടെ പുരോഗതിയെയും സംബന്ധിച്ച അവലോകനം ഒരു വർഷം രണ്ട് തവണയെങ്കിലും ധനകാര്യ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടർമാരുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും നടത്തേണ്ടതാണ്.

(സി) പ്രതിമാസ റിപ്പോർട്ട് അതത് എം.എൽ.എ.-മാർക്ക് നൽകണമെന്ന നിർദ്ദേശം എവിടെയൊക്കെ പാലിക്കുന്നുണ്ടെന്ന് പരിശോധിക്കാമോ?

പ്രതിമാസ റിപ്പോർട്ട് ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിൽ നൽകണമെന്ന നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. പ്രവൃത്തികളും അവയുടെ പുരോഗതിയും സംബന്ധിച്ച് ഒരു ത്രൈമാസ റിപ്പോർട്ട് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ എം.എൽ.എ.-മാർക്ക് നൽകേണ്ടതാണെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് നിലവിൽ പരാതികളൊന്നും ലഭ്യമായിട്ടില്ല.

(ഡി) ഭരണാനുമതി നൽകിയ പദ്ധതികളുടെ സാങ്കേതികാനുമതി നൽകുന്നതിലും ടെണ്ടർ നടത്തി എഗ്രിമെന്റ് വച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലും ഉദ്യോഗസ്ഥർ കാണിക്കുന്ന അലംഭാവം കണ്ടെത്തി പരിഹരിക്കാൻ ശക്തമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കാമോ?

04-08-2018-ലെ സ. ഉ. (അച്ചടി) നം.119/2018/ധന പ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് അടുത്ത 14 ദിവസത്തിനുള്ളിൽത്തന്നെ സാങ്കേതികാനുമതി നൽകേണ്ടതാണ്. പ്രവൃത്തികളുടെ സിവിൽ, ഇലക്ട്രിക്കൽ ഘടകങ്ങൾക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും ഒരുമിച്ച് നൽകേണ്ടതാണ്. ഇ-ടെണ്ടർ നടപടികൾ ഒരു മാസത്തിനകം പൂർത്തീകരിച്ച് പ്രവൃത്തികൾ കാലതാമസംവിനാ പൂർത്തീകരിക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ബഹു. എം.എൽ.എ.-മാരെ രേഖാമൂലം അറിയിക്കേണ്ടതുമാണ് തുടങ്ങിയ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഇ) മൂന്ന് മാസത്തിലൊരിക്കൽ പ്രസ്തുത റിവ്യൂ റിപ്പോർട്ട് ധനവകുപ്പ് നോഡൽ സെല്ലിലേയ്ക്ക് കൈമാറുന്നതിന് നിർദ്ദേശം നൽകാമോ?

നിർദ്ദേശം നൽകിയിട്ടുണ്ട്.

**എൽ.ബി.എസ്., ഐ.എച്ച്.ആർ.ഡി. കെട്ടിട നിർമ്മാണം**

72 (487) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കാൻ കാഞ്ഞിരപ്പള്ളി എം.എൽ.എ. ആസ്തി വികസന ഫണ്ട് ചെലവഴിക്കുന്നതിന് അനുമതിക്കായി നൽകിയ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) കാഞ്ഞിരപ്പള്ളിയിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി. കോളേജിനും നിർദ്ദിഷ്ട ഐ.എച്ച്.ആർ.ഡി. പോളിടെക്നിക്കിനും സൗജന്യമായി സ്ഥലം ലഭ്യമാണെന്നത് കണക്കിലെടുത്ത് പ്രസ്തുത പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ആസ്തി വികസന ഫണ്ട് ചെലവഴിക്കുന്നതിന് പ്രത്യേക അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) എൽ.ബി.എസ്.-ന്റെ റീജിയണൽ കേന്ദ്രത്തിന് സ്ഥലവും കെട്ടിടസൗകര്യവും ലഭ്യമാക്കിയാൽ അനുമതി നൽകാമെന്ന് എൽ.ബി.എസ്. അധികൃതർ അറിയിച്ചിരിക്കുന്ന സാഹചര്യത്തിലും ആവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാണെന്നതും കണക്കിലെടുത്ത് പുതിയ കെട്ടിടം നിർമ്മിക്കാൻ ആസ്തി വികസന ഫണ്ടിൽനിന്നും ചെലവഴിക്കാൻ പ്രത്യേക അനുമതി നൽകാമോ?

(എ-സി) ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കാൻ എം.എൽ.എ. ആസ്തി വികസന ഫണ്ട് ചെലവഴിക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള പൊതു ഉത്തരവിനായി ബഹു. ഗവ. ചീഫ് വിപ്പ് നൽകിയ 21-02-2022-ലെ കത്ത് സർക്കാർ പരിഗണിക്കുകയും എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട്, ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി എന്നിങ്ങനെയുള്ള സ്ഥാപനങ്ങൾക്ക് കെട്ടിടം പണിയുന്നതിനുകൂടി ഉപയോഗിക്കുന്നതിന് അനുമതി നൽകി പൊതു ഉത്തരവ് നൽകുവാൻ നിർവ്വാഹമില്ലെന്ന വിവരം 23-06-2022-ലെ 2077453/എൻ.സി-ബി3/68/2022-ധന കത്ത് പ്രകാരം ബഹു. ഗവ.ചീഫ് വിപ്പിനെ അറിയിച്ചിട്ടുണ്ട്. ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് ബഹു. ഗവ.ചീഫ് വിപ്പ് നൽകിയ 12-10-2022-ലെ കത്ത് ഇ.നം. 2077453 ഫയലിൽ പരിശോധനയിലാണ്.

(ഡി) സംസ്ഥാനത്ത് എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിബന്ധനകളോടെ ആസ്തി വികസന ഫണ്ട് ഉപയോഗിക്കാമെന്നിരിക്കെ സംസ്ഥാനത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ആട്ടോണമസ് സ്ഥാപനങ്ങളായ എൽ.ബി.എസ്., ഐ.എച്ച്.ആർ.ഡി. പോലുള്ളവയ്ക്ക്

ആസ്തി വികസന ഫണ്ടുപയോഗിച്ച് കെട്ടിടം നിർമ്മിക്കാൻ അനുമതി നിഷേധിക്കുന്നതിന്റെ കാരണം അറിയിക്കാമോ?

സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിയാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി ലക്ഷ്യമിടുന്നത്. സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് എൽ.ബി.എസ്., ഐ.എച്ച്.ആർ.ഡി. പോലുള്ളവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് വിനിയോഗിക്കുന്നത് അനുവദനീയമല്ല.

### എസ്.ഡി.എഫ്., എ.ഡി.എസ്. ഫണ്ടുകൾ വിനിയോഗിച്ച് നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾ

73 (489) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ.-മാരുടെ എസ്.ഡി.എഫ്., എ.ഡി.എസ്. ഫണ്ടുകൾ ഉപയോഗിച്ച് സർക്കാർ സ്കൂൾ, എയ്ഡഡ് സ്കൂൾ, ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ലൈബ്രറികൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ.(അച്ചടി)നം.161/2017/ധന

അനുബന്ധം 1 ക്രമ നമ്പർ 1 പ്രകാരം സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള സ്കൂൾ കെട്ടിടങ്ങൾ, വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലുകൾ, ലൈബ്രറി കെട്ടിടങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള മറ്റു തരത്തിലുള്ള കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണം അനുവദനീയമാണ്. ക്രമ നമ്പർ 24 പ്രകാരം ഗവൺമെന്റ് സ്കൂളുകൾ/കോളേജുകൾ എന്നിവിടങ്ങളിലേയ്ക്കായി കമ്പ്യൂട്ടറുകൾ വാങ്ങുക, ഇൻഫർമേഷൻ ഫുട്പാത്ത്, ഹോം ക്ലബ്ബ്, സിറ്റിസൺ ബാൻഡ് റേഡിയോ തുടങ്ങിയവ അനുവദനീയമാണ്. ക്രമ നമ്പർ 29 പ്രകാരം സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, സ്മാർട്ട് ക്ലാസ്സ് റൂമുകളുടെ നിർമ്മാണം എന്നിവയും ക്രമ നമ്പർ 30, 31 എന്നിവ പ്രകാരം സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ടോയ്ലറ്റുകൾ, ടോയ്ലറ്റുകളോട് ചേർന്ന് സാനിട്ടറി നാപ്കിൻ വെൻഡിംഗ്/ഡിസ്പോയൽ മെഷീനുകൾ സ്ഥാപിക്കൽ, പാചകപ്പുരകൾ എന്നിവയുടെ നിർമ്മാണവും കുടിവെള്ളം എത്തിക്കുന്നതിനുള്ള പൈപ്പിടൽ, ടാങ്ക് നിർമ്മാണം/വാങ്ങൽ, വാട്ടർ പ്യൂരിഫയർ വാങ്ങൽ, വാട്ടർ റീ-ചാർജ്ജിംഗ് സൗകര്യമൊരുക്കൽ, കുഴൽക്കിണർ നിർമ്മിക്കൽ എന്നിവയും അനുവദനീയമാണ്. ക്രമ നമ്പർ 33,

34 എന്നിവ പ്രകാരം സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലൈബ്രറികൾക്ക് പുസ്തകങ്ങൾ, ഷെൽഫുകൾ വാങ്ങൽ, നിർമ്മിക്കൽ എന്നിവയും ബസ്/വാഹനം വാങ്ങിനൽകുന്നതും അനുവദനീയമാണ്. എന്നാൽ വാങ്ങുന്ന വാഹനത്തിന്റെ ആവർത്തന ചെലവുകൾ (ഡ്രൈവറുടെ ശമ്പളം ഉൾപ്പെടെ), പരിപാലനം എന്നിവ സ്കൂൾ പി.റ്റി.എ. വഹിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ക്രമ നമ്പർ 39, 40 എന്നിവ പ്രകാരം സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അംഗീകാരമുള്ള ലൈബ്രറികൾക്ക് കമ്പ്യൂട്ടറുകൾ, എൽ.സി.ഡി. പ്രൊജക്ടർ, വൈ ഫൈ, മൈക്ക് സെറ്റ് എന്നിവ വാങ്ങാവുന്നതും സർക്കാർ സ്കൂളുകൾക്ക് ബെഞ്ച്, ഡെസ്ക് മുതലായ ഫർണീച്ചർ വാങ്ങാവുന്നതുമാണ്. 27-05-2019-ലെ സ.ഉ(അച്ചടി)നം.60/2019/ധന പ്രകാരം ഗ്രന്ഥശാല സംഘത്തിന്റെ അംഗീകാരമുള്ള വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും കെട്ടിട നിർമ്മാണത്തിന് എം.എൽ.എ.- യുടെ പ്രത്യേക വികസന നിധിയിൽനിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി നല്കി ഉത്തരവായിട്ടുണ്ട്. 28-10-2020-ലെ സ.ഉ(അച്ചടി)നം.143/2020/ധന പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽകൂടി ജല ഗുണനിലവാര പരിശോധനാ ലാബുകൾ സജ്ജീകരിക്കുന്നതിന് എം.എൽ.എ.-മാരുടെ പ്രത്യേക വികസന

നിധിയിൽനിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 04-08-2018-ലെ സ.ഉ(അച്ചടി)നം.119/2018/ധന അനുബന്ധം 1 ക്രമ നമ്പർ (ii) പ്രകാരം, സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അധീനതയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആവശ്യമായ കെട്ടിടങ്ങൾ, പാർക്കുകൾ, മൈതാനങ്ങൾ, കളിസ്ഥലം എന്നിവയുടെ നിർമ്മാണവും ക്രമ നമ്പർ (v)(vi)എന്നിവ പ്രകാരം, സർക്കാർ വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം, സർക്കാർ വിദ്യാലയങ്ങളിൽ/കോളേജുകളിൽ വിദ്യാർത്ഥികളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി ബസ് വാങ്ങൽ എന്നിവയും അനുവദനീയമാണ്. ക്രമ നമ്പർ (xi) പ്രകാരം, എയ്ഡഡ് സ്കൂളിന് ഒന്നിന് ഒരു വർഷം 10 ലക്ഷം രൂപയിൽ അധികരിക്കാത്ത എസ്റ്റിമേറ്റ് തുകയുള്ള ടോയ്‌ലറ്റുകൾ/പാചകപ്പുര എന്നിവ നിർമ്മിക്കുന്നത് അനുവദനീയമാണ്. 18-08-2017-ലെ സ.ഉ(അച്ചടി) നം.109/2017/ധന പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണത്തിനായി രൂപീകരിച്ചിട്ടുള്ള ചലഞ്ച് ഫണ്ട് പദ്ധതിക്കായി ആസ്തി

വികസന ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖ പ്രകാരം സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ളവയല്ലാത്ത ലൈബ്രറികളുടെ കെട്ടിട നിർമ്മാണം അനുവദനീയമല്ല.

**എം.എൽ.എ. എസ്.ഡി.എഫ്. പദ്ധതി**

74 (490) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അടിസ്ഥാന വിദ്യാഭ്യാസ സൗകര്യങ്ങൾ പോലുമില്ലാത്ത സംസ്ഥാനത്തെ പിന്നാക്ക ജില്ലകളിലെ എയ്ഡഡ് സ്കൂളുകളിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസനനിധിയിൽ നിന്ന് ലൈബ്രറി പുസ്തകങ്ങൾ, ഡിജിറ്റൽ പഠനോപകരണങ്ങൾ എന്നിവ നൽകുന്നതിനും സ്മാർട്ട് ക്ലാസ് റൂം അനുവദിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ.(അച്ചടി)നം.161/2017/ധന അനുബന്ധം 1 ക്രമ നമ്പർ 29 പ്രകാരം സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ

സ്ഥാപനങ്ങളിലേയ്ക്ക് കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, സ്മാർട് ക്ലാസ്സ് റൂമുകളുടെ നിർമ്മാണം എന്നിവ അനുവദനീയമാണ്. എയ്ഡഡ് സ്കൂളുകൾക്ക് ലൈബ്രറി പുസ്തകങ്ങൾ, ഡിജിറ്റൽ പഠനോപകരണങ്ങൾ എന്നിവ വാങ്ങുന്നത് നിലവിലെ മാർഗ്ഗരേഖയിലെ അനുവദനീയമായ പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ, ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ടി വിഷയം പരിശോധിക്കുന്നതാണ്.

## എം.എൽ.എ. ഫണ്ട് വിനിയോഗത്തിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള നടപടി

75 (492) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എം.എൽ.എ.-മാരുടെ ആസ്തിവികസന പദ്ധതി പ്രകാരം മുൻവർഷങ്ങളിൽ നിർദ്ദേശിച്ച പ്രവൃത്തികളുടെ ഭരണാനുമതി ഭേദഗതി ചെയ്ത് നൽകുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ;

(ബി) 2019-20 & 2021-22 വർഷത്തെ പദ്ധതികളിൽ ഭേദഗതി നിർദ്ദേശിച്ചെങ്കിലും ആയതിന് ഭരണാനുമതി നൽകുന്നതിനുള്ള അവസാന തീയതി 31-12-2022-ന് അവസാനിച്ചതായാണ് അറിയിപ്പ് ലഭിച്ചത് എന്നതിനാൽ ഭരണാനുമതി നൽകുന്നതിനുള്ള അവസാന തീയതി നീട്ടി നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

(എ&ബി) ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം എം.എൽ.എ.-മാർ ശിപാർശ ചെയ്ത് സമർപ്പിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി പുറപ്പെടുവിച്ചതിനുശേഷം പ്രസ്തുത പ്രവൃത്തി മണ്ഡലത്തിൽ ആവശ്യമില്ലെന്ന് എം.എൽ.എ.-യ്ക്ക് ഉത്തമ ബോധ്യമുള്ളപക്ഷം ആയത് റദ്ദ് ചെയ്യാവുന്നതും പകരം പുതിയ പ്രവൃത്തി ആ സാമ്പത്തിക വർഷത്തിൽ തന്നെ ശിപാർശ ചെയ്യാവുന്നതുമാണ്. എന്നാൽ ഒരു സാമ്പത്തിക വർഷത്തിനുശേഷം പ്രവൃത്തികൾ റദ്ദ് ചെയ്ത് പകരം പുതിയ പ്രവൃത്തികൾ നിർദ്ദേശിക്കാൻ സാധിക്കുകയില്ല. മുൻവർഷങ്ങളിൽ നിർദ്ദേശിച്ച പ്രവൃത്തികളുടെ ഭരണാനുമതി ഭേദഗതി ചെയ്ത് നൽകുന്നത് പ്രത്യേകാനുമതിയിലൂടെ മാത്രമാണ്.

## എം.എൽ.എ.- മാരുടെ ആസ്തി വികസന പദ്ധതി

76 (493) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതി പ്രകാരം കോങ്ങാട് നിയോജകമണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രവൃത്തികളിൽ നാളിതുവരെ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഉണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ അതിനുള്ള

കാരണവും ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ?

2021-22 വർഷത്തെ നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി കോങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രവൃത്തികൾക്കെല്ലാം ഭരണാനുമതി നൽകിയിട്ടുണ്ട്.

## വടക്കാഞ്ചേരി മണ്ഡലത്തിൽ പ്രത്യേക വികസന ഫണ്ടിൽനിന്ന് അനുമതി ലഭിച്ച പ്രവൃത്തികൾ

77 (494) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ പ്രത്യേക വികസന ഫണ്ടിൽനിന്ന് അനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച ടെണ്ടർ തുക എത്രയാണെന്ന് അറിയിക്കുമോ;

(സി) ഇനി ഏതെങ്കിലും പ്രവൃത്തി പൂർത്തീകരിക്കാനുണ്ടോ; പ്രവർത്തന പുരോഗതി അറിയിക്കുമോ?

(എ-സി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാസർകോഡ് ജില്ലയിലെ നബാർഡ് പദ്ധതികൾ

78 (495) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷം കാസർകോഡ് ജില്ലയിലെ ഏതൊക്കെ പദ്ധതികളാണ് നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്നതിന് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

നടപ്പുവർഷം നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്നതിനായി വിവിധ പദ്ധതികൾ ലഭ്യമാക്കിയതിൽ നബാർഡിന് ശിപാർശ ചെയ്ത നാല് പദ്ധതികൾ ചുവടെ ചേർക്കുന്നു.

| Departments | Projects |
|---|---|
| Agriculture Development & Farmers Welfare Department | Establishment of SMART Krishibhavans in Kerala (14 Nos) |
| Forest & Wildlife Department | Construction of Range Office Complex building under Northern Circle in Kozhikode, Kannur, Wayanad, Kasarkode Districts. |
| | Management of Human – wildlife conflict in various divisions under Northern circle in Kozhikode, |

| | |
|---|---|
| | Kannur, Wayanad, Kasarkode Districts. |
| Water Resources(MI) Department | Construction of SWE regulator on upstream of old Chithari RCB across Chithari river in Kasargode district. |

(ബി) പ്രസ്തുത പദ്ധതികളിൽ നബാർഡിന്റെ അംഗീകാരം ലഭിച്ച പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

നടപ്പുവർഷം നബാർഡിലേയ്ക്ക് ശിപാർശ ചെയ്ത നാല് പദ്ധതികളിൽ നാളിതുവരെ ജലവിഭവ വകുപ്പിന്റെ " Construction SWE regulator on upstream of old Chithari RCB across Chithari river in Kasargode district" പദ്ധതിക്കുമാത്രമേ നബാർഡിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളൂ.

**പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കാൻ നടപടി**

79 (496) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി നിയമിച്ചിരുന്ന സമിതിയുടെ റിപ്പോർട്ടിൻമേലുള്ള സർക്കാരിന്റെ പരിശോധന പൂർത്തിയായിട്ടുണ്ടോ; റിപ്പോർട്ട് നിലവിൽ ഏതു വകുപ്പിന്റെ പരിഗണനയിലാണുള്ളതെന്ന് അറിയിക്കുമോ;

(ബി) പുനഃപരിശോധനാ സമിതിയുടെ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; സമിതി റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; റിപ്പോർട്ട് പ്രസിദ്ധീകരിക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് വിശദമാക്കുമോ?

(എ&ബി) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതുമായി ബന്ധപ്പെട്ട സാമ്പത്തിക/നിയമവശങ്ങൾ ഉൾപ്പെടെ വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിലേയ്ക്കായി സർക്കാർ നിയമിച്ച സമിതി സമർപ്പിച്ച റിപ്പോർട്ട് ധനകാര്യ വകുപ്പിൽ പരിശോധിച്ച് വരികയാണ്. പരിശോധന പൂർത്തിയായി റിപ്പോർട്ടിന്മേൽ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടതിനുശേഷം ആയത് പ്രസിദ്ധീകരിക്കുന്നതാണ്.

(സി) സമിതി റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) മറ്റ് പല സംസ്ഥാനങ്ങളും പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിച്ച സാഹചര്യത്തിൽ സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ?

(സി&ഡി) പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതിയുടെ റിപ്പോർട്ടിലെ വിവിധ ശിപാർശകളിന്മേലുള്ള പരിശോധന സർക്കാർ തലത്തിൽ പുരോഗമിച്ചുവരികയാണ്. ആയതിന്മേൽ തീരുമാനമാകുന്ന മുറയ്ക്ക് സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**പെൻഷൻ അപേക്ഷകൾക്ക് ഓൺലൈൻ പരിശോധന സംവിധാനം**

80 (497) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെ പെൻഷൻ അപേക്ഷകൾ ഓൺലൈനായി പരിശോധിക്കുന്ന സംവിധാനം എല്ലാ വകുപ്പുകളിലും ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

25-03-2019-ലെ സ. ഉ (പി) നം. 35/2019/ധന പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ അപേക്ഷകൾ ഓൺലൈനായി പരിശോധിച്ച് തീർപ്പാക്കുന്ന സംവിധാനം (പെൻഷണർ ഇൻഫർമേഷൻ സിസ്റ്റം-PRISM) സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഓൺലൈൻ പരിശോധന സംബന്ധിച്ച് മുഴുവൻ വകുപ്പുകളിലെയും ജീവനക്കാർക്ക് പരിശീലനം നൽകാൻ സാധിച്ചിട്ടുണ്ടോ;

ഐ.എം.ജി. വഴി മുഴുവൻ ജീവനക്കാർക്കും ഓൺലൈൻ പരിശോധന സംബന്ധിച്ച പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

പ്രിസം ഓൺലൈൻ സംവിധാനത്തിലൂടെ പെൻഷൻ അപേക്ഷകൾ സമർപ്പിക്കുന്നത് സംബന്ധിച്ചും ആയത് പരിശോധിക്കുന്നത് സംബന്ധിച്ചും വിവിധ വകുപ്പുകളിലെ ജീവനക്കാർക്ക് ധനകാര്യ വകുപ്പിന്റെ നേതൃത്വത്തിൽ പരിശീലനം നൽകിവരുന്നുണ്ട്. അതോടൊപ്പം ഐ.എം.ജി. സംഘടിപ്പിക്കുന്ന ട്രെയിനിംഗ് ഷെഡ്യൂളിൽ പ്രിസം ഉൾപ്പെടുത്തിയിട്ടുള്ള സന്ദർഭങ്ങളിലും ആയത് സംബന്ധിച്ച പരിശീലനം ലഭ്യമാക്കുന്നുണ്ട്.

(സി) പെൻഷൻ അപേക്ഷകൾ ഓൺലൈനായി പരിശോധിക്കുന്നതിലൂടെ വേഗത്തിൽ പെൻഷൻ അനുമതി നൽകാൻ അക്കൗണ്ടന്റ് ജനറലിന് സാധിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

പെൻഷൻ അപേക്ഷകൾ പ്രിസം ഓൺലൈൻ സംവിധാനത്തിലൂടെ പരിശോധിച്ച് സമർപ്പിക്കുന്നതിലൂടെ അക്കൗണ്ടന്റ് ജനറലിന് വളരെ വേഗത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ ആതറൈസ് ചെയ്യാൻ സാധിക്കുന്നുണ്ടെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ട്.

**അവധി എടുക്കുമ്പോൾ പ്രൊമോഷൻ നൽകുന്ന രീതി**

81 (499) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥർ മൂന്നുമാസത്തിനുമുകളിൽ അവധി എടുക്കുമ്പോൾ പ്രൊമോഷൻ നൽകുന്ന രീതി നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണ് നിർത്തലാക്കിയത് എന്ന് വ്യക്തമാക്കുമോ?

05-11-2020-ലെ സ. ഉ. (അ) നം. 152/2020/ധന പ്രകാരം ഒരു ഉദ്യോഗസ്ഥൻ മൂന്ന് മാസത്തിനുമേൽ അവധിയെടുത്താൽ പ്രൊമോഷൻ നൽകി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന സമ്പ്രദായം ഉത്തരവ് തീയതി മുതൽ നിർത്തലാക്കിയിട്ടുണ്ട്. എന്നാൽ സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള മേൽ നിയന്ത്രണത്തിൽ നിന്നും Leave Preparatory to Retirement (LPR) മൂലമുണ്ടാകുന്ന ഒഴിവുകൾക്ക് 02-09-2022-ലെ സ.ഉ. (അ) നം.105/2022/ധന പ്രകാരം, ഉത്തരവ് തീയതി മുതൽ, ഇളവ് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത രീതിയിലുള്ള നിയമനം നിർത്തലാക്കിയശേഷം ധനകാര്യ വകുപ്പിൽ അവധിയിൽ പ്രവേശിച്ച ഉദ്യോഗസ്ഥരുടെ ഒഴിവിലേയ്ക്ക് പ്രൊമോഷൻ നൽകി നിയമനം നടത്തിയിട്ടുണ്ടോ; ഏതൊക്കെ

തസ്തികകളിലേയ്ക്കാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്; ഓരോ തസ്തികയുടെയും ശമ്പള സ്കെയിൽ ഉൾപ്പെടെ വിശദമാക്കുമോ?

സർക്കാർ ഉദ്യോഗസ്ഥർ മൂന്ന് മാസത്തിനുമുകളിൽ അവധി എടുക്കുമ്പോൾ പ്രൊമോഷൻ നൽകുന്ന രീതി നിർത്തലാക്കിയശേഷം ധനകാര്യ വകുപ്പിൽ അവധിയിൽ പ്രവേശിച്ച ഉദ്യോഗസ്ഥരുടെ ഒഴിവിലേയ്ക്ക് പ്രൊമോഷൻ നല്കി നിയമനം നടത്തിയിട്ടില്ല.

**ശമ്പള പരിഷ്കരണ കുടിശ്ശിക**

82 (500) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും 07/2019 മുതൽ 2/2021 വരെയുള്ള ഇരുപത് മാസത്തെ ശമ്പള പരിഷ്കരണ കുടിശ്ശിക ഇതുവരെ നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുടിശ്ശിക എന്നുമുതൽ വിതരണം ചെയ്യുമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത കാലയളവിൽ ജോലി ചെയ്ത താത്ക്കാലിക ജീവനക്കാരുടെയും പെൻഷൻകാരുടെയും കുടിശ്ശികയെങ്കിലും ഉടൻ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

(എ-സി) സർക്കാരിന്റെ ധനസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് കുടിശ്ശിക നൽകുന്ന കാര്യം പരിഗണിക്കുന്നതായിരിക്കും.

**മെഡിസെപ് പദ്ധതിയിലെ റീഇംബേഴ്സ്മെന്റ് ആനുകൂല്യം**

83 (501) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ജൂലൈ മാസം മുതൽ സംസ്ഥാനത്ത് നടപ്പാക്കിയ മെഡിസെപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം ലിസ്റ്റ് ചെയ്യാത്ത സ്വകാര്യ ആശുപത്രികളിൽ നിന്നുള്ള ചികിത്സയ്ക്ക് റീഇംബേഴ്സ്മെന്റ് ആനുകൂല്യം ലഭിക്കുമോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഏതെല്ലാം ചികിത്സയ്ക്ക് ലഭിക്കുമെന്നും എന്തെല്ലാം നടപടിക്രമങ്ങളാണ് ഇതിനുള്ളതെന്നും വിശദമാക്കാമോ?

(എ&ബി) 2022 ജൂലൈ മാസം മുതൽ ആരംഭിച്ച മെഡിസെപ് പദ്ധതി പ്രകാരം അടിയന്തര സാഹചര്യങ്ങളിൽ (വാഹനാപകടം, പക്ഷാഘാതം, ഹൃദയാഘാതം) എംപാനൽ ചെയ്യാത്ത ആശുപത്രികളിൽ ചികിത്സ തേടിയതിന്റെ ചെലവുകൾക്ക് പദ്ധതി പ്രകാരമുള്ള ചികിത്സാ നിരക്ക് റീഇംബേഴ്സ് ചെയ്ത് ഇൻഷ്വറൻസ് കമ്പനി നൽകുന്നുണ്ട്.

**അവധിയിൽ പ്രവേശിച്ച ഉദ്യോഗസ്ഥരുടെ ഒഴിവിലേയ്ക്ക് പ്രൊമോഷൻ**

84 (502) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ഉദ്യോഗസ്ഥർ മൂന്ന് മാസത്തിലധികം അവധി എടുക്കുമ്പോൾ പ്രസ്തുത തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നത് നിർത്തലാക്കിയതിനുശേഷം ധനകാര്യ വകുപ്പിൽ മൂന്ന് മാസത്തിലധികം കാലയളവിലേയ്ക്ക് അവധിയിൽ പ്രവേശിച്ച ഉദ്യോഗസ്ഥരുടെ ഒഴിവിലേയ്ക്ക് പ്രൊമോഷൻ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സർക്കാർ ഉദ്യോഗസ്ഥർ മൂന്ന് മാസത്തിലധികം അവധി എടുക്കുമ്പോൾ പ്രസ്തുത തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നത് നിർത്തലാക്കിയതിനുശേഷം ധനകാര്യ വകുപ്പിൽ മൂന്ന് മാസത്തിലധികം കാലയളവിലേയ്ക്ക് അവധിയിൽ പ്രവേശിച്ച ഉദ്യോഗസ്ഥരുടെ ഒഴിവിലേയ്ക്ക് പ്രൊമോഷൻ നടത്തിയിട്ടില്ല.

**സ്പാർക്ക് മുഖേനയുള്ള ശമ്പളവിതരണം**

85 (503) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പാർക്ക് സംവിധാനത്തിലൂടെ അല്ലാതെ ശമ്പളം ലഭിക്കുന്ന ജീവനക്കാർ ഡെപ്യൂട്ടേഷൻ സംവിധാനത്തിൽ പോകുമ്പോൾ അവർക്ക്

സ്പാർക്ക് മുഖേന ശമ്പളം നൽകുന്നതിന് അപേക്ഷകൾ ലഭിക്കാറുണ്ടോ; എങ്കിൽ ടി വിഷയം കൈകാര്യം ചെയ്യുന്നത് എങ്ങനെയാണെന്ന് അറിയിക്കാമോ?

സ്പാർക്ക് സംവിധാനത്തിലൂടെ അല്ലാതെ ശമ്പളം ലഭിക്കുന്ന ജീവനക്കാർ സ്പാർക്ക് വഴി ശമ്പളം മാറുന്ന ഓഫീസിലേയ്ക്ക് അന്യത്ര സേവനവ്യവസ്ഥയിൽ ജോലിയിൽ പ്രവേശിക്കുമ്പോൾ സ്പാർക്ക് വഴി ശമ്പളം മാറുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ടി ജീവനക്കാർ സ്പാർക്ക് ഇല്ലാത്ത ഓഫീസിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലിയിൽ പ്രവേശിക്കുമ്പോൾ ശമ്പളം മാറിനൽകുന്നതിന്റെ ചുമതല ടി ഓഫീസിന്റെ ഡി.ഡി.ഒ.-യ്ക്കാണ്. ഇതുസംബന്ധിച്ച് അപേക്ഷകളൊന്നുംതന്നെ സ്പാർക്ക് (പി.എം.യു.) ഓഫീസിൽ ലഭ്യമായിട്ടില്ല.

(ബി) തദ്ദേശസ്വയംഭരണ വകുപ്പിലെ ഏകീകരണത്തിന്റെ ഭാഗമായി നഗരസഭാ ജീവനക്കാർക്ക് സ്പാർക്ക് മുഖേന ശമ്പളം നൽകുന്നത് പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കാമോ?

നഗരസഭാ ജീവനക്കാർക്ക് ജി-സ്പാർക്ക് എന്ന സംവിധാനത്തിലൂടെ ശമ്പളം മാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സമാശ്വാസ തിരിച്ചടയ്ക്കൽ പദ്ധതി**

86 (504) <u>ശ്രീ. കെ. എം. സച്ചിൻദേവ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ ലോണെടുത്ത് തിരിച്ചടയ്ക്കാൻ കഴിയാത്തവർക്കായി കൊണ്ടുവന്ന സമാശ്വാസ തിരിച്ചടയ്ക്കൽ പദ്ധതിയുടെ പലിശയിളവ് ഇപ്പോൾ നിലവിലുണ്ടോ?

(ബി) അപേക്ഷ നൽകിയ എല്ലാവർക്കും ധനസഹായം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) 16-05-2017-ലെ സ. ഉ (അച്ചടി) നം. 65/2017/ധന പ്രകാരം നിലവിൽ വന്ന വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ കീഴിൽ അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 31-01-2018 ആയിരുന്നു. ഈ തീയതി വരെ 78062 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 21112 അപേക്ഷകളിലായി 209.32 കോടി രൂപ സർക്കാർ വിഹിതമായി അനുവദിച്ചിട്ടുമുണ്ട്. മാനദണ്ഡങ്ങൾ പാലിക്കാത്ത 37559 അപേക്ഷകൾ നിരസിക്കപ്പെട്ടിട്ടുണ്ട്. ബാങ്കുതല പരിശോധന കഴിഞ്ഞ് സർക്കാരിൽ ലഭ്യമാകുന്ന യോഗ്യതയുള്ള അപേക്ഷകളിന്മേൽ സർക്കാർ വിഹിതം അനുവദിച്ചുവരുന്നു.

## മത്സര പരീക്ഷാ പരിശീലനത്തിന് വായ്പാ പദ്ധതി ഏർപ്പെടുത്താൻ നടപടി

87 (505) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ അക്കാദമിക് കോഴ്സുകൾ പഠിക്കുന്നതിന് ഷെഡ്യൂൾഡ് ബാങ്കുകൾ മുഖേന വിദ്യാഭ്യാസ വായ്പ നൽകുന്ന പദ്ധതിയിൽ മത്സര പരീക്ഷാ പരിശീലനത്തിനുള്ള വായ്പ ഉൾപ്പെടുന്നുണ്ടോ; അറിയിക്കാമോ;

(ബി) അംഗീകൃത സ്ഥാപനങ്ങൾ മുഖേന നൽകി വരുന്ന സിവിൽ സർവീസ്, എഞ്ചിനീയറിംഗ്, മെഡിക്കൽ എൻട്രൻസ്, ഗേറ്റ് എന്നീ പരിശീലനങ്ങൾക്ക് കൂടി വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ & ബി) ബാങ്കുകളുടെ പ്രവർത്തനം സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന വിഷയം അല്ല. സംസ്ഥാനത്തെ ബാങ്കുകൾ എല്ലാം തന്നെ ബാങ്കിംഗ് കോഡ്സ് ഓഫ് ഇന്ത്യയുടെ കോഡ്സ് &

സ്റ്റാൻഡേർഡ്സ് അനുസരിച്ചും റിസർവ് ബാങ്കിന്റെ മാർഗ നിർദ്ദേശങ്ങൾക്ക് അനുസൃതവുമായാണ് പ്രവർത്തിക്കുന്നത്. സംസ്ഥാനതല ബാങ്കേഴ്സ് സമിതിയിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന്റെ മാതൃകാ വിദ്യാഭ്യാസ പദ്ധതിയാണ് ബാങ്കുകൾ വിദ്യാഭ്യാസ വായ്പ നൽകുന്നതിന് അവലംബിക്കുന്നത്. നിലവിൽ മേൽ പറഞ്ഞ പദ്ധതി പ്രകാരം മത്സര പരീക്ഷ പരിശീലനത്തിന് വിദ്യാഭ്യാസ വായ്പ ലഭ്യമല്ല.

**ഇലക്ട്രോണിക് ഹാർഡ്‌വെയർ ടെക്നോളജി ഹബ്ബ്**

88 (506) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇലക്ട്രോണിക് ഹാർഡ്‌വെയർ ടെക്നോളജി ഹബ്ബ് സ്ഥാപിക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഇലക്ട്രോണിക് ഹാർഡ്‌വെയർ ടെക്നോളജി ഹബ്ബ് സ്ഥാപിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ 4859-02-004-89-34-3(P) ശീർഷകത്തിൽ 28 കോടി രൂപ

നീക്കിവച്ചിട്ടുണ്ട്. ആയതിലേയ്ക്കായി കെൽട്രോൺ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**വയോമിത്രം പദ്ധതി**

89 (508) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയോമിത്രം പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയ 27.5 കോടി രൂപയിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വയോമിത്രം പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയ 27.5 കോടി രൂപയിൽ നാളിതുവരെ 19.233 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**വനം വകുപ്പിൽ നടപ്പാക്കേണ്ട ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ**

**90** (509) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം II (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ)-ൽ വരുന്ന 20 ശതമാനം തുക നീക്കിവച്ച ഭരണാനുമതിയില്ലാത്ത പ്രവൃത്തികൾക്ക് ഭരണാനുമതി

നൽകേണ്ടതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ; ഇതുസംബന്ധിച്ച സർക്കാർ ഉത്തരവുകളുണ്ടെങ്കിൽ പകർപ്പ് നൽകാമോ?

സംസ്ഥാന ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം II (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ) - ൽ വരുന്ന 20 ശതമാനം തുക നീക്കിവച്ച ഭരണാനുമതിയില്ലാത്ത പ്രവൃത്തികൾ വകുപ്പുതല AS Committee-യിൽ (ബന്ധപ്പെട്ട സെക്രട്ടറി, വകുപ്പ് തലവൻ, ധനവകുപ്പ് പ്രതിനിധി, സെക്രട്ടേറിയറ്റ് പ്ലാനിംഗ് വകുപ്പ് പ്രതിനിധി ഉൾപ്പെട്ട കമ്മിറ്റി) സമർപ്പിച്ച് ഭരണാനുമതി ലഭ്യമാക്കാവുന്നതാണ്. AS Committee-യിൽ സമർപ്പിക്കാൻ സാധിക്കാത്ത 20 ശതമാനം തുക നീക്കിവച്ച പ്രവൃത്തികൾ ധനവകുപ്പിൽ സമർപ്പിച്ച് ഭരണാനുമതി ലഭ്യമാക്കാവുന്നതുമാണ്. ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവ് ലഭ്യമല്ല.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കാനായി വിശദമായ എസ്റ്റിമേറ്റ് സഹിതം പ്രൊപ്പോസലുകൾ ധനവകുപ്പിൽ സമർപ്പിക്കേണ്ടത് ബന്ധപ്പെട്ട വകുപ്പുകളാണോയെന്ന് അറിയിക്കാമോ; വനം വകുപ്പിന് കീഴിൽ നടപ്പാക്കേണ്ട ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കേണ്ടത് ഏത് വകുപ്പിന്റെ ചുമതലയാണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കാനായി വിശദമായ എസ്റ്റിമേറ്റ് സഹിതം പ്രൊപ്പോസലുകൾ ധനവകുപ്പിൽ സമർപ്പിക്കേണ്ടത് ബന്ധപ്പെട്ട വകുപ്പുകൾ തന്നെയാണ്. വനം വകുപ്പിന് കീഴിൽ നടപ്പാക്കേണ്ട ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കേണ്ടത് വനം വകുപ്പിന്റെ ചുമതലയാണ്.

(സി) ബജറ്റ് അനുബന്ധങ്ങളിൽ പ്രഖ്യാപിച്ച വനം വകുപ്പിൽ നടപ്പാക്കേണ്ട ഭരണാനുമതിയില്ലാത്ത പ്രവൃത്തികൾ നടപ്പാക്കുന്നതിനും സമയബന്ധിതമായി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനും ഭരണാനുമതി ലഭ്യമാക്കുന്നതിനും വനം വകുപ്പ് വിമുഖത കാണിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വനം വകുപ്പിന്റെ ആന്വൽ പ്ലാൻ ഓഫ് ഓപ്പറേഷനിൽ ഉൾപ്പെട്ടതല്ല എന്ന കാരണം കാണിച്ച് ഇത്തരം പ്രവൃത്തികൾ നടപ്പാക്കണമെന്നഭ്യർത്ഥിച്ച് നിയമസഭാ സാമാജികർ നൽകുന്ന കത്തുകൾ വനം വകുപ്പ് ഉദ്യോഗസ്ഥർ അവഗണിക്കുന്ന കാര്യം പരിശോധിക്കുമോ; ഇക്കാര്യത്തിൽ രേഖാമൂലം പരാതി ലഭിച്ചാൽ ഉചിതമായ നടപടി സ്വീകരിക്കുമോ?

ഇല്ല. വനം വകുപ്പിന്റെ ആന്വൽ പ്ലാൻ ഓഫ് ഓപ്പറേഷനിൽ ഉൾപ്പെട്ടതല്ല എന്ന കാരണം കാണിച്ച് ഇത്തരം പ്രവൃത്തികൾ

നടപ്പാക്കണമെന്നഭ്യർത്ഥിച്ച് നിയമസഭാ സാമാജികർ നൽകുന്ന കത്തുകൾ വനം വകുപ്പ് ഉദ്യോഗസ്ഥർ അവഗണിക്കുന്ന കാര്യം രേഖാമൂലം പരാതി ലഭ്യമാക്കിയാൽ പരിശോധിക്കുകയും ആയതിന് ഉചിതമായ നടപടിയും സ്വീകരിക്കുന്നതാണ്.

(ഡി) 2022-23 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യംII (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ)-ൽ പേജ് നമ്പർ 6, ക്രമ നമ്പർ 118 ആയി നിർദ്ദേശിച്ച നിലമ്പൂർ നിയോജകമണ്ഡലത്തിലെ പ്രവൃത്തി ഏതാണെന്നും മതിപ്പുതുക എത്രയെന്നും പ്രസ്തുത പ്രവൃത്തിക്ക് ധനവകുപ്പ് 20 ശതമാനം തുക നീക്കിവച്ചിട്ടുണ്ടോയെന്നും പ്രസ്തുത പ്രവൃത്തി ഏത് വകുപ്പ് മുഖാന്തരമാണ് നടപ്പാക്കേണ്ടതെന്നും ഭരണാനുമതി ലഭ്യമാക്കാൻ ഏത് വകുപ്പ് മുഖാന്തരമാണ് പ്രൊപ്പോസൽ ധനവകുപ്പിൽ സമർപ്പിക്കേണ്ടതെന്നും അറിയിക്കാമോ?

2022-23 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം II (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ)-ൽ പേജ് നമ്പർ 6, ക്രമ നമ്പർ 118 ആയി നിർദ്ദേശിച്ച നിലമ്പൂർ നിയോജകമണ്ഡലത്തിലെ പ്രവൃത്തി വനാതിർത്തികളിൽ വന്യമൃഗശല്യം തടയുന്നതിന് കരിങ്കല്ലുപയോഗിച്ചുള്ള ട്രഞ്ച് നിർമ്മാണവും റെയിൽ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുമായിട്ടാണ്.

പ്രസ്തുത പ്രവൃത്തിയുടെ മതിപ്പുവില 10 കോടി രൂപയാണ്. ആയതിന് 20% തുകയായ 20 ലക്ഷം രൂപ ധനവകുപ്പ് നീക്കിവച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി വനം വകുപ്പ് മുഖാന്തരമാണ് നടപ്പാക്കേണ്ടത്. ആയതിനാൽ ഭരണാനുമതി ലഭ്യമാക്കുവാൻ വനം വകുപ്പാണ് പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ സമർപ്പിക്കേണ്ടത്.

(ഇ) വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം II (ഭരണാനുമതയില്ലാത്ത മരാമത്തുപണികൾ)-ൽ വരുന്ന ഭരണാനുമതിയില്ലാത്ത പ്രവൃത്തികളുടെ തുക ഏത് ശീർഷകത്തിൽ നിന്നാണ് ധനവകുപ്പ് അനുവദിക്കുന്നതെന്നും വനം വകുപ്പിന് പ്രത്യേകമായ ഉപശീർഷകമുണ്ടോയെന്നും അറിയിക്കാമോ; അതത് സാമ്പത്തിക വർഷത്തിനുള്ളിൽ ഭരണാനുമതി ലഭ്യമാക്കിയില്ലെങ്കിൽ പ്രസ്തുത പ്രവൃത്തി ലാപ്സായിപ്പോകുമോയെന്നും അറിയിക്കാമോ?

വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II (ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾ)- ൽ വരുന്നതും ഇരുപത് ശതമാനം തുക നീക്കിവച്ചിട്ടുള്ളതുമായ പ്രവൃത്തികൾക്ക് അതത് വകുപ്പുകളുടെ ബന്ധപ്പെട്ട ശീർഷകത്തിലാണ് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കേണ്ടത്. ഇപ്രകാരം വനം വകുപ്പിന്റെ കീഴിൽ 20% വിഹിതം

വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് വകുപ്പിന് കീഴിലുള്ള അനുയോജ്യമായ ശീർഷകത്തിൽ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ധനവകുപ്പിന്റെ അനുമതിയോടുകൂടി ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. ഇപ്രകാരം 20% വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് സാങ്കേതിക കാരണങ്ങളാൽ പ്രസ്തുത വർഷം ഭരണാനുമതി നൽകാൻ കഴിഞ്ഞില്ലായെങ്കിൽ പ്രത്യേകാനുമതിക്കായി ധനവകുപ്പിനെ സമീപിക്കേണ്ടതാണ്.

## വിലക്കയറ്റ ഭീഷണി അതിജീവിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയ തുക

91 (512) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിലക്കയറ്റ ഭീഷണി അതിജീവിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് വകയിരുത്തിയതെന്നും നാളിതുവരെ ഇതിൽ എത്ര തുക ഏതൊക്കെ ഇനത്തിൽ റിലീസ് ചെയ്തു നൽകിയെന്നും വ്യക്തമാക്കുമോ?

വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള വിപണി ഇടപെടൽ പ്രവർത്തനങ്ങൾ നടത്തുന്നതിന് സപ്ലൈകോയ്ക്ക് നടപ്പ് സാമ്പത്തിക വർഷം 2408-01-102-99-33 എന്ന ശീർഷകത്തിൽ ബജറ്റ് വിഹിതമായി 180

കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഓണക്കാലത്ത് സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്കും സൗജന്യ ഭക്ഷ്യ ധാന്യക്കിറ്റ് വിതരണം ചെയ്യുന്നതുൾപ്പെടെയുള്ള ചെലവുകൾ വഹിക്കുന്നതിന് 220 കോടി രൂപ അധിക ധനാനുമതിയായും അനുവദിച്ചിരുന്നു. ഇപ്രകാരം ശീർഷകത്തിൽ ആകെ അനുവദിച്ചിരുന്ന 400 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

നടപ്പു സാമ്പത്തിക വർഷം പൊതുവിതരണ ശൃംഖല വഴിയുള്ള റേഷൻ വിതരണത്തിനായി 2408-01-101-94 എന്ന ശീർഷകത്തിൽ 1084.90 കോടി രൂപ ബജറ്റ് വിഹിതവും 64 കോടി രൂപ അധിക ധനാനുമതിയും ഉൾപ്പെടെ 1148.9 കോടി രൂപ വകയിരുത്തുകയും 830.98 കോടി രൂപ നാളിതുവരെ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

ഉത്സവ കാലങ്ങളിലുണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി സർക്കാർ സബ്സിഡിയോടുകൂടി സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡിയോടുകൂടി താൽക്കാലിക സഹകരണ വിപണികൾ ആരംഭിച്ച് വിൽപന നടത്തുന്നതിന് നടപ്പു സാമ്പത്തിക വർഷത്തിൽ ‘ 2425-00-108-80-00-33-0-N-V’ എന്ന ശീർഷകത്തിൽ 75 കോടി രൂപ

വകയിരുത്തിയിട്ടുണ്ട്. 29-08-2022 മുതൽ 07-09-2022 വരെ സംസ്ഥാനത്ത് 1685 താൽക്കാലിക വിപണികളിലൂടെ സംഘടിപ്പിച്ച സഹകരണ ഓണം വിപണിക്കായി 16 കോടി രൂപ പ്രസ്തുത തുകയിൽനിന്നും ചെലവഴിച്ചിട്ടുണ്ട്.

ഇതിനുപുറമെ കുറഞ്ഞ നിരക്കിൽ ഉപഭോക്തൃ ഉൽപ്പന്നങ്ങൾ, മരുന്നുകൾ, സ്റ്റേഷനറി വസ്തുക്കൾ എന്നിവ ഉപഭോക്താക്കൾക്ക് നൽകുന്നതിനും സ്വകാര്യ ചൂഷണത്തിൽനിന്നും അവരെ സംരക്ഷിക്കുന്നതിനും ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കുമായി 230.00 ലക്ഷം രൂപ 2022-23 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 78.9 ലക്ഷം രൂപ നാളിതുവരെ വിനിയോഗിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ തീരദേശ ജില്ലകളിലെ മത്സ്യത്തൊഴിലാളി, തീരദേശ കുടുംബങ്ങൾക്ക് സപ്ലൈകോയുടെ മാവേലി ഇനത്തിൽപ്പെട്ട സബ്സിഡി സാധനങ്ങളും നോൺ മാവേലി ഇനത്തിൽപ്പെട്ട Fast Moving Consumer Goods (FMCG) ഇനങ്ങളും മറ്റു ശബരി ഉൽപ്പന്നങ്ങളും SAF (Society for Assistance to Fisherwomen)-ന്റെ കീഴിലുള്ള 10 തീരമൈത്രി സൂപ്പർമാർക്കറ്റുകൾ, 6 കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോറുകൾ എന്നിവയിലൂടെ

വിതരണം ചെയ്യുന്നതിനായി ഫിഷറീസ് വകുപ്പും സിവിൽ സപ്ലൈസ് വകുപ്പും സംയുക്തമായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് തീരമാവേലി. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി 10 തീരമൈത്രി സൂപ്പർമാർക്കറ്റുകളും 6 കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോറുകളും പ്രവർത്തിച്ചുവരുന്നു. തീരദേശ ജില്ലകളിലെ 25000-ത്തിലധികം കുടുംബങ്ങളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. നടപ്പ് സാമ്പത്തിക വർഷത്തിൽ തീരമാവേലി പദ്ധതിക്കായി 2405-00-105-88-33 ശീർഷകത്തിൽ അധിക ധനാനുമതിവഴി 30,82,000/- രൂപ അനുവദിക്കുകയും 13,77,310/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**ലൈഫ് പദ്ധതിക്കുള്ള ബജറ്റ് തുക**

92 (515) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 സാമ്പത്തിക വർഷം ലൈഫ് പദ്ധതിക്കായി ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; ഇതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

ലൈഫ് പദ്ധതിക്കുള്ളിൽ വരുന്ന വിവിധ പദ്ധതികൾക്ക് നടപ്പ് സാമ്പത്തിക വർഷം അധികധനാനുമതി ഉൾപ്പെടെ ബജറ്റ് വിഹിതമായി 1924.1942 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽനിന്നും 05-02-2023 വരെയുള്ള ചെലവ് 794.5955 കോടി രൂപയാണ്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

## നാളികേര വികസനത്തിനായി നടപ്പ് വർഷം ബജറ്റിൽ അനുവദിച്ച തുക

93 (516) <u>ശ്രീ. ടി. സിദ്ദിഖ്:</u> താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാളികേര വികസനത്തിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

നാളികേര വികസനത്തിനായി നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ 7390 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ നാളിതുവരെ 2891.14 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സാമൂഹ്യ സുരക്ഷ പെൻഷൻ

94 (518) ശ്രീ. എം. വിജിൻ:താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര പേർക്ക് സാമൂഹ്യ സുരക്ഷ പെൻഷൻ നൽകിവരുന്നുണ്ട്?

നിലവിൽ സംസ്ഥാനത്ത് ആകെ 5,221,869 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളാണുള്ളത്. ഇതിൽ 5,066,136 ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിച്ചിട്ടുണ്ട് (2022 നവംബർ മാസത്തെ കണക്ക് പ്രകാരം).

വിവിധ ക്ഷേമനിധി ബോർഡുകളിലെ 11,01,335 ഗുണഭോക്താക്കൾക്ക് ക്ഷേമ ബോർഡ് പെൻഷനുകളും നൽകി വരുന്നു (അവസാന മാസത്തെ പെൻഷൻ വിതരണം അടിസ്ഥാനമാക്കി).

സാംസ്കാരിക വകുപ്പ് മുഖേന 2295 പേർക്ക് കലാകാര പെൻഷനും, 169 പേർക്ക് അവശകലാകാര പെൻഷനും, തൊഴിലും നൈപുണ്യവും വകുപ്പ് മുഖേന 1328 പേർക്ക് മരംകയറ്റ തൊഴിലാളി ക്ഷേമ പെൻഷനും നൽകുന്നുണ്ട്.

കായിക യുവജനക്ഷേമം വകുപ്പ് മുഖേന 1323 പേർക്ക് സർക്കസ് പെൻഷനും 100 പേർക്ക് അവശ കായികതാര പെൻഷനും, പിന്നാക്ക വിഭാഗ വികസ വകുപ്പ് മുഖേന 309 പേർക്ക് വിശ്വകർമ്മ പെൻഷനും നൽകി വരുന്നു.

(ബി) ഒരു മാസം സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണത്തിനായി എത്ര കോടി രൂപ ചെലവാകുന്നുണ്ട്; വിശദമാക്കാമോ?

2022 നവംബർ മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നൽകുന്നതിനായി 773.52 കോടി രൂപ അനുവദിച്ചിരുന്നു. വിവിധ ക്ഷേമനിധി ബോർഡു പെൻഷനുകൾ വിതരണം ചെയ്യുന്നതിനായി 190.67 കോടി രൂപ ചെലവായിട്ടുണ്ട്.

സാംസ്കാരിക വകുപ്പ് മുഖേനയുള്ള കലാകാര പെൻഷൻ നൽകുന്നതിന് 36,65,000/- രൂപയും , അവശകലാകാര പെൻഷൻ നൽകുന്നതിന് 1,69,000/- രൂപയും, തൊഴിലും നൈപുണ്യവും വകുപ്പ് മുഖേനയുള്ള മരംകയറ്റ തൊഴിലാളി പെൻഷൻ നൽകുന്നതിനായി 21,24,800/- രൂപയും അനുവദിച്ചിട്ടുണ്ട്.

കായിക യുവജനക്ഷേമം വകുപ്പ് മുഖേന സർക്കസ് പെൻഷൻ നൽകുന്നതിന് 15,87,600/- രൂപയും അവശ കായികതാര പെൻഷൻ നൽകുന്നതിന് 1,30,000/- രൂപയും ചെലവാകുന്നുണ്ട്. പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന വിശ്വകർമ്മ പെൻഷൻ നൽകുന്നതിനായി 4,32,000/- രൂപ ചെലവാകുന്നു.

**കെട്ടിട നിർമ്മാണ തൊഴിലാളി പെൻഷൻ**

95 (519) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് മുഖേന നൽകിവരുന്ന പെൻഷൻ മുടങ്ങിയത് ഗൗരവത്തോടെ കാണുന്നുണ്ടോ; പ്രസ്തുത പെൻഷൻ അടിയന്തരമായി അനുവദിച്ചുനൽകുന്നതിന് പ്രത്യേക സഹായം നൽകുമോ; വ്യക്തമാക്കാമോ?

തനത് ഫണ്ടിൽനിന്നാണ് ബോർഡ് പെൻഷൻ നൽകിവരുന്നത്. കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം 2022 ഏപ്രിൽ, മേയ് മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്യാതിരുന്നതിനാൽ, ബോർഡിന്റെ ശിപാർശ പ്രകാരം ടി കുടിശ്ശിക വിതരണം ചെയ്യുന്നതിലേയ്ക്ക് കേരള ചുമട്ടുതൊഴിലാളി

ക്ഷേമബോർഡിൽനിന്നും നിബന്ധനകൾക്ക് വിധേയമായി 100 കോടി രൂപ വായ്പയായി അനുവദിക്കുന്നതിന് ധനവകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

(ബി) മികച്ച രീതിയിൽ പ്രവർത്തിച്ചിരുന്ന കെട്ടിട നിർമാണത്തൊഴിലാളി ക്ഷേമനിധി ബോർഡ് ധനകാര്യ പ്രതിസന്ധിയിലേയ്ക്ക് നീങ്ങാനുള്ള കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

മുൻകാലങ്ങളിൽ ബോർഡിന് സാമ്പത്തിക ഭദ്രതയുണ്ടായിരുന്നതിനാൽ പെൻഷനും മറ്റാനുകൂല്യങ്ങളും സമയബന്ധിതമായി നൽകുന്നതിന് സാധിച്ചിരുന്നു. എന്നാൽ കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് പെൻഷൻ തുക സർക്കാർ ഉത്തരവ് പ്രകാരം അറുന്നൂറ് രൂപയിൽനിന്ന് ആയിരത്തി അറുന്നൂറ് രൂപയായി വർദ്ധിച്ചതിനാലും പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണവും കാര്യമായി വർദ്ധിച്ചതിനാലും അതേസമയം ബോർഡിന്റെ പ്രധാന വരുമാനമായ സെസ്സ് പിരിവ് അതിനനുസൃതമായി വർദ്ധിക്കാത്തതിനാലും പെൻഷൻ വിതരണം തടസ്സപ്പെട്ടിട്ടുണ്ടെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ ബോർഡിന്റെ ഭരണച്ചെലവ് ആകെ അംശദായത്തിന്റെ എത്ര ശതമാനം ആയിരുന്നു എന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ ബോർഡിന്റെ ഭരണച്ചെലവ് ആകെ അംശദായത്തിന്റെ 31.92% ആണെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2017-18 | 39% |
| 2018-19 | 23% |
| 2019-20 | 29% |
| 2020-21 | 29% |
| 2021-22 | 43% |

**കാൻസർ രോഗികൾക്കുള്ള പെൻഷൻ**

96 (520) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗികൾക്കുള്ള ചികിത്സാ ചെലവ് കൂടിവരുന്ന സാഹചര്യത്തിൽ ഇവർക്കുള്ള പെൻഷൻ തുക വർദ്ധിപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

കാൻസർ രോഗികൾക്കുള്ള പെൻഷൻ തുക വർദ്ധിപ്പിക്കാൻ നിലവിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) പ്രസ്തുത രോഗികൾക്കുള്ള പെൻഷൻ തുക നാമമാത്രമായതിനാൽ ആയത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ടി വിഷയത്തിൽ നയപരമായ തീരുമാനം ആവശ്യമാണ്.

(സി) പ്രസ്തുത രോഗികൾക്ക് പെൻഷൻ തുക നൽകാൻ നിലവിൽ മാനദണ്ഡങ്ങളുണ്ടോ; എങ്കിൽ എല്ലാ കാൻസർ രോഗികൾക്കും മാനദണ്ഡങ്ങൾ നോക്കാതെ രോഗത്തിന്റെ തീവ്രത പരിഗണിച്ച് പെൻഷൻ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉണ്ട്. തുടർച്ചയായി 2 വർഷത്തിൽ കുറയാതെ കേരളത്തിൽ താമസമായവരും വാർഷിക വരുമാനം ഒരു ലക്ഷം രൂപ എന്ന പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളതുമായ കാൻസർ രോഗികൾക്കാണ് നിലവിൽ പ്രതിമാസ കാൻസർ പെൻഷൻ നൽകുന്നത്. മറ്റ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നവർക്കും ഒരു ലക്ഷം രൂപ എന്ന വരുമാന പരിധിക്കുള്ളിലാണെങ്കിൽ കാൻസർ പെൻഷന് അർഹതയുണ്ടായിരിക്കും. ഈ മാനദണ്ഡങ്ങൾ നോക്കാതെ കാൻസർ പെൻഷൻ അനുവദിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## കാൻസർ രോഗികളുടെ പെൻഷൻ

97 (521) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗികൾക്കുള്ള മരുന്നുകൾ സാധാരണക്കാർക്ക് അപ്രാപ്യമായ സാഹചര്യത്തിൽ ഇവർക്ക് നൽകിവരുന്ന പെൻഷൻ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കാൻസർ രോഗികൾക്കുള്ള പെൻഷൻ തുക വർദ്ധിപ്പിക്കാൻ നിലവിൽ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) നിലവിൽ പ്രസ്തുത രോഗികൾക്ക് എത്ര തുകയാണ് പെൻഷനായി നൽകുന്നതെന്ന് വ്യക്തമാക്കാമോ?

കാൻസർ രോഗികൾക്കുള്ള നിലവിലെ പ്രതിമാസ പെൻഷൻ തുക 1,000/- രൂപയാണ്.

## സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്ന ഏജന്റുമാരുടെ ഇൻസെന്റീവ്

98 (522) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ വീടുകളിൽ എത്തിച്ച് വിതരണം ചെയ്യുന്ന ഏജന്റുമാർക്ക് നൽകുന്ന ഇൻസെന്റീവ് തുക എത്രയാണ്; പ്രസ്തുത

തുക കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ എത്ര മാസത്തെ തുക കുടിശ്ശികയായിട്ടുണ്ട്?

2021 ഒക്ടോബർ വരെ ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യുന്നതിന് 50/- രൂപയായിരുന്നു ഇൻസെന്റീവ് ഇനത്തിൽ നൽകിയിരുന്നത്. ഇത് 2021 നവംബർ മാസം മുതൽ 30/- രൂപയായി പരിഷ്കരിച്ചിട്ടുണ്ട്. 2021 നവംബർ മാസം മുതൽ നൽകേണ്ട ഇൻസെന്റീവ് കുടിശ്ശികയായിട്ടുണ്ട്.

(ബി) കുടിശ്ശിക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഇൻസെന്റീവ് നൽകുന്നത് സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയിൽ കോ-ഓപ്പറേറ്റീവ് ബാങ്ക്സ് ഡെപ്പോസിറ്റ് കളക്ടേഴ്സ് അസോസിയേഷൻ (കേരള) ഫയൽ ചെയ്ത കേസ് (WP(സി)No.743/2023) നിലനിൽക്കുന്നുണ്ട്. ആകയാൽ പ്രസ്തുത കേസിന്റെ വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**ജി.എസ്.ടി.-യിൽ നിന്നും ലഭ്യമാകുന്ന വരുമാനത്തിന്റെ വിഹിതം**

99 (523) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജി.എസ്.ടി.-യിൽനിന്നും ലഭ്യമാകുന്ന വരുമാനത്തിന്റെ വിഹിതം തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം നാളിതുവരെ കൈമാറിയിട്ടുള്ള തുകയുടെ വിശദാംശം സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കുമോ?

ഉണ്ട്. 01-07-2017-ൽ ചരക്ക് സേവന നികുതി പ്രാബല്യത്തിൽ വന്നതിനെത്തുടർന്ന് പ്രാദേശിക സർക്കാരുകൾക്ക് വിനോദ നികുതിയിനത്തിൽ ഉണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി 2018-19-ലെ ബജറ്റ് പ്രസംഗത്തിൽ 133 കോടി രൂപ വിനോദ നികുതിയുടെ 2017-18-ലെ നഷ്ടപരിഹാരമായി അനുവദിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതേത്തുടർന്ന് 30-10-2018-ലെ സ.ഉ. (സാധാ) നം.8957/2018/ ധന പ്രകാരം ആകെ 91,85,91,321/- രൂപ പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച് ഉത്തരവായിരുന്നു. അതിൽ, 8,13,22,035/- രൂപ ഗ്രാമപഞ്ചായത്തുകൾക്കും 42,49,23,660/- രൂപ മുനിസിപ്പാലിറ്റികൾക്കും 41,23,45,626/- രൂപ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും അനുവദിച്ച് നൽകിയിരുന്നു.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഒന്നാംഭാഗ റിപ്പോർട്ടിലെ പതിനഞ്ചാം നമ്പർ ശിപാർശയിന്മേലുള്ള സർക്കാർ തീരുമാനപ്രകാരം ചരക്ക് സേവന നികുതി ഏർപ്പെടുത്തിയതിനെ തുടർന്ന് വിനോദ നികുതിയും പരസ്യ നികുതിയും പ്രാദേശിക സർക്കാരുകൾ പിരിക്കുന്നത് നിർത്തലാക്കിയതുവഴി 2020-21-ൽ ഉണ്ടായ റവന്യൂ നഷ്ടം 2021-22-ൽ പരിഹരിക്കുന്നതാണ് എന്ന് 08-01-2021-ലെ സ.ഉ. (എംഎസ്) നം.6/2021/ധന പ്രകാരം ഉത്തരവായിരുന്നു. എന്നാൽ, കോവിഡ്-19 മൂലം 2020-21 വർഷത്തിൽ ഭൂരിഭാഗം സമയവും സിനിമ തിയേറ്ററുകൾ അടഞ്ഞുകിടന്നതിനാൽ വിനോദ നികുതി ഗണ്യമായി പിരിച്ചിട്ടില്ല. അതിനാൽ 2020-21 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്കുണ്ടായ റവന്യൂ നഷ്ടം 2021-22-ൽ പരിഹരിക്കണമെന്ന തീരുമാനം പ്രാവർത്തികമാക്കേണ്ടെന്ന് 04-11-2022-ലെ സ.ഉ. (സാധാ) നം.7455/2022/ധന പ്രകാരം ഉത്തരവായിട്ടുണ്ട്.

**ചരക്ക് സേവന നികുതി സമ്പ്രദായം**

100 (524) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. വി. ജോയി:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി സമ്പ്രദായം നടപ്പിലാക്കിയതിന് അനുസൃതമായി സംസ്ഥാനത്തെ നികുതി ഭരണ സംവിധാനം പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ജി.എസ്.ടി. നടപ്പിലാക്കിയതിനെ തുടർന്ന് ജി.എസ്.ടി. നിയമത്തിനനുസൃതമായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിനെ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. പുനഃസംഘടിപ്പിച്ച ജി.എസ്.ടി. വകുപ്പിലെ പ്രധാന വിഭാഗങ്ങൾ ടാക്സ്പെയർ സർവ്വീസസ്, ഓഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് എന്നിവയാണ്. സെൻട്രൽ രജിസ്ട്രേഷൻ യൂണിറ്റ് (CRU), ഐ.ടി. മാനേജ്മെന്റ് സെൽ, ലീഗൽ സെൽ, സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പെർഫോമൻസ് മോണിറ്ററിംഗ് സെൽ, ടാക്സ് റിസർച്ച് ആൻഡ് പോളിസി ഡിവിഷൻ, ഡാറ്റ അനലിറ്റിക്സ് ഡിവിഷൻ, റിവ്യൂ സെൽ, ഇന്റേണൽ ഓഡിറ്റ് & വിജിലൻസ് സെൽ തുടങ്ങിയ വിഭാഗങ്ങളുമുണ്ട്. ഫംഗ്ഷണൽ സ്പെഷ്യലൈസേഷൻ, സുതാര്യത, അനുകൂലമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കൽ എന്നിവ മുൻനിർത്തിയാണ് പുനഃസംഘടന നടപ്പിലാക്കിയിട്ടുള്ളത്.

(ബി) സംസ്ഥാനത്തെ ചരക്ക് സേവന വിനിമയങ്ങൾക്ക് ആനുപാതികമായി നികുതി തുകയിൽ വർദ്ധനവുണ്ടാകുന്നില്ലെന്ന കാര്യം

പരിശോധനാ വിധേയമാക്കിയിരുന്നോ; ജനങ്ങളിൽനിന്നും വ്യാപാരികൾ സമാഹരിക്കുന്ന നികുതി പൂർണ്ണമായും ഖജനാവിലെത്തുന്നുവെന്ന് ഉറപ്പ് വരുത്താൻ വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങളോടൊപ്പം ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

സംസ്ഥാനത്ത് ജി.എസ്.ടി. നികുതി പിരിവുമായി ബന്ധപ്പെട്ട് വിവിധ രീതിയിലുള്ള അവലോകനങ്ങൾ സർക്കാർ നടത്തിയിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽനിന്നും ലഭിക്കുന്ന വാണിജ്യ വിവരങ്ങൾ ഡാറ്റ അനലിറ്റിക്സിലൂടെ വിദഗ്ദ്ധ വിശകലനം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ജനങ്ങളിൽനിന്നും വ്യാപാരികൾ സമാഹരിക്കുന്ന നികുതി സർക്കാരിലേയ്ക്കെത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി പൊതുജനങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് "ലക്കി ബിൽ" പോലുള്ള പ്രചാരണ പരിപാടികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ചരക്കുകൾ ട്രാൻസ്പോർട്ട് ചെയ്യുമ്പോൾ ബിൽ നൽകിയിട്ടുണ്ടോ എന്ന വിവരം സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം പരിശോധിക്കുന്നുണ്ട്. കൂടാതെ ടെസ്റ്റ് പർച്ചേസ് നടത്തി സാധനങ്ങൾ വിൽക്കുമ്പോൾത്തന്നെ ബിൽ നൽകുന്നുണ്ടോ എന്നതും വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം പരിശോധിക്കുന്നുണ്ട്. ഇതുകൂടാതെ

വകുപ്പിന്റെ പുനഃസംഘടനയിലൂടെ ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട് നികുതി വെട്ടിപ്പ് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) നികുതി വെട്ടിപ്പ് സാധ്യത കുറയ്ക്കാൻ നടപ്പാക്കിയ ചെക്ക്പോസ്റ്റ് നിർത്തലാക്കിയ നടപടി ഫലപ്രദമാണോ; അതിന് പകരം ഏർപ്പെടുത്തിയിട്ടുള്ള ബദൽ ക്രമീകരണങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം നിർത്തലാക്കപ്പെട്ടു. ഇതിനെ തുടർന്ന് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കപ്പെട്ടു. ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയതിനെ തുടർന്ന് അതിർത്തിപ്രദേശങ്ങളിലൂടെയുള്ള ചരക്കുനീക്കം പരിശോധിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട അതിർത്തി പ്രദേശങ്ങളിൽ ക്യാമറകൾ സ്ഥാപിക്കുകയുണ്ടായി. ഈ ക്യാമറകൾ ഓട്ടോമേറ്റഡ് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനവുമായി ബന്ധിപ്പിച്ചു. ഇ-വേ ബിൽ ഇല്ലാതെ അതിർത്തി പ്രദേശങ്ങളിലൂടെ കടന്നുപോകുന്ന വാഹനങ്ങളെ സംബന്ധിച്ച വിവരം അപ്പപ്പോൾ ഇന്റലിജൻസ് വിഭാഗത്തിന് ലഭ്യമാക്കുന്ന രീതിയിൽ ക്രമീകരിച്ചു. ഇതിലൂടെ അതിർത്തി പ്രദേശങ്ങളിലൂടെയുള്ള നികുതി വെട്ടിപ്പ് ഒരു പരിധിവരെ തടയാൻ

സാധിച്ചിട്ടുണ്ട്. ഏതൊക്കെ ലോറികൾ കേരളത്തിലേയ്ക്ക് വന്നു എന്നറിയാനും അതിലൂടെ വ്യാജ ബില്ലിംഗ് പോലുള്ള വിപത്തുകളെ കൃത്യമായി തടയാനും എ.എൻ.പി.ആർ. സംവിധാനത്തിലൂടെ സാധിച്ചിട്ടുണ്ട്. ഈ സംവിധാനം കൂടുതൽ കാര്യക്ഷമമായ രീതിയിൽ സംസ്ഥാനാതിർത്തികളിലും സംസ്ഥാനത്തിനകത്തുമുള്ള കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ ശക്തമാക്കിയും ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ആന്റി പ്രൊഫിറ്റിയറിംഗ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ**

101 (525) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീമതി കെ. കെ. രമ
ശ്രീ. റോജി എം. ജോൺ
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നികുതി കുറച്ചിട്ടും വിപണിയിൽ ധാരാളം നിത്യോപയോഗ സാധനങ്ങളുടെ വില കുറയുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം പല ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി നിരക്കുകൾ 28 ശതമാനത്തിൽ നിന്നും 18 അല്ലെങ്കിൽ 12 ശതമാനമായും 18 ശതമാനത്തിൽ നിന്നും 12 അല്ലെങ്കിൽ 5 ശതമാനമായും കുറവ് വരുത്തുകയുണ്ടായി. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെയും പല സംഘടനകളുടെയും അപേക്ഷകൾ പ്രകാരമാണ് ഇത്തരം തീരുമാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ എടുക്കപ്പെട്ടത്. എന്നാൽ നികുതി നിരക്കിൽ വരുത്തിയ ഈ കുറവ് സാധാരണ ഉപഭോക്താക്കളിലേയ്ക്ക് എത്തിയിട്ടുള്ളതായി കാണപ്പെട്ടിട്ടില്ല. ജി.എസ്.ടി.-യിലെ നികുതി കുറവുകൾ ഉപഭോക്താക്കൾക്ക് കൈമാറുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി ആന്റി പ്രൊഫിറ്റിയറിംഗ് അതോറിറ്റി സംവിധാനം ജി.എസ്.ടി. നിയമപ്രകാരം നിലവിലുണ്ടായിരുന്നു. ജി.എസ്.ടി.-യുടെ തുടക്കത്തിൽ സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് ഇക്കാര്യം പരിശോധിക്കുകയും നികുതിയിലെ കുറവ് ഉപഭോക്താക്കൾക്ക് കൈമാറിയിട്ടില്ലെന്ന് കണ്ടെത്തിയ വ്യാപാരികളുടെ വിശദവിവരം സംസ്ഥാന ആന്റി പ്രൊഫിറ്റിയറിംഗ് സ്ക്രീനിംഗ് കമ്മിറ്റി മുഖേന കേന്ദ്ര ആന്റി പ്രൊഫിറ്റിയറിംഗ് അതോറിറ്റിക്ക് തുടർനടപടികൾക്കായി നൽകുകയും ചെയ്യുകയുണ്ടായി. ജി.എസ്.ടി. കൗൺസിലിന്റെ നിർദ്ദേശപ്രകാരം

ജി.എസ്.ടി.-യിലെ ആന്റി പ്രൊഫിറ്റിയറിംഗ് നിയമപ്രകാരമുള്ള പരിശോധന നടത്തുന്നതിന് 01-12-2022 മുതൽ കോമ്പറ്റിഷൻ കമ്മീഷൻ ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജി.എസ്.ടി.-യിൽ ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി നിരക്ക് കുറയ്ക്കുന്നതിന്റെ ആനുകൂല്യം സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കണമെന്നത് ഇതുമായി ബന്ധപ്പെട്ട ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് മീറ്റിംഗുകളിലും ജി.എസ്.ടി. കൗൺസിലിലും സംസ്ഥാനം ഉന്നയിച്ചിട്ടുണ്ട്.

(ബി) ജി.എസ്.ടി. നിയമം വിഭാവനം ചെയ്ത ആന്റി പ്രൊഫിറ്റിയറിംഗ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ചരക്കുസേവന നികുതി നിയമത്തിലെ വകുപ്പ് 171 പ്രകാരം ചരക്കുകളുടെയോ സേവനങ്ങളുടെയോ നികുതി നിരക്കിലുണ്ടാകുന്ന കുറവും ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ബെനിഫിറ്റും ഉപഭോക്താക്കൾക്ക് കൈമാറേണ്ടതുണ്ട്. ഇത് പരിശോധിക്കുന്നതിനുവേണ്ടി ജി.എസ്.ടി.-യുടെ തുടക്കത്തിൽ കേന്ദ്ര സർക്കാർ കേന്ദ്ര ആന്റി പ്രൊഫിറ്റിയറിംഗ് അതോറിറ്റി രൂപീകരിച്ചു. ചരക്കുകളുടെയോ സേവനങ്ങളുടെയോ നികുതി നിരക്കിൽ ഉണ്ടാകുന്ന കുറവും ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ബെനിഫിറ്റും ഉപഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ടോ എന്ന് തീരുമാനിക്കുന്നതും അങ്ങനെ

കൈമാറാത്തവരെ കണ്ടുപിടിക്കുന്നതും ആനുകൂല്യം പലിശ സഹിതം ഉപഭോക്താവിന് കൈമാറാനും പിഴ ചുമത്തുന്നതിനും രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനുമുള്ള അധികാരം കേന്ദ്ര ആന്റി പ്രൊഫിറ്റിയറിംഗ് അതോറിറ്റിക്കുണ്ട്. സംസ്ഥാനതലത്തിൽ ഇതിന്റെ സ്ക്രീനിംഗ് കമ്മിറ്റി സംസ്ഥാന സർക്കാരും രൂപീകരിക്കുകയുണ്ടായി. ആന്റി പ്രൊഫിറ്റിയറിംഗുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് ലഭിക്കുന്ന പരാതികൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി പരിശോധിക്കുകയും പരാതിയിൽ കഴമ്പുള്ളപക്ഷം തുടർനടപടികൾക്കായി കേന്ദ്ര ആന്റി പ്രൊഫിറ്റിയറിംഗ് അതോറിറ്റിക്ക് അയച്ചുകൊടുക്കുകയും ചെയ്യേണ്ടതുണ്ട്. പരാതിയിന്മേൽ പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നത് കേന്ദ്ര ആന്റി പ്രൊഫിറ്റിയറിംഗ് അതോറിറ്റിയാണ്. ജി.എസ്.ടി.-യുടെ തുടക്കത്തിൽ രണ്ടു വർഷത്തേയ്ക്കാണ് ആന്റി പ്രൊഫിറ്റിയറിംഗ് അതോറിറ്റി വിഭാവനം ചെയ്തിരുന്നതെങ്കിലും പിന്നീട് ഇതിന്റെ കാലാവധി നീട്ടിനൽകുകയുണ്ടായി. എന്നാൽ ജി.എസ്.ടി. കൗൺസിലിന്റെ നിർദ്ദേശപ്രകാരം 01-12-2022 മുതൽ ജി.എസ്.ടി.-യിലെ ആന്റി പ്രൊഫിറ്റിയറിംഗ് നിയമപ്രകാരമുള്ള പരിശോധന നടത്തുന്നതിനുള്ള അധികാരം കോമ്പറ്റിഷൻ കമ്മീഷൻ ഓഫ് ഇന്ത്യ-യിൽ നിക്ഷിപ്തമാണ്.

(സി) നികുതി വകുപ്പ് പുനഃസംഘടന ഉത്തരവിൽ ആന്റി പ്രൊഫിറ്റിയറിംഗ് വിംഗ് രൂപീകരിക്കുന്ന കാര്യം പ്രതിപാദിക്കുന്നില്ല എന്നത് വസ്തുതയാണോ?

പൊതുജനങ്ങളിൽനിന്നും ആന്റി പ്രൊഫിറ്റിയറിംഗ് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പരിശോധിക്കുന്നതിനും ജി.എസ്.ടി. നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനും എസ്.ആർ.ഒ. നമ്പർ 581/2017 വിജ്ഞാപനം പ്രകാരം സംസ്ഥാനതല സ്ക്രീനിംഗ് കമ്മിറ്റി സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ കേന്ദ്ര ജി.എസ്.ടി. വകുപ്പിലെയും സംസ്ഥാന ജി.എസ്.ടി. വകുപ്പിലെയും ഉദ്യോഗസ്ഥർ അംഗങ്ങളാണ്. ഇത് വകുപ്പിന്റെ പുനഃസംഘടനയുമായി ബന്ധപ്പെട്ടിട്ടുള്ളതല്ല.

(ഡി) ആന്റി പ്രൊഫിറ്റിയറിംഗ് അതോറിറ്റി സംസ്ഥാനത്ത് കാര്യക്ഷമമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ആന്റി പ്രൊഫിറ്റിയറിംഗുമായി ബന്ധപ്പെട്ട് സംസ്ഥാനതല സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ച പരാതികൾ വ്യക്തമായ തെളിവുകളോടെ കമ്മിറ്റിക്ക് കൈമാറാവുന്നതാണ്. നിലവിൽ കോമ്പറ്റിഷൻ കമ്മീഷൻ ഓഫ് ഇന്ത്യയാണ് ഇതുസംബന്ധിച്ച പരാതികൾ പരിശോധിച്ച് തീരുമാനമെടുക്കേണ്ടത്.

## മോട്ടോർ വാഹന നികുതി

102 (526) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രണ്ടു ലക്ഷം രൂപ വരെയുള്ള മോട്ടോർ സൈക്കിളുകളുടെ ഒറ്റത്തവണ മോട്ടോർ വാഹന നികുതി ഒരു ശതമാനം വർദ്ധിപ്പിച്ച ഇനത്തിൽ ഈ സാമ്പത്തിക വർഷം നാളിതുവരെ എത്ര തുക അധിക വരുമാനമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

രണ്ടു ലക്ഷം രൂപ വരെയുള്ള മോട്ടോർ സൈക്കിളുകളുടെ ഒറ്റത്തവണ നികുതി ഒരു ശതമാനം വർദ്ധിപ്പിച്ച ഇനത്തിൽ ഈ സാമ്പത്തിക വർഷം അതായത് കഴിഞ്ഞ പത്ത് മാസം കൊണ്ട് ഏകദേശം 40 കോടി രൂപ അധിക വരുമാനമായി ലഭിച്ചിട്ടുണ്ട്.

## നികുതി വെട്ടിപ്പ് തടയുന്നതിനുള്ള നടപടികൾ

103 (527) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നികുതി വെട്ടിപ്പ് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?

ജി.എസ്.ടി. വെട്ടിപ്പ് തടയുന്നതിനായി ഇന്റലിജൻസ് വിഭാഗം ഊർജ്ജിതമായ വാഹന പരിശോധന, കട പരിശോധന, ടെസ്റ്റ് പർച്ചേസ്, എ.എൻ.പി.ആർ. ക്യാമറ (ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ ക്യാമറ) സംവിധാനം ഉപയോഗിച്ചുള്ള വാഹന പരിശോധന, രജിസ്ട്രേഷൻ ബാധ്യത ഉള്ളവരെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തുടനീളം ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് സ്ക്വാഡുകളെ വിന്യസിച്ചിട്ടുണ്ട്. അണ്ടർ വാല്യുവേഷൻ കേസുകൾ, ബിൽ തുടങ്ങിയവ ജി.എസ്.ടി. പോർട്ടലിലേയ്ക്ക് അപ്‌ലോഡ് ചെയ്യൽ എന്നിവയ്ക്ക് മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം നടപ്പിലാക്കി.

ഇവ കൂടാതെ വാഹന പരിശോധന ഫാറങ്ങൾ പൂർണ്ണമായും ഓൺലൈനായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജി.എസ്.ടി.-യിൽ വ്യാജ ഇൻപുട്ട് ടാക്സ് മുഖേനയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി സംസ്ഥാന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം സെക്ടർ തിരിച്ചുള്ള പരിശോധനകൾ വഴിയും ഡാറ്റ അനലിറ്റിക്സ് മുഖേന ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചും തട്ടിപ്പുകൾ തടയാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരം നികുതിവെട്ടിപ്പിനെതിരെയുള്ള നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ജി.എസ്.ടി. വകുപ്പ്

ഇൻവെസ്റ്റിഗേഷൻ വിഭാഗം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 5 കോടി രൂപയ്ക്ക് മുകളിൽ ഇൻപുട്ട് ടാക്സ് തട്ടിപ്പ് നടത്തിയ 6 വ്യക്തികളെ സംസ്ഥാന ചരക്കുസേവന നികുതി നിയമപ്രകാരം അറസ്റ്റ് ചെയ്യുകയുണ്ടായി. സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ പുനഃസംഘടനയുടെ ഭാഗമായി ഓഡിറ്റ് വിഭാഗം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. നികുതിദായകർ സമർപ്പിക്കുന്ന റിട്ടേണുകൾ സൂക്ഷ്മ പരിശോധന നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് നികുതി വെട്ടിപ്പ് തടയുന്നതിനുള്ള പദ്ധതികളും ("ലക്കി ബിൽ " സമ്മാന പദ്ധതി, ഇൻഫോർമർ റീവാർഡ് സ്കീം) നടപ്പിലാക്കി വരുന്നുണ്ട്.

**ധനകാര്യ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികൾ**

104 (528) <u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ധനകാര്യ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ധനകാര്യ അച്ചടക്കം പാലിക്കുന്നതിനായി ധനകാര്യ വകുപ്പിൽ നടപ്പാക്കിയിട്ടുള്ള നിയന്ത്രണങ്ങൾ/നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

നിലവിലെ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനവും സാധാരണ ജനജീവിതവും ഉറപ്പ് വരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണച്ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധയിനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ സർക്കാർ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റ് സ്ഥാപനങ്ങൾക്കും ബാധകമായ ടി നിർദ്ദേശങ്ങൾ ധനകാര്യ വകുപ്പിനും ബാധകമാണ്.

(ബി) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ധനകാര്യ വകുപ്പിൽ നടത്തിയ പ്രവർത്തി പഠനം സംബന്ധിച്ച അന്തിമ റിപ്പോർട്ട്

സമർപ്പിച്ചിരുന്നോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ തുടർനടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് നടത്തിയിട്ടുള്ള പ്രവർത്തി പഠനത്തിലെ വിശദാംശങ്ങൾ പരിശോധിച്ച് ആവശ്യമെങ്കിൽ പരിഷ്കരിച്ച കരട് തയ്യാറാക്കുന്നതിനായി വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത സമിതിയുടെ പഠനത്തിലെ വിശദാംശങ്ങളിന്മേൽ ധനകാര്യ വകുപ്പിലെ പ്രതിനിധിയുടെ നിർദ്ദേശങ്ങൾകൂടി പരിഗണിച്ച് പരിഷ്കരിച്ച കരട് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പഠന റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ സാധിക്കുകയുള്ളൂ.

(സി) ധനകാര്യ വകുപ്പിലെ തസ്തികകളുടെ പുനർവിന്യാസം ഉൾപ്പെടെയുള്ള നടപടികൾ ത്വരിതപ്പെടുത്തി സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന് മാതൃകാപരമായ സമീപനം സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പിൽ നടത്തിയിട്ടുള്ള പ്രവർത്തി പഠനത്തിന്റെ അന്തിമ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത പഠന റിപ്പോർട്ടിലെ

ശിപാർശകൾ പരിശോധിച്ച് ആവശ്യമെങ്കിൽ തസ്തികകൾ പുനർവിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ കേന്ദ്ര സഹായം**

105 (529) ശ്രീ. ടി. വി. ഇബ്രാഹിം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ കേന്ദ്ര സഹായം തേടിയിരുന്നോയെന്നും സംസ്ഥാനത്തിന് വായ്പയെടുക്കാനുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോയെന്നും വ്യക്തമാക്കുമോ?

മഹാപ്രളയമടക്കം പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരിയും സൃഷ്ടിച്ച പ്രതിസന്ധികളിൽനിന്നും സംസ്ഥാനം കരകയറി വരുന്നതേയുള്ളൂ. പ്രതിസന്ധിയുടെ കാലഘട്ടത്തിൽ കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ചുനൽകിയിരുന്ന കടമെടുപ്പ് പരിധിയായ 5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടുവരുന്നത് സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. ഇതിനുപുറമേ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ

അവരുടെ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന തെറ്റായ നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കിഫ്ബി, KSSPL മുതലായ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളുടെ കടം സംസ്ഥാന സർക്കാരിന്റെ കടമായി തെറ്റായി കണക്കാക്കി 2021-22 സാമ്പത്തിക വർഷം ഈ സ്ഥാപനങ്ങൾ എടുത്ത തുക നാല് തവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്രസർക്കാർ ഇതിനകംതന്നെ കൈക്കൊണ്ടിട്ടുണ്ട്. ഈ നിലപാടിൽ മാറ്റം വരുത്തണമെന്നും ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ആഗസ്റ്റിന് മുൻപ് നിലനിന്നിരുന്നപോലെ പൊതുകണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽനിന്നും ഒഴിവാക്കണമെന്നും 22-07-2022-ലെ 134/2022/എം.ധന കത്ത് പ്രകാരം സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിയോട് അഭ്യർത്ഥിക്കുകയും ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രി 19-

01-2023-ലെ 133/CM/2023 കത്ത് പ്രകാരം ഒരു നിവേദനവും ബഹു. പ്രധാനമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിലപാടിൽ കേന്ദ്ര സർക്കാർ ഒരു മാറ്റവും വരുത്തിയിട്ടില്ല.

(ബി) കേന്ദ്രസഹായം ലഭിക്കുന്നില്ലെങ്കിൽ സാമ്പത്തിക പ്രതിസന്ധി എപ്രകാരം തരണം ചെയ്യാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും റവന്യൂകമ്മി കുറച്ചുകൊണ്ടുവരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. മുൻവർഷങ്ങളിൽ സമ്പദ്‌വ്യവസ്ഥയ്ക്ക് അകത്തുനിന്നും പുറത്തുനിന്നും ഉണ്ടായ തടസ്സങ്ങളിൽനിന്നും മോചനം നേടി പുനർനിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. നികുതി-നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ

പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്.

ചരക്ക് സേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനവിനുള്ള ഇടപെടലുകൾക്ക് പരിമിതികളും നിയന്ത്രണങ്ങളുമുണ്ടായി.

പെട്രോളിയം ഉത്പന്നങ്ങൾ, മദ്യം തുടങ്ങിയ ചുരുക്കം ഇനങ്ങൾക്ക് മാത്രമാണ് സംസ്ഥാനങ്ങൾക്ക് ഇപ്പോൾ നികുതി ഏർപ്പെടുത്താൻ അധികാരമുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 12.7 ശതമാനം വളർച്ചയാണ് പ്രതീക്ഷിക്കുന്നത്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി സർക്കാർ വിഭാവനം ചെയ്തിട്ടുള്ള നിർദ്ദേശങ്ങളും സ്വീകരിച്ചുവരുന്ന നടപടികളും ചുവടെ ചേർക്കുന്നു.

1. ചരക്കു സേവന നികുതിവകുപ്പിനെ പുനഃസംഘടിപ്പിച്ചുകൊണ്ട് നികുതി ചോർച്ച ഫലപ്രദമായി തടയുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ഇതിനകംതന്നെ ചരക്കു സേവന നികുതി വകുപ്പിന് കീഴിൽത്തന്നെ ടാക്സ് പേയർ സർവ്വീസസ്, ആഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട് .

2. ഭൂരേഖകൾ കൈകാര്യം ചെയ്യുന്നതിലെ കേന്ദ്ര ഘടകമായ അടിസ്ഥാന ഭൂനികുതി പരിഷ്കരിക്കൽ.

3. ഭൂമിയുടെ ന്യായവിലയിലെ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളലും നിലവിലുള്ള ന്യായവിലയിൽ 10% ഒറ്റത്തവണ വർദ്ധനവ് നടപ്പിലാക്കലും.

4. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിക്കൽ.

5. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിനുള്ള ലക്കി ബിൽ പദ്ധതി.

6. സർക്കാർ ഗ്യാരണ്ടി സീലിംഗ് നിയമഭേദഗതി ചെയ്യുന്നതിലൂടെ ഈയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കൽ.

7. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ.

8. 2 ലക്ഷം രൂപ വരെ വിലയുള്ള മോട്ടോർ സൈക്കിളുകളുടെ ഒറ്റത്തവണ മോട്ടോർ വാഹന നികുതി 1% വർദ്ധിപ്പിക്കൽ.

9. മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുകയും വൈദ്യുതി വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഡീസൽ വാഹനങ്ങൾക്ക് ഹരിത നികുതി ഏർപ്പെടുത്തൽ.

10. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്കൂട്ടിണിയും

പരിശോധനകളും ശക്തമാക്കൽ.

11. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.

സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യ മേഖലയുടെ വികസനം ലക്ഷ്യമാക്കി മുൻവർഷത്തെ അപേക്ഷിച്ച് കൂടുതൽ വിഹിതമാണ് നടപ്പുവർഷം മൂലധന ചെലവുകൾക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിനുപുറമേ കിഫ്ബിയുടെ നിക്ഷേപം അടിസ്ഥാന സൗകര്യ മേഖലയെ ചലനാത്മകമാക്കുകയും ചെയ്യും.

## സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് ചെലവ് ചുരുക്കൽ നടപടി

106 (530) ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് ചെലവ് ചുരുക്കൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

നിലവിലെ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനംവാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധയിനം ചെലവുകൾക്ക് നിയന്ത്രണങ്ങളേർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ചെലവ് ചുരുക്കലിനുള്ള മാർഗ്ഗനിർദേശങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും സംവിധാനമുണ്ടോ; സാമ്പത്തിക അച്ചടക്കം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ചെലവ് ചുരുക്കൽ നടപടികൾ ബന്ധപ്പെട്ട വകുപ്പ്/സ്ഥാപന മേധാവികൾ നിരീക്ഷിക്കുകയും പരിശോധിക്കുകയും ചെയ്യുന്നുണ്ട്.

നികുതി പിരിവ് ഊർജ്ജിതമാക്കിയും ധൂർത്തും അനാവശ്യ ചെലവുകളും ഒഴിവാക്കി ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തി ധനദൃഢീകരണം സാധ്യമാക്കുകയെന്നതാണ് സർക്കാർ അനുവർത്തിച്ചുവരുന്ന നയം. ടി ദിശയിലേയ്ക്കുള്ള നടപടികൾ സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കിപ്പോരുന്നുണ്ട്.

(സി) ചെലവ് ചുരുക്കൽ നടപടികൾ പദ്ധതി നടത്തിപ്പിനെ ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയെന്ന നയത്തിന്റെ ഭാഗമായി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വികസന ചെലവുകൾ ഒഴികെ പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് മാത്രമാണ് നിയന്ത്രണങ്ങളേർപ്പെടുത്തിയിട്ടുള്ളത്.

**സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി**

107 (531) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണെന്ന വാർത്തകളുടെ നിജസ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ജനങ്ങളുടെ വാങ്ങൽശേഷി അങ്ങേയറ്റം കുറഞ്ഞതാണ് സാമ്പത്തിക പ്രതിസന്ധിക്ക് കാരണമെന്ന് പറയുന്നത് ശരിയാണോ; എങ്കിൽ വിശദാംശം നൽകാമോ?

(എ & ബി) സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണ് എന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 6,716 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങളെടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന

സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ 24,638.66 കോടി രൂപ കേന്ദ്രസർക്കാർ വെട്ടിച്ചുരുക്കിയിരുന്നു. ഇതോടൊപ്പം, ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോഴുണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിൽ അനുകൂല തീരുമാനം ഉണ്ടാകാത്തതിനാൽ ഈ ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം മാത്രം സംസ്ഥാനത്തിന് ഏതാണ്ട് ഒൻപതിനായിരം കോടി രൂപയുടെ നഷ്ടമാണ് പ്രതീക്ഷിക്കുന്നത്. 2022 ജൂൺ വരെയുള്ള കാലയളവിൽ നിയമപ്രകാരം സർക്കാരിന് ലഭിക്കേണ്ട ചരക്ക് സേവന നികുതി നഷ്ടപരിഹാരത്തിലെ കുടിശ്ശിക മാത്രം വകുപ്പുതല കണക്കുകൾ പ്രകാരം 750 കോടി രൂപയ്ക്ക് മുകളിൽ വരും. അതേസമയം, ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ടി കാരണങ്ങളാണ് പ്രധാനമായും പൊടുന്നനെ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളത്. സാധാരണജനങ്ങളുടെ വാങ്ങൽശേഷി വർദ്ധിപ്പിക്കുന്നത് ലാക്കാക്കി ജനങ്ങളുടെ കൈകളിൽ പണം എത്തിക്കുന്നതിന് ഉതകുന്ന വലിയൊരു വിഭാഗം ജനസമൂഹത്തെ cover ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ അടക്കമുള്ള Direct Beneficiary Transfer സ്കീമുകൾ നടപ്പിലാക്കിവരുന്നുണ്ട്.

(സി) കഴിഞ്ഞ പേ റിവിഷനിൽ ശമ്പളവും പെൻഷനും എത്ര ശതമാനമാണ് വർദ്ധിപ്പിച്ചതെന്ന് വ്യക്തമാക്കാമോ; ഇതുമൂലമുണ്ടായ ബാധ്യത എന്താണെന്നും ഈ ബാധ്യതയാണ് വൻസാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് സർക്കാരിനെ എത്തിച്ചതെന്ന ആക്ഷേപം ശരിയാണോയെന്നും വ്യക്തമാക്കാമോ?

01-07-2019-ൽ നിലവിൽ ജീവനക്കാർക്ക് അർഹതയുണ്ടായിരുന്ന 28% ക്ഷാമബത്തയോടൊപ്പം 10% ഫിറ്റ്മെന്റുകൂടി ചേർത്താണ് ശമ്പളം പരിഷ്കരിച്ചത്. പതിനൊന്നാം ശമ്പള കമ്മീഷൻ റിപ്പോർട്ടിലെ ഭാഗം I-ൽ ഖണ്ഡിക 12.11 പ്രകാരം ശമ്പള, പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായി ആകെ 4,810.29 കോടി രൂപയുടെ അധിക സാമ്പത്തിക ബാധ്യതയാണ് പ്രതിവർഷം വരുന്നതായി കണക്കാക്കിയിട്ടുള്ളത്. ശമ്പള-പെൻഷൻ പരിഷ്കരണമാണ് സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് എത്തിച്ചതെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല.

(ഡി) ശമ്പള പെൻഷൻ പരിഷ്കരണം ഓരോ അഞ്ച് വർഷം കഴിയുമ്പോൾ എന്നത് മാറ്റി പത്ത് വർഷമാകുമ്പോൾ മതിയെന്ന മുൻശമ്പള കമ്മീഷനുകളുടെ ശിപാർശ അംഗീകരിക്കാതെ ശമ്പള പെൻഷൻ

പരിഷ്കരണം നടത്താനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ?

സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അഞ്ചു വർഷ തത്വം പാലിച്ചുകൊണ്ട് 01-07-2019-ൽ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കിയത്.

**സംസ്ഥാനത്തിന്റെ പൊതുകടം**

108 (532) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതുകടം നിലവിൽ എത്രയാണെന്ന് വ്യക്തമാക്കുമോ; ഇത് വാർഷിക ആഭ്യന്തര ഉൽപ്പാദനത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം ഡിസംബർ 31 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 2,29,052.83 കോടി രൂപയാണ്. ഇതിൽ സംസ്ഥാനം തിരിച്ചടയ്ക്കേണ്ടതില്ലാത്ത വായ്പയായി കേന്ദ്രസർക്കാരിൽനിന്ന് 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ലഭ്യമായ ജി.എസ്.ടി. നഷ്ടപരിഹാരത്തുക ഉൾപ്പെടുന്നില്ല. സംസ്ഥാന സാമ്പത്തിക സ്ഥിതി

വിവരക്കണക്ക് ലഭ്യമാക്കിയ 2022-23-ലെ പുതുക്കിയ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനമായി കണക്കാക്കിയിരുന്ന 10,17,872.58 കോടി രൂപയുടെ 22.5 ശതമാനമാണ് സംസ്ഥാനത്തിന്റെ പൊതുകടം.

(ബി) 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ ആകെ വരവിന്റെ എത്ര ശതമാനം പലിശ ഇനത്തിലുള്ള തിരിച്ചടവിനായി ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരവിന്റെ (1,16,640.24 കോടി രൂപ) 19.98 ശതമാനം പലിശ ഇനത്തിലുള്ള (23,302.82 കോടി രൂപ) തിരിച്ചടവിനായി ചെലവഴിച്ചിട്ടുണ്ട്.

(സി) 2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ ആകെ വരവിന്റെ എത്ര ശതമാനം പലിശ ഇനത്തിലുള്ള തിരിച്ചടവിനായി മാറ്റിവച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരവിന്റെ (38,010.36 കോടി

രൂപ) 16.56 ശതമാനം പലിശയിനത്തിലുള്ള (6,293.60 കോടി രൂപ) തിരിച്ചടവിനായി ചെലവഴിച്ചിട്ടുണ്ട്.

**സംസ്ഥാനത്തിന്റെ പൊതുകടം**

109 (533) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതുകടം അപകടാവസ്ഥയിലാണെന്ന റിസർവ് ബാങ്കിന്റെ പഠന റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പുറത്തിറക്കിയ ‘ സ്റ്റേറ്റ് ഫിനാൻസസ്: എ സ്റ്റഡി ഓഫ് ബഡ്ജറ്റ്സ് 2022-23’ എന്ന പഠനത്തിൽ സംസ്ഥാനത്തിന്റെ കടം ചരിത്രത്തിലെ ഏറ്റവും അപകടകരമായ അവസ്ഥയിലാണെന്ന് പരാമർശിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത രേഖയിൽ കടത്തെക്കുറിച്ച് പരാമർശിക്കുന്ന ഭാഗം അനുബന്ധമായി ചേർക്കുന്നു+.

ധനകാര്യ കമ്മീഷൻ നിശ്ചയിച്ച് നൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ടാണ് സംസ്ഥാനം കടമെടുക്കുന്നത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും വികസനോന്മുഖ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തനങ്ങൾക്കാണ് ഉപയോഗിക്കുന്നത്. സംസ്ഥാനം അഭിമുഖീകരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ 2019-20 സാമ്പത്തിക വർഷത്തിൽ 3 ശതമാനം വായ്പാ പരിധിക്ക് പുറമേ 1,471 കോടി രൂപയുടെ അധിക വായ്പയും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനം എന്ന വായ്പാപരിധിക്ക് പുറമേ യഥാക്രമം 2-ഉം 1.5-ഉം ശതമാനം അധിക വായ്പാ പരിധിയും സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ ആകെ കടത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ധനസ്ഥിതി ശരിയായ ധനദൃഢീകരണ പാതയിൽ കൊണ്ടുവരുന്നതിനുവേണ്ടി പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള ധനസൂചകങ്ങളിൽ/ലക്ഷ്യങ്ങളിൽ ഊന്നിയാണ് പ്രതിസന്ധികൾക്കിടയിലും സംസ്ഥാനം അതിന്റെ സാമ്പത്തിക ചുമതലകൾ നിർവഹിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി 2003-ലെ ധനസംബന്ധമായ ഉത്തരവാദിത്ത നിയമം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനം ശരിയായ ധനദൃഢീകരണ പാതയിലേയ്ക്ക് നീങ്ങുന്നതോടെ പ്രസ്തുത കടം കുറച്ചുകൊണ്ടുവരുവാൻ കഴിയും.

(ബി) നിലവിലെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ പൊതുകടം മൊത്തം ആഭ്യന്തര ഉദ്പാദനത്തിന്റെ എത്ര ശതമാനമാണെന്ന് അറിയിക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം ഡിസംബർ 31 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 2,29,052.83 കോടി രൂപയാണ്. ഇതിൽ സംസ്ഥാനം തിരിച്ചടയ്ക്കേണ്ടതില്ലാത്ത വായ്പയായി കേന്ദ്ര സർക്കാരിൽ നിന്ന് 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ലഭ്യമായ ജി.എസ്.ടി. നഷ്ടപരിഹാരത്തുക ഉൾപ്പെടുന്നില്ല. സംസ്ഥാന സാമ്പത്തിക സ്ഥിതി വിവരക്കണക്ക് ലഭ്യമാക്കിയ 2022-23-ലെ പുതുക്കിയ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനമായി കണക്കാക്കിയിരുന്ന 10,17,872.58 കോടി രൂപയുടെ 22.5 ശതമാനമാണ് സംസ്ഥാനത്തിന്റെ പൊതുകടം.

(സി) പൊതുകടം ഉയരാൻ ഇടയാക്കിയ, കോവിഡും പ്രളയവും ഒഴികെയുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പുറത്തിറക്കിയ ‘ സ്റ്റേറ്റ് ഫിനാൻസസ്: എ സ്റ്റഡി ഓഫ് ബഡ്ജറ്റ്സ് 2022-23’ എന്ന പഠനത്തിൽ

സംസ്ഥാനത്തിന്റെ കടം ചരിത്രത്തിലെ ഏറ്റവും അപകടകരമായ അവസ്ഥയിലാണെന്ന് പരാമർശിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത രേഖയിൽ കടത്തെക്കുറിച്ച് പരാമർശിക്കുന്ന ഭാഗം അനുബന്ധമായി ചേർക്കുന്നു+.

ധനകാര്യ കമ്മീഷൻ നിശ്ചയിച്ച് നൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ടാണ് സംസ്ഥാനം കടമെടുക്കുന്നത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും വികസനോന്മുഖ പ്രവർത്തനങ്ങൾക്കാണ് ഉപയോഗിക്കുന്നത്. സംസ്ഥാനം അഭിമുഖീകരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ 2019-20 സാമ്പത്തിക വർഷത്തിൽ 3 ശതമാനം വായ്പാപരിധിക്ക് പുറമേ 1,471 കോടി രൂപയുടെ അധിക വായ്പയും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനം എന്ന വായ്പാപരിധിക്ക് പുറമേ യഥാക്രമം 2-ഉം 1.5-ഉം ശതമാനം അധിക വായ്പാ പരിധിയും സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ ആകെ കടത്തിലും വർധനവുണ്ടായിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ധനസ്ഥിതി ശരിയായ ധനദൃഢീകരണ പാതയിൽ കൊണ്ടുവരുന്നതിനുവേണ്ടി പതിനഞ്ചാം ധനകാര്യ കമ്മീഷൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിഷ്കർഷിച്ചിട്ടുള്ള ധനസൂചകങ്ങളിൽ/ലക്ഷ്യങ്ങളിൽ ഊന്നിയാണ് പ്രതിസന്ധികൾക്കിടയിലും സംസ്ഥാനം അതിന്റെ സാമ്പത്തിക ചുമതലകൾ നിർവഹിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി 2003-ലെ ധനസംബന്ധമായ ഉത്തരവാദിത്ത നിയമം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനം ശരിയായ ധനദൃഢീകരണ പാതയിലേക്ക് നീങ്ങുന്നതോടെ പ്രസ്തുത കടം കുറച്ചുകൊണ്ടു വരുവാൻ കഴിയും.

(ഡി) സംസ്ഥാനത്തിന്റെ സാമ്പത്തിക നിജസ്ഥിതി സംബന്ധിച്ച് ധവള പത്രം പുറപ്പെടുവിക്കുമോ എന്നറിയിക്കാമോ; വിശദമാക്കാമോ?

കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ടെങ്കിലും സംസ്ഥാനം സ്വീകരിച്ചിട്ടുള്ള വിവേകപൂർണ്ണമായ ധന നയത്തിന്റെ ഭാഗമായി അടിസ്ഥാന വികസന മേഖലകളുടെ പ്രവർത്തനത്തിന് കാര്യമായ ഭംഗം വന്നിട്ടില്ല. സംസ്ഥാനത്തിന്റെതന്നെ തനതു വരുമാന സ്രോതസ്സുകളിലൂടെ കൂടുതൽ വിഭവ സമാഹരണം നടത്തിക്കൊണ്ട് പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാനാണ് സർക്കാർ ശ്രമിക്കുന്നത്. ഈ സാഹചര്യത്തിൽ ധവള പത്രത്തിന്റെ ആവശ്യകത ഉദിക്കുന്നില്ല.

**സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി**

110 (534) <u>ശ്രീ. എ. പി. അനിൽ കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം അതിഗുരുതരമായ സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്നുവെന്നത് വസ്തുതയാണോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ?

സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണ് എന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 6,716 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ 24,638.66 കോടി രൂപ കേന്ദ്രസർക്കാർ വെട്ടിച്ചുരുക്കിയിരുന്നു. ഇതോടൊപ്പം, ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോഴുണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള

നഷ്ടപരിഹാരം തുടരുന്ന കാര്യത്തിൽ അനുകൂല തീരുമാനം ഉണ്ടാകാത്തതിനാൽ ഈ ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം മാത്രം സംസ്ഥാനത്തിന് ഏതാണ്ട് ഒൻപതിനായിരം കോടി രൂപയുടെ നഷ്ടമാണ് പ്രതീക്ഷിക്കുന്നത്. 2022 ജൂൺ വരെയുള്ള കാലയളവിൽ നിയമപ്രകാരം സർക്കാരിന് ലഭിക്കേണ്ട ചരക്ക് സേവന നികുതി നഷ്ടപരിഹാരത്തിലെ കുടിശ്ശിക മാത്രം വകുപ്പുതല കണക്കുകൾ പ്രകാരം 750 കോടിക്ക് മുകളിൽ വരും. അതേസമയം, ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ടി കാരണങ്ങളാണ് പ്രധാനമായും പൊടുന്നനെ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളത്.

(ബി) സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇനി എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ?

സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യ വികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത്

നടപ്പിലാക്കി വരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലിഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധയിനം ചെലവുകൾക്ക് നിയന്ത്രണങ്ങളേർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സംസ്ഥാനം 2016 മുതൽ ഇതുവരെ എത്ര രൂപയാണ് വായ്പയായി എടുത്തിട്ടുള്ളതെന്നും പ്രസ്തുത വായ്പയിൽ എത്ര രൂപ തിരിച്ചടച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

2016-2017 സാമ്പത്തിക വർഷം മുതൽ 2021-22 വരെ പൊതുകടം ഇനത്തിൽ 2,68,107 കോടി രൂപ (ചരക്ക് സേവന നികുതി നഷ്ടപരിഹാരത്തിന് പകരമുള്ള വായ്പ കിഴിച്ച്) സമാഹരിക്കുകയും അതേ കാലയളവിൽ 1,57,863 കോടി രൂപ മുതലിനത്തിൽ തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പുതിയ വായ്പകൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

കേന്ദ്ര ധനകാര്യ കമ്മീഷനുകളുടെ ശിപാർശയുടെ വെളിച്ചത്തിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകുന്ന പരിധിക്കുള്ളിൽ നിന്ന് മാത്രമേ സർക്കാരിന് കടമെടുക്കാൻ സാധിക്കുകയുള്ളൂ.

**ചെലവ് ചുരുക്കൽ മാതൃക**

111 (535) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകളിൽ ഭരണ ചെലവ് വർദ്ധിച്ചുവരുന്നതുമൂലം തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകുവാൻ സാധിക്കാത്ത സാഹചര്യവും സാമ്പത്തിക പ്രതിസന്ധിയും പരിഗണിച്ച്, ക്ഷേമനിധി ബോർഡുകളിൽ ഉന്നത ധനകാര്യ വകുപ്പുദ്യോഗസ്ഥരെ അന്യത്രസേവനത്തിൽ നിയോഗിക്കുന്നതിന് പകരം മുഴുവൻ ക്ഷേമനിധി ബോർഡുകളുടെയും ധനകാര്യ നിയന്ത്രണത്തിന്റെ ചുമതല ധനകാര്യവകുപ്പിലെ ഒരു വിഭാഗത്തിൽ നിക്ഷിപ്തമാക്കി ചെലവ് ചുരുക്കുന്ന മാതൃകാപരമായ സമീപനം സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

ക്ഷേമനിധി ബോർഡുകളിൽ അംഗമായവർക്ക് വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നത്. ഓരോ ബോർഡും അവരുടെ ആക്റ്റിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് പ്രവർത്തിക്കുന്നത്. കൃത്യമായി അംശദായമൊടുക്കുന്ന തൊഴിലാളികൾക്ക് ആനുകൂല്യം ഉറപ്പാക്കുക എന്നതാണ് ക്ഷേമനിധി ബോർഡുകളുടെ ഏറ്റവും പ്രധാന കടമ. ഇതിനായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ബോർഡിനും സർക്കാരിനുമിടയിൽ ഒരു കണ്ണിയായി പ്രവർത്തിക്കുന്നത് ധനകാര്യ വകുപ്പിൽനിന്നും വിവിധ ക്ഷേമനിധി ബോർഡുകളിലേയ്ക്ക് അന്യത്ര സേവനത്തിൽ പോകുന്ന ഉദ്യോഗസ്ഥരാണ്. കരാർ ജീവനക്കാരും ദിവസവേതനക്കാരും സേവനമനുഷ്ഠിക്കുന്ന ക്ഷേമനിധി ബോർഡുകളിൽ വളരെ സുതാര്യമായ ധനകാര്യ മാനേജ്മെന്റ് ഉറപ്പാക്കുന്നതിന് ഈ ഉദ്യോഗസ്ഥരുടെ സേവനങ്ങൾ ആവശ്യമുണ്ട്.

ധനവകുപ്പിൽ ക്ഷേമനിധി ബോർഡുകളുടെ ധനപരമായ നയം രൂപീകരിക്കുന്നതിനും വിവിധ വിഷയങ്ങളിൽ ബോർഡുകൾക്ക് ഉപദേശം നൽകുന്നതിനുമായി സെല്ലുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. നിലവിൽ ഫിനാൻസ് ഓഫീസർമാരാണ് ഓരോ ബോർഡിന്റെയും സാമ്പത്തിക

കാര്യങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള യഥാർത്ഥ ചുമതലകൾ കൈകാര്യം ചെയ്യുന്നത്. ധനപരമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സർക്കാരിൽ നിന്നും ഫണ്ട്/ഗ്രാന്റ് എന്നിവ സമയബന്ധിതമായി ലഭ്യമാക്കി ബോർഡുകളുടെ പ്രവർത്തനം തടസങ്ങളില്ലാതെ നടപ്പാക്കുന്നതിനും അതുവഴി അത്തരം വിഷയങ്ങളിൽ വേഗത്തിൽ തീരുമാനമെടുക്കുന്നതിനും ബോർഡുകളിൽ ധനകാര്യ വകുപ്പുദ്യോഗസ്ഥരെ അന്യത്ര സേവനത്തിൽ നിയോഗിക്കുന്നത് വളരെ അത്യാവശ്യമാണ്.

ഇതിനുപകരമായി ക്ഷേമനിധി ബോർഡുകളുടെ നിയന്ത്രണത്തിന്റെ ചുമതല ധനകാര്യ വകുപ്പിലെ ഒരു സെക്ഷനിൽ മാത്രം നിക്ഷിപ്തമാക്കുന്നത് പ്രായോഗികമല്ല. വിവിധ ക്ഷേമനിധി ബോർഡുകളുടെ നിയന്ത്രണം ധനകാര്യ വകുപ്പിലെ ഒരു സെക്ഷനിൽ മാത്രം നിക്ഷിപ്തമാക്കുന്നതിലൂടെ ബോർഡിന്റെ സാമ്പത്തിക കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിൽ അനാവശ്യ കാലവിളംബത്തിന് ഇടയാക്കുകയും ഫയലുകൾ നേരിട്ട് ധനകാര്യ വകുപ്പിൽ എത്തുന്നതുവഴി ധനകാര്യ വകുപ്പിലെ ജോലി ഭാരം അധികരിക്കപ്പെടുകയും ചെയ്യും. ആയതിനാൽ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിലേയ്ക്കായി ബോർഡുകളുടെ ഇന്നത്തെ രൂപത്തിലുള്ള ക്രമം തുടരുന്നതാണ് അഭികാമ്യം.

## സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി

112 (536) <u>ശ്രീ. അനൂപ് ജേക്കബ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയങ്ങളും സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പ്രവർത്തനങ്ങളും രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണ് എന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 6,716 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങളെടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ 24,638.66 കോടി രൂപ കേന്ദ്രസർക്കാർ വെട്ടിച്ചുരുക്കിയിരുന്നു. ഇതോടൊപ്പം, ചരക്ക് സേവന

നികുതി നടപ്പിലാക്കിയപ്പോഴുണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിൽ അനുകൂല തീരുമാനമുണ്ടാകാത്തതിനാൽ ഈയിനത്തിൽ നടപ്പ് സാമ്പത്തിക വർഷം മാത്രം സംസ്ഥാനത്തിന് ഏതാണ്ട് ഒൻപതിനായിരം കോടി രൂപയുടെ നഷ്ടമാണ് പ്രതീക്ഷിക്കുന്നത്. 2022 ജൂൺ വരെയുള്ള കാലയളവിൽ നിയമപ്രകാരം സർക്കാരിന് ലഭിക്കേണ്ട ചരക്ക് സേവന നികുതി നഷ്ടപരിഹാരത്തിലെ കുടിശ്ശിക മാത്രം വകുപ്പുതല കണക്കുകൾ പ്രകാരം 750 കോടി രൂപയ്ക്ക് മുകളിൽ വരും. അതേസമയം, ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ടി കാരണങ്ങളാണ് പ്രധാനമായും പൊടുന്നനെ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളത്.

(ബി) സർക്കാരിന്റെ അധിക ചെലവും നികുതി പിരിവിലെ പിടിപ്പുകേടുമാണ് സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുവാൻ കാരണം എന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) നിലവിലെ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നറിയിക്കാമോ;

(ബി&സി) സംസ്ഥാനത്തിന്റെ തനത് നികുതി, നികുതിയേതര വരുമാനത്തിൽ മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2021-22-ൽ യഥാക്രമം 22%, 43% വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. അതേസമയം വരവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ചുപോരുന്നുണ്ട്. ഇതിന് പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യ വികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങളേർപ്പെടുത്തിയിട്ടുള്ളത്. നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലിഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള

വിവിധയിനം ചെലവുകൾക്ക് നിയന്ത്രണങ്ങളേർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) റവന്യൂ റിക്കവറി നടപടികൾ പ്രകാരം 2021-22 സാമ്പത്തിക വർഷം അധിക വരുമാനം നേടാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

അധിക വരുമാനം കണ്ടെത്തുന്നത് ലക്ഷ്യമാക്കി സർക്കാർ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടില്ല.

കടബാധ്യത

113 (537) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ബാധിക്കുന്ന കടബാധ്യതകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ നാളിതുവരെയുള്ള പൊതുകടം, മൊത്തം കടം എന്നിവ എത്രയാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം ഡിസംബർ 31 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ കടബാധ്യത 3,54,546.48 കോടി രൂപയാണ്. ഇതിൽ

സംസ്ഥാനത്തിന്റെ പൊതുകടമായ 2,29,052.83 കോടി രൂപയും ഉൾപ്പെടുന്നു. ഇതിൽ സംസ്ഥാനം തിരിച്ചടയ്ക്കേണ്ടതില്ലാത്ത വായ്പയായി കേന്ദ്രസർക്കാരിൽ നിന്ന് 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ലഭ്യമായ ജി.എസ്.ടി. നഷ്ടപരിഹാരത്തുക ഉൾപ്പെടുന്നില്ല. പൊതുവിപണിയിൽ നിന്നുള്ള കടമെടുപ്പ്, LIC, GIC, നബാർഡ്, ദേശിയ ലഘു സമ്പാദ്യ പദ്ധതിയിലേയ്ക്കുള്ള പ്രത്യേക സെക്യൂരിറ്റികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള വായ്പകൾ മുതലായവ ഉൾപ്പെടുന്ന സംസ്ഥാന സർക്കാരിന്റെ ആഭ്യന്തരകടവും കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും (വിദേശ സഹായ വായ്പകൾ ഉൾപ്പെടെ) മുൻകൂറുകളും അടങ്ങുന്നതാണ് സംസ്ഥാനത്തിന്റെ പൊതുകടം. ഈ പൊതുകടത്തോടൊപ്പം പൊതു കണക്കിനത്തിലെ ലഘു സമ്പാദ്യങ്ങൾ, പ്രൊവിഡന്റ് ഫണ്ടുകൾ മുതലായവയിൽ നിന്നെടുക്കുന്ന വായ്പകൾകൂടി ചേരുന്നതാണ് സംസ്ഥാനത്തിന്റെ കടബാധ്യത.

(സി) ഫിനാൻഷ്യൽ റെസ്പോൺസിബിലിറ്റി & ബഡ്ജറ്റ് മാനേജ്മെന്റ് ആക്ടിന്റെ പരിധിയിൽ കവിഞ്ഞ കടബാധ്യത സംസ്ഥാനത്തിനുണ്ടായിട്ടുണ്ടോ; എങ്കിൽ പരിധി പാലിക്കാനെടുത്തിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ചു നൽകുന്ന സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനം അടിസ്ഥാനമാക്കിയുള്ള കടമെടുപ്പ് പരിധിയ്ക്കുള്ളിൽ നിന്നുകൊണ്ടുമാത്രമേ സംസ്ഥാന സർക്കാരിന് വായ്പയെടുക്കാൻ കഴിയുകയുള്ളൂ. സംസ്ഥാനം അഭിമുഖീകരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ 2019-20 സാമ്പത്തിക വർഷത്തിൽ 3 ശതമാനം വായ്പാപരിധിക്ക് പുറമെ 1,471 കോടി രൂപയുടെ അധിക വായ്പയും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനം വായ്പാപരിധിയ്ക്ക് പുറമേ യഥാക്രമം 2 ശതമാനം, 1.5 ശതമാനം അധിക വായ്പാ പരിധിയും സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനവും കടബാദ്ധ്യതയും തമ്മിലുള്ള അനുപാതത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

സമ്പദ്‌വ്യവസ്ഥ കടുത്ത സാമ്പത്തിക മാന്ദ്യത്തിലായിരിക്കുമ്പോൾ ഉയർന്ന കമ്മി അനിവാര്യമാണ്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു മാറ്റവും

വരുത്തുന്നില്ല. മുൻവർഷങ്ങളിൽ സമ്പദ്വ്യവസ്ഥക്ക് അകത്തുനിന്നും പുറത്തുനിന്നുമുണ്ടായ തടസ്സങ്ങളിൽനിന്നും മോചനം നേടി പുനർനിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം. ആക്ട് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽത്തന്നെ അത് സാദ്ധ്യമാക്കുക എന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

**സെക്രട്ടേറിയറ്റ് ധനകാര്യ വകുപ്പിലെ അന്യത്ര സേവനം**

114 (538) <u>ശ്രീ. ടി. സിദ്ദിഖ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പിൽ സെക്ഷൻ ഓഫീസർ മുതൽ സ്പെഷ്യൽ സെക്രട്ടറി വരെ അനുവദനീയമായ ഉദ്യോഗസ്ഥരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ?

സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പിൽ സെക്ഷൻ ഓഫീസർ മുതൽ സ്പെഷ്യൽ സെക്രട്ടറി വരെ നിലവിലുള്ള തസ്തികകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| സ്പെഷ്യൽ സെക്രട്ടറി | 1 |
| അഡീഷണൽ സെക്രട്ടറി | 19 |
| ജോയിന്റ് സെക്രട്ടറി | 22 |
| ഡെപ്യൂട്ടി സെക്രട്ടറി | 17 |
| അണ്ടർ സെക്രട്ടറി | 38 |
| അക്കൗണ്ട്സ് ഓഫീസർ | 21 |
| സെക്ഷൻ ഓഫീസർ | 95 |

(ബി) മേൽപ്പറഞ്ഞ അനുവദനീയമായ തസ്തികകൾക്ക് പുറമെ ഓരോ തസ്തികയിലും സെക്രട്ടേറിയറ്റിന് പുറത്തുള്ള സ്ഥാപനങ്ങളിലും വകുപ്പുകളിലും ക്ഷേമനിധി ബോർഡുകൾ ഉൾപ്പെടെയുള്ള മറ്റ് സ്ഥാപനങ്ങളിലും ജോലിചെയ്യുന്ന ഉദ്യോഗസ്ഥരുടെ എണ്ണം ഇനം തിരിച്ച് വ്യക്തമാക്കുമോ?

മേൽപ്പറഞ്ഞ തസ്തികകൾക്ക് പുറമേ സെക്രട്ടേറിയറ്റിനുപുറത്ത് വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലും ക്ഷേമനിധി ബോർഡുകളിലും

നിലവിലുള്ളതും ധനകാര്യ വകുപ്പിൽനിന്ന് നിയമനം നടത്തേണ്ടതുമായ തസ്തികകളിലും മറ്റ് അന്യത്ര സേവന തസ്തികകളിലും ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ എണ്ണം ഇനം തിരിച്ച് നല്കിയിരിക്കുന്നത് അനുബന്ധമായി ചേർക്കുന്നു+.

(സി) അനുവദനീയമായ തസ്തികകൾക്ക് പുറമെ മേൽപ്പറഞ്ഞ പ്രകാരം അന്യത്ര സേവനത്തിലും അല്ലാതെയും വകുപ്പിന് പുറത്ത് ജോലി ചെയ്യുന്നവരുടെ തസ്തികകളുടെ എണ്ണം നിജപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ധനകാര്യ വകുപ്പിന് പുറത്ത് അന്യത്ര സേവനത്തിലും അല്ലാതെയും വകുപ്പിലെ ഉദ്യോഗസ്ഥർ ജോലി ചെയ്യുന്ന തസ്തികകളുടെ എണ്ണം നിജപ്പെടുത്തിക്കൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല.

## കുറ്റ്യാടി ബൈപ്പാസ് പ്രവൃത്തി

115 (540) ശ്രീ. കെ. പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ബൈപ്പാസ് നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബി മുഖേന നടപ്പിലാക്കുന്ന കുറ്റ്യാടി ബൈപ്പാസ് പ്രവൃത്തിയുടെ സാമൂഹ്യാഘാത പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. സ്ഥമേറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് 11(1)നോട്ടിഫിക്കേഷൻ 12-01-2023-ന് പുറപ്പെടുവിച്ചിട്ടുണ്ട്. സർവ്വേ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ലാൻഡ് അക്വിസിഷൻ എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഏകദേശം ഒരു വർഷത്തിനകം സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തികരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രവൃത്തിയുടെ ഭേദഗതി ചെയ്ത എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; പ്രവൃത്തി എന്ന് ടെൻഡർ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

കുറ്റ്യാടി ബൈപ്പാസ് പ്രവൃത്തിയുടെ ഭേദഗതി ചെയ്ത എസ്റ്റിമേറ്റ് കിഫ്ബിയിൽ പരിശോധിക്കുകയും ആയത് പരിഷ്കരിച്ച് സമർപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് പദ്ധതി നിർവ്വഹണ ഏജൻസിക്ക് തിരികെ നൽകുകയും ചെയ്തിട്ടുണ്ട്.

ടി പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തികരിക്കുകയും ചെയ്യുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണ ഏജൻസിക്ക് ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാവുന്നതാണ്.

**കരാറുകാരുടെ ലൈസൻസ് പുതുക്കൽ**

116 (541) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കരാറുകാരുടെ സംഘടനകളുമായി മന്ത്രിതലത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കരാറുകാരുടെ ലൈസൻസ് പുതുക്കൽ 5 വർഷത്തിലൊരിക്കലേയ്ക്ക് മാറ്റുന്നതുസംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രിയുടെ പരിഗണനയ്ക്ക് പൊതുമരാമത്ത് വകുപ്പ് അയച്ച ഇ-6862913 നമ്പർ പെറ്റീഷനിൽ ധനകാര്യ വകുപ്പ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് ധനകാര്യ വകുപ്പിൽ ഫയൽ നിലനിൽക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ ഫയൽ നമ്പരും, ഇ-ഫയൽ നമ്പരും ലഭ്യമാക്കാമോ; ഈ പ്രശ്നം പരിഹരിക്കുന്നതിന് ധനകാര്യ വകുപ്പ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

(എ&ബി) സർക്കാർ കരാറുകാരുടെ ലൈസൻസ് പുതുക്കൽ സംബന്ധിച്ച വിഷയം E-2301185 ഫയലിൽ ധനവകുപ്പിൽ പരിശോധിക്കുകയും കോൺട്രാക്ടർ ലൈസൻസിന്റെ സാധുത 5 വർഷമായി വർദ്ധിപ്പിക്കുന്നതിനും ലൈസൻസ് ഫീ നിലവിലെ നിരക്കിന്റെ മൂന്നിരട്ടിയായി വർദ്ധിപ്പിക്കുന്നതിനും സെക്യൂരിറ്റി ഡെപ്പോസിറ്റ് നിലവിലെ നിരക്കിന്റെ മൂന്നിരട്ടിയായി വർദ്ധിപ്പിക്കുന്നതിനും അനുമതി നൽകിക്കൊണ്ടുള്ള ബഹു. ധനമന്ത്രിയുടെ ഉത്തരവോടെ ഭരണവകുപ്പ് ഫയൽ മടക്കി നൽകിയിട്ടുണ്ട്.

## ധനകാര്യ വകുപ്പിൽ നടത്തിയിട്ടുള്ള പ്രവർത്തി പഠന റിപ്പോർട്ട്

117 (542) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ധനകാര്യ വകുപ്പിൽ നടത്തിയിട്ടുള്ള പ്രവർത്തി പഠനത്തിന്റെ റിപ്പോർട്ട് ലഭ്യമാക്കാമോ;

(ബി) ധനകാര്യ അച്ചടക്കം ഉറപ്പാക്കുന്നതിലേയ്ക്കായി പ്രസ്തുത പഠന റിപ്പോർട്ട് പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടില്ലായെങ്കിൽ ഇതുമായി ബന്ധപ്പെട്ട പഠനസംഘങ്ങൾ തയ്യാറാക്കിയിട്ടുള്ള വിശദാംശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പഠനസംഘങ്ങൾ തയ്യാറാക്കിയിട്ടുള്ള വിശദാംശങ്ങളിന്മേലുള്ള സമിതിയുടെ പരിഗണന പൂർത്തീകരിച്ച് പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള സമയബന്ധിത നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ-ഡി) ധനകാര്യ വകുപ്പിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയിട്ടുള്ള പ്രവർത്തി പഠനത്തിലെ വിശദാംശങ്ങൾ പരിശോധിച്ച് ആവശ്യമെങ്കിൽ പരിഷ്കരിച്ച കരട് തയ്യാറാക്കുന്നതിനായി വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത സമിതി, പഠനത്തിലെ വിശദാംശങ്ങളിന്മേൽ ധനകാര്യ വകുപ്പിലെ പ്രതിനിധിയുടെ നിർദ്ദേശങ്ങൾകൂടി പരിഗണിച്ച്, പരിഷ്കരിച്ച കരട് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പഠന റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ സാധിക്കുകയുള്ളൂ.

**കെ-റെയിലിനായി ചെലവാക്കിയ തുക**

118 (543) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-റെയിൽ പദ്ധതിയുടെ ആരംഭഘട്ടം മുതൽ നാളിതുവരെ സർക്കാർ ഖജനാവിൽനിന്നും ചെലവാക്കുന്നതിന് അനുമതി നൽകിയിട്ടുള്ള ആകെ തുക എത്രയാണെന്നും ഏതൊക്കെ വകുപ്പുകൾക്ക് ഏതൊക്കെ ഇനങ്ങളിലായാണ് തുക നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുകയിൽ ഓരോ വകുപ്പും നാളിതുവരെ ചെലവാക്കിയിട്ടുള്ള തുകയും വകുപ്പുകളുടെ കൈവശം ബാക്കിയായുള്ള തുകയും എത്ര വീതമാണെന്ന് അറിയിക്കുമോ?

(എ&ബി) ഇന്ത്യൻ റെയിൽവേയും കേരള സർക്കാരും ഒപ്പുവച്ച് കെ.ആർ.ഡി.സി.എൽ.-ന്റെ സംയുക്ത സംരംഭ കരാർ പ്രകാരമുള്ള ഓഹരി തുകയിൽനിന്നുമാണ് സിൽവർലൈൻ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി തുക കണ്ടെത്തിയിട്ടുള്ളത്. സിൽവർ ലൈൻ പദ്ധതിയുടെ ഭൂമിയേറ്റെടുക്കൽ പ്രവർത്തനങ്ങൾക്കായി മാത്രമാണ് സർക്കാർ ഖജനാവിൽനിന്നും 20 കോടി 50 ലക്ഷം രൂപ കെ.ആർ.ഡി.സി.എൽ.-ന് ലഭിച്ചിട്ടുള്ളത്. ടി തുകയിൽ ഭൂമിയേറ്റെടുക്കൽ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ചിരുന്ന 11 എൽ.എ. ഓഫീസുകളിലേയ്ക്ക് കമ്പ്യൂട്ടർ, ഫർണിച്ചർ &

ആക്സസറീസ് വാങ്ങി ബാക്കി തുകയായ 19 കോടി 50 ലക്ഷം രൂപ മേൽപ്രവർത്തനങ്ങൾക്കായി റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്.

(സി) പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ തുടർന്നുപോകുന്ന ആവർത്തന ചെലവുകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; ഓരോ ഇനത്തിലെയും പ്രതിമാസ ചെലവ് എത്ര വീതമാണെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

നിലവിൽ കെ.ആർ.ഡി.സി.എൽ. ഏറ്റെടുത്ത് നടത്തുന്ന മറ്റുപദ്ധതികളായ തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചൻകോട് റെയിൽ പദ്ധതി, അങ്കമാലി- എരുമേലി-ശബരി ഡി.പി.ആർ. പഠനം, എസ്റ്റിമേറ്റ് പുതുക്കൽ, മറ്റുവിവിധ പദ്ധതികൾക്കായുള്ള പി.എം.സി. വർക്ക്സ് എന്നിവയുടെ ഏകോപന പ്രവർത്തനങ്ങൾക്കും ശമ്പളവും മറ്റിനത്തിലുമായി കഴിഞ്ഞ ഒരു വർഷത്തെ കണക്കുകളുടെ അടിസ്ഥാനത്തിൽ ഏതാണ്ട് 55 ലക്ഷം രൂപ വീതമാണ് പ്രതിമാസച്ചെലവ് വരുന്നത്.

## ഗ്രാറ്റുവിറ്റി തുക ലഭ്യമാക്കാനുള്ള നടപടികൾ

119 (544) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പാറ ഗവ. ട്രൈബൽ എൽ.പി. സ്കൂളിൽ, സർവ്വീസിലിരിക്കെ മരണപ്പെട്ട വി. കെ. മുഹമ്മദ് എന്നയാളുടെ ആശ്രിതർക്ക് പി.പി.ഒ. നം. 141470869 തീയതി 14-02-2014 പ്രകാരം 4,06,213 രൂപ ഗ്രാറ്റുവിറ്റിയായി അനുവദിച്ചിരുന്നുവെങ്കിലും അവകാശികളിൽ ഒരാളായ അബൂബക്കർ റാഫി മൈനറാണ് എന്ന കാരണം പറഞ്ഞ് 16-05-2014-ന് കൊടുവള്ളി സബ്ട്രഷറി ഓഫീസർ കുടുംബത്തിന് 1,01,553 രൂപ മാത്രമാണ് നൽകിയിരുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കുമ്പാറ ഗവ. ട്രൈബൽ എൽ.പി. സ്കൂളിൽ, സർവ്വീസിലിരിക്കെ മരണപ്പെട്ട വി. കെ. മുഹമ്മദ് എന്നയാളുടെ അവകാശികളിൽ ഒരാളായ വി. കെ. സൈനബയ്ക്ക് അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ നിന്നുള്ള 14-2-2014-ലെ ജി.പി.ഒ. നം.121470869 പ്രകാരം 1,01,553/- രൂപ 16-05-2014-ന് അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ ജി.പി.ഒ. നം. 121470869 തീയതി 01-12-2022 പ്രകാരം 2,03,106/- രൂപ അനുവദിച്ച് വന്നിട്ടുള്ളത് 06-01-2023-ന് പാസ്സാക്കി നൽകുകയും ചെയ്തിട്ടുണ്ട്.

അബൂബക്കർ റാഫിക്ക് 09-12-2022-നാണ് അക്കൗണ്ടന്റ് ജനറൽ ഓഫീസിൽനിന്നും ജി.പി.ഒ. നം. 121470869-1 പ്രകാരം 2,03,107 രൂപ അനുവദിച്ച് വന്നിട്ടുള്ളത്. ഈ തുക ജി.പി.ഒ. നമ്പർ. 121470869 തീയതി

14-02-2014 പ്രകാരം withheld ചെയ്തിരുന്ന തുകയാണ്. കൊടുവള്ളി സബ്ട്രഷറിയിൽനിന്നും 06-01-2023-ന് ഈ തുക ടിയാന് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) പരേതന്റെ മകൻ മുഹമ്മദ് റാഫി വട്ടിക്കുന്നുമ്മൽ, മാനിപുരം പി.ഒ. എന്നയാൾക്ക് 18 വയസ്സായതിനെത്തുടർന്ന് 2020-ന് ഗ്രാറ്റുവിറ്റി ഇനത്തിൽ ബാക്കിയുള്ള തുക ലഭ്യമാക്കാൻ കൊടുവള്ളി സബ്ട്രഷറിയിൽ അപേക്ഷ നൽകിയെങ്കിലും ആയത് ഇതുവരെയും നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

മുഹമ്മദ് റാഫി വട്ടിക്കുന്നുമ്മൽ, എന്നയാളുടെ പേരിൽ അക്കൗണ്ടന്റ് ജനറൽ ഓഫീസിൽനിന്നും ഗ്രാറ്റുവിറ്റി പേമെന്റ് ഓർഡർ അനുവദിച്ചുവന്നിട്ടില്ല.

(സി) പ്രസ്തുത കുടുംബത്തിന് അർഹതപ്പെട്ട തുക നൽകാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്നും തുക എപ്പോൾ നൽകാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

അക്കൗണ്ടന്റ് ജനറൽ ഓഫീസിൽനിന്നും അനുവദിച്ചുവന്ന ഗ്രാറ്റുവിറ്റി പേമെന്റ് ഓർഡർ പ്രകാരമുള്ള തുകയെല്ലാം ഈ കുടുംബത്തിന് കൊടുവള്ളി സബ്ട്രഷറിയിൽനിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്.

## സംസ്ഥാനത്തെ അർബൻ ബാങ്കുകളുടെ പ്രവർത്തനം

120 (545) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ബാങ്കിംഗ് ലൈസൻസ് ഇല്ലാതെ അർബൻ ബാങ്കുകൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ബാങ്കിംഗ് ലൈസൻസ് ഇല്ലാതെ അർബൻ ബാങ്കുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചാലക്കുടി അർബൻ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ആർ. 1087 എന്ന പേരിൽ ഒരു സംഘം തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. ടി സംഘത്തിന്റെ കാറ്റഗറിക്കൽ സ്റ്റേറ്റ്മെന്റ് പ്രകാരം 1A(3) (ബി) Unlicensed Urban Co-operative Bank എന്ന വിഭാഗത്തിലാണ് 30-11-2001-ൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. സഹകരണ ചട്ടഭേദഗതിയിലൂടെ unlicensed Urban Co-operative Bank-കൾ എല്ലാംതന്നെ അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്കിയിട്ടുള്ളതാണ്. എങ്കിലും ചാലക്കുടി അർബൻ സഹകരണ ബാങ്ക്

ക്ലിപ്തം നമ്പർ ആർ 1087 ആയതുപ്രകാരം നിയമാവലിയിൽ ടി ഭേദഗതി വരുത്തിയിട്ടില്ലാത്തതാണ്.

(ബി) റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ബാങ്കിംഗ് ലൈസൻസോടുകൂടി എത്ര അർബൻ ബാങ്കുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; വ്യക്തമാക്കാമോ?

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ബാങ്കിംഗ് ലൈസൻസോടുകൂടി 60 അർബൻ സഹകരണ ബാങ്കുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. വിശദാംശം അനുബന്ധമായി ഉൾപ്പെടുത്തുന്നു.+

(സി) കേരളത്തിലെ അർബൻ ബാങ്കുകളിൽ എത്ര എണ്ണം ആർ.ബി.ഐ.-യുടെ ഫിനാൻഷ്യലി സൗണ്ട് ആൻഡ് വെൽ മാനേജ്ഡ് വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

കേരളത്തിലെ അർബൻ ബാങ്കുകളിൽ 8 എണ്ണം ആർ.ബി.ഐ.-യുടെ ഫിനാൻഷ്യലി സൗണ്ട് ആൻഡ് വെൽ മാനേജ്ഡ് വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1. പുതുപ്പള്ളി അദ്ധ്യാപക സഹകരണ ബാങ്ക് ലിമിറ്റഡ്.

2. കട്ടപ്പന അർബൻ സഹകരണ ബാങ്ക് ലിമിറ്റഡ്.

3. നീലേശ്വരം അർബൻ സഹകരണ ബാങ്ക് ലിമിറ്റഡ് നം. എസ്.281

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

4. ഒറ്റപ്പാലം സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ്

5. ചെർപ്പുളശ്ശേരി സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ്

6. ഷൊർണ്ണൂർ സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ്.

7. എൽ.ഐ.സി. ഓഫ് ഇന്ത്യ സ്റ്റാഫ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്.

8. നെടുമങ്ങാട് സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നം. 3193

(ഡി) കേരളത്തിലെ അർബൻ ബാങ്കുകളിൽ ആർ.ബി.ഐ.-യുടെ മാനദണ്ഡപ്രകാരം എത്ര ബാങ്കുകൾ സൂപ്പർവൈസറി ആക്ഷൻ ഫ്രെയിംവർക്കിൽ ഉൾപ്പെട്ടിട്ടുണ്ട്; ഇപ്രകാരം ഉൾപ്പെട്ട അർബൻ ബാങ്കുകളിൽ എത്ര ബാങ്കുകളിൽ നിക്ഷേപങ്ങളുടെ പലിശനിരക്ക് നാഷണലൈസ്ഡ് ബാങ്കുകളുടെ പലിശ നിരക്കിന് തുല്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

റിസർവ് ബാങ്കിന്റെ 23-08-2022-ലെ കത്തുപ്രകാരം കേരളത്തിലെ അർബൻ സഹകരണ ബാങ്കുകളിൽ ആർ.ബി.ഐ.-യുടെ മാനദണ്ഡപ്രകാരം 53 ബാങ്കുകൾ സൂപ്പർവൈസറി ആക്ഷൻ ഫ്രെയിംവർക്കിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ഉൾപ്പെട്ട അർബൻ ബാങ്കുകളിൽ 15 ബാങ്കുകളിൽ നിക്ഷേപങ്ങളുടെ പലിശ നിരക്ക് നാഷണലൈസ്ഡ് ബാങ്കുകളുടെ പലിശ നിരക്കിന് തുല്യമാക്കിയിട്ടുണ്ട്.

(ഇ) കേരളത്തിലെ അർബൻ ബാങ്കുകളിൽ എത്ര ബാങ്കുകളിൽ ലിക്വിഡേഷൻ നടപടികൾ നടന്നുവരുന്നുണ്ട്; ഏതെങ്കിലും നിക്ഷേപങ്ങൾ പിൻവലിക്കാൻ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിലെ അർബൻ സഹകരണ ബാങ്കുകളിൽ ഒന്നിലുംതന്നെ ലിക്വിഡേഷൻ നടപടികൾ നടന്നുവരുന്നില്ല. നിക്ഷേപങ്ങൾ പിൻവലിക്കുന്നതിന് രണ്ട് ബാങ്കുകളിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

**സി.എച്ച്. മെമ്മോറിയൽ ആശുപത്രിയുടെ ഓഹരി പിരിക്കൽ**

121 (546) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന സി.എച്ച്. മെമ്മോറിയൽ കോട്ടയ്ക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രി (ക്ലിപ്തം നമ്പർ എം. 594) സംഘത്തിന് അതിന്റെ പ്രവർത്തന പരിധിയിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ഓഹരി പിരിക്കുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ധനകാര്യ വകുപ്പിന് നൽകിയ ഫയലിന്മേൽ (എൽ.എസ്.ജി.ഡി.-എഫ്.എം.2/38/2022) വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

എൽ.എസ്.ജി.ഡി.-എഫ്.എം.2/38/2022 നമ്പർ ഫയൽ ധനകാര്യ വകുപ്പിൽ 2285121/ഡെവ-3/281/2022-ധന നമ്പർ ഫയലിൽ വിശദമായി പരിശോധിക്കുകയും ചട്ടങ്ങളിൽ ഇളവ് വരുത്തേണ്ടതിനാൽ ധനകാര്യ വകുപ്പിന് യോജിക്കാനാവില്ലെന്ന് ഭരണവകുപ്പിന് മറുപടി നൽകുകയും ചെയ്തു.

**കേരളത്തിലെ അർബൻ ബാങ്കുകളുടെ എൻ.പി.എ.**
**കുറയ്ക്കുന്നതിനുള്ള നടപടികൾ**

122 (547) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.പി.എ. കുറയ്ക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ അർബൻ ബാങ്കുകൾ മുതലിലും പലിശയിലും എത്ര രൂപ ഇളവനുവദിച്ചിട്ടുണ്ട്?

എൻ.പി.എ. കുറയ്ക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ അർബൻ ബാങ്കുകൾ പലിശ ഇനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 45.43 കോടി രൂപയും ഈ സാമ്പത്തിക വർഷത്തിൽ നാളിതുവരെ 19.12 കോടി രൂപയും ഇളവനുവദിച്ചിട്ടുണ്ട്.

(ബി) എൻ.പി.എ. കുറയ്ക്കാൻ ആർ.ബി.ഐ. അർബൻ ബാങ്കുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ അർബൻ ബാങ്കുകൾക്ക്

എൻ.പി.എ. കുടിശ്ശിക കുറയ്ക്കുവാൻ എന്തെങ്കിലും പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

എൻ.പി.എ. കുടിശ്ശിക കുറയ്ക്കുന്നതിന്റെ ഭാഗമായി നിലവിൽ നവകേരളീയം ഒറ്റത്തവണ തീർപ്പാക്കൽ എന്ന പേരിൽ കുടിശ്ശിക നിവാരണ പദ്ധതി നടപ്പാക്കിവരുന്നു.

**അക്രെഡിറ്റഡ് ഏജൻസികൾ മുഖേനയുള്ള പദ്ധതി നിർവ്വഹണം**

123 (548)ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് ധനകാര്യ വകുപ്പ് തെരഞ്ഞെടുത്തിരുന്ന അക്രെഡിറ്റഡ് ഏജൻസികളുടെ വിശദാംശം നൽകാമോ?

സംസ്ഥാനത്തെ പൊതുപ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് 02-09-2022-ലെ GO(P)104/2022/ധന തീയതി ഉത്തരവ് പ്രകാരം അക്രെഡിറ്റഡ് ഏജൻസികളെ നിശ്ചയിച്ചിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരം നിയമസഭാ സാമാജികർ അക്രെഡിറ്റഡ് ഏജൻസികളുടെ പേര് സഹിതം ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് തടസ്സമുണ്ടോ; എങ്കിൽ ആയത് പദ്ധതി നിർവ്വഹണത്തെ തടസ്സപ്പെടുത്തുന്നത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

28-04-2021-ലെ സ.ഉ 67/2021/ധന. എന്ന ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം പ്രവൃത്തികൾ അക്രെഡിറ്റഡ് ഏജൻസികൾക്ക് നൽകാവുന്നതാണ്. 17-01-2022-ലെ സ.ഉ 7/2022/ധന. ഉത്തരവിലെ വ്യവസ്ഥയനുസരിച്ച് 1 കോടി രൂപ വരെയുള്ള പ്രവൃത്തികൾ ടെണ്ടർ നടപടികൾ കൂടാതെ നോൺ പി.എം.സി. കളായ ഏജൻസികൾക്ക് നൽകാവുന്നതാണ്.

(സി) പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി വിഭാഗത്തിൽപ്പെടുന്ന അക്രെഡിറ്റഡ് ഏജൻസികൾക്ക് സുതാര്യമായ ലേലനടപടികളിലൂടെ മാത്രമേ പ്രവൃത്തികൾ ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂവെന്ന സർക്കാർ ഉത്തരവ് നിലവിലുള്ളതിനാൽ അക്രെഡിറ്റഡ് ഏജൻസികളുടേതുൾപ്പെടെയുള്ള പദ്ധതികൾ കാലവിളംബം കൂടാതെ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി വിഭാഗത്തിൽപ്പെടുന്ന അക്രെഡിറ്റഡ് ഏജൻസികൾക്ക് സുതാര്യമായ ലേല നടപടികളിലൂടെ മാത്രമേ പ്രവൃത്തികൾ ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ 17-01-2022-ലെ സ.ഉ. 7/2022/ധന. ഉത്തരവിലെ വ്യവസ്ഥയനുസരിച്ച് 1 കോടി രൂപവരെയുള്ള പ്രവൃത്തികൾ ടെണ്ടർ നടപടികൾ കൂടാതെ നോൺ പി.എം.സി.-കളായ ഏജൻസികൾക്ക് നൽകാവുന്നതാണ്. ഈ വ്യവസ്ഥ പദ്ധതി നിർവ്വഹണത്തെ തടസ്സപ്പെടുത്തുന്നത് പരിഹരിക്കുന്നു.

**ആലപ്പുഴ എക്സൽ ഗ്ലാസ് തൊഴിലാളികൾക്ക് ഉത്സവബത്ത**

124 (549) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ എക്സൽ ഗ്ലാസ് തൊഴിലാളികൾക്ക് ഉത്സവബത്ത ഇനത്തിൽ ധനസഹായം ലഭ്യമാക്കാനുള്ള അപേക്ഷയിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കാമോ?

ആലപ്പുഴ എക്സൽ ഗ്ലാസ് തൊഴിലാളികൾക്ക് സാമ്പത്തികാനുകൂല്യം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 19-08-2022 തീയതിയിൽ സമർപ്പിച്ച നിവേദനം (E-2064274/I&PW-A3/88/2022-Fin) പരിശോധിച്ചിരുന്നു. ഇത്തരം നിവേദനങ്ങളിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിന് ഭരണ വകുപ്പ്

ശിപാർശ ആവശ്യമാണ്. ആയതിനാൽ ടി നിവേദനം തുടർനടപടികൾക്കായി വ്യവസായ വകുപ്പിന് നൽകിയിട്ടുണ്ട്.

**കോൺട്രാക്ടർമാർക്ക് കുടിശ്ശിക നൽകാൻ നടപടി**

125 (550) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കരാറുകാർക്ക് കുടിശ്ശികയിനത്തിൽ എത്ര തുക വിതരണം ചെയ്യാനുണ്ടെന്ന വിശദാംശം നൽകുമോ?

സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കിവരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിനാവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കിവരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ 2022 മേയ് മാസം വരെയും ജലവിഭവം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിൽ 2022 സെപ്റ്റംബർ മാസം വരെയുമുള്ള ബില്ലുകൾ മാറിനൽകിയിട്ടുണ്ട്.

(ബി) കരാറുകാർക്ക് കുടിശ്ശിക അനുവദിച്ച് നൽകാത്തത് പ്രാദേശിക തലത്തിലുള്ള വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ

കാണുന്നുണ്ടോ; പ്രസ്തുത തുക എന്നത്തേയ്ക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കിവരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിനാവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് മാറിനൽകുന്നതാണ്.

**നിർമ്മാണ മേഖലയിൽ നൂതന സാങ്കേതികവിദ്യകൾ**

126 (551) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ മേഖലയിൽ നൂതന സാങ്കേതികവിദ്യകൾ നടപ്പിലാക്കുന്നതിനായി അക്രെഡിറ്റഡ് ഏജൻസികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

നിർമ്മാണ മേഖലയിൽ നൂതന സാങ്കേതികവിദ്യകൾ നടപ്പിലാക്കുന്നതിനായി ഏജൻസികൾക്ക് അംഗീകാരം നൽകിയിട്ടില്ല.

(ബി) അക്രെഡിറ്റേഷനുവേണ്ടി പ്രീ-എഞ്ചിനീയറിംഗ് സാങ്കേതിക വിദ്യയിൽ കെട്ടിടം നിർമ്മിക്കുന്നതിനായി ഏജൻസികളിൽനിന്നും

അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിൽ തീരുമാനമായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പ്രീ-എഞ്ചിനീയറിംഗ് സാങ്കേതികവിദ്യയിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അക്രെഡിറ്റേഷനായി ഏജൻസികളിൽനിന്നും അപേക്ഷ ലഭിച്ചിട്ടില്ല.

## തിരൂർ-പൊൻമുണ്ടം റെയിൽവേ ഓവർ ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

127 (552) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ-പൊൻമുണ്ടം റെയിൽവേ ഓവർ ബ്രിഡ്ജിന്റെ പ്രവൃത്തി 2014-ൽ പൂർത്തീകരിച്ചെങ്കിലും അപ്രോച്ച് റോഡിനായി തുക അനുവദിക്കാത്തതുകാരണം കഴിഞ്ഞ 9 വർഷമായി പ്രസ്തുത പദ്ധതി പൂർത്തീകരിക്കാനാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തിരൂർ-പൊൻമുണ്ടം റെയിൽവേ ഓവർ ബ്രിഡ്ജിന്റെ പ്രവൃത്തിയുടെ അപ്രോച്ച് റോഡിനായുള്ള ശിപാർശ നബാർഡ് RIDF-ൽ പരിഗണിക്കുന്നതിന് 2020-21 വർഷം ലഭ്യമായെങ്കിലും പ്രസ്തുത ശിപാർശ

നബാർഡ് മാനദണ്ഡം പാലിച്ചിട്ടില്ലാത്തതിനാൽ നബാർഡിന് ലഭ്യമാക്കിയിരുന്നില്ല.

(ബി) പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡ് അടിയന്തരമായി നിർമ്മിക്കുന്നതിനാവശ്യമായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡ് അടിയന്തരമായി നിർമ്മിക്കുന്നതിന് തുക അനുവദിക്കുന്നതിനുള്ള ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ബാംബൂ കോർപ്പറേഷനിൽ ധനകാര്യ വിഭാഗത്തിന്റെ പരിശോധന**

128(553) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലഘട്ടത്തിൽ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനിൽ ധനകാര്യ പരിശോധനാ വിഭാഗം എത്രതവണ പരിശോധന നടത്തിയിട്ടുണ്ടെന്ന വിവരം വെളിപ്പെടുത്തുമോ?

5 തവണ പരിശോധന നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

പരിശോധന തുടർന്നുവരുന്നു.

(സി) പരിശോധനാ റിപ്പോർട്ടുകൾ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പരിശോധനാ നടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് അംഗീകരിക്കുന്ന മുറയ്ക്ക് റിപ്പോർട്ട് ഭരണ വകുപ്പിന് കൈമാറുന്നതാണ്.

## യുവജനക്ഷേമ കമ്മീഷൻ ചെയർപേഴ്സണിന്റെ ശമ്പളവും ആനുകൂല്യങ്ങളും

129 (557)<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജനക്ഷേമ കമ്മീഷൻ ചെയർപേഴ്സണിന്റെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ഇനത്തിൽ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

26-05-2018-ലെ സ.ഉ.(അച്ചടി) 5/2018/കാ.യു.വ പ്രകാരം നിലവിൽ വന്ന കേരള സംസ്ഥാന യുവജന കമ്മീഷൻ ചട്ടങ്ങളിൽ ചെയർപേഴ്സണിന്റെ പ്രതിമാസ വേതനം ഒരുലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. യുവജന

കമ്മീഷൻ ചെയർപേഴ്സണ് പ്രതിമാസം കൺസോളിഡേറ്റഡ് പേ ആയി ഒരുലക്ഷം രൂപയാണ് ശമ്പളയിനത്തിൽ നൽകുന്നത്. സിറ്റിംഗ് ഫീസ്, യാത്രാബത്ത, ന്യൂസ് പേപ്പർ അലവൻസ് എന്നീ ആനുകൂല്യങ്ങളും നൽകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെയർപേഴ്സണ് ശമ്പളയിനത്തിൽ 21,00,000/- (ഇരുപത്തിയൊന്ന് ലക്ഷം രൂപ മാത്രം) രൂപയും സിറ്റിംഗ് ഫീസായി 6,400/- രൂപയും യാത്രാബത്തയായി 20,370/- രൂപയും ന്യൂസ് പേപ്പർ അലവൻസായി 21,990/- രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) യുവജനക്ഷേമ കമ്മീഷൻ ചെയർപേഴ്സണിന്റെ ശമ്പളം നിലവിൽ വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; പ്രസ്തുത നടപടിക്രമങ്ങൾക്കായി വകുപ്പിൽ കൈകാര്യം ചെയ്ത നോട്ട് കുറിപ്പുകൾ അടക്കമുള്ള ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

യുവജന കമ്മീഷൻ ചെയർപേഴ്സന്റെ ശമ്പളം നിലവിൽ വർദ്ധിപ്പിച്ചിട്ടില്ല. 23-01-2023-ലെ സ.ഉ.(സാധാ) 37/2023/കാ.യു.വ ഉത്തരവുപ്രകാരം യുവജന കമ്മീഷൻ അദ്ധ്യക്ഷയ്ക്ക് കുടിശ്ശിക വേതനം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധം )+. യുവജന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കമ്മീഷൻ ചെയർപേഴ്സണ് യുവജന കമ്മീഷൻ ചട്ടങ്ങളനസരിച്ച് 06-01-2017 മുതൽ 1 ലക്ഷം രൂപയ്ക്ക് അർഹതയുണ്ടെന്ന് ധനകാര്യ വകുപ്പ് ഭരണ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ധനപ്രതിസന്ധി നിലനിൽക്കുന്ന സാഹചര്യത്തിൽ കമ്മീഷനകളിലെയും ബോർഡുകളിലെയും കോർപ്പറേഷനുകളിലെയും മേധാവികൾക്ക് ഉയർന്ന ശമ്പളവും കുടിശ്ശികയും നൽകുന്നതിന്റെ കാരണം വിശദമാക്കാമോ?

ബന്ധപ്പെട്ട ആക്റ്റുകളുടേയും സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിലാണ് അനുവദിക്കുന്നത്.

## കിഫ്ബിയുടെ പ്രവർത്തനം

130 (558) ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നടപ്പാക്കുന്ന വിവിധ വികസന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വായ്പയെടുത്ത് നടപ്പാക്കുന്ന പല പദ്ധതികളും പാതിവഴിയിൽ നിലച്ച് പോയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

കിഫ്ബി മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായും പദ്ധതി നടപ്പാക്കുന്നതിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിനായും ബന്ധപ്പെട്ട എം.എൽ.എ., ഭരണ വകുപ്പ്, പ്രസ്തുത പദ്ധതി നിർവ്വഹണ ഏജൻസികൾ എന്നിവരുമായി കൃത്യമായ ഇടവേളകളിൽ കിഫ്ബി പദ്ധതി അവലോകന യോഗങ്ങൾ കൂടുന്നുണ്ട്. കിഫ്ബി പദ്ധതികളൊന്നുംതന്നെ പാതിവഴിയിൽ ഉപേക്ഷിച്ചിട്ടില്ല.

(ബി) വികസന പദ്ധതികൾക്കായി വായ്പയെടുത്ത തുക ഉപയോഗിക്കാതെ അതിന് പലിശ കൊടുത്തുകൊണ്ടിരിക്കുന്ന സാഹചര്യമുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) കൂടിയ പലിശയ്ക്ക് വിവിധ ഏജൻസികളിൽനിന്ന് കടമെടുത്ത തുക കുറഞ്ഞ പലിശയ്ക്ക് ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ടോ; ആയതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന അധിക ബാധ്യത എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(ബി&സി) ഉചിതമായ രീതിയിൽ വിവേകപൂർവ്വമായി ധനസമാഹരണം നടത്തുന്നതിന് കിഫ്ബിയെ സഹായിക്കുന്നത് അതിന്റെ അസറ്റ് ലയബിലിറ്റി മാനേജ്മെന്റ് (ALM) സംവിധാനമാണ്. കിഫ്ബി

എപ്പോൾ എത്ര തുക വായ്പയെടുക്കണം തുടങ്ങിയ തീരുമാനങ്ങൾ ഈ സംവിധാനം നൽകുന്ന സൂചനകളെ അടിസ്ഥാനമാക്കിയാണ്.

കൂടാതെ കിഫ് ആക്റ്റ് പ്രകാരം രൂപീകരിച്ചിട്ടുള്ള ഫണ്ട് ട്രസ്റ്റി ആൻഡ് അഡ്വൈസറി കമ്മീഷൻ (FTAC)-ന്റെ ഉപദേശപ്രകാരമാണ് കിഫ്ബി അതിന്റെ നീക്കിയിരിപ്പ് തുക നിശ്ചയിക്കുന്നത്. കിഫ്ബിയുടെ ദൈനംദിന ചെലവുകൾക്കും പദ്ധതി ചെലവുകൾക്കും ഒരു നിശ്ചിതകാലത്തേയ്ക്ക് വേണ്ടിവരുന്ന തുക ഇത്തരത്തിൽ കൈവശം കരുതേണ്ടത് ഒരു ആവശ്യകതയാണ്. FTAC പുറപ്പെടുവിക്കുന്ന ഫിഡലിറ്റി സർട്ടിഫിക്കറ്റിൽ അടുത്ത 6 മാസക്കാലയളവിലേയ്ക്കുള്ള തിരിച്ചടവുൾപ്പടെയുള്ള ചെലവുകൾക്ക് ആവശ്യമായ തുക കിഫ്ബിയുടെ കൈവശമുണ്ടെന്ന് സർട്ടിഫൈ ചെയ്യേണ്ടതായുണ്ട്.

കൂടാതെ ലോണുകളുടെ കരാറിന്റെ ഭാഗമായി ഡെറ്റ് സർവീസ് റിസർവ് അക്കൗണ്ട് (DSRA) സൂക്ഷിക്കേണ്ടതായുണ്ട്. ഈ അക്കൗണ്ടുകളിൽ ആവശ്യമായി വരുന്ന തുകകളും ഇത്തരത്തിൽ അധികമായി കരുതിവയ്ക്കേണ്ട ഒന്നാണ്.

ലോൺ നടപടിക്രമങ്ങൾക്ക് അവശ്യമായിവരുന്ന കാലതാമസം മറ്റൊരു ഘടകമാണ്. ചില ലോൺ ചർച്ചകളും അവയുടെ നടപടിക്രമങ്ങളും ശരാശരി

6 മുതൽ 18 മാസം വരെ നീണ്ടുപോകാറുണ്ട്. ഇത് കണക്കിലെടുക്കുമ്പോൾ മതിയായ തുക കിഫ്ബിയുടെ കൈവശം മുൻകൂട്ടി ഉറപ്പാക്കേണ്ടത് അനിവാര്യതയാണ്.

മേൽസൂചിപ്പിച്ച പ്രകാരം കൈവശം വച്ചിരിക്കുന്ന തുക കിഫ്ബി അതിന്റെ ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റി അംഗീകരിച്ച ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് പോളിസിയുടെ അടിസ്ഥാനത്തിൽ (കാലാകാലങ്ങളിൽ പുതുക്കുന്നത്) സുരക്ഷിതമായ മികച്ച നിക്ഷേപങ്ങളിൽ നിക്ഷേപിക്കുകയാണ് ചെയ്തുവരുന്നത്. വികസന പദ്ധതികൾക്കായി വായ്പയെടുത്ത തുക ഉപയോഗിക്കാതെ അതിന് പലിശ കൊടുത്തുകൊണ്ടിരിക്കുന്ന സാഹചര്യമൊന്നുംതന്നെ നിലവിലില്ല.

## കിഫ്ബി ധനസമാഹരണം

131 (559) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി എത്ര പദ്ധതികൾക്ക് എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കിഫ്ബി ബോർഡ് ഇതിനോടകം 74,009.55 കോടി രൂപയുടെ 993 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) കിഫ്ബിയിലേയ്ക്ക് ഇതുവരെ എത്ര രൂപ ഏതൊക്കെ തരത്തിൽ സമാഹരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

കിഫ്ബി നാളിതുവരെ വിവിധ മാർഗ്ഗങ്ങളിലൂടെ സമാഹരിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു .+

(സി) വായ്പ ഇനത്തിൽ എത്ര രൂപ കിഫ്ബിയിലേയ്ക്ക് സമാഹരിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര രൂപ തിരിച്ചടച്ചുവെന്നും വ്യക്തമാക്കാമോ; എത്ര രൂപയാണ് ഇതുവരെ ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വായ്പകൾ, കടപ്പത്രങ്ങൾ എന്നിവയിലൂടെ കിഫ്ബി 21,308.77 കോടി രൂപ ഇതിനോടകംതന്നെ ഉറപ്പുവരുത്തിയിട്ടുണ്ട്. ആയതിൽ 17,677.27 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ഇതിനോടകം ആകെ 779.32 കോടി രൂപ വായ്പകളിൽ തിരിച്ചടച്ചിട്ടുണ്ട്. 22,806.18 കോടി രൂപ പദ്ധതികളിലേയ്ക്ക് ചെലവഴിച്ചിട്ടുണ്ട്. (31-01-2023-ലെ കണക്കുകൾ പ്രകാരം).

(ഡി) കിഫ്ബി പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

നിലവിൽ 74,009.55 കോടിയിൽപ്പരം രൂപയുടെ 993 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. സർക്കാരിൽനിന്നും നിയമപ്രകാരം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭിക്കുന്ന ആന്വിറ്റി വിഹിതത്തിന് (വാഹന നികുതിയുടെ വിഹിതവും പെട്രോളിയം സെസ്സും) പുറമെ ധനവിപണിയിൽനിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ ധനസമാഹരണം നടത്തിയാണ് കിഫ്ബി അതിന്റെ പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഉചിതമായ രീതിയിൽ വിവേകപൂർവ്വമായി ധനസമാഹരണം നടത്തുന്നതിന് കിഫ്ബിയെ സഹായിക്കുന്നത് അതിന്റെ അസറ്റ് ലയബിലിറ്റി മാനേജ്മെന്റ് (ALM) സംവിധാനമാണ്. ഈ സംവിധാനത്തിന്റെ കണക്കുകൂട്ടലനുസരിച്ച് കിഫ്ബി അതിന് നിലവിൽ ലഭിച്ചുവരുന്ന ആന്വിറ്റികൊണ്ട് തിരിച്ചടയ്ക്കാവുന്ന തുകയ്ക്കുള്ള പദ്ധതികൾക്കാണ് നിലവിൽ അംഗീകാരം നൽകിയിട്ടുള്ളത്. കൂടാതെ സംസ്ഥാനത്തിന് അത്യന്തം പ്രാധാന്യമുള്ള പദ്ധതികൾ മാത്രം ഇനി കിഫ്ബിയിലേയ്ക്ക് നിർദ്ദേശിച്ചാൽ മതിയാകുമെന്നും കിഫ്ബിയുടെ ഫണ്ട് ട്രസ്റ്റീ & അഡ്വൈസറി കമ്മീഷൻ (FTAC) സർക്കാരിന് മുന്നേതന്നെ നിർദ്ദേശമായി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതിയുടെ പ്രാധാന്യവും മറ്റ് ഘടകങ്ങളും വിലയിരുത്തി സസൂക്ഷ്മം തെരഞ്ഞെടുക്കുന്ന പദ്ധതികൾ മാത്രം കിഫ്ബിയിലേയ്ക്ക് നിർദ്ദേശിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

**കിഫ്കോൺ കൺസൾട്ടൻസി കമ്പനി**

132 (560) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി കിഫ്കോൺ എന്നപേരിൽ കൺസൾട്ടൻസി കമ്പനി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ സേവനങ്ങളാണ് പ്രസ്തുത കമ്പനി നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. 01-08-2022-ലെ G.O.(Ms)No.135/2022/FIN സർക്കാർ ഉത്തരവ് പ്രകാരം, കിഫ്കോൺ പ്രൈവറ്റ് ലിമിറ്റഡ് (KIIFCON Pvt Ltd) എന്ന പേരിൽ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി രൂപീകരിച്ചു. ടി കമ്പനി മുഖേന ലഭ്യമാക്കുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.

1. ഇന്ത്യയിലും വിദേശത്തുമായി ഗതാഗതം, കെട്ടിടങ്ങൾ എം.ഇ.പി. പ്രവൃത്തികൾ, നഗര വികസനം, തുറമുഖങ്ങളും തീരദേശവും തുടങ്ങിയ മേഖലകളിൽ അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്കും അനുബന്ധ സാങ്കേതികരംഗത്തും കൺസൾട്ടൻസി നൽകുക. ഇതുവഴി, ഒരൊറ്റ കുടക്കീഴിൽ സ്ഥാപനങ്ങൾക്ക് വിവിധതരം കൺസൾട്ടൻസി സേവനങ്ങൾ ലഭ്യമാക്കുകയും സ്ഥാപനങ്ങൾക്ക് സാങ്കേതിക വിദ്യാകൈമാറ്റം നടത്താനാകുമെന്നും വിശ്വസിക്കുന്നു.

2. ഇന്ത്യയിലും വിദേശത്തുമുള്ള സിവിൽ, ആർകിടെക്ച്ചറൽ, സ്ട്രക്ചറൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ് എന്നിവയുൾപ്പെടെയുള്ള എല്ലാ മേഖലകളിലും എഞ്ചിനീയറിംഗ് ഡിസൈൻ സർവ്വീസ് നൽകുക.

3. പ്രോജക്ട് ഡെവലപ്മെന്റിന് ആവശ്യമായ പ്രാഥമിക സാധ്യതാ പഠനങ്ങൾ, എഞ്ചിനീയറിംഗ് സർവേയും പരിശോധനയും ആശയരൂപീകരണവും പ്രാഥമികവുമായ ഡിസൈൻ രേഖകൾ വികസിപ്പിക്കലും പരിസ്ഥിതി/സാമൂഹിക ആഘാതം പഠനം, ഡി.പി.ആർ. പിന്തുണാ സേവനങ്ങൾ ഇതിനുപരിയായിട്ടുള്ള മറ്റ് അനുബന്ധ സേവനങ്ങൾ എന്നിവ ലഭ്യമാക്കുക.

4. പ്രോജക്ട് എഞ്ചിനീയറിംഗ് ഘട്ടത്തിൽ പദ്ധതിയുടെ വിശദമായ രൂപകൽപ്പന, ബിൽഡിംഗ് ഇൻഫർമേഷൻ മോഡലിംഗ് (BIM) ഇന്റഗ്രേറ്റഡ് ഡിസൈൻ, ബിഡ് പ്രോസസ് മാനേജ്മെന്റ്, ഡിസൈൻ റിവ്യൂ തുടങ്ങിയ എഞ്ചിനീയറിംഗ് സേവനങ്ങൾ നൽകുക.

5. പ്രോജക്ട് മാനേജ്മെന്റ് സേവനങ്ങൾ, ക്വാളിറ്റി ഓഡിറ്റ്, ക്വാളിറ്റി മാനേജ്മെന്റ് & മോണിറ്ററിംഗ്, സാങ്കേതിക പരിശോധന തുടങ്ങിയ പദ്ധതി നിർവ്വഹണ സേവനങ്ങളിൽ കൺസൾട്ടിംഗ്

എഞ്ചിനീയർമാരായി പ്രവർത്തിക്കുക. കൂടാതെ ആസൂത്രണം മുതൽ പൂർത്തീകരണം വരെ പ്രോജക്ടിന്റെ മുഴുവൻ മേഖലകളിലും സമഗ്രമായ പ്രോജക്ട് മാനേജ്മെന്റ് സേവനങ്ങൾ നൽകുക.

6. ജിയോഗ്രഫിക്ക് ഇൻഫർമേഷൻ സിസ്റ്റം, മൊബൈൽ, ഏരിയൽ & ഡ്രോൺ സർവ്വേ, ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നോൺ ഡിസ്ട്രക്റ്റീവ് ടെസ്റ്റിംഗ് എന്നീ നൂതന സാങ്കേതികവിദ്യകളിലെ സ്കിൽ അപ്ഗ്രഡേഷൻ സഹായിക്കുക. കൂടാതെ മുൻകൂട്ടി നിശ്ചയിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും സുസ്ഥിരവും നൂതനവുമായ മറ്റ് സാങ്കേതികവിദ്യകൾ വിവിധതലങ്ങളിൽ വിനിയോഗിക്കുന്നതിനും സേവനം നൽകുക. ഉൽപ്പാദനക്ഷമത ഉറപ്പുവരുത്തിക്കൊണ്ട് പെർഫോമൻസ് മെച്ചപ്പെടുത്തുന്നതിനുള്ള അറിവ് പകരുന്നതോടൊപ്പം വ്യക്തിഗത ലക്ഷ്യങ്ങളെ സ്ഥാപനത്തിന്റെ ലക്ഷ്യങ്ങളുമായി കോർത്തിണക്കിക്കൊണ്ട് സ്ഥാപനത്തിന്റെ പൊതുവായ വികസന പ്രക്രിയയ്ക്ക് വിഭവശേഷിയെ പ്രയോജനപ്പെടുത്തന്നതിനുള്ള ഒരു പ്ലാറ്റ്ഫോം നൽകുക.

7. പദ്ധതി നടത്തിപ്പിനുള്ള പഠനവും സർവ്വേയും നടത്തുക, സാങ്കേതിക-സാമ്പത്തിക പഠനം, പദ്ധതി അവലോകന റിപ്പോർട്ട് തയ്യാറാക്കുക,

സംരംഭകരെ കണ്ടെത്തുകയും അവർക്കാവശ്യമായ ഭരണപരവും സാങ്കേതികപരവുമായ സഹായം നൽകുക, മാർക്കറ്റ് റിസർച്ചിനും സർവ്വേയ്ക്കും സഹായിക്കുക, അസ്സറ്റ് വാല്യൂവേഷൻ ഉൾപ്പെടെയുള്ളവയിൽ സഹായിക്കുകയും ഇൻഡസ്ട്രിയൽ മാനേജ്മെന്റ്, ഫിനാൻഷ്യൽ കൺസൾട്ടന്റ് എന്നിവയായി വർത്തിക്കുകയും ചെയ്യുക. സ്വതന്ത്രമായോ, മറ്റ് സ്ഥാപനങ്ങളുടെ സഹായത്തോടെയോ വൊക്കേഷണൽ & പ്രൊഫഷണൽ ട്രെയിനിംഗ് പ്രോഗ്രാമുകൾ നടപ്പിലാക്കുകയും അവയ്ക്ക് സർട്ടിഫിക്കേഷൻ നൽകുകയും ചെയ്യുക.

8. പദ്ധതി നടത്തിപ്പിനാവശ്യമായ ആസൂത്രണം, ഡിസൈൻ, മേൽനോട്ടം, ഓപ്പറേഷൻ & മെയിന്റനൻസ് തുടങ്ങിയ സേവനങ്ങൾ നൽകുക.

9. ഫണ്ട് സമാഹരണത്തിനും സ്ട്രക്ചറിംഗിനും സഹായിക്കുക, അസറ്റ് ലയബിലിറ്റി മാനേജ്മെന്റിനും റിസ്ക് മാനേജ്മെന്റിനും സഹായിക്കുക, ESG കംപ്ലയൻസ് ഉൾപ്പെടെ ക്ലൈമറ്റ് റസലിയന്റ് അജണ്ടകൾ രൂപീകരിക്കുന്നതിന് സഹായിക്കുക.

10. കിഫ്ബിക്കാവശ്യമായ സാങ്കേതിക സഹായങ്ങൾ 'നോ പ്രോഫിറ്റ് നോ ലോസ്' അടിസ്ഥാനത്തിൽ കിഫ്ബി ആവശ്യപ്പെടുന്ന പ്രകാരം നൽകുക.

കിഫ്ബിക്ക് ഗുണനിലവാര പരിശോധന നടപ്പിലാക്കുന്നതിനാവശ്യമായ ഉപകരണങ്ങളും വിദഗ്ധ ഓപ്പറേറ്റർമാരുടെ സേവനവും ഉൾപ്പെടെ 'നോ പ്രോഫിറ്റ് നോ ലോസ്' അടിസ്ഥാനത്തിൽ കിഫ്ബി ആവശ്യപ്പെടുന്ന പ്രകാരം നൽകുക.

(ബി) കിഫ്ബി നിയമത്തിലെ ഏതുവ്യവസ്ഥ പ്രകാരമാണ് ഇപ്രകാരം ഒരു കമ്പനി രൂപീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

2016-ലെ ഭേദഗതി വരുത്തിയ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ടിലെ ആറാം വകുപ്പിൽ ബോർഡിന്റെ ചുമതലകൾ വ്യക്തമാക്കിയിരിക്കുന്നു. പ്രസ്തുത ആക്ടിലെ 6 (h) പ്രകാരമാണ് കിഫ്കോൺ രൂപീകരിച്ചത്.

(സി) കമ്പനിയുടെ പ്രവർത്തനത്തിനായി ഫണ്ട് സമാഹരിക്കുന്നത് ഏത് രീതിയിലാണെന്നും കമ്പനിയിൽനിന്നുള്ള വരുമാനം ഏത് രീതിയിലാണ് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

കമ്പനിയുടെ നടത്തിപ്പിന് ആതറൈസ്ഡ് ക്യാപിറ്റലായി 1 കോടി രൂപയും പെയ്ഡ് അപ്പ് ക്യാപിറ്റലായി 10 ലക്ഷം രൂപയും കിഫ്ബിയിൽനിന്നും നൽകിയിട്ടുണ്ട്. ഇതുകൂടാതെ ഇപ്പോൾ പ്രവർത്തനത്തിലിരിക്കുന്ന പദ്ധതികളിൽനിന്നും ലഭിക്കുന്ന കൺസൾട്ടൻസി ഫീസിനത്തിൽനിന്നും കമ്പനിയുടെ പ്രവർത്തനത്തിനായി ഫണ്ട് സമാഹരിക്കുന്നു. കമ്പനിയിൽനിന്നുള്ള വരുമാനം കിഫ്കോൺ ബോർഡിന്റെ തീരുമാനപ്രകാരം വിനിയോഗിക്കുന്നതാണ്.

(ഡി) കമ്പനിയുടെ പ്രവർത്തനത്തിനായി ഏതെങ്കിലും തരത്തിലുള്ള ഫണ്ട് അനുവദിക്കുന്നുണ്ടോ; എങ്കിൽ ഏത് ബജറ്റ് ശീർഷകത്തിൽ നിന്നാണെന്ന് വ്യക്തമാക്കുമോ?

കമ്പനിയുടെ നടത്തിപ്പിന് ആതറൈസ്ഡ് ക്യാപിറ്റലായി 1 കോടി രൂപയും പെയ്ഡ് അപ്പ് ക്യാപിറ്റലായി 10 ലക്ഷം രൂപയും കിഫ്ബിയിൽ നിന്നും നൽകിയിട്ടുള്ളതല്ലാതെ സർക്കാർ ഫണ്ട് അനുവദിച്ചിട്ടില്ല.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

133 (561)ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ അനുവദിച്ച കിഫ്ബി പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര മണ്ഡലത്തിൽ അനുവദിച്ച കിഫ്ബി പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) അവയിൽ പൂർത്തീകരിച്ച കിഫ്ബി പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

അവയിൽ പൂർത്തീകരിച്ച കിഫ്ബി പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.+

(സി) പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി പ്രവൃത്തിക്ക് അനുവദിച്ച തുകയും പ്രവൃത്തികളുടെ പേരും വിശദമാക്കാമോ; ഏതൊക്കെ പ്രവൃത്തികളാണ് ഇനി ആരംഭിക്കാനുള്ളതെന്ന് വിശദമാക്കാമോ?

പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി പ്രവൃത്തിക്ക് അനുവദിച്ച തുകയും പ്രവൃത്തികളുടെ പേരും എതൊക്കെ പ്രവൃത്തികളാണ് ഇനി ആരംഭിക്കാനുള്ളതെന്നുമുള്ള വിശദാംശങ്ങൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.+

## മങ്കട മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

134 (562) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ചതും പൂർത്തിയാകാത്തതുമായ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

മങ്കട നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ചതും പൂർത്തിയാകാത്തതുമായ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.+

(സി) ഓരോ പ്രവൃത്തിയുടെയും നിർവ്വഹണ ഏജൻസി ഏതാണെന്നും ഓരോ പ്രവൃത്തിയും പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്നും അറിയിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓരോ പ്രവൃത്തിയുടേയും നിർവ്വഹണ ഏജൻസി ഏതാണെന്ന് അനുബന്ധത്തിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്.+ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളതും അനുബന്ധത്തിൽ ഉള്ളടക്കം ചെയ്തിട്ടുള്ളതും ആരംഭിച്ചിട്ടുള്ളതുമായ പദ്ധതികൾ നിലവിൽ പൂർത്തിയാകാൻ കാലതാമസം നേരിടുന്നില്ല. കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളതും നിലവിൽ ആരംഭിച്ചിട്ടില്ലാത്തതുമായ പദ്ധതികളുടെ റേറ്റ് റിവിഷൻ നടപടികൾ എസ്.പി.വി.-യിൽ സ്വീകരിച്ചുവരികയാണ്. ആയത് പൂർത്തിയാക്കി ബന്ധപ്പെട്ട എസ്.പി.വി.-കൾ ശിപാർശകൾ കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിച്ചശേഷം നിലവിലെ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി തൃപ്തികരമാകുന്നപക്ഷം, തുടർന്നുവരുന്ന കിഫ്ബിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡിന്റെ അംഗീകാരം ലഭ്യമാക്കി ധനാനുമതി ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ധനാനുമതി ഉത്തരവുകൾ ലഭ്യമാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട എസ്.പി.വി.-കൾക്ക് ടെണ്ടറുൾപ്പെടെയുള്ള നടപടികളും പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കാവുന്നതാണ്.

## വാമനപുരം മണ്ഡലത്തിലെ കിഫ്ബി ഫണ്ടുപയോഗിച്ചുള്ള പദ്ധതികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

135 (563) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ ഇതേവരെ അനുവദിച്ചിട്ടുള്ള കിഫ്ബി ഫണ്ടുപയോഗിച്ചുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ ഓരോന്നിന്റേയും നിർമ്മാണ പുരോഗതിയും അറിയിക്കാമോ?

വാമനപുരം മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്നതിനായി അംഗീകാരം നൽകിയ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.+

(ബി) അവശേഷിക്കുന്ന പദ്ധതികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

കിഫ്ബി ധനാനുമതി നൽകുന്ന പ്രവൃത്തികൾ ആരംഭിച്ച് പൂർത്തിയാക്കേണ്ടത് ബന്ധപ്പെട്ട എസ്.പി.വി-കളാണ്. ധനാനുമതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, ടെണ്ടറുൾപ്പെടെയുള്ള സാങ്കേതിക നടപടികൾ സ്വീകരിച്ച് പദ്ധതി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും എസ്.പി.വി.-കളാണ്. ടെണ്ടർ നടപടികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തിയാക്കിയശേഷം എസ്.പി.വി. തെരഞ്ഞെടുക്കുന്ന കരാറുകാരുമായി ഏർപ്പെടുന്ന കരാർ അനുസരിച്ചാണ് അതത് പദ്ധതികൾ പൂർത്തിയാക്കുന്ന കാലയളവ് നിശ്ചയിക്കപ്പെടുന്നത്. മുൻകൂട്ടി പ്രവചിക്കാനാകാത്ത ഏതെങ്കിലും കാരണങ്ങളാൽ, നിശ്ചിത കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാനാകാത്ത സാഹചര്യങ്ങളിൽ, ടി കാലയളവ് ദീർഘിപ്പിച്ചു നൽകുന്നതും ബന്ധപ്പെട്ട എസ്.പി.വി.-കളാണ്.

## നെന്മാറ നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

136 (564) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

നെന്മാറ നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുള്ളതും അവലോകനത്തിലുള്ളതുമായ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അവയിൽ എത്ര പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്നും എത്രയെണ്ണം ആരംഭിച്ചിട്ടുണ്ടെന്നും മറ്റുള്ളവ എന്ന് ആരംഭിക്കുമെന്നും വിശദമാക്കുമോ?

നെന്മാറ Govt. B.H.S.-ന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കിഫ്ബി ധനാനുമതി നൽകുന്ന പദ്ധതികൾ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി കരാർ നൽകി ആരംഭിക്കേണ്ടുന്നതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികളുടേതാണ്.

**കിഫ്ബി ഫണ്ടുപയോഗിച്ചുള്ള സ്കൂൾ കെട്ടിട നിർമ്മാണം**

137 (565) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകൾക്ക് കിഫ്ബി മുഖേന ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

അരൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ഫണ്ട് അനുവദിച്ചിട്ടുള്ള സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ മഠത്തിൽ ഭാഗം ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണത്തിന് കിഫ്ബിയിൽ പണം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിച്ചെങ്കിലും നാളിതുവരെ നിർമ്മാണ പ്രവർത്തനം നടക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

മഠത്തിൽ ഭാഗം ഗവൺമെന്റ് എൽ.പി. സ്കൂളിനുള്ള ഭരണാനുമതി 1.0 കോടി രൂപയിൽ നിന്ന് DSR 2018, GST മാറ്റങ്ങൾ എന്നിവ പരിഗണിച്ച് Rs. 1,31,46,906 ആയി ഉയർത്തി ഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം പദ്ധതി നിർവ്വഹണ ഏജൻസിയായ കില സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ആയത് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത് പരിശോധനയിലാണ്.

(സി) ആയതിന്റെ കാലതാമസം പരിഹരിച്ച് നിർമ്മാണ പ്രവർത്തനം വേഗത്തിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

സാങ്കേതികാനുമതിക്ക് കിഫ്ബി അംഗീകാരം നൽകുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണ ഏജൻസി പദ്ധതി നിർവ്വഹണ രേഖ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും അതിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണ ഏജൻസിക്ക് ടെൻഡർ നടപടികളുമായി മുന്നോട്ടുപോകാവുന്നതുമാണ്.

**മഞ്ചേരി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

138 (566) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ ഏതൊക്കെയാണെന്നും അതിൽ എത്ര പ്രവൃത്തികൾ ആരംഭിച്ചുവെന്നും എത്രയെണ്ണം പൂർത്തിയായെന്നും വിശദമാക്കാമോ?

മഞ്ചേരി നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള 12 പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+ ഇതിൽ 5 എണ്ണം ആരംഭിച്ചിട്ടുള്ളതും 3 എണ്ണം പൂർത്തിയായിട്ടുള്ളതുമാണ്.

(ബി) മഞ്ചേരി-ഒലിപ്പുഴ റോഡ് നിർമ്മാണ പ്രവൃത്തി ഇനിയും ആരംഭിക്കാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

20-08-2016-ലെ GO (Rt) No. 1192/2016/PWD ഉത്തരവുപ്രകാരം 10 കോടി രൂപയ്ക്ക് ഭരണാനുമതി മഞ്ചേരി-ഒലിപ്പുഴ റോഡ് BM&BC നിലവാരത്തിൽ നവീകരിക്കുന്ന പ്രവൃത്തിക്കായി 14-03-2018-ലെ APR-1/255//2016/KIIFB നടപടിക്രമ ഉത്തരവുപ്രകാരം സ്ഥലമേറ്റെടുപ്പ് ഉൾപ്പെടെ 85.61 കോടി രൂപയ്ക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നത് 17-06-2019-ലെ ചീഫ് എഞ്ചിനീയർമാരുടെ ടെക്നിക്കൽ കമ്മിറ്റി പരിഗണിച്ചുവെങ്കിലും സ്ഥലലഭ്യത പൂർണ്ണമായും ഉറപ്പുവരുത്താൻ നിർദ്ദേശിക്കുകയാണുണ്ടായതെന്നും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് 19-01-021-ലെ GO (Rt) No. 184/2021/RD പ്രകാരം റവന്യൂ വകുപ്പ് ഭരണാനുമതി നൽകുകയും 09-06-2022-ന് ഇതിനായി 6(1) വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ടെന്നും പദ്ധതിക്കാവശ്യമായ 13.60 മീറ്റർ വീതിയിൽ സ്ഥലമേറ്റെടുക്കുന്നതിന്റെ ഭാഗമായി അലൈൻമെന്റ് കല്ല് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണെന്നും സ്ഥലമേറ്റെടുപ്പ് നടപടി പൂർത്തീകരിച്ച് സാങ്കേതികാനുമതിക്കായുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുള്ളത്. സ്ഥലമേറ്റെടുപ്പ് നടപടി പൂർത്തീകരിച്ച് സാങ്കേതികാനുമതി ലഭ്യമാക്കിയശേഷം ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള ചുമതല നിർവ്വഹണ ഏജൻസിയായ KRFB-ക്കാണ്.

(സി) പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സ്ഥലമേറ്റെടുപ്പ് നടപടി പൂർത്തീകരിച്ച് സാങ്കേതികാനുമതി ലഭ്യമാക്കിയശേഷം ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള ചുമതല നിർവ്വഹണ ഏജൻസിയായ KRFB-ക്കാണ്.

## കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ച കിഫ്ബി പദ്ധതികൾ

139 (567) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി നിലവിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

കിഫ്ബി നിലവിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലെ വിവിധ നിയോജകമണ്ഡലങ്ങളിൽ അനുവദിച്ച പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) ഇവയിൽ പൂർത്തീകരിച്ചതും പൂർത്തിയാക്കാനുള്ളതും ഇതുവരെ ആരംഭിക്കാത്തതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഡി) പൂർത്തീകരിക്കാത്തതും ആരംഭിക്കാത്തതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് കാരണം സഹിതം വ്യക്തമാക്കാമോ?

(സി&ഡി) കാസർഗോഡ് ജില്ലയിൽ കിഫ്ബി വഴി അനുവദിച്ച പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.+

(ഇ) കാസർഗോഡ് മെഡിക്കൽ കോളേജിന് കിഫ്ബിയിൽനിന്ന് ഇതിനകം എത്ര ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അനുവദിച്ച ഫണ്ടുപയോഗിച്ച് നടത്തിയതും നടത്തിക്കൊണ്ടിരിക്കുന്നതും നടത്താൻ ബാക്കിയുള്ളതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ ഹോസ്പിറ്റൽ ബ്ലോക്കിന്റെ എം.ഇ.പി. വർക്കുകൾക്കായി കിഫ്ബി 31.69 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യാനുള്ള നടപടികൾ നിർദ്ദിഷ്ട എസ്.പി.വി. ആയ കിറ്റ്കോ സ്വീകരിച്ചുവരുന്നു.

(എഫ്) കാസർഗോഡ് മെഡിക്കൽ കോളേജിന് കിഫ്ബി ഫണ്ട് ഇനിയും അനുവദിക്കുമോ; വിശദാംശം നൽകാമോ?

കാസർഗോഡ് മെഡിക്കൽ കോളേജിനായി റസിഡൻഷ്യൽ കെട്ടിടങ്ങളുടെ നിർമ്മാണത്തിനും അനുബന്ധ പ്രവൃത്തികൾക്കുമായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

173 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് നിർദ്ദിഷ്ട എസ്.പി.വി. ആയ കിറ്റ്കോ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ പരിശോധന കിഫ്ബിയിൽ നടന്നുവരുന്നു. പരിശോധനയിൽ കിറ്റ്കോ സമർപ്പിക്കുന്ന മറുപടി കിഫ്ബി മാനദണ്ഡപ്രകാരം തൃപ്തികരമാണെങ്കിൽ അന്തിമ റിപ്പോർട്ട് തയ്യാറാക്കി പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. ഇതുകൂടാതെ സബ്സ്റ്റേഷൻ കെട്ടിടം, പെൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ, 2 നില ടീച്ചിംഗ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണത്തിനായി 9.22 കോടി രൂപയുടെ പദ്ധതി റിപ്പോർട്ടും കിറ്റ്കോയിൽനിന്നും കിഫ്ബിയിൽ ലഭിച്ചിട്ടുണ്ട്.

**പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

140 (568) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ചതും പൂർത്തിയാകാത്തതുമായ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ചതും പൂർത്തിയാകാത്തതുമായ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന വിവരം അറിയിക്കുമോ?

പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.+

(സി) ഓരോ പ്രവൃത്തിയും പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്ന് അറിയിക്കുമോ?

കിഫ്ബി ധനാനുമതി നൽകിയിട്ടുള്ളതും നാളിതുവരെ ആരംഭിച്ചിട്ടില്ലാത്തതുമായ പദ്ധതികളുടെ സാങ്കേതികാനുമതി, ടെണ്ടർ എന്നീ നടപടികൾ എസ്.പി.വി. സ്വീകരിച്ചുവരുന്നു. പദ്ധതി ആരംഭിച്ച് പൂർത്തിയാക്കുന്നതിന് നിലവിൽ കാലതാമസമൊന്നും നേരിടുന്നില്ല.

## മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ റോഡ് ഇംപ്രൂവ്മെന്റ് പ്രവൃത്തി

141 (569) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കിഫ്ബി പദ്ധതിയിൽ ഭരണാനുമതി ലഭിച്ച മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ മാസ്തമാരി-കുരുഡപ്പദവ് റോഡിന്റെ ഇംപ്രൂവ്മെന്റ് പ്രവൃത്തി കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം നടത്തുന്നത് ഉചിതമല്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കിഫ്ബി പദ്ധതിയിൽ ഭരണാനുമതി ലഭിച്ച മഞ്ചേശ്വരം മണ്ഡലത്തിലെ മാസ്തമാരി-കുരുഡപ്പദവ് റോഡ് പ്രവൃത്തിക്കായി നിർവ്വഹണ ഏജൻസിയായ KRFB സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബി പദ്ധതി അവലോകന വിഭാഗം പരിശോധിച്ചതിൽ, പ്രതിദിന ട്രാഫിക് volume വളരെ കുറവാണെന്ന് കണ്ടതിനാൽ പ്രസ്തുത റോഡ് കിഫ്ബി മാനദണ്ഡപ്രകാരം വികസിപ്പിക്കേണ്ടത് ഉചിതമല്ലായെന്ന് കണ്ടതിനാൽ പ്രസ്തുത പദ്ധതിയുമായി മുന്നോട്ട് പോയിട്ടില്ല.

(ബി) ഇത്തരത്തിൽ കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം നവീകരിക്കാൻ കഴിയാത്ത റോഡുകളുടെ അറ്റകുറ്റപ്പണിക്ക് ധനകാര്യ വകുപ്പ് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഗതാഗത യോഗ്യമല്ലാത്ത പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) കിഫ്ബി മാനദണ്ഡപ്രകാരം നവീകരിക്കാൻ കഴിയാത്ത റോഡുകളുടെ അറ്റകുറ്റപ്പണി നടത്താൻ പി.ഡബ്ല്യൂ.ഡി. മാന്വൽ പ്രകാരമുള്ള നടപടികൾ ഭരണവകുപ്പിന് സ്വീകരിക്കാവുന്നതാണ്. കിഫ്ബി മാനദണ്ഡപ്രകാരം വികസിപ്പിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ റോഡ് നവീകരിക്കുന്നതിനുള്ള ചുമതല പൊതുമരാമത്ത് വകുപ്പിനാണ്.

## മഞ്ചേശ്വരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

142 (570) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർവ്വഹണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

(എ&ബി) മഞ്ചേശ്വരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

## പനച്ചമൂടിൽ ആധുനിക മത്സ്യ മാർക്കറ്റ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

143 (571) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ പനച്ചമൂടിൽ കിഫ്ബി പദ്ധതി പ്രകാരം ആധുനിക മത്സ്യ മാർക്കറ്റ് നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

29-06-2018-ലെ സ.ഉ (സാധാ) നം.535/2018/മ.തു.വ. പ്രകാരം പനച്ചമൂട് മത്സ്യമാർക്കറ്റിന്റെ നവീകരണത്തിനായി പദ്ധതി നിർവ്വഹണ ഏജൻസിയായ (എസ്.പി.വി.) തീരദേശ വികസന കോർപ്പറേഷൻ സമർപ്പിച്ച വിശദമായ പദ്ധതിരേഖ കിഫ്ബി പരിശോധിച്ചശേഷം 09-08-2020-ലെ ഉത്തരവുപ്രകാരം 4,62,82,834/- രൂപയുടെ ധനാനുമതി നൽകിയിരുന്നു. തുടർന്ന്, 2016-ൽനിന്നും 2018-ലേയ്ക്ക് ഡി.എസ്.ആർ. മാറിയതിനെത്തുടർന്ന് 5,35,77,000/- രൂപയായി പുതുക്കിയ ധനാനുമതിയും നൽകി. നിലവിൽ പനച്ചമൂട് മത്സ്യമാർക്കറ്റ് പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് നിലനിന്നിരുന്ന പഴയ കെട്ടിടങ്ങൾ ഇടിച്ചുമാറ്റിയിട്ടുള്ളതും സിവിൽ-ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി എസ്.പി.വി. ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കിഫ്ബി ധനാനുമതി നൽകിയ മത്സ്യമാർക്കറ്റ് പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി 19-01-2023-ൽ KSCADC-യുമായി കൂടിയ യോഗത്തിൽ, പനച്ചമൂട് മത്സ്യമാർക്കറ്റ് പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് നിലനിന്നിരുന്ന പഴയ കെട്ടിടങ്ങൾ ഇടിച്ചുമാറ്റിയിട്ടുണ്ടെന്നും സിവിൽ-ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും KSCADC അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ, വർക്ക് അവാർഡ് ചെയ്ത് പദ്ധതി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ എസ്.പി.വി. സ്വീകരിക്കുന്നതാണ്.

**ഒലവക്കോട്-ധോണി റോഡ് നിർമ്മാണം**

144 (572) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെട്ടിട്ടുള്ള മലമ്പുഴ നിയോജകമണ്ഡലത്തിലെ ഒലവക്കോട്-ധോണി റോഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

01-11-2016-ലെ GO (Rt) No. 1502/2016/PWD നമ്പർ ഉത്തരവ് പ്രകാരം 10 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ള മലമ്പുഴ മണ്ഡലത്തിലെ റെയിൽവേ കോളനി-ധോണി-മുട്ടിക്കുളങ്ങര റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിക്ക് 09-11-2018-ലെ PWD006-26-PA-01 നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 12.66 കോടി രൂപയുള്ള ധനാനുമതി നൽകിയിരുന്നു. എന്നാൽ പിന്നീട് പ്രസ്തുത പ്രവൃത്തി ഫുൾ ഡെപ്ത് റിക്ലമേഷൻ (FDR) സാങ്കേതികവിദ്യയുപയോഗിച്ച് പുനരുദ്ധാരണം ചെയ്യുന്ന റോഡുകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ഇതിൻപ്രകാരം എസ്.പി.വി. സമർപ്പിച്ച പ്രൊപ്പോസൽ കിഫ്ബി പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. എന്നാൽ എസ്റ്റിമേറ്റ് തുക സാധാരണ നിരക്കിനേക്കാൾ അധികരിച്ചതിനാൽ സ്ഥല പരിശോധന ഉൾപ്പെടെയുള്ള വിശദമായ അവലോകനം നടത്തി മാത്രമേ പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകാൻ കഴിയുകയുള്ളൂ.

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കണമെന്ന് അറിയിക്കാമോ?

Full Depth Reclamation (FDR) സാങ്കേതികവിദ്യയിൽ നവീകരിക്കുന്നതിനായി നിർവ്വഹണ ഏജൻസി (KRFB) സമർപ്പിച്ച

എസ്റ്റിമേറ്റ് കിഫ്ബി വിശദമായ അവലോകനം നടത്തി കിഫ്ബി മാനദണ്ഡപ്രകാരമുള്ള വ്യവസ്ഥകളെല്ലാം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ജനറൽ ബോഡിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## മഹിളാ പ്രധാൻ ഏജന്റുമാരുടെ ആനുകൂല്യങ്ങൾ

145 (573) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ പദ്ധതിയിൽ ഉൾപ്പെടുന്ന മഹിളാ പ്രധാൻ ഏജന്റുമാർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പോസ്റ്റോഫീസ് മുഖേന ലഭിക്കുന്ന 4% കമ്മീഷന് പുറമെ, കേന്ദ്രസർക്കാർ 28-11-2011-ലെ നോട്ടിഫിക്കേഷൻ പ്രകാരം ഏജന്റുമാർക്ക് സംസ്ഥാന സർക്കാർ നൽകിവരുന്ന ഇൻസെന്റീവ് അലവൻസും ബോണസും നിർത്തലാക്കിയ സാഹചര്യത്തിൽ, 16-06-2012-ലെ സ.ഉ. (സാധാ)5933/2012/ധന നമ്പർ ഉത്തരവുപ്രകാരം ഏജന്റുമാരുടെ സേവനം സമ്പാദ്യ സമാഹരണത്തോടൊപ്പം സംസ്ഥാന സർക്കാർ നൽകിവരുന്ന

വിവിധ സേവനങ്ങൾ സംബന്ധിച്ച ബോധവത്കരണം ജനങ്ങളിലേയ്ക്കെത്തിക്കുന്നതിനുമായി ഏജന്റുമാർക്ക് 5.25% പ്രതിഫലം നൽകിവരുന്നു. കൂടാതെ ഏജന്റുമാർക്കുള്ള ക്ഷേമനിധി പദ്ധതി പ്രകാരം ചികിത്സാ സഹായം, ഏജന്റുമാരുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ്, ഏജന്റുമാർക്ക് ടെർമിനൽ ബെനിഫിറ്റ്, മരണപ്പെട്ടാൽ ഏജന്റുമാരുടെ അവകാശിക്ക് റിസ്ക് കവറേജ് ആനുകൂല്യം എന്നിവയും നൽകിവരുന്നു. ഏജന്റ്സ് പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് 65 വയസ്സ് തികയുന്ന മുറയ്ക്ക് പ്രതിമാസ പെൻഷനും നൽകിവരുന്നുണ്ട്.

(ബി) മഹിളാ പ്രധാൻ ഏജന്റുമാർക്ക് ഏർപ്പെടുത്തിയിട്ടുള്ള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

19-09-2000-ലെ സ.ഉ.(സാധാ)നം.5308/2000/ധന സർക്കാർ ഉത്തരവ് മുഖേന മഹിളാപ്രധാൻ ഏജന്റുമാർക്ക് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുമായി കൈകോർത്തുകൊണ്ട് ഒരു ഇൻഷ്വറൻസ് പദ്ധതി രൂപകൽപ്പന ചെയ്തിട്ടുണ്ട്. ഒരു ഏജന്റ് പ്രതിവർഷം 250 രൂപ ഇൻഷ്വറൻസ് പ്രീമിയം ഒടുക്കേണ്ടതുണ്ട്. പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഏജന്റിന് അപകടമരണം സംഭവിക്കുകയാണെങ്കിൽ 2.5 ലക്ഷം രൂപ ലഭിക്കുന്നതാണ്. കൂടാതെ തുക ഒടുക്കുവാൻ പോകുന്ന യാത്രാമധ്യേ പണം

നഷ്ടപ്പെടുകയാണെങ്കിൽ 20,000/-രൂപയും ഫിഡിലിറ്റി ഗ്യാരന്റിയായി 3.25 ലക്ഷം രൂപയും ലഭ്യമാകുന്നതാണ്.

(സി) മഹിളാ പ്രധാൻ ഏജന്റായിരിക്കേ മരണമടയുന്ന വ്യക്തിക്ക് ലഭ്യമാക്കുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ക്ഷേമനിധിയിൽ അംഗത്വമുള്ള മഹിളാപ്രധാൻ ഏജന്റായിരിക്കെ മരണമടയുന്ന വ്യക്തിയുടെ അവകാശിക്ക് റിസ്ക് കവറേജ് പരമാവധി 50,000/- രൂപ നൽകിവരുന്നു. കൂടാതെ സംസ്ഥാന സർക്കാർ ഏജന്റുമാർക്കായി ഏർപ്പെടുത്തിയിട്ടുള്ള ഇൻഷുറൻസ് പദ്ധതി പ്രകാരം ഏജന്റിന് അപകടമരണം സംഭവിച്ചാൽ 2.5 ലക്ഷം രൂപ സമാശ്വാസം ലഭിക്കുന്നതാണ്.

## ടി.ഡി.എസ്. വ്യവസ്ഥകൾ

146 (574) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് അടക്കമുള്ള സ്ഥാപനങ്ങൾ മറ്റ് സർക്കാരിതര സ്ഥാപനങ്ങളുമായി ഉണ്ടാക്കുന്ന കരാർ വഴി 2.5 ലക്ഷം രൂപയിൽ കൂടുതലുള്ള സാധനങ്ങൾ

വാങ്ങുമ്പോൾ ജി.എസ്.ടി. നിയമ പ്രകാരം ടി.ഡി.എസ്. കട്ട് ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടോ?

പൊതുമേഖലാ സ്ഥാപനങ്ങൾ പരസ്പരമോ പൊതുമേഖലാ സ്ഥാപനങ്ങൾ സർക്കാരുമായോ നടത്തുന്ന വിതരണങ്ങൾക്ക് ജി.എസ്.ടി. നിയമപ്രകാരമുള്ള ടി.ഡി.എസ്. ബാധകമല്ല. എന്നാൽ സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും പൊതുമേഖലാ സ്ഥാപനങ്ങളോ സർക്കാരോ സ്വീകരിക്കുന്ന നികുതിവിധേയമായ ചരക്കുകളുടെയോ സേവനങ്ങളുടെയോ വിതരണങ്ങൾക്ക് നൽകുന്ന പ്രതിഫലം രണ്ടരലക്ഷം രൂപയിൽ അധികരിക്കുന്നപക്ഷം ജി.എസ്.ടി. നിയമപ്രകാരം ടി.ഡി.എസ്. ബാധകമാണ്.

(ബി) ജി.എസ്.ടി. നമ്പർ ഇല്ലാത്ത സ്ഥാപനങ്ങളുമായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് കരാറുണ്ടാക്കുമ്പോൾ പർച്ചേസ് മാന്വൽ പ്രകാരം പാലിക്കേണ്ട മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ജി.എസ്.ടി. നമ്പറുള്ള സ്ഥാപനങ്ങളിൽ നിന്നുമാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എല്ലാവിധ സാധനങ്ങളും വാങ്ങുന്നത്. ജി.എസ്.ടി. നിയമം ബാധകമല്ലാത്ത സ്ഥാപനങ്ങളിൽനിന്നും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്

സംരംഭങ്ങൾക്കുവേണ്ടി കരാർ നൽകുന്ന സാഹചര്യത്തിലും സ്റ്റോർ പർച്ചേസ് നിയമപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ട്.

(സി) സ്റ്റെപ്സ് ഓയിൽ ഫീൽഡ് ആൻഡ് എക്യുപ്മെന്റ് ട്രേഡിംഗ് എൽ.എൽ.സി. എന്ന വിദേശ സ്ഥാപനത്തിൽനിന്നും N-95 മാസ്ക് വാങ്ങുക വഴി ജി.എസ്.ടി. ഈടാക്കാതെ സാമഗ്രികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വാങ്ങിയിട്ടുള്ളത് ഗൗരവത്തോടെ കാണുന്നുണ്ടോ?

സ്റ്റെപ്പ്സ് ഓയിൽ ഫീൽഡ് & എക്യൂപ്മെന്റ് ട്രേഡിംഗ് എൽ.എൽ.സി. എന്ന വിദേശ സ്ഥാപനത്തിൽനിന്നും എൻ-95 മാസ്ക് വാങ്ങിയത് കോവിഡ് മഹാമാരിയെന്ന അസാധാരണ സാഹചര്യത്തിൽ വിപണിയിൽ ടി സാധനത്തിന്റെ ദൗർലഭ്യം കണക്കിലെടുത്ത് ഒറ്റത്തവണ മാത്രമാണ്.

**നികുതി വരുമാനം വർദ്ധിപ്പിക്കാൻ നടപടി**

147 (575) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിലും നടപ്പ് സാമ്പത്തിക വർഷത്തിൽ നാളിതുവരെയും വിവിധ മേഖലയിൽനിന്നും സർക്കാരിന് ലഭിച്ച നികുതി, നികുതിയേതര വരുമാനം എത്രയാണെന്ന് ഇനംതിരിച്ച്

വ്യക്തമാക്കുമോ; ജി.എസ്.ടി. നടപ്പിലാക്കുന്നതിന് മുൻപുള്ള വാറ്റ് കുടിശ്ശിക എത്രയാണെന്ന് വിശദമാക്കുമോ?

കഴിഞ്ഞ സാമ്പത്തിക വർഷത്തിലും നടപ്പ് സാമ്പത്തിക വർഷത്തിൽ നാളിതുവരെയും വിവിധ മേഖലയിൽനിന്നും സർക്കാരിന് ലഭിച്ച നികുതി, നികുതിയേതര വരുമാനം അനുബന്ധമായി ചേർക്കുന്നു.+

ജി.എസ്.ടി. നടപ്പിലാക്കുന്നതിന് മുൻപും നടപ്പാക്കിയതിന് ശേഷമുള്ള കുടിശ്ശികയും ചേർത്ത് (30-11-2022 വരെ) വാറ്റ് കുടിശ്ശിക ഇനത്തിൽ 10,867.64 കോടി രൂപയാണ് ലഭിക്കാനുള്ളത്. ഇതിൽ ഭൂരിഭാഗവും റവന്യൂ റിക്കവറി, കോടതി സ്റ്റേ മുതലായവയിൽ കുരുങ്ങിക്കിടക്കുകയാണ്.

(ബി) നടപ്പ് സാമ്പത്തിക വർഷത്തിൽ നികുതി, നികുതിയേതര വരുമാനത്തിൽ പ്രതീക്ഷിച്ചതിൽനിന്നും കുറവ് രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളിലാണെന്ന് വിശദമാക്കാമോ?

2015-16 സാമ്പത്തിക വർഷത്തെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വാർഷിക വർദ്ധനവ് കണക്കാക്കി നികുതി പിരിവിൽ ഉണ്ടായിട്ടുള്ള കുറവ് കേന്ദ്ര സർക്കാർ നഷ്ടപരിഹാരമായി ജൂൺ 2022 വരെ നൽകിയിരുന്നു. ആയതിൻ പ്രകാരം നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ 2,354 കോടി രൂപ നഷ്ടപരിഹാരമായി ലഭ്യമായിട്ടുണ്ട്. നടപ്പ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമ്പത്തിക വർഷത്തിൽ revised ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ച നികുതി വരുമാനം 55,757 കോടി രൂപയാണ്. ഇതിൽ 72% (31, ഡിസംബർ 2022 വരെ) കൈവരിച്ചിട്ടുണ്ട്.

(സി) നികുതി ചോർച്ച തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

നികുതി ചോർച്ച തടയുന്നതിന് സ്വീകരിച്ച നടപടികൾ വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു.

<u>സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്</u>

ജി.എസ്.ടി. പൂർണ്ണമായും ഓൺലൈൻ അധിഷ്ഠിതമാണ്. അതിനാൽ വ്യത്യസ്തവും നൂതനവുമായ രീതിയിലുള്ള നികുതി വെട്ടിപ്പുകളാണ് കണ്ടുവരുന്നത്. ജി.എസ്.ടി. നിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി കൂടുതൽ കർശന നിബന്ധനകളിലൂടെ ഇത്തരം നികുതി വെട്ടിപ്പുകൾ തടയുന്നതിനും നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജി.എസ്.ടി. റിട്ടേണുകൾ വിശദമായ സ്ക്രൂട്ടിനി നടത്തി വ്യാപാരികൾ പിരിച്ചെടുത്ത നികുതി പൂർണ്ണമായും സർക്കാരിലേയ്ക്ക് ഒടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ജി.എസ്.ടി.യുമായി ബന്ധപ്പെട്ട ഡാറ്റ തത്സമയം കൃത്യമായി ലഭിക്കുന്നതിലേയ്ക്കായി

ജി.എസ്.ടി.എൻ. വികസിപ്പിച്ചെടുത്ത മോഡൽ 2 ബാക്ക് ഓഫീസ് സോഫ്റ്റ്‌വെയർ സംവിധാനത്തിലേയ്ക്ക് വകുപ്പ് പൂർണ്ണമായും മാറുകയുണ്ടായി. തത്ഫലമായി റിട്ടേണുകളുടെ സൂക്ഷ്മപരിശോധന, മൂല്യനിർണ്ണയം, ഓഡിറ്റ്, അപ്പീൽ, എൻഫോഴ്സ്മെന്റ്, റീഫണ്ട് തുടങ്ങിയ കാര്യങ്ങൾ നിർവ്വഹിക്കാനായി ഉദ്യോഗസ്ഥർക്ക് ഈ സംവിധാനം ഉപയോഗിക്കാൻ കഴിയും. സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ്, അഡ്ജ്യൂഡിക്കേഷൻ വിഭാഗങ്ങൾ കൂടുതൽ കർശന പരിശോധനകളിലൂടെ നികുതി വെട്ടിപ്പുകൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വലിയ തോതിലുള്ള നികുതി വെട്ടിപ്പ് കണ്ടെത്തിയ കേസുകളിൽ ജി.എസ്.ടി. നിയമപ്രകാരം ഇൻവെസ്റ്റിഗേഷൻ വിഭാഗം അറസ്റ്റ് ഉൾപ്പെടെയുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ജി.എസ്.ടി. നിയമത്തിനനുസൃതമായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി വകുപ്പിന്റെ പുനഃസംഘടന ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ഓൺലൈൻ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ജീവനക്കാർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>എക്സൈസ് കമ്മീഷണർ</u>

എക്സൈസ് വകുപ്പിന്റെ പ്രധാന വരുമാന സ്രോതസ്സ് ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്മേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടിയാണ്. ഇത്തരത്തിലുള്ള വരുമാനം വിദേശമദ്യ വിൽപ്പനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. എക്സൈസ് വകുപ്പുവഴി നൽകുന്ന എല്ലാ ലൈസൻസുകളും പെർമിറ്റുകളും മുൻകൂറായി ഫീസ്/നികുതി ഈടാക്കിയ ശേഷമാണ് നൽകുന്നത്. അനധികൃത മദ്യത്തിന്റെ വില്പന തടയുന്നതിന് എക്സൈസ് വകുപ്പ് എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്.

<u>രജിസ്ട്രേഷൻ വകുപ്പ്</u>

2010-ൽ ഭൂമിയുടെ ന്യായവില നിർണ്ണയിച്ച് പ്രസിദ്ധപ്പെടുത്തുകയും പ്രസ്തുത ന്യായവില 2014-ൽ 50 ശതമാനവും 2018, 2019, 2020, 2022 വർഷങ്ങളിൽ 10 ശതമാനം വീതവും വർദ്ധിപ്പിക്കുകയുമുണ്ടായി. നിലവിലുള്ള വിപണി വിലയും സർക്കാർ പ്രസിദ്ധീകരിച്ച ന്യായവിലയും തമ്മിലുള്ള അന്തരം കുറച്ചുകൊണ്ടുവരാനും നികുതി പിരിവ് കാര്യക്ഷമമാക്കുവാനുമായി, ഭൂമിയുടെ ന്യായവില സമഗ്രമായി പുനർനിർണ്ണയിക്കാൻ റവന്യൂ(ജി) വകുപ്പിന്റെ 14-08-2018-ലെ G.O(Ms)No.302/2018/RD നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില സമഗ്രമായി

പുനർനിർണ്ണയിക്കുന്നതിലൂടെ വിപണി വിലയും സർക്കാർ പ്രസിദ്ധീകരിച്ച ന്യായവിലയും തമ്മിലുള്ള അന്തരം കുറയ്ക്കാനും അതുവഴി നികുതി പിരിവ് കാര്യക്ഷമമാക്കാനും സാധിക്കുന്നതാണ്. ഈ ഉത്തരവ് പ്രകാരമുള്ള നടപടികൾ റവന്യൂ വകുപ്പിലും ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലുമാണ് നടന്നുവരുന്നത്. ഫ്ലാറ്റുകൾ/അപ്പാർട്ടുമെന്റുകൾ എന്നിവ വിലകുറച്ച് രജിസ്റ്റർ ചെയ്യുന്നത് കാരണമുള്ള റവന്യൂ നഷ്ടം ഒഴിവാക്കുന്നതിനായി 2016-ലെ ഫിനാൻസ് ആക്റ്റിലൂടെ ഫ്ലാറ്റുകൾ/അപ്പാർട്ടുമെന്റുകൾ എന്നിവ കൈമാറ്റം ചെയ്യുന്ന ആധാരങ്ങളിൽ കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ മാനദണ്ഡം അനുസരിച്ചുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി. അതിനുശേഷം 2020 ഏപ്രിൽ 1 മുതൽ ഫ്ലാറ്റുകൾ/അപ്പാർട്ടുമെന്റുകൾ ഒഴികെയുള്ള കെട്ടിടങ്ങൾ കൈമാറ്റം ചെയ്യുന്ന ആധാരങ്ങൾക്കും കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ മാനദണ്ഡം അനുസരിച്ചുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി. കുടിശ്ശികയുള്ള അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനും സർക്കാരിന് അധിക വിഭവ സമാഹരണം നടത്തുന്നതിനും 23-05-2018-ലെ G.O(P)No.74/2018/TD പ്രകാരം ആവിഷ്ക്കരിച്ച കോമ്പൗണ്ടിംഗ് പദ്ധതി 30-03-2022-ലെ

G.O(P)No.28/2022/Taxes പ്രകാരം 2023 മാർച്ച് 31-വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

ലാൻഡ് റവന്യൂ

മുൻ വർഷത്തെ അപേക്ഷിച്ച് വർദ്ധനവുണ്ട്. എങ്കിലും പരമാവധി പിരിവ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്ത് നികുതിയേതര വരുമാനം വർദ്ധിപ്പിക്കാനും വാറ്റ് അടക്കമുള്ള നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ വകുപ്പുകളിലെ നികുതിയേതര ഇനങ്ങളുടെ നിലവിലെ നിരക്കുകൾ (ഫീസുകൾ, ഫൈനുകൾ ഉൾപ്പെടെ) കാലികമായി പരിഷ്കരിച്ചിട്ടുണ്ട്. നിലവിലെ നിരക്കുകൾ പരിഷ്കരിക്കുന്നതിനും പുതിയ ഇനങ്ങൾ കണ്ടെത്തുന്നതിനുമുള്ള നടപടികൾ തുടർന്നുവരികയാണ്. അതോടൊപ്പം, വിവിധ വകുപ്പുകളിൽനിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും സർക്കാരിന് ലഭിക്കാനുള്ള കുടിശ്ശിക തുക ഈടാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുമുണ്ട്. ഈ നടപടികളിലൂടെ നികുതിയേതര ഇനങ്ങളിൽ നിന്നുള്ള വരുമാനം ഗണ്യമായി വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## നികുതി വരുമാനം വര്‍ദ്ധിപ്പിക്കാന്‍ നടപടി

148 (576) ശ്രീ. സി. ആര്‍. മഹേഷ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നികുതി വെട്ടിപ്പ് വര്‍ദ്ധിച്ച് വരുന്നതിനാല്‍ നികുതി വരുമാനം പ്രതീക്ഷയ്ക്കൊത്ത് ഉയരുന്നില്ലായെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കില്‍ വ്യക്തമാക്കാമോ?

നികുതി വെട്ടിപ്പ് വര്‍ദ്ധിച്ചത് കാരണമാണ് ജി.എസ്.ടി. വരുമാനം പ്രതീക്ഷിച്ച രീതിയില്‍ ഉയരാത്തതെന്ന് കണക്കാക്കിയിട്ടില്ല. ചരക്കുകളും സേവനങ്ങളും ഉപഭോഗം ചെയ്യപ്പെടുന്ന സ്ഥലത്തെ അടിസ്ഥാനമാക്കിയുള്ള ജി.എസ്.ടി. നികുതി സമ്പ്രദായം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വലിയ നേട്ടമായിരിക്കുമെന്നാണ് പ്രതീക്ഷിച്ചതെങ്കിലും നികുതി പിരിവില്‍ പ്രതീക്ഷിച്ച വര്‍ദ്ധനവുണ്ടായില്ല. ജി.എസ്.ടി. വന്നതോടുകൂടി സംസ്ഥാനങ്ങള്‍ക്ക് നികുതി നിയമത്തിന്മേല്‍ സ്വതന്ത്രമായി തീരുമാനമെടുക്കാന്‍ കഴിയാതായി. ജി.എസ്.ടി. തുടക്കത്തില്‍ വിഭാവനം ചെയ്തിരുന്ന ഓണ്‍ലൈന്‍ റിട്ടേണ്‍ സംവിധാനം പൂര്‍ണ്ണമായും നടപ്പിലാക്കാന്‍ കഴിയാതെ വന്നതും കോവിഡും പ്രകൃതി ദുരന്തങ്ങളും ഏല്പിച്ച ആഘാതങ്ങളും

ജി.എസ്.ടി. വരുമാനം പ്രതീക്ഷിച്ച തോതിൽ വർദ്ധിക്കാത്തതിന് കാരണമായി. ജി.എസ്.ടി.-യുടെ തുടക്കത്തിൽ സാധനങ്ങളുടെയും സേവനങ്ങളുടെയും നിരക്കുകൾ നിശ്ചയിച്ചത് റവന്യൂ ന്യൂട്രൽ റേറ്റ് ഏകദേശം പതിനഞ്ച് ശതമാനമാകത്തക്ക വിധത്തിലായിരുന്നു. വാറ്റ് സമ്പ്രദായത്തിൽ ഇത് 14.5% ആയിരുന്നു. എന്നാൽ പിന്നീട് തുടർച്ചയായി നികുതി നിരക്കുകളിൽ കുറവ് വരുത്തുകയും നിലവിൽ റവന്യൂ ന്യൂട്രൽ നിരക്ക് പതിനൊന്ന് ശതമാനത്തോളമായി കുറയുകയും ചെയ്തു. ഇത് സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുകയും ജി.എസ്.ടി. വരുമാനം കുറയുന്നതിന് കാരണമാവുകയും ചെയ്തിട്ടുണ്ട്. ജി.എസ്.ടി. പൂർണ്ണമായും ഓൺലൈൻ അധിഷ്ഠിതമാണ്. അതിനാൽ വ്യത്യസ്തവും നൂതനവുമായ രീതിയിലുള്ള നികുതി വെട്ടിപ്പുകളാണ് കണ്ടുവരുന്നത്. ജി.എസ്.ടി.-യിലെ നികുതി വെട്ടിപ്പ് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ട്. ജി.എസ്.ടി. നിയമം കാലോചിതമായി പരിഷ്കരിച്ച് കൂടുതൽ കർശന നിബന്ധനകളിലൂടെ ഇത്തരം നികുതി വെട്ടിപ്പുകൾ തടയുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് ഇൻവെസ്റ്റിഗേഷൻ, ഓഡിറ്റ് വിഭാഗങ്ങൾ കൂടുതൽ കർശന പരിശോധനകളിലൂടെ നികുതി വെട്ടിപ്പുകൾ കണ്ടെത്തി അത് തടയുന്നതിനും

നികുതിയും പിഴയും ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. രാജ്യമൊട്ടാകെ ജി.എസ്.ടി. വരുമാനത്തിലുണ്ടായ വളർച്ചയ്ക്ക് ആനുപാതികമായ വളർച്ച ജി.എസ്.ടി. വരുമാനത്തിൽ കേരളത്തിലും ഉണ്ടാകുന്നുണ്ട്. എന്നാൽ ജി.എസ്.ടി. നഷ്ടപരിഹാര നിയമത്തിൽ പറഞ്ഞിരിക്കുന്നതുപ്രകാരമുള്ള 14% നികുതി വർദ്ധനവ് ഇതുവരെ പ്രാപ്യമായിട്ടില്ല.

(ബി) നികുതി വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ജി.എസ്.ടി. നിയമത്തിനനുസൃതമായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ സമഗ്രവും ശാസ്ത്രീയവുമായ പുനഃസംഘടന ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്. ഇതിലൂടെ വകുപ്പിന്റെ ടാക്സ്പേയർ സർവ്വീസ്, ഓഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾ കൂടുതൽ ശക്തിപ്പെടുന്നതാണ്. നികുതി വെട്ടിപ്പിനെ സംബന്ധിച്ച അവബോധം പൊതുജനങ്ങളിൽ ഉണ്ടാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിന് പൊതുജനങ്ങളെക്കൂടി പങ്കാളികളാക്കിക്കൊണ്ടുള്ള പല പദ്ധതികളും സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സാങ്കേതികവിദ്യ കൂടുതലായി ഉപയോഗപ്പെടുത്തിക്കൊണ്ട് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ

കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കിവരുന്നുണ്ട്. ജീവനക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനുള്ള നടപടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ജി.എസ്.ടി.-യിലേയ്ക്ക് കൂടുതൽ ശ്രദ്ധ നൽകുന്നതിനായി ജി.എസ്.ടി.-ക്ക് മുൻപുള്ള നിയമങ്ങളിന്മേലുള്ള നടപടിക്രമങ്ങൾ എത്രയുംപെട്ടെന്ന് തീർപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് വ്യാജരേഖ ചമച്ച് ഇൻപുട്ട് ടാക്സ് വെട്ടിപ്പ് നടത്തിയ നിരവധി സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

നികുതി വെട്ടിപ്പിനായി വ്യാജ ബില്ലുകൾ തയ്യാറാക്കി നൽകുന്ന സംഘങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. അടയ്ക്ക, പ്ലൈവുഡ്, ഇരുമ്പ്, പാഴ് ഉല്പന്ന വ്യാപാരം എന്നീ മേഖലകളിലാണ് മേൽപ്പറഞ്ഞ നികുതി വെട്ടിപ്പുകൾ പ്രധാനമായും കണ്ടെത്തിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട 4 കേസുകളിൽനിന്നുമായി ജി.എസ്.ടി. നിയമം സെക്ഷൻ 69 പ്രകാരം 6 അറസ്റ്റുകൾ വകുപ്പ് നടത്തിയിട്ടുണ്ട്. ഇതിനുപുറമെ ജി.എസ്.ടി. നിയമം സെക്ഷൻ 122, 74 എന്നിവ പ്രകാരം നികുതി വെട്ടിച്ചവർക്കെതിരെ പിഴ ഈടാക്കൽ, നികുതി നിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട

നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ നികുതി വെട്ടിപ്പ് നടത്തുന്നതായി കണ്ടെത്തിയ സ്ഥാപനങ്ങളിൽ സെർച്ച് നടത്തി തുടർനടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു.

(ഡി) സംസ്ഥാന ജി.എസ്.ടി. വകുപ്പിന്റെ ഇൻവെസ്റ്റിഗേഷൻ, ഇന്റലിജൻസ് വിഭാഗങ്ങൾവഴി വ്യാജ രേഖകളിലൂടെ ഇൻപുട്ട് ടാക്സ് വെട്ടിക്കുന്നവരെ കണ്ടെത്തി അവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമോ?

ജി.എസ്.ടി. നിയമത്തിനനുസൃതമായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ സമഗ്രവും ശാസ്ത്രീയവുമായ പുനഃസംഘടന ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്. ഇതിലൂടെ വകുപ്പിന്റെ ഓഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ കൂടുതൽ ശക്തിപ്പെടുന്നതാണ്. വ്യാജരേഖകളിലൂടെ ഇൻപുട്ട് ടാക്സ് വെട്ടിക്കുന്നവരെ കണ്ടെത്തി ജി.എസ്.ടി. നിയമപ്രകാരം ഉചിതമായ നടപടി സ്വീകരിക്കാനുള്ള നിർദ്ദേശം ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾക്ക് നൽകിയിട്ടുണ്ട്.

## ജി.എസ്.ടി. വരുമാനം

149 (577) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീമതി ഉമ തോമസ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. മുഖേനയുള്ള വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. നികുതി വെട്ടിപ്പ് കാര്യക്ഷമമായി തടയുന്നതിനും നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജി.എസ്.ടി. റിട്ടേണുകൾ വിശദമായ സ്ക്രൂട്ടിനി നടത്തി വ്യാപാരികൾ പിരിച്ചെടുത്ത നികുതി പൂർണ്ണമായും സർക്കാരിലേയ്ക്ക് അടപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട ഡാറ്റ തത്സമയം കൃത്യമായി ലഭിക്കുന്നതിലേയ്ക്കായി ജി.എസ്.ടി.എൻ. വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയർ സംവിധാനത്തിലേയ്ക്ക് വകുപ്പ് പൂർണ്ണമായും മാറുകയുണ്ടായി. റിട്ടേണുകളുടെ സൂക്ഷ്മ പരിശോധന, മൂല്യ നിർണ്ണയം, ഓഡിറ്റ്, അപ്പീൽ, എൻഫോഴ്സ്മെന്റ് റീഫണ്ട് തുടങ്ങിയ ബാക്കൻഡ് ഫംഗ്ഷനുകൾക്കായി ഉദ്യോഗസ്ഥർ ഈ സംവിധാനം ഉപയോഗിക്കുന്നതാണ്. ജി.എസ്.ടി. നിയമത്തിനനുസൃതമായി സംസ്ഥാന

ചരക്ക സേവന നികുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി വകുപ്പിന്റെ പുനഃസംഘടന ഉൾപ്പടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ഓൺലൈൻ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും മെച്ചപ്പെട്ട പരിശീലനം നല്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ പൊതുജനങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് നികുതി ചോർച്ച തടയുന്നതിനുള്ള പദ്ധതികളും സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജി.എസ്.ടി.-ക്കുമുൻപുള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശിക പിരിക്കുന്നതിനായി ആംനസ്റ്റി പദ്ധതികളും സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പരിശീലനം നേടിയ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജി.എസ്.ടി. ഓഡിറ്റ് സംവിധാനം കുറ്റമറ്റതാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ജി.എസ്.ടി. നിയമത്തിൽ നികുതി പിരിവ് ഏറ്റവും കാര്യക്ഷമമായി ഉറപ്പുവരുത്തുന്നത് ഓഡിറ്റ് സംവിധാനമാണ്. വകുപ്പിന്റെ പുനഃസംഘടനയിൽ ജി.എസ്.ടി. നിയമപ്രകാരമുള്ള ഓഡിറ്റിന് വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് അതിനുവേണ്ട പരിശീലന

പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. വിദഗ്ധരുടെ സഹായത്തോടെ വിശദമായ പരിശീലനത്തിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ജി.എസ്.ടി. സമ്പ്രദായത്തിൽ നികുതി പിരിവിനായി പുതിയ സർവീസ് മേഖലകൾ തുറന്നുതന്നിട്ടും അത് ഉപയോഗപ്പെടുത്താൻ തയ്യാറായിട്ടില്ല എന്നത് വസ്തുതയാണോ?

സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിനെ സംബന്ധിച്ച് സേവന മേഖല ഒരു പുതിയ മേഖലയാണെങ്കിലും ടി മേഖലയുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനങ്ങൾ നൽകുകയും ഇതുവഴി സേവന മേഖലയിലെ നികുതി പിരിവുമായി ബന്ധപ്പെട്ട് കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നതിന് വകുപ്പിനെ പ്രാപ്തമാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. വകുപ്പിലെ ഇൻവെസ്റ്റിഗേഷൻ വിഭാഗം ഈ മേഖലയിൽ വലിയ രീതിയിലുള്ള നികുതി വെട്ടിപ്പുകൾ കണ്ടെത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സർവീസ് മേഖലയിൽനിന്നും നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കാൻ പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സർവീസ് മേഖലയുമായി ബന്ധപ്പെട്ട് നികുതി വെട്ടിപ്പ് തടയുന്നതിനായി വകുപ്പിലെ ഇൻവെസ്റ്റിഗേഷൻ വിഭാഗം കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇന്റലിജൻസ്, ഓഡിറ്റ് വിഭാഗങ്ങൾ

ശക്തിപ്പെടുത്തിയും ഉദ്യോഗസ്ഥർക്ക് കൂടുതൽ വിശദമായ പരിശീലനം നൽകിയും ഈ മേഖലയിൽ നിന്നുള്ള നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കേരളത്തിന്റെ നികുതി വരുമാനം**

150(578) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. വകുപ്പ് പുനഃസംഘടന ഏതെല്ലാം തലത്തിൽ ഗുണകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത്; പുനഃസംഘടിപ്പിക്കുന്നതോടെ കേരളത്തിന്റെ നികുതി വരുമാനം എത്രമാത്രം വർദ്ധിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാന നികുതി വരുമാനത്തിന്റെ ഗണ്യമായ അംശം നൽകുന്ന വകുപ്പാണ് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്. പുതിയ നികുതി സംവിധാനം നടപ്പിലായതോടെ നികുതി ഭരണ സംവിധാനത്തിലും കാതലായ മാറ്റങ്ങൾ അനിവാര്യമായിരുന്നു. മികച്ച നികുതിദായക സേവനങ്ങൾ നൽകുക, സംസ്ഥാനത്ത് ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുക, നികുതി വരുമാനം വർദ്ധിപ്പിക്കുക, വകുപ്പിലെ പ്രൊഫഷണലിസവും സ്പെഷ്യലൈസേഷനും വർദ്ധിപ്പിക്കുക,

നടപടിക്രമങ്ങൾ ലളിതമാക്കുക എന്നീ കാര്യങ്ങൾ വിഭാവനം ചെയ്തുകൊണ്ടുള്ള സമഗ്രമായ ഒരു പുനഃസംഘടനയാണ് വകുപ്പിൽ നടപ്പിൽ വരുത്തിയിട്ടുള്ളത്.

ടാക്സ് പേയർ സേവന വിഭാഗം, ഓഡിറ്റ് വിഭാഗം, എൻഫോഴ്സ്മെന്റ് ആൻഡ് ഇന്റലിജൻസ് വിഭാഗം എന്നീ മൂന്ന് വിഭാഗങ്ങളായാണ് വകുപ്പിനെ പുനഃസംഘടിപ്പിച്ചിട്ടുള്ളത്. ജി.എസ്.ടി. സംവിധാനം പൂർണ്ണമായും ഓൺലൈൻ അധിഷ്ഠിതമാണ്. സമഗ്രമായ ഒരു പുനഃസംഘടന വിഭാവനം ചെയ്തുവഴി നിലവിലുള്ള സംവിധാനങ്ങൾ ജി.എസ്.ടി. നിയമപ്രകാരം കൂടുതൽ ശക്തിപ്പെടുന്നതിനും പ്രൊഫഷണലായ പരിശീലനം ജീവനക്കാർക്ക് നൽകിയും സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തിയും നികുതിദായകർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും കാര്യക്ഷമമായി നികുതി നിർവ്വഹണം സാധ്യമാക്കുന്നതിനും കഴിയും.

നിലവിലെ ശരാശരി ജി.എസ്.ടി. മാസവരുമാനം 2,300 കോടി രൂപയാണ്. നടപ്പുസാമ്പത്തിക വർഷത്തിലെ ഇനിയുള്ള 3 മാസങ്ങളിലും ഈ തുക വരുമാനമായി പ്രതീക്ഷിക്കുന്നു.

(ബി) വാറ്റ്-ന്റെ കുടിശ്ശിക ഇനിയും എത്ര ലഭിക്കാനുണ്ടെന്ന് വിശദമാക്കാമോ?

30-11-2022 വരെ വാറ്റിന്റെ കുടിശ്ശിക ഇനത്തിൽ 10,867.64 കോടി രൂപയാണ് ലഭിക്കാനുള്ളത്.

(സി) ജി.എസ്.ടി. പുനഃസംഘടനയിലൂടെ എത്രമാത്രം അധിക വരുമാനം ലഭിക്കും; വിശദമാക്കാമോ?

കേരള പൊതുവില്പന നികുതി നിയമപ്രകാരമുള്ള ഓഫീസ് ഘടനയാണ് മൂല്യവർദ്ധിത നികുതി നിയമം പ്രാബല്യത്തിൽ വന്നപ്പോഴും വകുപ്പിൽ നിലനിന്നിരുന്നത്. മൂല്യവർദ്ധിത നികുതി നിയമം പ്രാബല്യത്തിൽ വന്നപ്പോൾ നിലവിലുണ്ടായിരുന്ന ഘടനയിൽ ചെറിയ വ്യത്യാസങ്ങൾ ടി നിയമമനുസരിച്ച് വരുത്തിക്കൊണ്ടാണ് നികുതി ഭരണം നിർവ്വഹിച്ചിരുന്നത്. രാജ്യത്ത് ജി.എസ്.ടി. നിയമം പ്രാബല്യത്തിൽ വന്നപ്പോഴും നിലവിലുള്ള ഘടനയിലൂടെ ജി.എസ്.ടി. നിയമപ്രകാരമുള്ള ജോലികൾ മുടക്കം കൂടാതെ നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ വകുപ്പ് സ്വീകരിച്ചിരുന്നു. നിലവിലുള്ള ഘടനയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും നികുതിദായകർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും കാര്യക്ഷമമായി നികുതി നിർവ്വഹണം സാധ്യമാക്കുന്നതിനുമാണ് പുനഃസംഘടന വിഭാവനം ചെയ്യുന്നത്.

നടപ്പ് സാമ്പത്തിക വർഷം ഡിസംബർ മാസം വരെ 21,949.66 കോടി രൂപ ജി.എസ്.ടി. നികുതി ഇനത്തിൽ ലഭിച്ചിട്ടുണ്ട്. നിലവിലെ ശരാശരി

ജി.എസ്.ടി. മാസവരുമാനം 2,300 കോടി രൂപയാണ്. നടപ്പ് സാമ്പത്തിക വർഷത്തിലെ ഇനിയുള്ള 3 മാസങ്ങളിലും ഈ തുക വരുമാനമായി പ്രതീക്ഷിക്കുന്നു.

## നികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടി

151 (579) ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നികുതി വെട്ടിപ്പ് കാര്യക്ഷമമായി തടയുന്നതിനും നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ജി.എസ്.ടി. റിട്ടേണുകളുടെ വിശദപരിശോധന വഴി വ്യാപാരികൾ പിരിച്ചെടുത്ത നികുതി പൂർണ്ണമായും സർക്കാരിലേയ്ക്ക് ഒടുക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട ഡാറ്റ തത്സമയം കൃത്യമായി ലഭിക്കുന്നതിലേയ്ക്കായി ജി.എസ്.ടി.എൻ. വികസിപ്പിച്ചെടുത്ത ബാക്ക് ഓഫീസ് സോഫ്റ്റ്‌വെയർ സംവിധാനത്തിലേയ്ക്ക് വകുപ്പ് പൂർണ്ണമായും

മാറുകയുണ്ടായി. തത്ഫലമായി റിട്ടേണുകളുടെ സൂക്ഷ്മപരിശോധന, മൂല്യനിർണ്ണയം, ഓഡിറ്റ്, അപ്പീൽ, എൻഫോഴ്സ്മെന്റ്, റീഫണ്ട് തുടങ്ങിയ ബാക്ക് ഓഫീസ് ഫംഗ്ഷനുകൾക്കായി ഉദ്യോഗസ്ഥർ ഈ സംവിധാനം ഉപയോഗിക്കും. ജി.എസ്.ടി. നിയമത്തിനനുസൃതമായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി വകുപ്പിന്റെ പുനഃസംഘടന ഇതിനോടകം പൂർത്തിയായിട്ടുണ്ട്. ഇതിലൂടെ വകുപ്പിന്റെ നികുതിദായക സേവനം, ഓഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾ കൂടുതൽ ശക്തിപ്പെടുന്നതാണ്. നികുതി വെട്ടിപ്പിനെ സംബന്ധിച്ച അവബോധം പൊതുജനങ്ങളിൽ ഉണ്ടാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനും പൊതുജനങ്ങളെക്കൂടി പങ്കാളികളാക്കിക്കൊണ്ടുള്ള പല പദ്ധതികളും സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ഓൺലൈൻ സാങ്കേതിക സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വകുപ്പിലെ ജീവനക്കാർക്ക് മികച്ച പരിശീലനം നൽകുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) വ്യാജ ബില്ലുകൾ തടയുന്നതിനും റിട്ടേൺ സ്ക്രൂട്ടിനി ഫലപ്രദമാക്കുന്നതിനും ഓഡിറ്റ്, എൻഫോഴ്സ്മെന്റ് നടപടി തുടങ്ങിയവ

ശക്തിപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വാഹന പരിശോധന, കടപരിശോധന എന്നിവയിലൂടെ വ്യാജ ബില്ലുകൾ കണ്ടെത്തുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് സംവിധാനങ്ങൾ വകുപ്പിൽ പ്രവർത്തിച്ചുവരുന്നു. റിട്ടേൺ സ്ക്രൂട്ടിനി ഫലപ്രദമായി നടത്തുന്നതിനുള്ള സംവിധാനങ്ങൾ എല്ലാ ജില്ലകളിലെയും ടാക്സ്പേയർ സർവ്വീസ് യൂണിറ്റുകളിൽ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ കാര്യക്ഷമമായി ഓഡിറ്റ് പ്രവർത്തനങ്ങൾ നടത്തുന്നതിനായി എല്ലാ ജില്ലകളിലും ഡെപ്യൂട്ടി കമ്മീഷണർമാരുടെ നേതൃത്വത്തിൽ ഓഡിറ്റ് ഡിവിഷനുകൾ രൂപീകരിച്ചിട്ടുണ്ട്. വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 47 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

(സി) വ്യാജ ബില്ലുകളുണ്ടാക്കി നികുതി വെട്ടിപ്പ് നടത്തുന്ന റാക്കറ്റ് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇതിനെ കാര്യക്ഷമമായി നേരിടാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നികുതി വെട്ടിപ്പിനായി വ്യാജ ബില്ലുകൾ തയ്യാറാക്കി നൽകുന്ന സംഘങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. അടയ്ക്ക, പ്ലൈവുഡ്, ഇരുമ്പ്, പാഴ്‌വസ്തു വ്യാപാരം എന്നീ മേഖലകളിലാണ് മേൽപ്പറഞ്ഞ നികുതി വെട്ടിപ്പുകൾ പ്രധാനമായും കണ്ടെത്തിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട 4 കേസുകളിൽനിന്നുമായി ജി.എസ്.ടി. നിയമം സെക്ഷൻ 69 പ്രകാരം 6 അറസ്റ്റുകൾ വകുപ്പ് നടത്തിയിട്ടുണ്ട്. ഇതിനുപുറമെ ജി.എസ്.ടി. നിയമം സെക്ഷൻ 122, 74 എന്നിവ പ്രകാരം നികുതി വെട്ടിച്ചവർക്കെതിരെ പിഴ ഈടാക്കൽ, നികുതി നിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ നികുതി വെട്ടിപ്പ് നടത്തുന്നതായി കണ്ടെത്തിയ സ്ഥാപനങ്ങളിൽ സെർച്ച് നടത്തി തുടർനടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്ത് വിൽക്കുന്ന ഓരോ സാധനത്തിനും ജി.എസ്.ടി. ബിൽ നൽകുന്നുണ്ടെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ജി.എസ്.ടി. നിയമപ്രകാരം വ്യാപാരികൾ കൃത്യമായി ബിൽ നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി ടെസ്റ്റ് പർച്ചേസ് നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് നൽകിയിട്ടുണ്ട്.

## ജി.എസ്.ടി. വകുപ്പ് പുനഃസംഘടന

152 (580) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. വകുപ്പ് പുനഃസംഘടന നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

റവന്യൂ കളക്ഷൻ വർദ്ധിപ്പിക്കുന്നതിനും മികച്ച നികുതിദായക സേവനങ്ങൾ നൽകുന്നതിനും സംസ്ഥാനത്ത് ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുന്നതിനും വകുപ്പിലെ പ്രൊഫഷണലിസവും സ്പെഷ്യലൈസേഷനും വർദ്ധിപ്പിക്കുന്നതിനും നടപടിക്രമങ്ങൾ ലളിതമാക്കുകയും ജീവനക്കാരുടെ ജോബ് സാറ്റിസ്ഫാക്ഷൻ മെച്ചപ്പെടുത്തുന്നതിനുംവേണ്ടി വകുപ്പിനെ പുനഃസംഘടിപ്പിക്കുന്നതിനായിട്ടുള്ള പ്രൊപ്പോസൽ കമ്മീഷണർ സമർപ്പിക്കുകയുണ്ടായി. G.O(Rt). No.593/2018/TAXES dated 13-08-2018 പ്രകാരം വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കാൻ ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയും സമിതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഇതിന്റെ തുടർച്ചയായി, ജി.എസ്.ടി. കൗൺസിലിന്റെ 45-ാമത് യോഗത്തെത്തുടർന്നുള്ള ശിപാർശകളും സർവ്വീസ് സംഘടനകളുടെ

ആവശ്യങ്ങളും കണക്കിലെടുത്ത് വകുപ്പിലെ ജീവനക്കാർ ഉൾപ്പെടെയുള്ള മറ്റ് stakeholder-ൽ നിന്ന് അഭിപ്രായങ്ങൾ തേടിയതിനുശേഷം പുതുക്കിയ പ്രൊപ്പോസൽ നികുതി വകുപ്പ് കമ്മീഷണർ സമർപ്പിക്കുകയുണ്ടായി. പരിഷ്കരിച്ച നിർദ്ദേശം സർക്കാർ വിശദമായി പരിശോധിക്കുകയും 02-08-2022-ലെ സർക്കാർ ഉത്തരവ് നമ്പർ (എം.എസ്.) 55/2022/TAXES, 29-12-2022-ലെ സർക്കാർ ഉത്തരവ് നമ്പർ (എം.എസ്.) 106/2022/ടാക്സസ് എന്നിവ പ്രകാരം സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് പുനഃസംഘടിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം വകുപ്പിൽ പുനഃസംഘടന നടപ്പിൽ വരുത്തിയിട്ടുണ്ട്.

(ബി) പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ജീവനക്കാരെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വ്യാപകമായി സ്ഥലം മാറ്റിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രാജ്യത്ത് ജി.എസ്.ടി. നിയമം നിലവിൽ വന്നതിനുശേഷം പുതിയ നികുതി ഘടനയിലേയ്ക്ക് കേരള സംസ്ഥാനവും മാറുകയുണ്ടായി. സംസ്ഥാന നികുതി വരുമാനത്തിന്റെ ഗണ്യമായ അംശം നൽകുന്ന വകുപ്പാണ് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്. പുതിയ നികുതി സംവിധാനം നടപ്പിലായതോടെ നികുതി ഭരണ

സംവിധാനത്തിലും കാതലായ മാറ്റങ്ങൾ അനിവാര്യമാണ്. ഈ പശ്ചാത്തലത്തിലാണ് നികുതി സംവർദ്ധനത്തിനും അതിന്റെ നിർവ്വഹണത്തിനും ഉതകുന്ന തരത്തിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തി വരുമാനമാർഗ്ഗം ശക്തിപ്പെടുത്തുന്നതിനായി വകുപ്പ് പുനഃസംഘടനയ്ക്കുള്ള നടപടികൾ ആരംഭിക്കുന്നത്. വിശദമായ ശിപാർശയുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് 02-08-2022-ലെ സ.ഉ.(എം.എസ്.) നം. 55/2022/TAXES പ്രകാരം വകുപ്പിനെ പുനഃസംഘടിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളത്.

പുനഃസംഘടനയുടെ ഭാഗമായി നിലവിലുണ്ടായിരുന്ന വകുപ്പിന്റെ എല്ലാ ഓഫീസുകളും ഇല്ലാതാവുകയും പുതിയ ഘടനയോടുകൂടിയ ടാക്സ്പേയർ സർവ്വീസസ് വിഭാഗം, ഓഡിറ്റ് വിഭാഗം, ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റ് വിഭാഗം എന്നീ മൂന്നുവിഭാഗങ്ങളിലായി പുതിയ ഓഫീസുകൾ നിലവിൽ വരികയും ചെയ്തു. നികുതിദായകരുടെ എണ്ണത്തെ അടിസ്ഥാനമാക്കിയാണ് ഓരോ ജില്ലയിലേയും ഓഫീസുകളും ജീവനക്കാരുടെ sanctioned strength-ഉം നിശ്ചയിച്ചിട്ടുള്ളത്. ഇത് ജില്ലകളിൽ മുൻപുണ്ടായിരുന്ന ജീവനക്കാരുടെ sanctioned strength കൂടുകയോ കുറയുകയോ ചെയ്യുന്നതിന് കാരണമായിട്ടുണ്ട്. പുനഃസംഘടനയുടെ

ഭാഗമായി ഇത്തരത്തിൽ പുതിയ ഓഫീസുകളിലേയ്ക്ക് ജീവനക്കാരെ പുനർ വിന്യസിക്കേണ്ടിവന്നു. സർക്കാർ മാനദണ്ഡങ്ങളനുസരിച്ചും അനുകമ്പാർഹമായ മറ്റു കാരണങ്ങൾ പരിഗണിച്ചും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് അനുയോജ്യരായ ജീവനക്കാരെ വിവിധ Vertical-ലേയ്ക്ക് പരിഗണിച്ചുമാണ് പുനർവിന്യാസം പൂർത്തീകരിച്ചിട്ടുള്ളത്.

(സി) പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ഉണ്ടായിട്ടുള്ള സ്ഥലമാറ്റം സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ജി.എസ്.ടി. നിയമം നിലവിൽ വന്നതിനുശേഷം ഇന്ത്യയിൽ നികുതി വകുപ്പിനെ സമഗ്രമായും ആധികാരികമായും പുനഃസംഘടിപ്പിച്ചിട്ടുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. നികുതിദായകരുടെ എണ്ണത്തെ അടിസ്ഥാനമാക്കിയാണ് ഓരോ ജില്ലയിലെയും ഓഫീസുകളും ജീവനക്കാരുടെ sanctioned strength-ഉം നിശ്ചയിച്ചിട്ടുള്ളത്. ഇത് ജില്ലകളിൽ മുൻപുണ്ടായിരുന്ന ജീവനക്കാരുടെ sanctioned strength കൂട്ടുകയോ കുറയുകയോ ചെയ്യുന്നതിന് കാരണമായിട്ടുണ്ട്. പുനഃസംഘടനയുടെ ഭാഗമായി ഇത്തരത്തിൽ പുതിയ ഓഫീസുകളിലേയ്ക്ക് ജീവനക്കാരെ പുനർവിന്യസിക്കേണ്ടിവന്നു. സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ചും

അനുകമ്പാർഹമായ മറ്റ് കാരണങ്ങൾ പരിഗണിച്ചും നികുതി പിരിവ് കാര്യക്ഷമമാകുന്നതിന് അനുയോജ്യരായ ജീവനക്കാരെ പരിഗണിച്ചുമാണ് പുനർവിന്യാസം പൂർത്തീകരിച്ചിട്ടുള്ളത്. സമയബന്ധിതമായി ജീവനക്കാരുടെ പുനർവിന്യാസം പൂർത്തീകരിക്കേണ്ടിവന്നപ്പോൾ ജീവനക്കാർക്കുണ്ടായ ചെറിയ അസൗകര്യങ്ങളും പരാതികളും പരിശോധിച്ച് പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**തൃശ്ശൂർ മെഡിക്കൽ കോളേജ് സബ് ട്രഷറി നിർമ്മാണം**

153 (581) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ തൃശ്ശൂർ മെഡിക്കൽ കോളേജ് സബ് ട്രഷറി നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ തൃശ്ശൂർ മെഡിക്കൽ കോളേജ് സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ള 12 സെന്റ് ഭൂമി റവന്യൂ വകുപ്പിൽ

ഉടമസ്ഥാവകാശം നിലനിർത്തി ജില്ലാ കളക്ടർ അനുവദിച്ചിട്ടുണ്ട്. ഇൻകെൽ ലിമിറ്റഡിന് പകരമായി പുതിയ അക്രെഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുന്നമുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കും വിധേയമായി നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ സബ് ട്രഷറി നിർമ്മാണം**

154 (582) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ സബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ സ്ഥലം എങ്ങനെയാണ് കണ്ടെത്തിയതെന്ന് അറിയിക്കാമോ?

ചെറുപുഴ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ജനകീയ കമ്മിറ്റി പണം നൽകി വാങ്ങിയ അഞ്ച് സെന്റ് ഭൂമിയിൽ പകുതിയോളം ചെറുപുഴ ഗ്രാമപഞ്ചായത്ത് കയ്യേറി നിർമ്മാണ പ്രവർത്തനം നടത്തിയിരുന്നു. ഇപ്പോൾ അതേ അളവിൽ ഭൂമി സബ് ഡിവിഷൻ നടത്തി ട്രഷറി വകുപ്പിന്റെ പേരിൽ അനുവദിച്ചിട്ടുണ്ട്.

(ബി) സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ചെറുപുഴ സബ് ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിനായി ഇൻകെൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയെങ്കിലും നിർമ്മാണ കാലതാമസം കാരണം തുടർനടപടികൾ നിർത്തിവച്ചു. ബിഡ്ഡിംഗ് പ്രക്രിയയിലൂടെ പുതിയ നിർമ്മാണ നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്ന പ്രക്രിയ നടന്നുകൊണ്ടിരിക്കുന്നു.

(സി) ഈ സാമ്പത്തിക വർഷംതന്നെ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ കഴിയുമോ; വിശദമാക്കാമോ?

പുതിയ നിർമ്മാണ നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്ന മുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കും വിധേയമായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**പയ്യന്നൂർ സബ് ട്രഷറി നിർമ്മാണം**

155 (583) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ സബ് ട്രഷറി നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കാമോ?

പയ്യന്നൂർ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാരിൽനിന്നും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുള്ളതും നിർമ്മാണ പ്രവൃത്തികൾക്കായി നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് PMC ആയി 2019 നവംബർ 4-ന് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതുമാണ്. കോവിഡ് മഹാമാരി നിർമ്മാണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുകയുണ്ടായി. അതിനാൽതന്നെ നിർമ്മാണ പ്രവൃത്തികൾ നീണ്ടുപോകുകയാണുണ്ടായത്. നിലവിൽ കെട്ടിടനിർമ്മാണം അന്തിമഘട്ടത്തിലാണ്. അവശേഷിക്കുന്ന 10% പ്രവൃത്തികൾ പൂർത്തിയായിവരുന്നു.

(ബി) പ്രസ്തുത നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് ഇൻകെൽ ലിമിറ്റഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ കണ്ണൂർ ജില്ലാ ട്രഷറി ഓഫീസറേയും ജില്ലയിലെ ഇതുമായി ബന്ധപ്പെട്ട നോഡൽ ഓഫീസറേയും ഇക്കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് എപ്പോൾ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

സർക്കാരിന്റെ മൂന്നാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി ഉദ്ഘാടനം നിശ്ചയിച്ചിരിക്കുന്ന ട്രഷറി കെട്ടിടങ്ങളിൽ പയ്യന്നൂർ സബ് ട്രഷറിയും ഉൾപ്പെട്ടിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് ഇൻകെൽ ലിമിറ്റഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കണ്ണൂർ ജില്ലാ ട്രഷറി ഓഫീസറേയും ജില്ലയിലെ ഇതുമായി ബന്ധപ്പെട്ട നോഡൽ ഓഫീസറേയും ഇക്കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

**മുണ്ടക്കയം സബ് ട്രഷറി കെട്ടിട നിർമ്മാണം**

156 (584) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ മുണ്ടക്കയം സബ് ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിനായി നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

മുണ്ടക്കയം സബ് ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിനായി ഇൻകെൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയെങ്കിലും നിർമ്മാണ കാലതാമസം കാരണം തുടർനടപടികൾ നിർത്തിവച്ചു. ബിഡ്ഡിംഗ് പ്രക്രിയയിലൂടെ പുതിയ നിർമ്മാണ നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്ന പ്രക്രിയ നടന്നുകൊണ്ടിരിക്കുന്നു.

(ബി) ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കി സബ്‌ട്രഷറിക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി പുറപ്പെടുവിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പുതിയ നിർമ്മാണ നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്ന മുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കും വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സർക്കാർ സേവനങ്ങളുടെ നിരക്ക് വർദ്ധനവ്**

157 (585) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറി സേവനങ്ങളുടെ നിരക്ക് വർദ്ധിപ്പിക്കുകയുണ്ടായോ; ഏതൊക്കെ സേവനങ്ങൾക്കാണ് നിലവിൽ നിരക്ക് വർദ്ധനവ് വരുത്തിയിട്ടുള്ളത്?

ട്രഷറി സേവനങ്ങളുടെ നികുതിയിതര ഇനങ്ങളുടെ നിരക്കുകൾ 19-12-2022-ലെ സ.ഉ.(സാധാ) നം.8598/2022/ധന ഉത്തരവുപ്രകാരം വർദ്ധിപ്പിക്കുകയുണ്ടായി. (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു)+

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ട്രഷറി സേവനങ്ങൾക്ക് പുറമെ മറ്റേതെല്ലാം സർക്കാർ സേവനങ്ങളുടെ നിരക്കുകളാണ് വർദ്ധിപ്പിച്ചിട്ടുള്ളത്?

ചുവടെ ചേർത്തിരിക്കുന്ന വകുപ്പുകളിൽനിന്ന് ലഭിച്ച ശിപാർശകൾ പരിശോധിക്കുകയും നിരക്ക് വർദ്ധനവ് വരുത്തുകയും ചെയ്തിട്ടുണ്ട്.

- ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് - സർവ്വേ ചാർജ്ജുകൾ
- ഫാക്ടറീസ് ബോയിലേഴ്സ് വകുപ്പിന് കീഴിലുള്ള, കേരളാ ഫാക്ടറീസ് റൂൾസ്, 1957 പ്രകാരം ഈടാക്കുന്ന നിരക്കുകൾ (തൊഴിൽ വകുപ്പ്)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

- കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1960 പ്രകാരം ഈടാക്കുന്ന നിരക്കുകൾ (തൊഴിൽ വകുപ്പ്)
- തടി വ്യാപാരവുമായി ബന്ധപ്പെട്ട നിരക്കുകൾ (വനം വകുപ്പ്)
- പോലീസ് വകുപ്പ് നല്കുന്ന സേവനങ്ങളുടെ നിരക്ക്
- ഫയർ & റെസ്ക്യൂ വകുപ്പ് നൽകുന്ന സേവനങ്ങളുടെ നിരക്ക്.

(സി) ഇവയിൽ ഏതൊക്കെ ഇനങ്ങളുടെ നികുതിയാണ് വർദ്ധിപ്പിച്ചിട്ടുള്ളത്; ഓരോ ഇനത്തിനും വരുത്തിയിട്ടുള്ള വർദ്ധനവ് എത്ര വീതമാണെന്ന് അറിയിക്കുമോ?

ഓരോ ഇനത്തിനും കുറഞ്ഞത് 5% വർദ്ധനവ് വരുത്തിയിട്ടുണ്ട്.

(ഡി) പുതുതായി മറ്റേതെല്ലാം ഇനങ്ങളുടെ നിരക്കുകൾ വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ആലോചിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

അധിക വിഭവ സമാഹരണവുമായി ബന്ധപ്പെട്ട് വകുപ്പുകളിൽനിന്നും ശിപാർശകൾ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് സേവന നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ് ചെയ്യുന്നത്.

(ഇ) ഇത്തരത്തിലുള്ള വർദ്ധനവുകളിലൂടെ നാളിതുവരെ സമാഹരിച്ച അധിക തുക എത്രയാണെന്ന് അറിയിക്കുമോ; സംസ്ഥാനത്തിന്റെ നിലവിലെ

സാമ്പത്തിക പ്രതിസന്ധി ഇപ്രകാരമുള്ള വർദ്ധനവുകളിലൂടെ മറികടക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഇപ്രകാരമുള്ള വർദ്ധനവിന്റെ ഫലങ്ങൾ തുടർന്നുള്ള വർഷങ്ങളിൽ മാത്രമേ പ്രതിഫലിക്കുകയുള്ളൂ. നികുതിയേതര ഇനങ്ങളിലുള്ള നിരക്ക് വർദ്ധനവ് സംസ്ഥാനത്തിന്റെ വിഭവലഭ്യതയിൽ കുറച്ച് മാറ്റങ്ങളുണ്ടാക്കും.

**ലോട്ടറി സമ്മാനത്തുകയിൽ ഘടനാപരമായ മാറ്റം**

158 (586) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറി ടിക്കറ്റിന്റെ സമ്മാനത്തുകയിൽ ഘടനാപരമായ മാറ്റം അനിവാര്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

പ്രതിവാര ഭാഗ്യക്കുറികളുടെ നിലവിലുള്ള സമ്മാനഘടന പ്രകാരം ലഭ്യമാകുന്ന വരുമാനത്തിന്റെ അറുപത് ശതമാനത്തോളം തുക സമ്മാനമായി ഇപ്പോൾതന്നെ പൊതുജനങ്ങൾക്ക് നല്കിവരുന്നുണ്ട്.

(ബി) സമ്മാനത്തുക കൂടുതൽ പേരിലേയ്ക്കെത്തിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഇക്കാര്യം പരിശോധിച്ചുവരുന്നു.

## കെ.എസ്.എഫ്.ഇ-യെ കൂടുതൽ ജനകീയമാക്കുന്നതിനുള്ള നടപടികൾ

159 (587) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യെ കൂടുതൽ ജനകീയമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കെ.എസ്.എഫ്.ഇ.-യെ കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി ചിട്ടികൾ, വായ്പകൾ എന്നിവയുടെ മാസത്തവണകൾ അടയ്ക്കുന്നതിന് ഓൺലൈൻ സംവിധാനം നിലവിലുണ്ട്. കൂടാതെ ജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമാകുന്ന വിധത്തിൽ കൂടുതൽ ശാഖകൾ തുറക്കുന്നതിനും അതുവഴി സാധാരണ ജനങ്ങൾക്കും കെ.എസ്.എഫ്.ഇ.-യുടെ സേവനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കെ.എസ്.എഫ്.ഇ.-യിൽ കൂടുതൽ മൾട്ടി ഡിവിഷൻ ചിട്ടികളുൾപ്പെടെ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

കെ.എസ്.എഫ്.ഇ.-യിൽ 2023-24 സാമ്പത്തിക വർഷത്തിൽ മൾട്ടിഡിവിഷൻ ചിട്ടികളുൾപ്പെടെ കൂടുതൽ ചിട്ടികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ. സ്വീകരിച്ചുവരുന്നു. ഈ വിധത്തിലുള്ള ചിട്ടികൾ ചെയ്ത് മാസ സല. ഉയർത്തുന്നതിനുവേണ്ടി ബിസിനസ്സ് ലക്ഷ്യം നിശ്ചയിച്ചിട്ടുണ്ട്.

**കുട്ടനാട്ടിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ**

160 (588) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ എല്ലാ പഞ്ചായത്തുകളിലും കെ.എസ്.എഫ്.ഇ.- യുടെ ബ്രാഞ്ചുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

കുട്ടനാട്ടിലെ എല്ലാ പഞ്ചായത്തുകളിലും കെ.എസ്.എഫ്.ഇ.-യുടെ ബ്രാഞ്ചുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) കെ.എസ്.എഫ്.ഇ. വഴി നൽകുന്ന സേവനങ്ങൾ കൂടുതൽ ലളിതമാക്കുന്നതിനും പലിശയിൽ ഇളവുകൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

കെ.എസ്.എഫ്.ഇ. വഴി നൽകുന്ന സേവനങ്ങൾ ലളിതവും സുതാര്യവുമാണ്. കൂടുതൽ ലളിതമാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ

ആലോചനയിലില്ല. തുടർച്ചയായി രണ്ടര വർഷം പലിശയിൽ ഇളവുകൾ നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിരുന്നു. എന്നാൽ പുതിയ പദ്ധതി ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**മെഡിസെപ്പ് പദ്ധതി**

161 (589) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുംവേണ്ടി നടപ്പിലാക്കിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിൽ മിക്ക ആശുപത്രികളും ഉൾപ്പെട്ടിട്ടില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മുഴുവൻ ആശുപത്രികളെയും മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ&ബി) പദ്ധതിയിൽ ഇനിയും എംപാനൽ ചെയ്യാത്ത സംസ്ഥാനത്തെ മെച്ചപ്പെട്ട ആശുപത്രികളെ പദ്ധതിയിൽ ഉൾപ്പെടുത്താൻ സർക്കാരും ഇൻഷ്വറൻസ് കമ്പനിയും നിരന്തരം ആശുപത്രികളുമായി ബന്ധപ്പെടുകയും ചർച്ചകൾ നടത്തിവരികയുമാണ്. കരാർ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്ന ആശുപത്രികളേയും വിഭാഗങ്ങളേയും

എംപാനൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആശുപത്രി എംപാനൽമെന്റ് ഒരു തുടർപ്രവർത്തനമാണ്.

**മെഡിസെപ്പ് ഇൻഷ്വറൻസ് പദ്ധതി**

162 (590) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് ഇൻഷ്വറൻസ് പദ്ധതിയുടെ ഗുണഭോക്താക്കളിൽ പെൻഷൻകാരുടെ ആശ്രിതരായി അവരുടെ മക്കൾ ഉൾപ്പെടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പെൻഷൻകാർക്ക് അവരുടെ പങ്കാളിയേയും മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളേയും (പ്രായപരിധി ബാധകമല്ല) മാത്രമാണ് പദ്ധതിയിൽ ഗുണഭോക്താവായി നിലവിൽ നിശ്ചയിച്ചിരിക്കുന്നത്.

(ബി) ജീവനക്കാരിൽനിന്നും പെൻഷൻകാരിൽനിന്നും ഒരേ പ്രീമിയം ഈടാക്കി നടപ്പിലാക്കിയ മെഡിസെപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളിൽ പെൻഷൻകാരുടെ ആശ്രിതരായി അവരുടെ മക്കളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഗുണഭോക്താക്കളെയും അവരുടെ ആശ്രിതരെയും നിശ്ചയിച്ച് മെഡിസെപ്പ് പദ്ധതി 01-07-2022 മുതൽ ആരംഭിച്ച സാഹചര്യത്തിൽ

കരാറിൽനിന്നും വ്യതിചലിച്ച് പെൻഷൻകാരുടെ ആശ്രിതരായി അവരുടെ മക്കളെ ഉൾപ്പെടുത്തുന്നതിന് ഈ പദ്ധതി കാലയളവിൽ നിർവ്വാഹമില്ല.

(സി) മെഡിസെപ്പിനായി എൻലിസ്റ്റ് ചെയ്ത ഹോസ്പിറ്റലുകളിൽ ലഭ്യമായ എല്ലാ ചികിത്സകളും പ്രസ്തുത പദ്ധതിയുടെ ഭാഗമാക്കാമോ?

മെഡിസെപ്പിനായി എൻലിസ്റ്റ് ചെയ്ത ഹോസ്പിറ്റലുകളിൽ ലഭ്യമായ എല്ലാ ചികിത്സകളും പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഓറിയന്റൽ ഇൻഷുറൻസ് കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മെഡിസെപ്പ് ഇൻഷ്വറൻസ് പദ്ധതി**

163 (591) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ഗുണഭോക്താക്കളായി സർക്കാർ ജീവനക്കാരും അദ്ധ്യാപകരും അവരുടെ ആശ്രിതരായ മാതാപിതാക്കൾ, ഭാര്യ/ഭർത്താവ്, ഇരുപത്തഞ്ച് വയസ്സിന് താഴെ പ്രായമുള്ള മക്കൾ എന്നിവർ ഉൾപ്പെടുമ്പോൾ പെൻഷൻകാരുടെ ആശ്രിതരായ മാതാപിതാക്കളും മക്കളും പദ്ധതിയുടെ പരിധിയിൽ വരുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പെൻഷൻകാർക്ക് അവരുടെ പങ്കാളിയേയും മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളേയും (പ്രായപരിധി ബാധകമല്ല) മാത്രമാണ് പദ്ധതിയിൽ ഗുണഭോക്താവായി നിലവിൽ നിശ്ചയിച്ചിരിക്കുന്നത്.

(ബി) ജീവനക്കാരിൽനിന്നും പെൻഷൻകാരിൽനിന്നും ഒരേ പ്രീമിയം തുക ഈടാക്കി നടപ്പിലാക്കിയ മെഡിസെപ് പദ്ധതിയുടെ ഗുണഭോക്താക്കളായി പെൻഷൻകാരുടെ മാതാപിതാക്കളേയും മക്കളേയും മാത്രം ഒഴിവാക്കിയ നടപടി പിൻവലിക്കുവാനും അവരെക്കൂടി പദ്ധതിയിൽ അംഗമാക്കുവാനും നടപടി സ്വീകരിക്കുമോ?

ഗുണഭോക്താക്കളെയും അവരുടെ ആശ്രിതരെയും നിശ്ചയിച്ച് മെഡിസെപ് പദ്ധതി 01-07-2022 മുതൽ ആരംഭിച്ച സാഹചര്യത്തിൽ കരാറിൽനിന്നും വ്യതിചലിച്ച് പെൻഷൻകാരുടെ ആശ്രിതരായി അവരുടെ മക്കളെ ഉൾപ്പെടുത്തുന്നതിന് ഈ പദ്ധതി കാലയളവിൽ നിർവ്വാഹമില്ല.

(സി) പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമിതരായ വിവിധ കമ്പനി/ബോർഡ് ജീവനക്കാരെ മെഡിസെപ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ജീവനക്കാരെ സർക്കാരിന്റെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റൽ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ മെഡിസെപ്പിലും ഇവരെ അംഗമാക്കാൻ സാധിക്കുമോ; അതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടോ; വിശദാംശം നൽകുമോ?

(സി&ഡി) കേരള സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബ പെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിൻകീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐശ്ചികാടിസ്ഥാനത്തിലും പദ്ധതിയുടെ ഗുണഭോക്താക്കളാണ്. പ്രസ്തുത ഗുണഭോക്താക്കളുടെ പ്രീമിയം തുക അവരുടെ ശമ്പളത്തിൽനിന്നും വിരമിക്കുന്ന അവസരത്തിൽ അവരുടെ പെൻഷനിൽനിന്നും ഈടാക്കുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. വിവിധ കമ്പനികളിലും ബോർഡുകളിലും നിലവിലുള്ള ശമ്പള/പെൻഷൻ വിതരണ പ്രക്രിയയിലൂടെ

ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രീമിയം ഈടാക്കുന്നതിലെ അപ്രായോഗികതയും സാങ്കേതിക ബുദ്ധിമുട്ടും കാരണമാണ് ആദ്യഘട്ടത്തിൽ മേൽവിഭാഗത്തെ പദ്ധതിയിൽ ഉൾപ്പെടുത്താത്തത്.

(ഇ) മെഡിസെപ്പിനായി എൻലിസ്റ്റ് ചെയ്ത അംഗീകൃത ഹോസ്പിറ്റലുകളിൽ ലഭ്യമായ എല്ലാ ചികിത്സകളും പദ്ധതിയുടെ ഭാഗമാക്കി ഗുണഭോക്താക്കൾക്ക് ചികിത്സാനുകൂല്യങ്ങൾ ലഭിക്കുവാൻ നടപടി സ്വീകരിക്കാമോ; വിശദമാക്കുമോ?

മെസിസെപ്പിനായി എൻലിസ്റ്റ് ചെയ്ത ഹോസ്പിറ്റലുകളിൽ ലഭ്യമായ എല്ലാ ചികിത്സകളും പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ആർ.സി.സി. മെഡിസെപ്പ് ആനുകൂല്യം**

164 (592) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ മെഡിസെപ്പ് ആനുകൂല്യത്തിൽ നൽകി വന്നിരുന്ന ചികിത്സയിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നിർത്തലാക്കിയതെന്ന് അറിയിക്കാമോ?

മെഡിക്കൽ, സർജിക്കൽ, റേഡിയേഷൻ, ഓങ്കോളജി വകുപ്പുകളിലായി മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചികിത്സാ പ്രക്രിയകളെല്ലാം അനുബന്ധമായി ചേർക്കുന്നു.+ പ്രസ്തുത ചികിത്സകൾക്കെല്ലാം മറ്റേത് ആശുപത്രിയിലേയുംപോലെ മെഡിസെപ്പ് പരിരക്ഷയിൽ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽനിന്നും ചികിത്സ ലഭ്യമാണ്. കൂടാതെ പാക്കേജിലില്ലാത്ത ചികിത്സാ പ്രക്രിയയ്ക്ക് 'unspecified' എന്ന വിഭാഗത്തിൽപ്പെടുത്തി 1.50 ലക്ഷം രൂപവരെ അനുവദിച്ചുവരുന്നു. മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഒരു ചികിത്സയും ആർ.സി.സി.-യിൽ നാളിതുവരെ നിർത്തലാക്കിയിട്ടില്ല.

(ബി) ഓറൽ കീമോതെറാപ്പിക്ക് നൽകി വന്നിരുന്ന ആനുകൂല്യം നിർത്തലാക്കാൻ ഇടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഓറൽ കീമോതെറാപ്പിക്ക് നൽകി വന്നിരുന്ന മെഡിസെപ്പ് ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) ഓറൽ കീമോതെറാപ്പി മെഡിസെപ്പ് പദ്ധതിയുടെ പരിധിയിൽ വരുന്നതല്ലെന്ന് ഇൻഷ്വറൻസ് കമ്പനി അധികൃതർ ദ്വൈവാര

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മെഡിസെപ്പ് അവലോകന യോഗത്തിൽ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ആനുകൂല്യം പുനഃസ്ഥാപിക്കുന്നത് അപ്രായോഗികമാണ്.

## മെഡിസെപ്പ് പദ്ധതി

165 (593) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കുമായി ആരംഭിച്ച മെഡിസെപ് പദ്ധതി നടപ്പാക്കുന്നതിനായി തെരഞ്ഞെടുത്തത് ഏത് കമ്പനിയെ ആണെന്ന് വ്യക്തമാക്കാമോ?

"ഓറിയന്റൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്" നെയാണ് സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കുമായി ആരംഭിച്ച മെഡിസെപ് പദ്ധതി നടപ്പാക്കുന്നതിനായി തെരഞ്ഞെടുത്തിരിക്കുന്നത്.

(ബി) മെഡിസെപ് പദ്ധതിയിൽനിന്നും പല ഹോസ്പിറ്റലുകളും പിന്തിരിയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം എന്താണെന്നും അതിനെതിരെ നടപടി സ്വീകരിക്കുവാൻ സാധിക്കുമോയെന്നും അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

മെഡിസെപ് പദ്ധതിയിൽ എംപാനൽ ചെയ്തശേഷം ചില പാക്കേജുകളുടെ നിരക്ക് കുറവുകൾ കാരണമോ ആശുപത്രികൾക്കുള്ള ഇൻഷുറൻസ് കമ്പനി നൽകേണ്ട പേമെന്റ് കുടിശ്ശിക കാരണമോ ആശുപത്രികൾ പിൻമാറുന്ന സാഹചര്യത്തിൽ അത്തരം ആശുപത്രികൾക്കെതിരെ കരാർ പ്രകാരമുള്ള നിയമ നടപടി സ്വീകരിക്കുവാൻ ഇൻഷുറൻസ് കമ്പനിക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## മെഡിസെപ്പ് പദ്ധതി

166 (594) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതിയിലൂടെ നാളിതുവരെ ചികിത്സ തേടിയവരുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് ഇതുവരെ മെഡിസെപ്പ് പദ്ധതി പ്രകാരം എത്ര രൂപയുടെ ധനസഹായം അനുവദിച്ചുവെന്ന് വിശദമാക്കാമോ?

(എ & ബി) സംസ്ഥാനത്ത് നാളിതുവരെ 145827 പേർക്ക് 417,50,41,567/- രൂപയുടെ ചികിത്സാനുകൂല്യം ലഭ്യമാക്കിയിട്ടുള്ളതായി ഇൻഷുറൻസ് കമ്പനി അറിയിച്ചിട്ടുള്ളത് അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മെഡിസെപ്പ് പദ്ധതി

167 (595) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മെഡിസെപ്പ് പദ്ധതി മുഖേന ജീവനക്കാർക്കും പെൻഷൻകാർക്കുമായി എത്ര തുകയാണ് ഇൻഷുറൻസ് ഇനത്തിൽ നൽകിയിട്ടുള്ളതെന്നും ഇത് എത്ര പേർക്കാണ് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

സംസ്ഥാനത്ത് നാളിതുവരെ 145827 പേർക്ക് മെഡിസെപ് പദ്ധതി മുഖേന 417,50,41,567/- രൂപയുടെ ഇൻഷുറൻസ് ആനുകൂല്യം നൽകിയിട്ടുള്ളതായി ഇൻഷുറൻസ് കമ്പനി അറിയിച്ചിട്ടുണ്ട്. ഇൻഷുറൻസ് കമ്പനി ലഭ്യമാക്കിയ കണക്ക് അനുബന്ധമായി ചേർക്കുന്നു.+

## മെഡിസെപ് പദ്ധതി ആനുകൂല്യം

168 (596) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെഡിസെപ് പദ്ധതിയിലൂടെ സംസ്ഥാനത്ത് എത്ര പേർക്ക് എത്ര രൂപയുടെ ചികിത്സാനുകൂല്യം നാളിതുവരെ നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നാളിതുവരെ, 145827 പേർക്ക് ചികിത്സാനുകൂല്യ ഇനത്തിൽ നൽകിയ 417,50,41,567/- രൂപയുടെ ജില്ലതിരിച്ചുള്ള ഇൻഷ്വറൻസ് കമ്പനി ലഭ്യമാക്കിയ കണക്ക് അനുബന്ധമായി ചേർക്കുന്നു.+

**ഭൂനികുതി-ന്യായവില പരിഷ്കരണങ്ങളിലൂടെയുള്ള അധിക വരുമാനം**

169 (597) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന ഭൂനികുതി പരിഷ്കരണത്തിലൂടെ സംസ്ഥാന സർക്കാരിന് നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ ലഭിച്ച അധിക വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം ഡിസംബർ മാസം 2022 വരെ ഭൂനികുതി ഇനത്തിൽ 556.58 കോടി രൂപ സംസ്ഥാന ഖജനാവിൽ വരവ് വച്ചിട്ടുണ്ട്. അടിസ്ഥാന ഭൂനികുതി വർദ്ധനവിലൂടെ മാത്രം ലഭിച്ച അധിക വരുമാനം പ്രത്യേകം അക്കൗണ്ട് ചെയ്യപ്പെടുന്നില്ല എന്നതിനാൽ വേർതിരിച്ച കണക്കുകൾ ലഭ്യമല്ല.

(ബി) ഭൂമിയുടെ ന്യായവിലയിൽ 10% ഒറ്റത്തവണ വർദ്ധനവ് നടപ്പിലാക്കിയതിലൂടെ സംസ്ഥാന സർക്കാരിന് നടപ്പ് സാമ്പത്തിക വർഷം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നാളിതുവരെ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ലഭിച്ച അധിക വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം ഡിസംബർ മാസം 2022 വരെ സ്റ്റാമ്പുകളും മുദ്രപ്പത്രങ്ങളും ഇനത്തിൽ 4,117.77 കോടി രൂപ സംസ്ഥാന ഖജനാവിൽ വരവ് വച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവിലയിലെ വർദ്ധനവിലൂടെ മാത്രം ലഭിച്ച അധിക വരുമാനം പ്രത്യേകം അക്കൗണ്ട് ചെയ്യപ്പെടുന്നില്ല എന്നതിനാൽ വേർതിരിച്ച കണക്കുകൾ ലഭ്യമല്ല.

**നിയമോപദേശത്തിന് ചെലവാക്കിയ തുക**

170 (598) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ പത്ത് വർഷം വിവിധ കേസുകളുമായി ബന്ധപ്പെട്ട് നിയമോപദേശത്തിന് ചെലവാക്കിയ തുക വർഷം തിരിച്ച് കേസുകളുടെ വിശദാംശം സഹിതം ലഭ്യമാക്കുമോ?

കഴിഞ്ഞ പത്ത് വർഷം വിവിധ കേസുകളുമായി ബന്ധപ്പെട്ട് നിയമോപദേശത്തിന് ചെലവാക്കിയ തുക വർഷം തിരിച്ച് കേസുകളുടെ വിശദാംശം സഹിതം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മങ്ങാട്ടുപാറയിൽ ഖനനം നടത്തുന്നതിന് നൽകിയ നിരാക്ഷേപ സാക്ഷ്യപത്രം റദ്ദാക്കിയതിനെതിരെ അപ്പീൽ

171 (599) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ ഉഴമലയ്ക്കൽ വില്ലേജിൽ ബ്ലോക്ക് 50, റീസർവ്വേ 399/1, 399/2, മങ്ങാട്ടുപാറയിൽ ഖനനം നടത്തുന്നതിന് ബഹു. ജില്ലാ കളക്ടർ നൽകിയ നിരാക്ഷേപ സാക്ഷ്യപത്രം സർക്കാർ നിർദ്ദേശപ്രകാരം റദ്ദാക്കിയതിനെതിരെ ശ്രീ. മുഹമ്മദ് ഷെരീഫ്, അൽ അമാം മൻസിൽ, നടുക്കുന്ന് പി.ഒ., പത്തനാപുരം എന്നയാൾ ബഹു. കേരള ഹൈക്കോടതിയിൽ നൽകിയ ഡബ്ല്യൂ.പി.(സി)4504/2020-ാം നമ്പർ ഹർജിയിലെ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർ എൻ.ഒ.സി. റദ്ദാക്കിയ ഉത്തരവ് സസ്പെൻഡ് ചെയ്തതിനെതിരെ അപ്പീൽ നൽകാൻ റവന്യൂ വകുപ്പിന് നിയമ വകുപ്പ് നിർദ്ദേശം നല്കിയിരുന്നോ?

ഉപദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത നിർദ്ദേശം റവന്യൂ വകുപ്പിനും അഡ്വക്കേറ്റ് ജനറലിനും നിയമ വകുപ്പ് നൽകിയിട്ടും യാതൊരു തുടർനടപടിയും സ്വീകരിച്ചിട്ടില്ലെന്ന വിവരം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ അപ്പീൽ സാധ്യത

പരിശോധിച്ച് വീണ്ടും അപ്പീൽ നൽകുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുമോ; വ്യക്തമാക്കുമോ?

നിർദ്ദേശം നിയമവകുപ്പിൽനിന്നും അഡ്വക്കേറ്റ് ജനറലിന് നൽകിയിട്ടില്ല. ശ്രദ്ധയിൽപ്പെട്ടില്ല. അപ്പീൽ നൽകുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പാണ്.

## വിദ്യാർത്ഥികൾക്ക് നിയമാവബോധം

172 (600) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ  വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾക്ക് നിയമാവബോധവും ഭരണഘടന സാക്ഷരതയും ഉറപ്പുവരുത്തുന്നതിനായി വകുപ്പ് എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിവരുന്നുവെന്ന് വിശദമാക്കാമോ?

വിദ്യാർത്ഥികളിൽ നിയമാവബോധവും ഭരണഘടനാ സാക്ഷരതയും ഉറപ്പുവരുത്തുന്നതിനായി കേരള സംസ്ഥാന നിയമ സേവന അതോറിറ്റി (കെൽസ) ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- കുട്ടികളിൽ നിയമാവബോധം വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ 12 വർഷമായി സ്കൂൾതലത്തിലും താലൂക്കുതലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും കെൽസയുടെ ആഭിമുഖ്യത്തിൽ നിയമ

പാഠപുസ്തകത്തെ ആസ്പദമാക്കി Higher Secondary വിദ്യാർത്ഥികൾക്കായി Quiz competition നടത്തിവരുന്നു.

- സ്കൂളുകളിൽ Legal Literacy Club-കൾ രൂപീകരിക്കുന്നതിനും കൗൺസിലിംഗ് ഉൾപ്പെടെ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾ (കെൽസ) വഴി നടത്തിവരുന്നു.

- പുതിയ തലമുറയെ സാക്ഷരരാക്കാനും ബോധവൽക്കരിക്കാനും കോളേജ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് സ്ത്രീധനം, സ്ത്രീധന നിരോധന നിയമം, ഗാർഹിക പീഢന നിയമം തുടങ്ങിയവയെക്കുറിച്ച് കെൽസ 2021 ജൂലൈയിൽ ഒരു മാസത്തെ ബോധവൽക്കരണ ക്യാമ്പയിൻ നടത്തി.

- ഭരണഘടന സാക്ഷരത ജനകീയമാക്കുന്നതിലേയ്ക്കായി ഭരണഘടന തത്ത്വങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിയമ സാക്ഷരത പരിപാടികൾ സംസ്ഥാനത്തുടനീളം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളുടെ ആഭിമുഖ്യത്തിൽ നടത്തിയിട്ടുണ്ട്.

- ഇന്റർനെറ്റിൽ പതിയിരിക്കുന്ന അപകടങ്ങളെക്കുറിച്ച് സ്കൂൾ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി കെൽസയുടെ നേതൃത്വത്തിൽ വനിതാ അഭിഭാഷക കൂട്ടായ്മയും എറണാകുളം ലാ

കോളേജുമായി സഹകരിച്ച് എറണാകുളത്തുള്ള തെരഞ്ഞെടുത്ത സ്കൂളുകളിൽ നിയമാവബോധനവും സർവ്വേയും നടത്തിയിട്ടുണ്ട്.

• നിയമ ഗോത്രം പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിയമ വിദ്യാഭ്യാസത്തിന് പ്രവേശനം ലഭിക്കുന്നതിനായി എൻട്രൻസ് കോച്ചിംഗ് ക്ലാസുകൾ നടത്തിവരുന്നുണ്ട്.

• ബുക്ക് ചലഞ്ച് പരിപാടിയുടെ ഭാഗമായി കെൽസയുടെ ആഭിമുഖ്യത്തിൽ ബാലമന്ദിരങ്ങളിൽ ലൈബ്രറികൾ സ്ഥാപിക്കുകയുണ്ടായി.

(ബി) ഇതിനായി വകുപ്പ് പഠന സാമഗ്രികൾ ലഭ്യമാക്കി നൽകുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?

കേരള സംസ്ഥാന നിയമ സേവന അതോറിറ്റി (കെൽസ) പഠനസാമഗ്രികൾ ലഭ്യമാക്കി നൽകുന്നുണ്ട്. വിദ്യാർത്ഥികളിൽ നിയമാവബോധവും ഭരണഘടന സാക്ഷരതയും ഉറപ്പുവരുത്തുന്നതിനായി വിവിധ പുസ്തകങ്ങൾ കെൽസ പ്രസിദ്ധീകരിക്കുന്നുണ്ട്.

a) നിയമപാഠം- സ്കൂൾ കുട്ടികൾക്ക്

b) നിയമപാഠം- കോളേജ് വിദ്യാർത്ഥികൾക്ക്

c) Lessons in Law for CBSE Students

• ഭരണഘടനയുടെ പ്രസക്ത ഭാഗങ്ങളും ഒരു പൗരൻ അറിഞ്ഞിരിക്കേണ്ട എല്ലാ പ്രധാനപ്പെട്ട നിയമങ്ങളും സ്കൂൾ നിയമപാഠത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

• തമിഴ് സംസാരിക്കുന്ന വിഭാഗം കുട്ടികൾക്കായി നിയമപാഠ പുസ്തകം തമിഴിൽ തയ്യാറാക്കി സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്.

**വ്യവസായ സംരംഭകത്വം പദ്ധതി**

173 (601) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ സംരംഭകത്വം പദ്ധതിയിൽ എത്ര പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ?

2022-23 സംരംഭക വർഷമായി കേരളാ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതി തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടപ്പാക്കിവരുന്നു.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വികസിപ്പിച്ച ഓൺലൈൻ സംവിധാനത്തിലെ വിവരമനുസരിച്ച് 31-01-2023 വരെയുള്ള കണക്ക് പ്രകാരം 127816 സംരംഭങ്ങൾ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത സംരംഭങ്ങൾ പ്രകാരം എത്ര രൂപയുടെ നിക്ഷേപം സമാഹരിച്ചുവെന്ന് വിശദമാക്കുമോ; ഇതിന്റെ അടിസ്ഥാനത്തിൽ എത്ര തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കപ്പെട്ടുവെന്ന് വ്യക്തമാക്കാമോ?

പദ്ധതി ആരംഭിച്ച് 2023 ജനുവരി 31 വരെയുള്ള കണക്കുപ്രകാരം സംസ്ഥാനത്ത് 127816 സംരംഭങ്ങൾ പ്രവർത്തനമാരംഭിക്കുകയും അവയിലൂടെ 7734.32 കോടി രൂപ നിക്ഷേപം ലഭ്യമാകുകയും സംസ്ഥാനമൊട്ടാകെ 275082 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ?

പുതുതായി സംരംഭങ്ങൾ ആരംഭിക്കുവാൻ താൽപ്പര്യമുള്ള വ്യവസായ സംരംഭകർക്ക് വിവിധങ്ങളായ സൗകര്യങ്ങളും ആനുകൂല്യങ്ങളും വ്യവസായ വകുപ്പുവഴി നിലവിൽ നൽകിവരുന്നുണ്ട്. സംസ്ഥാനത്ത് സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി,

നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്, ഒരു കുടുംബം ഒരു സംരംഭം പദ്ധതി, മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി, നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്നും ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം, കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (പി.എം.ഇ.ജി.പി) സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയ്ക്കായുള്ള പി.എം.എഫ്.എം.ഇ. പദ്ധതി എന്നീ വിവിധങ്ങളായ ധനസഹായ പദ്ധതികൾ വ്യവസായ വകുപ്പുവഴി നടപ്പിലാക്കിവരുന്നു.

സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽനിന്നും പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ മൂന്ന് വർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധനയില്ലാതെ ഉടൻതന്നെ ജില്ലാ ഏകജാലക

ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്നുവർഷം കാലാവധിയുണ്ടാകും. മൂന്ന് വർഷത്തിനുശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്.

കൂടാതെ ജില്ലാ സംസ്ഥാന തലങ്ങളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി K-CIS സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ദ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ. ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിനുകീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും (14) റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു.

സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ്

പരാതി പരിഹാര സംവിധാനം (Grievance Redressal System). ഇതുപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും 10 കോടി രൂപയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിന്മേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

കൂടാതെ 02-04-2022-ലെ GO(MS)No. 31/2022/ID പ്രകാരം Private Industrial Estate Scheme നിലവിൽ വരികയും ആയതിലൂടെ കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കുന്നതാണ്.

(ഡി) കോവിഡ് കാലത്ത് ആരംഭിച്ച് നഷ്ടത്തിലാവുകയും പ്രവർത്തന മൂലധനമില്ലാതെ അടച്ചുപൂട്ടുകയും ചെയ്ത സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ വ്യവസായ വകുപ്പിന് എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കോവിഡ് കാലത്ത് പ്രതിസന്ധിയിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ സഹായിക്കുന്നതിലേയ്ക്കായി 2020-ൽ വ്യവസായ ഭദ്രത പദ്ധതിക്ക് സർക്കാർ രൂപം നൽകിയിരുന്നു. കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, COVID-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

കോവിഡ് കാലത്ത് സംരംഭകരെ സഹായിക്കുന്നതിനായി ആരംഭിച്ച മേൽ ആനുകൂല്യങ്ങൾക്ക് പുറമെ മൂലധന ഗ്രാന്റുകളുടെയും പ്രവർത്തന മൂലധന പ്രോത്സാഹനങ്ങളുടെയും സഹായത്തോടെ പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകളെയും (defunct MSME) സമ്മർദ്ദമുള്ള (stressed) എം.എസ്.എം.ഇ. യൂണിറ്റുകളെയും പുനരുദ്ധരിക്കുന്നതിന് വകുപ്പുവഴി നടപ്പിലാക്കിവരുന്ന താഴെപ്പറയുന്ന പദ്ധതികൾ വഴിയുള്ള ആനുകൂല്യങ്ങളും ലഭ്യമാണ് .

1. The Kerala stressed MSMEs Revival & Rehabilitation Scheme
2. Revival and rehabilitation scheme for defunct MSMEs and cashew processing units.

**കെൽപാം**

174 (602) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷമായി കെൽപാം-ൽ ഒരു സ്ഥിരം എം.ഡി.യെ നിയമിക്കാതെ താൽക്കാലിക ചാർജ് നൽകിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായി എം.ഡി.-യെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉണ്ട്. സ്ഥിരം എം.ഡി.-യെ നിയമിക്കുന്നതിന് എം.ഡി.-യുടെ യോഗ്യത നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ദി കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ & റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വരുന്നതോടെ എം.ഡി. നിയമനം നടത്തുന്നതാണ്.

(ബി) 2021 നവംബർ മുതൽ നാളിതുവരെയായി കെൽപാമിലെ തൊഴിലാളികളുടെ ശമ്പളത്തിൽനിന്നും പിടിക്കുന്ന തുക പി.എഫ്.-ൽ ലയിപ്പിക്കാത്തത് എന്തുകൊണ്ടാണെന്നും ഈ തുക ഏത് ഫണ്ടിലേയ്ക്കാണ് വക മാറ്റിയിരിക്കുന്നതെന്നും വ്യക്തമാക്കുമോ; കെൽപാമിനിന്നും പിരിഞ്ഞുപോയ മുഴുവൻ ജീവനക്കാർക്കും പി.എഫ്. തുക കൈമാറിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ?

പുതിയ എം.ഡി. ചാർജ്ജെടുത്തശേഷം ട്രഷറി പേമെന്റ് നടപടിക്രമങ്ങൾ അപ്ഡേറ്റ് ചെയ്യുന്ന നടപടികൾ പുരോഗമിക്കുന്നു. ഇത് പൂർത്തിയായാൽ പി.എഫ്.-മായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതാണ്.

(സി) ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി.) കെൽപാം-ന് 2%, 3% എന്നീ പലിശ നിരക്കിൽ ലോൺ നൽകിയ ഒരു കോടി നാല്പതുലക്ഷം രൂപ കെൽപാം പന കയറ്റ്, മറ്റ് പന അനുബന്ധ തൊഴിൽ ചെയ്യുന്നവർക്കായി വായ്പ നൽകുകയും എന്നാൽ പ്രസ്തുത വായ്പയെടുത്തവരിൽനിന്നും 12% പലിശയും 15% പിഴ പലിശയും ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് എൻ.ബി.സി.എഫ്.ഡി.സി. കെൽപാമിന് രേഖാമൂലം അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

എൻ.ബി.സി.എഫ്.ഡി.സി വായ്പയെടുത്തവരിൽനിന്നും 6% പലിശയും 15% പിഴപ്പലിശയുമാണ് ഈടാക്കുന്നത്. മുൻമാനേജ്മെന്റിന്റെ കാലങ്ങളിൽ പലിശ ഈടാക്കിയ രീതിയിൽ ആണ് ഇപ്പോഴും പലിശ കണക്കാക്കുന്നത്.

(ഡി) കരാർ എടുത്ത സെക്യൂരിറ്റി ജീവനക്കാർക്കുവേണ്ടി സെക്യൂരിറ്റി ഓഫീസ് കെട്ടിയത് ഏത് ഫണ്ടിൽ നിന്നുമാണെന്ന് വ്യക്തമാക്കുമോ; ആരുടെ ഉത്തരവ് പ്രകാരമാണ് നിർമ്മാണം നടന്നതെന്നും അറിയിക്കുമോ?

സ്ഥാപനത്തിൽ ലഭ്യമായ ഫണ്ടിൽ നിന്നാണ് സെക്യൂരിറ്റി ഓഫീസ് നിർമ്മിച്ചിട്ടുള്ളത്. സ്ഥാപനങ്ങൾക്ക് സെക്യൂരിറ്റി സംവിധാനം ആവശ്യമാണ്. അവർക്ക് ദീർഘനേരം ഗാർഡ് ഡ്യൂട്ടി ചെയ്യേണ്ടതിനാലാണ് അവർക്ക് ഗേറ്റിന് സമീപം സൗകര്യം ഏർപ്പെടുത്തിയത്.

(ഇ) 2022 സെപ്റ്റംബർ മുതൽ നാളിതുവരെ കെൽപാം ചെയർമാൻ ഇന്ധന അലവൻസായി എത്ര രൂപ കൈപ്പറ്റിയെന്നും 2022 ഏപ്രിൽ മാസം മുതൽ കെൽപാമിൽ നടന്ന നിയമനങ്ങൾ ഏതൊക്കെയെന്നും നിയമനം നൽകിയവർക്ക് ഏത് ഉത്തരവ് പ്രകാരമാണ് ശമ്പളം നൽകി വരുന്നതെന്നും അറിയിക്കുമോ?

ഓഫീസ് ആവശ്യത്തിനും ചെയർമാന്റെ ഔദ്യോഗിക ആവശ്യത്തിനുമായി ഉപയോഗിക്കുന്ന വാഹനത്തിന് കെൽപാമിൽനിന്നും ഇന്ധനം നിറച്ചു നല്കുകയാണ് ചെയ്യുന്നത്. ഈ വാഹനത്തിന് ഇന്ധനത്തിനായി പ്രസ്തുത കാലയളവിൽ ചെലവഴിച്ചത് 84,999/- രൂപയാണ്. 2022 ഏപ്രിൽ മുതൽ കെൽപാമിൽ നടന്ന താത്കാലിക

ദിവസ-വേതന നിയമനങ്ങൾ ബോർഡ് തീരുമാനങ്ങൾക്കനുസൃതമായി താഴെപ്പറയും പ്രകാരമാണ്. പ്ലാന്റ് എഞ്ചിനീയർ-2, കെമിസ്റ്റ്/മൈക്രോ ബയോളജിസ്റ്റ്-1, അക്കൗണ്ട്സ് അസ്സിസ്റ്റന്റ്-1, ഡ്രൈവർ -1 .

(എഫ്) പണി പൂർത്തിയാകാത്ത പാലക്കാട് കല്ലേപുള്ളി കെൽപാം റൈസ് മില്ലിൽ രണ്ട് പ്ലാന്റ് എഞ്ചിനീയർമാരെ നിയമിച്ചിരിക്കുന്നതിന്റെ കാരണമെന്താണെന്നും ഈ നിയമനങ്ങൾ പട്ടികജാതി വകുപ്പിന്റെ അനുമതിയോടെയാണോയെന്നും വ്യക്തമാക്കുമോ; ഒരു അക്കൗണ്ട്സ് ഓഫീസറും രണ്ട് അസിസ്റ്റന്റുമാരും കെൽപാമിൽ ശമ്പളം കൈപ്പറ്റി ജോലി ചെയ്തിട്ടും എന്തുകൊണ്ട് നാളിതുവരെ ഓഡിറ്റിംഗിനാവശ്യമായ രേഖകൾ കൈമാറിയിട്ടില്ല എന്ന് വ്യക്തമാക്കുമോ?

പാലക്കാട് കല്ലേപ്പുള്ളിയിൽ നിർമ്മാണത്തിലിരിക്കുന്ന മോഡേൺ റൈസ് മില്ലിലേയ്ക്ക് പ്ലാന്റ് എഞ്ചിനീയർമാരെ നിയമിച്ചിട്ടില്ല. 2016 മുതൽ 2019 വരെയുള്ള സാമ്പത്തിക വർഷത്തെ ഓഡിറ്റ് പൂർത്തിയാക്കി രേഖകൾ എ.ജി.-ക്ക് സമർപ്പിച്ചിട്ടുള്ളതാണ്. അവസാന മൂന്നുവർഷത്തെ ഓഡിറ്റ് പൂർത്തിയാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

(ജി) കെൽപാമിൽ ഉപയോഗിക്കുന്ന റോട്ടറി ഫില്ലിംഗ് മെഷീന്റെ നിർമ്മാതാക്കൾ ആൻഫാർമ പ്രൈവറ്റ് ലിമിറ്റഡിന്റെ സർവ്വീസ് കരാർ

നിലനിൽക്കെ താൽക്കാലിക എം.ഡി.-യുടെ സുഹൃത്തിന് മെഷീൻ പരിശോധിക്കാൻ ഫ്ലൈറ്റ് ടിക്കറ്റ്, വി.ഐ.പി. താമസം, ഭക്ഷണം എന്നിവയ്ക്കായി എത്ര രൂപ കെൽപാം ചെലവഴിച്ചെന്നും ടിയാളുടെ ഇടനിലയിൽ പുതിയ മെഷീൻ വാങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ആൻഫാർമ പ്രൈവറ്റ് ലിമിറ്റഡിൽനിന്നും കെൽപാം 2019-ൽ ഏകദേശം 23 ലക്ഷം രൂപ നൽകി വാങ്ങിയ റോട്ടറി ഫില്ലിംഗ് മെഷീൻ നിലവിൽ സോഡ ഫില്ലിംഗിനുമാത്രം പ്രാപ്തമായതാണ്. പ്രസ്തുത മെഷീൻ കാർബണേറ്റഡ് സോഫ്റ്റ് ഡ്രിങ്ക് ഫില്ലിംഗിനായി ഉപയോഗിക്കുമ്പോൾ പ്രൊഡക്ഷൻ, ക്വാളിറ്റി, മെയിന്റനൻസ് സംബന്ധമായ നിരവധി പ്രശ്നങ്ങൾ നിരന്തരമായുണ്ടാകുന്നു. ഇതുമൂലം സാമ്പത്തികമായ നഷ്ടം സംഭവിക്കുകയാണ്. ഈ മെഷീനിൽ ഉണ്ടാകുന്ന ഫോമിംഗ്മൂലം ഉൽപ്പന്നങ്ങൾ ഉപയോഗശൂന്യമാകുകയും ഉപഭോക്താക്കളിൽനിന്നും തുടർച്ചയായി പരാതികൾ ഉയർന്നുവരികയും ചെയ്യുന്നു. മെഷീൻ ഇൻസ്റ്റലേഷൻ നടത്തിയ സമയം മുതൽ ആൻഫാർമ പ്രൈവറ്റ് ലിമിറ്റഡ് നിരവധി തവണ സർവീസ് ചെയ്തിട്ടും പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ വിദഗ്ദ്ധ അഭിപ്രായം അറിയുന്നതിനുവേണ്ടി രാജ്

ഇന്നോടെക്ക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും വിഷയം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഈ സ്ഥാപനത്തിലെ ഉദ്യോഗസ്ഥൻ കെൽപാം സന്ദർശിക്കുകയും റിപ്പോർട്ട് നൽകുകയും ചെയ്തു. 18,374/-രൂപയാണ് ഇതിനുവേണ്ടി ചെലവാക്കിയത്. ഇതിന് ബോർഡിന്റെ അനുമതിയുണ്ട്.

**ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

175 (603) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ എത്ര പൊതുമേഖല സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുവെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന കിൻഫ്ര ഉൾപ്പെടെ 24 സ്ഥാപനങ്ങൾ 2021-22 സാമ്പത്തിക വർഷത്തെ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം പ്രവർത്തനലാഭം നേടിയിട്ടുണ്ട്.

(ബി) പുതിയതായി എത്ര പൊതുമേഖല സ്ഥാപനങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നെന്ന് അറിയിക്കുമോ; വ്യക്തമാക്കുമോ?

പൊതുമേഖലയിൽ റബ്ബർ അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി സിയാൽ മാതൃകയിൽ ഒരു കമ്പനി രൂപീകരിക്കുന്നതിന്റെ ഭാഗമായി 'കേരള റബർ ലിമിറ്റഡ്' എന്ന പേരിൽ ഒരു കമ്പനി രജിസ്റ്റർ ചെയ്ത് നടപടികളാരംഭിച്ചിട്ടുണ്ട്.

കൂടാതെ കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ചിരുന്ന വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് 'കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്' എന്ന പേരിൽ പുനർനാമകരണം ചെയ്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖല സ്ഥാപനമായി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(സി) പൊതുമേഖല സ്ഥാപനങ്ങളുടെ അറ്റാദായത്തിൽനിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലഭിച്ച ലാഭം സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖല സ്ഥാപനമായ കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് 2021-22-ലെ പ്രവർത്തന ലാഭവിഹിതം നൽകുന്നതിന്റെ ഭാഗമായി 9.27 കോടി രൂപ ഇടക്കാല ലാഭവിഹിതമായി സർക്കാരിന് നൽകിയിട്ടുണ്ട്.

**കേരള സെറാമിക്സ് കമ്പനിയുടെ നവീകരണം**

176 (604) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ഏപ്രിൽ മുതൽ 2021 ഒക്ടോബർ വരെ കേരള സെറാമിക്സ് കമ്പനിയുടെ നവീകരണത്തിനായി സർക്കാർ ഫണ്ട് ലഭിച്ചിട്ടും നവീകരണം ശരിയായ രീതിയിൽ നടക്കാത്തതിനാൽ കമ്പനിക്ക് നഷ്ടം സംഭവിച്ചതായുള്ള ആക്ഷേപത്തിന്മേൽ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേരള സെറാമിക്സ് ലിമിറ്റഡിൽ 2016 മുതൽ നാളിതുവരെ പ്ലാന്റ് നവീകരണത്തിന്റെ ഭാഗമായി നടന്നിട്ടുള്ള സാമ്പത്തിക ക്രമക്കേടുകൾ അന്വേഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള സെറാമിക്സ് ലിമിറ്റഡിലെ AITUC, INTUC ട്രേഡ് യൂണിയനുകൾ സംയുക്തമായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർക്ക് 30-09-2021-ൽ സമർപ്പിച്ച പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1, തിരുവനന്തപുരം പരിശോധന നടത്തി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) കേരള സെറാമിക്സ് കമ്പനിയുടെ കെ.എസ്.ഇ.ബി. കുടിശ്ശിക കൊടുത്തുതീർക്കാനായി കമ്പനിയുടെ ഏതെങ്കിലും സ്ഥലം കെ.എസ്.ഇ.ബി.-ക്ക് നൽകാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

വൈദ്യുതി കുടിശ്ശികയിനത്തിൽ കെ.എസ്.ഇ.ബി.-ക്ക് 1986 മുതൽ 2012 വരെ കേരള സെറാമിക്സ് ലിമിറ്റഡ് നൽകാനുള്ള തുകയ്ക്ക് പകരമായി കേരള സെറാമിക്സിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം കെ.എസ്.ഇ.ബി.-ക്ക് കൈമാറ്റം ചെയ്യാനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) കമ്പനിക്ക് ക്ലേ എടുക്കുന്നതിനായി ഭൂമി വിട്ട് നൽകിയവർക്ക് വീടുകൾ നിർമ്മിച്ചുനൽകുന്നതിന് സ്ക്വയർ ഫീറ്റിന് 3,600 രൂപ എന്ന ഉയർന്ന നിരക്കിൽ കരാർ നൽകിയതിൽ അഴിമതിയുള്ളതായ ആക്ഷേപത്തിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കമ്പനിക്ക് ക്ലേ എടുക്കുന്നതിനായി ഭൂമി വിട്ടുനൽകിയവർക്ക് വീടുകൾ നിർമ്മിച്ചു നൽകുന്നതിന് സ്ക്വയർ ഫീറ്റിന് 3,600 രൂപ എന്ന ഉയർന്ന നിരക്കിൽ കരാർ നൽകിയിട്ടില്ല.

(ഡി) കമ്പനിയുടെ ഹെഡ് ഓഫീസിൽ ഫിനാൻസ് ഡിപ്പാർട്ട്മെന്റ് ഉൾപ്പെടെ 80 ശതമാനം ജീവനക്കാരും താല്ക്കാലിക ജീവനക്കാരാണ് എന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പി.എസ്.സി. മുഖേന ജീവനക്കാരെ നിയമിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

കമ്പനിയുടെ ഹെഡ് ഓഫീസിൽ ഫിനാൻസ് ഡിപ്പാർട്ട്മെന്റ് ഉൾപ്പെടെ നിലവിൽ 9 സ്ഥിരം ജീവനക്കാരും 5 താൽക്കാലിക ജീവനക്കാരും 3 അപ്രന്റീസുമാരുമാണുള്ളത്. 2013-16 കാലഘട്ടത്തിൽ നിലവിലുണ്ടായിരുന്ന ജൂനിയർ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും NJD ഒഴിവുകളുൾപ്പടെ 6 തവണകളായി 27 പേരെ പി.എസ്.സി. അഡ്വൈസ് ചെയ്തിരുന്നുവെങ്കിലും അതിൽ രണ്ട് പേർ മാത്രം നിയമനം സ്വീകരിച്ച് ജോലിയിൽ പ്രവേശിക്കുകയും ഒരുവർഷത്തിനകംതന്നെ കൂടുതൽ മെച്ചപ്പെട്ട ജോലി ലഭിച്ചതിനാൽ രാജിവയ്ക്കുകയും ചെയ്തു. 2018-ൽ നിലവിൽ വന്ന അടുത്ത റാങ്ക് ലിസ്റ്റിൽ നിന്നും 12 തവണകളായി 54 പേരെ പി.എസ്.സി. അഡ്വൈസ് ചെയ്തിരുന്നെങ്കിലും ഒരാൾ മാത്രം ജോലിക്ക് റിപ്പോർട്ട് ചെയ്യുകയും ഒന്നര വർഷത്തിനുശേഷം മെച്ചപ്പെട്ട ജോലി ലഭിച്ചതിനാൽ ടിയാൾ രാജിവച്ച് പോകുകയും ചെയ്തു. ഈ റാങ്ക് ലിസ്റ്റ് 2021-ൽ കാലഹരണപ്പെട്ടു.

കമ്പനിയുടെ ഹെഡ് ഓഫീസിൽ നിലവിലുള്ള ജൂനിയർ അസിസ്റ്റന്റുമാരുടെ 11 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും പി.എസ്.സി. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

(ഇ) കമ്പനിയുടെ നിലവിലെ എം.ഡി.-യുടെ പേരിൽ വിജിലൻസ് കേസുകൾ എന്തെങ്കിലും ഉണ്ടോയെന്ന് വ്യക്തമാക്കുമോ; നിലവിലെ എം.ഡി. ആറ് വർഷമായി ചുമതലയിൽ തുടരുന്ന സാഹചര്യത്തിൽ പകരം പുതിയ എം.ഡി.-യെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കമ്പനിയുടെ നിലവിലെ എം.ഡി.-യുടെ പേരിൽ വിജിലൻസ് കേസുകൾ ഒന്നും നിലവിലില്ല. നിലവിലെ എം.ഡി.-യെ മാറ്റി പുതിയ എം.ഡി.-യെ നിയമിക്കുന്ന പ്രൊപ്പോസൽ പരിഗണനയിലില്ല.

## വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

177 (605) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സെക്ടറുകളിലായി വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പൊതുമേഖല സ്ഥാപനങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ വിവിധ സെക്ടറുകളിലായി പ്രവർത്തിച്ചുവരുന്ന പൊതുമേഖല സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ഷോർട്ട് ടേം, മിഡ് ടേം, ലോംഗ്ടേം എന്നിങ്ങനെ ഘട്ടങ്ങളായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള എല്ലാ പൊതുമേഖല സ്ഥാപനങ്ങളേയും വൈവിധ്യവത്കരണത്തിലൂടെയും വിപുലീകരണത്തിലൂടെയും ശാക്തീകരിച്ച് ഓരോ സ്ഥാപനത്തിന്റെയും സ്വാശ്രയത്തിലൂന്നിയുള്ള നിലനിൽപ്പിനും അതോടൊപ്പം പുതിയ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിനാവശ്യമായ മൂലധന സ്വരൂപണത്തിനും കഴിയുന്ന തരത്തിൽ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടുകൂടി മാസ്റ്റർ പ്ലാൻ പദ്ധതികൾ സർക്കാർ നിർദ്ദേശപ്രകാരം കമ്പനികൾ തയ്യാറാക്കിയിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക രംഗത്തും ഉത്പാദന-വിപണന രംഗങ്ങളിലും ഉൾപ്പെടെ വ്യവസായ മേഖലയുമായി ബന്ധമുള്ള സമസ്ത രംഗങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് രൂപകൽപ്പന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്ത പദ്ധതികൾ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും നടപ്പിലാക്കിവരുന്നു.

കമ്പനികൾ ആവിഷ്കരിച്ചിരിക്കുന്ന മാസ്റ്റർ പ്ലാൻ പദ്ധതികൾ നടപ്പാക്കാൻ നിലവിൽ 9,467.1 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഹ്രസ്വ, ഇടത്തരം, ദീർഘകാലം എന്നീ മൂന്ന് ഘട്ടങ്ങളിലായി 405 പദ്ധതികൾ (റിയാബിന് കീഴിലുള്ള 41 പൊതുമേഖല സ്ഥാപനങ്ങളിൽ) അടുത്ത പത്തു വർഷത്തിനുള്ളിൽ നടപ്പാക്കാൻ മാസ്റ്റർപ്ലാൻ ലക്ഷ്യമിടുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ടോ? വിശദ വിവരം ലഭ്യമാക്കുമോ?

മാസ്റ്റർ പ്ലാൻ പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ വിദഗ്ധ സാങ്കേതിക സഹായം ഉറപ്പുവരുത്തുന്നതിനും വ്യവസായ മേഖലയിൽ വിവിധ രംഗങ്ങളിൽ പ്രത്യേക പ്രാവീണ്യമുള്ള വിദഗ്ധരെ ഉൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് റിയാബിന്റെ നേതൃത്വത്തിൽ കൊച്ചിയിൽ സജ്ജമാക്കിയിട്ടുണ്ട്. ടെക്നിക്കൽ,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രോജക്ട് എക്സിക്യൂഷൻ, ഫിനാൻസ് എന്നീ മേഖലകളിൽ നൈപുണ്യം നേടിയ പ്രസ്തുത വിദഗ്ദ്ധരുടെ സേവനം വ്യവസായ, കയർ, കശുവണ്ടി വകുപ്പുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ എക്സ്പെർട്സായി 11 വിദഗ്ദ്ധരുടെയും ഫിനാൻസ് എക്സ്പെർട്സായി രണ്ട് വിദഗ്ദ്ധരുടെയും സേവനമാണ് ലഭ്യമാക്കിയിരിക്കുന്നത്. മാസ്റ്റർ പ്ലാൻ പദ്ധതികളുടെ ആസൂത്രണത്തോടൊപ്പം നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ടെക്നിക്കൽ കോ-ഓർഡിനേഷൻ ചുമതലയും നിർവഹിക്കുന്നതിനായി ഉയർന്നതലത്തിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള ഒരു വിദഗ്ദ്ധനെ അഡ്വൈസർ (മാസ്റ്റർ പ്ലാൻ) ആയും നിയോഗിച്ചിട്ടുണ്ട്.

## പൊതുമേഖല സ്ഥാപനമായ കെൽ-ന്റെ പ്രവർത്തനം

178 (606) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പൊതുമേഖല സ്ഥാപനമായ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി (കെൽ)-യുടെ കഴിഞ്ഞ 2 വർഷത്തെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

കമ്പനിയുടെ മാമല യൂണിറ്റിലെ ഡിസൈൻ വിഭാഗം ഉൽപ്പാദനച്ചെലവ് കുറഞ്ഞ ഉന്നത നിലവാരമുള്ള ട്രാൻസ്ഫോർമറുകൾ വികസിപ്പിച്ചെടുക്കുകയുണ്ടായി. അതുവഴി മത്സരാധിഷ്ഠിത ടെൻഡറുകളിൽ കമ്പനി പങ്കെടുത്ത് കെ.എസ്.ഇ.ബി. ലിമിറ്റഡിൽനിന്നും ഓർഡർ കരസ്ഥമാക്കിയിട്ടുണ്ട്. ഈ ഓർഡർ 2023 മാർച്ച് മാസത്തോടുകൂടി ചെയ്തുതീർക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. അതോടെ മാമല യൂണിറ്റ് പ്രവർത്തനലാഭം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കമ്പനിയുടെ കുണ്ടറ യൂണിറ്റിൽ റെയിൽവേയ്ക്ക് ആവശ്യമായ 230 KW ട്രാക്ഷൻ ആൾട്ടർനേറ്റർ വികസിപ്പിച്ച്, RDSO അംഗീകാരത്തോടെ, 20 മെഷീൻ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തി. ഇപ്പോൾ വീണ്ടും 20 മെഷീനുള്ള ഓർഡർകൂടി ലഭിച്ചിട്ടുണ്ട്.

കുണ്ടറ യൂണിറ്റിൽ ഇലക്ട്രിക് ബസ്, ഓട്ടോറിക്ഷ തുടങ്ങിയവയ്ക്കുള്ള വിവിധ തരം EV മോട്ടോറുകൾ വികസിപ്പിച്ചുവരുന്നു. ആദ്യ പ്രോട്ടോടൈപ്പ് കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്, ഓട്ടോയിൽ ഘടിപ്പിച്ച് വിജയകരമായി പരീക്ഷണ ഓട്ടം നടത്തുകയുണ്ടായി.

കെ.എസ്.ആർ.ടി.സി.-യുടെ ബസുകൾ, ജലഗതാഗത വകുപ്പിന്റെ ബോട്ടുകൾ, ഓട്ടോറിക്ഷകൾ തുടങ്ങിയവയിലെ പഴയ ഡീസൽ എഞ്ചിനുകൾ

മാറ്റി ഇലക്ട്രിക് വാഹനങ്ങളാക്കുന്ന പദ്ധതിക്ക് കമ്പനി തുടക്കം കുറിച്ചിട്ടുണ്ട്. ഇലക്ട്രിക് വാഹനങ്ങളുടെ ഉല്പാദനരംഗത്ത് പരിചയമുള്ള വിദഗ്ധരുടെ സാങ്കേതിക സഹായത്തോടെ പെട്രോൾ/ഡീസലിൽ പ്രവർത്തിച്ചിരുന്ന ഇരുചക്ര വാഹനവും നാല് ചക്രവാഹനവും പരീക്ഷണാടിസ്ഥാനത്തിൽ ഇലക്ട്രിക് വാഹനങ്ങളാക്കി മാറ്റി വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പദ്ധതി വിജയകരമായി പൂർത്തീകരിച്ച് ARAI അംഗീകാരം നേടുന്നതോടുകൂടി, കമ്പനിയുടെ പ്രവർത്തന പദ്ധതികൾ വിപുലീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) 'കെൽ'- എന്ന സ്ഥാപനത്തിൽനിന്നും നൽകുന്ന എംപാനൽമെന്റ് നടപടിക്രമങ്ങൾ വ്യക്തമാക്കാമോ; കഴിഞ്ഞ 2 വർഷത്തിനുള്ളിൽ ഈ സ്ഥാപനത്തിൽനിന്നും വിവിധ കാറ്റഗറിയിൽ എംപാനൽമെന്റ് നൽകിയതിന്റെ വിശദാംശങ്ങൾ ജില്ല/കമ്പനിയുടെ പേര് /നടപടിക്രമങ്ങളുടെ പകർപ്പ് എന്നിവ സഹിതം നൽകാമോ?

കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിൽ എംപാനൽമെന്റ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ താഴെപറയുന്ന പ്രകാരമാണ്.

1) കമ്പനിയുടെ വെബ്സൈറ്റ്/പത്രപരസ്യം

2) അപേക്ഷകളുടെ സൂക്ഷ്മ പരിശോധന - (കമ്പനി ഇതിനായി രൂപീകരിച്ച കമ്മിറ്റി)

3) യോഗ്യതയുള്ളവർക്ക് വ്യവസ്ഥകൾക്ക് വിധേയമായി ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ അനുമതിയോടെ എംപാനൽ അനുവദിച്ചുനൽകുന്നു. കഴിഞ്ഞ 2 വർഷത്തിനുള്ളിൽ ഈ സ്ഥാപനത്തിൽനിന്നും വിവിധ കാറ്റഗറികളിൽ എംപാനൽമെന്റ് വഴി രജിസ്റ്റർ ചെയ്തവരുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) കഴിഞ്ഞ 6 മാസത്തിനുള്ളിൽ കെൽ-ൽ എംപാനൽമെന്റിനായി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ വിവരം, അവയുടെ നിലവിലെ അവസ്ഥ, നാളിതുവരെ എംപാനൽമെന്റ് നൽകാൻ സാധിക്കാത്തതിനുള്ള കാരണം, അടിയന്തരമായി എംപാനൽമെന്റ് നൽകുവാൻ സ്വീകരിക്കുന്ന നടപടികൾ എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ?

14-09-2022-ൽ ഈ സ്ഥാപനം എംപാനൽമെന്റിനായി അപേക്ഷ ക്ഷണിച്ചിരുന്നു. ഇതിനായി 35 പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അവയുടെ സൂക്ഷ്മപരിശോധന നടന്നുവരുന്നു.

**പൊതുമേഖല സ്ഥാപനങ്ങളുടെ ഗ്യാരന്റി കമ്മീഷൻ തുക**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

179 (607) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളാണ് ഗ്യാരന്റി കമ്മീഷൻ അടയ്ക്കുന്നതെന്നും അവ എത്ര തുകയാണെന്നും വിശദമാക്കാമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിൽ സർക്കാർ ഗ്യാരന്റി ഉപയോഗിച്ചുവരുന്ന സ്ഥാപനങ്ങളുടെയും ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ നിലവിൽ അടയ്ക്കുന്ന തുകയുടെയും വിവരം അനുബന്ധമായി ചേർക്കുന്നു+.

**കാസർഗോഡ് ആസ്ട്രൽ വാച്ചസ് കമ്പനി**

180 (608) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ബീച്ച് റോഡിൽ ആസ്ട്രൽ വാച്ചസ് കമ്പനി പ്രവർത്തിച്ചിരുന്ന സ്ഥലത്ത് പുതുതായി വ്യവസായ സംരംഭം തുടങ്ങുമെന്ന സർക്കാരിന്റെ പ്രഖ്യാപനം എപ്പോൾ പ്രാവർത്തികമാക്കുമെന്ന് വ്യക്തമാക്കാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഏത് തരത്തിലുള്ള സംരംഭമാണ് ഇവിടെ തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്നും അതിന് നീക്കിവച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ?

(എ&ബി) ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു മാതൃക വ്യവസായ സമുച്ചയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഐ.ഡി.സി. സ്വീകരിച്ചുവരികയാണ്. ഭക്ഷ്യ, കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവും പാക്കിംഗും മറ്റു വ്യവസായ സംരംഭങ്ങളും തുടങ്ങുന്നതിന് അനുയോജ്യമായിട്ടാണ് കെട്ടിടം രൂപകൽപ്പന ചെയ്യുന്നത്. മാതൃക വ്യവസായ സമുച്ചയ കെട്ടിടത്തിന്റെ നിർമ്മാണത്തിന് ഏകദേശം 40 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. നിർമ്മാണപ്രവൃത്തി 2025-ഓടെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ നടത്തിപ്പിനായി നടപ്പു സാമ്പത്തികവർഷത്തിൽ നീക്കിവച്ചിട്ടുള്ള 2.5 കോടി രൂപയിൽ ചുറ്റുമതിൽ നിർമ്മാണത്തിനായി 33 ലക്ഷം രൂപയുടെ ഭരണാനുമതി ഇതിനകം നൽകിയിട്ടുണ്ട്.

(സി) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഈ പദ്ധതി ആരംഭിക്കാൻ വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(സി&ഡി) പദ്ധതിയുടെ നടത്തിപ്പിനായി കിറ്റ്കോയെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. ടോപ്പോഗ്രാഫിക്കൽ സർവേ പൂർത്തിയായിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ ഏകദേശം 40 കോടി രൂപയുടെ എസ്റ്റിമേറ്റും പ്ലാനും തയ്യാറായിട്ടുണ്ട്. എസ്റ്റിമേറ്റും പ്ലാനും വിശദമായി പരിശോധിച്ചതിനുശേഷം Comprehensive Administrative Sanction നൽകാൻ കഴിയുന്നതാണ്.

## പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് ഡി.എ. കുടിശ്ശിക അനുവദിക്കാൻ നടപടി

181 (609) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബാംബൂ കോർപ്പറേഷനിൽ പനമ്പ് നെയ്ത്ത് തൊഴിലാളികളായി എത്ര പേർ ജോലി ചെയ്യുന്നുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനിൽ ഈറ്റ വെട്ട് പനമ്പ് നെയ്ത്ത് മേഖലയിൽ 1705 പനമ്പ് നെയ്ത്ത് തൊഴിലാളികളും 446 ഈറ്റവെട്ട് തൊഴിലാളികളും ഉൾപ്പെടെ 2151 തൊഴിലാളികളുണ്ട്.

(ബി) മേൽപ്പറഞ്ഞ തൊഴിലാളികൾക്ക് ഡി.എ. കുടിശ്ശിക ഇനത്തിൽ നാളിതുവരെ എത്ര തുക വിതരണം ചെയ്യാനുണ്ട്; പ്രസ്തുത തുക അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനിൽ ഈറ്റവെട്ട് പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ 40 മാസത്തെ ഡി.എ. കുടിശ്ശിക 2019 സെപ്റ്റംബർ മാസം മുതൽ 2022 ഡിസംബർ മാസം വരെ 3,75,82,281 രൂപ നൽകാനുണ്ട്. പ്രസ്തുത തുക അടിയന്തരമായി നൽകുന്നതിനുള്ള നടപടി കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

**പുതിയ വ്യവസായ സംരംഭങ്ങൾ**

182 (610) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യത്തിന് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഐ.ഡി.സി മുഖേന 2021-22, 2022-23 എന്നീ വർഷങ്ങളിൽ പുതുതായി ആരംഭിക്കാൻ തീരുമാനിച്ച വ്യവസായ

സംരംഭങ്ങൾ എന്തൊക്കെയാണെന്നും അവയുടെ പുരോഗതി എന്താണെന്നും വിശദമാക്കാമോ?

2021-22, 2022-23 വർഷങ്ങളിലായി കെ.എസ്.ഐ.ഡി.സി. മുഖേന ആരംഭിച്ച പദ്ധതികളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

**1. ലൈഫ് സയൻസസ് പാർക്കിന്റെ രണ്ടാം ഘട്ടത്തിന്റെ അടിസ്ഥാന സൗകര്യ വികസനം**

നിലവിൽ ഏറ്റെടുത്ത 86 ഏക്കറിൽ പ്ലാൻ ചെയ്യുന്ന ലൈഫ് സയൻസസ് പാർക്കിന്റെ രണ്ടാംഘട്ടത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിന് ആവശ്യമായ ആന്തരിക റോഡുകൾ, ചുറ്റുമതിലുകൾ, തെരുവ് വിളക്കുകൾ തുടങ്ങിയവയുടെ നിർമ്മാണ പ്രവൃത്തികളുടെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി കിറ്റ്കോയെ പി.എം.സി.-യായി നിയമിച്ചിട്ടുണ്ട്.

**2. കെ.എസ്.ഐ.ഡി.സി. ഇൻഡസ്ട്രിയൽ സ്പേസ്, കാസർകോഡ്**

കാസർകോഡ് 1.99 ഏക്കർ ഭൂമിയിലാണ് കെ.എസ്.ഐ.ഡി.സി. ഇൻഡസ്ട്രിയൽ സ്പേസ് പദ്ധതിയൊരുക്കുന്നത്. ടി സ്ഥലത്ത് സംരംഭകർക്ക് വ്യവസായം ആരംഭിക്കുന്നതിനുള്ള സ്ഥലം വാടകയ്ക്ക് നൽകുന്നതിനായി എല്ലാ അടിസ്ഥാന സൗകര്യങ്ങളും (റോഡ്, ഡ്രെയിൻ, ജലവിതരണം,

വൈദ്യുതി, കാന്റീൻ/ബാങ്ക് കെട്ടിടം, അഡ്മിൻ ബിൽഡിംഗ്) ഉൾപ്പെടെ ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി കെട്ടിടം നിർമ്മിക്കുന്നതിനായി കിറ്റ്കോയെ പി.എം.സി. ആയി നിയമിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കിയിട്ടുണ്ട്.

**3. കോവിഡ് -19 സമാശ്വാസ പദ്ധതി**

കോവിഡ്-19 പകർച്ചവ്യാധിമൂലം ദുരിതത്തിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളെ സഹായിക്കുന്നതിനായി കേരള ഗവൺമെന്റ് വ്യവസായ ഭദ്രത എന്നപേരിൽ 2020-2021-ൽ ഒരു പ്രത്യേക സമാശ്വാസ പാക്കേജ് നടപ്പിലാക്കിയിരുന്നു. ഇതുകൂടാതെ കോവിഡ് 19-നെ തുടർന്നുണ്ടായ ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി വ്യവസായ ഭദ്രത പാക്കേജിന്റെ രണ്ടാം പതിപ്പായി കേരള ഗവൺമെന്റ് 2021-2022-ൽ കോവിഡ് -19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു പ്രത്യേക പാക്കേജുകൂടി നടപ്പിലാക്കുകയുണ്ടായി.

**4. സി.എം. സ്പെഷ്യൽ അസ്സിസ്റ്റൻസ് സ്കീം**

സംസ്ഥാനത്ത് വ്യവസായികൾക്ക് എളുപ്പത്തിൽ ധനസഹായം ലഭ്യമാക്കാനും സംസ്ഥാനത്ത് ഒരു മികച്ച നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും പ്രസ്തുത പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. സൂക്ഷ്മ-ചെറുകിട

ഇടത്തരം വ്യവസായ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന വായ്പയും ലഭ്യമാക്കുന്നു.

2021-2022 കാലഘട്ടത്തിൽ കെ.എസ്.ഐ.ഡി.സി. സാമ്പത്തിക സഹായം ലഭ്യമാക്കിയ 65 പദ്ധതികൾ മുഖേന ഏകദേശം 778.89 കോടി രൂപയുടെ നിക്ഷേപവും 2740 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിക്കുമെന്ന് കണക്കാക്കപ്പെടുന്നു. കൂടാതെ നടപ്പ് സാമ്പത്തികവർഷത്തിൽ (നാളിതുവരെ) കെ.എസ്.ഐ.ഡി.സി. സാമ്പത്തിക സഹായം ലഭ്യമാക്കിയ 65 പദ്ധതികൾ മുഖേന ഏകദേശം 434.26 കോടി രൂപയുടെ നിക്ഷേപവും 2256 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിക്കുമെന്ന് കണക്കാക്കപ്പെടുന്നു.

കെ.എസ്.ഐ.ഡി.സി.-യുടെ വി-മിഷൻ സഹായ പദ്ധതി മുഖേന 12 സ്ഥാപനങ്ങൾക്ക് വായ്പ അനുവദിക്കുകയും പുതുതായി 2 സ്ഥാപനങ്ങൾ പ്രവർത്തനമാരംഭിക്കുകയുമുണ്ടായി.

2022-2023 കാലയളവിൽ കെ.എസ്.ഐ.ഡി.സി.-യുടെ സ്റ്റാർട്ടപ്പ് സഹായ പദ്ധതി മുഖേന 6 പുതിയ സംരംഭങ്ങൾക്ക് വായ്പ അനുവദിക്കുകയും പ്രവർത്തനമാരംഭിക്കുകയുമുണ്ടായി.

ഇതുകൂടാതെ, അലോട്ട്മെന്റ് പോളിസി പ്രകാരം 2021-22, 2022-23 വർഷങ്ങളിലായി വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനായി KSIDC-യുടെ വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലും (IGC) വ്യവസായ പാർക്കുകളിലും സ്ഥലം പാട്ടവ്യവസ്ഥയിൽ ഏറ്റെടുത്ത സംരംഭകരുടെ എണ്ണം 66 ആണ്. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി ബിൽഡിംഗിലെ സ്ഥലം പാട്ടവ്യവസ്ഥയിൽ ഏറ്റെടുത്ത സംരംഭകരുടെ എണ്ണം 13 ആണ്.

## പൊതുമേഖല സ്ഥാപനങ്ങൾക്കായി മാസ്റ്റർ പ്ലാൻ, പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റുകൾ

183 (611) ശ്രീ. എം. എം. മണി:
ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. ബാബു (നെന്മാറ):താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പൊതുമേഖല സ്ഥാപനങ്ങളെയും സംരക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനുമായി കേന്ദ്ര സർക്കാർ തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന്റെ ഉള്ളടക്കം വിശദമാക്കുമോ?

സംസ്ഥാനത്തെ എല്ലാ പൊതുമേഖല സ്ഥാപനങ്ങളെയും സംരക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനുമായി

കേന്ദ്ര സർക്കാർ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയതായി സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നാൽപത്തിയൊന്ന് പൊതുമേഖലാ സ്ഥാപനങ്ങളിൽ ഷോർട്ട് ടേം, മിഡ് ടേം, ലോംഗ്ടേം എന്നീ മൂന്ന് തരത്തിൽ പദ്ധതികളാരംഭിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്താമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള എല്ലാ പൊതുമേഖല സ്ഥാപനങ്ങളേയും വൈവിധ്യവത്കരണത്തിലൂടെയും വിപുലീകരണത്തിലൂടെയും ശാക്തീകരിച്ച് ഓരോ സ്ഥാപനത്തിന്റെയും സ്വാശ്രയത്തിലൂന്നിയുള്ള നിലനിൽപ്പിനും അതോടൊപ്പം പുതിയ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിനാവശ്യമായ മൂലധന സ്വരൂപണത്തിനും കഴിയുന്നതരത്തിൽ സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടുകൂടി മാസ്റ്റർ പ്ലാൻ പദ്ധതികൾ സംസ്ഥാന സർക്കാർ നിർദ്ദേശപ്രകാരം കമ്പനികൾ തയ്യാറാക്കിയിട്ടുണ്ട്. ശാസ്ത്ര സാങ്കേതികരംഗത്തും ഉത്പാദന വിപണന രംഗങ്ങളിലും ഉൾപ്പെടെ വ്യവസായമേഖലയുമായി ബന്ധമുള്ള സമസ്തരംഗങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട്

രൂപകൽപ്പന ചെയ്ത പദ്ധതികൾ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും നടപ്പിലാക്കിവരുന്നു.

കമ്പനികൾ ആവിഷ്കരിച്ചിരിക്കുന്ന മാസ്റ്റർ പ്ലാൻ പദ്ധതികൾ നടപ്പിലാക്കാൻ നിലവിൽ 9,467.1 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. വിവിധ പൊതുമേഖല സ്ഥാപനങ്ങളിലായി ഹ്രസ്വകാലം, മദ്ധ്യകാലം, ദീർഘകാലം എന്നീ മൂന്ന് ഘട്ടങ്ങളിലായി 405 പദ്ധതികൾ അടുത്ത പത്ത് വർഷത്തിനുള്ളിൽ നടപ്പിലാക്കാൻ മാസ്റ്റർപ്ലാൻ ലക്ഷ്യമിടുന്നു.

(സി) പദ്ധതികൾ നടപ്പാക്കുന്നതിലെ വേഗതയും കാര്യക്ഷമതയും വിലയിരുത്തുന്നതിന് പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റുകൾ രൂപം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

മാസ്റ്റർ പ്ലാൻ പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ വിദഗ്ദ്ധ സാങ്കേതിക സഹായം ഉറപ്പുവരുത്തുന്നതിനും വ്യവസായ മേഖലയിൽ വിവിധ രംഗങ്ങളിൽ പ്രത്യേക പ്രാവീണ്യമുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്

(PMU) റിയാബിന്റെ നേതൃത്വത്തിൽ കൊച്ചിയിൽ സജ്ജമാക്കിയിട്ടുണ്ട്. ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ, ഫിനാൻസ് എന്നീ മേഖലകളിൽ നൈപുണ്യം നേടിയ പ്രസ്തുത വിദഗ്ധരുടെ സേവനം വ്യവസായം, കയർ, കശുവണ്ടി വകുപ്പുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ എക്സ്പെർട്ട്സായി 11 വിദഗ്ധരുടെയും ഫിനാൻസ് എക്സ്പെർട്ട്സായി രണ്ട് വിദഗ്ധരുടെയും സേവനമാണ് ലഭ്യമാക്കിയിരിക്കുന്നത്. മാസ്റ്റർ പ്ലാൻ പദ്ധതികളുടെ ആസൂത്രണത്തോടൊപ്പം നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ടെക്നിക്കൽ കോ-ഓർഡിനേഷൻ ചുമതലയും നിർവ്വഹിക്കുന്നതിനായി ഉയർന്ന തലത്തിൽ പ്രാഗല്ഭ്യം തെളിയിച്ചിട്ടുള്ള ഒരു വിദഗ്ധനെ അഡ്വൈസർ (മാസ്റ്റർ പ്ലാൻ) ആയും നിയോഗിച്ചിട്ടുണ്ട്.

## പുതിയ സംരംഭകർക്ക് വ്യവസായ വകുപ്പ് നൽകിവരുന്ന ആനുകൂല്യങ്ങൾ

184 (612) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നവർക്കായി വ്യവസായ വകുപ്പ് നൽകിവരുന്ന സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എന്തൊക്കെയാണ്?

പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നവർക്കായി സബ്സിഡി ഉൾപ്പെടെ ആനുകൂല്യങ്ങൾ നൽകുന്ന സംരംഭക സഹായ പദ്ധതി, പ്രാരംഭ സഹായം (start up assistance), നിക്ഷേപ സഹായം (investment support), സാങ്കേതികവിദ്യ സഹായം (Technology Support), നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്പദ്ധതി, ഒരു കുടുംബം ഒരു സംരംഭം പദ്ധതി, മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി, Prime Minsters Formalization of Micro Food Processing Enterprises), കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി (ASHA), പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP) എന്നീ വിവിധങ്ങളായ ധനസഹായ പദ്ധതികൾ വ്യവസായ വകുപ്പ് വഴി നടപ്പിലാക്കിവരുന്നു.

(ബി) സബ്സിഡി ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ഇതിനായി ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്നും വിശദമാക്കുമോ?

1.**സംരംഭക സഹായ പദ്ധതി (ESS)**

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് പ്രവർത്തനമാരംഭിച്ച് ഒരു വർഷത്തിനുള്ളിൽ ഇ.എസ്.എസ്. പ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ്.

1. **പ്രാരംഭ സഹായം (Start up assistance)** ലഭിക്കുന്ന അപേക്ഷകർ, ടി സഹായം ലഭിച്ച് ഒരു വർഷത്തിനുള്ളിൽ സംരംഭം ആരംഭിക്കേണ്ടതും 5 വർഷം ടി യൂണിറ്റ് പ്രവർത്തിക്കേണ്ടതുമാണ്.
2. **നിക്ഷേപ സഹായം (investment support)** ലഭിക്കുന്നതിന് യൂണിറ്റ് പ്രവർത്തനമാരംഭിച്ച് ഒരു വർഷത്തിനുള്ളിൽ നിക്ഷേപ സഹായത്തിനായി അപേക്ഷ സമർപ്പിച്ചിരിക്കണം. പദ്ധതിപ്രകാരം land, land development cost, ബിൽഡിംഗ്, ഓഫീസ് ഉപകരണങ്ങൾ, യന്ത്ര സാമഗ്രികൾ, വൈദ്യുതീകരണം, ജനറേറ്റർ പരിശോധനാ ഉപകരണങ്ങൾ എന്നിവയ്ക്കുള്ള സ്ഥിര മൂലധന നിക്ഷേപത്തിന് ആനുകൂല്യം ലഭിക്കുന്നത്.

3. ഭൂമി സംബന്ധമായ ക്ലെയിമിന് title/lease deed അലോട്ട്മെന്റ് ഓർഡർ, ഫെയർ വാല്യൂ സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കണം.

4. ലീസിന് എടുക്കുന്ന സ്ഥലം ഏറ്റവും കുറഞ്ഞത് 10 വർഷമെങ്കിലും ലീസിന് എടുത്തിരിക്കണമെന്ന നിബന്ധനയുണ്ട്.

5. കെട്ടിടത്തിന്റെ നിക്ഷേപത്തിന് അംഗീകരിച്ച പ്ലാൻ, title/lease deed of land, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റാങ്കിലുള്ള സിവിൽ എഞ്ചിനീയർ/ചാർട്ടേർഡ് എഞ്ചിനീയർ/ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനീയേഴ്സിന്റെ valuation certificate എന്നിവ സമർപ്പിക്കേണ്ടതാണ്.

6. Land, land development cost, ബിൽഡിംഗ്, അവശ്യ ഓഫീസ് ഉപകരണങ്ങൾ എന്നിവയിലുള്ള നിക്ഷേപം ആകെ പ്രോജക്ട് കോസ്റ്റിന്റെ 50%-ൽ അധികരിക്കാൻ പാടില്ല.

7. മെഷിനറിയുടെ സ്ഥിര നിക്ഷേപത്തിന് മെഷിനറി വാങ്ങിയ ബില്ലുകളും പ്രൂഫ് ഓഫ് പേമെന്റ് സർട്ടിഫിക്കറ്റുകളും ഹാജരാക്കണം.

8. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ആധുനികവൽകരണം, വിപുലീകരണം, വൈവിധ്യവൽകരണം എന്നിവ നടത്തിയാൽ ഇതിനുവരുന്ന സ്ഥിര നിക്ഷേപം കണക്കാക്കിയും ഇ.എസ്.എസ്.

ലഭിക്കും. ഇങ്ങനെയുള്ള സ്ഥാപനങ്ങൾ മെഷിനറി നിക്ഷേപത്തിന്റെ 25 ശതമാനവും വിപുലീകരണവുമായി ബന്ധപ്പെട്ട ആനുകൂല്യത്തിന് ഉല്പാദനത്തിൽ 25 ശതമാനവും വർദ്ധനയുണ്ടായിരിക്കണം എന്ന് നിബന്ധനയുണ്ട്.

9. **സാങ്കേതികവിദ്യ സഹായം ( Technology Support)**:

സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽനിന്ന് സാങ്കേതികവിദ്യ കരസ്ഥമാക്കിയിട്ടുള്ള സ്ഥാപനങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% അധിക സബ്സിഡി നൽകുന്നു. (പരമാവധി 10 ലക്ഷം രൂപ). ടി സാങ്കേതികവിദ്യ ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തനമാരംഭിച്ച് 6 മാസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

10. സംരംഭക സഹായ പദ്ധതി പ്രകാരമുള്ള അപേക്ഷ വ്യവസായ വകുപ്പിന്റെ വെബ്സൈറ്റിൽ www.industry.kerala.gov.in ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ജില്ലാ വ്യവസായകേന്ദ്രം, താലൂക്ക് വ്യവസായ ഓഫീസുകൾ, ബ്ലോക്ക്പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിലെ വ്യവസായ വികസന (ഓഫീസർമാർവഴി) അപേക്ഷ സമർപ്പിക്കാവുന്നതും മാർഗ്ഗനിർദേശം സ്വീകരിക്കാവുന്നതുമാണ്.

**2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി**

10 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപമുള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉല്പാദക സേവന ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക.

പദ്ധതി പ്രകാരമുള്ള അപേക്ഷ വ്യവസായ വകുപ്പിന്റെ വെബ്സൈറ്റിൽ (www.industry.kerala.gov.in) ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ജില്ലാ വ്യവസായ കേന്ദ്രം, താലൂക്ക് വ്യവസായ ഓഫീസുകൾ, ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിലെ വ്യവസായ വികസന ഓഫീസർമാർ വഴി അപേക്ഷ സമർപ്പിക്കാവുന്നതും മാർഗ്ഗനിർദേശം സ്വീകരിക്കാവുന്നതുമാണ്.

**3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്**

ഉല്പ്പന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം എന്നിവയിൽ ആരംഭിക്കുന്ന ചെറുസംരംഭങ്ങൾക്ക് (മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല ഉൾപ്പെടെ) സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ

ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്.

ജനറൽ വിഭാഗത്തിന് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 30 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 30 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവും ആയിരിക്കും. എസ്.സി./എസ്.ടി./വനിതകൾ/വിമുക്ത ഭടന്മാർ/40 വയസ്സ് വരെയുള്ള യുവ സംരംഭകർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 20 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവും ആയിരിക്കും. ഈ പദ്ധതിയിലൂടെ നല്കുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയുമാണ്.

പദ്ധതി പ്രകാരമുള്ള അപേക്ഷ വ്യവസായ വകുപ്പിന്റെ വെബ്സൈറ്റിൽ (www.industry.kerala.gov.in) ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ജില്ലാ വ്യവസായ കേന്ദ്രം, താലൂക്ക് വ്യവസായ ഓഫീസുകൾ, ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിലെ വ്യവസായ വികസന ഓഫീസർമാർ വഴി അപേക്ഷ സമർപ്പിക്കാവുന്നതും മാർഗ്ഗനിർദേശം സ്വീകരിക്കാവുന്നതുമാണ്.

**4. ഒരു കുടുംബം, ഒരു സംരംഭം പദ്ധതി**

ഈ പദ്ധതിയുടെ 50% ഗുണഭോക്താക്കൾ വനിതാ സംരംഭകരായിരിക്കും.

ഉല്പാദന, സേവന, വ്യാപാര മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനെടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശയിളവ് നൽകുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി വഴി വിഭാവനം ചെയ്യുന്നത്. പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4%-ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധനസഹായമായി സർക്കാർ നൽകുന്നു.

01-04-2022-നുശേഷം ആരംഭിച്ച ഉല്പാദന, സേവന, വ്യാപാര മേഖലയിലെ സംരംഭങ്ങൾക്കാണ് പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുക. ലോൺ വിതരണം ചെയ്ത തീയതി മുതൽ 5 വർഷം വരെ പലിശ സബ്സിഡി ആനുകൂല്യം ലഭിക്കുന്നു. 6 മാസം/12 മാസക്കാലയളവിലുള്ള ബാങ്ക് ലോണിന്റെ പലിശയിളവിനാണ് അപേക്ഷകന് ഓരോ തവണയും അപേക്ഷിക്കുവാൻ കഴിയുക. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് യൂണിറ്റ് പ്രവർത്തനനിരതം ആയിരിക്കണം. ആനുകൂല്യത്തിന് അപേക്ഷിക്കുന്ന കാലയളവിൽ ബാങ്ക് ലോൺ NPA ആകാൻ പാടില്ല. അപേക്ഷിക്കുന്ന

യൂണിറ്റുകൾ ആദ്യം രജിസ്ട്രേഷൻ എടുത്തിരിക്കണം. മറ്റുപദ്ധതികൾ പ്രകാരം ആനുകൂല്യം ലഭിച്ചിട്ടുള്ള യൂണിറ്റുകൾക്ക് ഇതുപ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന് അർഹതയില്ല. എന്നാൽ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന PM Formalization of Micro Food Processing Enterprises Scheme പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചതോ/അപേക്ഷിച്ചതോ ആയ യൂണിറ്റുകൾക്കും ഈ പദ്ധതിപ്രകാരമുള്ള പലിശയിളവ് വർക്കിംഗ് ക്യാപിറ്റൽ ലോണിന് അർഹതയുണ്ട്.

പദ്ധതി പ്രകാരമുള്ള അപേക്ഷ വ്യവസായ വകുപ്പിന്റെ വെബ്സൈറ്റിൽ (www.industry.kerala.gov.in) ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ജില്ലാ വ്യവസായ കേന്ദ്രം, താലൂക്ക് വ്യവസായ ഓഫീസുകൾ, ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിലെ വ്യവസായ വികസന ഓഫീസർമാർവഴി അപേക്ഷ സമർപ്പിക്കാവുന്നതും മാർഗ്ഗനിർദേശം സ്വീകരിക്കാവുന്നതുമാണ്.

**5.മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി**

ഉൽപ്പാദന മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം നൽകുക, പ്രാരംഭഘട്ടത്തിൽതന്നെ ആവശ്യമായ സാമ്പത്തിക സഹായം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ

പദ്ധതി പ്രകാരം യോഗ്യമായ പദ്ധതി ചെലവിന്റെ (Project Cost) 75% സബ്സിഡിയായി നൽകുന്നു. (ഒരു യൂണിറ്റിന് പരമാവധി 10 ലക്ഷം രൂപ.)

ജില്ലാതല പ്രോജക്ട് അപ്രൈസൽ കമ്മിറ്റി അംഗീകരിച്ച അപേക്ഷകൾക്കുമാത്രമേ പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുകയുള്ളൂ. ഐ.ടി./ഐ.ടി. അധിഷ്ഠിത പ്രോജക്ടുകൾക്ക് ഈ പദ്ധതി പ്രകാരം അർഹതയില്ല. മൂന്നുഘട്ടങ്ങളായാണ് ആനുകൂല്യം നൽകുന്നത്.

ആദ്യഘട്ടമായി സ്റ്റാർട്ടപ്പ് ആശയം ഡെവലപ് ചെയ്യുന്നതിന് ജില്ലാതല പ്രോജക്ട് അപ്രൈസൽ കമ്മിറ്റി അംഗീകരിച്ച പ്രോജക്ടിന്റെ 30 ശതമാനം നൽകുന്നു.

രണ്ടാംഘട്ടമായി പ്രോട്ടോടൈപ്പ് ഡെവലപ് ചെയ്തതിനുശേഷം പ്രോജക്റ്റിന്റെ 50 ശതമാനം നൽകുന്നു.

മൂന്നാംഘട്ടമായി വ്യവസായികാടിസ്ഥാനത്തിൽ ഉത്പാദനം ആരംഭിച്ചശേഷം, അവശേഷിക്കുന്ന 20 ശതമാനം നൽകുന്നു. പദ്ധതി പ്രകാരമുള്ള അപേക്ഷഫോറവും അനുബന്ധ രേഖകളും മാർഗ്ഗനിർദേശങ്ങളും തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

**6. നിലവിലുള്ള എം.എസ്.എം.ഇ-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സഹായം**

നിലവിൽ പ്രവർത്തനക്ഷമമായ എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനും നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പിന്തുണ നൽകുന്നതിനുമായി പ്രഖ്യാപിച്ച പദ്ധതിയാണിത്. പ്രവർത്തനം ആരംഭിച്ച് ഒരു വർഷത്തിനുശേഷം വിപുലീകരണ പ്രവർത്തനം നടത്തുന്ന ഉത്പാദന/സേവനമേഖലയിലുള്ള സംരംഭങ്ങൾക്കാണ് ഈ പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നത്. 01-01-2021 മുതൽ വിപുലീകരണ പ്രവർത്തനം ആരംഭിച്ച യൂണിറ്റുകൾക്ക് മാത്രമാണ് ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നത്.

സ്ഥിര മൂലധനനിക്ഷേപ സബ്സിഡിക്ക് ബാങ്ക് ലോൺ നിർബന്ധമല്ല. ഈ പദ്ധതിപ്രകാരം, ഒരു യൂണിറ്റിന് സ്ഥിരമൂലധനത്തിന്റെ 30% (പരമാവധി 100 ലക്ഷം) രൂപയാണ് Capital Investment Subsidy-യ്ക്ക് അർഹതയുള്ളത്.

ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങൾ, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയിൽനിന്നും വായ്പ നേടിയിട്ടുള്ള യൂണിറ്റുകൾക്ക് മാത്രമാണ് ഈ പദ്ധതിപ്രകാരം പ്രവർത്തന മൂലധന സഹായം ലഭിക്കുന്നത്. ബാങ്കിൽനിന്നും പ്രവർത്തന മൂലധനവായ്പ എടുത്തിട്ടുള്ള യൂണിറ്റുകൾക്ക് ആദ്യത്തെ മൂന്ന് വർഷം 8% പലിശയിളവ് നൽകുന്നു. ഇത് റീ-ഇംബേഴ്സ്മെന്റായാണ് നൽകുന്നത്.

പദ്ധതിപ്രകാരമുള്ള അപേക്ഷഫോറവും അനുബന്ധ രേഖകളും മാർഗ്ഗനിർദേശങ്ങളും തയാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

7. **PMFME പദ്ധതി** പ്രകാരം ആരംഭിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങളും ധനസഹായങ്ങളും താഴെ പറയുന്നു.

1. വ്യക്തിഗത സംരംഭങ്ങൾക്കുള്ള ക്രെഡിറ്റ്-ലിങ്ക്ഡ് ക്യാപിറ്റൽ സബ്സിഡി.
2. യോഗ്യതയുള്ള പദ്ധതി പ്രകാരമുള്ള സ്ഥിര മൂലധനത്തിന്റെ 35% പരമാവധി പരിധി 10 ലക്ഷം രൂപ.
3. ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (FPOs)/പ്രൊഡ്യൂസർ കോ-ഓപ്പറേറ്റീവ്സ്

4. പദ്ധതി പ്രകാരമുള്ള സ്ഥിര മൂലധനത്തിന്റെ 35% Credit Linked Grant

5. ODOP ഉൽപ്പന്നങ്ങളുടെ പ്രോസസ്സിംഗിനാണ് മുൻഗണന നൽകുന്നത്

6. സ്വയം സഹായ ഗ്രൂപ്പുകൾ (സ്വയം സഹായ സംഘങ്ങൾ)

7. പ്രവർത്തന മൂലധനത്തിനും ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്വാശ്രയ സംഘത്തിലെ ഓരോ അംഗത്തിനും 40,000 രൂപ ഈ പദ്ധതി പ്രകാരം നൽകും.

8. വ്യക്തിഗത SHG അംഗത്തിനുള്ള പിന്തുണയും സ്വാശ്രയ തലത്തിലുള്ള ഫെഡറേഷന് മൂലധന നിക്ഷേപത്തിനുള്ള പിന്തുണയും-ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റ് @ 35%, പരമാവധി തുക 10 ലക്ഷം രൂപ

9. പൊതു ഇൻഫ്രാസ്ട്രക്ചറിനുള്ള സഹായം.

10. എഫ്.പി.ഒ.-കൾ, സ്വാശ്രയ സംഘങ്ങൾ, സഹകരണ സംഘങ്ങൾ, ഏതെങ്കിലും സർക്കാർ ഏജൻസി അല്ലെങ്കിൽ സ്വകാര്യ സംരംഭങ്ങൾ എന്നിവയ്ക്ക് 35% ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റ് നൽകുന്നു.

11. ബ്രാൻഡിംഗ്, മാർക്കറ്റിംഗ് എന്നിവയ്ക്കുള്ള സഹായം.

12.എഫ്.പി.ഒ.-കൾ/സ്വാശ്രയ സംഘങ്ങൾ/സഹകരണ സംഘങ്ങൾ അല്ലെങ്കിൽ മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസുകളുടെ എസ്.പി.വി.എന്നിവയ്ക്കാണ് സഹായം നൽകുന്നത്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**8. കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി (ASHA)**

കരകൗശല മേഖലയിലെ ആർട്ടിസാൻമാർക്ക് സ്ഥിരമൂലധനത്തിന്റെ, ജനറൽ വിഭാഗത്തിന് 40% പരമാവധി 2 ലക്ഷം രൂപയും വനിതകൾ/യുവാക്കൾ/എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്ക് 50% പരമാവധി 3 ലക്ഷം രൂപയും അനുവദിക്കുന്ന പദ്ധതിയാണിത്. അപേക്ഷകർ ഡെവലപ്മെന്റ് കമ്മീഷണർ ഫോർ ഹാന്റിക്രാഫ്റ്റ്സ്/കാഡ്കോ/സുരഭി/ എച്ച്.ഡി.സി.കെ./ കെൽപാം/ബാംബൂ കോർപ്പറേഷൻ എന്നീ എതെങ്കിലും സ്ഥാപനത്തിൽ ആർട്ടിസാനായി രജിസ്റ്റർ ചെയ്തിരിക്കണം.

ആശ പദ്ധതി പ്രകാരമുള്ള അപേക്ഷ വ്യവസായ വകുപ്പിന്റെ വെബ്സൈറ്റിൽ (www.industry.kerala.gov.in) ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ജില്ലാവ്യവസായ കേന്ദ്രം, താലൂക്ക് വ്യവസായ ഓഫീസുകൾ, ബ്ലോക്ക്പഞ്ചായത്ത്/മുനിസിപ്പാലിറ്റി കോർപ്പറേഷൻ

എന്നിവിടങ്ങളിലെ വ്യവസായ വികസന ഓഫീസർമാർവഴി അപേക്ഷ സമർപ്പിക്കാവുന്നതും മാർഗ്ഗനിർദേശം സ്വീകരിക്കാവുന്നതുമാണ്.

## 9. പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP)

ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ക്രെഡിറ്റ് ലിങ്ക്ഡ് സ്കീമാണ് PMEGP. കെ.വി.ഐ.സി, സംസ്ഥാന/കേന്ദ്രഭരണ ഖാദി & വി. ഐ. ബോർഡുകൾ, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ എന്നീ ഏജൻസികൾവഴി ഇത് നടപ്പിലാക്കുന്നു. കെ.വി.ഐ.സി./കെ.വി.ഐ.ബി./ഡി.ഐ.സി. എന്നിവയ്ക്കിടയിൽ യഥാക്രമം 30:30:40 എന്ന അനുപാതത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. പ്രോജക്ട് ചെലവിന്റെ 15%-35% ആണ് സബ്സിഡി നിരക്ക്. അത് ലോൺ അക്കൗണ്ടിലേയ്ക്ക് അടയ്ക്കും.

പ്രൊമോട്ടർ കൊണ്ടുവരേണ്ട മാർജിൻ, സ്പെഷ്യൽ വിഭാഗത്തിന് (എസ്.സി./എസ്.ടി., ഒ.ബി.സി, ന്യൂനപക്ഷം, സ്ത്രീകൾ, പിഎച്ച്, എക്സ്-സർവീസ് പുരുഷന്മാർ) പ്രോജക്ട് ചെലവിന്റെ 5%-ഉം ജനറൽ വിഭാഗത്തിന് പ്രോജക്റ്റ് ചെലവിന്റെ 10%- ഉം ആണ്.

PMEGP പദ്ധതിപ്രകാരമുള്ള അപേക്ഷ ഓൺലൈനായി https://www.kviconline.gov.in/pmegpeportal വഴിസമർപ്പിക്കാവുന്നതാണ് . ജില്ലാവ്യവസായ കേന്ദ്രം, താലൂക്ക് വ്യവസായ ഓഫീസുകൾ,

ബ്ലോക്ക്പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിലെ വ്യവസായ വികസന ഓഫീസർമാർവഴി അപേക്ഷ സമർപ്പിക്കാവുന്നതും മാർഗ്ഗനിർദേശം സ്വീകരിക്കാവുന്നതുമാണ്.

(സി) സബ്സിഡി നിരക്ക് എത്രയാണ്; വിശദാംശം നൽകാമോ?

**1. സംരംഭക സഹായ പദ്ധതി**

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പാക്കിവരുന്നുണ്ട്. പ്രാരംഭ സഹായം, നിക്ഷേപ സഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നല്കുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ പരമാവധി 40 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.

എ) **പ്രാരംഭ സഹായം (Start up assistance)**

ധനകാര്യ സ്ഥപനങ്ങളിൽനിന്നും വായ്പയെടുത്ത് ആരംഭിക്കുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ സഹായത്തിന്റെ 50% (പരമാവധി 3 ലക്ഷം രൂപ) സ്ഥാപനം ആരംഭിക്കുന്നതിന് മുൻപായി ധനസഹായം നൽകുന്നു.

ബി) **നിക്ഷേപ സഹായം ( Investment Support )**

1) സ്ഥിര നിക്ഷേപങ്ങൾക്ക് ജനറൽ വിഭാഗത്തിന് 15% (പരമാവധി 30 ലക്ഷം രൂപ).

II) വനിത/എസ്.സി/എസ്.ടി/യുവ സംരംഭകർ/എൻ.ആർ.കെ. വിഭാഗത്തിന് 25% (പരമാവധി 40 ലക്ഷം രൂപ)

III) മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന വ്യവസായങ്ങൾക്ക് 10% (പരമാവധി 10 ലക്ഷം രൂപ ) അധിക സഹായം നൽകുന്നു.

IV) പത്തനംതിട്ട, ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ പിന്നോക്ക ജില്ലകളിലെ സംരംഭങ്ങൾക്ക് 10% (പരമാവധി 10 ലക്ഷം രൂപ) അധിക ധനസഹായം നൽകുന്നു.

സി) **സാങ്കേതികവിദ്യ സഹായം ( Technology Support)**:

സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽനിന്ന് സാങ്കേതികവിദ്യ കരസ്ഥമാക്കിയിട്ടുള്ള സ്ഥാപനങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% അധിക സബ്സിഡി നൽകുന്നു. (പരമാവധി 10 ലക്ഷം രൂപ)

**2. നാനോ ഗാർഹികസംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി**

സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ ജനറൽ വിഭാഗത്തിന് 6% വരെയും വനിതകൾ/പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 8%

വരെയും സബ്സിഡിയായി തിരികെ നൽകുന്നു. മൂന്ന് വർഷത്തേയ്ക്കാണ് ഇപ്രകാരം റീഇംബേഴ്സ് ചെയ്ത് നൽകുന്നത്.

**3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്**

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് Margin money നല്കിക്കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറു സംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉല്പന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം എന്നിവയിൽ ആരംഭിക്കുന്ന ചെറുസംരംഭങ്ങൾക്ക് (മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല ഉൾപ്പെടെ) സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. വനിതകൾ, വികലാംഗർ, വിമുക്ത ഭടന്മാർ, പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നല്കും. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും.

ജനറൽ വിഭാഗത്തിന് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 30 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 30 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവും ആയിരിക്കും.

എസ്.സി./എസ്.ടി./വനിതകൾ/വിമുക്ത ഭടന്മാർ/40 വയസ്സ് വരെയുള്ള യുവസംരംഭകർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 20 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവും ആയിരിക്കും. ഈ പദ്ധതിയിലൂടെ നല്കുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയുമാണ്.

**4. ഒരു കുടുംബം, ഒരു സംരംഭം പദ്ധതി**

2022-23 സർക്കാർ സംരംഭകത്വ വർഷമായി ആചരിക്കുകയാണ്. ഈ വർഷം ഒരു ലക്ഷം സൂക്ഷ്മ/ചെറുകിട/ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുകയാണ് ലക്ഷ്യം. അതിന്റെ ഭാഗമായി നടപ്പാക്കുന്ന ഒരു പദ്ധതിയാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി.

ടി പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4%-ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധനസഹായമായി സർക്കാർ നൽകുന്നു. ഉല്പാദന, സേവന, വ്യാപാര മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പയ്ക്ക് പദ്ധതി വഴി പലിശയിളവ് നൽകുന്നു. പദ്ധതി പ്രകാരം സ്ഥിര മൂലധന വായ്പയ്ക്കും പ്രവർത്തന മൂലധന വായ്പയ്ക്കും ആനുകൂല്യം ലഭിക്കുന്നു.

01-04-2022 മുതൽ പ്രവർത്തനം ആരംഭിക്കുന്ന പുതിയ യൂണിറ്റുകൾക്കാണ് സർക്കാരിൽ നിന്നുള്ള പലിശയിളവ് ലഭ്യമാകുന്നത്. കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന PM Formalization of Micro Food Processing Enterprises Scheme പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചതോ/അപേക്ഷിച്ചതോ ആയ യൂണിറ്റുകൾക്കും 10 ലക്ഷം രൂപ വരെയുള്ള വർക്കിംഗ് ക്യാപിറ്റൽ ലോണിനും ഈ പദ്ധതിപ്രകാരമുള്ള പലിശയിളവിനു അർഹതയുണ്ട്. ഈ പദ്ധതിയുടെ 50% ഗുണഭോക്താക്കൾ വനിതാ സംരംഭകരായിരിക്കും.

**5.മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി**

സംരംഭകൻ മുന്നോട്ടുവച്ച ആശയത്തിന്റെയോ, ഉല്പന്നത്തിന്റയോ അപരിചിതത്വം കാരണം നിക്ഷേപം ആകർഷിക്കാൻ സ്റ്റാർട്ടപ്പുകൾ പ്രയാസപ്പെടുന്നുണ്ട്. ഒരു ആശയമോ ഉൽപ്പന്നമോ വികസിപ്പിക്കുന്നതിന് സ്റ്റാർട്ടപ്പുകൾക്ക് ഗണ്യമായ തുക ആവശ്യമാണ്. ആയതിനാൽ, സ്റ്റാർട്ടപ്പ് ആശയങ്ങളുള്ള നിക്ഷേപകർക്ക് മതിയായ സാമ്പത്തിക പ്രോത്സാഹനങ്ങൾ നൽകേണ്ടത് പ്രധാനമാണ്. നിലവിൽ സ്റ്റാർട്ടപ്പുകളിൽ ഭൂരിഭാഗവും ഐ.ടി. അധിഷ്ഠിത ഉൽപ്പന്നങ്ങളോ ഐ.ടി.-യുമായി ബന്ധപ്പെട്ടതോ ആയതിനാൽ ഉൽപ്പാദന മേഖലയിൽ നൂതന ആശയങ്ങളുമായി വരുന്ന സംരംഭകരുടെ

എണ്ണം ഗണ്യമായി കുറയുന്നു. ഈ സാഹചര്യത്തിൽ, ഉൽപ്പാദന മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം നൽകുക, പ്രാരംഭഘട്ടത്തിൽതന്നെ ആവശ്യമായ സാമ്പത്തിക സഹായം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ പദ്ധതി പ്രകാരം യോഗ്യമായ പദ്ധതി ചെലവിന്റെ (Project Cost) 75% സബ്സിഡിയായി നൽകുന്നു.(ഒരു യൂണിറ്റിന് പരമാവധി 10 ലക്ഷം രൂപ.)

**6. നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം.**

നിലവിൽ പ്രവർത്തനക്ഷമമായ എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനും നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള പിന്തുണ നൽകുന്നതിനുമായി പ്രഖ്യാപിച്ച പദ്ധതിയാണിത്.

പ്രവർത്തനം ആരംഭിച്ച് ഒരു വർഷത്തിനുശേഷം വിപുലീകരണ പ്രവർത്തനം നടത്തുന്ന ഉത്പാദന/സേവനമേഖലയിലുള്ള സംരംഭങ്ങൾക്കാണ് ഈ പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നത്. 01-

01-2021 മുതൽ വിപുലീകരണ പ്രവർത്തനം ആരംഭിച്ച യൂണിറ്റുകൾക്ക് മാത്രമാണ് ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നത്.

സ്ഥിര മൂലധനനിക്ഷേപ സബ്സിഡിക്ക് ബാങ്ക് ലോൺ നിർബന്ധമല്ല. ഈ പദ്ധതി പ്രകാരം ഒരു യൂണിറ്റിന് സ്ഥിര മൂലധനത്തിന്റെ 30% (പരമാവധി 100 ലക്ഷം) രൂപയാണ് Capital Investment Subsidy-യ്ക്ക് അർഹതയുള്ളത്.

ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങൾ, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയിൽനിന്നും വായ്പ നേടിയിട്ടുള്ള യൂണിറ്റുകൾക്ക് മാത്രമാണ് ഈ പദ്ധതിപ്രകാരം പ്രവർത്തന മൂലധന സഹായം ലഭിക്കുന്നത്. ബാങ്കിൽനിന്നും പ്രവർത്തന മൂലധനവായ്പ എടുത്തിട്ടുള്ള യൂണിറ്റുകൾക്ക് ആദ്യത്തെ മൂന്നു വർഷം 8% പലിശയിളവ് നൽകുന്നു. ഇത് റീഇംബേഴ്സ്മെന്റായാണ് നൽകുന്നത്.

7. PMFME പദ്ധതി പ്രകാരം ആരംഭിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങളും ധനസഹായങ്ങളും താഴെ പറയുന്നു.

ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (FPOs)/പ്രൊഡ്യൂസർ കോ-ഓപ്പറേറ്റീവ്സ്.

പദ്ധതി പ്രകാരമുള്ള സ്ഥിര മൂലധനത്തിന്റെ 35% Credit Linked Grant ODOP ഉൽപ്പന്നങ്ങളുടെ പ്രോസസ്സിംഗിനാണ് മുൻഗണന നൽകുന്നത്.

<u>സ്വയം സഹായ ഗ്രൂപ്പുകൾ (സ്വയം സഹായ സംഘങ്ങൾ)</u>

പ്രവർത്തന മൂലധനത്തിനും ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്വാശ്രയ സംഘത്തിലെ ഓരോ അംഗത്തിനും 40,000 രൂപ ഈ പദ്ധതി പ്രകാരം നൽകും.

വ്യക്തിഗത SHG അംഗത്തിനുള്ള പിന്തുണയും സ്വാശ്രയതലത്തിലുള്ള ഫെഡറേഷന് മൂലധന നിക്ഷേപത്തിനുള്ള പിന്തുണയും-ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റ് @ 35% പരമാവധി തുക 10 ലക്ഷം രൂപ.

<u>പൊതു ഇൻഫ്രാസ്ട്രക്ചറിനുള്ള സഹായം</u>

എഫ്.പി.ഒ.-കൾ, സ്വാശ്രയ സംഘങ്ങൾ, സഹകരണ സംഘങ്ങൾ, ഏതെങ്കിലും സർക്കാർ ഏജൻസി അല്ലെങ്കിൽ സ്വകാര്യ സംരംഭങ്ങൾ എന്നിവയ്ക്ക് 35% ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റ് നൽകുന്നു.

<u>ബ്രാൻഡിംഗ്, മാർക്കറ്റിംഗ് എന്നിവയ്ക്കുള്ള സഹായം</u>

എഫ്.പി.ഒ.-കൾ/സ്വാശ്രയസംഘങ്ങൾ/സഹകരണ സംഘങ്ങൾ അല്ലെങ്കിൽ മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസുകളുടെ SPV എന്നിവയ്ക്കാണ് സഹായം നൽകുന്നത്.

## 8. കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി (ASHA)

കരകൗശല മേഖലയിലെ ആർട്ടിസാൻമാർക്ക് സ്ഥിരമൂലധനത്തിന്റെ ജനറൽ വിഭാഗത്തിന് 40% പരമാവധി 2 ലക്ഷം രൂപയും വനിതകൾ/യുവാക്കൾ/എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്ക് 50% പരമാവധി 3 ലക്ഷം രൂപയും അനുവദിക്കുന്ന പദ്ധതിയാണിത്. അപേക്ഷകർ ഡെവലപ്മെന്റ് കമ്മീഷണർ ഫോർ ഹാന്റിക്രാഫ്റ്റ്സ്/കാഡ്കോ/സുരഭി/ എച്ച്.ഡി.സി.കെ./കെൽപാം/ബാംബൂ കോർപ്പറേഷൻ എന്നീ എതെങ്കിലും സ്ഥാപനത്തിൽ ആർട്ടിസാനായി രജിസ്റ്റർ ചെയ്തിരിക്കണം

## 9. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി(PMEGP)

ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ക്രെഡിറ്റ് ലിങ്ക്ഡ് സ്കീമാണ് PMEGP. കെ.വി.ഐ.സി, സംസ്ഥാന/കേന്ദ്രഭരണ ഖാദി & വി.ഐ. ബോർഡുകൾ, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ എന്നീ ഏജൻസികൾ വഴി ഇത് നടപ്പിലാക്കുന്നു. കെ.വി.ഐ.സി/കെ.വി.ഐ.ബി/ഡി.ഐ.സി. എന്നിവയ്ക്കിടയിൽ യഥാക്രമം 30:30:40 എന്ന അനുപാതത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. പ്രോജക്ട് ചെലവിന്റെ 15%-35% ആണ് സബ്സിഡി നിരക്ക്. അത് ലോൺ അക്കൗണ്ടിലേക്ക് അടയ്ക്കും.

## സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഇന്റേൺസിന്റെ സേവനങ്ങൾ

185 (613) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായകരമായ രീതിയിൽ വ്യവസായ വകുപ്പിന്റെ കീഴിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിശ്ചയിച്ചിട്ടുള്ള ഇന്റേൺസിന്റെ സേവനങ്ങൾ നിശ്ചിത ഇടവേളകളിൽ പരിശോധിക്കാറുണ്ടോ; അറിയിക്കാമോ?

ഉണ്ട്. ജില്ലാതലത്തിലും ഡയറക്ടറേറ്റ്തലത്തിലും ഇന്റേണുകളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് റിവ്യൂ മീറ്റിംഗുകൾ നടത്തുന്നു. കൂടാതെ ഇന്റേണുകളുടെ ശേഷി വികസനത്തിന്റെ ഭാഗമായി നിരവധി അസൈൻമെന്റുകളും നൽകിവരുന്നുണ്ട്. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി ചേർന്ന് " Post Graduate Certificate Program in Entrepreneurship" എന്ന ഒരു കോഴ്സും ഇന്റേണുകൾക്ക് നൽകിവരുന്നുണ്ട്.

(ബി) സാമ്പത്തിക സഹായങ്ങൾ സംരംഭകന് ലഭ്യമാക്കുന്നതിനപ്പുറം സാങ്കേതിക സഹായങ്ങളും നിർദ്ദേശങ്ങളും നൽകാൻ കഴിയുന്ന രീതിയിൽ ഇന്റേൺസിനെ മാറ്റിയെടുക്കാൻ ആവശ്യമായ നടപടികൾ

സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

സ്വീകരിക്കുന്നുണ്ട്. സാമ്പത്തിക സഹായങ്ങൾ സംരംഭകന് ലഭ്യമാക്കുന്നതിനപ്പുറം സാങ്കേതിക സഹായങ്ങളും നിർദ്ദേശങ്ങളും നൽകാൻ കഴിയുന്ന രീതിയിൽ ഇന്റേൺസിനെ മാറ്റിയെടുക്കുന്നതിനുവേണ്ടി ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയുമായി ചേർന്ന് "Post Graduate Certificate Programme in Small Business Management "കോഴ്സ് നടത്തുന്നുണ്ട്. പ്രസ്തുത കോഴ്സിന്റെ രണ്ടു ബാച്ചുകൾ ഇതിനോടകം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. മൂന്നാം ബാച്ച് ഫെബ്രുവരി ആദ്യവാരം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇന്റേൺസിനെ അവരുടെ ഉത്തരവാദിത്തങ്ങൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് ഈ കോഴ്സ് പിന്തുണ നൽകുന്നു. അതുവഴി വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സംരംഭകരിലേയ്ക്ക് എത്തിക്കാൻ സാധിക്കും.

## വ്യവസായ പുരോഗതിക്കായി പുതിയ പദ്ധതികൾ

186 (614) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വ്യവസായ പുരോഗതിക്കായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

സംസ്ഥാനത്ത് വ്യവസായ പുരോഗതിക്കായി നടപ്പാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു+.

## വ്യവസായവത്ക്കരണം

187 (615) ശ്രീ. ഡി. കെ. മുരളി:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. എം. മുകേഷ്:
ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിക്ഷേപ സൗഹൃദാന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്തെ നിക്ഷേപ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്താനും വാണിജ്യ വ്യവസായ മേഖലയ്ക്ക് ഉണർവേകാനും നിയമനിർമ്മാണങ്ങളും നിയമ പരിഷ്കരണങ്ങളുമുൾപ്പെടെ ഒട്ടനവധി നടപടികൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ തുടക്കംകുറിച്ചിരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളത്തിൽ ബിസിനസ്സ് നടത്തുന്നത് സുഗമമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ, 2017-ലെ 22-ാമത് നമ്പർ ഓർഡിനൻസായി "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ഓർഡിനൻസ്" നിയമസഭയിൽ ബില്ലായി അവതരിപ്പിച്ച് നിയമമാക്കിയിട്ടുണ്ട്. ഇതുപ്രകാരം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് K-SWIFT സോഫ്റ്റ്‌വെയർ നടപ്പിലാക്കിയിട്ടുണ്ട്.

2018-ൽ നടപ്പിലാക്കിയ ‘ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം’ പ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച തീയതി മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതത് വകുപ്പുകൾ ലഭ്യമാക്കേണ്ടതുമാണ്; അല്ലാത്തപക്ഷം അപേക്ഷന് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്.

2019-ലെ ‘ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം’ പ്രകാരം കേന്ദ്ര സർക്കാരിന്റെ

എം.എസ്.എം.ഇ. നിർവ്വചനമനുസരിച്ച് 50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷം വരെ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല.

വ്യവസായ സ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ച് നടത്താനും അനാവശ്യ പരിശോധനകൾ ഒഴിവാക്കാനും വേണ്ടി കെ-സ്വിസ് എന്ന ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം (Kerala Centralised Inspection System) നടപ്പാക്കിയിട്ടുണ്ട്. നിലവിൽ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചാണ് പ്രസ്തുത കേന്ദ്രീകൃത പരിശോധനാ സംവിധാനം ഒരുക്കിയിട്ടുള്ളത്. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്, തൊഴിൽ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ പരിശോധനകൾ കേന്ദ്രീകൃതമായി പോർട്ടലിലൂടെ നടന്നുവരുന്നു.

വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഒട്ടേറെ വ്യവസ്ഥകൾ

നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇവ ഒഴിവാക്കാനും കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗങ്ങൾ നിർദേശിക്കാനും നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിന് വിവിധ വകുപ്പുകളെ (തദ്ദേശസ്വയംഭരണം, തൊഴിൽ, മൈനിംഗ് & ജിയോളജി, വ്യവസായം) ഉൾപ്പെടുത്തി വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. അതിന്റെ നടപടികൾ നടന്നുവരുന്നു.

1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്റ്റ്, 1999 (2000-ലെ നിയമം 5)-ന്റെ ഭേദഗതി വഴി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് പരാതി പരിഹാര സംവിധാനം (Grievance Redressal System). ഈ നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടിരൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും 10 കോടിയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിനുമേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ്

നൽകേണ്ടത്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

2022-23 സംരംഭകവർഷമായി കേരളാ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരുലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള ഒരു ബൃഹത്തായ പദ്ധതി തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിവരുന്നു. ഒരു വർഷം പുതിയ സംരംഭങ്ങൾ എന്ന ഭൗതിക ലക്ഷ്യം 250 ദിവസത്തിനകംതന്നെ പദ്ധതി കൈവരിച്ചുകഴിഞ്ഞു.

ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്.

(ബി) സംരംഭങ്ങളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കാനും നൂറുകോടിയെങ്കിലും വാർഷിക വിറ്റുവരവുള്ള ആയിരം സംരംഭങ്ങളെങ്കിലും

സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെയും നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ?

ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടേയും പുതുതായി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവരുടേയും പരാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിനായി ' മീറ്റ് ദ മിനിസ്റ്റർ' പരിപാടി നടത്തിവരുന്നു. ഓരോ ജില്ലയിലും ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് ഇതിനകം സംരംഭങ്ങൾ ആരംഭിച്ചവരേയോ തുടങ്ങാൻ ആഗ്രഹിക്കുന്നവരേയോ ആണ് നേരിൽ കാണുക. സംരംഭകർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കാനും സാധിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ കൈക്കൊണ്ട് സംരംഭകരെ സഹായിക്കാനും ഈ പരിപാടിയിലൂടെ സാധ്യമായിട്ടുണ്ട്. ചെറുകിട സംരംഭങ്ങളെ Scale up ചെയ്യുന്നതിനുള്ള പ്രത്യേക പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

ഇതുകൂടാതെ, നൂറു കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ള വ്യവസായ സംരംഭങ്ങളും സ്ഥാപനങ്ങളുമായി വ്യവസായ വകുപ്പുമന്ത്രിയും വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും നടത്തുന്ന സ്ഥിരം ആശയ വിനിമയ വേദിയാണ് ' മീറ്റ് ദ ഇൻവെസ്റ്റർ. ഓരോ സംരംഭകരുടേയും വ്യവസായികളുടേയും

അഭിപ്രായങ്ങൾ തേടുകയും സർക്കാർതലത്തിൽ ആവശ്യമുള്ള പിന്തുണ ഉറപ്പാക്കുകയും ചെയ്യുകയാണ് പരിപാടിയുടെ ലക്ഷ്യം. നിലവിലുള്ള പദ്ധതികൾക്ക് പുറമെ, പുതിയ നിക്ഷേപ പദ്ധതികൾ, വൈവിദ്ധ്യവത്കരണ ശ്രമങ്ങൾ തുടങ്ങിയവയും ആലോചനാവിഷയമാകും. നിലവിലുള്ള നിക്ഷേപ സൗഹൃദാന്തരീക്ഷം കൂടുതൽ ശക്തിപ്പെടുത്തുകയാണ് ' മീറ്റ് ദ ഇൻവെസ്റ്റർ' പരിപാടിയിലൂടെ ഉദ്ദേശിക്കുന്നത്. ഫിക്കി, സി.ഐ.ഐ, ചെറുകിട വ്യവസായ അസോസിയേഷൻ, പ്രവാസി സംരംഭകർ എന്നിവരുമായി പ്രത്യേകം കൂടിക്കാഴ്ച നടത്തിയതിന്റെ തുടർച്ചയിലാണ് ഓരോ സംരംഭക ഗ്രൂപ്പിന്റേയും വിഷയങ്ങൾ പ്രത്യേകമായി ചർച്ച ചെയ്യുന്നതിന് വേദിയൊരുക്കുന്നത്.

(സി) ത്വരിതഗതിയിലുള്ളതും സ്ഥായിയായതുമായ വ്യവസായവത്കരണം സാധ്യമാക്കുന്നതിന് പുതിയ വ്യവസായ നയം ലക്ഷ്യം വയ്ക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. കേരളത്തിന് ഇണങ്ങുന്ന മേഖലകളിൽ വൻകിട നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും സംസ്ഥാനത്തെ സാങ്കേതിക വൈദഗ്ധ്യമുള്ള മാനവ വിഭവശേഷിയെ ശരിയാംവണ്ണം വിനിയോഗിക്കാൻ കഴിയുന്ന ആധുനിക സ്റ്റാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകാനും അതിലൂടെ

ത്വരിതഗതിയിലുള്ള സ്ഥായിയായ വ്യവസായവത്കരണം സാധ്യമാക്കാനും പുതിയ വ്യവസായ നയം ലക്ഷ്യമിടുന്നു. നാലാം വ്യവസായ വിപ്ലവം (വ്യവസായം 4.0) തുറന്നുതരുന്ന വിപുലമായ സാധ്യതകളെ സമർത്ഥമായി വിനിയോഗിക്കുന്നതിനുള്ള പ്രത്യേക കർമ്മപദ്ധതി ഈ നയം മുന്നോട്ട് വയ്ക്കുന്നു. അതിവേഗ വളർച്ചയ്ക്ക് സാധ്യതയുള്ള മുൻഗണനാ മേഖലകളിലെ സംരംഭങ്ങളെ കൂടുതൽ ആകർഷിക്കുന്നതിനും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പുതിയ വ്യവസായ നയത്തിൽ വിവിധ സാമ്പത്തിക പ്രോത്സാഹനങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്. ആധുനികവൽക്കരണം നടപ്പിലാക്കി, ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ച്, മത്സരക്ഷമവും ലാഭകരവുമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായി പൊതുമേഖല സ്ഥാപനങ്ങളെ മാറ്റാൻ വേണ്ട നടപടികൾക്കും പുതിയ വ്യവസായ നയം ഊന്നൽ നല്കുന്നു. തൊഴിൽ സംരക്ഷിച്ചുള്ള യന്ത്രവത്കരണം നടപ്പിലാക്കി, വിപണി ആവശ്യപ്പെടുന്ന ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ പരമ്പരാഗത വ്യവസായരംഗത്തെ പ്രാപ്തമാക്കാനും നയം ലക്ഷ്യംവയ്ക്കുന്നു. ഏവർക്കും അനുയോജ്യമായ തൊഴിൽ ലഭിക്കുന്ന ആരോഗ്യകരമായ സംരംഭകത്വ അന്തരീക്ഷം സൃഷ്ടിക്കുക എന്നത് വ്യവസായ നയത്തിന്റെ ലക്ഷ്യമാണ്. ആശയ രൂപീകരണത്തിനും നിർവ്വഹണത്തിനുമുള്ള ഇൻകുബേറ്റർ, ധനസഹായം, എളുപ്പത്തിലുള്ള വായ്പാ

ലഭ്യത, നൈപുണ്യ വികസനവും പരിശീലനവും, നിക്ഷേപ സഹായ കേന്ദ്രങ്ങൾ എന്നിവ വഴി സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ വ്യവസായ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. പുതിയ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭക സംസ്കാരം വളർത്തുന്നതിനും സംരംഭകർക്ക് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

യന്ത്രവത്കരണം വർദ്ധിപ്പിച്ചുകൊണ്ട് സ്മാർട്ട് മെഷിനറികളും സ്മാർട്ട് ഫാക്ടറികളും തൊഴിലുമാണ് വ്യവസായം 4.0-യുടെ സവിശേഷത. മെഷീൻ ലേണിംഗ്, ഡാറ്റാ വിശകലനം, പ്രക്രിയകളുടെ യന്ത്രവത്കരണം എന്നിവ സ്വീകരിക്കുന്നതിലൂടെ ഉൽപ്പാദന മേഖല ഡിജിറ്റൽവൽക്കരണം സാധ്യമാകുകയും ഉൽപ്പാദനത്തിൽ വിപ്ലവമുണ്ടാക്കാൻ കഴിയുകയും ചെയ്യും. അങ്ങനെ വ്യവസായം 4.0-യിലുൾപ്പെടുത്തിയിരിക്കുന്ന നിലവിലെ ബിസിനസ്സുകൾ ഡിജിറ്റൽവൽക്കരിക്കാൻ തയ്യാറാകുന്നതിലൂടെ വ്യവസായം 4.0-യിലേയ്ക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കാൻ കരുത്തുറ്റ ആവാസ വ്യവസ്ഥ സൃഷ്ടിക്കുകയും ചെയ്യും. ഇതിനായുള്ള നിർദ്ദേശങ്ങളും പുതിയ വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**പ്രവാസി മലയാളികളുടെ സംരംഭകത്വത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ**

188(616) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രവാസി മലയാളികളെ സംരംഭകത്വത്തിലേയ്ക്ക് ആകർഷിക്കുന്നതിന് വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പ്രവാസി മലയാളികൾക്ക് മാത്രമായി പ്രത്യേക പദ്ധതികൾ വകുപ്പ് നടപ്പിലാക്കുന്നില്ല. എന്നാൽ വകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതിയിൽ പ്രവാസി മലയാളികൾ ഉൾപ്പെടെയുള്ളവർക്ക് മുൻഗണന നൽകിവരുന്നുണ്ട്.

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കിവരുന്നുണ്ട്. ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് പ്രാരംഭ സഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നൽകുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ പരമാവധി 40 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.

കോവിഡ് 19-ന്റെ ഭാഗമായി പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജ് പ്രകാരം സംരംഭകത്വ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രത്യേക വിഭാഗത്തിൽ ഉൾപ്പെട്ട യുവാക്കൾ, വനിതകൾ, എസ്.സി./എസ്.ടി. വിഭാഗം എന്നിവർക്ക് അധികമായി നൽകുന്ന സബ്സിഡി 5% എന്നത് 10% ആയി വർദ്ധിപ്പിക്കുകയും പ്രത്യേക വിഭാഗത്തിൽ പ്രവാസി മലയാളികളെക്കൂടി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കൂടാതെ വിദേശത്തുള്ള മലയാളികളെ സംരംഭകത്വത്തിന്റെ വിവിധ മേഖലകളെക്കുറിച്ച് ബോധവാന്മാരാക്കുകയും അവരെ കേരളത്തിൽ സംരംഭങ്ങൾ ആരംഭിക്കാൻ പ്രാപ്തരാക്കുകയും അതുവഴി കേരളത്തിലെ നിക്ഷേപം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനുവേണ്ടി പ്രവാസികൾക്കായി ഒരു ശില്പശാല വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ 2023 ജനുവരി മാസത്തിൽ നടത്തിയിരുന്നു.

സംസ്ഥാനത്തിന്റെ വികസനത്തിലും പുരോഗതിയിലും മലയാളികളുടെ പങ്കിന്റെ പ്രാധാന്യം കണക്കിലെടുത്ത് തൊഴിൽ നഷ്ടപ്പെട്ടും അല്ലാതെയും സംസ്ഥാനത്തേയ്ക്ക് തിരിച്ചെത്തുന്ന പ്രവാസികൾക്കായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും നോർക്കയും ചേർന്ന് അവതരിപ്പിച്ചിരുന്ന പദ്ധതിയാണ് പ്രവാസി ഭദ്രതാ മെഗാ പദ്ധതി. പ്രസ്തുത

പദ്ധതിയുടെ കാലാവധി അവസാനിച്ചതിനാൽ ആയത് പുതുക്കാനുള്ള നടപടികൾ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും നോർക്കയും ചേർന്ന് സ്വീകരിച്ചുവരികയാണ്.

## എം.എസ്.എം.ഇ. യൂണിറ്റുകളുടെ പുനരുദ്ധാരണം

189 (617) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എസ്.എം.ഇ. യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട് .

Revival and rehabilitation scheme for defunct MSMEs and cashew processing units

കശുവണ്ടി സംസ്കരണ യൂണിറ്റുകൾ ഉൾപ്പടെയുള്ള പ്രവർത്തനരഹിതമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലെ സംരംഭങ്ങളെ സ്ഥിര നിക്ഷേപത്തിനും പ്രവർത്തന മൂലധനത്തിനും സഹായം നൽകി പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതിയിൽ താഴെപറയുന്ന പ്രകാരം സാമ്പത്തിക സഹായം അനുവദിക്കുന്നു.

<u>കെട്ടിട നവീകരണം</u>:- മൊത്തം പുനരുദ്ധാരണ പദ്ധതി ചെലവിന്റെ 25%, 2 ലക്ഷം രൂപയായി നിജപ്പെടുത്തി അനുവദിക്കുന്നു.

<u>പ്ലാന്റും മെഷിനറിയും വൈദ്യുതീകരണവും</u>:-മൊത്തം പുനരുദ്ധാരണ പദ്ധതി ചെലവിന്റെ 40%, 8 ലക്ഷം രൂപയായി നിജപ്പെടുത്തി അനുവദിക്കുന്നു.

<u>പ്രവർത്തന മൂലധനം (മാർജിൻ)</u>:- ധനകാര്യ സ്ഥാപനം അനുവദിക്കുന്ന പ്രവർത്തന മൂലധനവായ്പയുടെ മാർജിന്റെ 50%, പ്രവർത്തനരഹിതമായ സൂക്ഷ്മ ചെറുകിട-ഇടത്തരം-വ്യവസായ സംരംഭങ്ങൾക്ക് 2 ലക്ഷം രൂപയും കശുവണ്ടി മേഖലയിലെ സംരംഭങ്ങൾക്ക് 5 ലക്ഷം രൂപയും നിജപ്പെടുത്തി അനുവദിക്കുന്നു. പദ്ധതിയിലൂടെയുള്ള ആകെ ധനസഹായം പ്രവർത്തനരഹിതമായ സൂക്ഷ്മ ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് 12 ലക്ഷം രൂപയായും കശുവണ്ടി മേഖലയിലെ സംരംഭങ്ങൾക്ക് 15 ലക്ഷം രൂപയായും നിജപ്പെടുത്തിയിട്ടുണ്ട്.

<u>The Kerala stressed MSMEs Revival & Rehabilitation Scheme</u>

തകർച്ച നേരിടുന്ന പീഡിത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവയുടെ ഉല്പാദനരഹിതമായ ആസ്തികൾ ഉല്പാദന ആസ്തികളാക്കി മാറ്റുന്നതിനും 5 ലക്ഷം രൂപ വരെ സാമ്പത്തിക സഹായവും മറ്റു കൈത്താങ്ങ് സഹായവും നൽകുന്ന പദ്ധതിയാണ്.

പദ്ധതി പ്രകാരം,

1. നിലവിലുള്ള ബാങ്ക് വായ്പ പുനഃക്രമീകരിച്ച് ബാങ്ക് നൽകുന്ന അധിക വായ്പയ്ക്കാവശ്യമായ ഗുണഭോക്തൃ വിഹിതത്തിന്റെ 50% പരമാവധി 2 ലക്ഷം രൂപ വരെ സാമ്പത്തിക സഹായമായി നൽകുന്നു.

2. വിദഗ്ധ സമിതി ശിപാർശ ചെയ്തിട്ടുള്ള പുനരുദ്ധാരണ പദ്ധതിരേഖയുടെ അടിസ്ഥാനത്തിൽ ബാങ്ക് നൽകുന്ന അധിക വായ്പയിൽ ആദ്യ വർഷം 6% പലിശ സബ്സിഡിയായി പരമാവധി 1 ലക്ഷം രൂപ നൽകുന്നു.

3. പുനപ്രവർത്തന സഹായമായി ധനകാര്യ സ്ഥാപനത്തിന്റെ വായ്പാസഹായമില്ലാതെ പുനരുദ്ധാരണ പദ്ധതിരേഖയുടെ അടിസ്ഥാനത്തിൽ വിദഗ്ധ സമിതി ശിപാർശ ചെയ്യുന്ന പ്രകാരം അധികമായി വാങ്ങുന്ന മെഷിനറികളുടെ വിലയുടെ 50%, പരമാവധി 1.5 ലക്ഷം രൂപ സാമ്പത്തിക സഹായമായി നൽകുന്നു.

4. നിലവിലുള്ള മെഷിനറികളുടെയും കെട്ടിടത്തിന്റെയും അടിയന്തര അറ്റകുറ്റപ്പണികൾക്കുള്ള ചെലവിന്റെ 50% പരമാവധി 1 ലക്ഷം രൂപ തിരിച്ചുനൽകുന്നു.

5. കെ.എസ്.ഇ.ബി, ജി.എസ്.ടി., എക്സൈസ്, മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയ ഏജൻസികളിൽനിന്നുള്ള കടിശ്ശിക തീർക്കുന്നതിന് 50%, പരമാവധി 40,000/-രൂപ വരെ സഹായം നൽകുന്നു.

6. പുനരുദ്ധാരണ പദ്ധതി രേഖ (Revival Project Report) തയ്യാറാക്കുന്നതിനുള്ള ചെലവിന്റെ 100% (ഒരു യൂണിറ്റിന് പരമാവധി 10,000/-രൂപ വരെ) തിരികെ നൽകുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര യൂണിറ്റുകൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള ധനസഹായം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം | ജില്ല | Revival and rehabilitation scheme for defunct MSMEs and cashew processing units (2851-00-102-26) | | | | | |
|---|---|---|---|---|---|---|---|
| | | 2020-21 | | 2021-22 | | 2022-23 | |
| | | തുക (ലക്ഷം രൂപ) | എണ്ണം | തുക (ലക്ഷം രൂപ) | എണ്ണം | തുക (ലക്ഷം രൂപ) | എണ്ണം |
| 1 | തിരുവനന്തപുരം | -0- | 0 | 3.71 | 2 | 0 | 0 |
| 2 | കൊല്ലം | -0- | 0 | 32.66 | 4 | 3.06 | 1 |
| 3 | പത്തനംതിട്ട | -0- | 0 | 24.2 | 7 | 0 | 0 |
| 4 | ആലപ്പുഴ | -0- | 0 | 0 | 0 | 0 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | കോട്ടയം | -0- | 0 | 11.13 | 4 | 5.23 | 1 |
| 6 | ഇടുക്കി | -0- | 0 | 0 | 0 | 4.52 | 1 |
| 7 | എറണാകുളം | -0- | 0 | 0 | 0 | 0.91 | 1 |
| 8 | തൃശ്ശൂർ | -0- | 0 | 0 | 0 | 0 | 0 |
| 9 | പാലക്കാട് | -0- | 0 | 0 | 0 | 2.12 | 1 |
| 10 | മലപ്പുറം | -0- | 0 | 0 | 0 | 2.45 | 2 |
| 11 | കോഴിക്കോട് | -0- | 0 | 0 | 0 | 10 | 2 |
| 12 | വയനാട് | -0- | 0 | 0 | 0 | 9.72 | 3 |
| 13 | കണ്ണൂർ | -0- | 0 | 0 | 0 | 0 | 0 |
| 14 | കാസർഗോഡ് | -0- | 0 | 0 | 0 | 0 | 0 |

| ക്രമ. നം | ജില്ല | The Kerala stressed MSMEs Revival & Rehabilitation Scheme (2851-00-102-33) | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | 2019-20 | | 2020-21 | | 2021-22 | | 2022-23 | |
| | | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) | എണ്ണം |
| 1 | തിരുവനന്തപുരം | 0 | 0 | 0 | 0 | 5 | 23 | 0 | 0 |
| 2 | കൊല്ലം | 1.14 | 1 | 1.21 | 1 | 0 | 0 | 0 | 0 |
| 3 | പത്തനംതിട്ട | 0 | 0 | 0 | 0 | 4.5 | 9 | 0 | 0 |
| 4 | ആലപ്പുഴ | 0 | 0 | 1.35 | 1 | 8.28 | 89 | 0 | 0 |
| 5 | കോട്ടയം | 0 | 0 | 0 | 0 | 5 | 32 | 0 | 0 |
| 6 | ഇടുക്കി | 0 | 0 | 0 | 0 | 5 | 23 | 0 | 0 |
| 7 | എറണാകുളം | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 8 | തൃശ്ശൂർ | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 9 | പാലക്കാട് | 0 | 0 | 0 | 0 | 5 | 14 | 0 | 0 |
| 10 | മലപ്പുറം | 0 | 0 | 6.96 | 5 | 5 | 3 | 0 | 0 |
| 11 | കോഴിക്കോട് | 0 | 0 | 0 | 0 | 9 | 23 | 0 | 0 |
| 12 | വയനാട് | 0 | 0 | 0 | 0 | 5 | 19 | 2.9 | 2 |
| 13 | കണ്ണൂർ | 0 | 0 | 0 | 0 | 3.6 | 2 | 0 | 0 |
| 14 | കാസർഗോഡ് | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

## വ്യവസായ വകുപ്പിന്റെ സംരംഭക വർഷം പദ്ധതി

190 (618) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി എത്ര സംരംഭങ്ങൾ പോർട്ടലിൽ പുതുതായി രജിസ്റ്റർ ചെയ്തു എന്ന കണക്കുകൾ ലഭ്യമാക്കാമോ?

ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ നിലവിൽ ഇതുവരെ 127214 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2023 ജനുവരി 30 വരെയുള്ള കണക്ക് പ്രകാരം ജില്ലാതലത്തിൽ തുടങ്ങിയ സംരംഭങ്ങളുടെ എണ്ണവും നിക്ഷേപവും അതുവഴി ഉണ്ടായ തൊഴിലവസരങ്ങളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| ജില്ല | ലക്ഷ്യം | തുടങ്ങിയ സംരംഭങ്ങളുടെ എണ്ണം | നേട്ടം (%) | നിക്ഷേപം (കോടി രൂപയിൽ) | തൊഴിലവസരങ്ങൾ |
|---|---|---|---|---|---|
| തിരുവനന്തപുരം | 14902 | 12303 | 82.56 | 750.92 | 25848 |
| കൊല്ലം | 11775 | 11559 | 98.17 | 593.09 | 23495 |
| പത്തനംതിട്ട | 5408 | 4959 | 91.07 | 230.87 | 10356 |
| ആലപ്പുഴ | 9666 | 9770 | 101.08 | 516.51 | 20757 |
| കോട്ടയം | 8834 | 7343 | 83.12 | 410.05 | 15331 |
| ഇടുക്കി | 5007 | 3703 | 73.96 | 204.18 | 7620 |
| എറണാകുളം | 14610 | 12245 | 83.81 | 1040.79 | 29784 |
| തൃശ്ശൂർ | 13533 | 12991 | 95.99 | 699.57 | 27262 |
| പാലക്കാട് | 12721 | 11254 | 88.47 | 578.62 | 24578 |
| മലപ്പുറം | 18601 | 11355 | 61.05 | 776.34 | 36357 |
| കോഴിക്കോട് | 13925 | 11022 | 79.15 | 791.76 | 24336 |
| വയനാട് | 3687 | 3821 | 103.63 | 228.68 | 7979 |
| കണ്ണൂർ | 11366 | 11199 | 98.53 | 667.11 | 22766 |

| | | | | | |
|---|---|---|---|---|---|
| കാസർഗോഡ് | 5965 | 3690 | 61.86 | 222.36 | 7462 |
| **ആകെ** | **150000** | **127214** | **84.81** | **7710.85** | **273931** |

(ബി) വ്യവസായ വകുപ്പിന്റെ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി എത്ര പുതിയ സംരംഭങ്ങൾ പോർട്ടലിൽ റീ രജിസ്റ്റർ/മറ്റ് പോർട്ടലുകളിൽ നിന്നും മൈഗ്രേറ്റ് ചെയ്തു എന്ന കണക്കുകൾ ലഭ്യമാക്കാമോ?

വ്യവസായ വകുപ്പിന്റെ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി പുതിയ സംരംഭങ്ങൾ പോർട്ടലിൽ റീ രജിസ്റ്റർ ചെയ്യുകയോ മറ്റ് പോർട്ടലുകളിൽനിന്നും മൈഗ്രേറ്റ് ചെയ്യുകയോ ചെയ്തിട്ടില്ല.

**സംരഭക വർഷം പദ്ധതി**

191 (619) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ സംരംഭക വർഷം പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതേവരെ എത്ര പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ഇതുവഴി എത്ര പുതിയ നിക്ഷേപങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ഇതുവഴി എത്ര പേർക്ക് പുതിയ തൊഴിലവസരങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്നും വിശദമാക്കാമോ?

ഈ പദ്ധതിയുടെ ഭാഗമായി 2023 ജനുവരി 30 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് 127214 സംരംഭങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതുവഴി 7,710.85 കോടി രൂപയുടെ നിക്ഷേപവും 273931 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

(ബി) സംരംഭക വർഷം പദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിൽ എത്ര പുതിയ സംരംഭങ്ങൾ ആരംഭിക്കാനായിട്ടുണ്ടെന്നും ഇതുവഴി എത്ര പേർക്ക് പുതിയ തൊഴിലവസരം ലഭ്യമാക്കാനായിട്ടുണ്ടെന്നും അറിയിക്കാമോ?

സംരംഭക വർഷം പദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിൽ 891 പുതിയ സംരംഭങ്ങൾ ആരംഭിച്ചു. ഇതുവഴി 1835 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു.

**സംരംഭക വർഷം പദ്ധതി**

192 (620) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ പുതുതായി തുടങ്ങിയ സംരംഭങ്ങൾ, നിക്ഷേപം, തൊഴിലവസരങ്ങൾ എന്നിവയുടെ ജില്ലതിരിച്ചുള്ള വിശദാംശം നൽകാമോ?

സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി കേരളത്തിൽ ഇതുവരെ 127214 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 7,710.85 കോടി രൂപയുടെ നിക്ഷേപവും 273931 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

2023 ജനവരി 30 വരെയുള്ള കണക്ക് പ്രകാരം തുടങ്ങിയ സംരംഭങ്ങളുടെ എണ്ണവും നിക്ഷേപവും അതുവഴി ഉണ്ടായ തൊഴിലവസരങ്ങളുടെ എണ്ണവും സംബന്ധിച്ച വിശദാംശങ്ങൾ ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു.

| **ജില്ല** | **ലക്ഷ്യം** | **തുടങ്ങിയ സംരംഭങ്ങളുടെ എണ്ണം** | **നേട്ടം (%)** | **നിക്ഷേപം കോടി രൂപയിൽ** | **തൊഴിലവസരങ്ങൾ** |
|---|---|---|---|---|---|
| തിരുവനന്തപുരം | 14902 | 12303 | 82.56 | 750.92 | 25848 |
| കൊല്ലം | 11775 | 11559 | 98.17 | 593.09 | 23495 |
| പത്തനംതിട്ട | 5408 | 4959 | 91.07 | 230.87 | 10356 |
| ആലപ്പുഴ | 9666 | 9770 | 101.08 | 516.51 | 20757 |
| കോട്ടയം | 8834 | 7343 | 83.12 | 410.05 | 15331 |
| ഇടുക്കി | 5007 | 3703 | 73.96 | 204.18 | 7620 |
| എറണാകുളം | 14610 | 12245 | 83.81 | 1040.79 | 29784 |

| | | | | | |
|---|---|---|---|---|---|
| തൃശ്ശൂർ | 13533 | 12991 | 95.99 | 699.57 | 27262 |
| പാലക്കാട് | 12721 | 11254 | 88.47 | 578.62 | 24578 |
| മലപ്പുറം | 18601 | 11355 | 61.05 | 776.34 | 36357 |
| കോഴിക്കോട് | 13925 | 11022 | 79.15 | 791.76 | 24336 |
| വയനാട് | 3687 | 3821 | 103.63 | 228.68 | 7979 |
| കണ്ണൂർ | 11366 | 11199 | 98.53 | 667.11 | 22766 |
| കാസർഗോഡ് | 5965 | 3690 | 61.86 | 222.36 | 7462 |
| **ആകെ** | **150000** | **127214** | **84.81** | **7710.85** | **273931** |

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സ്ത്രീ സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ സംരംഭക വർഷം പദ്ധതിയിലൂടെ സംസ്ഥാനത്തുടനീളം ആരംഭിച്ചിട്ടുള്ള പുതിയ സംരംഭങ്ങളിൽ 40558 സംരംഭങ്ങൾ വനിത സംരംഭകർ നേതൃത്വം നൽകുന്നവയാണ്.

**വ്യവസായ വകുപ്പിന്റെ സംരംഭക വർഷം പദ്ധതി**

193 (621) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി വ്യവസായങ്ങൾ രജിസ്റ്റർ ചെയ്യേണ്ടത് ഏത് പോർട്ടൽ വഴിയാണെന്ന് വ്യക്തമാക്കാമോ?

ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും www.yearofenterprises.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്. പ്രസ്തുത പോർട്ടൽ വഴിയാണ് സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ സൂക്ഷിക്കുന്നത്.

(ബി) 2022 ജനുവരിക്ക് മുമ്പ് ആരംഭിച്ച എത്ര സംരംഭങ്ങൾ മേൽപ്പറഞ്ഞ പോർട്ടലിൽ പുതുതായി രജിസ്റ്റർ ചെയ്തു എന്ന കണക്കുകൾ ലഭ്യമാക്കാമോ?

2022 ജനുവരിക്ക് മുമ്പ് ആരംഭിച്ച സംരംഭങ്ങളുടെ വിവരങ്ങൾ മേൽപ്പറഞ്ഞ പോർട്ടലിൽ ശേഖരിക്കുന്നില്ല. ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി 2022-23 സാമ്പത്തിക വർഷത്തെ പദ്ധതിയാണ് എന്നതിനാൽ 2022 ഏപ്രിൽ 1 മുതൽ ആരംഭിച്ച സംരംഭങ്ങളുടെ വിവരങ്ങളാണ് പ്രസ്തുത പോർട്ടലിൽ ലഭ്യമായിട്ടുള്ളത്.

(സി) 2022 ജനുവരിക്കുശേഷം ആരംഭിച്ച എത്ര സംരംഭങ്ങൾ ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്തു എന്ന വിവരം ലഭ്യമാക്കാമോ?

2022 ഏപ്രിൽ 1 മുതൽ 2023 ജനുവരി 30 വരെയുള്ള കണക്ക് പ്രകാരം 127214 സംരംഭങ്ങൾ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**സംരംഭക വർഷം പദ്ധതി**

194 (622) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിൽ നാളിതുവരെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിച്ചെന്ന് വ്യക്തമാക്കാമോ?

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിൽ നാളിതുവരെ 15,277 എണ്ണം തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര സംരംഭങ്ങൾ ആരംഭിച്ചുവെന്നും എത്ര കോടിയുടെ നിക്ഷേപം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ, 2022 ഏപ്രിൽ 1 മുതൽ ഡിസംബർ 7 വരെയുള്ള 250 ദിവസത്തെ കാലയളവിൽ രജിസ്റ്റർ ചെയ്തു. 2023 ജനുവരി 30 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് 127214 സംരംഭങ്ങൾ പ്രവർത്തനം

ആരംഭിച്ചിട്ടുണ്ട്. ഇതുവഴി 7,710.85 കോടി രൂപയുടെ നിക്ഷേപവും 273931 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

2023 ജനുവരി 30 വരെയുള്ള കണക്ക് പ്രകാരം ജില്ലാതലത്തിൽ തുടങ്ങിയ സംരംഭങ്ങളുടെ എണ്ണവും നിക്ഷേപവും അതുവഴി ഉണ്ടായ തൊഴിലവസരങ്ങളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| ജില്ല | ലക്ഷ്യം | തുടങ്ങിയ സംരംഭങ്ങളുടെ എണ്ണം | നേട്ടം (%) | നിക്ഷേപം (കോടി രൂപയിൽ) | തൊഴിലവസരങ്ങൾ |
|---|---|---|---|---|---|
| തിരുവനന്തപുരം | 14902 | 12303 | 82.56 | 750.92 | 25848 |
| കൊല്ലം | 11775 | 11559 | 98.17 | 593.09 | 23495 |
| പത്തനംതിട്ട | 5408 | 4959 | 91.07 | 230.87 | 10356 |
| ആലപ്പുഴ | 9666 | 9770 | 101.08 | 516.51 | 20757 |
| കോട്ടയം | 8834 | 7343 | 83.12 | 410.05 | 15331 |
| ഇടുക്കി | 5007 | 3703 | 73.96 | 204.18 | 7620 |
| എറണാകുളം | 14610 | 12245 | 83.81 | 1040.79 | 29784 |
| തൃശ്ശൂർ | 13533 | 12991 | 95.99 | 699.57 | 27262 |
| പാലക്കാട് | 12721 | 11254 | 88.47 | 578.62 | 24578 |
| മലപ്പുറം | 18601 | 11355 | 61.05 | 776.34 | 36357 |
| കോഴിക്കോട് | 13925 | 11022 | 79.15 | 791.76 | 24336 |
| വയനാട് | 3687 | 3821 | 103.63 | 228.68 | 7979 |
| കണ്ണൂർ | 11366 | 11199 | 98.53 | 667.11 | 22766 |
| കാസർഗോഡ് | 5965 | 3690 | 61.86 | 222.36 | 7462 |
| **ആകെ** | **150000** | **127214** | **84.81** | **7710.85** | **273931** |

## വ്യവസായ വകുപ്പിന്റെ സംരംഭക വർഷം പദ്ധതി

195 (623) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി വ്യവസായങ്ങൾ രജിസ്റ്റർ ചെയ്യേണ്ടത് കേന്ദ്ര സർക്കാരിന്റെ ഉദ്യം പോർട്ടൽ വഴിയാണോ എന്ന് വ്യക്തമാക്കാമോ?

പുതിയതായി ആരംഭിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ കേന്ദ്ര സർക്കാരിന്റെ ഉദ്യം പോർട്ടൽ വഴി രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. സംസ്ഥാന വ്യവസായ വകുപ്പിന്റെ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി, 01-04-2022 മുതൽ സംസ്ഥാനത്ത് പ്രവർത്തനമാരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും www.yearofenterprises.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര പുതിയ സംരംഭങ്ങൾ മേൽപ്പറഞ്ഞ പോർട്ടലിൽ പുതുതായി രജിസ്റ്റർ ചെയ്തു എന്ന കണക്കുകൾ ലഭ്യമാക്കാമോ?

2023 ജനുവരി 30 വരെയുള്ള കണക്ക് പ്രകാരം ഡാറ്റാ എൻട്രി പോർട്ടൽ **(www.yearofenterprises.kerala.gov.in)** വഴി 127214 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര പുതിയ സംരംഭങ്ങൾ പോർട്ടലിൽ റീ-രജിസ്റ്റർ/മൈഗ്രേറ്റ് ചെയ്തു എന്ന കണക്കുകൾ ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ ഭാഗമായി  പുതിയ സംരംഭങ്ങൾ പോർട്ടലിൽ റീ-രജിസ്റ്റർ/മൈഗ്രേറ്റ് ചെയ്തിട്ടില്ല.

**പട്ടാമ്പി നിയോജകമണ്ഡലത്തിലെ**
**ഒരു വർഷം ഒരു ലക്ഷം സംരംഭം പദ്ധതി**

196 (624) ശ്രീ. മുഹമ്മദ് മുഹസിൻ:  താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വർഷം ഒരു ലക്ഷം സംരംഭം എന്ന പദ്ധതിയിലൂടെ എന്തെല്ലാം പ്രവർത്തന പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ?

2022-23 സംരംഭക വർഷമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ

ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള ഒരു ബൃഹത്തായ പദ്ധതി തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടപ്പാക്കിവരുന്നു. 30-3-2022-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംരംഭക വർഷത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

2022-23 സംരംഭക വർഷത്തിന്റെ ഭാഗമായി പുതിയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്കുവേണ്ട സഹായങ്ങൾ നല്കുന്നതിനുമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും 1153 പ്രൊഫഷണലുകളെ നിയമിച്ചിട്ടുണ്ട്. നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

1. സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു.

2. സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്ഥാപനതലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു.
3. ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.
4. എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും 4% പലിശയ്ക്ക് വായ്പ നൽകാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി (SLBC) ചേർന്ന് കേരള എന്റർപ്രൈസസ് ലോൺ സ്കീം (KELS) അവതരിപ്പിച്ചു.
5. എല്ലാ ജില്ലകളിലും എം.എസ്.എം.ഇ. ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചു.
6. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭക സാധ്യതയുള്ളതായി വ്യവസായ വകുപ്പ് കണ്ടെത്തിയിട്ടുള്ള ഉത്പ്പന്നങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. അതത് തദ്ദേശ സ്ഥാപനങ്ങൾ ഈ ഉൽപ്പന്നങ്ങളുടെ സാധ്യത പരിശോധിച്ച്, താല്പര്യമുള്ള തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളിൽ, 'ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം' (One Local body One Product-OLOP) എന്ന ആശയം നടപ്പാക്കാനും പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7. കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദ്ദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC) യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്‌ഫോം നിർമിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

8. സംസ്ഥാനത്തെ ഭൗമസൂചിക (GI) പദവി ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്കനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽനിന്നുള്ള ലാഭം യഥാർത്ഥ

നിർമ്മാതാക്കളിൽ എത്തിക്കുന്നതിനുമായി ഇത്തരം ഉല്പന്നങ്ങൾക്ക് ഒരു ജി.ഐ. മാർക്കറ്റിംഗ് പോർട്ടൽ ആരംഭിച്ചു.

പുതുതായി ആരംഭിച്ച സംരംഭങ്ങൾക്ക് വിപണി സാദ്ധ്യതകൾ വർദ്ധിപ്പിക്കാൻവേണ്ടി നവംബർ മുതൽ ഫെബ്രുവരി വരെ എല്ലാ താലൂക്കുകളിലും മാർക്കറ്റിംഗ് മേളകൾ നടത്തിവരുന്നു. പുതുതായി സ്ഥാപിതമായ സംരംഭങ്ങൾക്ക് പ്രാദേശിക വിപണികളിൽ അവരുടെ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും വിപണി സാദ്ധ്യതകൾ വർദ്ധിപ്പിക്കാനും വ്യാപാര ഇടപാടുകൾ സുഗമമാക്കാനും പങ്കാളിത്തം പ്രോത്സാഹിപ്പിക്കാനും അവസരമൊരുക്കുകയാണ് ക്യാമ്പയിൻ ലക്ഷ്യമിടുന്നത്. സംരംഭങ്ങളെ ജനപ്രിയ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളുമായി ബന്ധിപ്പിക്കുന്നതിനും ക്യാമ്പയിൻ സഹായിക്കും. കൂടാതെ ഒരു കുടുംബം ഒരു സംരംഭം എന്ന സാമ്പത്തിക സഹായ പദ്ധതിയും ഒരു വർഷം ഒരു ലക്ഷം സംരംഭം എന്ന പദ്ധതിയുടെ ഭാഗമായി നടപ്പാക്കി വരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എല്ലാ തദ്ദേശസ്ഥാപനങ്ങളിലും സാങ്കേതിക യോഗ്യതയുള്ള ഇന്റേണുകളെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖല സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാനാഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്കു വേണ്ട സഹായങ്ങൾ നല്കുന്നതിനുമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും 1153 പ്രൊഫഷണലുകളെ ഇന്റേണുകളായി നിയമിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബോധവത്കരണ പരിപാടികൾ, ലോൺ/ലൈസൻസ് മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇന്റേണുകളുടെ ഉത്തരവാദിത്വത്തിലായിരിക്കും നടക്കുക. ഒരു തദ്ദേശ സ്ഥാപനതലത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ഭൗതിക ലക്ഷ്യവും നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

(സി) ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാനുള്ള തീരുമാനത്തിന്റെ ഭാഗമായി സംരംഭകർക്ക് ആവശ്യമായ സാമ്പത്തിക പിന്തുണ ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പട്ടാമ്പി നിയോജകമണ്ഡലത്തിലെ വിശദാംശം അറിയിക്കാമോ?

ഉണ്ട്. വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതി, പി.എം.ഇ.ജി.പി, നാനോ യൂണിറ്റുകൾക്കുള്ള മാർജിൻമണി ഗ്രാന്റ്,

പി.എം.എഫ്.എം.ഇ. തുടങ്ങിയ പദ്ധതികളിലൂടെ സംരംഭകർക്ക് സബ്സിഡി ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കൂടുതൽ സംരംഭകരെ കണ്ടെത്തുന്നതിനായി പൊതു ബോധവത്കരണ സെമിനാറുകൾ, ലോൺ മേളകൾ, സംരംഭകത്വ ബോധവത്കരണ സെമിനാറുകൾ തുടങ്ങി വിവിധ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.

(ഡി) പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യ ഉല്പന്ന, കാർഷിക ഉല്പന്ന മേഖലകൾക്ക് മുൻഗണന നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 2023 ജനവരി 30 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് 127214 സംരംഭങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതുവഴി 7,710.85 കോടി രൂപയുടെ നിക്ഷേപവും 273931 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. ഇതിൽ കാർഷിക ഭക്ഷ്യ ഉൽപ്പന്ന സംസ്കരണ മേഖലയിൽ 22039 സംരംഭങ്ങൾ പ്രവർത്തനമാരംഭിക്കുകയും അതുവഴി 1,275.6 കോടി രൂപയുടെ നിക്ഷേപവും 54500 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു.

(ഇ) ആയതു പ്രകാരം പട്ടാമ്പി മണ്ഡലത്തിലെ പദ്ധതികൾ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം നൽകാമോ?

ഒരു വർഷം ഒരു ലക്ഷം സംരംഭം പദ്ധതിയുടെ ഭാഗമായി പട്ടാമ്പി നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പു സാമ്പത്തിക വർഷത്തിൽ പുതുതായി തുടങ്ങിയ സംരംഭങ്ങളുടെ എണ്ണം (28-01-2023 തീയതിയിലെ കണക്ക് പ്രകാരം) ചുവടെ ചേർക്കുന്നു.

| **തദ്ദേശ സ്വയംഭരണ സ്ഥാപനം** | **സംരംഭങ്ങളുടെ എണ്ണം** |
|---|---|
| പട്ടാമ്പി മുനിസിപ്പാലിറ്റി | 179 |
| വിളയൂർ | 95 |
| കൊപ്പം | 115 |
| തിരുവേഗപ്പുറ | 115 |
| മുതുതല | 85 |
| കുലുക്കല്ലൂർ | 87 |
| പരുതൂർ | 87 |
| ഓങ്ങല്ലൂർ | 134 |
| വല്ലപ്പുഴ | 112 |
| **ആകെ** | **1009** |

## സംരംഭക വർഷം പദ്ധതി

197 (625) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരംഭക വർഷം പദ്ധതി പ്രകാരം പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് പ്രത്യേക പോർട്ടൽ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ നിലവിലുണ്ട് (https://yearofenterprises.kerala.gov.in). കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെയാണ് ഈ പോർട്ടൽ വികസിപ്പിച്ചത്. ഒരു സംരംഭകനെ കണ്ടെത്തുന്നത് മുതൽ അദ്ദേഹത്തിന് നൽകുന്ന പരിശീലനങ്ങൾ, സംരംഭത്തിനുവേണ്ട വായ്പാ വിവരങ്ങൾ, അനുമതികൾ, പദ്ധതികളിലൂടെയുള്ള സഹായങ്ങൾ തുടങ്ങി പ്രസ്തുത സ്ഥാപനം തുടങ്ങുന്നത് വരെയുള്ള എല്ലാ ഘട്ടങ്ങളുടെ വിവരങ്ങളും സമഗ്രമായി ഈ പോർട്ടലിൽ ശേഖരിക്കുന്നുണ്ട്.

ഈ വിവരങ്ങൾ ക്രോഡീകരിച്ച് വിവിധ തലങ്ങളിലെ അവലോകനത്തിന് വേണ്ട വിവിധ റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. ആരംഭിച്ച സംരംഭങ്ങളുടെ എണ്ണവും നിക്ഷേപവും തൊഴിൽ വിവരങ്ങളും മറ്റ്

പ്രധാന റിപ്പോർട്ടുകളും പൊതുജനങ്ങൾക്കും തത്സമയം കാണത്തക്കവിധം പോർട്ടലിന്റെ ഹോം പേജിൽ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പോർട്ടൽ മുഖേന കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ നാളിതുവരെ എത്ര പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ?

2023 ജനുവരി 30 വരെയുള്ള കണക്ക് പ്രകാരം ജില്ലാതലത്തിൽ തുടങ്ങിയ സംരംഭങ്ങളുടെ എണ്ണവും നിക്ഷേപവും അതുവഴിയുണ്ടായ തൊഴിലവസരങ്ങളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| ജില്ല | ലക്ഷ്യം | തുടങ്ങിയ സംരംഭങ്ങളുടെ എണ്ണം | നേട്ടം (%) | നിക്ഷേപംകോടി രൂപയിൽ | തൊഴിലവസരങ്ങൾ |
|---|---|---|---|---|---|
| തിരുവനന്തപുരം | 14902 | 12303 | 82.56 | 750.92 | 25848 |
| കൊല്ലം | 11775 | 11559 | 98.17 | 593.09 | 23495 |
| പത്തനംതിട്ട | 5408 | 4959 | 91.07 | 230.87 | 10356 |
| ആലപ്പുഴ | 9666 | 9770 | 101.08 | 516.51 | 20757 |
| കോട്ടയം | 8834 | 7343 | 83.12 | 410.05 | 15331 |
| ഇടുക്കി | 5007 | 3703 | 73.96 | 204.18 | 7620 |
| എറണാകുളം | 14610 | 12245 | 83.81 | 1040.79 | 29784 |
| തൃശ്ശൂർ | 13533 | 12991 | 95.99 | 699.57 | 27262 |
| പാലക്കാട് | 12721 | 11254 | 88.47 | 578.62 | 24578 |
| മലപ്പുറം | 18601 | 11355 | 61.05 | 776.34 | 36357 |
| കോഴിക്കോട് | 13925 | 11022 | 79.15 | 791.76 | 24336 |
| വയനാട് | 3687 | 3821 | 103.63 | 228.68 | 7979 |
| കണ്ണൂർ | 11366 | 11199 | 98.53 | 667.11 | 22766 |

| | | | | | |
|---|---|---|---|---|---|
| കാസർഗോഡ് | 5965 | 3690 | 61.86 | 222.36 | 7462 |
| **ആകെ** | **150000** | **127214** | **84.81** | **7710.85** | **273931** |

(സി) നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സംരംഭങ്ങൾ ലൈസൻസ് പുതുക്കുന്നതിന്റെ ഭാഗമായി കെ-സ്വിഫ്റ്റ് പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്യേണ്ട സാഹചര്യമുണ്ടോ; എങ്കിൽ ഇപ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം എത്ര സംരംഭങ്ങൾ ലൈസൻസ് പുതുക്കുന്നതിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ?

പുതുതായി ആരംഭിക്കുന്ന സംരംഭങ്ങൾക്കുള്ള ലൈസൻസ് മാത്രമല്ല, നിലവിൽ പ്രവർത്തിച്ചുവരുന്ന സംരംഭങ്ങളുടെ ലൈസൻസ് പുതുക്കലും കെ-സ്വിഫ്റ്റ് ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ സാധ്യമാകും. ഇതിനായി ഈ സംരംഭങ്ങൾ കെ-സ്വിഫ്റ്റ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയും ലൈസൻസ് പുതുക്കുന്നതിനുവേണ്ട ഫീസ് ഓൺലൈനായിത്തന്നെ അടയ്ക്കേണ്ടതുമാണ്. ഇപ്രകാരം ഒരു തവണ രജിസ്റ്റർ ചെയ്ത് ലൈസൻസ് പുതുക്കിയ സംരംഭങ്ങളുടെ പിന്നീടങ്ങോട്ടുള്ള ലൈസൻസ് പുതുക്കലിന് വീണ്ടും രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ല; നിശ്ചിത ഫീസ് മാത്രം ഒടുക്കിയാൽ മതിയാകുന്നതാണ്.

കഴിഞ്ഞ സാമ്പത്തിക വർഷം 102 സംരംഭങ്ങൾ ഇപ്രകാരം ലൈസൻസ് പുതുക്കുന്നതിനായി കെ-സ്വിഫ്റ്റിൽ രജിസ്റ്റർ ചെയ്യുകയുണ്ടായി. ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു;

| **നം.** | **ജില്ല** | **ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകളുടെ എണ്ണം** |
|---|---|---|
| 1. | തിരുവനന്തപുരം | 17 |
| 2. | കൊല്ലം | 2 |
| 3. | പത്തനംതിട്ട | 5 |
| 4. | ആലപ്പുഴ | 1 |
| 5. | കോട്ടയം | 1 |
| 6. | ഇടുക്കി | 1 |
| 7. | എറണാകുളം | 8 |
| 8. | തൃശ്ശൂർ | 10 |
| 9. | പാലക്കാട് | 3 |
| 10. | മലപ്പുറം | 3 |
| 11. | കോഴിക്കോട് | 22 |
| 12. | വയനാട് | 2 |
| 13. | കണ്ണൂർ | 26 |
| 14. | കാസർഗോഡ് | 1 |
| | **മൊത്തം** | **102** |

(ഡി) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 4% പലിശയ്ക്ക് 10 ലക്ഷം രൂപ വായ്പ നൽകുന്ന പദ്ധതി മുഖേന കഴിഞ്ഞ സാമ്പത്തിക വർഷം എത്ര പുതിയ സംരംഭങ്ങൾ ആരംഭിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഒരു കുടുംബം ഒരു സംരംഭം പദ്ധതിക്ക് 2022-23-ലെ ബഡ്ജറ്റിൽ 2851-00-102-07(04) എന്ന ശീർഷകത്തിൽ 700 ലക്ഷം രൂപ വകയിരുത്തുകയും 22-11-2022-ലെ G.O(Rt)No.1232/2022/ID നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 400 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ഉല്പാദന, സേവന, വ്യാപാര മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശയിളവ് നൽകുന്നതിനാണ് " ഒരു കുടുംബം ഒരു സംരംഭം" പദ്ധതി വഴി വിഭാവനം ചെയ്യുന്നത്. പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4%-ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധനസഹായമായി സർക്കാർ നൽകുന്നു. ലോൺ വിതരണം ചെയ്ത തീയതി മുതൽ 5 വർഷം വരെ പദ്ധതിപ്രകാരം പലിശ സബ്സിഡി ആനുകൂല്യം ലഭിക്കുന്നു. 6 മാസം/12 മാസക്കാലയളവിലുള്ള ബാങ്ക് ലോണിന്റെ പലിശയിളവിനാണ് അപേക്ഷകന് ഓരോ തവണയും അപേക്ഷിക്കാൻ കഴിയുക. ഇപ്രകാരമുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിന് ഓൺലൈൻ പ്ലാറ്റ്ഫോം തയ്യാറാക്കിയിട്ടുള്ളതും (http://ofoe.industry.kerala.gov.in) ആയതുപ്രകാരം ലഭിക്കുന്ന

അപേക്ഷകൾ പ്രോസസ്സ് ചെയ്ത് ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. പദ്ധതി പ്രകാരം നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ഇ) ശരാശരി എത്ര തൊഴിൽ സൃഷ്ടിക്കാൻ സാധിക്കുന്ന സംരംഭങ്ങൾക്കാണ് സംരംഭക വർഷം പദ്ധതിയിലൂടെ അനുമതി നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ; ഒരു ലക്ഷം പുതിയ സംരംഭങ്ങൾ നടപ്പ് സാമ്പത്തിക വർഷം സൃഷ്ടിച്ചതായി അവകാശപ്പെടുമ്പോഴും തൊഴിലവസരങ്ങൾ 2 ലക്ഷം മാത്രമായി ചുരുങ്ങിയതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

2023 ജനുവരി 30 വരെയുള്ള കണക്ക് പ്രകാരം സംരംഭക വർഷം പദ്ധതിയിലൂടെ ആരംഭിച്ചിട്ടുള്ള 127214 സംരംഭങ്ങളിലൂടെ 273931 തൊഴിലുകൾ സംസ്ഥാനത്ത് പുതുതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഈ സംരംഭങ്ങളുടെ ശരാശരി തൊഴിലവസര സാധ്യത 2.15 ആണ്. പ്രസ്തുത സംരംഭങ്ങളിൽ കൂടുതലും 10 ലക്ഷം രൂപയിൽ താഴെ മുതൽ മുടക്കുള്ള സൂക്ഷ്മ സംരംഭങ്ങൾ ആയതിനാലാണ് ശരാശരി തൊഴിലവസരങ്ങൾ കുറയാൻ കാരണം.

കൂടാതെ, മിക്ക പുതിയ സംരംഭങ്ങളും തുടങ്ങിയിരിക്കുന്നത് പുതുതലമുറ സംരംഭരാണ്. പരിചയസമ്പന്നരായ സംരംഭകരെ അപേക്ഷിച്ച് ഇത്തരം സംരംഭകർ ബിസിനസ്സിന്റെ പ്രാരംഭഘട്ടത്തിൽ നിക്ഷേപവും തൊഴിലവസരങ്ങളുടെ എണ്ണവും താഴ്ന്ന തലത്തിൽ നിലനിർത്താൻ ശ്രമിക്കും. വ്യവസായം വളരുന്നതിനനുസൃതമായാണ് കൂടുതൽ നിക്ഷേപവും തൊഴിലവസരങ്ങളും സൃഷ്ടിക്കുക.

(എഫ്) ലൈസൻസ് പുതുക്കാൻ അപേക്ഷ നൽകിയ സംരംഭങ്ങളെ ഒഴിവാക്കി കൃത്യമായ കണക്ക് പ്രസിദ്ധീകരിക്കുമോ; വിശദാംശം നൽകുമോ?

2022 ഏപ്രിൽ 01 മുതൽ സംസ്ഥാനത്താരംഭിച്ച പുതിയ സംരംഭങ്ങളുടെ വിവരങ്ങളാണ് സംരംഭകവർഷം പോർട്ടലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ലൈസൻസ് പുതുക്കാൻ അപേക്ഷ നൽകിയ സംരംഭങ്ങളെ സംബന്ധിച്ച വിവരങ്ങൾ സംരംഭക വർഷം പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടില്ല.

**സംരംഭക വർഷം പദ്ധതി**

198 (626) <u>ശ്രീ. വി. ജോയി</u>:
<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>:
<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>:
<u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികച്ച സംരംഭക സംസ്ഥാനമെന്ന നിലയിലേയ്ക്ക് സംസ്ഥാനത്തെ ഉയർത്തുന്നതിന് സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങളെ അനുമോദിച്ച് സംരംഭക വർഷം പദ്ധതിയെ രാജ്യത്തെ ബെസ്റ്റ് പ്രാക്റ്റീസസ് പദ്ധതിയായി കേന്ദ്ര സർക്കാർ ഉയർത്തിക്കാട്ടിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി പ്രഖ്യാപിച്ചുകൊണ്ട് കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരു ലക്ഷം സംരംഭങ്ങൾ എന്ന ബൃഹത്തായ പദ്ധതി തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടപ്പാക്കിവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി 2023 ജനുവരി 30 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് 127214 സംരംഭങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതുവഴി 7,710.85 കോടി രൂപയുടെ നിക്ഷേപവും 273931 പുതിയ തൊഴിലവസരങ്ങളും ഉണ്ടായി.

ബഹുമാനപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഡൽഹിയിൽ നടന്ന സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ യോഗത്തിൽ രാജ്യത്തെ “ ബെസ്റ്റ് പ്രാക്റ്റീസ്” ആയി സംരംഭക വർഷം പദ്ധതി അവതരിപ്പിക്കാൻ കേന്ദ്രസർക്കാർ തെരഞ്ഞെടുത്തിരുന്നു.

(ബി) വ്യവസായ മേഖലയ്ക്ക് ദേശീയതലത്തിൽ ആദ്യമായി ഇത്തരമൊരു അംഗീകാരം നേടിയെടുക്കുന്ന വിധത്തിൽ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ?

2022-23 സംരംഭക വർഷമായി കേരളാ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കാൻ ലക്ഷ്യമിട്ട് തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് ആരംഭിച്ചിട്ടുള്ള സംരംഭകവർഷം പദ്ധതി 30-3-2022-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

പദ്ധതിയുടെ ഭാഗമായി 2023 ജനുവരി 30 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് 127214 സംരംഭങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതുവഴി 7,710.85 കോടി രൂപയുടെ നിക്ഷേപവും 273931 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

പുതിയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്

1. വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാനാഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്ക് വേണ്ട സഹായങ്ങൾ നല്കുന്നതിനുമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും 1153 പ്രൊഫഷണലുകളെ നിയമിച്ചിട്ടുണ്ട്.

2. സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു.

3. സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്ഥാപനതലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു.

4. സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ നിയമസഭാ സാമാജികർക്കുള്ള ശിൽപ്പശാല 2022 ജൂലൈയിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ സമുച്ചയത്തിൽവച്ച് നടത്തുകയുണ്ടായി. പ്രസ്തുത ശിൽപ്പശാലയിൽ സംരംഭക വർഷം പദ്ധതിയുടെ നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള

പുരോഗതി വിലയിരുത്തൽ എല്ലാ നിയമസഭാ സാമാജികരും അവരവരുടെ മണ്ഡലത്തിൽ നിർവ്വഹിക്കുന്നതിന് തീരുമാനിച്ചു. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി മണ്ഡലതല അവലോകന യോഗങ്ങൾ നടത്തിവരുന്നു.

5. ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

6. വ്യവസായ വകുപ്പിന് കീഴിലുള്ള 59 താലൂക്ക് വ്യവസായകേന്ദ്രങ്ങളെയും എന്റർപ്രൈസസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും 14 ജില്ലാ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു.

7. എല്ലാ സൂക്ഷ്മ-ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 4% പലിശയ്ക്ക് വായ്പ നൽകാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി (SLBC) ചേർന്ന് കേരള എന്റർപ്രൈസസ് ലോൺ സ്കീം (KELS) അവതരിപ്പിച്ചു.

8. എല്ലാ ജില്ലകളിലും എം.എസ്.എം.ഇ. ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചു.

9. പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം വഴി 10 ഏക്കറിന് മുകളിൽ സ്ഥല വിസ്തൃതി കൈവശമുള്ള സ്വകാര്യ മേഖലയിലുള്ള വ്യവസായികൾക്ക് വ്യാവസായിക പാർക്കുകൾ ആരംഭിക്കാനുള്ള പെർമിറ്റ് നൽകിത്തുടങ്ങി.

10. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭക സാധ്യതയുള്ളതായി വ്യവസായ വകുപ്പ് കണ്ടെത്തിയിട്ടുള്ള ഉത്പ്പന്നങ്ങൾ സംബന്ധിച്ച വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. അതത് തദ്ദേശ സ്ഥാപനങ്ങൾ ഈ ഉൽപ്പന്നങ്ങളുടെ സാധ്യത പരിശോധിച്ച്, താല്പര്യമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ

ഭാഗമായി സംസ്ഥാനത്തെ 447 തദ്ദേശ സ്ഥാപനങ്ങൾ ഉൽപ്പന്നങ്ങൾ തെരഞ്ഞെടുത്തുകഴിഞ്ഞു.

11. കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദ്ദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് സഹായിക്കുന്നതിനായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC) യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

12. സംസ്ഥാനത്തെ ഭൗമസൂചിക (GI) ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽനിന്നുള്ള ലാഭം യഥാർത്ഥ നിർമ്മാതാക്കളിൽ എത്തിക്കുന്നതിനായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ. മാർക്കറ്റിംഗ് പോർട്ടൽ ആരംഭിച്ചു. ഭൗമസൂചിക ലഭിച്ചിട്ടുള്ള കേരളത്തിൽ നിന്നുള്ള ഉല്പാദകരുടെ ഒരു സംഗമം ഇതിന്റെ ഭാഗമായി 2023 ജനുവരി മാസം നടത്തി.

13. വിദേശത്തുള്ള മലയാളികളെ സംരംഭകത്വത്തിന്റെ വിവിധ മേഖലകളെ കുറിച്ച് ബോധവാന്മാരാക്കുകയും അവരെ കേരളത്തിൽ സംരംഭങ്ങൾ ആരംഭിക്കാൻ പ്രാപ്തരാക്കുകയും അതുവഴി കേരളത്തിലെ നിക്ഷേപം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിന് പ്രവാസികൾക്കായി ശില്പശാല 2023 ജനുവരി മാസത്തിൽ നടത്തുകയും ചെയ്തു.

തുടർന്ന് ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വായ്പ/ലൈസൻസ്/സബ്സിഡി മേളകൾ നടത്തി. വായ്പാമേളയുടെ ഭാഗമായി ലഭിച്ച 5556 അപേക്ഷകളിൽ (297 കോടി രൂപ മൂല്യം) 108 കോടി രൂപയുടെ വായ്പകൾ അനുവദിച്ചു. മേളയുടെ ഭാഗമായി 4919 ലൈസൻസുകൾക്കും 1059 സബ്സിഡികൾക്കുമുള്ള അപേക്ഷകളും പരിഗണിച്ചു.

(സി) ഈ പദ്ധതി പ്രകാരം സൃഷ്ടിക്കപ്പെട്ടിട്ടുള്ള തൊഴിലവസരങ്ങൾ സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എത്ര നിക്ഷേപം നടത്താൻ കഴിഞ്ഞു എന്നതുസംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

നിലവിൽ ഇതുവരെ 127214 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2023 ജനുവരി 30 വരെയുള്ള കണക്ക് പ്രകാരം ജില്ലാതലത്തിൽ തുടങ്ങിയ

സംരംഭങ്ങളുടെ എണ്ണവും നിക്ഷേപവും അതുവഴിയുണ്ടായ തൊഴിലവസരങ്ങളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| **ജില്ല** | **ലക്ഷ്യം** | **തുടങ്ങിയ സംരംഭങ്ങളുടെ എണ്ണം** | **നേട്ടം (%)** | **നിക്ഷേപം കോടി രൂപയിൽ** | **തൊഴില വസരങ്ങ ൾ** |
|---|---|---|---|---|---|
| തിരുവനന്തപുരം | 14902 | 12303 | 82.56 | 750.92 | 25848 |
| കൊല്ലം | 11775 | 11559 | 98.17 | 593.09 | 23495 |
| പത്തനംതിട്ട | 5408 | 4959 | 91.07 | 230.87 | 10356 |
| ആലപ്പുഴ | 9666 | 9770 | 101.08 | 516.51 | 20757 |
| കോട്ടയം | 8834 | 7343 | 83.12 | 410.05 | 15331 |
| ഇടുക്കി | 5007 | 3703 | 73.96 | 204.18 | 7620 |
| എറണാകുളം | 14610 | 12245 | 83.81 | 1040.79 | 29784 |
| തൃശ്ശൂർ | 13533 | 12991 | 95.99 | 699.57 | 27262 |
| പാലക്കാട് | 12721 | 11254 | 88.47 | 578.62 | 24578 |
| മലപ്പുറം | 18601 | 11355 | 61.05 | 776.34 | 36357 |
| കോഴിക്കോട് | 13925 | 11022 | 79.15 | 791.76 | 24336 |
| വയനാട് | 3687 | 3821 | 103.63 | 228.68 | 7979 |
| കണ്ണൂർ | 11366 | 11199 | 98.53 | 667.11 | 22766 |
| കാസർഗോഡ് | 5965 | 3690 | 61.86 | 222.36 | 7462 |
| **ആകെ** | **150000** | **127214** | **84.81** | **7710.85** | **273931** |

**ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി**

199 (627) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി പ്രകാരം കോതമംഗലം മണ്ഡലത്തിൽ എത്ര പദ്ധതികൾ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത് എന്ന് വിശദമാക്കാമോ?

ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി കോതമംഗലം മണ്ഡലത്തിൽ 1084 പദ്ധതികൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) ഇതിന്റെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

പദ്ധതിയുടെ കോതമംഗലം നിയോജകമണ്ഡലത്തിലെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ചുള്ള ലക്ഷ്യം താഴെ ചേർക്കുന്നു.

| No | Name of Panchayath | Target (Nos) |
|---|---|---|
| 1 | Pothanicad | 46 |
| 2 | Paingottoor | 70 |
| 3 | Kavalangad | 134 |
| 4 | Pallarimangalam | 67 |
| 5 | Kottappady | 81 |
| 6 | Pindimana | 75 |
| 7 | Nellikuzhy | 186 |
| 8 | Keerampara | 56 |
| 9 | Varappetty | 84 |
| 10 | Kuttampuzha | 110 |
| 11 | Kothamangalam | 175 |

| | | |
|---|---|---|
| | Municipality | |

(സി) ഇതിൽ എത്ര പദ്ധതികൾ നാളിതുവരെ ആരംഭിച്ചിട്ടുണ്ടെന്നും ഇനി എത്ര പദ്ധതികളാണ് ആരംഭിക്കാൻ ബാക്കിയുള്ളതെന്നും അത് എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ടി പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ 955 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇനിയും 129 സംരംഭങ്ങൾ ആരംഭിക്കാനുണ്ട്. ആയത് മാർച്ച് 31-നകം പൂർത്തീകരിക്കുന്നതാണ്.

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിൽ കൂടുതൽ പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഇ) കോതമംഗലം മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി കൂടുതൽ പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ഡി&ഇ) ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി കോതമംഗലം മണ്ഡലത്തിൽ കൂടുതൽ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയതിലേയ്ക്കായി പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ ഇന്റേൺസിനെ നിയമിച്ചു.

രജിസ്ട്രേഷൻ, ലൈസൻസ് നടപടികൾ ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിനായി താലൂക്ക് വ്യവസായ ഓഫീസിൽ റിസോഴ്സ് പേഴ്സണെ നിയമിച്ചു. സംരംഭകർക്ക് വ്യവസായ വകുപ്പ്, മറ്റു ഡിപ്പാർട്ട്മെന്റുകൾ ഉൾപ്പെടെയുള്ളവയുടെ പദ്ധതികൾ വിശദീകരിച്ചുകൊണ്ടുള്ള General Orientation Programmes, Loan/subsidy മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഗവൺമെന്റ് പുതുതായി ആവിഷ്കരിച്ച എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും 4% പലിശയിലുള്ള വായ്പാ പദ്ധതികളെക്കുറിച്ച് ബോധവൽക്കരണം നടത്തിയിട്ടുണ്ട്. അതോടൊപ്പം സംരംഭകർക്ക് ബോധവത്ക്കരണം നൽകുന്നതിന്റെ ഭാഗമായി പഞ്ചായത്ത് തലത്തിൽ Help Desk പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

**കെ-സ്വിഫ്റ്റ് മുഖേന ലഭിച്ചിട്ടുള്ള അപേക്ഷകൾ**

**200** (628) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വ്യവസായം തുടങ്ങുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ സജ്ജമാക്കിയിട്ടുള്ള ഏകജാലക ക്ലിയറൻസ് വെബ്

പോർട്ടലായ കെ-സ്വിഫ്റ്റ് മുഖേന എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

7622.

(ബി) അത്തരത്തിൽ ലഭിച്ച അപേക്ഷകളിൽ എത്രയെണ്ണത്തിന് വ്യവസായം ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ലഭിച്ച അപേക്ഷകളിൽ 3070 എണ്ണത്തിന് വ്യവസായം ആരംഭിക്കുന്നതിനുള്ള അനുമതികൾ നൽകിയിട്ടുണ്ട്. 1112 അപേക്ഷകൾ അനുമതി നല്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇതുകൂടാതെ സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങൾക്കുള്ള 28508 അനുമതികളും (അക്നോളജ്മെന്റ് സർട്ടിഫിക്കറ്റുകൾ) കെ-സ്വിഫ്റ്റിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

**നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ്**

201 (629) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണ മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

വിലയിരുത്തിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ സിമന്റ്, കമ്പി എന്നിവ പ്രധാനമായും ഉത്പാദിപ്പിക്കുന്നത് സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളാണ്. കെട്ടിട നിർമ്മാണ വസ്തുക്കളിൽ സിമന്റ് ഉപയോഗംവഴി ഉണ്ടാകുന്ന ചെലവ് ആകെ ചെലവിന്റെ ഏകദേശം 5% വരെ മാത്രമാണ്. കേരളത്തിൽ വിൽക്കുന്ന സിമന്റ് ബ്രാൻഡുകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിന്റെ വിപണന പങ്കാളിത്തം 5 ശതമാനത്തോളമാണ്. ഇതര ബ്രാൻഡുകളെ അപേക്ഷിച്ച് മലബാർ സിമന്റിന്റെ വിൽപ്പന വില താരതമ്യേന കുറവാണ്.

(ബി) നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും ക്രമാതീതമായ വില വർദ്ധനവും സൃഷ്ടിക്കുന്ന പ്രതിസന്ധി എപ്രകാരം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര നയങ്ങൾമൂലമുണ്ടാവുന്ന വിലവർദ്ധനവുകളിൽ സംസ്ഥാനത്തിന് മാത്രമായി ഇടപെടുന്നതിന് പരിമിതികളുണ്ട്. ഭവനനിർമ്മാണ വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന നിർമ്മിതി കേന്ദ്രം കെട്ടിട നിർമ്മാണ സാമഗ്രികളുടെ

ന്യായവില വിപണന കേന്ദ്രമായ കലവറ എന്ന പദ്ധതിയിലൂടെ 750 ചതുരശ്രയടി വരെ വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കുന്ന ബി.പി.എൽ. വിഭാഗത്തിലുള്ളവർക്കും സർക്കാർ ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കും സിമന്റ്, കമ്പി എന്നിവ പൊതുവിപണിയിലെ വിലയേക്കാൾ 15% വിലകുറച്ച് നൽകിവരുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ 15 'കലവറ'കൾ പ്രവർത്തിക്കുന്നുണ്ട്.

നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ ജില്ലാതലത്തിൽ കളക്ടർമാരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുമായും ഉത്പാദകരുമായും ചർച്ച നടത്തി വിലക്കയറ്റം നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ നിർദ്ദേശാനുസരണം ജില്ലാ കളക്ടർമാർ സ്വീകരിച്ചുവരുന്നു.

## കൊയിലാണ്ടി മണ്ഡലത്തിലെ മൂടാടി കെൽട്രോൺ ലൈറ്റിംഗ് ഡിവിഷനിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി

202 (630) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി മണ്ഡലത്തിലെ മൂടാടി കെൽട്രോൺ ലൈറ്റിംഗ് ഡിവിഷന്റെ അധീനതയിലുള്ള ഭൂമിയിൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

നിലവിൽ പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല. മാസ്റ്റർ പ്ലാനിന്റെ ഭാഗമായി വരുന്ന വികസനപ്രവർത്തനങ്ങളിൽ ചിലത് മൂടാടി കെൽട്രോൺ യൂണിറ്റിൽ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള സാധ്യതാ പഠനം നടന്നുവരുന്നു. പ്രസ്തുത യൂണിറ്റിൽ ജലലഭ്യത കുറവായതിനാൽ അത് സംബന്ധിച്ച വിശദമായ പഠനം നടത്തിയശേഷം മാത്രമേ പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

## കേരള ഓട്ടോമൊബൈൽ ഇലക്ട്രിക് ഓട്ടോറിക്ഷ സ്പെയർ പാർട്സുകൾ യഥാസമയം ലഭ്യമാക്കാൻ നടപടി

203 (631) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എൽ. നാളിതുവരെ സംസ്ഥാനത്തിന് അകത്തും പുറത്തുമായി എത്ര ഇലക്ട്രിക് ഓട്ടോ വിറ്റഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

നാളിതുവരെ സംസ്ഥാനത്തിന് അകത്തും പുറത്തുമായി കേരള നീം - ജി ഇലക്ട്രിക് ആട്ടോ 231 എണ്ണവും കേരള ഗ്രീൻ സ്റ്റീം ഇ – കാർട്ട് 5 എണ്ണവും വില്പന നടത്തിയിട്ടുണ്ട്.

(ബി) കെ.എ.എൽ.-ന്റെ കേരളത്തിലെ അംഗീകൃത ഡീലർമാരുടെ പേരുവിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

ജില്ല തിരിച്ചുള്ള അംഗീകൃത ഡീലർമാരുടെ പേരു വിവരം അനുബന്ധമായി ചേർക്കുന്നു+.

(സി) കെ.എ.എൽ. ഇലക്ട്രിക് ഓട്ടോയുടെ സ്പെയർ പാർട്സുകൾ യഥാസമയം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ; വിശദമാക്കുമോ?

കോവിഡ് മഹാമാരിമൂലം വിപണിയിലാകമാനമുണ്ടായ മാന്ദ്യം കാരണം സ്പെയർ പാർട്സ് യഥാസമയം ലഭിക്കുന്നതിന് കാലതാമസമുണ്ടായിരുന്നു. എന്നാൽ കേരള ആട്ടോ-മൊബൈൽസ് ലിമിറ്റഡ് ഇന്ത്യയിൽത്തന്നെ നിർമ്മിക്കുന്ന സ്പെയർ പാർട്സുകൾ വാങ്ങി, സ്പെയർ പാർട്സ് ലഭ്യത ഉറപ്പുവരുത്തുകയും അതുവഴി കാര്യക്ഷമമായ സർവ്വീസ് നൽകുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നതിന് കൂടുതൽ പേർക്ക് ഡീലർഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വീകരിച്ചിട്ടുണ്ട്. ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നതിന് കൂടുതൽ ഡീലർമാരെ നിയമിക്കാനായി നിലവിൽ സൺലിറ്റ് പവർ പ്രൈവറ്റ് ലിമിറ്റഡിന് കേരളം, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ ഡിസ്ട്രിബ്യൂഷൻഷിപ്പ് നൽകിയിട്ടുണ്ട്.

(ഇ) ഒരേ മോഡൽ വണ്ടിക്കും ഡീലർമാർ വ്യത്യസ്ത വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വില ഏകീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സംരംഭക വർഷം പദ്ധതി**

204 (632) **ശ്രീ. പി. കെ. ബഷീർ**: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ നേതൃത്വത്തിലുള്ള സംരംഭക വർഷം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

2022-23 സംരംഭക വർഷമായി കേരളാ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള ഒരു ലക്ഷം സംരംഭങ്ങൾ

എന്ന ബൃഹത്തായ പദ്ധതി തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിവരുന്നു.

30-3-2022-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംരംഭക വർഷത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്ഥാപനതലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പിന്റെ ആദ്യഘട്ടമെന്ന നിലയിൽ, കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപന പ്രദേശങ്ങളിലും സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മെയ്-ജൂൺ മാസങ്ങളിൽ പൊതുബോധവൽക്കരണ പരിപാടി നടത്തിയിട്ടുണ്ട്.

തുടർന്ന് ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വായ്പ/ലൈസൻസ്/സബ്സിഡി മേളകൾ നടത്തി. വായ്പാ മേളയുടെ ഭാഗമായി ലഭിച്ച 5556 അപേക്ഷകളിൽ (297 കോടി രൂപ മൂല്യം)

108 കോടി രൂപയുടെ വായ്പകളനുവദിച്ചു. മേളയുടെ ഭാഗമായി 4919 ലൈസൻസുകൾക്കും 1059 സബ്സിഡികൾക്കുമുള്ള അപേക്ഷകളും പരിഗണിച്ചു.

ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ 2023 ജനുവരി 30 വരെ 127214 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

പുതിയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

1. വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാനാഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്കുവേണ്ട സഹായങ്ങൾ നല്കുന്നതിനുമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും 1153 പ്രൊഫഷണലുകളെ നിയമിച്ചിട്ടുണ്ട്.
2. സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു.

3. സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്ഥാപനതലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു.

4. സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ നിയമസഭാ സാമാജികർക്കുള്ള ശിൽപ്പശാല 2022 ജൂലൈയിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ സമുച്ചയത്തിൽവച്ച് നടത്തുകയുണ്ടായി. പ്രസ്തുത ശിൽപ്പശാലയിൽ സംരംഭക വർഷം പദ്ധതിയുടെ നിയമസഭാ അടിസ്ഥാനത്തിലുള്ള പുരോഗതി വിലയിരുത്തൽ എല്ലാ നിയമസഭാ സാമാജികരും അവരവരുടെ മണ്ഡലത്തിൽ നിർവ്വഹിക്കുന്നതിന് തീരുമാനിച്ചു. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി മണ്ഡലതല അവലോകന യോഗങ്ങൾ നടത്തിവരുന്നു.

5. ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

6. വ്യവസായ വകുപ്പിനുകീഴിലുള്ള 59 താലൂക്ക് വ്യവസായകേന്ദ്രങ്ങളെയും എന്റർപ്രൈസസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും അവിടെയെല്ലാം താലൂക്ക് റിസോഴ്സ്പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും 14 ജില്ലാ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു.

7. എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും 4% പലിശയ്ക്ക് വായ്പ നൽകാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി (SLBC) ചേർന്ന് കേരള എന്റർപ്രൈസസ് ലോൺ സ്കീം (KELS) അവതരിപ്പിച്ചു.

8. എല്ലാ ജില്ലകളിലും എം.എസ്.എം.ഇ. ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചു.

9. പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം വഴി 10 ഏക്കറിന് മുകളിൽ സ്ഥലം കൈവശമുള്ള സ്വകാര്യ മേഖലയിലുള്ള വ്യവസായികൾക്ക് വ്യവസായിക പാർക്കുകൾ ആരംഭിക്കാനുള്ള പെർമിറ്റ് നൽകിത്തുടങ്ങി.

10. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭക സാധ്യതയുള്ളതായി വ്യവസായ വകുപ്പ് കണ്ടെത്തിയിട്ടുള്ള ഉത്പ്പന്നങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. അതത് തദ്ദേശ സ്ഥാപനങ്ങൾ ഈ

ഉൽപ്പന്നങ്ങളുടെ സാധ്യത പരിശോധിച്ച്, താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പാക്കാനും പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 447 തദ്ദേശ സ്ഥാപനങ്ങൾ ഉൽപ്പന്നങ്ങൾ തെരഞ്ഞെടുത്തുകഴിഞ്ഞു.

11. കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദ്ദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് സഹായിക്കുന്നതിനായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC) യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

12. സംസ്ഥാനത്തെ ഭൗമ സൂചിക (GI) ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമ്മാതാക്കളിൽ എത്തിക്കുന്നതിനായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ. മാർക്കറ്റിംഗ് പോർട്ടൽ ആരംഭിച്ചു. ഭൗമസൂചിക ലഭിച്ചിട്ടുള്ള കേരളത്തിൽ നിന്നുള്ള ഉല്പാദകരുടെ ഒരു സംഗമം ഇതിന്റെ ഭാഗമായി 2023 ജനുവരി മാസം നടത്തി.

13. വിദേശത്തുള്ള മലയാളികളെ സംരംഭകത്വത്തിന്റെ വിവിധ മേഖലകളെക്കുറിച്ച് ബോധവാന്മാരാക്കുകയും അവരെ കേരളത്തിൽ സംരംഭങ്ങളാരംഭിക്കാൻ പ്രാപ്തരാക്കുകയും അതുവഴി കേരളത്തിലെ നിക്ഷേപം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിന് പ്രവാസികൾക്കായി ശില്പശാല 2023 ജനുവരി മാസത്തിൽ നടത്തി.

14. തദ്ദേശ സ്ഥാപനങ്ങളുടെ പ്രാദേശിക സാമ്പത്തിക വികസന പദ്ധതിക്ക് കീഴിൽ പ്രോജക്ടുകൾ കണ്ടെത്തുന്നതിനും സ്ഥാപിക്കുന്നതിനുമുള്ള ഒരു ക്യാമ്പയിൻ 2023 ജനുവരി-ഫെബ്രുവരി മാസങ്ങളിൽ ആസൂത്രണം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു എന്നും ഏതൊക്കെ സ്ഥാപനങ്ങളിൽ എത്ര പേർക്ക് തൊഴിലവസരങ്ങൾ നൽകി എന്നതിന്റെയും വിശദവിവരം ലഭ്യമാക്കാമോ;

(സി) ഈ പദ്ധതിയിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപമാണ് സംസ്ഥാനത്തെത്തിയത് എന്ന് വ്യക്തമാക്കാമോ; ഏതൊക്കെ സ്ഥാപനങ്ങൾ എത്ര രൂപയാണ് നിക്ഷേപിച്ചത് എന്ന വിശദവിവരവും ലഭ്യമാക്കാമോ?

(ബി & സി) 2023 ജനുവരി 30 വരെയുള്ള കണക്ക് പ്രകാരം 273931 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും 7710.85 കോടി രൂപയുടെ നിക്ഷേപമുണ്ടാവുകയും ചെയ്തു. പദ്ധതിയുടെ ഭാഗമായി 2022-23 വർഷം പുതുതായി ആരംഭിച്ച 127214 സംരംഭങ്ങൾ മുഖേനയാണ് ഇത്രയും നിക്ഷേപവും തൊഴിലവസരങ്ങളും ഉണ്ടായിട്ടുള്ളത്.

**വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

205 (633) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വ്യവസായ വകുപ്പ് നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി/നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കാമോ?

(എ & ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം വ്യവസായ വകുപ്പ് നടപ്പാക്കിയ വിവിധ പദ്ധതികളുടെയും അവയുടെ നിലവിലെ സ്ഥിതിയുടെയും വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

**ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി**

206 (634) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയുടെ ഭാഗമായി ഇരിക്കൂർ മണ്ഡലത്തിൽ ആരംഭിക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയുടെ ഭാഗമായി ഇരിക്കൂർ മണ്ഡലത്തിൽ 1090 സംരംഭങ്ങളിലായി 57.18 കോടി രൂപയുടെ നിക്ഷേപവും 2176 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഇവയിൽ ഉൽപ്പാദന സേവന മേഖലയിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുറമേ കച്ചവട സ്ഥാപനങ്ങളും ഉൾപ്പെടുന്നു. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ പ്രധാനമായും കാർഷിക ഭക്ഷ്യാധിഷ്ഠിത ഉൽപ്പന്നങ്ങൾ ഗാർമെന്റ് യൂണിറ്റുകൾ, ലൈറ്റ് എഞ്ചിനീയറിംഗ്, മരാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങിയ വിഭാഗത്തിൽപ്പെടുന്നതാണ്. പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്ന സംരംഭങ്ങളുടെ വിഭാഗം തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

| **വിഭാഗം** | **യൂണിറ്റുകളുടെ എണ്ണം** |
|---|---|
| ഉൽപ്പാദന മേഖല | 302 |
| സേവന മേഖല | 397 |
| കച്ചവട മേഖല | 391 |
| **ആകെ** | **1090** |

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം ഇരിക്കൂർ മണ്ഡലത്തിൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയുടെ ഭാഗമായി ഇരിക്കൂർ മണ്ഡലത്തിലെ ടാർജെറ്റ് 1085 യൂണിറ്റായിരുന്നു. നിലവിൽ 10 മാസംകൊണ്ട് 1090 യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. ഇവയിൽ 2176 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ രീതിയിൽ ഈ സാമ്പത്തിക വർഷം

അവസാനിക്കുമ്പോൾ ആകെ 2611 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## വടക്കാഞ്ചേരി അത്താണി വ്യവസായ പ്ലോട്ടിൽ അനധികൃത ഭൂമി കയ്യേറ്റം

207 (635) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ സിഡ്കോയുടെ കീഴിൽ വടക്കാഞ്ചേരി അത്താണി വ്യവസായ പ്ലോട്ടിൽ തൃശ്ശൂർ ജില്ല പാഡി മാർക്കറ്റിംഗ് & പ്രോസസ്സിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി അനധികൃതമായി ഭൂമി കയ്യേറിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കയ്യേറ്റം ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ&ബി) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ അത്താണി വ്യവസായ പ്ലോട്ടിൽ സർവ്വേ നം. 352, 19-ൽ വരുന്ന 3.54 ഏക്കർ ഭൂമി തൃശ്ശൂർ ജില്ലാവ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ 27-08-1993-ലെ ബി9/6542/93 നമ്പർ നടപടിക്രമം പ്രകാരം പാഡി മാർക്കറ്റിംഗ് & പ്രോസസ്സിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച്

നൽകിയിട്ടുണ്ട്. ടി സ്ഥാപനം ഭൂമി കയ്യേറിയിട്ടുള്ളതായി കാണുന്നില്ല. 1998-ൽ പ്രസ്തുത ഭൂമിയിൽ ഉൾപ്പെട്ട 91 സെന്റ് ഉൾപ്പെടെ 11.81 ഏക്കർ ഭൂമി 'മെ.സിഡ്കോ മോഹൻ ലിമിറ്റഡ്' എന്ന സ്ഥാപനത്തിൽനിന്നും തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം തിരിച്ചെടുത്ത് സിഡ്കോയ്ക്ക് അനുവദിച്ച് നൽകുകയും ചെയ്തു. പാഡി മാർക്കറ്റിംഗ് & പ്രോസസ്സിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും ടി സ്ഥലത്ത് സ്ഥിതി ചെയ്യുന്നുണ്ട്. യൂണിറ്റ് നിലവിൽ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമല്ല. പ്രസ്തുത സൊസൈറ്റിയിൽനിന്നും തിരികെ എടുത്ത് സിഡ്കോയുടെ കൈവശമുള്ള 91 സെന്റ് ഭൂമി ടി സൊസൈറ്റിക്കുതന്നെ തിരികെ നൽകുന്ന വിഷയത്തിന്മേൽ സ്ഥലത്തിന്റെ വില സംബന്ധിച്ച് തർക്കത്തിലാകുകയും ആയത് നിലവിൽ സർക്കാർ പരിശോധിച്ചുവരികയുമാണ്.

**ചെറുകിട മേഖലയിൽ പുതിയ സ്ഥാപനങ്ങൾ**

208 (636) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെറുകിട മേഖലയിൽ എത്ര പുതിയ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന്

വ്യക്തമാക്കാമോ; ഇതുമൂലം എത്ര രൂപയുടെ പുതിയ നിക്ഷേപവും എത്ര തൊഴിൽ ദിനങ്ങളും സൃഷ്ടിക്കാനായി എന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2023 ജനുവരി 28 വരെയുള്ള കണക്കുകൾ പ്രകാരം സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിൽ ആകെ 140745 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതുമൂലം 9,094 കോടി രൂപയുടെ നിക്ഷേപവും 325137 തൊഴിലവസരങ്ങളും സൃഷ്ടിക്കാനായിട്ടുണ്ട്.

**ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായങ്ങൾ**

209 (637) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പിൽനിന്നും എന്തെല്ലാം സഹായങ്ങളും സേവനങ്ങളുമാണ് സംരംഭകർക്ക് നൽകി വരുന്നത്; വിശദമാക്കാമോ?

പുതുതായി സംരംഭങ്ങൾ ആരംഭിക്കാൻ താൽപ്പര്യമുള്ള വ്യവസായ സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനായി സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി, ഒരു കുടുംബം ഒരു സംരംഭം പദ്ധതി, മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള

സഹായ പദ്ധതി, നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്നും ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം, കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (പി.എം.ഇ.ജി.പി.) സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള പി.എം.എഫ്.എം.ഇ. പദ്ധതി എന്നീ വിവിധങ്ങളായ ധനസഹായ പദ്ധതികൾ വ്യവസായ വകുപ്പുവഴി നടപ്പാക്കിവരുന്നു.

സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽനിന്ന് പുതിയതായി ആരംഭിക്കുന്ന, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ മൂന്ന് വർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധനയില്ലാതെ ഉടൻതന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധിയുണ്ടാകും. മൂന്ന് വർഷത്തിന്

ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്.

കൂടാതെ ജില്ലാ സംസ്ഥാനതലങ്ങളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി K-CIS സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ. ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന് കീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും അവിടെയെല്ലാം താലൂക്ക് റിസോഴ്സ്പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും 14 ജില്ലാ റിസോഴ്സ്പേഴ്സൺമാരെ നിയമിച്ചു.

സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് പരാതി പരിഹാര സംവിധാനം (Grievance Redressal System). ഈ നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര

കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടിരൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും 10 കോടി രൂപയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിനുമേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

കൂടാതെ 02-04-2022-ലെ GO(MS)No. 31/2022/ID പ്രകാരം Private Industrial Estate Scheme-ന് അനുമതി നൽകിയിട്ടുണ്ട്. ആയതിലൂടെ കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കുന്നതാണ്.

കൂടാതെ, ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പാക്കിവരുന്ന പദ്ധതിയാണ് ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റന്റ് സ്കീം.

**തരൂർ നിയോജകമണ്ഡലത്തിലെ വ്യവസായ പാർക്ക്**

210 (638) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തരൂർ നിയോജകമണ്ഡലത്തിലെ കണ്ണമ്പ്രയിൽ സജ്ജമാകുന്ന വ്യവസായ പാർക്കിൽ ഏതൊക്കെ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് സർക്കാർ മുൻതൂക്കം നൽകുന്നതെന്ന് വ്യക്തമാക്കാമോ?

കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായി വികസിപ്പിക്കുന്ന വ്യവസായ ഉല്പാദന ക്ലസ്റ്ററുകളാണ് തരൂർ നിയോജകമണ്ഡലത്തിലെ കണ്ണമ്പ്രയിൽ സ്ഥാപിക്കുന്നത്. ഇത്തരത്തിൽ സ്ഥാപിക്കുന്ന വ്യവസായ ക്ലസ്റ്ററുകളിൽ ഭക്ഷ്യസംസ്കരണം, ലോജിസ്റ്റിക്സ്, ഫുഡ് & ബിവറേജസ്, ഫാർമസ്യൂട്ടിക്കൽസ്, ടെക്സ്റ്റൈൽസ്, റബ്ബർ/പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ, പി.വി.സി. പൈപ്പുകൾ, മെഷീനറി & എക്യുപ്മെന്റ് എന്നീ മേഖലകളിലെ സംരംഭങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

**കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ വ്യവസായ പാർക്ക്**

211 (639) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചീമേനി ഐ.ടി. പാർക്കിലെ ഭൂമി ഉപയോഗിച്ച് വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നിലവിൽ എന്തു തടസ്സമാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ & ബി) കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ ഐ.ടി. പാർക്ക് ആരംഭിക്കുന്നതിന് കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും പ്രാരംഭ നടപടികൾ ആരംഭിക്കുകയുമുണ്ടായി. ഐ.ടി. വ്യവസായത്തിന് പൊതുവെ നഗര കേന്ദ്രീകൃത സ്വഭാവമാണുള്ളത്. ഒറ്റപ്പെട്ടതും വിമാനത്താവളത്തിന്റെ സാമീപ്യം ഇല്ലാത്തതുമായ സ്ഥലങ്ങളിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നത് പ്രായോഗികമല്ലെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ പ്രസ്തുത ഭൂമി വ്യവസായപാർക്ക് തുടങ്ങുന്നതിന് കിൻഫ്രയ്ക്ക് കൈമാറുന്നത് പരിശോധിക്കാൻ തീരുമാനമായി. ഇതിന്റെ ഭാഗമായി 07-10-2021-ൽ ബഹു. നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ പ്രസ്തുത ഭൂമി വ്യവസായ വകുപ്പിന് കൈമാറുന്നതു സംബന്ധിച്ച് സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കിൻഫ്ര മാനേജിംഗ്

ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. തുടർന്ന് കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ ഐ.ടി. പാർക്ക് ആരംഭിക്കുന്നതിനായി ഏറ്റെടുത്ത സ്ഥലം ചെറുകിട വ്യവസായ പാർക്കിന് അനുയോജ്യമാണെന്ന് കിൻഫ്ര മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ നിർമ്മാണത്തിനായി കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ചെലവാക്കിയ തുക കിൻഫ്രയിൽനിന്നും നഷ്ടപരിഹാരമായി ഈടാക്കിക്കൊണ്ട് ഐ.ടി. പാർക്കിനായി ഏറ്റെടുത്ത സ്ഥലം വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് കിൻഫ്രയ്ക്ക് കൈമാറുന്ന വിഷയം നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

## കാഞ്ഞങ്ങാട് വ്യവസായ പാർക്ക്

212 (640) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞങ്ങാട് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കാഞ്ഞങ്ങാട് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി 99.98 ഏക്കർ ഭൂമിയുടെ മുൻകൂർ കൈവശാവകാശമാണ് വ്യവസായ വാണിജ്യ വകുപ്പിന് ലഭിച്ചിട്ടുള്ളത്. എന്നാൽ റീസർവ്വേ പ്രകാരം 82.82 ഏക്കർ

ഭൂമിയായി ഭൂവിസ്തൃതി നിജപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പാർക്കിന്റെ ചുറ്റുമതിൽ നിർമ്മാണത്തിനായി 4.9 കോടി രൂപ ഹാർബർ എഞ്ചിനീയറിംഗ് വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. അപ്രോച്ച് റോഡ് നിർമ്മാണത്തിന് കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽനിന്നും അനുമതി കിട്ടിയിട്ടുണ്ട്. വൈദ്യുതി സംവിധാനം, ഇന്റേണൽ റോഡ് എന്നിവയ്ക്കുള്ള എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. നടപടികൾ സ്വീകരിച്ചുവരുന്നു. സംരംഭകർക്ക് ഭൂമി അനുവദിക്കുന്നതിന്, ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്.

**കുറ്റ്യാടി മണ്ഡലത്തിലെ നാളികേര പാർക്കിന്റെ പ്രവർത്തനം**

213 (641) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ മണിമലയിലെ നാളികേര പാർക്കിന്റെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് പ്രവൃത്തികളുടെ വിശദാംശങ്ങൾ സഹിതം അറിയിക്കാമോ?

ഭൂമി വിനിയോഗത്തെപ്പറ്റിയുള്ള പഠനം പൂർത്തിയാക്കി കിറ്റ്കോ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കരട് മാസ്റ്റർപ്ലാനും സമർപ്പിച്ചിട്ടുണ്ട്. ചുറ്റുമതിൽ, ഗേറ്റ്, സുരക്ഷാ ക്യാബിൻ എന്നിവയും അനുബന്ധ ജോലികൾക്കുമുള്ള പ്രവൃത്തിയുടെ ഇ-ടെൻഡർ 30-11-2022-ന് ക്ഷണിച്ചിരുന്നു. പ്രവൃത്തി അവാർഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ടൈം ഷെഡ്യൂൾ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

(ബി&സി) ചുറ്റുമതിൽ, ഗേറ്റ്, സുരക്ഷാ ക്യാബിൻ, അനുബന്ധ ജോലികൾ എന്നിവ ഫെബ്രുവരി 2023-ൽ തുടങ്ങി ഡിസംബർ 2023-നകം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

## കാഞ്ഞിരപ്പള്ളിയിൽ അഗ്രോ ഇൻഡസ്ട്രിയൽ പാർക്ക്

214 (642) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളിയിൽ അഗ്രോ ഇൻഡസ്ട്രിയൽ പാർക്ക് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ കത്തിൽ (നമ്പർ.88/ജി.സി.ഡബ്ല്യൂ/2022) സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിന്റെ കിഴക്കൻ മേഖല കേന്ദ്രീകരിച്ച് കാർഷിക നാണ്യവസ്തുക്കളുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിന് കിൻഫ്രയുടെ കീഴിൽ ഒരു അഗ്രോ ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുന്നതും അനുബന്ധമായി തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഗവ. ചീഫ് വിപ്പിന്റെ 88/ജി.സി.ഡബ്ല്യൂ/2022 നമ്പർ കത്തിന്മേൽ റിപ്പോർട്ട് ലഭ്യമാക്കാൻ കിൻഫ്ര മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ അദ്ധ്യക്ഷനായ ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മിറ്റി കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി വില്ലേജിൽ ഉൾപ്പെടുന്ന വില്ലനി എന്ന പ്രദേശത്തെ 33.4 ഏക്കർ ഭൂമി സന്ദർശിച്ചിരുന്നു. ടി ഭൂമി റബ്ബർ തോട്ടമായാണ് നിലകൊള്ളുന്നതെന്നും ആയത് ഏറ്റെടുക്കുന്നതിന് റവന്യൂ, വനം, ഖനന-ഭൂവിജ്ഞാന, പൊതുമരാമത്ത് വകുപ്പുകളുടെയും കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്, കേരള സംസ്ഥാന വൈദ്യുതി ബോർഡ് എന്നീ സ്ഥാപനങ്ങളുടെയും

ക്ലിയറൻസ് ലഭ്യമായതിനുശേഷം ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്ന ഭൂമിയുടെ അളവ് സംബന്ധിച്ച് സാങ്കേതികവിദഗ്ധരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്നും പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) കാർഷിക നാണ്യവസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിൽ മുൻപന്തിയിലുള്ള പ്രദേശമാണ് കാഞ്ഞിരപ്പള്ളി എന്നത് കണക്കിലെടുത്ത് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിന് സഹായകമാകുന്ന അഗ്രോ ഇൻഡസ്ട്രിയൽ പാർക്ക് അനുവദിക്കാൻ നടപടി സ്വീകരിക്കാമോ?

നിർദ്ദിഷ്ട പ്രദേശം പാർക്കിന് അനുയോജ്യമാണോയെന്നുള്ള വിദഗ്ധ പഠനവും നിക്ഷേപ സാധ്യതയും വിലയിരുത്തിയശേഷം മാത്രമേ അഗ്രോ ഇൻഡസ്ട്രിയൽ പാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

**വ്യവസായ പാർക്കുകൾ**

215 (643) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യത്തിന് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പുതിയ വ്യവസായ പാർക്കുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉദ്ദേശിക്കുന്നുണ്ട്. വ്യവസായ വകുപ്പ് അനുയോജ്യമായ സ്ഥലം കണ്ടെത്തുകയും സൈറ്റ് സെലക്ഷൻ കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുകയും ചെയ്താൽ വ്യവസായ പാർക്ക് ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. കാസർഗോഡ് ഇൻഡസ്ട്രിയൽ സ്പെയിസ്, അങ്കമാലി ബിസിനസ് പാർക്ക്, കുറ്റ്യാടി ഇൻഡസ്ട്രിയൽ പാർക്ക് എന്നിവ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിൽ സംസ്ഥാനത്ത് ആരംഭിക്കുന്ന പുതിയ വ്യവസായ പാർക്കുകളാണ്.

## പയ്യന്നൂർ മണ്ഡലത്തിലെ വ്യവസായ പാർക്ക്

216 (644) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പുല്ലുപാറയിലെ ഐ.ടി. വകുപ്പിന്റെ സ്ഥലം ഏറ്റെടുത്ത് വ്യവസായ പാർക്ക് ആക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമി വ്യവസായ പാർക്ക് ആക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മണ്ഡലത്തിൽ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പുല്ലുപാറയിൽ ഐ.ടി.പാർക്ക് ആരംഭിക്കുന്നതിന് കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും പ്രാരംഭ നടപടികൾ ആരംഭിക്കുകയുമുണ്ടായി. ഐ.ടി. വ്യവസായത്തിന് പൊതുവെ നഗര കേന്ദ്രീകൃത സ്വഭാവമാണുള്ളത്. ഒറ്റപ്പെട്ടതും വിമാനത്താവളത്തിന്റെ സാമീപ്യം ഇല്ലാത്തതുമായ സ്ഥലങ്ങളിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നത് പ്രായോഗികമല്ലെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ പ്രസ്തുത ഭൂമി വ്യവസായപാർക്ക് തുടങ്ങുന്നതിന് കിൻഫ്രയ്ക്ക് കൈമാറുന്നത് പരിശോധിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 07-10-2021-ൽ ബഹു. നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ പ്രസ്തുത ഭൂമി വ്യവസായവകുപ്പിന് കൈമാറുന്നതു സംബന്ധിച്ച് സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കിൻഫ്ര മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. തുടർന്ന് പയ്യന്നൂർ മണ്ഡലത്തിൽ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പുല്ലുപാറയിൽ ഐ.ടി. പാർക്ക് ആരംഭിക്കുന്നതിനായി ഏറ്റെടുത്ത സ്ഥലങ്ങൾ ചെറുകിട വ്യവസായ

പാർക്കിന് അനുയോജ്യമാണെന്ന് കിൻഫ്ര മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ നിർമ്മാണത്തിനായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ചെലവാക്കിയ തുക കിൻഫ്രയിൽനിന്നും നഷ്ടപരിഹാരമായി ഈടാക്കിക്കൊണ്ട് ഐ.ടി പാർക്കിനായി ഏറ്റെടുത്ത സ്ഥലം വ്യവസായപാർക്ക് ആരംഭിക്കുന്നതിന് കിൻഫ്രയ്ക്ക് കൈമാറുന്ന വിഷയം നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

## കുട്ടനാട്ടിൽനിന്നും ലഭിക്കുന്ന നെല്ല്, മീൻ എന്നിവയുടെ വ്യവസായ സംരംഭങ്ങൾ

217 (645) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽനിന്നും സുലഭമായി ലഭിക്കുന്ന നെല്ല്, മീൻ എന്നിവയുടെ വ്യവസായ സംരംഭങ്ങൾ കുട്ടനാട്ടിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) നെല്ലും മീനും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണിയിൽ ലഭ്യമാകത്തക്ക നിലയിലുള്ള വ്യവസായ സംരംഭങ്ങൾ കുട്ടനാട്, അപ്പർ

കുട്ടനാട് മേഖലകളിൽ ആരംഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) നെല്ല്, മീൻ എന്നിവയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന വ്യവസായ സംരംഭങ്ങൾ കുട്ടനാട് പ്രദേശത്ത് ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റുവഴി നടപ്പാക്കി വരുന്ന വിവിധ പദ്ധതികളായ ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP), സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതികൾ പ്രകാരം വായ്പാബന്ധിത സബ്സിഡികൾ അനുവദിച്ചുവരുന്നുണ്ട്.

സൂക്ഷ്മ വിഭാഗത്തിൽപ്പെടുന്ന ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസ് (PMFME) പദ്ധതി നടപ്പാക്കിവരുന്നുണ്ട്. പ്രാദേശിക ഭക്ഷ്യ വിഭവങ്ങൾക്ക് പ്രാധാന്യം നൽകുന്നതിനായി വൺ ഡിസ്ട്രിക്റ്റ് വൺ പ്രോഡക്റ്റ് (ODOP) മാതൃകയിലാണ് ഈ പദ്ധതി നടപ്പാക്കിവരുന്നത്. ആയത് പ്രകാരം ആലപ്പുഴ ജില്ലയിലെ മൂല്യ വർദ്ധിത

ഉല്പന്നമായ അരി ഉല്പന്നങ്ങളുടെ യൂണിറ്റുകൾക്ക് പുതിയ സംരംഭം തുടങ്ങുന്നതിനോ നിലവിലുള്ള സംരംഭം നവീകരിക്കുന്നതിനോ യോഗ്യതയുള്ള പ്രോജക്ടിന്റെ സ്ഥിര മൂലധനത്തിന്മേൽ 35% പരമാവധി പരിധി 10 ലക്ഷം രൂപ ഒരു യൂണിറ്റിന് സഹായം ലഭിക്കും.

സംരംഭകർക്ക് നെല്ല്, മീൻ എന്നിവയുടെ സംസ്കരണം, വിപണനം എന്നിവ ഉൾപ്പെടെയുള്ള വിഷയങ്ങൾ സംബന്ധിച്ച പരിശീലന പരിപാടികൾ നടത്തി സംരംഭം ആരംഭിക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം വഴി കൈത്താങ്ങ് സഹായം നൽകിവരുന്നുണ്ട്.

നെല്ലും മീനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതുൾപ്പെടെയുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലെ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്ത്തലം മുതൽ വിവിധങ്ങളായ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്.

നെല്ലിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും അതുവഴി കാർഷിക മേഖലയുടെ സമഗ്രവികസനവും സാധ്യമാക്കുന്ന പദ്ധതിയാണ് റൈസ് ടെക്നോളജി പാർക്ക്. അപ്പർ കുട്ടനാട് ഉൾപ്പെടെയുള്ള ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ നെല്ലുല്പന്നങ്ങളുടെ മൂല്യവർദ്ധന ലക്ഷ്യമാക്കി

സംയോജിത റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## സംരംഭക സഹായ പദ്ധതി

218 (646) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംരംഭക ക്ഷേമ പദ്ധതി പ്രകാരം എത്ര ഉൽപ്പാദന സംരംഭങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംരംഭക ക്ഷേമ പദ്ധതി (ESS) പ്രകാരം ധനസഹായം അനുവദിച്ചിട്ടുള്ളത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | അനുവദിച്ച തുക (2021-22) (രൂപ) | അനുവദിച്ച തുക (2022-23) (രൂപ) | ആകെ അനുവദിച്ച തുക (രൂപ) | സഹായം അനുവദിച്ച യൂണിറ്റുകളുടെ ആകെ എണ്ണം. |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 33393553 | 15951294 | 49344847 | 141 |
| 2 | കൊല്ലം | 47140744 | 18400584 | 65541328 | 224 |
| 3 | പത്തനംതിട്ട | 44377402 | 17833000 | 62210402 | 138 |

| | | | | | |
|---|---|---|---|---|---|
| 4 | ആലപ്പുഴ | 36360318 | 13193737 | 49554055 | 201 |
| 5 | കോട്ടയം | 47356004 | 25644853 | 73000857 | 113 |
| 6 | ഇടുക്കി | 33810687 | 18500000 | 52310687 | 83 |
| 7 | എറണാകുളം | 116521929 | 33409835 | 149931764 | 182 |
| 8 | തൃശ്ശൂർ | 62937344 | 52743355 | 115680699 | 186 |
| 9 | പാലക്കാട് | 46496086 | 28657786 | 75153870 | 96 |
| 10 | മലപ്പുറം | 71940225 | 15035606 | 86975831 | 145 |
| 11 | കോഴിക്കോട് | 44562850 | 20741000 | 65303850 | 117 |
| 12 | വയനാട് | 20000000 | 14500000 | 34500000 | 82 |
| 13 | കണ്ണൂർ | 63372758 | 32065379 | 95438137 | 211 |
| 14 | കാസർഗോഡ് | 36747000 | 20872112 | 57619112 | 128 |
| | ആകെ | 705016900 | 327548541 | 1032565439 | 2047 |

(ബി) പ്രസ്തുത പദ്ധതിയിൽ പ്രവാസികൾക്ക് അധിക സബ്സിഡി അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

സംരംഭക സഹായ പദ്ധതി മുഖേന പ്രത്യേകവിഭാഗത്തിൽ NRK-യെക്കൂടി ഉൾപ്പെടുത്തുകയും ഈ വിഭാഗത്തിന് സ്ഥിര ആസ്തിയുടെ 25% പരമാവധി 40 ലക്ഷം രൂപ വരെ നൽകിവരികയും ചെയ്യുന്നുണ്ട്.

**ഹാന്റക്സ് ഔട്ട്ലെറ്റുകളിലെ ജീവനക്കാരുടെ ശമ്പളം**

219 (647) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാൻടെക്സിന്റെ ഔട്ട്‌ലെറ്റുകളിലെ ജീവനക്കാർക്ക് ശമ്പളം കൃത്യമായി നൽകാൻ സാധിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ചില ഔട്ട്‌ലെറ്റുകളിലെ ജീവനക്കാർക്ക് ശമ്പളം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ഹാന്റെക്സിന്റെ 82 ഷോറൂമുകൾ വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്നു. ടി ജീവനക്കാർക്ക് ശമ്പളം നൽകുന്നത് അതത് ഷോറൂമുകളിലെ വിറ്റുവരവിൽ നിന്നുമാണ്. വിൽപ്പനയിൽ കുറവുണ്ടാകുന്ന സാഹചര്യങ്ങളിൽ ശമ്പളം നൽകുന്നതിന് താമസം നേരിടാറുണ്ട്.

(സി) പ്രസ്തുത ജീവനക്കാർക്ക് കുടിശ്ശികയായ ശമ്പളം ഉടനെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഹാൻടെക്സ് വിൽപ്പനയിൽ നിന്നുമാണ് ശമ്പളത്തിന് തുക കണ്ടെത്തുന്നത്. വിൽപ്പനയിൽ വർദ്ധനവുണ്ടാകുമ്പോൾ ശമ്പള ഇനത്തിലുള്ള കുടിശ്ശിക ജീവനക്കാർക്ക് നൽകാറുണ്ട്.

## കാലിക്കറ്റ് എയർപോർട്ടിലെ എയർ കാർഗോ കോംപ്ലക്സിലെ ഹാൻഡ്‌ലിംഗ് കരാർ തൊഴിലാളികളുടെ പ്രശ്നങ്ങൾ

220 (648) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇന്റസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിന് കീഴിലുള്ള കാലിക്കറ്റ് എയർപോർട്ട് കാർഗോ കോംപ്ലക്സിലെ ഹാൻഡ്‌ലിംഗ് കരാർ തൊഴിലാളികൾ 30-08-22-ന് ബഹു. വ്യവസായ വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കാലിക്കറ്റ് എയർപോർട്ടിലെ എയർ കാർഗോ കോംപ്ലക്സിലെ ഹാൻഡ്‌ലിംഗ് കരാർ തൊഴിലാളികളുടെ 30-08-2022-ലെ നിവേദനം റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി സർക്കാർ കെ.എസ്.ഐ.ഇ. മാനേജിംഗ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്.

(ബി) തൊഴിലാളികൾക്ക് മിനിമം വേതനം, വാർഷിക വർദ്ധനവ്, പൊതുഒഴിവ് ദിനങ്ങളിലെ ജോലിക്ക് അധിക വേതനം, ജോലി ചെയ്യുന്ന എല്ലാ ദിവസങ്ങളിലും വേതനം തുടങ്ങിയ ന്യായമായ ആവശ്യങ്ങളിന്മേൽ അനുഭാവ പൂർവ്വമായ നിലപാട് സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ യൂണിറ്റായ കോഴിക്കോട് എയർകാർഗോ കോംപ്ലക്സിൽ ഗ്രേ മാറ്റർ എന്ന പുറംകരാർ ഏജൻസിവഴി നിയമിതരായ തൊഴിലാളികളുടെ വേതന വർദ്ധന ബഹു. മുൻ വ്യവസായ വകുപ്പുമന്ത്രിയുടെ നിർദ്ദേശാനുസരണം 19-01-2021-ൽ

ചേർന്ന യോഗത്തിൽ തീരുമാനിച്ചതുപ്രകാരം 600 രൂപയായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. മറ്റ് ആവശ്യങ്ങൾ കെ.എസ്.ഐ.ഇ. മാനേജിംഗ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

## മലപ്പുറം ജില്ലാ റബ്ബർ ബേസ്ഡ് ഇൻഡസ്ട്രീസ് സഹകരണ സംഘം

221 (649) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ റബ്ബർ ബേസ്ഡ് ഇൻഡസ്ട്രീസ് സഹകരണ സംഘത്തെ സംബന്ധിച്ച പരാതികളിൽ 1969-ലെ സഹകരണ നിയമം 65-ാം വകുപ്പ് പ്രകാരം അന്വേഷണം നടത്താൻ വ്യവസായ വകുപ്പ് അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

21-01-2019-ലെ മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ സി.എം1/299/2019 നമ്പർ നടപടിക്രമപ്രകാരം അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ബി) 65-ാം വകുപ്പ് പ്രകാരം മേൽ സംഘത്തെക്കുറിച്ച് അന്വേഷണം നടത്തി വ്യവസായ വകുപ്പിൽ ഏതെങ്കിലും റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പുകൾ അനുവദിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(സി) സംഘത്തിന്റെ പേരിലുള്ള ഭൂമി സംഘം ഭരണസമിതി അംഗങ്ങൾ വില്പന നടത്തുന്നത് തടയാൻ വ്യവസായ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതു സംബന്ധിച്ച രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

ഭൂമി വിൽക്കുന്നതിന് സംഘം നടത്തിയ ലേല നടപടി ക്രമപ്രകാരമല്ലാതിരുന്നതിനാലും വകുപ്പ് 66 പ്രകാരമുള്ള അന്വേഷണത്തിന് ആവശ്യമായ രേഖകൾ ആവശ്യപ്പെട്ടിട്ടും സംഘം ഹാജരാക്കാതിരുന്നതിനാലും സംഘത്തിന്റെ ഭൂമി വിൽക്കുന്നതിന് 07-12-2011 ൽ നൽകിയ അനുമതി റദ്ദ് ചെയ്തതായി അറിയിച്ചുകൊണ്ട് ജില്ലാ വ്യവസായം കേന്ദ്രം ജനറൽ മാനേജർ, സംഘം പ്രസിഡന്റിന് കത്ത് നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ഡി) ഏതെല്ലാം സഹകരണ സംഘങ്ങളിൽ നിന്നാണ് സംഘം നിക്ഷേപങ്ങൾ സ്വീകരിച്ചതെന്നും തുകയും തിരിച്ചടവും തീയതിയുമടക്കമുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ?

സംഘം മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഓഹരി ഇനത്തിൽ കൈപ്പറ്റിയ തുകയുടെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംഘം മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ഇനത്തിൽ ഒന്നും തന്നെ കൈപ്പറ്റിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഓഹരി (തുക) |
|---|---|---|
| 1 | ഗവൺമെന്റ് ഓഹരി | 50,000/- |
| 2 | വളവന്നൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 50,000/- |
| 3 | കുറ്റിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് | 10,000/- |
| 4 | കാവന്നൂർ സർവ്വീസ് സഹകരണ ബാങ്ക് | 40,000/- |
| 5 | തൃക്കലങ്ങോട് സർവ്വീസ് സഹകരണ ബാങ്ക് | 10,000/- |
| 6 | തുവ്വൂർ സർവ്വീസ് സഹകരണ ബാങ്ക് | 50,000/- |
| 7 | തച്ചിങ്ങനാടം സർവ്വീസ് സഹകരണ ബാങ്ക് | 10,000/- |
| 8 | കൺമനം സർവ്വീസ് സഹകരണ ബാങ്ക് | 10,000/- |
| 9 | പട്ടിക്കാട് സർവ്വീസ് സഹകരണ ബാങ്ക് | 25,000/- |
| 10 | മമ്പാട് സർവ്വീസ് സഹകരണ ബാങ്ക് | 20,000/- |
| 11 | മൂത്തേടം സർവ്വീസ് സഹകരണ ബാങ്ക് | 50,000/- |
| 12 | അറക്കപ്പെരമ്പ് സർവ്വീസ് സഹകരണ ബാങ്ക് | 30,000/- |
| 13 | ആനക്കയം സർവ്വീസ് സഹകരണ ബാങ്ക് | 30,000/- |
| 14 | കണ്ണമംഗലം സർവ്വീസ് സഹകരണ ബാങ്ക് | 40,000/- |
| 15 | തുവ്വൂർ സർവ്വീസ് സഹകരണ ബാങ്ക് | 50,000/- |
| 16 | ഈസ്റ്റ് ഏറനാട് സർവ്വീസ് സഹകരണ ബാങ്ക് | 10,000/- |
| 17 | മൂത്തേടം സർവ്വീസ് സഹകരണ ബാങ്ക് | 35,000/- |
| 18 | മംഗലം സർവ്വീസ് സഹകരണ ബാങ്ക് | 20,000/- |
| 19 | രാമപുരം സർവ്വീസ് സഹകരണ ബാങ്ക് | 50,000/- |
| 20 | തിരൂരങ്ങാടി സർവ്വീസ് സഹകരണ ബാങ്ക് | 25,000/- |
| 21 | പാങ്ങ് സർവ്വീസ് സഹകരണ ബാങ്ക് | 25,000/- |

| | | |
|---|---|---|
| 22 | നെടിയിരുപ്പ് സർവ്വീസ് സഹകരണ ബാങ്ക് | 15,000/- |
| 23 | മങ്കട സർവ്വീസ് സ്ഹകരണബാങ്ക് | 40,000/- |
| 24 | താനാളൂർ സർവ്വീസ് സഹകരണ ബാങ്ക് | 10,000/- |
| 25 | മഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് | 5000/- |
| 26 | വാഴക്കാട് സർവ്വീസ് സഹകരണ ബാങ്ക് | 20,000/- |
| 27 | കരുവാരക്കുണ്ട് സർവ്വീസ് സഹകരണ ബാങ്ക് | 20,000/- |
| 28 | ചുങ്കത്തറ സർവ്വീസ് സഹകരണബാങ്ക് | 10,000/- |
| 29 | കാളികാവ് സർവ്വീസ് സഹകരണ ബാങ്ക് | 10,000/- |
| 30 | മക്കരപരം സർവ്വീസ് സഹകരണ ബാങ്ക് | 5,000/- |
| | **ആകെ** | **7,75,000/** |

**തിരൂർ നിയോജകമണ്ഡലത്തിൽ**
**ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി**

222(650) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതി പ്രകാരം തിരൂർ നിയോജകമണ്ഡലത്തിൽ ഇതുവരെ എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്തുകൾ തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ?

തിരൂർ നിയമസഭാമണ്ഡലത്തിൽ ആരംഭിച്ച സംരംഭങ്ങൾ സംബന്ധിച്ച കണക്കുകൾ ഗ്രാമപഞ്ചായത്തുകൾ/മുനിസിപ്പാലിറ്റി തിരിച്ച് ചുവടെ ചേർക്കുന്നു.

| നം | പഞ്ചായത്തിന്റെ പേര് | സംരംഭങ്ങൾ |
|---|---|---|
| 1 | തിരൂർ മുനിസിപ്പാലിറ്റി | 150 |
| 2 | വളവന്നൂർ | 98 |
| 3 | കൽപ്പകഞ്ചേരി | 92 |
| 4 | വെട്ടം | 97 |
| 5 | തലക്കാട് | 87 |
| 6 | തിരുനാവായ | 106 |
| 7 | ആതവനാട് | 112 |
| | **ആകെ** | **742** |

(ബി) പ്രസ്തുത പദ്ധതിയിലൂടെ തിരൂർ നിയോജകമണ്ഡലത്തിൽ എത്ര പേർക്ക് ഇതുവരെ തൊഴിൽ ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതി പ്രകാരം തിരൂർ നിയോജകമണ്ഡലത്തിൽ 1777 പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിലൂടെ തിരൂർ നിയോജകമണ്ഡലത്തിൽ ഇതുവരെ എത്ര രൂപയുടെ നിക്ഷേപം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതി പ്രകാരം തിരൂർ നിയോജകമണ്ഡലത്തിൽ ആകെ 742 സംരംഭങ്ങൾ ആരംഭിക്കുകയും അതുവഴി 54.05 കോടി രൂപയുടെ നിക്ഷേപം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

**ആലുവ ചൂർണ്ണിക്കര വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിക്കുന്നത്**

223 (651) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ ചൂർണ്ണിക്കര വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിന്റെ കൈവശമുള്ള പത്ത് സെന്റ് സ്ഥലം അനുവദിക്കണമെന്ന 11.11.2021-ലെ അപേക്ഷയിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആവശ്യത്തിനായി സ്ഥലം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ എറണാകുളം ജില്ലാ കളക്ടർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ-സി) ആലുവ ചൂർണ്ണിക്കര വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്ന കമ്പനിക്ക് പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമിയിൽ നിന്ന് 8.10 ആർ അനുവദിക്കുന്നതിനായി സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. എറണാകുളം കളക്ടറേറ്റിൽ നിന്നുള്ള 01-11-2017-ാം തീയതിയിലെ കത്ത് പ്രകാരം 20 സെന്റ് ഭൂമി ചൂർണ്ണിക്കര വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിന് അഡ്വാൻസ് പൊസഷൻ നൽകുന്നതിനായി ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിനോട് ആവശ്യപ്പെടുകയും പ്രസ്തുത വസ്തു മറ്റ് വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി വരുമെന്നതിനാൽ വിട്ടുനൽകുന്നതിന് നിർവ്വാഹമില്ലായെന്ന് കമ്പനി ബഹു. ജില്ല കളക്ടർക്ക് 09-11-2017-ൽ മറുപടി കത്ത് നൽകിയിട്ടുമുണ്ട്.

ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിന്റെ ഭൂമി അനുവദിക്കുന്ന കാര്യത്തിൽ തീരുമാനമുണ്ടാകാത്ത സാഹചര്യത്തിൽ ചൂർണ്ണിക്കര വില്ലേജ് ബ്ലോക്ക് 34-ൽ റീ-സർവ്വേ 124/11-ൽപ്പെട്ട 2.83 ആർ പുറമ്പോക്ക് സ്ഥലത്തെ കയ്യേറ്റം ഒഴിപ്പിച്ച് വില്ലേജോഫീസ് നിർമ്മാണത്തിനുവേണ്ടി സ്ഥലം കണ്ടെത്തുന്നതിലേയ്ക്ക് എൽ.സി. 02/2022 നമ്പരായി നടപടി സ്വീകരിച്ചുവരുന്നതായി കളക്ടർ അറിയിച്ചിട്ടുണ്ട്. ടി ഒഴിപ്പിക്കൽ

നടപടികൾക്കെതിരെ ശ്രീ. വി. പി. മൂസ എന്നയാൾ WP(സി) 26983/2022 നമ്പർ കേസ് ഫയൽ ചെയ്തിട്ടുള്ളതും ടി വസ്തു റീ-സർവ്വേ അപാകതമൂലം പുറമ്പോക്കായി വന്നിട്ടുള്ളതാണെന്ന് ഉന്നയിച്ച് എതിർകക്ഷി നൽകിയ പരാതിയിൽ തീരുമാനം സ്വീകരിച്ചതിനുശേഷം മാത്രമേ ഒഴിപ്പിക്കൽ നടപടി സ്വീകരിക്കാവൂയെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുള്ളതുമാണ്.

## കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ വലിയ വെളിച്ചം വ്യവസായ വളർച്ചാകേന്ദ്രം

224 (652) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ 'വലിയ വെളിച്ചം വ്യവസായ വളർച്ചാ കേന്ദ്ര'ത്തിന് കൂടുതൽ ഭൂമി ഏറ്റെടുക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ?

വലിയവെളിച്ചം വ്യവസായ വളർച്ചാ കേന്ദ്രത്തിലെ 310 ഏക്കർ ഭൂമിയിൽ നിലവിൽ മിച്ചമുള്ള ഏകദേശം 72.50 ഏക്കർ ഭൂമിയിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്ന പദ്ധതി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

കൂടുതൽ ഭൂമി ഏറ്റെടുക്കുന്നതിന് നിലവിൽ പദ്ധതികളൊന്നും ആസൂത്രണം ചെയ്തിട്ടില്ല.

(ബി) കുറഞ്ഞ വിലയ്ക്ക് തരിശുഭൂമി തടസ്സങ്ങളില്ലാതെ ഏറ്റെടുക്കാൻ കഴിയുന്ന സാഹചര്യങ്ങളുള്ളതിനാൽ ഭാവി വികസനം കണക്കിലെടുത്ത് കുറഞ്ഞത് 250 ഏക്കറെങ്കിലും ഭൂമി ഏറ്റെടുക്കുന്ന കാര്യം സർക്കാർ പരിശോധിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

വലിയ വെളിച്ചം വ്യവസായ വളർച്ചാ കേന്ദ്രത്തിന്റെ ചുറ്റുമുള്ള പ്രദേശങ്ങളിൽ കരിങ്കൽ ക്വാറികളാണ്. ഇത് വ്യവസായ പാർക്കിന് അനുയോജ്യമായ ഭൂമിയല്ലെന്ന് വിലയിരുത്തിയിട്ടുണ്ട്. വ്യവസായ പാർക്കിൽ ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പായി ആവശ്യമായ പഠനം നടത്തി അനുയോജ്യമാണെന്ന് കണ്ടെത്തി തുടർനടപടി സ്വീകരിക്കുകയെന്നതാണ് പുതിയ നയമായി സ്വീകരിച്ചുവരുന്നത്.

**പുതിയ സംരംഭങ്ങൾ കടന്നുവരുന്നതിനായി**
**നടപ്പാക്കിയ പദ്ധതികൾ**

225 (653) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായിക മേഖലയിൽ പുതിയ സംരംഭങ്ങൾ കടന്നുവരുന്നതിനായി നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായിക മേഖലയിൽ പുതിയ സംരംഭങ്ങൾ കടന്നുവരുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു കുടുംബം ഒരു സംരംഭം പദ്ധതി, മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായപദ്ധതി തുടങ്ങിയ സാമ്പത്തിക സഹായ പദ്ധതികൾ വ്യവസായ വകുപ്പ് നടപ്പാക്കിവരുന്നു.

കൂടാതെ സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് പരാതി പരിഹാര സംവിധാനം (Grievance Redressal System). ഇതുപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടിരൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും 10 കോടി രൂപയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ

തീരുമാനത്തിന്മേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ-ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ വ്യവസായ വകുപ്പിന് കീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും 14 ജില്ലാ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു.

2022-23 സംരംഭകവർഷമായി കേരളാ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരുലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള ഒരു ബൃഹത്തായ പദ്ധതി തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായവകുപ്പ് നടപ്പാക്കിവരുന്നു.

ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണസ്ഥാപന തലത്തിൽ നടപ്പാക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ലക്ഷ്യവും നൽകിയിട്ടുണ്ട്.

കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദ്ദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിനും സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC)-മായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

സംസ്ഥാനത്തെ ഭൗമസൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിന് അവയ്ക്കനുയോജ്യമായ വിപണി കണ്ടെത്തുന്നതിനും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമ്മാതാക്കളിൽ എത്തിക്കുന്നതിനായി

ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ. മാർക്കറ്റിംഗ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

02-04-2022-ലെ GO(Rt)No.31/2022/10 ഉത്തരവ് പ്രകാരം പുതിയ സംരംഭങ്ങൾ കടന്നുവരുന്നതിനും കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി Private Industrial Estate Scheme 2022 നിലവിൽ വരികയും ആയതിന്റെ അടിസ്ഥാനത്തിൽ ഓൺലൈനായി അപേക്ഷകൾ സ്വീകരിച്ച് ഡെവലപ്പർ പെർമിറ്റ് അനുവദിക്കുകയും ചെയ്തുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതുതായി വന്ന സംരംഭകരുടെ എണ്ണം വിശദമാക്കാമോ?

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 31-01-2023 വരെ ആരംഭിച്ച 127816 സംരംഭങ്ങൾ ഉൾപ്പെടെ ഈ സർക്കാരിന്റെ കാലയളവിൽ ഇതുവരെ ആകെ 142345 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ (MSMEs) ആരംഭിച്ചിട്ടുണ്ട്.

(സി) പുതിയതായി വരുന്ന സംരംഭകർക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

പുതുതായി സംരംഭങ്ങൾ ആരംഭിക്കാൻ താൽപ്പര്യമുള്ള വ്യവസായ സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനായി സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി, ഒരു കുടുംബം ഒരു സംരംഭം പദ്ധതി, മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി, നിലവിലുള്ള എം.എസ്.എം.ഇ-കളിൽ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം, കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (പി.എം.ഇ.ജി.പി.) സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയ്ക്കുള്ള പി.എം.എഫ്.എം.ഇ. പദ്ധതി എന്നീ വിവിധ ധനസഹായ പദ്ധതികൾ വ്യവസായ വകുപ്പുവഴി നടപ്പാക്കിവരുന്നു.

കൂടാതെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാകുന്നതിന് കെ-സ്വിഫ്റ്റ് സോഫ്റ്റ്‌വെയർ നിലവിലുണ്ട്. സംരംഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേയ്ക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ്

ഇൻകുബേഷൻ സെന്ററുകളും ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകളും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ എല്ലാ താലൂക്ക് വ്യവസായ ഓഫീസുകളെയും എം.എസ്.എം.ഇ ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജില്ലാ സംസ്ഥാനതലങ്ങളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി K-CIS സംവിധാനം നിലവിൽ വന്നിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ സംരംഭകവർഷവുമായി ബന്ധപ്പെട്ട പദ്ധതികളുടെ നടത്തിപ്പിനായി 1153 ഇന്റേണുകളെ നിയമിച്ച് പ്രവർത്തനം നടന്നുവരുന്നു. സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC)-മായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്വർക്ക് പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സംസ്ഥാനത്തെ ഭൗമസൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനും അവയ്ക്കനുയോജ്യമായ വിപണി കണ്ടെത്തുന്നതിനും ഇതിൽനിന്നുള്ള ലാഭം യഥാർത്ഥ നിർമ്മാതാക്കളിൽ എത്തിക്കുന്നതിനുമായി ഇത്തരം ഉല്പന്നങ്ങൾക്ക് ഒരു ജി.ഐ. മാർക്കറ്റിംഗ് പോർട്ടൽ

ആരംഭിച്ചിട്ടുണ്ട്. ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്. കൂടാതെ വ്യവസായ സംരംഭകർക്ക് അവരുടെ സംരംഭങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങളും പരാതികളും അധികൃതരെ അറിയിക്കാനുള്ള സംവിധാനമായ ചാറ്റ് വിത്ത് മിനിസ്റ്റർ നിലവിലുണ്ട്.

## വ്യവസായ സംരംഭകർക്കുള്ള ആനുകൂല്യങ്ങൾ

226 (654) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുതായി സംരംഭങ്ങളാരംഭിക്കാൻ താൽപ്പര്യമുള്ള വ്യവസായ സംരംഭകർക്ക് എന്തൊക്കെ സൗകര്യങ്ങളും ആനുകൂല്യങ്ങളുമാണ് നിലവിൽ നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

പുതുതായി സംരംഭങ്ങൾ ആരംഭിക്കാൻ താൽപ്പര്യമുള്ള വ്യവസായ സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനായി സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി, ഒരു കുടുംബം

ഒരു സംരംഭം പദ്ധതി, മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി, നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സഹായം, കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (പി.എം.ഇ.ജി.പി.) സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയ്ക്കായുള്ള പി.എം.എഫ്.എം.ഇ. പദ്ധതി എന്നീ വിവിധങ്ങളായ ധനസഹായ പദ്ധതികൾ വ്യവസായ വകുപ്പുവഴി നടപ്പാക്കിവരുന്നു.

സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽനിന്ന് പുതിയതായി ആരംഭിക്കുന്ന, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ മൂന്ന് വർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധനയില്ലാതെ ഉടൻതന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ഇങ്ങനെ ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്നുവർഷത്തെ കാലാവധിയുണ്ടാകും.

മൂന്നുവർഷത്തിനുശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്.

കൂടാതെ ജില്ലാ സംസ്ഥാനതലങ്ങളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി K-CIS സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ. ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിനുകീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും അവിടെയെല്ലാം താലൂക്ക് റിസോഴ്സ്പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും 14 ജില്ലാ റിസോഴ്സ്പേഴ്സൺമാരെ നിയമിച്ചു.

സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് പരാതി പരിഹാര സംവിധാനം (Grievance Redressal System). ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ

സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടിരൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും 10 കോടി രൂപയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിനുമേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

കൂടാതെ 02-04-2022-ലെ GO (MS)No. 31/2022/ID ഉത്തരവ് പ്രകാരം Private Industrial Estate Scheme-ന് അനുമതി നൽകി. കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇതുപ്രകാരം സാധിക്കുന്നതാണ്.

**മലപ്പുറം ജില്ല റബ്ബർ ബേസ്ഡ് ഇൻഡസ്ട്രീസ് സഹകരണ സംഘം**

227 (655) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ റബ്ബർ ബേസ്ഡ് ഇൻഡസ്ട്രീസ് സഹകരണ സംഘത്തെ സംബന്ധിച്ച പരാതികളിന്മേൽ 1969-ലെ സഹകരണ നിയമം

65-ാം വകുപ്പുപ്രകാരം അന്വേഷണം നടത്താൻ അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

21-01-2019-ലെ മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ സി.എം.1/299/2019 നമ്പർ നടപടിക്രമപ്രകാരം അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത സംഘത്തെക്കുറിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(സി) പ്രസ്തുത സംഘത്തിന്റെ പേരിലുള്ള ഭൂമി ഭരണസമിതി അംഗങ്ങൾ വിൽപ്പന നടത്തുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതുസംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഭൂമി വിൽക്കുന്നതിന് സംഘം നടത്തിയ ലേല നടപടി ക്രമപ്രകാരമല്ലാതിരുന്നതിനാലും വകുപ്പ് 66 പ്രകാരമുള്ള അന്വേഷണത്തിനാവശ്യമായ രേഖകൾ ആവശ്യപ്പെട്ടിട്ടും സംഘം ഹാജരാക്കാതിരുന്നതിനാലും സംഘത്തിന്റെ ഭൂമി വിൽക്കുന്നതിന് 07-12-2011-ൽ നൽകിയ അനുമതി റദ്ദുചെയ്തതായി അറിയിച്ചുകൊണ്ട് ജില്ലാ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യവസായ കേന്ദ്രം ജനറൽ മാനേജർ സംഘം പ്രസിഡന്റിന് കത്തുനൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(ഡി) പ്രസ്തുത സംഘം മറ്റ് ഏതെല്ലാം സഹകരണ സംഘങ്ങളിൽ നിന്നാണ് നിക്ഷേപങ്ങളും വായ്പകളും സ്വീകരിച്ചതെന്നും തുകയും തിരിച്ചടവും തീയതിയുമടക്കമുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ; തിരിച്ചടവ് നടന്നിട്ടില്ലായെങ്കിൽ വായ്പാതുകയോ നിക്ഷേപത്തുകയോ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

സംഘം മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഓഹരി ഇനത്തിൽ കൈപ്പറ്റിയ തുകയുടെ വിശദാംശങ്ങൾ താഴെ പറയുന്ന പട്ടികയിൽ ചേർക്കുന്നു. സംഘം മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ഇനത്തിൽ ഒന്നും തന്നെ കൈപ്പറ്റിയിട്ടില്ല.

| **ക്രമ നം.** | **സ്ഥാപനത്തിന്റെ പേര്** | **ഓഹരി (തുക)** |
|---|---|---|
| 1 | ഗവൺമെന്റ് ഓഹരി | 50,000/- |
| 2 | വളവന്നൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 50,000/- |
| 3 | കുറ്റിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് | 10,000/- |
| 4 | കാവന്നൂർ സർവ്വീസ് സഹകരണ ബാങ്ക് | 40,000/- |
| 5 | തൃക്കലങ്ങോട് സർവ്വീസ് സഹകരണ ബാങ്ക് | 10,000/- |
| 6 | തുവ്വൂർ സർവ്വീസ് സഹകരണ ബാങ്ക് | 50,000/- |

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | | |
|---|---|---|
| 7 | തച്ചിങ്ങനാടം സർവ്വീസ് സഹകരണ ബാങ്ക് | 10,000/- |
| 8 | കൺമനം സർവ്വീസ് സഹകരണ ബാങ്ക് | 10,000/- |
| 9 | പട്ടിക്കാട് സർവ്വീസ് സഹകരണ ബാങ്ക് | 25,000/- |
| 10 | മമ്പാട് സർവ്വീസ് സഹകരണ ബാങ്ക് | 20,000/- |
| 11 | മൂത്തേടം സർവ്വീസ് സഹകരണ ബാങ്ക് | 50,000/- |
| 12 | അറക്കപ്പരമ്പ് സർവ്വീസ് സഹകരണ ബാങ്ക് | 30,000/- |
| 13 | ആനക്കയം സർവ്വീസ് സഹകരണ ബാങ്ക് | 30,000/- |
| 14 | കണ്ണമംഗലം സർവ്വീസ് സഹകരണ ബാങ്ക് | 40,000/- |
| 15 | തുവ്വൂർ സർവ്വീസ് സഹകരണ ബാങ്ക് | 50,000/- |
| 16 | ഈസ്റ്റ് ഏറനാട് സർവ്വീസ് സഹകരണ ബാങ്ക് | 10,000/- |
| 17 | മൂത്തേടം സർവ്വീസ് സഹകരണ ബാങ്ക് | 35,000/- |
| 18 | മംഗലം സർവ്വീസ് സഹകരണ ബാങ്ക് | 20,000/- |
| 19 | രാമപുരം സർവ്വീസ് സഹകരണ ബാങ്ക് | 50,000/- |
| 20 | തിരൂരങ്ങാടി സർവ്വീസ് സഹകരണ ബാങ്ക് | 25,000/- |
| 21 | പാങ്ങ് സർവ്വീസ് സഹകരണ ബാങ്ക് | 25,000/- |
| 22 | നെടിയിരുപ്പ് സർവ്വീസ് സഹകരണ ബാങ്ക് | 15,000/- |
| 23 | മങ്കട സർവ്വീസ് സഹകരണബാങ്ക് | 40,000/- |
| 24 | താനാളൂർ സർവ്വീസ് സഹകരണ ബാങ്ക് | 10,000/- |
| 25 | മഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് | 5000/- |
| 26 | വാഴക്കാട് സർവ്വീസ് സഹകരണ ബാങ്ക് | 20,000/- |
| 27 | കരുവാരക്കുണ്ട് സർവ്വീസ് സഹകരണ ബാങ്ക് | 20,000/- |
| 28 | ചുങ്കത്തറ സർവ്വീസ് സഹകരണബാങ്ക് | 10,000/- |

| | | |
|---|---|---|
| 29 | കാളികാവ് സർവ്വീസ് സഹകരണ ബാങ്ക് | 10,000/- |
| 30 | മക്കരപരം സർവ്വീസ് സഹകരണ ബാങ്ക് | 5,000/- |
| | ആകെ | **7,75,000/** |

## എടരിക്കോട് സ്പിന്നിംഗ് മിൽ

228 (656) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് പഞ്ചായത്തിൽപ്പെട്ട എടരിക്കോട് സ്പിന്നിംഗ് മില്ലിൽ തൊഴിലാളികളുടെയും ക്ലെറിക്കൽ സ്റ്റാഫുകളുടെയും കരാർ കാലാവധി പുതുക്കുന്നതിൽ ക്ലെറിക്കൽ സ്റ്റാഫുകളുടേത് മാത്രം വിട്ടുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

എടരിക്കോട് ടെക്സ്റ്റൈൽസ് ഉൾപ്പെടെയുള്ള കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളിലെ ഓഫീസ് ജീവനക്കാരുടെയും മില്ലുകളിലെ തൊഴിലാളികളുടെയും സേവന വേതന വ്യവസ്ഥകൾ വെവ്വേറെ ദീർഘകാല കരാർ (LTA) പ്രകാരമാണ് തീരുമാനിക്കപ്പെടുന്നത്. ഇതിൽ, തൊഴിലാളികളുടെ പുതുക്കിയ ദീർഘകാല കരാർ 2022 മാർച്ചിൽ

നടപ്പാക്കിയിട്ടുണ്ട്. ഓഫീസ് ജീവനക്കാരുടെ ദീർഘകാല കരാർ നടപ്പാക്കിയിട്ടില്ല. പ്രസ്തുത ദീർഘകാല കരാർ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ അന്തിമഘട്ടത്തിലാണ്.

(ബി) എടരിക്കോട് സ്പിന്നിംഗ് മില്ലിലെ ക്ലെറിക്കൽ തൊഴിലാളികളുടെ കരാർ കാലാവധി നീട്ടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഓഫീസ് ജീവനക്കാരുടെ ദീർഘകാല കരാർ നടപ്പാക്കുന്നതിന്റെ ചർച്ചകൾ അന്തിമഘട്ടത്തിലാണ്. പുതുക്കിയ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ടുള്ള ദീർഘകാല കരാർ നിലവിൽ വരുന്നതോടുകൂടി മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കാൻ സാധിക്കുന്നതാണ്.

**നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ വ്യവസായ സംരംഭങ്ങൾ**

229 (657) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ കീഴിൽ 2016 മുതൽ 2022 വരെ എത്ര പുതിയ വ്യവസായ സംരംഭങ്ങളാണ് ആരംഭിച്ചതെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിൽ 2016 മുതൽ 2022 വരെ 738 പുതിയ വ്യവസായ സംരംഭങ്ങളാണ് ആരംഭിച്ചത്.

(ബി) പുതിയതായി ആരംഭിച്ച വ്യവസായ സ്ഥാപനങ്ങളുടെ പേരുവിവരവും സ്ഥലവും വിശദമാക്കാമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പുതിയതായി ആരംഭിച്ച (01-04-2022-നുശേഷം) 138 വ്യവസായ സ്ഥാപനങ്ങളുടെ പേരുവിവരങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## ജൽജീവൻ മിഷൻ പദ്ധതിക്കായി ഭൂമി അനുവദിക്കുന്നതിനായുള്ള നടപടി

230 (658) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിൽ നടപ്പാക്കുന്ന കുറ്റിപ്പുറം ജൽജീവൻ മിഷൻ പദ്ധതിക്കായി കുറ്റിപ്പുറം കിൻഫ്ര പാർക്കിൽനിന്നും 50 സെന്റ് ഭൂമി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ വ്യവസായ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഓവർഹെഡ് ടാങ്ക് സ്ഥാപിക്കുന്നതിനാവശ്യമായി വരുന്ന ഭൂമി കിൻഫ്ര പാർക്കിൽനിന്നും ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) കുറ്റിപ്പുറം കിൻഫ്ര പാർക്കിൽ ജൽജീവൻ മിഷൻ പദ്ധതിക്ക് ഭൂമി അനുവദിക്കുന്നതിലേയ്ക്കായി നിശ്ചിത അപേക്ഷ ഫോമും പ്രോജക്ട് റിപ്പോർട്ടും നൽകി രജിസ്ട്രേഷൻ ഫീ അടച്ചുകഴിഞ്ഞാൽ മാത്രമേ കിൻഫ്രയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## സംസ്ഥാനത്ത് നിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി

231 (659) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ സിമന്റ്, കമ്പി എന്നിവ പ്രധാനമായും ഉൽപാദിപ്പിക്കുന്നത് സ്വകാര്യ

മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളാണ്. കെട്ടിട നിർമ്മാണ വസ്തുക്കളിൽ സിമന്റ് ഉപയോഗം വഴിയുണ്ടാകുന്ന ചെലവ് ആകെ ചെലവിന്റെ ഏകദേശം 5% വരെ മാത്രമാണ്. കേരളത്തിൽ വിൽക്കുന്ന സിമന്റ് ബ്രാൻഡുകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിന്റെ വിപണന പങ്കാളിത്തം 5 ശതമാനത്തോളമാണ്. ഇതര ബ്രാൻഡുകളെ അപേക്ഷിച്ച് മലബാർ സിമന്റിന്റെ വിൽപ്പന വില താരതമ്യേന കുറവാണ്.

(ബി) നിർമ്മാണസാമഗ്രികൾ പൊതുജനങ്ങൾക്ക് ന്യായവിലയ്ക്കും കൃത്യമായ അളവിലും സമയബന്ധിതമായും ലഭ്യമാക്കാൻ സർക്കാർ നടത്തിയ ഇടപെടലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണസാമഗ്രികളുടെ ക്രമാതീതമായ വില വർദ്ധനവ് തടയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(ബി&സി) കേന്ദ്ര നയങ്ങൾമൂലമുണ്ടാവുന്ന വില വർദ്ധനവുകളിൽ സംസ്ഥാനത്തിന് മാത്രമായി ഇടപെടുന്നതിന് പരിമിതികളുണ്ട്. ഭവന നിർമ്മാണ വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന നിർമ്മിതി കേന്ദ്രം കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രമായ കലവറ എന്ന പദ്ധതിയിലൂടെ 750 ചതുരശ്രയടി വരെ വിസ്തീർണ്ണമുള്ള വീടുകൾ

നിർമ്മിക്കുന്ന ബി.പി.എൽ. വിഭാഗത്തിലുള്ളവർക്കും സർക്കാർ ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കും സിമന്റ്, കമ്പി എന്നിവ പൊതുവിപണിയിലെ വിലയേക്കാൾ 15 ശതമാനം വിലകുറച്ച് നൽകിവരുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ 15 'കലവറ'കൾ പ്രവർത്തിക്കുന്നുണ്ട്.

നിർമ്മാണസാമഗ്രികളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ ജില്ലാതലത്തിൽ കളക്ടർമാരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുമായും ഉൽപ്പാദകരുമായും ചർച്ച നടത്തി വിലക്കയറ്റം നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ നിർദ്ദേശാനുസരണം ജില്ലാ കളക്ടർമാർ സ്വീകരിച്ചുവരുന്നു.

## ട്രാവൻകൂർ സിമന്റ്സിലെ ശമ്പള പരിഷ്കരണം

232 (660) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ സിമന്റ്സിൽ വേജ്ബോർഡ് തീരുമാനപ്രകാരമുള്ള ശമ്പള പരിഷ്കരണപ്രകാരം

2014-2018 എന്നീ വർഷങ്ങളിലെ കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ശമ്പള പരിഷ്കരണ കുടിശ്ശിക എന്നത്തേയ്ക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ 2014-18 വർഷത്തെ ശമ്പള പരിഷ്കരണ കരാർ നടപ്പിലാക്കിയിട്ടില്ല. കമ്പനിയുടെ നിലവിലെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് മാത്രമേ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്ന കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ.

(സി) സർക്കാർ പ്രഖ്യാപിച്ച ട്രാവൻകൂർ സിമന്റ്സിലെ വൈവിധ്യവൽക്കരണ പദ്ധതികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

സർക്കാർ പ്രഖ്യാപിച്ച ട്രാവൻകൂർ സിമന്റ്സിലെ വൈവിധ്യവൽക്കരണ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

1. <u>400 TPD ഗ്രേ സിമന്റ് ഗ്രൈൻഡിംഗ് യൂണിറ്റ്</u>

ക്ലിങ്കറിന്റെ വർദ്ധിച്ച import expense, Ocean Freight എന്നിവമൂലം പ്രസ്തുത പദ്ധതി ആരംഭിക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ ഈ പദ്ധതി താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നു.

2. കെ.എസ്.ഇ.ബി.-ക്ക് ആവശ്യമായ കോൺക്രീറ്റ് വൈദ്യുതി പോസ്റ്റുകളുടെ നിർമ്മാണ പദ്ധതി

കെ.എസ്.ഇ.ബി.-ക്ക് ആവശ്യമായ കോൺക്രീറ്റ് വൈദ്യുതി പോസ്റ്റുകൾ റേറ്റ് കോൺട്രാക്ട് വ്യവസ്ഥയിൽ വിതരണം ചെയ്യുന്നതിനുള്ള അനുമതി ലഭ്യമായിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടില്ല.

**രാമച്ച കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

233 (661) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാമച്ച കൃഷി പ്രോത്സാഹനത്തിനായി വ്യവസായ വകുപ്പ് ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

രാമച്ച കൃഷി പ്രോത്സാഹനത്തിനായി വ്യവസായ വകുപ്പ് പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

(ബി) രാമച്ച കൃഷി വ്യാപകമായി നടക്കുന്ന ഗുരുവായൂർ മണ്ഡലത്തിൽ രാമച്ചത്തിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ വിഭാഗത്തിൽപ്പെടുന്നതും രാമച്ചത്തിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതുമായ സംരംഭങ്ങൾക്ക് വ്യവസായ വകുപ്പുവഴി നടപ്പാക്കുന്ന സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി, സൂക്ഷ്മ ഭക്ഷ്യ-സംസ്കരണ മേഖലയ്ക്കുള്ള പ്രൈം മിനിസ്റ്റേഴ്സ് ഫോർമലൈസേഷൻ ഓഫ് മൈക്രോ എന്റർപ്രൈസസ് തുടങ്ങിയ പദ്ധതികൾ ഉപയോഗപ്പെടുത്താവുന്നതാണ്.

## 2022-23 സംരംഭക വർഷം

234 (662) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 സംരംഭക വർഷമായി പ്രഖ്യാപിച്ചതിനുശേഷം സംസ്ഥാനത്ത് ഡിസംബർ 2022 വരെയായി എത്ര പേർക്ക് തൊഴിൽ

നൽകാനും എത്ര കോടി രൂപയുടെ നിക്ഷേപമുണ്ടാക്കാനും സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി പ്രഖ്യാപിച്ചുകൊണ്ട് കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ പുതിയതായി ആരംഭിക്കുന്നതിനുള്ള ഒരു ബൃഹത്തായ പദ്ധതി തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടപ്പാക്കിവരുന്നു.

ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയിൽ 2023 ജനുവരി 30 വരെയുള്ള കണക്കുപ്രകാരം സംസ്ഥാനത്ത് 127214 സംരംഭങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതുവഴി 7,710.85 കോടി രൂപയുടെ നിക്ഷേപവും 273931 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

**വയനാട് ജില്ലയിൽ ഐ.ടി. പാർക്ക്**

235 (663) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ഐ.ടി. പാർക്ക് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാമോ; വ്യക്തമാക്കുമോ;

(ബി) വയനാടിന്റെ കാലാവസ്ഥയും ടൂറിസം സാധ്യതകളും പ്രയോജനപ്പെടുത്തിക്കൊണ്ട് ഒരു ഐ.ടി. പാർക്കിന്റെ സാധ്യത സംബന്ധിച്ച് പഠനം നടത്താൻ വകുപ്പ് തയ്യാറാകുമോ; വിശദമാക്കുമോ;

(സി) ബാംഗ്ലൂർ നഗരത്തിന്റെ ഐ.ടി. സാധ്യതകൾ വയനാടിനുകൂടി പ്രയോജനമാകുംവിധം പദ്ധതികൾ ആസൂത്രണം ചെയ്യുന്ന കാര്യം പരിഗണിക്കാമോ; വിശദാംശം നൽകുമോ?

(എ-സി) നിലവിൽ വ്യവസായ വകുപ്പിന്റെ കീഴിൽ വയനാട് ജില്ലയിൽ ഐ.ടി. പാർക്ക് സ്ഥാപിക്കുന്ന പദ്ധതി പരിഗണനയിലില്ല.

## നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ

236 (664) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ?

വിലയിരുത്തിയിട്ടുണ്ട്.

(ബി) നിർമ്മാണസാമഗ്രികളുടെ ലഭ്യതക്കുറവും ക്രമാതീതമായ വിലവർദ്ധനവുമൂലവും നിർമ്മാണ മേഖല സ്തംഭനാവസ്ഥയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനും കൃത്രിമ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വെളിപ്പെടുത്തുമോ; വിശദമാക്കുമോ?

(ബി&സി) നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും ക്രമാതീതമായ വിലവർദ്ധനവുമൂലവും നിർമ്മാണ മേഖല സ്തംഭനാവസ്ഥയിലാണെന്ന കാര്യം നിലവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പക്ഷേ കോവിഡുമൂലവും ആഗോള മാന്ദ്യം മൂലവുമുണ്ടായ സാമ്പത്തിക പ്രതിസന്ധി നിർമ്മാണ മേഖല ഇപ്പോഴും അഭിമുഖീകരിക്കുന്നുണ്ട്. കൂടാതെ കൽക്കരി, പെറ്റ്-കോക്ക്, ഡീസൽ ഇരുമ്പയിര് തുടങ്ങിയവയുടെ ആഗോള വിലവർദ്ധനവിനനുസൃതമായി ഇലക്ട്രിക്കൽ, പ്ലമ്പിംഗ്, സ്റ്റീൽ, പെയിന്റ്, ഫ്ലോറിംഗ് ഉൽപ്പന്നങ്ങളുടെ വിലയിലും ട്രാൻസ്പോർട്ടേഷൻ ചെലവിലും വർദ്ധനവുണ്ടായിട്ടുണ്ട്. മാന്ദ്യവും സാമ്പത്തിക പ്രതിസന്ധിയും കാരണം പൂർത്തീകരിച്ച പ്രോജക്ടുകൾക്കും കൊമേഴ്സ്യൽ സ്പെയിസിനും ആവശ്യക്കാർ കുറഞ്ഞതും നിർമ്മാണ മേഖലയെ ബാധിച്ചിട്ടുണ്ട്.

കേന്ദ്ര നയങ്ങൾമൂലമുണ്ടാകുന്ന വിലവർദ്ധനവുകളിൽ സംസ്ഥാനത്തിന് മാത്രമായി ഇടപെടുന്നതിന് പരിമിതികളുണ്ട്.

## വ്യാവസായിക ആവശ്യങ്ങൾക്കായി മണ്ണെടുക്കുന്നതിനുള്ള പാരിസ്ഥിതികാനുമതി

237 (665) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായികാവശ്യങ്ങൾക്കായി മണ്ണെടുക്കുന്നതിന് പാരിസ്ഥിതികാനുമതി ആവശ്യമില്ലെന്ന ഉത്തരവുകളോ കേന്ദ്ര നിർദ്ദേശങ്ങളോ നിലവിലുണ്ടോ; വിശദമാക്കാമോ?

വ്യാവസായിക ആവശ്യത്തിനായി മണ്ണെടുക്കുന്നതിന് പാരിസ്ഥിതികാനുമതി ആവശ്യമില്ലെന്ന ഉത്തരവൊന്നും നിലവിലില്ല.

(ബി) ഇത്തരത്തിൽ പാരിസ്ഥിതികാനുമതി ആവശ്യമില്ലാതെ അനിയന്ത്രിതമായി മണ്ണെടുത്താലുണ്ടാകുന്ന ഗുരുതര പ്രത്യാഘാതങ്ങൾ തടയുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) അനിയന്ത്രിതമായി മണ്ണെടുക്കുന്നതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് പരിശോധനകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ?

(ബി&സി) 2015-ലെ കെ.എം.എം.സി. ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടും പാരിസ്ഥിതിക പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിച്ചുമാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയമാനുസൃതം മണ്ണെടുക്കുന്നതിന് അനുമതി നൽകിവരുന്നത്. പാരിസ്ഥിതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് പരിശോധിച്ച് പരിഹരിക്കുന്നതിനുള്ള നടപടികൾ മൈനിംഗ് & ജിയോളജി വകുപ്പ് സ്വീകരിക്കുന്നുണ്ട്.

## ആലപ്പുഴ ജില്ലയിൽ പട്ടുനൂൽ വ്യവസായം ശക്തിപ്പെടുത്താൻ നടപടി

238 (666) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ പട്ടുനൂൽ വ്യവസായം ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ജില്ലയിൽ നിലവിൽ എത്രത്തോളം പട്ടുനൂൽ കൃഷി ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ മേഖലയുടെ സാധ്യതകൾ മുന്നിൽ കണ്ട് പട്ടുനൂൽ വ്യവസായം ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികൾ പുതുതായി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ-സി) ആലപ്പുഴ ജില്ലയിൽ പട്ടുനൂൽ വ്യവസായം ശക്തിപ്പെടുത്താൻ വ്യവസായ വകുപ്പിനുകീഴിൽ പ്രത്യേക പദ്ധതികൾ നിലവിൽ നടപ്പാക്കുന്നില്ല. ജില്ലയുടെ പരിധിയിൽ നിലവിൽ പട്ടുനൂൽ വ്യവസായം ഒന്നും തന്നെയില്ല. എന്നിരുന്നാലും പട്ടുനൂൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ ആഗ്രഹിക്കുന്ന സംരംഭകർ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റായി രജിസ്ട്രേഷൻ എടുക്കുന്നപക്ഷം വകുപ്പിനുകീഴിലുള്ള അനുയോജ്യമായ പദ്ധതികളിൽ ഉൾപ്പെടുത്തി സഹായം നൽകുന്നത് പരിഗണിക്കുന്നതാണ്.

## കണ്ണൂർ മണ്ഡലത്തിലെ മുണ്ടേരി കൈത്തറി ഗ്രാമം

239 (667) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റ് പ്രൊപ്പോസലിൽ ഉൾപ്പെട്ട കണ്ണൂർ മണ്ഡലത്തിലെ മുണ്ടേരി കൈത്തറി ഗ്രാമം എപ്പോൾ നടപ്പിലാകും; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(എ&ബി) മുണ്ടേരി വസ്ത്രഗ്രാമം പദ്ധതിക്കായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്‌ലൂം ടെക്നോളജി (ഐ.ഐ.എച്ച്.ടി.) തയ്യാറാക്കിയ പദ്ധതി രൂപരേഖയിന്മേൽ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ കൈത്തറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രസ്തുത പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

**കൈത്തറി മേഖലയുടെ ഉന്നമനം**

240 (668) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കൈത്തറി മേഖലയുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് ജോലി സ്ഥിരത ഉറപ്പുവരുത്തുന്നതിന് 2016-2017 മുതൽ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പ്രധാന പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. കൈത്തറി മേഖലയിലേയ്ക്ക് കൂടുതൽ നെയ്ത്തുകാരെ ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധികവേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭ്യമാക്കാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. സംസ്ഥാനത്തെ കൈത്തറി മേഖലയ്ക്ക് ഒരു പുത്തനുണർവ് പ്രദാനം ചെയ്യുന്നതിനും പ്രതിവർഷം 250-ൽ കൂടുതൽ തൊഴിൽദിനങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാകുന്നതിനും ഈ പദ്ധതിയിലൂടെ സാധിക്കുന്നുണ്ട്.

സംസ്ഥാനത്തിനകത്ത് കൈത്തറി തുണി ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്ന പ്രാഥമിക കൈത്തറി സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങളുടെ കൈത്തറി ഉൽപ്പന്നങ്ങൾക്ക് സംസ്ഥാന സർക്കാർ റിബേറ്റ് നൽകിവരുന്നുണ്ട്. (വിവിധ ഉത്സവകാലയളവുകളിൽ കൈത്തറി തുണിത്തരങ്ങളുടെ വിൽപ്പനയ്ക്ക് 41 ദിവസത്തേയ്ക്ക് 20 ശതമാനം റിബേറ്റും സ്കൂൾ യൂണിഫോം റിബേറ്റ് കാലയളവിലേയ്ക്ക് 15 ദിവസത്തേയ്ക്ക് 30 ശതമാനം റിബേറ്റുമാണ് നിലവിൽ അനുവദിച്ച് നൽകുന്നത്). കൈത്തറി ഉൽപ്പന്നങ്ങൾക്ക് റിബേറ്റ് നൽകുന്നതുവഴി വിപണന സാധ്യത കൂട്ടുന്നതിനും

അങ്ങനെ കൈത്തറി ഉൽപ്പന്നങ്ങളുടെ വിൽപ്പന ത്വരിതപ്പെടുത്തുന്നതിനും സാധിക്കുന്നു. കൈത്തറി മേഖലയുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന മറ്റു പ്രധാന പദ്ധതികൾ താഴെപ്പറയുന്നു.

1) മൂലധന സഹായ പദ്ധതികൾ

പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം.

2) പ്രോത്സാഹനത്തിനും വികസനത്തിനുമായുള്ള പദ്ധതികൾ

i) പ്രൊഡക്ഷൻ ഇൻസെന്റീവ് - കൈത്തറി നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമായുള്ള പ്രചോദന/പ്രോത്സാഹന പരിപാടി.

ii) നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി.

iii) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ.

iv) കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ.

v) തൊഴിൽരഹിതരായ യുവജനങ്ങളെ കൈത്തറി നെയ്ത്ത് മേഖലയിലേക്ക് ആകർഷിക്കാനുള്ള യുവവീവ് പദ്ധതി.

vi) നെയ്ത്ത് തൊഴിലാളികൾക്കുള്ള പ്രോത്സാഹന പരിപാടി.

vii) കൈത്തറി ഗ്രാമം, സമഗ്ര കൈത്തറി ഗ്രാമം എന്നിവ സ്ഥാപിക്കൽ.

3) <u>പ്രോത്സാഹനവും ക്ഷേമവും ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ</u>

i) കൈത്തറി സഹകരണ സംഘങ്ങളുടെ ഉൽപ്പാദന രീതികളുടെ നവീകരണവും ഉൽപ്പാദന വൈവിധ്യത്തിനുമായി ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോൽസാഹനവും പദ്ധതി.

ii) പരിശീലന വൈവിധ്യശേഷി വികസന പരിപാടി.

iii) വിപണനം/കയറ്റുമതി പ്രോത്സാഹന പദ്ധതി.

iv) മഹാത്മാഗന്ധി ബങ്കർ ബീമ യോജന ഇൻഷുറൻസ് പദ്ധതി

കൂടാതെ, സംസ്ഥാനത്ത് കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ ഉൽപ്പാദനരീതികളുടെ നവീകരണവും ഉൽപ്പാദന വൈവിധ്യത്തിനുമായി ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോൽസാഹനവും പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിയുടെ കീഴിൽ ചുവടെ ചേർക്കുന്ന 6 ഘടകങ്ങൾക്കായി ഫണ്ട് അനുവദിച്ചുവരുന്നു.

1) വർക്ക് ഷെഡ് നവീകരണം.

2) വ്യക്തിഗത വർക്ക്ഷെഡ് നവീകരണം.

3) ഡൈഹൗസ് റിപ്പയറിംഗ്.

4) ഒരു വീട്ടിൽ ഒരു തറി.

5) ടെക്നോളജി അപ്ഗ്രഡേഷൻ ആൻഡ് ട്രാൻസ്ഫർ ഓഫ് ന്യൂ ടെക്നോളജി

6) തറി/അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ/ഭാഗിക അറ്റകുറ്റപ്പണികൾ.

കൈത്തറി മേഖലയിലെ അസംസ്കൃത വസ്തുക്കളായ, നൂൽ, ചായം, രാസവസ്തുക്കൾ എന്നിവ കൈത്തറി സംഘങ്ങൾക്ക് യാൺ ബാങ്കുകൾ വഴി സബ്സിഡി നിരക്കിൽ ഈ പദ്ധതിപ്രകാരം ലഭ്യമാക്കുന്നു.

സംസ്ഥാനത്തെ കൈത്തറി മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് കൂടുതൽ പഠനം നടത്തി ആയതിന് പരിഹാരം കണ്ടെത്തി ഈ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അഞ്ചംഗ വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

## കോട്ടയം ടെക്സ്റ്റയിൽസിന്റെ പ്രവർത്തനം

241 (669) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കോട്ടയം ടെക്സ്റ്റയിൽസിന്റെ പ്രവർത്തന പുരോഗതി വിശദീകരിക്കാമോ?

വൈദ്യുതി ബന്ധം വിച്ഛേദിച്ചതുമൂലം 2020 ഫെബ്രുവരി 7-ാം തീയതി ലേ ഓഫ് ചെയ്തു. തുടർന്ന് സ്ത്രീ തൊഴിലാളികൾ ഷിഫ്റ്റ് ജോലി ചെയ്യുന്നതിലുള്ള തർക്കം കാരണം ലേ ഓഫ് നീണ്ടുപോയി. ഷിഫ്റ്റ് തർക്കം പരിഹരിച്ച് 2021 നവംബർ 15 മുതൽ ഭാഗികമായി പ്രവർത്തനമാരംഭിച്ചു. അസംസ്കൃത വസ്തുക്കളുടെ വില വർദ്ധന കാരണം മില്ലിന്റെ സാമ്പത്തിക സ്ഥിതി താളം തെറ്റുകയും 2022 ജനുവരി മുതൽ ബാധ്യതകൾ കൊടുത്തു തീർക്കാൻ കഴിയാതെ വരികയും ചെയ്തു. തുറന്ന് പ്രവർത്തനം തുടങ്ങിയതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷത്തിൽ 34.48 ശതമാനം പ്രവർത്തനക്ഷമത കൈവരിക്കുകയും 2.8 കോടി രൂപയുടെ വിറ്റുവരവ് നേടുകയും ചെയ്തിരുന്നു. ഈ സാമ്പത്തിക വർഷത്തിൽ ഡിസംബർ മാസം വരെ 56.99 ശതമാനം പ്രവർത്തനക്ഷമതയും 9.74 കോടി രൂപയുടെ വിറ്റുവരവും കൈവരിച്ചിട്ടുണ്ട്.

(ബി) കമ്പനിയുടെ വൈദ്യുതി കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കുടിശ്ശിക അടച്ചുതീർക്കാൻ മാനേജ്മെന്റ് എന്തുനടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

കോട്ടയം ടെക്സ്റ്റയിൽസിലെ വൈദ്യുതി ചാർജ് കുടിശ്ശിക 438.17 ലക്ഷം രൂപയാണ്. ഇതിൽ 390.50 ലക്ഷം രൂപയുടെ പഴയ കുടിശ്ശിക നിലനിൽക്കെ അതത് മാസങ്ങളിലെ വൈദ്യുതി ചാർജ് അടച്ചുതീർക്കണമെന്ന് കെ.എസ്.ഇ.ബി.-യുമായുള്ള ചർച്ചയിൽ തീരുമാനിച്ചെങ്കിലും 2022 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ വൈദ്യുതി ചാർജ് ഭാഗികമായി മാത്രമേ അടയ്ക്കാൻ സാധിച്ചിട്ടുള്ളൂ. കോട്ടയം ടെക്സ്റ്റയിൽസിന്റെ വൈദ്യുതി കുടിശ്ശിക പന്ത്രണ്ട് മാസത്തവണയായി അടച്ചുതീർക്കുന്നതിനുള്ള അനുമതിക്കായി സ്ഥാപനം കെ.എസ്.ഇ.ബി.-യോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) ജീവനക്കാർക്ക് റിട്ടയർമെന്റ് ആനുകൂല്യം പൂർണ്ണമായി കൊടുത്തുതീർക്കാൻ കമ്പനിക്ക് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

കോട്ടയം ടെക്സ്റ്റയിൽസിലെ തൊഴിലാളികളുടെ റിട്ടയർമെന്റ് ആനുകൂല്യം മുഴുവനായി നൽകിയിട്ടില്ല. 2021 നവംബർ 15-ന് മിൽ തുറന്ന് പ്രവർത്തനം തുടങ്ങിയതിനുശേഷം 14 പേർക്ക് 32,03,630/- രൂപയുടെ റിട്ടയർമെന്റ് ആനുകൂല്യം മുഴുവനായും നൽകിയിട്ടുണ്ട്. പിരിഞ്ഞുപോയ 22 പേർക്ക് ആനുകൂല്യങ്ങൾ നൽകാനുണ്ട്.

(ഡി) എത്ര തൊഴിലാളികൾക്ക് റിട്ടയർമെന്റ് ആനുകൂല്യം നൽകാനുണ്ടെന്നും ആയത് എന്ന് കൊടുത്തുതീർക്കാൻ സാധിക്കുമെന്നും അറിയിക്കാമോ?

22 തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി ഇനത്തിൽ 49.07 ലക്ഷം രൂപ നൽകാനുണ്ട്. മില്ലിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് മുൻഗണനാക്രമത്തിൽ റിട്ടയർമെന്റ് ആനുകൂല്യം കൊടുത്ത് തീർക്കുന്നതിന് ശ്രമിക്കുന്നതാണ്.

(ഇ) മില്ലിന്റെ പ്രവർത്തനത്തിനുവേണ്ട അസംസ്കൃത വസ്തുക്കൾ കൃത്യമായി ലഭിക്കുന്നുണ്ടോയെന്നറിയിക്കാമോ?

കോട്ടയം ടെക്സ്റ്റയിൽസ് ഉൾപ്പെടെയുള്ള സംസ്ഥാനത്തെ പൊതു-സഹകരണ മേഖലയിലെ സ്പിന്നിംഗ് മില്ലുകൾക്കാവശ്യമായ അസംസ്കൃത വസ്തുവായ കോട്ടൺ വിളവെടുപ്പ് സീസണിൽ അധിക അളവിൽ വാങ്ങുന്ന നടപടികൾക്കായി സർക്കാർ കോട്ടൺ ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

(എഫ്) മില്ലിൽ ആവശ്യമായ ഉൽപ്പാദനം നടക്കുന്നുണ്ടോയെന്നും ഉൽപ്പന്നങ്ങളുടെ വിപണനം നല്ല രീതിയിൽ നടക്കുന്നുണ്ടോയെന്നും അറിയിക്കാമോ?

മില്ലിൽ ഉല്പാദനം നടക്കുന്നുണ്ട്. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതമൂലം നിലവിൽ ആഴ്ചയിൽ 6 ദിവസം മാത്രമാണ് മിൽ പ്രവർത്തിക്കുന്നത്. മില്ലിലെ ഉല്പന്നങ്ങൾക്ക് ഗുണമേന്മയുള്ളതിനാൽ വിൽപ്പനയിൽ മറ്റ് തടസ്സങ്ങളില്ല.

(ജി) പ്രസ്തുത മിൽ ആധുനികവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കോട്ടയം ടെക്സ്റ്റയിൽസിന്റെ നവീകരണമെന്ന പദ്ധതി അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഖാദി പട്ടിന്റെ ഉൽപാദനം കൂട്ടുന്നതിന് പദ്ധതികൾ**

242 (670) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖാദിയുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനും ഖാദി പട്ടിന്റെ ഉൽപ്പാദനം കൂട്ടുന്നതിനും എന്തെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഖാദി ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വർഷം മുഴുവനും റിബേറ്റ്, ഉത്സവ കാലങ്ങളിൽ പ്രത്യേക റിബേറ്റ് (സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിക്കുന്ന ഖാദി വസ്ത്രങ്ങൾക്ക് മാത്രം), ആധുനിക സൗകര്യങ്ങളോടുകൂടിയ വില്പനശാലകൾ ആരംഭിക്കൽ, നിലവിലുള്ള ഷോറൂമുകളുടെ നവീകരണം, ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾവഴിയുള്ള പരസ്യപ്രചാരണം കൂടാതെ ഉത്സവകാല സമ്മാന പദ്ധതികൾ എന്നിവ നടപ്പാക്കുന്നതോടൊപ്പം പ്രത്യേകം വില്പന മേളകളും നടത്തിവരുന്നുണ്ട്. ഖാദി മേഖല സംരക്ഷിക്കുന്നതിനും വിപണനം മെച്ചപ്പെടുത്തുന്നതിനും സർക്കാർ ജീവനക്കാരും അദ്ധ്യാപകരും പൊതുമേഖല/സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരും ആഴ്ചയിൽ ഒരു ദിവസം ഖാദി വസ്ത്രം ധരിക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരളയുമായി സഹകരിച്ച് ഖാദി തുണികളിൽ ഡിസൈനിംഗ് നടത്തിവരുന്നു. ഖാദി കസ്റ്റമേഴ്സ് മീറ്റിംഗ് നടത്തുന്നതിനും ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഹെൽത്ത് ഡിപ്പാർട്ടുമെന്റുമായി

സഹകരിച്ച് ഡോക്ടേഴ്സ്-നേഴ്സസ് കോട്ട് വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വില്പന വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങളുമായി സഹകരിച്ച് "ഖാദി കോർണർ" എന്ന പേരിൽ വില്പനശാലകളാരംഭിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഖാദിയുടെ പ്രചരണവും വിപണനവും വ്യാപകമാക്കുന്നതിന്റെ ഭാഗമായി നിയോജകമണ്ഡലങ്ങൾ കേന്ദ്രീകരിച്ച് മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഖാദി തുണിത്തരങ്ങൾ ഉപയോഗിക്കുന്നതിന് സാമുദായിക സംഘടനകളുമായും അംഗീകൃത ട്രേഡ് യൂണിയൻ നേതാക്കളുമായും ആശയവിനിമയം നടത്തിവരുന്നു. മാർച്ച് മാസത്തിൽ സംസ്ഥാനതലത്തിൽ ഖാദി ഗ്രാമവ്യവസായ യൂണിറ്റുകളെ സംഘടിപ്പിച്ച് ഖാദി ഗ്രാമവ്യവസായ കമ്മീഷന്റെ സഹായത്തോടെ പ്രദർശനമേള നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം ഫ്ലിപ്പ്കാർട്ടുമായി സഹകരിച്ച് ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനവും നടപ്പാക്കിവരുന്നു. വിപണന രംഗത്ത് മാർക്കറ്റിംഗിൽ എം.ബി.എ. യോഗ്യതയുള്ള ജീവനക്കാരുടെ സേവനം ലഭ്യമാക്കിവരുന്നു.

ഖാദി മേഖലയുടെ സമഗ്ര വികസനത്തിനുതകുന്ന ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ചെന്നൈ ഐ.ഐ.റ്റി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഖാദി പട്ടിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഫണ്ട് അനുവദിക്കുന്നുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് തിരുവനന്തപുരം, പാലക്കാട്, പയ്യന്നൂർ ഖാദി കേന്ദ്രങ്ങളിൽ സിൽക്ക് ഉല്പാദന കേന്ദ്രം നടത്തിവരുന്നു. പ്രസ്തുത തുക പട്ടുനൂൽ വാങ്ങുന്നതിനും സിൽക്ക് സാരി ഉല്പാദനത്തിനും സാരികളിൽ പ്രിന്റിംഗ് വർക്കുകൾ ചെയ്യുന്നതിനും സിൽക്ക് നെയ്ത്ത് കേന്ദ്രങ്ങൾക്ക് ആവശ്യമായ വാർപ്പും വെഫ്റ്റും വാങ്ങുന്നതിനുമായി പൂർണ്ണമായും വിനിയോഗിക്കുന്നു. ആധുനിക രീതിയിലുള്ള പട്ടുസാരികളും കല്യാണ സാരികളും ഉല്പാദിപ്പിച്ചുവരുന്നു.

(ബി) ഖാദി വ്യവസായത്തിന്റെ സമഗ്ര വികസനത്തിനായി ഈ സാമ്പത്തിക വർഷത്തിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; പ്രസ്തുത തുക വിനിയോഗിച്ച് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഖാദി ഗ്രാമ വ്യവസായത്തിന്റെ സമഗ്ര വികസനത്തിനായി കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന് 2022-23 സാമ്പത്തിക വർഷം 1,610 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച്

നടപ്പാക്കിയിട്ടുള്ള പദ്ധതികളെ സംബന്ധിച്ചുള്ള വിവരം അനുബന്ധമായി+ ചേർക്കുന്നു.

## പള്ളിച്ചൽ പഞ്ചായത്തിലെ 17.20 ആർ സ്ഥലം ഖാദി ബോർഡിന്റെ ഉടമസ്ഥതയിലാക്കാൻ നടപടി

243 (671) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പള്ളിച്ചൽ പഞ്ചായത്തിലെ റീസർവ്വേ നം. 151/2-ൽപ്പെട്ട 17.20 ആർ സ്ഥലം ഖാദി ബോർഡിന്റെ ഉടമസ്ഥതയിലാക്കുന്നതിനായി ബോർഡ് സിവിൽ കോടതിയെ സമീപിച്ചിട്ടുണ്ടോ; ആയത് സംബന്ധിച്ച് വിശദാംശങ്ങളും വിവരങ്ങളും ലഭ്യമാക്കാമോ?

ഇല്ല. പള്ളിച്ചൽ പഞ്ചായത്തിലെ റീസർവ്വേ നം.151/2-ൽപ്പെട്ട 17.20 ആർ സ്ഥലം ഖാദി ബോർഡിന്റെ ഉടമസ്ഥതയിലാക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിന് അഡ്വക്കേറ്റിന്റെ ഉപദേശം തേടിയപ്പോൾ ടി വസ്തുവിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് വസ്തുവിന്റെ ആധാരവും കരം ഒടുക്കിയ രസീതിയും ആവശ്യമാണെന്നറിയിച്ചതിനാൽ കരം ഒടുക്കുന്നതിന് അപേക്ഷ സമർപ്പിച്ചു. എന്നാൽ പ്രസ്തുത വസ്തുവിന്റെ ഉടമസ്ഥത

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംബന്ധിച്ച് തർക്കമുള്ളതിനാൽ കരം അടയ്ക്കുന്ന വിഷയം തഹസിൽദാർ മുഖേന കളക്ടർ മുമ്പാകെ പരിഗണനയിലാണ്. പ്രസ്തുത രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് അന്യായം ഫയൽ ചെയ്യുന്ന വിഷയം പരിശോധിക്കുന്നതാണ്.

## പരമ്പരാഗത ഖാദി തൊഴിലാളികളുടെ ഉന്നമനത്തിനായി സ്വീകരിച്ച നടപടികൾ

244 (672) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത ഖാദി തൊഴിലാളികളുടെ ഉന്നമനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിന് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക്ഷെഡ് പദ്ധതി, പദ്ധതി വിഹിതം ലഭ്യമാക്കി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും പഴയവയ്ക്ക് പകരം പുതിയ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും ചർക്കകളിൽ നവീകരണം എന്നിവയ്ക്കും നടപടി സ്വീകരിച്ചുവരുന്നു. യൂണിറ്റുകളുടെ നവീകരണം സംബന്ധിച്ച് പഠിക്കുന്നതിന്

ബോർഡുതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പരമ്പരാഗത ചർക്കകളുടെയും തറികളുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പഠനം നടത്തുന്നതിന് ചെന്നൈ ഐ.ഐ.റ്റി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പല ഖാദി തൊഴിൽ കേന്ദ്രങ്ങളും കാലപ്പഴക്കം കാരണം പുതുക്കിപ്പണിയേണ്ട അവസ്ഥയിലാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം തൊഴിൽ കേന്ദ്രങ്ങൾ പുതുക്കി പണിയുന്നതിനുള്ള കർമ്മ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്, ഖാദിബോർഡിന്റെ ഉടമസ്ഥതയിലുള്ള കാലപ്പഴക്കംചെന്ന കെട്ടിടങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പുനരുദ്ധാരണത്തിനുമായി ജില്ലാ പഞ്ചായത്തിൽനിന്നും എം.എൽ.എ. ഫണ്ടിൽനിന്നും സർക്കാരിൽനിന്നും നൽകുന്ന പ്ലാൻഫണ്ട് തുക ഉപയോഗിച്ച് നവീകരണം നടന്നുവരുന്നു.

(സി) ബാലുശ്ശേരി മണ്ഡലത്തിൽ എത്ര ഖാദി കേന്ദ്രങ്ങളാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്; ഇവയെല്ലാം സുരക്ഷിതമായ കെട്ടിടത്തിലാണോ പ്രവർത്തിച്ചുവരുന്നത്; ഇവ നവീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ?

ബാലുശ്ശേരി മണ്ഡലത്തിൽ നിലവിൽ 18 ഖാദി കേന്ദ്രങ്ങളാണ് പ്രവർത്തിച്ചുവരുന്നത്. ഇവ പൂർണ്ണമായും സുരക്ഷിതമല്ല. തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്ന് ലഭിച്ച ഫണ്ടുപയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## കയർ മേഖലയിൽ കൂടുതൽ പരിഷ്കാരങ്ങൾ

245 (673) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ പ്രസ്തുത മേഖലയിൽ എന്തെല്ലാം പുതിയ പരിഷ്കാരങ്ങൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

കയർ തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡുമുഖേന ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ തൊഴിലാളികൾക്ക് എന്തെല്ലാം പുതിയ ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിലവിലുള്ള പദ്ധതികളായ ഉല്പാദന വിപണന ധനസഹായം (പി.എം.ഐ.), മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ് (എം.ഡി.എ.) എന്നിവ പ്രകാരം കയർ തൊഴിലാളികൾക്ക് ലഭ്യമായ ആനുകൂല്യങ്ങൾ തുടർന്നും അനുവദിച്ചുവരുന്നു. പി.എം.ഐ. പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ 506 സംഘങ്ങൾക്കായി 11,74,33,000/- രൂപയും (പതിനൊന്ന് കോടി എഴുപത്തിനാല് ലക്ഷത്തി മുപ്പത്തിമൂന്നായിരം രൂപ മാത്രം) 2022-23 സാമ്പത്തിക വർഷത്തിൽ 363 സംഘങ്ങൾക്കായി ഏഴുകോടി രൂപയും അനുവദിച്ചു.

എം.ഡി.എ. പദ്ധതി പ്രകാരം കയർ തൊഴിലാളി സംഘങ്ങൾക്കും പൊതുമേഖല സ്ഥാപനങ്ങൾക്കും സംസ്ഥാന വിഹിതമായി 2021-22 സാമ്പത്തിക വർഷം ഏഴുകോടി രൂപയും 2022-23 സാമ്പത്തിക വർഷം ഒമ്പതുകോടി രൂപയും അനുവദിച്ചിട്ടുണ്ട്.

കയർ തൊഴിലാളി ക്ഷേമനിധി ബോർഡുവഴി കയർ തൊഴിലാളികൾക്ക് മാച്ചിംഗ് ഗ്രാന്റ് നൽകിവരുന്നു. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം നടപ്പുസാമ്പത്തിക വർഷം 12.5 കോടി രൂപയും കയർ തൊഴിലാളികൾക്ക് അനുവദിച്ചിട്ടുണ്ട്.

**കയർ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

246 (674) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

കയർ മേഖലയിൽ യന്ത്രവത്കരണത്തിന്റെ ഭാഗമായി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, ഇ-റാട്ടുകൾ, ഡീഫൈബറിംഗ് യൂണിറ്റുകൾ, ഓട്ടോമാറ്റിക് ലൂമുകൾ എന്നിവ സ്ഥാപിക്കുകവഴി കയർ സഹകരണ സംഘങ്ങളുടെ പശ്ചാത്തല സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും നവീകരിച്ചുവരുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി മണ്ണ്-ജല-സംരക്ഷണ പ്രവർത്തനങ്ങൾക്ക് കയർ ഭൂവസ്ത്രങ്ങളുടെ വിനിയോഗം വ്യാപിപ്പിച്ചുവരുന്നു. കയർ ബെയർ ഷീറ്റുകൾ ഉപയോഗിച്ച് മെത്ത നിർമ്മിക്കുന്നതിനുള്ള കയർ മാട്രസ് സ്റ്റിച്ചിംഗ് & ഫിനിഷിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന് ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

പരമ്പരാഗത ഉല്പന്നങ്ങളുടെ വിപണനം ലക്ഷ്യമിട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ വഴി ' കയറിനൊപ്പം പ്രകൃതിക്കൊപ്പം' എന്ന പേരിൽ കേരളമാകെ കയറുല്പന്നങ്ങൾ വിപണനം ചെയ്യുന്ന പദ്ധതി കേരള സംസ്ഥാന കയർ കോർപ്പറേഷൻ നടപ്പാക്കിവരുന്നു. കൂടാതെ പൊതുമരാമത്ത് വകുപ്പ്, കേരള ബാങ്ക്, കെ.എസ്.എഫ്.ഡി.സി, മത്സ്യഫെഡ്, കെ.എം.എം.എൽ. എന്നീ സർക്കാർ സ്ഥാപനങ്ങൾക്കും ഈ പദ്ധതിയിലൂടെ ഉല്പന്നങ്ങൾ വിറ്റഴിച്ചിട്ടുണ്ട്. ഉയർന്ന നിലവാരമുള്ള മെത്തകൾ ഉല്പാദിപ്പിക്കുന്നതിനായി കയർ മാട്രസ് ഫിനിഷിംഗ് യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിൽ പുതിയ വുഡ് ഫയേർഡ് തെർമിക് ഫ്ലൂയിഡ് ഹീറ്റർ സ്ഥാപിക്കുക വഴി ഇന്ധനചെലവ് ലാഭിക്കാൻ സാധിച്ചു.

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കാമോ?

കേരള സംസ്ഥാന കയർ കോർപ്പറേഷൻ "കയറിനൊപ്പം പ്രകൃതിക്കൊപ്പം" എന്ന പദ്ധതിയിലൂടെ നാളിതുവരെ മൂന്ന് കോടി രൂപയുടെ പരമ്പരാഗത ഉല്പന്നങ്ങൾ വിറ്റഴിക്കുകയും തുടർപ്രവർത്തനങ്ങൾ നടത്തിവരികയുമാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ 53.59 ലക്ഷം ച. മീ. കയർ ഭൂവസ്ത്ര വിനിയോഗത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കി മുന്നോട്ടുവന്നിട്ടുണ്ട്. കേരളത്തിന് പുറത്ത് മറ്റ് സംസ്ഥാനങ്ങളിലേക്ക് കയർ ഭൂവസ്ത്രത്തിന്റെ വിപണി കണ്ടെത്തുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി വടക്ക്, വടക്കുകിഴക്ക് മറ്റ് ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലെ സർക്കാർ ഏജൻസികളുമായി കേരള സംസ്ഥാന കയർ കോർപ്പറേഷൻ ചർച്ചകൾ നടത്തിവരുന്നു.

ഫോംമാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡിൽ പുതിയ വുഡ് ഫയേർഡ് തെർമിക് ഫ്ലൂയിഡ് ഹീറ്റർ സ്ഥാപിക്കുക വഴി ഇന്ധനചെലവ് ലാഭിക്കാൻ സാധിച്ചു.

**കയർ ഉല്പന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

247 (675) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കയർപിരി മേഖലയിൽ ഉത്പാദിപ്പിക്കുന്ന കയർ ഉല്പന്നങ്ങൾ വിപണനം ചെയ്യാൻ കഴിയാത്തതുമൂലം തൊഴിലാളി സംഘങ്ങളും തൊഴിലാളികളും അനുഭവിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പരമ്പരാഗത തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ട് കാലാനുസൃതമായ യന്ത്രവൽക്കരണത്തിലൂടെയും ഉല്പന്ന വൈവിധ്യവൽക്കരണത്തിലൂടെയും വിപണി വിപുലീകരണത്തിലൂടെയും കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി അതിജീവിക്കാൻ പ്രവർത്തനങ്ങൾ തുടർന്നുവരികയാണ്. ഉല്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണത്തിലൂടെയും കയർ ഭൂവസ്ത്ര പദ്ധതിയുടെ വ്യാപനത്തിലൂടെയും കയറിനും കയറുല്പന്നങ്ങൾക്കും വിപണി കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. കേരള സംസ്ഥാന കയർ കോർപ്പറേഷൻ ലിമിറ്റഡ് പരമ്പരാഗത ഉല്പന്നങ്ങളുടെ വിപണനം ലക്ഷ്യമിട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ

എന്നിവ വഴി ‘  കയറിനൊപ്പം പ്രകൃതിക്കൊപ്പം’ എന്ന പേരിൽ കേരളമാകെ കയറുല്പന്നങ്ങൾ വിപണനം ചെയ്യുന്ന പദ്ധതി നടപ്പാക്കിവരുന്നു.

(ബി) സർക്കാർ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ എന്നിവയുടെ ഫർണിഷിംഗ് ആവശ്യത്തിന് നിർബന്ധമായും കയർ ഉല്പന്നങ്ങൾ ഉപയോഗിക്കണമെന്ന ഉത്തരവ് പുറപ്പെടുവിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

കയർ പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റെ നേതൃത്വത്തിൽ കയർ ഉല്പന്നങ്ങൾ (കയർ പായകൾ) ഉപയോഗിച്ച് വിവിധ ഓഫീസുകളുടെ ഓഡിറ്റോറിയങ്ങളും മറ്റും മോടിപിടിപ്പിക്കുകയും സൗണ്ട് പ്രൂഫ് ചെയ്യുന്നതിനായുള്ള പ്രവൃത്തികളും നിലവിൽ ഏറ്റെടുത്ത് നിർവ്വഹിക്കുന്നുണ്ട്. വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ടെണ്ടർ നടപടികളിൽ പങ്കെടുക്കാതെ കയർ കോമ്പോസിറ്റ് ബോർഡുകൾകൊണ്ട് നിർമ്മിക്കുന്ന ഫർണിച്ചറുകൾ, കയർ ഉൽപ്പന്നങ്ങൾ എന്നിവ വിപണനം നടത്തുന്നതിന്, സ്റ്റോർ പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ ഇളവ് ലഭിക്കണമെന്ന കയർ പൊതുമേഖലാ

സ്ഥാപനങ്ങളായ ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കയർഫെഡ് എന്നിവരുടെ അപേക്ഷകൾ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) കയർ ഉല്പന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

കേരള സംസ്ഥാന കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ ' കയറിനൊപ്പം പ്രകൃതിക്കൊപ്പം' എന്ന പദ്ധതിയിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ വഴി കയറുല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. പൊതുമരാമത്ത് വകുപ്പിനും കേരള ബാങ്ക്, കെ.എസ്.എഫ്.ഡി.സി, മത്സ്യഫെഡ്, കെ.എം.എം.എൽ എന്നീ സർക്കാർ സ്ഥാപനങ്ങൾക്കും ഈ പദ്ധതിയിലൂടെ ഉല്പന്നങ്ങൾ വിറ്റഴിച്ചിട്ടുണ്ട്.

കയർ മേഖലയിൽ നിന്നുള്ള പ്രധാന കയർ ഉൽപ്പന്നമായ കയർ ഭൂവസ്ത്രത്തിന്റെ ആഭ്യന്തര വിപണനവുമായി ബന്ധപ്പെട്ട് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണ നടപടികൾ കാര്യക്ഷമമായി നിർവ്വഹിച്ചുവരുന്നു. കൂടുതൽ പഞ്ചായത്തുകളിലേയ്ക്ക് ഭൂവസ്ത്ര വിതരണം വ്യാപിപിക്കുന്നതിനും പ്രകൃതിയോട് ഏറ്റവും ഇണങ്ങുന്ന രീതിയിലുള്ള ഭൂവസ്ത്രത്തിന്റെ ഉപയോഗ സാധ്യതകൾ ത്രിതല

പഞ്ചായത്തുകളിൽ എത്തിക്കുന്നതിനുമായി എല്ലാ ജില്ലകളിലെയും പഞ്ചായത്തുകളിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പിന് കീഴിൽ വരുന്ന റോഡ് നിർമ്മാണപ്രവർത്തനങ്ങളിൽ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനും അത്തരത്തിൽ ഉപയോഗിക്കുന്ന ഭൂവസ്ത്രത്തിന് നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗുണനിലവാര സർട്ടിഫിക്കറ്റ് ഉറപ്പാക്കുന്നതിനും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

ഇതിനോടപ്പംതന്നെ കേരളത്തിലെ വിവിധ സർവ്വകലാശാലകൾ, സോയിൽ കൺസർവേഷൻ വകുപ്പ്, കെ.എസ്.ഇ.ബി., മറ്റ് പൊതുമേഖലാസ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് മണ്ണ്-ജല-സംരക്ഷണ പ്രവൃത്തികൾ ഭൂവസ്ത്രം ഉപയോഗിച്ച് നടപ്പാക്കിവരുന്നു.

കേരളത്തിന് പുറത്ത് വടക്കു-കിഴക്കൻ സംസ്ഥാനങ്ങളുൾപ്പെടെ മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് കയർ ഭൂവസ്ത്രത്തിന് വിപണി കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ കയർ പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു.

## കയർ ഉല്പന്ന വിപണനം വിപുലപ്പെടുത്താൻ നടപടി

248 (676) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ പൊതുമേഖല സ്ഥാപനങ്ങൾ ലാഭവും നഷ്ടവും ഇല്ലാത്ത അവസ്ഥയിൽ (ബ്രേക്ക് ഈവൻ പോയിന്റ്) ആകുന്നതിന് ഓരോ സ്ഥാപനവും നിശ്ചിത തുകയ്ക്ക് വ്യാപാരം നടത്തണം എന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ മാനദണ്ഡമെന്താണ്; ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കയർ വികസന വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങളിൽ കേരള സംസ്ഥാന കയർ കോർപ്പറേഷൻ ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റ് കണക്കാക്കി ആയതിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ഇത്തരത്തിലുള്ള പ്രവർത്തന ഫലമായി 2021-22 സാമ്പത്തിക വർഷം 226 കോടി രൂപ വിറ്റുവരവും 0.55 കോടി രൂപ ലാഭവും കോർപ്പറേഷന് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

കയർഫെഡ് ഷോറൂമുകൾ, യൂണിറ്റുകൾ എന്നിവിടങ്ങളിലേയ്ക്ക് വാർഷിക ബഡ്ജറ്റ്, ടാർജറ്റ് എന്നിവ നിശ്ചയിച്ച് നൽകാറുണ്ട്. ചെലവുകളെ

അടിസ്ഥാനമാക്കിയാണ് ബഡ്ജറ്റ്, ടാർജറ്റ് എന്നിവ തയ്യാറാക്കുന്നത്. കയർ മേഖല നേരിടുന്ന പ്രതിസന്ധി കാരണം വിറ്റുവരവ് കുറവായതിനാൽ നിലവിൽ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) നഷ്ടത്തിലായ കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

സർക്കാർ ആവിഷ്കരിച്ച് കേരള സംസ്ഥാന കയർ കോർപ്പറേഷൻ മുഖേന നടപ്പാക്കിവരുന്ന ക്രയവില സ്ഥിരതാ പദ്ധതിയിലൂടെ, വിവിധ ചെറുകിട സഹകരണ സംഘങ്ങളിൽനിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 280 കോടി രൂപയുടെ ഉല്പന്നങ്ങൾ സംഭരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ കയർ വ്യവസായത്തിന്റെ നിയന്ത്രിത യന്ത്രവൽക്കരണവും പശ്ചാത്തല വികസനത്തിനുമായി 17,66,96,377/- രൂപയും ഉൽപ്പാദനവും വിപണന പ്രചോദനത്തിനായി 11,74,33,000/- രൂപയും കയർ വ്യവസായത്തിന്റെ പുനഃസംഘടന രണ്ടാംഘട്ടത്തിനായി 32,36,36,451/- രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷത്തിൽ (28-01-2023 വരെ) കയർ വ്യവസായത്തിന്റെ നിയന്ത്രിത യന്ത്രവൽക്കരണവും പശ്ചാത്തല

വികസനത്തിനുമായി 1,02,65,200/- രൂപയും കയർ വ്യവസായത്തിന്റെ പുനഃസംഘടന രണ്ടാംഘട്ടത്തിനായി 6,62,37,244/- രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം കയർ ഉല്പാദനമേഖലയിലെ സംഘങ്ങൾക്ക് കയർ കോർപ്പറേഷനും കയർപിരി മേഖലയിലെ സംഘങ്ങൾക്ക് കയർഫെഡ് വഴിയും സഹായം നൽകിവരുന്നു.

(സി) സർക്കാർ ഓഫീസുകൾ മോടി പിടിപ്പിക്കുമ്പോൾ കയർ ഉല്പന്നങ്ങൾക്ക് മുൻഗണന നൽകാനും അതുവഴി ഈ മേഖലയ്ക്ക് പുത്തനുണർവ് നൽകാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കയർ പൊതുമേഖല സ്ഥാപനമായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റെ നേതൃത്വത്തിൽ കയർ ഉല്പന്നങ്ങൾ (കയർ പായകൾ) ഉപയോഗിച്ച് വിവിധ ഓഫീസുകളുടെ ഓഡിറ്റോറിയങ്ങളും മറ്റും മോടിപിടിപ്പിക്കുകയും സൗണ്ട് പ്രൂഫ് ചെയ്യുന്നതിനായുള്ള പ്രവൃത്തികളും നിലവിൽ ഏറ്റെടുത്ത് നിർവ്വഹിക്കുന്നുണ്ട്. വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ടെണ്ടർ നടപടികളിൽ പങ്കെടുക്കാതെ കയർ കോമ്പോസിറ്റ് ബോർഡുകൾകൊണ്ട് നിർമ്മിക്കുന്ന ഫർണിച്ചറുകൾ, കയർ ഉൽപ്പന്നങ്ങൾ

എന്നിവ വിപണനം നടത്തുന്നതിന്, സ്റ്റോർ പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ ഇളവ് ലഭിക്കണമെന്ന കയർ പൊതുമേഖല സ്ഥാപനങ്ങളായ ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കയർഫെഡ് എന്നിവരുടെ അപേക്ഷകൾ സർക്കാർ പരിശോധിച്ചുവരുന്നു.

**കശുവണ്ടി ഫാക്ടറികൾ ആധുനികവത്കരിക്കുന്നതിനുള്ള നടപടി**

249 (677) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട ഇടത്തരം കശുവണ്ടി ഫാക്ടറികൾ ആധുനികവത്കരിക്കുന്നതിനും ഇത്തരം യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

കശുവണ്ടി വ്യവസായ മേഖലയിൽ സംസ്ഥാനത്ത് സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പക്സ് എന്നിവയ്ക്ക് കീഴിലുള്ള കശുവണ്ടി ഫാക്ടറികൾ ആധുനികവത്കരിക്കുന്നതിന് വർഷാവർഷം പദ്ധതി വിഹിതമായി തുക ഉൾപ്പെടുത്തുകയും അടിസ്ഥാനസൗകര്യ വികസനം, ആധുനികവത്കരണം, ഭാഗിക യന്ത്രവത്കരണം എന്നിവ നടപ്പിലാക്കുകയും ചെയ്യുന്നു. ഇതിന്റെ

ഭാഗമായി കട്ടിംഗ് മെഷീനുകളുടെ സ്ഥാപനം, ഡൈനിംഗ് ഹാൾ, ഡ്രെസ്സിംഗ് റൂം, വായനാമുറി, ആധുനിക സൗകര്യങ്ങളോടുകൂടിയ ഇൻസിനറേറ്ററുകൾ ഘടിപ്പിച്ച ടോയ്‌ലറ്റ് ബ്ലോക്കുകൾ, അന്തരീക്ഷ ഊഷ്മാവ് ക്രമീകരിക്കുന്നതിനാവശ്യമായ ടർബോ ഫാൻ, സി.സി.റ്റി.വി. സർവൈലൻസ് ക്യാമറകൾ, ചുമട് അനായാസമാക്കുന്ന ഹൈഡ്രോളിക് പുള്ളറ്റ് ട്രക്കുകൾ, ഷെഡ്ഡുകളുടെ ഊഷ്മാവ് ക്രമീകരിക്കുന്നതിനുള്ള തെർമൽ സിസ്റ്റം, തൊഴിലാളികളുടെ കുട്ടികൾക്ക് ആവശ്യമായ തൊട്ടിൽപുര എന്നിവ കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികളിൽ നടപ്പാക്കിയിട്ടുണ്ട്. കാപ്പക്സിന്റെ 4 ഫാക്ടറികളിൽ 2022-23 വർഷം പീലിംഗ് ടേബിളുകൾ, ഗ്രേഡിംഗ് ടേബിളുകൾ, പായ്ക്കിംഗ് സെന്ററിൽ പായ്ക്കിംഗ് മെഷീൻ, റോസ്റ്റിംഗ് മെഷീൻ എന്നിവ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സ്വകാര്യ മേഖലയിലെ ചെറുകിട ഇടത്തരം കശുവണ്ടി ഫാക്ടറികളെ പുനരുദ്ധരിക്കുന്നതിനായി മുൻസർക്കാർ ഒരു പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ ഫോർമുല രൂപീകരിക്കുന്നതിന് ബാങ്ക് പ്രതിനിധി, കശുവണ്ടി വ്യവസായ പ്രതിനിധി, സർക്കാർ പ്രതിനിധി എന്നിവരുൾപ്പെട്ട മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിവിധ

മാർഗ്ഗനിർദ്ദേശങ്ങൾക്കും നിയമാവലിക്കും വിധേയമായാണ് ബാങ്കുകൾ പ്രവർത്തിക്കുന്നതെങ്കിലും സർക്കാരിന്റെ നിരന്തര പരിശ്രമത്തിന്റെയും തുടർച്ചയായ ചർച്ചകളുടെയും ഫലമായി One Time Settlement (OTS) സംബന്ധിച്ച് ഒരു ധാരണയിൽ എത്താൻ സാധിക്കുകയും OTS Scheme പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. കോവിഡ് മഹാമാരി സൃഷ്ടിച്ച മാന്ദ്യത്തിൽനിന്നും സാമ്പത്തികരംഗം പൂർണ്ണമായും കരകയറിയിട്ടില്ലാത്ത സാഹചര്യത്തിൽ OTS അംഗീകരിച്ച് ബാങ്കുകളുമായി കരാറിലേർപ്പെടാനുള്ള തീയതി ദീർഘിപ്പിക്കണമെന്ന് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകളുമായി കരാറിലേർപ്പെടാനുള്ള അന്തിമ തീയതി 31-12-2022 വരെ ദീർഘിപ്പിച്ചും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

കോവിഡുമൂലം ജീവനോപാധികൾ നഷ്ടപ്പെട്ട ചെറുകിട, ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനവും ആധുനീകരണത്തിനുള്ള മൂലധനസഹായവും പലിശ സഹായത്തിനും ഇത്തരം യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുമായി 2022-23 വർഷത്തെ സംസ്ഥാന ബജറ്റിൽ 7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്ന

പ്രൊപ്പോസൽ 25-01-2023-ൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചിട്ടുണ്ട്. കൂടാതെ കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ബാങ്ക് ലോണുകൾക്ക് പലിശയിളവ് നൽകാനും തൊഴിൽ നൽകുന്നതിനനുസരിച്ച് മറ്റ് പ്രോത്സാഹന പദ്ധതികൾ നടപ്പാക്കാനുമായി 30 കോടി രൂപയും 2022-23 ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും പഠിക്കുന്നതിനും പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി മാനേജ്മെന്റ്-അക്കാദമിക രംഗത്തെ വിദഗ്ധരെ ഉൾപ്പെടുത്തി അഞ്ചംഗ വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി കശുവണ്ടി വ്യവസായ മേഖലയിലെ വിവിധ തൊഴിലാളി സംഘടനകൾ, കശുവണ്ടി ഫാക്ടറി ഉടമകൾ, ബാങ്ക് പ്രതിനിധികൾ, പൊതുമേഖലാ സ്ഥാപന പ്രതിനിധികൾ എന്നിവരുമായി വിശദമായ ചർച്ച നടത്തുകയും കശുവണ്ടി മേഖലയ്ക്ക് അടിയന്തര ആശ്വാസം നൽകാനുതകുന്നതും ഉടൻ നടപ്പാക്കാൻ സാധിക്കുന്നതുമായ ഹ്രസ്വകാല പദ്ധതികൾ ഉൾപ്പെടുത്തിയുള്ള ഒരു റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. സ്വകാര്യ കശുവണ്ടി മേഖലയുടെ പുനരുദ്ധാരണത്തിനായി 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപ

വിനിയോഗിച്ച് നിലവിൽ പ്രവർത്തനക്ഷമമായ സ്വകാര്യ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്കായി ചുവടെ പറയുന്ന 3 ഹ്രസ്വകാല പദ്ധതികൾ വിദഗ്ധ സമിതി ശിപാർശ ചെയ്തിട്ടുണ്ട്.

1. പ്രവർത്തനബന്ധിത ഉത്തേജക പരിപാടി (Continued Operation linked stimulous Programme)

2. സ്ത്രീ സൗഹൃദ ഭൗതിക സാഹചര്യം സൃഷ്ടിക്കൽ/നവീകരണം (Women friendly physical infracreation/Upgradation).

3. ഷെല്ലിംഗ് യൂണിറ്റുകളുടെ ആധുനീകരണവും നവീകരണവും (Modernization/Upgradation of Shelling Units)

കോവിഡാനന്തരം സ്വകാര്യ കശുവണ്ടി വ്യവസായ മേഖല പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിന് ഈ പദ്ധതികൾ സഹായമാകുന്നതാണ്.

(ബി) പ്രസ്തുത യൂണിറ്റുകൾക്ക് വേണ്ടി എത്ര തുകയാണ് 2022-23 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ളതെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് ആധുനികവൽക്കരണത്തിന് 5.50 കോടി രൂപയും

ബ്രാൻഡ് ബിൽഡിംഗിന് 50 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നാളിതുവരെ 3 കോടി രൂപ ആധുനികവൽക്കരണത്തിനും 50 ലക്ഷം രൂപ ബ്രാൻഡ് ബിൽഡിംഗിനും റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്.

കാപ്പക്സിന് 2022-23 സാമ്പത്തിക വർഷത്തിൽ ആധുനികവത്കരണത്തിനും ഭാഗിക യന്ത്രവത്കരണത്തിനുമായി 350 ലക്ഷം രൂപയും ബ്രാൻഡ് ബിൽഡിംഗിന് 50 ലക്ഷം രൂപയും പദ്ധതി തുക വകയിരുത്തിയിരുന്നു. ഇതിൽനിന്നും 200 ലക്ഷം രൂപ ആധുനികവത്കരണത്തിനും 50 ലക്ഷം രൂപ ബ്രാൻഡ് ബിൽഡിംഗിനും നൽകിയിട്ടുണ്ട്.

കൂടാതെ കോവിഡുമൂലം ജീവനോപാധികൾ നഷ്ടപ്പെട്ട ചെറുകിട, ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തനമൂലധനവും ആധുനീകരണത്തിനുള്ള മൂലധനസഹായവും പലിശസഹായത്തിനും ഇത്തരം യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുമായി 7 കോടി രൂപയും കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ബാങ്ക് ലോണുകൾക്ക് പലിശയിളവ് നൽകാനും തൊഴിൽ നൽകുന്നതിനനുസരിച്ച് മറ്റ് പ്രോത്സാഹന പദ്ധതികൾ നടപ്പാക്കാനുമായി 30 കോടി രൂപയും 2022-23

വർഷത്തെ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിച്ചിട്ടില്ല.

**പെരുമ്പാവൂർ മണ്ഡലത്തിലെ വൈദ്യുതിയില്ലാത്ത വീടുകൾ**

250 (678) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ വൈദ്യുതി ലഭിച്ചിട്ടില്ലാത്ത വീടുകളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ലിസ്റ്റ് നൽകാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ വൈദ്യുതിയില്ലാത്ത വീടുകൾക്ക് വൈദ്യുതി നൽകുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(എ&ബി) പെരുമ്പാവൂർ ഡിവിഷനിലെ വേങ്ങൂർ സെക്ഷൻ പരിധിയിലെ വനമേഖലയായ തൊടാക്കയം-കയറ്റുവാ പ്രദേശത്ത് ഏഴോളം വീടുകൾ വൈദ്യുതീകരിക്കാനുണ്ടെന്ന് പ്രദേശത്തെ പഞ്ചായത്ത് ജനപ്രതിനിധി അറിയിച്ചിട്ടുണ്ട്. ലിസ്റ്റ് ലഭിച്ചിട്ടില്ല. വനപ്രദേശത്തുകൂടി ലൈൻ വലിക്കുന്നതിനുള്ള അനുമതി ലഭിക്കാൻ പല ഘട്ടത്തിലും തടസ്സം

നേരിടുന്നത് കാരണം പലപ്പോഴും കണക്ഷൻ നൽകാൻ ബുദ്ധിമുട്ട് ഉണ്ടാകാറുണ്ട്. അതിനാൽ ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് വനപ്രദേശത്തുകൂടി പരമാവധി കുറച്ചു ലൈൻ വലിച്ച് കണക്ഷൻ നല്കാൻ സാധിക്കുന്ന ഇലക്ട്രിക്കൽ സെക്ഷൻ പരിശോധിച്ച് ആവശ്യമായ നടപടി കൈക്കൊള്ളാവുന്നതാണ്.

(സി) പ്രസ്തുത മണ്ഡലത്തിൽ തെരുവുവിളക്കിനുള്ള വൈദ്യുത ലൈൻ പൂർത്തിയാക്കാത്ത പി.ഡബ്ല്യു.ഡി. റോഡ് ഭാഗം ഏതെങ്കിലും നിലവിലുണ്ടോ; വിശദമാക്കാമോ?

ഇല്ല.

(ഡി) ഹിൽ ഹൈവേയുടെ ഭാഗമായി പെരുമ്പാവൂർ മണ്ഡലത്തിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

എസ്റ്റിമേറ്റ് നടപടികൾ പൂർത്തീകരിച്ചുവരുന്നു.

**വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം**

251 (679) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ കിഴക്കൻ മലയോര മേഖലയിലെ വൈദ്യുതി വിതരണത്തിലെ തടസ്സവും വോൾട്ടേജ് ക്ഷാമവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ മാവുങ്കാൽ ഇലക്ട്രിക്കൽ സെക്ഷന് കീഴിലെ മേലടുക്കം എന്ന പ്രദേശത്ത് വോൾട്ടേജ് ക്ഷാമമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി മേലടുക്കം-ഉദയംകുന്ന് റോഡിലെ 600 മീറ്റർ സിംഗിൾ ഫേസ് ലൈൻ, ത്രീ ഫേസ് ആക്കുന്നതിനുള്ള 1,06,850 രൂപയുടെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തി ദ്യുതി 2 സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കാഞ്ഞങ്ങാട് മണ്ഡലത്തിൽ കാഞ്ഞങ്ങാട് ട്രാൻസ്മിഷൻ സബ്ഡിവിഷന്റെ പരിധിയിൽ കിഴക്കൻ മലയോര മേഖലകളിൽ വൈദ്യുതി പ്രസരണ ശൃംഖല വികസിപ്പിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രവൃത്തികൾ രൂപീകരിച്ചിട്ടുണ്ട്.

ബേളൂർ 33 കെ.വി. സബ്സ്റ്റേഷനിൽ പുതിയ 11 കെ.വി. 9 പാനൽ സെറ്റ് 12-09-2022-ന് സ്ഥാപിച്ചു. ഇതുവഴി നിലവിലുള്ള മൂന്ന് 11 കെ.വി. ഫീഡറിനെ കൂടാതെ അധികമായി രണ്ട് 11 കെ.വി. ഫീഡറുകൾകൂടി

കൊടുക്കാനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. 33/11 കെ.വി.-യുടെ രണ്ട് 5 എം.വി.എ. ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിച്ച് 33/11 കെ.വി. 8 എം.വി.എ. ആക്കി ഉയർത്തൽ ആർ.ഡി.എസ്.എസ്. പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

രാജപുരം 33 കെ.വി. സബ്സ്റ്റേഷനിൽ 33/11 കെ.വി.- യുടെ വോൾട്ടേജ് ക്രമീകരണ സംവിധാനമില്ലാത്ത രണ്ട് 5 എം.വി.എ. ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിച്ച് 33/11 കെ.വി. വോൾട്ടേജ് ക്രമീകരണ സംവിധാനമുള്ള 8 എം.വി.എ. ആക്കി ഉയർത്തൽ ആർ.ഡി.എസ്.എസ്. പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) അമ്പലത്തറ 220 കെ.വി. സബ്സ്റ്റേഷനിൽനിന്നും ബേളൂർ 33 കെ.വി. സബ്സ്റ്റേഷനിലേക്ക്, ഭൂഗർഭ ലൈനും കേബിളും ഉൾപ്പെടെ ഭരണാനുമതി ലഭിച്ചിട്ടുള്ള പുതിയ ഫീഡറിന്റെ നിർമ്മാണത്തിന് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അമ്പലത്തറ 220 കെ.വി. സബ്സ്റ്റേഷനിൽനിന്നും ബേളൂർ 33 കെ.വി. സബ്സ്റ്റേഷനിലേക്ക് ഭൂഗർഭ

കേബിളുപയോഗിച്ച് 33 കെ.വി. ലൈൻ നിർമ്മാണപ്രവൃത്തി ആർ.ഡി.എസ്.എസ്. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## മാനന്തവാടി മണ്ഡലത്തിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിച്ച നടപടി

252 (680) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ റോഡ് നവീകരണവുമായി ബന്ധപ്പെട്ട് മാനന്തവാടി നിയോജകമണ്ഡലത്തിലെ വിവിധ റോഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്നതിനായി 2016 ജൂലൈ മുതൽ 2022 ഡിസംബർ 31 വരെ കെ.എസ്.ഇ.ബി. പൊതുമരാമത്ത് വകുപ്പിൽ നിന്നും ഈടാക്കിയത് എത്ര രൂപയാണെന്ന് റോഡിന്റെ പേര് തിരിച്ച് ലഭ്യമാക്കാമോ;

(ബി) മാനന്തവാടി മണ്ഡലത്തിൽ ഇപ്രകാരം മാറ്റിസ്ഥാപിച്ച ഇലക്ട്രിക് പോസ്റ്റുകളുടെ എണ്ണം റോഡ് തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) കെ.എസ്.ഇ.ബി. പൊതുമരാമത്ത് വകുപ്പിൽനിന്നും റോഡ് നവീകരണവുമായി ബന്ധപ്പെട്ട് മാനന്തവാടി നിയോജകമണ്ഡലത്തിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്നതിനായി 3,71,59,171/- രൂപ

ഈടാക്കിയിട്ടുണ്ട്. 459 പോസ്റ്റുകളാണ് ഇപ്രകാരം മാറ്റിസ്ഥാപിച്ചിട്ടുള്ളത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| SL No | Name of Section | Name of Roads | Amount | No of Poles |
|---|---|---|---|---|
| 1 | Mananthavady | Mananthavady-Kaithakkal | 51,05,027 | 130 |
| 2 | Mananthavady | Kuzhinilam – Irumpupalam (Work not started) | 84,89,054 | |
| 3 | Mananthavady | Thonichal - Palamukku | 87,090 | 19 |
| 4 | Mananthavady | Mananthavady-Karinthirikkadavu | 3,22,339 | 34 |
| 5 | Mananthavady | Karinthirikkadavu - Kurisinkal | 64,895 | 16 |
| 6 | Mananthavady | Thonichal - Paingattiry | 26,969 | 9 |
| 7 | Thavinhal | Mananthavady – 42th mile (Work not started) | 88,63,974 | |
| 8 | Korome | Niravilpuzha - Kanjiranagad | 32,18,039 | 79 |
| 9 | Kattikulam | Kattikulam - Panavally | 1,99,937 | 14 |
| 10 | Kattikulam | Appappara – Vakery Road | 4,23,798 | 26 |
| 11 | Kattikulam | Alathoor – Thirunelly Police Station Road | 3,72,105 | 22 |
| 12 | Kattikulam | Payyampally - Koodalkkadavau | 25,77,057 | 110 |

| | | | | |
|---|---|---|---|---|
| 13 | Vellamunda | ITC - Kattichirackal (Work not started) | 14,13,487 | |
| 14 | Panamaram | Kattichirackal - Pachilakkad (Work not Started) | 59,95,400 | |
| | **Total** | | **3,71,59,171** | **459** |

**കോതമംഗലം ആദിവാസി കോളനികളിലെ വൈദ്യുതീകരണം**

253 (681) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുഞ്ചിപ്പാറ, തലവച്ചപാറ ആദിവാസി കോളനികളിലെ വൈദ്യുതീകരണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കോതമംഗലം മണ്ഡലത്തിലെ കുഞ്ചിപ്പാറ, തലവച്ചപാറ ആദിവാസി കോളനികൾ വൈദ്യുതീകരിക്കുന്നതിന് അണ്ടർ ഗ്രൗണ്ട് കേബിളിടുന്ന പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

(ബി) എത്ര തുകയുടെ പദ്ധതിയാണ് പ്രസ്തുത കോളനികളിലെ വൈദ്യുതീകരണത്തിനായി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഏത് തരത്തിലാണ് പ്രസ്തുത കോളനികളിൽ വൈദ്യുതീകരണം നടപ്പാക്കുന്നത് എന്ന് വിശദമാക്കാമോ?

കോളനി വൈദ്യുതീകരണത്തിനായി 4,07,02,000/- (നാല് കോടി എഴ് ലക്ഷത്തി രണ്ടായിരം രൂപ മാത്രം) രൂപയാണ് അനുവദിച്ചിട്ടുള്ളത്. 150 മീറ്റർ 11 കെ.വി. ഓവർഹെഡ് ലൈൻ, 13 കി.മീ. ഭൂഗർഭ കേബിൾ വലിച്ച് 100 കെ.വി.എ.- യുടെ ട്രാൻസ്ഫോർമർ സ്ഥാപിച്ച് 4.65 കി.മീ LT ABC വഴി കണക്ഷനുകൾ നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്.

(സി) പ്രസ്തുത ആദിവാസി കോളനികളുടെ സമീപ കോളനികളായ തേര, വാരിയം, ഉറിയൻപെട്ടി, മാണിക്കുടി, മീൻകുളം, മാപ്പിളപ്പാറ തുടങ്ങിയ കോളനികളിൽക്കൂടി വൈദ്യുതി എത്തിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) വനാന്തർഭാഗത്ത് സ്ഥിതി ചെയ്യുന്ന പ്രസ്തുത കോളനികളിലെ വന്യജീവി ആക്രമണം അടക്കമുള്ളവ പരിഗണിച്ച് പ്രസ്തുത കോളനികളിൽക്കൂടി വൈദ്യുതി എത്തിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി&ഡി) തേര, വാരിയം, ഉറിയൻപെട്ടി, മീൻകുളം, മാണിക്കുടി, മാപ്പിളപ്പാറ തുടങ്ങിയ കോളനികൾ ദുർഘട പ്രദേശങ്ങളാകയാൽ നിലവിലെ സാഹചര്യത്തിൽ പ്രസ്തുത കോളനികളിൽ സോളാർ പാനലുകൾ ഉപയോഗിച്ച് വൈദ്യുതി ലഭ്യമാക്കുന്നതാണ് അഭികാമ്യം. എന്നാൽ കേന്ദ്രസർക്കാർ പദ്ധതിയായ RDSS-ൽ കോതമംഗലം കുട്ടമ്പുഴ മേഖലയിൽ ഒരു 2 MVA സബ്സ്റ്റേഷൻ സ്ഥാപിക്കുന്ന പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തി നടപ്പാക്കുന്ന മുറയ്ക്ക് തേര, വാരിയം, ഉറിയൻപെട്ടി എന്നീ കോളനികളിലെ ഗ്രിഡ് വൈദ്യുതീകരണ പ്രവൃത്തിക്ക് പ്രസ്തുത സബ്സ്റ്റേഷൻ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.

## വർക്കല മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി

254 (682) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ ഏതെങ്കിലും പ്രദേശത്ത് വോൾട്ടേജ് ക്ഷാമം നേരിടുന്നതായി ഉപഭോക്താക്കളുടെയോ വ്യാപാരികളുടെയോ പരാതികൾ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഇടവ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലെ നെല്ലേറ്റിൽ കടവ് പ്രദേശത്തും വർക്കല ഇലക്ട്രിക്കൽ സെക്ഷനിൽ ഉൾപ്പെടുന്ന ഇളപ്പിൽ ട്രാൻസ്ഫോർമറിന്റെ പരിസര പ്രദേശങ്ങളിലും മടവൂർ ഇലക്ട്രിക്കൽ സെക്ഷനിലെ മടവൂർ ഗ്രാമപഞ്ചായത്ത് വാർഡ് 7 (ചാലിൽ പ്രദേശം), വാർഡ് 13 (സദ്ദാം മുക്ക്) എന്നീ പ്രദേശങ്ങളിലും വോൾട്ടേജ് ക്ഷാമം നേരിടുന്നതായി പരാതികൾ ലഭിച്ചിരുന്നു.

(ബി) എങ്കിൽ ആയവ പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഇടവ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലെ പരാതി ദ്യുതി 1.0 പദ്ധതിയിലുൾപ്പെടുത്തി ഒരു പുതിയ 100 KVA ട്രാൻസ്ഫോർമർ സ്ഥാപിച്ച് ചാർജ്ജ് ചെയ്ത് പരിഹരിച്ചിട്ടുണ്ട്. വർക്കല ഇലക്ട്രിക്കൽ സെക്ഷനിൽ ഉൾപ്പെടുന്ന പരാതി ദ്യുതി 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി പരിഹരിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. മടവൂർ ഗ്രാമപഞ്ചായത്ത് വാർഡ് 7-ലെ പരാതി ദ്യുതി 2.1 പദ്ധതിയിൽ ഉൾപ്പെടുത്തി 50% പ്രവൃത്തികൾ പൂർത്തീകരിക്കുകയും വാർഡ് 13-ലെ പരാതി ദ്യുതി 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി 90% പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

## കേന്ദ്ര വൈദ്യുതി ഭേദഗതി ചട്ടം

255 (683) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ വൈദ്യുതി നിയമ ഭേദഗതി ചട്ടം 2022 പ്രകാരം സംസ്ഥാനങ്ങളുടെ അഭിപ്രായങ്ങൾ പരിഗണിക്കാതെ മാസംതോറും വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിനെതിരെ സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നിയമപരമായി പരിശോധിച്ച് ഉചിത തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത കേന്ദ്ര വിജ്ഞാപനം വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അധികാരത്തെ അസ്ഥിരപ്പെടുത്തുന്നതാണോ; വിശദമാക്കാമോ?

കമ്മീഷന്റെ അധികാരത്തെ അസ്ഥിരപ്പെടുത്തുന്നതല്ലെങ്കിലും പരിമിതപ്പെടുത്തുന്നതാണ്. വൈദ്യുതി (ഭേദഗതി) റൂൾസ് 2022 പ്രസിദ്ധീകരിച്ച് 90 ദിവസത്തിനുള്ളിൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ വില ക്രമീകരണ ഫോർമുല {Fuel and Power purchase Adjustment Surcharge Formula (FPPAS)} വ്യക്തമാക്കേണ്ടതാണ്. സംസ്ഥാന

വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിർദേശിക്കുന്ന ഫോർമുല പ്രകാരമാണ് Fuel and Power purchase Adjustment Surcharge Formula (FPPAS) കണക്കാക്കേണ്ടതെന്ന് റൂൾസ് അനുശാസിക്കുന്നു. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പ്രസ്തുത Fuel and Power purchase Adjustment Surcharge നിർണ്ണയിക്കുന്നത് വരെ വൈദ്യുതി (ഭേദഗതി) നിയമത്തിന്റെ അനുബന്ധമായി കൂട്ടിച്ചേർത്ത ഷെഡ്യൂൾ-II-ൽ വ്യക്തമാക്കിയിട്ടുള്ള methodology-യും ഫോർമുലയും ബാധകമാക്കേണ്ടതാണ്. അതുപോലെതന്നെ സാമ്പത്തിക വർഷം കഴിയുമ്പോൾ ജൂൺ 30-നു മുമ്പായി പ്രസ്തുത Fuel and Power purchase Adjustment Surcharge Formula (FPPAS) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ട്രൂ-അപ്പിലൂടെ കണക്കുകൾ പരിശോധിച്ച് തീർപ്പാക്കേണ്ടതാണ്. അതായത്, വാർഷികമായി പ്രസ്തുത കണക്കുകൾ പരിശോധിച്ച് നിജപ്പെടുത്തുന്നതിനുള്ള അധികാരവും കമ്മീഷനിൽ നിക്ഷിപ്തമാണ്. ട്രൂ-അപ്പ് പ്രക്രിയ സമയത്ത് ഏതെങ്കിലും കാരണത്താൽ വിതരണ കമ്പനികൾ Fuel and Power purchase Adjustment Surcharge Formula (FPPAS) അധികമായി ഈടാക്കിയെന്ന് ശ്രദ്ധയിൽപ്പെട്ടാൽ കമ്മീഷൻ വിതരണ കമ്പനികൾക്ക് carrying cost-ന് അനുവദിക്കുന്ന പലിശയുടെ 1.2 മടങ്ങ് പലിശയോടെ

പ്രസ്തുത തുക വിതരണ കമ്പനികളിൽനിന്നും ഈടാക്കി ഉപഭോക്താക്കൾക്ക് തിരിച്ച് നൽകേണ്ടതാണ്. Fuel and Power purchase Adjustment Surcharge Formula-യും methodology-യും കമ്മീഷൻ നിർദ്ദേശിക്കുന്ന പ്രകാരമായതിനാലും വാർഷികമായി പ്രസ്തുത കണക്കുകൾ പരിശോധിച്ച് നിജപ്പെടുത്തുന്നതിനുള്ള അധികാരവും കമ്മീഷനിൽ നിക്ഷിപ്തമായതിനാലും റെഗുലേറ്ററി കമ്മീഷന്റെ അധികാരം അസ്ഥിരപ്പെടുത്തുന്നതാണെന്ന് കരുതാൻ കഴിയില്ല.

## കെ.എസ്.ഇ.ബി. കുടിശ്ശിക തുക

256 (684) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-ക്ക് കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുള്ള തുകയെത്രയെന്ന് വിശദമാക്കാമോ?

31-12-2022 വരെയുള്ള കണക്ക് പ്രകാരം വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ കെ.എസ്.ഇ.ബി.എൽ.-ന് 3,030.53 കോടി രൂപയാണ് പിരിച്ചെടുക്കാനുള്ളത്.

(ബി) വൈദ്യുതി പ്രസരണ നഷ്ടം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

വൈദ്യുതിയുടെ പ്രസരണ നഷ്ടം കൃത്യമായ ഇടവേളകളിൽ കണക്കാക്കുകയും അത് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വൈദ്യുതി പ്രസരണ ശൃംഖലയുടെ ശാക്തീകരണത്തിനും പ്രസരണ നഷ്ടം കുറയ്ക്കാനുമായി പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലെ പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടതയിലേയ്ക്ക് ഉയർത്തൽ, നിലവിലെ ലൈനുകളുടെ പ്രസരണശേഷി ഉയർത്തൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം തുടങ്ങിയ പദ്ധതികൾ വാർഷിക ആസൂത്രണത്തിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നുണ്ട്.

കൂടാതെ വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി 400/200 കെ.വി. പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണശേഷി ഉയർത്തുന്നതിനുമായി ട്രാൻസ്ഗ്രിഡ് 2.0 എന്ന സമഗ്രമായ പദ്ധതി തയ്യാറാക്കി നടപ്പാക്കിവരുന്നു. വൈദ്യുതി ശൃംഖലയുടെ മൊത്തത്തിലുള്ള സ്ഥിരതയ്ക്ക് ഈ പദ്ധതി പ്രയോജനപ്പെടുത്തുന്നു. മലബാർ മേഖലയിൽ നിലവിലുള്ള വോൾട്ടേജ് ക്ഷാമത്തിനും ഊർജ്ജ ലഭ്യതയ്ക്കും ഒരു ശാശ്വത പരിഹാരം എന്ന നിലയിൽക്കൂടിയാണ് ഈ പദ്ധതി വിഭാവനം

ചെയ്തിട്ടുള്ളത്. 400 കെ.വി.-യുടെ മൂന്ന് സബ്സ്റ്റേഷനുകളും 220 കെ.വി.യുടെ 22 സബ്സ്റ്റേഷനുകളും 110 കെ.വി.യുടെ ഒരു സബ്സ്റ്റേഷനും 4390 സർക്യൂട്ട് കി.മീ.ഹൈ വോൾട്ടേജ് ലൈനുകളും ഉൾപ്പെടെ ഏകദേശം 6,125 കോടി രൂപയുടെ ജോലികളാണ് ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ട്രാൻസ്ഗ്രിഡ് പദ്ധതി പൂർണ്ണമായും പ്രവർത്തന ക്ഷമമാകുമ്പോൾ പ്രസരണ നഷ്ടത്തിൽ 107.8 MW-ന്റെ കുറവുണ്ടാകുമെന്നും അതുവഴി പ്രതിവർഷം ശരാശരി 522 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കാനാവുമെന്നും കണക്കാക്കിയിട്ടുണ്ട്.

**പെരിന്തൽമണ്ണ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം**

257 (685) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ പുലാമന്തോൾ, പെരിന്തൽമണ്ണ, താഴെക്കോട് കെ.എസ്.ഇ.ബി. സെക്ഷനുകൾക്ക് കീഴിൽ വോൾട്ടേജ് ക്ഷാമം നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് ഇതിനോടകം വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

പ്രസ്തുത വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി പുലാമന്തോൾ, പെരിന്തൽമണ്ണ, താഴെക്കോട് എന്നീ സെക്ഷൻ പരിധികളിൽ RDSS, ദ്യുതി-2 സ്കീമുകളിൽ ഉൾപ്പെടുത്തി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനും വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

**കണ്ണൂർ വൈദ്യുതി ചാർജിംഗ് സ്റ്റേഷൻ**

258 (686) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; എല്ലാ നിയമസഭാമണ്ഡലങ്ങളിലും ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ആഗോളതാപനം കുറയ്ക്കുന്നതിനായി പെട്രോൾ/ഡീസൽ വാഹനങ്ങൾ ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവരികയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഇലക്ട്രിക്

വാഹനങ്ങൾ രാജ്യത്ത് പ്രചരിപ്പിക്കുന്നത്. ഇതിന്റെ ഭാഗമായി കേരള സർക്കാർ ഇ-വെഹിക്കിൾ പോളിസി പുറത്തിറക്കിയിട്ടുണ്ട്. വൈദ്യുതിവാഹനങ്ങളുടെ ഉപയോഗത്തിനും വിപണിയുടെ ഉണർവിനും ചാർജിംഗ് ശൃംഖല വിപുലപ്പെടുത്തേണ്ടതാണ്. കേരള സർക്കാരിന്റെ ഇ-വെഹിക്കിൾ പോളിസി പ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജിംഗ് ശൃംഖല സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-നെയാണ് നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്.

കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ എല്ലാ ജില്ലകളിലുമായി ഫോർവീലറുകൾ, ത്രീ വീലറുകൾ, ടൂ വീലറുകൾ എന്നിവയ്ക്കുള്ള 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളുടെയും എല്ലാ നിയോജകമണ്ഡലങ്ങളിലും കുറഞ്ഞത് അഞ്ച് എന്ന നിലയിലും കോർപ്പറേഷൻ നിയോജകമണ്ഡലങ്ങളിൽ കുറഞ്ഞത് 15 എന്ന നിലയിലുമായി ഇരുചക്ര-മുച്ചക്ര വാഹനങ്ങൾക്ക് വേണ്ടി 1166 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളുടെയും നിർമ്മാണം കെ.എസ്.ഇ.ബി.എൽ. പൂർത്തീകരിച്ചിട്ടുണ്ട്. ഇവയിൽ ഭൂരിഭാഗവും പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തിട്ടുണ്ട്. കൂടുതൽ സൗകര്യപ്രദമായ ചാർജിംഗിനായി ഒരു മൊബൈൽ ആപ്പ് (KEMapp) കെ.എസ്.ഇ.ബി.എൽ.

വികസിപ്പിച്ചെടുത്തിട്ടുണ്ട്. കൂടാതെ സ്വകാര്യ വ്യക്തികൾക്ക് ഡെപ്പോസിറ്റ് വർക്കടിസ്ഥാനത്തിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ നിലയിൽ ചാർജിംഗ് ശൃംഖല വിപുലീകരിക്കുന്നതിനുള്ള നാനാവിധ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ കെ.എസ്.ഇ.ബി.എൽ. നടത്തിവരുന്നു.

എല്ലാ നിയോജകമണ്ഡലങ്ങളിലും ചുരുങ്ങിയത് 5 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും കോർപ്പറേഷൻ പരിധിയിൽവരുന്ന മണ്ഡലങ്ങളിൽ 15 ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് താഴെ പറയുന്ന സ്ഥലങ്ങളിൽ അനെർട്ടിന്റെ നേതൃത്വത്തിൽ DC ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

| **Sl. No** | **District** | **Details of Location** | **Land Owner Dept./Institution** |
|---|---|---|---|
| 1 | Ernakulam | KTDC Tourist Reception Center, Marine Drive, Ernakulam | KTDC |
| 2 | Thiruvananthapuram | Shanghumukham DTPC parking, Thiruvananthapuram | DTPC Thiruvananthapuram |
| 3. | Thiruvananthapuram | ANERT HQ, VikasBhavan P. O, Law College Rd, PMG, | ANERT |

| | | | |
|---|---|---|---|
| | | Thiruvananthapuram | |
| 4 | Thiruvananthapuram | Govt. Guest House Thycaud, Thiruvananthapuram | Tourism Dept. |
| 5 | Alappuzha | Autokast Ltd., Cherthala, Alappuzha | Autokast Ltd. |
| 6 | Kollam | Take a Break, Chavara DTPC, Kollam | DTPC, Kollam |
| 7 | Idukki | DTPC Centre, Idukki. | DTPC Idukki |
| 8 | Palakkad | Kanjirapuzha Dam Gardens, Irrigation Department, Palakkad | Irrigation Dept. |
| 9 | Kasaragod | DTPC Wayside Amenity Centre Nileshwaram, Kasaragod | DTPC Kasaragod |
| 10 | Thrissur | KILA Campus, Mulagunnathukavu, Thrissur | Kerala Institute of Local Administratio n |
| 11 | Alappuzha | KTDC Aahar Restuarant, Krishnapuram Kayamkulam | KTDC Alappuzha |
| 12 | Kannur | DTPC Land, Pinarayi, Padannakkara Riverside park | DTPC Kannur |
| 13 | Kozhikode | KTDC Aahar Restaurant, Vatakara | KTDC Kozhikode |
| 14 | Malappuram | Moosakutty Smaraka Municipal | Perinthalmann |

| | | | |
|---|---|---|---|
| | | Bus Stand, Perinthalmanna Municipality | a Municipality |
| 15 | Thrissur (Solar Powered Charging Station) | Land under Kunnumkulam municipality | Kunnumkulam municipality |

സംസ്ഥാന സർക്കാർ സബ്സിഡിയോടുകൂടി സ്വകാര്യ മേഖലയിൽ സ്ഥാപിച്ച സൗരോർജ്ജ ചാർജിംഗ് സ്റ്റേഷനുകൾ:

| **Sl.No.** | **District** | **Address** | **Capacity of Solar Power Plant (kWp)** |
|---|---|---|---|
| 1 | Pathanamthitta | Phills Hub<br><br>Near SH8, Mylapra park, Kerala | 50 |
| 2 | Alappuzha | Hotel Kalpakavady,<br><br>Karuvatta, Near NH | 19.5 |
| 3. | Kozhikode | Royal Arcade Auditorium, Vennakkad,<br>Kunnamangalam, Kozhikode | 50 |
| 4. | Kozhikode | Solar Sparks (Four Star Associates) Beypore Rd, Koyilandy, Kozhikode | 30 |

കൂടാതെ താഴെ പറയുന്ന സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയായിവരുന്നു.

| Sl. No. | District | Details of Location | Land Owner Dept./Institution |
|---|---|---|---|
| 1. | Palakkad | Kulapully Bus stand Shornur | Shornur municipality |
| 2. | Palakkad | Chittur-Thathamangalam Muncipality Compound | Chittur municipality |
| 3. | Wayanad | Muthanga check post Wayanad | Forest and Wildlife Department, Wayanad |
| 4 | Palakkad | Metal Industries Shoranur | Metal industries Ltd. |
| 5 | Ernakulam | CUSAT- Kochi Metro Station | Kochi Metro |
| 6 | Ernakulam | Muttom | Kochi Metro Station |
| 7 | Ernakulam | HMT Colony, Kalamassery | Kerala Startup Mission |

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ കന്നൂരിൽ സ്ഥാപിച്ച വൈദ്യുതി ചാർജിംഗ് സ്റ്റേഷനിൽ പ്രധാന വാഹന കമ്പനികൾ പുറത്തിറക്കുന്ന വാഹനങ്ങൾക്ക് ചാർജ് ചെയ്യാൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതൊക്കെ വാഹനങ്ങളാണ് ഇപ്പോൾ പ്രസ്തുത സ്റ്റേഷനിൽ ചാർജ് ചെയ്യാൻ കഴിയുന്നതെന്ന് അറിയിക്കുമോ?

ഉണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ഫെയിം-II പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള സ്ലോ കോൺഫിഗറേഷനിലുള്ള ചാർജിംഗ് സ്റ്റേഷനുകളാണ് പ്രസ്തുത സ്ഥലത്ത് നിർമ്മിച്ചിരിക്കുന്നത്. ഈ സ്റ്റേഷനുകളുടെ സ്പെസിഫിക്കേഷൻ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ MOP guidelines അനുസരിച്ചാണ്. Equipment cost-ന്റെ 70% പണം കേന്ദ്രവിഹിതമായി ലഭിക്കുന്നതാണ്. അതിൽ Bharat DC001 പ്രോട്ടോകോളിലുള്ള 5 ചാർജറുകളാണുള്ളത്. അതിൽ മഹീന്ദ്ര ഇ-വെറിറ്റോ, റ്റാറ്റാ ടിഗോർ എക്സ്പ്രസ്സ് -T, മഹീന്ദ്ര (E 2O), ഇ-റ്റു-കാ, മഹീന്ദ്ര ഇ-റ്റു ഒ പ്ലസ് (E 2 O plus) എന്നീ കാറുകൾ, ലോഗ് 9 എന്ന ഇലക്ട്രിക് കാർഗോ ഓട്ടോ തുടങ്ങിയവ ചാർജ് ചെയ്യാൻ കഴിയും. അതോടൊപ്പം 6 ഇലക്ട്രിക് ടൂ വീലർ, ത്രീ വീലർ എന്നിവ ചാർജ് ചെയ്യാൻ കഴിയുന്ന AC 001 ചാർജറും കാറുകൾ സ്ലോചാർജിംഗിന് ഉപയോഗിക്കുന്ന Type 2 AC -7 KW ചാർജറും സ്റ്റേഷനിൽ സജ്ജീകരിച്ചിട്ടുണ്ട്. ഇപ്പോൾ മാർക്കറ്റിൽ ലഭ്യമാകുന്നതരം വാഹനം ചാർജ് ചെയ്യാൻ വേണ്ട CCS-2 പ്രോട്ടോക്കോളുള്ള ചാർജർ ഫെയിം-II-ൽ ഇല്ലാത്തത് ഒരു അപര്യാപ്തതയാണ്. ഈ വിവരം ഡിപ്പാർട്ട്മെന്റ് ഓഫ് ഹെവി ഇൻഡസ്ട്രീസിനെ അറിയിച്ചിട്ടുണ്ട്. ആയതിനാൽ സ്ലോ കോൺഫിഗറേഷൻ അനുവദിച്ച് തന്നിരിക്കുന്ന

സ്റ്റേഷനുകളിൽ 50 KW CCS-2 ചാർജർകൂടി സ്ഥാപിക്കുന്നതിനുള്ള അനുമതിക്ക് അപേക്ഷിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് അത്തരം ചാർജർ കൂടി ചാർജിംഗ് സ്റ്റേഷനിൽ ഉൾപ്പെടുത്തുന്നതായിരിക്കും.

(സി) കൂടുതൽ പേർ ഉപയോഗിക്കുന്ന വാഹനങ്ങൾ ചാർജ് ചെയ്യാൻ കഴിയാത്ത ചാർജിംഗ് മെഷീനുകൾ മാറ്റിസ്ഥാപിക്കുന്നതിനും ഇതുസംബന്ധിച്ച പരാതി പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര ഗവൺമെന്റിന്റെ ഫെയിം-II പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള സ്ലോ കോൺഫിഗറേഷനിലുള്ള ചാർജിംഗ് സ്റ്റേഷനുകളാണ് പ്രസ്തുത സ്ഥലത്ത് നിർമ്മിച്ചിരിക്കുന്നത്. ഈ സ്റ്റേഷനുകളുടെ സ്പെസിഫിക്കേഷൻ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ MOP guidelines അനുസരിച്ചാണ്. Equipment cost-ന്റെ 70% പണം കേന്ദ്രവിഹിതമായി ലഭിക്കുന്നതാണ്. അതിൽ Bharat DC001 പ്രോട്ടോകോളിലുള്ള 5 ചാർജറുകളാണുള്ളത്. അതിൽ മഹീന്ദ്ര ഇ-വെറിറ്റോ, റ്റാറ്റാ ടിഗോർ എക്സ്പ്രസ്സ് -T, മഹീന്ദ്ര (E 2O), ഇ-റ്റു-കാ, മഹീന്ദ്ര ഇ-റ്റു ഒ പ്ലസ് (E 2 O plus) എന്നീ കാറുകൾ, ലോഗ് 9 എന്ന ഇലക്ട്രിക് കാർഗോ ഓട്ടോ തുടങ്ങിയവ ചാർജ് ചെയ്യാൻ കഴിയും. അതോടൊപ്പം 6 ഇലക്ട്രിക് ടൂ വീലർ, ത്രീ വീലർ എന്നിവ ചാർജ് ചെയ്യാൻ

കഴിയുന്ന AC 001 ചാർജറും കാറുകൾ സ്ലോചാർജിംഗിന് ഉപയോഗിക്കുന്ന Type 2 AC -7 KW ചാർജറും സ്റ്റേഷനിൽ സജ്ജീകരിച്ചിട്ടുണ്ട്. ഇപ്പോൾ മാർക്കറ്റിൽ ലഭ്യമാകുന്നതരം വാഹനം ചാർജ് ചെയ്യാൻ വേണ്ട CCS-2 പ്രോട്ടോക്കോളുള്ള ചാർജർ ഫെയിം-II-ൽ ഇല്ലാത്തത് ഒരു അപര്യാപ്തതയാണ്. ഈ വിവരം ഡിപ്പാർട്ട്മെന്റ് ഓഫ് ഹെവി ഇൻഡസ്ട്രീസിനെ അറിയിച്ചിട്ടുണ്ട്. ആയതിനാൽ സ്ലോ കോൺഫിഗറേഷൻ അനുവദിച്ച് തന്നിരിക്കുന്ന സ്റ്റേഷനുകളിൽ 50 KW CCS-2 ചാർജർകൂടി സ്ഥാപിക്കുന്നതിനുള്ള അനുമതിക്ക് അപേക്ഷിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്നമുറയ്ക്ക് അത്തരം ചാർജർ കൂടി ചാർജിംഗ് സ്റ്റേഷനിൽ ഉൾപ്പെടുത്തുന്നതായിരിക്കും.

## വൈദ്യുതി ബോർഡിന്റെ പുനഃസംഘടന

259 (687) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര വൈദ്യുതി നിയമത്തിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന വൈദ്യുതി ബോർഡിനെ പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

കേന്ദ്ര വൈദ്യുതിനിയമത്തിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന വൈദ്യുതി ബോർഡിനെ “ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്” എന്ന കമ്പനിയായി 2013-ൽത്തന്നെ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള “ കേരള ഇലക്ട്രിസിറ്റി സെക്കന്റ് ട്രാൻസ്ഫർ സ്കീം, 2013” -ൽ വ്യക്തമാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി വൈദ്യുതി നിയമം 2003 സെക്ഷൻ 131 (1) അനുസരിച്ച് കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ ആസ്തിബാധ്യതകൾ 25-09-2008 തീയതി പ്രകാരം സർക്കാരിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടുകയും വൈദ്യുതി നിയമത്തിലെതന്നെ സെക്ഷൻ 131(2) അനുസരിച്ച് 01-11-2013 തീയതി വച്ച് സർക്കാർ ഉടമസ്ഥതയിൽ പുതുതായി രൂപീകരിക്കപ്പെട്ട കമ്പനിയിലേയ്ക്ക് പ്രസ്തുത ആസ്തി ബാധ്യതകൾ തിരികെ കൈമാറ്റം ചെയ്യപ്പെടുകയുമുണ്ടായി.

## കെ.എസ്.ഇ.ബി. സ്മാർട്ട് മീറ്റർ

260 (688) ശ്രീ. പി. സി. വിഷ്ണുനാഥ്:താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വായ്പാ പരിധി ഉയർത്തിക്കിട്ടുന്നതിനായി കെ.എസ്.ഇ.ബി.-യെ പൂർണ്ണമായും സ്വകാര്യവത്കരിക്കുന്നതിന്റെ ഭാഗമാണോ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന നടപടി എന്ന് വ്യക്തമാക്കുമോ?

സ്മാർട്ട് മീറ്റർ സ്ഥാപനം സ്വകാര്യവത്കരണത്തിന്റെ ഭാഗമല്ല. പദ്ധതിയിലൂടെ മീറ്റർ റീഡിംഗ്, ബില്ലിംഗ്, ഡിസ്കണക്ഷൻ, റീകണക്ഷൻ എന്നീ പ്രവർത്തനങ്ങളുടെ ഓട്ടോമേഷൻ മാത്രമാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ഉപഭോക്താക്കളുടെ ഡാറ്റ, വൈദ്യുതി ചാർജ്, മറ്റ് വിവരങ്ങൾ എന്നിവ സംബന്ധിച്ച് നിലവിൽ കെ.എസ്.ഇ.ബി.എൽ.-ൽ ഉള്ള സുരക്ഷാ സംവിധാനങ്ങൾ അതേപടി പാലിക്കപ്പെടുന്നതാണ്. റവന്യൂ വരവ് പൂർണ്ണമായും സ്മാർട്ട് മീറ്റർ പേമെന്റ് ആപ്പ്/ഓൺലൈൻ വഴി കെ.എസ്.ഇ.ബി.എൽ. അക്കൗണ്ടിലാണ് എത്തിച്ചേരുന്നത്. ഇതിൽ സ്വകാര്യവത്കരണം വിഭാവനം ചെയ്തിട്ടില്ല.

(ബി) കെ.എസ്.ഇ.ബി.-യെയും ഉപഭോക്താക്കളെയും ഈ തീരുമാനം ഏതൊക്കെ രീതിയിൽ ദോഷകരമായി ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉപഭോക്താക്കൾക്കും കെ.എസ്.ഇ.ബി.എൽ.-നും ദോഷകരമായി ബാധിക്കാത്തരീതിയിൽ പദ്ധതി നടപ്പിലാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## കെ.എസ്.ഇ.ബി. സ്മാർട്ട് മീറ്റർ

261 (689) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. സ്മാർട്ട് മീറ്റർ സ്ഥാപിക്കുമ്പോൾ പ്രീപെയ്ഡ്, പോസ്റ്റ് പെയ്ഡ് എന്നീ രണ്ടുതരം മീറ്ററുകൾ സ്ഥാപിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇപ്രകാരമുള്ള മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം അറിയിക്കുമോ?

കേന്ദ്ര ഊർജ്ജവകുപ്പ് നവീകൃത വിതരണമേഖല പദ്ധതിയുമായി (ആർ.ഡി.എസ്.എസ്) ബന്ധപ്പെട്ട് 20-07-2021-ൽ പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടം പ്രകാരം എല്ലാ ഉപഭോക്താക്കൾക്കും നിലവിലുള്ള ഇലക്ട്രിസിറ്റി മീറ്റർ മാറ്റി പ്രീ പേയ്മെന്റ് സംവിധാനത്തോടുകൂടിയ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം

രാജ്യത്ത് ഇപ്പോൾ നിലനിൽക്കുന്ന മീറ്റർ ചട്ടങ്ങൾക്കും നിയമങ്ങൾക്കും അനുസൃതമാണ്.

സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി 19-08-2021-ൽ പുറപ്പെടുവിച്ചിട്ടുള്ള മീറ്ററുകളുടെ ഇൻസ്റ്റലേഷനും പ്രവർത്തനവും (ഭേദഗതി) ചട്ടങ്ങൾ 2021 പ്രസിദ്ധീകരിച്ച ഗസറ്റ് നമ്പർ CG-DL-E-19082021-229126 പ്രകാരം രാജ്യത്തെ കൃഷി ആവശ്യത്തിനൊഴികെയുള്ള എല്ലാ വൈദ്യുതി കണക്ഷനുകൾക്കും 2025 മാർച്ചോടെ പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ഏർപ്പെടുത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ RDSS പദ്ധതിയുടെ ഭാഗമായി പ്രീ പേമെന്റ് സംവിധാനത്തോടുകൂടിയുള്ള സ്മാർട്ട് മീറ്ററുകളാണ് വിഭാവനം ചെയ്തിരിക്കുന്നത്. സ്മാർട്ട് മീറ്ററുകൾ ആവശ്യാനുസരണം പ്രീ പെയ്ഡ്, പോസ്റ്റ് പെയ്ഡ് മോഡിലേയ്ക്ക് പ്രോഗ്രാം ചെയ്ത് മാറ്റാൻ കഴിയുന്നതാണ്.

(ബി) സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഉണ്ടാകുന്ന വൈദ്യുതി ചാർജ് വർദ്ധനവ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് ഉണ്ടാകാനിടയുള്ള അധിക സാമ്പത്തിക ബാദ്ധ്യത ലഘൂകരിക്കുന്നതിനും

കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ വിശദമായി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കെ.എസ്.ഇ.ബി. സ്മാർട്ട് മീറ്റർ**

262 (690) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. സ്മാർട്ട് മീറ്റർ സ്ഥാപിക്കുമ്പോൾ വൈദ്യുതി നിരക്ക് നിർണ്ണയിക്കുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനത്തെ എല്ലാ വിഭാഗം വൈദ്യുതി ഉപഭോക്താക്കളുടെയും താരിഫ് നിർണ്ണയിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡ് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചിട്ടില്ല.

ആർ.ഡി.എസ്.എസ്. പദ്ധതിയിൽ പ്രീ പേമെന്റ് സംവിധാനത്തോടുകൂടിയ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള

നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. താരിഫിലെ മാറ്റങ്ങൾ സംബന്ധിച്ചുള്ള നയപരമായ തീരുമാനങ്ങൾ ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടെയാകും തീരുമാനിക്കുക.

(ബി) കെ.എസ്.ഇ.ബി. സ്മാർട്ട് മീറ്റർ സ്ഥാപിക്കുമ്പോൾ വൈകുന്നേരം 6 മുതൽ 10 വരെയുള്ള സമയങ്ങളിലെ വൈദ്യുതി ഉപഭോഗത്തിന് ചാർജ് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; സാധാരണക്കാരായ ജനങ്ങളെ ദോഷകരമായി ബാധിക്കുന്ന ഈ തീരുമാനം പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള പെറ്റീഷനുകളൊന്നുംതന്നെ കെ.എസ്.ഇ.ബി. ലിമിറ്റഡ് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടില്ല.

നിലവിൽ വൈകുന്നേരം 6 മുതൽ 10 വരെയുള്ള സമയങ്ങളിലെ വൈദ്യുതി ഉപഭോഗത്തിന് നിരക്ക് കൂട്ടുന്നതിനുള്ള തീരുമാനങ്ങളൊന്നും സ്വീകരിച്ചിട്ടില്ല.

(സി) സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ആർ.ഡി.എസ്.എസ്. പദ്ധതിയുടെ ആദ്യഘട്ട പദ്ധതി നടത്തിപ്പിനായി നാമനിർദ്ദേശ വകുപ്പ് പ്രകാരം കേന്ദ്ര പൊതുമേഖല സ്ഥാപനമായ RECPDCL-നെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ ഏജൻസി (PIA) ആയി KSEBL നിയമിച്ചിട്ടുണ്ടെങ്കിലും വിവിധ തലങ്ങളിൽ ചർച്ചകൾ നടന്നുവരുന്നതിനാൽ ഇതുവരെ കരാർ ഒപ്പിട്ടിട്ടില്ല.

## സ്മാർട്ട് മീറ്റർ സംവിധാനം

263 (691) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് മീറ്റർ സംവിധാനം ഏർപ്പെടുത്തിക്കഴിയുമ്പോൾ ഏതൊക്കെ സേവനങ്ങളാണ് കെ.എസ്.ഇ.ബി. നൽകുന്നതെന്നും ഏതൊക്കെ സേവനങ്ങളാണ് സ്വകാര്യ കമ്പനി മുഖേന നൽകുന്നതെന്നും വ്യക്തമാക്കുമോ?

പ്രീ പെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതോടെ ഉപഭോക്താക്കൾക്ക് തങ്ങളുടെ വൈദ്യുതി ഉപഭോഗരീതി, സമയം എന്നിവ ലഭ്യമാകുന്നു. ഇതുവഴി

അവരവരുടെ വൈദ്യുതി ഉപഭോഗക്രമം നേരിട്ട് നിയന്ത്രിക്കാനുള്ള സംവിധാനം ലഭ്യമാകുന്നു. വൈദ്യുതി തടസ്സങ്ങൾ തത്സമയം അറിയാൻ സാധിക്കുന്നതുകൊണ്ട് വൈദ്യുതി പുനഃസ്ഥാപന നടപടികൾ വേഗത്തിലാകും. മീറ്റർ റീഡിംഗിലെ മാനുഷിക പിശക് കാരണം ബില്ലിംഗിൽ തെറ്റുകൾ വരാനുള്ള സാധ്യത ഒഴിവാക്കാം.

സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള കരാർ സ്വകാര്യ കമ്പനികൾക്ക് നൽകാൻ തീരുമാനിച്ചിട്ടില്ല. ടെണ്ടർ മുഖേനയാണ് പദ്ധതി നടത്തിപ്പിനുള്ള കമ്പനിയെ തെരഞ്ഞെടുക്കാനുദ്ദേശിക്കുന്നത്.

(ബി) ഉപഭോക്താക്കളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി എന്തൊക്കെ വ്യവസ്ഥകളാണ് കരാറിൽ ഉൾപ്പെടുത്തുന്നതെന്ന് അറിയിക്കുമോ?

സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കുമ്പോൾ ഉപഭോക്താക്കൾക്ക് ഉണ്ടാകാനിടയുള്ള സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നതിന് കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ വിശദമായി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കെ.എസ്.ഇ.ബി. സ്മാർട്ട് മീറ്റർ**

264 (692) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. സ്മാർട്ട് മീറ്റർ സ്ഥാപിക്കുമ്പോൾ നിലവിലെ സ്ലാബ് സമ്പ്രദായം ഇല്ലാതാകുമോ; എങ്കിൽ ഏർപ്പെടുത്തുന്ന ബദൽ ക്രമീകരണം എന്താണ്; ഇത് ഉപഭോക്താക്കൾക്ക് അധിക ബാധ്യത ഉണ്ടാക്കുന്നതല്ല എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

വൈദ്യുതി നിയമം, 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനത്തെ എല്ലാ വിഭാഗം വൈദ്യുതി ഉപഭോക്താക്കളുടെയും താരിഫ് നിർണ്ണയിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. കൂടാതെ ബില്ലിംഗ് രീതിയെ സംബന്ധിച്ചും ബില്ലിംഗ് ഇടവേളകളെ സംബന്ധിച്ചും തീരുമാനമെടുക്കാനുള്ള അധികാരം റെഗുലേറ്ററി കമ്മീഷന് മാത്രമാണ്. ഇതിൻ പ്രകാരം സ്മാർട്ട് മീറ്റർ സ്ഥാപിക്കുമ്പോഴുള്ള ബില്ലിംഗ് രീതിയെ സംബന്ധിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അഭിപ്രായങ്ങളും പൊതുജനങ്ങളുടെയും ഉപഭോക്താക്കളുടെയും അഭിപ്രായങ്ങളുംകൂടി കണക്കിലെടുത്ത് അന്തിമ തീരുമാനമെടുക്കുന്നതിന് റെഗുലേറ്ററി കമ്മീഷന് മാത്രമേ അധികാരമുള്ളൂ. ഇതുസംബന്ധിച്ച്

കെ.എസ്. ഇ.ബി. ലിമിറ്റഡ് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ നിലവിൽ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ല.

(ബി) കെ.എസ്.ഇ.ബി. സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള ഡിവിഷനുകൾ ഏതൊക്കെയാണ്; ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഡിവിഷനുകൾ തെരഞ്ഞെടുത്തത് എന്ന് വ്യക്തമാക്കുമോ?

താഴെപ്പറയുന്ന 14 ഇലക്ട്രിക്കൽ ഡിവിഷനുകളിലെ എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കാനാണ് ഇപ്പോൾ തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

1. തിരുവനന്തപുരം
2. കഴക്കൂട്ടം
3. പള്ളം
4. എറണാകുളം
5. തൃപ്പൂണിത്തുറ
6. ആലുവ
7. മുവാറ്റുപുഴ

8. പെരുമ്പാവൂർ

9. പാലക്കാട്

10. തിരൂരങ്ങാടി

11. ഫെറോക്ക്

12. കോഴിക്കോട്

13. കണ്ണൂർ

14. കാസർഗോഡ്

വരുമാനം കൂടിയ ഡിവിഷനുകളെയാണ് ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**കെ.എസ്.ഇ.ബി. സ്മാർട്ട് മീറ്റർ**

265 (693) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനായി ഏത് സ്ഥാപനത്തിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; പ്രസ്തുത സ്ഥാപനത്തെ തെരഞ്ഞെടുത്തത് ഏത് മാനദണ്ഡത്തിന്റെ

അടിസ്ഥാനത്തിലാണ്; എന്തൊക്കെ സേവനങ്ങളാണ് പ്രസ്തുത സ്ഥാപനത്തിന് ഏൽപ്പിച്ചുനൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

RDSS-ന്റെ ഭാഗമായ സ്മാർട്ട് മീറ്റർ പദ്ധതിയുടെ ആദ്യഘട്ട പദ്ധതി നടത്തിപ്പിനായി നാമനിർദ്ദേശ പ്രകാരം കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ RECPDCL-നെ KSEBL പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ ഏജൻസി (PIA) ആയി നിയമിച്ചിരുന്നുവെങ്കിലും PIA-യുടെ ആവശ്യകത സംബന്ധിച്ച വിഷയം പുനഃപരിശോധനയിലാണ്. PIA നിയമനത്തിന് KSEBL സ്വീകരിച്ച നടപടിക്രമങ്ങൾ താഴെ കൊടുക്കുന്നു.

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ പ്രോജക്ട് നടപ്പാക്കുന്ന ഏജൻസിയായി നോമിനേഷൻ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള കേന്ദ്രാനുമതി അനുസരിച്ച് RECPDCL, PFCCL, PGCIL എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും ഓഫർ വാങ്ങിയിരുന്നു.

അതിൽ PGCIL എന്ന സ്ഥാപനത്തിന്റെ ഓഫർ സാങ്കേതിക സവിശേഷതകൾ (Technical Specification) പൊരുത്തപ്പെടാതിരുന്നതിനാൽ നിരസിച്ചു. പിന്നീട് PFC കേരളത്തിന്റെ നോഡൽ ഏജൻസിയായതിനാൽ PFCCL-ന്റെ ഓഫറും Conflict of interest മൂലം നിരസിക്കേണ്ടിവന്നു.

PIA-യുമായി KSEBL കരാർ ഒപ്പിടാത്തതിനാൽ സേവനങ്ങൾ നിശ്ചയിച്ച് നൽകിയിട്ടില്ല.

(ബി) പ്രസ്തുത സ്ഥാപനവുമായി എന്തെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

പ്രോജക്ട് ഇംപ്ലിമെന്റേഷൻ ഏജൻസി (PIA) ആയി RECPDCL-ന് നിയമന ഉത്തരവ് നൽകിയെങ്കിലും ഇതുവരെ KSEBL കരാർ ഒപ്പിട്ടിട്ടില്ല.

**ഇന്റർനെറ്റ് സേവനത്തിനുള്ള പോൾ വാടക**

266 (694) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേബിൾ ടി.വി. ഓപ്പറേറ്റർമാരുടെ ഫൈബർ കേബിളുകൾ മുറിച്ചുമാറ്റുന്ന കെ.എസ്.ഇ.ബി.-യുടെ നടപടി നിർത്തിവയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

കേബിൾ ഓപ്പറേറ്റർമാരുടെ ഫൈബറുകൾ നിയമ വിരുദ്ധമായി കെ.എസ്.ബി.എ.-ൽ മുറിച്ച് മാറ്റുന്നില്ല. എന്നാൽ 28-09-2022-ലെ ബോർഡിന്റെ ഉത്തരവ് പ്രകാരം പോളുകളിലൂടെ അനധികൃതമായി വലിച്ചിരിക്കുന്ന കേബിളുകൾ നീക്കം ചെയ്യുന്നതിനായി നിയമപരമായ

നടപടികളെടുത്തുവരുന്നുണ്ട്. അനധികൃതമായി വലിച്ചിരിക്കുന്ന ഇത്തരം കേബിളുകൾ പൊതുജനങ്ങളുടെ ജീവനുകൂടി ഭീഷണിയായതിനാൽ ഇത് നീക്കം ചെയ്യുന്ന പ്രവൃത്തി നിർത്തിവയ്ക്കുന്നത് ഉചിതമാകില്ല.

(ബി) ഇന്റർനെറ്റ് സേവനം സാർവത്രികമാക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളിലേതുപോലെ പോൾ വാടക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇന്റർനെറ്റ് സേവനത്തിന് അധിക പോൾ വാടക എന്ന തീരുമാനം പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) ഇന്റർനെറ്റ് സേവനം സാർവത്രികമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്ന രീതിയിലാണ് കെ.എസ്.ഇ.ബി.എൽ.-ൽ പ്രവർത്തനങ്ങൾ നടത്തുന്നത്. സർക്കാർ നയമനുസരിച്ച് അപേക്ഷ ലഭിച്ചാൽ 30 ദിവസത്തിനുള്ളിൽ അപേക്ഷ അംഗീകരിക്കുന്നതിനായുള്ള നടപടികൾ നിലവിൽത്തന്നെയുണ്ടെങ്കിലും ഇത് കൂടുതൽ സുതാര്യമാക്കുന്നതിനായി ഒരു സോഫ്റ്റ്‌വെയർ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. സോഫ്റ്റ്‌വെയറിന്റെ ആദ്യ മോഡ്യൂൾ പൈലറ്റടിസ്ഥാനത്തിൽ കേരളത്തിലെ അഞ്ച് ഡിവിഷനുകളിൽ നടപ്പാക്കിയിട്ടുണ്ട്.

പോൾ വാടക, 2011-ൽ അടിസ്ഥാന നിരക്കായ 311/- രൂപയിൽ എത്തിച്ചേർന്നത് പല കമ്മിറ്റികളുടെയും പഠന റിപ്പോർട്ട്, കേബിൾ ടി.വി. കണക്ഷൻ എടുക്കാൻ ഉപഭോക്താക്കൾ നൽകുന്ന വാടക, പോസ്റ്റുകളുടെ വില, പോസ്റ്റുകളുടെ അറ്റകുറ്റപ്പണികൾക്ക് ചെലവാകുന്ന തുക എന്നിവയെ അടിസ്ഥാനമാക്കിയാണ്. ഇതിലുപരി സർക്കാർ നിർദ്ദേശമനുസരിച്ച് ഓപ്പറേറ്ററുമായി നടത്തിയ ചർച്ചയിലൂടെയാണ് 2G/3G/4G മൊബൈൽ കമ്മ്യൂണിക്കേഷൻ സേവനങ്ങളുടെ നിരക്ക് തീരുമാനിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ വിവിധ കോണുകളിൽ നിന്നുള്ള അപേക്ഷകൾ പരിഗണിച്ച് വിവിധ ഉപയോഗങ്ങൾക്കായുള്ള പോൾ വാടക ഉൾപ്പെടെയുള്ള വിഷയങ്ങൾ പരിശോധിക്കാൻ KSEBL ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അവരുടെ റിപ്പോട്ടിന്റെ അടിസ്ഥാനത്തിൽ KSEBL-ൽനിന്നുള്ള ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഉചിത തീരുമാനമെടുക്കുന്നതാണ്.

(ഡി) സംസ്ഥാനത്തെ കേബിൾ ടി.വി.-ഇന്റർനെറ്റ് സേവന ദാതാക്കളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പരിഹാരം കാണുന്നതിന്റെ ഭാഗമായി ഈ രംഗത്തെ വിവിധ സംഘടന പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്ന സർക്കാർതല കമ്മിറ്റിക്ക് രൂപം നൽകാൻ നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## കേബിൾ ടി.വി. ഓപ്പറേറ്റേഴ്സ് അസോസിയേഷന്റെ പരാതി

267 (695) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട കേബിൾ ടി.വി. ഓപ്പറേറ്റർമാർ സർവ്വീസിനായി ഉപയോഗിക്കുന്ന കെ.എസ്.ഇ.ബി. പോസ്റ്റുകളുടെ വാടക നിരക്ക് എത്രയാണെന്നും എന്നുമുതലാണ് ഈ തുക ഈടാക്കുന്നതെന്നും വ്യക്തമാക്കുമോ?

വൈദ്യുതി പോളുകൾ ഉപയോഗിക്കുന്നതിന് താഴെപറയുംപ്രകാരമാണ് വാടക ഈടാക്കുന്നത്.

| Year | Cable TV Operators/Govt. departments/LSGDs/CCTV cameras by Residents Association (with 3 % annual Increase)* | | All other applicants irrespective of the purpose like 2G/3G/4G services/moblie communications etc (with 5 % annual Increase) | |
|---|---|---|---|---|
| | Rate ( Rs) | | Rate (Rs) | |
| | Urban | | | Rural |

| | | | | |
|---|---|---|---|---|
| | | Rural | Urban | |
| 2022-23 | 309 | 149.35 | 531.92 | 265.96 |

*ഈ നിരക്ക് പ്രാബല്യത്തിൽ വന്നത് 01-04-2021 മുതലാണ്.

(ബി) വിതരണ ശൃംഖലയിൽ ഉൾപ്പെടുന്ന വിവിധ തരത്തിലുള്ള ഓരോ കേബിളിനും കെ.എസ്.ഇ.ബി. വാടക നിരക്ക് നിശ്ചയിച്ചതുമൂലം ഭാരിച്ച ബാദ്ധ്യതയാണ് ഓരോ കേബിൾ ടി.വി. ഓപ്പറേറ്റർമാർക്കും ഉണ്ടാകുന്നതെന്ന് അറിയിച്ചുകൊണ്ടുള്ള കേബിൾ ടി.വി. ഓപ്പറേറ്റേഴ്സ് അസോസിയേഷന്റെ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ വിഷയം സംബന്ധിച്ച് കെ.എസ്.ഇ.ബി. ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ബി&സി) പരാതിയുടെ അടിസ്ഥാനത്തിൽ 27-12-2022-ന് സംഘടനകളുമായി ചർച്ച നടത്തിയിരുന്നു. ഒരു പോളിൽക്കൂടി നിലവിൽ വലിക്കാവുന്ന കേബിളുകളുടെ പരമാവധി എണ്ണം 7 ആയിട്ടാണ്

നിജപ്പെടുത്തിയിരിക്കുന്നത്. ഇതിന് പുറമെ പോളുകളിൽക്കൂടി കേബിൾ വലിക്കുമ്പോൾ മെയിൻ കേബിളിന് പുറമേ ഒരു സർവീസ് കേബിൾക്കൂടി വലിക്കുന്നതിന്റെ സാധ്യത പരിശോധിക്കാൻവേണ്ടി കെ.എസ്.ബി.എൽ. ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ബോർഡ് ഉത്തരവ് പ്രകാരം രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിക്ക് ഈ വിഷയംകൂടി പരിശോധിക്കാൻ ചുമതല നൽകുകയും ചെയ്തിട്ടുണ്ട്.

**വടക്കാഞ്ചേരി മണ്ഡലത്തിലെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക**

268 (696) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളുടെ കീഴിൽ നാളിതുവരെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ കുടിശ്ശികയായി പിരിഞ്ഞ് കിട്ടാനുള്ള തുകയുടെ വിശദാംശങ്ങൾ സെക്ഷൻ തിരിച്ച് പട്ടികപ്പെടുത്തി നൽകാമോ?

കണക്ഷൻ വിച്ഛേദിക്കൽ ഒഴിവാക്കിയിട്ടുള്ള കേരള വാട്ടർ അതോറിറ്റി, പോലീസ്, ഗവൺമെന്റ് ഹോസ്പിറ്റൽ, കൃഷി ഭവൻ ഏറ്റെടുത്ത കൃഷി

ഉപഭോക്താക്കൾ എന്നീ ഉപഭോക്താക്കൾ ഉൾപ്പെടെയുള്ളവരിൽനിന്നും പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(ബി) ഈ തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികളും പിരിച്ചെടുത്ത തുകയുടെ വിശദാംശങ്ങളും വ്യക്തമാക്കാമോ?

കുടിശ്ശിക വരുത്തിയവരുടെ കണക്ഷനുകൾ വിച്ഛേദിക്കുകയും (വിച്ഛേദിക്കലിൽനിന്നും ഒഴിവാക്കിയിട്ടുള്ളവ ഒഴികെ) നോട്ടീസ് നൽകി തുക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. കുടിശ്ശിക പിരിച്ചെടുത്തതിന്റെ കണക്ക് വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്+.

**കേന്ദ്ര സർക്കാരിന്റെ വൈദ്യുതി നിയമ ഭേദഗതി**

269 (697) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>:
<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>:
<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>:
<u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് മാസംതോറും വൈദ്യുതി നിരക്ക് വർദ്ധനയ്ക്ക് കാരണമാകുന്ന രീതിയിൽ വൈദ്യുതി വിതരണ കമ്പനികൾക്ക് വൈദ്യുതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിലനിർണ്ണയം നടത്തുന്നതിന് വഴിയൊരുക്കിക്കൊണ്ട് കേന്ദ്ര വൈദ്യുതി ചട്ടങ്ങളിൽ കേന്ദ്ര സർക്കാർ വരുത്തിയിട്ടുള്ള ഭേദഗതികൾ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ് അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ തീരുമാനം നടപ്പിലാക്കുന്ന പശ്ചാത്തലത്തിൽ ജനങ്ങൾക്കുണ്ടാകുന്ന ആശങ്കയും പ്രയാസങ്ങളും പരിഹരിക്കുന്നതിനായി സർക്കാർ നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) വൈദ്യുതി നിരക്ക് നിശ്ചയിക്കുന്നതിന് സംസ്ഥാനങ്ങൾക്കുള്ള അധികാരം കവർന്നെടുത്ത് സ്വകാര്യ കമ്പനികൾക്ക് നൽകുന്നതിനായി ലക്ഷ്യമിട്ടുള്ള ഈ ഭേദഗതിക്കെതിരെ നടപടി സ്വീകരിക്കുന്നത് സംസ്ഥാന സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

(എ-സി) ഉണ്ട്. മൊത്തം വൈദ്യുതി വാങ്ങൽ വിലയിലെ വ്യതിയാനങ്ങൾ സ്വയമേവ മാസാടിസ്ഥാനത്തിൽ ഉപഭോക്താവിന് കൈമാറാനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് കേന്ദ്ര ഊർജ്ജമന്ത്രാലയം വൈദ്യുതി ഭേദഗതി റൂൾസ് 2022, 29-12-2022-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത ചട്ടഭേദഗതിയുടെ കരട് പ്രസിദ്ധീകരിച്ചപ്പോൾത്തന്നെ ഉപഭോക്താക്കളുടെ വൈദ്യുതി നിരക്കിൽ മാസംതോറും ഉണ്ടാകാനിടയുള്ള വ്യത്യാസത്തെ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ ആശങ്കകളും വിയോജിപ്പും രേഖാമൂലം അറിയിച്ചിരുന്നു. എങ്കിലും ചട്ടഭേദഗതി പ്രകാരം ഇന്ധനവിലയിലെ വ്യതിയാനം കാരണമോ വൈദ്യുതി വാങ്ങൽ വിലയിലുണ്ടാകുന്ന വ്യത്യാസം കാരണമോ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ഉപഭോക്താക്കളിൽനിന്നും സ്വയമേ ഈടാക്കാൻ അനുവദിക്കുന്നു. ഇതുസംബന്ധിച്ച് നിയമപരമായി പരിശോധിച്ച് ഉചിത തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കേന്ദ്ര വൈദ്യുതി ഭേദഗതി ചട്ടം**

270 (698) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഊർജ്ജമന്ത്രാലയത്തിന്റെ വൈദ്യുതി നിയമ ഭേദഗതി ചട്ടം 2022-ന്റെ കരട് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഭേദഗതി നിർദ്ദേശത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ചട്ട ഭേദഗതിയുടെ കരട് ലഭിച്ചിരുന്നു. മൊത്തം വൈദ്യുതിവാങ്ങൽ വിലയിലെ വ്യതിയാനങ്ങൾ സ്വയമേവ മാസാടിസ്ഥാനത്തിൽ ഉപഭോക്താവിന് കൈമാറാനുള്ള വ്യവസ്ഥകളുൾക്കൊള്ളിച്ചുകൊണ്ട് കേന്ദ്ര ഊർജ്ജമന്ത്രാലയം 29-12-2022-ൽ വൈദ്യുതി ഭേദഗതി റൂൾസ് 2022 പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടഭേദഗതി സംബന്ധിച്ച് സംസ്ഥാനത്തിന്റെ ആശങ്കയും ഒപ്പം ഉപഭോക്താക്കളിൽനിന്ന് ഈടാക്കുന്ന നിരക്ക് ന്യായയുക്തമാണെന്നും ലൈസൻസികൾ മെറിറ്റ് ഓർഡർ ഡെസ്പാച്ച് പാലിക്കുന്നുണ്ടെന്നും ഉറപ്പാക്കാൻ സംസ്ഥാന കമ്മീഷന്റെ പരിശോധന ആവശ്യമാണെന്നും കമ്മീഷന്റെ മുൻകൂർ പരിശോധനയില്ലാതെ വൈദ്യുതി വാങ്ങൽച്ചെലവിലെ വ്യതിയാനം ലൈസൻസികൾ സ്വമേധയാ കണ്ടെത്തി ഈടാക്കുന്ന നിർദ്ദേശത്തോട് സംസ്ഥാനം യോജിക്കുന്നില്ലെന്നും 06-09-2022-ലെ എ 1/183/2022/ഊ.വ നമ്പർ അർദ്ധ ഔദ്യോഗിക കത്ത് മുഖേന സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനെ അറിയിച്ചിരുന്നു. കരട് നിർദ്ദേശങ്ങൾ സംബന്ധിച്ച് കെ.എസ്.ഇ.ബി.-യും തങ്ങളുടെ അഭിപ്രായം കേന്ദ്രസർക്കാരിനെ അറിയിച്ചിരുന്നു. 29-12-2022-ലെ ചട്ടഭേദഗതി സംബന്ധിച്ച് നിയമപരമായ പരിശോധന നടത്തി തുടർനടപടി സ്വീകരിക്കുന്നതാണ്.

പ്രസ്തുത നിയമത്തിലെ റൂൾ 14 പ്രകാരം ഇന്ധനവിലയിലെ വ്യതിയാനം കാരണമോ വൈദ്യുതി വാങ്ങൽ വിലയിലുണ്ടാകുന്ന വ്യതിയാനം കാരണമോ ഉണ്ടാകുന്ന അധികബാധ്യത/കുറവ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച പ്രൈസ് അഡ്ജസ്റ്റ്മെന്റ് ഫോർമുലയിലൂടെ കണ്ടെത്തി Fuel and Power Purchase Adjustment Surcharge-ലൂടെ ഉപഭോക്താക്കളിൽനിന്ന് മാസാടിസ്ഥാനത്തിൽ സ്വയമേവ വീണ്ടെടുക്കാൻ/തിരികെ നൽകാൻ അനുവദിക്കുന്നു. ഇപ്രകാരം പ്രതിമാസം സ്വയമേവ വീണ്ടെടുക്കുന്നതിന് ഓരോ മാസവും കമ്മീഷന്റെ അനുമതിയുടെ ആവശ്യകതയില്ല.

(ബി) 2022-23 ബഡ്ജറ്റ് രേഖയിൽ 496.20 കോടി രൂപ കെ.എസ്.ഇ.ബി.-ക്ക് ലാഭമുണ്ടാകുമെന്ന് സൂചിപ്പിക്കുകയും എന്നാൽ വൈദ്യുതി നിരക്ക് ഉയർത്താൻ റെഗുലേറ്ററി കമ്മീഷന് നൽകിയ രേഖയിൽ 2,852.58 കോടി രൂപ നഷ്ടമുണ്ടാകുമെന്ന് കാണിച്ചിട്ടുള്ളതും സംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ?

വൈദ്യുതി നിയമം 2003-ലെ 61- ാം വകുപ്പ് പ്രകാരം കേരളാ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ 2021-ലെ വ്യവസ്ഥകൾ പ്രകാരം 2022-23 സാമ്പത്തികവർഷത്തേയ്ക്കുള്ള വൈദ്യുതി

താരിഫ് പരിഷ്കരണത്തിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച ARR&ERC പെറ്റീഷൻ പ്രകാരമുള്ള പ്രതീക്ഷിത റവന്യൂ ഗ്യാപ്പ് 2,852.58 കോടി രൂപയാണ്. 2022-23-ൽ 496.20 കോടി രൂപയുടെ ലാഭമുണ്ടാവുമെന്ന നിലയിലാണ് കെ.എസ്.ഇ.ബി.-യുടെ ബഡ്ജറ്റ് മാന്വലനുസരിച്ച് 2022-23-ലെ ഫിനാൻഷ്യൽ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. കമ്പനിയിൽ ബഡ്ജറ്ററി കൺട്രോൾ നടപ്പിലാക്കി സാമ്പത്തികമായി അച്ചടക്കത്തോടെയുള്ള പ്രവർത്തനത്തോടൊപ്പം പ്രസരണ വിതരണ ശൃംഖല ശാക്തീകരണ ഫലമായി കൂടുതൽ വൈദ്യുതി വില്പന ലക്ഷ്യംവച്ചാണ് ബഡ്ജറ്റ് തയ്യാറാക്കുന്നത്.

ബഡ്ജറ്റിൽ ബോർഡിന്റെ മുൻകാല പ്രവണതകളെ അടിസ്ഥാനമാക്കിയുള്ള കണക്കുകളാണ് കാണിക്കുന്നത്. കൂടാതെ ബഡ്ജറ്റിൽ എ.ആർ.ആർ. കണക്കുകളിലുൾക്കൊള്ളിക്കുന്ന മുൻകാല റവന്യൂ ഗ്യാപ്പ്, റിട്ടേൺ ഓൺ ഇക്വിറ്റി, മാസ്റ്റർ ട്രസ്റ്റിന്റെ പ്രവർത്തനത്തിനാവശ്യമായ അധികതുക മുതലായവ കണക്കാക്കേണ്ടതില്ല.

വ്യത്യസ്ത ആവശ്യങ്ങൾക്കായി വ്യത്യസ്ത നിയമങ്ങളും ചട്ടങ്ങളും പ്രകാരവും വ്യവസ്ഥാപിത മാനദണ്ഡങ്ങൾ പ്രകാരവും തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളാണ് ബഡ്ജറ്റും എ.ആർ.ആർ. പെറ്റീഷനും ഇങ്ങനെ

വ്യവസ്ഥാപിതമായ രീതിയിൽ തയ്യാറാക്കുന്നതിനാൽ ഈ കണക്കുകൂട്ടലുകളിൽ അടിസ്ഥാനപരമായ വ്യത്യാസം ഉണ്ടായേക്കാമെന്നതിനാൽ പ്രതീക്ഷിത റവന്യൂ ഗ്യാപ്പിലും ലാഭ-നഷ്ട കണക്കിലും വ്യത്യാസമുണ്ടാകും. ഇവ പൊരുത്തക്കേടുള്ളതായി ഗണിക്കാൻ കഴിയുകയില്ല.

(സി) വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ മുൻകൂർ അനുമതിയില്ലാതെ വിതരണ കമ്പനികൾക്ക് എല്ലാ മാസവും വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാമെന്ന് പ്രസ്തുത ഭേദഗതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ?

ചട്ട ഭേദഗതിയുടെ കരട് ലഭിച്ചിരുന്നു. മൊത്തം വൈദ്യുതി വാങ്ങൽ വിലയിലെ വ്യതിയാനങ്ങൾ സ്വയമേവ മാസാടിസ്ഥാനത്തിൽ ഉപഭോക്താവിന് കൈമാറാനുള്ള വ്യവസ്ഥകളുൾക്കൊള്ളിച്ചുകൊണ്ട് കേന്ദ്ര ഊർജ്ജമന്ത്രാലയം 29-12-2022-ൽ വൈദ്യുതി ഭേദഗതി റൂൾസ് 2022 പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടഭേദഗതി സംബന്ധിച്ച് സംസ്ഥാനത്തിന്റെ ആശങ്കയും ഒപ്പം ഉപഭോക്താക്കളിൽനിന്ന് ഈടാക്കുന്ന നിരക്ക് ന്യായയുക്തമാണെന്നും ലൈസൻസികൾ മെറിറ്റ് ഓർഡർ ഡെസ്പാച്ച് പാലിക്കുന്നുണ്ടെന്നും ഉറപ്പാക്കാൻ സംസ്ഥാന കമ്മീഷന്റെ പരിശോധന ആവശ്യമാണെന്നും

കമ്മീഷന്റെ മുൻകൂർ പരിശോധനയില്ലാതെ വൈദ്യുതി വാങ്ങൽച്ചെലവിലെ വ്യതിയാനം ലൈസൻസികൾ സ്വമേധയാ കണ്ടെത്തി ഈടാക്കുന്ന നിർദ്ദേശത്തോട് സംസ്ഥാനം യോജിക്കുന്നില്ലെന്നും 06-09-2022-ലെ എ 1/183/2022/ഊ.വ നമ്പർ അർദ്ധഔദ്യോഗിക കത്ത് മുഖേന സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനെ അറിയിച്ചിരുന്നു. കരട് നിർദ്ദേശങ്ങൾ സംബന്ധിച്ച് കെ.എസ്.ഇ.ബി.-യും തങ്ങളുടെ അഭിപ്രായം കേന്ദ്രസർക്കാരിനെ അറിയിച്ചിരുന്നു. 29-12-2022-ലെ ചട്ടഭേദഗതി സംബന്ധിച്ച് നിയമപരമായ പരിശോധനനടത്തി തുടർനടപടി സ്വീകരിക്കുന്നതാണ്.

പ്രസ്തുത നിയമത്തിലെ റൂൾ 14 പ്രകാരം ഇന്ധനവിലയിലെ വ്യതിയാനം കാരണമോ വൈദ്യുതിവാങ്ങൽ വിലയിലുണ്ടാകുന്ന വ്യതിയാനം കാരണമോ ഉണ്ടാകുന്ന അധികബാധ്യത/കുറവ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച പ്രൈസ് അഡ്ജസ്റ്റ്മെന്റ് ഫോർമുലയിലൂടെ കണ്ടെത്തി Fuel and Power Purchase Adjustment Surcharge-ലൂടെ ഉപഭോക്താക്കളിൽനിന്ന് മാസാടിസ്ഥാനത്തിൽ സ്വയമേവ വീണ്ടെടുക്കാൻ/തിരികെ നൽകാൻ അനുവദിക്കുന്നു. ഇപ്രകാരം പ്രതിമാസം

സ്വയമേവ വീണ്ടെടുക്കുന്നതിന് ഓരോ മാസവും കമ്മീഷന്റെ അനുമതിയുടെ ആവശ്യകതയില്ല.

(ഡി) നഷ്ടം നികത്താൻ സർചാർജ്ജ് വർദ്ധിപ്പിക്കണമെന്ന ആവശ്യവുമായി കെ.എസ്.ഇ.ബി. റെഗുലേറ്ററി കമ്മീഷന് അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വ്യക്തമാക്കാമോ?

നഷ്ടം നികത്താൻ സർചാർജ്ജ് വർദ്ധിപ്പിക്കണമെന്ന ആവശ്യവുമായി കെ.എസ്.ഇ.ബി.എൽ. റെഗുലേറ്ററി കമ്മീഷനെ പുതിയ റൂൾസ് ഭേദഗതി പ്രകാരം സമീപിച്ചിട്ടില്ല. എന്നാൽ വൈദ്യുതി നിയമം 2003-ലെ സെക്ഷൻ 62(4) പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 08-01-2010 ൽ ഇന്ധന സർചാർജ്ജ് റെഗുലേഷൻ പുറപ്പെടുവിക്കുകയും പിന്നീടുള്ള താരിഫ് റെഗുലേഷനുകളിൽ പ്രസ്തുത ചട്ടം ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ താരിഫ് റെഗുലേഷൻ 87 പ്രകാരം ഇന്ധനവിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ കാരണം വൈദ്യുതി വാങ്ങൽ ചെലവിലുണ്ടാകുന്ന അധിക ബാധ്യത ഇന്ധന സർചാർജ്ജായും വൈദ്യുതിവാങ്ങൽ ചെലവിലുണ്ടാകുന്ന കുറവ് ഇളവായും കമ്മീഷൻ അംഗീകരിക്കുന്ന നിരക്കിൽ നിശ്ചിത കാലയളവിലേയ്ക്ക് ഈടാക്കാനോ തിരിച്ചുനൽകാനോ ഉള്ള വ്യവസ്ഥകളുൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത

റെഗുലേഷൻ പ്രകാരം കെ.എസ്.ഇ.ബി.എൽ. എല്ലാ പാദ വർഷങ്ങളുടെയും ഇന്ധന സർചാർജ്ജ് പെറ്റീഷൻ കമ്മീഷൻ മുമ്പാകെ നിർബന്ധമായും സമർപ്പിക്കേണ്ടതുണ്ട്. കെ.എസ്.ഇ.ബി.എൽ. സമർപ്പിക്കുന്ന പെറ്റീഷനിൽ വിശദമായ പരിശോധനയ്ക്കും പൊതുതെളിവെടുപ്പിനുംശേഷം കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ നിശ്ചിത കാലയളവിലേയ്ക്ക് ഇന്ധന സർചാർജ്ജ് ഏർപ്പെടുത്തിവരുന്നു. ഇന്ധന വിലയിലുണ്ടായ വ്യതിയാനം കാരണം 2021-22-ലെ മൂന്നാം പാദത്തിലെ വൈദ്യുതിവാങ്ങൽ ചെലവിലുണ്ടായ അധിക ബാധ്യതയായ 18.10 കോടി രൂപ ഉപഭോക്താക്കളിൽനിന്നും മൂന്ന് പൈസ നിരക്കിൽ അനുവദിച്ചുതരുന്നതിനുള്ള അപേക്ഷ കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി.എൽ. സമർപ്പിച്ചിരുന്നു. അതുപോലെതന്നെ 2021-22-ന് നാലാം പാദത്തിലെ അധിക ബാധ്യതയായ 16.05 കോടി രൂപ 3 പൈസ നിരക്കിൽ സർചാർജ്ജായി ഉപഭോക്താക്കളിൽനിന്നും ഈടാക്കാനുള്ള അപേക്ഷയും കമ്മീഷൻ മുമ്പാകെ 22-09-2022-ൽ സമർപ്പിച്ചിരുന്നു. 2022-23-ലെ ഒന്നാം പാദത്തിൽ കമ്മീഷൻ അംഗീകരിച്ച ഇന്ധന വിലയേക്കാൾ ഇന്ധനവിലയിലുണ്ടായ വ്യതിയാനം കാരണം വൈദ്യുതിവാങ്ങൽ ചെലവിൽ 87.07 കോടി രൂപ അധിക ബാധ്യതയുണ്ടാവുകയും പ്രസ്തുത അധിക ബാധ്യത 14 പൈസ നിരക്കിൽ

ഇന്ധന സർചാർജ്ജായി ഉപഭോക്താക്കളിൽനിന്ന് ഈടാക്കാനുള്ള അപേക്ഷ കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി.എൽ. 17-11-2022-ൽ സമർപ്പിച്ചിരുന്നു. 18-01-2023-ന് പ്രസ്തുത പെറ്റീഷനുകളിൻ മേൽ കമ്മീഷൻ പൊതുതെളിവെടുപ്പ് നടത്തുകയും 25-01-2023-ലെ ഉത്തരവുപ്രകാരം ഒന്നാംപാദത്തിലെ അധികബാധ്യതയായ 87.07 കോടി രൂപ സംസ്ഥാനത്തെ മുഴുവൻ ഉപഭോക്താക്കളിൽനിന്നും യൂണിറ്റൊന്നിന് 9 പൈസ നിരക്കിൽ 2023 ഫെബ്രുവരി ഒന്ന് മുതൽ നാല് മാസത്തെ ഉപഭോഗത്തിൽനിന്നും ഇന്ധന സർചാർജ്ജിനത്തിൽ ഈടാക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

## കേന്ദ്ര സർക്കാരിന്റെ വൈദ്യുതി ചട്ടം ഭേദഗതി

271 (699) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. മുകേഷ്:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിരക്ക് കൂട്ടാൻ വിതരണ കമ്പനികളെ അനുവദിക്കുന്ന നിർദ്ദേശം അന്തിമമാക്കി കേന്ദ്രസർക്കാർ ചട്ടം ഭേദഗതി ചെയ്തുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

വൈദ്യുതിവാങ്ങൽ വിലയിലെ വ്യതിയാനങ്ങൾ സ്വയമേവ മാസാടിസ്ഥാനത്തിൽ ഉപഭോക്താവിന് കൈമാറാനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് കേന്ദ്ര ഊർജ്ജമന്ത്രാലയം 29-12-2022-ൽ വൈദ്യുതി ഭേദഗതി റൂൾസ് 2022 പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത ചട്ടത്തിലെ റൂൾ 14 പ്രകാരം ഇന്ധനവിലയിലെ വ്യതിയാനം കാരണമോ വൈദ്യുതി വാങ്ങൽ വിലയിലുണ്ടാകുന്ന വ്യതിയാനം കാരണമോ ഉണ്ടാകുന്ന അധികബാധ്യത/കുറവ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച പ്രൈസ് അഡ്ജസ്റ്റ്മെന്റ് ഫോർമുലയിലൂടെ കണ്ടെത്തി Fuel and Power Purchase Adjustment Surcharge-ലൂടെ ഉപഭോക്താക്കളിൽനിന്ന് മാസാടിസ്ഥാനത്തിൽ സ്വയമേവ വീണ്ടെടുക്കാൻ/തിരികെ നൽകാൻ അനുവദിക്കുന്നു. ഇപ്രകാരം പ്രതിമാസം സ്വയമേവ വീണ്ടെടുക്കുന്നതിന് ഓരോ മാസവും കമ്മീഷന്റെ അനുമതിയുടെ ആവശ്യകതയില്ല. നിയമങ്ങൾ പ്രസിദ്ധീകരിച്ച് തൊണ്ണൂറ് ദിവസത്തിനുള്ളിൽ സംസ്ഥാന കമ്മീഷൻ price adjustment formula വ്യക്തമാക്കേണ്ടതാണ്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പ്രസ്തുത Fuel and Power Purchase Adjustment Surcharge നിർണ്ണയിക്കുന്നതുവരെ വൈദ്യുതി (ഭേദഗതി) നിയമത്തിന്റെ അനുബന്ധമായി കൂട്ടിച്ചേർത്ത

ഷെഡ്യൂൾ-II-ൽ വ്യക്തമാക്കിയിട്ടുള്ള methodology-യും formula-യും ബാധകമാക്കേണ്ടതാണ്.

റൂൾസ് അനുസരിച്ച് വർഷംതോറും ജൂൺ 30-നുമുമ്പായി power purchase adjustment surcharge ട്രൂ-അപ്പ് പ്രക്രിയ മുഖേന സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പരിശോധിച്ച് തീർപ്പാക്കേണ്ടതാണ്. അതായത് വാർഷികമായി പ്രസ്തുത കണക്കുകൾ പരിശോധിച്ച് നിജപ്പെടുത്തുന്നതിനുള്ള അധികാരവും കമ്മീഷനിൽ നിക്ഷിപ്തമാണ്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ നിലവിലെ ചട്ടങ്ങൾ വൈദ്യുതി ഭേദഗതി റൂൾസ് അനുസരിച്ച് ഭേദഗതി ചെയ്യേണ്ടതാണ്.

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വ്യക്തമാക്കിയ സമയപരിധിക്കുള്ളിൽ Fuel and Power Purchase Adjustment Surcharge കണക്കാക്കാനും സ്വയമേവ ചാർജ്ജ് ചെയ്യാനും വിതരണ ലൈസൻസി പരാജയപ്പെട്ടാൽ (force majeure conditions ഒഴികെ) വിതരണ യൂട്ടിലിറ്റിക്ക് Fuel and Power Purchase Adjustment Surcharge വീണ്ടെടുക്കുന്നതിനുള്ള അവകാശം നഷ്ടപ്പെടുന്നതാണ്. അത്തരം സന്ദർഭങ്ങളിൽ ട്രൂ-അപ്പ് സമയത്ത് നിർണ്ണയിക്കുന്ന Fuel and Power Purchase Adjustment Surcharge വീണ്ടെടുക്കാനുള്ള അവകാശവും

നഷ്ടപ്പെടും. അതായത് വൈദ്യുതി ഭേദഗതി റൂൾസ് അനുസരിച്ച് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വ്യക്തമാക്കിയ സമയപരിധിക്കുള്ളിൽ Fuel and Power Purchase Adjustment Surcharge കണക്കാക്കാനും സ്വയമേവ ചാർജ്ജ് ചെയ്യാനും വിതരണ ലൈസൻസി പരാജയപ്പെടുന്ന സാഹചര്യത്തിൽ വിതരണ ലൈസൻസിക്ക് വൈദ്യുതി വാങ്ങൽച്ചെലവിലെ വ്യത്യാസം പിന്നീട് വീണ്ടെടുക്കാൻ കഴിയാതെവരികയും ഇത് വിതരണ കമ്പനികളുടെ സാമ്പത്തിക നിലയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. അതുപോലെ ട്രൂ-അപ്പ് പ്രക്രിയ സമയത്ത് ഏതെങ്കിലും കാരണത്താൽ വിതരണ കമ്പനികൾ Fuel and Power purchase Adjustment Surcharge (FPPAS) അധികമായി ഈടാക്കിയെന്ന് ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത തുക വിതരണ കമ്പനികളിൽനിന്നും പലിശസഹിതം ഈടാക്കി ഉപഭോക്താക്കൾക്ക് തിരിച്ചുനൽകേണ്ടതാണ്.

(ബി) മാസംതോറും വൈദ്യുതി നിരക്ക് വർദ്ധിക്കുന്നതിന് പ്രസ്തുത ചട്ടത്തിന്റെ ഭേദഗതി കാരണമാകുമെന്ന് കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ചട്ട ഭേദഗതിമൂലം വൈദ്യുതി നിരക്കിൽ വ്യതിയാനം ഉണ്ടാകാം. മൊത്തം വൈദ്യുതി വാങ്ങൽച്ചെലവിന്റെ ഏറ്റക്കുറച്ചിലനുസരിച്ചാണ് FPPAS

(Fuel and Power Purchase Adjustment Surcharge) സ്വയമേ ഈടാക്കപ്പെടുന്നത്. മൊത്തം വൈദ്യുതി വാങ്ങൽച്ചെലവ് കമ്മീഷൻ അംഗീകരിച്ച നിരക്കിനേക്കാൾ കൂടുമ്പോൾ സർചാർജ്ജായി സ്വയമേവ ഈടാക്കപ്പെടുകയും വൈദ്യുതി വാങ്ങൽച്ചെലവ് കുറവാകുമ്പോൾ താരിഫിൽ ഇളവായി ഉപഭോക്താവിന് തിരികെ നൽകപ്പെടുകയും ചെയ്യുന്നു. മൊത്തം വൈദ്യുതി വാങ്ങൽച്ചെലവ് കമ്മീഷൻ അംഗീകരിച്ച നിരക്കിനേക്കാൾ കുറയുന്ന സമയങ്ങളിൽ നിലവിലെ റൂൾ പ്രകാരം, അതിന്റെ ഗുണഫലം തുടർന്നുള്ള മാസങ്ങളിൽ ഉപഭോക്താക്കൾക്ക് കൈമാറ്റപ്പെടാൻ കഴിയുന്നതാണ്. ഇന്ധനവിലയിൽ വർദ്ധനവുണ്ടാകുകയും എന്നാൽ hydro thermal mix-ലുണ്ടാകുന്ന വ്യതിയാനങ്ങൾ കാരണമോ power exchange-ലെ വിലക്കുറവ് കാരണമോ മൊത്തം വൈദ്യുതി വാങ്ങൽ വിലയിൽ കുറവുണ്ടാകുന്ന സാഹചര്യങ്ങളിൽ ഉപഭോക്താക്കൾക്ക് റൂൾസിലെ രീതി പ്രയോജനപ്പെടുന്നതാണ്.

പുതിയ ഭേദഗതി പ്രകാരം മൊത്തം വൈദ്യുതി വാങ്ങൽച്ചെലവിലെ വ്യതിയാനങ്ങൾ കമ്മീഷൻ നിർദ്ദേശിച്ച Fuel and Power Purchase Adjustment Formula പ്രകാരം സ്വയമേ വൈദ്യുതി ചാർജ്ജിലൂടെ ഈടാക്കാനോ ഇളവുകൾ നൽകാനോ അനുവദിക്കുന്നു.

(സി) പ്രസ്തുത ഭേദഗതിയോട് സംസ്ഥാന സർക്കാർ സ്വീകരിച്ച സമീപനം വ്യക്തമാക്കാമോ; കേന്ദ്ര തീരുമാനം കെ.എസ്.ഇ.ബി. അംഗീകരിക്കാൻ ബാധ്യസ്ഥരാണോ; വിശദവിവരം ലഭ്യമാക്കാമോ?

ഇക്കാര്യം നിയമപരമായി പരിശോധിച്ച് ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## സ്മാർട്ട് മീറ്റർ പദ്ധതി

272 (700) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്മാർട്ട്മീറ്റർ സ്ഥാപിക്കുന്ന പദ്ധതിയുടെ ആകെ ചെലവ് എത്രയാണെന്നും ഇതിൽ കെ.എസ്.ഇ.ബി.-യുടെ വിഹിതം എത്രയാണെന്നും സ്വകാര്യകമ്പനിയുടെ വിഹിതം എത്രയാണെന്നും അറിയിക്കാമോ?

RDSS പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം സ്മാർട്ട് മീറ്ററൊന്നിന് 6,000/- രൂപയാണ് " ലൈഫ് സൈക്കിൾ കോസ്റ്റ്" ആയി (സ്മാർട്ട്മീറ്ററും അനുബന്ധ സോഫ്റ്റ്‌വെയറുകളും സ്ഥാപിച്ച് 93 മാസം പരിപാലിക്കുന്നതിനുള്ള ചെലവ്) കേന്ദ്രസർക്കാർ നിശ്ചയിച്ച തുക.

ഇതുപ്രകാരം കെ.എസ്.ഇ.ബി.എൽ.-ന്റെ എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സംവിധാനം സ്ഥാപിച്ച് പരിപാലിക്കാൻ പത്ത് വർഷത്തേയ്ക്ക് കേന്ദ്ര സർക്കാർ അംഗീകരിച്ചിരിക്കുന്നത് 8,175 കോടി രൂപയാണ്. യഥാർത്ഥചെലവ് ടെണ്ടർ വഴി മാത്രമേ കണ്ടെത്താൻ സാധിക്കുകയുള്ളൂ. ടോട്ടക്സ് മോഡിൽ പദ്ധതി നടപ്പാക്കുമ്പോൾ പദ്ധതി നിർവ്വഹണവും പരിപാലനവും ഒരൊറ്റ ഏജൻസിയായിരിക്കും നിർവ്വഹിക്കുക. ടോട്ടക്സ് മോഡിൽ സ്മാർട്ട് മീറ്റർ 27 മാസം പദ്ധതി നടപ്പാക്കുന്നതിനും 93 മാസം പദ്ധതി പരിപാലനത്തിനുമായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതുപ്രകാരം ആകെ പദ്ധതി ചെലവുകളും (10 വർഷത്തെ ചെലവുകൾ) സേവനദാതാവ് വഹിക്കേണ്ടതാണ്. മൂലധനപ്രവർത്തന പരിപാലന ചെലവ് തുല്യമായ പ്രതിമാസ തവണകളായി കെ.എസ്.ഇ.ബി.എൽ. തിരിച്ചടയ്ക്കാവുന്നതാണ്. ആർ.ഡി.എസ്.എസ്. പദ്ധതിയിൽ പദ്ധതിക്കുചെലവാകുന്ന തുക ഗോ-ലൈവ് (go-live)-നുശേഷം 93 മാസംകൊണ്ട് മാസംതോറും ഓരോ മീറ്ററിനും ഒരു നിശ്ചിത തുക വച്ച് (EMI) പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ സേവനദാതാവിന് (AMISP) നൽകിയാൽ മതിയാകും. കെ.എസ്.ഇ.ബി.എൽ.-ന് മുൻകൂർ പണം മുടക്കേണ്ടതില്ല. സേവനദാതാവ് AMISP-യെ കണ്ടെത്തുന്നത് ടെണ്ടർ

നടപടികളിലൂടെയാണ്. അതിനുശേഷം മാത്രമേ AMISP സ്വകാര്യ കമ്പനിയാണോ പൊതുമേഖല സ്ഥാപനമാണോയെന്ന് പറയാൻ കഴിയുകയുള്ളൂ.

(ബി) ഡി.ബി.എഫ്.ഒ.റ്റി. മാതൃകയിലാണ് കരാർ നടപ്പാക്കുന്നതെങ്കിൽ സ്വകാര്യകമ്പനി നിർവ്വഹിക്കുന്ന ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണെന്നും കെ.എസ്.ഇ.ബി.-യിൽ നിക്ഷിപ്തമായ ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

സേവനദാതാവ് AMISP-യെ കണ്ടെത്തുന്നത് ടെണ്ടർ നടപടികളിലൂടെയാണ്. അതിനുശേഷം മാത്രമേ AMISP സ്വകാര്യകമ്പനിയാണോ പൊതുമേഖലാ സ്ഥാപനമാണോവെന്ന് പറയാൻ കഴിയുകയുള്ളൂ.

**സേവനദാതാവിന്റെ ജോലികൾ** - സ്മാർട്ട് മീറ്ററിംഗ് സംവിധാനം രൂപകൽപ്പന ചെയ്ത് 27 മാസംകൊണ്ട് മീറ്ററും അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കൽ (മീറ്റർ, കമ്മ്യൂണിക്കേഷൻ, ഐ.ടി. സംവിധാനം) 93 മാസം പദ്ധതി കുറ്റമറ്റരീതിയിൽ പരിപാലിക്കൽ (കേടായമീറ്റർ മാറ്റൽ, കമ്മ്യൂണിക്കേഷൻ ഉറപ്പാക്കൽ, ഐ.ടി. സംവിധാനം നിലനിർത്തുക). Data Privacy-യും Cyber Security ഉറപ്പുവരുത്തുക.

പദ്ധതിക്കുവേണ്ടിയുള്ള ഫണ്ട് കൊണ്ടുവരുക. കരാർപ്രകാരമുള്ള സേവന വ്യവസ്ഥ (SLA) പാലിക്കുക.

**KSEBL പ്രോജക്ട് ഇംപ്ലിമെന്റേഷൻ ഏജൻസിയുടെ ജോലികൾ** -

ബോർഡ് അനുമതിയോടുകൂടി ദർഘാസ് മുഖേന Advanced Metering Infrastructrure Service Provider (AMISP)-നെ നിയമിക്കൽ. ബോർഡ് അനുമതിയോടുകൂടെ ദർഘാസ് വിളിക്കുന്നതുമുതൽ പൂർണ്ണരൂപത്തിൽ പദ്ധതി നടപ്പാക്കുന്നതിനും പരിപാലനത്തിനുമുള്ള ചുമതല (10 വർഷം).

പദ്ധതിക്കുവേണ്ടി ഫണ്ട് സമാഹരിക്കുന്നതിനുള്ള സഹായം -

Advanced Metering Infrastructrure Service Provider (AMISP) മുഖേന നടപ്പാക്കുന്ന സ്മാർട്ട്മീറ്റർ പദ്ധതി പ്രവർത്തനങ്ങളുടെ ഗുണമേന്മ ഉറപ്പാക്കൽ.

കേന്ദ്ര/സംസ്ഥാന മാനദണ്ഡങ്ങൾ പരിപാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കൽ. സ്മാർട്ട്മീറ്റർ പദ്ധതി നടപ്പാക്കുന്നതിലെ തടസ്സങ്ങൾ കണ്ടെത്തി പരിഹാരനടപടികൾ AMISP-യെ കൊണ്ട് നടപ്പാക്കുക. Data Privacy-യും Cyber Security-യും ഉറപ്പുവരുത്തുക. കേന്ദ്ര ഏജൻസികളിൽനിന്നും വേണ്ട അംഗീകാരം/അനുവാദം നേടിയെടുക്കൽ.

(സി) വൈദ്യുതി കണക്ഷനൾപ്പെടെയുള്ള സേവനങ്ങൾക്കായി സ്വകാര്യകമ്പനിക്ക് പ്രത്യേകം ഫീസ് നൽകേണ്ടതുണ്ടോ; ഇപ്രകാരമുള്ള തുക ഈടാക്കിയതിനുശേഷം ബാക്കി തുകയാണോ കമ്പനി കെ.എസ്.ഇ.ബി.-ക്ക് കൈമാറുന്നത്; വിശദാംശം നൽകുമോ?

സ്മാർട്ട് മീറ്റർ പദ്ധതിയിലൂടെ മീറ്റർ റീഡിംഗ്, ബില്ലിംഗ്, ഡിസ്കണക്ഷൻ, റീകണക്ഷൻ എന്നീ പ്രവർത്തനങ്ങളുടെ ഓട്ടോമേഷൻ മാത്രമാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതി നടപ്പാക്കുമ്പോൾ ഉപഭോക്താക്കളുടെ ഡാറ്റ, വൈദ്യുതി ചാർജ്ജ്, മറ്റ് വിവരങ്ങൾ എന്നിവ സംബന്ധിച്ച് നിലവിൽ കെ.എസ്.ഇ.ബി.എൽ.-ലുള്ള സുരക്ഷാ സംവിധാനങ്ങൾ അതേപടി പാലിക്കപ്പെടുന്നതാണ്. വൈദ്യുതി കണക്ഷനൾപ്പെടെയുള്ള സേവനങ്ങൾ നിലവിലെ രീതിയിൽത്തന്നെ തുടരുന്നതാണ്.

(ഡി) കെ.എസ്.ഇ.ബി. സ്മാർട്ട് മീറ്റർ സ്ഥാപിക്കുമ്പോൾ വൈകുന്നേരം 6 മുതൽ രാത്രി 10 വരെയുള്ള സമയങ്ങളിലെ വൈദ്യുതി ഉപഭോഗത്തിന് ചാർജ്ജ് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; സാധാരണക്കാരായ ഉപഭോക്താക്കളെ ദോഷകരമായി ബാധിക്കുന്ന ഈ

തീരുമാനം പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ വൈകുന്നേരം 6 മുതൽ 10 വരെയുള്ള സമയങ്ങളിലെ വൈദ്യുതി ഉപഭോഗത്തിന് നിരക്കുകൂട്ടുന്നതിനുള്ള തീരുമാനങ്ങളൊന്നും സ്വീകരിച്ചിട്ടില്ല.

**വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിന് വിതരണ കമ്പനികളെ അനുവദിക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനം**

273 (701) <u>ശ്രീ. യു. എ. ലത്തീഫ്</u>:
<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>:
<u>ശ്രീ. ടി. വി. ഇബ്രാഹിം</u>:
<u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെഗുലേറ്ററി കമ്മീഷന്റെ മുൻകൂർ അനുമതിയില്ലാതെ മാസംതോറും വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിന് വിതരണ കമ്പനികളെ അനുവദിക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനം സർക്കാർ പരിശോധിച്ചിട്ടുണ്ടോയെന്നും ആയത് സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ?

ഇക്കാര്യം നിയമപരമായി പരിശോധിച്ച് ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കേന്ദ്രസർക്കാർ തീരുമാനം ഉപഭോക്താക്കളെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കുമോ?

വൈദ്യുതി വിപണിയിലെ ഏറ്റക്കുറച്ചിലുകൾ യഥാസമയം വിലയിരുത്തി കുറഞ്ഞവിലയിലുള്ള വൈദ്യുതി കരാറിലേർപ്പെട്ടും ആഭ്യന്തരോൽപ്പാദനം വർദ്ധിപ്പിച്ചും മൊത്തം വൈദ്യുതി വാങ്ങൽച്ചെലവ് കുറയ്ക്കുന്നതിനായും അതുവഴി ഉപഭോക്താക്കളെ ഇത് പ്രതികൂലമായി ബാധിക്കാതിരിക്കാനായും ശ്രമിക്കുന്നതാണ്.

## പ്രതിമാസ വൈദ്യുതി ബില്ലിംഗ്

274 (702) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വൈദ്യുതി ഉപഭോക്താക്കൾക്ക് സാമ്പത്തികഭാരം കുറയ്ക്കുന്നതിനായി പ്രതിമാസ വൈദ്യുതി ബില്ലിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഓരോ വിഭാഗം ഉപഭോക്താക്കൾക്കും ബില്ലുകൾ തയ്യാറാക്കി നൽകിവരുന്നത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കുന്ന താരിഫ് ഉത്തരവുപ്രകാരമുള്ള നിരക്കുകൾക്ക്

അനുസൃതമായാണ്. പ്രതിമാസ ബില്ലിംഗ് നിലവിലുള്ള ചില വിഭാഗത്തിലുള്ള ഉപഭോക്താക്കളൊഴിച്ച് മറ്റെല്ലാ ഉപഭോക്താക്കൾക്കും ദ്വൈമാസ മീറ്റർ റീഡിംഗിലൂടെ വൈദ്യുതി ചാർജ്ജ് കണക്കാക്കുന്നതിനായി നിലവിൽ ജീവനക്കാർ രണ്ടുമാസത്തിലൊരിക്കൽ നേരിട്ടുവന്ന് ഉപഭോക്താവിന്റെ മീറ്റർ റീഡിംഗെടുത്ത് വൈദ്യുതി ബിൽ നൽകുന്ന രീതിയാണ് നിലവിലുള്ളത്. ഇപ്രകാരം ബിൽ തയ്യാറാക്കുമ്പോൾ അവരുടെ ദ്വൈമാസ മീറ്റർ റീഡിംഗുകളിൽനിന്നും പ്രതിമാസ ഉപഭോഗം കണക്കാക്കുകയും അതിന് പ്രതിമാസ ഉപഭോഗപരിധിയുടെ നിരക്കനുസരിച്ച് ബിൽ തുക കണക്കാക്കുകയുമാണ് ചെയ്യുന്നത്. ആയതിനാൽ ദ്വൈമാസ മീറ്റർ റീഡിംഗുമൂലം ഉപഭോക്താക്കൾക്ക് അമിതമായ വൈദ്യുതിചാർജ്ജ് രേഖപ്പെടുത്തുന്നുവെന്ന ഒരു സാഹചര്യവും നിലവിലില്ല. മാസംതോറും റീഡിംഗെടുക്കുന്നതിനും ബില്ലുകൾ തയ്യാറാക്കുന്നതിനും ക്യാഷ് കളക്ഷൻ നടത്തുന്നതിനും കൂടുതൽ ജീവനക്കാരെ നിയോഗിക്കേണ്ടിവരുന്നതുമൂലം ഉണ്ടാകുന്ന അധിക ചെലവ് കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തനച്ചെലവിനെ ക്രമാതീതമായി വർദ്ധിപ്പിക്കുന്നതും ഈ തുക ഉയർന്ന വൈദ്യുതിനിരക്കായി താരിഫിൽ പ്രതിഫലിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടാകാനിടയുണ്ട്. ആയതിനാൽ മാസംതോറും

ഉപഭോക്താക്കളുടെ റീഡിംഗെടുത്ത് പ്രതിമാസ ബിൽ നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## സ്മാർട്ട് മീറ്റർ പദ്ധതി

275 (703) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് മീറ്റർ പദ്ധതിയുടെ നടത്തിപ്പിൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ഉൾപ്പെടുത്താമെന്ന് കേന്ദ്ര ഇലക്ട്രോണിക്സ് മന്ത്രാലയം അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സ്മാർട്ട് മീറ്റർ പദ്ധതി നടത്തിപ്പിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് കേന്ദ്ര ഇലക്ട്രോണിക്സ് മന്ത്രാലയത്തിന്റെ അറിയിപ്പുകൾ ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ പൊതുമേഖലാ സ്ഥാപനങ്ങളെ ഉൾപ്പെടുത്താൻ കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടും സ്മാർട്ട് മീറ്റർ കരാർ സ്വകാര്യകമ്പനികൾക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വെളിപ്പെടുത്താമോ?

സ്മാർട്ട് മീറ്റർ കരാർ സ്വകാര്യ കമ്പനികൾക്ക് നൽകാൻ ഇതുവരെ തീരുമാനിച്ചിട്ടില്ല. ടെണ്ടർ മുഖേനയാണ് പദ്ധതി നടത്തിപ്പിനുള്ള കമ്പനിയെ തെരഞ്ഞെടുക്കുന്നത്. നിലവിൽ RECPDCL എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തെ Project Implementation Agency(PIA) ആയി KSEBL നിയമിച്ചിട്ടുണ്ടെങ്കിലും കരാർ ഒപ്പുവച്ചിട്ടില്ല.

(സി) പദ്ധതിച്ചെലവ് സ്വകാര്യകരാറുകാർ വഹിക്കുകയും നിശ്ചിത കാലയളവിലേയ്ക്ക് പ്രതിമാസ വാടക ഈടാക്കി പരിപാലനം നിർവ്വഹിക്കുകയും ചെയ്യുന്ന ടോട്ടക്സ് മാതൃകയിൽ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കാനാണോ കെ.എസ്.ഇ.ബി. തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

RDSS സ്കീമിന് കീഴിൽ, പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ഇൻസ്റ്റലേഷൻ TOTEX മോഡിൽ നടത്തണം (മൂലധനവും പ്രവർത്തന ചെലവും ഉൾപ്പെടുന്ന ആകെ ചെലവ്) എന്ന് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിരിക്കുന്നു. TOTEX മാതൃകയിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കണമോ എന്നതിനെ സംബന്ധിച്ച് വിശദമായ പരിശോധനകൾ നടന്നുവരുന്നു.

(ഡി) ഇത് വൈദ്യുതി മേഖലയുടെ സ്വകാര്യവത്കരണം ലക്ഷ്യമാക്കിയാണെന്ന് ഭരണാനുകൂല സംഘടനകൾ ഉൾപ്പെടെ ആരോപണം

ഉന്നയിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് അറിയിക്കുമോ?

സ്മാർട്ട്മീറ്റർ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് സംഘടനകളുടെ ആശങ്കകൾ പരിശോധിക്കാനായി ഒരു സാങ്കേതിക സമിതിയെ ചുമതലപ്പെടുത്താനും പ്രസ്തുത സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യുക്തമായ തീരുമാനമെടുക്കുന്നതാണ്.

## ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ

276 (704) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ പുതുതായി ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥലമാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഇല്ല.

(ബി) നിലവിൽ സ്ഥാപിച്ച ചാർജിംഗ് സ്റ്റേഷനുകൾ പൂർണ്ണമായി പ്രവർത്തനക്ഷമമാണോയെന്ന് വ്യക്തമാക്കാമോ; ഈ ചാർജിംഗ്

സ്റ്റേഷനുകളിൽ ഒരേസമയം എത്ര വാഹനങ്ങൾക്ക് ചാർജ് ചെയ്യാൻ സാധിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

കെ.എസ്.ഇ.ബി.എൽ. താഴെ പറയുന്ന സ്ഥലങ്ങളിൽ പോൾ മൗണ്ടഡ് ചാർജിംഗ് പോയിന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

1. ആയഞ്ചേരി നാലാം കൊറോൾ
2. ആയഞ്ചേരി തെരുവ്
3. തീക്കുനി
4. അത്രൂർ
5. ചേരപുരം
6. കക്കാട് ടൗൺ

നിർമ്മാണ പ്രവർത്തനം പൂർത്തിയായി ടെസ്റ്റിംഗ് പുരോഗമിച്ചുവരികയാണ്. ടെസ്റ്റിംഗ് പൂർത്തിയാകുന്ന മുറയ്ക്ക് ചാർജിംഗ് സ്റ്റേഷനുകൾ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഒരേസമയം ഒരു വാഹനത്തിന് ചാർജ് ചെയ്യുന്നതിനുള്ള സംവിധാനമാണ് പോൾമൗണ്ടഡ് ചാർജിംഗ് പോയിന്റുകൾക്കുള്ളത്.

## വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് നടപടി

277 (705) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ട്രീറ്റ് ലൈൻ കൂടുതലായി വലിക്കുന്നതിനും വൈദ്യുതിയെത്താത്ത പ്രദേശത്ത് വൈദ്യുതിയെത്തിക്കാൻ പോസ്റ്റുകൾ സ്ഥാപിച്ച് വൈദ്യുതിലൈൻ വലിക്കുന്നതിനും കണക്ഷൻ കൂടുതലായുള്ള പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വൈദ്യുതിവകുപ്പ് നടപടി സ്വീകരിക്കുമോ; അറിയിക്കുമോ?

നിലവിലുള്ള ഗവൺമെന്റ് ഉത്തരവുപ്രകാരം സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനും അവ പരിപാലിക്കുന്നതിനുമുള്ള ഉത്തരവാദിത്തം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. സാധാരണഗതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എം.പി./എം.എൽ.എ. ഫണ്ട് തുടങ്ങിയവയുപയോഗിച്ച് സ്ട്രീറ്റ് ലൈൻ നിർമ്മിക്കുന്നതിന് ലഭിക്കുന്ന അപേക്ഷയിന്മേൽ കെ.എസ്.ഇ.ബി.എൽ. എസ്റ്റിമേറ്റെടുക്കുകയും ആവശ്യമായ തുക കെ.എസ്.ഇ.ബി.എൽ.-ന് ലഭ്യമാക്കുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി.എൽ. സ്ട്രീറ്റ് ലൈൻ പ്രവൃത്തികൾ നടപ്പിലാക്കുകയുമാണ് ചെയ്യുന്നത്.

സമ്പൂർണ്ണവൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകാൻ മറ്റ് പദ്ധതികൾ നിലവിലില്ലാത്തതിനാൽ 1000w വരെ കണക്റ്റഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക് പോസ്റ്റ് ആവശ്യമില്ലാത്ത എല്ലാ കണക്ഷനുകളും 250 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എൽ.-ന്റെ തനതുഫണ്ടുപയോഗിച്ച് നൽകിവരുന്നു.

2022-23 മുതൽ 2026-27 വരെ നടപ്പിലാക്കുന്ന കെ.എസ്.ഇ.ബി.എൽ.-ന്റെ പദ്ധതിയായ 'ദ്യുതി 2', കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS എന്നിവയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായുള്ള പ്രവൃത്തികളുൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് എം.പി./എം.എൽ.എ. എന്നിവരുടെ ആസ്തിവികസന ഫണ്ട് എന്നിവ കെ.എസ്.ഇ.ബി.എൽ.-ന് ലഭ്യമാക്കുമ്പോൾ അവ ഉപയോഗിച്ചും പുതിയ ലൈൻ നിർമ്മിക്കുന്നതും/ശേഷി കൂട്ടുന്നതുമായ പ്രവൃത്തികൾ/വൈദ്യുതീകരണ പ്രവൃത്തികൾ തുടങ്ങിയവ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിവരുന്നു.

(ബി) ഇത്തരം ജനകീയാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനാവശ്യമായ ഫണ്ട് നീക്കിവയ്ക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മേൽസൂചിപ്പിച്ച സൗജന്യകണക്ഷൻ അനുവദിക്കുന്നതിനായി 2022-23 മുതൽ 2026-27 കാലയളവിലേയ്ക്കായി കെ.എസ്.ഇ.ബി.എൽ. 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുൾപ്പെടെ 2022-23 മുതൽ 2026-27 കാലയളവിൽ നടപ്പിലാക്കാനായി 4,016 കോടി രൂപയുടെ പ്രവൃത്തികളാണ് 'ദ്യുതി 2' പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്.

**കേന്ദ്രസർക്കാരിന്റെ പുതിയ വൈദ്യുതി നിയമം**

278(706) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിരക്ക് പരിഷ്കരിക്കണമെന്ന കേന്ദ്രസർക്കാരിന്റെ പുതിയ നിയമം ഉപഭോക്താക്കൾക്ക് മാസംതോറും നിരക്ക് വർദ്ധനവുണ്ടാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേന്ദ്രസർക്കാരിന്റെ പുതിയ വൈദ്യുതി നിയമം സംസ്ഥാനത്ത് നടപ്പാക്കാതിരിക്കാൻ സർക്കാർ നിയമോപദേശം തേടിയിട്ടുണ്ടോ; പ്രസ്തുത

നിയമം ഉപഭോക്താക്കളെ കാര്യമായി ബാധിക്കുമെന്നതിനാൽ ശക്തമായ ഇടപെടൽ നടത്തുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) കേന്ദ്രസർക്കാർ 29-12-2022-ന് പുറത്തിറക്കിയ വൈദ്യുതി ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. Electricity (Amendment) Rules 2022 ചട്ടം 14 പ്രകാരം ഡിസ്ട്രിബ്യൂഷൻ ലൈസൻസികൾ തങ്ങളുടെ വൈദ്യുതി വാങ്ങൽ ചെലവുകൾ സമയബന്ധിതമായി വീണ്ടെടുക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. ആയതനുസരിച്ച് ഇന്ധനവിലയിലോ വൈദ്യുതി വാങ്ങൽ ചെലവിലോ ഉള്ള വ്യതിയാനം ഡിസ്ട്രിബ്യൂഷൻ ലൈസൻസിയുടെ ചെലവിലുണ്ടാക്കുന്ന ആഘാതം ബന്ധപ്പെട്ട റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന ഫോർമുലയുപയോഗിച്ച് പ്രതിമാസാടിസ്ഥാനത്തിൽ കണക്കാക്കി ഉപഭോക്താവിലേയ്ക്ക് താരിഫിലൂടെ കൈമാറ്റം ചെയ്യേണ്ടതാണ്. ഇതനുസരിച്ച് ഉപഭോക്താക്കളുടെ വൈദ്യുതിയുടെ നിരക്ക് വ്യത്യാസപ്പെടാനുള്ള സാധ്യതയുണ്ട്.

നിർദ്ദിഷ്ട ചട്ടങ്ങൾ പ്രകാരം മാസാമാസം ലൈസൻസികൾ ഈടാക്കുന്ന അധികതുക പിന്നീട് വാർഷികാടിസ്ഥാനത്തിൽ മാത്രമാകും റെഗുലേറ്ററി കമ്മീഷൻ പരിശോധിച്ച് വേണ്ട തിരുത്തലുകൾ വരുത്തുന്നത്. നിലനിന്നിരുന്ന സമ്പ്രദായത്തിന് വിപരീതമായി സ്റ്റേറ്റ് റെഗുലേറ്ററിൽനിന്ന്

വിവേകപൂർണ്ണമായ പരിശോധന കൂടാതെ അധിക ചാർജ്ജുകൾ വീണ്ടെടുക്കാൻ ഡിസ്കോമുകൾക്ക് അനുവാദമുള്ളതിനാൽ ഭാവിയിൽ സ്വകാര്യ ഡിസ്കോമുകൾ വരുന്നപക്ഷം താൽക്കാലിക നേട്ടമുണ്ടാക്കാൻ ശ്രമിക്കാനിടയുണ്ട്. ഈ കാര്യങ്ങൾ സംബന്ധിച്ച് സംസ്ഥാനത്തിന്റെ ആശങ്കയും ഒപ്പം ഉപഭോക്താക്കളിൽനിന്ന് ഈടാക്കുന്ന നിരക്ക് ന്യായയുക്തമാണെന്നും ലൈസൻസികൾ മെറിറ്റ് ഓർഡർ ഡെസ്പാച്ച് പാലിക്കുന്നുണ്ടെന്നും ഉറപ്പാക്കാൻ സംസ്ഥാന കമ്മീഷന്റെ പരിശോധന ആവശ്യമാണെന്നും കമ്മീഷന്റെ മുൻകൂർ പരിശോധനയില്ലാതെ വൈദ്യുതി വാങ്ങൽച്ചെലവിലെ വ്യതിയാനം ലൈസൻസികൾ സ്വമേധയാകണ്ടെത്തി ഈടാക്കുന്ന നിർദ്ദേശത്തോട് സംസ്ഥാനം യോജിക്കുന്നില്ലായെന്നും 06-09-2022-ലെ എ 1/183/2022/ഊ.വ. നമ്പർ അർദ്ധഔദ്യോഗിക കത്ത് മുഖേന സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. കൂടാതെ കരട് നിർദ്ദേശങ്ങൾ സംബന്ധിച്ച് കെ.എസ്.ഇ.ബി.-യും തങ്ങളുടെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു.

29-12-2022-ലെ ചട്ടഭേദഗതി സംബന്ധിച്ച് നിയമപരമായ പരിശോധന നടത്തി തുടർനടപടി സ്വീകരിക്കുന്നതാണ്.

**പെരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതി**

279 (707) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിപ്പുഴയെ ആശ്രയിക്കുന്ന തൃശ്ശൂർ, എറണാകുളം ജില്ലകളിലെ ഇരുപത്തിയഞ്ചോളം തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലെ ജനങ്ങളുടെ വേനൽക്കാലത്തെ കുടിവെള്ള, ജലസേചന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പെരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതിയിൽ ബേസ്‌ലോഡ് ഉൽപ്പാദനരീതി നടപ്പാക്കി മുഴുവൻ സമയ വൈദ്യുതിയുല്പാദനം നടപ്പാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചാലക്കുടിപ്പുഴയെ ആശ്രയിക്കുന്ന തൃശ്ശൂർ, എറണാകുളം ജില്ലകളിലെ ഇരുപത്തിയഞ്ചോളം തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലെ ജനങ്ങളുടെ വേനൽക്കാലത്തെ കുടിവെള്ള, ജലസേചന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പെരിങ്ങൽക്കുത്ത് ജലവൈദ്യുത പദ്ധതിയിൽ ബേസ്‌ലോഡ് ഉൽപ്പാദനരീതി നടപ്പാക്കി മുഴുവൻസമയ വൈദ്യുതിയുൽപ്പാദനം നടപ്പാക്കണമെന്നാവശ്യപ്പെട്ട് അപേക്ഷകൾ ലഭിച്ചിട്ടുള്ളതും ആയത് അനന്തരനടപടികൾക്കായി കളമശ്ശേരി ലോഡ്

ഡെസ്പാച്ച് സെന്ററിലേയ്ക്ക് അറിയിച്ചിട്ടുള്ളതുമാണ്. കളമശ്ശേരി ലോഡ് ഡെസ്പാച്ച് സെന്ററിൽനിന്നുള്ള നിർദ്ദേശാനുസരണമാണ് പവർഹൗസുകളിൽ വൈദ്യുതി ഉൽപ്പാദനം നടത്തുന്നത്. ഇപ്പോഴത്തെ ജലനിരപ്പനുസരിച്ച് പെരിങ്ങൽക്കുത്ത് പവർഹൗസിൽനിന്നും ബേസ്‌ലോഡ് ഉൽപ്പാദന രീതി അവലംബിക്കുന്നത് പീക്ക് സമയങ്ങളിൽ പൂർണ്ണശേഷിയിൽ ജനറേറ്ററുകൾ പ്രവർത്തിപ്പിക്കുന്നതിന് ബാധിക്കും. ഇതുമൂലം പീക്ക് സമയങ്ങളിലെ വൈദ്യുതി ലഭ്യതയിൽ 40 മെഗാവാട്ട് മുതൽ 45 മെഗാവാട്ടിന്റെ കുറവ് അനുഭവപ്പെട്ടേക്കാം. കഴിഞ്ഞ വർഷങ്ങളിലേതുപോലെതന്നെ ചാലക്കുടി മേഖലയിലെ ജല ആവശ്യകത പരിഗണിച്ച് പെരിങ്ങൽക്കുത്ത് പവർഹൗസിലെ ഉൽപ്പാദനം ക്രമീകരിക്കപ്പെടുന്നുണ്ട്. കൂടാതെ കൃഷി ആവശ്യങ്ങൾക്കായി ഇറിഗേഷൻ വിഭാഗം ആവശ്യപ്പെടുമ്പോൾ ദൂരെയുള്ള ചിറകൾ നിറയ്ക്കുന്നതിന് വൈദ്യുതി ഉൽപ്പാദനംകൂട്ടി കൂടുതൽ ജലം ലഭ്യമാക്കാറുണ്ട്. നിശ്ചിത അളവിൽ ബേസ്- ലോഡ് രീതിയിൽ ഉൽപ്പാദനം ക്രമീകരിച്ചാൽ മേൽപ്പറഞ്ഞ ആവശ്യകതകൾ നിറവേറ്റാൻ സാധിക്കില്ല.

## സ്മാർട്ട്മീറ്റർ പദ്ധതി

280 (708) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ സ്മാർട്ട് മീറ്റർ പദ്ധതി ജനങ്ങളിൽ അധികഭാരം അടിച്ചേൽപ്പിക്കുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ?

ഉണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ആർ.ഡി.എസ്.എസ്. പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ ചെലവാകുന്ന തുക 93 മാസംകൊണ്ട് കരാറെടുത്ത കമ്പനിക്ക് തിരികെ നൽകണമെന്നും ഇത് ഉപഭോക്താക്കളിൽനിന്നും തിരിച്ചുപിടിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കിയാൽ സാധാരണ ജനങ്ങളുടെ മേലുണ്ടാകുന്ന അധികഭാരം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

(ബി&സി) മീറ്ററൊന്നിന് 6,000 രൂപാ "ലൈഫ് സൈക്കിൾ കോസ്റ്റ്" ആണ് കേന്ദ്ര സർക്കാർ നിശ്ചയിച്ച തുക (മീറ്ററും അനുബന്ധ സൗകര്യങ്ങളും സ്ഥാപിച്ച് 93 മാസം പരിപാലിക്കുന്നതിനുള്ള തുക). യഥാർത്ഥ ചെലവ് ടെണ്ടർവഴി കണ്ടെത്തേണ്ടതാണ്. ഇപ്രകാരം കണക്കാക്കിയാൽ

മീറ്ററൊന്നിന് പ്രതിമാസം ഏതാണ്ട് 60 രൂപയോളം സേവനദാതാവിന് നൽകേണ്ടിവരും. പ്രസ്തുത പദ്ധതിച്ചെലവ് കെ.എസ്.ഇ.ബി.എൽ. പരിപാലന ചെലവിനത്തിലോ മറ്റ് ചെലവിനങ്ങളിലോ വകയിരുത്തുന്നതിനുള്ള തീരുമാനം റെഗുലേറ്ററി കമ്മീഷന്റെ അനുവാദത്തോടുകൂടി മാത്രമേ കൈക്കൊള്ളുകയുള്ളൂ.

TOTEX മാതൃകയിൽ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കുമ്പോൾ ഉപഭോക്താക്കൾക്കുണ്ടാകാനിടയുള്ള അധിക സാമ്പത്തികബാധ്യത ലഘൂകരിക്കുന്നതിനും കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ വിശദമായി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗ്**

281 (709) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗ് സംവിധാനങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ആവശ്യകത പൂർത്തിയാക്കാൻ ഇത് പര്യാപ്തമാണോ; കൂടുതൽ സൗകര്യങ്ങളേർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

2019-ലെ കേരള സർക്കാരിന്റെ ഇലക്ട്രിക് വെഹിക്കിൾ പോളിസിയുടെ ഭാഗമായി സംസ്ഥാനത്ത് ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനുള്ള ചുമതല സംസ്ഥാന നോഡൽ ഏജൻസിയായ കെ.എസ്.ഇ.ബി.എൽ.-ൽ നിക്ഷിപ്തമാണ്. ഈ നിലയിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ എല്ലാ ജില്ലകളിലുമായി ഫോർവീലറുകൾക്കുള്ള 63 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളുടെയും എല്ലാ നിയോജകമണ്ഡലങ്ങളിലും കുറഞ്ഞത് അഞ്ച് എന്ന നിലയിലും കോർപ്പറേഷൻ നിയോജകമണ്ഡലങ്ങളിൽ കുറഞ്ഞത് 15 എന്ന നിലയിലുമായി ഇരുചക്ര/മുച്ചക്ര വാഹനങ്ങൾക്കുവേണ്ടി 1166 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളുടെയും നിർമ്മാണം കെ.എസ്.ഇ.ബി.എൽ. പൂർത്തീകരിച്ചിട്ടുണ്ട്. ഇവയിൽ ഭൂരിഭാഗവും പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തിട്ടുണ്ട്. ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് രംഗത്ത് ഇന്ന് നിലനിൽക്കുന്ന ഒരു പ്രധാന പ്രശ്നം വിവിധ മൊബൈൽ ആപ്പുകളുടെ സാന്നിധ്യമാണ്. യാത്രയുടെ പല ഘട്ടങ്ങളിൽ പല മൊബൈൽ ആപ്പുകൾ ഡൗൺലോഡ് ചെയ്ത് ഓരോന്നിലും പണമടച്ച് ചാർജ്ജ് ചെയ്യേണ്ടിവരുന്നത് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇതിനൊരളവുവരെ പരിഹാരമെന്ന നിലയിൽ കെ.എസ്.ഇ.ബി.എൽ.

കേരളത്തിലെ ചാർജ്ജിംഗ് സ്റ്റേഷനുകൾക്ക് പൊതുവിലുപയോഗിക്കാവുന്ന രീതിയിൽ ഒരു സമഗ്ര സോഫ്റ്റ്‌വെയർ സൊല്യൂഷനും മൊബൈൽ ആപ്പും വികസിപ്പിച്ചെടുത്തിട്ടുണ്ട്. KEMapp എന്ന ഈ മൊബൈൽ ആപ്ലിക്കേഷൻ 2022 നവംബർ 23-ന് നടന്ന ഇ-മൊബിലിറ്റി കോൺക്ലേവിൽവച്ച് ലോഞ്ച് ചെയ്യുകയുണ്ടായി. ഇതിനുപുറമേ ചാർജ്ജിംഗ് സ്റ്റേഷനുകളിൽ കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി വെയിലും മഴയും ഏൽക്കാതെ ചാർജ്ജ് ചെയ്യുന്നതിനായി മേൽക്കൂരയും യാത്രക്കാർക്ക് വിശ്രമിക്കുന്നതിനായി ഇരിപ്പിടങ്ങളും സജ്ജീകരിച്ചുവരുന്നു.

വൈദ്യുത വാഹനങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവസരോചിതമായി ആവശ്യകത മനസ്സിലാക്കുകയും ആയത് നിറവേറ്റുന്നതിനായി ഈ രംഗത്തെ കെ.എസ്.ഇ.ബി.എൽ., അനെർട്ട് എന്നിവയിലെ വൈദഗ്ദ്ധ്യം പൊതുജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമായി നൽകാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗ് സംവിധാനമൊരുക്കുന്നതിന്റെ ഭാഗമായി അനെർട്ടിന്റെ നേതൃത്വത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) സ്വകാര്യ ഹോട്ടലുകൾ, റെസ്റ്റാറന്റുകൾ, മാളുകൾ, കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ഫാസ്റ്റ് ചാർജ്ജിംഗ് മെഷീനുകൾക്ക് മെഷീൻ വിലയുടെ 25 ശതമാനം സംസ്ഥാന സർക്കാർ സബ്സിഡിയായി അനെർട്ട് വഴി നൽകിവരുന്നു.

2) DC ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ശൃംഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി ദേശീയപാത, എം.സി. റോഡ്, മറ്റ് സ്റ്റേറ്റ് ഹൈവേ എന്നിവിടങ്ങളിലെ KSRTC ബസ് സ്റ്റാൻഡുകൾ, PWD റെസ്റ്റ് ഹൗസുകൾ എന്നിവിടങ്ങളിൽ മോട്ടോർ വാഹന വകുപ്പും അനെർട്ടും സംയുക്തമായി ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്ന നടപടികളായിവരുന്നു.

3) കേരളത്തിലെ എല്ലാ ജില്ലകളിലെയും എൻഫോഴ്സ്മെന്റ് RT ഓഫീസുകളോടനുബന്ധിച്ച് അനെർട്ടിന്റെ നേതൃത്വത്തിൽ 30 kW ശേഷിയുള്ള DC ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയായി വരുന്നു.

കൂടുതൽ സൗകര്യങ്ങളേർപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വകാര്യ സംരംഭകർ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവിടങ്ങളിൽ സംസ്ഥാന സർക്കാരിന്റെ സബ്സിഡിയോടുകൂടി DC ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അനെർട്ട് മുഖേന പുരോഗമിക്കുന്നു.

## പുതിയ വൈദ്യുതി കണക്ഷൻ

282 (710) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെറ്റീരിയൽസിന്റെ കുറവുമൂലം സംസ്ഥാനത്ത് പുതിയ വൈദ്യുതി കണക്ഷൻ നൽകാൻ താമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) ചില സ്ഥലങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിരുന്നു. എന്നാൽ ആവശ്യമായ മെറ്റീരിയലുകൾ കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായ വാങ്ങൽ നടപടികളിലൂടെ ലഭ്യമാക്കിയിട്ടുള്ളതിനാൽ പുതിയ സർവ്വീസ് കണക്ഷനുകൾ നൽകുന്നതിനുള്ള കാലതാമസം ഇപ്പോൾ നിലവിലില്ല.

## ഫിലമെന്റ് രഹിത കേരളം പദ്ധതി

283 (711) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിലമെന്റ് രഹിത കേരളം എന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ?

ബഹുമാനപ്പെട്ട മുഖ്യമന്ത്രി 07-01-2021-ൽ സംസ്ഥാനതല ഉദ്ഘാടനം നടത്തി ആരംഭിച്ച ഫിലമെന്റ് രഹിത കേരളം (FFK) പദ്ധതി പ്രകാരം നാളിതുവരെ 9W-ന്റെ 11389986 LED ബൾബുകൾ വിതരണം ചെയ്തിട്ടുണ്ട്. LED ബൾബുകൾ വിതരണം ചെയ്യുന്നതിനോടൊപ്പം ഉപഭോക്താക്കളിൽനിന്നും പഴയ CFL ബൾബുകളും ICL-കളും കെ.എസ്.ഇ.ബി.എൽ. ശേഖരിച്ചുവരുന്നു. ഇങ്ങനെ 40W-ന്റെ പരമ്പരാഗത ബൾബുകൾ മാറ്റി 9W-ന്റെ LED സ്ഥാപിക്കുന്നതിലൂടെ ഒരു ബൾബിന്റെ സ്ഥാനത്ത് ഏകദേശം 31W ലാഭിക്കാൻ സാധിക്കുന്നു.

പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി പരമ്പരാഗത തെരുവുവിളക്കുകൾക്ക് പകരമായി LED വിളക്കുകൾ സ്ഥാപിക്കുന്ന 'നിലാവ് പദ്ധതി'-യും നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിലൂടെ പരമ്പരാഗത തെരുവുവിളക്കുകൾക്ക് പകരം 18W, 35W, 70W, 110W-ന്റെ 3.62 ലക്ഷം LED തെരുവുവിളക്കുകൾ സ്ഥാപിച്ചു. ഇതിലൂടെ പൊതുജനത്തിന് മെച്ചപ്പെട്ട വെളിച്ചം ഉറപ്പാക്കുന്നതിലൂടെ പൊതുസുരക്ഷയും വർദ്ധിപ്പിക്കുന്നു. മേൽപ്പറഞ്ഞ പദ്ധതികളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കും വൈദ്യുതി ബില്ലിനത്തിൽ കുറവ്, പരിസ്ഥിതി സംരക്ഷണം, സംസ്ഥാനത്തിന് കാർബൺ ക്രെഡിറ്റ് മുതലായ നേട്ടങ്ങൾ

കൈവരിക്കാൻ സാധിക്കുന്നു. കൂടാതെ ഊർജ്ജസംരക്ഷണത്തോടൊപ്പം സംസ്ഥാനത്തിന്റെ 'പീക്ക് ലോഡി'-ൽ കുറവും ലഭിക്കുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതി തുടർന്നുകൊണ്ടുപോകാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

FFK പദ്ധതിയിലുൾപ്പെട്ട 9W-ന്റെ LED ബൾബുകൾ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന പദ്ധതിക്കുവേണ്ടി കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ആകെ 1.175 കോടി ബൾബുകൾ വാങ്ങിയിട്ടുണ്ട്. അതിൽ 360000 എണ്ണം ഇനിയും വിതരണം ചെയ്യാനുണ്ട്. ഇവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അതുപോലെ പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി LED ബൾബുകൾ സ്ഥാപിക്കുന്ന നിലാവ് പദ്ധതിയിൽ 8.75 ലക്ഷം തെരുവുവിളക്കുകൾ മാറ്റി സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ രണ്ടുഘട്ടങ്ങളിലായി 3.62 ലക്ഷം LED ബൾബുകൾ സ്ഥാപിച്ചുകഴിഞ്ഞു. ബാക്കി അഞ്ച് ലക്ഷം LED ബൾബുകൾ സ്ഥാപിക്കുന്നതിനായി 'നിലാവ് പദ്ധതി'-യിൽ ഇതുവരെ പങ്കെടുക്കാത്ത പഞ്ചായത്തുകളെ ഉൾപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

**വൈപ്പിൻ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ**

284(712) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിൻ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കുന്ന പ്രവൃത്തികൾ എന്തെല്ലാം; അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിനുകീഴിൽ താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പാക്കാൻ വൈദ്യുതി വകുപ്പ് ആസൂത്രണം ചെയ്തിരിക്കുന്നു.

- കേന്ദ്രാവിഷ്കൃത RDSS (നവീകരിച്ച വിതരണ വിഭാഗം) പദ്ധതിയിൽ ഉൾപ്പെടുത്തി 11kv ലൈൻ വർക്കുകൾ, LT ലൈൻ വർക്കുകൾ, റീ കണ്ടക്ടറിംഗ് വർക്കുകൾ, കൺവർഷൻ വർക്കുകൾ, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ABC ലൈൻ വർക്കുകൾ, സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കൽ, ലൈൻ നവീകരണ പ്രവൃത്തികൾ എന്നീ പ്രവൃത്തികളിലേയ്ക്കായി 2022-23 കാലയളവിൽ 316.89 ലക്ഷം രൂപയുടെയും 2023-24 കാലയളവിൽ 107.81 ലക്ഷം രൂപയുടെയും 2024-25 കാലയളവിൽ 111.91 ലക്ഷം രൂപയുടെയുമായി ആകെ 536.61 ലക്ഷം രൂപയുടെ പ്രവൃത്തികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

RDSS Additional പദ്ധതിയിലുൾപ്പെടുത്തി 11kv ലൈൻ വർക്കുകൾ, LT ലൈൻ വർക്കുകൾ, റീ കണ്ടക്ടറിംഗ് വർക്കുകൾ,

കൺവർഷൻ വർക്കുകൾ, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ABC ലൈൻ വർക്കുകൾ, സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കൽ, ലൈൻ നവീകരണ പ്രവൃത്തികൾ എന്നീ പ്രവൃത്തികളിലായി 2022-23 കാലയളവിൽ 302.3 ലക്ഷം രൂപയുടെയും 2023-24 കാലയളവിൽ 415.75 ലക്ഷം രൂപയുടെയും 2024-25 കാലയളവിൽ 522.9 ലക്ഷം രൂപയുടെയുമായി ആകെ 1,240.95 ലക്ഷം രൂപയുടെ പ്രവൃത്തികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

ദ്യുതി പദ്ധതിയിലുൾപ്പെടുത്തി 11kv ലൈൻ വർക്കുകൾ, LT ലൈൻ വർക്കുകൾ, റീ-കണ്ടക്ടറിംഗ് വർക്കുകൾ, കൺവർഷൻ വർക്കുകൾ, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ABC ലൈൻ വർക്കുകൾ, ലൈൻ നവീകരണ പ്രവൃത്തികൾ എന്നീ പ്രവൃത്തികളിലായി 2022-23 കാലയളവിൽ 131.88 ലക്ഷം രൂപയുടെയും 2023-24 കാലയളവിൽ 226.91 ലക്ഷം രൂപയുടെയും 2024-25 കാലയളവിൽ 185.85 ലക്ഷം രൂപയുടെയുമായി ആകെ 544.64 ലക്ഷം രൂപയുടെ പ്രവൃത്തികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

വൈപ്പിൻ നിയോജകമണ്ഡലത്തിൽ പ്രസരണ വിഭാഗത്തിന്റെ കീഴിൽ താഴെ പറയുന്ന പ്രവൃത്തികൾ നടന്നുവരുന്നു.

1. ചെറായി മുതൽ 66kV ഞാറക്കൽ സബ്സ്റ്റേഷൻ വരെ 110kV ഡബിൾ സർക്യൂട്ട് ലൈനിന്റെ നിർമ്മാണ പ്രവർത്തനം:-

ലൈൻ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. എന്നാൽ മഴമൂലവും പ്രസ്തുത ലൈൻ റൂട്ടിലുള്ള പാടങ്ങളിൽ ചെമ്മീൻ കൃഷി ആരംഭിച്ചിട്ടുള്ളതിനാലും ലൈൻനിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. മാർച്ച് മാസത്തോടുകൂടി ചെമ്മീൻ കൃഷി സീസൺ കഴിയുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തിയിൽ പുരോഗതി കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

2. ലൈൻ നിർമ്മാണ പുരോഗതിക്കനുസരിച്ച് 66kV ഞാറക്കൽ സബ്സ്റ്റേഷന്റെ ശേഷി 66kV-യിൽനിന്ന് 110kV നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

**മാർമല ചെറുകിട ജലവൈദ്യുത പദ്ധതി**

285 (713) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മാർമല ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇനി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മാർമല ചെറുകിട ജലവൈദ്യുത പദ്ധതി നടപ്പാക്കുന്നതിന് 5.9099 ഹെക്ടർ പട്ടയഭൂമിയും 1.5627 ഹെക്ടർ

പട്ടയരഹിതഭൂമിയും ഉൾപ്പെടെ 7.4726 ഹെക്ടർ സ്ഥലം ആവശ്യമുണ്ട്. പദ്ധതിയുടെ ഭൂമിയേറ്റെടുക്കുന്നതിനായി പരിസ്ഥിതി ആഘാത പഠനം 31-12-2021-ൽ പൂർത്തിയായി. റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ഗവൺമെന്റുത്തരവ് 18-04-2022-ൽ ലഭിച്ചിട്ടുണ്ട്. പട്ടയഭൂമി ഏറ്റെടുക്കുന്നതിനായി 11(1) വിജ്ഞാപനം 29-08-2022-ൽ റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്പോൾ തുടർസർവ്വേ നടപടികൾ പുരോഗമിക്കുന്നു. സർവ്വേ നടപടികൾക്കുശേഷം 19(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

(ബി) നടപടികൾ ത്വരിതപ്പെടുത്തി പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഭൂമിയേറ്റെടുക്കുന്ന മുറയ്ക്ക് ദർഘാസ് നടപടികൾ ത്വരിതപ്പെടുത്തി പദ്ധതി യാഥാർത്ഥ്യമാക്കുന്നതാണ്.

**കല്ല്യാശ്ശേരി മണ്ഡലത്തിലെ നിലാവ് പദ്ധതി**

286 (714) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിലവിലുള്ള പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി എൽ.ഇ.ഡി. തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന നിലാവ് പദ്ധതിയിലുൾപ്പെടുത്താനായി

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിൽനിന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

നിലാവ് പദ്ധതിയിൽ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്തുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | പാക്കേജ് ആവശ്യപ്പെട്ടത് | സ്ഥാപിച്ച എൽ.ഇ.ഡി.-കളുടെ എണ്ണം |
|---|---|---|
| ചെറുതാഴം | 500 | 500 |
| കുഞ്ഞിമംഗലം | 500 | 500 |
| ഏഴോം | 500 | 500 |
| മാട്ടൂൽ | 2500 | 500 |
| കല്ല്യാശ്ശേരി | 500 | 500 |
| ചെറുകുന്ന് | 500 | 500 |
| കണ്ണപുരം | 500 | 500 |

നിലവിലെ പർച്ചേസ് ഓർഡർ 31-07-2022 വരെയുള്ള LED ആവശ്യാനുസരണമാണ് നൽകിയിട്ടുള്ളത്. മാട്ടൂൽ പഞ്ചായത്തിന്റെ രണ്ടാമത്തെ പാക്കേജ് 01-08-2022-നുശേഷമുള്ള ആവശ്യകതയനുസരിച്ച് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

**പെരിന്തൽമണ്ണ മണ്ഡലത്തിൽ ആർ.ഡി.എസ്.എസ്. പദ്ധതി**

287 (715) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം പ്രകാരം പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം പ്രകാരം പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- പുതിയ എച്ച്.റ്റി.എ.ബി.സി. ലൈൻ 28.7 കി.മീ.
- പഴയ എച്ച്.റ്റി. ലൈൻ എ.ബി.സി.-യിലേയ്ക്ക് മാറ്റുന്നത് 22.5 കി.മീ.
- പഴയ എച്ച്.റ്റി. ലൈൻ Covered conductor ആക്കി മാറ്റുന്നത് 6 കി.മീ.
- പുതിയ ട്രാൻസ്ഫോർമർ -5 എണ്ണം.
- പുതിയ എൽ.റ്റി., എ.ബി.സി. ലൈൻ 14 കി.മീ.
- പഴയ എൽ.റ്റി. ലൈൻ, എൽ.റ്റി., എ.ബി.സി. ലൈൻ ആക്കി മാറ്റുന്നത് - 63.05 കി.മീ.

(ബി) പ്രസ്തുത പദ്ധതി പ്രകാരം പെരിന്തൽമണ്ണ മണ്ഡലത്തിന് കീഴിലുള്ള കെ.എസ്.ഇ.ബി. സെക്ഷനുകളിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

- പുതിയ എച്ച്.റ്റി. എ.ബി.സി. ലൈൻ 5.051 കോടി രൂപ.
- പഴയ എച്ച്.റ്റി. ലൈൻ എ.ബി.സി.-യിലേയ്ക്ക് മാറ്റുന്നത് - 2.848 കോടി രൂപ.
- പഴയ എച്ച്.റ്റി. ലൈൻ Covered conductor ആക്കി മാറ്റുന്നത്- 0.7 കോടി രൂപ.
- പുതിയ ട്രാൻസ്ഫോർമർ - 0.195 കോടി രൂപ.
- പുതിയ എൽ.റ്റി., എ.ബി.സി. ലൈൻ - 1.667 കോടി രൂപ.
- പഴയ എൽ.റ്റി. ലൈൻ, എൽ.റ്റി., എ.ബി.സി. ലൈൻ ആക്കി മാറ്റുന്നത് 5.304 കോടി രൂപ.
- പെരിന്തൽമണ്ണ മണ്ഡലത്തിലെ മൊത്തം തുക - 15.765 കോടി രൂപ.

(സി) പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ഏത് ഘട്ടത്തിൽ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

2025-26 സാമ്പത്തിക വർഷത്തിൽ തീർക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

288 (716) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വൈദ്യുതി വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരം അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

(എ & ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) വൈദ്യുതി വകുപ്പിന് ലഭിക്കാനുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശികയുടെ വിശദവിവരം സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കാമോ?

31-12-2022 വരെ കാലയളവിൽ വൈദ്യുതി വകുപ്പിന് വൈദ്യുതി ചാർജ്ജ് കുടിശ്ശികയിനത്തിൽ ആകെ 3,030.53 കോടി രൂപയാണ് പിരിഞ്ഞുകിട്ടാനുള്ളത്. ആയതിന്റെ ഇനം തിരിച്ചുള്ള വിവരം താഴെ വിശദീകരിക്കുന്നു.

| നം. | വകുപ്പുകൾ/സ്ഥാപനങ്ങൾ | തുക |
|---|---|---|
| 1 | സംസ്ഥാന സർക്കാർ വകുപ്പുകൾ | 124.14 |

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | | |
|---|---|---|
| 2 | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ (കേരള വാട്ടർ അതോറിറ്റി ഉൾപ്പെടെ) | 1,440.62 |
| 3 | പൊതുസ്ഥാപനങ്ങൾ | 56.59 |
| 4 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 6.53 |
| 5 | കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ | 1.69 |
| 6 | കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ | 80.66 |
| 7 | ഗാർഹികം | 272.20 |
| 8 | സ്വകാര്യ സ്ഥാപനങ്ങൾ | 1,032.25 |
| 9 | അന്തർ സംസ്ഥാനം | 2.47 |
| 10 | ലൈസൻസികൾ | 13.16 |
| 11 | മറ്റുള്ള സ്ഥാപനങ്ങൾ | 0.23 |
| | ആകെ തുക | 3,030.54 കോടി രൂപ |

**പട്ടാമ്പി മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

289 (717) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടാമ്പി നിയോജകമണ്ഡലത്തിൽ 2020-21, 2021-22 സാമ്പത്തികവർഷങ്ങളിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിയ പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഓരോ പ്രവൃത്തിക്കും എത്ര തുക വീതമാണ് വിനിയോഗിച്ചതെന്നും വ്യക്തമാക്കാമോ?

പട്ടാമ്പി മണ്ഡലത്തിൽ ദ്യുതി പദ്ധതി ഇനത്തിൽ 2020-21 വർഷത്തിൽ 807.932 ലക്ഷം രൂപയും 2021-22 വർഷത്തിൽ 385.742 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>ദ്യുതി ഇനത്തിൽ 2020-21, 2021-22 വർഷത്തിൽ ചെലവഴിച്ച തുക.</u>

| ഇനം | കി.മീ./എണ്ണം | തുക ലക്ഷത്തിൽ | കി.മീ./ എണ്ണം | തുക ലക്ഷത്തിൽ |
|---|---|---|---|---|
| | 2020-21 | | 2021-22 | |
| HT റീകണ്ടക്റ്ററിംഗ് | 20.91 കി.മീ. | 150.552 | | |
| HT ലൈൻ | 37.76 കി.മീ. | 347.46 | 15.26 കി.മീ. | 140.422 |
| LT റീകണ്ടക്റ്ററിംഗ് | 365.76 കി.മീ. | 201.168 | 312 കി.മീ. | 171.6 |
| ട്രാൻസ്ഫോർമർ സ്ഥാപിച്ചത് | 28 എണ്ണം | 82.04 | 20 എണ്ണം | 58.6 |
| 1ph ലൈൻ 3ph ആക്കിയത് | 11.13 കി.മീ. | 26.71 | 6.3 കി.മീ. | 15.12 |
| ആകെ | | 807.932 | | 385.742 |

2020-21, 2021-22 കാലയളവിലൽ പട്ടാമ്പി നിയോജകമണ്ഡലത്തിൽ പ്രസരണ മേഖലയിൽ 3 കി.മീ. 110 കെ.വി.ഡി.സി. ലൈനും 110 കെ.വി. സബ്സ്റ്റേഷൻ പട്ടാമ്പിയുടെ നിർമ്മാണവും 110 കെ.വി. സബ്സ്റ്റേഷൻ പട്ടാമ്പിയിൽനിന്നും 33 കെ.വി. സബ്സ്റ്റേഷൻ മരുതൂരിലേയ്ക്ക് 3.1 കി.മീ. അണ്ടർ ഗ്രൗണ്ട് കേബിൾ ഫീഡർ നിർമ്മാണവും നടക്കുകയുണ്ടായി.

<u>ചെലവഴിച്ച തുക</u>

3 കി.മീ. 110 കെ.വി.ഡി.സി. ലൈൻ - 3,68,45,704/- രൂപ

110 കെ.വി. സബ്സ്റ്റേഷൻ പട്ടാമ്പി - 16,83,93,056/- രൂപ

മരുതൂരിലേക്ക് 3.1 കി.മീ. അണ്ടർ ഗ്രൗണ്ട് - 1,38,07,196/-രൂപ

(കേബിൾ ഫീഡർ നിർമ്മാണം)

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനെർട്ട് മുഖേന പട്ടാമ്പി നിയോജകമണ്ഡലത്തിലെ പട്ടാമ്പി സർക്കാർ UP സ്കൂളിൽ മൂന്ന് കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിച്ചു. ഗാർഹിക മേഖലയിൽ 29 അപേക്ഷകൾ പരിഗണിച്ചു. 101 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

**സ്മാർട്ട് മീറ്റർ പദ്ധതി**

290 (718) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനായി ഉപഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡം എന്താണെന്നും പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

RDSS പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 37 ലക്ഷം സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ ഫീഡർ, ബോർഡർ, ട്രാൻസ്ഫോർമർ, മീറ്ററുകൾ, എല്ലാ ഹൈടെൻഷൻ ഉപഭോക്താക്കൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവ കൂടാതെ വരുമാനം കൂടിയ 14 ഇലക്ട്രിക്കൽ ഡിവിഷനുകളിലെ (തിരുവനന്തപുരം, കഴക്കൂട്ടം, പള്ളം, എറണാകുളം, തൃപ്പൂണിത്തുറ, ആലുവ, മുവാറ്റുപുഴ, പെരുമ്പാവൂർ, പാലക്കാട്, തിരൂരങ്ങാടി, ഫെറോക്ക്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) എല്ലാ ഉപഭോക്താക്കളും ഉൾപ്പെടുന്നു. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിവിധതലങ്ങളിൽ ചർച്ചകൾ നടന്നുവരുന്നതിനാൽ അന്തിമ രൂപമായിട്ടില്ല.

(ബി) സാധാരണക്കാരായ ജനങ്ങളെ ദോഷകരമായി ബാധിക്കുന്ന വൈദ്യുതി നിരക്ക് വർദ്ധന ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

വൈദ്യുതിനിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനത്തെ എല്ലാ വിഭാഗം വൈദ്യുതി ഉപഭോക്താക്കളുടെയും താരിഫ് നിർണ്ണയിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇതിൻപ്രകാരം വൈദ്യുതി നിരക്ക് പരിഷ്കരിക്കുന്നതിനെ സംബന്ധിച്ച് KSEBL സമർപ്പിക്കുന്ന പെറ്റീഷനുമേൽ

പൊതുജനങ്ങളുടെയും ഉപഭോക്താക്കളുടെയും അഭിപ്രായങ്ങളുംകൂടി കണക്കിലെടുത്ത് അന്തിമ തീരുമാനമെടുക്കുന്നതിന് റെഗുലേറ്ററി കമ്മീഷന് മാത്രമേ അധികാരമുള്ളൂ. സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡ് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചിട്ടില്ല.

**മങ്കട മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾ**

291 (719) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

മങ്കട മണ്ഡലത്തിൽ മങ്കട, മക്കരപ്പറമ്പ്, കൊളത്തൂർ, പുഴക്കാട്ടിരി എന്നീ ഓഫീസ് പരിധികളിലായി വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും ശൃംഖല മെച്ചപ്പെടുത്തുന്നതിനുംവേണ്ടിയുള്ള പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. മങ്കട നിയോജകമണ്ഡലത്തിൽ ഏഴ് പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

മങ്കട നിയോജകമണ്ഡലത്തിൽ സൗരപദ്ധതിയിൽ ഫേസ് -I നോൺ സബ്സിഡി സ്കീമിൽ നിലവിൽ 16 സൗരനിലയങ്ങൾ (206 Kwp)

കമ്മീഷൻ ചെയ്തിട്ടുണ്ട്. ഫേസ് II സബ്സിഡി പദ്ധതിയിൽ 29 സൗരനിലയങ്ങൾ (155.68 Kwp) കമ്മീഷൻ ചെയ്തിട്ടുണ്ട്.

മങ്കട നിയോജകമണ്ഡലത്തിൽ, ഗാർഗിക മേഖലയിൽ അഞ്ച് അപേക്ഷകളിലായി 21 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ്ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ അനെർട്ട് മുഖേന നടന്നുവരുന്നു. ഇവയിൽ 10 കിലോവാട്ട് ശേഷിയുള്ള പ്ലാന്റുകൾ കമ്മീഷൻ ചെയ്തു.

(ബി) പ്രസ്തുത മണ്ഡലത്തിൽ അടിയന്തരമായി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കുമോ?

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികളാണ് അടിയന്തിരമായി നടപ്പാക്കുന്നത്. ദ്യുതി 2, RDSS സ്കീമുകളിലുൾപ്പെടുത്തി മങ്കട, മക്കരപ്പറമ്പ്, പുഴക്കാട്ടിരി, കൊളത്തൂർ ഓഫീസുകൾക്കുകീഴിൽ പ്രവൃത്തികൾ പുരോഗമിക്കുന്നു.

2023-24 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നിലവിലുള്ള ഏലചോല-മലപ്പുറം 66 കെ.വി. സിംഗിൾ സർക്ക്യൂട്ട് ലൈൻ 110 കെ.വി. ആക്കുന്നതിനുദ്ദേശിച്ചിട്ടുണ്ട്. ടി പദ്ധതിവഴി മങ്കട സബ്സ്റ്റേഷനിലേയ്ക്ക് നിലവിലുള്ള 220 കെ.വി. മലാപ്പറമ്പ സബ്സ്റ്റേഷനിൽനിന്നുള്ള 110

കെ.വി. ഫീഡറിന് പുറമെ മലപ്പുറം സബ്സ്റ്റേഷനിൽനിന്നുള്ള 110 കെ.വി. ഫീഡർകൂടി ലഭ്യമാക്കാൻ സാധിക്കും. ഇതുവഴി മങ്കട സബ്സ്റ്റേഷനിൽനിന്നും തടസ്സരഹിത വൈദ്യുതി ലഭ്യമാക്കാൻ സാധ്യമാകും. ടി പ്രവൃത്തി ഏകദേശം 2025-ഓടുകൂടി പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

(സി) മണ്ഡലത്തിൽ വൈദ്യുത കണക്ഷൻ ലഭിച്ചിട്ടില്ലാത്ത എത്ര കുടുംബങ്ങളുണ്ട്; ഇവർക്ക് നാളിതുവരെ കണക്ഷൻ നൽകാത്തതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.-ൽ അപേക്ഷ നൽകുന്ന എല്ലാവർക്കും വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നുണ്ട്.

## ഖരമാലിന്യത്തിൽനിന്നും വൈദ്യുതി

292 (720) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഖരമാലിന്യത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

നഗര മാലിന്യ സംസ്കരണ പ്രശ്നത്തിനുള്ള പരിഹാരമെന്ന നിലയിൽ ഖരമാലിന്യം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് കേരള

സർക്കാർ തീരുമാനിച്ചതിൻപ്രകാരം കേരളത്തിലെ പത്ത് ജില്ലകളിൽ അതിനുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. KSERC-യുടെ 2016-ലെ താരിഫ് പോളിസി അനുസരിച്ച് മാലിന്യസംസ്കരണ പ്ലാന്റുകളിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി KSERC നിശ്ചയിക്കുന്ന താരിഫ് പ്രകാരം ഡിസ്ട്രിബ്യൂഷൻ ലൈസൻസി മുഴുവനായും വാങ്ങേണ്ടതാണ്. ആയതിനാൽ, മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്ന കമ്പനിയുമായി ഡിസ്ട്രിബ്യൂഷൻ ലൈസൻസിയായ കെ.എസ്.ഇ.ബി.എൽ. Power Purchase Agreement വയ്ക്കേണ്ടതാണ്. മാലിന്യത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന കേരളത്തിലെ വിവിധ പദ്ധതികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം, കൊല്ലം (കുരീപ്പുഴ-5MW), ഇടുക്കി (മൂന്നാർ), എറണാകുളം (ബ്രഹ്മപുരം-9.76MW), തൃശ്ശൂർ (ഒല്ലൂക്കര), പാലക്കാട് (5MW), മലപ്പുറം (തിരൂർ), കോഴിക്കോട് (6MW), വയനാട്, കണ്ണൂർ (5MW) എന്നീ ജില്ലകളിലാണ് മാലിന്യത്തിൽനിന്നും വൈദ്യുതി നിർമ്മിക്കുന്നപദ്ധതി നടപ്പാക്കുന്നത്.
2. തിരുവനന്തപുരം, എറണാകുളം, ഇടുക്കി, എന്നിവിടങ്ങളിൽ പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു.

3. കൊല്ലം, പാലക്കാട് എന്നീ ജില്ലകളിൽ പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

4. തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

5. വയനാട് ജില്ലയിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ജോലികൾ കോവിഡ്-19 മൂലം തടസ്സപ്പെട്ടിരിക്കുകയാണ്.

നിലവിൽ കോഴിക്കോട് ജില്ലയിലെ ഞെളിയൻപറമ്പിൽ 6 MW ശേഷിയുള്ള ഖരമാലിന്യവൈദ്യുതി നിലയത്തിൽനിന്നും KSERC നിശ്ചയിച്ച നിരക്കായ യൂണിറ്റിന് 6.81 രൂപയ്ക്ക് വൈദ്യുതി വാങ്ങുന്നതിന് 01-10-2021-ൽ കെ.എസ്.ഇ.ബി.എൽ.-ഉം മലബാർ വേസ്റ്റ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അനെർട്ട് മുഖേന എറണാകുളം ജില്ലയിലെ കുവപ്പടിയിലുള്ള ഡയമണ്ട് ഫുഡ് പ്രോഡക്ട്സിൽ കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജമന്ത്രാലയത്തിന്റെ (MNRE) സാമ്പത്തിക സഹായത്തോടെ 77.5 ലക്ഷം രൂപയുടെ 1.55 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ബയോമാസ് അധിഷ്ഠിത കോ-ജനറേഷൻ പവർ പ്ലാന്റ് 07-03-2020-ൽ സ്ഥാപിച്ച് പ്രവർത്തനം നടത്തിവരുന്നു.

**പെരുവണ്ണാമൂഴി ഹൈഡ്രോ ഇലക്ട്രിക് പദ്ധതി**

293 (721) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ പെരുവണ്ണാമൂഴി ഹൈഡ്രോ ഇലക്ട്രിക് പദ്ധതി പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി 60.45 ശതമാനം ജോലികൾ പൂർത്തിയായിട്ടുണ്ട്. സിവിൽ ജോലികളുടെ 93.2 ശതമാനവും ഇലക്ട്രോ മെക്കാനിക്കൽ ജോലികളുടെ 15.8 ശതമാനവും പൂർത്തിയായിട്ടുണ്ട്. ഫിനാൻഷ്യൽ പുരോഗതി 50.02 ശതമാനം.

(ബി) എന്തൊക്കെ പ്രവൃത്തികളാണ് നിലവിൽ പൂർത്തിയായിട്ടുള്ളതെന്ന് വിശദമാക്കുമോ?

പവർ-ഹൗസ് ഒഴികെയുള്ള പദ്ധതിയുടെ എല്ലാ ഘടകങ്ങളും പൂർത്തിയായിട്ടുണ്ട്. പവർഹൗസിനുള്ളിൽ മെഷിനറികൾ സ്ഥാപിക്കുന്ന ജോലികൾ നടന്നുവരുന്നു. EOT crane, embedded piping, earthing draft tube erection മുതലായ പണികൾ പൂർത്തിയായി. ടർബൈൻ MIV factory ഇൻസ്പെക്ഷൻ കഴിഞ്ഞിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് അറിയിക്കുമോ?

പ്രസ്തുത പദ്ധതിയുടെ സ്ഥാപിതശേഷി 6(2x3) MW ആണ്. പ്രതിവർഷം 24.70 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദനമാണ് ലക്ഷ്യമിടുന്നത്.

(ഡി) പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്നും ആയത് എപ്പോൾ കമ്മീഷൻ ചെയ്യാനാവുമെന്നും വ്യക്തമാക്കാമോ?

പ്രവൃത്തികൾ പുരോഗമിക്കുന്നു. പദ്ധതി 2023 ഏപ്രിൽ 30 ആകുമ്പോഴേയ്ക്കും കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

**വൈദ്യുതി നിരക്ക് വർദ്ധന**

294 (722) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ മാസവും വൈദ്യുതി നിരക്കുകൂട്ടാൻ വിതരണ കമ്പനികളെ അനുവദിക്കുന്ന വൈദ്യുതി ചട്ടം ഭേദഗതി നിർദ്ദേശം അന്തിമമാക്കി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാൻ വിതരണ കമ്പനികളെ എല്ലാ മാസവും അനുവദിക്കുന്ന വൈദ്യുതി ഭേദഗതി നിർദ്ദേശം നിലവിലില്ല. എന്നാൽ മൊത്തം വൈദ്യുതിവാങ്ങൽ വിലയിലെ വ്യതിയാനങ്ങൾ സ്വയമേവ മാസാടിസ്ഥാനത്തിൽ ഉപഭോക്താവിന് കൈമാറാനുള്ള

വ്യവസ്ഥകളുൾക്കൊള്ളിച്ചുകൊണ്ട് കേന്ദ്ര ഊർജ്ജമന്ത്രാലയം വൈദ്യുതി ഭേദഗതി റൂൾസ് 2022, 29-12-2022-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിയമത്തിലെ റൂൾ 14 പ്രകാരം ഇന്ധനവിലയിലെ വ്യതിയാനം കാരണമോ വൈദ്യുതിവാങ്ങൽ വിലയിലുണ്ടാകുന്ന വ്യതിയാനം കാരണമോ ഉണ്ടാകുന്ന അധികബാധ്യത/കുറവ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച പ്രൈസ് അഡ്ജസ്റ്റ്മെന്റ് ഫോർമുലയിലൂടെ കണ്ടെത്തി Fuel and Power Purchase Adjustment Surcharge-ലൂടെ ഉപഭോക്താക്കളിൽനിന്ന് മാസാടിസ്ഥാനത്തിൽ സ്വയമേവ വീണ്ടെടുക്കാൻ/തിരികെ നൽകാൻ അനുവദിക്കുന്നു. ഇപ്രകാരം പ്രതിമാസം സ്വയമേവ വീണ്ടെടുക്കുന്നതിന് ഓരോ മാസവും കമ്മീഷന്റെ അനുമതിയുടെ ആവശ്യകതയില്ല. നിയമങ്ങൾ പ്രസിദ്ധീകരിച്ച് തൊണ്ണൂറ് ദിവസത്തിനുള്ളിൽ സംസ്ഥാന കമ്മീഷൻ price adjustment formula വ്യക്തമാക്കേണ്ടതാണ്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പ്രസ്തുത Fuel and Power Purchase Adjustment Surcharge നിർണ്ണയിക്കുന്നതുവരെ വൈദ്യുതി (ഭേദഗതി) നിയമത്തിന്റെ അനുബന്ധമായി കൂട്ടിച്ചേർത്ത ഷെഡ്യൂൾ-II-ൽ വ്യക്തമാക്കിയിട്ടുള്ള methodology-യും formula-യും ബാധകമാക്കേണ്ടതാണ്.

റൂൾസ് അനുസരിച്ച് വർഷംതോറും ജൂൺ 30-നുമുമ്പായി power purchase adjustment surcharge ട്രൂ-അപ്പ് പ്രക്രിയ മുഖേന സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പരിശോധിച്ച് തീർപ്പാക്കേണ്ടതാണ്. അതായത് വാർഷികമായി പ്രസ്തുത കണക്കുകൾ പരിശോധിച്ച് നിജപ്പെടുത്തുന്നതിനുള്ള അധികാരവും കമ്മീഷനിൽ നിക്ഷിപ്തമാണ്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ നിലവിലെ ചട്ടങ്ങൾ വൈദ്യുതി ഭേദഗതി റൂൾസ് അനുസരിച്ച് ഭേദഗതി ചെയ്യേണ്ടതാണ്.

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വ്യക്തമാക്കിയ സമയപരിധിക്കുള്ളിൽ Fuel and Power Purchase Adjustment Surcharge കണക്കാക്കാനും സ്വയമേവ ചാർജ്ജ് ചെയ്യാനും വിതരണ ലൈസൻസി പരാജയപ്പെട്ടാൽ (force majeure conditions ഒഴികെ) വിതരണ യൂട്ടിലിറ്റിക്ക് Fuel and Power Purchase Adjustment Surcharge വീണ്ടെടുക്കുന്നതിനുള്ള അവകാശം നഷ്ടപ്പെടുന്നതാണ്. അത്തരം സന്ദർഭങ്ങളിൽ ട്രൂ-അപ്പ് സമയത്ത് നിർണ്ണയിക്കുന്ന Fuel and Power Purchase Adjustment Surcharge വീണ്ടെടുക്കാനുള്ള അവകാശവും നഷ്ടപ്പെടും. അതായത് വൈദ്യുതി ഭേദഗതി റൂൾസ് അനുസരിച്ച് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വ്യക്തമാക്കിയ സമയപരിധിക്കുള്ളിൽ

Fuel and Power Purchase Adjustment Surcharge കണക്കാക്കാനും സ്വയമേവ ചാർജ്ജ് ചെയ്യാനും വിതരണ ലൈസൻസി പരാജയപ്പെടുന്ന സാഹചര്യത്തിൽ വിതരണ ലൈസൻസിക്ക് വൈദ്യുതിവാങ്ങൽ ചെലവിലെ വ്യത്യാസം പിന്നീട് വീണ്ടെടുക്കാൻ കഴിയാതെവരികയും ഇത് വിതരണ കമ്പനികളുടെ സാമ്പത്തികനിലയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. അതുപോലെ ട്രൂ-അപ്പ് പ്രക്രിയ സമയത്ത് ഏതെങ്കിലും കാരണത്താൽ വിതരണ കമ്പനികൾ Fuel and Power purchase Adjustment Surcharge (FPPAS) അധികമായി ഈടാക്കിയെന്ന് ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത തുക വിതരണ കമ്പനികളിൽനിന്നും പലിശസഹിതം ഈടാക്കി ഉപഭോക്താക്കൾക്ക് തിരിച്ചുനൽകേണ്ടതാണ്.

(ബി) എങ്കിൽ വൈദ്യുതി ഉപഭോക്താക്കൾക്ക് ഏതൊക്കെ രീതിയിലുള്ള അധിക ബാദ്ധ്യതയാണ് ഇതിലൂടെയുണ്ടാകുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കേന്ദ്ര വൈദ്യുതിമന്ത്രാലയം 29-12-2022-ലെ ഗസറ്റ് വിജ്ഞാപനം അനുസരിച്ച് പുറപ്പെടുവിച്ച വൈദ്യുതി (ഭേദഗതി) റൂൾസ് 2022-ലെ റൂൾ 14 പ്രകാരം ഇന്ധനവിലയിലെ വ്യതിയാനം കാരണമോ വൈദ്യുതിവാങ്ങൽ വിലയിലുണ്ടാകുന്ന വ്യതിയാനം കാരണമോ ഉണ്ടാകുന്ന അധിക

ബാധ്യത/കുറവ് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച പ്രൈസ് അഡ്ജസ്റ്റ്മെന്റ് ഫോർമുലയിലൂടെ കണ്ടെത്തി Fuel and Power Purchase Adjustment Surcharge-ലൂടെ ഉപഭോക്താക്കളിൽനിന്ന് മാസാടിസ്ഥാനത്തിൽ സ്വയമേവ ഈടാക്കുന്നതിനോ/തിരികെ നൽകാനോ വ്യവസ്ഥ ചെയ്യുന്നു. ഇപ്രകാരം പ്രതിമാസം സ്വയമേവ ഈടാക്കുന്നതിനോ/തിരികെ നൽകാനോ കമ്മീഷന്റെ അനുമതിയുടെ ആവശ്യകതയില്ല. വൈദ്യുതി ചാർജ്ജിൽ പ്രതിമാസമുണ്ടാകുന്ന വ്യതിയാനം ഗാർഹിക, വാണിജ്യ ഉപഭോക്താക്കളെ ദോഷകരമായി ബാധിക്കുമെന്ന് കരുതുന്നു.

(സി) പ്രസ്തുത ചട്ടം ഭേദഗതിയിന്മേൽ സംസ്ഥാനത്തിന്റെ നിലപാട് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

കേന്ദ്രസർക്കാർ വൈദ്യുതി ഭേദഗതി ചട്ടങ്ങളുടെ കരടിന്മേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. മേൽപ്പറഞ്ഞ കാര്യങ്ങൾ സംബന്ധിച്ച് സംസ്ഥാനത്തിന്റെ ആശങ്കയും ഒപ്പം ഉപഭോക്താക്കളിൽനിന്ന് ഈടാക്കുന്നനിരക്ക് ന്യായയുക്തമാണെന്നും ലൈസൻസികൾ മെറിറ്റ് ഓർഡർ ഡെസ്പാച്ച് പാലിക്കുന്നുണ്ടെന്നും ഉറപ്പാക്കാൻ സംസ്ഥാന കമ്മീഷന്റെ പരിശോധന ആവശ്യമാണെന്നും കമ്മീഷന്റെ മുൻകൂർ

പരിശോധനയില്ലാതെ വൈദ്യുതിവാങ്ങൽ ചെലവിലെ വ്യതിയാനം ലൈസൻസികൾ സ്വമേധയാ കണ്ടെത്തി ഈടാക്കുന്ന നിർദ്ദേശത്തോട് സംസ്ഥാനം യോജിക്കുന്നില്ലെന്നും 06-09-2022-ലെ എ 1/183/2022/ഊ.വ. നമ്പർ അർദ്ധ ഔദ്യോഗിക കത്ത് മുഖേന സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. കരട് നിർദ്ദേശങ്ങൾ സംബന്ധിച്ച് കെ.എസ്.ഇ.ബി.-യും തങ്ങളുടെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. 29-12-2022-ലെ ചട്ടഭേദഗതി സംബന്ധിച്ച് നിയമപരമായ പരിശോധന നടത്തി ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

## വൈദ്യുതി നിരക്ക് പരിഷ്കരണം

295 (723) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെട്രോളിനും ഡീസലിനും വില മാറുന്നതുപോലെ മാസംതോറും വൈദ്യുതി നിരക്ക് പരിഷ്കരിക്കണമെന്ന കേന്ദ്രസർക്കാരിന്റെ പുതിയ ചട്ടം കേരളത്തിലും നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

വിഷയം നിയമപരമായി പരിശോധിച്ച് ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## വൈദ്യുതീകരിക്കാത്ത പട്ടിക ഗോത്രവർഗ്ഗ ഊരുകൾ

296 (724) ശ്രീ. ഒ. ആർ. കേളു:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതീകരിക്കാത്ത പട്ടിക ഗോത്രവർഗ്ഗ ഊരുകൾ നിലവിലുണ്ടോ; എങ്കിൽ എത്രയാണെന്ന് അറിയിക്കാമോ?

നിലവിലുണ്ട്. സംസ്ഥാനത്തെ പിന്നാക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. വൈദ്യുതി ലഭ്യമല്ലാത്ത 101 പട്ടികവർഗ്ഗകോളനികൾ കണ്ടെത്തി ഡി.പി.ആർ. തയ്യാറാക്കുകയും ഫണ്ട് ലഭ്യമാക്കുന്നതിലേയ്ക്കായി ഡി.പി.ആർ. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് നൽകുകയും ചെയ്തിരുന്നു. ഇതിൽ എട്ട് കോളനികളിൽ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാക്കിയിട്ടുണ്ട്. ഒൻപത് കോളനികളുടെ വൈദ്യുതീകരണ പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത ഊരുകളിലേയ്ക്ക് ഗ്രിഡിലൂടെത്തന്നെ വൈദ്യുതി എത്തിക്കാൻ സാധിക്കുമോയെന്നും ഗ്രിഡുവഴി വൈദ്യുതി എത്തിക്കാൻ സാധിക്കാത്ത എത്ര ഊരുകൾ നിലവിലുണ്ടെന്നും വെളിപ്പെടുത്തുമോ?

ബാക്കിയുള്ള 84 ഊരുകളിൽ 45 കോളനികളിൽ ഗ്രിഡ് വൈദ്യുതീകരണവും 39 കോളനികളിൽ സോളാർ

വൈദ്യുതീകരണവുമാണ് സാധ്യമാകുന്നത്. ഇതിൽ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന 45 കോളനികളിൽ വയനാട് ജില്ലയിലെ 20 കോളനികൾ പുനരധിവാസം നടപ്പിലാക്കുന്ന കോളനികളിലുൾപ്പെട്ടവയാണ്.

(സി) അത്തരം ഊരുകളിൽ വൈദ്യുതി എത്തിക്കാൻ പകരം സാധ്യതകൾ പരിശോധിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

അനെർട്ടിന്റെ ആഭിമുഖ്യത്തിൽ ഇത്തരം ഊരുകളിൽ സൗരോർജ്ജത്തോടൊപ്പം മറ്റ് അക്ഷയ ഊർജ്ജ സാധ്യതകളുംകൂടി പരിശോധിച്ച് ഓരോ ഊരിനും അനുയോജ്യമായവ കണ്ടെത്തി നടപ്പിലാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. തുടക്കമെന്ന നിലയിൽ പാലക്കാട് ജില്ലയിലെ സൈലന്റ്‌വാലി മേഖലയിലെ താഴെത്തുടുക്കി കോളനിയിൽ 50 കിലോവാട്ട് ശേഷിയുള്ള വിൻഡ് സോളാർ ഹൈബ്രിഡ് പവർ പ്ലാന്റ് നിർമ്മാണം അന്തിമഘട്ടത്തിലാണ്.

## കാട്ടാക്കട മണ്ഡലത്തിൽ പുതിയ വൈദ്യുതി കണക്ഷൻ നൽകുന്നതിന് നടപടി

297 (725) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനുശേഷം പുതിയ അപേക്ഷകളിന്മേൽ വൈദ്യുതി

കണക്ഷൻ നല്കാനുണ്ടോ; എങ്കിൽ അവ എത്രയെന്ന് വ്യക്തമാക്കാമോ; അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനുശേഷം പുതിയ അപേക്ഷകളിന്മേൽ വൈദ്യുതി കണക്ഷൻ നൽകുന്നതിന് നിലവിൽ കാലതാമസമില്ല. ലഭ്യമായ അപേക്ഷകളിലെല്ലാം സർവ്വീസ് കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**തിരൂർ നഗരത്തിലെ റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ പദ്ധതി**

298 (726) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നഗരത്തിലേയ്ക്ക് ഓവർഹെഡ് ലൈനുകൾവഴി സബ്സ്റ്റേഷനുകളിൽനിന്ന് വൈദ്യുതി എത്തിക്കുന്നതിനാൽ സംഭവിക്കുന്ന വൈദ്യുതി തടസ്സവും അപകട സാധ്യതയും വാണിജ്യ സ്ഥാപനങ്ങളെ ബാധിക്കുന്ന സാഹചര്യം കണക്കിലെടുത്ത് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

തിരൂർ 110 കെ.വി. സബ്സ്റ്റേഷനിൽനിന്നാണ് തിരൂർ നഗരത്തിലേയ്ക്ക് വൈദ്യുതി വിതരണം നടത്തുന്നത്. ഈ ലൈനുകൾ നഗരത്തിനുപുറത്ത് മറ്റ് സെക്ഷൻ ഓഫീസുകളിലേയ്ക്കും വൈദ്യുതി വിതരണം നടത്തുന്നതിനാൽ ആ സെക്ഷൻ ഓഫീസിന്റെ പരിധിയിലുണ്ടാകുന്ന തടസ്സങ്ങൾ നഗരത്തേയും ബാധിക്കും. നഗരത്തിൽ വൈദ്യുതി വിതരണം തടസ്സരഹിതമായി നൽകുന്നതിന് നിലവിൽ 11 കെ.വി. ബാക്ക് ഫീഡിംഗ് സംവിധാനമുണ്ട്. മുൻകൂട്ടി നിശ്ചയിച്ച അറ്റകുറ്റപ്പണികൾമൂലമുണ്ടാകുന്ന വൈദ്യുതി തടസ്സങ്ങൾ വാണിജ്യ സ്ഥാപനങ്ങളെയുൾപ്പെടെ അറിയിക്കുന്നതിനായി ഒ.എം.എസ്. (Outage Management System) മുഖേന എസ്.എം.എസ്. അയയ്ക്കുന്ന സംവിധാനം നിലവിലുണ്ട്. തിരൂർ നിയോജകമണ്ഡലത്തിൽ നിലവിൽ അനുമതി ലഭിച്ചിട്ടുള്ള വെങ്ങാലൂർ സബ്സ്റ്റേഷനിൽനിന്നും എഴൂർ ബൈപ്പാസിലേയ്ക്ക് പുതിയ ഭൂഗർഭകേബിൾ വലിക്കുന്നതിന് അഡീഷണലായി RDSS പദ്ധതിയിൽ അനുമതിക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള ഓവർഹെഡ് ലൈനുകൾ മാറ്റി ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിനുള്ള ഏഴ് പ്രവൃത്തികളും RDSS പദ്ധതിയിൽ പ്രത്യേക അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ ചെയ്തുതീരുന്നമുറയ്ക്ക്

തിരൂർ നഗരത്തിലെ വൈദ്യുതി തടസ്സങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാകുന്നതാണ്.

(ബി) തിരൂർ നഗരത്തിൽ നിലവിലുള്ള ഓവർഹെഡ് ലൈനിനുതാഴെ കേബിളുകൾ വലിക്കുന്നതുകാരണം ഏതെങ്കിലും ഒരു ഫീഡർ തകരാറിലായാൽ രണ്ട് ഫീഡറും ഓഫ് ചെയ്യേണ്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഒരേ പോസ്റ്റുകളിൽക്കൂടി രണ്ട് ഫീഡറുകൾ വലിച്ചിട്ടുള്ള സാഹചര്യത്തിൽ ഒരു ഫീഡർ തകരാറിലായാൽ സുരക്ഷാ കാരണങ്ങളാൽ രണ്ടു ഫീഡറുകളും ഓഫ് ചെയ്ത് മാത്രമേ തകരാറുകൾ പരിഹരിക്കാൻ സാധിക്കുകയുള്ളൂ. സുരക്ഷാ കാരണങ്ങളാൽത്തന്നെ നിലവിലുള്ള ഓവർഹെഡ് ലൈനുകൾക്കുതാഴെ പുതിയ കേബിളുകൾനവലിക്കുന്ന പ്രവൃത്തികൾ നടത്തുമ്പോഴും ഓവർഹെഡ് ലൈൻ ഓഫ് ചെയ്ത് മാത്രമേ പ്രവൃത്തികൾ നടത്താൻ സാധിക്കുകയുള്ളൂ. ഇത്തരത്തിൽ തിരൂർ നഗരത്തിൽ ഓവർഹെഡ് ലൈനിനുകീഴെ പുതിയ കേബിൾ വലിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചുകഴിഞ്ഞിട്ടുണ്ട്. തിരൂർ നഗരത്തിൽ ഇത്തരത്തിലുള്ള മറ്റ് പ്രവൃത്തികൾ നിലവിലില്ല.

(സി) നഗരത്തിൽ അണ്ടർഗ്രൗണ്ട് കേബിൾ/ഏരിയൽ ബഞ്ച്ഡ് കേബിളുപയോഗിച്ച് ഒരു റിംഗ് നെറ്റ്‌വർക്ക് ഫോം ചെയ്ത് റിംഗ് മെയിൻ യൂണിറ്റുകൾ സ്ഥാപിച്ച് വൈദ്യുതി മുടങ്ങാതെ ലഭ്യമാക്കുന്നതിന് റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

നഗരത്തിൽ ഭൂഗർഭകേബിളുകൾ സ്ഥാപിക്കുന്നതിനുള്ള എട്ട് പ്രവൃത്തികളും റിംഗ് മെയിൻ യൂണിറ്റുകൾ സ്ഥാപിക്കുന്ന 18 പ്രവൃത്തികളും RDSS സ്കീമിൽ പ്രത്യേക അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി**

299 (727) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടെന്നും ഇതിനായി ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ?

സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ 9897 വീടുകൾക്ക് വൈദ്യുതി കണക്ഷൻ

നൽകിയിട്ടുണ്ട്. ഇതിനായി 36 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ചങ്ങനാശ്ശേരി മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്ത വീടുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ; വിശദാംശം നൽകുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ വയറിംഗ് പൂർത്തീകരിച്ച് വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ സമർപ്പിച്ച എല്ലാ ഗുണഭോക്താക്കൾക്കും വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

**മഞ്ചേരി മണ്ഡലത്തിലെ വൈദ്യുത ചാർജ്ജിംഗ് സ്റ്റേഷനുകൾ**

300 (728) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ സ്ഥാപിച്ചിട്ടുള്ള വൈദ്യുത ചാർജ്ജിംഗ് സ്റ്റേഷനുകൾ സംബന്ധിച്ച നിയമസഭാ ചോദ്യത്തിന് തെറ്റായ ഉത്തരം നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

മഞ്ചേരി നിയോജകമണ്ഡലത്തിലെ ചാർജ്ജിംഗ് പോയിന്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്നാണ് കെ.എസ്.ഇ.ബി.-യിൽനിന്നും റിപ്പോർട്ട് നൽകിയിരുന്നത്. ആയതിൻപ്രകാരമാണ് അത്തരത്തിൽ മറുപടി നൽകിയത്. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ സർവ്വീസ്

കണക്ഷൻ കൊടുത്തിരുന്നില്ലെന്നും ആയതുമൂലം ചാർജ്ജിംഗ് പോയിന്റുകൾ പ്രവർത്തനക്ഷമമായിരുന്നില്ലെന്നും കെ.എസ്.ഇ.ബി.എൽ. ഇപ്പോൾ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദീകരണം വാങ്ങി ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത മണ്ഡലത്തിൽ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ ഇനിയും പ്രവർത്തിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

മതിയായ എർത്ത് റെസിസ്റ്റൻസ് വാല്യൂ ലഭിക്കാത്തതുകൊണ്ട് സർവ്വീസ് കണക്ഷൻ കൊടുക്കാൻ സാധിക്കാത്തതുകൊണ്ടാണ് ചാർജ്ജിംഗ് പോയിന്റുകൾ പ്രവർത്തനക്ഷമമാകാത്തത്.

(സി) പ്രസ്തുത ചാർജ്ജിംഗ് സ്റ്റേഷനുകൾ അടിയന്തരമായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത മണ്ഡലത്തിലെ ഏതൊക്കെ സ്ഥലങ്ങളിലാണ് വൈദ്യുത ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നത്; വിശദമാക്കാമോ?

ഹാജ്യാർപ്പടി (തൃക്കലങ്ങോട്), തന്നത്താൻകുന്ന്, നെല്ലിപറമ്പ് (മഞ്ചേരി സൗത്ത്), പയ്യനാട്, കച്ചേരിപടി (മഞ്ചേരി നോർത്ത്), ആനക്കയം, എം.എസ്.പി., മുണ്ടുപറമ്പ്, പൊന്മള (മലപ്പുറം ഈസ്റ്റ്), കിഴക്കേത്തല (മലപ്പുറം വെസ്റ്റ്), താന്നിക്കൽ (ചട്ടിപ്പറമ്പ്) എന്നിവിടങ്ങളിലാണ് വൈദ്യുത ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളത്.

## പുരപ്പുറ സൗരോർജ്ജ പദ്ധതി

301 (729) <u>ശ്രീ. തോമസ് കെ. തോമസ്</u>:
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>:
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>:
<u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുരപ്പുറ സൗരോർജ്ജ പദ്ധതി വ്യാപകമാക്കാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പുരപ്പുറ സൗരോർജ്ജ പദ്ധതി വ്യാപകമാക്കാൻ ഈ സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവയിൽ സംസ്ഥാന ഗവൺമെന്റ് ഊർജ്ജ കേരളാ മിഷന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡുമായിച്ചേർന്ന് നടപ്പാക്കുന്ന SPV (Special Purpose Vehicle)-യാണ് പുരപ്പുറ സൗരോർജ്ജ പദ്ധതി. ഇത് രണ്ട് ഘട്ടങ്ങളിലായാണ്

നടപ്പാക്കുന്നത്. (Phase I) ഒന്നാംഘട്ട പദ്ധതി നോൺ സബ്സിഡി പദ്ധതിയിൽ എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാവുന്നതാണ്. ഈ പദ്ധതിയിൽ നിലവിൽ 23.16 MW-ന്റെ 1929 നിലയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഈ പദ്ധതിയിൽ പുതിയ രജിസ്ട്രേഷൻ അനുവദിക്കുന്നില്ല.

സൗര (Phase II) രണ്ടാംഘട്ട സബ്സിഡി പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്കുവേണ്ടി മാത്രമുള്ളതാണ്. ഇത് (MNRE) കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെയാണ് നടപ്പാക്കുന്നത്. ഈ പദ്ധതിയിൽ 1 മുതൽ 3 KW വരെ ശേഷിയുള്ള നിലയങ്ങൾക്ക് 40 ശതമാനം സബ്സിഡിയും 3 KW-ന് മുകളിൽ 10 KW വരെ ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 KW-ന് 40 ശതമാനവും തുടർന്നുള്ള ഓരോ KW-നും 20 ശതമാനവും സബ്സിഡിയുമാണ് കേന്ദ്രസർക്കാർ നൽകുന്നത്. 10 KW-ന് മുകളിൽ സബ്സിഡിയില്ല. എന്നാൽ ഹൗസിംഗ് സൊസൈറ്റികൾക്ക് 10 KW-ന് മുകളിൽ 500 KW വരെ 20 ശതമാനം സബ്സിഡി അനുവദിക്കുന്നുണ്ട്. സബ്സിഡി സ്കീമിൽ നിലവിൽ 105.53 MW-ന്റെ 28317 നിലയങ്ങൾ

പൂർത്തീകരിച്ചു. ഇതിൽ 97.31 MW-ന്റെ 26047 നിലയങ്ങൾ കമ്മീഷൻ ചെയ്തു.

ഈ പദ്ധതിയിൽ പൊതുജനശ്രദ്ധ പിടിച്ചുപറ്റാനും അവരെ ബോദ്ധ്യപ്പെടുത്താനും കേരളത്തിലെ എല്ലാ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലും സബ്ഡിവിഷനുകളിലും കളക്ടറേറ്റുകളിലും സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണം ത്വരിതഗതിയിലാക്കാൻ ട്രാക്കിംഗ് സംവിധാനത്തോടുകൂടിയുള്ള 'e-kiran മാനേജ്മെന്റ് പോർട്ടൽ' വികസിപ്പിച്ചിട്ടുണ്ട്. ഇവ കൂടാതെ പൊതുജനങ്ങൾക്ക് നിലയം സ്ഥാപിക്കാനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. സൗര പുരപ്പുറ പദ്ധതിയുടെ കീഴിൽ ആകെ 117.71 MW-ന്റെ 27921 നിലയങ്ങൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ പുരോഗതിയിലാണ്. കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷിയുള്ള പ്ലാന്റുകൾ അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. ഈ പദ്ധതി പ്രകാരം സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നത് സാമ്പത്തികമായി ലാഭകരമാണെന്ന് ഗാർഹിക

ഉപഭോക്താക്കളെ ബോധ്യപ്പെടുത്തുന്നതിന് അനെർട്ട് വിവിധ പ്രചരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിനായി 'സൗരതേജസ്സ്' എന്ന പേരിൽ പ്രത്യേക ക്യാമ്പയിൻ അനെർട്ട് നടത്തുന്നുണ്ട്. വിവിധ ഊർജ്ജമിത്ര കേന്ദ്രങ്ങൾ, റെസിഡന്റ്സ് അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവരെ ക്യാമ്പയിൻ പാർട്ണർമാരായി തെരഞ്ഞെടുത്ത് അവർ മുഖേനയുള്ള സ്പോട്ട് രജിസ്ട്രേഷൻ, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. വിവിധ പത്രമാധ്യമങ്ങൾ, ടെലിവിഷൻ ചാനലുകൾ, സമൂഹമാധ്യമങ്ങൾ, എഫ്.എം. സ്റ്റേഷനുകൾ എന്നിവ വഴി ഈ പദ്ധതിയുടെ നേട്ടങ്ങളെ സംബന്ധിച്ച വിവരം ഗാർഹിക ഉപഭോക്താക്കളിലെത്തിക്കുന്നതിനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. സൗരോർജ്ജ പദ്ധതി സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുന്നതിനും സംശയനിവാരണത്തിനുമായി പ്രത്യേക ടോൾ ഫ്രീ ഹെൽപ്പ് ലൈൻ നമ്പർ ഏർപ്പെടുത്തിയിട്ടുണ്ട്.

ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ കൂടുതൽ ജനങ്ങളെ ആകർഷിക്കുന്നതിനുവേണ്ടി അംഗീകൃത ബാങ്കുകൾവഴി കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പാരമ്പര്യേതര ഊർജ്ജം വിപുലമായി ഉപയോഗിക്കുന്നതിന് പുതിയ പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പാരമ്പര്യേതര ഊർജ്ജം വിപുലമാക്കുന്നതിന്റെ ഭാഗമായി KSEBL നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആയതിന്റെ ഭാഗമായി ഈ സർക്കാർ അധികാരമേറ്റപ്പോൾ 304 MW ആയിരുന്ന സോളാർ സ്ഥാപിതശേഷി നിലവിൽ 717 MW ആയിട്ടുണ്ട്. അതായത് ഈ സർക്കാരിന്റെ കാലത്ത് 413 MW കൂട്ടിച്ചേർക്കാനായിട്ടുണ്ട്. ഈ നേട്ടം കൈവരിക്കാനായത് പാരമ്പര്യേതര ഊർജ്ജ മേഖലയിൽ നടപടിക്രമങ്ങൾ ലഘൂകരിച്ചതിന്റെ ഭാഗമായും കണക്ടിവിറ്റി നൽകുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചതിനാലുമാണ്. അതോടൊപ്പം KSEBL-ന്റെ സ്വന്തം ഫണ്ടുപയോഗിച്ച് സൗര പദ്ധതി മുഖേന നടപ്പിലാക്കിയ phase-I പദ്ധതി വഴി ജനങ്ങളെ സോളാറിലേയ്ക്ക് ആകർഷിക്കാൻ കഴിഞ്ഞു. കൂടാതെ സൗര സബ്സിഡി സ്കീം വഴി ഗാർഹിക പുരപ്പുറങ്ങളിലായി 100 MW സ്ഥാപിതശേഷി കൈവരിക്കാനായിട്ടുണ്ട്. KSEBL-ന്റെ സ്വന്തം സ്ഥലത്ത് 21.5 MW-ന്റെ സോളാർ നിലയങ്ങൾ നിർമ്മിച്ചിട്ടുണ്ട്. 6.5 MW-ന്റെ നിർമ്മാണം നടന്നുവരുന്നു. KSEBL-ന്റെ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ 5.8

MW-ന്റെ സൗരോർജ്ജനിലയങ്ങൾ ഇതിനോടൊപ്പം സ്ഥാപിച്ചുകഴിഞ്ഞു. 1.05 MW-ന്റെ നിർമ്മാണം നടന്നുവരുന്നു. ഇതോടൊപ്പം ഡാമുകൾ, റിസർവോയറുകൾ എന്നിവയുടെ മുകളിൽ ഫ്ലോട്ടിംഗ് സോളാർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**ആലപ്പുഴ മണ്ഡലത്തിലെ സൗരോർജ്ജ പദ്ധതികൾ**

302 (730) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ സൗരോർജ്ജ പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) ഊർജ്ജ വകുപ്പിനുകീഴിലുള്ള കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മുഖേന ആലപ്പുഴ നിയോജകമണ്ഡലത്തിൽ ആറ് പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും അവ പൂർണ്ണതോതിൽ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ആലപ്പുഴ നിയോജകമണ്ഡലത്തിൽ 'സൗര' പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെയായി 188 സൗരനിലയങ്ങൾ (699 KWP)

സ്ഥാപിച്ചിട്ടുണ്ട്. സൗര ഫേസ് -I നോൺ സബ്സിഡി പദ്ധതിയിൽ 12 നിലയങ്ങളും (55 KWP) സൗര ഫേസ് -II സബ്സിഡി പദ്ധതിയിൽ 176 നിലയങ്ങളും (644 KWP) സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ പുരോഗതിയിലാണ്. ആലപ്പുഴ കളക്ടറേറ്റിൽ ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കുമായി സൗര സബ്സിഡി സ്കീമിനെക്കുറിച്ച് ക്ലാസ് നടത്തുകയുണ്ടായി. കൂടാതെ പ്രസ്തുത മണ്ഡലത്തിലെ ഇലക്ട്രിക്കൽ സെക്ഷനുകൾ കേന്ദ്രീകരിച്ച് പൊതുജനങ്ങളിൽ സൗരപദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങളെത്തിക്കാൻ സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ നടത്തുകയുണ്ടായി.

ആലപ്പുഴ നിയോജകമണ്ഡലത്തിൽ 'ദ്യുതി' ഒന്നാംഘട്ട പദ്ധതിയിൽപ്പെടുത്തി 11 kv ലൈൻ വർക്കുകൾ, LT ലൈൻ വർക്കുകൾ, റീ കണ്ടക്ടറിംഗ് വർക്കുകൾ, കൺവർഷൻ വർക്കുകൾ, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ABC ലൈൻ വർക്കുകൾ, ലൈൻ നവീകരണ ജോലികൾ എന്നീ 43 പ്രവൃത്തികൾ 505.24 ലക്ഷം രൂപ ചെലവിൽ പൂർത്തീകരിച്ചു.

കൂടാതെ കേന്ദ്രാവിഷ്കൃത ആർ.ഡി.എസ്.എസ്. പദ്ധതിയിൽപ്പെടുത്തി 11 kv ലൈൻ വർക്കുകൾ, LT ലൈൻ വർക്കുകൾ, റീ കണ്ടക്ടറിംഗ് വർക്കുകൾ, കൺവർഷൻ വർക്കുകൾ, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ,

ABC ലൈൻ വർക്കുകൾ, സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കൽ, ലൈൻ നവീകരണ ജോലികൾ എന്നിങ്ങനെ 38 പ്രവൃത്തികളിലായി 635.95 ലക്ഷം രൂപയുടെ ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്.

ആലപ്പുഴ നിയോജകമണ്ഡലത്തിൽ, അനെർട്ട് മുഖേന ഗാർഹിക മേഖലയിൽ 136 അപേക്ഷകളിലായി 466 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ്ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. ഇവയിൽ 121 കിലോവാട്ട് കമ്മീഷൻ ചെയ്തു. സൗരോർജ്ജ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് വ്യവസ്ഥയിൽ സൗരോർജ്ജ നിലയങ്ങൾ അനെർട്ട് മുഖേന സ്ഥാപിക്കുന്നതിന് പത്ത് ശതമാനം തുക ഇൻസെന്റീവായി അനെർട്ട് നൽകുന്നുണ്ട്. കൂടാതെ റിന്യൂവബിൾ എനർജി സേവനദാതാക്കൾ മുഖേന സ്വകാര്യപങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന 'റെസ്കോ മോഡൽ' പദ്ധതി അനെർട്ട് നടപ്പിലാക്കുന്നു. സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നത് സാമ്പത്തികമായി ലാഭകരമാണെന്ന്

ഗാർഹിക ഉപഭോക്താക്കളെ ബോധ്യപ്പെടുത്തുന്നതിന് അനെർട്ട് വിവിധ പ്രചാരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) സർക്കാർ/എയ്ഡഡ് സ്കൂൾ/കോളേജുകളിലെ കമ്പ്യൂട്ടർ ലാബുകൾ സൗരോർജ്ജ പദ്ധതിയിലുൾപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ഡെപ്പോസിറ്റ് വർക്ക് സ്കീമിലുൾപ്പെടുത്തി തുക ഒടുക്കുന്ന മുറയ്ക്ക് ഇ-ടെണ്ടർ നടപടിക്രമത്തിലൂടെ കെ.എസ്.ഇ.ബി.എൽ. സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ച് നൽകിവരുന്നു. സർക്കാർ സ്കൂളുകളിൽ ഡെപ്പോസിറ്റ് വ്യവസ്ഥയിൽ അനെർട്ട് മുഖേന സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് പത്ത് ശതമാനം തുക ഇൻസെന്റീവ് നൽകുന്നുണ്ട്.

(ഡി) സൗരോർജ്ജ പദ്ധതി നടപ്പിലാക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

സൗരസബ്സിഡി പദ്ധതി വഴി സൗരനിലയം സ്ഥാപിക്കാൻ താഴെ പറയുന്ന മാനദണ്ഡങ്ങൾ ആവശ്യമാണ്.

1. അപേക്ഷകൻ ഗാർഹിക ഉപഭോക്താവായിരിക്കണം.

2. അപേക്ഷകന് സൗരനിലയം സ്ഥാപിക്കാൻ അനുയോജ്യമായ പുരപ്പുറമുണ്ടായിരിക്കണം.

3. സോളാർ പാനൽ DCR Content ഉള്ളതായിരിക്കണം.

4. ഉപഭോക്താവ് Application Fee 1000/-+ GST അടച്ചാണ് കെ.എസ്.ഇ.ബി.എൽ.-ൽ അപേക്ഷിക്കേണ്ടത്. Technical Feasibility ലഭിച്ചതിനുശേഷം സൗരനിലയം സ്ഥാപിക്കുന്നതിനുവേണ്ടി രജിസ്ട്രേഷൻ ഫീ 1,000/- + GST/KW അടയ്ക്കേണ്ടതാണ്. നിർമ്മാണം വിജയകരമായി പൂർത്തിയാക്കുന്ന മുറയ്ക്ക് രജിസ്ട്രേഷൻ ഫീയുടെ 80 ശതമാനം തിരികെ ഉപഭോക്താവിന് നൽകുന്നതാണ്.

5. ഈ പദ്ധതിയുടെ ഭാഗമായി 1 മുതൽ 3 KW വരെയുള്ള നിലയങ്ങൾക്ക് ബഞ്ച് മാർക്ക് കോസ്റ്റിന്റെ 40 ശതമാനവും മൂന്നിന് മുകളിൽ 10 KW വരെ ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 KW-ന് 40 ശതമാനവും തുടർന്നുള്ള ഓരോ കിലോവാട്ടിനും 20 ശതമാനം സബ്സിഡിയുമാണ് കേന്ദ്രസർക്കാർ നൽകുന്നത്. ഗ്രൂപ്പ് ഹൗസിംഗ് സൊസൈറ്റികൾ, ഫ്ലാറ്റുകൾ എന്നിവയ്ക്ക് പരമാവധി 500 കിലോവാട്ടുവരെ (ഒരു വീടിന് പരമാവധി 10 കിലോവാട്ട് എന്ന കണക്കിൽ) പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ശതമാനം സബ്സിഡി ലഭിക്കുന്നതാണ്. ഗാർഹിക ഉപഭോക്താക്കൾക്ക് 10 KW-ന് മുകളിൽ സബ്സിഡിയില്ല. അനെർട്ട് മുഖേന പ്ലാന്റ് സ്ഥാപിക്കുന്നതിന് 'ബൈ മൈ സൺ' എന്ന ഓൺലൈൻ പോർട്ടൽ മുഖേന ഉപഭോക്താക്കൾ

അപേക്ഷ സമർപ്പിക്കേണ്ടതാണ്. കെ.എസ്.ഇ.ബി.എൽ. എംപാനൽ ചെയ്ത ഡെവലപ്പർമാർ വഴിയാണ് അപേക്ഷകർ പ്ലാന്റ് സ്ഥാപിക്കുന്നത്. അപേക്ഷകർ തെരഞ്ഞെടുക്കുന്ന ഡെവലപ്പർമാർ സ്ഥലം സന്ദർശിച്ച് ഫീസിബിലിറ്റി പരിശോധന നടത്തുകയും തുടർന്ന് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. ഒരു കിലോവാട്ട് സോളാർ പാനൽ സ്ഥാപിക്കുന്നതിന് നിഴൽ പതിക്കാത്ത 100 ചതുരശ്ര അടി സ്ഥലം ആവശ്യമാണ്. സബ്സിഡി കഴിഞ്ഞുള്ള തുകയാണ് ഉപഭോക്താക്കൾ പ്ലാന്റ് സ്ഥാപിക്കുന്ന കമ്പനികൾക്ക് നൽകേണ്ടത്. പ്ലാന്റ് നിർമ്മാണം പൂർത്തിയായതിനുശേഷം സബ്സിഡി തുക കേന്ദ്ര നവപുനരുപയോഗ ഊർജ്ജമന്ത്രാലയത്തിൽനിന്ന് ലഭിക്കുമ്പോൾ അത് പ്ലാന്റ് സ്ഥാപിച്ച കമ്പനികൾക്കാണ് നൽകുന്നത്.

## പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ

303 (731) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) സൗരോർജ്ജത്തിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് ആരംഭിച്ചിട്ടുള്ള പുരപ്പുറ സൗരോർജ്ജ പദ്ധതി സംസ്ഥാനത്ത് നിലവിലുണ്ടോ; വിശദമാക്കുമോ?

(എ-സി) സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ പരിപോഷിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നിരവധി നടപടികളിൽ ഒന്നാണ് 'സൗര' പുരപ്പുറ സൗരോർജ്ജ പദ്ധതി. സംസ്ഥാന ഗവൺമെന്റ് ഊർജ്ജ കേരള മിഷന്റെ ഭാഗമായി കെ.എസ്.ഇ.ബി. ലിമിറ്റഡുമായി ചേർന്ന് നടപ്പാക്കുന്ന spv ആണ് 'സൗര' പദ്ധതി.

ഇത് രണ്ട് ഘട്ടങ്ങളിലായാണ് നടപ്പാക്കുന്നത്. (Phase-I) ഒന്നാംഘട്ട നോൺസബ്സിഡി പദ്ധതിയിൽ എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാവുന്നതാണ്. ഈ പദ്ധതിയിൽ നിലവിൽ 23.16 MW-ന്റെ 1929 നിലയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഈ പദ്ധതിയിൽ പുതിയ രജിസ്ട്രേഷൻ അനുവദിക്കുന്നില്ല. 'സൗര' (Phase-II) രണ്ടാംഘട്ട സബ്സിഡി പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്കുവേണ്ടി മാത്രമുള്ളതാണ്. ഇത്

(MNRE) കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെയാണ് നടപ്പാക്കുന്നത്. ഈ പദ്ധതിയിൽ 1 മുതൽ 3 KW വരെ ശേഷിയുള്ള നിലയങ്ങൾക്ക് 40 ശതമാനം സബ്സിഡിയും 3 KW-ന് മുകളിൽ 10 KW വരെ ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 KW-ന് 40 ശതമാനവും തുടർന്നുള്ള ഓരോ KW-നും 20 ശതമാനം സബ്സിഡിയുമാണ് കേന്ദ്രസർക്കാർ നൽകുന്നത്. 10 KW-ന് മുകളിൽ സബ്സിഡിയില്ല. എന്നാൽ ഹൗസിംഗ് സൊസൈറ്റികൾക്ക് 10 KW-ന് മുകളിൽ 500 KW വരെ 20 ശതമാനം സബ്സിഡി അനുവദിക്കുന്നുണ്ട്. സബ്സിഡി സ്കീമിൽ നിലവിൽ 105.53 MW-ന്റെ 28317 നിലയങ്ങൾ പൂർത്തീകരിച്ചു. ഇതിൽ 97.31 MW-ന്റെ 26047 നിലയങ്ങൾ കമ്മീഷൻ ചെയ്തു. ഈ പദ്ധതിയിൽ പൊതുജന ശ്രദ്ധ പിടിച്ചുപറ്റാനും അവരെ ബോദ്ധ്യപ്പെടുത്താനും കേരളത്തിലെ എല്ലാ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലും സബ്ഡിവിഷനുകളിലും കളക്ടറേറ്റുകളിലും സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണം ത്വരിതഗതിയിലാക്കാൻ ട്രാക്കിംഗ് സംവിധാനത്തോടുകൂടിയുള്ള 'ഇ-കിരൺ മാനേജ്മെന്റ് പോർട്ടൽ' വികസിപ്പിച്ചിട്ടുണ്ട്. ഇവ കൂടാതെ പൊതുജനങ്ങൾക്ക് നിലയം

സ്ഥാപിക്കുന്നുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. സൗര പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ കീഴിൽ ആകെ 117.71 MW-ന്റെ 27921 നിലയങ്ങൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ പുരോഗതിയിലാണ്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിനായി അനെർട്ട് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. <u>സൗരതേജസ്സ്</u>: കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജമന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. ഇതിനായി 'സൗരതേജസ്സ്' എന്ന പേരിൽ പ്രത്യേക ക്യാമ്പയിൻ അനെർട്ട് നടത്തിവരുന്നു.

2. <u>റെസ്കോ മോഡൽ പദ്ധതി</u>: റിന്യൂവബിൾ എനർജി സേവനദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ വൈദ്യുതി സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ മോഡൽ പദ്ധതി.

3. <u>സോളാർ സിറ്റി പദ്ധതി:</u> കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജമന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം സംസ്ഥാന സർക്കാർ തലസ്ഥാന നഗരമായ തിരുവനന്തപുരത്തെ സോളാർ സിറ്റിയായി തെരഞ്ഞെടുത്തിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിന്റെ മുഴുവൻ വൈദ്യുതി ആവശ്യവും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്ന് നിറവേറ്റുകയാണ് ലക്ഷ്യം. ഇതിന്റെ ആദ്യഘട്ടമായി 100 MW ഗാർഹിക സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജമന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് കോർപ്പറേഷൻ പരിധിയിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനെർട്ട് മുഖേന നടപ്പിലാക്കുന്നു. ഈ പദ്ധതി പ്രകാരം 400-ഓളം സ്ഥാപനങ്ങളിലായി 20 MW ശേഷിയിലധികം സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു.

4. <u>ഹരിത ഊർജ്ജ വരുമാന പദ്ധതി:</u> പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് ഹരിത ഊർജ്ജ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് അവരുടെ ജീവിത സാഹചര്യവും ഒപ്പം വരുമാനവും മെച്ചപ്പെടുത്തുന്നതിന് 'ഹരിത ഊർജ്ജ വരുമാന പദ്ധതി'. ഈ പദ്ധതിയുടെ ആദ്യഘട്ടമായി

ലൈഫ് മിഷൻ പദ്ധതി പ്രകാരം നിർമ്മിച്ച 500 വീടുകളിൽ രണ്ട് കിലോവാട്ട് വീതവും പട്ടികജാതി വകുപ്പ് നിർമ്മിച്ച് നൽകിയ 200 വീടുകളിൽ മൂന്ന് കിലോവാട്ട് വീതവും ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയായി.

5. ഇലക്ട്രിക് കാറുകൾ ചാർജ് ചെയ്യുന്നതിന് വളരെയധികം വൈദ്യുതി വേണ്ടിവരുന്നതിനാൽ പരമാവധി ഹരിതോർജ്ജം ഉപയോഗിക്കുന്നതിനായി പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകളോടൊപ്പം സ്ഥാപിക്കുന്ന സൗരോർജ്ജ സംവിധാനത്തിന് സംസ്ഥാന സർക്കാർ അനെർട്ട് വഴി സബ്സിഡി നൽകിവരുന്നു. 5 kW മുതൽ 50 kW വരെയുള്ള സൗരോർജ്ജ സംവിധാനത്തിന് ഒരു കിലോവാട്ടിന് 20,000 എന്ന നിരക്കിൽ 50 kW സോളാർ പാനലിന് പത്തുലക്ഷം രൂപ സബ്സിഡി നൽകിവരുന്നു.

6. പി.എം. കുസും പദ്ധതി പ്രകാരം 47 കാർഷിക പമ്പുകളുടെ സൗരോർജ്ജവൽക്കരണം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ളവയുടെ പ്രവർത്തനം ദ്രുതഗതിയിൽ നടന്നുവരുന്നു. കൂടാതെ ഒരു ലക്ഷം കാർഷിക പമ്പുകൾ സൗരോർജ്ജവൽക്കരിക്കാൻ പദ്ധതിയിടുന്നു. ഇതിൽ 45000 പമ്പുകളുടെ അനുമതി കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചു. ആദ്യഘട്ടമായി 9348 പമ്പുകളുടെ സൗരോർജ്ജവൽക്കരണം നബാർഡ് RIDF ലോൺ

സഹായത്തോടെ നടത്തുന്നതിനുള്ള പ്രാരംഭനടപടികൾ പുരോഗമിക്കുന്നു.

സംസ്ഥാനത്തെ വൈദ്യുത ഊർജ്ജോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എനർജി മാനേജ്മെന്റ് സെന്റർ മുഖേന പാരമ്പര്യേതര ഊർജ്ജസ്രോതസ്സായ ചെറുകിട ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള ഇംപ്ലിമെന്റേഷൻ കരാറുകൾ വയ്ക്കുകയും മൂലത്തറ ഇറിഗേഷൻ കനാൽ, ലോവർ പെരിയാർ ടെയിൽറേസ്, കക്കാട് ടെയിൽറേസ് എന്നിവയിൽ ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യ പരീക്ഷിക്കുന്നതിനും നടപടിയെടുത്തിട്ടുണ്ട്.

ചെറുകിട ജലവൈദ്യുത പദ്ധതികൾ സുഗമമായി നടപ്പിലാക്കാനായി കരട് ചെറുകിട ജലവൈദ്യുതിനയം 2022 ഇ.എം.സി. തയ്യാറാക്കി സർക്കാരിന്റെ പരിഗണനയ്ക്കായി നൽകിയിട്ടുണ്ട്. കൂടാതെ കരട് നയത്തിന്മേലുള്ള ജനങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുന്നതിലേയ്ക്കായി ഇ.എം.സി.-യുടെ വെബ്സൈറ്റിൽ കരട് നയം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജനങ്ങളുടെ അഭിപ്രായവും സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ശിപാർശകളും സ്വീകരിച്ച് ഉടൻതന്നെ നയം പ്രസിദ്ധപ്പെടുത്തുന്നതാണ്. പ്രളയത്തെ തുടർന്ന് പ്രവർത്തനം നിലച്ച മാങ്കുളം പഞ്ചായത്തിലെ

പാമ്പുകയം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ പുനരുദ്ധാരണം നടപ്പിലാക്കുന്നതിന്റെ ചുമതല തദ്ദേശസ്വയംഭരണ വകുപ്പ് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം ഇ.എം.സി.-ക്ക് നൽകിയിരുന്നു. ഈ ജനുവരിയിൽ പദ്ധതിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുവേണ്ടി ഇ.എം.സി. പഞ്ചായത്തുമായി ധാരണാപത്രം ഒപ്പുവച്ചു. പദ്ധതിക്കുവേണ്ടിയുള്ള പുതിയ ടർബൈൻ ജനറേറ്റർ അസംബ്ലിക്ക് വേണ്ടിയുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഇ.എം.സി.-യിലെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെല്ലിന്റെ നേതൃത്വത്തിൽ 50.1 MW ശേഷിയുള്ള വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ മുഖേന സംസ്ഥാനത്ത് വൈദ്യുതോൽപ്പാദനം സാധ്യമാക്കിയിട്ടുണ്ട്. അതിൽ 47 MW സ്വകാര്യ സംരംഭകർക്ക് അനുവദിച്ച പദ്ധതികളിൽനിന്നാണ് ഉൽപ്പാദിപ്പിക്കുന്നത്. അതുകൂടാതെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ ഏറ്റവും അവസാനം വിളിച്ചിരുന്ന ടെണ്ടർ നടപടികൾ പ്രകാരം BOOT അടിസ്ഥാനത്തിൽ സർക്കാർ അലോട്ട് ചെയ്ത പദ്ധതികളിൽ മൂന്ന് എണ്ണത്തിന്റെ (ആറ്റില I-6 MW (പാലക്കാട് ജില്ല), ആറ്റില II-6 MW (പാലക്കാട് ജില്ല), കാങ്ങാപ്പുഴ- 0.75 MW (ഇടുക്കി ജില്ല) ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പിട്ട് കഴിഞ്ഞിരിക്കുകയാണ്. ഈ

പദ്ധതികൾ നടപ്പിലാക്കുന്നതുവഴി 12.75 മെഗാവാട്ട് സ്ഥാപിതശേഷികൂടി കൈവരിക്കാൻ സാധിക്കും. ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പുവച്ച കമ്പനികൾ പദ്ധതിയുടെ സാങ്കേതിക-സാമ്പത്തിക പ്രായോഗികതാ റിപ്പോർട്ടുകൾക്ക് (Techno-Economic Feasibility Report) അനുമതി ലഭിച്ച് 36 മാസത്തിനുള്ളിൽ പദ്ധതി കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. ബഹുമാനപ്പെട്ട വൈദ്യുത വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം ഇ.എം.സി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടെയും കൂട്ടായ പങ്കാളിത്തത്തോടെ SPV രൂപീകരിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആദ്യ പദ്ധതി എന്ന നിലയിൽ 2.5 MW ലോവർ വട്ടപ്പാറ ചെറുകിട ജലവൈദ്യുത പദ്ധതി തെരഞ്ഞെടുത്ത്, പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ സ്ഥലമെടുപ്പ്, പദ്ധതിയുടെ ഡീറ്റെയിൽഡ് എഞ്ചിനീയറിംഗ് അടുത്തഘട്ടമായി നടപ്പിലാക്കുന്നതാണ്. കേരളത്തിൽ ജലവൈദ്യുത പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിൽ വരുത്തുന്നതിനുള്ള വിദഗ്ദ്ധോപദേശം സ്വീകരിക്കുന്നതിന്റെ ഭാഗമായി 2022 ഡിസംബർ 15-ന് ഐ.ഐ.ടി. റൂർക്കിയിലെ പ്രൊഫസ്സറും ജലവൈദ്യുതി വിദഗ്ദ്ധനുമായി ബഹുമാനപ്പെട്ട വൈദ്യുത വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ,

കെ.എസ്.ഇ.ബി.എൽ., ഇ.എം.സി. ഉദ്യോഗസ്ഥരുടെ ചർച്ച പാലക്കാടുവച്ച് സംഘടിപ്പിച്ചിരുന്നു. ഇതിനെത്തുടർന്ന് ഐ.ഐ.ടി. റൂർക്കിയിലെ ഉദ്യോഗസ്ഥൻ കെ.എസ്.ഇ.ബി.എൽ.-ന്റെ ഇടുക്കി, എറണാകുളം ജില്ലകളിലെ വിവിധ പദ്ധതികൾ സന്ദർശിക്കുകയും ഓരോ പദ്ധതികളിലും വരുത്തേണ്ട ശിപാർശകൾ റിപ്പോർട്ടായി ബഹു<u>മാ</u>നപ്പെട്ട മന്ത്രിക്കും കെ.എസ്.ഇ.ബി.എൽ.-നും സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ടിൽ ജലവൈദ്യുത പദ്ധതികളുടെ ഡി.പി.ആർ.-കളിൽ പദ്ധതി നടപ്പിലാക്കുമ്പോഴുള്ള വിവിധോദ്ദേശ്യ പ്രയോജനങ്ങളായ വെള്ളപ്പൊക്ക നിയന്ത്രണം, ജലസേചനം, കാർഷികോൽപ്പാദനം മെച്ചപ്പെടുത്തൽ, കുടിവെള്ളം, ടൂറിസം വികസനം, മത്സ്യബന്ധനം, മറ്റ് അടിസ്ഥാന സൗകര്യ വികസനം എന്നിവ രേഖപ്പെടുത്തണമെന്നും ഇതിനായി സാമ്പത്തിക വിദഗ്ദ്ധന്റെ സേവനം, വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ഏകോപനം എന്നിവ ഈ വിഷയത്തിലുണ്ടാകണമെന്നും ശിപാർശ ചെയ്തിട്ടുണ്ട്.

**മലപ്പുറം ജില്ലയിൽ വൈദ്യുതാഘാതംമൂലമുള്ള അപകടമരണങ്ങൾ**

304 (732) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വൈദ്യുതാഘാതംമൂലമുള്ള അപകടമരണങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സാഹചര്യത്തിൽ ഇത്തരം അപകടങ്ങളുണ്ടാകാതിരിക്കാൻ കെ.എസ്.ഇ.ബി. സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപകടങ്ങൾ ഒഴിവാക്കാൻ ജീവനക്കാർക്കിടയിലും പൊതുജനങ്ങൾക്കിടയിലും ബോധവൽക്കരണ ക്ലാസുകൾ, ലഘുലേഖ വിതരണം, മൈക്ക് അനൗൺസ്മെന്റ് എന്നിവ നടത്തിവരുന്നു. വീടുകളിലുണ്ടാകുന്ന ഷോക്കേറ്റുള്ള അപകടങ്ങൾ കുറയ്ക്കുന്നതിനായി ELCB എന്ന ഉപകരണം സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കാൻ ബോധവൽകരണം നടത്തിവരുന്നു. വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്താനും നിർമ്മാണത്തിലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് വിതരണ ശൃംഖല ആധുനികവത്കരിക്കാനും തനതുഫണ്ടിലുൾപ്പെടുത്തി "ദ്യുതി" പദ്ധതിയിൽ വിതരണശൃംഖലയിൽ നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. ഭൂഗർഭകേബിളുകൾ സ്ഥാപിക്കുന്നതുവഴിയും എ.ബി.സി. കണ്ടക്റ്റർ ഉപയോഗിക്കുന്നതുവഴിയും സ്പേസറുകൾ, ലൈൻ മൗണ്ടഡ് ഗാർഡിംഗുകൾ എന്നിവ സ്ഥാപിക്കുന്നതുവഴിയും കവേർഡ്

കണ്ടക്ടറുകൾ ഉപയോഗിക്കുന്നതുവഴിയും അപകടങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാവുന്നതാണ്. ഇവ സ്ഥാപിച്ചുകൊണ്ട് വൈദ്യുതിയെത്തിക്കുന്നത് താരതമ്യേന ചെലവേറിയ പദ്ധതിയായതുകൊണ്ടും ഇത്തരത്തിലുണ്ടാകുന്ന ഭീമമായ ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതുകൊണ്ടും ഘട്ടംഘട്ടമായി പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

സുരക്ഷയ്ക്ക് അതീവ പ്രാധാന്യം നൽകുന്ന ദ്യുതി പദ്ധതിയിലുൾപ്പെടുത്തി കാലപ്പഴക്കം ചെന്ന ലൈനുകളും പോസ്റ്റുകളും മാറ്റിസ്ഥാപിക്കുന്നതിനും പുരയിടങ്ങൾക്ക് കുറുകെ കടന്നുപോകുന്ന ലൈനുകൾ അപകടങ്ങൾക്കോ വൈദ്യുതി തടസ്സത്തിനോ കാരണമാകുന്നുവെങ്കിൽ അവ മാറ്റിസ്ഥാപിക്കുന്നതിനും ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങളുടെയും ഗുണമേന്മ പൂർണ്ണമായും ഉറപ്പുവരുത്തുന്നതിനും കെ.എസ്.ഇ.ബി.എൽ. അതീവ പ്രാധാന്യം നൽകുകയും അതുവഴി വൈദ്യുതി അപകടങ്ങൾ പരമാവധി ഒഴിവാക്കാൻ ശ്രദ്ധിക്കുകയും ചെയ്യുന്നു. ഇക്കാരണങ്ങളാൽ മലപ്പുറം ജില്ലയിൽ മുൻവർഷത്തെ അപേക്ഷിച്ച് അപകടങ്ങൾ കുറഞ്ഞിട്ടുണ്ട്.

വൈദ്യുതി അപകടങ്ങൾ കുറയ്ക്കുന്നതിനായി ജനസാന്ദ്രതകൂടിയ പ്രദേശങ്ങളിലും ഇടുങ്ങിയ പ്രദേശങ്ങളിലും ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (എബിസി), കവേർഡ് കണ്ടക്ടർ എന്നിവ ഉപയോഗിക്കുന്നുണ്ട്. പുതുതായി

നിർമ്മിക്കുന്ന ഇലക്ട്രിക് എൽ.റ്റി. ലൈനുകൾ സുരക്ഷയുടെകൂടി പ്രാധാന്യം കണക്കിലെടുത്ത് "ഏരിയൽ ബഞ്ചഡ് കണ്ടക്ടർ" (എബിസി) ഉപയോഗിച്ച് നിർമ്മിക്കാൻ തീരുമാനിച്ചു. കൂടാതെ എൽ.റ്റി. ലൈനുകളിൽ സ്പേസർ, ഗാർഡിംഗ് മുതലായവ സ്ഥാപിച്ചുവരുന്നു. വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുള്ള ബോധവൽക്കരണം നൽകിവരുന്നുണ്ട്. കുടുംബശ്രീ, റെസിഡന്റ്സ് അസോസിയേഷൻ മുഖേന വൈദ്യുതി സുരക്ഷയെ സംബന്ധിച്ച് ലഘുലേഖകൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു. വിദ്യാർത്ഥികൾക്കിടയിൽ സുരക്ഷാ ബോധവൽക്കരണം നടത്തുന്നതിനായി അദ്ധ്യാപക-വിദ്യാർത്ഥി വാട്സ് ആപ് ഗ്രൂപ്പുകളിൽ പവർ പോയിന്റ് പ്രസന്റേഷൻ നടത്തിയിട്ടുണ്ട്. പൊതുജനങ്ങളെ വൈദ്യുതിമൂലമുള്ള അപകടങ്ങളെക്കുറിച്ച് കൂടുതൽ ബോധവാന്മാരാക്കുന്നതിനായി വിദ്യാഭ്യാസം, ദുരന്ത നിവാരണ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് വിഭാഗങ്ങളുടെ സഹകരണവും അഭ്യർത്ഥിച്ചിട്ടുണ്ട്. എല്ലാ ഉപഭോക്തൃ പ്രതിഷ്ഠാപനങ്ങളിലും ELCB (Earth Leakage Circuit Breaker) സ്ഥാപിക്കുന്നതിനായി ബോധവൽക്കരണം നൽകിവരുന്നുണ്ട്.

വൈദ്യുതി ലൈനിൽ പണിയെടുക്കുമ്പോൾ പാലിക്കേണ്ട സുരക്ഷാ നടപടികളെക്കുറിച്ചുള്ള സുരക്ഷാ മാന്വൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സുരക്ഷാ

നയം എല്ലാ ജീവനക്കാരിലേയ്ക്കുമെത്തിക്കുന്നതിനായി ജീവനക്കാർക്കുവേണ്ടി സുരക്ഷാനയവുമായി ബന്ധപ്പെട്ട പരിശീലന ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള അപകടങ്ങൾ കുറയ്ക്കുന്നതിനായി അനേർട്ടും പൊതുജന ബോധവത്കരണ പരിപാടികൾ നടത്തിവരുന്നു.

(ബി) ജില്ലയിൽ കഴിഞ്ഞ മൂന്നുവർഷങ്ങളിലുണ്ടായ അപകടമരണങ്ങളുടെ കണക്കുകൾ എത്രയെന്നും അപകടമുണ്ടായാലുടൻ വൈദ്യുത ബന്ധം വിച്ഛേദിക്കാൻ ഏർപ്പെടുത്തിയിരിക്കുന്ന ക്രമീകരണങ്ങൾ എന്തൊക്കെയെന്നുമുള്ള വിശദാംശം നൽകുമോ?

മലപ്പുറം ജില്ലയിൽ കഴിഞ്ഞ മൂന്നുവർഷങ്ങളിലായി 71 വൈദ്യുതി അപകടമരണങ്ങൾ സംഭവിച്ചിട്ടുണ്ട്. അത് ചുവടെ ചേർക്കുന്നു.

| വർഷം | അപകടത്തിൽ മരിച്ചവരുടെ എണ്ണം |
|---|---|
| 2020 | 30 |
| 2021 | 18 |
| 2022 | 23 |

സബ്സ്റ്റേഷനുകളിൽ ഹൈ-സെൻസിറ്റീവ് റിലേകൾ സ്ഥാപിച്ചു. വൈദ്യുതി ബന്ധം ഓട്ടോമാറ്റിക്കായി വിച്ഛേദിക്കുന്നതിനുള്ള സംവിധാനം (സ്വയം പ്രവർത്തിക്കുന്ന സർക്യൂട്ട് ബ്രേക്കറുകൾ) വഴി ഹൈ ടെൻഷൻ

ലൈനുകൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ കെ.എസ്.ഇ.ബി.എൽ. ശ്രദ്ധിച്ചുവരുന്നു. ലോ-ടെൻഷൻ വിതരണലൈനുകളിൽ ഫ്യൂസ് യൂണിറ്റുകളുപയോഗിച്ചാണ് നിലവിൽ സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. ലോ-ടെൻഷൻ ലൈനുകളിൽ മറ്റ് സാങ്കേതികവിദ്യ നിലവിലുണ്ടെങ്കിലും ഉപയോഗിക്കുന്നത് ചെലവേറിയതും പ്രായോഗികമായി ബുദ്ധിമുട്ടേറിയതുമാണ്. എന്നിരുന്നാലും ഇലക്ട്രിക്കൽ ഉപകരണനിർമ്മാതാക്കളിൽനിന്നും ഇലക്ട്രിക്കൽ പ്രൊട്ടക്ഷൻ സിസ്റ്റം ആർക്കിടെക്ടുകളിൽനിന്നും ഇന്നവേറ്റേഴ്സിൽനിന്നും മുതൽ മുടക്കുകുറഞ്ഞതും കൂടുതൽ ഫലപ്രാപ്തിയുള്ളതുമായ പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്നുണ്ട്.

കമ്പി പൊട്ടിവീണുണ്ടാകുന്ന അപകടം ഒഴിവാക്കാനായി ഇവ ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കുന്നതിനായി ഹോട്ട് ലൈൻ നമ്പർ (9496061061, 9496010101) ഏർപ്പെടുത്തിയും ഇക്കാര്യത്തിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചും അപകടം ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്.

(സി) ഇത്തരത്തിൽ മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് മതിയായ നഷ്ടപരിഹാരം നൽകാറുണ്ടോയെന്ന് അറിയിക്കുമോ?

<u>അപകടം സംഭവിക്കുന്ന പൊതുജനങ്ങൾക്കുനൽകുന്ന ആശ്വാസധന സഹായം/നഷ്ടപരിഹാരം</u>

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും പൊതുജനങ്ങൾക്കുണ്ടാകുന്ന മാരകവും മാരകമല്ലാത്തതുമായ വൈദ്യുതാപകടങ്ങൾക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിലുള്ള 'വൈദ്യുതി സുരക്ഷാ പദ്ധതി'-യുടെ വ്യവസ്ഥകൾക്ക് വിധേയമായി താഴെ സൂചിപ്പിക്കുന്ന ആശ്വാസ ധനസഹായം/ നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ട്.

1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും പൊട്ടിവീണ കമ്പികളിൽനിന്നും (ഉപഭോക്താവിന്റെ മീറ്റർ പോയിന്റ് വരെ) സംഭവിക്കുന്ന അപകടങ്ങളിൽ വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് 'വൈദ്യുതി സുരക്ഷാ പദ്ധതി' പ്രകാരമുള്ള ആശ്വാസ ധനസഹായം/ നഷ്ടപരിഹാരമായി പരമാവധി 10 ലക്ഷം രൂപ ലഭിക്കുന്നതിന് അർഹതയുണ്ട്.

2. അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ എന്നിവമൂലം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും

വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് 'വൈദ്യുതി സുരക്ഷാ പദ്ധതി' പ്രകാരമുള്ള ആശ്വാസ ധനസഹായം/നഷ്ടപരിഹാരമായി പരമാവധി രണ്ട് ലക്ഷം രൂപ ലഭിക്കുന്നതിന് അർഹതയുണ്ട്. ഇതിനുപുറമെ ഉയർന്ന തുക നഷ്ടപരിഹാരം ലഭിക്കുന്നതിലേയ്ക്കായി ബഹുമാനപ്പെട്ട കോടതികളിൽ അപേക്ഷ സമർപ്പിക്കുന്ന സാഹചര്യങ്ങളിൽ കോടതി ഉത്തരവ് പ്രകാരം നഷ്ടപരിഹാരം നൽകാൻ ഉത്തരവ് ലഭ്യമാകുന്ന സാഹചര്യങ്ങളിൽ ടി ഉത്തരവ് പ്രകാരമുള്ള ഉയർന്ന തുകയും നഷ്ടപരിഹാരമായി അനുവദിച്ചുവരുന്നു.

<u>ബോർഡ് ജീവനക്കാർക്കുള്ള മരണാനന്തര നഷ്ടപരിഹാരം</u>

1. പ്രായവും മാസവേതനവും അനുസരിച്ച് 1923 തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം 7,50,275/- രൂപ മുതൽ 17,14,050/- രൂപ വരെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരത്തിന് അർഹതയുണ്ട് (03-01-2020 മുതൽ).

2. 2022-വർഷത്തേയ്ക്ക് ന്യൂ ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിന്റെ അപകട ആശ്വാസ ധനസഹായ പദ്ധതി പ്രകാരം 15 ലക്ഷം രൂപ ലഭിക്കുന്നതിന് അർഹതയുണ്ട്.

3. വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽനിന്നും മരണാനന്തര ആനുകൂല്യമായി 12 ലക്ഷം രൂപ (ജൂലൈ 2021 മുതൽ) ലഭിക്കാൻ അർഹതയുണ്ട്.

4. അപകടമരണം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ബോർഡിൽ ആശ്രിത നിയമനത്തിന് അർഹതയുണ്ട്.

5. ശവസംസ്കാര ചെലവിനായി 10,000/- രൂപയ്ക്ക് അർഹതയുണ്ട്. (LTS 2021)

6. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാർ പ്രകാരം ജോലിക്കിടയിലുണ്ടാകുന്ന അപകടങ്ങൾക്ക് പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്.

<u>കരാർ തൊഴിലാളികൾക്കുള്ള മരണാനന്തര നഷ്ടപരിഹാരം</u>.

അഞ്ച് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽത്തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്തുനടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെ പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

1. പ്രായവും മാസവേതനവും അനുസരിച്ച് 1923 തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം 7,50,275/- രൂപ മുതൽ 17,14,050/- രൂപ വരെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരത്തിന് അർഹതയുണ്ട് (03-01-2020 മുതൽ).

2. ശവസംസ്കാര ചെലവിനായി 10,000/- രൂപയ്ക്ക് അർഹതയുണ്ട്. (LTS 2021).

അഞ്ച് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽത്തുകയ്ക്കുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ, അപകടമരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നല്കുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം കരാറുകാരനായിരിക്കും. അഞ്ച് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽത്തുകയ്ക്കുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിക്കുന്ന തൊഴിലാളിയുടെ നഷ്ടപരിഹാരത്തുക 1923-ലെ തൊഴിലാളി നഷ്ടപരിഹാരനിയമം അനുസരിച്ച് കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിം/കരാറുകാരൻ കെട്ടിവച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ്/

കരാറുകാരനിൽനിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിക്കാനുള്ള നടപടിക്രമങ്ങൾ പാലിച്ചുവരുന്നു. ഇതിനുപുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിക്കാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാരത്തുകയുടെ 12 ശതമാനം പലിശയുൾപ്പടെ ലഭിക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്. മതിയായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് നിലവിലുള്ള ബോർഡ് ഉത്തരവനുസരിച്ചുള്ള നിയമാനുസൃതമായ നഷ്ടപരിഹാര നടപടികൾ പാലിച്ചുവരുന്നു.

### കെ.എസ്.ഇ.ബി. പെരിന്തൽമണ്ണ സെക്ഷൻ വിഭജിക്കുന്നതിന് നടപടി

305 (733) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. പെരിന്തൽമണ്ണ സെക്ഷന് കീഴിൽ നിലവിൽ എത്ര ഉപഭോക്താക്കളാണുള്ളതെന്ന് വിശദമാക്കുമോ?

നിലവിൽ കെ. എസ്. ഇ. ബി.-ൽ പെരിന്തൽമണ്ണ സെക്ഷന്റെ കീഴിൽ 32118 ഉപഭോക്താക്കളാണുള്ളത്.

(ബി) പ്രസ്തുത സെക്ഷൻ വിഭജിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായിവരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ലെന്നതിനാൽ ആധുനിക സാങ്കേതികവിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകിക്കൊണ്ടുള്ള നടപടികളാണ് KSEBL നിലവിൽ സ്വീകരിച്ചുവരുന്നത്. ഏത് ഉപഭോക്താവിനും കേരളത്തിലെ ഏത് സെക്ഷൻ ഓഫീസിലും വൈദ്യുത ബിൽ അടയ്ക്കാമെന്നുള്ള സൗകര്യത്തിന് പുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെതന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e-payment സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്ടഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ

മാറ്റിസ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവനകേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പറും WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496010101 ഹോട്ട്‌ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വീട്ടുപടിക്കൽ" (Service at doorsteps) എന്ന പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെതന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. എന്നിരുന്നാലും ഉണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം

എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായുള്ള പ്രവൃത്തികൾ KSEBL-ൽ നടന്നുവരുന്നുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി KSEBL-ന്റെ പരിഗണനയിലുണ്ട്. പെരിന്തൽമണ്ണ സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

### കാസർഗോഡ് സ്വകാര്യ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സെക്ഷൻ ഓഫീസുകൾ

306 (734) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സ്വകാര്യകെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര സെക്ഷൻ ഓഫീസുകളുണ്ടെന്നും അവയുടെ പ്രതിമാസ വാടക എത്രയെന്നും സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ സ്വകാര്യകെട്ടിടത്തിൽ 21 സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നു. സ്ഥാപനം തിരിച്ചുള്ള പ്രതിമാസ വാടക ചുവടെ ചേർക്കുന്നു.

| ക്രമ നം. | സെക്ഷനുകളുടെ പേര് | വാടക (രൂപ) |
|---|---|---|
| 1 | ബളാംതോട് ഇലക്ട്രിക്കൽ സെക്ഷൻ | 11069 |
| 2 | രാജപുരം ഇലക്ട്രിക്കൽ സെക്ഷൻ | 8685 |
| 3 | പെരിയബസാർ ഇലക്ട്രിക്കൽ സെക്ഷൻ | 19800 |
| 4 | കാഞ്ഞങ്ങാട് ഇലക്ട്രിക്കൽ സെക്ഷൻ | 17409 |
| 5 | ചിത്താരി ഇലക്ട്രിക്കൽ സെക്ഷൻ | 11407 |
| 6 | പടന്നക്കാട് ഇലക്ട്രിക്കൽ സെക്ഷൻ | 19200 |
| 7 | നീലേശ്വരം ഇലക്ട്രിക്കൽ സെക്ഷൻ | 9456 |
| 8 | ചോയംകോട് ഇലക്ട്രിക്കൽ സെക്ഷൻ | 17200 |
| 9 | കയ്യൂർ ഇലക്ട്രിക്കൽ സെക്ഷൻ | 5528 |
| 10 | പീലിക്കോട് ഇലക്ട്രിക്കൽ സെക്ഷൻ | 8649 |
| 11 | പടന്ന ഇലക്ട്രിക്കൽ സെക്ഷൻ | 11040 |
| 12 | കാഞ്ഞങ്ങാട് ഇലക്ട്രിക്കൽ ഡിവിഷൻ | 23000 |
| 13 | നെല്ലിക്കുന്ന് ഇലക്ട്രിക്കൽ സെക്ഷൻ | 25000 |
| 14 | കുമ്പള ഇലക്ട്രിക്കൽ സെക്ഷൻ | 12489 |
| 15 | ഉപ്പള ഇലക്ട്രിക്കൽ സെക്ഷൻ | 20000 |
| 16 | മഞ്ചേശ്വരം ഇലക്ട്രിക്കൽ സെക്ഷൻ | 7500 |
| 17 | പൈവേളിക ഇലക്ട്രിക്കൽ സെക്ഷൻ | 7604 |
| 18 | ചേർക്കള ഇലക്ട്രിക്കൽ സെക്ഷൻ | 10350 |
| 19 | ഉദുമ ഇലക്ട്രിക്കൽ സെക്ഷൻ | 19500 |
| 20 | കുറ്റിക്കോൽ ഇലക്ട്രിക്കൽ സെക്ഷൻ | 6084 |
| 21 | ചട്ടംചാൽ ഇലക്ട്രിക്കൽ സെക്ഷൻ | 7858 |

(ബി) ഇതിൽ ഏതൊക്കെ സെക്ഷൻ ഓഫീസുകൾക്കാണ് സ്വന്തമായി ഭൂമിയുള്ളതെന്നും അവയ്ക്ക് സ്വന്തമായി കെട്ടിടം എപ്പോൾ നിർമ്മിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

കാഞ്ഞങ്ങാട് ഇലക്ട്രിക്കൽ സെക്ഷന് സ്വന്തമായി സ്ഥലമുണ്ട്. കെട്ടിട നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.

**കാസർഗോഡ് ജില്ലയിലെ വൈദ്യുതി സെക്ഷൻ ഓഫീസുകൾ**

307 (735) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഇരുപത്തയ്യായിരത്തിലധികം ഉപഭോക്താക്കളുള്ള സെക്ഷൻ ഓഫീസുകൾ എത്രയുണ്ടെന്ന് പേര് സഹിതം വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ 25000-ലധികം ഉപഭോക്താക്കളുള്ള മൂന്ന് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ നിലവിലുണ്ട്. അവ ഇലക്ട്രിക്കൽ സെക്ഷൻ ചെർക്കള, നെല്ലിക്കുന്ന്, മാവുങ്കാൽ എന്നിവയാണ്.

(ബി) സെക്ഷൻ ഓഫീസുകൾ വിഭജിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

നിലവിലുള്ള ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിന് പ്രത്യേക മാനദണ്ഡം ഇപ്പോൾ നിലവിലില്ല.

(സി) ഈ മാനദണ്ഡങ്ങൾ പാലിക്കുന്ന ജില്ലയിലെ സെക്ഷൻ ഓഫീസുകൾ വിഭജിക്കാൻ വൈകുന്നതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല എന്നതിനാൽ ആധുനിക സാങ്കേതികവിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണനനൽകിക്കൊണ്ടുള്ള നടപടികളാണ് KSEBL നിലവിൽ സ്വീകരിച്ചുവരുന്നത്.

(ഡി) സംസ്ഥാനത്ത് ഇതിനുമുമ്പ് എത്ര ഉപഭോക്താക്കളുള്ള സെക്ഷൻ ഓഫീസുകളാണ് വിഭജിച്ചിട്ടുള്ളതെന്ന് പേര് സഹിതം വ്യക്തമാക്കാമോ?

2016-ൽ പുതുതായി 30 ഇലക്ട്രിക്കൽ സെക്ഷനുകൾ രൂപീകരിച്ചശേഷം മേൽപ്പറഞ്ഞ കാരണങ്ങളാൽ നിലവിലുള്ള ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷനുകൾ രൂപീകരിച്ചിട്ടില്ല. 2016-ലെ ബോർഡ് ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു. ഇതിൽ

ഉപഭോക്താക്കളുടെ എണ്ണം മാത്രം പരിഗണിച്ചല്ല ഇലക്ട്രിക്കൽ സെക്ഷനുകൾ വിഭജിച്ചിട്ടുള്ളത്.

### വാഴൂർ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം

308 (736) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഴൂർ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

വാഴൂർ 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തന പുരോഗതി ചുവടെ കൊടുക്കുന്നു:

1. സബ്സ്റ്റേഷന്റെ ചുറ്റുമതിൽ നിർമ്മാണവും അനുബന്ധ പ്രവൃത്തികളും പുരോഗമിക്കുന്നു.

2. എക്വിപ്മെന്റ് ഫൗണ്ടേഷൻ ആൻഡ് ഇറക്ഷൻ വർക്കുകൾക്ക് വർക്ക് ഓർഡർ നൽകി എഗ്രിമെന്റ് വച്ചിട്ടുള്ളതാണ്.

3. കേബിൾ ട്രഞ്ച്, ടവർ നിർമ്മാണം, കൺട്രോൾ റൂം നിർമ്മാണം എന്നിവയ്ക്കുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

(ബി) സബ്സ്റ്റേഷന്റെ എത്ര ശതമാനം പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ?

സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് 15 ശതമാനം പ്രവൃത്തികൾ പൂർത്തിയായി.

(സി) പണികൾ പൂർത്തിയാക്കി സബ്സ്റ്റേഷൻ എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കാമോ?

31-01-2024-നകം എന്ന് പ്രതീക്ഷിക്കുന്നു.

**ഒറ്റശേഖരമംഗലം കേന്ദ്രമാക്കി സബ്സ്റ്റേഷൻ**

309 (737) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ ആര്യൻകോട്, കള്ളിക്കാട്, പെരുങ്കടവിള, വെള്ളറട, ഒറ്റശേഖരമംഗലം, അമ്പൂരി എന്നീ മലയോര പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലം കേന്ദ്രമാക്കി സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ അറിയിക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ ആര്യൻകോട്, കള്ളിക്കാട്, പെരുങ്കടവിള, വെള്ളറട, ഒറ്റശേഖരമംഗലം, അമ്പൂരി എന്നീ മലയോര പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി രണ്ട്

ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് ഒരു 33 kV സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി മൂന്ന് സ്ഥലങ്ങൾ ഒറ്റശേഖരമംഗലത്ത് കണ്ടെത്തിയിട്ടുണ്ട്. ഇതിൽനിന്ന് സബ്സ്റ്റേഷൻ സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി വൈദ്യുതി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; സബ്സ്റ്റേഷന്റെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നും എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുവെന്നും വെളിപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കാമോ?

സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ RDSS-ന്റെ രണ്ടാം ഘട്ടത്തിലുൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്ക് അനുമതി ലഭിക്കുന്ന മുറയ്ക്ക് ഒറ്റശേഖരമംഗലത്ത് കണ്ടെത്തിയ മൂന്ന് സ്ഥലങ്ങളിൽനിന്ന് സബ്സ്റ്റേഷൻ സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലം ഏറ്റെടുത്ത് നിർമ്മാണം ആരംഭിക്കുന്നതാണ്. സബ്സ്റ്റേഷൻ നിർമ്മാണത്തിന് ഏകദേശം 23.25 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

**പിണ്ണാക്കനാട് സബ്സ്റ്റേഷൻ**

310 (738) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷനുവേണ്ടി സ്ഥലമേറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) സ്ഥലമേറ്റെടുക്കുന്ന നടപടി വേഗത്തിലാക്കി പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷന് അനുയോജ്യമായ 21 സെന്റ് സ്ഥലം ചെമ്മലമറ്റത്ത് കണ്ടെത്തിയിട്ടുണ്ട്, നടപടികൾ സ്വീകരിച്ചുവരുന്നു.

**ഇരിക്കൂർ മണ്ഡലത്തിൽ 110 കെ.വി. സബ്സ്റ്റേഷൻ**

311 (739) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ തിമിരി വില്ലേജിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സ്ഥലമേറ്റെടുത്തിട്ടുണ്ടോ; സ്ഥലമേറ്റെടുക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) തിമിരി വില്ലേജിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സബ്സ്റ്റേഷൻ നിർമ്മിക്കാനുള്ള സ്ഥലം സംബന്ധിച്ചും സ്ഥലത്തേയ്ക്കുള്ള 110 കെ.വി. ലൈൻ സംബന്ധിച്ചുമുള്ള പ്രാഥമിക പരിശോധനകളും അനുബന്ധ നടപടികളും പുരോഗമിക്കുന്നു.

**ഉഡുപ്പി-കരിന്തളം സബ്സ്റ്റേഷൻ**

312 (740) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉഡുപ്പി-കരിന്തളം 400 കെ.വി. ലൈനും സബ്സ്റ്റേഷനും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കേന്ദ്ര ഊർജ്ജ വകുപ്പിന്റെ ഭാഗമായ REC ട്രാൻസ്മിഷൻ പ്രോജക്ട് കമ്പനി ലിമിറ്റഡ് TBCB വ്യവസ്ഥയിൽ ക്ഷണിച്ച ടെണ്ടറനുസരിച്ച് സ്റ്റെർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡിന്റെ ഭാഗമായ ഉഡുപ്പി-

കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് (UKTL) എന്ന കമ്പനിയാണ് നിർദ്ദിഷ്ട 400 കെ.വി. ഉഡുപ്പി-കരിന്തളം ലൈനും കരിന്തളം 400 കെ.വി. സബ്സ്റ്റേഷനും നിർമ്മിക്കുന്നത്. ഈ പ്രവൃത്തിയുമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് നേരിട്ട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നില്ല. ലൈനിന്റെയും സബ്സ്റ്റേഷന്റെയും നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

**നെല്ലിക്കാപറമ്പിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി**

313 (741) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിക്കാപറമ്പിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നെല്ലിക്കാപറമ്പിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ തുടങ്ങിയിട്ടുണ്ട്.

(ബി) നെല്ലിക്കാപറമ്പിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ?

നെല്ലിക്കാപ്പറമ്പിൽ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി 2010-ൽ ഭരണാനുമതി ലഭിച്ചിരുന്നെങ്കിലും അന്ന് സ്ഥലം ലഭ്യമാകാത്തതിനാൽ പദ്ധതി നടപ്പിൽവന്നില്ല. ഇപ്പോൾ പ്രദേശത്ത്

അനുയോജ്യമായ മറ്റൊരു ഭൂമി സബ്സ്റ്റേഷൻ നിർമ്മാണത്തിന് ലഭ്യമായതിനാൽ എസ്റ്റിമേറ്റ് പുതുക്കി RDSS പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## അടിവാരം സബ്സ്റ്റേഷൻ

314 (742) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി അടിവാരത്തെ നിർദ്ദിഷ്ട 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ആയതിനുള്ള സ്ഥലമെടുപ്പ് ഏതുവരെയായെന്ന് വ്യക്തമാക്കുമോ?

(എ&ബി) അടിവാരം 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി സർക്കാരിൽനിന്നും കെ.എസ്.ഇ.ബി.എൽ.-ൽനിന്നും നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട രേഖകൾ 14-06-2022-ന് കോഴിക്കോട് ജില്ലാ കളക്ടർക്ക് തുടർനടപടികൾക്കായി കെ.എസ്.ഇ.ബി.എൽ. നൽകുകയും കണ്ടിജൻസി ചാർജ്ജിനത്തിൽ 6.8 ലക്ഷം രൂപ കൊയിലാണ്ടി നഗരസഭയിൽ 13-12-2022-ന് അടയ്ക്കുകയും ചെയ്തിട്ടുണ്ട്. സ്പോഷ്യൽ ഇംപാക്റ്റ് സ്റ്റഡി

നടത്തുന്നതിനുവേണ്ടി കോഴിക്കോട് കളക്ടറേറ്റ് റവന്യൂ വിഭാഗത്തിൽ അപേക്ഷയും നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഭൂമി ഏറ്റെടുക്കൽ പ്രക്രിയ പൂർത്തിയാകുന്ന മുറയ്ക്ക് കഴിയും.

**മറിപ്പുഴ ചെറുകിട ജലസേചന പദ്ധതി**

315 (743) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മറിപ്പുഴ ചെറുകിട ജലസേചന പദ്ധതിയുടെ പ്രവർത്തനമാരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനിടയാക്കിയ കാരണം വിശദമാക്കാമോ?

പദ്ധതിക്കുവേണ്ട ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. പ്രസ്തുത നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനത്തിനുള്ള വർക്ക് അവാർഡ് ചെയ്യുന്നതായിരിക്കും.

(ബി) ഇതോടനുബന്ധിച്ച് ഹൈഡൽ ടൂറിസം പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ?

ഹൈഡൽ ടൂറിസം പദ്ധതികൾ നിലവിൽ വിഭാവനം ചെയ്തിട്ടില്ല.

(സി) പദ്ധതിയുടെ ആകെ ചെലവ് കണക്കാക്കിയിട്ടുള്ളത് എത്രയാണെന്ന് വ്യക്തമാക്കാമോ?

മറിപ്പുഴ പദ്ധതിക്കുവേണ്ടി 80.94 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## ഇ-വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ

316 (744) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്ഥലങ്ങളിൽ ഇ-വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബി. സ്ഥാപിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

സംസ്ഥാനത്ത് ഇതേ വരെ കെ.എസ്.ഇ.ബി.എൽ. 63 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളുടെയും 1166 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളുടെയും നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്. അവയിൽ ഭൂരിഭാഗവും പൊതുജനങ്ങളുടെ ഉപയോഗത്തിനായി തുറന്നുകൊടുത്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് യഥാക്രമം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ഇനത്തിൽ കെ.എസ്.ഇ.ബി.-ക്ക് നാളിതുവരെ എത്ര രൂപ വരുമാനം ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

ഇതുവരെ ₹32,26,087/- രൂപ (മുപ്പത്തിരണ്ട് ലക്ഷത്തി ഇരുപത്തി ആറായിരത്തി എൺപത്തി ഏഴ്) ചാർജ്ജിംഗ് സ്റ്റേഷനുകളിൽനിന്നും കെ.എസ്.ഇ.ബി.എൽ.-ന് ലഭിച്ചിട്ടുണ്ട്.

**തിരുവമ്പാടി മണ്ഡലത്തിലെ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ**

317 (745) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായുള്ള ഇലക്ട്രിക് ചാർജ്ജിംഗ് പോയിന്റുകളും ചാർജ്ജിംഗ് സ്റ്റേഷനുകളും തിരുവമ്പാടി നിയോജകമണ്ഡലത്തിൽ എവിടെയൊക്കെ ആരംഭിക്കാനാണ് നിർദ്ദേശിക്കപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കുമോ?

തിരുവമ്പാടി നിയോജകമണ്ഡലത്തിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥലങ്ങളിലാണ് ചാർജ്ജിംഗ് സ്റ്റേഷൻ നിർമ്മിക്കാൻ നിർദ്ദേശിക്കപ്പെട്ടിരുന്നത്.

1. ന്യൂ ബസ്സ്റ്റാൻഡ്
2. അഗസ്ത്യ മുഴിത്തേനി ട്രാൻസ്ഫോർമറിനുസമീപം

3. തിരുവമ്പാടി പുന്നക്കൽ റോഡ്

4. കൂടരഞ്ഞി ബസ്‌സ്റ്റാൻഡ്

5. കോടഞ്ചേരി ബസ്‌സ്റ്റാൻഡ്

അതോടൊപ്പം താമരശ്ശേരി സബ്‌സ്റ്റേഷനിൽ ഒരു ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനും സ്ഥാപിച്ചിട്ടുണ്ട്.

(ബി) അവ ഓരോന്നിന്റെയും നിലവിലെ സ്ഥിതിയും അവ എന്നുമുതൽ പ്രവർത്തനസജ്ജമാകുമെന്നും വ്യക്തമാക്കുമോ?

അഞ്ച് സ്ഥലങ്ങളിലും നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. ടെസ്റ്റിംഗ് നടപടികൾ പുരോഗമിച്ചുവരുന്നു. താമരശ്ശേരി സബ്‌സ്റ്റേഷനിലെ ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷൻ പ്രവർത്തനസജ്ജമായിട്ടുണ്ട്.

**റിസ്ക് ഫണ്ട് അനുവദിക്കുന്നതിന് നടപടി**

318 (746) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കിൽനിന്ന് ലോൺ എടുത്ത ആൾ മരണപ്പെട്ടാൽ അവർക്ക് നഷ്ടപരിഹാരമായി നൽകുന്ന റിസ്ക് ഫണ്ട് അനുവദിക്കുന്നത്

ആരാണെന്നും പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്നത് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേനയാണ്. റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി നിർദ്ദിഷ്ട മാതൃകയിലുള്ള റിസ്ക് ഫണ്ട്/ചികിത്സാ ധനസഹായ അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം ബാങ്ക് നിർദ്ദിഷ്ട ഉദ്യോഗസ്ഥതല ശിപാർശയോടെ കേരള സഹകരണ വികസനക്ഷേമനിധി ബോർഡിൽ സമർപ്പിക്കേണ്ടതാണ്. അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷ പരിശോധിച്ചശേഷം റിസ്ക് ഫണ്ട് പദ്ധതി നിയമാവലിപ്രകാരം അർഹതപ്പെട്ട തുക ധനസഹായമായി അനുവദിച്ചുവരുന്നു.

(ബി) പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിൽ പലപ്പോഴും കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

റിസ്ക് ഫണ്ട് അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി ആനുകൂല്യങ്ങൾ കഴിയുന്നത്ര വേഗത്തിൽ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഓൺലൈനായി

അപേക്ഷ സമർപ്പിച്ച് സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിനുള്ള സോഫ്റ്റ്വെയർ സംവിധാനം ബോർഡിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) സഹകരണ ബാങ്കിൽനിന്ന് ലോൺ എടുത്ത ആൾ മരണപ്പെട്ടാൽ തിരിച്ചടവിൽ ഏതെല്ലാം തരത്തിലുള്ള ഇളവുകളാണ് നൽകുന്നതെന്ന് വിശദമാക്കാമോ?

അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷ പരിശോധിച്ചശേഷം റിസ്ക് ഫണ്ട് പദ്ധതി നിയമാവലി പ്രകാരം അർഹതപ്പെട്ട തുക ധനസഹായമായി അനുവദിച്ചുവരുന്നു. റിസ്ക് ഫണ്ട് പദ്ധതി നിയമാവലി ഭേദഗതി പ്രകാരം വായ്പയെടുത്ത അംഗം വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കിനിൽക്കുന്ന വായ്പാ മുതൽ അല്ലെങ്കിൽ 3,00,000/-രൂപ ഇതിൽ ഏതാണോ കുറവ് ആ തുക ഫണ്ടിൽനിന്നും നൽകാവുന്നതാണ്.

## സഹകരണ സ്ഥാപനങ്ങളുടെ വികസനം

319 (747) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ ഫെയർ വാല്യൂ നിശ്ചയിച്ചിരിക്കുന്ന പ്രദേശങ്ങളിൽ സഹകരണ സ്ഥാപനങ്ങളുടെ വികസനത്തിനായി വസ്തു വാങ്ങാൻ കഴിയാതെ വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ളവയുടെ വികസന പദ്ധതികൾ സ്ഥലംവാങ്ങാൻ കഴിയാത്തതുമൂലം തടസ്സപ്പെടുന്നത് ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) ഫെയർ വാല്യൂ സർട്ടിഫിക്കറ്റിലെ തുകയും മാർക്കറ്റ് വിലയും തമ്മിൽ അന്തരമുള്ളതിനാൽ സഹകരണ സ്ഥാപനങ്ങൾക്ക് വസ്തു വാങ്ങുന്നതിനും ആയതിലൂടെ വികസന പ്രവർത്തനങ്ങളേറ്റെടുത്ത് നടത്തുന്നതിനും പ്രയാസം നേരിടുന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിഷയം പരിഹരിക്കുന്നതിന് പര്യാപ്തമാകുന്ന വ്യവസ്ഥകൾ നിയമ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**റിസ്ക് ഫണ്ട് പദ്ധതി**

320 (748) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മാഞ്ഞൂർ സർവ്വീസ് സഹകരണ ബാങ്കിൽനിന്നും കാർഷികാവശ്യത്തിന് വായ്പയെടുക്കുകയും മരണപ്പെട്ടുപോവുകയും ചെയ്ത ഷാജി ടി.എസ്.-ന്റെ ഭാര്യ ശ്രീമതി ശ്രീദേവി കെ.സി.-ക്ക് (ുമ്പുങ്കൽ വീട്, മാഞ്ഞൂർ പി.ഒ., കോട്ടയം) റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയിരിക്കുന്ന നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

കോട്ടയം ജില്ലയിലെ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മാഞ്ഞൂർ സർവ്വീസ് സഹകരണ ബാങ്കിൽനിന്നും വായ്പയെടുക്കുകയും മരണപ്പെട്ടുപോവുകയും ചെയ്ത ഷാജി ടി. എസ്.-ന്റെ ഭാര്യ ശ്രീമതി. ശ്രീദേവി കെ. സി. സമർപ്പിച്ച നിവേദനം ബോർഡിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ ഷാജി ടി. എസ്. എടുത്ത വായ്പയ്ക്കുള്ള റിസ്ക് ഫണ്ട് ധനസഹായ അപേക്ഷ റിസ്ക് ഫണ്ട് ബോർഡ് ആഫീസിൽ ലഭിച്ചിട്ടില്ലാത്തതിനാൽ ധനസഹായ അപേക്ഷ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖേന റിസ്ക് ഫണ്ട് ബോർഡ് ആഫീസിൽ സമർപ്പിക്കുന്നതിന് ബാങ്കിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നാളിതുവരെ ക്രമപ്രകാരമുള്ള റിസ്ക് ഫണ്ട് ധനസഹായ

അപേക്ഷ ബോർഡിൽ ലഭ്യമായിട്ടില്ലാത്തതുമാണ്. ധനസഹായ അപേക്ഷ ലഭിക്കുന്നമുറയ്ക്ക് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(ബി) റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ?

**റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡം**

1) റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ.7-റിസ്ക് ഫണ്ട് വിഹിതം

വായ്പയെടുക്കുന്ന അംഗങ്ങളിൽനിന്നും ബൈലോ വ്യവസ്ഥയ്ക്ക് വിധേയമായുള്ള റിസ്ക് ഫണ്ട് വിഹിതം തുക (ഒരു വായ്പയ്ക്ക് മിനിമം 100/- രൂപയും പരമാവധി വിഹിതം തുക 2,000/- രൂപ) ഈടാക്കുകയും പ്രസ്തുത വിഹിതം തൊട്ടടുത്ത മാസം 15-ാം തീയതിക്കുള്ളിൽ ബോർഡിന്റെ റിസ്ക് ഫണ്ട് അക്കൗണ്ടിൽ അടച്ചിരിക്കുകയും ചെയ്യുന്ന അംഗങ്ങൾക്കാണ് റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നത്.

2) റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 5-വയസ്സ്

മരണപ്പെട്ടതോ/മാരകരോഗം പിടിപെട്ടതോ ആയ ആളിന്റെ പേരിലുള്ളതും മരണപ്പെട്ട/മാരകരോഗം പിടിപെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്തതുമായ വായ്പാക്കാരുടെ വായ്പകൾക്ക് മാത്രമാണ് മരണാനന്തര ആനുകൂല്യം/ചികിത്സാ ധനസഹായം ലഭിക്കുന്നത്.

3) <u>റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 4(ബി)- കുടിശ്ശിക/കാലാവധി</u>

വായ്പാകാലാവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിയിൽ തവണ അടയ്ക്കേണ്ട തീയതി മുതൽ ആറ് മാസത്തിൽ അധികരിച്ചും വായ്പാകാലാവധി കഴിഞ്ഞ് വായ്പാക്കാരൻ മരണപ്പെട്ടാൽ വായ്പാ കാലാവധിതീരുന്ന തീയതിക്ക് തൊട്ടുമുൻപ് തുടർച്ചയായി ആറ് മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയാൽ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

4) <u>റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 4(ഡി) - മാരക രോഗം</u>

30-03-2012-ന് ശേഷം വായ്പയെടുത്ത വായ്പാക്കാരന് മാരകമായ രോഗം പിടിപെടുകയും വായ്പാബാധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസ്സുകളിൽ ഈ പദ്ധതിയിലെ ഇതരനിബന്ധനകൾക്ക് വിധേയമായി ചികിത്സാധനസഹായം നൽകുന്നു. ഇപ്രകാരം ധനസഹായം ലഭിച്ച വായ്പാക്കാരൻ മരണപ്പെടുകയാണെങ്കിൽ നിബന്ധന 4(എ) പ്രകാരം അർഹതയുള്ള ധനസഹായത്തിൽനിന്നും ലഭിച്ച ആനുകൂല്യം കിഴിച്ച് ബാക്കി സംഖ്യയ്ക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

(സി) റിസ്ക് ഫണ്ട് നിയമാവലിയിൽ കാലോചിതമായ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

11-10-2022-ലെ സ.ഉ.(കൈ)നം.32/2022/സഹ നമ്പർ ഉത്തരവ് പ്രകാരം റിസ്ക് ഫണ്ട് നിയമാവലിയിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. റിസ്ക് ഫണ്ട് നിയമാവലിയിൽ മാറ്റം വരുത്തുന്നത് ഇപ്പോൾ പരിഗണനയിലില്ല.

**വടക്കാഞ്ചേരി മണ്ഡലത്തിലെ റിസ്ക് ഫണ്ട് ആനുകൂല്യം**

321 (749) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി വിവിധ സർവ്വീസ് സഹകരണ ബാങ്കുകളിൽനിന്ന് സഹകരണ ബോർഡിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവയിൽ എത്ര അപേക്ഷകളിന്മേൽ തീർപ്പ് കല്പിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ നിന്നും മുൻസർക്കാരിന്റെ കാലം മുതൽ 2022 ഡിസംബർ 31 വരെ വിവിധ സർവ്വീസ് സഹകരണ ബാങ്കുകളിൽനിന്നും 717 അപേക്ഷകൾ

ലഭ്യമായിട്ടുണ്ട്. പ്രസ്തുത കാലയളവിൽ 584 ഗുണഭോക്താക്കൾക്കായി 4,69,04,347/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. ധനസഹായ അപേക്ഷ നിരസിച്ച 80 അപേക്ഷകളുൾപ്പെടെ 664 അപേക്ഷകളിൽ തീർപ്പുകൽപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ആനുകൂല്യം ലഭ്യമായവരുടെ എണ്ണവും അനുവദിച്ച തുകയും സഹകരണ സംഘങ്ങളുടെ അടിസ്ഥാനത്തിൽ തരം തിരിച്ച് നൽകാമോ?

അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത ആനുകൂല്യം ഏത് വർഷം വരെ വിതരണം ചെയ്തുവെന്ന് വിശദമാക്കാമോ?

2021 ഒക്ടോബർ വരെ ലഭ്യമായ ഫയലുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ഫണ്ട് വിതരണം ചെയ്യുന്നതിന് നിലവിൽ കാലതാമസം നേരിടുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉണ്ട്. മാരകരോഗം ബാധിക്കുന്ന/മരണപ്പെടുന്ന വായ്പക്കാർക്കുള്ള ചികിത്സാ സഹായവും മരണാനന്തര സഹായവും ലഭിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധങ്ങളും ബന്ധപ്പെട്ട ബാങ്ക്/സംഘമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബോർഡിലേയ്ക്ക് സമർപ്പിക്കേണ്ടത്. ബാങ്ക്/സംഘങ്ങളിൽനിന്നും കൃത്യമായ രീതിയിൽ അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാൽ ന്യൂനതകളുണ്ടാകുന്നത് പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും ആയത് പരിഹരിച്ചുവരുന്നമുറയ്ക്ക് നടപടികൾ പൂർത്തീകരിച്ച് ആനുകൂല്യങ്ങൾ അനുവദിക്കുകയുമാണ് നിലവിൽ ചെയ്തുവരുന്നത്. ടി നടപടികൾക്കുശേഷവും ഉണ്ടായിട്ടുള്ള കുടിശ്ശിക ഫയലുകളിൽ തീർപ്പുകൽപ്പിക്കുന്നതിനായി ഫയൽ അദാലത്ത് സ്വീകരിച്ചിട്ടുണ്ട്.

## റിസ്ക് ഫണ്ട് പദ്ധതി

322 (750) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ രൂപീകരിച്ച റിസ്ക് ഫണ്ട് പദ്ധതിയുടെ ഗുണഭോക്താക്കൾ ആരെല്ലാമെന്ന് അറിയിക്കുമോ?

സഹകരണ ബാങ്കുകളിൽ/സംഘങ്ങളിൽനിന്നും വായ്പയെടുത്തശേഷം ഗുരുതരമായ രോഗങ്ങളോ/മരണമോ സംഭവിക്കുന്ന വായ്പക്കാർക്കാണ് റിസ്ക് ഫണ്ട് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്.

(ബി) റിസ്ക് ഫണ്ട് പദ്ധതി പ്രകാരം വായ്പാ തിരിച്ചടവിന്മേൽ എത്ര ശതമാനത്തിന്റെ കുറവാണ് ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

30-03-2012 മുതൽ വായ്പ എടുത്തതിനുശേഷം മാരകരോഗങ്ങളായ കാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതംമൂലമോ അപകടംമൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ, 29-02-2016 മുതൽ വായ്പ എടുത്തതിനുശേഷം ടി.ബി., ലിവർ സീറോസിസ് പിടിപെടുന്ന വായ്പക്കാർക്കും കരൾ സംബന്ധമായ അസുഖത്തിന് ശസ്ത്രക്രിയ നടത്തിയവർ, അപകടങ്ങളും രോഗങ്ങളും കാരണം ജോലി ചെയ്ത് ജീവിക്കാൻ കഴിയാത്തവിധം അവയവം മുറിച്ചുമാറ്റപ്പെടുന്ന അവസ്ഥയിലുള്ളവർ, അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയരായവർ (20-09-2019-ലെ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി ഭേദഗതി) എന്നിവർക്ക് എത്ര വായ്പകളുണ്ടെങ്കിലും വായ്പാ മുതലിനത്തിൽ പരമാവധി 1,25,000/- രൂപ റിസ്ക് ഫണ്ട് പദ്ധതിയിലെ ഇതരനിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം അനുവദിക്കുന്നതാണ്. മാരകരോഗം പിടിപ്പെട്ട തീയതിയിൽ

70 വയസ്സിൽ അധികരിക്കാത്ത വായ്പക്കാർക്ക് മാത്രമാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. വായ്പയെടുക്കുന്ന തീയതിയിൽ നിയമാനുസൃത പ്രീമിയം അടവാക്കേണ്ടതാണ്. 20-09-2019-ലെ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി ഭേദഗതി പ്രകാരം വായ്പയെടുത്ത അംഗം വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പേരിൽ അന്നേദിവസം ബാക്കിനിൽക്കുന്ന വായ്പാ മുതൽ അല്ലെങ്കിൽ 3,00,000/- രൂപ ഇതിൽ ഏതാണോ കുറവ് ആ തുക ഫണ്ടിൽനിന്നും നൽകാവുന്നതാണ്. ഒന്നിൽ കൂടുതൽ പേർ ചേർന്നെടുത്ത കോ-ഓബ്ലിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ അതിൽ ഒരു വായ്പാക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പാക്കാരന്റെ മരണത്തീയതിയിൽ ബാക്കി നിൽക്കുന്ന തുകയിൽ ആനുപാതിക തുകയും ഫണ്ടിൽനിന്നും നൽകാവുന്നതാണ്. ഒരു വായ്പാക്കാരൻ വിവിധ സഹകരണ സംഘം/ബാങ്കുകളിൽനിന്നും എത്ര വായ്പകൾ എടുത്താലും പരമാവധി 6,00,000/- രൂപ വരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ.

(സി) സംസ്ഥാനത്തെ ഏതൊക്കെ സഹകരണ സ്ഥാപനങ്ങളിലാണ് ഇനിയും റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കാനുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി നേരിടുന്ന കാലതാമസം വിശദമാക്കാമോ?

വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്തെ സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ വായ്പകൾ വിതരണം ചെയ്യുന്ന എല്ലാ സഹകരണ ബാങ്കുകളും/സംഘങ്ങളും റിസ്ക് ഫണ്ട് പദ്ധതിയിൽ അംഗത്വമെടുക്കേണ്ടതാണ്. എല്ലാ സഹകരണ ബാങ്ക്/സംഘങ്ങൾക്കും റിസ്ക് ഫണ്ട് പദ്ധതിയിൽ അംഗത്വമെടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ 5187 സംഘങ്ങൾ റിസ്ക് ഫണ്ട് പദ്ധതിയിൽ അംഗത്വമെടുത്തിട്ടുള്ളതാണ്. സംഘം ഭരണസമിതി തീരുമാനമെടുത്ത് അപേക്ഷിക്കുന്ന മുറയ്ക്കാണ് അംഗത്വം നൽകുന്നത്. മുഴുവൻ സംഘങ്ങളേയും പദ്ധതിയുടെ ഭാഗമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) നാളിതുവരെ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം എത്ര പേർക്ക് എത്ര രൂപയുടെ സമാശ്വാസം നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് വർഷം, ജില്ല എന്നിവ തിരിച്ച് വിവരങ്ങൾ ലഭ്യമാക്കുമോ?

നാളിതുവരെ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം 94116 വായ്പകൾക്ക് 707.32 കോടി രൂപയുടെ സമാശ്വാസം നൽകാൻ കഴിഞ്ഞിട്ടുണ്ട്. അവയുടെ വർഷം, ജില്ല എന്നിവ തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

**ഗുരുവായൂർ മണ്ഡലത്തിലെ സ്നേഹതീരം വായ്പ പദ്ധതി**

323 (751) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ മണ്ഡലത്തിൽ സ്നേഹതീരം വായ്പ പദ്ധതി പ്രകാരം നൽകിയ വായ്പയുടെ വിശദാംശങ്ങൾ അറിയിക്കുമോ?

ഗുരുവായൂർ മണ്ഡലത്തിൽ സ്നേഹതീരം വായ്പ പദ്ധതി പ്രകാരം വായ്പകളൊന്നും നൽകിയിട്ടില്ല.

**പാറശാല മണ്ഡലത്തിലെ സുഭിക്ഷ കേരളം പദ്ധതി**

324(752)<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല നിയോജകമണ്ഡലത്തിൽ സഹകരണ സ്ഥാപനങ്ങൾ മുഖേന സുഭിക്ഷ കേരളം പദ്ധതിയിലുൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാറശ്ശാല നിയോജകമണ്ഡലത്തിൽ സഹകരണ സ്ഥാപനങ്ങളൊന്നും സുഭിക്ഷ കേരളം പദ്ധതിയിലുൾപ്പെടുത്തി പ്രവർത്തനങ്ങളൊന്നും ചെയ്തിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി മണ്ഡലത്തിലെ എത്ര കർഷകർക്ക് സഹകരണ സ്ഥാപനങ്ങൾ മുഖേന വായ്പ ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

സുഭിക്ഷ കേരളം പദ്ധതിയിലുൾപ്പെടുത്തി വായ്പകളൊന്നും വിതരണം ചെയ്തിട്ടില്ല.

**പട്ടാമ്പി മണ്ഡലത്തിലെ സുഭിക്ഷ കേരളം പദ്ധതി**

325 (753) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിൽ സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം; വിശദവിവരം ലഭ്യമാക്കുമോ?

പട്ടാമ്പി നിയോജകമണ്ഡലത്തിൽ സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരണ സ്ഥാപനങ്ങൾ പച്ചക്കറിക്കൃഷി, പശു വളർത്തൽ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം മണ്ഡലത്തിൽ മാതൃകാ കൃഷിത്തോട്ടം സജ്ജീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

പ്രസ്തുത പദ്ധതി പ്രകാരം മണ്ഡലത്തിൽ മാതൃകാ കൃഷിത്തോട്ടം സജ്ജീകരിച്ചിട്ടില്ല.

(സി) പ്രസ്തുത പദ്ധതിയിൽ സഹകരണ സ്ഥാപനങ്ങൾ മുഖേന കർഷകർക്ക് നൽകിയ വായ്പയുടെ വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി മണ്ഡലത്തിൽ സഹകരണ സ്ഥാപനങ്ങൾ 175 വായ്പകളിലായി 1,15,00,000/- രൂപ നൽകിയിട്ടുണ്ട്.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ നവകേരളീയം പദ്ധതി**

326 (754) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ എത്ര പേർക്കാണ് നവകേരളീയം പദ്ധതിയുടെ ആനുകൂല്യം ലഭിച്ചതെന്ന വിവരം ബാങ്ക് തിരിച്ച് അറിയിക്കാമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ 1060 പേർക്കാണ് നവകേരളീയം പദ്ധതിയുടെ ആനുകൂല്യം ലഭിച്ചത്. ബാങ്ക് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്ക് പേര് | ആനുകൂല്യം ലഭിച്ചവരുടെ എണ്ണം |
|---|---|---|
| 1 | K.108 വാഴപ്പള്ളി എസ്.സി.ബി. | 201 |
| 2 | കുറിച്ചി എസ്.സി.ബി. 1538 | 56 |
| 3 | തുരുത്തി എസ്.സി.ബി. 1486 | 16 |
| 4 | 3489 ചങ്ങനാശ്ശേരി നോർത്ത് എസ്.സി.ബി. | 35 |
| 5 | 1297 ഇത്തിത്താനം ജനത എസ്.സി.ബി. | 43 |
| 6 | 476 ഇത്തിത്താനം എസ്.സി.ബി. | 219 |
| 7 | 1626 ചീരംചിറ എസ്.സി.ബി. | 166 |
| 8 | 1698 പായിപ്പാട് എസ്.സി.ബി | 48 |
| 9 | 160 മാടപ്പള്ളി എസ്.സി.ബി. | 79 |
| 10 | 178 തൃക്കൊടിത്താനം എസ്.സി.ബി. | 44 |
| 11 | 62 പുഴവാത് എസ്.സി.ബി. | 59 |
| 12 | 3125 പായിപ്പാട് സെൻട്രൽ എസ്.സി.ബി. | 4 |
| 13 | പി.സി.ആർ.ഡി.ബി. ചങ്ങനാശ്ശേരി 1119 | 14 |
| 14 | 296 നാലുന്നാക്കൽ എസ്.സി.ബി., തെങ്ങണ ശാഖ മാത്രം | 10 |
| 15 | കേരള ബാങ്ക് | 66 |
| | **ആകെ** | **1060** |

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തുന്നതിന് മണ്ഡലത്തിൽനിന്ന് എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് അറിയിക്കാമോ?

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് മണ്ഡലത്തിൽ നിന്ന് 1067 അപേക്ഷകൾ ലഭിച്ചു. അതിൽ മൂന്ന് അപേക്ഷ ന്യൂനത കാരണം നിരസിച്ചു. ബാക്കിയുള്ളത് 1064 അപേക്ഷളാണ്.

(സി) അവയിൽ തീർപ്പാക്കിയത് എത്രയെന്നും തീർപ്പാക്കാനുള്ളവ എത്രയെന്നും ബാങ്ക് തിരിച്ച് അറിയിക്കാമോ?

അവയിൽ 1060 അപേക്ഷകൾ തീർപ്പാക്കി. നാല് അപേക്ഷ തീർപ്പാക്കാനുണ്ട്. ബാങ്ക് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ബാങ്ക് പേര് | തീർപ്പാക്കിയത് | തീർപ്പാക്കാനുള്ളത് |
|---|---|---|
| K.108 വാഴപ്പള്ളി എസ്.സി.ബി. | 201 | - |
| കുറിച്ചി എസ്.സി.ബി. 1538 | 56 | - |
| തുരുത്തി എസ്.സി.ബി. 1486 | 16 | - |
| 3489 ചങ്ങനാശ്ശേരി നോർത്ത് എസ്.സി.ബി. | 35 | - |
| 1297 ഇത്തിത്താനം ജനത എസ്.സി.ബി. | 43 | - |
| 476 ഇത്തിത്താനം എസ്.സി.ബി. | 219 | 1 |
| 1626 ചീരംചിറ എസ്.സി.ബി. | 166 | 3 |
| 1698 പായിപ്പാട് എസ്.സി.ബി. | 48 | - |
| 160 മാടപ്പള്ളി എസ്.സി.ബി. | 79 | - |
| 178 തൃക്കൊടിത്താനം എസ്.സി.ബി. | 44 | - |
| 62 പുഴവാത് എസ്.സി.ബി. | 59 | - |
| 3125 പായിപ്പാട് സെൻട്രൽ സി.ബി. | 4 | - |
| പി.സി.ആർ.ഡി.ബി. ചങ്ങനാശ്ശേരി 1119 | 14 | - |
| 296 നാലുന്നാക്കൽ എസ്.സി.ബി. തെങ്ങണ ശാഖ മാത്രം | 10 | - |
| കേരള ബാങ്ക് | 66 | - |
| ആകെ | **1060** | **4** |

**ജപ്തി ഒഴിവാക്കാൻ നടപടി**

327 (755) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കിൽനിന്നും ലോൺ എടുത്തവർക്ക് കാർഷിക മേഖലയിൽനിന്നുള്ള തകർച്ച, കോവിഡ് വ്യാപനംമൂലമുണ്ടായ സാമ്പത്തികപ്രതിസന്ധി തുടങ്ങിയവ കാരണം ലോൺ തുക തിരിച്ചടയ്ക്കാൻ സാധിക്കാത്തതിനാൽ ജപ്തി നടപടികൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ജപ്തി നടപടികൾ നിർത്തിവയ്ക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; അറിയിക്കുമോ?

ലോൺ തുക തിരിച്ചടക്കാൻ സാധിക്കാത്തവരുടെ വായ്പാകുടിശ്ശിക ഇളവുകളോടെ അടച്ചുതീർത്ത് ജപ്തി നടപടികളിൽനിന്നും ഒഴിവാകുന്നതിനുള്ള സാവകാശം വായ്പക്കാർക്ക് അനുവദിക്കുകയെന്ന ഉദ്ദേശ്യത്തോടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു. 2021 ആഗസ്റ്റ് 16-ന് ആരംഭിച്ച പദ്ധതി കോവിഡ് സാഹചര്യം പരിഗണിച്ച് 2022 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ചിട്ടുണ്ടായിരുന്നു. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് 2022 ഡിസംബർ 15 വരെയും ടി പദ്ധതി നടപ്പിലാക്കി. കേരള ബാങ്ക് 2023 ഫെബ്രുവരി 14 വരെ ടി പദ്ധതി നടപ്പിലാക്കുന്നുണ്ട്. ടി പദ്ധതിയിലൂടെ പരമാവധി ഇളവുകളോടെ

വായ്പാ കുടിശ്ശിക അടച്ചുതീർത്ത് ജപ്തി നടപടികളിൽനിന്നും ഒഴിവാകാവുന്നതാണ്.

(ബി) ജപ്തി നടപടികൾ നേരിടുന്നവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം വായ്പാതുകയും അടിസ്ഥാന പലിശയും അടച്ചുതീർക്കുന്നതിന് അനുമതി നൽകുമോ; വിശദമാക്കാമോ?

വിഷയം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**റിസ്ക് ഫണ്ട് ആനുകൂല്യങ്ങൾ**

328 (756) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുക്കുന്നവരിൽ അപേക്ഷകർ മരണപ്പെടുകയോ അപകടം സംഭവിക്കുകയോ വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത തരത്തിൽ ഗുരുതരരോഗം ബാധിക്കുകയോ ചെയ്താൽ അവരുടെ കുടുംബങ്ങളെ സഹായിക്കുന്ന തരത്തിൽ എന്തെല്ലാം ആശ്വാസന ടപടികളാണ് വകുപ്പ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

വായ്പയെടുത്തശേഷം അപകടം സംഭവിക്കുകയോ ഗുരുതരരോഗം ബാധിക്കുകയോ ചെയ്ത അപേക്ഷകർക്ക് എത്ര വായ്പകളുണ്ടെങ്കിലും വായ്പാ മുതലിനത്തിൽ പരമാവധി 1,25,000/- രൂപ റിസ്ക് ഫണ്ട് പദ്ധതിയിലെ

ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം അനുവദിക്കുന്നതാണ്. മാരകരോഗം പിടിപെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്ത വായ്പക്കാർക്ക് മാത്രമാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. റിസ്ക് ഫണ്ട് പദ്ധതി നിയമാവലി ഭേദഗതി പ്രകാരം വായ്പയെടുത്ത അംഗം വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കിനിൽക്കുന്ന വായ്പാ മുതൽ അല്ലെങ്കിൽ 3,00,000/- രൂപ ഇതിൽ ഏതാണോ കുറവ് ആ തുക ഫണ്ടിൽനിന്നും നൽകാവുന്നതാണ്. ഒന്നിൽക്കൂടുതൽപേർ ചേർന്നെടുത്ത കോ-ഓബ്ലിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ അതിൽ ഒരു വായ്പാക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പാക്കാരന്റെ മരണത്തീയതിയിൽ ബാക്കി നിൽക്കുന്ന തുകയിൽ ആനുപാതിക തുകയും ഫണ്ടിൽനിന്നും നൽകാവുന്നതാണ്. ഒരു വായ്പാക്കാരൻ വിവിധ സഹകരണ സംഘം/ബാങ്കുകളിൽനിന്നും എത്ര വായ്പകളെടുത്താലും പരമാവധി 6,00,000/- രൂപ വരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ.

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി മലപ്പുറം നിയോജകമണ്ഡലത്തിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്രപേർക്ക് ആനുകൂല്യങ്ങൾ നൽകിയെന്നും അറിയിക്കുമോ;

(സി) നിലവിൽ പരിഗണനയിലിരിക്കുന്ന അപേക്ഷകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത അപേക്ഷകൾ തീർപ്പാക്കാൻ സത്വരനടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(ബി & സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി മലപ്പുറം നിയോജകമണ്ഡലത്തിൽനിന്നും 331 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 91 അപേക്ഷകളിൽ ആനുകൂല്യം അനുവദിച്ച് നൽകിയിട്ടുണ്ട്. 214 അപേക്ഷകളിൽ റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിക്കുന്നത് പരിശോധനയിലാണ്. അർഹതയില്ലാത്തതിനാൽ 26 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## സഹകരണ സംഘ സംരക്ഷണ നിധി

329 (757) <u>ശ്രീ. ജോബ് മൈക്കിൾ</u>:
<u>ശ്രീ. പ്രമോദ് നാരായൺ</u>:
<u>ഡോ. എൻ. ജയരാജ്</u>:

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ സഹകരണ സംഘ സംരക്ഷണ നിധി രൂപീകരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സ്രോതസ്സും പ്രവർത്തനരീതിയും അറിയിക്കാമോ;

(സി) പ്രസ്തുത സംരക്ഷണ നിധി മുഖേന എന്തൊക്കെ പരിരക്ഷകളാണ് നൽകാൻ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

(എ-സി) സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന നിക്ഷേപങ്ങളുടെ പ്രായോഗികത പരിശോധിക്കുക, പ്രതിസന്ധിയിലാകുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുക, സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുക തുടങ്ങിയ ലക്ഷ്യം നേടുന്നതിന് നിർദ്ദേശങ്ങൾ തയ്യാറാക്കാൻ പ്രാപ്തമായ ഒരു സംവിധാനമാണ് 'കേരള സഹകരണ സംഘം (നിക്ഷേപ പ്രോത്സാഹന സംഘം പുനരുദ്ധാരണ)

പദ്ധതി'യിലൂടെ വിഭാവനം ചെയ്യുന്നത്. ഇതുസംബന്ധിച്ച സ്കീം തയ്യാറാക്കിവരുന്നു.

(ഡി) നിലവിലുള്ള ഗ്യാരന്റി ബോർഡുകളുടെ പ്രവർത്തനം വിപുലമാക്കുന്നതിന് ആലോചനയുണ്ടോ; വിശദാംശം അറിയിക്കാമോ?

നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന്റെ പ്രവർത്തനം വിപുലമാക്കുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

**സംരംഭകരെ സഹായിക്കാൻ പുതിയ വായ്പ പദ്ധതി**

330 (758) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ കീഴിലുള്ള സാമ്പത്തിക സ്ഥാപനങ്ങൾ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് സംസ്ഥാനത്തുതന്നെ തൊഴിൽ ചെയ്യുന്നതിനും വരുമാനമുണ്ടാക്കുന്നതിനും നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് സ്വയംതൊഴിൽ ചെയ്ത് വരുമാനമുണ്ടാക്കുന്നതിനായി അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾ ഉൾപ്പെടെയുള്ളവർക്കായി വ്യത്യസ്തങ്ങളായ MSME വായ്പാ പദ്ധതികൾ കേരള സംസ്ഥാന സഹകരണ

ബാങ്കും മറ്റ് പ്രാഥമിക വായ്പാ സംഘങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ നോർക്കയുമായി ചേർന്നുകൊണ്ട് പലിശ/ക്യാപിറ്റൽ സബ്സിഡിയോടുകൂടിയിട്ടുള്ള വായ്പാപദ്ധതികളും അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ വൈദഗ്ധ്യം നേടുന്നതിന് ASAP (Additional Skill Acquisition Programme)-മായി സഹകരിച്ച് വായ്പാ പദ്ധതിയും കേരള സംസ്ഥാന സഹകരണ ബാങ്ക് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വിദ്യാഭ്യാസം നേടിയ മേഖലയുമായി ബന്ധപ്പെട്ട സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുദ്ര ലോൺ മാതൃകയിൽ കുറഞ്ഞ പലിശയ്ക്ക് സഹകരണ മേഖലയിൽനിന്ന് വായ്പ നൽകുന്ന പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

വ്യത്യസ്ത മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കാനായി കേരള ബാങ്കുവഴി വായ്പകൾ അനുവദിച്ചുവരുന്നുണ്ട്. ഇതിൽ പരമാവധി അഞ്ച് ലക്ഷം രൂപ വരെ ലഘുജാമ്യവ്യവസ്ഥയിൽ അനുവദിക്കുന്നുണ്ട്. കൂടാതെ വിവിധ സർക്കാർ വകുപ്പുകൾ/ഏജൻസികൾ മുതലായവയുമായി ചേർന്ന് പലിശ/ക്യാപിറ്റൽ സബ്സിഡി ലഭ്യമാക്കിക്കൊണ്ട് കുറഞ്ഞ പലിശ

നിരക്കിലും കേരള സംസ്ഥാന സഹകരണ ബാങ്ക് വായ്പകൾ അനുവദിക്കുന്നുണ്ട്.

(സി) വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന സിംഗിൾ വിൻഡോ അംഗീകാരം നേടുന്ന സംരംഭങ്ങൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

കേരള സംസ്ഥാന സഹകരണ ബാങ്കുവഴി പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് KB-SMART വായ്പാ പദ്ധതി പ്രകാരം 10 ലക്ഷം രൂപ വരെ അനുവദിച്ചുവരുന്നുണ്ട്. സിംഗിൾ വിൻഡോ അംഗീകാരം നേടുന്ന സംരംഭങ്ങൾക്കും ടി പദ്ധതി വഴി കേരള സംസ്ഥാന സഹകരണ ബാങ്കിൽനിന്നും ഫണ്ട് ലഭ്യമാക്കാവുന്നതാണ്.

**സഹകരണ ജീവനക്കാർക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി**

331 (759) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 13-05-2022-ലെ സ.ഉ.(സാധാ)നം.331/2022/സഹ. പ്രകാരം സഹകരണ ജീവനക്കാർക്ക് നടപ്പിലാക്കുന്ന മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയുടെ നടപടിക്രമങ്ങളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; പദ്ധതി എന്നത്തേയ്ക്ക് നടപ്പിലാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(ബി) ഈ പദ്ധതിയിൽനിന്ന് ദിനപിരിവുകാരെയും കമ്മീഷൻ ജീവനക്കാരെയും ഒഴിവാക്കാൻ ആലോചനയുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഈ പദ്ധതി നടപ്പിലാക്കുമ്പോൾ സഹകരണ വകുപ്പിന് കീഴിലുള്ള ബോർഡുകളിലെ ജീവനക്കാരെ ഉൾപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി അനുയോജ്യമായ ഒരു മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഒരു പ്രത്യേക മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയായി നടപ്പാക്കുന്നതിനുള്ള സ്കീം തയ്യാറാക്കി വരികയാണ്.

**സഹകരണ വകുപ്പിലെ സ്ത്രീശാക്തീകരണ പദ്ധതികൾ**

332(760) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീശാക്തീകരണവുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

വനിതാ സഹകരണ സംഘങ്ങൾക്കും കേരള സംസ്ഥാന വനിതാ സഹകരണ ഫെഡറേഷനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കാനും വനിതാ സഹകരണ സംഘങ്ങളുടെ വികസനവും ലക്ഷ്യമാക്കി ചുവടെ പറയുന്ന പദ്ധതികൾക്കായി 2022-23 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ 300 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പദ്ധതിയുടെ ഗുണഭോക്താക്കൾ നൂറ് ശതമാനവും വനിതകളായിരിക്കും.

1. ദുർബ്ബലമായ വനിതാ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് സഹായം.
2. വനിതാ സഹകരണ സംഘങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് വനിതാ സംഘങ്ങൾക്കും വനിതാ ഫെഡറേഷനും ആധുനികവത്കരണത്തിനും കമ്പ്യൂട്ടർവത്കരണത്തിനുമായുള്ള സഹായം.
3. ചെറുകിട വ്യവസായം ആരംഭിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുമായി വനിതാ സഹകരണ സംഘങ്ങൾക്കുള്ള സഹായം.

4. ഉൽപ്പാദന യൂണിറ്റുകൾ ഏറ്റെടുക്കുന്ന വനിതാ സഹകരണ സംഘങ്ങൾക്ക് പരമാവധി അഞ്ച് ലക്ഷം രൂപ വരെ പ്രോത്സാഹനമായി നൽകുന്നു.

സ്ത്രീ സമൂഹത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിനുതകുന്ന തരത്തിൽ അവർക്കുവേണ്ടി സംയോജിത വായ്പ/സേവന പ്രവർത്തനങ്ങൾ അംഗസംഘങ്ങൾ വഴി നടപ്പാക്കുകയെന്നതാണ് വനിതാഫെഡിന്റെ ലക്ഷ്യം. ഈ ലക്ഷ്യം സാധിക്കുന്നതിന്റെ ഭാഗമായി വനിതാസംഘങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനും ഡ്രൈവിംഗ് സ്കൂൾ നടത്തുന്നതിനും നീതിമെഡിക്കൽ സ്റ്റോറുകൾ നടത്തുന്നതിനും വനിതാ സംഘങ്ങൾക്ക് വായ്പ നൽകിവരുന്നു. ഇതിനുപുറമെ വിവിധ സംഘങ്ങൾക്ക് പേപ്പർ/തുണി സഞ്ചി നിർമ്മാണം, മാസ്ക് നിർമ്മാണം, ഗാർമെന്റ് മേക്കിംഗ്, കാന്റീൻ എന്നീ പദ്ധതികൾക്കായും വായ്പ നൽകിയിട്ടുണ്ട്. അംഗസംഘങ്ങൾക്ക് സാധാരണ വായ്പകളും ആവശ്യാനുസരണം നൽകിവരുന്നു.

(ബി) സംസ്ഥാനത്തെ സഹകരണ ബാങ്കിംഗ് ഭരണരംഗത്ത് വനിത പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

കേരള സഹകരണ സംഘം നിയമം വകുപ്പ് 28എ ഉപവകുപ്പ് (1) പ്രകാരം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ ഭരണരംഗത്ത് വനിതാ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് ആകെ ഭരണസമിതി അംഗങ്ങളിൽ മൂന്ന് സീറ്റ് വനിതകൾക്ക് സംവരണം ചെയ്തിട്ടുണ്ട്.

**സഹകരണ ബാങ്കുകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

333 (761) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്ത് കൃത്യമായി അടച്ചുവന്നിരുന്നവർക്കും പ്രളയത്തെയും കോവിഡ് മഹാമാരിയെയും തുടർന്ന് തിരിച്ചടവിന് വീഴ്ചവരുത്തിയവർക്കും വായ്പാതിരിച്ചടവിനായി പലിശ, പിഴപ്പലിശ എന്നിവയിൽ പരമാവധി ഇളവുകൾ അനുവദിച്ച് ഒറ്റത്തവണ തീർപ്പാക്കലിനായി അവസരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ & ബി) സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്ത് കൃത്യമായി അടച്ചുവരുന്നവർക്കും പ്രളയത്തെയും കോവിഡ് മഹാമാരിയെയും തുടർന്ന് തിരിച്ചടവിന് വീഴ്ചവരുത്തിയവർക്കും വായ്പാ തിരിച്ചടവിനായി പലിശ, പിഴപ്പലിശ എന്നിവയിൽ പരമാവധി ഇളവുകൾ അനുവദിച്ച് 2021 ആഗസ്റ്റ്

16 മുതൽ 2022 സെപ്തംബർ 30 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു. ടി പദ്ധതി പ്രകാരം പ്രളയത്തെയും കോവിഡ് മഹാമാരിയെയും തുടർന്ന് തിരിച്ചടവിന് വീഴ്ചവരുത്തിയവർക്ക് പിഴപ്പലിശ ഒഴിവാക്കിയും പലിശയിൽ പരമാവധി 50 ശതമാനം വരെ ഇളവ് നൽകിയും വായ്പാകണക്ക് അവസാനിപ്പിക്കുന്നതിന് അവസരം നൽകിയിരുന്നു. സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്ത് കൃത്യമായി അടച്ചുവരുന്നവർക്ക് 2020-21 സാമ്പത്തികവർഷം അടച്ച പലിശയിൽ ഇളവ് നൽകാവുന്നതാണെന്നും ഇപ്രകാരമുള്ള ഇളവ് സംഘം ഭരണസമിതിക്ക് അനുവദിക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നു.

**കെയർ ഹോം പദ്ധതി**

334 (762) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ കീഴിലുള്ള കെയർ ഹോം പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

കെയർ ഹോം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ നിർമ്മിച്ചുനൽകുന്നതിന് അനുമതി ലഭിച്ച 2094 വീടുകളിൽ 2023 ജനുവരി 25 വരെ 2091 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഒരു വീടിന്റെ

നിർമ്മാണപ്രവർത്തനം അന്തിമഘട്ടത്തിലാണ്. പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 40 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന ഭവനസമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറിയിട്ടുണ്ട്. പാലക്കാട്, കണ്ണൂർ, കോട്ടയം ജില്ലകളിൽ നിർമ്മാണം താമസംവിനാ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ;

(സി) മറ്റ് ജില്ലകളിൽക്കൂടി പ്രസ്തുത പദ്ധതി നടപ്പാക്കുമോ; വ്യക്തമാക്കുമോ?

(ബി&സി) കെയർ ഹോം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | അനുവദിച്ച വീടുകളുടെ എണ്ണം | നിർമ്മാണം പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 75 | 73 |
| 2 | കൊല്ലം | 43 | 42 |

| | | | |
|---|---|---|---|
| 3 | പത്തനംതിട്ട | 114 | 114 |
| 4 | ആലപ്പുഴ | 201 | 201 |
| 5 | കോട്ടയം | 83 | 83 |
| 6 | ഇടുക്കി | 213 | 213 |
| 7 | എറണാകുളം | 410 | 410 |
| 8 | തൃശ്ശൂർ | 503 | 503 |
| 9 | പാലക്കാട് | 206 | 206 |
| 10 | മലപ്പുറം | 90 | 90 |
| 11 | കോഴിക്കോട് | 45 | 45 |
| 12 | വയനാട് | 84 | 84 |
| 13 | കണ്ണൂർ | 20 | 20 |
| 14 | കാസർഗോഡ് | 7 | 7 |

പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 40 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന ഭവനസമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറിയിട്ടുണ്ട്.

**നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി**

335 (763) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനും കുടിശ്ശികയുള്ളവർക്ക് പ്രത്യേക ഇളവുകൾ നൽകുന്നതിനും നവകേരളീയം

കുടിശ്ശിക നിവാരണ പദ്ധതി ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കാമോ?

(എ & ബി) സഹകരണ ബാങ്കുകളുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനും കുടിശ്ശികയുള്ളവർക്ക് പ്രത്യേക ഇളവുകൾ നൽകുന്നതിനും നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി 2021-22 കാലയളവിലും നടപ്പിലാക്കിയിരുന്നു. 2021 ആഗസ്റ്റ് 16-ന് ആരംഭിച്ച പദ്ധതി കോവിഡ് സാഹചര്യം പരിഗണിച്ച് 2022 സെപ്തംബർ 30 വരെ ദീർഘിപ്പിച്ചിട്ടുണ്ടായിരുന്നു. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് 2022 ഡിസംബർ 15 വരെ ടി പദ്ധതി നടപ്പിലാക്കി. കേരള ബാങ്ക് 2023 ഫെബ്രുവരി 14 വരെ ടി പദ്ധതി നടപ്പിലാക്കുന്നുണ്ട്. 2023 വർഷം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**സഹകരണ മേഖലയിൽ നടപ്പാക്കിവരുന്ന പദ്ധതികൾ**

336 (764) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനികവത്കരണം ലക്ഷ്യമിട്ട് സഹകരണ വകുപ്പിൽ നടപ്പിലാക്കിവരുന്ന പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

1. <u>പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ</u>

സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. <u>ICDMS (Integrated Co-operative Department Management System)</u>

സഹകരണ വകുപ്പിന്റെ ആധുനികവത്കരണത്തിന്റെ ഭാഗമായി ICDMS (Integrated Co-operative Department Management System) പദ്ധതി പ്രകാരം സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ-ബൈലാ ഭേദഗതി, ഫണ്ട് മാനേജ്മെന്റ് മോഡ്യൂൾ, ആഡിറ്റ് മോഡ്യൂൾ എന്നീ മൂന്ന് സേവനങ്ങൾ ഓൺലൈൻവഴി നടപ്പിലാക്കിയിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി എന്നിവയ്ക്കുള്ള അപേക്ഷകൾ പൊതുജനങ്ങൾക്ക്/സഹകരണ

സംഘങ്ങൾക്കുതന്നെ നേരിട്ട് ഓൺലൈനായി സമർപ്പിക്കുന്നതിനും ആയതിനുള്ള ഫീസ് ട്രഷറി ഓൺലൈൻ പേയ്മെന്റ് ഗേറ്റ്‌വേ വഴി ഒടുക്കുന്നതിനും സാധിക്കും. ആയത് രജിസ്റ്റർ ചെയ്ത് നൽകുന്നതും ICDMS-ലൂടെയാണ്. സംസ്ഥാന/എൻ.സി.ഡി.സി. പദ്ധതികളിലുൾപ്പെടുത്തി സഹകരണ സംഘങ്ങൾക്ക് അനുവദിക്കുന്ന ധനസഹായം സംബന്ധിച്ച മുഴുവൻ വിവരങ്ങളും ലഭ്യമാക്കുന്നതിനും ധനസഹായം അനുവദിച്ചതിനുശേഷം ടി തുകയുടെ തിരിച്ചടവ് കൃത്യമായി മോണിറ്റർ ചെയ്യുന്നതിലേയ്ക്കുമായിട്ടാണ് ഫണ്ട് മാനേജ്മെന്റ് മോഡ്യൂൾ തയ്യാറാക്കിയിട്ടുള്ളത്. സഹകരണ സംഘങ്ങളുടെ ആഡിറ്റ് റിപ്പോർട്ട് സോഫ്റ്റ്‌വെയർ സംവിധാനത്തിൽ തയ്യാറാക്കി ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള മോഡ്യൂളിന്റെ സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് നടപടികൾ അന്തിമഘട്ടത്തിലാണ്. യൂസർ അക്സപ്റ്റൻസ് ടെസ്റ്റ് (UAT) നടപടികൾ പുരോഗമിക്കുന്നു.

3. <u>സഹകരണ ഇലക്ഷൻ മാനേജ്മെന്റ് സിസ്റ്റം</u>

സഹകരണ സംഘങ്ങളുടെ ഇലക്ഷൻ നടത്തുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

4. Co-operative Audit Monitoring & Information System (CAMIS)

സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ആഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്.

5. വെബ്സൈറ്റ്

സഹകരണ വകുപ്പിന്റെ വെബ്സൈറ്റ് നവീകരണ പ്രവർത്തനങ്ങൾക്കായി സി-ഡിറ്റിനെ ചുമതലപ്പെടുത്തുകയും ആയത് പൂർത്തീകരിച്ചിട്ടുമുണ്ട്.

(ബി) കുടിശ്ശികയായ വായ്പകൾ അടച്ചുതീർക്കാൻ പ്രയാസമനുഭവിക്കുന്നവർക്കായി സഹകരണ വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കുടിശ്ശികയായ വായ്പകൾ അടച്ചുതീർക്കാൻ പ്രയാസമനുഭവിക്കുന്നവർക്കായി സഹകരണ വകുപ്പ് നവകേരളീയം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കാറുണ്ട്. സഹകരണ ബാങ്കുകളുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനും കുടിശ്ശികയുള്ളവർക്ക് പ്രത്യേക ഇളവുകൾ നൽകുന്നതിനും നവകേരളീയം

കുടിശ്ശിക നിവാരണ പദ്ധതി 2021-22 കാലയളവിലും നടപ്പിലാക്കിയിരുന്നു. 2021 ആഗസ്റ്റ് 16-ന് ആരംഭിച്ച പദ്ധതി കോവിഡ് സാഹചര്യം പരിഗണിച്ച് 2022 സെപ്തംബർ 30 വരെ ദീർഘിപ്പിച്ചിട്ടുണ്ടായിരുന്നു. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് 2022 ഡിസംബർ 15 വരെയും ടി പദ്ധതി നടപ്പിലാക്കി. കേരള ബാങ്കിൽ നിലവിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, റിക്കവറി മാനേജ്മെന്റ് പോളിസി എന്നിവ നടപ്പിലാക്കിവരുന്നു.

(സി) കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ ഇതുപ്രകാരം കുടിശ്ശികക്കാർക്ക് എത്ര തുക ഇളവ് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ (2017-18 സാമ്പത്തികവർഷം മുതൽ 2021-22 സാമ്പത്തികവർഷം വരെ) നവകേരളീയം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കുടിശ്ശികക്കാർക്ക് ആകെ 2,278.36 കോടി രൂപയുടെ ഇളവനുവദിച്ച് നൽകിയിട്ടുണ്ട്. കേരള ബാങ്ക് നിലവിൽവന്നതിനുശേഷം 2019-20 മുതൽ 2021-22 വരെ 315.52 കോടി രൂപ ഇളവനുവദിച്ചു നൽകിയിട്ടുണ്ട്.

(ഡി) അശരണരായ സഹകാരികൾക്കുള്ള ആശ്വാസ പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

സഹകരണ രംഗത്ത് സർക്കിൾ (താലൂക്ക്)/ജില്ല/സംസ്ഥാനതലത്തിൽ ഏതിലെങ്കിലും സഹകരണ മേഖലയുടെ പുരോഗതിക്കുവേണ്ടി വളരെ കാലമായി പ്രവർത്തിച്ചവരോ, പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരോ ആയവരും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ ഉൾപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണസമിതിയിൽ രണ്ട് തവണയെങ്കിലും അംഗമായിരിക്കുകയും ഇപ്പോൾ അവശത അനുഭവിക്കുകയും ചെയ്യുന്നവരും വാർഷികവരുമാനം 3,00,000/- രൂപയിൽ (മൂന്ന് ലക്ഷം) താഴെയുള്ളവരുമായ സഹകാരികൾക്ക് അശരണരായ സഹകാരികൾക്കുള്ള ആശ്വാസനിധി എന്ന പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. ടി പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അപേക്ഷിക്കുന്ന ഗുണഭോക്താക്കൾ സഹകരണ മേഖലയിലെ അവരുടെ പ്രവർത്തനവൈകല്യംമൂലം ഒരു വിധനടപടിയും നേരിടാത്തവർ ആയിരിക്കണം. മേൽപ്രകാരമുള്ള വിഭാഗത്തിൽപ്പെടുന്ന സഹകാരികൾക്ക് ചികിത്സയ്ക്കായി പരമാവധി 50,000/- രൂപയും സഹകാരികൾ മരണപ്പെട്ടാൽ കുടുംബാംഗങ്ങൾക്ക്/ആശ്രിതർക്ക് പരമാവധി 25,000/- രൂപയും ധനസഹായം ലഭിക്കുന്നതാണ്.

<u>അംഗ സമാശ്വാസ പദ്ധതി</u>

1969-ലെ സഹകരണസംഘം നിയമം വകുപ്പ് 56(1) സി ചട്ടം 53 എ പ്രകാരമാണ് കേരള സഹകരണ അംഗ സമാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളത്. ടി പദ്ധതി പ്രകാരം ഗുരുതരരോഗം ബാധിച്ച് കഷ്ടതയനുഭവിക്കുന്നവരെ (അർബുദം, വൃക്കരോഗം ബാധിച്ച് വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, ഗുരുതര കരൾ രോഗം, ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്നവർ, പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, ഗുരുതര ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ (ഓപ്പൺ ഹാർട്ട്/ബൈപ്പാസ് സർജറി), എച്ച്.ഐ.വി. ബാധിതർ, അപകടത്തിൽപ്പെട്ട് ശയ്യാവലംബരായവർ, മാതാപിതാക്കൾ മരിച്ചുപോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയാകാത്ത കുട്ടികൾ) സഹായിക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

(i) കാൻസർ, വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, വൃക്കരോഗം ബാധിച്ച് ഡയാലിസിസിന് വിധേയമായവർ, ഗുരുതര കരൾ രോഗം ബാധിച്ചവർ (ലിവർ സിറോസിസ്) എന്നിവർക്ക് 25,000/- രൂപയും

(ii) ഗുരുതര ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയമായവർ (ബൈപാസ്/ഓപ്പൺ ഹാർട്ട് സർജറിക്ക്) 10,000/- രൂപയും

(iii) പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, എച്ച്.ഐ.വി. ബാധിതർ, അപകടത്തിൽപ്പെട്ട് ശയ്യാവലംബരായവർ എന്നിവർക്ക് 15,000/- രൂപയും

(iv) മാതാപിതാക്കൾ മരിച്ചുപോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയാകാത്ത കുട്ടികൾക്ക് 10,000/ രൂപയും അനുവദിക്കുന്നു. ടി പദ്ധതി പ്രകാരം നാളിതുവരെ 32525 പേർക്ക് 68,24,40,000 രൂപ നൽകിയിട്ടുണ്ട്.

**കേരള ബാങ്കിന്റെ നിക്ഷേപ പദ്ധതികൾ**

337(765) ശ്രീ. വി. ശശി:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന് വേൾഡ് കോ-ഓപ്പറേറ്റീവ് മോണിട്ടർ റിപ്പോർട്ട് പ്രകാരം ഏഷ്യയിൽ ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

അന്തർദേശീയ സഹകരണ സഖ്യവും (ICA), യൂറോപ്യൻ സഹകരണ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ചേർന്ന് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ 01-12-2022-ന് പ്രസിദ്ധീകരിച്ച World Co-operative Monitor Report പ്രകാരം കേരള ബാങ്കിന് ഏഷ്യയിൽ ഒന്നാം സ്ഥാനം ലഭിച്ചു. ലോകത്തെ ഏറ്റവും വലിയ സഹകരണ സംഘങ്ങളുടെ പട്ടികയിൽ (Turn Over/GDP per capita അടിസ്ഥാനത്തിൽ) ധനകാര്യ സേവന മേഖലയിലെ പ്രവർത്തനത്തിനാണ് ഏഷ്യയിൽ ഒന്നാംസ്ഥാനം കേരള ബാങ്കിന് ലഭിച്ചത്.

(ബി) കേരള ബാങ്കിന് സഹകരണ ബാങ്കിംഗ് മേഖലയിലെ പ്രവർത്തന മികവിന് ദേശീയതലത്തിൽ അവാർഡ് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സഹകരണ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചതിന് നാഷണൽ ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് (NAFSCOB) ഏർപ്പെടുത്തിയ അവാർഡിൽ ദേശീയതലത്തിൽ പ്രഥമസ്ഥാനമാണ് കേരളാ ബാങ്കിന് ലഭിച്ചത്. ജനാധിപത്യ രീതിയിലുള്ള പ്രവർത്തനം, വിഭവസമാഹരണവും വികസനവും ബാങ്കിംഗ് സേവനങ്ങൾ പരമാവധി ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിൽ കൈവരിച്ച വിജയം, മികച്ച റിക്കവറി പ്രവർത്തനങ്ങൾ, കുടിശ്ശിക നിർമ്മാർജ്ജനം, സാമ്പത്തിക

സാക്ഷരതാരംഗത്തുണ്ടായ മുന്നേറ്റം, മാർഗ്ഗനിർദ്ദേശപാലന രീതി, മികച്ച ലാഭനേട്ടം തുടങ്ങി വിവിധ മേഖലയിലെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിലാണ് കേരള ബാങ്കിന് അവാർഡ് ലഭിച്ചത്.

(സി) കേരള ബാങ്ക് നിലവിൽവന്നതിനുശേഷം സമൂഹത്തിലെ എല്ലാത്തരം ജനവിഭാഗത്തിന്റെയും നിക്ഷേപാവശ്യങ്ങൾ നിറവേറ്റാൻ ഉതകുന്നരീതിയിലുള്ള വിവിധതരം നിക്ഷേപ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

കേരള ബാങ്ക് നിലവിൽവന്നതിനുശേഷം സമൂഹത്തിലെ എല്ലാ വിഭാഗക്കാർക്കും അനുയോജ്യമായ വിധത്തിൽ വിവിധ നിക്ഷേപ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കുട്ടികളിൽ സമ്പാദ്യശീലം വളർത്തുകയെന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച വിദ്യാനിധി നിക്ഷേപ പദ്ധതിയിൽ 12 മുതൽ 16 വയസ്സ് വരെയുള്ള കുട്ടികൾക്ക് അവരുടെ സ്വന്തം പേരിൽ അക്കൗണ്ട് ആരംഭിക്കാം. വിദ്യാനിധി അക്കൗണ്ടിനൊപ്പം രക്ഷിതാക്കൾക്ക് (മാതാവിന് മുൻഗണന) പ്രത്യേക പ്രിവിലേജ് അക്കൗണ്ട് സൗകര്യവും ലഭിക്കുന്നു.

മറ്റ് പ്രധാന നിക്ഷേപ പദ്ധതികൾ ചുവടെ ചേർക്കുന്നു

1. റെഗുലർ സേവിംഗ്സ് അക്കൗണ്ട്

2. സീനിയർ സിറ്റിസൺ സേവിംഗ്സ് അക്കൗണ്ട്.

3. വനിത സേവിംഗ്സ് അക്കൗണ്ട്.

4. യംഗ് ചാമ്പ്യൻ സേവിംഗ്സ്.

5. മൈനർ സേവിംഗ്സ്.

6. സഹായം സേവിംഗ്സ്.

7. പെൻഷൻ സേവിംഗ്സ്.

8. കുടുംബം സേവിംഗ്സ്.

9. ഫ്രീഡം സേവിംഗ്സ് (PACS).

10. സാലറി സേവിംഗ്സ്.

11. ബേസിക് സേവിംഗ്സ്.

12. പ്രിവിലേജ് സേവിംഗ്സ്.

13. മാക്സിമം സേവിംഗ്സ്.

14. പ്രിവിലേജ്ഡ് സാലറി സേവിംഗ്സ്.

15. സൊസൈറ്റി സേവിംഗ്സ്.

16. സ്റ്റാഫ് സേവിംഗ്സ്.

17. കറന്റ് അക്കൗണ്ട് സേവിംഗ്സ്.

(ഡി) കേരള ബാങ്കിന്റെ നിക്ഷേപത്തിലും വായ്പയിലും മൂലധനത്തിലും വർദ്ധനവുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

31-03-2020-ൽ കേരളാ ബാങ്കിന്റെ മൂലധനം 1,652.09 കോടി രൂപ ആയിരുന്നത് 31-03-2022-ൽ 2,042.08 കോടി രൂപയായും നിക്ഷേപം 61,037.59 കോടി രൂപ ആയിരുന്നത് 69,907.12 കോടി രൂപയായും വായ്പ 40,156.82 കോടി രൂപ ആയിരുന്നത് 40,950.04 കോടി രൂപയായും വർദ്ധിച്ചിട്ടുണ്ട്.

(ഇ) കേരള ബാങ്കിന് എല്ലാ ആധുനിക ബാങ്കിംഗ് സംവിധാനങ്ങളോടും കിടപിടിക്കാൻ കഴിയുന്ന തരത്തിലുള്ള ഏകീകൃത കോർബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിലെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

എല്ലാ ആധുനിക ബാങ്കിംഗ് സംവിധാനങ്ങളും സഹകരണ മേഖലയിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കേരള ബാങ്കിന്റെ ഏകീകൃത CBS-നായി ഇൻഫോസിസ് കമ്പനിയുടെ ലോകത്തിലെതന്നെ ഏറ്റവും മികച്ച CBS-ൽ ഒന്നായ Finacle 10X നടപ്പിലാക്കുന്നതിന് M/s Wipro-യെ ചുമതലപ്പെടുത്തുകയുണ്ടായി. ഇതേത്തുടർന്ന് കേരള സംസ്ഥാന സഹകരണ ബാങ്കും അതിൽ ലയിച്ച 13 മുൻജില്ലാ സഹകരണ ബാങ്കുകളുടേയും ഡാറ്റ

പൂർണ്ണമായും 26-12-2022-ൽ ഏകീകൃത CBS-ൽ മാറുകയുണ്ടായി. നിലവിൽ കേരളാ ബാങ്കിന്റെ എല്ലാ ശാഖകളും ഏകീകൃത CBS-ലാണ് പ്രവർത്തിക്കുന്നത്. CBS interface മുഖേനയുള്ള അനുബന്ധ IT പ്രവർത്തനങ്ങൾ സജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## കേരള ബാങ്കിന്റെ കുടിശ്ശിക നിവാരണ പദ്ധതി

338 (766) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിൽ കുടിശ്ശിക നിവാരണ പദ്ധതി നിലവിൽ തുടരുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര രൂപയുടെ ഇളവ് മുതലിലും പലിശയിലും അനുവദിച്ചിട്ടുണ്ട്; അറിയിക്കുമോ?

കേരളാ ബാങ്കിൽ കുടിശ്ശിക നിവാരണ പദ്ധതി നിലവിലുണ്ട്. 2021-22 സാമ്പത്തികവർഷത്തിൽ പലിശ ഇനത്തിലും പിഴപ്പലിശ ഇനത്തിലുമായി 125.91 കോടി രൂപയുടെ ഇളവനുവദിച്ചിട്ടുണ്ട്.

(ബി) കുടിശ്ശിക പിരിച്ചെടുക്കാൻ മുതലിലും പലിശയിലും കൂടുതൽ ഇളവുകൾ നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കുടിശ്ശിക വായ്പക്കാർക്ക് ഇളവ് അനുവദിക്കുന്നതിനായി നിലവിൽ നടപ്പിലാക്കിവരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ

ഉപനിബന്ധനയിലും ബാങ്കിൽ നടപ്പിലാക്കിയിട്ടുള്ള റിക്കവറി മാനേജ്മെന്റ് പോളിസിയിലെ ഉപനിബന്ധനയിലും ഉൾപ്പെടുത്തിയ വ്യവസ്ഥകൾപ്രകാരമാണ് പലിശയിളവുകൾ അനുവദിക്കുന്നത്.

**കേരള ബാങ്കിലെ ഓൺലൈൻ സംവിധാനങ്ങൾ**

339 (767) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് ശാഖകളിൽ പണമിടപാടുകൾ നടത്തുന്നതിന് ഡെബിറ്റ് കാർഡുൾപ്പെടെയുള്ള ഓൺലൈൻ സംവിധാനങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കാമോ?

കേരള ബാങ്ക് ശാഖകളിൽ പണമിടപാടുകൾ നടത്തുന്നതിന് ഡെബിറ്റ് കാർഡ്, മൊബൈൽ ബാങ്കിംഗ്, RTGS/NEFT മുതലായ ഓൺലൈൻ സംവിധാനങ്ങൾ നിലവിലുണ്ട്.

(ബി) ഇന്റർനെറ്റ് ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ് ഉൾപ്പെടെയുള്ള ആധുനിക ബാങ്കിംഗ് സംവിധാനങ്ങൾ ഇതര ബാങ്കുകളുടെ അത്രത്തോളം കേരള ബാങ്കിൽ കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

പ്രസ്തുത സംവിധാനങ്ങൾ എല്ലാ ഉപഭോക്താക്കൾക്കും ലഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാമോ?

കേരള ബാങ്കിന്റെ CBS മൈഗ്രേഷൻ 2022 ഡിസംബർ മാസത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. CBS മൈഗ്രേഷൻ പൂർത്തീകരിച്ചതിലൂടെ എല്ലാ ഇടപാടുകാർക്കും മൊബൈൽ സേവനം പ്രദാനം ചെയ്യാൻ കേരള ബാങ്ക് പര്യാപ്തമായിട്ടുണ്ട്. നിലവിൽ ഇന്റർനെറ്റ് ബാങ്കിംഗ് ലൈസൻസ് ബാങ്കിന് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോർ ബാങ്കിംഗ് സംവിധാനം**

340 (768) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് കോർബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) കേരള ബാങ്കിന്റെ ഹെഡ് ആഫീസ്, 7 റീജിയണൽ ആഫീസുകൾ, കോർപ്പറേറ്റ് ബിസിനസ്സ് ആഫീസ്, 13 ജില്ലാതല ക്രെഡിറ്റ് പ്രോസസ്സിംഗ് സെന്ററുകൾ, 769 ബ്രാഞ്ചുകൾ എന്നിവ 2022 ഡിസംബർ

മാസം 26-ാം തീയതി മുതൽ ഏകീകൃത കോർബാങ്കിംഗ് സൊല്യൂഷനിലേക്ക് (Finacle 10x) മാറ്റിയിട്ടുണ്ട്.

(സി) കോർബാങ്കിംഗ് മുഖേന എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും ഇടപാടുകൾ നടത്താനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കേരള ബാങ്കിന്റെ കോർബാങ്കിംഗ് സംവിധാനം മുഖേന എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങൾക്കും ഇടപാടുകൾ നടത്താനുള്ള സൗകര്യമൊരുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(ഡി) സഹകരണ ബാങ്കുകളെ തദ്ദേശഭരണസ്ഥാപനങ്ങളുടെ ബാങ്കറായി ഉയർത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;?

ഇക്കാര്യം പരിശോധിക്കുന്നതാണ്.

**സഹകരണ ബാങ്ക് മുഖേന ലഭിക്കുന്ന വിദ്യാഭ്യാസ വായ്പകൾ**

341 (769) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ വിവിധ സഹകരണ ബാങ്കുകൾ മുഖേന കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ അനുവദിച്ച വിദ്യാഭ്യാസ വായ്പകളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

ഗുരുവായൂർ മണ്ഡലത്തിൽ കേരള ബാങ്ക് ശാഖകൾ മുഖേന കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ 16.80 ലക്ഷം രൂപ വിദ്യാഭ്യാസ വായ്പ അനുവദിച്ചിട്ടുണ്ട്.

(ബി) കേരള സംസ്ഥാന സഹകരണ ബാങ്കുകൾ മുഖേന പരമാവധി എത്ര രൂപയാണ് വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതെന്ന് വിശദമാക്കാമോ?

കേരള സംസ്ഥാന സഹകരണ ബാങ്ക് മുഖേന പരമാവധി 10 ലക്ഷം രൂപ വരെ ഇന്ത്യയിലുള്ള പഠനാവശ്യത്തിനും 20 ലക്ഷം രൂപ വരെ വിദേശ പഠനത്തിനും വിദ്യാഭ്യാസ വായ്പ അനുവദിച്ചുവരുന്നു.

(സി) സഹകരണ ബാങ്കുകൾ മുഖേന വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അറിയിക്കാമോ?

വിദ്യാഭ്യാസ വായ്പ ലഭിക്കാനായി അതത് ശാഖാ മാനേജർ മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇത്തരത്തിൽ സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം അഡ്മിഷൻ ലഭിച്ചതിന്റെ രേഖകൾകൂടി സമർപ്പിക്കേണ്ടതാണ്. ടി രേഖകളും മറ്റ് അനുബന്ധ വിവരങ്ങളും

പരിശോധിച്ചതിനുശേഷം ശാഖാ മാനേജർ വായ്പ അനുവദിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

**വയനാട് ജില്ലയിൽ കാർഷിക വായ്പ വിതരണം**

342 (770) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ സഹകരണ ബാങ്കുകൾ വഴി ഈ സാമ്പത്തിക വർഷം കാർഷിക വായ്പയായി എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുഖേന 217,25,80,005/- രൂപ ഈ സാമ്പത്തിക വർഷം കാർഷിക വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

(ബി) കാർഷിക വായ്പ വിതരണം ചെയ്തതിൽ വയനാട് ജില്ലയിൽ സഹകരണ ബാങ്കുകൾക്ക് എത്ര തുക ലഭിക്കാനുണ്ടെന്ന കണക്ക് വ്യക്തമാക്കാമോ?

കാർഷിക വായ്പ വിതരണം ചെയ്തതിൽ വയനാട് ജില്ലയിലെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് 72,82,73,824/- രൂപ ലഭിക്കാനുണ്ട്.

**കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പിൽ പ്രതികളായവർ തിരിച്ചടയ്ക്കേണ്ട തുക**

343 (771) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>:
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>:
<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>:
<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പിൽ പ്രതികളായവർക്ക് തിരിച്ചടയ്ക്കേണ്ട തുകയിൽ ഇളവനുവദിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പിൽ പ്രതികളായവർക്ക് തിരിച്ചടയ്ക്കേണ്ട തുകയിൽ ഇളവനുവദിച്ചിട്ടില്ല.

(ബി) ചെറിയ തുക വായ്പ എടുത്തവരിൽനിന്ന് തുക ഈടാക്കുന്നതിനായി ജപ്തി നോട്ടീസുകൾ അയച്ചിട്ടുണ്ടോ?

കുടിശ്ശിക വായ്പ ഈടാക്കിയെടുക്കുന്നതിനായി സെയിൽ ആഫീസർമാരുടെ സേവനം പ്രയോജനപ്പെടുത്തി ആർബിട്രേഷൻ എക്സിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) എങ്കിൽ പ്രസ്തുത നടപടികൾ പുനഃപരിശോധിക്കുവാൻ നിർദ്ദേശം നൽകുമോ?

ചെറുതും വലുതുമായ കുടിശ്ശിക വായ്പകൾ പിരിച്ചെടുക്കേണ്ടത് ബാങ്കിന്റെ നിലനിൽപ്പിന് അനിവാര്യമാണ്.

**ചാലക്കുടി അർബൻ സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധി**

344 (772) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി അർബൻ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1087-ന്റെ പ്രവർത്തന പരിധി വെളിപ്പെടുത്തുമോ?

ചാലക്കുടി അർബൻ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1087-ന്റെ പ്രവർത്തനപരിധി ചാലക്കുടി ബ്ലോക്ക് പ്രദേശത്ത് വ്യാപിച്ചിരിക്കുന്നു.

(ബി) പ്രസ്തുത ബാങ്കിന്റെ പ്രവർത്തന പരിധിക്ക് പുറത്ത് ഏതെങ്കിലും വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ വായ്പ നൽകിയിട്ടുണ്ടോ; എങ്കിൽ വിവരം നൽകുമോ?

ഉണ്ട്. പ്രസ്തുത ബാങ്കിന്റെ പ്രവർത്തന പരിധിക്ക് പുറത്ത് 25 വായ്പകൾ നൽകിയിട്ടുണ്ട്.

(സി) ഉണ്ടെങ്കിൽ അത്തരത്തിൽ ബാങ്ക് നൽകിയ വായ്പയ്ക്ക് തിരിച്ചടവ് കുടിശ്ശിക വരുത്തിയവരുടെ പേര് വിവരം വെളിപ്പെടുത്തുമോ?

ബാങ്കിന്റെ പ്രവർത്തന പരിധിക്ക് പുറത്ത് നൽകിയ വായ്പകളിൽ തിരിച്ചടവ് കുടിശ്ശിക വരുത്തിയവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**കരുവന്നൂർ സഹകരണ ബാങ്കിലെ നിക്ഷേപകർ**

345 (773) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കരുവന്നൂർ സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് തുക തിരികെ നൽകുന്നതിന് തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിന് സാമ്പത്തിക ക്രമക്കേടുമൂലം നിക്ഷേപകർക്ക് നിക്ഷേപം പൂർണ്ണമായി തിരികെ കൊടുക്കുന്നതിന് കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ബാങ്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം 31-08-2022-ൽ കാലാവധി പൂർത്തിയായ സ്ഥിരനിക്ഷേപങ്ങളുടെ മുതലിന്റെ 10 ശതമാനവും പലിശയുടെ 50 ശതമാനവും നിക്ഷേപകർക്ക് 15-10-2022 മുതൽ നൽകിവരുന്നുണ്ട്. 25-01-2023 വരെ 3434 നമ്പറുകളിലായി 13.61 കോടി രൂപ തിരികെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുകയും 10150 നമ്പറുകളിലായി 42 കോടി രൂപയുടെ നിക്ഷേപം ഒരു വർഷത്തേയ്ക്ക് പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) എങ്കിൽ തടസ്സങ്ങൾ നീക്കുന്നതിനും വിവാഹം, ചികിത്സ, വിദ്യാഭ്യാസം തുടങ്ങിയ അടിയന്തര ആവശ്യങ്ങൾക്കായി നിക്ഷേപം തിരികെ ആവശ്യപ്പെടുന്നവർക്ക് മുൻഗണന നൽകിക്കൊണ്ട് മുഴുവൻ നിക്ഷേപവും കാലാവധിക്കുശേഷം തിരികെ നൽകുന്നതിനും നടപടി സ്വീകരിക്കാമോ?

വിവാഹം, ചികിത്സ, വിദ്യാഭ്യാസം തുടങ്ങിയ അടിയന്തര ആവശ്യങ്ങൾക്കായി നിക്ഷേപം തിരികെ ആവശ്യപ്പെടുന്നവർക്ക് മുൻഗണന നൽകിക്കൊണ്ട് നിക്ഷേപത്തുക നൽകാറുണ്ട്.

(സി) ഇതിനായി ആവിഷ്കരിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

സംഘം നല്കിയ വായ്പകളിൽ കുടിശ്ശികയായ വായ്പകൾ സെയിലോഫീസർമാരുടെ സേവനം പ്രയോജനപ്പെടുത്തി ആർബിട്രേഷൻ എക്സിക്യൂഷൻ നടപടികളിലൂടെ തിരികെ ഈടാക്കിയും പുനരുദ്ധാരണ പാക്കേജ് പ്രകാരം സമാഹരിച്ച തുകയും വിനിയോഗിച്ച് നിക്ഷേപകർക്ക് നിക്ഷേപം തിരികെ നൽകിവരുന്നു.

## കരുവന്നൂർ സഹകരണ ബാങ്ക് ക്രമക്കേട്

346 (774) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്ക് ക്രമക്കേടിൽ പ്രതികളായ മുൻഡയറക്ടർ ബോർഡ് അംഗങ്ങളിൽനിന്നും പണം ഈടാക്കാൻ സഹകരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

കരുവന്നൂർ സഹകരണ ബാങ്ക് ക്രമക്കേടിൽ പ്രതികളായ മുൻഡയറക്ടർ ബോർഡ് അംഗങ്ങളിൽനിന്നും പണം ഈടാക്കുന്നതിനായി സഹകരണ നിയമം വകുപ്പ് 68(2) പ്രകാരം നഷ്ടോത്തരവാദ നടപടികൾ സ്വീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഓരോ അംഗങ്ങളിൽനിന്നും എത്ര തുക വീതം ഈടാക്കാനാണ് ഉത്തരവായിട്ടുള്ളതെന്ന് അറിയിക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത തുക ഈടാക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സഹകരണ നിയമം വകുപ്പ് 68(3) പ്രകാരം നടപടി സ്വീകരിക്കുന്നതിന് മുന്നോടിയായി നോട്ടീസ് നൽകിയിട്ടുണ്ട്.

**സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിലെ ഒഴിവുകൾ**

347(775) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ നിലവിൽ എത്ര അസിസ്റ്റന്റ് തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ടെന്നും പ്രസ്തുത തസ്തിയിലെ അനുവദനീയ കേഡർ സ്ട്രെങ്ത് എത്രയാണെന്നുമുള്ള വിശദാംശങ്ങൾ അറിയിക്കാമോ?

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് 2007-ൽ അംഗീകരിച്ച സ്റ്റാഫ് പാറ്റേൺ പ്രകാരം അസിസ്റ്റന്റ് തസ്തികയുടെ കേഡർ സ്ട്രെംഗ്താണ്. അതിൽ 27 ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തേണ്ടവയാണ്. ബാക്കിയുള്ള 135 തസ്തികകളിൽ 132 തസ്തികകളും ഇപ്പോൾ ഒഴിഞ്ഞുകിടക്കുകയാണ്. കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിയശേഷം ആയത് 130 ആയെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഒഴിഞ്ഞുകിടക്കുന്ന എത്ര ഒഴിവുകൾ നിലവിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ നിലവിൽ ഒഴിഞ്ഞു കിടക്കുന്ന 78 ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പി.എസ്.സി.-യുടെ കാറ്റഗറി നം.401/2019 പ്രകാരമുള്ള 08/2023/ഇ.ആർ. IV ബി റാങ്ക് ലിസ്റ്റിൽനിന്ന് നിലവിൽ എത്ര ഒഴിവുകൾ നികത്താൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

പബ്ലിക് സർവ്വീസ് കമ്മീഷന്റെ കാറ്റഗറി നം.401/2019 പ്രകാരമുള്ള 08/2023/ഇ.ആർ. IV ബി റാങ്ക് ലിസ്റ്റിൽനിന്നും 39 ഒഴിവുകൾ നികത്താൻ കഴിയും.

## സഹകരണ സംഘങ്ങൾ മുഖേന അനുവദിക്കുന്ന ചികിത്സാ ധനസഹായം

348 (776) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെമ്പർ റിലീഫ് ഫണ്ട് മുഖേന കോതമംഗലം താലൂക്കിൽ സഹകരണ സംഘങ്ങൾവഴി എത്ര തുക ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ടെന്ന് സംഘങ്ങളുടെ പേര് സഹിതം വ്യക്തമാക്കാമോ?

മെമ്പർ റിലീഫ് ഫണ്ട് മുഖേന കോതമംഗലം താലൂക്കിൽ സഹകരണ സംഘങ്ങൾവഴി 1,12,55,000/- രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുള്ളതാണ്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സംഘത്തിന്റെ പേര് | അനുവദിച്ച തുക (രൂപ) |
|---|---|---|
| 1 | ഇടമലയാർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഐ.178 | 5,75,000 |
| 2 | കടവൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1882 | 6,45,000 |
| 3 | കവളങ്ങാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1348 | 11,55,000 |
| 4 | കീരമ്പാറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 214 | 7,45,000 |
| 5 | കുട്ടമ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ കെ 316 | 13,45,000 |
| 6 | കുറ്റിലഞ്ഞി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 292 | 6,55,000 |
| 7 | കോട്ടപ്പടി ഈസ്റ്റ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 152 | 2,45,000 |
| 8 | കോട്ടപ്പടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 155 | 4,75,000 |
| 9 | കോതമംഗലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 583 | 10,000 |
| 10 | കോതമംഗലം താലൂക്ക് മർക്കന്റയിൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 1159 | 50,000 |
| 11 | കോഴിപ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 167 | 12,50,000 |
| 12 | ചെറുവട്ടൂർ റൂറൽ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 19 | 15,000 |

| | | |
|---|---|---|
| 13 | പിണ്ടിമന സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 25 | 70,000 |
| 14 | പോത്താനിക്കാട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3510 | 19,15,000 |
| 15 | പോത്താനിക്കാട് ഭവന നിർമ്മാണ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 708 | 20,000 |
| 16 | മാമലകണ്ടം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഐ 225 | 2,50,000 |
| 17 | മാലിപ്പാറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 18 | 6,85,000 |
| 18 | വാരപ്പെട്ടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1015 | 11,50,000 |
| | ആകെ | 1,12,55,000 |

(ബി) മെമ്പർ റിലീഫ് ഫണ്ട് മുഖേന കോതമംഗലം താലൂക്കിലെ സഹകരണ സംഘങ്ങൾവഴി എത്ര അപേക്ഷകൾ ചികിത്സ ധനസഹായത്തിനായി ലഭിച്ചിട്ടുണ്ടെന്ന് ബാങ്ക് തിരിച്ച് വ്യക്തമാക്കാമോ?

782 അപേക്ഷകൾ ചികിത്സ ധനസഹായത്തിനായി ലഭിച്ചിട്ടുള്ളതാണ്.

| ക്രമ നം. | സംഘത്തിന്റെ പേര് | കിട്ടിയ അപേക്ഷകൾ |
|---|---|---|
| 1 | ഇടമലയാർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഐ 178 | 38 |
| 2 | കടവൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1882 | 43 |
| 3 | കവളങ്ങാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം | 94 |

| | | |
|---|---|---|
| | നമ്പർ 1348 | |
| 4 | കീരമ്പാറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 214 | 54 |
| 5 | കുട്ടമ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ കെ 316 | 58 |
| 6 | കുറ്റിലഞ്ഞി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 292 | 48 |
| 7 | കോട്ടപ്പടി ഈസ്റ്റ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 152 | 49 |
| 8 | കോട്ടപ്പടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 155 | 20 |
| 9 | കോതമംഗലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 354 | 37 |
| 10 | കോതമംഗലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 583 | 23 |
| 11 | കോതമംഗലം താലൂക്ക് മർക്കന്റയിൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 1159 | 2 |
| 12 | കോഴിപ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 167 | 68 |
| 13 | ചെറുവട്ടൂർ റൂറൽ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 19 | 1 |
| 14 | പിണ്ടിമന സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 25 | 4 |
| 15 | പോത്താനിക്കാട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3510 | 129 |
| 16 | പോത്താനിക്കാട് ഭവന നിർമ്മാണ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 708 | 2 |
| 17 | മാതിരപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1577 | 10 |
| 18 | മാമലകണ്ടം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഐ 225 | 10 |

| | | |
|---|---|---|
| 19 | മാലിപ്പാറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 18 | 33 |
| 20 | വാരപ്പെട്ടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1015 | 59 |
| | ആകെ | 782 |

(സി) ഈ ഇനത്തിൽ ലഭിച്ച അപേക്ഷയിൽ എത്ര പേർക്ക് തുക അനുവദിച്ചെന്നും ഇനിയത്ര പേർക്ക് തുക അനുവദിക്കാനുണ്ടെന്നും ബാങ്ക് തിരിച്ച് വ്യക്തമാക്കാമോ?

മെമ്പർ റിലീഫ് ഫണ്ടിനത്തിൽ ലഭിച്ച അപേക്ഷയിൽ 532 പേർക്ക് തുക അനുവദിച്ചിട്ടുള്ളതും 250 പേർക്ക് തുക അനുവദിക്കാനുള്ളതുമാണ്. ടി സഹകരണ സംഘങ്ങളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സംഘത്തിന്റെ പേര് | അനുവദിച്ച അപേക്ഷകൾ | അനുവദിക്കാൻ ഉള്ളത് |
|---|---|---|---|
| 1 | ഇടമലയാർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഐ 178 | 31 | 7 |
| 2 | കടവൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1882 | 33 | 10 |
| 3 | കവളങ്ങാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1348 | 48 | 46 |
| 4 | കീരമ്പാറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 214 | 34 | 20 |
| 5 | കുട്ടമ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ കെ 316 | 57 | 1 |
| 6 | കുറ്റിലഞ്ഞി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 292 | 31 | 17 |

| | | | |
|---|---|---|---|
| 7 | കോട്ടപ്പടി ഈസ്റ്റ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 152 | 12 | 37 |
| 8 | കോട്ടപ്പടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 155 | 20 | 0 |
| 9 | കോതമംഗലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 354 | 0 | 37 |
| 10 | കോതമംഗലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 583 | 1 | 22 |
| 11 | കോതമംഗലം താലൂക്ക് മർക്കന്റയിൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 1159 | 2 | 0 |
| 12 | കോഴിപ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 167 | 65 | 3 |
| 13 | ചെറുവട്ടൂർ റൂറൽ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 19 | 1 | 0 |
| 14 | പിണ്ടിമന സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 25 | 4 | 0 |
| 15 | പോത്താനിക്കാട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3510 | 93 | 36 |
| 16 | പോത്താനിക്കാട് ഭവന നിർമ്മാണ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 708 | 2 | 0 |
| 17 | മാതിരപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1577 | 0 | 10 |
| 18 | മാമലകണ്ടം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഐ 225 | 10 | 0 |
| 19 | മാലിപ്പാറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 18 | 33 | 0 |
| 20 | വാരപ്പെട്ടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1015 | 55 | 4 |

| | | | |
|---|---|---|---|
| | ആകെ | 532 | 250 |

(ഡി) മുഴുവൻ അപേക്ഷകർക്കും വേഗത്തിൽ ചികിത്സ ധനസഹായം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) ആഫീസിൽനിന്നും ലഭിക്കുന്ന അപേക്ഷകൾ സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ പരിശോധന നടത്തി മാനദണ്ഡപ്രകാരമുള്ള അപേക്ഷകൾ ഉന്നതതല കമ്മിറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുകയും ഉന്നതതല കമ്മിറ്റി അർഹരായ അപേക്ഷകർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള തീരുമാനമെടുക്കുകയും ചെയ്യുന്നു. അർഹരായ മുഴുവൻ അപേക്ഷകർക്കും വേഗത്തിൽ ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**സഹകരണ സ്ഥാപനങ്ങളിലെ നിയമനം**

349 (777) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ നിയമന രീതികൾക്ക് മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളിലെയും ജൂനിയർ ക്ലാർക്ക് മുതൽ മുകളിലേയ്ക്കുള്ള നിയമനങ്ങൾ സഹകരണ സർവ്വീസ് പരീക്ഷാ ബോർഡുവഴി നടത്തുന്ന നിർദ്ദേശം പരിശോധിച്ചുവരുന്നു.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ പുതിയതായി അനുവദിച്ച സഹകരണ സംഘങ്ങൾ**

350(778) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ നെയ്യാറ്റിൻകര നഗരസഭയിലും അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ പഞ്ചായത്തുകളിലും 2016-17 മുതൽ 2022-23 വരെ പുതിയതായി അനുവദിച്ച സഹകരണ സംഘങ്ങളുടെ പേരുവിവരവും സ്ഥലവും വിശദമാക്കാമോ?

1. കുളത്തൂർ ഫാർമേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ റ്റി 2129, കുളത്തൂർ, ഉച്ചക്കട പി.ഒ.

2. നെയ്യാറ്റിൻകര താലൂക്ക് ഡ്രൈവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ റ്റി 2144, ചെങ്കവിള, അയിര പി.ഒ.

3. അഗസ്ത്യാർ പാരമ്പര്യ സിദ്ധമർമ്മ ആയൂർവേദ യുനാനി ചിന്താർമണി നാട്ടുവൈദ്യ വികസന സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി 2157, നെയ്യാറ്റിൻകര പി.ഒ.

4. ആറയൂർ പട്ടികജാതി വികസന ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി 2167, ആറയൂർ പി.ഒ., നെയ്യാറ്റിൻകര

5. നെയ്യാറ്റിൻകര ജൈവകർഷക വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി 2145, റ്റി. ബി. ജംഗ്ഷൻ, നെയ്യാറ്റിൻകര

6. നെയ്യാറ്റിൻകര അഗ്രോ ഹോർട്ടികൾച്ചർ ഡെവലപ്പ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി 2198, നെയ്യാറ്റിൻകര

7. അതിയന്നൂർ ബ്ലോക്ക് ഫാർമേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി 2203, പള്ളി വിളാകം, പുന്നക്കുളം.

8. പെരുമ്പഴുതൂർ ജൈവകർഷക സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി 2231, പെരുമ്പഴുതൂർ, നെയ്യാറ്റിൻകര

9. പാറശ്ശാല ബ്ലോക്ക് തൊഴിലുറപ്പ് തൊഴിലാളി വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി 2246, ചെങ്കൽ, നെയ്യാറ്റിൻകര

10. തിരുപുറം ഹോർട്ടികൾച്ചറൽ അഗ്രോ ഡെവലപ്പ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി 2267, തിരുപുറം, നെയ്യാറ്റിൻകര

11. മോട്ടോർ ഡ്രൈവിംഗ് സ്കൂൾ വർക്കേഴ്സ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 2274, വഴുതൂർ, നെയ്യാറ്റിൻകര

12. തിരുവനന്തപുരം പട്ടികജാതി/പട്ടികവർഗ്ഗ സോഷ്യൽ വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 2272, നെയ്യാറ്റിൻകര

13. പുന്നയ്ക്കാട് ജനറൽ വർക്കേഴ്സ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി 2263, പുന്നയ്ക്കാട്, പെരുമ്പഴുതൂർ

14. നെയ്യാർ വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി 2291, തവരവിള, ചായ്ക്കോട്ടുകോണം

15. കേരകർഷക യുവസഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി 2285, നെല്ലിമൂട്, നെയ്യാറ്റിൻകര

16. കെ-ട്രാക് ഇവന്റ് & സർവ്വീസ് യൂത്ത് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി 2284, ചിറ്റക്കോട്, നെയ്യാറ്റിൻകര

17. നെയ്യാറ്റിൻകര ഫാം ഡെവലപ്മെന്റ് & സോഷ്യൽ വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി 2297, പൂഴിക്കുന്ന്, വ്ലാത്താങ്കര.

**കാസർഗോഡ് ജില്ലയിലെ കാർഷിക മേഖലയിലെ സഹകരണ സംഘങ്ങൾ**

351 (779) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ കാർഷിക മേഖലയിൽ എത്ര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും എത്ര സ്ഥാപനങ്ങൾ സർക്കാർ നിശ്ചയിച്ച ശതമാനം കണക്കാക്കി കാർഷിക വായ്പ നൽകിയിട്ടുണ്ടെന്നും സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ കാർഷിക മേഖലയിൽ 63 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളും 4 പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളും പ്രവർത്തിക്കുന്നുണ്ട്. കാർഷിക വായ്പയായി മൊത്തം വായ്പയുടെ 25 ശതമാനത്തിൽ കുറയാത്ത തുക നൽകുന്നതിനും ആയത് വർദ്ധിപ്പിച്ച് 40 ശതമാനം വരെ ഉയർ<u>ത്തു</u>ന്നതിന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ജില്ലയിലെ 9 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളും 4 പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളും മാത്രമാണ് 25 ശതമാനത്തിൽ അധികരിച്ച് കാർഷിക വായ്പ നൽകിവരുന്നത്. പ്രസ്തുത സഹകരണ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**റിസ്ക് ഫണ്ടിൽനിന്നുള്ള സഹായം**

352 (780) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽനിന്ന് ലോണെടുത്ത സഹകാരി മരണപ്പെടുന്ന സാഹചര്യത്തിൽ റിസ്ക് ഫണ്ടിൽനിന്ന് അനന്തരാവകാശികൾക്ക് ആശ്വാസം നൽകാൻ നിലവിലുള്ള വ്യവസ്ഥകൾ വിശദമാക്കാമോ?

സഹകരണ ബാങ്കുകൾ നൽകിവരുന്ന കാർഷിക കാർഷികേതര (സ്വർണ്ണ വായ്പയും നിക്ഷേപവായ്പയും ഒഴികെയുള്ളവ) വായ്പകൾക്കാണ് റിസ്ക് ഫണ്ട് ആനുകൂല്യം നൽകിവരുന്നത്. വായ്പയെടുത്ത അംഗം വായ്പ കാലാവധിയിലോ വായ്പ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന വായ്പ മുതൽ അല്ലെങ്കിൽ 3,00,000/- രൂപ (മൂന്നുലക്ഷം രൂപ) ഇതിൽ ഏതാണോ കുറവ് ആ തുക ഫണ്ടിൽനിന്നും നൽകുന്നതാണ്. ഒരു വായ്പാക്കാരൻ വിവിധ സഹകരണ സംഘം/ബാങ്കുകളിൽനിന്നും എത്ര വായ്പകൾ എടുത്താലും

പരമാവധി 6,00,000/- രൂപ വരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ.

(ബി) രോഗബാധിതരായി ഏറെക്കാലം കിടപ്പിലാവുന്നതിനെത്തുടർന്ന് സാമ്പത്തിക പ്രയാസം നേരിട്ട് കുടിശ്ശികയാകുന്നവർക്ക് റിസ്ക് ഫണ്ടിൽനിന്നുള്ള സഹായത്തിന് പ്രത്യേക ഇളവ് നൽകാൻ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ?

വിഷയം പ്രത്യേക കേസുകളായി പരിശോധിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

**ചെറുവത്തൂർ സബ്‌രജിസ്ട്രാർ ഓഫീസ് അനുവദിക്കാൻ നടപടി**

353 (781) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ സബ്‌രജിസ്ട്രാർ ഓഫീസ് വിഭജിച്ച് ചെറുവത്തൂർ കേന്ദ്രീകരിച്ച് സബ്‌രജിസ്ട്രാർ ഓഫീസ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് 2006 മുതൽ എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ചെറുവത്തൂർ സബ്‌രജിസ്ട്രാർ ഓഫീസ് അനുവദിക്കുന്നതിന് നിലവിൽ എന്ത് തടസ്സമാണുള്ളതെന്ന് വ്യക്തമാക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിൽ ചെറുവത്തൂർ ആസ്ഥാനമായി പുതിയ സബ്‌രജിസ്ട്രാർ ഓഫീസ് അനുവദിക്കുന്നത് സംബന്ധിച്ച് നിലവിൽ അഞ്ച് നിവേദനങ്ങൾ ലഭ്യമായതായികാണുന്നു. ലഭ്യമായ നിവേദനങ്ങൾ ഇ 3/67/2017-നികുതി എന്ന ഫയലിൽ പരിശോധിച്ചുവരുന്നു.

## ഗുരുവായൂർ മണ്ഡലത്തിലെ സബ്‌രജിസ്ട്രാർ ഓഫീസുകളുടെ നിർമ്മാണം

354 (782) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ സബ്‌രജിസ്ട്രാർ ഓഫീസുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ നിലവിലുള്ള സബ്‌രജിസ്ട്രാർ ഓഫീസുകളിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന കോട്ടപ്പടി സബ്‌രജിസ്ട്രാർ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ഇരിങ്ങപ്പുറത്തുള്ള റവന്യൂഭൂമിയിൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അണ്ടത്തോട് സബ്‌രജിസ്ട്രാർ ഓഫീസിന്റെ പുതിയകെട്ടിടത്തിന്റെ നിർമ്മാണോദ്ഘാടനം 05-11-2022-ൽ നിർവ്വഹിച്ചിട്ടുള്ളതാണ്. പ്രസ്തുത കെട്ടിടത്തിന്റെ പ്ലിന്ത്

ബീമുകളുടെ നിർമ്മാണം നടന്നുവരുന്നു. ചാവക്കാട് സബ്‍രജിസ്ട്രാർ ഓഫീസ് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ചാവക്കാട് സബ്‍രജിസ്ട്രാർ ഓഫീസിന്റെ നിലവിലെ കെട്ടിടം കാലപ്പഴക്കംമൂലം ശോച്യാവസ്ഥയിലായതിനാൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു. ഓഫീസിന്റെ അറ്റകുറ്റപ്പണികൾക്കായി ചാവക്കാട് പൊതുമരാമത്ത് കെട്ടിടവിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്.

(സി) കോട്ടപ്പടി സബ്‍രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് ഇരിങ്ങപ്പുറത്തുള്ള റവന്യൂഭൂമിയിൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം അറിയിക്കാമോ?

കോട്ടപ്പടി സബ്‍രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് ഇരിങ്ങപ്പുറത്തുള്ള റവന്യൂഭൂമിയിൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ഭൂമി ലഭ്യമാക്കുന്നതിനായി ചാവക്കാട് തഹസിൽദാർക്ക് കത്ത് നൽകിയിട്ടുണ്ട്.

## ആധാരമെഴുത്ത് ഡിജിറ്റലൈസ് ചെയ്യുന്നതിന് നടപടി

355 (783) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരമെഴുത്ത് പൂർണ്ണമായി ഡിജിറ്റലൈസ് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായ ആധാരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്ന നടപടികൾ സംസ്ഥാനത്ത് പുരോഗമിച്ചുവരുന്നു. എന്നാൽ ആധാരമെഴുത്ത് പൂർണ്ണമായി ഡിജിറ്റലൈസ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടില്ല.

(ബി) ഇപ്രകാരം ഡോക്യുമെന്റുകൾ ഓൺലൈനായി മാറുമ്പോൾ നിലവിലെ ആധാരമെഴുത്ത് തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ആധാരമെഴുത്തുകാരുടെ തൊഴിൽ സംരക്ഷിച്ചുകൊണ്ടുള്ള പരിഷ്കാര നടപടികളാണ് രജിസ്ട്രേഷൻ വകുപ്പിൽ നാളിതുവരെ നടത്തിയിട്ടുള്ളത്. ആയതിനാൽ വകുപ്പിലെ പരിഷ്കാര നടപടികൾമൂലം ആധാരമെഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം നിലവിലില്ല.

## പരപ്പനങ്ങാടി രജിസ്ട്രാർ ഓഫീസ് കെട്ടിടനിർമ്മാണം

356 (784) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി രജിസ്ട്രാർ ഓഫീസ് കെട്ടിടനിർമ്മാണ പ്രവൃത്തിയുടെ ഉദ്ഘാടനം കഴിഞ്ഞ് വർഷങ്ങൾക്കുശേഷവും നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് വച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) എഗ്രിമെന്റ് പ്രകാരം ഈ പ്രവൃത്തി എന്നത്തേയ്ക്കാണ് പൂർത്തീകരിക്കേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; പരപ്പനങ്ങാടി സബ്‌രജിസ്ട്രാർ ഓഫീസ് കെട്ടിടം കിഫ്ബി മുഖേന നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുകയും എന്നാൽ മണ്ണ് പരിശോധനയിൽ മണ്ണിന് ബലക്ഷയമുണ്ടെന്ന് കണ്ടെത്തിയതിനെത്തുടർന്ന് പൈലിംഗ് ചെയ്ത് ഫൗണ്ടേഷൻ നിർമ്മിക്കേണ്ടതിനാൽ പുതക്കിയ 2018-ലെ D.S.R നിരക്ക് പ്രകാരം എസ്റ്റിമേറ്റ് തയാറാക്കി റ്റി.എസ്. കമ്മിറ്റിയുടേയും കിഫ്ബിയുടേയും

അനുമതി ലഭിച്ചതനുസരിച്ച് ടെണ്ടർ വിളിക്കുകയും പുതിയ കരാറുകാരന് ടെണ്ടർ നൽകുകയും ചെയ്തിട്ടുണ്ട്. Tender Acceptance Committee (KIIFB-PWD-യും കൂടിയുള്ള സംയുക്ത കമ്മിറ്റി) കൂടി ടെണ്ടർ നടപടി അംഗീകരിച്ച് വർക്ക് ഓർഡർ നൽകുന്നമുറയ്ക്ക് മാത്രമേ കരാറിലേർപ്പെടാൻ സാധിക്കുകയുള്ളൂ. Tender Acceptance Committee നടപടികൾ പുരോഗമിച്ചുവരുന്നു.

**നെയ്യാറ്റിൻകര സബ്‌രജിസ്ട്രാർ ഓഫീസ് നവീകരണം**

357 (785) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര സബ്‌രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോയെന്നും എങ്കിലെത്ര തുകയാണ് അനുവദിച്ചതെന്നും അറിയിക്കാമോ?

തുക അനുവദിച്ചിട്ടില്ല.

(ബി) പുതിയ കെട്ടിടം നിർമ്മിക്കാൻ ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ഉത്തരവിന്റെ നമ്പരും തീയതിയും വിശദമാക്കാമോ?

ഭരണാനുമതി ലഭിച്ചിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോതമംഗലം രജിസ്ട്രേഷൻ കോംപ്ലക്സ് നിർമ്മാണം**

358 (786) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ പുതിയ രജിസ്ട്രേഷൻ കോംപ്ലക്സ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത കോംപ്ലക്സിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കുന്നതെന്നും ഇതിൽ എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്നും ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടി എന്തെല്ലാമെന്നും വിശദമാക്കുമോ;

(ഡി) പ്രസ്തുത രജിസ്ട്രേഷൻ കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ- ഡി) കോതമംഗലം സബ്‍രജിസ്ട്രാർ ഓഫീസ് കോംപ്ലക്സിൽ പൊതുജനങ്ങൾക്കുള്ള വാഹനപാർക്കിംഗ്, റാമ്പ്, ശുചിമുറികൾ, വെയിറ്റിംഗ് റൂം എന്നീ സൗകര്യങ്ങളോടുകൂടി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിട നമ്പർ, വാട്ടർ കണക്ഷൻ എന്നിവ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചാത്തമംഗലം സബ്‌രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിടം**

359 (787) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തമംഗലം സബ്‌രജിസ്ട്രാർ ഓഫീസിന്റെ ഉദ്ഘാടനം കഴിഞ്ഞെങ്കിലും ആയതിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിൽ ഇതുവരെയും ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓഫീസ് കെട്ടിടത്തിന്റെ ഉദ്ഘാടനം കഴിഞ്ഞശേഷവും രജിസ്ട്രാർ ഓഫീസ് വാടക കെട്ടിടത്തിൽത്തുടരുന്നത് പ്രാദേശികമായ ആക്ഷേപങ്ങൾക്കിടയാക്കുന്ന സാഹചര്യത്തിൽ ഓഫീസ് മാറ്റത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, ചാത്തമംഗലം സബ്‌രജിസ്ട്രാർ ഓഫീസിനായി നിർമ്മിച്ച പുതിയ കെട്ടിടത്തിൽ കാബിൻ-സൈറ്റ് പ്രിപ്പറേഷൻ ജോലികൾ പൂർത്തീകരിച്ചിട്ടില്ല. ആയത് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചാലുടൻതന്നെ ഓഫീസ് പ്രവർത്തനം പുതിയ കെട്ടിടത്തിൽ ആരംഭിക്കാൻ കഴിയുന്നതാണ്.

**കല്ലിക്കണ്ടി സബ്‌രജിസ്ട്രാർ ഓഫീസിന് സ്വന്തം കെട്ടിടം**

360 (788) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കല്ലിക്കണ്ടി സബ്‌രജിസ്ട്രാർ ഓഫീസിന്റെ സ്ഥലപരിമിതി കാരണം പൊതുജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. കല്ലിക്കണ്ടി സബ്‌രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിനായി പുതിയ സ്ഥലം കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ നിലവിൽ പരിമിത സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന ടി കെട്ടിടത്തിൽനിന്നും മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടിയ പുതിയ വാടകകെട്ടിടം കണ്ടെത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) സബ്‌രജിസ്ട്രാർ ഓഫീസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

നിലവിൽ ഫണ്ട് അനുവദിച്ചിട്ടില്ല.

(സി) സബ്‌രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച പുരോഗതി വ്യക്തമാക്കുമോ?

സബ്‌രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടില്ല.

## കോട്ടപ്പടി, മോങ്ങം സബ്‌രജിസ്ട്രാർ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം

361 (789) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കോട്ടപ്പടി സബ്‌രജിസ്ട്രാർ ഓഫീസിന്റെ ഉദ്ഘാടനം കഴിഞ്ഞ് രണ്ടുവർഷം പിന്നിട്ടിട്ടും പുതിയ കെട്ടിടത്തിൽ ഓഫീസിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കോട്ടപ്പടി സബ്‌രജിസ്ട്രാർ ഓഫീസ് എന്നത്തേയ്ക്ക് പുതിയ കെട്ടിടത്തിൽ പ്രവർത്തിപ്പിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ച കോട്ടപ്പടി സബ്‌രജിസ്ട്രാർ ഓഫീസിന്റെ ഉദ്ഘാടനം 2021 ഫെബ്രുവരി മാസം 21-ാം തീയതി നിർവ്വഹിച്ചിട്ടുണ്ട്.

എന്നാൽ പുതിയ കെട്ടിടത്തിൽ സബ്‌രജിസ്ട്രാറുടെയും ക്ലാർക്കുമാരുടെയും ക്യാബിനുകൾ ക്രമീകരിക്കുന്നതിനുള്ള പ്ലാനിലെ വ്യതിയാനം കാരണം അഡീഷണൽ വയറിംഗ് ജോലികൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ടി വയറിംഗ് ജോലികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ടി വയറിംഗ് ജോലികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് ഓഫീസ് പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റാൻ കഴിയുന്നതാണ്.

(സി) മലപ്പുറം നിയോജകമണ്ഡലത്തിലെ മോങ്ങം സബ്‌രജിസ്ട്രാർ ഓഫീസ് ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ഡി) മോങ്ങം സബ്‌രജിസ്ട്രാർ ഓഫീസിന് സ്വന്തമായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനായി നാളിതുവരെ ചെയ്ത കാര്യങ്ങൾ വിശദീകരിക്കാമോ;

(ഇ) മോങ്ങം സബ്‌രജിസ്ട്രാർ ഓഫീസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ ഫണ്ട് അനുവദിക്കാമോ?

(ഡി & ഇ) മോങ്ങം സബ്‌രജിസ്ട്രാർ ഓഫീസിന് സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിന്റെ ഭാഗമായി ശ്രീ. പാമ്പോടൻ കമ്മദ് ഹാജി മക്കൾ

നൗഷാദ്, ഫൈസൽ അലി എന്നിവർ തങ്ങളുടെ അഞ്ച് സെന്റ് സ്ഥലം ദാനമായി നൽകാമെന്നറിയിച്ചുകൊണ്ട് സമ്മതപത്രം നൽകുകയുണ്ടായി. പ്രസ്തുത സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണത്തിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## മലപ്പുറം ജില്ല സഹകരണ ജോയിന്റ് രജിസ്ട്രാറുടെ കാര്യാലയത്തിലെ ജീവനക്കാർ

362 (790) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ല സഹകരണ ജോയിന്റ് രജിസ്ട്രാറുടെ കാര്യാലയത്തിൽ 2021 മേയ് മാസം മുതൽ നാളിതുവരെ ജോലി ചെയ്തവർ, ഈ കാലയളവിൽ മറ്റ് സ്ഥലങ്ങളിലേയ്ക്ക് സ്ഥലം മാറിപ്പോയവർ എന്നിവരുടെ പേര് വിവരങ്ങൾ തസ്തിക, തീയതി സഹിതം വിശദമാക്കുമോ?

മലപ്പുറം ജില്ല സഹകരണ ജോയിന്റ് രജിസ്ട്രാറുടെ നിയന്ത്രണത്തിൽ 2021 മേയ് മാസം മുതൽ നാളിതുവരെ ജോലി ചെയ്തവരെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര് | തസ്തിക | വിടുതൽ ചെയ്ത തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ഗ്ലാഡി ജോൺ പുത്തൂർ | ജോയിന്റ് രജിസ്ട്രാർ (ജനറൽ) | 26-05-2021 സ്ഥലംമാറ്റം |
| 2 | ശശി കുമാർ കെ. | ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) | 25-06-2021 സ്ഥലംമാറ്റം |
| 3 | ശ്രീഹരി എം. | അസിസ്റ്റന്റ് രജിസ്ട്രാർ (പ്ലാനിംഗ്) | 22-06-2022 പ്രൊമോഷൻ |
| 4 | സുമേഷ് എ. പി. | അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി./എസ്.ടി.) | തുടരുന്നു |
| 5 | പ്രഭാഷ് എ. പി. | സ്പെഷ്യൽ ഗ്രേഡ് സീനിയർ ഇൻസ്പെക്ടർ | 22-07-2021 പ്രൊമോഷൻ |
| 6 | ആയിശുമ്മ എറാന്തൊടി | സ്പെഷ്യൽ ഗ്രേഡ് സീനിയർ ഇൻസ്പെക്ടർ | തുടരുന്നു |
| 7 | ജയപ്രഭ സി. പി. | സ്പെഷ്യൽ ഗ്രേഡ്സീനിയർ ഇൻസ്പെക്ടർ | തുടരുന്നു |
| 8 | പ്രദീപ് എ. പി. | സീനിയർ ഇൻസ്പെക്ടർ | തുടരുന്നു |
| 9 | സ്മിത എ. | സീനിയർ ഇൻസ്പെക്ടർ | തുടരുന്നു |
| 10 | അബ്ദുൽ റഷീദ് കെ. | സീനിയർ ഇൻസ്പെക്ടർ | തുടരുന്നു |
| 11 | ദേവി പ്രസാദ് കെ. വി. | ജൂനിയർ ഇൻസ്പെക്ടർ | തുടരുന്നു |
| 12 | ഹരിപ്രസാദ് സി. | ജൂനിയർ ഇൻസ്പെക്ടർ | തുടരുന്നു |
| 13 | പ്രമോദ് എൻ. കെ. | ജൂനിയർ ഇൻസ്പെക്ടർ | 06-01-2023 സ്ഥലംമാറ്റം |
| 14 | താഹിറ കെ. പി. | ക്ലാർക്ക് | 05-01-2022 അന്തർവകുപ്പ് സ്ഥലംമാറ്റം |
| 15 | സുമ എം. | ക്ലാർക്ക് | 13-07-2021 സ്ഥലംമാറ്റം |
| 16 | വരുൺ ഐ. | ക്ലാർക്ക് | 13-07-2021 സ്ഥലംമാറ്റം |

| | | | |
|---|---|---|---|
| 17 | മോഹനൻ കൊട്ടപ്പറമ്പൻ | ക്ലാർക്ക് | 19-08-2022 സ്ഥലംമാറ്റം |
| 18 | ദിനേഷ് പി. എം. | സീനിയർ ക്ലാർക്ക് | 27-12-2021 പ്രൊമോഷൻ |
| 19 | സതീശൻ പെക്കാട്ട് | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | തുടരുന്നു |
| 20 | സജിത പി. | യു.ഡി. ടൈപ്പിസ്റ്റ് | 13-07-2021 സ്ഥലംമാറ്റം |
| 21 | സുനിത എസ്. | യു.ഡി. ടൈപ്പിസ്റ്റ് | 22-07-2022 സ്ഥലംമാറ്റം |
| 22 | രതീഷ് എൻ. | ഡ്രൈവർ ഗ്രേഡ് II | തുടരുന്നു |
| 23 | സ്വപ്ന എൻ. | ഓഫീസ് അറ്റൻഡന്റ് | തുടരുന്നു |
| 24 | അനീഷ് പി. കെ. | ഓഫീസ് അറ്റൻഡന്റ് | തുടരുന്നു |
| 25 | ഷിനോജ് കെ. കെ. | ഓഫീസ് അറ്റൻഡന്റ് | 30-11-2021 സ്ഥലംമാറ്റം |
| 26 | മുഹമ്മദ് ഷാഫി ഡി. പി. | നൈറ്റ് വാച്ച്മാൻ | തുടരുന്നു |
| 27 | പി. ബാലകൃഷ്ണൻ | പാർട്ട് ടൈം സ്വീപ്പർ | തുടരുന്നു |
| 28 | നാരായണൻ കെ. വി. | ജോയിന്റ് രജിസ്ട്രാർ (ജനറൽ) | 16-10-2021 സ്ഥലംമാറ്റം |
| 29 | സുരേന്ദ്രൻ ചെമ്പ്ര | ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) | 22-06-2022 സ്ഥലംമാറ്റം |
| 30 | നിഖിൽ സി. എൻ. | എൽ.ഡി. ടൈപ്പിസ്റ്റ് | തുടരുന്നു |
| 31 | നജ്മൽ ടി. | ക്ലാർക്ക് | തുടരുന്നു |
| 32 | യാസിറ എം. പി. | ക്ലാർക്ക് | 24-11-2022 അന്തർവകുപ്പ് സ്ഥലംമാറ്റം |
| 33 | പ്രതീഷ് സി. എൻ. | സീനിയർ ഇൻസ്പെക്ടർ | തുടരുന്നു |
| 34 | പ്രഭിത്ത് എസ്. | ജോയിന്റ് രജിസ്ട്രാർ (ജനറൽ) | 23-06-2022 സ്ഥലംമാറ്റം |

| | | | |
|---|---|---|---|
| 35 | പ്രസന്നകുമാർ പി. | ക്ലാർക്ക് | തുടരുന്നു |
| 36 | സുജല എം. വി. | ഓഫീസ് അറ്റൻഡന്റ് | 17-05-2022 സ്ഥലംമാറ്റം |
| 37 | ആരതി ആർ. നായർ | ഓഫീസ് അറ്റൻഡന്റ് | തുടരുന്നു |
| 38 | ശ്രീഹരി എം. | ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) | തുടരുന്നു |
| 39 | ചിഞ്ചു പി. ആർ. | ക്ലാർക്ക് | തുടരുന്നു |
| 40 | ബഷീർ പി. | ജോയിന്റ് രജിസ്ട്രാർ (ജനറൽ) | തുടരുന്നു |
| 41 | പ്രസാദ് സി. ബി. | അസിസ്റ്റന്റ് രജിസ്ട്രാർ (പ്ലാനിംഗ്) | തുടരുന്നു |
| 42 | അഭിലാഷ് മരുതാടൻ | ജൂനിയർ ഇൻസ്പെക്ടർ | തുടരുന്നു |
| 43 | ശ്രീജിത്ത് പി. വി. | ക്ലാർക്ക് | തുടരുന്നു |
| 44 | സായി കൃഷ്ണൻ കെ. പി. | ക്ലാർക്ക് | തുടരുന്നു |
| 45 | സ്വാമിദാസ് പി. ഡി. | സ്പെഷ്യൽ ഗ്രേഡ് സീനിയർ ഇൻസ്പെക്ടർ | തുടരുന്നു |

(ബി) ഈ കാലയളവിൽ ഇവിടേയ്ക്ക് സ്ഥലംമാറ്റം ലഭിച്ചതോ ഇവിടെനിന്നും മറ്റ് ഓഫീസുകളിലേയ്ക്ക് സ്ഥലം മാറ്റിയതോ ജീവനക്കാരുടെ അപേക്ഷയുടെ ഭാഗമായിട്ടാണോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

മുകളിൽ പരാമർശിച്ചിട്ടുള്ള ജീവനക്കാരിൽ ക്രമ നം. 21-ൽ ഉൾപ്പെട്ടിട്ടുള്ള സുനിത എസ്. (യു. ഡി. ടൈപ്പിസ്റ്റ്), ക്രമ നം.25 ശ്രീ. ഷിനോജ് കെ. കെ. (ഓഫീസ് അറ്റൻഡന്റ്), ക്രമ നം. 35 പ്രസന്നകുമാർ പി. (ക്ലാർക്ക്), ക്രമ നമ്പർ 36 സുജല എം. വി. (ഓഫീസ് അറ്റൻഡന്റ്) എന്നീ

ജീവനക്കാരുടെ സ്ഥലംമാറ്റങ്ങൾ നൽകിയത് ടിയാളുകളുടെ അപേക്ഷ പരിഗണിച്ചാണ്. ബാക്കിയുള്ള സ്ഥലംമാറ്റങ്ങൾ ഭരണപരമായ സൗകര്യാർത്ഥമാണ് നടത്തിയിട്ടുള്ളത്.

(412, 413, 431, 478, 488, 491, 498, 507, 510, 511, 513, 514, 517, 539, 554, 555, 556 എന്നീ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)